
www.malankaralibrary.com



# ദൈവശാസ്ത്ര പഠനങ്ങൾ

എഡിറ്റേഴ്സ്

ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി

പീറ്റർ സി. ഏബ്രഹാം, മൈലപ്രാ

www.malankaralibrary.com

# ദൈവശാസ്ത്ര പഠനങ്ങൾ

www.malankaralibrary.com

# ദൈവശാസ്ത്ര പഠനങ്ങൾ

(റവ. ഫാ. ഡോമിനിക്ക് സഖറിയായുടെ ലേഖനസമാഹാരം)

എഡിറ്റേഴ്സ്
ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ, ഒ. ഐ. സി.
പീറ്റർ സി. ഏബ്രഹാം, മൈലപ്രാ

BP N0. 97

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം 686010
2001

www.malankaralibrary.com

Malayalam

DAIVASASTHRA PADANANGAL
(Theological Studies)

Articles of : Late Rev. Fr. Dominic Zacharia

Editors : Fr. Sylvester Kanijiramukalil, O I C
: Peter C. Abraham, Mylapra

First Published : October 2001

Published by : Bethany Publications
Kottayam 686010

Printed at : Bethany Offset Press
Kottayam 686010

Price : Rs.180/-

## കൃതജ്ഞതാഞ്ജലി

തിരുവനന്തപുരം അതിഭദ്രാസനാംഗമായി നിസ്തൂലസേവനങ്ങൾ നിർവഹിച്ച വന്ദ്യ ഡോമിനിക്ക് സഖറിയാസച്ചൻ നമ്മിൽ നിന്നും വിടവാങ്ങിയിട്ട് ഒരു വർഷം പൂർത്തിയായിരിക്കുന്നു. അദ്ദേഹത്തിന്റെ ആകസ്മികമായ അന്ത്യത്തിൽ, ആ നിഷ്ക്കളങ്ക സ്നേഹം തൊട്ടറിഞ്ഞ നാമേവരും വേദനിക്കുകയാണ്. എന്നാൽ മൂന്നു ദശാബ്ദങ്ങളായി വിവിധ സഭാപ്രസിദ്ധീകരണങ്ങൾ വഴി പ്രകാശിപ്പിക്കപ്പെട്ട ലേഖനങ്ങളിലൂടെ അദ്ദേഹം നമ്മോടൊപ്പം ജീവിക്കുന്നു; നമ്മേ പ്രബോധിപ്പിക്കുന്നു. ആ വന്ദ്യദേഹം രൂപം നൽകിയ M C Y M- ന്റെ ആദ്യകാലനേതാക്കന്മാരായിരുന്ന സർവ്വശ്രീ E. M. G. ചന്ദനപ്പള്ളി, S. H. M. ജോസഫ്, മൈലപ്രാ K. G. ജോയി എന്നിവരുടെ ഉത്സാഹത്താലും ബഹുമാനപ്പെട്ട വൈദികരുടെ ആശീർവാദത്താലും 'ഫാദർ ഡൊമനിക് സഖറിയാസ് ഫൗണ്ടേഷൻ' എന്നൊരു പ്രസ്ഥാനം രൂപപ്പെട്ടു. പ്രസ്തുത ഫൗണ്ടേഷന്റെ നിർദ്ദേശപ്രകാരം വന്ദ്യ ഡോമിനിക്കച്ചന്റെ ലേഖനങ്ങളുടെ ക്രോഡീകരണച്ചുമതല പീറ്റർ സി. എബ്രഹാമിനെ എല്പിച്ചു. ബഥനി പബ്ലിക്കേഷൻസ് ഡയറക്ടർ ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിലും വിലപ്പെട്ട ഈ ലേഖനങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിച്ചിരുന്നു. അങ്ങനെ ഞങ്ങളുടെ രണ്ടുപേരുടെയും സംയുക്ത പരിശ്രമവും അനുഗ്രഹീത നിയോഗവുമായി ഈ ജോലി എറ്റെടുത്തു.

അത്യാദരവോടും ആനന്ദത്തോടുമാണ് ഞങ്ങൾ ബഹുമാനപ്പെട്ട ഡോമിനിക്കച്ചന്റെ ഉപന്യാസങ്ങൾ തെരഞ്ഞെടുത്ത് എഡിറ്റ് ചെയ്യുന്നത്. കാരണം അദ്ദേഹം ഞങ്ങൾക്ക് അത്രത്തോളം ശ്രേഷ്ഠനായ ഗുരുവും ആദ്ധ്യാത്മ പിതാവും സാഹിത്യ പരിപോഷകനും ആയിരുന്നു. ഞങ്ങളുടെ ലേഖനങ്ങളും ഗ്രന്ഥങ്ങളും യഥാസമയം വായിച്ച് നിർലോഭമായ പ്രോത്സാഹനങ്ങൾ നൽകി ഞങ്ങളെ വളർത്തിയതിന്റെ വലിയ കടപ്പാടായി ഈ പുസ്തക പ്രസിദ്ധീകരണം ഞങ്ങൾ കരുതുകയാണ്.

അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് പിതാവ് അവതാരികയും അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് ആശംസയും എഴുതി തന്ന് ഈ പരിശ്രമത്തെ അനുഗ്രഹിച്ചിരിക്കുന്നു. വന്ദ്യപിതാക്കന്മാർക്ക് അകമഴിഞ്ഞ നന്ദി.

ലേഖനങ്ങൾ കണ്ടെത്താൻ വളരെ ത്യാഗപൂർവ്വം സഹകരിച്ച ശ്രീ. കെ. ഒ. തോമസ് കടകമ്പള്ളിയേയും ഈ പുസ്തക പ്രസിദ്ധീകരണത്തിന് അതീവ താല്പ

www.malankaralibrary.com

ദ്യമെടുത്ത അദ്ദേഹത്തിന്റെ സഹധർമ്മിണിയും വന്ദ്യ ഡോമിനിക് സഖറിയാസച്ചന്റെ ഏക സഹോദരിയുമായ ശ്രീമതി അൽഫോൻസാ സഖറിയായേയും നന്ദിയോടെ ഓർക്കുന്നു. കൂടാതെ ലേഖനങ്ങൾ അയച്ചുതന്നു സഹായിച്ച ശ്രീ. എൻ. കെ. ജോൺ (നിലയ്ക്കൽ, ഭരണിക്കാവ്) ശ്രീമതി ലീലാമ്മ ജോർജ് (സെന്റ് ജോൺസ് കോളേജ്, അഞ്ചൽ) എന്നിവർക്കും പ്രത്യേകം നന്ദി.

ഇതിന്റെ പ്രസാധനം ഏറ്റെടുത്ത ബഥനി പബ്ലിക്കേഷൻസിനും, ഭംഗിയായ മുദ്രണം സാദ്ധ്യമാക്കിയ കോട്ടയം ബഥനി പ്രസ്സ് പ്രവർത്തകർക്കും കൃതജ്ഞത നേരുന്നു. വന്ദ്യ ഡോമിനിക്ക് സഖറിയാസച്ചന്റെ പാവനസ്മരണയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്,

സ്നേഹാദരവുകളോടെ

ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ. ഐ. സി.

പുനരൈക്യദിനം, 2001. പീറ്റർ സി. എബ്രഹാം.



# അവതാരിക

ക്രിസ്തീയവിശ്വാസം ദൈവത്തിന്റെ കൃപാദാനമത്രേ. പരിശുദ്ധാത്മാവിലുള്ള നിറവും, പരമസത്യങ്ങളെക്കുറിച്ചുള്ള അറിവുമാണ് അതിനെ പ്രോജ്ജ്വലിപ്പിക്കുന്നത്. ഈ വിശ്വാസത്തിലധിഷ്ഠിതമായ കൂട്ടായ്മയാണ് സഭ. വിശ്വാസത്തിന്റെ ഉറപ്പിലാണു സഭയുടെ ശക്തി പ്രസരിക്കുന്നത്. ക്രിസ്തീയവിശ്വാസത്തിന്റെ പ്രത്യേകത, അതിന്റെ അടിസ്ഥാനം ദൈവവചനമാണെന്നുള്ളതാണ്. ഐതിഹ്യങ്ങളോ, ഭാവനകളോ, അതിശയോക്തി നിറഞ്ഞ സംഭവവിവരണങ്ങളോ, അന്ധവിശ്വാസങ്ങളോ അല്ല ക്രിസ്തീയവിശ്വാസത്തെ ആകർഷണീയവും, അർത്ഥ സംപുഷ്ടവുമാക്കുന്നത്. പിന്നെയോ, ദൈവം മനുഷ്യനോടു കാട്ടുന്ന അനന്ത സ്നേഹത്തോടുള്ള ആത്മാർത്ഥ പ്രതികരണമാണത്. എന്നാൽ, വിശ്വാസജീവിതത്തിൽ സാധാരണമായുണ്ടാകാവുന്ന ഒരു പാളിച്ച ദൈവസ്നേഹം തിരിച്ചറിയുന്നതിനുള്ള വിവേചനക്കുറവാണ്. അതിന് ദൈവികജ്ഞാനം ആവശ്യമാണ്. ഈ ആവശ്യകത ഒരു പരിധിവരെ പരിഹരിക്കാൻ നമ്മെ സഹായിക്കുന്നവയാണ് തിരുവചന പഠനങ്ങളും, കണ്ടെത്തലുകളും, അതിനനുസൃതമായ ഉപദേശങ്ങളും. സാധാരണ വിശ്വാസിയെ, വിശ്വാസവളർച്ചയിൽ സഹായിക്കാനുതകുന്ന ഈ വിജ്ഞാനവിനിമയ പ്രേഷിതപ്രവർത്തനം സഭയുടെ ഏകസത്യവിശ്വാസത്തെ കൂട്ടിയിണക്കുന്ന കണ്ണിയായി, സഭയിൽ പരക്കെ നിർവ്വഹിക്കപ്പെടുന്നുണ്ട്. ഈ ഗണത്തിൽ ശ്രദ്ധേയമായ സാന്നിധ്യം പ്രകടിപ്പിക്കാനും, ഉൽകൃഷ്ടമായ സംഭാവനകൾ നൽകാനും പരിശ്രമിച്ച ഒരു വ്യക്തിയാണ് പരേതനായ ബഹു. ഡോമിനിക് സഖറിയാസച്ചൻ. വിവിധ വിഷയങ്ങളെ അധികരിച്ചുള്ള പല ഗ്രന്ഥങ്ങളിലൂടെയും, ലേഖനങ്ങളിലൂടെയും തന്റെ ദൈവവിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ആശയങ്ങളുടെ ഗാംഭീര്യം കൊണ്ടും, ദർശനങ്ങളുടെ സുതാര്യത കൊണ്ടും അവയെല്ലാം ഏവരുടെയും ശ്രദ്ധയാകർഷിക്കുകയുണ്ടായി. തനിക്കുചുറ്റും കാണുന്ന എല്ലാ വസ്തുക്കളിലും സംഭവങ്ങളിലും ദൈവസ്നേഹം കണ്ടെത്തുവാനുള്ള അദ്ദേഹത്തിന്റെ വ്യക്തിപരമായ ഗവേഷണങ്ങളാണ് ലേഖനങ്ങളിലും, ഗ്രന്ഥങ്ങളിലും പര്യവസാനിച്ചത്. താനറിഞ്ഞ കാര്യങ്ങൾ മറ്റുള്ളവരെയും അറിയിക്കുന്നതിനുള്ള മനുഷ്യസ്നേഹത്തിന്റെ ലളിതവശമാണ് അദ്ദേഹത്തെ അതിലേക്ക് നയിച്ചത്.

ബഹു. ഡോമിനിക് സഖറിയാസച്ചന്റെ ലേഖനങ്ങൾ എല്ലാം വായിക്കാൻ പലർക്കും അവസരം ലഭിച്ചിട്ടുണ്ടാവില്ല. കാരണം വിവിധ ഘട്ടങ്ങളിൽ, വിവിധ മാധ്യമങ്ങളിലൂടെയാണ് അവ പ്രസിദ്ധീകൃതമായത്. അവയിൽ നിന്ന് തെരഞ്ഞെടുക്കപ്പെ

www.malankaralibrary.com

ട്ടവ ഒരുമിച്ച് ഒരു പുസ്തകമാക്കി പ്രസിദ്ധീകരിക്കാൻ, ബഹു. ഡോമിനിക് സഖറിയാസച്ചന്റെ നാമത്തിൽ രൂപീകൃതമായ ഫൗണ്ടേഷൻ മുന്നോട്ടുവന്നിരിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. സഭാത്മക വിഷയങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കാനും, ചർച്ചചെയ്യാനും, അതിന്റെ വെളിച്ചത്തിൽ വിശ്വാസജീവിതം കൂടുതൽ സുശക്തമാക്കാനും ഇത്തരം സംരംഭങ്ങൾക്ക് കഴിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ സൽപ്രയ്തനത്തിന് നേതൃത്വം വഹിക്കുന്ന പ്രസ്തുത ഫൗണ്ടേഷൻ ഭാരവാഹികൾക്കും, വിശിഷ്യാ ലേഖനങ്ങളുടെ ഏകോപനത്തിലൂടെയും ക്രമീകരണത്തിലൂടെയും ഈ ഗ്രന്ഥത്തെ മനോഹരമാക്കിയ ഇതിന്റെ എഡിറ്റേഴ്സ് ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ, ഒ. ഐ. സി.ക്കും ശ്രീ. പീറ്റർ സി. ഏബ്രഹാമിനും എല്ലാവിധ അഭിനന്ദനങ്ങളും നേർന്നുകൊള്ളുന്നു. സത്യവിശ്വാസ സ്നേഹികളായ ഏവർക്കും തങ്ങളുടെ വിശ്വാസജീവിതയാത്രയ്ക്ക് ഉപയുക്തമായ വിധത്തിൽ ഏറെ പ്രചാരം സിദ്ധിക്കുന്ന ഒന്നായി ഇതു ഭവിക്കട്ടെയെന്നാശംസിച്ചുകൊണ്ട് ഈ ഗ്രന്ഥം ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

തിരുവനന്തപുരം<br>
04/08/2001.

മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ്<br>
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്താ<br>
തിരുവനന്തപുരം മെത്രാപ്പോലീത്തൻ<br>
ആർച്ചുബിഷപ്പ്



# ആശംസ


സത്യത്തെ അതിന്റെ പരമാർത്ഥതയിൽ ഗ്രഹിക്കുകയും, അത് ഉച്ചത്തിൽ വിളിച്ചുപറയുകയും ചെയ്യുന്നതാണ് പ്രവാചകന്റെ പ്രത്യേകത. അത് ഒരുപക്ഷേ വ്യക്തികളെ പ്രീതിപ്പെടുത്തുന്ന വിധത്തിലുള്ളതായിരിക്കുകയില്ല. എന്നാൽ സമൂഹത്തെ നേർവഴിക്കു നയിക്കാൻ ഉപയുക്തമായിരിക്കും. ദൈവനിയോഗമാണ് പ്രവാചകന്റെ ശക്തി. കാലഘട്ടത്തിനനുസരിച്ച് ദൈവത്തിനു വേണ്ടിയാണ് പ്രവാചകൻ സംസാരിക്കുന്നത്. പ്രവാചകൻമാർ ചരിത്രത്തിൽ മാത്രം കാണപ്പെടുന്ന ഒരു ഗണമായി ചിത്രീകരിക്കപ്പെടേണ്ടവരല്ല. പിന്നെയോ, ഓരോ ക്രിസ്ത്യാനിയും പ്രവാചക ദൗത്യത്തിലേക്ക് വിളിക്കപ്പെട്ടവരാണ്. ദൈവത്തിന്റെ സന്ദേശം ലാഭ, മോഹ ഇച്ഛകൾ കൂടാതെ വിളിച്ചു പറയാൻ കടപ്പെട്ടവരാണ്. എന്നാൽ അതിനു നാം തയ്യാറാവുന്നില്ലയെന്നുള്ളതാണ് ഇന്ന് പ്രവാചകഗണം അന്യം നിന്നു പോകാനുള്ള കാരണം. എന്നാൽ അങ്ങിങ്ങ് ഈ ശബ്ദം ഉയരുന്നതായി നമുക്കു കാണാൻ സാധിക്കും. അത്തരം വേറിട്ട ശബ്ദത്തിന്റെ ഉടമയായിരുന്ന ഒരു വ്യക്തിയാണ് ബഹു. ഡോമിനിക് സഖറിയാസച്ചൻ. ദൈവത്തിന്റെ സ്വരമാണ് സഭയുടെ സ്വരമെന്നും, സഭാമക്കളിലൂടെയാണ് അത് നിർവ്വഹിക്കപ്പെടേണ്ടതെന്നുമുള്ള യാഥാർത്ഥ്യം മനസ്സിലാക്കിയതുകൊണ്ടാണ് ബഹു. ഡോമിനിക്കച്ചൻ താൻ ഉൾപ്പെട്ട സഭാസമൂഹത്തിലും, അതിനുപുറത്തും ആ ദൗത്യം നിർവ്വഹിക്കാൻ തയ്യാറായത്. അതിന്റെ ഗുണഫലമനുഭവിക്കാൻ മലങ്കരസഭയ്ക്ക് പ്രത്യേകിച്ച് പുനരൈക്യപ്രസ്ഥാനത്തിന് കഴിഞ്ഞു. പ്രസംഗത്തിലും, പ്രയോഗത്തിലും തന്റെ ആശയ ശക്തിയും, ആദർശശുദ്ധിയും നിലനിർത്താൻ ബഹു. ഡോമിനിക്കച്ചന് കഴിഞ്ഞത് തന്റെ ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള വ്യക്തമായ ബോധമുള്ളതുകൊണ്ടാണ്. ഇത് പുതിയ തലമുറയ്ക്ക് അനുകരണീയമായ ഒരു പാഠമാണെന്നുള്ളതിൽ സംശയമില്ല. അതിനു സഹായിക്കാൻ തക്കവിധം അദ്ദേഹത്തിന്റെ ലേഖനങ്ങൾ ക്രോഡീകരിച്ചു പ്രസിദ്ധീകരിക്കാൻ, അദ്ദേഹത്തിന്റെ പേരിലുള്ള ഫൗണ്ടേഷൻ എടുത്തിരിക്കുന്ന തീരുമാനം ശ്ലാഘനീയമാണ്. ഇതിനു മുൻകൈയെടുത്ത ഫൗണ്ടേഷൻ ഭാരവാഹികൾക്കും, എഡിറ്റിംഗ് നിർവ്വഹിച്ചുകൊണ്ട് ഈ ഗ്രന്ഥത്തെ ആകർഷണീയമാക്കിത്തീർത്ത റവ. ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ. ഐ. സി.ക്കും ശ്രീ. പീറ്റർ സി. ഏബ്രഹാമിനും എന്റെ ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ. ലക്ഷ്യപ്രാപ്തിയിൽ ഈ ഗ്രന്ഥത്തിന് എല്ലാ വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

തിരുവനന്തപുരം<br>
04/08/2001.

+ ജോഷ്വാ മാർ ഇഗ്നാത്തിയോസ്<br>
തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ

www.malankaralibrary.com



റവ. ഫാ. ഡോമിനിക് സഖറിയാ

## ലഘുജീവചരിത്രക്കുറിപ്പ്

തുമ്പമൺ വടക്കേമേലേതിൽ കുടുംബാംഗമായ വി. ഐ. സ്ക്കറിയായുടേയും ചങ്ങനാശ്ശേരി അതിരുപതാംഗം തോട്ടയ്ക്കാട്ട് ആനാറ്റിൽ ത്രേസ്യായുടേയും ആദ്യജാതനായി 1935 ജൂലൈ 18 ന് പാലായ്ക്കടുത്ത് കൊഴുവനാൽ എന്ന സ്ഥലത്ത് ഫാ. ഡോമിനിക്ക് സഖറിയാ ജനിച്ചു. വി. എസ്. ജോയി എന്നായിരുന്നു ചെറുപ്പത്തിലെ പേര്. തുമ്പമണ്ണിലെ സർക്കാർ സ്കൂളിൽ നിന്നുള്ള ആദ്യകാലപഠനത്തിനുശേഷം കോതമംഗലത്തുള്ള സെന്റ് ജോർജ്ജ് ഹൈസ്കൂളിൽ മിഡിൽ, ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തി. അദ്ധ്യാപകനായിരുന്ന പിതാവിന്റെ കർമ്മരംഗമായിരുന്നു അവിടം. പിന്നീട് തൃശിനാപ്പള്ളിയിലെ സെന്റ് ജോസഫ് കോളജിൽ ചേർന്ന് ഇന്റർമീഡിയറ്റ് ജയിച്ചു തുടർന്ന് ദൈവവേലയ്ക്കായി സമർപ്പിതനാകാൻ ആഗ്രഹിച്ചു. ഓർത്തഡോക്സ്സഭയിൽ നിന്നും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട സ്വപിതാവിന്റെ സഭാതീക്ഷ്ണതയും ദൈവോന്മുഖതയും മകനെ വളരെയേറെ സ്വാധീനിച്ചിരുന്നു. അങ്ങനെ തിരുവനന്തപുരത്തുള്ള സെന്റ് അലോഷ്യസ് മൈനർ സെമിനാരി, മംഗലാപുരത്തുള്ള സെന്റ് ജോസഫ് മേജർ സെമിനാരി എന്നിവടങ്ങളിൽ നിന്നും വൈദികപഠനം പൂർത്തിയാക്കി. 1961 ഡിസംബർ 22 ന് കോതമംഗലം സെന്റ് ജോർജ്ജ് കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നും വൈദികാഭിഷിക്തനായി. തൊട്ടടുത്ത ദിവസം തുമ്പമൺ മാമ്പിലാലി സെന്റ് തോമസ് പള്ളിയിൽ ആദ്യദിവ്യബലി അർപ്പിച്ചു. (ബഹു. അച്ചൻ ഏറ്റവും അവസാനമായി സേവനം ചെയ്ത പള്ളിയും ഇതു തന്നെയായിരുന്നു)

വൈദികനായശേഷം തിരുവനന്തപുരത്തുള്ള മാർ ഈവാനിയോസ് കോളജിൽ നിന്നും ഊർജ്ജതന്ത്രത്തിൽ ബിരുദവും ചങ്ങനാശ്ശേരി സെന്റ് ബർക്ക്മൻസ് കോളജിൽ നിന്നും അതേ വിഷയത്തിൽ ബിരുദാനന്തരബിരുദവും നേടി. തുടർന്ന് 1966 - 67 അദ്ധ്യായനവർഷത്തിൽ അഞ്ചൽ സെന്റ് ജോൺസ് കോളജിലും അടുത്തവർഷം മാർ ഈവാനിയോസ് കോളജിലും പഠിപ്പിച്ചു. കോളജ് അദ്ധ്യാപനത്തേക്കാൾ അജപാലനധർമ്മത്തെ ഇഷ്ടപ്പെട്ട ബഹു. അച്ചൻ കോളജ് ഉദ്യോഗം രാജിവച്ച് ഇടവകാശുശ്രൂഷകളിൽ മുഴുകി. അങ്ങനെ 1968- ൽ അടൂർ തിരുഹൃദയപ്പള്ളിയുടെ വികാരിയായി. പിന്നീട് മുണ്ടേല, വെള്ളൂർക്കോണം, കഴക്കൂട്ടം, കീരിക്കുഴി, അയിരൂപ്പാറ, ഏഴംകുളം, പഴകുളം, പെരിങ്ങനാട്, പത്തനംതിട്ട, തോട്ടുപുറം, വാഴമുട്ടം, കരുമ്പേക്കൽ, കിഴക്കേത്തെരുവ്, മാർത്താണ്ഡം, ചിതറാൾ, കുഴിത്തുറ പഴയേരൂർ, കരവാളൂർ, പുനലൂർ, തുമ്പമൺ, കൂരമ്പാല എന്നീ ഇടവകകളിൽ വികാരിയായി സേവനം ചെയ്തു.

പത്തനംതിട്ട സെന്റ് പീറ്റേഴ്സ് പള്ളിയുടെ വികാരിയായിരുന്നപ്പോഴാണ് ബ. അച്ചൻ M. C. Y. M എന്ന സംഘടന ആരംഭിച്ചത്. സ്ഥാപകഡയറക്ടർ എന്ന നിലയിൽ അതിന്റെ വളർച്ചയ്ക്ക് സ്വയം വളമായി അദ്ദേഹം 11 വർഷം സാരഥ്യഭാരം പേറി. പെരുന്നാട്ടിൽ നിന്നും പട്ടംവരെ നീളുന്ന മാർ ഈവാനിയോസ് പദയാത്രയുടെ ആരംഭകനും ബ. അച്ചനാണ്. അതുപോലെ തന്നെ അദ്ദേഹം കിഴക്കേത്തെരുവു പള്ളിയിലെ വികാരിയായിരുന്നപ്പോൾ അവിടെ വച്ചു നടത്തപ്പെട്ട പുനരൈക്യവാർഷികാഘോഷങ്ങളുടെ മുഖ്യസംഘാടകനായും പ്രവർത്തിച്ചു.

ഈ ശുശ്രൂഷകൾക്കിടയിലാണ് അദ്ദേഹം ബാംഗ്ളൂരിലെ ധർമ്മരാം കോളജിൽ ചേർന്ന് ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തിയത്. തുടർന്ന് 1985- 86 ന് തിരുവനന്തപുരത്തെ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി.

ദൈവജനത്തെ സംഘടിപ്പിച്ചും പഠനശിബിരങ്ങൾക്കു നേതൃത്വം നൽകിയും തന്റെ സർവ്വകഴിവുകളും അർത്ഥവും ചെലവിട്ട് ദൈവികദർശനങ്ങൾ അച്ചടിച്ചു വിതരണം ചെയ്തും. അദ്ദേഹം സഭയിൽ നിറഞ്ഞുനിന്നു. ഞായറാഴ്ചതോറുമുള്ള സുവിശേഷവായനാഭാഗങ്ങൾക്കനുസരണമായി അദ്ദേഹം പ്രസിദ്ധീകരിച്ച 'പ്രതിവാരസുവിശേഷപഠനം' എന്ന പേരിലുള്ള 49 ഭാഗങ്ങൾ സഭയ്ക്കു ലഭിച്ച വിലപ്പെട്ട സംഭാവനായാണ് സഭാപ്രസിദ്ധീകരണങ്ങൾ വഴി പ്രൗഢസുന്ദരങ്ങളായ ലേഖനങ്ങൾ എഴുതി ദൈവജനത്തെ ശക്തിപ്പെടുത്തുവാൻ മരണംവരെ അദ്ദേഹം ഉത്സുകനായിരുന്നു.

www.malankaralibrary.com

രോഗമൂർച്ഛയിൽ തിരുവനന്തപുരത്തെ ക്ലർജി ഹോമിൽ ആയിരുന്നപ്പോൾ പോലും അദ്ദേഹം നിരന്തരം എഴുതിക്കൊണ്ടിരുന്നു. അങ്ങനെയാണ് 'വി. മത്തായിയുടെ സുവിശേഷം ദൈവജനത്തിനു പുതുജീവൻ', 'മത്തായി ശ്ലീഹായുടെ സുവിശേഷം ഒരു പുനർവിചാരം' എന്നീ രണ്ടു പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടത്.

ഡോ. ജോർജ് സഖറിയാ, ജോസഫ് സഖറിയാ, അൽഫോൻസാ സഖറിയാ എന്നിവരാണു സഹോദരങ്ങൾ. മൂവരും സകുടുംബം തിരുവനന്തപുരത്തു വസിക്കുന്നു.

ദൈവത്തേയും സഭയേയും സഭാപിതാക്കന്മാരേയും ജനത്തേയും അതിരറ്റു സ്നേഹിച്ചു നിസ്തന്ദ്ര കർമ്മ ധീരനായി പ്രവർത്തിച്ച ആ നിഷ്ക്കളങ്കമാനസൻ ദൈവ ദർശനങ്ങളുടെ അപാരചിന്തകളുമായി ആത്മാവിന്റെ സ്വർഗ്ഗീയഗോചരാവസ്ഥയിലേക്ക് 2000 സെപ്തംബർ 7- ന് എന്നേക്കുമായി പറന്നകന്നു.

**അൽഫോൻസാ സഖറിയാ (സഹോദരി)**



## ഉള്ളടക്കം


കൃതജ്ഞതാഞ്ജലി

അവതാരിക

ആശംസ

ഫാ. ഡോമിനിക്ക് സഖറിയാ : ലഘുജീവചരിത്രം

ഉള്ളടക്കം

**ഭാഗം ഒന്ന് : ദൈവദർശനം**

1. ജീവന്റെ സുവിശേഷം
2. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും
3. ദൈവത്തിന്റെ വിളിയും മനുഷ്യന്റെ മറുപടിയും
4. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സത്യൈക ദൈവത്തിന്റെ തിരുനാമത്തിൽ
5. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
6. പരിശുദ്ധത്രിത്വം - പ്രാർത്ഥനയുടെ ഉറവും നിറവും
7. ദൈവസഭയും ത്രിത്വസാന്നിദ്ധ്യവും
8. പരിശുദ്ധത്രിത്വവും കുടുംബവും
9. സുവിശേഷവും ശക്തിദാനവും
10. മിശിഹാപ്രതീക്ഷയും ദൈവജനവും
11. ഭൂമിയിൽ സമാധാനം
12. വചനഭാഷ്യത്തിന് ഒരു സമന്വയ മാതൃക
13. വചനജനനവും സഭാനുഭവവും
14. പെസഹാസംഭവങ്ങളിലൂടെ

www.malankaralibrary.com

15. ''ഇത് എന്റെ ഓർമ്മക്കായി ചെയ്യുവിൻ''

16. വിശുദ്ധ കുർബ്ബാന ഒരു വിരുന്നാണ്

17. കല്യാണവസ്ത്രം ഉള്ളവർ

18. അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു.

19. ഞാൻ ഭൂമിയിൽ നിന്ന് ഉയിർത്തപ്പെടുമ്പോൾ

20. ഉയിർപ്പിന്റെ പ്രത്യാശ

21. ദൈവമാതാവായ കന്യക മർത്തമറിയാം

22. കന്യാമാതൃത്വം - അർത്ഥവും വ്യാപ്തിയും

23. ഭക്തിയും ഭക്തിപ്രകടനങ്ങളും

**ഭാഗം രണ്ട് : സഭാദർശനം**

24. മലങ്കരസഭയുടെ സാർവ്വത്രിക ചൈതന്യം

25. ഇസ്രായേലും മലങ്കരസഭയും

26. ഇടവകയുടെ ദൈവശാസ്ത്രം

27. സഭയും സാമൂഹിക പ്രവർത്തനവും -1

28. സഭയും സാമൂഹിക പ്രവർത്തനവും - 2

29. സഭയും സാമൂഹിക പ്രവർത്തനവും - 3

30. സഭയും സാമൂഹിക പ്രവർത്തനവും - 4

31. ദേശീയോദ്ഗ്രഥനവും ക്രൈസ്തവോത്തരവാദിത്വവും

32. മലങ്കരയുടെ അയ്മേനികൾ

33. ഉദയംപേരൂർ സുനഹദോസിന്റെ സഭാപശ്ചാത്തലം

34. ബഥനി ഒരു സ്വതന്ത്രസഭാപ്രസ്ഥാനം



35. ബഥനിയുടെ പുലർച്ചയും വളർച്ചയും

36. മാർ ഈവാനിയോസ് - സ്നേഹത്തിന്റെ പ്രേഷിതൻ

37. അജപാലനത്തിന്റെ മാനങ്ങളും മുഖങ്ങളും

38. ഡയസ്പോറാ മിഷൻ

39. എം. സി. വൈ. എം. എന്ന ദൈവയോഗം

40. The Malankara Church and Ecclesial Formation

41. കുട്ടികളുടെ വിശ്വാസപരിശീലനം വിശുദ്ധകുർബ്ബാനയിലൂടെ

**ഭാഗം മൂന്ന് : പുനരൈക്യദർശനം**

42. പുനരൈക്യപ്രസ്ഥാനവും മലങ്കരസഭയും - 1

43. പുനരൈക്യ പ്രസ്ഥാനവും മലങ്കരസഭയും - 2

44. പുനരൈക്യപ്രസ്ഥാനത്തിന്റെ സഭാപശ്ചാത്തലം

45. പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രസക്തി, ഇന്ന്

46. പുനരൈക്യത്തിന്റെ പ്രശ്നം

47. പുനരൈക്യതീർത്ഥാടനം

48. പുനരൈക്യം ഒരു പ്രയാണം

49. പുനരൈക്യം - വിമ്മിട്ടവും വേദനയും

50. പുനരൈക്യപ്രസ്ഥാനം: ദൗത്യവും പുരോഗതിയും

51. മലങ്കരസഭയും കാതോലിക കൂട്ടായ്മയും

52. മലങ്കരകത്തോലിക്ക സഭയുടെ ദൗത്യം

53. മലങ്കരസഭയുടെ പൈതൃകവും പദവിയും

54. മലങ്കരസഭയുടെ വ്യാപ്തിയും പുരോഗതിയും

www.malankaralibrary.com


55. പുനരൈക്യദൗത്യം

56. നമ്മുടെ ആരാധനാജീവിതവും പുനരൈക്യപ്രവർത്തനവും

57. മലങ്കര ലിറ്റർജിയുടെ നവീകരണം

58. The Catholic Malankara Church and Evangelization

59. പുനരൈക്യപ്രസ്ഥാനവും എക്യുമെനിക്കൽ ചൈതന്യവും

60. സഭൈക്യചൈതന്യവും സഭാസംഘടനയും

61. എല്ലാവരും ഒന്നാകുവാൻ കുരിശിന്റെ ചൈതന്യം

62. എമ്മാവോസ് - പുനരൈക്യത്തിന്റെ പ്രതീകം

63. എക്യുമെനിസവും പുനരൈക്യവും - 1

64. എക്യൂമെനിസവും പുനരൈക്യവും- 2

65. എക്യൂമെനിസവും ക്രൈസ്തവൈക്യപ്രവർത്തനവും - 1

66. എക്യൂമെനിസവും ക്രൈസ്തവൈക്യ പ്രവർത്തനവും - 2

67. എക്യൂമെനിസവും ക്രൈസ്തവൈക്യ പ്രവർത്തനവും - 3

68. എക്യൂമെനിസവും ക്രൈസ്തവൈക്യ പ്രവർത്തനവും - 4

**ഭാഗം നാല് : സഭാന്തര ദർശനം**

69. മലങ്കര ഓർത്തഡോക്സ് സഭയുടെ ആത്മദർശനം

70. അഖില ഓർത്തഡോക്സ് സഭ വിജയിക്കട്ടെ

71. സമന്മാരിൽ മുമ്പൻ

72. മാർപ്പാപ്പായും കാതോലിക്കാബാവായും കോട്ടയത്ത്

73. യാക്കോബായ - ഓർത്തഡോക്സ് അനുരഞ്ജനത്തിന് ചില പ്രായോഗിക നിർദ്ദേശങ്ങൾ

74. സുപ്രീം കോടതി വിധി - ഒരു നിരീക്ഷണം




## ഭാഗം ഒന്ന്

# ദൈവദർശനം

1964 മുതൽ 2000 വരെയുള്ള 36 വർഷങ്ങൾക്കുള്ളിൽ എഴുതപ്പെട്ട 23 ലേഖനങ്ങളുടെ സഞ്ചയമാണീ വിഭാഗം. ആത്മബോധത്തിന്റെ ആഴങ്ങളിലേക്കാനയിക്കുന്ന ഗൗരവവിഷയങ്ങളാണിതിൽ മനസ്സിരുത്തി വായിക്കേണ്ടവയാണെന്നു സാരം. ദൈവമനുഷ്യസംഗമത്തിന്റെ രക്ഷാകരപ്പൊരുൾ, പരിശുദ്ധത്രിത്വത്തിന്റെ സാക്ഷാത്ക്കാരം, ദിവ്യകുർബ്ബാനാനുഭവത്തിലൂടെ മനുഷ്യനാർജ്ജിക്കുന്നു പരമാവസ്ഥ, നിത്യകന്യാമറിയത്തിന്റെ ദൈവമാതൃത്വം എന്നിവയാണിതിലെ മുഖ്യഅന്തസ്സത്ത. ശ്രദ്ധയോടെ അടുക്കിപ്പൊക്കിയ ഉദാത്തചിന്തകളുടെ ശില്പഗോപുരമാണീ ലിഖിതമാഹാത്മ്യം. ദൈവവചനത്തിന്റെ പൊരുളുകൾ ഹൃദയത്തിലിട്ട് നിരന്തരം മനനം ചെയ്യുന്ന ഒരു ധ്യാനപിതാവിനെയാണ് ഈ ഉപന്യാസങ്ങളിൽ അനുവാചകൻ ആസ്വദിക്കുന്നത്.

ദൈവത്തിലേക്കു വളരാനുള്ള മനുഷ്യന്റെ വിളിയെപ്പറ്റി സദാ ഓർമ്മപ്പെടുത്തുന്ന തീഷ്ണങ്ങളായ ആഹ്വാനങ്ങളാണീ പ്രബോധനങ്ങൾ. പഠനമുറിയിൽ നിന്നാർജ്ജിച്ച ജ്ഞബശാസ്ത്രത്തിന്റെ തികട്ടലുകളല്ലിവ. പകരം, ദൈവവചനത്തെ സസൂക്ഷ്മം മുറിച്ച് ചിന്തകളുടെ ഉരകല്ലിൽ ഒരു പുരുഷായുസ്സുകൊണ്ട് തേച്ചുമിനുക്കി തനിക്കും സഹജർക്കും വെളിച്ചം പകരുന്ന ധ്യാനചിന്തകളുടെ പവിഴക്കല്ലുകളാക്കുകയാണിവിടെ. ഒരുദാഹരണം കേൾക്കൂ. 'ഇതാ മനുഷ്യൻ!' എന്ന പീലാത്തോസിന്റെ സാക്ഷ്യപ്പെടുത്തൽ ചിന്താവിഷയമാക്കുകയാണു ലിഖിതാവ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണു മനുഷ്യൻ. പക്ഷെ, ആ ദിവ്യതേജസ്സ് അവൻ നശിപ്പിച്ചു കളഞ്ഞു. മനുഷ്യൻ എന്ന ഉദാത്തഭാവത്തിനു അങ്ങനെ മങ്ങലേറ്റു. എന്നാൽ ആ ദിവ്യാവസ്ഥ നിലനിർത്തിയവൻ ഒരേ ഒരാൾ മാത്രം; രക്ഷകനായ ഈശോ. അതിനാൽ 'മനുഷ്യാ' എന്ന സംബോധനയ്ക്കു ലോകചരിത്രത്തിൽ അർഹൻ ഈശോമാത്രം. പീലാത്തോസിന്റെ വിളിയുടെ പൊരുൾ അതാണെന്ന് എഴുത്തുകാരൻ സമർത്ഥിക്കുന്നു. പൊതുവേ, മതപഠനത്തോടാഭിമുഖ്യമുള്ളവർക്കും സഭാത്മക പ്രസംഗകർക്കും മറ്റും അമൂല്യങ്ങളായ ശേഖരംതന്നെയാണീ ലേഖനങ്ങൾ.

\- എഡിറ്റേഴ്സ്

www.malankaralibrary.com

# 1

# ജീവന്റെ സുവിശേഷം

### സൃഷ്ടി- അടിസ്ഥാന സുവിശേഷം

ദൈവം ലോകത്തെ സൃഷ്ടിച്ചുവെന്നതാണ്, മനുഷ്യന് നൽകുന്ന അടിസ്ഥാന സുവിശേഷം. ഈ സൃഷ്ടി കർമ്മത്തിൽ മനുഷ്യന്റെ ശൈലിയും രീതിയും ഉൾക്കൊണ്ട് ദൈവം പ്രവർത്തിച്ചുവെന്ന് തിരുവചനം സാക്ഷിക്കുന്നു. മനുഷ്യ ജീവിതത്തിലെ ഏറ്റം ചുരുങ്ങിയതും അതേ സമയം പൂർണ്ണവുമായ ഒരു കാലയളവാണ് ഏഴു ദിവസങ്ങളുടെ ആഴ്ച. ആറു ദിവസംകൊണ്ട് ലോകത്തെ സൃഷ്ടിച്ച ശേഷം ഏഴാം ദിവസം ദൈവം വിശ്രമിച്ചു എന്നു പറയുമ്പോൾ പരിശ്രമവും, വിശ്രമവും ഒത്തു ചേരുന്ന മനുഷ്യന്റെ ജീവിത ശൈലി ദൈവം ഉൾക്കൊണ്ടതായി കാണാം. മാത്രമല്ല ആദ്യമേ വെളിച്ചം ഉണ്ടാക്കിയ ശേഷം ബാക്കി കാര്യങ്ങളെല്ലാം ക്രമമാക്കിയെടുക്കുന്നതും മനുഷ്യന്റെ രീതി തന്നെ. ഈ ശൈലിയും രീതിയും ദൈവം ഉൾക്കൊണ്ടു എന്നു പറയുമ്പോൾ, അതേ വിധത്തിൽ ലോകം സൃഷ്ടിക്കപ്പെട്ടു എന്നതിനെക്കാൾ, മനുഷ്യന്റെ ക്രമത്തിനും വിശ്രമത്തിനും ദൈവം കൂട്ടു നിൽക്കുന്നു എന്ന് അറിയിക്കുകയാണ്. അതു തന്നെ മനുഷ്യന് ശക്തിയും പ്രതീക്ഷയും നൽകുന്ന സുവിശേഷമായി മാറുന്നു. ദൈവത്തിന്റെ പ്രകാശം നിരന്തരം ലഭിക്കുന്നു എന്നതാണ് മനുഷ്യന് സ്വന്തമാക്കാവുന്ന സന്തോഷാനുഭവം. സൃഷ്ടിക്കൊരു മാതൃക ദൈവം കല്പിച്ചു തന്നു. ആ മാതൃക അനുകരിക്കുവാൻ ദൈവം കല്പിച്ചുവെന്നതാണ് ഏഴാം ദിവസത്തെ വിശ്രമത്തിന്റെ കല്പനയിലൂടെ ദൈവം അനുശാസിക്കുന്നത്. പ്രവർത്തനത്തിന്റെ ആരംഭത്തിലും അതു കഴിഞ്ഞുള്ള വിശ്രമത്തിലുമെല്ലാം ദൈവ സാന്നിദ്ധ്യത്തിന്റെ അനുഭവം ഉൾക്കൊള്ളാൻ ശ്രമിക്കുന്ന മനുഷ്യന് തന്റെ പ്രവർത്തനത്തിൽ ഒത്തു നിൽക്കുന്ന ദൈവത്തേയും കണ്ടെത്താൻ സാധിക്കും. സൃഷ്ടിയുടെ ജീവപ്രസരണവും ഭൂമിയുടെ പുനർനിർമ്മാണവും എല്ലാം ദൈവം മനുഷ്യന് ഏൽപ്പിച്ചു കൊടുത്തിരിക്കുന്ന കർത്തവ്യങ്ങളാണ്. ഇത്രമേൽ അധികാരവും, ഉത്തരവാദിത്വവും മനുഷ്യന്



ഏൽപ്പിച്ചു കൊടുത്തിരിക്കുന്നു എന്നത് എത്ര വലിയ സന്തോഷത്തിന് കാരണമായിരിക്കുന്നു. ഈ സന്തോഷം ഒരു വ്യക്തിയും തനതായി അനുഭവിക്കേണ്ടതല്ല, ഇതരരോട് കൂട്ടു ചേർന്നു കൊണ്ട് മാത്രം ഇതെല്ലാം സാധിക്കുക, ദൈവം സൃഷ്ടിയിൽ നൽകിയിരിക്കുന്ന സുവിശേഷം തിരിച്ചറിയുകയും, നിർവ്വഹിക്കുകയും ചെയ്യുമ്പോഴാണ്.

### രൂപരഹിതമായ അവസ്ഥ

ദൈവം പ്രപഞ്ചത്തെ സൃഷ്ടിക്കുമ്പോൾ, അതിന്റെ സ്ഥിതി എന്തായിരുന്നുവെന്ന് ഒരു സൂത്ര വാക്യത്തിലൂടെയെന്നോണം തിരുവചനം നിവ്വചിക്കുന്നു. അത് നിത്യാകാരവും രൂപരഹിതവും ആയിരുന്നു. രചയിതാവ് ഭാവനയിലല്ല, പ്രകൃതിയിൽ കണ്ട ഒരു ദൃശ്യം സൃഷ്ടിയുടെ ആരംഭത്തിലേയ്ക്ക് ആരോപിക്കുകയാണിവിടെ. ഭീകരമായ ജലപ്രളയം കഴിഞ്ഞുള്ള സ്ഥിതിയാണിത്. എല്ലാം തട്ടിമുട്ടി ഒടിഞ്ഞുതകർന്നു കിടക്കുന്ന അവസ്ഥ. അല്ലെങ്കിൽ രണ്ടു സൈന്യങ്ങൾ തമ്മിൽ കൂട്ടിമുട്ടി തല്ലിത്തകർത്തു കഴിയുമ്പോഴും ഇങ്ങനെ സംഭവിക്കാറുണ്ട്. തിന്മയുടെ നഗ്നതാണ്ഡവം എല്ലാം നശിപ്പിച്ച് ഒന്നുമൊന്നും ഇല്ലാത്ത അവസ്ഥയിലായിരിക്കുന്നു. പ്രകൃതി ശക്തികളുടെയാകട്ടെ, മനുഷ്യവർഗ്ഗങ്ങളുടെയാകട്ടെ, ഏറ്റുമുട്ടൽ ദൈവം സൃഷ്ടിച്ചു വച്ച ക്രമം തട്ടിത്തകർത്ത് ഇല്ലാതാക്കുന്നു. തിന്മ മനുഷ്യരിലൂടെ മൂർത്ത ഭാവം ധരിക്കുമ്പോഴാണ്, ദുരന്തം അത്യന്തം ഭീകരവും, നിരാശാഭരിതവും ആകുന്നത്. ദൈവം സൃഷ്ടിച്ചതിനെ മനുഷ്യൻ ഇല്ലാതാക്കുവാൻ ശ്രമിക്കുന്നു. എന്നാൽ ദൈവം നിരന്തരം സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യൻ അതിനെ ദഹിപ്പിച്ച് ഇല്ലാതാക്കുന്നു. ദൈവം ഒരിക്കൽ മനുഷ്യന്റെ തിന്മ കണ്ട് മനം മടുത്ത് ജലപ്രളയം അഴിച്ചു വിട്ടു. എല്ലാം നിരാകാരവും, രൂപരഹിതവുമായി തീർന്നു. ദൈവം ചെയ്തു പോയതിനെ ഓർത്തു ദുഃഖിച്ച്, ആ ദുഃഖത്തിൽ പങ്കു ചേരുവാൻ മനുഷ്യനെയും ക്ഷണിച്ചു. നോഹയും കുടുംബവും ദൈവത്തിന് ധൂപ ബലി അർപ്പിച്ചപ്പോൾ ഉയർന്നു ചെന്ന സുഗന്ധം ദൈവം സന്തോഷത്തോടെ അനുഭവിച്ചു. ഉടൻ ആകാശത്തിൽ ഒരു അടയാളം കാണുവാനായി, മനോഹരമായ മഴവില്ല്. ഇനിയും ലോകത്തെ ജലപ്രളയം കൊണ്ട് നശിപ്പിക്കുകയില്ലെന്ന് ദൈവം വാഗ്ദാനം ചെയ്തു. ദൈവം മനുഷ്യനു നൽകുന്ന പ്രതീക സുവിശേഷം, ആകാശത്തിൽ ഉയർന്നു കാണുമ്പോൾ മനുഷ്യനിൽ പ്രതീക്ഷകൾ പൂവിടുന്നു. നോഹ അപ്പോൾ മനസ്സിലാക്കി, ദൈവം

www.malankaralibrary.com

പുതിയ സൃഷ്ടിയിൽ ഏർപ്പെട്ടു കഴിഞ്ഞു. പഴയതിന്റെ ക്രമം അഴിഞ്ഞു പോകുമ്പോൾ, ദൈവം പുതിയത് പടുത്തുയർത്തുന്നു. ഈ പടുത്തുയർത്തലിൽ മനുഷ്യനെയും പങ്കാളിയാക്കുന്നു എന്നതാണ്. ദൈവം നൽകുന്ന സുവിശേഷത്തിന്റെ ചേതോഹര ഭാവം. പുനർനിർമ്മാണത്തിൽ ഉണർന്നു ചേരുവാനുള്ള നിരന്തരാഹ്വാനമാണ്, സുവിശേഷത്തിന്റെ പ്രേരണയും പ്രചോദനവും.

**ജീവന്റെ ഉത്ഭവം**

ദൈവം എല്ലാം നിരാകാരമായി കണ്ടു. പക്ഷേ അതിൽ ആശയുടെ പുതിയ നാമ്പ് പൊടിയുന്നതും തിരുവചനം എടുത്തു കാണിക്കുന്നു. സൃഷ്ടിയുടെ വിവരണത്തിലേയ്ക്ക് വീണ്ടും തിരിഞ്ഞു നോക്കാം. അവിടെ ഒരു ചിത്രം വരച്ചുവച്ചിരിക്കുന്നു. ആഴത്തിൽ ജലധാരകൾ ഒളിഞ്ഞു കിടക്കുകയാണ്, അതിന്റെ മുകളിൽ ഇരുട്ട് കട്ടപിടിച്ചു തടിച്ചു കൂടി, ജലധാരകളുടെ ബഹിർഗമനം തടഞ്ഞു നിർത്തുകയാണ്. ഉപരിതലത്തിലാകട്ടെ ഇരുട്ടിനെ ഓടിക്കത്തക്ക പ്രചണ്ഡമാരുതൻ ആഞ്ഞടിച്ചുകൊണ്ടിരിക്കുന്നു. ജീവന്റെ ചൈതന്യമാണ് ജലധാരയിൽ ഉള്ളടിഞ്ഞു കിടക്കുന്നത്.

ആ ചൈതന്യം പ്രകടമാകുന്നത് തടയുകയാണ് അന്ധകാരം. ഇരുട്ടിനെ തട്ടിമാറ്റിയെങ്കിലേ, ജീവൻ ബഹിർപ്രസരിക്കുകയുള്ളൂ. ഇത് ഒരു പ്രളയത്തിന്റെ അവസ്ഥയാണ്. സൃഷ്ടിയുടെ ശക്തി നമ്മുടെ ഉള്ളിൽ വ്യാപരിച്ചു നിൽക്കുന്നു. ദൈവത്തിന്റെ ശക്തിയാണിത്. ദൈവാത്മാവ് എല്ലാത്തിനും പുതിയ രൂപം കൊടുക്കാൻ തികച്ചും പ്രവർത്തനക്ഷമമായി നില്ക്കുന്നതാണ്. കാറ്റിന്റെ പ്രതീകത്തിലൂടെ തിരുവചനം വെളിപ്പെടുത്തുന്നത്. അത് ഇരുട്ടിനെ ഇല്ലാതാക്കും. അടിഞ്ഞു കിടക്കുന്ന ജീവ ചൈതന്യം പുറത്തു വരും. ദൈവം കാണുന്നത് എല്ലാം തിന്മയായല്ല. എല്ലാം നശിക്കുന്നുവെന്ന് വച്ച് ഹതാശമിക്കുകയല്ല. നാശത്തിന്റെ ശക്തികളെ ഊക്കോടെ ചെറുത്തു തോല്പ്പിക്കുന്ന ദൈവമാണ് നമുക്കുള്ളത്. എല്ലാറ്റിനും കഴിവുള്ള സർവ്വശക്തൻ. ദൈവത്തിന്റെ ശക്തിയും ശ്രമവുമാണ് എക്കാലത്തും മനുഷ്യന് ലഭിക്കുന്ന സുവിശേഷം. ദൈവശക്തിയോട് സഹകരിക്കുവാൻ എപ്പോഴും മനുഷ്യനെ അവിടുന്ന് ക്ഷണിക്കുകയാണ്. പ്രചണ്ഡമാരുതനായി പുറത്ത് പ്രത്യക്ഷപ്പെടുന്നത്. ശാന്തശീതളമായ ഇളം കാറ്റായി മനുഷ്യന് അനുഭവപ്പെടുന്നു. അപ്പോൾ ജലധാരകൾ



ഊക്കോടെ അടിച്ചു കയറുമെന്ന് മനുഷ്യൻ ഭയപ്പെടുന്നില്ല. എല്ലാത്തിനെയും തൂത്തെറിയുന്ന കൊടുംകാറ്റിൽ, ദൈവത്തിൽ ആശ്രയിക്കുന്ന മനുഷ്യൻ സംഭ്രമിക്കുന്നില്ല. മനുഷ്യനെ ശക്തനാക്കുകയാണ് ദൈവത്തിന്റെ ഉദ്യമം. അവന്റെ മുമ്പിൽ തടിച്ചു കൂടി ഭീകരമായി തോന്നിക്കുന്ന അന്ധകാരത്തിൽ ഒരു പ്രകാശനാളം തെളിയുമ്പോൾ മനുഷ്യനിൽ സന്തോഷവാനാകും. അതാണ് ദൈവം എന്നും മനുഷ്യന് നൽകുന്ന സുവിശേഷം.

***മലങ്കരബാലൻ, 1999 ജൂൺ***

www.malankaralibrary.com

# 2

# ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും

'പത്തു കല്പനകൾ' എന്ന പ്രശസ്ത ചലച്ചിത്രത്തിന്റെ ഒരു ചെറിയ ദൃശ്യം ഓർമ്മയിൽ വരുന്നു. ഇസ്രായേൽക്കാർ ഈജിപ്തുകാരുടെ അടിമകളായി കഴിയുന്നതാണ് പശ്ചാത്തലം. ഒരു വലിയ ഹർമ്മ്യം നിർമ്മിക്കുന്ന സന്ദർഭം. ഇസ്രായേൽ വംശത്തിൽപെട്ട ഒരു വൃദ്ധൻ, തന്നെ ക്രൂരമായി മർദ്ദിക്കുന്ന ഈജിപ്ഷ്യൻ കങ്കാണിയുടെ നേരെ നിവർന്നു നിൽക്കാൻ ശ്രമിച്ചുകൊണ്ട്, പൊട്ടിത്തെറിക്കുകയാണ്, നീ എന്തുകൊണ്ട് ദൈവത്തിന്റെ ഛായയായ എന്നെ തല്ലുന്നു. യേശുവിന്റെ പീഡാനുഭവ സമയത്ത് ഈ ചോദ്യം വീണ്ടും ആവർത്തിക്കുന്നു, ഞാൻ തെറ്റാണ് പറയുന്നതെങ്കിൽ തെളിയിക്കുക. ഞാൻ ശരിയാണ് പറഞ്ഞതെങ്കിൽ എന്തുകൊണ്ട് എന്നെ അടിക്കുന്നു (യോഹ 18:23)'' വിശുദ്ധ പൗലോസ് ശ്ലീഹായും റോമാ പൗരനായ ഒരുവനെ വിചാരണ ചെയ്തു കുറ്റംവിധിക്കാതെ ചാട്ടകൊണ്ട് അടിക്കുന്നത് നിയമാനുസൃതമാണോയെന്നു (നട 22:25) ചോദിക്കുന്നുണ്ട്. മനുഷ്യ ചരിത്രത്തിൽ എത്രയെത്ര പേർ ഈ ചോദ്യം ആവർത്തിച്ചു കഴിഞ്ഞിരിക്കുന്നു. എന്നാൽ വിശുദ്ധ ഗ്രന്ഥത്തിൽ ഈ ചോദ്യം എടുത്തു പറയുന്നതിൽ ആഴമായ അർത്ഥ ദീപ്തിയുണ്ട്. മനുഷ്യൻ തന്നിൽ നീറി നിൽക്കുന്ന ആത്മാഭിമാനത്തിൽ നിന്ന് ശക്തിപ്രാപിച്ചാണ് ഈ ചോദ്യം എറിഞ്ഞുവിടുന്നത്.

ഇസ്രായേലിൽ, പഴയതോ പുതിയതോ തലമുറയിൽ പെട്ടവനാകട്ടെ, എല്ലാവർക്കും ബോദ്ധ്യമുണ്ട് ഓരോ വ്യക്തിയും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണെന്ന്. എന്തിലായിരിക്കും ഈ ഛായയും സാദൃശ്യവും കുടികൊള്ളുന്നത്? അത് വിവരിക്കാൻ, നാം ആദ്യമേ കണ്ട വൃദ്ധന് സാധിക്കുമായിരുന്നില്ല. എന്നാൽ അതേപ്പറ്റി വ്യക്തമായി വെളിപ്പെടുത്തിത്തരുന്ന ഒരാളുണ്ട്, നമ്മുടെ കർത്താവായ യേശുമിശിഹാ. അവിടുന്ന് പിതാവിന്റെ സത്തയുടെ പ്രതിഛായയാണ്. ആ ഛായയും സാദൃശ്യവും പൂർണ്ണമായും ദൈവീകമാ



ണ്. അത് യേശുവെന്ന മനുഷ്യനിലൂടെ നമുക്കു വെളിപ്പെട്ടു കിട്ടിയിരിക്കുന്നു. യേശുക്രിസ്തു തന്റെ പിതാവിനെ കാണിച്ചു തരുന്നു. പിതാവിനെ മനുഷ്യ സാദൃശ്യത്തിൽ വെളിപ്പെടുത്തി തരുന്നു. കാണിച്ചു തരുന്നത് പങ്കിട്ടു തരാനാണ്. ഓരോ മനുഷ്യനിലുമുള്ള ദൈവഛായ പൂർണ്ണമാക്കാനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ തന്നെ, അത് പകർന്നു തന്ന ഛായ പൂർണ്ണമാക്കാൻ തന്നെ ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു എന്ന് തിരുവചനം പറയുന്നു (ഉൽപ 1:27)

ഓരോ മനുഷ്യനും ദൈവഛായ ധരിച്ചിരിക്കുന്നു. ദൈവഛായ എങ്ങനെ പൂർത്തിയാക്കും? ഓരോരുവനും തന്റെ ഇതരനിൽ ഈ ദൈവഛായ തിരിച്ചറിഞ്ഞുകൊണ്ടു തന്നെ. അതിന്റെ ബഹുമാനത്തിൽ വേണം, ഓരോരുവനും ഇതരനോടു പെരുമാറുവാൻ. ആ പെരുമാറ്റം കിട്ടാതെ വന്നപ്പോഴാണ് നാം ആരംഭത്തിൽ കണ്ട ഇസ്രായേൽ വൃദ്ധൻ, തന്റെ എതിരാളിയെ ചെറുത്തു നിന്നത്. അയാൾക്ക് മാനുഷികമായി എല്ലാം നഷ്ടപ്പെട്ടിരുന്നു. വെറുമൊരു അടിമ. യാതൊന്നും അവന് അവകാശം കൊള്ളാനില്ല. അവന്റെ ശബ്ദം ഇന്നും മാറ്റൊലികൊള്ളുന്നു. യേശുക്രിസ്തു തന്റെ പീഡാനുഭവ സമയത്ത് മനുഷ്യന്റെ ഈ കീഴ്ത്തട്ടിൽ എത്തപ്പെട്ടപ്പോൾ ആ ശബ്ദത്തിന് ശക്തി നൽകി. ഈജ്പ്തിന്റെ പോലെയുള്ള, അടിമത്തത്തിൽ കിടക്കുന്ന ആയിരമായിരം അടിമകളുടെ ശബ്ദത്തിന്, യേശു പുതുജീവൻ നല്കി. മനുഷ്യസൃഷ്ടിയുടെ തുടക്കം മുതൽ അക്രമത്തിനും മർദ്ദനത്തിനും അടിപ്പെട്ട ലക്ഷക്കണക്കിന് മനുഷ്യരുടെ പ്രതിനിധിയായി യേശു ഉയർന്നു നിന്നു. പക്ഷേ, മറ്റാരിലും നിന്ന് വ്യത്യസ്തമായ രീതിയിൽ യേശുവിന്റെ ഈ പ്രതിനിധീഭാവം, പീലാത്തോസും അംഗീകരിച്ചു പ്രഖ്യാപിച്ചു. ചാട്ടവാറാൽ അടിക്കപ്പെട്ട യേശുവിനെ, ജനക്കൂട്ടത്തിന് ചൂണ്ടിക്കാണിച്ചു കൊണ്ട്, പീലാത്തോസ് പറഞ്ഞു, 'ഇതാ മനുഷ്യൻ' എന്ന് ഓർക്കുക, ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യൻ തന്നെയാണിത്.

പിതാവിനോടുള്ള സമാനത കരുതൽ സൂക്ഷിപ്പായി കാത്തുവയ്ക്കാതെ, അടിമത്തത്തിന്റെ അടിത്തട്ടിലേയ്ക്ക് ഇറങ്ങിവന്ന യേശുവിനെ 'മനുഷ്യൻ' എന്നു പീലാത്തോസ് ചൂണ്ടിക്കാണിച്ചപ്പോൾ, യേശു മനുഷ്യനെ വെളിപ്പെടുത്തി തരികയായിരുന്നു. പിതാവിനോട് സാദൃശ്യം നിലനിർത്തുന്ന മനുഷ്യനെത്തന്നെ. എല്ലാം നഷ്ടപ്പെട്ട മനുഷ്യനിലും

www.malankaralibrary.com

ദൈവഛായ നിലനില്ക്കുന്നുവെന്ന്, യേശുവിന്റെ പീഡാസഹനത്തിലൂടെ തെളിവായിരിക്കുന്നു. ബാഹ്യമോടിയിലല്ല മനുഷ്യൻ വിലപ്പെട്ടവനാകുന്നത്. തന്റെ വ്യക്തിത്വത്തിന്റെ അടിക്കാതലിൽ നിലനിർത്തുന്ന ദൈവ ഛായയിലാണ്. അതിൽ ഓരോ മനുഷ്യനും മറ്റ് ഏതൊരു മനുഷ്യനോടും തുല്യനായിരിക്കുന്നു. പക്ഷേ ഈ അടിസ്ഥാനഭാവം, തന്റെ സഹോദരരിൽ ദർശിക്കുന്നതിൽ, ബഹ്യാധികാരത്തിന്റെ വേലിയേറ്റത്തിൽ പല മനുഷ്യരും മറക്കുന്നു. അവൻ തന്റെ സഹ ജീവിയെ മർദ്ദിക്കുന്നു. ഈ മർദ്ദനത്തിന്റെ അടിത്തട്ടിൽ നിന്ന് തന്റെ സഹോദരരെ വീണ്ടെടുക്കുവാനാണ് യേശുവെന്ന 'മനുഷ്യൻ' പീഡാനുഭവം വരിച്ചത്. 'അരുത് ' എന്ന് യേശു ശബ്ദമുയർത്തി പറയുന്നു; അതേ സമയം 'സ്നേഹിക്കുക' എന്ന് വിളിച്ചു പറയുന്നു.

'നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം' എന്ന് തിരുവചനത്തിൽ പറഞ്ഞിരിക്കുന്നു. ഏകസത്യദൈവത്തെപ്പറ്റി മാത്രമാണ് പഴയനിയമത്തിൽ ഉടനീളം പരാമർശമുള്ളത്. പല ദൈവമില്ല. ഒന്നുമാത്രം. പിന്നെ എങ്ങനെ 'നമുക്ക്' 'നമ്മുടെ 'എന്ന പരാമർശം തിരുവചനത്തിൽ വന്നു. ഇതിന് ബൈബിൾ പഠിതാക്കൾ പല കാരണങ്ങൾ പറയുന്നുണ്ട്. രാജസദസ്സിൽ വച്ച് രാജാവു കല്പിക്കുന്നതുപോലെയാണെന്നും മറ്റും. അർത്ഥശങ്ക വരുന്നതെല്ലാം ബൈബിൾ രചയിതാവ് ഒഴിവാക്കുന്നുവെന്നതാണ് വിശുദ്ധ ഗ്രന്ഥത്തിന്റെ മുഖമുദ്ര. ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നത് സ്വർഗ്ഗീയ സദസ്സിൽ പ്രഖ്യാപിക്കുകയൊന്നുമല്ല. മനുഷ്യ സൃഷ്ടിയിൽ ഒന്നല്ല, കൂടുതൽ പേർ ഉൾപ്പെട്ടുവെന്ന് വ്യക്തം. അവരാരാണെന്ന് പഴയനിയമത്തിൽ വിശദീകരിക്കുന്നില്ല. ബഹുദേവതാ വിശ്വാസത്തിന്റെ നടുവിൽപെട്ടു കിടക്കുന്ന ഇസ്രായേൽ ജനത്തോട് ദൈവം തെളിച്ചു പറയുന്നില്ല, താൻ ഏകനാണെങ്കിലും മൂവരാണെന്ന്. ദൈവം സ്വീകരിച്ച ബോധന തന്ത്രത്തിന്റെ ഒരു വശമാണത്. എന്നാൽ ഇക്കാര്യത്തിൽ ദൈവം തീർത്തും മൗനം പാലിക്കുന്നില്ല. ദൈവം അബ്രഹാമിന് പ്രത്യക്ഷപ്പെട്ടു, മൂവരായി. അബ്രഹാം അവരെ മൂവരായി കാണുന്നുവെങ്കിലും (മൂന്നു പേർക്ക് ഭക്ഷണം വിളമ്പിക്കൊടുക്കുന്നു) ഒരാളോടെന്നപോലെയാണ് അഭിസംബോധനചെയ്യുന്നത്. സോദോം ഗോമോറ നിവാസികൾക്കുവേണ്ടി മാദ്ധ്യസ്ഥം യാചിക്കുന്നുണ്ടല്ലോ. മനുഷ്യസൃഷ്ടിയിൽ പലരായി ദൈവം സൂചിപ്പിക്കപ്പെട്ടു. 'നമുക്ക്' 'നമ്മുടെ' എന്ന പ്രയോഗങ്ങളിലൂടെ ഏകദൈവത്തിൽ മൂവരുണ്ടെന്ന് അബ്രഹാമിന്



മാലാഖമാരുടെ സാദൃശ്യത്തിൽ ദൈവം വെളിപ്പെടുത്തിക്കൊടുത്തു. ഈ വെളിപാട് പൂർത്തിയാകുന്നത് യേശുക്രിസ്തുവിലാണ്. അവിടുന്ന് കേവലം മനുഷ്യനായി, ജനത്തിന്റെ മുമ്പിൽ ചൂണ്ടിക്കാണിക്കപ്പെട്ടപ്പോൾ, അതിന്റെ പിന്നിൽ പിതാവായ ദൈവം ഉൾപ്പെട്ടു നില്പുണ്ട്. മനുഷ്യരൂപം നഷ്ടപ്പെട്ട മനുഷ്യനെയാണ് പീലാത്തോസ് ചൂണ്ടിക്കാട്ടിയത്. അവനിൽ അഴകോ വടിവോ ഇല്ലായിരുന്നു. സഹനദാസനെപ്പറ്റി ഏശയ്യാ ദീർഘദർശി പറഞ്ഞത് ഇവിടെ നിറവേറി. എന്നാൽ യേശുവിന്റെ ആന്തരിക സൗന്ദര്യം എത്ര അവാച്യമാണ്. ദൈവഛായയുടെ അഴകും മോടിയും ബാഹ്യമായിത്തന്നെ യേശു വെളിപ്പെടുത്താനിരിക്കുന്നുവെന്ന് ആ മനുഷ്യദൃശ്യത്തിൽ വിശ്വാസത്തോടെ ഉൾപ്പെടുന്നവർക്ക് ദർശിക്കുവാൻ സാധിക്കും. യേശു പിതാവിനെ വെളിപ്പെടുത്തിയത് വിശ്വാസികളിലാണ് നിലനില്ക്കുന്നത്. അത് നശിച്ചു പോകുന്ന മനുഷ്യഛായയല്ല, അനശ്വരമാ ദൈവഛായയാണ്. അത് ജീവനുള്ള ദൈവത്തിന്റെ ഛായയാണ്. യേശു തന്റെ മനുഷ്യത്വത്തിൽ അതു വെളിപ്പെടുത്തി. മനുഷ്യന്റെ ഛായപോലും ഇല്ലായിരുന്ന യേശുവിനെ നോക്കി, പീലാത്തോസ് 'ഇതാ മനുഷ്യൻ' എന്ന് ഉച്ചരിച്ചപ്പോൾ അവിടെ ദൈവം സന്നിഹിതനായി നിന്നിരുന്നു. 'നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം' എന്ന് ആദിയിൽ കല്പിച്ച ദൈവം തന്നെ. പിതാവും പുത്രനും പരിശുദ്ധാത്മാവും യേശുവിന്റെ പീഡാനുഭവത്തിൽ ഉൾപ്പെട്ടു നിന്നിരുന്നു. യേശു തന്റെ മനുഷ്യത്വം സമർപ്പിക്കുന്നത് സ്വീകരിക്കാൻ സന്നദ്ധതയോടെ നില്ക്കുന്ന പിതാവും, അത് വീണ്ടും പ്രാപിക്കാൻ അനുസരണയോടെ കാത്തു നില്ക്കുന്ന പുത്രനും അനശ്വര ജീവന്റെ ദൈവഛായ പുത്രൻ നൽകുന്നത്, യേശുവിൽ വിശ്വസിക്കുന്നവർക്കായി പകർന്നു കൊടുക്കാൻ താല്പര്യത്തോടെ ശ്രദ്ധിച്ചു നില്ക്കുന്ന പരിശുദ്ധാത്മാവും ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിൽ ഉൾപ്പെട്ടു നില്ക്കുന്നു. 'നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കാം' എന്ന് ദൈവം കല്പിച്ച വചനം നിറവേറുന്നത് ക്രിസ്തുവിന്റെ പെസഹാ രഹസ്യത്തിലാണ്.

***മലങ്കരബാലൻ, 1997 ജനുവരി***

www.malankaralibrary.com

# 3

# ദൈവത്തിന്റെ വിളിയും മനുഷ്യന്റെ മറുപടിയും

### സ്നേഹവും പ്രതിസ്നേഹവും

ദൈവവിളിയുടെ ആധാരം സ്നേഹമാണ്, ദൈവത്തിന്റെ സ്നേഹം. സ്നേഹിക്കുന്നവൻ വിളിക്കുന്നു, സ്നേഹിക്കപ്പെടുന്നവൻ മറുപടി നൽകുന്നു. അങ്ങനെ വിളിയും മറുപടിയും സ്നേഹബന്ധിതമായിരിക്കുന്നു. സ്നേഹിക്കുന്നവൻ ദൈവമാകകൊണ്ട് സവിശേഷതയുണ്ടാകും വിളിക്ക്, മറുപടി സന്തോഷകരമായിരിക്കും. എന്നാൽ മനുഷ്യൻ അത് മനസ്സിലാക്കാതിരുന്നാലോ? ദൈവത്തിന്റെ വിളിക്ക് മറുപടി നൽകുന്നതെന്തിന് എന്നുപോലും മനുഷ്യൻ പലപ്പോഴും ചിന്തിച്ചുപോകുന്നു. അവിടെയാണ് മനുഷ്യന്റെ സ്വാതന്ത്ര്യം പ്രശ്നം സൃഷ്ടിക്കുന്നത്. ദൈവത്തിന്റെ വിളിക്ക് മനുഷ്യൻ നേരായ ഉത്തരം നൽകാത്തതാണ് പാപം. ഇത് മനുഷ്യരുടെ പൊതുസ്വഭാവമായിത്തീരുമ്പോൾ പാപം സൃഷ്ടിക്കുന്ന പ്രശ്നം രൂക്ഷമാകുന്നു. മനുഷ്യരാശിയുടെ ചരിത്രം ഈ രൂക്ഷപ്രശ്നത്തിന്റേതുതന്നെ. എല്ലാം സൃഷ്ടിച്ച സർവശക്തനിൽ നിന്നു മുഖം തിരിച്ചുകളയുക, മനുഷ്യനെ ഏറ്റം സ്നേഹിക്കുന്ന ദൈവത്തെ ധിക്കരിക്കുക, എന്നതാണ് മനുഷ്യചരിത്രത്തിന്റെ ഇരുണ്ടവശം. ഇതിന്റെ അന്ത്യം മനുഷ്യന്റെ നാശം തന്നെ. ദൈവം സൃഷ്ടിച്ച എല്ലാ മനുഷ്യരും പാപം ചെയ്യുന്നു, നാശത്തിലേക്ക് നിപതിക്കുന്നു പിശാചുക്കൾ കേറിപിടിച്ച പന്നികൾ തൂക്കാം കയിത്തിലേക്ക് കുത്തി ഒഴുകി വീണതുപോലെ.

ഈ സാഹചര്യത്തിൽ, സ്നേഹത്തോടെ മനുഷ്യനെ സൃഷ്ടിച്ച ദൈവം സ്വസ്ഥത പൂണ്ടിരിക്കുമോ, ഒരിക്കലുമില്ല. ഇത് ദൈവത്തിന്റെ വിളിക്ക് ഒരു പുതിയ മാനം ഉളവാക്കുന്നു. ഇവിടെ വിളിക്ക് എപ്പോഴും എവിടെയും മറുപടി നൽകുന്ന മനുഷ്യൻ ആവശ്യമായിവരുന്നു. സ്നേഹവും പ്രതിസ്നേഹവും ഒത്തുപിടിച്ചു നില്ക്കുന്ന ഒരു പുതിയ ബന്ധശക്തി ഉണ്ടായേ തീരൂ. അതിൽ വേണം, മനുഷ്യർക്കെല്ലാവർക്കും



ഒന്നിച്ചു പിടിച്ചു നില്ക്കുവാൻ. അതിൽ ഒരു പുതിയ സൃഷ്ടി രൂപം കൊള്ളും. ദൈവത്തോടു ഒന്നിച്ചുചേർന്നു നില്ക്കുന്ന ഒരു പുതിയ മനുഷ്യശക്തി ഉദിച്ചുയരും. ആരാണ് ഈ പുതിയ സൃഷ്ടിയുടെ ആദ്യജാതൻ? എന്താണ് ഈ പുതിയ മനുഷ്യശക്തിയുടെ കേന്ദ്രബിന്ദു? കർത്താവായ യേശു ക്രിസ്തു. പിതാവിന്റെ വിളിക്ക് പുത്രൻ മറുപടി നൽകുന്നു. ആ വിളിയും മറുപടിയും രൂപം കൊള്ളുന്നത് ക്രിസ്തുവിന്റെ മനുഷ്യത്വത്തിലാണ്. വചനം മനുഷ്യനായ ക്രിസ്തു, ദൈവത്തിന്റെ വിളിക്ക് മനുഷ്യൻ നിരന്തരം മറുപടി നൽകുന്ന ഒരു പുതിയ അദ്ധ്യായം മാനവചരിത്രത്തിൽ എഴുതിച്ചേർക്കുന്നു. ക്രിസ്തു മനുഷ്യരെ പാപത്തിൽ നിന്നും ഉദ്ധരിക്കുന്നു, ദൈവത്തിന്റെ വിളിക്ക് നേരായ ഉത്തരം നൽകാൻ പ്രാപ്തരാക്കുന്നു.

### മനുഷ്യൻ പ്രപഞ്ചത്തിന്റെ പ്രതിനിധി

ദൈവത്തിന്റെ വിളിയും മനുഷ്യന്റെ മറുപടിയും സാധിതമാകുന്നത്, മനുഷ്യൻ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടതുകൊണ്ടാണ്. ദൈവം ആദിയിൽ അരുളിച്ചെയ്തു. 'നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്കു കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും നാൽക്കാലികളുടെയും ഭൂമി മുഴുവന്റെയും ഭൂമിയിൽ ഇഴയുന്ന സർവജീവികളുടെയും മേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ. അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്നു അവനെ സൃഷ്ടിച്ചു സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു' (ഉൽ 1/26-27) സൃഷ്ടിയിൽ ദൈവത്തിന്റെ വിളിക്ക് മറുപടി നൽകാൻ സാധിക്കുന്നത് മനുഷ്യനുമാത്രം, ദൈവത്തിന്റെ സ്നേഹത്തിനു പ്രതിസ്നേഹം നൽകാൻ സാധിക്കുന്നതു മനുഷ്യനുമാത്രം. ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചത് സ്നേഹത്താലാണ്. മനുഷ്യനോടുള്ള സ്നേഹം കൊണ്ട് ദൈവം മനുഷ്യനെ പ്രപഞ്ചത്തിന്റെ മുഴുവൻ അധികാരി ആയി ഉയർത്തി. മത്സ്യങ്ങളും പറവകളും നാൽക്കാലികളും, ഇഴജന്തുക്കൾപോലും മനുഷ്യന് കീഴ്പ്പെട്ടിരിക്കുന്നു. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിന്മേൽ, ദൈവസൃഷ്ടി തന്നെയായ മനുഷ്യന് അധികാരം നൽകിയിരിക്കുന്നു. ദൈവം മനുഷ്യനെ അധികാരത്തിലേക്ക് വിളിച്ചിരിക്കുകയാണ്. മനുഷ്യൻ അവയുടെ മേൽ അധികാരം നടത്തണം. അധികാരം നടത്തുന്നതാകട്ടെ മനുഷ്യൻ ദൈവത്തിന് നൽകുന്ന പ്രത്യുത്തരമായി വേണം. ദൈവത്തിന്റെ സ്നേഹവും മനുഷ്യന്റെ പ്രതിസ്നേഹവും

www.malankaralibrary.com

കൊരുത്തുവയ്ക്കുന്ന പുഷ്പഹാരത്തിൽ പ്രപഞ്ചവസ്തുക്കളെല്ലാം ഉൾപ്പെട്ടിരിക്കണം. ഇതാണ് ദൈവത്തിന്റെ സ്വപ്നം. വെറും സ്വപ്നമല്ല, ദൈവത്തിന്റെ തീവ്രാഗ്രഹമാണത്. സൃഷ്ടി മുഴുവന്റെയും മേൽ ചൊരുത്തി നില്ക്കുന്ന ദൈവ സ്നേഹത്തിന്റെ പദ്ധതിയാണത്. ദൈവം ലോകത്തെ തിരികെയൊടുക്കുന്നതിന് മധ്യവർത്തി മനുഷ്യനാണ്. സ്നേഹിക്കുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രതിസ്നേഹത്തിൽ സൃഷ്ടിപ്രപഞ്ചം മുഴുവൻ ആവഹിക്കപ്പെടും. മനുഷ്യൻ ഈ പ്രതിസ്നേഹം നിഷേധിച്ചാൽ മനുഷ്യർ മാത്രമല്ല പ്രപഞ്ചം മുഴുവൻ ദൈവത്തിൽ നിന്നകന്ന് നാശത്തിലേക്ക് നിപതിക്കും. ദൈവസ്നേഹത്തിന്റെ പ്രകടനമാകുന്ന പ്രപഞ്ചം, ദൈവം ആവശ്യപ്പെടുന്ന പുനർസമർപ്പണത്തിൽ നിന്ന്, സൃഷ്ടിയുടെ പൂർത്തീകരണത്തിൽ നിന്ന്, അകന്നുപോകേണ്ടിവരും. അകന്നുപോകുന്നതോ ഇല്ലായ്മയിലേക്ക്. മനുഷ്യന് ഊഹിക്കാനാവാത്ത ഈ ദുരന്തമാണ് മനുഷ്യന്റെ പാപം വരുത്തിവച്ചത്. ഇതാണ് ക്രിസ്തുവിന്റെ രക്ഷാകർമ്മവും പുനസൃഷ്ടിയും അത്യാവശ്യമായി തീർത്തുവച്ചതും.

**മറുപടിയുടെ പ്രായോഗികമാനങ്ങൾ**

ആദ്യത്തെ മനുഷ്യൻ പരാജയപ്പെട്ട ദൗത്യമാണ് യേശുക്രിസ്തു പൂർത്തീകരിച്ചത്. വിളി ഒന്നുതന്നെ, പക്ഷേ മറുപടി വ്യത്യസ്തം. ദൈവത്തിന്റെ വിളിക്ക് ആദ്യമനുഷ്യൻ യഥാവിധി മറുപടി നൽകിയില്ല. ചില മാനങ്ങളിൽ മനുഷ്യൻ മറുപടി നൽകിയേ പറ്റൂ; എന്നാൽ വേറെ ചില തിൽ യഥാർത്ഥ പ്രത്യുത്തരം നൽകാത്തതുകൊണ്ട് മനുഷ്യന് തന്റെ ദൗത്യം പൂർത്തിയാക്കാൻ പറ്റുന്നില്ല. മനുഷ്യൻ തന്റെ അസ്തിത്വം കൊണ്ട് അവശ്യം മറുപടിപറയേണ്ട വിളികൾ ഏവയെന്ന് ആദ്യമേ നോക്കാം.

ഒന്നമാതായി മനുഷ്യൻ എല്ലാ സൃഷ്ടികൾക്കും പേരിടുന്നു. "ദൈവമായ കർത്താവ് ഭൂമിയിലെ സകല മൃഗങ്ങളെയും ആകാശത്തിലെ സകല പക്ഷികളെയും മണ്ണിൽനിന്നു രൂപപ്പെടുത്തി. അവയ്ക്കു മനുഷ്യൻ എന്തു പേരിടുമെന്ന് അറിയാൻ അവിടുന്നു അവയെ അവന്റെ മുമ്പിൽ കൊണ്ടുവന്നു." (ഉൽപ 2:19) ഇതാണ് മനുഷ്യന് ഏല്പിച്ചു കൊടുത്ത പഠനത്തിന്റെയും ഗവേഷണത്തിന്റെയും ദൗത്യം. ഇത് ആദ്യത്തെ മനുഷ്യൻ മുതൽ ഇന്നത്തെ ശാസ്ത്രജ്ഞൻവരെ അഭംഗുരം നിർവഹിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇത് ഏത് രീതിയിൽ, 



മനുഷ്യന്റെ നിലനില്പിനോ നാശത്തിനോ കാരണമാകുമെന്നത് മനുഷ്യരാശിയുടെ ശാശ്വതപ്രശ്നമാണ്. ഇത് വ്യക്തികളുടെ മാത്രമല്ല മനുഷ്യരാശിയുടെ മുഴുവൻ ഭാവിയെ സ്പർശിക്കുന്ന പ്രതിസന്ധിയുടെ പ്രശ്നമാണ്. ഇന്നത്തെ ലോകത്തിൽ ഈ പ്രതിസന്ധി രൂക്ഷതരമായിരിക്കുന്നു. വെറും ജ്ഞാനതൃഷ്ണകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താനാവില്ല. ദൈവഭയമായിരിക്കണം ജ്ഞാനത്തിന്റെ ആരംഭം.

രണ്ടാമത്തേത്, മനുഷ്യന്റെ സാമൂഹിക ജീവിതത്തിന്റെ പ്രശ്നമാണ്. ദൈവം പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചശേഷം ഇങ്ങനെ അനുഗ്രഹിച്ചു. "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞു അതിനെ കീഴടക്കുവിൻ" (ഉൽപ. 1:28)മനുഷ്യന്റെ സാമൂഹികജീവിതത്തിന്റെ അടിത്തറയാണ് ഇവിടെ നാം ദർശിക്കുന്നത്. അത് പുരുഷന് സ്ത്രീയോടും സ്ത്രീയ്ക്ക് പുരുഷനോടുമുള്ള ആഴമായ അഭിനിവേശത്തിൽ അടങ്ങിയിരിക്കുന്നു. ആദ്യത്തെ മനുഷ്യനായ ആദാം ഹൗവ്വായെ നോക്കിക്കൊണ്ടു പറയുന്നു-ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും (ഉൽപ. 2:23) ഇതായിരുന്നു മനുഷ്യന്റെ ആദ്യത്തെ കവിത. വസ്തുക്കളുടെ വരണ്ട പഠനം മനുഷ്യനെ സംതൃപ്തനാക്കുന്നില്ല. ആനന്ദത്തിന്റെ മേഖലയിലേക്കു അവൻ ഏതാണ്ട് ഉയർന്നെത്തുന്നത് പുരുഷനും സ്ത്രീയും തമ്മിലുള്ള ഊഷ്മള ബന്ധത്തിലാണ്. അത് ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്ന അപ്രതിഹത ദൗത്യമാണ് ഉയർത്തിക്കാട്ടുന്നത്. വ്യക്തിഗതമായ ഏകാന്തതയിൽ, മരുപ്പച്ചയുടെ ശീതളത കണ്ടെത്തുവാൻ പുംസ്ത്രീ ബന്ധം ഉതകുന്നു, പക്ഷേ, അതു ശാശ്വത സംതൃപ്തി നൽകുന്നില്ല. എത്തിപ്പിടിക്കാനൊക്കാത്ത യഥാർത്ഥാനന്ദം മാറിമറിഞ്ഞുപോകുന്നു. സാമൂഹികബന്ധങ്ങളിൽ കൂട്ടിയിണക്കുന്ന ദൈവം തദുപരി വേറൊന്നിലേക്ക് മനുഷ്യരെ നയിച്ചുകൊണ്ടിരിക്കുന്നു. ഈ സാമൂഹികബന്ധങ്ങളിലേക്കുള്ള വിളിയ്ക്ക് മാത്രം ഉത്തരം കൊടുത്താൽ പോരാ മനുഷ്യൻ, കൂടുതൽ ഉദാത്തമായ ആഹ്വാനത്തിന് ചെവികൊടുത്തുകൊണ്ടിരിക്കണം.

മൂന്നാമതായി പ്രപഞ്ചത്തിന്റെ അധിപതിയാകുവാൻ ദൈവം മനുഷ്യനെ വിളിക്കുന്നു. അവിടുന്നു തുടർന്നു പറയുന്നു- സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയുംമേൽ നിങ്ങൾക്ക് ആധി

www.malankaralibrary.com

പത്യം ഉണ്ടായിരിക്കട്ടെ(ഉൽപ.1:28) എല്ലാവസ്തുക്കൾക്കും പേരിടുവാൻ ദൈവം ആദാമിനെ ചുമതലപ്പെടുത്തിയതിൽ ഈ അധികാരം ഉള്ളടങ്ങിയിട്ടുണ്ട്. വസ്തുക്കളെ മനസ്സിലാക്കുന്നത് ഉപയോഗിക്കുവാനാണ്. ഉപയോഗപ്പെടുത്തുന്നതിലൂടെ മനുഷ്യൻ ആധിപത്യം ഉറപ്പിക്കുകയും ചെയ്യുന്നു. ഇത് വ്യക്തിപരമായ പ്രത്യുല്പന്നമതിത്വത്തിൽ ആശ്രയിച്ചിരിക്കുന്നു. അതോടൊപ്പം അതിന് സാമൂഹികവും പൊതുവുമായ ലക്ഷ്യവുമുണ്ട്. വ്യക്തിപരമായ ഉടമയും സാമൂഹികമായ വിനിയോഗവുമെന്ന വൈരുദ്ധ്യാത്മകതയിൽ ഈ പ്രശ്നത്തെ മുഴുവൻ നാം തളച്ചിടാറുണ്ട്. സാമൂഹിക നീതിയുടെ ഈ പ്രശ്നത്തിന് ധാരാളം പരിഹാരനിർദ്ദേശങ്ങൾ ഉണ്ടാകുന്നുമുണ്ട്. എങ്കിലും പ്രശ്നം അതിന്റെ രൂക്ഷതയിൽ ഇന്നും ഉയർന്നു നില്ക്കുന്നു. ദൈവസൃഷ്ടിയിൽനിന്ന് ഉയർന്നുവരുന്ന പ്രശ്നബാഹുല്യങ്ങൾ മനുഷ്യനെ എന്നും അമ്പരപ്പിച്ചുകൊണ്ടിരിക്കുന്നു. അവനാണോ ഇവയ്ക്കെല്ലാം പരിഹാരം കണ്ടെത്തേണ്ടത്. അവൻ തന്നെ. പക്ഷേ അവനു തനിയെ എല്ലാം പരിഹാരിക്കാനാവില്ല. മനുഷ്യൻ, ദൈവത്തിന്റെ വിളികേട്ട് ലോകമാകുന്ന യുദ്ധരംഗത്ത് ഇറങ്ങിയിരിക്കുന്നു. എന്നാൽ അവൻ എല്ലാത്തിനും സ്വയം പരിഹാരം കണ്ടെത്തുന്നതിനു മുമ്പ് ദൈവസ്വരം ഒന്നു ശ്രവിക്കുകയില്ലേ.

**ധാർമ്മിക മാനദണ്ഡം എവിടെ**

ദൈവം മനുഷ്യനെ വിളിച്ചു നിർദ്ദേശങ്ങൾ നൽകുന്നു, കൂടെ ചില വിലക്കുകളും. കാരണം മനുഷ്യന് സ്വായത്തമാക്കാവുന്ന അധികാരത്തിന് പരിധികളുണ്ട്. എല്ലാം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണ്, മനുഷ്യനും. ദൈവത്താൽ ഒരുക്കപ്പെട്ട തോട്ടത്തിലേക്കാണ് അവൻ വിളിക്കപ്പെട്ടിരിക്കുന്നത്. അവിടുന്ന് അവനോടു കല്പിച്ചു: "തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം ഭക്ഷിച്ചുകൊള്ളുക. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്. തിന്നുന്ന ദിവസം നീ മരിക്കും" (ഉൽപ. 2:17) തികച്ചും പ്രതീകാത്മകമായ വിവരണമാണിത്. വെറും പഴം തിന്നുന്നകാര്യമല്ല ഇവിടെ പരാമർശിച്ചിരിക്കുന്നത്: നന്മതിന്മകളുടെ അറിവ് മനുഷ്യന്റെ ധാർമ്മിക ജീവിത്തിന്റെ അടിസ്ഥാനമണ്. ഈ അറിവിന്റെ മാനദണ്ഡം ഏതെന്നതാണ് ഇവിടത്തെ പ്രസക്ത പ്രശ്നം. ഈ മാനദണ്ഡം മനുഷ്യൻ എവിടെ കണ്ടെത്തും. പ്രപഞ്ചവസ്തുക്കളുടെ ആകർഷണീയതയിലോ. അവ മനുഷ്യനെ കുടുക്കിലാക്കുകയേ ഉള്ളൂ. വസ്തുക്കളുടെ മായാമോഹ



ങ്ങളിൽ കുരുങ്ങി എത്ര മനുഷ്യജീവിതങ്ങൾ കരിഞ്ഞുപോകുന്നു. ഓരോ വ്യക്തിയ്ക്കും സ്വന്തമായി നിർണ്ണയിക്കാവുന്നതാണോ നന്മയും തിന്മയും തമ്മിലുള്ള വ്യവച്ഛേദനം. ഓരോരുത്തനും വേറൊരുവന്റെ മേൽ കുതിരകേറുന്ന സ്വാർത്ഥതയുടെ ലോകത്തിൽ ഇന്ന് മനുഷ്യരെല്ലാം കുടുങ്ങിക്കിടക്കുകയാണ്. സ്വാർത്ഥത ഓരോ വ്യക്തിയെയും അവന്റെ പരിമിതികൾക്കുള്ളിൽ തുറുങ്കിലടയ്ക്കുന്നു. ഓരോ വ്യക്തിയും തന്റെ സ്വാർത്ഥതയുടെ തോടുപൊടിച്ചു എങ്ങനെ പുറത്തുവരും? ധാർമ്മികതയുടെ മാനദണ്ഡം ഓരോ മനുഷ്യന്റെയും, ബുദ്ധിയുടെയും സ്വാതന്ത്ര്യത്തിന്റെയും കൂട്ടിൽ അടച്ചുപൂട്ടാനൊക്കുകയില്ലെന്നത് തീർത്തും വ്യക്തമാണ്. അടുത്തത്, സമൂഹത്തിന്റെ പൊതുമാനദണ്ഡമനുസരിച്ചുമാത്രം പ്രവർത്തിച്ചാൽ മതിയോയെന്ന പ്രശ്നമാണ്. ഓരോ വളരുന്ന സമൂഹത്തിലെ മുന്നേറിക്കൊണ്ടിരിക്കുന്ന ഓരോവ്യക്തിക്കും ആവശ്യമായ ധാർമ്മിക മാർഗ്ഗനിയന്ത്രണം നൽകാൻ ഉറഞ്ഞു കിടക്കുന്ന സമൂഹവ്യവസ്ഥകൾക്കോ അധികാരത്തിലേറിയിരിക്കുന്നവരുടെ ശാസനകൾക്കോ ആവില്ല. വ്യക്തികൾ, ഒന്നുകിൽ മുരടിച്ച സമൂഹാചാരങ്ങളാൽ കൊട്ടിയടയ്ക്കപ്പെട്ടു നാശത്തിലേക്ക് വഴുതിവീഴും, അല്ലെങ്കിൽ സമൂഹനേതൃത്വം വകഞ്ഞുവച്ചിരിക്കുന്ന ചുരുക്കം പേരുടെ ചൊല്പടിക്കു തടഞ്ഞുനിന്നു അടിമത്തത്തിൽ അടിപ്പെടും. അതുകൊണ്ട് വസ്തുക്കളുടെ ആകർഷണത്തിനോ വ്യക്തിയുടെ അതതുസമയത്തെ തീരുമാനത്തിനോ സമൂഹത്തിന്റെ നിബന്ധനകൾക്കോ ധാർമ്മിക മാനദണ്ഡമാകാൻ സാധിക്കില്ല. ചുരുക്കത്തിൽ ഏദനിലെ നന്മതിന്മയുടെ അറിവിനെ സംബന്ധിച്ച വൃക്ഷത്തിന്റെ പ്രതീകാർത്ഥമിതാണ്. മനുഷ്യന്റെ ധാർമ്മികതയുടെ അടിത്തറ മനുഷ്യനുൾപ്പെടെയുള്ള സൃഷ്ടിവസ്തുക്കളിലല്ല, അവയ്ക്കുപരിയാണ്. സൃഷ്ടവസ്തുക്കളിൽ ധാർമ്മികതയുടെ മാനദണ്ഡം തേടിയെന്നതായിരുന്നു ആദാമിന്റെയും ഹൗവ്വായുടെയും അപജയം. എല്ലാമനുഷ്യരുടെയും പരാജയവും അതുതന്നെ.

സ്രഷ്ടാവായ ദൈവത്തിന്റെ വിളിക്ക് മനുഷ്യൻ നൽകുന്ന ഭാഗികവും അപൂർണ്ണവുമായ ഉത്തരങ്ങളാണ്. നാം ഇതുവരെ കണ്ടത്. പ്രപഞ്ചവസ്തുക്കൾക്ക് പേരിടാൻ ഇറങ്ങിത്തിരിക്കുന്ന ബുദ്ധിജീവി, പരസ്പര ബന്ധത്തിലൂടെ ആനന്ദനിർവൃതിയടയുവാൻ പരിശ്രമിക്കുന്ന ആണും പെണ്ണുമടങ്ങുന്ന സമൂഹം, പ്രപഞ്ചത്തിന്റെ മേൽ അധികാരം ഉറപ്പിക്കുന്ന പ്രത്യുല്പന്നമതികൾ. ഇവയിലെല്ലാം ദൈവവിളിക്ക് മനു

www.malankaralibrary.com

ഷ്യൻ നൽകുന്ന ഓരോതരത്തിലുള്ള മറുപടി ദർശനീയമാണ്. തീർച്ചയായും, ദൈവത്തിന്റെ  ക്ഷണത്തിന് വ്യക്തമായ പ്രത്യുത്തരം മനുഷ്യൻ നൽകുന്നത്, നന്മയും തിന്മയും വേർതിരിച്ചെടുക്കുന്ന  തീരുമാനത്തിലാണ്. അവിടെ ഓരോ വ്യക്തിയും തന്നെ സൃഷ്ടിച്ച ദൈവത്തിന് അഭിമുഖം നിൽക്കുന്നു. എവിടെയാണ് മനുഷ്യൻ തന്റെ ധാർമ്മികതീരുമാനങ്ങൾക്ക് മാനദണ്ഡം കണ്ടെത്തുക. സൃഷ്ടിവസ്തുക്കളിലോ, എങ്കിൽ, അത് അവനെ സൃഷ്ടിച്ച ദൈവത്തിനെതിരേയുള്ള ധിക്കാരമായിരിക്കും. അതാണ് ആദ്യമനുഷ്യൻ ചെയ്തതും. അതു തന്നെ എല്ലാ മനുഷ്യരും പാപം ചെയ്യുമ്പോൾ ആവർത്തിക്കുന്നു. അമർത്യതയ്ക്കുള്ള ദാഹത്തിൽ മനുഷ്യൻ സൃഷ്ടിവസ്തുക്കളിൽ അഭയം വയ്ക്കുന്നു. നിത്യജീവനുവേണ്ടി കൊതിക്കുന്ന മനുഷ്യൻ നിത്യനാശത്തിലേക്ക് നിപതിക്കുന്നു. ദൈവത്തിന്റെ വിളിക്ക് മനുഷ്യൻ നൽകുന്ന മറുപടി ഭാഗികമോ അപൂർണ്ണമോ മാത്രമായി ഒതുക്കി നിർത്താൻ മനുഷ്യന് സാധ്യമല്ല. അവന്റെ ദാഹം അമർത്യതയ്ക്കാണ്, അവന്റെ വിളി പൂർണ്ണതയ്ക്കും. പൂർണ്ണതയെ വിട്ടു അപൂർണ്ണതയെ പുല്കുന്നവൻ മരണത്തിൽ വീഴുന്നു.

**ജീവവൃക്ഷം, മനുഷ്യന്റെ പൂർത്തീകരണം**

ഏദൻതോട്ടത്തിന്റെ നടുവിൽ രണ്ടു വൃക്ഷങ്ങളാണുണ്ടായിരുന്നത്. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും ജീവന്റെ വൃക്ഷവും. ആദ്യത്തേത് ധാർമ്മിക മാനദ്ണ്ഡത്തെക്കുറിക്കുന്നുതാണെന്ന് നാം കണ്ടുകഴിഞ്ഞു, രണ്ടാമത്തേതാകട്ടെ നിത്യജീവനെയും. ധാർമ്മികതയും നിത്യജീവനും  മനുഷ്യന്റെ വരുതിയിൽ വരുന്നതല്ല. അവ ദൈവത്തോടുള്ള മനുഷ്യബന്ധത്തെ നിർണ്ണയിക്കുന്നവയാണ്. നന്മയും തിന്മയും വ്യവച്ഛേദിച്ചു ധാർമ്മിക തീരുമാനമെടുക്കുന്നത്, ദൈവം ഓരോ മനുഷ്യവ്യക്തിയ്ക്കും നൽകുന്ന പ്രകാശത്തിൽ ആശ്രയിച്ചുവേണം. അതുപോലെ അവൻ നിത്യജീവൻ പ്രാപിക്കുന്നത് ദൈവികജീവനിൽനിന്നു പങ്കിട്ടെടുത്തുവേണം. മനുഷ്യന് സ്വാശ്രയിയായി വർത്തിക്കാവുന്ന രംഗമല്ല ഇവ രണ്ടിന്റേതും. വാസ്തവത്തിൽ ഇവ രണ്ടിലും ദൈവത്തെ ആശ്രയിക്കുമ്പോൾ മനുഷ്യന് തന്റെ ഭൗതിക പ്രവർത്തനങ്ങളെയും പൂർത്തീകരണത്തിലെത്തിക്കുവാൻ സാധിക്കുന്നു. സൃഷ്ടവസ്തുക്കൾക്കു നാമധേയം നൽകുന്നതും സാമൂഹിക ബന്ധങ്ങളിൽ ഉൾപ്പെടുന്നതും, ലോകത്തിന്റെമേൽ ആധിപത്യം ഉറപ്പിക്കുന്നതുമെല്ലാം, മനുഷ്യൻ സ്വയം കേന്ദ്രമാക്കി പ്രവർത്തിക്കുമ്പോൾ,



ഭാഗികവും പാപകരവും ആയിരിക്കുമെന്നു നാം നേരത്തേ കണ്ടു. അവയിലെല്ലാം ധാർമ്മിക തീരുമാനങ്ങൾ ഉള്ളടങ്ങിയിരിക്കുന്നു. അവയ്ക്ക് മതിയായ മാനദണ്ഡം സൃഷ്ടവസ്തുക്കൾ നൽകുകയില്ല. സൃഷ്ടികൾ ദൈവത്തിൽനിന്നു പുറപ്പെട്ടുവന്നതുകൊണ്ട് മനുഷ്യൻ അവയുടെമേൽ നിർവഹിക്കുന്ന പുനഃസൃഷ്ടിയുടെ ആധാരവും ദൈവത്തിൽതന്നെയായിരിക്കണം. ദൈവമാണ് മനുഷ്യനെ സൃഷ്ടികളുടെമേൽ അധികാരംകൊടുത്തു വിളിച്ചാക്കിയത്. ആ അധികാരം പ്രയോഗിക്കുന്നതാകട്ടെ ദൈവത്തിന്റെ വിളിക്ക് മനുഷ്യൻ നൽകുന്ന പ്രത്യുത്തരത്തിലാണ്.

ഏത് മനോഭാവത്തിൽ ദൈവം വിളിച്ചുവോ അതേ മനോഭാവത്തിൽവേണം മനുഷ്യൻ മറുപടി നൽകാൻ. ദൈവം സ്നേഹത്തോടെ മനുഷ്യനെ സൃഷ്ടപ്രപഞ്ചത്തിന്റെ മുഴുവൻ അധിപതിയാക്കിവച്ചു. അതേ സ്നേഹത്തിൽ മാത്രമേ മനുഷ്യൻ അധികാരം പ്രയോഗിക്കുവാൻ പാടുള്ളു. ലോകത്തോടും മറ്റു മനുഷ്യരോടും മനുഷ്യൻ ബന്ധപ്പെടുമ്പോഴെല്ലാം ദൈവത്തോടും ബന്ധപ്പെട്ടേ തീരൂ. ആ ബന്ധം ഒന്നുകിൽ സ്നേഹത്തിന്റേതാവാം, അല്ലെങ്കിൽ ധിക്കാരത്തിന്റേതാവാം. പാപംചെയ്യുന്ന മനുഷ്യൻ ധിക്കാരത്തിന്റെ ഭാഷ സംസാരിക്കുന്നു. ആദാമിലും ഹൗവായിലും ഇത് സംഭവിച്ചു, തുടർന്നുള്ള എല്ലാ മനുഷ്യരിലും. ദൈവത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന തിന്മയുടെ ശക്തിയ്ക്ക് അടിപ്പെട്ട മനുഷ്യൻ യഥാർത്ഥ സ്നേഹത്തിൽനിന്ന് അകന്നുപോയി. മനുഷ്യബന്ധങ്ങൾ, ഓരോരുത്തരും കൂട്ടിവയ്ക്കുന്ന കൂടുകളിൽ അടഞ്ഞൊതുങ്ങി. പാവനമായ സ്ത്രീ പുരുഷബന്ധംപോലും സ്വാർത്ഥതയുടെ സ്വാധീനത്തിൽ ഞെരിഞ്ഞമർന്നു. അയഥാർത്ഥമായിത്തീർന്നു. മനുഷ്യർ ഏർപ്പെടുന്ന സമൂഹബന്ധങ്ങൾ പ്രായോഗിക ലാഭങ്ങളിൽമാത്രം ഊന്നിനിന്നു. ബന്ധങ്ങളുടെ തകർച്ചയും ശത്രുതയുടെ ഉയർച്ചയും എവിടെയും കൂടുതലായി കാണപ്പെട്ടുവന്നു. സ്നേഹത്തിന്റെ അഭാവത്തിൽ മരണത്തിലേക്കും നാശത്തിലേക്കും നിപതിച്ചുകൊണ്ടിരുന്ന മാനവസമൂഹം യഥാർത്ഥ സ്നേഹത്തിനായി ദാഹിച്ചു, പുതിയ ജീവനുവേണ്ടി കൊതിച്ചു, ജീവന്റെ വൃക്ഷത്തിൽ നിന്നുള്ള ഫലത്തിനായി മനുഷ്യൻ ദൈവസമക്ഷം യാചനയർപ്പിച്ചു.

**ക്രിസ്തു, യഥാർത്ഥമായ ഉത്തരം.**

ദൈവവത്തിന്റെ വിളിയ്ക്ക് നേരായ മറുപടി നൽകുന്നതിലൂടെ

www.malankaralibrary.com

യാണ് യഥാർത്ഥജീവൻ ഉത്ഭവിക്കുക. ലോകത്തിൽ മറ്റു മനുഷ്യരോടും വസ്തുക്കളോടും ബന്ധപ്പെടുവാൻ ഉതകുന്ന ഭൗതിക ജീവൻ, ദൈവവുമായുള്ള സ്നേഹബന്ധത്തിൽ ഉയർച്ചയും വളർച്ചയും പ്രാപിക്കുന്നു. ദൈവത്തോളം ഉയർന്നെത്തുന്ന പുതിയ ജീവൻ ദൈവം മനുഷ്യന് ദാനമായി നൽകുന്നു, ദൈവത്തിന്റെ വിളിക്ക് മറുപടി നൽകുന്ന മനുഷ്യന് ദൈവം നൽകുന്നദാനം. ആരാണ് ഈ നേരായ മറുപടി നൽകുന്ന മനുഷ്യൻ? അവതരിച്ച ദൈവവചനംതന്നെ. ദൈവം മനുഷ്യനായിക്കൊണ്ട്, ദൈവത്തിന്റെ വിളികേട്ട്, മനുഷ്യനെന്ന നിലയിൽ മറുപടി നൽകിയതിലാണ്, മനുഷ്യർക്കെല്ലാം പൊതുവായ പുതിയ ജീവന്റെ ആരംഭം. ഏക ദൈവത്തിലെ മൂന്നാളുകളും അതിൽ ഉൾപ്പെട്ടു. ദൈവസ്നേഹം മനുഷ്യരൂപംധരിച്ചപ്പോൾ യഥാർത്ഥ സ്നേഹം ചൈതന്യമായി പ്രത്യക്ഷപ്പെട്ടു; അതു എല്ലാ മനുഷ്യർക്കും അനുഭവപ്രായമായി. വിശ്വസിക്കുന്ന ഏതൊരു മനുഷ്യനും അതിൽ പ്രവേശിക്കാം. പിതാവിന് സ്നേഹം നിറഞ്ഞ മറുപടി നൽകിയ പുത്രനോട് ഒത്തുചേരുന്നവനാണ് വിശ്വാസി. ക്രിസ്തു ദൈവത്തിനുനൽകിയ യഥാർത്ഥ പ്രത്യുത്തരത്തോടു ഏകീഭവിക്കുന്നവർ ഒരൊറ്റ സമൂഹമായിത്തീരുന്നു. അവർ പുതിയ സൃഷ്ടിയിൽ പങ്കുകാരാവുന്നു, പുതിയ ജീവനിൽ ഭാഗഭാക്കുകളും. ഈ പുതിയ സമൂഹമാണ് ക്രിസ്തുവിന്റെ രഹസ്യാത്മകശരീരം. ക്രിസ്തു ദൈവത്തിന് നൽകിയ പ്രത്യുത്തരം സ്വന്തമാക്കുന്നവരിൽ ദൈവത്തിന്റെ ആത്മാവ് പ്രവർത്തിക്കുന്നു. അതിൽനിന്ന് ദൈവികമായ പുതിയ ജീവൻ ലോകത്തിലേക്ക് പ്രവഹിക്കുകയും ചെയ്യുന്നു.

*ക്രൈസ്തവകാഹളം, 1990 മെയ്*



# 4

# പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സത്യൈകദൈവത്തിന്റെ തിരുനാമത്തിൽ

ദൈവത്തെ നമിക്കുക. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തെതന്നെ. അവർ മൂവരുടേയും ഒരുമയിലാണ് നമ്മുടെ ആരംഭം. മനുഷ്യരുടെ ഒരുമയിലാണ് നമസ്കാരത്തിന്റെ തുടസ്സവും. എല്ലാത്തിനും മുമ്പേ നമ്മെ തന്റെ സ്നേഹത്തിൽ മുൻകൂട്ടി കണ്ട പിതാവ്, നമ്മുടെയെല്ലാം രൂപം ഉൾക്കൊണ്ട പുത്രൻ, നമുക്കു ജീവനായി ഊതി വന്ന പരിശുദ്ധ റൂഹാ. പിതാവ് നമ്മെ ഓരോരുത്തരേയും തന്റെ ഏകജാതനിൽ കണ്ടു. ആ ഏക ജാതനാണ് മനുഷ്യരുടെയെല്ലാം ആദ്യരൂപം. ദൈവം മനുഷ്യനെ തന്റെ രൂപത്തിൽ ഉരുവാക്കി. അതിൽ ഊതി. അപ്പോൾ മനുഷ്യൻ ജീവനുള്ള രൂപമായി. ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു. ജീവനുള്ള രൂപമാണ് അത്. ദൈവത്തിന്റെ പൂർണ്ണ സാദൃശ്യത്തിലേക്കു വളരേണ്ട രൂപം. ഓരോ മനുഷ്യനും പിതാവിന്റെ തനിരൂപമായ പുത്രനോളം വളരണം.

ആരാണ് ഈ രൂപത്തെ വളർത്തേണ്ടത്? ദൈവത്തിന്റെ രൂപമല്ലേ. അതുകൊണ്ട് ദൈവം തന്നെ അതിനെ വളർത്തണം. ജീവൻ നൽകിയ ദൈവം തുടർന്നും ജീവൻ നല്കി വളർത്തിയെടുക്കും. എങ്ങനെയാണ് ഈ വളർച്ച സാധിക്കുന്നത്? സ്നേഹത്തിലൂടെ. ദൈവം മുന്നമേ മനുഷ്യനെ അറിഞ്ഞു. സ്നേഹിച്ചു ഇന്നും അറിയുന്നു. സ്നേഹിക്കുന്നു, നാളെയും അറിയുകയും സ്നേഹിക്കുകയും ചെയ്യും. ഈ സ്നേഹത്തിലൂടെ ദൈവം നമ്മെ വളർത്തുന്നു. ദൈവം തന്റെ ഛായ പൂർത്തിയാക്കുന്നു. ഓരോ മനുഷ്യനിലുമുള്ള ദൈവഛായ പൂർണ്ണതയിലേക്ക് വളരുകയാണ്. അപ്പോൾ മനുഷ്യർ പരസ്പരം അറിയുന്നു, സ്നേഹിക്കുന്നു. തങ്ങളിൽ ദൈവത്തെ കണ്ടുകൊണ്ട് എല്ലാ മനുഷ്യരും ദൈവ

www.malankaralibrary.com

ത്തിങ്കലേക്കു വളരുന്നു. വാസ്തവത്തിൽ ദൈവമാണ് നമ്മെ വളർത്തുന്നത്, നമ്മെ ഒന്നിപ്പിക്കുന്നത്. മനുഷ്യർ പരസ്പരം ഒന്നിക്കുന്നതും ദൈവത്തോടു ഒന്നിക്കുന്നതും ദൈവത്തിന്റെ പ്രവർത്തനത്താൽ താന്നെയാണ്.

ദൈവസ്നേഹത്തിൽ ഓരോ മനുഷ്യനും പങ്കുചേരുന്നു. അതാണ് മനുഷ്യന്റെ വളർച്ചയുടെ അടിസ്ഥാനം. മനുഷ്യൻ ദൈവത്തോടു സഹകരിക്കുകയും, ദൈവത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്തുകൊണ്ട്. മനുഷ്യന് മാത്രമേ ദൈവത്തെ, അറിയുവാൻ സാധിക്കുകയുള്ളൂ, സ്നേഹിക്കുവാൻ സാധിക്കുകയുള്ളു. കാരണം, മനുഷ്യൻ മാത്രമാണു ദൈവത്തിന്റെ ജീവനുള്ള ഛായയായിരിക്കുന്നത്. അറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ഛായയാണു ഓരോ മനുഷ്യനും. ജീവനുള്ള ഛായ തന്നെ. അപ്പോൾ മനുഷ്യനും അറിയുകയും, സ്നേഹിക്കുകയും ചെയ്യുന്നു. പൂർണ്ണതയിലല്ല, ദൈവത്തിന്റെ സാദൃശ്യത്തിൽ മാത്രം. അവനിൽ ജീവനുണ്ട്. എന്തിനാണ് ജീവൻ? അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതിന്. ആരെയാണു അറിയേണ്ടത്, സ്നേഹിക്കേണ്ടത്? ദൈവത്തെതന്നെ. ഓരോ മനുഷ്യനും തന്നിൽ ദൈവത്തെ കാണുന്നു, അതനുസരിച്ച് ദൈവത്തെ സ്നേഹിക്കുന്നു. സ്നേഹിക്കുന്നതനുസരിച്ച് ദൈവത്തോടു ബന്ധപ്പെടുന്നു. വളരുന്നു. തന്നെ സ്നേഹിച്ചുവളർത്തുന്ന ദൈവത്തോടു അവൻ സഹകരിക്കുന്നു. ഇതാണോ വാസ്തവത്തിൽ സംഭവിക്കുന്നത്?

മനുഷ്യൻ തന്നിലുള്ള ദൈവത്തെ കാണുന്നതിനുപകരം ചുറ്റുപാടും നോക്കുന്നു. പുരുഷൻ സ്ത്രീയെ കാണുന്നു. സ്ത്രീ പുരുഷനേയും. അവർ പരസ്പരം സദൃശ്യരാണ്. ഒരുപോലെ കാണപ്പെടുന്നു. എന്നാൽ പുരുഷന്റെ ഛായയാണോ സ്ത്രീ. സ്ത്രീയുടെ ഛായയാണോ പുരുഷൻ. അല്ല, അവർ ഇരുവരും ദൈവത്തിന്റെ ഛായയാകകൊണ്ട് പരസ്പരം സദൃശ്യരായിരിക്കുന്നു. എന്നാൽ ദൈവത്തിന്റെ ഛായയാണെന്നതു മറന്ന് അവർ പരസ്പരം സ്നേഹിച്ചാലോ? അതു ഉണ്മയുടെ പൊരുളിനു എതിരായിരിക്കും. അതുപോലെ അവർ ചുറ്റുപാടും ഭൂമിയേയും അതിന്റെ ഫലങ്ങളേയും കാണുന്നു. അവയെല്ലാം ദൈവത്തിന്റെ പ്രവർത്തനഫലമാണ്. അവയിലെല്ലാം മനുഷ്യൻ ദൈവത്തെ കാണണം. ദൈവത്തിന്റെ അടയാളങ്ങളാണ് അവ. അടയാളം സത്യത്തെ ചൂണ്ടിക്കാട്ടുന്നു. എന്നാൽ സത്യത്തെ മറന്നു അടയാളം എടുത്ത് ഉപയോഗിച്ചാലോ. ദൈവത്തെ മറന്ന്, ദൈവത്തിന്റെ ഫലങ്ങളിലൂടെ മനുഷ്യൻ വളരുവാൻ ശ്രമിച്ചാലോ! അവിടെ വളർച്ച നേടുകയില്ല. ദൈവത്തെ മറന്നു, മനുഷ്യർ കാണിക്കുന്നതും, ദൈവത്തിന്റെ നേരെ കണ്ണടച്ച് ദൈവത്തിന്റെ അടുത്തു വളരുവാൻ ശ്രമിക്കുന്നതുമാണ് പാപം. ദൈവത്തെ കൂടാതെ വളരുവാൻ ശ്രമിക്കുന്ന മനുഷ്യൻ സ്വയം വഞ്ചിക്കുന്നു. ദൈവത്തിങ്കലേക്കല്ലേ ഉയരേണ്ടത്. ദൈവത്തെ കൂടാതെ അതു എങ്ങനെ സാധിക്കും? നിത്യജീവനിലേക്കല്ലേ വളരേണ്ടത്. നശിച്ചു പോകുന്നവയിലൂടെ എങ്ങനെ നിത്യമായ ജീവൻ പ്രാപിക്കും? തന്നിലേക്കു മാത്രം നോക്കി സ്വാർത്ഥതയിൽ ജീവിക്കുന്ന മനുഷ്യൻ യഥാർത്ഥത്തിൽ ജീവിക്കുന്നില്ല. അവൻ മരിക്കുന്നു. പാപത്തിന്റെ ഫലമാണ് മരണം. ദൈവത്തിനു സ്വയം നല്കാത്ത മനുഷ്യൻ മരിക്കുന്നു. ദൈവത്തിന്റെ ഒരുമയിൽ ഒന്നിക്കാത്ത മനുഷ്യർ ഇല്ലാതാകുന്നു. എന്നാൽ മനുഷ്യരിലെ ദൈവഛായ എന്നേക്കുമായി മാഞ്ഞു മാഞ്ഞു പോകുമോ?

മനുഷ്യനെ സ്നേഹിച്ചു രൂപം കൊടുത്ത ദൈവം, പാപത്തിൽനിന്നും വീണ്ടെടുക്കുവാനും തിരുമനസ്സായി. അതും സ്നേഹത്തിന്റെ പ്രേരണയാൽ തന്നെ. ദൈവം തന്റെ ഏക ജാതനെ നൽകുവാൻ തക്കവണ്ണം മനുഷ്യനെ സ്നേഹിച്ചു. പിതാവ് പുത്രനെ സ്നേഹിച്ചു. സ്നേഹത്തോടുകൂടെ മനുഷ്യന്റെ പക്കലേക്കു അയച്ചു. ദൈവം മനുഷ്യനായി. ഒരു പുതിയ മനുഷ്യൻ ഉരുവായി. യേശുക്രിസ്തു, പിതാവിനെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന ഏക പുത്രൻ. പിതാവിനെ അറിഞ്ഞുകൊണ്ട് യേശു എല്ലാ മനുഷ്യരെയും അറിയുന്നു. പിതാവിനെ സ്നേഹിച്ചുകൊണ്ട് എല്ലാ മനുഷ്യരെയും സ്നേഹിക്കുന്നു. പിതാവിന്റെ ഏക പുത്രൻ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നു. സ്വന്തം ഇഷ്ടമല്ല. എന്താണ് പിതാവിന്റെ ഇഷ്ടം? എല്ലാ മനുഷ്യർക്കും ജീവൻ നല്കുക. ദൈവത്തിന്റെ ജീവൻ. യേശു തന്റെ ഭൗതിക ജീവൻ, പിതാവിനു കാഴ്ചയായി വച്ചു, മനുഷ്യർക്കു ശുശ്രൂഷയായി സമർപ്പിച്ചു. യേശു പിതാവിനെ അനുസരിച്ചു. ഭൗതികജീവനിൽ മരിച്ചു. പിതാവ് പുത്രനു ജീവൻ തിരികെക്കൊടുത്തു. എല്ലാ മനുഷ്യർക്കും നല്കുവാൻവേണ്ടി ഉയിർത്തെഴുന്നേറ്റ യേശു ദൈവികജീവൻ ഉൾക്കൊള്ളുന്നു. അതു പ്രകടമാക്കുന്ന ഭൗതിക ജീവനും. വീണ്ടും ജീവൻ പ്രാപിച്ച യേശു മനുഷ്യരുടെ പക്കലേക്കു കടന്നുവരുന്നു തന്റെ ദൈവിക ജീവൻ പകർന്നുതരുവാൻ.

യേശുവിന്റെ ജീവൻ മനുഷ്യരിലേക്കു പകരുന്നതെങ്ങനെ? യേശു

www.malankaralibrary.com

തന്നിൽ വിശ്വസിക്കുന്നവർക്കു തന്റെ ജീവൻ നല്കുന്നു. എന്താണു വിശ്വാസം? യേശുവിനെ ഉൾക്കൊള്ളുവാനുള്ള ഒരുക്കമാണത്. ഭൗതികമായി കാണുന്നതിലൂടെ ദൈവികമായവയ്ക്കു ഹൃദയം തുറന്നുവയ്ക്കുക. ദൈവികമായത് കാണുവാനും കേൾക്കുവാനും ഉൾക്കൊള്ളുവാനും ഒരുക്കമുണ്ടോ? ഈ ചോദ്യത്തിനു ഉത്തരം കൊടുക്കുന്നവരാണ് യേശുവിൽ വിശ്വസിക്കുന്നവർ. പദങ്ങളിൽ പദാർത്ഥം ദർശിക്കുന്നവർ, പ്രതീകങ്ങളിൽ യഥാർത്ഥ്യം സ്വീകരിക്കുന്നവർ. ഇതിനു ഓരോ മനുഷ്യനെയും പ്രാപ്തനാക്കുന്നത് പരിശുദ്ധാത്മാവാണ്. മാനുഷികത്തിലൂടെ ദൈവികത്തിലേക്കു ഉയരുവാൻ ദൈവത്തിന്റെ ആത്മാവ് നമ്മെ ശക്തരാക്കുന്നു. നമുക്കുവേണ്ടി ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ഉയിർക്കുകയും ചെയ്ത യേശുവിനെ, ദൈവത്തിന്റെ ഏകജാതനായി ഉൾക്കൊള്ളുക. അതിനു ദൈവാത്മാവ് നമ്മിൽ പ്രവേശിച്ചു നമ്മെ മാറ്റിയെടുക്കുന്നു. അതേ ആത്മാവ് നമ്മുടെ ആത്മാവിൽ ജീവിക്കുന്നു. ആ പുതിയ അനുഭവത്തിൽ നാം വിളിച്ചുപറയുന്നു. അബ്ബാ, പിതാവേയെന്ന്. യേശുവാണ് പിതാവിനെ വിളിക്കുന്നത്. യേശുവിൽ ഒന്നായിക്കൊണ്ട് ദത്തുപുത്രരായ നാമും ഒന്നിച്ചുവിളിക്കുന്നു. ആ വിളി സത്യത്തിന്റെ ഏറ്റുപറച്ചിലാണ്. ഐക്യത്തിന്റെ അനുഭവമാണ് . പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏക സത്യത്തിന്റെ ഏറ്റുപറച്ചിലും, അവരുടെ ഒരുമയിൽ പങ്കുകൊള്ളുന്ന അനുഭവവും. അവരെ നമുക്കു ഒന്നിച്ചു നമിക്കാം. അവരുടെ ഒരുമയായ ഏക ദൈവത്തെ ആരാധിക്കാം.

*ക്രൈസ്തവകാഹളം, 1984 ജൂൺ*



# 5

# പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

**ശുബഹോ കീർത്തനം**

ഒരു ആധ്യാത്മിക പിതാവ് ഒരിക്കൽ പറയുകയുണ്ടായി, പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും 'സ്തുതി' എന്നു മാത്രമേ ഏകാഗ്രമായി പ്രാർത്ഥിക്കുവാൻ സാധിക്കുന്നുള്ളുവെന്ന്. ഓരോ വിശ്വാസിക്കും എത്ര വലിയ പരമാർത്ഥമാണത്. ക്രിസ്തീയ ജീവിതത്തിന്റെ ആരംഭവും അവസാനവുമാണ് ആ പ്രാർത്ഥന. മറ്റുള്ളവയെല്ലാം അതിൽ ആരംഭിക്കുന്നു; അതിലേക്ക് നയിക്കുന്നു. സഭയുടെ ഏതൊരു പ്രാർത്ഥനയും ആരംഭിക്കുന്നത് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ആണല്ലോ. അതിന്റെ വേറൊരു രൂപഭേദമാണ്, 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി' എന്നത്. ഓരോ സങ്കീർത്തനത്തിന്റേയും അവസാനത്തിൽ ഈ സ്തുതിപ്പ് നാം ചൊല്ലുന്നുണ്ട്. ഓരോ സ്തുതി കീർത്തനത്തിന്റേയും മധ്യത്തിൽ, പ്രാർത്ഥനാ സമൂഹത്തിന്റെ അധ്യക്ഷനായ വൈദികസ്ഥാനി 'ശുബഹോ' ('പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി' എന്നതിന്റെ സുറിയാനി രൂപം) ആലപിക്കുന്നു. ജനമെല്ലാം ഒന്നിച്ച് 'ആദി മുതൽ എന്നന്നേക്കും ആമേൻ' എന്ന് ഒന്നിച്ചു മറുപടി പറയുന്നു. അതായത് ഈ സ്തുതിപ്പാണ്, എതൊരു പ്രാർത്ഥനയുടെയും ജീവകേന്ദ്രം. വാസ്തവത്തിൽ വിശ്വാസി ഗണത്തിന് ഒരു കർത്തവ്യം മാത്രമേയുള്ളൂ. 'ദൈവത്തെ സ്തുതിക്കുക.' ദൈവമാകട്ടെ ഏകനാണ്. ആ ഏകദൈവം, പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകളിൽ സ്ഥിതിചെയ്യുന്നു അതുകൊണ്ട് പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളിൽ ദൈവത്തെ ദർശിച്ചു സ്തുതിക്കുകയാണ് ഓരോ വിശ്വാസിയുടേയും ആനന്ദ പാരമ്യം.

**ദൈവ വെളിപാടിൽ നിന്ന്**

ത്രിത്വത്തിലെ മൂന്നാളുകളിൽ ദൈവത്തെ ദർശിച്ചു സ്തുതിക്കു

www.malankaralibrary.com

ക, ക്രിസ്ത്യാനികളുടെ മാത്രം സവിശേഷതയാണ്. മറ്റു യാതൊരു മതസ്ഥനും അതു സാധ്യമാവുകയില്ല. ഇതിനെതിരേ മനുഷ്യന് എന്തെങ്കിലും യുക്തിന്യായം പറയുവാൻ ഉണ്ടായിരിക്കും. പ്രധാനമായ എതിർന്യായം ഇതാണ്. ഏക ദൈവത്തിൽ മൂന്നാളുകൾ എങ്ങനെ സ്ഥിതിചെയ്യുന്നു വെന്ന് മനുഷ്യന് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ദൈവത്തെ സംബന്ധിച്ച് എല്ലാ കാര്യവും മനുഷ്യബുദ്ധിക്ക് ഗ്രഹിക്കുവാൻ സാധിക്കുമെന്ന അവകാശവാദമാണ് ഈ എതിർന്യായത്തിന്റെ പിന്നിലുള്ളത്. എത്രയോ അബദ്ധ ചിന്തയാണിത്. ദൈവം മനുഷ്യന് എത്രയോ അതീതനായി വർത്തിക്കുന്നു. ദൈവം അഗ്രാഹ്യനാണ്, അവാച്യനാണ്, എന്നൊക്കെ നേരെ ചിന്തിക്കുന്ന തത്വജ്ഞാനികളെല്ലാം സമ്മതിക്കും മനുഷ്യ ബുദ്ധിക്ക് അഗ്രാഹ്യമായ പരമസത്യമാണ് ദൈവം. ക്രിസ്ത്യാനിയെ സംബന്ധിച്ച് ദൈവം പരാശക്തിയോ പരമസത്യമോ മാത്രമല്ല, വ്യക്തിയാണ്, ആളാണ്. ഏതൊരു മനുഷ്യനും ഓരോ വ്യക്തി ആയിരിക്കുന്നു, മറ്റുള്ളവരോട് ബന്ധപ്പെട്ടു കൊണ്ടിരിക്കുന്ന ആളായിരിക്കുന്നു. ഒരാളിനെ സംബന്ധിച്ച് വ്യക്തമായി എന്തെങ്കിലും മനസ്സിലാക്കുന്നതാകട്ടെ ആ ആൾ സ്വയം വെളിപ്പെടുത്തി കൊടുക്കുന്നതിലൂടെയാണ്. മാതാപിതാക്കന്മാർ തങ്ങളെപ്പറ്റി എന്തെല്ലാം കാര്യങ്ങൾ മക്കൾക്ക് പറഞ്ഞുകൊടുക്കുന്നു. അമ്മയ്ക്ക് ശിശുവിനോട് അടിസ്ഥാനബന്ധമുള്ളതുകൊണ്ട്, ശിശു ആ അമ്മയെ തിരിച്ചറിയുന്നു; അമ്മയാണ് അപ്പനെ ശിശുവിന് ആരംഭത്തിലേ കാണിച്ചുകൊടുക്കുന്നത്. അതെല്ലാം തിരിച്ചറിയാൻ സഹായിക്കുന്നു അടിസ്ഥാനപ്രേരണ ശിശുവിലുണ്ട്. ആന്തരികമായ ആ ബോധം വ്യക്തമായ രൂപം ധരിക്കുന്നത് വെളിപ്പെടുത്തലിലൂടെയാണ്. മറ്റുള്ളവർ വെളിപ്പെടുത്തിത്തരുന്നതിലൂടെ വളരെ കാര്യങ്ങൾ ഓരോ വ്യക്തിയും മനസ്സിലാക്കുന്നുണ്ട്. ദൈവത്തെ സംബന്ധിച്ചും മനുഷ്യൻ കൂടുതലും മനസ്സിലാക്കുന്നു. ദൈവവെളിപാടിന്റെ അടിസ്ഥാനത്തിലാണ്. ദൈവം ഉണ്ടെന്നും ഏകനാണെന്നുമുള്ള അടിസ്ഥാനബോധം മനുഷ്യബുദ്ധിക്ക് നേടി എടുക്കാം. ഏക ദൈവത്തിന്റെ അസ്തിത്വം ബോധ്യപ്പെട്ടുകഴിയുമ്പോൾ മനുഷ്യൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു, കൂടുതൽ കാര്യങ്ങൾ വെളിപ്പെടുത്തിത്തരാൻ, മൂശ, ദൈവത്തോട് ചോദിച്ചു, ദൈവത്തിന്റെ നാമമെന്താണെന്ന്. താൻ ആയിരിക്കുന്നവൻ എന്ന് ദൈവം മറുപടി കൊടുത്തു. അതിൽ നിന്നാണ് യഹോവായെന്ന അഭിധാനത്തിന്റെ ഉല്പത്തി. അതിനുശേഷം ദൈവം എന്തെല്ലാം മനുഷ്യന്



വെളിപ്പടുത്തി തന്നിരിക്കുന്നു. വേദപുസ്തകം മുഴുവൻ ദൈവത്തിന്റെ വെളിപാടാണ്. എത്ര ബൃഹത്തായ ദൈവാവിഷ്ക്കരണമാണ് നാമതിൽ കണ്ടുമുട്ടുന്നത്. അത് അടിസ്ഥാനപരമായി ഏകസത്യത്തിൽ സംഗ്രഹിക്കാം- ദൈവം, പിതാവ്. പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകളിൽ സ്ഥിതി ചെയ്യുന്നു. അവിടുന്ന് ഏകനാണ്; അതേ സമയം മൂന്നാളുകളും ഈ ത്രിയൈക ദൈവത്തെ ദർശിച്ചു സ്തുതിക്കുന്നതാണ്, ഏതൊരു മനുഷ്യന്റെയും ആത്യന്തികമായ ഉത്തരവാദിത്വം.

## യേശുവിന്റെ വെളിപ്പെടുത്തൽ

ദൈവത്തിന്റെ ഏക ജാതനായ യേശു ക്രിസ്തുവാണ്, ത്രിത്വമെന്ന മഹാരഹസ്യം നമുക്ക് വെളിപ്പെടുത്തി തന്നത്. ദൈവം പിതാവാണെന്നും മനുഷ്യരെല്ലാം മക്കളാണെന്നുമുള്ള അവ്യക്ത ധാരണ പഴയനിയമത്തിൽ നിലവിലിരുന്നു. എന്നാൽ മനുഷ്യർ, എങ്ങനെ സർവാതിശായിയായ ദൈവത്തിന്റെ മക്കളാകുമെന്ന ചോദ്യത്തിന് മനുഷ്യൻ ഉത്തരം കണ്ടെത്തിയിരുന്നില്ല. ദൈവത്തിന്റെ മക്കളാണ് മനുഷ്യരെല്ലാം സഹോദരങ്ങളാണെന്നും പലരും എടുത്തു പറയുന്നു. എന്നാൽ ഇത് എങ്ങനെ സംഭവിക്കുമെന്ന് ആരും അത്ര ഗൗനിക്കുന്നില്ല. അതുകൊണ്ട് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുക. മനുഷ്യർ സഹോദരരായല്ല പെരുമാറുന്നത്;അവർ ദൈവത്തിന്റെ പിതൃത്വം അംഗീകരിച്ചാരാധിക്കുന്നുമില്ല. മനുഷ്യർ, സഹോദരരായി വർത്തിക്കുന്നില്ലെന്ന വസ്തുതയാണ്, ദൈവത്തിന്റെ ഹിതം അനുവർത്തിക്കുന്നില്ലെന്നതിന്റെ പ്രകടമായ തെളിവ്. അവർ ദൈവത്തിന്റെ മക്കളായി ജീവിക്കുന്നില്ല. മനുഷ്യർ ദൈവത്തിന്റെ മക്കളായി ജനിച്ചവരല്ല. പ്രത്യുത ദൈവം അവരെ തന്റെ ദത്തുപുത്രർ ആക്കുകയാണ്. ഇതാണ് പിതാവിന്റെ ഏകജാതനായ യേശുക്രിസ്തുവിന്റെ രക്ഷാകരമായ ദൗത്യത്തിന്റെ സാരം. യേശു പിതാവിന്റെ മകനാണെന്ന് സ്വയം വെളിപ്പെടുത്തുന്നു; അതോടൊപ്പം തന്നിൽ വിശ്വസിക്കുന്നവരെയെല്ലാം ദൈവത്തിന്റെ പുത്രന്മാരാക്കാമെന്ന് ഉറപ്പ് നൽകുകയും ചെയ്യുന്നു. മനുഷ്യർ പരസ്പരം സഹോദരരാണെന്നും, എല്ലാവരും ദൈവത്തിന്റെ മക്കളാണെന്നും, ആർത്തുഘോഷിച്ചതുകൊണ്ടൊന്നും ദൈവത്തിന്റെ മക്കളാകുന്നില്ല. പ്രത്യുത യേശുക്രിസ്തുവിലൂടെ ദൈവത്തിന്റെ മക്കളാകാൻ സമ്മതിച്ചു സമർപ്പിച്ചുകൊടുത്തെങ്കിലേ അത് സാധ്യമാകൂ. മനുഷ്യർ പ്രായേണ പരസ്പരം ശത്രുക്കളായി ഏറ്റുമുട്ടുന്നവരാണ്. അവരെല്ലാം യേശുക്രിസ്തുവിൽ വിശ്വസിക്കേണ്ടത് എത്ര ആവശ്യമായിരിക്കുന്നു. ക്രിസ്തുവിൽ വിശ്വ

www.malankaralibrary.com

സിക്കുക എന്നുവച്ചാൽ, പിതാവിന്റെ ഏകജാതനായ ക്രിസ്തു പിതാവിന്റെ ഹിതം അനുവർത്തിക്കുന്നുവെന്നും ആ ഹിതാനുവർത്തനത്താൽ മനുഷ്യർ രക്ഷ പ്രാപിക്കുന്നുവെന്നും അംഗീകരിക്കുകയാണ്. പിതാവും പുത്രനും സ്നേഹത്തിലും ജീവനിലും സത്തയിലും ഒന്നായിരിക്കുന്നു. അതേ സമയം പിതാവും പുത്രനും രണ്ടാളുകളാണ്. അവർ മനുഷ്യ രക്ഷയിൽ ഒന്നിച്ചു പ്രവർത്തിക്കുന്നു. പിതാവിന്റെ ഈ സ്നേഹം മനുഷ്യർക്ക് വെളിപ്പെടുത്തിത്തരാനാണ്, ഏകജാതൻ ലോകത്തിൽ മനുഷ്യനായി അവതരിച്ചത്. മനുഷ്യനായിക്കൊണ്ട് പിതാവിന്റെ സ്നേഹം വെളിപ്പെടുത്തിയത്, അതേ സ്നേഹത്തിൽ നിന്ന് മനുഷ്യരെ ജനിപ്പിക്കുവാനാണ്. 'തന്റെ ഏകജാതനെ നൽകുവാൻ മാത്രം ദൈവം ലോകത്തെ (മനുഷ്യരെ) അത്രമാത്രം സ്നേഹിച്ചു.' (1 യോഹ. 3:16) എന്ന വാക്യത്തിന്റെ പൊരുൾ വ്യക്തമാകുന്നത്, ദൈവസ്നേഹത്തിൽ മനുഷ്യൻ ജനിക്കുന്നുവെന്നതിലാണ്.

യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലൂമാണ്, പിതാവിന്റെ സ്നേഹം ഏറ്റം വെളിപ്പെടുന്നത്. അവിടെ വച്ചാണ്, പിതാവ് തന്റെ ഏക ജാതനെ ദാനമായി മനുഷ്യർക്ക് നൽകുന്നതും, പുത്രൻ പിതാവിന് ബലിയായി മനുഷ്യർക്കുവേണ്ടി സ്വയം സമർപ്പിക്കുന്നതും മനുഷ്യരെയെല്ലാം പാപത്തിൽ നിന്ന് വിമോചിപ്പിച്ച് ദൈവത്തിന്റെ മക്കളാക്കുന്നതും അവിടെ വച്ചുതന്നെ ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ദൈവപുത്രരാകുന്നതിന്റെ ബീജവാപവും അവിടെ നടന്നു. ഓരോ വിശ്വാസിയിലും, അത് ജീവശക്തിയായി വർത്തിച്ച്, ഓരോരുത്തനേയും ദൈവത്തിന്റെ മക്കളായി ഉയർത്തിയെടുക്കുന്ന വലിയ പ്രക്രിയയുടെ സമുദ്ഘാടനവും അവിടെ സംഭവിച്ചു. ഈ പെസഹാരഹസ്യം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. അതായത് യേശു തന്റെ പിതാവിനെ ഇന്നും വെളിപ്പെടുത്തി തരുന്നതോടൊപ്പം തന്നിൽ വിശ്വസിക്കുന്ന ഓരോരുവനേയും ദൈവത്തിന്റെ മകനോ, മകളോ ആയി ഉയർത്തിയെടുക്കുകയും ചെയ്യുന്നു. അതുകൊണ്ട് നാം ദൈവത്തിന്റെ മക്കളായി തീരണമെങ്കിൽ, യേശു ക്രിസ്തുവിനെ പിതാവിന്റെ ഏക ജാതനായി ഏറ്റു പറയുകയും, യേശു ക്രിസ്തുവിന്റെ രക്ഷാകര കർമ്മത്തിന് വിധേയരാവുകയും വേണം. പിതാവും പുത്രനും ഒന്നാണെന്നും, പുത്രനായ യേശുക്രിസ്തു പിതാവിനെ വെളിപ്പെടുത്തുന്നുവെന്നും, ആ വെളിപ്പെടുത്തൽ സമ്മതിച്ച് സ്വന്തമാക്കുന്നവനെ ദൈവം തന്റെ പുത്രനായി ഉയർത്തിയെടുക്കുമെന്നുമാണ്, ഓരോ വിശ്വാസിയും ഏറ്റുപറയേണ്ട



ജീവനുള്ള സത്യം. യേശുക്രിസ്തുവിനെ കർത്താവായി ഏറ്റു പറയണമെന്നതാണ്, ഈ രക്ഷാകര രഹസ്യത്തിന്റെ രത്നച്ചുരുക്കം.

**പുത്രസ്വീകാരത്തിന്റെ വരം**

യേശു ക്രിസ്തു, തന്നെ ഏറ്റു പറയുന്നവരെ പിതാവിന്റെ ദത്തു പുത്രന്മാരാക്കി ഉയർത്തുന്നു. ഈ സത്യം ഹൃദയത്തിൽ സ്വീകരിക്കണം അധരംകൊണ്ട് ഏറ്റു പറയണം. അതേ സത്യത്തിന് ജീവിതത്തിൽ സാക്ഷ്യം നില്ക്കണം. അതായത് പിതാവിന്റെ ഏക ജാതനായ ക്രിസ്തുവിനെ ഏറ്റു പറയുകയും മനുഷ്യരെയെല്ലാം സഹോദരരായി അംഗീകരിക്കുകയും ചെയ്ത് ജീവിതത്തിൽ അതനുസരിച്ച് പ്രവർത്തിക്കുന്നവരാണ് ദൈവത്തിന്റെ മക്കളായിത്തീരുക. യേശുവിൽ ദൈവസ്നേഹം അനുഭവിച്ചറിയുകയാണത്. അപ്പോൾ ആ സ്നേഹം മറ്റു മനുഷ്യരിലേക്ക് ഒഴുകിയെത്തുവാൻ നാം നിർബന്ധമുള്ളവരായിരിക്കും. യേശുവിലൂടെ പൊട്ടിയൊഴുകുന്ന ദൈവസ്നേഹം ലോകമെങ്ങും വ്യാപിച്ചു ചെല്ലാൻ യേശുവിൽ വിശ്വസിക്കുന്നവർ നീർത്തോടുകളായിത്തീരണം. അതാണ് ദൈവ സ്നേഹത്തിന് ഓരോ വിശ്വാസിയും നൽകുന്ന പ്രത്യുത്തരം; അതാണ് ക്രിസ്തുവിനെ ഏറ്റുപറയുന്നതിന്റെ അർത്ഥം. ക്രിസ്തുവിനെ ഏറ്റു പറയുന്നവർ പിതാവിനെയും ഏറ്റു പറഞ്ഞേതീരൂ. പിതാവിനെ 'അബ്ബാ പിതാവേ' എന്നു സ്നേഹപൂർവ്വം വിളിക്കുന്നവരാണ് യേശുവിൽ വിശ്വസിക്കുന്നവർ. അത് വെറും അധരസ്തുതിയല്ല. ഹൃദയ സമർപ്പണമാണ്. ദൈവിക ജീവനിലേക്കുള്ള പ്രവേശനമാണത്. യേശുവിൽ വിശ്വസിക്കുന്നവർ, അവിടുന്ന് കർത്താവാണെന്ന് ഏറ്റു പറയുന്നു. യേശു കർത്താവാണെന്നു ഏറ്റു പറയുന്നവർ, പിതാവിനെ വിളിച്ചു പ്രാർത്ഥിക്കുന്നു, പിതാവുമായുള്ള ജീവബന്ധത്തിലേക്ക് പ്രവേശിക്കുന്നു. ഇവയെല്ലാം സുസാധ്യമാക്കുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. അതുകൊണ്ട് യേശുവിനെ കാണുന്നവർ പിതാവിനെ ദർശിക്കുന്നു. പിതാവുമായുള്ള ജീവ ബന്ധത്തിൽ ഉൾപ്പെടുന്നു. അതേ സമയം ഇതിലെല്ലാം പ്രവർത്തിക്കുന്ന ദൈവത്തിന്റെ ആത്മാവിനെ തിരിച്ചറിയുകയും ചെയ്യുന്നു. ദൈവ മക്കളായിത്തീരുന്നത് ദൈവത്തിലെ മൂന്നാളുകളുടേയും ഒന്നിച്ചുള്ള പ്രവർത്തനമാണ്. അങ്ങനെ ലഭിക്കുന്ന ഉന്നതമായ അവബോധമാണ്, പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ള ത്രിയേക ദൈവത്തെ സംബന്ധിച്ചുള്ളത്. യേശുവിനെ രക്ഷകനായി സ്വീകരിക്കുന്നവർ പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിലേക്ക് പ്രവേശിക്കുന്നുവെന്നതാണ്, അവർക്ക് ലഭ്യമാകുന്ന പരമാനുഭവം.

www.malankaralibrary.com

## ഓരോ വിശ്വാസിയുടെയും ത്രിത്വാനുഭവം

ഭൂമിയിൽവച്ചുതന്നെ പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിലേക്ക് പ്രവേശിക്കുന്നുവെന്നതാണ് ഓരോ വിശ്വാസിയുടേയും അടിസ്ഥാനാനുഭവം. ഓരോ വിശ്വാസിയും, പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ മാമോദീസാ മുക്കപ്പെടുമ്പോൾ, ആ പരിശുദ്ധകൂട്ടായ്മയിലേക്ക് പ്രവേശിക്കുന്നു. പുത്രനായ ദൈവം പുത്രസ്വീകരണത്തിന്റെ രഹസ്യം വെളിപ്പെടുത്തുന്നു. അതിലേക്ക് പ്രവേശിക്കുന്നവരെ, പിതാവായ ദൈവം തന്റെ മക്കളായി വീണ്ടും ജനിപ്പിക്കുന്നു. അവരെ, പരിശുദ്ധാത്മാവായ ദൈവം 'അബ്ബാ പിതാവേ' എന്ന് വിളിച്ച് പ്രാർത്ഥിക്കുവാൻ പ്രാപ്തരാക്കുന്നു. ദൈവത്തിലെ മൂന്നാളുകളും ഉൾപ്പെട്ടു പ്രവർത്തിക്കുന്നതിന്റെ ഫലമായാണ്, ഓരോ വിശ്വാസിയും, ദൈവത്തിന്റെ മകനായി രൂപം ധരിക്കുന്നത്. ഈ മൂന്നുപേരും ഒന്നിച്ചുൾപ്പെട്ടു പ്രവർത്തിക്കാൻ ഓരോ മനുഷ്യ വ്യക്തിയും ആരാണ്? ഒന്നുമല്ല. ദൈവത്തിന്റെ പരമകരുണയുടെ മുമ്പിൽ കൈകൂപ്പി സ്തുതിക്കുകയല്ലാതെ വിശ്വാസിക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ഭൂമിയിലെ ദൃശ്യമായ ഏതൊരു ഭാഗ്യത്തേയും എത്രയോ അതിശയിക്കുന്നതാണ് ഓരോ വിശ്വാസിക്കും ലഭിച്ചിരിക്കുന്ന പുത്ര സ്വീകര്യത്തിന്റെ സൗഭാഗ്യം. വിശുദ്ധ മാമോദീസായിൽ ആരംഭിക്കുന്ന ഈ സൗഭാഗ്യം, ഈ ലോകത്തിന്റെ പരീക്ഷണങ്ങളിലൂടെ കടന്നു ചെന്നു, നിത്യതയിൽ പൂർത്തീകരിക്കുവാനിരിക്കുന്നു. മാമോദീസായിൽ വീണ്ടും ജനിക്കുമ്പോൾ തുടക്കമിടുന്ന, 'പിതാവിനും പുത്രനും, പരിശുദ്ധാത്മാവിനും സ്തുതി' എന്ന കീർത്തനം ഈ ലോകത്തിൽ മുടങ്ങാതെ തുടരുകയാണ്. ഓരോ വിശ്വാസിയുടേയും പരമമായ ഉത്തരവാദിത്വം. അതാണ് നമ്മുടെ വിശ്വാസത്തിന്റെ സമുജ്വല പ്രകടനം. എന്നാൽ ഈ വിശ്വാസദർശനം അവഗണിച്ച് ഈ ഭൂമിയിലെ ദൃശ്യ ഭാഗ്യങ്ങളിൽ ശ്രദ്ധവച്ചു പോകുന്ന അപകടത്തെപ്പറ്റിയും ഓരോ വിശ്വാസിയും ജാഗ്രവാനായിരിക്കണം. ദൈവത്തിന്റെ മക്കളായിത്തീർന്ന നാം പിതൃ ഭവനത്തിലേയ്ക്ക് തീർത്ഥ യാത്ര നടത്തുകയാണ്. യാത്രയ്ക്കുള്ള വഴിമാത്രമാണ് ലോകം. എന്നാൽ ഈ ലോകം നൽകുന്നതാണ് സ്ഥിരമായ അനുഭവമെന്ന് തെറ്റിദ്ധരിച്ചാൽ, ദൈവ പിതാവിന്റെ മറ്റു മക്കളെ അവഗണിച്ചാൽ, നമ്മുടെ ജീവിതം അയഥാർത്ഥമായിപ്പോകും. അവിടെ പിന്നെ ദൈവത്തെ സ്തുതിക്കുന്നില്ല, ക്രിസ്തുവിൽ വിശ്വസിക്കുന്നില്ല, പരിശുദ്ധ ത്രിത്വത്തിൽ ജീവിക്കുന്നില്ല. നമ്മെ ഇത്രയേറെ സ്നേഹി



ക്കുന്ന ദൈവത്തിൽ നിന്ന് അകന്നു പോകുന്ന ജീവിതമായിരിക്കുമത്. പുത്രത്വത്തിന്റെ ഭാഗ്യം നഷ്ടപ്പെടുത്തുന്ന അവസ്ഥ. അതിൽ ഉൾപ്പെടാതിരിക്കുക. നമുക്ക് ഉണർന്നിരിക്കാം ദൈവത്തെ സ്തുതിക്കാം. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി പാടാം.

***കിഴക്കേത്തെരുവുപള്ളിയുടെ വജ്രജൂബിലിസ്മരണിക, 1999***

www.malankaralibrary.com

# 6

# പരിശുദ്ധത്രിത്വം പ്രാർത്ഥന യുടെ ഉറവും നിറവും

പുരാതന സഭകളിൽ പ്രാർത്ഥന ആരംഭിക്കുന്നതും അവസാനിക്കുന്നതും പരി.ത്രിത്വത്തിന്റെ തിരുനാമത്തിലാണ്. പിതാവിന്റേയും പുത്രന്റെയും പരിശുദ്ധ റൂഹായുമായ സത്യൈക ദൈവത്തിന്റെ തിരുനാമത്തിൽ എന്ന്. ദൈവം ഒരുവനേയുള്ളൂവെന്നത് അടിസ്ഥാന പ്രമാണമാണ്. ഏക ദൈവ വിശ്വാസത്തിലേക്ക് തന്റെ ജനത്തെ നയിക്കുവാൻ ദൈവം എത്രമേൽ ബദ്ധപ്പെട്ടുവെന്ന് പഴയ നിയമത്തിൽ നിന്നും നാം മനസ്സിലാക്കുന്നു. എന്നാൽ ദൈവത്തിന്റെ ഏകജാതൻ ശരീരം ധരിച്ചതോടെ ദൈവത്തെ പിതാവും പുത്രനുമായി മനസ്സിലാക്കാൻ സാധിച്ചു. പുത്രൻ മനുഷ്യനായിക്കൊണ്ട് പിതാവിനെ വെളിപ്പെടുത്തിത്തന്നു. പുത്രൻ ഇഹലോകവാസം പൂർത്തിയാക്കി പിതാവിന്റെ പക്കലേക്ക് തിരികെ പോകുന്ന സന്ദർഭത്തിൽ ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനെ അയച്ചുതരാമെന്ന് ശിഷ്യർക്കു വാഗ്ദാനം ചെയ്തു. പരി. ആത്മാവ് തീനാവുകളുടെ രൂപത്തിൽ ശിഷ്യന്മാരുടെ മേൽ ഇറങ്ങി ആവസിച്ചപ്പോൾ ഏക ദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്ന് ശിഷ്യന്മാർക്ക്-യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കെല്ലാം ബോധ്യപ്പെട്ടു. അങ്ങനെ സത്യദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്നത് സഭയുടെ- വിശ്വാസി സമൂഹത്തിന്റെ- അടിസ്ഥാന വിശ്വാസമായി തീർന്നു. ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ മൂന്നാളുകളേയും മനസ്സിൽവച്ചാണ് സഭ അഭിസംബോധന ചെയ്യുന്നത്.

പ്രാർത്ഥനകൾ പൊതുവേ പിതാവായ ദൈവത്തെ അഭിസംബോധന ചെയ്തുള്ളവയാണ്. വി. കുർബാനയിൽ ചില പ്രാർത്ഥനകൾ ക്രിസ്തുവിനെ അഭിസംബോധന ചെയ്യുന്നതായുണ്ട്. അതുപോലെ പരിശുദ്ധാത്മാവിനെ വിളിച്ച് പ്രാർത്ഥിക്കുന്ന അവസരങ്ങളുമുണ്ട്. ഈ വിളിയിലുള്ള മാറ്റം ഏക ദൈവത്തിലുള്ള വിശ്വാസത്തിൽ യാതൊരു വ്യതി



യാനവും വരുത്തുന്നില്ല. പുത്രനെ വിളിച്ചു പ്രാർത്ഥിക്കുന്നവൻ പിതാവിനെ മഹത്വപ്പെടുത്തുന്നുവെന്നാണ് യേശു പഠിപ്പിച്ചത്. "പിതാവ് തന്റെ പുത്രനിൽ മഹത്വപ്പെടുവാൻ വേണ്ടി എന്റെ നാമത്തിൽ നിങ്ങൾ ചോദിക്കുന്നതെന്തും നിങ്ങൾക്കു ഞാൻ ചെയ്തു തരും." (യോഹ. 14:14) പുത്രൻ പിതാവിനോടു ചോദിക്കുന്നതിന്റെ ഫലമായിട്ടാണ് പിതാവ് പരിശുദ്ധാത്മാവിനെ അയച്ചു തരുന്നത്. " ഞാൻ എന്റെ പിതാവിനോട് പ്രാർത്ഥിക്കും. സദാ നിങ്ങളോട് കൂടെ ആയിരിക്കുന്നതിന് വേറൊരു സഹായകനെ അവൻ നിങ്ങൾക്കു തരും." ( യോഹ14:16) വാസ്തവത്തിൽ പുത്രൻ പിതാവിന് അർപ്പിക്കുന്ന പ്രാർത്ഥനയിൽ സഭ പങ്കു ചേരുക മാത്രമാണ്. യേശു പറയുന്നു, "എന്റെ നാമത്തിൽ എന്റെ പിതാവിനോട് ചോദിക്കുന്നതെന്തും അവൻ നിങ്ങൾക്കു ചെയ്തു തരും." (യേഹ.15:16) യേശു ആഗ്രഹിക്കുന്നത്, തന്നിൽ വിശ്വസിക്കുന്നവർ തന്റെ പിതാവിനോട് പ്രാർത്ഥിക്കണം എന്നാണ്. പരി. ആത്മാവ് വന്നു കഴിയുമ്പോൾ 'ആ ദിവസം നിങ്ങൾ എന്നോട് ഒന്നും ചോദിക്കുകയില്ല' എന്നാണ് യേശു ശിഷ്യന്മാർക്ക് മനസ്സിലാക്കിക്കൊടുക്കുന്നത്. ' എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുകയെന്ന് ' യേശു നമ്മെ പഠിപ്പിക്കുന്നു.

യേശു തന്റെ സ്നേഹഭാഷണം പൂർത്തിയാക്കിക്കഴിഞ്ഞശേഷം പിതാവിനോടു ഒരു നീണ്ട പ്രാർത്ഥന നടത്തുന്നുണ്ട്. (യോഹ 17.) അത് ശിഷ്യന്മാർക്കു വേണ്ടി മാത്രമല്ല, ശിഷ്യന്മാരിലൂടെ യേശുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടിക്കൂടിയാണ്. സഭയ്ക്കായുള്ള സഭയുടെ പ്രാർത്ഥനയാണത്. നിത്യപുരോഹിതനായ യേശു ക്രിസ്തുവിന്റെ പ്രാർത്ഥന. അതിന്റെ കാതൽ ഇതാണ്, "പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ അവരെല്ലാവരും ഒന്നാകുന്നതിനു വേണ്ടിയും നീ എന്നെ അയച്ചു എന്ന് ലോകം വിശ്വസിക്കുന്നതിന് അവർ നമ്മിൽ ഒന്നാകുന്നതിന് വേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു." (യേഹ. 17:21) ഈ പ്രാർത്ഥനയിൽ യേശുവിനോട് ഒന്നാകുന്നതിനും വിശ്വാസികൾ ഒന്നാകുന്നതിനും അവരെ പ്രാപ്തരാക്കുന്നത് പരി. ആത്മാവാണ്. 'ആബാ, പിതാവേ' എന്നു വിളിച്ചു പ്രാർത്ഥിക്കുന്നത് പരി. ആത്മാവിന്റെ പ്രേരണയാലാണ്. ദൈവത്തെ പിതാവേ ഞങ്ങളുടെ പിതാവേ എന്നു വിളിക്കാൻ നമ്മെ മക്കളാക്കുന്ന ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. (റോ. 8:15) എന്ന് ഭാഗ്യവാനായ പൗലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് ദൈവ

www.malankaralibrary.com

ത്തിലെ മൂന്നാളുകളിൽ ഉൾപ്പെട്ടു നില്ക്കുന്നവർക്കാണ് ഏക സത്യ ദൈവത്തോട് യഥാർത്ഥത്തിൽ പ്രാർത്ഥിക്കുവാൻ സാധിക്കുന്നത്. സഭയുടേയും സഭാ മക്കളുടേയും വലിയ ഭാഗ്യവും അവകാശവുമാണ് ഏക ദൈവത്തെ മൂന്നാളുകളിൽ ദർശിച്ചു പ്രാർത്ഥിക്കുകയെന്നത്. അതുകൊണ്ട് സഭ തന്റെ പ്രാർത്ഥനകൾ പരി. ത്രീത്വത്തിന്റെ ദർശനത്തിൽ കേന്ദ്രീകരിച്ചു നടത്തുന്നു.

മലങ്കര സഭയിൽ പ്രാർത്ഥന ആരംഭിക്കുന്നത് പട്ടക്കാരനാണെങ്കിൽ 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി' എന്നു ചൊല്ലുകയും ജനം ആദിമുതൽ എന്നേക്കും ആമ്മീൻ എന്ന് പ്രതിവാക്യം പറയുകയും ചെയ്യുന്നു. വിശ്വാസ സമൂഹത്തിൽ പരി. ത്രീത്വത്തിന്റെ സാന്നിധ്യം നമ്മിലൂടെ അനുസ്മരിക്കുകയാണ്. ദൈവത്തിന്റെ രക്ഷാകര രഹസ്യത്തിന്റെ അനുസ്മരണാശുശ്രൂഷകളിലാകട്ടെ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്നതിന് ബലഹീനരും പാപികളുമായ ഞങ്ങളിൽ അനുഗ്രഹവും കരുണയും ഇരുലോകങ്ങളിലും ചൊരിയപ്പെടുമാറാകണെ എന്നാണ് മറുപടി. ദൈവത്തിന്റെ അനുഗ്രഹവും കരുണയും ചൊരിയപ്പെടുന്നതാണല്ലോ രക്ഷാദാനവും. അത് ഒരിക്കലായി കർത്താവായ യേശുക്രിസ്തു പൂർത്തിയാക്കി. അതിന്റെ ജീവാനുസ്മരണ സഭയിൽ നിർവ്വഹിക്കപ്പെടുമ്പോൾ, അതേ അനുഗ്രഹവും കരുണയും വീണ്ടും ചൊരിയപ്പെടണമെന്ന് പ്രാർത്ഥിക്കുന്നത് അർത്ഥവത്താണ്. അപ്പോൾ വിശ്വാസികൾ ബലഹീനരും പാപികളുമാണെന്ന് ഏറ്റു പറയുമ്പോൾ രക്ഷാനുഭവത്തിലേക്ക് വാതിൽ തുറക്കുകയാണ്. ഈ രാക്ഷാനുഭവം സാമൂഹികമാണ്, സഭ മുഴുവന്റേയുമാണ് .അതിൽ ദേവാലയത്തിൽ കൂടിയിരിക്കുന്നവർ ഒന്നിച്ചുച്ചേരുകയും ചെയ്യുന്നു. അതുകൊണ്ട് 'ഞങ്ങളുടെമൽ' എന്നത് കൂടുതൽ അർത്ഥവത്താണ്. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നു വിളിച്ചു പ്രാർത്ഥിക്കുവാനാണല്ലോ യേശു പഠിപ്പിച്ചിരിക്കുന്നത്. ആബാ-പിതാവേ എന്നു വിളിച്ചു പ്രാർത്ഥിക്കുന്നവർ ഒരു സമൂഹമായിത്തീരുന്നു. അവരാണ് രക്ഷിക്കപ്പെടുന്നവരുടെ കൂട്ടം. അവരിൽ ദൈവത്തിന്റെ കരുണയും ദയയും ചൊരിയപ്പെട്ടുകൊണ്ടിരിക്കുന്നു.

ഒരിക്കലായി പൂർത്തീകരിച്ച രക്ഷാ- രഹസ്യത്തിന്റെ സജീവാനുസ്മരണ നടത്തുമ്പോൾ ആ രക്ഷയുടെ അനുഭവം സഭയിലെ ഓരോ അംഗത്തിനും സിദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ ജീവനുള്ള അനുസ്മര



ണയിൽ സത്യദൈവത്തിലെ മൂന്നാളുകളും സന്നിഹിതരായിരിക്കുന്നു. അതു പിതാവിന്റെ രക്ഷാകര പദ്ധതി അനുസരിച്ച് സംഭവിക്കുന്നതാണ്. ആ രക്ഷാ പദ്ധതി നിർവ്വഹിച്ചത് പിതാവിന്റെ ഏകജാതനായ ക്രിസ്തുവാണ്. അതിന്റെ അനുഭവം ഓരോ വ്യക്തിക്കും സിദ്ധിക്കുന്നു. ജീവനുള്ളവനും ജീവിപ്പിക്കുന്നവനുമായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ തന്നെ പരി. ത്രീത്വത്തിലെ മൂന്നാളുകളേയും അനുസ്മരിപ്പിച്ചുകൊണ്ട് ആരംഭിക്കുന്ന ശുശ്രൂഷയിൽ മൂന്നാളുകളും നിറഞ്ഞു നില്ക്കുന്നു. അതുകൊണ്ട് ഓരോ പ്രാർത്ഥനയുടേയും അവസാനത്തിൽ, യേശുവിന്റെ രക്ഷാകര സംഭവങ്ങളുടെ അനുസ്മരണയുടെ അന്ത്യത്തിൽ ഞങ്ങളും അവരും (പരേതരായ വിശ്വാസികൾ) നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും എന്ന് എടുത്തു ചൊല്ലുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന സമൂഹത്തിന് മാത്രമേ ഇത് ചൊല്ലാൻ ഭാഗ്യം ലഭിക്കുന്നുള്ളൂ.

***മലങ്കരബാലൻ, 1997 നവംബർ***

www.malankaralibrary.com

# 7

# ദൈവസഭയും ത്രിത്വ സാന്നിധ്യവും

വിശ്വാസികളുടെ സമൂഹത്തെ "ദൈവസഭ" യെന്നാണ് വി. പൗലോസ് വിശേഷിപ്പിക്കുന്നത്. ആഴമായ അർത്ഥധ്വനി ആ പദത്തിനുണ്ട്. പറുദീസായിൽ ആദാമിനേയും ഹൗവ്വായെയും ദൈവം തന്റെ സമൂഹമായി സൃഷ്ടിച്ചു. പക്ഷെ, അവർ ദൈവത്തെ അവഗണിച്ചു. ഹൗവ്വാ ആദാമിനു പഴം പറിച്ചുകൊടുത്തു; അവർ ദൈവത്തെ ഒഴിവാക്കി സ്വന്തം സമൂഹത്തിന് രൂപം കൊടുത്തു. തത്ഫലമായി ആദിമാതാപിതാക്കൾ പറുദീസായിൽ നിന്ന് പുറത്താക്കപ്പെട്ടു. അവർ ദൈവസമൂഹത്തിന് പുറത്തായി. പിന്നീട് മനുഷ്യർ ഒരു സമൂഹമായി ചേർക്കപ്പെടുന്നത് നോഹയുടെ കാലത്താണ്. ജലപ്രളയത്തിൽ എല്ലാം നശിച്ചപ്പോൾ, നോഹയും കുടുംബവും ദൈവത്തോടുകൂടി പാർത്തു. നീണ്ട നാല്പതു ദിനങ്ങൾ. പെട്ടകത്തിനകത്തുവച്ച് അവർ ദൈവസമൂഹമായി മാറ്റിയെടുക്കപ്പെട്ടു. നോഹയുടെ പെട്ടകത്തെ ദൈവസഭയുടെ സാദൃശ്യമായി സഭാ പിതാക്കന്മാർ വിശേഷിപ്പിക്കുന്നുണ്ട്. പിന്നീട് ദൈവം, തന്റെ സമൂഹമായ ഇസ്രായേലിനെ വാർത്തെടുക്കാൻ, എത്രമാത്രം പണിപ്പെട്ടു. ഒരു മൂശയിലെന്നവണ്ണം ഉരുക്കിയൊഴിച്ച് ദൈവം തന്റെ ജനത്തെ രൂപപ്പെടുത്തിയെടുക്കാൻ പരിശ്രമിച്ചു. മണലാരണ്യത്തിൽ നാല്പതു വർഷം തീയും ചൂടുമേറ്റ് ഇസ്രായേൽ ദൈവജനമായി രൂപംകൊണ്ടുയെങ്കിലും ആ രൂപധാരണം പൂർണ്ണമായത്, യേശുക്രിസ്തുവിന്റെ പീഢാനുഭവത്തിലും മരണത്തിലുമാണ്. "നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം " എന്ന ദൈവത്തിന്റെ ആലോചന പൂർണ്ണമായ പ്രയോഗം രൂപം ധരിക്കുന്നത്, പിതാവായ ദൈവം തന്റെ ഏകജാതനെ പുതുജീവൻ നല്കി ഉയർപ്പിച്ചപ്പോഴാണ്. പരിശുദ്ധാത്മാവ് വസിച്ചു സഭയ്ക്കു ജീവൻ നല്കി. ആ ജീവൻ, ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ജീവനാണ്. ക്രിസ്തുവിന്റെ സഭയ്ക്ക് പരിശുദ്ധാത്മാവ് ദൈവിക ജീവൻ നിരന്തരം പകർന്നു കൊടുത്തുകൊണ്ടിരിക്കുന്നു. സഭയിൽ ത്രസിച്ചു നില്ക്കുന്ന ജീവൻ, പിതാവ് തന്റെ ഏകജാതനു നല്കിയ പുതിയ ജീവൻ തന്നെ. അത് സഭയിലെ



ഓരോ അംഗത്തിനും സംലഭ്യമാക്കി കൊടുക്കുന്നത്, ജീവനുള്ളവനും ജീവിപ്പിക്കുന്നവനുമായ പരിശുദ്ധ റൂഹായാണ്. അതായത് വിശ്വാസി സമൂഹം ദൈവസഭയായി തീരുകയെന്നത് മനുഷ്യസൃഷ്ടിയിൽ ദൈവം ആലോചിച്ചുവെന്നതാണ്. അത് ഏകജാതൻ തന്റെ മരണം വഴി രൂപം കൊടുത്തതാണ്. ക്രിസ്തു തന്റെ ഉയിർപ്പിൽ പ്രാപിച്ച ജീവൻ പകർന്നു കൊടുത്ത് ദൈവസഭയെ ജീവിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്.

പരിശുദ്ധാത്മാവ് ക്രിസ്തുവിനെ ഏറ്റുപറയുന്ന ഓരോ വിശ്വാസിക്കും പകർന്നുകൊടുക്കുന്നത്, ക്രിസ്തുവിന്റെ ജീവൻ തന്നെയാണ്. പിതാവിൽ നിന്ന് ഏകജാതൻ പ്രാപിച്ച അതേ ജീവൻ തന്നെ. ദൈവം തന്റെ ജീവൻ മനുഷ്യമക്കൾക്ക് പകർന്നു കൊടുക്കാൻ ആദ്യമേ ആഗ്രഹിച്ചു. മനുഷ്യനെ, തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചത്, ദൈവം തന്റെ ജീവൻ മനുഷ്യർക്ക് നിരന്തരം പകർന്നുകൊടുക്കാനാണ്. എന്നാൽ പറുദീസായിൽ വച്ച് ആദാമും ഹൗവ്വായും ദൈവത്തിന്റെ ജീവദാനത്തിന് വിലങ്ങടിച്ചു. അവർ ദൈവികജീവൻ നഷ്ടപ്പെടുത്തി. ദൈവികജീവൻ മനുഷ്യന് ദൈവം നല്കുന്ന ശ്രേഷ്ഠദാനമാണ്. അത് മനുഷ്യന് അതിക്രമിച്ച് കൈവശപ്പെടുത്താവുന്നതല്ല. മനുഷ്യന്റെ ഈ കൈയേറ്റം ദൈവം ആരംഭത്തിലെ ഒഴിവാക്കി. ജീവവൃക്ഷത്തിൽ കൈവയ്ക്കുന്നതിനുമുമ്പ് ആദാമും ഹൗവ്വായും പറുദീസയ്ക്ക് പുറത്തായി. എന്നാലും തന്റെ ജീവൻ പകർന്നുകൊടുക്കുന്നതിൽ നിന്ന് ദൈവം പിന്തിരിഞ്ഞില്ല. ദൈവം മനുഷ്യർക്ക് ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു. ദൈവജീവനിൽ പങ്കുചേരുന്നതാണ് രക്ഷ, ദൈവിക ജീവൻ പങ്കിട്ടു തരുന്നവൻ രക്ഷകനും.

സാത്താനും അവന്റെ പിണിയാളുകളുമായി പോരാടി ജയിച്ചാണ്, രക്ഷകൻ തന്റെ ജീവൻ തന്നിൽ വിശ്വസിക്കുന്നവർക്ക് പങ്കിട്ടുകൊടുത്തത്. സാത്താൻ സ്വഭാവത്തിലെ അഹങ്കാരിയാണ്. തുനിഞ്ഞിറങ്ങുന്നവനാണ്. അവൻ സ്വന്തം കഴിവാൽ ജീവൻ നേടിയെടുക്കാൻ ശ്രമിച്ചു. അതിൽ പരാജയപ്പെട്ടു. നിത്യനാശത്തിൽ പതിച്ചു. അവനും കൂട്ടാളികളും വീണത് നിത്യമായ ശിക്ഷയിലേക്കും നാശത്തിലേക്കുമാണ്. നിത്യജീവൻ സ്വയം പ്രാപിക്കുവാൻ ശ്രമിച്ചതിന്റെ അനന്തരഫലം അവൻ അനുഭവിച്ചു. ഈ മിഥ്യയായ നിത്യാനുഭവത്തിലേക്ക് മനുഷ്യരേയും തള്ളിയിടുവാനാണ് സാത്താന്റെ ശ്രമം. അതിൽ അവൻ ഒട്ടൊക്കെ വിജയിക്കുകയും ചെയ്യുന്നു. സാത്താന്റെ ഈ സൈന്യനിരയോട് പോരാടുവാനാണ് ദൈവം രക്ഷകനെ വാഗ്ദാനം ചെയ്തത്. ഓരോ മനുഷ്യനും സാത്താന്റെ പിടിയിൽപ്പെട്ടു പോകാൻ സാധ്യത

www.malankaralibrary.com

യുണ്ട്. അവനുവേണ്ടി പോരാടുമെന്ന് ദൈവം വാഗ്ദാനം ചെയ്യുന്നു. സാത്താന്റെ പിടിയിൽപ്പെട്ട് നിത്യനാശത്തിന് ഇരയാകാതിരിക്കുവാൻ രക്ഷകൻ ഓരോ മനുഷ്യന്റെയും ഭാഗത്തുനിന്ന് പോരാടുന്നു. അമർത്യതയ്ക്കുവേണ്ടിയുള്ള ശ്രമത്തിൽ നിത്യനാശം കൊയ്തെടുക്കുന്നതിൽ നിന്നും ഓരോ മനുഷ്യനേയും പിന്തിരിപ്പിക്കുവാനാണ് രക്ഷകൻ ശ്രമിക്കുന്നത്. ആ ശ്രമത്തിൽ അവിടുന്ന് മുറിവേല്ക്കുന്നു, എന്നാൽ പരാജയപ്പെടുന്നില്ല. സാത്താനെ ചവിട്ടിമെതിച്ച്, ദൈവമക്കളെ സാത്താന്റെ പിടിയിൽ നിന്ന് വിടുവിക്കാൻ രക്ഷകനായ ക്രിസ്തു ബദ്ധകങ്കണനായിരിക്കുന്നു. ക്രിസ്തു തന്റെ ജീവൻ പിതാവിന് ബലിയായി സമർപ്പിച്ചു. പിതാവ് തന്റെ ഏകജാതന്റെ ആത്മബലി സ്വീകരിച്ചു, പുതിയ ജീവൻ നല്കി. ആ ജീവനാണ് പരിശുദ്ധാത്മാവ് സ്വർഗ്ഗപിതാവിന്റെ മക്കൾക്ക് എന്നും പകർന്നു കൊടുക്കുന്നത്.

ഈ ദൈവിക ജീവൻ എങ്ങനെ പകർന്നുകൊടുക്കണമെന്നതാണ് പ്രശ്നം. അതിന് മറുപടി ഏകജാതൻ തന്റെ പിതാവിന് നല്കി. ലോകത്തിലേക്ക് പ്രവേശിക്കുമ്പോൾ അവൻ പറഞ്ഞു. "ബലികളിലും കാഴ്ചകളിലും നീ സംപ്രീതനായില്ല. എന്നാൽ നീ എനിക്ക് ഒരു ശരീരം ഒരുക്കിയിരിക്കുന്നു! "(എബ്ര. 10:5). കാളകളുടെയും കോലാടുകളുടേയും രക്തത്തിന് ജീവൻ പകർന്നു കൊടുക്കാൻ സാധിക്കില്ലെന്നു വ്യക്തം. ബലിയർപ്പണത്തിൽ രക്തം ചിന്തി ഒഴുകിപ്പോകുമെന്നു മാത്രം. എന്നാൽ അതിൽ ഒരു അർത്ഥനയുണ്ട്, യഹോവായുടെ മുമ്പിൽ, 'കർത്താവേ, ജീവൻ പകർന്നുകൊടുക്കത്തക്കവിധം ഒരു ശരീരം ഒരുക്കിത്തരേണമേ', എന്ന്. ശരീരം ഒരുക്കപ്പെട്ടു, ഏകജാതൻ മനുഷ്യനായി അവതരിച്ചപ്പോൾ. വചനം ശരീരം ധരിച്ചു, മനുഷ്യ ശരീരം തന്നെ. ആ ശരീരത്തിൽ യേശു തന്റെ പിതാവിന് ജീവന്റെ ബലിയർപ്പിച്ചു. യേശു കേവലം മനുഷ്യനായിരുന്നെങ്കിൽ, ചിന്തിയ ജീവരക്തവും ഒഴുകി നഷ്ടപ്പെടുമായേനെ. പക്ഷെ, യേശു ദൈവവും മനുഷ്യനുമാണ്, അവിടുത്തെ ബലി പിതാവിനുള്ള പൂർണ്ണ സമർപ്പണമാണ്. അതുകൊണ്ടാണ് നാം കുർബാനയിൽ പറയുന്നത്, ദൈവമേ നീ ബലിയാണെന്ന്.

വി. യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നു, യേശു തന്റെ ജീവൻ പിതാവിനു ഭരമേല്പ്പിച്ചുവെന്ന്. ആ ജീവൻ പിതാവു സ്വീകരിച്ചു തിരികെ നല്കി. യേശു പുതുജീവനോടെ ഉയർപ്പിക്കപ്പെട്ടു. (സുവിശേഷത്തിൽ 'ഉയിർപ്പിക്കപ്പെട്ടു' എന്ന കർമ്മിണി പ്രയോഗമാണ് ഉപയോഗിക്കുന്നതെന്നു ശ്രദ്ധിക്കുക) ഉത്ഥിതനായ ക്രിസ്തു പുതിയ ശരീരം ധരിച്ചു. ഈ ശരീരത്തിലാണ് ഉയിർപ്പിന്റെ പുതിയ ജീവൻ,



തന്നിൽ വിശ്വസിക്കുന്നവർക്ക് യേശുക്രിസ്തു പകർന്നുകൊടുക്കുന്നത്. വചനം മനുഷ്യശരീരം ധരിച്ചതിൽ പരിശുദ്ധാത്മാവ് ഇടനിന്നതുപോലെ, ഈ ഉത്ഥിതശരീരത്തിന്റെ രൂപധാരണത്തിലും പ്രവർത്തിക്കുന്നത് പരിശുദ്ധാത്മാവാണ്. ഉയിർത്തെഴുന്നേറ്റ യേശു തന്റെ ജീവൻ വിശ്വാസികൾക്കു പകർന്നുകൊടുക്കാൻ, പരിശുദ്ധാത്മാവിന്റെ ഇടനില ആവശ്യപ്പെടുന്നു. അതുകൊണ്ടാണ് കർത്താവു പറഞ്ഞത് ഞാൻ പോകുന്നത് നിങ്ങൾക്കു നല്ലത്, ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്ക് വരികയില്ല, ഞാൻ പോയാൽ അവനെ നിങ്ങളുടെ പക്കലേക്ക് ഞാൻ അയയ്ക്കും. (യോഹ. 16:7) പിതാവിന്റെ ഏകജാതൻ തന്നിൽ വിശ്വസിക്കുന്നവർക്ക്, സമർപ്പിച്ച ജീവൻ പകർന്നു കൊടുക്കുവാൻ പറ്റിയ ശരീരം ഉളവാക്കിക്കൊടുക്കുന്നത് പരിശുദ്ധാത്മാവാണ്.

ഓരോ വിശ്വാസിക്കുമാണ് പരിശുദ്ധാത്മാവിനെ നല്കുന്നത്, അത് ലഭിക്കുന്നത് സമൂഹമായി ഒന്നിക്കുമ്പോൾ മാത്രം. "അഗ്നിജ്വാലകൾ പോലുള്ള നാവുകൾ പ്രത്യക്ഷപ്പെട്ടു. അവർ ഓരോരുത്തരുടേയുംമേൽ ആവസിച്ചു. അവർ പരിശുദ്ധാത്മാവിനാൽ നിറയുകയും ആത്മാവു നല്കിയ വരത്തിന്റെ ശക്തിയാൽ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങുകയും ചെയ്തു." (നട 2:3,4). ഓരോരുത്തരും ആത്മാവിനെ പ്രാപിച്ചപ്പോൾ എല്ലാവരുമൊരുമിച്ച് ഒരു ശരീരമായിത്തീർന്നു. ഒരു ശരീരത്തിൽ പല അംഗങ്ങൾ ഉണ്ടായിരിക്കുമെന്ന് , വി. പൗലോസ് ശ്ലീഹാ സാദൃശ്യകല്പന ചെയ്തതുപോലെ പെന്തക്കുസ്താ ദിനത്തിൽ സഭാശരീരം രൂപം ധരിച്ചു. ആ ശരീരം ജീവിക്കുന്നത്, ദൈവിക ജീവനാണ്. പരി. ത്രിത്വത്തിൽ നിന്ന് പ്രസരിച്ചു വരുന്ന ദൈവിക ജീവൻ, ആ ജീവൻ യേശുക്രിസ്തു തന്റെ ബലിയർപ്പണത്താൽ, പിതാവായ ദൈവത്തിന് സമർപ്പിച്ചതാണ് പിതാവിന്റെ ഏകജാതന്റെ ജീവൻ തന്നെ. ആ ജീവൻ, വചനം ധരിച്ച മാംസശരീരത്തിൽ മനുഷ്യർക്ക് പ്രത്യക്ഷപ്പെട്ടതാണ്. "ആദിമുതലുള്ളവനും, ഞങ്ങൾ കേൾക്കുകയും സ്വന്തം കണ്ണുകൾകൊണ്ട് നോക്കി കാണുകയും സ്വന്തം കൈകൾക്കൊണ്ട് സ്പർശിച്ചറിയുകയും ചെയ്തവനായ ജീവന്റെ വചനത്തെക്കുറിച്ചാണ് ഞങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുന്നത്" ( 1യോഹ. 1:1). ശിഷ്യന്മാർക്ക്, ദൃശ്യമായി ഭവിച്ച മനുഷ്യപുത്രന്റെ ശരീരം അപ്രത്യക്ഷമായപ്പോൾ, ശിഷ്യസമൂഹത്തിന്റെ കൂട്ടായ്മയുമായി താദാത്മ്യപ്പെട്ടു. യേശു കൂടെയുണ്ടായിരുന്നപ്പോൾ എന്നതിനേക്കാൾ ശിഷ്യർക്ക് ഉയിർപ്പിന്റെ ശരീരം അനുഭവവേദ്യമായി. ആ അനുഭവത്തിലേക്ക് ഒരുമപ്പെട്ടവരാണ് 'ഞങ്ങൾ' , ആ അനുഭവത്തിലേക്ക് വിളിക്കപ്പെട്ടവരാണ് 'നിങ്ങൾ' എന്ന് യോഹ

www.malankaralibrary.com

ന്നാൻ ശ്ലീഹാ വിശേഷിപ്പിക്കുന്നു. ഒരു ശരീരമെന്നപോലെ, സഭയിൽ കുടികൊണ്ടിരിക്കുന്ന ജീവൻ, പുറത്തേയ്ക്ക് പ്രസരിക്കുന്നതിനെപ്പറ്റിയാണ് യോഹന്നാൻ ശ്ലീഹാ ഇവിടെ സാക്ഷ്യം നല്കുന്നത്. ആ ജീവന്റെ വചനം. ശ്ലീഹന്മാർ വിശ്വാസികൾക്ക് പ്രഖ്യാപിച്ചുകൊടുത്തു. നടപടി പുസ്തകത്തിൽ അന്യഭാഷകൾ സംസാരിച്ചു എന്നു പറയുന്നത്, ഈ ദൈവിക ജീവന്റെ ബാഹ്യഭാവമാണ്.

ക്രിസ്തുവാണ് ജീവവൃക്ഷം, (ഉല്പത്തിയിൽ വാഗ്ദാനമായി സൂചിപ്പിച്ചത്) ആ വൃക്ഷം ഇന്നു ജീവിക്കുന്നത് സഭയിലാണ്. വൃക്ഷത്തിന് നിശ്ചിതമായ സർഗ്ഗാത്മക ഘടനയുള്ളതുപോലെ സഭയ്ക്കുമുണ്ട്. "ഞാൻ മുന്തിരിയും നിങ്ങൾ ശാഖകളുമാകുന്നു." ക്രിസ്തു തന്റെ മരണത്തിനു മുമ്പ് കല്പിച്ചത് ഇവിടെ സ്മർത്തവ്യമാണ്. വൃക്ഷം ഒന്നിച്ചു ഫലം പുറപ്പെടുവിക്കുന്നു, എന്നാൽ ഓരോ ശാഖയിലുമാണ് ഫലം രൂപപ്പെടുന്നത്. അതുകൊണ്ട് ഓരോ ശാഖയുടേയും ഉത്തരവാദിത്വം ക്രിസ്തു എടുത്തു പറയുന്നു. ഫലം നല്കാനുള്ള കർത്തവ്യത്തെപ്പറ്റി. ഫലം നല്കിയില്ലെങ്കിൽ ശാഖകൾ വെട്ടിമാറ്റപ്പെടും, അതുപോലെ കൂടുതൽ ഫലം നല്കാൻ വെട്ടി ശരിയാക്കപ്പെടുകയും ചെയ്യുന്നു. സഭയാകുന്ന ജീവവൃക്ഷത്തിൽ ഓരോ ശാഖയ്ക്കും പ്രത്യേക കർത്തവ്യമുണ്ട്. ശരീരത്തിൽ ഓരോ അവയവത്തിനും പ്രത്യേകം ധർമ്മം ഉള്ളതുപോലെ, എങ്കിലും ഫലം പുറപ്പെടുവിക്കുന്നത് വൃക്ഷമാണ്. ഫലം നല്കുന്നതാകട്ടെ ദൈവവും. സഭാശരീരത്തിന്റെ ഘടന ഏറ്റം വ്യക്തമാക്കുന്ന സാദൃശ്യമാണ് ജീവവൃക്ഷത്തിന്റേത്. ജീവനുള്ളവനും ജീവിപ്പിക്കുന്നവനുമായ പരിശുദ്ധറൂഹാ വസിക്കുന്നതുമൂലമാണ്. ജീവവൃക്ഷം ഫലദായകമാകുന്നത്. പിതാവായ ദൈവമാണ് വൃക്ഷത്തിന്റെ ഉടമ. ശരീരം ധരിച്ച വചനമാണ് വൃക്ഷം, അതിന്റെ ജീവൻ ഓരോ ശാഖയ്ക്കും ലഭ്യമാക്കുന്നത് പരിശുദ്ധാത്മാവാണ്. "എന്റെ പിതാവ് എന്നിലും, ഞാൻ എന്റെ പിതാവിലും വസിക്കുന്നതുപോലെ നിങ്ങൾ എന്നിൽ വസിക്കുവിൻ" , എന്ന ക്രിസ്തുവിന്റെ വചനം നിവേറുന്നത് സഭാശരീരത്തിലാണ്. ആഴമായ ജീവപ്രസരണത്തെ ഇവിടെ സൂചിപ്പിക്കുന്നു. ഇത് സാധ്യമാകുന്നത് പരിശുദ്ധാത്മ സാന്നിധ്യത്തിലാണ്. അതിലൂടെ ഓരോ വിശ്വാസിയും പരിശുദ്ധാത്മാവിന്റെ ആലയം അഥവാ ദൈവത്തിന്റെ ആലയമായിത്തീരുന്നുവെന്ന് വി. പൗലോസ് സാക്ഷിക്കുന്നു.

***മലങ്കരബാലൻ, 1998 ഒക്ടോബർ***



## 8

# പരി. ത്രിത്വവും കുടുംബവും

**ഉൽപ്പത്തിവിവരണത്തിൽ രണ്ടു രഹസ്യങ്ങൾ**

ഓരോ വിശ്വാസിക്കും അനുഭവവേദ്യമാകുന്ന രണ്ടു ദൈവരഹസ്യങ്ങളാണ്, പരിശുദ്ധ ത്രിത്വവും കുടുംബവും. ആദ്യത്തേത് മനുഷ്യന്, തികച്ചും അഗ്രാഹ്യമാണെങ്കിലും, ദൈവം തന്റെ സ്നേഹത്തിൽ വെളിപ്പെടുത്തി തന്നിരിക്കുന്നു. അതുകൊണ്ട് അത്, അവന്റെ വിശ്വാസാനുഭവത്തിൽ ഉൾപ്പെട്ടിരിക്കുന്നു. അതിന്റെ ഉയരവും ആഴവും മനുഷ്യന് തിട്ടപ്പെടുത്താനാവില്ല, എങ്കിലും ഓരോ വിശ്വാസിയും ആ ദൈവരഹസ്യത്തിലാണ് ജീവിക്കുന്നത്. എന്നാൽ കുടുംബമാകട്ടെ ഓരോ മനുഷ്യന്റെയും നിത്യമായ സാധാരണാനുഭവമാണ്. എങ്കിലും അതെന്താണെന്ന് വ്യവച്ഛേദിച്ചു പറയുവാൻ മനുഷ്യനെ കൊണ്ടാവില്ല. മാതാപിതാക്കളും മക്കളും തമ്മിലുള്ള സ്നേഹത്തിന്റെ അളവും തൂക്കവും ആരും ഇതുവരെ അളന്നുകുറിച്ചിട്ടില്ല. ഓരോരുത്തനും അത് അനുഭവവേദ്യമാണ്, എന്നാൽ വാക്കുകൊണ്ട് വിശദീകരിക്കാനാവില്ല. കുടുംബത്തിന്റെ അടിസ്ഥാനമാണ് സ്ത്രീപുരുഷസ്നേഹം. ലോകത്തിന്റെ ആരംഭം മുതൽ എത്രയോ മനുഷ്യർ എഴുതിവച്ചിട്ടും ഈ സ്നേഹത്തിന്റെ ആഴവും പരപ്പും ഇതുവരെ അളന്നെത്തിക്കഴിഞ്ഞിട്ടില്ല. ഓരോ പുരുഷനും ഓരോ സ്ത്രീയും തമ്മിൽ ബന്ധപ്പെടുമ്പോഴെല്ലാം അത് പുതുതായി അനുഭവപ്പെട്ടുകൊണ്ടിരിക്കും. മനുഷ്യന്റെ നിത്യാനുഭവമായ ഈ സ്നേഹത്തിന്റെ അതിർവരമ്പുകൾ തേടി എവിടെപ്പോകണം, സൃഷ്ടിയുടെ ഉറവിടമായ ദൈവത്തിലല്ലാതെ. ദൈവസ്നേഹത്തിന്റെ പ്രകടരൂപമാണ് മനുഷ്യസ്നേഹമെന്ന് തിരിച്ചറിയുമ്പോഴാണ് അതിന്റെ വിശുദ്ധിയും വെടിപ്പും വ്യക്തമാവുന്നത്. ദൈവസ്നേഹം നിറഞ്ഞുനിൽക്കുന്ന പരിശുദ്ധ ത്രിത്വവും മനുഷ്യസ്നേഹം പങ്കിട്ടുതരുന്ന കുടുംബവും തമ്മിലുള്ള ബന്ധമെന്താണെന്നതിനെപ്പറ്റി വിശുദ്ധ ഗ്രന്ഥത്തിൽ ആരംഭം മുതലേ സൂചനകളുണ്ട്.

**ത്രിത്വത്തിന്റെ സാദൃശ്യത്തിൽ**

മനുഷ്യന്റെ ഉത്പത്തിയെക്കുറിച്ചുള്ള ആദ്യവിവരണത്തിൽ

www.malankaralibrary.com

ഇങ്ങനെ പറയുന്നു- "ദൈവം വീണ്ടും അരുളിച്ചെയ്തത്: നമുക്കു ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം" (ഉത്. 1:26) ഈ വാക്യത്തിൽ 'നമുക്ക് ', 'നമ്മുടെ' എന്ന് രണ്ടു ബഹുവചനപ്രയോഗങ്ങൾ കാണുന്നു. തുടർന്നു പറയുന്നു-" അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്നു അവനെ സൃഷ്ടിച്ചു. (ഉത്. 1:27) ഈ വാക്യത്തിൽ ദൈവം ഏകനാണെന്ന് സൂചന. ഏകദൈവത്തിലുള്ള വിശ്വാസം ഉറപ്പിക്കുകയെന്നതാണ് സൃഷ്ടിയുടെ വിവരണത്തിലെ ഒരു പ്രമേയം. ദൈവം ഏകനായിരിക്കേ, എങ്ങനെ ബഹുവചന സൂചനയുണ്ടായിയെന്നത് പ്രസക്തമായ ചോദ്യമാണ്. സൃഷ്ടിയുടെ വിവരണത്തിലെ ആരംഭവാക്യത്തിൽ ദൈവത്തിൽ മൂന്നാളുകളുണ്ടെന്ന് സൂചിപ്പിച്ചിരിക്കുന്നു. ദൈവം കല്പിക്കുന്നു, പ്രകാശമുണ്ടാകട്ടെയെന്ന്. കല്പിക്കുന്ന ദൈവവും, ദൈവത്തിൽ നിന്ന് പുറപ്പെട്ടു വരുന്ന വചനവും, പിതാവിനെയും പുത്രനെയുമാണ് പരാമർശിക്കുന്നതെന്ന് വിശുദ്ധ ഗ്രന്ഥത്തിൽ പിന്നീടുവരുന്ന ഭാഗങ്ങളിൽ നിന്ന് മനസ്സിലാക്കാം. അതുപോലെ, രൂപരഹിതവും ശൂന്യവുമായ അന്ധകാരത്തിന്, മുകളിൽ ആവസിച്ചുനിൽക്കുന്ന 'റൂഹാ'യെയും പരാമർശിച്ചിരിക്കുന്നു. ഇത് എല്ലാത്തിനെയും ജീവിപ്പിക്കുന്ന ജീവനുള്ള റൂഹായാണെന്ന് ദൈവവെളിപാടിന്റെ അന്ത്യഘട്ടത്തിൽനിന്ന് തിരിച്ചറിയാവുന്നതാണ്. അതായത് ഏകദൈവത്തിൽ, പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകൾ ഉള്ളതിന്റെ സൂചനയാണ് ആരംഭവാക്യങ്ങളിൽ ദർശിക്കുന്നത്. അങ്ങനെ 'നമുക്ക്', 'നമ്മുടെ' എന്ന ബഹുവചന പ്രയോഗങ്ങളിൽ നിന്ന് ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിൽ പരസ്പരസംഭാഷണം ചെയ്താണ്, ദൈവം മനുഷ്യനെ സൃഷ്ടിച്ചതെന്ന് നിഗമിക്കാം.

**കുടുംബമെന്ന പ്രതിരൂപം**

മനുഷ്യസൃഷ്ടിയെ പരാമർശിക്കുന്ന തിരുവചനം ഒന്നുകൂടി പരിശോധിക്കാം. "അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു." (ഉത്. 2:27) 'മനുഷ്യനെ' എന്നതും 'അവനെ' എന്നതും ഏകവചനമാണ്. എന്നാൽ അടുത്ത വാക്യത്തിൽ അവരെ എന്ന ബഹുവചനം ഉപയോഗിച്ചിരിക്കുന്നു. 'സ്ത്രീയും പുരുഷനും' ചേർന്ന് ഒരു ശരീരമാകുമെന്ന് പിന്നീട്



പറയുന്നുമുണ്ട്. അതുകൊണ്ട്, ഏകവചനത്തിലേക്ക് മാറിയെന്നതിൽ ആശയാന്തരമൊന്നും കാണേണ്ടതില്ല. സ്ത്രീയും പുരുഷനും ഒന്നിച്ചു പ്രവർത്തിക്കുന്ന ചലനാത്മകതയാണ് ഇതിലെ സൂചന. ത്രിത്വത്തിലെ മൂന്നാളുകൾ ഒരുമിച്ച് ഏകദൈവമായിരിക്കുന്നതിന്റെ സാദൃശ്യത്തിൽ സ്ത്രീയും പുരുഷനും, ഭംഗ്യന്തരേണ ഒന്നായിരിക്കുന്നുവെന്ന് കരുതാം. ഒരു ദൈവം മൂന്നാളുകളായിരിക്കുന്നതും രണ്ടു വ്യക്തികൾ ഒരു സമൂഹമാകുന്നതും തമ്മിൽ അപാരമായ അന്തരമുണ്ട്. എങ്കിലും ദൈവസമൂഹം ഒന്നായി പ്രവർത്തിക്കുന്നതിന്റെ സാദൃശ്യത്തിൽ മനുഷ്യസമൂഹവും വർത്തിക്കുന്നുവെന്നു പറയുന്നതിൽ തെറ്റില്ല. ഇവിടെ സൃഷ്ടിയുടെ തുടർച്ചയാണ് ഉദ്ദേശിക്കുന്നത്. തിരുവചനം തുടരുന്നു, ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: "സന്താനപുഷ്ടിയുള്ളവരായി വർദ്ധിക്കുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ"(ഉത്. 1:28) ദൈവം സൃഷ്ടിച്ച ജീവജാലങ്ങൾ വർദ്ധിച്ചു വളരണമെന്നാണ് ദൈവത്തിന്റെ ഉദ്ദേശം. അതുപോലെ മനുഷ്യരും വർദ്ധിച്ചു വളരണമെന്ന് ദൈവം അഭിലഷിക്കുന്നു. അതിലൂടെയാണ് മനുഷ്യർക്ക് ഭൂമിയെ കീഴടക്കുവാൻ സാധിക്കുന്നത്. ഭൂമിയെ കീഴടക്കുന്നതിൽ സമൂഹബന്ധങ്ങൾ പ്രധാനപ്പെട്ടതാണെന്നതിൽ സംശയമില്ല. എന്നാൽ എല്ലാ സമൂഹബന്ധങ്ങൾക്കും കേന്ദ്രമായി വർത്തിക്കുന്നത് കുടുംബമാണ്. കുടുംബത്തിന്റെ ജീവചൈതന്യമാകട്ടെ സ്ത്രീ പുരുഷബന്ധവുമാണ്.

**സാമൂഹികബന്ധങ്ങൾ**

സൃഷ്ടിയുടെ അടുത്ത വിവരണത്തിൽ പുരുഷന്റെയും സ്ത്രീയുടെയും സൃഷ്ടി പടിപടിയായി നടന്നതായാണ് ചിത്രീകരിച്ചിരിക്കുക. പുരുഷനെ സൃഷ്ടിച്ചു കഴിഞ്ഞ്, ദൈവമായ കർത്താവ് അരുളിച്ചെയ്തു: "മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല. അവന് ചേർന്ന ഇണയെ ഞാൻ നൽകും. "(ഉത്. 2:18). ഏകനായിരിക്കുന്നത് നന്നല്ലെന്ന് ദൈവം പറയുന്നതിൽ, ദൈവം ഏകനല്ലെന്ന ധ്വനിയുണ്ട്. സമൂഹമായിരിക്കുന്നതു നല്ലതാണ്. അത് പ്രവർത്തനത്തിനും പുരോഗതിക്കും സഹായകമാണ്. ആദ്യവിവരണത്തിലെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചുവെന്ന പ്രസ്താവനയോട് ഈ വാക്യം പൊരുത്തപ്പെടുന്നു. മനുഷ്യന് പ്രവർത്തിക്കുവാൻ 'തുണ' ആവശ്യമാണെന്ന് തുടർന്നുള്ള വിവരണത്തിൽ എടുത്തുപറയുന്നു. സ്ത്രീപുരുഷബന്ധം മാത്രമല്ല മറ്റു സാമൂഹിക ബന്ധങ്ങളെപ്പറ്റിയും ഇവിടെ സൂചനയുണ്ട്. മനുഷ്യൻ

www.malankaralibrary.com

സാമൂഹികജീവിയായി പ്രവർത്തിക്കുന്നതിലാണ് ലോകത്തിന്റെ പുരോഗതി അധിഷ്ഠിതമായിരിക്കുന്നത്. അതെല്ലാം ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന്റെ തുടർച്ചയാണ്. മനുഷ്യർ ഏതെല്ലാം സാമൂഹികബന്ധങ്ങളിൽ ഒന്നിച്ചു പ്രവർത്തിച്ചാലും, ഓരോ കുടുംബത്തിലൂടെയാണ് മനുഷ്യൻ ജനിക്കുന്നതും ജീവിക്കുന്നതും. എല്ലാത്തിനും അധിഷ്ഠാന സത്യമായി സ്ത്രീപുരുഷബന്ധം ഉയർന്നുനില്ക്കുന്നു.

### ഒരു ശരീരമായിത്തീരും

തികച്ചും നാടകീയമായ ചിത്രീകരണത്തിലൂടെയാണ്, ഉത്പത്തിയുടെ രണ്ടാം വിവരണം, സ്ത്രീപുരുഷബന്ധത്തെ അവതരിപ്പിച്ചിരിക്കുന്നത്. "ദൈവമായ കർത്താവ് മനുഷ്യനെ ഗാഢനിദ്രയിലാഴ്ത്തി. ഉറങ്ങിക്കിടന്ന അവന്റെ വാരിയെല്ലുകളിൽ ഒന്ന് എടുത്തതിനുശേഷം അവിടം മാംസംകൊണ്ടു മൂടി. മനുഷ്യനിൽ നിന്ന് എടുത്ത വാരിയെല്ലുകൊണ്ട് അവിടുന്ന് ഒരു സ്ത്രീക്ക് രൂപംകൊടുത്തു" (ഉത്. 21:22) പുരുഷന്റെ പൂർത്തീഭാവമായാണ് ഇതിൽ സ്ത്രീയെ ദർശിച്ചിരിക്കുന്നത്; സ്ത്രീയുടെ പൂർത്തീഭാവമാണ് പുരുഷനെന്ന് തിരിച്ചും പറയാമല്ലോ. ദൈവത്തിൽ നിന്നാണ് മനുഷ്യന്റെ ഉത്ഭവമെന്നും, പുരുഷനെയും സ്ത്രീയെയും, ദൈവം ഓരോ വ്യക്തിയായി പരിഗണിച്ചു സ്നേഹിക്കുന്നുവെന്നും ഇതിൽനിന്ന് മനസ്സിലാക്കാം. സ്ത്രീയും പുരുഷനും, വേർപെട്ടിരിക്കുന്നത് ഒന്നിച്ചുവരാനാണ്, ഒരു ശരീരമായി രൂപംകൊള്ളാനാണ്. നരന് ചേരുന്ന നാരിയും, നാരിക്കുചേരുന്ന നരനുമായി അവർ വർത്തിക്കുന്നു. അതേപ്പറ്റി തിരുവചനം ഇങ്ങനെ പറയുന്നു, അതിനാൽ പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒരു ശരീരമായിത്തീരും (ഉത്. 2:24). ഈ വാക്യം പുരുഷനും സ്ത്രീയും തമ്മിലുള്ള ലൈംഗികബന്ധത്തെയാണ് ആദ്യം സൂചിപ്പിക്കുന്നത്. എന്നാൽ അവർ തമ്മിലുള്ള പരസ്പര സഹകരണത്തിലൂടെ ഒരു സ്ഥിരമായ പ്രവർത്തനക്രമമായി പെരുമാറുന്നുവെന്നാണ് ഈ വാക്യത്തിന്റെ നിയതാർത്ഥം. വിവാഹബന്ധത്തിന്റെ സ്ഥിരതയെ സൂചിപ്പിക്കുന്ന ഈ വാക്യം പുതിയ നിയമത്തിലും വീണ്ടും ഉദ്ധൃതമാകുന്നുണ്ട്. സൃഷ്ടിയുടെ തുടർച്ചയെ ലക്ഷ്യമാക്കിയുള്ള സ്ഥിരക്രമമാണിത്. ഈയർത്ഥത്തിൽ സ്ത്രീപുരുഷബന്ധം പരിശുദ്ധ ത്രിത്വത്തിന്റെ ഛായയും സാദൃശ്യവുമാണെന്ന് മനസ്സിലാക്കാം. സൃഷ്ടികർമ്മം തുടരുന്നുവെന്നതിൽ ഛായയും പരസ്പരസ്നേഹത്തിൽ പ്രവർത്തിക്കുന്നുവെന്നതുകൊണ്ട് സാദൃശ്യവും.



### ശരീരവും ആത്മാവും

മനുഷ്യൻ ഒത്തുചേരുന്ന ശരീരത്തിലൂടെയാണ് ഓരോ വ്യക്തിയും തന്നിലെ ദൈവഛായ പൂർത്തിയാക്കിയെടുക്കേണ്ടത്. ദൈവചൈതന്യം തന്നെ ആയിരിക്കണം ഈ ശരീരത്തിന്റെ ആത്മാവ്, എന്ന് ഉൽപത്തി വിവരണം സൂചിപ്പിക്കുന്നു. ദൈവം പിതാവെന്നനിലയിൽ ആദാമിനും ഹാവായ്ക്കും പറുദീസാ ഒരുക്കിക്കൊടുത്തു. ദൈവത്തിന്റെ വചനമാണ്, ദൈവകല്പനകളിലൂടെ അവരോട് സംസാരിച്ചത്. പറുദീസായുടെ നടുവിൽ നിന്നിരുന്ന ജീവവൃക്ഷം, വചനമായ ദൈവത്തെ സൂചിപ്പിക്കുന്നുവെന്ന് സഭാപിതാക്കന്മാർ സാക്ഷിക്കുന്നു. ദൈവം നല്കുന്ന കല്പനകളിലൂടെ, വിലക്കിടുകയല്ല, തന്റെ പൂർത്തീകരണ പ്രവർത്തനത്തോട് സഹകരിക്കാൻ മനുഷ്യനോട് ആവശ്യപ്പെടുകയാണ് ചെയ്യുന്നത്. ജീവവൃക്ഷത്തിൽനിന്ന് ഫലമനുഭവിക്കാനാണ് മനുഷ്യനു ലഭിച്ച അടിസ്ഥാനാഹ്വാനം. ഇതു സാധിക്കുന്നതാകട്ടെ മനുഷ്യർ, ദൈവത്തിന് സ്വയം സമർപ്പിക്കുന്നതിലൂടെയും പരസ്പരം സഹകരിക്കുന്നതിലൂടെയുമാണ്. ഈ സമഗ്രബന്ധം മനുഷ്യന് പ്രാപ്യമാക്കിക്കൊടുക്കുന്നതാകട്ടെ ദൈവത്തിന്റെ ആത്മാവാണ്. എന്നാൽ ആദാമും ഹാവായും ദൈവചൈതന്യത്തിൽ നിന്നു വിട്ടുനിന്നു, അതാണ് പാപം; പാപത്തിന്റെ അനന്തരഫലത്തിൽനിന്ന് മനസ്സിലാക്കാം. ദൈവാത്മാവിനെ അവഗണിച്ചാൽ മനുഷ്യർക്ക് ഉണ്ടാകുന്ന ദുരന്തമെന്തെന്ന്. പറുദീസാനഷ്ടത്തിലൂടെ അതാണ് ഉത്പത്തി ഗ്രന്ഥകാരൻ ചിത്രീകരിക്കുന്നത്. ആദാമിനും ഹാവായ്ക്കും ദൈവവുമായുള്ള സഹവാസം നഷ്ടമായി. അവർ തമ്മിൽതന്നെ ഭിന്നത രൂപംകൊണ്ട്, അവർ വസിക്കുന്ന ഭൂമി അവർക്ക് എതിർനിന്നു. സൃഷ്ടിയുടെ ആരംഭത്തിലെ അന്ധകാരവും ക്രമരാഹിത്യവും, വേറൊരുരീതിയിൽ മനുഷ്യന്റെ പാപം മുഖാന്തിരം, വീണ്ടും പൊന്തിവന്നതായി ഉൽപത്തിവിവരണം സൂചിപ്പിക്കുന്നു. സൃഷ്ടിയിൽ ആവസിച്ചു നില്ക്കുന്ന ദൈവാത്മാവിനെ മനുഷ്യൻ സ്വീകരിക്കുന്നില്ലെന്നതാണ് ഈ ദുരന്തത്തിന്റെ കാരണം. ത്രിത്വസമൂഹത്തിന്റെ മാതൃകയിലും ശക്തിയിലും, സ്വന്തം സമൂഹത്തിന് രൂപം നൽകാൻ മനുഷ്യൻ വിസമ്മതിക്കുന്നതാണ് അടിസ്ഥാനപാപം.

### ശിശുമുഖേന പൂർണ്ണത

പാപത്തിനുശേഷവും ദൈവം മനുഷ്യനെ തള്ളിക്കളയുന്നില്ലെന്ന് ഉൽപത്തിവിവരണം തുടർന്നുപറയുന്നു. ത്രിത്വത്തിന്റെ സാദൃശ്യത്തിൽ

www.malankaralibrary.com

കുടുംബത്തിന് പൂർണ്ണത നല്കുന്നതിൽ ദൈവം സഹായിക്കുന്നു. ഓരോ ശിശുവും ജനിക്കുമ്പോൾ മാതാവും പിതാവും ശിശുവും ചേർന്ന് ത്രിത്വാത്മക സമൂഹം രൂപംകൊള്ളുന്നു. പാപത്തിനുശേഷവും ഈ യാഥാർത്ഥ്യം അംഗീകരിക്കാൻ ആദാമും ഹാവായും സന്നദ്ധമായി. ഉൽപത്തി ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: "ആദം തന്റെ ഭാര്യയായ ഹവ്വായോട് ചേർന്നു. അവൾ ഗർഭം ധരിച്ചു. കായേനെ പ്രസവിച്ചു. അവൾ പറഞ്ഞു! കർത്താവ് കടാക്ഷിച്ചു എനിക്ക് പുത്രനെ ലഭിച്ചിരിക്കുന്നു " (ഉത്. 4:1) എങ്കിലും ആദ്യകുടുംബം ദൈവവുമായി ഐക്യത്തിലായിരുന്നില്ലെന്ന് തുടർന്നുള്ള വിവരണം വ്യക്തമാക്കുന്നു. ആദിമാതാപിതാക്കന്മാരുടെ പാപഫലം മക്കളിലൂടെ തുടരുകയാണ്. കായേൻ അസൂയപൂണ്ട് സഹോദരനായ ഹാബേലിനെ കൊല്ലുന്നത് ഈ പാപ തുടർച്ചയെ കാണിക്കുന്നു. കായേൻ ദൈവത്തിന്റെ വഴിയിൽനിന്ന് അകന്നുപോയി. അതുകൊണ്ട് ദൈവം ആദാമിനും ഹവ്വായ്ക്കും വേറൊരു മകനെ നൽകി, സേത്ത് എന്ന് അവന്റെ പേര്. ആദാമും ഹവ്വായും സേത്തും ചേർന്നുണ്ടായ കുടുംബം ത്രിത്വത്തിന്റെ സാദൃശ്യം വഹിക്കുന്നുവെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. സേത്തിന്റെ സന്തതികളെപ്പറ്റി തിരുവചനം ഇങ്ങനെ സാക്ഷിക്കുന്നു, "അക്കാലത്ത് മനുഷ്യർ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കാൻ തുടങ്ങി. " (ഉത് 4:26)

**വികലമായ ഛായ**

ഉത്പത്തിഗ്രന്ഥകാരൻ തന്റെ വിവരണം ഇങ്ങനെ സമാഹരിക്കുന്നു. "ദൈവം മനുഷ്യനെ തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു. അവിടുന്ന് അവരെ അനുഗ്രഹിക്കുകയും മനുഷ്യൻ എന്ന് വിളിക്കുകയും ചെയ്തു " (ഉത് 5:1-2) മനുഷ്യനെപ്പറ്റി രണ്ടു കാര്യം ഇവിടെ പറഞ്ഞിരിക്കുന്നു. ഒന്ന്, മനുഷ്യൻ ദൈവത്തിന്റെ സാദൃശ്യം വഹിക്കുന്നു; രണ്ട്, അവർ സ്ത്രീയും പുരുഷനുമെന്ന് വ്യത്യസ്തമെങ്കിലും, ഒന്നിച്ചുചേരുന്നു. എന്നാൽ ഈ സാദൃശ്യം അപൂർണ്ണവും പരിമിതവുമാണ്. അതിനാലാണ് മനുഷ്യർ സമയ പരിമിതിയിൽ ജീവിക്കുന്നതായി ചൂണ്ടിക്കാണിച്ചിരിക്കുന്നത്. "ആദത്തിന് നൂറ്റിമുപ്പത് വയസ്സായപ്പോൾ അവന്റെ സാദൃശ്യത്തിലും ഛായയിലും ഒരു പുത്രൻ ജനിച്ചു. ആദാം അവന് സേത്ത് എന്ന് പേരിട്ടു "(ഉത് 5:3) സമയത്തിനുള്ളിൽ ജീവിക്കുന്നവരിൽ ദൈവഛായ പ്രകടമാകുന്നില്ല. അതുകൊണ്ട്, ഗ്രന്ഥകാരൻ, സേത്തിലെ ദൈവഛായയെ



പ്പറ്റി പരാമർശിക്കുന്നില്ല, മാനുഷികമായി ആദത്തിന്റെ ഛായയാണെന്നുമാത്രം പറയുന്നു. പിന്നീട് സേത്തിന്റെ വംശാവലിയിൽ തുടർന്നു വരുന്നവരുടെ ചരിത്രം ശ്രദ്ധിക്കുക. ഓരോരുത്തരുടെയും ചരിത്രം ഇങ്ങനെ ചുരുക്കിപ്പറയാം, ജനിച്ചു, ഇത്രവർഷം ജീവിച്ചതിനുശേഷം മകനെ ജനിപ്പിച്ചു, പിന്നെയും കുറേ വർഷംകൂടി ജീവിച്ചു, മരിച്ചു. ഓരോരുത്തരും, 'ദൈവമുമ്പാകെ ' ജീവിച്ചവരാണെങ്കിലും തങ്ങളുടെ അപൂർണ്ണതയിൽ തുടരുകയാണ്. ഇതിൽനിന്ന് വ്യത്യസ്തനായിരുന്നു ഹാനോക്ക്. "അവൻ ദൈവത്തിനു പ്രിയംകരനായി ജീവിച്ചു. പിന്നെ അവനെ കണ്ടിട്ടില്ല. ദൈവം അവനെ എടുത്തു " (ഉത് 5:24). ദൈവത്തിനു പ്രിയംകരനായി ദൈവഛായയിൽ പൂർണ്ണത നേടുന്നവന്, ഈ ലോകത്തിൽ വസിക്കാൻ സാധിക്കുകയില്ല. അവന്റെ സ്ഥാനം ദൈവസന്നിധിയിലാണ്.

**പൂർണ്ണതയിലേക്കുള്ള യാത്ര**

മനുഷ്യരാരും ദൈവത്തിന്റെ ഛായയിൽ സ്വന്തം ശക്തിയാൽ വളർന്നു പൂർണ്ണത പ്രാപിക്കുന്നില്ലെന്നാണ് ഉൽപത്തിവിവരണത്തിലെ സൂചന. ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട ആദാമും ഹവ്വായും അതെങ്ങനെ നഷ്ടമാക്കിയെന്ന് നാം കണ്ടു. ആദാമിന്റെ മക്കളെ രണ്ടു ഗണമായി ഉൽപത്തിഗ്രന്ഥകാരൻ തിരിക്കുന്നു. ദൈവത്തിൽനിന്ന് കായേനെപ്പോലെ അകന്നുപോയവർ. അവരിലെ ദൈവഛായയെപ്പറ്റി സംസാരിക്കുന്നതിൽ അർത്ഥമില്ല. രണ്ടാമതൊരു ഗണമുണ്ട്, സേത്തിന്റെ തുടർച്ചയായി വരുന്നവർ. അവർ ദൈവത്തിന്റെ വഴിയിൽ ചരിക്കുന്നവരാണ്. ഭൂമിയിൽ ദീർഘനാൾ ജീവിച്ചിരിക്കുവാൻ ഭാഗ്യംലഭിച്ച ദൈവത്തിന്റെ മക്കളാണവർ. ഭൂമിയിൽ ദീർഘനാൾ ജീവിച്ചിരിക്കുവാൻ അപ്പനെയും അമ്മയെയും ബഹുമാനിക്കുക എന്നതാണല്ലോ ദൈവകല്പന. അതുകൊണ്ട് ദൈവത്തെ പിതാവായി അനുസരിക്കുന്നവർക്ക് ദീർഘായുസ്സു ലഭിക്കുന്നത് സ്വാഭാവികമാണ്. സേത്തിന്റെ വംശാവലിയിൽപ്പെട്ടവർ ദൈവഛായ വഹിക്കുന്നവരാണ്. എങ്കിലും അവരിൽ മനുഷ്യഛായ മാത്രം പ്രകടമായിനിന്നു. അതുകൊണ്ടാണ് സേത്തിനെ ആദാമിന്റെ ഛായയായി മാത്രം ഉത്പത്തി ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നത്. മാതാപിതാക്കളും മക്കളും ഉൾപ്പെടുന്ന, അവരുടെ കുടുംബങ്ങൾ, ത്രിത്വത്തിന്റെ സാദൃശ്യമാണെന്ന് ഒരുവിധത്തിൽ പറയാം. അവരാരും ദൈവഛായ പൂർണ്ണമായി വഹിച്ചിരുന്നില്ല; അവരുടെ കുടുംബ

www.malankaralibrary.com

ങ്ങൾ പരിശുദ്ധ ത്രിത്വത്തിന്റെ പൂർണ്ണരൂപങ്ങളുമായിരുന്നില്ല. എങ്കിലും, പൂർണ്ണതയിലേക്ക് അവർ യാത്രചെയ്തുകൊണ്ടിരുന്നു. പൂർവ്വപിതാക്കന്മാരെല്ലാം ഈ ഗണത്തിൽപെടുന്നു. എങ്ങനെയാണ് മനുഷ്യൻ ദൈവഛായയുടെ പൂർണ്ണത പ്രാപിക്കുക? പിതാവിന്റെ പൂർണ്ണരൂപമായ യേശുക്രിസ്തുവിലൂടെ മാത്രം. എങ്ങനെയാണ് കുടുംബങ്ങൾ ത്രിത്വത്തിന്റെ പൂർണ്ണസാദൃശ്യം ധരിക്കുക? ക്രിസ്തുവിന്റെ മണവാട്ടിയായ സഭയിലൂടെ മാത്രം ത്രിത്വസമൂഹത്തോടു ചേർന്നുനിന്ന് മനുഷ്യസമൂഹം രൂപംകൊള്ളണമെന്നതാണ് ദൈവപദ്ധതി. പറുദീസായിൽ സാധിക്കാതെ പോയത് സഭയിലൂടെ പൂർത്തീഭവിക്കുമെന്ന് ഉൽപത്തിഗ്രന്ഥകാരൻ സ്വപ്നം കാണുന്നു.

*ക്രൈസ്തവകാഹളം, 1993 ജൂൺ*



# 9

# സുവിശേഷവും ശക്തിദാനവും

## ദൈവികവും മാനുഷികവും

ഏവൻഗേലിയോൻ ദൈവത്തിന്റെ സുവിശേഷമാണ്; അത് അറിയിക്കുന്നതു ദൈവമാണ്. അതു ദൈവം എപ്പോഴും അറിയിച്ചുകൊണ്ടിരിക്കുകയും ചെയ്യും. എന്നാൽ അതു അറിയിക്കുവാൻ ദൈവം മനുഷ്യനെ ക്ഷണിക്കുന്നു. ദൈവത്തിന്റെ കൃപയുടെ ഉദാത്തമായ പ്രകടനമാണത്. ദൈവത്തിനു തനിച്ചു തന്റെ വേല നിർവ്വഹിക്കാനൊക്കുകയില്ലേ? തീർച്ചയായും. എന്നാൽ അവിടുന്നു മനുഷ്യനെ തന്റെ ഉപാധിയായി കനിഞ്ഞു സ്വീകരിക്കുന്നു. മനുഷ്യനെ സുവിശേഷം അറിയിക്കുന്നത് മനുഷ്യൻ തന്നെ വേണമെന്നത് ദൈവത്തിന്റെ കൃപയുടെ തീരുമാനമാണ്. ദൈവം തന്റെ സുവിശേഷം അതുവഴി മാനുഷീകമാക്കുന്നു; സ്നേഹമയമാക്കുന്നു. എന്നാൽ ഭയപ്പെടുത്തിയും ദൈവത്തിനു തന്റെ വാർത്ത അറിയിക്കാം. പ്രകൃതി ക്ഷോഭങ്ങളിലൂടെയും രോഗവ്യാധികളിലൂടെയും താദൃശമായ അറിയിപ്പുപ്രകടമാണ്. എന്നാൽ മനുഷ്യനു അതു വ്യക്തമായ സന്ദേശമാകുന്നില്ല. മനുഷ്യൻ അതു കേൾക്കുന്നെങ്കിലും അതു ഉൾക്കൊള്ളുന്നില്ല. മാത്രമല്ല ദൈവത്തിന്റെ സന്ദേശം എങ്ങനെ പിൻചെല്ലണമെന്നു ആ സംഭ്രമകവാർത്തയിലൂടെ മനുഷ്യനു പൊരുൾതിരിഞ്ഞു വരുന്നുമില്ല. എന്നാൽ മനുഷ്യനിലൂടെ ദൈവം അറിയിക്കുന്നത് മനുഷ്യനു സുവ്യക്തമാണ്. അതിന്റെ അർത്ഥം അവർക്കു എപ്പോഴും തെളിഞ്ഞുവരുന്നു. കാരണം അവിടെ ദൈവം മാനുഷികമായി സംസാരിക്കുന്നു. ദൈവത്തിന്റെ സന്ദേശം, മാനുഷികമാകുന്നതുകൊണ്ടാണ് മനുഷ്യനത് സദ്വാർത്തയാകുന്നത്. പരിഭ്രമജനകമായതെങ്ങനെ സദ്വാർത്തയാകും? അവ്യക്തമായത് എങ്ങനെ സന്ദേശമാകും? അർത്ഥം തിരിയാത്തതെങ്ങനെ നിർദ്ദേശമാകും? അതിനാൽ ദൈവത്തിന്റെ ഏവൻഗേലിയോൻ, സന്തോഷത്തിന്റെ വാർത്തയാകുന്നത്, അതു മനുഷ്യരിലൂടെ പ്രകാശിതമാകുന്നതുകൊണ്ടാണ്; മാനുഷികമായതുകൊണ്ടാണ്.

www.malankaralibrary.com

**ദൈവം സംസാരിക്കുന്നു**

ദൈവം, മനുഷ്യരിലൂടെ സംസാരിക്കുമ്പോൾ, അത് അനുസരിച്ചു സംസാരിക്കുന്ന ആൾക്ക്, പ്രത്യേകശക്തി നൽകുമെന്നത് തീർച്ചയാണ്. ദൈവം അവിടെ മനുഷ്യന്റെ ഇഷ്ടത്തേയും ആശ്രയിക്കുന്നുണ്ട്. ദൈവം ഇഷ്ടപ്പെടുന്നവരെയാണ് സുവിശേഷം അറിയിക്കുവാൻ അവിടുന്നു വിളിക്കുന്നത്. എങ്കിലും, സുവിശേഷം അറിയിക്കുന്നവർ, സ്വാതന്ത്ര്യം ഉപയോഗിച്ച്, അത് അറിയിക്കണമെന്ന് ദൈവത്തിനു നിർബന്ധമുണ്ട്. ദൈവത്തിന്റെ സ്നേഹാഹ്വാനത്തിന്, സ്നേഹപൂർവ്വം വഴിപ്പെടുന്നവരെയാണ് സുവിശേഷം അറിയിക്കുവാൻ ദൈവം തിരഞ്ഞെടുക്കുന്നത്. ഇഷ്ടപ്പെടുന്നവരെ ദൈവം വിളിക്കുന്നു; ദൈവത്തെ ഇഷ്ടപ്പെടുന്നവരെ അവിടുന്നു തിരഞ്ഞെടുക്കുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള സകരണമാണ് സുവിശേഷഘോഷണത്തിനു അവിടുന്നു സ്വീകരിച്ചിരിക്കുന്ന ഉപാധി. പഴയനിയമത്തിൽ ദൈവം എത്രയോപേരെ, തന്റെ ജനത്തിനുള്ള സന്ദേശം അറിയിക്കുവാൻ വിളിച്ചു. അവരാണ് പ്രവാചകർ- ഏശായായും ജറമ്യായും, എസക്കിയേലുമെല്ലാം. ദൈവം സംസാരിക്കുന്നു എന്ന ആമുഖത്തോടെയാണ് അവർ ദൈവസന്ദേശം തുടങ്ങിയിരുന്നത്. തങ്ങൾ ദൈവത്തിന്റെ വെറും ഉപകരണങ്ങൾ മാത്രമാണെന്നു അവർക്കു ബോദ്ധ്യം ഉണ്ടായിരുന്നു. എങ്കിലും ദൈവം അവരുടെ മാനുഷികമായ കഴിവുകളും, മനസും, ബുദ്ധിയും നാവും എല്ലാം ഉപയോഗിച്ചിരുന്നു. അവർ മനസുകൊണ്ട് ദൈവത്തിന്റെ സന്ദേശം ഇഷ്ടപ്പെട്ടു; ബുദ്ധികൊണ്ടു അതിന്റെ അർത്ഥം ഗ്രഹിച്ചു; നാവുകൊണ്ടു അതു പ്രകാശിപ്പിക്കുകയും ചെയ്തു. അതുകൊണ്ടു തന്നെ അവർ അറിയിച്ചിരുന്നത് ദൈവത്തിന്റെ സന്ദേശം എന്നതുപോലെതന്നെ അവരുടെ സന്ദേശവുമായിരുന്നു. പ്രവാചകർ, ദൈവനാമത്തിൽ, ദൈവജനത്തിന് തങ്ങളുടെ ഭാഷയിലും ശൈലിയിലും ദൈവസന്ദേശം വെളിവാക്കിക്കൊടുത്തു. അപ്പോഴും അവരിൽ ഉയർന്നു നിന്നിരുന്നത് ദൈവശക്തിയാണ്. ദൈവം അവരെ ശക്തിപ്പെടുത്തിയതുകൊണ്ട് അവർ ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചു.

**സമൂഹപ്രതിനിധി**

ദൈവം തന്റെ ശക്തിയും വരവും ഓരോ പ്രവാചകനും നല്കിയത് ഓരോ വിധത്തിലാണ്. ഓരോ പ്രവാചകനും അതുകൊണ്ട് മറ്റുള്ള പ്രവാചകരിൽനിന്നു വ്യത്യസ്തനായിരുന്നു. ഓരോരുത്തർക്കും ഓരോ



നൽവരം ഓരോ കരിസ്മാ. വി. പൗലോസ് സുവിശേഷകർക്കു ലഭിക്കുന്ന വ്യത്യസ്തമായ നൽവരങ്ങളെപ്പറ്റി സംസാരിക്കുന്നുണ്ട്. എന്നാൽ അവയുടെ എല്ലാം ഉറവിടം ദൈവം മാത്രമാണ്. ഓരോ പ്രവാചകനും ഓരോ ശക്തിവരം നല്കുമ്പോഴും അവയുടെയെല്ലാം ലക്ഷ്യം ഒന്നുതന്നെയാണ്: ദൈവത്തിന്റെ വളർച്ച, പ്രവാചകർ സംസാരിക്കുന്ന ദൈവജനത്തിന്റെ പ്രതിനിധികളായാണ്. അവരെല്ലാം ജനിച്ചുവളർന്നതും ദൈവജനത്തിന്റെ ഭാഗമായല്ലേ? അതുകൊണ്ടു അവരുടെ സാമൂഹികമായ വേരുകൾ വിസ്മരിക്കാൻ ആകുകയുമില്ല. സമൂഹത്തിൽ ഉയർന്നുവരുന്ന പ്രതിസന്ധികൾക്കു പരിഹാരവുമായാണ് ദൈവം പ്രവാചകരെ അയയ്ക്കുന്നത്. ദൈവജനത്തിന്റെ ജീവിതത്തുടിപ്പുകളിൽനിന്നു പ്രതിസന്ധികൾ സംജാതമാകുന്നു മനുഷ്യരുടെ ജീവിതം കൂടുതൽ ലൗകികമാകുന്നതുകൊണ്ട്, അധികമധികം മാനുഷികമാകുന്നതുകൊണ്ട്, സമൂഹത്തിന്മേലുള്ള ദൈവപ്രഭാവം ദുർബലമാകുമ്പോഴാണ് പ്രതിസന്ധികൾ ഉയർന്നുവരുന്നത്. അവയ്ക്കു പരിഹാര നിർദ്ദേശമായിരിക്കും മിക്കപ്പോഴും ദൈവത്തിന്റെ സുവിശേഷം. ദൈവജനത്തിന്റെ അവശ്യഭാഗങ്ങളായി വർത്തിക്കുന്ന പ്രവാചകർ, ദൈവപ്രഭാവത്തിനു സ്വമനസാ വിധേയരായി, മാനുഷികത്തിന്റെ അതിപ്രസരത്തെ അതിജീവിച്ചു. ദൈവികത്വത്തിലേക്കു ഉയർന്നുവന്നു സംസാരിക്കുമ്പോഴും അവർ ചോരയും നീരുമുള്ള മനുഷ്യർ തന്നെയാണ്. തങ്ങൾക്കു ജീവിതവും പ്രവർത്തനസാദ്ധ്യതയും നല്കിയ സമൂഹത്തിന്റെ പ്രതിനിധികളായിത്തന്നെ തുടരുന്നു. അവർ ചിലപ്പോൾ സമൂഹത്തിൽനിന്നു ഒറ്റപ്പെട്ട് ഏകാന്തതയിൽ സ്നാപകയോഹന്നാനെപ്പോലെ കഴിയുന്നതു കാണാം. സമൂഹത്തിൽനിന്നു അകന്നുനില്ക്കുമ്പോൾ സമൂഹത്തിന്റെ പ്രശ്നങ്ങളും പ്രതിസന്ധികളും ഫലപ്രദമായി വിലയിരുത്തുവാൻ അവർക്കു സാധിക്കുന്നു. അങ്ങനെ അകന്നു നില്ക്കുമ്പോഴും പക്ഷേ അവർ സമൂഹത്തിൽ നിന്നു ഒറ്റപ്പെട്ടവരല്ല, അന്യരല്ല. സമൂഹത്തിന്റെ പ്രതിനിധികളാണവർ; ദൈവം തെരഞ്ഞെടുത്ത പ്രതിനിധികൾ!

**ദൈവവുമായുള്ള താദാത്മ്യം**

പ്രവാചകർ, പ്രാർത്ഥനയിലൂടെ ദൈവസന്നിധിയിൽനിന്നു പ്രശ്നങ്ങൾക്കു പരിഹാരം തേടിയവരായിരിക്കും. വ്യക്തിപരമായോ സാമൂഹ്യമായോ ഉള്ളപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ തങ്ങൾക്കു തന്നെ കഴിവില്ലെന്നു സമ്മതിച്ചവരാണവർ. ദൈവത്തിന്റെ വിളിശ്രവി

www.malankaralibrary.com

ച്ചശേഷം ദൗത്യനിർവ്വഹണത്തിന് ദൈവശക്തിയായി യാചിച്ചിട്ടുള്ള രാണവർ. ദൈവം അവരിലൂടെ കനിഞ്ഞിറങ്ങുന്നു; അവരിലൂടെ ദൈവ ജനത്തിൽ വന്നരുളുന്നു. പ്രാർത്ഥനയിലൂടെ ലഭിക്കുന്ന ദൈവസാന്നി ദ്ധ്യത്തിലാണ് ശക്തിവരം പ്രവർത്തിക്കുന്നത്; സുവിശേഷം അറിയി ക്കപ്പെടുന്നത്. തന്റെ ദാസരുടെമേൽ ഇറങ്ങിവന്ന ദൈവത്തെയാണ് പ്രവാചകരിലൂടെ ദൈവജനം ദർശിക്കുന്നത്; ശ്രവിക്കുന്നത്. ദൈവം തന്റെ പ്രവാചകരിലൂടെ പ്രകാശിതനാകുന്നു. ആ പ്രകാശനമനുസരി ച്ചാണ് ഓരോ പ്രവാചകനും അവിടുത്തെ നാവാകുന്നത്; അവിടുത്തെ കരം ആകുന്നത്; പ്രവർത്തനോപാധിയാകുന്നത്. പ്രാർത്ഥനയിൽ സ്വയം സമർപ്പിതനാകുന്നതിന്റെ മറുപടിയായി ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവവേദ്യമാകുന്നു. ദൈവത്തിന്റെ ജീവനും, ശക്തി യും, സ്വരവുമെല്ലാം പ്രകാശിതമാക്കുന്നതിനനുസരിച്ചാണ് ഓരോ പ്രവാ ചകനും ദൈവത്തോടു താദാത്മ്യപ്പെടുന്നത്. താദാത്മ്യപ്പെടുന്നതനു സരിച്ച് ദൈവത്തിന്റെ സുവിശേഷവുമായി പ്രവാചകർ ഏകീഭവിക്കു ന്നു. അപ്പോൾ പ്രവാചകന്റെ ജീവിതം തന്നെ ദൈവത്തിന്റെ സുവി ശേഷം ആണെന്ന സ്ഥിതി സംജാതമാകുന്നു. ജറമ്യായുടെ ജീവിത മല്ലേ വാക്കുകളേക്കാൾ, ദൈവത്തിന്റെ സുവിശേഷം വെളിപ്പെടുത്തു വാൻ ഉപയുക്തമായത്? ദൈവം തന്റെ ജനത്തിനു നല്കുന്ന ദാനമാണ് ഓരോ പ്രവാചകനും. ആ ദാനം കാര്യക്ഷമവും ഫലദായകവുമാകു ന്നത് ദൈവവുമായുള്ള ഏകീഭാവത്തിലാണ്; സുവിശേഷത്തിന്റെ സ്വാംശീകരണത്തിലാണ്; ദൈവജനത്തിന്റെ പാപവും, ഭാരവും സ്വയം ഏറ്റെടുക്കുന്നതിലാണ്. ദൈവജനത്തിന്റെ പാപമാണല്ലോ പ്രതിസന്ധി സൃഷ്ടിച്ചത്. അത് ദൈവത്തിൽനിന്നുള്ള അന്യവൽക്കരണമാണ്. അങ്ങനെ സംജാതമായ പ്രതിസന്ധി പരിഹരിക്കുന്നത് ദൈവവുമായി, ദൈവിക സുവിശേഷവുമായി, ഓരോ പ്രവാചകനും സിദ്ധിക്കുന്ന ഏകീ ഭാവത്തിലാണ്. അപ്പോഴാണ് പ്രവാചകൻ ദൈവത്തിന്റെ നല്ല ഉപാധി യായി, മാധ്യമമായി വർത്തിക്കുക.

### ക്രിസ്തുവാണ് സുവിശേഷം

പഴയ നിയമത്തിൽ വളരെ പ്രവാചകരെ കണ്ടെത്തുന്നു; പുതിയ നിയമത്തിൽ യോഹന്നാൻ സ്നാപകനേയും അവരേക്കാൾ എത്രയോ ഉയർന്നുനില്ക്കുന്നു യേശുക്രിസ്തു! ദൈവവുമായുള്ള ഏകീഭാവ ത്തിന്റെ സമുജ്ജ്വലപ്രകടനമാണ് യേശുക്രിസ്തു. അതിൽ താൻ നല്കിയ ശക്തിവരമെന്നതിനെക്കാൾ, ദൈവം, പൂർണ്ണമായി യേശുവിൽ



പ്രകാശിതനായി. അദൃശ്യപിതാവിന്റെ ദൃശ്യരൂപമാണ് യേശുക്രിസ്തു. ആ അർത്ഥത്തിൽ യേശുവാണ് ദൈവത്തിന്റെ, ഏകസുവിശേഷം അവ ടുത്തെ വാക്കുകളും പ്രവർത്തികളും മാത്രമല്ല ജീവിതം മുഴുവനും സുവിശേഷം ആയിരിക്കുന്നു. യേശുവിലൂടെ പ്രകടമായത് പിതാവിന്റെ ഹൃദയരഹസ്യമാണ്. ഇസ്രായേൽകാർക്കു മാത്രമല്ല എല്ലാ ജനത കൾക്കും ആനന്ദത്തിന്റേയും സമാധാനത്തിന്റേയും ഏവൻഗേല്ല്യോ നാണ് യേശുക്രിസ്തു. യേശു പിതാവുമായി പൂർണ്ണമായി താദാത്മ്യ പ്പെട്ടിരിക്കുന്നു; മനുഷ്യവംശത്തെ സ്വാംശീകരിക്കുന്നു, എല്ലാ കാല ത്തേക്കും എല്ലാ ജനങ്ങൾക്കും ദൈവം നല്കുന്ന നല്ല സന്ദേശം തന്റെ വ്യക്തിത്വത്തിൽ സംഗ്രഹിച്ചിരിക്കുന്നു. പ്രവാചകരിലൂടെ ദൈവം അരു ളിച്ചെയ്ത വചനങ്ങൾ, യേശു പൂർത്തിയാക്കി. അങ്ങനെ ദൈവവചന ത്തിന്റെ സമ്യക്കായ പ്രകാശനം തന്റെ മനുഷ്യത്വത്തിലൂടെ നിർവഹി ച്ചു. യേശുവിനു മുമ്പുള്ളവർക്കു യേശുവിന്റെ സുവിശേഷം പഴയതിന്റെ പൂർത്തീകരണം എന്ന നിലയിൽ സാർത്ഥകമായിരിക്കുന്നു. യേശുവിന്റെ സമകാലീനർക്കു അവരുടെ മുമ്പിൽ വരച്ചുവച്ച ചിത്രമായി അനുഭവ പ്പെട്ടു. എങ്കിലും അത് ഉപമകളിൽ ഒളിഞ്ഞാണിരുന്നത്. അത് കൂടു തൽ തെളിവാകണമെന്നു യേശുവിനോടുകൂടെ ചരിച്ചവർക്കു ബോദ്ധ്യ മായി. ചിത്രങ്ങളും ഉപമകളും സുതരാം തെളിയുന്നത്, യേശുവിന്റെ ഉത്ഥാനശേഷം പരിശുദ്ധാത്മാവിന്റെ പ്രകാശനത്തിലൂടെയാണ്. അതു കൊണ്ടുതന്നെ യേശുവിന്റെ സുവിശേഷം സ്ഥലകാലങ്ങളാൽ പരിമി തപ്പെടുന്നില്ല. സൃഷ്ടിയിൽ ആരംഭിച്ച സുവിശേഷമല്ലേ അത്? അതല്ലേ? പ്രവാചകർ തുടർന്നുവച്ചത്? യേശുവിന്റെ ജീവിതത്തിലും മരണത്തിലും ഉത്ഥാനത്തിലും സാക്ഷാത്കൃതമായ ക്രിസ്തുസുവിശേഷം, ലോക ത്തിന്റെ അതിർത്തികൾവരെയും സമയത്തിന്റെ തുടർച്ചയുടെ കാലമ ത്രയും, പ്രഘോഷിക്കപ്പെടേണ്ടതായുണ്ട്. ഒരിക്കലായി യേശുവിൽ പ്രകാശിതമായ, പൂർത്തിയായ സാക്ഷാത്കൃതമായ ദൈവസുവിശേഷം സ്ഥലകാലങ്ങളിൽ മാറ്റൊലികൊള്ളുമെന്നതാണ് അതിന്റെ ശക്തിയും വ്യാപ്തിയും.

### സഭയുടെ ദൗത്യം

യേശുവിന്റെ സുവിശേഷം തുടർന്നു പ്രഘോഷിക്കുകയെന്ന ധർമ്മം ഏല്പിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തുവിന്റെ ശരീരമായി പരിശു ദ്ധാത്മാവ് ഉയർത്തിയെടുത്ത സഭയ്ക്കാണ്. അതിന്റെ ശക്തിവരം നല്ക പ്പെട്ടിരിക്കുന്നതും ക്രിസ്തുവിന്റെ മണവാട്ടിയായ സഭയ്ക്കുതന്നെ.

www.malankaralibrary.com

ഏവൻഗേലിയോൻ ഏല്പിക്കപ്പെട്ടിരിക്കുന്നത് സഭയ്ക്കാണ്; കരിസ്മാ നല്കപ്പെട്ടിരിക്കുന്നത് സഭാശുശ്രൂഷികൾക്കും. സഭയുടെ പൊതു ശക്തിവരത്തിന്റെ പ്രവർത്തനക്ഷമതയ്ക്കു അകത്തുമാത്രമെ ഓരോ സുവിശേഷഘോഷകനും സ്ഥാനവും ഉത്തരവാദിത്വവും ഉള്ളൂ. പൗലോസ്ശ്ലീഹാ വിവരിക്കുന്ന ശക്തിവരങ്ങളുടെ പട്ടിക, അർത്ഥം കൈവരിക്കുന്നത് സഭയുടെ സജീവതയ്ക്കകത്തു മാത്രമാണ്. അവിടെ ഓരോരുത്തർക്കുമാണ് നൽവരം. പക്ഷേ പ്രവർത്തനക്ഷമമാകുന്നത് സഭയുടെ സജീവ ഘടനയ്ക്കകത്തു മാത്രം. പഴയ നിയമത്തിലെ പ്രവാചകർക്കു അനുഭവവേദ്യമായിരുന്നതിനേക്കാൾ ഉന്നതമായ താദാത്മ്യമാണ് ശ്ലീഹന്മാർക്കു ദൈവവുമായി അനുഭവപ്പെട്ടത്. പ്രവാചകർ കൂടുതലും ഒറ്റപ്പെട്ടു പ്രവർത്തിച്ചതായി പഴയ നിയമത്തിൽ നാം വായിക്കുന്നു. യോഹന്നാൻ സ്നാപകൻ മരുഭൂമിയിലെ സ്വരമായിരുന്നു. എന്നാൽ ശ്ലീഹന്മാർ യേശുവിന്റെ ജീവന്റെ സമൃദ്ധിയിൽ, പുഷ്കലതയിൽ, ശക്തിപ്രാപിച്ചവരാണ്. അതേ അനുഭവം തന്നെയാണ് സുവിശേഷസാക്ഷികൾക്കെല്ലാം ഉണ്ടായത്. എല്ലാവരിലും യേശുവിന്റെ സുവിശേഷം തുടിച്ചുനില്ക്കുന്നു. ദൈവവുമായും ദൈവജനവുമായും ദൈവികസുവിശേഷവുമായുള്ള ഏകീഭാവം യേശുവിൽ സാക്ഷാത്കരിച്ചത് സഭയിൽ അനവരതം ജീവസ്സോടെ തുടരുന്നു. സുവിശേഷം പ്രഘോഷിക്കുന്നവരെല്ലാം അതിൽ ഭാഗഭാക്കുകളാകുന്നു ഈ ഏകീഭാവമാണ്, സുവിശേഷത്തിന്റെ ദൈവികതയുടേയും കാര്യക്ഷമതയുടേയും, ഫലപ്രാപ്തിയുടേയും നിദാനം.

**ഏവൻഗേലിയോനും കരിസ്മായും ഒന്നിച്ച്**

ഏവൻഗേലിയോനും കരിസ്മായും തമ്മിലുള്ള പൂർണ്ണ താദാത്മ്യമാണ് കത്തോലിക്കാ സഭയിലെ സുവിശേഷ പ്രഘോഷണത്തിന്റെ സവിശേഷത. അത് സാധ്യമാകുന്നത് സഭാ ശരീരത്തിലാണ്, പരിശുദ്ധാത്മാവിന്റെ ഉജ്ജീവനത്തിലാണ്. ആരെല്ലാം സുവിശേഷസാക്ഷ്യം വഹിക്കുന്നുവോ, അവരെല്ലാം സഭാശരീരത്തിന്റെ അവയവങ്ങളാണ്. ക്രിസ്തുവാകുന്ന മുന്തിരിച്ചെടിയിൽ ചേർന്നു നില്ക്കുന്ന ശാഖകളിൽ മാത്രം ജീവൻ പ്രസരിച്ചു നില്ക്കുന്നു. ആ ജീവന്റെ പ്രസരണമാണ് സുവിശേഷസാക്ഷ്യം. വ്യക്തിപരമായാണ് ഓരോരുത്തർക്കും സുവിശേഷസാക്ഷ്യത്തിന് നൽവരം ലഭിക്കുക; എന്നാൽ അവരെല്ലാം പൊതു പ്രഭവ കേന്ദ്രത്തിൽ ഐക്യപ്പെട്ടിരിക്കുന്നു. സുവിശേഷം പ്രസംഗിക്കുന്ന ഓരോ വ്യക്തിക്കുമുള്ള മാനുഷിക കഴിവുകളോ, ദൈവിക



നൽവരങ്ങളോ ഫലദായകമാകുന്നത്, സഭാശരീരത്തിൽ ഒന്നിച്ചു നില്ക്കുമ്പോഴാണ്. വാസ്തവത്തിൽ സഭാശരീരത്തെ ജീവിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. ദൈവം ആരംഭം മുതലെ നടത്തിയിരുന്ന സുവിശേഷപ്രഘോഷണം ഇന്നു സഭയിലൂടെ നിർവ്വഹിക്കപ്പെടുന്നു. യേശുക്രിസ്തുവിൽ പരിപൂർത്തിയിലെത്തിയ ഏവൻഗേലിയോൻ ഇന്നു വിവിധ വ്യക്തികളുടെ കരിസ്മായിലൂടെ, ശക്തിവരത്തിലൂടെ പ്രവർത്തനക്ഷമമായിക്കൊണ്ടിരിക്കുന്നു. എല്ലാത്തിലും പ്രവർത്തിക്കുന്നത് ദൈവം തന്നെ; ദൈവം നൽകുന്ന ശക്തിവരത്തിലൂടെ മാത്രം വിവിധ വ്യക്തികൾ പ്രവർത്തിക്കുന്നു. ആരംഭം മുതലെ പ്രകാശിതമായ ദൈവവചന സാകല്യം ക്രിസ്തുവാകുന്ന ജീവകേന്ദ്രത്തിൽ ഏകീഭവിച്ച്, പരിശുദ്ധാത്മാവാൽ ഉജ്ജീവിക്കപ്പെട്ട് ഇന്നത്തെ ലോകത്തിൽ, സഭയുടെ സുവിശേഷ സാക്ഷ്യമായി പ്രകടരൂപം ധരിക്കുന്നു. എല്ലാം ഒന്നുതന്നെ; എന്നാൽ സ്ഥലകാലങ്ങളിൽ വിവിധ മുഖങ്ങളിലൂടെ അത് പ്രകടമാകുന്നു. സുവിശേഷ സാക്ഷ്യത്തിന് ദൈവത്താൽ വിളിക്കപ്പെട്ട് തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം തങ്ങൾക്കു ലഭിച്ച ശക്തിവരങ്ങൾ, യേശുക്രിസ്തുവിന്റെ ഏക സുവിശേഷത്തിന്റെ ഏകസാക്ഷ്യത്തിനായി വിനിയോഗിക്കപ്പെടുന്നതാണ് ദൈവവചനത്തിന്റെ അത്ഭുതരഹസ്യം.

*ഐക്യദീപം, 1992 ഫെബ്രുവരി*

www.malankaralibrary.com

# 10

# മിശിഹാപ്രതീക്ഷയും ദൈവജനവും

യേശുവിനെ പ്രതീക്ഷയോടെ കാത്തിരുന്ന വൃദ്ധനായ ശിമയോനെ സുവിശേഷം നമുക്ക് പരിചയപ്പെടുത്തിത്തരുന്നുണ്ട്. അദ്ദേഹം ശിശുവായ യേശുവിനെ കൈകളിലേന്തിക്കൊണ്ടു പറയുന്നു, "കർത്താവേ, നിന്റെ വാഗ്ദാനമനുസരിച്ച് ഈ ദാസനെ സമാധാനത്തിൽ വിട്ടയക്കേണമെ. എന്തെന്നാൽ സകല ജനതൾക്കുവേണ്ടി അങ്ങ് ഒരുക്കിയരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടു കഴിഞ്ഞു. അത് വിജാതീയർക്ക് വെളിപാടിന്റെ പ്രകാശവും നിന്റെ ജനമായ ഇസ്രായേലിന് മഹിമയുമാണ് (ലൂക്കാ 2:29-32)." പ്രതീക്ഷയുടെ മൂർത്തീഭാവത്തെ ദർശിച്ചതിലുള്ള ആനന്ദത്തിലാണ് ശിമയോൻ ലോകം വിട്ടുപോയത്. ആ പ്രതീക്ഷ മൂന്നുഭാവങ്ങളിൽ ഉരുത്തിരിഞ്ഞ് നിൽക്കുന്നു. ഒന്ന്, സകല ജനതകൾക്കുമുള്ള രക്ഷ; രണ്ട്, വി.ജാതീയർക്ക് വെളിപാടിന്റെ പ്രകാശം; മൂന്ന് ദൈവജനമായ ഇസ്രായേലിന്റെ മഹിമ.

രക്ഷയും പ്രകാശവും മഹിമയും പ്രതീക്ഷയുടെ സമുന്നത ഭാവങ്ങളാണ്. മാനവ സമൂഹം പ്രതികൂല ശക്തികളിൽ നിന്ന് രക്ഷിക്കപ്പെടണം, ദൈവത്തിൽ നിന്ന് ഉദിച്ചുയരുന്ന പ്രകാശത്തിൽ മുന്നേറണം സർവോപരി ദൈവത്തിന്റെ മഹിമയിൽ പങ്കുചേരണം എന്നിവ മൂന്നും പ്രതീക്ഷയുടെ അന്തർഭാവങ്ങളായി മാറുന്നു. പ്രതികൂല ശക്തികൾ തിമിർത്ത് നിൽക്കുമ്പോൾ പ്രതീക്ഷ മിഥ്യാഭാവമായിത്തീരും. അവയിൽ നിന്നുള്ള രക്ഷ അനുപേക്ഷണീയവുമാണ്. ഓരോ വ്യക്തിയും സ്വാർത്ഥതയിൽ പ്രേരിതരായി പ്രവർത്തിക്കുമ്പോൾ, വ്യക്തികൾ കൂട്ടിമുട്ടുന്നു, ഏറ്റുമുട്ടുന്നു., തമ്മിലടിച്ച് നശിക്കുന്നു. ഈ അവസ്ഥയിൽ പ്രതീക്ഷ നാമ്പെടുക്കണമെങ്കിൽ മനുഷ്യനെ സൃഷ്ടിച്ച ദൈവത്തിൽ നിന്ന് വെളിച്ചമെടുത്ത് ജീവിക്കണം. മാത്രമല്ല, കുറേ വ്യക്തികൾ മാത്രം ഒന്നിച്ചു വരുന്ന ചില വർഗ്ഗങ്ങളും വംശങ്ങളും വളരണമെന്ന് ശഠിക്കുമ്പോൾ മറ്റനേകം ജാതികളും ജനതകളും തകർന്നു വീഴുന്ന അവസ്ഥ സംജാതമാകുന്നു. ഇതിൽ നിന്ന് ആർക്കാണ് മഹിമ അവകാശമായി ലഭിക്കുന്നത്? ദൈവത്തിന്റെ ജനമെന്നു കരുതി ഒരു വിഭാഗത്തിനു മാത്രം രക്ഷ ലഭിക്കുമെന്ന് അർത്ഥമാകുന്നില്ല. രക്ഷ, സകല ജനതകൾക്കുമുള്ള അവകാശമാണ്. രക്ഷയിൽ, പാപത്തിൽ - പ്രതികൂല ശക്തി- നിന്നുള്ള മോചനവും ഓരോ ജനത്തിനും ആവശ്യമായ വെളിച്ചവും പൊതുമാനവ ലക്ഷ്യമായ ദൈവമഹിമയിലുള്ള പങ്കാളിത്തവും ഉൾപ്പെടുന്നു.



യേശുവിനെ കരങ്ങളിലെടുത്താണ് ശിമയോൻ ഈ സാർവത്രീക സൂക്തം ഉദ്ദീരണം ചെയ്തതെന്ന് ഓർക്കുക. യേശുവെന്ന നാമത്തിന്റെ അർത്ഥം രക്ഷകനെന്നാണല്ലോ. രക്ഷകനെപ്പറ്റിയുള്ള പ്രതീക്ഷ പുലർത്തിയിരുന്നത് ഇസ്രായേൽ ജനമാണ്. അവർക്കു ചുറ്റും ജീവിച്ചിരുന്നവരാകട്ടെ പ്രതീക്ഷ ഇല്ലാതിരുന്നവരും. ഇസ്രായേൽ ഒരു ദുർബലജനത മാത്രം. മറ്റുള്ളവ ശക്തമായവയും. പക്ഷേ, ഇസ്രായേലാകട്ടെ ദൈവത്തിന്റെ ശക്തിയിൽ പ്രതീക്ഷ പൂണ്ടു. ഇസ്രായേലിൽ തന്നെ ഒരു ചെറിയ ഭാഗം മാത്രമാണ് ചരിത്രത്തിന്റെ ഗതിയിൽ ഈ പ്രതീക്ഷയുടെ ഉടമയായി വർത്തിച്ചിരുന്നത്. വളരെ ചെറിയ ഭാഗം മാത്രം പ്രതീക്ഷയിൽ ജീവിച്ചു. പ്രതീക്ഷ നശിച്ച ഭൂരിഭാഗം പ്രതീക്ഷയുടെ നിറകുടം തല്ലിയുടയ്ക്കുകയും ചെയ്തു. യേശുവിന്റെ കാലത്ത് മിക്ക ജനങ്ങളും രക്ഷയല്ലാതെ മാറ്റെന്തൊക്കെയോ പ്രതീക്ഷിച്ചു. ആവശ്യമുള്ളപ്പോഴൊക്കെ ആഹാരം, രോഗങ്ങൾക്കെല്ലാം സൗഖ്യം, എന്നിങ്ങനെ പലതും. യേശു അപ്പം വർദ്ധിപ്പിച്ചു കൊടുത്തു; അതോടൊപ്പം നിത്യജീവന്റെ അപ്പം വാഗ്ദാനം ചെയ്തു. രോഗസൗഖ്യം നൽകി; അത് പാപമോചനത്തിന്റെ അച്ചാരമായിരുന്നു. യഹൂദജനം ആഗ്രഹിക്കുന്ന ഭൗതികസുഖവും സൗഖ്യവും നൽകാനല്ല യേശു ഉദ്ദേശിക്കുന്നതെന്ന് അധികം താമസിയാതെ അവർക്ക് ബോദ്ധ്യമായി.

പാപത്തിന്റെ ഭീകരതയിൽ നിന്ന് ദൈവം സർവ ജനത്തെയും മോചിപ്പിക്കുന്നതിന്റെ മുൻകുറിയാണ് ഫറവോയുടെ പിടിയിൽ നിന്ന് ഇസ്രായേൽ ജനത്തെ മോചിപ്പിച്ചതെന്ന് പ്രവാചകന്മാർ പ്രബോധിപ്പിച്ചിരുന്നു. എന്നാൽ ദൈവത്തിന്റെ സ്വരം ശ്രവിക്കുന്നതിനു പകരം സ്വന്തം ദുരാഗ്രഹങ്ങളിൽ കുടുങ്ങിക്കഴിഞ്ഞിരുന്ന ജനം യേശുവിനെ തള്ളിപ്പറഞ്ഞു, കുറ്റമാരോപിച്ചു, കുരിശിലേറ്റി കൊന്നു. കാരണം വ്യക്തം, അവർ ആഗ്രഹിച്ചത് യേശു നൽകിയില്ല. എങ്കിലും പിതാവ് സർവ മനുഷ്യർക്കും എന്തു നൽകാൻ ആഗ്രഹിച്ചുവോ, അത് യേശു തന്റെ മരണത്തിലൂടെ നൽകി. യേശു ഉയിർത്തെഴുന്നേറ്റ് ശിഷ്യന്മാർക്ക്

www.malankaralibrary.com

പുതിയ പ്രതീക്ഷ നൽകി. ദൈവിക ജീവൻ പ്രാപിച്ച ശിഷ്യർ നവ്യപ്രതീക്ഷയിൽ ഉണർന്നെഴുന്നേറ്റു. അവർക്ക് ഭൗതികമായി എല്ലാം നഷ്ടമായപ്പോൾ അവർ അധികം പ്രതീക്ഷയുള്ളവരായി. യേശുവിനെപ്രതി എല്ലാം ഉപേക്ഷിച്ചപ്പോൾ ശിഷ്യർക്ക് പങ്കിടാൻ ദൈവം നൽകുന്ന പ്രതീക്ഷയുണ്ടായിരുന്നു. സകല ജനത്തോടും ശിഷ്യർ പ്രതീക്ഷയുടെ സുവിശേഷം ഉത്ഘോഷിച്ചു. മനുഷ്യർ ആഗ്രഹിക്കുന്നതെല്ലാം ചപ്പും ചവറുമാണെന്ന് ബോധ്യപ്പെട്ടപ്പോൾ, വിശുദ്ധ പൗലോസിനെപ്പോലെ ദൈവം നൽകുന്ന ദാനങ്ങളുടെ വിലയും വലിപ്പവും അളന്നു കുറിക്കുവാൻ യേശുവിൽ വിശ്വസിച്ചവർക്ക് സാധിച്ചു.

ഇന്നത്തെ ലോകത്തിലും യേശുവിന്റെ കാലഘട്ടത്തിലെ സമൂഹസ്ഥിതി ആവർത്തിക്കുന്നു. ബഹുഭൂരിഭാഗം വ്യക്തികളും സമൂഹങ്ങളും തങ്ങൾക്കുമാത്രം സുഖസൗകര്യങ്ങൾ വർദ്ധിച്ചു കിട്ടണമെന്ന നിർബന്ധംവച്ചുകൊണ്ട് പ്രവർത്തിക്കുന്നു. ഒരേ സമൂഹത്തിനകത്ത് ന്യൂനപക്ഷം സുഖ ജീവിതത്തിൽ ആറാടുന്നു, മറ്റുള്ളവർ തള്ളപ്പെടുന്നു. വികസിത സമൂഹമെന്ന് അവകാശപ്പെടുന്നവ അധികമധികം വികസിക്കുവാൻ വെമ്പൽ കൊള്ളുന്നു. ഭൂരിഭാഗം വരുന്ന അവികസിത രാജ്യങ്ങൾ- വികസ്വരമെന്ന സുന്ദരനാമത്തിലാണ് അവർ അറിയപ്പെടുന്നത്- ദാരിദ്ര്യരേഖയ്ക്ക് കൂടുതൽ കൂടുതൽ താഴേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. ഇങ്ങിനെ അസ്വസ്ഥരായിക്കൊണ്ടിരിക്കുന്ന ഭൂരിഭാഗം ജനങ്ങളും രക്ഷയുടെ അനുഭവത്തിൽ നിന്ന് വളരെ അകലത്താണ്. അവർ വരേണ്യരായ ന്യൂനപക്ഷത്തിനെതിരെ തിമിർത്തു കയറുന്നു. ഇതിന്റെ ഫലമായി സമൂഹകലാപങ്ങളും വംശീയ കലാപങ്ങളും അടിക്കടി വർദ്ധിച്ചു വരുന്നു. അവികസിത രാജ്യങ്ങളിലാണ് ഈ സ്ഥിതി കൂടുതലും പടർന്നു പിടിക്കുന്നത്. വികസ്വര രാജ്യങ്ങളിലെ സ്ഥിതിയും ഇതിൽ നിന്നു ഭിന്നമല്ല. അവിടെ ഭൂരിഭാഗം ജനങ്ങളും ദാരിദ്ര്യരേഖയ്ക്ക് മുകളിലാണെന്നാണ് വയ്പ്. സമൂഹ വിസ്ഫോടനത്തിന് കളമൊരുക്കുവാൻ ചെറിയ കൂട്ടം ഭീകരർക്കു സാധിക്കുമെന്ന് ഇവിടെ ഓർക്കേണ്ടതുണ്ട്. അമേരിക്കൻ ഐക്യ നാടുകളിലെ കാലിഫോർണിയ പ്രദേശത്ത് നടന്ന ഭീകരതാണ്ഡവം മറക്കാറായിട്ടില്ലല്ലോ. വിദേശത്തു നിന്നും കുടിയേറിപ്പാർത്തവർ സമൂഹത്തിന്റെ സാമ്പത്തിക നിയന്ത്രണം കൈക്കലാക്കിയെന്ന ധാരണ പരന്നതാണ് കലാപമുണ്ടായതിന് കാരണം. ജനം ജനത്തിനെതിരായും സമൂഹം സമൂഹത്തിനെതിരായും, വ്യക്തികൾ വ്യക്തികൾക്കെതിരായും ശക്തി സംഭരിച്ച് പരസ്പരം വിനാശത്തിന് കരുക്കളൊരുക്കുന്ന ഇന്നത്തെ ലോകത്തിൽ സമാധാനമെവിടെ ? രക്ഷയെവിടെ? മനുഷ്യരാശിയിൽ ബഹുഭൂരിഭാഗവും രക്ഷയിൽ നിന്നകന്ന് പ്രതീക്ഷ ഇല്ലാത്തവരായി തമ്മിൽത്തമ്മിൽ മല്ലടിക്കുമ്പോൾ, യേശു മിശിഹാ നൽകുന്ന രക്ഷയുടെ പ്രതീക്ഷ ഇന്നത്തെ സമൂഹത്തിനു മുമ്പിൽ -അവർ ലോകത്തിന്റെ ഏതു ഭാഗത്തുള്ളവരായാലും എത്രമാത്രം പ്രസക്തമാണെന്ന ചോദ്യം ഉയർന്നു നിൽക്കുന്നു. അപകട നില ഉയർന്നു വരുമ്പോഴാണ് മിശിഹാ പ്രതീക്ഷ പ്രസക്തമാകുന്നതെന്ന വിശ്വാസ ദർശനമുള്ളവർ ആരൊക്കെയെന്ന വെല്ലുവിളി നമ്മുടെ മുമ്പിലും ഉയർന്നുകൊണ്ടിരിക്കുകയാണ്.

യേശു ജീവിച്ചിരുന്ന കാലത്തെന്നപോലെ, ദൈവത്തിന്റെ തെരഞ്ഞെടുപ്പു ലഭിച്ച ചെറുഗണത്തിന്റെ ഉയിർത്തെഴുന്നേൽപ്പാണ് ഇന്ന് ലോകം പ്രതീക്ഷിക്കുന്നത്. അവർക്ക് ആരോടും സ്പർദ്ധയില്ല. സ്വന്തമായി നേടിയെടുക്കാൻ ആഗ്രഹങ്ങളുമില്ല. സമൂഹത്തിനുവേണ്ടി ചെറുതും വലുതുമായ ത്യാഗങ്ങൾ ഏറ്റെടുക്കാൻ തയ്യാറായിരിക്കുന്നു. എല്ലാവരെയും സ്നേഹിക്കുന്നു, ശത്രുക്കളെപ്പോലും. സമൂഹത്തിന്റെ മുഴുവൻ ഉന്നതിക്കായി സ്വയം സമർപ്പിക്കാൻ അഹമഹമികയാ അവർ മുന്നോട്ടു വരുന്നു. ഇതാണ് യേശുവിന്റെ ഉത്ഥാനശേഷം പരിശുദ്ധാത്മാവിനെ പ്രാപിച്ച ശിഷ്യന്മാരിൽ സംഭവിച്ചത്. അവരെ മുന്നിൽ കണ്ടുകൊണ്ടാണ്, 'എല്ലാ ജനതയ്ക്കും വെളിച്ചവും ഇസ്രായേലിന് മഹിമയുമെന്ന്' ശിമയോൻ ദീർഘദർശി പ്രവചിച്ചത്. ഇതിന് പുതിയ ഇസ്രായേലായ സഭയിൽ നിറവേറണമെന്ന് ദൈവം ആഗ്രഹിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹമാണ് സഭയെന്നതിനാൽ, അവരുടെ ത്യാഗാർപ്പണത്തിൽ സഭ മഹിമപ്പെടുന്നു.

യേശുവിനെ അനുകരിച്ചുള്ള സ്നേഹസാക്ഷ്യം സഭക്കു പുറത്തുള്ളവർക്ക് മാർഗ്ഗദർശനമാകണമെന്നും യേശു ആഗ്രഹിക്കുന്നു. ക്രിസ്തുവിനെ പിൻ ചെന്ന് വിപരീത സാഹചര്യങ്ങൾ ഉണർത്തിവിടുന്ന വെല്ലുവിളി നേരിടുവാൻ തയ്യാറാകുന്നവർ ലോകത്തിന് സമഗ്രമായ രക്ഷ ഒരുക്കിക്കൊടുക്കുമെന്നാണ് യേശുമിശിഹാ നൽകുന്ന പ്രതീക്ഷ. യേശുവിലൂടെയുള്ള സാർവത്രിക രക്ഷ, തെരഞ്ഞെടുക്കപ്പെട്ട ചെറിയ അജസമൂഹം വേണം. ഓരോ പ്രദേശത്തും സംലഭ്യമാക്കിക്കൊടുക്കുവാൻ.

***എഫ്ഫാത്ത, 1996***

www.malankaralibrary.com

# II
# ഭൂമിയിൽ സമാധാനം

**മിശിഹാ ദൈവത്തിന്റെ വാഗ്ദാനം**

ഓരോ ശിശുവിന്റെയും ജനനത്തിൽ, ദൈവം ലോകത്തിനു ഒരു വാഗ്ദാനം നല്കുകയാണ്. എങ്കിൽ യേശുവിന്റെ ജനനം എത്രയോ വലിയ വാഗ്ദാനമായിരിക്കും. ദൈവത്തിന്റെ ഏകജാതൻ മനുഷ്യനായി ജനിക്കുന്നതിൽപ്പരം വേറൊന്നും വലുതായില്ല. ആദ്യമനുഷ്യരായ ആദാമും ഹൗവായും മുതലുള്ളവർ കാത്തിരിക്കുകയായിരുന്നു, ഒരു രക്ഷകൻ ജനിക്കുമെന്ന്, പ്രവാചകൻമാർ എത്രയോ വ്യക്തമായും വിശദമായും അതേപ്പറ്റി മുൻകൂട്ടി പറഞ്ഞിരിക്കുന്നു. ഏശായുടെ പ്രവചനം ശ്രവിക്കുക- "എന്തെന്നാൽ നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും."

വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്നു അവൻ വിളിക്കപ്പെടും (9/6) ദൈവം രാജാവായിക്കൊണ്ട് വരുത്തുന്ന മാറ്റങ്ങളെയാണല്ലോ ഇതിൽ സൂചിപ്പിച്ചിരിക്കുക. വളരെ മാറ്റങ്ങൾ, ദൈവം ഇതിൽ വാഗ്ദാനം ചെയ്യുന്നു. അതെല്ലാം സംഗ്രഹിച്ചുകൊണ്ടെന്നപോലെ പറയുന്നു, അവൻ സമാധാനത്തിന്റെ രാജാവ് എന്നു വിളിക്കപ്പെടുമെന്ന്. രാജാവായിരിക്കുന്നതുകൊണ്ടാണ്, അങ്ങനെ വിളിക്കപ്പെടുന്നത്. വെറും പേരിനു മാത്രം ഒരു രാജാവിനെ ആർക്കും ആവശ്യമില്ല. രാജാവിന്റെ ദൗത്യം സമാധാനം സ്ഥാപിക്കുകയെന്നതാണ്. നിത്യനായ പിതാവിന്റെ പേരിൽ ശക്തനായ ദൈവത്തെ വെളിപ്പെടുത്തി, വിസ്മയനീയ ഉപദേശം നൽകി. മനുഷ്യരുടെ മനസ്സിൽ വലിയ മാറ്റം വരുത്തിക്കൊണ്ടായിരിക്കും, ജനിക്കുവാനിരിക്കുന്ന രാജാവ് സമാധാനം സ്ഥാപിക്കുന്നത്. അങ്ങനെ വളരെ ദീർഘമായ കാലത്തെ പ്രതീക്ഷയുടെ ഫലമായി ജനിക്കുന്ന മിശിഹായുടെ ആഗമനം, എത്രയോ വലിയ വാഗ്ദാനമാണ് ലോകത്തിനു നല്കുന്നത്.



**വാഗ്ദാനത്തിന്റെ നിറവേറൽ**

ഈ വലിയ വാഗ്ദാനം, ദൈവം യേശുവിന്റെ ജനനത്തിൽ വെളിപ്പെടുത്തിത്തരികതന്നെ ചെയ്തു. തിരുവചനം പറയുന്നു- പെട്ടെന്നു വളരെ സ്വർഗ്ഗീയ സൈന്യങ്ങൾ, ദൂതനോടൊപ്പം കാണപ്പെട്ട്, ദൈവത്തെ സ്തുതിച്ചു: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സമാധാനം, മനുഷ്യർക്ക് പ്രത്യാശയും (ലൂക്കാ 2/13,14) സ്വർഗ്ഗത്തിൽനിന്ന് മാലാഖാമാർ ഇറങ്ങിവന്ന് അറിയിക്കുകയാണ് അത്യുന്നതങ്ങളിൽ അനുഭവപ്പെടുന്ന അവസ്ഥതന്നെ ഭൂമിയിലും സംഭവിക്കുമെന്ന്. ദൈവത്തെ എപ്പോഴും സ്തുതിച്ചു കൊണ്ടിരിക്കുകയാണ് സ്വർഗ്ഗത്തിലെ അനുഭവം. അത് വെറും സ്തുതിപാടലല്ല. ദൈവത്തിൽ എല്ലാവരുടെയും മനസ്സും ഹൃദയവും ഉറച്ചിരിക്കുന്നു. തല്ഫലമായി, സ്വർഗ്ഗത്തിൽ നിരന്തരം സമാധാനം അനുഭവപ്പെടുന്നു. അതേ സ്ഥിതി ഭൂമിയിലും സംജാതമാകുമെന്നാണ്, യേശുവിന്റെ ജനനത്തിൽ, ദൈവം ചെയ്യുന്ന വാഗ്ദാനം. മനുഷ്യർക്കെല്ലാം ഒരു വലിയ പ്രത്യാശനൽകികൊണ്ടാണ്, യേശു ജനിച്ചിരിക്കുന്നത്. അത് യഹൂദർ പ്രതീക്ഷിച്ചതിൽനിന്ന്, അധികം ഉന്നതവും വിശാലവുമാണ്. അവർക്കു മാത്രം ക്ഷേമം നൽകുന്ന ഒരു ലൗകിക രാജാവിനെയാണ്, അവർ കൂടുതലും പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ദൈവത്തിന്റെ ഏകജാതൻ മനുഷ്യനായി ജനിക്കുന്നതിന്റെ നല്ലഫലം ഒരു പ്രത്യേക ജാതിക്കുമാത്രമല്ല, ലോകം മുഴുവനിലുമുള്ള എല്ലാ മനുഷ്യർക്കുമാണ്. ഭൂമിയിൽ സമാധാനം സംസ്ഥാപിക്കുവാനാണ് യേശു ജനിച്ചത്. അതിന്റേതായ വലിയ പ്രതീക്ഷയിൽ മനുഷ്യരെല്ലാം ഒന്നിച്ചു കൂടാൻ ദൈവം ആവശ്യപ്പെടുന്നു. സ്വർഗ്ഗത്തിലെ സമാധാനത്തിന്റെ അവസ്ഥ ഭൂമിയിൽ അനുഭവവേദ്യമാക്കുക, എത്ര ആനന്ദകരമായ പ്രതീക്ഷയാണ്.

**വചനം അറിവിലൂടെ**

എന്നായിരിക്കും ഈ പ്രതീക്ഷ നിറവേറുന്നത്? യേശുവിന്റെ ജനനത്തിനുശേഷം ഭൂമിയിൽ എന്തെല്ലാം പരിവർത്തനം വന്നു കഴിഞ്ഞു. ശാസ്ത്രീയമായും സാങ്കേതികമായും മനുഷ്യൻ അതിവേഗം മുമ്പോട്ടു കുതിച്ചുകൊണ്ടിരിക്കയാണ്. അതിനനുസരിച്ച് ധാർമ്മികമായ പുരോഗതിയും ഉണ്ടാകേണ്ടേ? അങ്ങനെ സമഗ്രഹമായ പുരോഗതിയെപ്പറ്റി മനുഷ്യരെല്ലാം ഇന്ന് വളരെ ബോധവാന്മാരാണ്. ഒരു മനുഷ്യനും തന്റെ നേട്ടം തനിക്കായി മാത്രം ഒതുക്കിവയ്ക്കാനൊക്കുന്നില്ല. അറിവിന്റെയും

www.malankaralibrary.com

പ്രയോഗത്തിന്റെയും മേഖലയിൽ എന്തെങ്കിലും ഒരു പുതിയ കണ്ടുപിടിത്തം ഉണ്ടാകുകയാണെങ്കിൽ അതു ലോകത്തിലെ മനുഷ്യർക്കു മുഴുവൻ സംലഭ്യമാക്കുവാനാണ് ഏതൊരാളിന്റെയും ആഗ്രഹവും പരിശ്രമവും. ഇന്ന് ഓരോ മനുഷ്യനുമുള്ളത് എല്ലാവർക്കും ഉള്ളതായിത്തീരുന്നു. ശാസ്ത്രത്തിന്റെ ബൃഹത്തായ ഈ വിസ്ഫോടനം ദൈവം മനുഷ്യനിൽ നിക്ഷേപിക്കുന്ന ചൈതന്യത്തിന്റെ മഹത്തായ പ്രകാശനമാണ്. ലോകത്തിൽ തിൻമ ഏറിക്കൊണ്ടിരിക്കുന്നുവെന്ന് കരയുന്ന അവസരത്തിൽ, മനുഷ്യൻ എന്തുകൊണ്ട് നന്മയുടെ ഈ പ്രചുരപ്രചാരത്തിൽ സന്തോഷിക്കുന്നില്ല! മനുഷ്യന്റെ പ്രതീക്ഷകൾ നിറവേറുന്നതിന് ദൈവം നൽകിയിരിക്കുന്ന നല്ല അടിസ്ഥാനമാണ് ശാസ്ത്രസാങ്കേതികമായ വിജ്ഞാനമേഖലയിൽ നാം ദർശിക്കുന്നത്. ദൈവം സൃഷ്ടിയ വസ്തുക്കളെ അധികമധികം അറിയുകയും അറിയിക്കുകയും ചെയ്യുന്നത്, ദൈവത്തെ സ്തുതിക്കുകയാണ്. സ്വർഗ്ഗത്തിൽ മാലാഖമാർ ദൈവത്തിനു നൽകുന്ന സ്തുതിപ്പിൽ പങ്കുകൊള്ളുവാൻ ശാസ്ത്രീയ ജ്ഞാനം മനുഷ്യനെ മാടി വിളിക്കുന്നു. കാരണം, ദൈവത്തിന്റെ വചനമാണ് സൃഷ്ടവസ്തുക്കളിൽ പ്രകാശിക്കുന്നത്, ആ വചനപ്രകാശം കണ്ടെത്തുന്നതാണ് ശാസ്ത്രധർമ്മം. പ്രകാശം കണ്ടെത്തുമ്പോൾ, അതിന്റെ ഉറവിടത്തെ സ്തുതിക്കുകയല്ലേ ചെയ്യേണ്ടത്.

**യേശുവാകുന്ന വചനം**

എന്നാൽ ദൈവസ്തുതിപ്പിന് പലപ്പോഴും പ്രേരണയാകുന്നില്ല. എന്താണ് അതിനു കാരണം? സൃഷ്ടവസ്തുക്കളിലൂടെ വെളിപ്പെടുന്ന വചനത്തെ കണ്ടെത്തുവാൻ അവതരിച്ച വചനത്തെ പ്രാപിക്കണം. സൃഷ്ടികളിലൂടെയുള്ള ദൈവവെളിപാട് പൂർത്തിയാക്കുന്നത്, യേശുവാകുന്ന വചനത്തിലാണ്. സൃഷ്ടിയിൽ ദൈവത്തെ കണ്ടെത്തുവാൻ മനുഷ്യരിൽ ദൈവത്തെ കണ്ടെത്തണം; മനുഷ്യരിൽ ദൈവത്തെ ദർശിക്കുവാൻ, അവതരിച്ച വചനത്തിൽ വിശ്വസിക്കണം. സൃഷ്ടവസ്തുക്കളിലൂടെ ദൈവം മനുഷ്യനോട് ചെയ്യുന്ന സംഭാഷണം ബാഹ്യവേദി ഒരുക്കുന്നതേയുള്ളു. വേദിയിലെ സംവിധാനം നാടകത്തെപ്പറ്റി സംസാരിക്കുന്നുണ്ട്. എന്നാൽ നാടകം ദൃശ്യവും ശ്രാവ്യവുമാകുന്നത് അഭിനയിക്കുന്നവരെ ശ്രദ്ധിക്കുമ്പോഴാണല്ലോ. അതുപോലെ പ്രപഞ്ചമാകുന്ന വേദിയുടെ സംവിധാനം ശാസ്ത്രത്തിലൂടെ അറിയാമെങ്കിലും അതിൽ സ്പന്ദിക്കുന്ന ദൈവികജീവൻ അനുഭവവേദ്യമാകുന്നത് അവതരിച്ച വചനമായ യേശുവിനെ ശ്രവിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുമ്പോഴാണ്. യേശുവിൽ വിശ്വസിക്കുന്നവർ, പ്രപഞ്ചത്തിൽ ഒളിഞ്ഞിരിക്കുന്ന ദൈവവചനം തിരിച്ചറിയുന്നു, കാരണം യേശുവിൽ ഒളിഞ്ഞു നില്ക്കുന്ന വചനത്തോടെ ഐക്യപ്പെടുന്നുവെന്നതുതന്നെ, പ്രപഞ്ചവേദിയിലെ അലങ്കാരത്തിൽ മാത്രം കണ്ണുകൾ ഒതുക്കി നിർത്തി അവിടെ സംഭാഷിക്കുന്ന യേശുവിൽ ശ്രദ്ധിക്കാതിരിക്കുന്നവർക്ക് ദൈവത്തെ സ്തുതിക്കാനാവില്ല. ദൈവത്തെ നേരിൽ നിൽക്കുന്ന ആളായി തിരിച്ചറിയാത്തവന് എങ്ങനെ സ്തുതിക്കുവാൻ സാധിക്കും.

**സമാധാനത്തിന്റെ സംസ്ഥാപനം**

ദൈവത്തെ, തിരിച്ചറിയുന്ന മാലാഖമാർ സ്തുതിക്കുന്നു. അവരോടൊപ്പം നില്ക്കുന്ന മനുഷ്യരില്ലേ? അവർ യേശുവിനെ തിരിച്ചറിയുന്നവരാണ്. യുഗങ്ങളുടെ പ്രതീക്ഷയായ മിശിഹായെ കണ്ടെത്തി സമാധാനമടയുന്നവരാണ്. യേശുവിനെ, പുൽത്തൊട്ടിയിൽ ആട്ടിടയന്മാർ തിരിച്ചറിഞ്ഞു, ബേതലഹേം നഗരത്തിൽ മൂന്നു രാജാക്കന്മാർ കണ്ടറിഞ്ഞു സന്തോഷിച്ചു. അതുപോലെ എത്ര ലക്ഷങ്ങൾ യേശുവിൽ വിശ്വസിച്ചിരിക്കുന്നു, സമാധാനം പ്രാപിച്ചിരിക്കന്ന മനുഷ്യരുടെ പ്രത്യാശയായി യേശുവിന്റെ നക്ഷത്രം എപ്പോഴും ഉയർന്നു നില്ക്കുന്നു. എങ്കിലും ഭൂമിയിൽ സമാധാനം ഇന്നും കൈവന്നിട്ടില്ല. എന്തായിരിക്കും അതിന്റെ കാരണം? യേശുവെന്ന വ്യക്തിയെ കണ്ടെത്തിയാൽ പോരാ, അവതരിച്ച വചനത്തെ ദർശിക്കണം. സൃഷ്ടപ്രപഞ്ചത്തിന്റെ മുഴുവൻ ആധാരമായ വചനം, മനുഷ്യർക്കു മുഴുവനും, മികവുള്ള ദൈവഛായ നൽകുന്ന അവതരിച്ച വചനം ഓരോ മനുഷ്യനും വഴിയും സത്യവും ജീവനുമായിരിക്കുന്ന യേശു പ്രപഞ്ചത്തിന്റെ മുഴുവൻ കേന്ദ്രമാകണം, മനുഷ്യരുടെ മുഴുവൻ മാതൃകാചൈതന്യമാകണം, ഓരോ മനുഷ്യവ്യക്തിയുടെയും ഹൃദയത്തിലെ പൂജാവിഗ്രഹമാകണം. അതാണ് സ്വർഗ്ഗത്തിൽ സംഭവിക്കുന്നത്. എല്ലാം അവിടെ വചനമായ ക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്നു. അതേ അനുഭവം ഭൂമിയിലും ഉണ്ടാകുമെന്നാണ് ദൈവത്തിന്റെ വാഗ്ദാനം, അത് സാക്ഷാത്കൃതമാകുമെന്നാണ് ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ പ്രതീക്ഷ.

*മലങ്കരബാലൻ, 1991 ഡിസംബർ*

www.malankaralibrary.com

# 12

# വചനഭാഷ്യത്തിന് ഒരു സമന്വയ മാതൃക

മാർ ഗ്രീഗോറിയോസ് പിതാവ് ആവർത്തിച്ച് പറഞ്ഞിരുന്ന ഒരു ഉദ്ധരണിയായിരുന്നു. ബൃഹദാരണ്യകോപനിഷത്തിൽ നിന്നുള്ള 'അസതോ മാ സത് ഗമയാ.....' എന്നു തുടങ്ങുന്ന മഹാവാക്യം. ഭാരതത്തിലെ ഋഷികൾ പ്രാർത്ഥിച്ചിരുന്നു. അസത്യത്തിൽ നിന്ന് സത്യത്തിലേക്കും അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കും മരണത്തിൽ നിന്ന് ജീവനിലേക്കും നയിക്കണമെയെന്ന്. അതിന് ദൈവം നല്കിയ ഉത്തരമാണ് യേശുക്രിസ്തു. അവിടുന്ന് ഉത്തരമായി സ്വയം വെളിപ്പെടുത്തി, ഞാൻ വഴിയും സത്യവും ജീവനുമാണെന്ന് വെളിപ്പെടുത്തിയതാകട്ടെ ഭാരതത്തിന്റെ അപ്പസ്തോലനായ വിശുദ്ധ തോമാശ്ലീഹാ അപേക്ഷിച്ചതിന് മറുപടിയായും. അദ്ദേഹം പറഞ്ഞു. "കർത്താവേ എങ്ങോട്ടാണ് നീ പോകുന്നതെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി എങ്ങനെ അറിയും(യോഹ. 14:5)" ഭാരത മഹർഷിമാർ പ്രാർത്ഥിച്ചതും ഇതുതന്നെയാണെന്ന് മാർ ഗ്രീഗോറിയോസ് പിതാവ് ചേർത്തുവയ്ക്കുന്നു. തോമ്മാശ്ലീഹായുടേത് ഹൃദയത്തിൽ നിന്നുള്ള ഒരു എളിയ അപേക്ഷ, മഹർഷിമാരുടേയോ നീണ്ട മനനധ്യാനങ്ങളുടെ അന്ത്യഫലവും. ഭാരത സംസ്ക്കാരത്തിന്റെ നീണ്ട അന്വേഷണത്തിന്റെ സമഗ്രരൂപമാണ്, 'അസതോ മാ സത് ഗമയാ' എന്നു തുടങ്ങുന്ന മഹാവാക്യം. ഭാരതത്തിന് തോമ്മാശ്ലീഹാ സുവിശേഷം അറിയിച്ചപ്പോൾ ഈ നീണ്ട അന്വേഷണത്തിന് പ്രത്യുത്തരം നല്കുകയാണ് ചെയ്തത്. യേശു ക്രിസ്തു നല്കിയ സുവിശേഷത്തിന്റെ രത്ന ചുരുക്കമാണ്, 'ഞാൻ വഴിയും സത്യവും ജീവനും ആണ് ' എന്നത്. ഭാരതത്തിന്റെ ഹൃദയദാഹത്തിന് ഉപശമനമാണ് യേശുക്രിസ്തുവും. ദൈവവചനത്തിന്റെ ആവിഷ്കൃത രൂപത്തിന് ഒരു സംക്ഷേപമാണ്. ഞാൻ വഴിയും സത്യവും ജീവനുമാണ് എന്ന മഹാവാക്യം.

ഭാരതത്തിന്റെ ഗവേഷണം അസ്തിത്വപരമാണ്. മനുഷ്യൻ രൂപം കൊടുത്തെടുക്കുന്ന സത്യമല്ല, അതിന്റെ പ്രമേയം. അത് ദൈവം



നല്കിയ അസ്തിത്വത്തിന്റെ പുനഃപ്രകരണമാണ്. 'സത് ' ഉണ്മയാണ്. 'അസത്' അതിന്റെ വിരുദ്ധ ഭാവവും. മനുഷ്യൻ അസ്തിത്വനിഷേധത്തിന്റെ സമസ്യയിൽ മുഴുകിക്കിടക്കുകയാണ്, അത് അന്ധകാരമായും മരണമായും അവന് പ്രത്യക്ഷപ്പെടുന്നു. മനുഷ്യൻ ആണ്ടിരിക്കുന്നത് അസ്തിത്വപരമായ വൈരുദ്ധ്യത്തിലാണ്. സത്തും അസത്തും തമ്മിലും, ഇരുട്ടും വെളിച്ചവും തമ്മിലും മരണവും ജീവനും തമ്മിലും ഉള്ള വൈരുദ്ധ്യത്തിൽ നിന്ന് രക്ഷപ്പെടുത്തണമെയെന്ന്, അസ്തിത്വത്തിന്റെ ഉടമയായ ദൈവത്തോട് അവൻ പ്രാർത്ഥിക്കുകയാണ്. ഇതാണ് ഭാരതത്തിന്റെ സത്യാന്വേഷണത്തിന്റെ അടിസ്ഥാനഭാവം. സത്തയുടെ പ്രകാരങ്ങളാണ് വെളിച്ചവും ജീവനും. ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചപ്പോൾ തന്റെ ഉണ്മയെ വെളിപ്പെടുത്തുകയായിരുന്നു. ദൈവം പ്രഥമതഃ വെളിച്ചം ഉണ്ടാകട്ടെയെന്ന് കല്പ്പിച്ചു, അത് ഉണ്ടായി. പിന്നീട് ജീവനും ഉണ്ടായി. വചനത്തിന്റെ ആവിഷ്കൃതഭാവങ്ങളാണ് സത്യവും, പ്രകാശവും, ജീവനും. അത് മനുഷ്യന് ദൈവം സമഗ്രമായ മറുപടിയായി നല്കി. എന്നാൽ അപൂർണ്ണമായി മാത്രം അതിന്റെ പൂർണ്ണത, ഓരോ മനുഷ്യനും ബോധപൂർവ്വം അന്വേഷിച്ച് സ്വീകരിക്കേണ്ടതാണ്. ആദ്യരൂപം ദൈവസൃഷ്ടിയായിരിക്കുന്നതുപോലെ അനന്തരഭാവങ്ങളും ദൈവത്തിന്റെ ദാനങ്ങളാണ്. ദൈവം എല്ലാം വചനത്തിലൂടെ ദാനമായി നല്കുന്നു. ഈ ദാനം സ്വീകരിക്കുവാൻ മാനവരാശി ഒരുക്കപ്പെടേണ്ടതുണ്ട്. ഓരോ മനുഷ്യനെയും ഒരുക്കിയെടുക്കുന്നതും ദൈവം തന്നെ. അതാണ് വിശുദ്ധഗ്രന്ഥം നമുക്ക് വിവരിച്ചു തരുന്നത്. ദൈവം ഇസ്രായേൽ ജനത്തെ തെരഞ്ഞെടുത്ത്, ഒരുക്കിയെടുത്തു. ദൈവജനത്തിന്റെ പ്രാഗ്രൂപമാണ് ഇസ്രായേൽ. ദൈവം അവരിലൂടെ നടത്തിയ നീണ്ട ആത്മാവിഷ്കരണം പൂർത്തീഭാവം പ്രാപിക്കുന്നത് മനുഷ്യൻ മനനധ്യാനത്തിലൂടെ നടത്തിയ അന്വേഷണവുമായി ഒത്തുചേരുമ്പോഴാണ്. ദൈവാവിഷ്കരണവും മനുഷ്യാന്വേഷണവും സംഗമിക്കുന്നത്, യേശുക്രിസ്തുവിലാണ്. അതാണ് മനുഷ്യരാശിക്കു ലഭിച്ച അടിസ്ഥാന സദ്വാർത്ത. അതിൽ ദൈവവും മനുഷ്യനും ഒന്നിച്ചുചേരുന്നു. ഈ ഒന്നിച്ചുചേരലിന് ദൈവം മനുഷ്യരെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ആ ക്ഷണം സ്വീകരിക്കുന്നതോടെ, മനുഷ്യൻ ഉൾപ്പെട്ടു കുരുങ്ങിക്കിടക്കുന്ന വൈരുദ്ധ്യഭാവങ്ങളിൽ നിന്ന് രക്ഷ പ്രാപിക്കുന്നു. ദൈവത്തിൽ നിന്ന് പുറപ്പെട്ടു വരുന്നതാണ് ഉണ്മയും, പൊരുളും, ഉയിരും. അവയുടെ വിരുദ്ധ ഭാവങ്ങളുമായി സങ്കരപ്പെട്ടു കിടക്കുന്നതാണ്

www.malankaralibrary.com

സംസാരാനുഭവം. നന്മയും തിന്മയും സങ്കീർണ്ണപ്പെട്ടുകിടക്കുന്നതാണ് ലോകം, എന്ന് നാം എളുപ്പത്തിൽ വ്യാഖ്യാനിച്ചു പറയും. ഈ സങ്കീർണ്ണതയാണ് മനുഷ്യാസ്തിത്വത്തിന്റെ അടിസ്ഥാന സമസ്യ. ഇതാണ്, മനുഷ്യൻ അനുഭവിക്കുന്ന അപൂർണ്ണതയുടെ ആധാരഹേതു. അതിൽ നിന്ന് രക്ഷപ്പെടുകയെന്നത് വെറും സിദ്ധാന്തപരമായ പ്രശ്നമല്ല. മനുഷ്യന് ശാസ്ത്രീയമായി അതിന് ഉത്തരം കണ്ടെത്താനാവുകയില്ല; ഉത്തരം പ്രയോഗത്തിൽ വരുത്തുന്നതിനും സാധ്യമല്ല. മനുഷ്യൻ ബുദ്ധികൊണ്ട് കണ്ടെത്തുന്നത് അടിസ്ഥാനാസ്തിത്വത്തിന്റെ ഉപരിഭാവങ്ങൾ മാത്രം. അവ എത്രമേൽ കണ്ടെത്തിയാലും അടിസ്ഥാന പ്രശ്നത്തിന് പരിഹാരമാകുന്നില്ല. അസ്തിത്വവും പ്രകാശവും ജീവനും ആദ്യമേ നല്കിയ ദൈവം തന്നെ അതിന്റെ അപൂർണ്ണതയിൽ നിന്ന് ഉരുത്തിരിയുന്ന അടിസ്ഥാന സമസ്യയ്ക്കും ഉത്തരം വെളിപ്പെടുത്തിത്തരേണ്ടത് ആവശ്യമായിരിക്കുന്നു. അതാണ് സൃഷ്ടിയുടെ ആധാരതത്വമായ വചനം മനുഷ്യന് ആവിഷ്കൃതമാകണമെന്നു പറയുന്നതിന്റെ ഉൾപ്പൊരുൾ. അസ്തിത്വത്തിന്റെ ഉപരിഭാവങ്ങളിലൂടെ പുരോഗമിക്കുന്ന മനുഷ്യൻ, അടിസ്ഥാന സമസ്യയ്ക്ക് പരിഹാരം ഉണ്ടാക്കുന്നതിനു പകരം. പ്രശ്നം അധികമധികം സങ്കീർണ്ണമാക്കിക്കൊണ്ടിരിക്കുന്നു. ആണവവിദ്യകൊണ്ട് കൈയ്യാങ്കളി നടത്തുന്ന മനുഷ്യൻ ഈ സങ്കീർണ്ണതയുടെ മുമ്പിൽ പകച്ചു നില്ക്കുകയാണ്. അല്ല, ദൈവം സൃഷ്ടിച്ചുയർത്തിയ ലോകത്തെ നിഗ്രഹിക്കുവാൻ ഓങ്ങി നില്ക്കുകയാണ് മനുഷ്യൻ. ഉണ്മയും പൊരുളും, ഉയിരും, മനുഷ്യന് തച്ചുടയ്ക്കുന്ന കളിപ്പാട്ടമായി ത്തീരുകയാണോ.. ?

മനുഷ്യൻ പടച്ചു വച്ച മരണത്തിന്റെ വിശ്വരൂപം. ഇന്ന് അവനെ പേടിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അസത്തും, അന്ധകാരവും മരണവും ആധുനിക മനുഷ്യനെ ഏറ്റം ഭയപ്പെടുത്തുന്നു. സത്തും ജ്യോതിസ്സും ജീവനും വകതിരിച്ച് കണ്ടെത്താൻ മനുഷ്യന് സാധിക്കുന്നില്ല. അവൻ സത്തയായി സ്വീകരിക്കുന്നത് അതിന്റെ എതിർ രൂപത്തെയാണ്, വെളിച്ചമായി കാണുന്നത് ഇരുട്ടിനേയും, ജീവനായി ആശ്ലേഷിക്കുന്നത് മരണത്തേയും. അവൻ യഥാർത്ഥമായ സത്യത്തിൽ നിന്നും പ്രകാശത്തിൽ നിന്നും അകന്നകന്നു പോകുന്നു. മനുഷ്യൻ എന്നും സ്വീകരിച്ചു പോകുന്നത് അസ്തിത്വത്തിന്റെ മിഥ്യാഭാവങ്ങളെയാണ്. അവൻ വെളിച്ചം വെടിഞ്ഞ് ഇരുട്ടിൽ വഴുതിവീഴുന്നു. ജീവനെ പുല്കുന്നു എന്ന ഭ്രമത്തിൽ മരണസംസ്ക്കാരം കെട്ടിപ്പടുക്കുന്നു. പ്രയോഗത്തിൽ,



മനുഷ്യൻ ഏതൊരു പ്രപഞ്ചത്തിൽ നായകനായി സൃഷ്ടിക്കപ്പെട്ടുവോ അതിന്റെ അടിമയായി സ്വയം തീർത്തുവച്ചിരിക്കുന്നു. ഇന്നും പ്രപഞ്ചവസ്തുക്കളെ തിരിച്ചറിഞ്ഞ് എടുത്തുപയോഗിക്കുന്നതിലൂടെ ഓരോ മനുഷ്യവ്യക്തിയും ഏതോ രീതിയിൽ പ്രപഞ്ചത്തിന്റെ ഉടയവനാണെന്ന് സ്വയം അഭിമാനിക്കുന്നു. എന്നാൽ അത് ഒരു മിഥ്യാഭ്രമം മാത്രം. പ്രപഞ്ചവസ്തുക്കളെ കൈകാര്യം ചെയ്യുന്നതിന് മനുഷ്യൻ ഒന്നിച്ചു വരുമ്പോൾ ഏതൊന്നിനെ ഉപയോഗിക്കുന്നുവോ അതിന്റെ അടിമയായിത്തീരുന്നു. വസ്തുക്കൾ നല്കുന്ന സുഖവും സന്തോഷവും അവന്റെ സമനില തെറ്റിക്കുന്നു. ആദാമിനും ഹവ്വായ്ക്കും സമനില തെറ്റിയതായി ഉല്പത്തി പുസ്കത്തിൽ പറയുന്നുണ്ട്. അവിടെ പാപം ഉത്ഭവിച്ചു. പാപത്തിന്റെ ശക്തിക്ക് മനുഷ്യൻ അധീനനായി. ഈ അടിമത്തത്തിന്റെ കഥ, മനുഷ്യൻ പെരുകുന്നതും വളരുന്നതും അനുസരിച്ച് കൂടുതൽ രൂക്ഷഭാവമാർന്നുകൊണ്ടിരിക്കുന്നു. ഈ അവസ്ഥയിലാണ് അസത്യത്തിൽ നിന്നും അന്ധകാരത്തിൽ നിന്നും മരണത്തിൽ നിന്നും വിമോചിപ്പിക്കണമെന്ന് മനുഷ്യൻ പ്രാർത്ഥിക്കുന്നത്. ആ പ്രാർത്ഥന ദൈവം ശ്രവിച്ചു. അതിന്റെ പ്രത്യുത്തരമാണ് മനുഷ്യനായി അവതരിച്ച ദൈവചനം. ഏതൊരു വചനത്തിലൂടെ ലോകം മുഴുവൻ സൃഷ്ടിക്കപ്പെട്ടുവോ ആ വചനം മനുഷ്യനായി, മനുഷ്യരുടെ മധ്യേ കൂടാരമടിച്ചു പാർക്കുന്നു.

***മലങ്കരബാലൻ, 1999 ജനുവരി***

www.malankaralibrary.com

# 13

# വചനജനനവും സഭാനുഭവവും

വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകരും കൈമാറി തന്നതാണ് ഇന്നും നാം പരിചരിക്കുന്ന തിരുവചനം എന്ന് വി. ലൂക്കാ തന്റെ സുവിശേഷത്തിൽ പറയുന്നു. അവർ ദർശിച്ചു ഗ്രഹിച്ചു. അനുഭവിച്ചു. ആ ജീവന്റെ വചനം ലിഖിത രൂപത്തിൽ പകർത്തുന്നവർ പറഞ്ഞു കൊടുത്തു. അതിലെല്ലാം ദൈവത്തിന്റെ ആത്മാവ് നിറഞ്ഞു നിന്നു. അതേ ആത്മാവ് ഇന്നും വചനം പാരായണം ചെയ്യുന്നവരിലും ശ്രവിക്കുന്നവരിലും പിന്നീട് തങ്ങളുടെ ജീവിതത്തിൽ പരാവർത്തനം ചെയ്യുന്നവരിലും കൂടെ നിൽക്കുന്നു. ഇന്നും നാം വചനം കൈകാര്യം ചെയ്യുമ്പോൾ അതേ ദൈവാത്മാവിന്റെ സംബന്ധവും സഹവാസവും അനുഭവിച്ചറിയുന്നു. ആ വചനത്തിൽ ഉൾപ്പെടുന്നവർ ഒരു സമൂഹമായി ദൈവജീവനിൽ ഭാഗഭാക്കുകളാകുന്നു. ഈ സമൂഹമാണ് സഭ. അതിൽ അംഗങ്ങളായിരിക്കുന്നവർ ദൈവ ജീവനിൽ ഒന്നിച്ചു ചേർന്ന് ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളായി കാലാരംഭം മുതൽ സംഭവിച്ചതൊക്കെയും ഇന്നു അനുഭവിച്ചറിയുന്നു. ഈ അനുഭവസാക്ഷ്യത്തിലേക്കാണ് ഓരോ തിരുസംഭവാനുസ്മരണയിലും സഭ തന്റെ മക്കളെ വിളിച്ചടുപ്പിക്കുന്നത്.

യേശുവിന്റെ ജനനാനുസ്മരണയിൽ പങ്കു ചേരുമ്പോൾ നിത്യവും, ഉദാത്തവും ജീവദായകവുമായ വചന സംഭവത്തിലേക്കാണ് നാം പ്രവേശിക്കുന്നത്. ദൈവം വചനത്തിന്റെ ഉത്ഭവം തന്നെ. യേശുവിന്റെ മഹാസംഭവത്തെ മൂന്നു തലങ്ങളിൽ സഭാസുതൻ അനുഭവിച്ചറിയുന്നു. പിതാവിന്റെ വക്ഷസ്സിലെ ഏകജാതന്റെ നിത്യജനനം ആണ് എന്നും ജീവിക്കുന്ന ജീവസംഭവം. അതിന്റെ പ്രകാശത്തിലേക്ക് വിശ്വസിക്കുന്നവർ വിളിക്കപ്പെടും. ആടുകളെമേയിച്ചിരുന്ന ഇടയൻമാർക്കാണ് ജനനത്തിന്റെ പ്രകാശം പ്രത്യക്ഷമായത്. ലോകസൃഷ്ടിയിൽ പ്രത്യക്ഷമായ പ്രകാശം ശരീരം ധരിച്ചപ്പോൾ അത് നീതി സൂര്യനായി എന്നും ഉയർന്നു നിൽക്കുന്നു. പിതാവിന്റെ ഏകജാതന്റെ ശരീരപ്രകാരമുള്ള ജനനം വീണ്ടും പ്രകാശിക്കുന്നു, സഭയുടെ ഓരോ സമൂഹത്തിലും



അത് നാം ഓരോ വർഷവും അനുസ്മരിക്കുന്നു. ഈ മഹാസംഭവത്തിന്റെ പ്രകാശത്തിലേക്കാണ് നാം വിളിക്കപ്പെടുന്നത്.

പ്രകാശത്തിലേക്ക്, തെരഞ്ഞെടുക്കപ്പെട്ടവരാണ് വിളിക്കപ്പെടുന്നത്. സൃഷ്ടിയുടെ പ്രകാശം എല്ലാ മനുഷ്യർക്കുമുള്ളതാണ്. പക്ഷേ, ആ പ്രകാശത്തിന്റെ ഉൾക്കരുത്ത് മനുഷ്യൻ അവഗണിക്കുന്നു. അതുകൊണ്ട് ദൈവം ഓരോകാലത്ത് തനിക്കിഷ്ടമുള്ളവരെ വേർതിരിച്ച് വിളിച്ചടുപ്പിക്കുന്നു. അബ്രഹാം അങ്ങനെ വിളിക്കപ്പെട്ടവനാണ്, മോശയും ദാവീദുമെല്ലാം. എന്നാൽ അവരുടെ പിൻതലമുറക്കാർ വചനത്തിന് എതിരായി നിന്നു. അതുകൊണ്ട് അവരിൽ നിന്നും ഒരു പ്രത്യേക ഗണത്തെ ദൈവം തെരഞ്ഞെടുത്തു. ഇടയ്ന്മാർ ആ ഗണത്തിൽപ്പെടുന്നു. യേശു ബേത്‌ലഹേമിൽ ജനിച്ചപ്പോൾ വളരെയേറെയാളുകൾ, ദാവീദിന്റെ ആ നഗരത്തിൽ വന്നു കൂടിയിരുന്നു. ദൈവനടത്തിപ്പിൽ ശിശു ജനിച്ചത് നഗരത്തിന്റെ പുറത്ത് (യേശുവിന്റെ മരണവും അങ്ങിനെ ആയിരുന്നല്ലോ) കാലിത്തൊഴുത്തിൽ യൗസേപ്പും മറിയവുമാണ് ആ മഹാസംഭവത്തിന് സാക്ഷിനിന്നതെങ്കിലും അവരുടെ കൂടെ നില്ക്കാൻ ഇടയൻമാരെ ദൈവം വിളിച്ചു കൊണ്ട് വന്നു. ഇന്നും അതുപോലെ വിളി നടക്കുന്നുണ്ട്. ജനനപ്പെരുനാളിന്റെ അനുസ്മരണയിൽ പള്ളിയിൽ കൂടുന്നവരെല്ലാം ഈ അനുസ്മരണയുടെ നിത്യ ചൈതന്യം പകർന്നുവെന്ന് വരില്ല. വിശ്വാസം കൊണ്ട് സ്വർഗ്ഗം വരെ ഉയരുവാൻ ഹൃദയമുരുകുന്നവർക്കേപറ്റൂ. ഇടയൻമാരുടെ പക്കലേക്ക് മാലാഖമാർ വന്ന് ശിശുവിന്റെ ജനനം സർവ്വ ലോകത്തിനും സദ്വാർത്തയായി അറിയിച്ചു. മാലാഖമാരുടെ സമ്മേളനത്തിലേക്ക് ഇന്നു വിശ്വാസികൾ വിളിക്കപ്പെടുന്നു.

മാലാഖമാർ പിതാവിന്റെ ഏകജാതന്റെ നിത്യജനനത്തിന് കൂട്ടു നില്ക്കുന്നവരാണ്. ആ ജനനത്തിന്റെ അർത്ഥമെന്തെന്ന് അവർ മനസ്സിലാക്കിയിരിക്കുന്നു. അവർ ഗ്രഹിച്ചത് മനുഷ്യർക്ക് പറഞ്ഞു കൊടുക്കുന്നു നിത്യവചനത്തിന്റെ മനുഷ്യജനനം ആദ്യം അറിയിച്ചത് മറിയാമിന്, പിന്നീട് യൗസേപ്പിന്. എല്ലാം മാലാഖമാർ തന്നെ, അറിയിക്കപ്പെട്ട വചനം ശരീരം ധരിച്ചു. അവതരിപ്പിച്ചതിന് അവർ സാക്ഷികളായി. അതിന്റെ പ്രകാശം, ദൈവദൂതൻമാരുടെ പ്രത്യക്ഷതയിൽ ഇടയൻമാർക്ക് വെളിപ്പെടുത്തപ്പെട്ടു. അവർ അത്ഭുതപ്പെട്ടു, ഭയപ്പെട്ടു. എന്നാൽ ഭയമെല്ലാം മാറിവന്നു. മാലാഖമാരുടെ സ്വർഗ്ഗീയഗാനത്തോടെ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ആലപിച്ചുകൊ

www.malankaralibrary.com

ണ്ടിരിക്കുന്ന മാലാഖമാർ ഒരു പുതിയ ഗാനത്തിന് തുടക്കമിട്ടു. സർവ്വ
ലോകത്തിനുമുള്ള ആ സന്തോഷഗാനം ഇടയന്മാർ ആദ്യമേ ശ്രവിച്ചു.
അവരുടെ ഹൃദയം ചൂടുപിടിച്ചു. ശരീരത്തിൽ ആരംഭിച്ചത് അവർ ഹൃദ
യത്തിൽ അനുഭവിച്ചറിഞ്ഞു. കർത്താവായ മിശിഹായുടെ ജനനത്തിൽ
അവർ ആനന്ദത്താൽ ആറാടി. മാലാഖമാരോടൊത്തു പാട്ടുപാടി. സ്വർഗ്ഗ
ത്തിൽ എന്നും മുഴങ്ങി നിൽക്കുന്ന നിത്യഗാനത്തിന് മനുഷ്യരും പങ്കു
ചേർന്നു. മാലാഖമാരും മനുഷ്യരും ഒന്നിച്ചു ദൈവത്തെ സ്തുതിച്ചു.
രക്ഷകന്റെ ജനനത്തിൽ ഇന്നും ദൈവമക്കൾക്ക് പങ്ക് ചേരുന്നു.

മാലാഖമാരുടെ ഗാനം മനുഷ്യർക്ക് സന്തോഷം പകരുന്നു.
കാരണം അവർ വചനത്തിന്റെ നിത്യജനനത്തിലാണ് പങ്കുചേരുന്നത്.
മാലാഖമാരുടെ ഗാനത്തിൽ പങ്കുചേരാനുള്ള ഹൃദയശുദ്ധി ആർക്കുണ്ട്?
മറിയാമിന്, യൗസേപ്പിന്, ഇടയൻമാർക്ക്, അവർ ശിശുവിനെകണ്ട് മിശി
ഹായാണെന്ന് വിശ്വസിച്ചു. മാത്രമല്ല ? ലോകാരംഭം മുതൽ എല്ലാ
ത്തിനും ജീവൻ നൽകുന്ന ദൈവമാണ് ജനിച്ചതെന്ന് അവർ തിരിച്ചറി
ഞ്ഞു. മാലാഖമാർ അറിയച്ചത് ശ്രദ്ധിക്കുക-" ഇതാ ദാവീദിന്റെ നഗര
ത്തിൽ ഇന്നു നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ മിശിഹാ
പിറന്നിരിക്കുന്നു." പിറന്നത് ദാവീദിന്റെ സുതനാണ്, മിശിഹായാണ്,
രക്ഷകനാണ്. എല്ലാറ്റിനുമുപരി പിതാവിന്റെ ഏകജാതനാണ്. ഇതെല്ലാം
ബോധ്യപ്പെട്ടവർക്കേ മാലാഖമാരുടെ ഗാനത്തിൽ ഹൃദയം തുറന്ന്
സംബന്ധിക്കുവാൻ സാധിക്കൂ. ഇതെല്ലാം മാലാഖമാർ നേരിൽ അനു
ഭവിക്കുന്നു. ജീവിക്കുന്നു. മനുഷ്യർക്ക് ഇന്നും ഓതിത്തരുന്നു, വെറും
അധരവ്യായാമമല്ല ഹൃദയ നൈർമ്മല്യത്തിൽ കന്യകാമാതാവിനോ
ടൊത്ത് സ്നേഹഗാനം പാടാനുള്ള സന്ദർഭമാണ് ജനനപ്പെരുനാൾ.

മാലാഖമാരുടെ ഗാനമിതാ, അത്യുന്നതങ്ങളിൽ ദൈവത്തിന്
സ്തുതി, ഭൂമിയിൽ സമാധാനം, മനുഷ്യർക്ക് പ്രത്യാശ. സ്വർഗ്ഗത്തിലെ
അനുഭവം ഭൂമിയിലേക്ക് കടന്നുവരുന്ന നിത്യവചനത്തിന്റെ ശരീരധാ
രണത്തിൽ. ആദിയിൽ ജീവൻ അനുഭവിച്ചറിയാത്ത ഭൂമി കലഹത്തി
ന്റെയും ഭിന്നതയുടെയും വേദിയായി മാറിയിരിക്കുന്നു. അതിന് മാറ്റം
വരുത്താനാണ് വചനം ശരീരം ധരിച്ചത്. സ്വർഗ്ഗത്തിൽ മാലാഖമാർ
ദൈവത്തെ സ്തുതിക്കുന്നതുപോലെ, ഭൂമിയിലും മനുഷ്യരും നിത്യ
നൂതന ഗാനം ആലപിക്കുമ്പോൾ ഭൂമി സമാധാനത്തിന്റെ രംഗമായി
മാറും. മാലാഖമാരോടൊത്ത് മനുഷ്യരും നൃത്തംവയ്ക്കും, നല്ല മന



സ്സുള്ളവർ, ഹൃദയത്തിൽ ദൈവത്തെ ദർശിക്കുന്നവർ ഗാനം ആലപിക്കും. കാരണം അവർക്ക് ഉള്ളിന്റെയുള്ളിൽ പ്രത്യാശയുണ്ട്.

ഇടയന്മാർ കണ്ടത് പുൽക്കൂട്ടിൽ കിടക്കുന്ന ശിശുവിനെ. പക്ഷേ, അവർ മിശിഹായെ രക്ഷകനെ, ഉടയതമ്പുരാനെ ആ ശിശുവിൽ ദർശിച്ചു നിർവൃതി പൂണ്ടു. ബാഹ്യമായി കണ്ടത് നിസ്സാരമായ അടയാളം ഹൃദയത്തിൽ ദർശിച്ചത് ദൈവരഹസ്യം. പാവപ്പെട്ടവർ പുതിയ ലോകത്തിനായി പ്രത്യാശിച്ചു. ഇന്നും ദൈവത്തെ സ്തുതിക്കുന്നവർ ഭൂമിയിൽ സമാധാനം അനുഭവിക്കുന്നു. നവ്യലോകത്തിനായി പ്രത്യാശവയ്ക്കുന്നു.

ഈ പാവപ്പെട്ടവരുടെ ആദ്യഗണമാണ് ഇടയൻമാരുടേത്. അവർ കണ്ടതും കേട്ടതും തിരിച്ചറിഞ്ഞതും, പരി. കന്യകമറിയം ഹൃദയത്തിൽ സൂക്ഷിച്ചുവച്ചു. എന്നാൽ മറിയാം ഹൃദയത്തിൽ സൂക്ഷിച്ചിരുന്നതാണ് ലൂക്കാ സുവിശേഷകൻ പറഞ്ഞു കൊടുത്തത്. യേശുവിന്റെ ഉത്ഥാന ശേഷം ആദിമസഭ കന്യകാ മാതാവിന്റെ നേതൃത്വത്തിൽ ജനനപ്പെരുന്നാൾ ആചരിച്ചുവെന്നു വേണം കരുതാൻ. ആ ശുശ്രൂഷയുടെ ഹൃദയമാകട്ടെ ജനനത്തിൽ മാലാഖമാർ ആലപിച്ചിരുന്ന ഗാനവും. യേശുവിന്റെ ജനനത്തിന്റെ വിവരണം കേൾക്കുവാൻ ചുറ്റും കൂടിയിരുന്ന വിശ്വാസികൾക്ക് അമ്മയുടെ അധരങ്ങളിൽ നിന്ന് അതു കേൾക്കുവാൻ ഭാഗ്യം സിദ്ധിച്ചു. ജനനത്തിൽ ദൈവത്തെ മഹത്വപ്പെടുത്തി മടങ്ങിപ്പോയ ഇടയന്മാരും യേശുവിന്റെ ഉത്ഥാനശേഷം വിശ്വാസിഗണത്തിൽ ഉൾപ്പെട്ടിരുന്നില്ലേ. അവരും തങ്ങളുടെ ഓർമ്മകൾ സമൂഹത്തിന്റെ മുമ്പിൽ നിരത്തി വച്ചില്ലേ? അതിന്റെ സാധ്യത തള്ളിക്കളയാനാവില്ല. അങ്ങനെ സഭയുടെ മുഴുവൻ പാരമ്പര്യമായി തീർന്ന ജനനസ്മരണയാണ് വി. ലൂക്കാ. സുവിശേഷത്തിൽ എടുത്തു ചേർത്തത്. ആദിമസഭയും വിസ്മയത്തോടെ "സർവ്വ ലോകത്തിനുമുള്ള സന്തോഷത്തിന്റെ സന്ദേശം" ഉൾക്കൊണ്ടു. അത് സഭയുടെ ജീവന്റെ ഭാഗമായി മാറി, വചനത്തിലൂടെ ജീവൻ പകർന്നു. ജീവന്റെ വചനം സഭയിലൂടെ വളർന്നു. ആ വളർച്ചയിലാണ് നാം ഇന്ന് എത്തി നിൽക്കുന്നത് . പകർന്നു പടർന്നതിന്റെ നല്ലഫലം നാം ഇന്ന് അനുഭവിക്കുന്നു.

'വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകരുമായവർ' എന്ന് ലൂക്കോസ് പറയുന്നവർ, സംഭവം കാണുകയും കേൾക്കുകയും ചെയ്തവർ മാത്രമല്ല, പ്രത്യുത വചനത്തെ ശുശ്രൂഷിച്ചിരുന്നവരുമാണ്- സഭ

www.malankaralibrary.com

യിൽ അവർ നിർവ്വഹിച്ച ജീവന്റെ അനുസ്മരണയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. ഇതിലെല്ലാം ദൈവാത്മാവ് സഭയെ ശക്തിപ്പെടുത്തി. പിതാവിന്റെ ഏകാജാതന്റെ നിത്യജനനത്തിലും കന്യകമറിയാമിൽ നിന്നുള്ള ശാരീരിക............... ജനനത്തിലും സഹവസിച്ച പരിശുദ്ധാത്മാവ് സഭയിലുള്ള വചനജനനത്തിലും സംബന്ധിക്കുന്നുണ്ട്. വെറും ചരിത്രപരമായ ഓർമ്മയ്ക്കപ്പുറം അനുസ്മരണയെ നിത്യാനുഭവമാക്കി ത്തരുന്നത് പരിശുദ്ധാത്മാവാണ്. ഇത് ജീവന്റെ അനുഭവമാണ്. പുതിയ ജനനമാണ്, വിശ്വാസികൾ പിതാവായ ദൈവത്തിന്റെ മക്കളും ഏകജാതന്റെ സഹോദരൻമാരും ആയിത്തീരുന്നത് സഭയിൽ എന്നും സംഭവിച്ചുകൊണ്ടിരിക്കുന്ന വചന ജനനത്തിലാണ്. യേശുവിന്റെ ജനനത്തിൽ വിശ്വാസികൾ വീണ്ടും ജനിക്കുന്നു. ഇതാണ് വിശ്വാസികളെ അവിശ്വാസികളിൽ നിന്ന് വേർതിരിക്കുന്ന സവിശേഷത. ഇന്ന് ക്രിസ്മസ് ലോകത്തിൽ ഒരു അചാരമാണ്. ഒരു വാർഷികാഘോഷത്തിന്റെ സന്ദർഭം. അതു വരുന്നു കടന്നു പോകുന്നു, നിലനില്ക്കുന്നില്ല. അതു കൊണ്ട് ലോകത്തിന് യഥാർത്ഥ ജീവന്റെ സുവിശേഷം ആകുന്നുമില്ല. എന്നാൽ വിശ്വാസികൾക്ക് ജനനപ്പെരുനാൾ ദൈവിക ജീവന്റെ പ്രസരണസന്ദർഭമാണ്. ആ ജീവൻ എല്ലാ മനുഷ്യരിലും പ്രസരിക്കുമ്പോൾ ഭൂമിയിൽ സമാധാനം വന്നു നിറയും ഇതാണ് നമ്മുടെ പ്രത്യാശ.

*ക്രൈസ്തവകാഹളം, 1997 ഡിസംബർ*



# 14
# പെസഹാ സംഭവങ്ങളിലൂടെ

പിന്നീട് അവർ ദൈവത്തെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്തുകൊണ്ട് എപ്പോഴും ദൈവാലയത്തിൽ ആയിരുന്നു. (ലൂക്കോ. 24, 53).

**സന്ദർഭം**

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം. കൈകൾ ഉയർത്തി അവരെ അനുഗ്രഹിക്കുന്ന അവസരത്തിലാണ് അവിടുന്ന് വിട്ടുപിരിഞ്ഞത്. ആ അനുഗ്രഹം തുടരുകയല്ലേ. ക്രിസ്തുമഹാപുരോഹിതനെന്നനിലയിൽ തുടർന്നു പ്രവർത്തിക്കുകയല്ലേ. അതിനുശേഷം സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു. ഇതും മൂലകൃതിയിൽ ബലിയർപ്പണത്തെയാണ് സൂചിപ്പിക്കുന്നത്. ദഹനബലിയുടെ കാര്യത്തിൽ ഇത് വ്യക്തമാണ്. ധൂപാർപ്പണത്തിൽ ധൂപം മേലോട്ടുയരുന്നുവല്ലോ. അവർ അവനെ ആരാധിച്ചു ക്രിസ്തുവെന്ന മഹാപുരോഹിതന്റെ ബലിയിൽ പങ്കുകാരായ ശിഷ്യരിലുണ്ടായ സ്വാഭാവിക പ്രതികരണം തന്നെ. ദൈവവുമായി തങ്ങളെ നിത്യമായി അനുരഞ്ജനപ്പെടുത്തുന്ന ബലിയിൽ ഭാഗഭാക്കുകളായതിന്റെ സന്തോഷമാണ് അവരുടേത്. ക്രിസ്തു അവരോട് ആവശ്യപ്പെട്ടിരുന്നു, തന്റെ ഓർമ്മയെ സജീവമായി നിലനിറുത്തുവാൻ. എങ്ങനെയായിരിക്കും അവർ അത് നിർവഹിക്കുക - ദൈവത്തെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്തുകൊണ്ട് എപ്പോഴും ദൈവാലയത്തിൽ ആയിരുന്നുകൊണ്ടുതന്നെ.

**വിവരണം**

ശിഷ്യരെ സംബന്ധിച്ചിടത്തോളം ദൈവാലയം യേശുവിനെ അനുസ്മരിപ്പിക്കുന്നു. യേശു തന്നെത്തന്നെ ദൈവാലയമായി ചിത്രീകരിച്ചിട്ടുണ്ട് (മർക്കോസ് 14, 58) ഇതാണ് യഹൂദരും ക്രിസ്തുശിഷ്യരും തമ്മിലുള്ള വ്യത്യാസം. യഹൂദർക്ക് അനുസ്മരിക്കുവാൻ ഒരു സജീവ ദൈവാലയമില്ല; ക്രിസ്ത്യാനികൾക്ക് ക്രിസ്തുവിന്റെ പ്രതീകമാണ് ദൈവാലയം. പെന്തക്കുസ്തായുടെ ശേഷവും ശിഷ്യൻമാർ യറുശലേം ദൈവാ

www.malankaralibrary.com

ലയത്തിൽ തുടരെ പോയിരുന്നു. അവർ എല്ലാദിവസവും ദൈവാലയത്തിൽ ഏകമനസ്സോടെ ദീർഘനേരം ചെലവിടുകയും വീട്ടിൽ ബലിയപ്പം മുറിക്കുകയും സന്തോഷത്തോടും ഹൃദയ നിഷ്കപടതയോടും ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തിരുന്നു (നടപടി 2, 46 -47) യറുശലേം ദൈവാലയത്തെപ്പറ്റിയാണ് ഇവിടെ പറഞ്ഞിരിക്കുന്നത്, ബലിയപ്പമെന്ന പേരിൽ വി. കുർബാനയെപ്പറ്റിയും. ദൈവത്തെ സ്തുതിച്ചുകൊണ്ട് സന്തോഷജീവിതത്തെ എടുത്തുകാണിച്ചിരിക്കുന്നു. മൂന്നുകാര്യങ്ങൾ നാമിവിടെ കാണുന്നു. ദൈവാലയം, വി. കുർബാന, ദൈവത്തിന് സ്തുതിപ്പ്. അവയുടെ സമാഹരണമായി ഇന്നത്തെ നമ്മുടെ വി. കുർബാനയുടെ ശുശ്രൂഷ രൂപംകൊണ്ടിരിക്കുന്നു. നമ്മുടെ ദൈവാലയങ്ങളിൽ അർപ്പിക്കപ്പെടുന്ന, ക്രിസ്തുവിന്റെ ബലിയെ അനുസ്മരിപ്പിക്കുന്ന സ്തോത്രയാഗമാണ് വി. കുർബാന. അതിൽ, പഴയ നിയമത്തിലെ വളരെ ബാഹ്യാചാരങ്ങളും പ്രതീകങ്ങളും നാം തുടരുന്നു, പുതിയ അർത്ഥത്തിലാണെന്ന് മാത്രം; ക്രിസ്തുവിന്റെ ജീവിതത്തെ, പ്രത്യേകിച്ച് പീഡാനുഭവവും മരണവും ഉയിർപ്പുമാകുന്ന പെസഹാരഹസ്യത്തെ, സജീവമായി അനുസ്മരിക്കുന്നു; സന്തോഷത്തിലും നിഷ്കപടതയിലും ജീവിതത്തിൽ ബലിയർപ്പിക്കുവാൻ പ്രേരണയും ശക്തിയും പ്രാപിക്കുകയും ചെയ്യുന്നു.

## പ്രായോഗികപാഠം

ദൈവാലയത്തിനു നാം കൊടുത്തുന്ന അർത്ഥമെന്താണ്. വിശുദ്ധ ശുശ്രൂഷകൾ നിർവഹിക്കുവാനുള്ള വെറുമൊരു സ്ഥലമോ കെട്ടിടമോ അല്ല അത്. അത് യേശു ക്രിസ്തുവിന്റെ തന്നെ പ്രതീകമാണ്. ക്രിസ്തുവെന്ന ദൈവാലയത്തിൽ പ്രവേശിച്ച് ക്രിസ്തുവിന്റെ ബലിയിൽ പങ്കുകൊള്ളുവാൻ സ്ഥലപരിമിതിയ്ക്കുള്ളിൽ കഴിയുന്ന നമുക്ക് ഒരു സ്ഥലമാവശ്യമായിരിക്കുന്നു. അവിടെ പ്രവേശിച്ച് ശുശ്രൂഷയിൽ പങ്കുകൊണ്ടുവെങ്കിലേ ക്രിസ്തുവിന്റെ ബലിയിൽ ഭാഗഭാക്കുകളാകുവാൻ നമുക്കു സാധിക്കുകയുള്ളൂ. നേരിട്ട് ആത്മാവിൽ ദൈവത്തോട് സമ്പർക്കപ്പെടാമെന്ന് പറയുന്നവർ ക്രിസ്തുവിന്റെ ദൈവാലയവും ബലിയുമൊന്നും ആവശ്യമില്ലെന്നു ശഠിക്കുകയാണ്, ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ തന്നെ നിഷേധിക്കുകയാണ്. പഴയനിയമത്തിൽ യഹൂദൻമാർക്കുണ്ടായിരുന്നതിനെക്കാൾ കൂടുതൽ ആവശ്യം നമുക്കാണ്



ദൈവാലയത്തെക്കൊണ്ട്, ക്രിസ്തുവിന്റെ അനുസ്മരണ അവിടെ നടക്കുന്നതുകൊണ്ട്.

സത്യാരാധകൻമാർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു. അത് ഇപ്പോൾതന്നെയുമാകുന്നു. (യോഹ, 4,23) അങ്ങനെ സത്യത്തിലും ആത്മാവിലും നാം ദൈവത്തെ ആരാധിക്കണം. പക്ഷേ അത് എങ്ങനെ സാധിക്കും. സത്യത്തിലും ആത്മാവിലും പിതാവിനെ ആരാധിച്ച ഒരു വ്യക്തിയുണ്ട്, പുത്രൻ, നമ്മുടെ കർത്താവായ യേശുക്രിസ്തുതന്നെ. അവിടുത്തെ ആരാധനയോടു ചേരുക നമുക്ക് കരണീയം. അതുകൊണ്ട് ക്രിസ്തു ബാഹ്യമായ ആചാരങ്ങളെയും പ്രതീകങ്ങളെയും എടുത്തുകളയുകയല്ല, പുതിയ അർത്ഥത്തിൽ ഉറപ്പിക്കുകയാണ് ചെയ്തത്. അതുകൊണ്ട് ദൈവാലയവും ശുശ്രൂഷയും നമുക്ക് ആവശ്യമായിരിക്കുന്നു. ദൈവാലയത്തെ നിഷേധിക്കുന്നവൻ ക്രിസ്തുവിനെ നിഷേധിക്കുന്നു, ശുശ്രൂഷയെ അവഗണിക്കുന്നവൻ ക്രിസ്തുവിന്റെ ബലിയെയും. അവൻ തന്റെ ജീവിതത്തിൽ യഥാർത്ഥബലി പിതാവിന് അർപ്പിക്കുവാൻ അപ്രാപ്തനാകുകയും ചെയ്യുന്നു.

## ഉപസംഹാരം

ശിഷ്യൻമാർ എപ്പോഴും ദൈവാലയത്തിൽ ആയിരുന്നു. ദൃശ്യമായ ദൈവാലയത്തിൽ എപ്പോഴുമായിരിക്കുക അസാധ്യമാണ്. എന്നാൽ ക്രിസ്തുവെന്ന ദൈവാലയത്തിന്റെ സ്മരണയോടുകൂടി ദൃശ്യ ദൈവാലയത്തിൽ ക്രിസ്തുവിന്റെ പെസഹാരഹസ്യത്തെ അനുസ്മരിപ്പിക്കുന്ന വി. കുർബാനയാകുന്ന സ്ത്രോത്രയാഗത്തിൽ എല്ലാദിവസവും (നടപടി 2, 46) അല്ലെങ്കിൽ കർത്താവിന്റെ ദിവസത്തിൽ (1 കോറ. 16, 2) പങ്കുകൊള്ളുന്നതോടുകൂടി നാമോരോരുത്തരുമാകുന്ന ദൈവാലയത്തിൽ (1 കോറ. 3, 16) സത്യത്തിലും ആത്മാവിലും ദൈവത്തിനു ബലി അർപ്പിക്കാൻ സാധിക്കും. ആ ദൈവാലയത്തിലെ ജീവിതമാകുന്ന ബലി എപ്പോഴും അർപ്പിക്കാവുന്നതാണ്. ക്രിസ്തു അങ്ങനെ ഒരു ബലി തന്റെ ശരീരത്തിൽ അർപ്പിച്ചു(എബ്രാ. 5, 7)" ആകയാൽ എന്റെ സഹോദരൻമാരേ ഈശോയുടെ രക്തംമൂലം വിശുദ്ധ സ്ഥലത്തേയ്ക്കുള്ള പ്രവേശനത്തിൽ നമുക്കു മനോധൈര്യവും അവന്റെ ശരീരമാകുന്ന വിരിയിൽകൂടി ഇപ്പോൾ അവൻ നമുക്കായി പുത്തനാക്കിയിരിക്കുന്ന ജീവന്റെ വഴിയും ഉണ്ട്. ദൈവഭവനത്തിൻമേൽ അധ്യക്ഷ

www.malankaralibrary.com

നായി ഒരു പ്രധാനാചാര്യനും നമുക്കുണ്ട്. അതിനാൽ നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെട്ട് ദുഷ്ടമനസ്സാക്ഷിയിൽ നിന്ന് ശുദ്ധീകരിക്കപ്പെട്ടവയായും, നമ്മുടെ ശരീരം വിശുദ്ധജലം കൊണ്ട് കഴുകപ്പെട്ടതായും സത്യഹൃദയത്തോടും വിശ്വാസത്തിന്റെ പ്രതീക്ഷയോടുംകൂടി നാം അടുത്തു ചെല്ലണം. (എബ്രാ. 10: 19–15) ഏതൊരു സമീപനമാണ് ദൈവാലയത്തോടും ശുശ്രൂഷയോടും വേണ്ടതെന്ന് ഇവിടെ വി. ശ്ലീഹാ ഉപദേശിക്കുന്നു. അതുകൊണ്ട് ഓരോ വിശ്വാസിയും എന്താണ് ചെയ്യുക. ക്രിസ്തു തന്റെ ശരീരമാകുന്ന ദൈവാലയത്തിൽ നിർവഹിച്ച ഏകസമർപ്പണം--സഭയുടെ ദൃശ്യദൈവാലയത്തിൽ സ്തോത്രയാഗത്തിലൂടെ അനുസ്മരിക്കപ്പെടുന്നു--ഓരോ വിശ്വാസിയും തന്റെ ജീവിതത്തിലൂടെ സത്യത്തിലും ആത്മാവിലും വീണ്ടും അർപ്പിക്കുക.വി. പൗലോസ് പറയുന്നു. "അവൻമൂലം നാം ദൈവത്തിന് തന്റെ നാമത്തെ ഏറ്റു പറയുന്ന അധരങ്ങളുടെ ഫലങ്ങളാകുന്ന സ്തുതിയുടെ ബലികളെ എപ്പോഴും സമർപ്പിക്കണം (എബ്രാ. 13: 15).

***ക്രൈസ്തവകാഹളം, 1975 ഓഗസ്റ്റ്***



# 15

# "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ"

വിശുദ്ധ കുർബാനസമയത്ത് അപ്പവും വീഞ്ഞും കൂദാശ ചെയ്ത് കർത്താവിന്റെ തിരുശരീര രക്തങ്ങളായി മാറ്റിയതിനു ശേഷം പുരോഹിതൻ ഇങ്ങനെ പ്രാർത്ഥിക്കുന്നു.

"ഈ രഹസ്യത്തിൽ നിങ്ങൾ സംബന്ധിക്കുമ്പോഴൊക്കെയും എന്റെ മരണത്തെയും കബറടക്കത്തെയും ഉയിർത്തെഴുനേല്പിനെയും ഞാൻ വരുന്നതുവരെ നിങ്ങൾ ഓർപ്പിൻ എന്നും അവിടുന്ന് അരുളിചെയ്തു."

ഈ പ്രാർത്ഥനക്കുശേഷം പുരോഹിതൻ ദിവ്യരഹസ്യങ്ങൾ ഉൾക്കൊള്ളുവാൻ ഉപയോഗിക്കുന്ന സ്പൂൺ ഉയർത്തിക്കാണിക്കുന്നു. വിശുദ്ധ രഹസ്യങ്ങൾ സ്വീകരിച്ച് കർത്താവിന്റെ മരണത്തിലും ഉയിർത്തെഴുനേല്പിലും നാം പങ്കുചേരണമെന്നും അതുവഴി അവിടുത്തെ രണ്ടാമത്തെ വരവിനായി പാർത്തിരിക്കണമെന്നും വ്യക്തമാക്കുവാനായി. ഈ പ്രാർത്ഥനയിലെ ആശയം വളരെ പുരാതനമാണ്. വിശുദ്ധ പൗലോസ് ശ്ലീഹാ കുർബാനയെപ്പറ്റി നല്കുന്ന വിവരണത്തിൽ ഈ അനുസ്മരണയുടെ ആശയം മൂന്നു പ്രാവശ്യം ആവർത്തിക്കുന്നുണ്ട്. ശ്ലീഹായുടെ ഈ വിവരണമാകട്ടെ അദ്ദേഹത്തിന്റെ സ്വന്തമല്ല, പ്രത്യുത അന്നു നിലവിലിരുന്ന ആരാധന ക്രമത്തിൽ നിന്നുള്ള ഉദ്ധരണമാണ്, എന്നാണ് വേദപുസ്തക പണ്ഡിതന്മാർ മൂലകൃതിയുടെ ശൈലിയും മറ്റും പരിശോധിച്ച് അഭിപ്രായപ്പെടുന്നത്. അതായത് ക്രിസ്തീയ സഭയുടെ ആരംഭവർഷങ്ങളിലെ ദിവ്യബലിഅർപ്പണത്തിൽ തന്നെ– അന്ന് ദിവ്യ ബലി അർപ്പണത്തിന് ഏറ്റം ചുരുങ്ങിയ ക്രമമായിരുന്നുവല്ലോ ഉണ്ടായിരുന്നത് – ഈ ആശയം മുന്തിനിന്നിരുന്നുവെന്നു തെളിയുന്നു.

ഈ അനുസ്മരണയുടെ ആശയം ആദിമസഭയിൽ വ്യക്തമായി

www.malankaralibrary.com

നിഴലിച്ചു നിന്നിരുന്നുവെന്നത് ഒട്ടും അത്ഭുതാവഹമല്ല. കർത്താവിന്റെ ജീവിതത്തിനും മരണത്തിനും ദൃക്സാക്ഷികളായിരുന്നു, അന്ന് സഭയിൽ ഉണ്ടായിരുന്ന നല്ല പങ്ക് ആളുകൾ. മറ്റുള്ളവരാകട്ടെ കർത്താവിനെപ്പറ്റിയുള്ള ഊഷ്മളമായ വിവരണം നേരിട്ടു ലഭിച്ചവരായിരുന്നു. തങ്ങൾക്കുവേണ്ടി മരണമടഞ്ഞ ക്രിസ്തുവിന്റെ ഓർമ്മ അവരുടെയെല്ലാം മനസ്സിൽ വ്യക്തമായി പൊന്തിനിന്നിരുന്നു. ആ ഓർമ്മ വൈകാരിക പ്രതികരണമെന്നതുപോലെ നമ്മുടെ കർത്താവ് നല്കിയ ആജ്ഞയുടെ പാലനവുമായിരുന്നു, ഒടുവിലത്തെ അത്താഴ സമയത്ത് വിശുദ്ധ കുർബാനയുടെ സ്ഥാപനത്തിനുശേഷം അവിടുന്ന് ശിഷ്യന്മാരോട് ആജ്ഞാപിച്ചു, "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന്, തന്റെ ഓർമ്മയുടെ നിലനില്പിനുവേണ്ടി കർത്താവ് തന്നെ ഒരു ആരാധനാകർമ്മത്തിന് ആരംഭമിട്ടു. ആ കർമ്മം അവിടുത്തെ മരണത്തിന്റെ തന്നെ ആവർത്തനമാണ്. ആ കർമ്മം വഴിയായി അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ കർത്താവ് തന്റെ വിശ്വാസികളുടെയിടയിൽ സന്നിഹിതനാകുന്നുവെന്ന പരമാർത്ഥം ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അവിടുത്തെ ഓർമ്മ കൊണ്ടാടുവാൻ ഏറ്റം പറ്റിയ ഒരു ഉപാധിയായി വിശുദ്ധ കുർബാനയെന്ന ബലിയെ ആദ്യക്രിസ്ത്യാനികൾ പരിഗണിച്ചു. അവരുടെ നല്ല പതിവ് സഭയിൽ ഇന്നും ഭംഗമെന്യേ നിലനില്ക്കുകയും ചെയ്യുന്നു.

**ജീവനുള്ള ഓർമ്മ**

കർത്താവിന്റെ മരണത്തിന്റെ ഓർമ്മ പ്രധാനമായിരിക്കുന്നത് ക്രിസ്തുവിന്റെ കാലത്ത് ജീവിച്ചിരുന്നവർക്ക് മാത്രമല്ല, എല്ലാക്കാലത്തുമുള്ള എല്ലാ മനുഷ്യർക്കുമാണ്. താൻ സ്നേഹിക്കുന്നവർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിൽപരം വലുതായ സ്നേഹം ഒരുവന് പ്രകടിപ്പിക്കാനില്ലായെന്ന് ക്രിസ്തു തന്നെ പറഞ്ഞതാണ്; ആ പ്രസ്താവം അവിടുത്തെപ്പറ്റിയുള്ള ഒരു പ്രവചനവുമായിരുന്നു. തങ്ങൾക്കുവേണ്ടി തന്നെത്തന്നെ ക്രിസ്തു പരമപിതാവിന് ബലി അർപ്പിച്ചുവെന്നതായിരുന്നു അവിടുത്തെപ്പറ്റിയുള്ള സ്മരണ സജീവമായി നിലനിർത്തുവാൻ ആദിമ ക്രിസ്ത്യാനികളെ പ്രേരിപ്പിച്ച കാരണം. എന്നാൽ അതേ കാരണം നമ്മിലും സംഗതമല്ലേ? നാം ക്രിസ്തുവിനെ നേരിട്ടു കണ്ടിട്ടില്ലായെന്നതുകൊണ്ട് രക്ഷകനായ ക്രിസ്തുവിനോട് നമുക്കുള്ള ബന്ധം ക്രിസ്തുവിന്റെ കാലത്ത് ജീവിച്ചിരുന്നവരുടേതിൽ നിന്ന് കുറഞ്ഞതരത്തിലുള്ളതാണോ?



നമുക്ക് ഉപകാരം ചെയ്തുതന്ന ഒരാളിനെ നാം സ്മരിക്കുവാൻ അയാളെ നേരിട്ടു കണ്ടിരിക്കണമെന്നില്ല. ഭാരതീയരെ സംബന്ധിച്ചിടത്തോളം, മഹാത്മാഗാന്ധിയുടെ ജീവിതവും മരണവും ചൂടുള്ള വികാരങ്ങൾ ഉണർത്തിവിടുന്നു, കാരണം അദ്ദേഹം രാജ്യത്തിനാകമാനം വളരെ ഉപകാരം ചെയ്ത ഒരു വ്യക്തിയാണ്. പക്ഷേ, നേരിട്ടു കണ്ടിട്ടുള്ളവർ മാത്രമല്ല അദ്ദേഹത്തെ സ്മരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത്. എന്നാൽ യേശു ക്രിസ്തു മനുഷ്യരായ നമുക്കോരോരുത്തർക്കും ചെയ്ത നന്മയുമായി മറ്റൊരു താരതമ്യമില്ല. അത് ഏതൊരു മനുഷ്യവ്യക്തിയെ സംബന്ധിച്ചിടത്തോളവും ഏറ്റം പ്രധാനമാണ്. ക്രിസ്തുവിന്റെ ജീവിതവും മരണവും നേരിട്ടു കണ്ടവർ എത്ര ഊഷ്മള വികാരങ്ങളോടെ ആ സംഭവങ്ങൾ സ്മരിച്ചുവോ അതേ അനുഭൂതി തന്നെ നമുക്കുമുണ്ടാകണം. അവർ ശാരീരിക നേത്രങ്ങൾ കണ്ടത് നാം വിശ്വാസത്തിന്റെ വെളിച്ചംകൊണ്ട് ദർശിക്കണം. വിശ്വാസമാകട്ടെ നമുക്ക് പറഞ്ഞുതരുന്നു, കാൽവരിയിലെ അതേ സംഭവം തന്നെ നമ്മുടെ മുമ്പിലും ആവർത്തിക്കപ്പെടുന്നുവെന്ന്. പിന്നെ എങ്ങനെ ആദ്യക്രിസ്ത്യാനികളുടെതിൽ നിന്ന് വിഭിന്നമായ ഒരു വികാരനുഭവം നമുക്കുണ്ടാകും?

വാസ്തവത്തിൽ, വിശുദ്ധ കുർബാനയിൽ സംബന്ധിക്കുമ്പോൾ ഒരു ഭൂതകാലസംഭവം ഓർക്കുന്നതിന്റെയല്ല, പ്രത്യുത നമ്മുടെ കൺമുമ്പിൽ ഒരു പ്രധാനകാര്യം കാണുന്നുവെന്ന അനുഭവമാണ് ഉണ്ടാകേണ്ടത്. ഒടുവിലത്തെ അത്താഴത്തിൽ വിശുദ്ധ കുർബാന സ്ഥാപിച്ചപ്പോൾ അതുപോലൊരു വികാരാനുഭവമാണല്ലോ ശ്ലീഹാന്മാർക്ക് ഉണ്ടായിരുന്നത്. അതേ സമയത്ത് വിശുദ്ധ കുർബാന ഒരു അനുസ്മരണമാണുതാനും. കാരണം, ശ്ലീഹന്മാർ ക്രിസ്തുവിനെ കണ്ടതുപോലെ നാം ക്രിസ്തുവിനെ കാണുന്നില്ല. കാൽവരിയിലെ ബലി രക്തം ചിന്തിയുള്ള ബലിയായിരുന്നു; അൾത്താരയിലെ ബലിയോ രക്തം ചിന്താത്തതും. ഇതും വളരെ പ്രധാനമായ അന്തരമാണ്. കാരണം, കാൽവരിയിലെ ബലിയിൽ പാപത്തിന് പരിഹാരം ചെയ്ത് ദൈവവും മനുഷ്യനും തമ്മിൽ രമ്യപ്പെടുത്തുന്ന പ്രവർത്തനഭാവമാണ് കൂടുതൽ മുന്തി നിൽക്കുന്നത്. പാപത്തിന്റെ പഴയ മനുഷ്യൻ മരിച്ച് ദൈവകൃപയുടെ പുതിയ മനുഷ്യൻ ഉയിർത്തെഴുന്നേല്ക്കുന്നതാണ് നാം കാണുന്നത്. എന്നാൽ അൾത്താരയിലെ ബലിയാകട്ടെ ക്രിസ്തു ഓരോ ക്രിസ്ത്യാനിയുമായി ഏറ്റം ഗാഢമായി ഒന്നിക്കുന്ന ഭാവമാണ് പ്രധാനമായിട്ടു

www.malankaralibrary.com

ള്ളത്. പാപവും പിശാചുമായി നിരന്തരം മല്ലിട്ട് ക്രിസ്തുവിൽ ജീവിക്കുന്ന ക്രിസ്ത്യാനികളുടെ കൂട്ടായ്മയാണ് ദിവ്യബലി നൽകുന്ന കാഴ്ചപ്പാട്. കാൽവരിയിലെ ബലിയും അൾത്താരയിലെ ബലിയും ഒന്നുതന്നെയാണ്. എന്നാൽ അവയുടെ പ്രകടന ഭാവങ്ങൾ വ്യത്യസ്തമാണ്. ഈ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ, ദിവ്യബലി ഒരു വർത്തമാനാനുഭവമായിരിക്കുന്നതുപോലെ ഭൂതകാല സംഭവത്തിന്റെ ഓർമ്മയുമാണെന്നു പറയാം. അതായത് ദിവ്യബലി ക്രിസ്തുവിന്റെ ജീവനുള്ള ഓർമ്മയാണ്.

**അനുസ്മരണവും പ്രതീക്ഷയും**

അപ്പംമുറിക്കൽ കർമ്മത്തിൽ - അങ്ങനെയാണ് ദിവ്യബലി ആദിമ സഭയിൽ അറിയപ്പെട്ടിരുന്നത് - പങ്കെടുത്തിരുന്ന ക്രിസ്ത്യാനികൾ അതിനെ വീക്ഷിച്ചിരുന്നത് നമ്മുടെ കർത്താവിന്റെ മരണത്തിന്റെ അനുസ്മരണം മാത്രമായിട്ടായിരുന്നില്ല. വിശുദ്ധ പൗലോസ് ശ്ലീഹാ വി. കുർബാന സ്ഥാപനത്തിന്റെ വിവരണം നൽകിയതിനു ശേഷം പറയുന്നു- "നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രം പാനം ചെയ്കയും ചെയ്യുമ്പൊഴെല്ലാം നമ്മുടെ കർത്താവിന്റെ മരണമാകുന്നു അവന്റെ വരവുവരെ ഓർമ്മിക്കുന്നത്." കർത്താവിന്റെ സ്വർഗ്ഗാരോഹണം മുതൽ രണ്ടാമത്തെ വരവുവരെയുള്ള ആ കാലഘട്ടത്തിലാണു വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നത്. അപ്പോഴാണ് കാൽവരിയിൽ ക്രിസ്തു പാപത്തിനും പിശാചിനുമെതിരായി നേടിയ വിജയം ഓരോ വിശ്വാസിയും സ്വന്തമാക്കുന്നതും പൂർണ്ണമാക്കുന്നതും. അതിനുള്ള മാർഗ്ഗം ദിവ്യബലിയുമാണ്. ദിവ്യബലി, അങ്ങനെ ഓരോ വിശ്വാസിയേയും ദൈവത്തോട് രമ്യപ്പെടുത്തുന്ന അതേ അവസരത്തിൽ തന്നെ മിശിഹായുടെ രണ്ടാമത്തെ വരവിന് ഒരുക്കുകയും ചെയ്യുന്നു. അതുകൊണ്ട് അത് ഒരു അനുസ്മരണമെന്നപോലെ പ്രതീക്ഷയുമാണ്.

ആദ്യക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഈ പ്രതീക്ഷ വളരെ തീഷ്ണമായ ജീവിതഭാവവുമായിരുന്നു. വിശുദ്ധ പൗലോസ് ശ്ലീഹായുടെ മേല്പറഞ്ഞ വാക്യത്തിൽ നമ്മുടെ 'കർത്താവിന്റെ വരവുവരെ' യെന്നതിന് 'മാറാനൂതാ' എന്ന അറാമായ പ്രയോഗമാണ് ഉപയോഗിച്ചിരിക്കുന്നത്. ഗ്രീക്കിൽ ലേഖനം എഴുതിക്കൊണ്ടിരുന്ന ശ്ലീഹാ ഇങ്ങനെ ഇടയ്ക്കു ഹീബ്രുപ്രയോഗം ഉപയോഗിച്ചത് അത് അന്ന് നിലവിലിരുന്ന പൊതു പ്രയോഗമായിരുന്നതു കൊണ്ടാണെന്ന്



ബൈബിൾ പണ്ഡിത്നമാർ പറയുന്നു. മാറാനാത എന്ന പ്രയോഗത്തിന് വെറും ആഖ്യാനപരമായ അർത്ഥത്തേക്കാൾ, 'ഞങ്ങളുടെ കർത്താവേ വരിക' എന്ന അർത്ഥമാണ് കൂടുതലായുള്ളത്. അതായത് അപ്പം മുറിക്കൽ കർമ്മത്തിൽ പങ്കെടുത്തിരുന്നവർ ഓർമ്മയുടെ എന്നപോലെ തീവ്രമായ പ്രതീക്ഷയുടെയും വികാരാനുഭവമുള്ളവരായിരുന്നു.

ആദ്യക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് അത്യാസന്നമാണെന്ന ചിന്താഗതി പുലർത്തിയിരുന്നവരാണ്. കർത്താവ് വരികയും ലോകം അവസാനിക്കുകയും ചെയ്യുമെന്നുള്ള പ്രതീക്ഷയിൽ തെസ്ലോന്യാക്കാർ എല്ലാ ജോലിയിൽ നിന്നും മാറി നിന്നതായും പൗലോസ് ശ്ലീഹാ അതിന് അവരെ ശാസിച്ചതായും അവർക്കായി ശ്ലീഹായെഴുതിയ ലേഖനത്തിൽ നിന്ന് വ്യക്തമാണ്. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് അത്യാസന്നമാണെന്ന് അവർ പുലർത്തിയിരുന്ന ധാരണ തെറ്റായിരുന്നു. എങ്കിലും ക്രിസ്തുവിനോടു ചേരുവാനുള്ള ആഗ്രഹം എന്ന നിലയിൽ അത് പ്രശംസാർഹമാണ്. വിശുദ്ധ പലോസ് ശ്ലീഹാ തന്നെ ക്രിസ്തുവിനോട് ചേരുവാൻ അത്യധികം ആഗ്രഹിച്ചിരുന്നതായി അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നു. അതേ മനോഭാവം എല്ലാ വിശുദ്ധന്മാരും പുലർത്തിയിരുന്നു. കാലത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് അനിശ്ചിതമാണെങ്കിലും ഓരോ വിശ്വാസിയും മരണം വഴി ക്രിസ്തുവിനോട് ഒന്നിക്കേണ്ടവരാകയാൽ അവനെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് അത്യാസന്നമാണെന്ന് ആത്മീയാർത്ഥത്തിൽ നമുക്ക് പറയുവാൻ സാധിക്കുന്നു. അതുകൊണ്ട് വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്ന ഓരോ വിശ്വാസിക്കും ക്രിസ്തുവിനോട് ഏറ്റം ഗാഢതരമായ ഐക്യത്തിനു വേണ്ടിയുള്ള പ്രതീക്ഷയും ആഗ്രഹവും ഉണ്ടായിരിക്കണം.

**ദൈവം നമ്മെ ഓർക്കുന്നു**

വിശുദ്ധ കുർബാനയിൽ നമ്മുടെ കർത്താവിന്റെ മരണം ഓർക്കുകയും രണ്ടാമത്തെ വരവിനെ പ്രതീക്ഷിക്കുകയും ചെയ്യുന്ന നാം അതിന്റെ അനുഗ്രഹദായകത്വത്തെ വിസ്മരിക്കരുത്. തങ്ങളുടെ ജീവിതകാലത്ത് ഉപകാരം ചെയ്ത പല മനുഷ്യരേയും അവരുടെ മരണശേഷം നാം ഓർക്കുന്നു. അത് നാം അവർക്കു നൽകുന്ന ബഹുമാനം

www.malankaralibrary.com

മാത്രമാണ്. അതിൽ നിന്ന് നമുക്കു പ്രയോജനമൊന്നും ലഭിക്കുന്നില്ല. അവരിൽ നമുക്ക് യാതൊരു പ്രതീക്ഷയുമില്ല. എന്നാൽ ദിവ്യബലിയിൽ നാം പ്രകടിപ്പിക്കുന്ന അനുസ്മരണയും പ്രതീക്ഷയും തികച്ചും വ്യത്യസ്തമാണ്, ദൈവവും മനുഷ്യനുമായ ക്രിസ്തുവിനെയാണ് അതുവഴി നാം ഓർക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നതെന്നതുകൊണ്ട് നമ്മുടെ ഓർമ്മയും പ്രതീക്ഷയുംകൊണ്ട് യേശുക്രിസ്തു പുതുതായൊന്നും പ്രാപിക്കുന്നില്ല. ദൈവത്തിന് നമ്മുടെ സ്തുതിയും ബഹുമാനവും ആവശ്യമില്ല. നാം ദൈവത്തെ സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത്, നാം നൽകുന്ന സ്തുതിയുടെയും ബഹുമാനത്തിന്റെയും അടിസ്ഥാനത്തിൽ ദൈവവുമായി ഉൽകൃഷ്ടബന്ധം പുലർത്തുന്നതിനാണ്. ദൈവത്തെ നാം ആരാധിക്കുന്നു. അതുവഴി സ്രഷ്ടാവും സൃഷ്ടിയുമെന്ന അടിസ്ഥാനത്തിൽ നാം ദൈവത്തോട് അടുക്കുന്നു. നാം ബോധപൂർവ്വം, ദൈവവുമായുള്ള ബന്ധം അംഗീകരിച്ച് പരസ്പരൈക്യം സ്ഥാപിച്ചെങ്കിലേ ദൈവാനുഗ്രഹം നമ്മിലേക്ക് പ്രവഹിക്കുകയുള്ളുവെന്നതാണ് നമ്മെ ഓരോരുത്തരേയും രക്ഷിക്കുന്നതിൽ ദൈവം സ്വീകരിച്ചിരിക്കുന്ന പ്രവർത്തനക്രമം. അതുകൊണ്ട് ക്രിസ്തുവിന്റെ മരണത്തെ ഓർക്കുകയും അവിടുത്തെ പുനരാഗമനം പ്രതീക്ഷിക്കുകയും ചെയ്യുന്ന നാം ആ അടിസ്ഥാനത്തിൽ ക്രിസ്തുവിനോട് ബന്ധപ്പെടുന്നു. മാമോദീസാ വഴി നാം ക്രിസ്തുവുമായി പ്രാപിച്ച ഐക്യം വിശുദ്ധ കുർബാനവഴി കൂടുതൽ ശക്തിപ്പെടുത്തുന്നു; സ്വർഗ്ഗത്തിലെ ഉന്നതവും ഉത്തമവും ആയ ഐക്യത്തിന് നമ്മെത്തന്നെ ഒരുക്കുകയും ചെയ്യുന്നു.

അനുസ്മരണയുടെയും പ്രതീക്ഷയുടെയുമായ ഈ ബലി നമ്മെ ക്രിസ്തുവിനോട് കൂടുതൽ ഐക്യപ്പെടുത്തുന്നു. അതു വഴി ക്രിസ്തുവിൽ നിന്ന് നാം അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ദിവ്യബലിയിലെ ദൈവം നമ്മെ ഓരോരുത്തരെയും ഓർക്കുന്നുവെന്ന് പറയുന്നത് തികച്ചും ശരിയാണ്. പഴയ നിയമത്തിൽ പലയിടത്തും പറയുന്നുണ്ട്, ദൈവം തന്റെ ജനത്തെ ഓർത്തുവെന്നും തന്റെ ജനത്തിന്റെ ദുരിതത്തെ നോക്കിക്കണ്ടുവെന്നും. അതുകൊണ്ട് പ്രവാചകന്മാർ ദൈവത്തിന്റെ സന്ദർശനത്തെപ്പറ്റി പറയാറുണ്ടായിരുന്നു. എന്നാൽ അവയെല്ലാം ഇടവിട്ടുള്ളതായിരുന്നു. മനുഷ്യന്റെ ഭൗതീകശ്രേയസ്സിനെ കൂടുതൽ ലക്ഷ്യമാക്കിക്കൊണ്ടുള്ളതുമായിരുന്നു. എന്നാൽ തന്റെ ഏക പുത്രൻ മുഖാന്തിരം നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന



സന്ദർശനം നിരന്തരമാണ്. ഓരോ മനുഷ്യനും സർവ്വപ്രധാനമായ ആത്മാവിന്റെ നന്മയെ ലാക്കാക്കിയുള്ളതുമാണ്. അതുകൊണ്ട് വിശുദ്ധ കുർബാനയിൽ സംബന്ധിക്കുമ്പോൾ ദൈവത്തിന്റെ അനുഗ്രഹദായകമായ സന്ദർശനത്തെയാണ് നാം അനുഭവിക്കുന്നത്. കാരണം, നമുക്കുവേണ്ടി മരിക്കുകയും, ദൈവവുമായി ഏറ്റം അവഗാഢമായ ഐക്യത്തിൽ നമ്മെ ഉൾപ്പെടുത്തുവാൻ വീണ്ടും വരുവാനിരിക്കുകയും ചെയ്യുന്ന ക്രിസ്തുവുമായി നാം അവിടെ ബന്ധപ്പെടുന്നു. അനുസ്മരണയുടെയും പ്രതീക്ഷയുടെയും അടിസ്ഥാനത്തിൽ ക്രിസ്തുവുമായി നാം പ്രാപിക്കുന്ന ഈ ബന്ധമാണ്, ദൈവത്തിൽ നിന്ന് അനുഗ്രഹം പ്രാപിക്കുവാൻ നമുക്കുള്ള ഏക മാർഗ്ഗം.

'ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ' എന്ന ക്രിസ്തുവിന്റെ ആജ്ഞയുടെ പാലനത്തിൽ നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ സമാഹരണം നമുക്ക് ദർശിക്കുവാൻ സാധിക്കുന്നു. അത് കർത്താവിന്റെ മരണത്തിന്റെ അനുസ്മരണയെന്നപോലെ രണ്ടാമത്തെ വരവിന്റെ പ്രതീക്ഷയുമാണ്. ഈ ദ്വിവിധമനോഭാവം ഏറ്റം ഉൽക്കടമായ വിധത്തിൽ ആദ്യക്രിസ്ത്യാനികൾ പ്രകടിപ്പിച്ചിരുന്നു. അതുകൊണ്ട് വിശുദ്ധ കുർബാനയിൽ സംബന്ധിക്കുകയെന്നത് അവർക്ക് ഒരു അടിയന്തിര കാര്യവും സജീവ യാഥാർത്ഥ്യവുമായിരുന്നു. സഭയുടെ കല്പനയെന്ന ബാഹ്യനിർബ്ബന്ധത്തിന്റെ പേരിൽ ഞായറാഴ്ച മാത്രം വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്ന നമുക്ക് ആ ഒരു അനുഭൂതി ഉണ്ടാകുന്നില്ല. ആദ്യക്രിസ്ത്യാനികൾക്ക് ക്രിസ്തുവിനോടു എന്തുബന്ധമാണോ ഉണ്ടായിരുന്നത്, അതുതന്നെ നമുക്കുമുണ്ടെന്നുള്ള ബോധ്യം വളർന്നു വരുന്നതോടെ മാത്രമേ ഈ ദുരവസ്ഥക്ക് മാറ്റമുണ്ടാവൂ.

***ക്രൈസ്തവകാഹളം, 1964 മാർച്ച്***

www.malankaralibrary.com

# 16
# വിശുദ്ധ കുർബാന ഒരു വിരുന്നാണ്

### ആദിമസഭയിൽ

യഹൂദന്മാരുടെ പെസഹാവിരുന്നു സമയത്താണല്ലോ നമ്മുടെ കർത്താവ് വിശുദ്ധ കുർബാന സ്ഥാപിച്ചത്. പെസഹാ യഹൂദന്മാരുടെ ഒരു ബലിവിരുന്നായിരുന്നു. അതുപോലെ തന്നെ വിശുദ്ധ കുർബാനയും. അതുകൊണ്ടാണല്ലോ നമ്മുടെ കർത്താവ് അപ്പവും വീഞ്ഞും എടുത്ത്, കാൽവരിയിൽ താൻ അർപ്പിക്കുവാൻ പോകുന്ന യാഗബലിയുടെ സ്മരണയായി - തന്റെ ശരീര രക്തങ്ങളായി മാറ്റിയത്. വിശുദ്ധ കുർബാന ഇങ്ങനെ ഒരു ബലിവിരുന്നാണെന്ന് മനസ്സിലാക്കിയിരുന്ന ആദ്യക്രിസ്ത്യാനികൾ ദിവ്യബലിയർപ്പിച്ചിരുന്നത് വിരുന്നുസമയത്തായിരുന്നു. ഭൗതികവും ആത്മീയവുമായ ഭക്ഷണം അവർ ഒന്നിച്ചു കഴിച്ചിരുന്നു. അതുകൊണ്ട് അന്ന് വിശുദ്ധ കുർബാന തന്നെ അറിയപ്പെട്ടിരുന്നത് 'സ്നേഹവിരുന്ന് ' (agape) എന്ന പേരിലായിരുന്നു.

എന്നാൽ, ക്രിസ്ത്യാനികളുടെ ഐക്യവും സ്നേഹവും പ്രകടമാക്കിയിരുന്ന ഈ വിരുന്നുകൾ തന്നെ കാലാന്തരത്തിൽ അനൈക്യത്തിന്റെയും ഛിദ്രത്തിന്റെയും അവസരങ്ങളായി മാറി. കോറിന്തിലാണ് ഇത് ആദ്യമായി സംഭവിച്ചത്. അതുകൊണ്ട് അവിടുത്തെ ക്രിസ്ത്യാനികൾക്ക് വിശുദ്ധ പലോസ് ശ്ലീഹാ ഇങ്ങനെ എഴുതി. നിങ്ങൾ ഒരുമിച്ചു കൂടുമ്പോൾ നമ്മുടെ കർത്താവിന്റെ ദിവസത്തിനു യോജിക്കുന്ന വിധത്തിലല്ല. ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നത്. മറിച്ച് ഓരോരുത്തനും അവനവന്റെ അത്താഴം മുമ്പുകൂട്ടി കഴിക്കുന്നു. ഇങ്ങനെ ഒരുത്തൻ വിശന്നും മറ്റൊരുത്തൻ ലഹരി പിടിച്ചും ഇരിക്കുന്നു. (1 കോറ. 11, 21) അഗാപ്പേ വിരുന്നിന് കടകവിരുദ്ധമായ രീതിയിലായിരുന്നു കോറിന്തിലെ ക്രിസ്ത്യാനികളുടെ ഈ പ്രവർത്തനം. എല്ലാവരും അവരവരുടെ കഴിവനുസരിച്ച് ഭക്ഷണസാധനങ്ങൾ കൊണ്ടുവന്നിട്ട് എല്ലാവരും ഒരേ രീയിയിൽ ഐക്യത്തിലും സമത്വബോധത്തിലും



കഴിക്കുന്നതിനു പകരം ധനവാന്മാരും ദരിദ്രരും വേറെ വേറെ കഴിക്കുന്നതിനെയാണ് ഇവിടെ വിശുദ്ധ ശ്ലീഹാ കുറ്റപ്പെടുത്തുന്നത്. ഈ തെറ്റായ രീതിക്ക് ഒരു പരിഹാരവും അദ്ദേഹം നിർദ്ദേശിച്ചു. അദ്ദേഹം തുടർന്നു പറയുന്നു- ഭക്ഷിക്കുവാനും പാനം ചെയ്യുവാനും നിങ്ങൾക്ക് ഒരുപക്ഷേ വീടുകൾ ഇല്ലയോ? നിങ്ങൾ ദൈവത്തിന്റെ ഭവനത്തെ നിന്ദിക്കുകയും ഇല്ലാത്തവരെ ലജ്ജിപ്പിക്കുകയും ചെയ്യുന്നുവോ ( 1 കോറ. 11, 22) ഭൗതികഭക്ഷണവും ആത്മിയഭക്ഷണവും രണ്ടും രണ്ടാണെന്ന് വ്യക്തമാക്കുകയാണ് വിശുദ്ധ ശ്ലീഹാ ഇവിടെ ചെയ്യുന്നത്. അതോടെ ദിവ്യബലി ഭൗതികമായ വിരുന്നിനോട് ഒത്ത് കഴിക്കുകയെന്ന പതിവും ഇല്ലാതെയായി. പക്ഷേ, ദിവ്യബലി ഒരു ബലി വിരുന്നാണെന്ന കാഴ്ചപ്പാട് ഒരിക്കലും നഷ്ടമായിപ്പോയിട്ടില്ല. അതു ദിവ്യബലിയുടെ തന്നെ പ്രധാനമായ ഒരുഭാവമാണ്. ആദിമക്രിസ്ത്യാനികൾക്കെന്ന പോലെ നമുക്കും അതു സുപ്രധാനമാണ്, ദിവ്യബലിയോടുള്ള നമ്മുടെ സമീപനത്തിൽ വ്യക്തമായി ഉണ്ടായിരിക്കേണ്ട ഒരു മനോഭാവം അതു പ്രകടമാക്കുന്നതുകൊണ്ട്.

### ബലിവിരുന്ന്

ബലിവിരുന്ന് വളരെ പുരാതനമായ ആചാരമാണ്. മല്ക്കിസദേക്ക് അപ്പവും വീഞ്ഞുമെടുത്ത് ദൈവത്തിന് അർപ്പിക്കുകയും അബ്രഹാമിനോടുകൂടി വാഴ്ത്തപ്പെട്ട അപ്പം ഒന്നിച്ചു കഴിക്കുകയും ചെയ്തതായി പഴയനിയമത്തിൽ നാം വായിക്കുന്നു. യഹൂദന്മാർ ആണ്ടുതോറും വളരെ ആഘോഷത്തോടെ കൊണ്ടാടിയിരുന്ന പെസഹാ ഒരു ബലിവിരുന്നായിരുന്നു. ഇതു കൂടാതെയും, ഭക്ഷണപദാർത്ഥങ്ങൾ ദൈവത്തിനു അർപ്പിച്ചിരുന്ന പതിവ് യഹൂദന്മാരുടെ ഇടയിൽ ഉണ്ടായിരുന്നു. ദാവീദിനും കൂട്ടുകാർക്കും വിശന്നപ്പോൾ പുരോഹിതന്മാർക്കു മാത്രം കഴിക്കുവാൻ അനുവാദമുണ്ടായിരുന്ന വാഴ്ത്തപ്പെട്ട ഭക്ഷണം എടുത്ത് കഴിച്ച സംഭവം കർത്താവു തന്നെ എടുത്തു പറയുന്നുണ്ടല്ലോ, ശാബതം മനുഷ്യനുവേണ്ടിയാണെന്ന് തെളിയിക്കുവാൻ വേണ്ടി. നമ്മുടെ കർത്താവ് അപ്പം പെരുക്കി ഏറെയാളുകളെ തൃപ്തിപ്പെടുത്തിയ രണ്ടു അവസരങ്ങൾക്കും ബലിയുടേതായ ചില പ്രത്യേകതകളുണ്ട്. 'അനന്തരം ഈശോ അപ്പം **എടുത്ത് വാഴ്ത്തി** ഇരുന്നിരുന്നവർക്കായി ഭാഗിച്ചു കൊടുത്തു. ഇങ്ങനെ തന്നെ മത്സ്യത്തിൽനിന്നും അവർക്കു വേണ്ടുവോളം കൊടുത്തു. അവർ തൃപ്തരായപ്പോൾ അവൻ ശിഷ്യരോട്:

www.malankaralibrary.com

**ഒന്നും നഷ്ടപ്പെട്ടുപോകാതിരിക്കേണ്ടതിനും** അധികം വന്നിരിക്കുന്ന കഷണങ്ങൾ ശേഖരിക്കുവിൻ എന്ന് അരുളിച്ചെയ്തു. (യോഹ 6, 11 -12) ഇതിൽ എടുത്തു വാഴ്ത്തിയെന്നതും നഷ്ടപ്പെട്ടുപോകാതിരിക്കാൻ മുൻകരുതലുകൾ എടുത്തുവെന്നതും ബലിവിരുന്നിന്റെ പ്രത്യേകതകളാണ്. തന്നെയുമല്ല ഈ അത്ഭുതത്തിനുശേഷം വിശുദ്ധ കുർബാനയെപ്പറ്റിയുള്ള വാദ്ഗാനമാണല്ലോ വിശുദ്ധ ശ്ലീഹാ വിവരിക്കുന്നത്. ഏതായാലും ബലിവിരുന്ന് യഹൂദന്മാർക്ക് സുജ്ഞാതമായിരുന്ന ഒരു കാര്യമാണെന്നതിൽ രണ്ടു പക്ഷമില്ല.

**ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിന്റെ പ്രകടനം.**

ഏതൊരു ബലിയും ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ പ്രകടനമായിരിക്കുന്നതുപോലെ ബലിവിരുന്നും ആ ബന്ധത്തിന്റെ ഒരു പ്രത്യേകവശം വിശദമാക്കുന്നു. ബലിവിരുന്നിനു മൂന്നു ഭാഗങ്ങളുണ്ട്:- ഭക്ഷണസാധനത്തിന്റെ അർപ്പണം, ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള സ്വീകരണം, ബലിവസ്തുവിൽ ആരാധകരുടെ പങ്കുചേരൽ. ഈ മൂന്നു ഭാഗങ്ങളും വളരെ അർത്ഥവത്താണ്.

മനുഷ്യന്റെ ജീവസന്ധാരണത്തിന് ഏറ്റം ആവശ്യമായ സാധനമെന്ന നിലയിലാണ് ബലിവിരുന്നിൽ ഭക്ഷണസാധനങ്ങൾ ദൈവത്തിനു അർപ്പിക്കുന്നത്. ദൈവം ചെയ്തു തന്ന നിരവധി ഉപകാരങ്ങൾക്ക് പ്രതിനന്ദിയായി ഓരോരുത്തനും തന്നെതന്നെ മുഴുവനായി ദൈവത്തിനു കൊടുക്കുകയാണു വേണ്ടത്. ഇങ്ങനെ കൊടുക്കുന്നതിന്റെ അടയാളമായിട്ടാണ് ബലി അർപ്പിക്കുന്നത്. അപ്പോൾത്തന്നെ തന്റെ ജീവന് അനുപേക്ഷണീയമായ ഭക്ഷണസാധനം തന്നെ ദൈവത്തിനു അർപ്പിക്കുന്നത് ഏറ്റം ഉചിതമാണല്ലോ. മാത്രമല്ല, ദൈവം ചെയ്ത ഉപകാരങ്ങൾ ഏറ്റം പ്രകടമായിക്കാണുന്നത് ഭക്ഷണസാധനങ്ങളുടെ ഉല്പാദനത്തിലാണ്. കൃഷിക്കാരന് മറ്റേതൊരു തുറയിലുള്ളവരെക്കാളും കൂടുതൽ യാഥാർത്ഥ്യബോധത്തോടുകൂടി പറയുവാൻ സാധിക്കും, ദൈവത്തിന്റെ പ്രത്യേകകരുണകൊണ്ടാണ് തന്റെ പ്രവർത്തനത്തിന് ഫലം ലഭിച്ചതെന്ന്. കൃഷിയിൽ കൃഷിക്കാരന്റെ പ്രവർത്തനത്തെക്കാൾ കൂടുതൽ പ്രധാനമായതു ദൈവപരിപാലനയിൽ ശരിയായ കാലാവസ്ഥ ലഭിക്കുകയെന്നതാണല്ലോ. ഓരോ മനുഷ്യനും ശരിയായി ചിന്തിക്കുകയാണെങ്കിൽ മനസ്സിലാകും, തന്റെ ഏതൊരു പ്രവർത്തനവും അതിൽത്തന്നെ നിസ്സാരമാണ് എന്ന്. ഇതാണല്ലോ ബലി അർപ്പിക്കു



ന്നതിന്റെ അടിസ്ഥാനമനോഭാവവും. അതുകൊണ്ട് ദൈവം ചെയ്ത ഉപകാരങ്ങൾക്ക് പ്രതിനന്ദിയായി കാർഷികോല്പന്നങ്ങളായ ഭക്ഷണസാധനങ്ങൾ ബലിയായി അർപ്പിക്കുക തീർച്ചയായും സമുചിതമാണ്.

ബലിവിരുന്നിനെപ്പറ്റിയെന്നല്ല ഏതൊരു ബലിയേപ്പറ്റിയും ഏറ്റം പ്രധാനമായ കാര്യമാണ് ദൈവം സ്വീകരിക്കയെന്നത്. കായേനും ഹാബേലും ബലിയർപ്പിച്ചു. ആബേലിന്റെ ബലിമാത്രം ദൈവം സ്വീകരിച്ചു, എന്നു വേദപുസ്തകത്തിന്റെ ആരംഭത്തിൽ നാം വായിക്കുന്നു. അതുപോലെ ദൈവം പല അവസരങ്ങളിലും ബലി സ്വീകരിച്ചതായി പഴയനിയമത്തിൽ പ്രസ്താവങ്ങളുണ്ട്. ദൈവവുമായിട്ടുള്ള ബന്ധത്തിന്റെ പ്രകടനമല്ലേ ബലി ? ബലി അർപ്പണം ആ ബന്ധത്തിന്റെ ഒരു ഭാഗം മാത്രമല്ലേ ആകൂ? അതുകൊണ്ട് ദൈവത്തിന്റെ ഭാഗത്തു നിന്നുള്ള സ്വീകരണമാണ് ബലിയെ ദൈവവും മനുഷ്യനും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ പ്രകടനമാക്കുന്നത്. ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള ഈ സ്വീകരണത്തിന്റെ ആവശ്യം മനസ്സിലാക്കിയാണ് പല അക്രൈസ്തവരും ഇന്നും വിചാരിക്കുന്നത് തങ്ങൾ അർപ്പിക്കുന്നത് ദേവന്മാർ ഭക്ഷിക്കുന്നുണ്ടെന്ന്. അത് വളരെ പ്രാകൃതമായ സങ്കല്പമാണ്. ബലിക്കായി പ്രത്യേകം മാറ്റി വയ്ക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് അതിനായി നിയുക്തനായിരിക്കുന്ന പുരോഹിതനാൽ അർപ്പിക്കപ്പെട്ടുവെന്ന കാരണത്താൽ ബലി സ്വീകാര്യമായിത്തീരുന്നുവെന്നായിരുന്നു യഹൂദന്മാരുടെ ധാരണ. ബലിയുടെ അർപ്പണത്തെയും സ്ഥലത്തെയും പറ്റി പ്രത്യേക നിർദ്ദേശം ദൈവം കൊടുത്തിരുന്നതുകൊണ്ടും പുരോഹിതന് ദൈവീകനിയമനമുണ്ടായിരുന്നതുകൊണ്ടും യഹൂദന്മാരുടെ ആധാരണ തെറ്റല്ലായിരുന്നു. എന്നാലും മനുഷ്യനു നഷ്ടപ്പെട്ടുപോയ, ദൈവവുമായുള്ള ബന്ധം തിരികെ നേടിക്കൊടുക്കാൻ പര്യാപ്തങ്ങളായിരുന്നില്ല, യഹൂദന്മാരുടെ ബലികൾ.

ബലി അർപ്പണത്തെയും സ്വീകരണത്തെയും പോലെതന്നെ പ്രധാനമായിരുന്നു ബലിവസ്തുവിലുള്ള പങ്കുചേരലും. അതിലായിരുന്നു ദൈവവുമായുള്ള ബന്ധം ഒരു പുതുരൂപം പ്രാപിച്ചിരുന്നത്. ബലി അർപ്പിക്കുന്നതിന്റെ ഉദ്ദേശ്യം ദൈവവുമായുള്ള ബന്ധം പുലർത്തുകയെന്നതുപോലെ വളർത്തുകയെന്നതുമാണല്ലോ. ദൈവത്തോട് കൂടുതൽ അടുക്കുകയെന്നതാണല്ലോ എപ്പോഴും മനുഷ്യന്റെ പ്രധാനാ

www.malankaralibrary.com

വശ്യം ഈ ആവശ്യത്തിന്റെ പ്രകടനമാണ് മനുഷ്യൻ അർപ്പിച്ചതും ദൈവം സ്വീകരിച്ചതുമായ ബലിവസ്തു ഭക്ഷിക്കുന്നതിൽ നാം എപ്പോഴും ദർശിക്കേണ്ടത്. യഹൂദന്മാരുടെ പെസഹാഭോജനത്തിൽ ഇത് വളരെ വ്യക്തമായിരുന്നു. ദൈവം ചെയ്ത നിരവധി നന്മകളെ അനുസ്മരിച്ചുകൊണ്ട് ഓരോ വർഷവും പെസഹാഭോജനത്തിൽ പങ്കെടുക്കുന്നതു മുഖാന്തിരം ആത്മാർത്ഥതയോടെ അതിൽ പങ്കെടുത്തിരുന്ന ഏതൊരു യഹൂദനും ദൈവത്തോടു കൂടുതൽ അടുത്തു ചെന്നിരുന്നുവെന്നത് വാസ്തവമാണ്. പക്ഷേ, അവരുടെ ഈ സാമീപ്യം വരുവാനിരിക്കുന്ന മിശിഹായെ സ്വീകരിക്കാൻ അവർ കൂടുതൽ യോഗ്യന്മാരായി എന്നതിൽ മാത്രമായിരുന്നു ദൈവവുമായുള്ള യഥാർത്ഥ ബന്ധം പ്രകടമായിക്കാണുന്നത് യേശുക്രിസ്തു സ്ഥാപിച്ച ബലിയിൽ മാത്രമാണ്.

**വി. കുർബാനയിലെ പൂർത്തീകരണം**

വിശുദ്ധ കുർബാന ബലിവിരുന്നിന്റെ ഈ മൂന്നു ഭാവങ്ങളും അവയുടെ വിശദവും പൂർണ്ണവുമായ അർത്ഥത്തിൽ ഉൾക്കൊള്ളുന്നുണ്ട്.

ദിവ്യബലിയുടെ ആരംഭത്തിൽ പുരോഹിതൻ കാഴ്ച വയ്ക്കുന്ന അപ്പവും വീഞ്ഞും വിശ്വാസികളുടെ കാഴ്ചവസ്തുക്കളാണല്ലോ. ഈ കാഴ്ചപ്പാട് ആദിമസഭയിൽ കൂടുതൽ വ്യക്തമായിരുന്നു. അവിടെ കുർബാനയിൽ സംബന്ധിച്ചിരുന്നവരെല്ലാം അപ്പവും വീഞ്ഞും കൊണ്ടുവന്നിരുന്നു. അവയിൽനിന്ന് ഡീക്കൻ വിശുദ്ധ കുർബാനയ്ക്കായി ഒരു ചെറിയ അംശം മാറ്റി വയ്ക്കുകയും, ബാക്കിയുണ്ടായിരുന്നത് ബുക്സാ – അതായതു വാഴ്ത്തപ്പെട്ട അപ്പമായി – ഇതു വിശുദ്ധ കുർബാനയിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് –സംബന്ധിച്ചിരുന്നവർക്കെല്ലാം കൊടുത്തിരുന്നു; വിശ്വാസികൾ കാഴ്ചവച്ചിരുന്ന മറ്റു പദാർത്ഥങ്ങളാകട്ടെ, സാധുക്കൾക്കായി ദാനചെയ്കയും ചെയ്തിരുന്നു. ഇപ്പോഴും ലത്തീൻ കളക്റ്റ് (collect) എന്ന് ഒരു ഭാഗമുണ്ട്. കാഴ്ചവയ്പ്പുസമയത്തു നടത്തിയിരുന്ന ഈ ശേഖരണം ഒരു പ്രാർത്ഥനയായി മാത്രം അവശേഷിക്കുന്നതാണിത്. അതുകൊണ്ടു ദിവ്യബലിയിൽ സംബന്ധിച്ചിരുന്നവർക്കെല്ലാം തികഞ്ഞ വാസ്തവികതയോടെ പറയുവാൻ സാധിച്ചിരുന്നു, തന്റെ കാഴ്ചവസ്തുവാണ് വിശുദ്ധ കുർബാനയ്ക്കു ഉപയോഗിക്കപ്പെട്ടിരുന്നതെന്ന്. എന്നാൽ എല്ലാവരും അപ്പവും വീഞ്ഞും കൊണ്ടുവന്നിരുന്ന പതിവ് അപ്രായോഗികമായി തോന്നിയതുമൂലം നിലച്ചുപോയി. അതിനുപകരം ഓരോരുത്തരും തങ്ങളുടെ സംഭാവന പണമായി കൊടുത്തുതുടങ്ങി. ഇപ്പോൾ യാക്കോബായസഭയിലും മറ്റും വിശ്വാസികൾ നൽകുന്ന തുച്ഛമായ സംഭാവന ഈ ഉദ്ദേശത്തിലാണെന്ന് വിചാരിക്കാനാണ് കൂടുതൽ ന്യായം. അല്ലാതെ പുരോഹിതന്റെ സന്ധാരണത്തിനാണെന്ന് തോന്നുന്നില്ല. സംഭാവന നൽകുന്ന ഈ പതിവും ഇന്ന് മിക്കവാറും നിന്നുപോയിരിക്കുന്നു. വിശുദ്ധ കുർബാനയ്ക്ക് ആവശ്യമായ അപ്പവും വീഞ്ഞും ശരിയാക്കുക വൈദികന്റെ വ്യക്തിപരമായ ചുമതലയാണോയെന്നുപോലും തോന്നിപ്പോകും ഇന്നത്തെരീതി കണ്ടാൽ. ആത്മീയാർത്ഥത്തിൽ ഇന്നും ഓരോ വിശ്വാസിക്കും അവകാശപ്പെടാം, പുരോഹിതൻ കാഴ്ചവയ്ക്കുന്നത് തന്റെയും കാഴ്ചവസ്തുവാണെന്ന്. പക്ഷേ അതു കൂടുതൽ പ്രകടമാകണ്ടേ, വിശുദ്ധ കുർബാനയിൽ ഓരോ വിശ്വാസിക്കുമുള്ള ഭാഗഭാഗിത്വം കൂടുതൽ സജീവമാകുവാൻ ഏതായാലും വിശുദ്ധ കുർബാനയ്ക്ക് അർപ്പിക്കപ്പെടുന്ന അപ്പവും വീഞ്ഞും സ്വന്തം കാഴ്ചവസ്തുവാണെന്ന ബോധം ഓരോ വിശ്വാസിക്കുമുണ്ടായിരിക്കേണ്ടത് ബലിയിലെ ഭാഗഭാഗിത്വം പൂർണ്ണമാകുവാൻ ആവശ്യമാണ്.

നാം നേരത്തേ കണ്ടു, യഹൂദന്മാരെ സംബന്ധിച്ചിടത്തോളം വലിയ പ്രശ്നം ദൈവത്തിന്റെ സ്വീകരണമായിരുന്നുവെന്ന്. നമ്മെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു പ്രശ്നമേയില്ല. നാം അർപ്പിക്കുന്ന അപ്പമെടുത്ത് പുരോഹിതൻ പറയുന്നു, ഇത് എന്റെ ശരീരമാകുന്നുവെന്ന്. അത് യേശുക്രിസ്തുവിന്റെ തിരുശരീരമായി മാറുന്നു. അതുപോലെ വീഞ്ഞെടുത്ത് പുരോഹിതൻ പറയുന്നു, ഇത് എന്റെ രക്തമാകുന്നുവെന്ന്. അതു കർത്താവിന്റെ തിരുരക്തമായി മാറുന്നു. ഇതിൽ വലുതായ എന്തൊരു പ്രവർത്തനമാണ് ദൈവത്തിൽനിന്നുണ്ടാവുക? കൂദാശവചനങ്ങളുടെ ഉച്ചാരണം കൊണ്ടുതന്നെ ദൈവം നമ്മുടെ കാഴ്ചവസ്തുക്കൾ– നമ്മുടെ യാതൊരു യോഗ്യതയും കൊണ്ടല്ല, പ്രത്യുത ദൈവത്തിന്റെ അനന്തകരുണകൊണ്ടുമാത്രം– സ്വീകരിച്ചതായി പറയാം. വസ്തുഭേദത്തോടെ (വി. കുർബാനയിൽ അപ്പവും വീഞ്ഞും കർത്താവിന്റെ തിരുശരീര രക്തങ്ങളായി മാറുന്ന മാറ്റം) അൾത്താരയിലെ ബലി കാൽവരിയിലെ ബലിയായി മാറുന്നു. യേശു ക്രിസ്തു കാൽവരിയിൽ അർപ്പിച്ച ബലി ദൈവം സ്വീകരിച്ചതുപോലെ, അൾത്താരയിലെ ബലിയും സ്വീകരിക്കുന്നു. നമ്മുടെ കാഴ്ചവസ്തുവിന് സംഭവിക്കുന്ന അത്ഭുതകരമായ മാറ്റത്തെയും ദൈവസ്വീകരണത്തെയും വിവരിക്കുക

www.malankaralibrary.com

ഒരു മനുഷ്യനും സാദ്ധ്യമല്ല. ഇതിലേറെ ഒരു സ്വീകരണം അസാദ്ധ്യമാണ്. ഇതിലേറെ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ പ്രകടനവും അസാദ്ധ്യമാണ്.

ബലി വിരുന്നിൽ ബലിവസ്തുവിൽനിന്ന് ഭക്ഷിക്കുന്നതിന്റെ അന്തരാർത്ഥം ദൈവത്തെത്തന്നെ സ്വീകരിക്കുകയെന്നതാണ്. തങ്ങളുടെ പെസഹാവിരുന്നിൽ യഹോവയുടെ പ്രത്യേക സാന്നിദ്ധ്യമുണ്ടായിരുന്നുവെന്നും യഹോവ തങ്ങളുടെ കൂട്ടത്തിന്റെ തലയായി വർത്തിച്ചിരുന്നുവെന്നും യഹൂദന്മാർ വിചാരിച്ചിരുന്നു. ബലിവിരുന്നിൽ പങ്കെടുക്കുന്നതു മുഖാന്തിരം ഏതൊരു ദേവതയ്ക്കായി ബലി അർപ്പിച്ചുവോ ആ ദേവതയുടെ ദൈവികത്വത്തിൽ പങ്കുകാരായി എന്ന് ഗ്രീക്കുകാർ തെറ്റിദ്ധരിച്ചിരുന്നു. എന്നാൽ വിശുദ്ധകുർബാനയിൽ ദൈവവും മനുഷ്യനുമായ യേശുക്രിസ്തുവിനെ സ്വീകരിക്കുന്നതോടെ, അവിടുന്നു നമ്മുടെ കൂട്ടത്തിന്റെയും നമ്മുടെ ഓരോരുത്തരുടെയും സന്ദർശകനായി വരുന്നു; ക്രിസ്തുവിന്റെ ദൈവത്വത്തിൽ തന്നെ ഒരുവിധത്തിൽ നാം പങ്കുകാരായിത്തീരുന്നു. മനുഷ്യരെ ദൈവങ്ങളാക്കാൻ ദൈവം തന്നെ മനുഷ്യനായിത്തീർന്നുവെന്നു നീസ്സായിലെ മാർ ഗ്രീഗോറിയോസിന്റെ പ്രസ്താവം ഏറ്റം യാഥാർത്ഥ്യവത്താകുന്നത് വിശുദ്ധകുർബാനയിലാണ്. ദൈവം ഒന്നേയുള്ളൂ. യേശുക്രിസ്തു ദൈവമാണ്. ആ യേശുക്രിസ്തുവുമായ ബന്ധം വിശുദ്ധകുർബാന സ്വീകരണംവഴി നാം പ്രാപിക്കുന്നു. ഇങ്ങനെ ബലിവിരുന്നുവഴി ദൈവവുമായി രമ്യപ്പെടാമെന്ന് യഹൂദന്മാർക്കുണ്ടായിരുന്ന പ്രത്യാശ ക്രിസ്ത്യാനികളായ നമ്മിൽ നിറവേറിയിരിക്കുന്നു.

**സ്വർഗ്ഗീയ വിരുന്നിന്റെ ആരംഭവും പ്രതിരൂപവും.**

ക്രിസ്തുവുമായുള്ള ഈ ഒരുമ സ്വർഗ്ഗത്തിലെ വിരുന്നിന്റെ ആരംഭവും പ്രതിരൂപവും മാത്രമാണ്. സ്വർഗ്ഗീയഭാഗ്യത്തെ ഒരു വിരുന്നായിട്ട് നമ്മുടെ കർത്താവുതന്നെ പല പ്രാവശ്യം ചിത്രീകരിച്ചിട്ടുണ്ട്. ഒന്നിച്ചു ഭക്ഷിക്കുന്നുവരുടെ ഇടയിലുള്ള സ്നേഹവും ഐക്യവും, അതുപോലെ വിരുന്നുകഴിക്കുന്നതിൽ ഓരോരുത്തനും അനുഭവവേദ്യമാകുന്ന ആനന്ദവും അടിസ്ഥാനമാക്കിയാണ് കർത്താവ് താദൃശ്യചിത്രീകരണം ചെയ്തത്. എന്നാൽ സ്വർഗ്ഗത്തിലെ വിരുന്നും ഈ ലോകത്തിലെ വിരുന്നുമായി യാതൊരു താരതമ്യവുമില്ല. രണ്ടും രണ്ടു തലത്തിലുള്ളതാണ്. ഒന്ന് താല്ക്കാലികമായ സന്തോഷം മാത്രം നൽകുന്നു, മറ്റേതാ



കട്ടെ എന്നെന്നേക്കുമുള്ള ആനന്ദവും. തന്നെയുമല്ല എല്ലാ വിധത്തിലും പൂർണ്ണമായ സ്വർഗ്ഗീയാനന്ദത്തോട് അവശ്യം അപൂർണ്ണവും പരിമിതവുമായിരിക്കുന്ന ഭൗതികവിരുന്നിനെ എങ്ങനെ താരതമ്യപ്പെടുത്താനാണ്.

എന്നാൽ ഭൗതികവിരുന്നും സ്വർഗ്ഗീയവിരുന്നുമായി ഒരു കാര്യത്തിൽ അപൂർണ്ണമെങ്കിലും വ്യക്തമായ ഒരു സാധർമ്യമുണ്ട്. ഭൗതികവിരുന്നിൽ നമുക്ക് പ്രിയപ്പെട്ട ആളുകളായി സമ്പർക്കപ്പെടുന്നതുപോലെ സ്വർഗ്ഗീയവിരുന്നിൽ എല്ലാ സന്തോഷത്തിന്റെയും നിദാനമായ ദൈവവുമായി നാം നിരന്തരമായ ഐക്യത്തിൽ ഏർപ്പെടുന്നു. ദൈവത്തോടുകൂടി ഈ ലോകത്തിൽ ദൈവേഷ്ടം നിർവഹിച്ച എല്ലാ നല്ല ആളുകളോടും, പരിശുദ്ധ കന്യാകാമറിയാമും വിശുദ്ധന്മാരും ഉൾപ്പെടുന്ന സമൂഹത്തോടും, അതായത് യേശുക്രിസ്തുവിന്റെ രക്തത്താൽ രക്ഷ പ്രാപിച്ച എല്ലാവരോടും, നാം സമ്പർക്കത്തിലേർപ്പെടുന്നു. ഈ അർത്ഥത്തിൽ സ്വർഗ്ഗീയവിരുന്നിനോട് ഏറ്റം സാധർമ്മ്യവും തുടർച്ചയുമുള്ളത് വാസ്തവത്തിൽ ഭൗതിക വിരുന്നിനല്ല, വിശുദ്ധകുർബാനയ്ക്കാണ് അവിടെ യേശുക്രിസ്തുവിന്റെ രക്തത്താൽ രക്ഷ പ്രാപിച്ച എല്ലാ വിശ്വാസികളോടും നാം ബന്ധപ്പെടുന്നു, എല്ലാത്തിലുമുപരിയായി യേശുക്രിസ്തുവിനോടുതന്നെ. സ്വർഗ്ഗീയാനന്ദത്തിന്റെ അന്തസ്സാരമെന്താണ്, ദൈവവുമായിട്ടുള്ള ഐക്യമല്ലാതെ യേശു ക്രിസ്തു ദൈവംതന്നെയല്ലെ? അവിടുത്തോടല്ലെ നാം വിശുദ്ധകുർബാനയിൽ അത്ഭുതകരവും ഏറ്റം ഉറ്റതരവുമായ ഐക്യത്തിൽ ഏർപ്പെടുന്നത്? അതുകൊണ്ട് ശരിയായ അർത്ഥത്തിൽ നമുക്കു പറയാൻ സാധിക്കുന്നു, വിശുദ്ധകുർബാന സ്വർഗ്ഗീയവിരുന്നിന്റെ ആരംഭവും പ്രതിരൂപവുമാണെന്ന്.

വിശുദ്ധകുർബാനയിൽ നാം ബന്ധപ്പെടുന്നത് ദൈവവുമായി തന്നെയാണ്, അതേ, മാനുഷികവും ദൃശ്യവുമായ പ്രവർത്തനത്തിൽ നമ്മെ രക്ഷിച്ചുകൊണ്ടിരിക്കുന്ന ദൈവവും മനുഷ്യനുമായ ക്രിസ്തുവിനോട് നമുക്കു ലഭ്യമായിരിക്കുന്ന ബന്ധത്തിൽ നാം നിരന്തരം വളരണം. സ്വർഗ്ഗത്തിൽ ദൈവവുമായി പൂർണ്ണമായ ഐക്യത്തിൽ ഏർപ്പെടുവാൻ ദൈവത്തിലേക്ക് നാം വളരണ്ടെ? ഈ അവശ്യകത വിളിച്ചു പറയുകയും മാർഗ്ഗം തുറന്നുതരികയുമാണ് വിശുദ്ധകുർബാനയാകുന്ന വിരുന്ന് ചെയ്യുന്നത്. ആ വിരുന്നിൽ നാം കൂടെക്കൂടെ പങ്കുചേർന്നെങ്കിലേ നമുക്കാവശ്യമായ വളർച്ച പ്രാപിക്കുകയുള്ളൂ. അത് വിശുദ്ധ

www.malankaralibrary.com

കുർബാനയിൽ സംബന്ധിച്ചതുകൊണ്ടുമാത്രം ശരിയായ വിധത്തിൽ ലഭിക്കുകയില്ല, വിശുദ്ധകുർബാന സ്വീകരിച്ചാലേ മതിയാവൂ. അതുകൊണ്ടാണ് വിശുദ്ധകുർബാന സ്വീകരണം ദിവ്യബലിയിലുള്ള ഭാഗഭാഗിത്വത്തിന്റെ പ്രധാന ഭാഗമായി സഭ എപ്പോഴും നമ്മെ പഠിപ്പിക്കുന്നത്.

***ക്രൈസ്തവകാഹളം, 1964 മെയ്***



# 17

# 'കല്യാണവസ്ത്രം ഉള്ളവർ'

**ഉപമകളിൽ സംസാരിക്കുന്നു**

വിവാഹവിരുന്നിന്റെ ഉപമ വിശുദ്ധ ലൂക്കോസിന്റെയും വിശുദ്ധ മത്തായിയുടെയും സുവിശേഷങ്ങളിൽ നാം വായിക്കുന്നതാണ്. (ലൂക്കോസ് 14: 16-24, മത്തായി 2:1-14) നമ്മുടെ കർത്താവ് ഒരേ പ്രാവശ്യം അരുളിച്ചെയ്ത ഉപമയാണിത്. സുവിശേഷകന്മാർ രണ്ടു വിധത്തിൽ ആഖ്യാനിക്കുന്നുവെന്നുമാത്രം. അവരോരോരുത്തർക്കും പ്രത്യക്ഷമായ ഉദ്ദേശമുണ്ട്; അതുകൊണ്ടാണ് അവരുടെ വിവരണം വ്യത്യസ്തമായിരിക്കുന്നത്. വിശുദ്ധ മത്തായി യഹൂദന്മാർക്കായി എഴുതി; തന്മൂലം ദൈവരാജ്യത്തെപ്പറ്റി കൂടുതൽ ക്രാന്തമായ വിവരണം നൽകുന്നു. അതായത് വിളിക്കപ്പെട്ടവർ എങ്ങനെ വിരുന്നിൽ സംബന്ധിക്കാതിരിക്കുന്നുവെന്നുമാത്രമല്ല, വിരുന്നിന് തെരഞ്ഞെടുക്കപ്പെട്ടവരെല്ലാം വിരുന്ന് അനുഭവിക്കുന്നില്ലായെന്നും അദ്ദേഹം വ്യക്തമാക്കുന്നു. എന്നാൽ പുറജാതികൾക്കായി സുവിശേഷമെഴുതിയ വിശുദ്ധ ലൂക്കോസാകട്ടെ ക്ഷണിക്കപ്പെട്ടവരല്ലാ വിരുന്നിൽ പങ്കെടുക്കുന്നതെന്നു മാത്രം വിശദമാക്കുന്നു. ഇവയിൽ വിശുദ്ധ മത്തായിയുടെ ആഖ്യാനമാണ് കൂടുതൽ പൂർണ്ണം; അതാണു വിശുദ്ധ കുർബാനയെ സംബന്ധിച്ച് പ്രസക്തമായിരിക്കുന്നുതും.

ഉപമയുടെ സാരം നമുക്ക് സുപരിചിതമാണ്. ഇസ്രായേൽ വംശജരാണ് വാസ്തവത്തിൽ ദൈവരാജ്യത്തിന് ആദ്യമായി ക്ഷണിക്കപ്പെട്ടവർ. ലൗകികമായ കാരണങ്ങളിൽ അവർ ദൈവത്തിന്റെ ആക്ഷണത്തെ തിരസ്കരിച്ചു. മിശിഹാ ലൗകികരാജാവായിരിക്കുമെന്നും റോമാക്കാരെ കീഴടക്കി യഹൂദരുടെ ആധിപത്യം സ്ഥാപിക്കുമെന്നും മറ്റും യേശുക്രിസ്തുവിന്റെ കാലത്ത് ജീവിച്ചിരുന്ന ഭൂരിഭാഗം യഹൂദന്മാരും പ്രതീക്ഷിച്ചിരുന്നുവെന്നത് ഇവിടെ സ്മർത്തവ്യമാണ്. അങ്ങനെ മിശിഹായുടെ സ്വർഗ്ഗീയ രാജ്യത്തെ ഇസ്രായേൽക്കാർ നിരാകരിച്ചതുമൂലം ജാതിയുടെയും ദേശത്തിന്റെയും പരിഗണന കൂടാതെ എല്ലാ മനുഷ്യരും ദൈവരാജ്യത്തിനായി വിളിക്കപ്പെട്ടു. മാമോദീസായോടുകൂടി ദൈവത്തിന്റെ ആ വിളി സ്വീകരിച്ചവരാണ് നാമെല്ലാവരും. എന്നാൽ

www.malankaralibrary.com

മാമോദീസാ സ്വീകരിച്ച എല്ലാവരും സ്വർഗ്ഗത്തിൽ എത്തിച്ചേരുന്നില്ല. അവരുടെ ഇടയിൽ നിന്ന് വീണ്ടും ഒരു തെരഞ്ഞെടുപ്പുണ്ട്. ഈ സത്യം വെളിവാക്കുകയാണ്, വിളിക്കപ്പെട്ടവർ വളരെ, തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം എന്ന പ്രമാണത്തിലൂടെ വിശുദ്ധ സുവിശേഷകൻ ചെയ്യുന്നത്.

സ്വർഗ്ഗീയ ജീവിത്തിലേക്കുള്ള ഈ തെരഞ്ഞെടുപ്പിനുള്ള മാർഗ്ഗമാണ് വിശുദ്ധ കുർബാന. വിവാഹവിരുന്നുകൊണ്ട് രണ്ടു സുവിശേഷകന്മാരും പ്രധാനമായി ഉദ്ദേശിക്കുന്നത്. സ്വർഗ്ഗത്തിൽ ദൈവത്തോടുകൂടി ഓരോ മനുഷ്യനും അനുഭവിക്കുന്ന ആനന്ദമാണ്. കല്യാണവസ്ത്രമില്ലാത്തവർ പുറത്താക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുമെന്ന് വിശുദ്ധ മത്തായി പറയുന്നത് ഓരോ മനുഷ്യനെയും അവന്റെ മരണത്തോടെ ദൈവം വിധിക്കുന്നതിനെപ്പറ്റിയാണ്. ദൈവനൽവരമാകുന്ന കല്യാണവസ്ത്രത്തോടെ മരിക്കുന്നവൻ സ്വർഗ്ഗത്തിലെ വിരുന്നിനെ തെരഞ്ഞെടുക്കപ്പെടുന്നു; അത് ഇല്ലാത്തവനോ നരകത്തിൽ ശിക്ഷിക്കപ്പെടുന്നു. എന്നാൽ സ്വർഗ്ഗീയവിരുന്നിനെ ഉദ്ദേശിച്ച് സുവിശേഷകൻ പറയുന്നത് വിശുദ്ധ കുർബാനയിലും സംഗതമാണ്. വിശുദ്ധ കുർബാന സ്വീകരിക്കുവാനും വേണം ദൈവവരപ്രസാദമാകുന്ന കല്യാണവസ്ത്രം. ആ കല്യാണവസ്ത്രം ഇല്ലാതെ വിശുദ്ധമേശയ്ക്ക് അണയുന്നവൻ ദൈവദോഷത്തിൽപെടുന്നു, നരകശിക്ഷയ്ക്ക് അർഹനായിത്തീരുകയും ചെയ്യുന്നു. തന്നെയുമല്ല, സ്വർഗ്ഗീയ വിരുന്നിന്റെ ആരംഭവും പ്രതിരൂപവുമാണല്ലോ, വിശുദ്ധ കുർബാന. അതുകൊണ്ട് വിശുദ്ധ സഭാപിതാക്കന്മാർ, മത്തായിയുടെ സുവിശേഷപ്രകാരമുള്ള വിവാഹവിരുന്നിന്റെ ഉപമയിൽ വിശുദ്ധ കുർബാനയെ ദർശിക്കുന്നു. വിശുദ്ധ കുർബാന സ്വീകരിക്കുവാൻ ആവശ്യമായ ആത്മീയാവസ്ഥയെന്തെന്ന് അതിൽനിന്ന് വ്യക്തമാക്കുകയും ചെയ്യുന്നു.

**വിശുദ്ധ പൗലോസ് ശ്ലീഹായുടെ ബോധനം**

വി. കുർബാന സ്വീകരിക്കുവാൻ ആവശ്യമായ കല്യാണവസ്ത്രത്തെപ്പറ്റി സഭ ആദ്യം മുതലേ നിഷ്കർഷിച്ചിരുന്നുവെന്ന് വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ നിന്ന് നമുക്കു മനസ്സിലാക്കാം. കോറന്ത്യാക്കാർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുന്നു.



ആകയാൽ യോഗ്യതയില്ലാതെ, കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും അവന്റെ പാത്രം പാനം ചെയ്കയും ചെയ്യുന്നവൻ കർത്താവിന്റെ രക്തത്തോടും അവന്റെ ശരീരത്തോടും അപരാധിയാകുന്നു. ഇതിനാൽ ഏതു മനുഷ്യനും തന്നെത്തന്നെ പരിശോധിക്കുകയും പിന്നെ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രം പാനം ചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ യോഗ്യനല്ലാതെ അതിൽനിന്നു ഭക്ഷിക്കുകയും പാനം ചെയ്കയും ചെയ്യുന്നവൻ കർത്താവിന്റെ ശരീരത്തെ വിവേചിക്കാത്തതുകൊണ്ട് തനിക്കു തന്നെയുള്ള ശിക്ഷാവിധിയാകുന്നു ഭക്ഷിക്കുകയും പാനം ചെയ്കയും ചെയ്യുന്നത്. (1 കോറ 11: 27-9)

യോഗ്യതയെയും ശിക്ഷാവിധിയെയും പറ്റിയുള്ള ശ്ലീഹായുടെ ഈ പഠിപ്പിക്കലും നമ്മുടെ കർത്താവ് അരുളിച്ചെയ്ത വിവാഹവിരുന്നിന്റെ ഉപമയും തമ്മിൽ വളരെ അടുത്ത സാദൃശ്യമുണ്ട്. ഇവിടെ വിശുദ്ധ ശ്ലീഹാ ദിവ്യകാരുണ്യ സ്വീകരണത്തിന് ആവശ്യമായ യോഗ്യതയെയും അതിന് മുമ്പായി വേണ്ടുന്ന പരിശോധനയെയും പറ്റി പ്രധാനമായി സംസാരിക്കുന്നു. എന്താണീ യോഗ്യത? എന്താണീ പരിശോധന? അത് മനസ്സിലാക്കാൻ ഈ ലേഖനത്തിന്റെ മുഴുവൻ പശ്ചാത്തലം നാം അറിഞ്ഞിരിക്കണം. പുറജാതികളുടെ ഇടയിൽ നിന്ന് മാനസാന്തരപ്പെട്ടവരായിരുന്നു, കോറിന്തിലെ സഭയിൽ ഭൂരിഭാഗവും. പുറജാതികൾ ആയിരുന്നപ്പോഴും അവർക്ക് ബലിവിരുന്നും മറ്റുമുണ്ടായിരുന്നു. വിഗ്രഹത്തിന് അർപ്പിച്ച ഭക്ഷണം കഴിക്കുന്നതിന്റെ നന്മതിന്മയെപ്പറ്റി വിശുദ്ധ ശ്ലീഹാ വിശദമായി വിവരിക്കുന്നത് അതുകൊണ്ടാണല്ലോ. അങ്ങനെയുള്ള ബലിവിരുന്നുകളിൽ പങ്കെടുക്കുന്നതിന് യാതൊരു ആത്മീയ ശുദ്ധിയും വേണ്ടായിരുന്നുവെന്ന് മാത്രമല്ല, അവ പാപത്തിനുള്ള അവസരങ്ങളുമായിരുന്നു. മാനസാന്തരപ്പെട്ടതിനുശേഷവും കൊറിന്ത്യർ അതേ മാനോഭാവത്തോടകൂടി വിശുദ്ധ മേശയ്ക്ക് അണഞ്ഞിരുന്നു. ഇതാണ് യോഗ്യതയെയും പരിശോധനയെയും പറ്റി വിശുദ്ധ ശ്ലീഹാ സംസാരിക്കുന്നതിന്റെ അടിസ്ഥാനം.

**യോഗ്യതയും പരിശോധനയും**

യോഗ്യതയെന്ന് വിശുദ്ധ ശ്ലീഹാ വിവക്ഷിക്കുന്നത് ഓരോരുത്തരും പ്രാപിക്കുന്ന പുണ്യയോഗ്യതയെപ്പറ്റിയല്ലെന്നുള്ളത് തീർച്ചയാണ്. അങ്ങനെ ഒരു പുണ്യയോഗ്യത വിശുദ്ധ കുർബാന സ്വീകരണത്തിന് അവശ്യ വ്യവസ്ഥയായി വച്ചിരുന്നുവെങ്കിൽ കോറിന്തിൽ വിശുദ്ധ

www.malankaralibrary.com

കുർബാന അർപ്പിക്കുന്നത് തന്നെയും അസാദ്ധ്യമായിരുന്നുവെന്നുള്ളതാണ് പരമാർത്ഥം. ദിവ്യബലിയിൽ പങ്കെടുത്തിരുന്നവരെല്ലാം വിശുദ്ധ മേശയ്ക്ക് അണഞ്ഞിരുന്നു. മാനസാന്തരപ്പെട്ടതിനുശേഷവും മുമ്പ് ചെയ്തിരുന്നതെറ്റുകൾ കൊറിന്ത്യർ തുടർന്നു ചെയ്തിരുന്നുവെന്ന് ശ്ലീഹായുടെ ലേഖനത്തിൽനിന്ന് നമ്മൾ മനസ്സിലാക്കുകയും ചെയ്യുന്നു. പിന്നെ എങ്ങനെ ദിവ്യബലി അർപ്പിക്കപ്പെടും? അതുകൊണ്ട് ശ്ലീഹാ ഉദ്ദേശിക്കുന്നത് പുണ്യയോഗ്യതയല്ലാ പാപമില്ലാത്ത അവസ്ഥയാണെന്നത് സ്പഷ്ടമാണ്.

അതുപോലെ പരിശോധനയെന്നതുകൊണ്ട് വിശുദ്ധ ശ്ലീഹാ ഉദ്ദേശിക്കുന്നത് വെറും ആത്മശോധനയല്ല. അങ്ങനെയായിരുന്നെങ്കിൽ ഒരിക്കൽ പാപം ചെയ്തവർ പിന്നീടൊരിക്കലും വിശുദ്ധ മേശയ്ക്ക് അണയരുതെന്നാണ് അദ്ദേഹം പറയുന്നതെന്ന് വരും. വിശുദ്ധ കുർബാന ആത്മവിശുദ്ധീകരണത്തിനുള്ള മാർഗ്ഗമായിരിക്കെ പാപികളെ വിശുദ്ധ മേശയിൽനിന്ന് അകറ്റി നിർത്തുന്നത് നമ്മുടെ കർത്താവ് വിശുദ്ധ കുർബാന സ്ഥാപിച്ച ഉദ്ദേശത്തിന് തന്നെ കടകവിരുദ്ധമായിരിക്കും. അതുകൊണ്ട് 'പരിശോധന'യെന്നതുകൊണ്ട് ആത്മശോധന മാത്രമല്ല പാപമോചനത്തിനുള്ള മാർഗ്ഗവുമാണ് വിശുദ്ധ ശ്ലീഹാ ഉദ്ദേശിക്കുന്നത്.

വിശുദ്ധ കുമ്പസാരമാണോ 'പരിശോധന' കൊണ്ട് വിശുദ്ധ ശ്ലീഹാ ഉദ്ദേശിക്കുന്നത്, അതോ പൂർണ്ണമനസ്താപം മാത്രമോ? പൂർണ്ണമനസ്താപപ്രകടനം മാത്രമായിരിക്കാൻ ഇടയില്ല. അങ്ങനെ ഒരു ആശയം -നല്ലവനായ ദൈവത്തെ ഉപദ്രവിച്ചതിന്മേലുള്ള ദുഃഖം- കൊറിന്തിലെ ക്രിസ്ത്യാനികൾക്ക് പരിചിതമായിരിക്കുവാനല്ല ന്യായം. അവർക്ക് ക്രിസ്തീയ ജീവിതത്തെപ്പറ്റിയുണ്ടായിരുന്ന ആശയം, ക്രിസ്തുവിലൂടെ അതായത് ക്രിസ്തുവിന്റെ മൗതികശരീരമായ സഭയിലൂടെയുള്ള പുതുജീവിതത്തെപ്പറ്റിയായിരുന്നു. ക്രിസ്തീയ ജീവിതത്തിലെ വ്യക്തിപരമായ ഭാവത്തെക്കാൾ സാമൂഹിക വ്യവസ്ഥയായിരുന്നു അവരുടെ ശ്രദ്ധയ്ക്ക് കൂടുതൽ വിഷയീഭവിച്ചിരുന്നത്. അതുകൊണ്ട് പാപമോചനത്തിനും. വ്യക്തിപരമായ മനസ്താപപ്രകടനത്തെക്കാൾ സാമൂഹികമായ മാർഗ്ഗമായിരുന്നു അവർ അവലംബിച്ചിരുന്നതെന്നു വേണം വിചാരിക്കുവാൻ എന്താണ് പാപമോചനത്തിന് സഭയെന്ന സമൂഹത്തിലൂടെയുള്ള മാർഗ്ഗം? വിശുദ്ധ കുമ്പസാരംതന്നെ. അവിടെ സഭയുടെ



പ്രതിനിധിയായ പട്ടക്കാരനോട് നാം നമ്മുടെ പാപങ്ങൾ അനുതാപത്തോടെ ഏറ്റുപറയുന്നു, അദ്ദേഹം ക്രിസ്തുവിന്റെ സ്ഥാനത്തു നിന്നുകൊണ്ട് നമ്മുടെ പാപം മോചിക്കുന്നു. ഇതു തന്നെയായിരുന്നു ആദിമസഭയിലും നടന്നിരുന്നത്. നിങ്ങളിൽ ശോധനചെയ്യപ്പെട്ടവർ ( 1 കോറ. 11:19) എന്ന് വിശുദ്ധ ശ്ലീഹാ പറയുന്നതുതന്നെ വിശുദ്ധ കുമ്പസാരമെന്ന കൂദാശയാൽ പാപമോചനം പ്രാപിച്ചവരെന്ന അർത്ഥത്തിലാണ്. അങ്ങനെ നിശ്ചിതവും വ്യക്തവുമായ ഒരു കൂട്ടത്തോടാണ് വിശുദ്ധ കുർബാനയെപ്പറ്റിയുള്ള ഉപദേശം അദ്ദേഹം നൽകുന്നത്. അതുകൊണ്ട് കുമ്പസാരമെന്ന കൂദാശ ഇന്നത്തെ രീതിയിലാണ് നടന്നിരുന്നതെന്ന് വരുന്നില്ല. ഏതായാലും കുമ്പസാരമെന്ന കൂദാശയിലൂടെ ആദിമക്രിസ്ത്യാനികൾ വിശുദ്ധ കുർബാന സ്വീകരണത്തിന് ഒരുങ്ങിയിരുന്നുവെന്ന് വിചാരിക്കുന്നതിൽ ഒട്ടും തെറ്റില്ല.

"നാം നമ്മെത്തന്നെ വിധിക്കുമെങ്കിൽ ശിക്ഷിക്കപ്പെടുകയില്ല ( 1 കോറ 11, 31) എന്നതിൽ, പാപം ഏറ്റുപറയുകയാണെങ്കിൽ അയോഗ്യതയോടെ വിശുദ്ധ കുർബാന സ്വീകരിച്ച് ശിക്ഷാവിധി ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുവാനും ഇടവരില്ലായെന്നും അങ്ങനെ നിത്യശിക്ഷയ്ക്ക് നാം അർഹരാകയില്ലായെന്നും വിശുദ്ധ ശ്ലീഹാ പഠിപ്പിക്കുന്നു. അതുപോലെ ലോകത്തോടൊന്നിച്ച് ശിക്ഷാവിധി ഏല്ക്കാതിരിക്കേണ്ടതിന്, നാം വിധിക്കപ്പെടുമ്പോൾ കർത്താവിനാൽ ശിക്ഷിക്കപ്പെടുന്നു. (വാക്യം 32) എന്നതിൽ പാപമോചനമെന്ന കൂദാശയിൽ നൽകപ്പെടുന്ന പ്രായശ്ചിത്തത്തെയും അതിന്റെ ഫലത്തെയുംപറ്റി അദ്ദേഹം സംസാരിക്കുന്നു. അങ്ങനെ വിശുദ്ധ കുമ്പസാരമെന്ന കൂദാശയിലെ മൂന്നു കാര്യങ്ങൾ വിശുദ്ധ ശ്ലീഹാ വ്യക്തമാക്കുന്നു - പാപം ഏറ്റു പറയുന്നതു മുഖാന്തിരം ഓരോ വിശ്വാസിയും തന്നെത്തന്നെ വിധിക്കുന്നു, പാപമോചനം ലഭിക്കുന്നതുമുഖാന്തിരം കർത്താവിനാൽ വിധിക്കപ്പെടുന്നു, കുമ്പാസാരമെന്ന കൂദാശയിൽ കല്പിക്കപ്പെടുന്ന പ്രായശ്ചിത്തം വഴി ശിക്ഷിക്കപ്പെടുന്നതു മുഖാന്തിരം ഓരോ വിശ്വാസിയും നിത്യ ശിക്ഷയിൽനിന്നു തന്നെ വിമുക്തനാകുന്നു.

പാപം മൂലം വിശുദ്ധ മേശയ്ക്ക് അണയുവാൻ അയോഗ്യനായിത്തീർന്ന ഒരുവൻ എങ്ങനെ യോഗ്യത പ്രാപിക്കുമെന്നതിന് വിശുദ്ധ പൗലോസ് ശ്ലീഹാ നൽകുന്ന വിവരണമാണ് ഈ വാക്യങ്ങളിൽ നാം കാണുന്നത്. അതായത് വിശുദ്ധ കുർബാന സ്വീകരിക്കുവാൻ ആവ

www.malankaralibrary.com

ശ്യവ്യവസ്ഥയാണ് പാപമില്ലാത്ത അവസ്ഥ. അതാണ് വിശുദ്ധ കുർബാനയെന്ന വിരുന്നിന് ആവശ്യമായ കല്യാണവസ്ത്രം. ആ കല്യാണവസ്ത്രം നഷ്ടമായവർക്ക് തിരികെപ്രാപിക്കുവാൻ സഭ എക്കാലവും നിർദ്ദേശിക്കുന്ന മാർഗ്ഗമാണ് വിശുദ്ധ കുമ്പസാരമെന്ന കൂദാശ.

**കർക്കശമായ മനോഭാവം**

പാപമില്ലാത്ത അവസ്ഥ മാത്രമേ വിശുദ്ധ കുർബാന സ്വീകരിക്കുവാൻ അവശ്യ വ്യവസ്ഥയായി വിശുദ്ധ പൗലൂസ് ശ്ലീഹാ നിർദ്ദേശിച്ചുള്ളുവെങ്കിലും കാലക്രമത്തിൽ സഭയ്ക്കുള്ളിൽ പല തെറ്റായ ചിന്താഗതികളും കടന്നുകൂടിയിട്ടുണ്ട്. ഇക്കാലത്തും പല വിശ്വാസികളും അവയിൽനിന്നു വിമുക്തരല്ല. രണ്ടാണ് അവയിൽ പ്രധാനമായിട്ടുള്ളത്- ഒന്ന് വിശുദ്ധ കുർബാന സ്വീകരിക്കുവാൻ പ്രത്യേകമായ പുണ്യ യോഗ്യത ആവശ്യമുണ്ട്: രണ്ട്, വിശുദ്ധ മേശയ്ക്ക് അണയുന്നതിന് കുറേനാൾ മുമ്പേ മുതലെങ്കിലും നിയമാനുസാരമായ ലൈംഗികപ്രവർത്തനങ്ങളിൽനിന്നുപോലും ഒഴിഞ്ഞിരിക്കണം.

നാലാം നൂറ്റാണ്ടിൽ ആരിയൻ പാഷണ്ഡതയോടുള്ള എതിർപ്പിലായിരുന്നു ആദ്യത്തെ മനോഭാവത്തിന്റെ ഉത്ഭവം. ക്രിസ്തു ദൈവമാണെന്നത് നിഷേധിക്കുകയായിരുന്നല്ലോ ആരിയൻ പാഷണ്ഡികൾ ചെയ്തത്. അതിനെ എതിർത്ത സഭാപിതാക്കന്മാർ മനുഷ്യരക്ഷാകർമ്മത്തിൽ ക്രിസ്തുവിന്റെ ദൈവത്വത്തിന് കൂടുതൽ മുൻതൂക്കം കൊടുത്തു. അതനുസരിച്ച് സഭയുടെ വിശ്വാസ മനോഭാവത്തിലും ചില മാറ്റം വന്നു. ഒരു ഉദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം. 'പരിശുദ്ധാത്മാവിനോടുള്ള ഐക്യത്തിൽ പുത്രൻ വഴിയായി പിതാവിന് സ്തുതിയെ' ന്നായിരുന്നു ത്രിത്വസ്തുതിയുടെ ആദ്യരൂപം. എന്നാൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഏകദൈവത്തിലെ മൂന്നു തുല്യ ആളുകളാണെന്ന് സ്ഥാപിക്കുവാനായി, 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.' എന്ന ഇന്നത്തെ രൂപത്തിലേയ്ക്ക് ത്രിത്വസ്തുതിക്ക് മാറ്റം വന്നു. ഇതിൽ യാതൊരു തെറ്റുമില്ല. എന്നാൽ പിതാവായ ദൈവത്തിന്റെ പക്കൽ എല്ലാ മനുഷ്യർക്കും ഏകമധ്യസ്ഥനായ ക്രിസ്തുവിനെ സമീപിക്കുവാൻ, അവിടുന്നു ദൈവമാണെന്ന ബോധത്തിൽ, നാം ഭയപ്പെടുകയാണെങ്കിൽ അത് നമ്മുടെ വിശ്വാസത്തിന്റെ കാഴ്ചപ്പാടിൽ വരുന്ന വലിയ ഒരു പിശകാണ്. ഇതുതന്നെ വിശുദ്ധ കുർബാന സ്വീകരണത്തെപ്പറ്റിയും നമുക്കു പറയാം. വിശുദ്ധ കുർബാനയിൽ സാക്ഷാൽ ദൈവമായ ക്രിസ്തുവിനെ നാം സ്വീകരിക്കുന്നുവെന്നതുകൊണ്ട് പാപപരിഹാരാർത്ഥമുള്ള ആ വിശുദ്ധ മേശയെ സമീപിക്കുവാൻ നാം ഭയപ്പെടരുത്. അതിന് പ്രത്യേക പുണ്യയോഗ്യത വേണമെന്ന് വാദിക്കുകയുമരുത്.



18-ാം നൂറ്റാണ്ടിൽ ജാൻസനിസ്റ്റ് പാഷണ്ഡികളായിരുന്നു ഈ വാദത്തിന്റെ വലിയ പ്രണേതാക്കൾ. പ്രോട്ടസ്റ്റന്റു മത വൈപരീത്യത്തെ തുടർന്ന് വിശുദ്ധ കുർബാനയോടുള്ള ഭക്തി കൂടുതൽ പ്രബലമാക്കുവാനായി വിശുദ്ധ കുർബാനയുടെ പ്രത്യേകാരാധന, ആശീർവാദം, വിശുദ്ധ കുർബാനയുടെ പ്രദക്ഷിണം മുതലായ പല നല്ല ഭക്തകൃത്യങ്ങൾ സഭയിൽ ആവിർഭവിച്ചു കഴിഞ്ഞിരുന്നു. ഈ സാഹചര്യത്തിൽ വിശുദ്ധ കുർബാന സ്വീകരിക്കുവാൻ നീണ്ട ഒരുക്കം വേണമെന്ന് ജാൻസനിസ്റ്റുകൾ വാദിച്ചപ്പോൾ വിശ്വാസികൾ വിശുദ്ധ കുർബാന സ്വീകരണത്തിൽ ഉദാസീനത കാണിക്കുകയും മറ്റു ഭക്തകൃത്യങ്ങളിൽ കൂടുതൽ ശ്രദ്ധപതിക്കുകയും ചെയ്തുതുടങ്ങി. വിശുദ്ധ കുർബാന ഒരു ബലിവിരുന്നാണ്. മറ്റു യാതൊരു ഭക്തകൃത്യവും ആ ബലിവിരുന്നിൽ പങ്കെടുക്കുന്നതിനു പകരമാകുകയില്ല. വിശുദ്ധ കുർബാന സ്വീകരണത്തിന് ആവശ്യമായിരിക്കുന്നത് പാപമില്ലാത്ത അവസ്ഥയും സ്വീകരണസമയത്തുള്ള ത്രീവ്രമായ ഭക്തിയും ആഗ്രഹവുമാണ്. നീണ്ട ഒരുക്കംകൊണ്ട് ഭക്തിയും ആഗ്രഹവവർദ്ധമാനമാക്കാം, പക്ഷേ അതുകൊണ്ട് വിശുദ്ധ കുർബാന സ്വീകരിക്കുവാൻ നാം കൂടുതൽ യോഗ്യതയുള്ളവരാകുന്നില്ല. നാം അതിന് എന്നും അയോഗ്യരാണ്. ദൈവം തന്റെ കരുണയിൽ നമ്മുടെ ആത്മീയാഹാരമായി വിശുദ്ധ കുർബാന സ്ഥാപിച്ചു. ആ വിരുന്നിന് നമ്മെ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. യോഗ്യതയില്ലെന്ന് പറഞ്ഞ് ആ വിരുന്നിൽ നിന്ന് ഏറെനാൾ മാറിനില്ക്കുന്നത് തെറ്റാണ്; നമ്മുടെ പാപംപോക്കി ആ ഭക്ഷണം കൂടെക്കൂടെ സ്വീകരിക്കുക നമ്മുടെ വലിയ ചുമതലയുമാണ്.

വിശുദ്ധ മേശയ്ക്ക് അണയുവാൻ നീണ്ട ഒരുക്കം വേണമെന്ന് പറയുന്നതിനേക്കാൾ വലിയ തെറ്റാണ് സ്ത്രീപുരുഷന്മാരിൽ സ്വാഭാവികമായുണ്ടാകുന്ന ലൈംഗികപ്രവർത്തനത്തിന്റെ പേരിൽ അവർ വിശുദ്ധ മേശയിൽനിന്ന് അകന്നു നില്ക്കാൻ ആവശ്യപ്പെടുക. ഈ ചിന്താഗതിയും ആരിയ പാഷണ്ഡികളുടെ കാലത്താണ് ഉത്ഭവിച്ചത്, പക്ഷെ, അവരെ എതിർത്തവരല്ലാ അവർ തന്നെയായിരുന്നു ഇതിന്റെ കാരണക്കാർ, എന്ന് നാലാം നൂറ്റാണ്ടിലെ ആര്യന്മാർ എന്ന പുസ്തകത്തിൽ

www.malankaralibrary.com

കർദ്ദിനാൾ ന്യൂമാൻ പ്രസ്താവിച്ചിരിക്കുന്നു. പഴയനിയമത്തിൽ ലൈംഗികപ്രവർത്തനത്തിന് അതിൽത്തന്നെ ഏതോ അശുദ്ധി കല്പിച്ചിരുന്നുവെന്നത് ശരിയാണ്. സ്ത്രീകൾ പ്രസവം കഴിഞ്ഞ് ദൈവാലയത്തിൽ പോയി തങ്ങളെത്തന്നെ ശുദ്ധീകരിക്കുന്ന ആചാരമുണ്ടായിരുന്നല്ലോ. എന്നാൽ ക്രിസ്തുവിന്റെ വരവോടെ ഓരോന്നിനെയും അവയുടെ യഥാർത്ഥ്യത്തിൽ ദർശിക്കുന്ന നമുക്കിയാം, ഭാര്യാഭർത്തൃബന്ധത്തിലോ അതുപോലുള്ള സ്വാഭാവികവും നിയമാനുസാരമായ ലൈംഗിക പ്രതിഭാസങ്ങളിലോ യാതൊരു തെറ്റുമില്ലെന്ന്.

ഈ തെറ്റായ ചിന്താഗതിക്ക് സഭയിൽ ചില വിശുദ്ധന്മാർ പോലും കൂട്ടുനിന്നിട്ടുണ്ട് - വിശുദ്ധന്മാർക്കും തെറ്റുവരാൻ പാടുണ്ടല്ലോ. വിശുദ്ധ കുർബാന ക്രിസ്തീയ ജീവിതത്തിന്റെ അവശ്യഭാഗമാക്കുവാൻ വളരെയധികം ശ്രമിച്ച ആഴ്സിലെ മാർ കേസറിയോസ് വിവാഹിതരോട് ഇങ്ങനെ പറയുന്നു- തിരുനാൾ ദിവസത്തിൽ പള്ളിയിൽ വന്ന് ക്രിസ്തുവിൽ കൂദാശകൾ സ്വീകരിക്കുന്നതിന് വളരെമുമ്പേതന്നെ നിങ്ങൾ ആത്മനിയന്ത്രണം പാലിച്ചിരിക്കണം. ഇതേ തെറ്റിദ്ധാരണയിൽ പെട്ട് നോമ്പുകാലം മുഴുവൻ വിവാഹിതർ ആത്മനിയന്ത്രണം പാലിക്കുമെന്ന് അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ട്. ആത്മനിയന്ത്രണം പുണ്യമാണ്. വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനു മുമ്പ് പുണ്യാഭ്യാസം ചെയ്യുന്നതിൽ യാതൊരു തെറ്റുമില്ല. എന്നാൽ വിശുദ്ധമേശയ്ക്ക് അണയുന്നതിന് ആത്മനിയന്ത്രണം ഒരു അവശ്യവ്യവസ്ഥയായി വയ്ക്കുന്നത് തികച്ചും തെറ്റാണ്. അതിന്റെ ദൂഷ്യഫലത്തെ വിശുദ്ധ പത്താം പീയൂസ് ഇങ്ങനെ സമാഹരിച്ചു പറയുന്നു- "ഈ നിബന്ധനകൾ കർക്കശമായി തീർന്നതോടെ വിശ്വാസികളുടെ പല കൂട്ടങ്ങൾ മുഴുവനായിത്തന്നെ, ഉദാഹരണമായി വിവാഹാവസ്ഥയിൽ ജീവിക്കുന്നവർ, വിശുദ്ധ മേശയെ സമീപിക്കുന്നതിൽ നിന്ന് മാറ്റിനിർത്തപ്പെട്ടു." ഈ ചിന്താഗതിക്ക് മാറ്റം വരുത്തിയത് - കൂടെക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണം പ്രോത്സാഹിപ്പിച്ചതും- അദ്ദേഹം തന്നെയാണ്. വിവാഹാവാസ്ഥ പരിശുദ്ധമാണെന്നും അതിലെ ചുമതലാനിർവ്വഹണം തെറ്റാകുകയില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഇതോടെ ദൈനംദിന ദിവ്യകാരുണ്യസ്വീകരണത്തിന് കൂടുതൽ പ്രചാരം സിദ്ധിച്ചുവെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

**പാപമില്ലാത്ത ബലിയിലെ പങ്കാളിത്തം**

പാപരഹിതമായ അവസ്ഥ മതി വിശുദ്ധ മേശയ്ക്ക് അണയുവാൻ



എന്ന ബോധം വളരുകയും കൂടെക്കൂടെയുള്ള ദിവ്യകാരുണ്യ സ്വീകരണത്തിന്റെ ആവശ്യം ബോധ്യമായി വരുകയും ചെയ്തതോടെ വിശുദ്ധ കുർബാനയെന്ന ബലിയിൽ സജീവവും പൂർണ്ണവുമായ ഭാഗഭാഗിത്വം വിശ്വാസികൾക്ക് സാധ്യമായിത്തീർന്നു. എന്നാൽ ഈ പങ്കുകൊള്ളൽ ദിവസംതോറുമുള്ള ഒരുപതിവെന്ന നിലയിലേയ്ക്ക് താഴ്ന്നിറങ്ങരുത്. ഓരോ കുർബാനയും തികഞ്ഞ പുതുമയുള്ളതായി തോന്നണം - നമ്മുടെ പാപത്തെപ്പറ്റി അനുതപിക്കാനും നമ്മുടെ അയോഗ്യത ഏറ്റുപറയുവാനും ആത്മാവിന്റെ ആവശ്യമെന്ന നിലയിൽ വിശുദ്ധ മേശയ്ക്ക് അണയുവാനും നമ്മെ പ്രചോദിപ്പിക്കുന്ന ഒരു പുതുമ. ഇതനുസരിച്ചാണ് വിശുദ്ധ കുർബാനയുടെ ഘടനതന്നെ. ആദ്യമായി അനുതാപത്തിന്റെ മസുമുറാ ചൊല്ലിക്കൊണ്ട് - വിശ്വാസികളും പ്രഭാതനമസ്കാരത്തിൽ 51 -ാം മസുമൂറാ ചൊല്ലുന്നുണ്ടല്ലോ - ബലി ആരംഭിക്കുന്ന പുരോഹിതൻ എത്രയോ തവണ ഏറ്റുപറയുന്നുണ്ട്, പാപരഹിതമായ ഈ ബലിയിൽ പങ്കുകൊള്ളാൻ വിശ്വാസികളും അവരുടെ പ്രതിനിധിയായ താനും അയോഗ്യനാണെന്ന്. പാപത്തെപ്പറ്റിയുള്ള യഥാർത്ഥാനുതാപത്തിൽ നിന്ന് ഉണ്ടാകുന്ന അയോഗ്യതാബോധമാണിത്. വിശുദ്ധ കുർബാനയുടെ അവസാനഭാഗത്ത് "ദിവ്യകാരുണ്യസ്വീകരണത്തിനുള്ള കർത്താവിന്റെ തിരുശരീരരക്തങ്ങൾ ഉയർത്തിക്കൊണ്ട് പറയുന്നു- വിശുദ്ധമായവ വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കുമായി കൊടുക്കപ്പെടുന്നു." അതിന് ജനം ഇങ്ങനെ പ്രത്യുത്തരിക്കുന്നു- "പരിശുദ്ധനായ പിതാവും പരിശുദ്ധനായ പുത്രനും പരിശുദ്ധനായ റൂഹായുമല്ലാതെ പരിശുദ്ധനില്ല" എന്ന്. നമ്മുടെ അയോഗ്യതയുടെ തുറന്ന ഏറ്റുപറച്ചിലാണിത്.

എന്നാൽ നമ്മുടെ അയോഗ്യതയെ ദർശിക്കുന്ന ദൈവം തന്നെയാണ് പാപമില്ലാത്ത അവസ്ഥയിൽ പാപരഹിതമായ ബലിയിൽ പങ്കുചേരുവാൻ നമ്മോട് ആവശ്യപ്പെടുന്നത്. ദൈവം തന്റെ വിരുന്നിൽ പങ്കുകൊള്ളുവാൻ ആവശ്യപ്പെടുന്നതായി പുരോഹിതൻ തിരുശരീരരക്തങ്ങൾ പടിഞ്ഞാറോട്ട് എഴുന്നെള്ളിക്കുമ്പോൾ നാം മനസ്സിലാക്കുന്നു. നാം അതിൽ പങ്കുചേരുന്നു. പക്ഷേ, അയോഗ്യമായി പാപത്തിന്റെ അവസ്ഥയിൽ വിശുദ്ധ കുർബാന സ്വീകരിച്ചവരെപ്പറ്റിയുള്ള ഭയം- അങ്ങനെ ആരും ഉണ്ടാകരുതെന്നാണ് ദൈവത്തിന്റെ ആഗ്രഹം- ആരാധന ക്രമത്തിൽ വ്യക്തമായി നിഴലിച്ചുനില്ക്കുന്നു വിശുദ്ധ വസ്തുക്കൾ കൊണ്ട് പുരോഹിതൻ ഇങ്ങനെ പറയുന്നു- "ഞങ്ങൾ ഭക്ഷിച്ചിരിക്കുന്നതായ

www.malankaralibrary.com

നിന്റെ വിശുദ്ധ തിരുശരീരവും ഞങ്ങൾ പാനം ചെയ്തിരിക്കുന്ന പുണ്യപ്പെടുത്തുന്നതായ തിരുരക്തവും ഞങ്ങൾക്കു ശിക്ഷാവിധിക്കും പ്രതികാരത്തിനുമായി തീരരുതേ" എന്ന്.

ഇത് കേൾക്കുമ്പോൾ വിശുദ്ധ പൗലോസ് ശ്ലീഹാ കോറന്തോസുകാർക്ക് കൊടുത്ത മുന്നറിയിപ്പും നമ്മുടെ കർത്താവ് അരുളിച്ചെയ്ത ഉപമയിലെ കല്യാണവസ്ത്രമില്ലാത്തവന്റെ ശിക്ഷയും നമ്മുടെ മനസ്സിൽ പൊന്തിവരുന്നു. വിശുദ്ധ മേശയ്ക്ക് അണയുവാൻ ആവശ്യമായ കല്യാണവസ്ത്രം വാസ്തവത്തിൽ നമ്മുടെ പ്രവർത്തനഫലമല്ല. നാം നമ്മെത്തന്നെ പരിശോധിച്ച് നമ്മുടെ പാപത്തിന് മോചനം പ്രാപിക്കുക, നമ്മുടെ അയോഗ്യതയെ ഏറ്റുപറയുക, അപ്പോൾ ദൈവാനുഗ്രഹമാകുന്ന 'കല്യാണവസ്ത്രം' നാം പ്രാപിക്കും. ഓരോ പ്രാവശ്യം വിശുദ്ധ ബലിയിൽ പങ്കെടുക്കുമ്പോഴും കല്യാണവസ്ത്രം പ്രാപിക്കാനായി നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു, അല്ലാതെ വെറുമൊരു പതിവുപോലെ ഉദാസീനമായി പങ്കെടുക്കാവുന്നതല്ല. ഓരോപ്രാവശ്യം നാം വിശുദ്ധ ബലിയിൽ പങ്കെടുക്കുമ്പോഴും നാം ഒന്നുകിൽ നമ്മുടെ നിത്യരക്ഷ അല്ലെങ്കിൽ ശിക്ഷ പ്രാപിക്കുന്നുവെന്നബോധം കൂടുതൽ സജീവമായ ഭാഗഭാഗിത്വത്തിന് നമ്മെ സഹായിക്കും.

***ക്രൈസ്തവകാഹളം, 1964 ജൂലൈ***



# 18

# അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു

'ഇടയൻ അടിയേറ്റു; ആടുകൾ ചിതറിക്കപ്പെട്ടു.' യേശു ശത്രുക്കളാൽ പിടിക്കപ്പെട്ടപ്പോൾ ഇതു തന്നെ സംഭവിച്ചു. യേശുവിനെ അവർ പിടിച്ചുകൊണ്ടു പോയി. എങ്കിലും ശിഷ്യന്മാർ ചുറ്റിപ്പറ്റി നിന്നു. യേശുവിന് എന്തു പറ്റിയെന്ന് അറിയുവാൻ. പത്രോസിന്റെ കാര്യം ഓർമ്മയിൽ വരുന്നുണ്ടല്ലോ. തികച്ചും അപ്രതീക്ഷിതമായി പലതും യേശുവിന്റെ മരണത്തിൽ സംഭവിച്ചു. എല്ലാവർക്കും അതൊരു വാർത്തയായി. ശത്രുക്കൾക്ക് സന്തോഷം, കാഴ്ചക്കാർക്ക് അനുകമ്പ, ശിഷ്യന്മാർക്ക് നിരാശ. ശിഷ്യന്മാർ വളരെ പ്രതീക്ഷയോടെ കാത്തിരുന്നതാണ്. എന്നാൽ യേശു മരിച്ചപ്പോൾ ആ പ്രതീക്ഷകൾ അസ്തമിച്ചു. ശിഷ്യന്മാരുടെ ഉൾക്കണ്ണുകൾ അടഞ്ഞുപോയി. ഇനിയും ഒന്നും കാണേണ്ടെന്നു വച്ച് ഒരു നല്ല ഗണം ശിഷ്യന്മാർ ബാഹ്യനേത്രങ്ങൾ അടച്ചുകളഞ്ഞു. ഇനിയും യെറുസലേം വിട്ട്, സ്വന്തം നാട്ടിലേക്ക് തിരികെ പോകാമെന്നു തീരുമാനിച്ചവരിൽ പെട്ടവരാണ്, എമ്മാവോസിലേക്ക് യാത്രപുറപ്പെട്ട ക്ലെയോഫാസും കൂട്ടുകാരനും. (ആ കൂട്ടുകാരൻ ലൂക്കോസ് ആയിരിക്കുമോ?) അവരെ എന്നാലും യേശുവിന്റെ പീഡാനുഭവത്തിന്റേയും, മരണത്തിന്റേയും ഓർമ്മകൾ വേട്ടയാടിക്കൊണ്ടിരുന്നു.

പീഡാനുഭവത്തിന്റെ വെള്ളിയാഴ്ച യറുശലേമിലും കാൽവറിയിലും ഒറ്റയായും കൂട്ടമായും ചുറ്റിപ്പറ്റി നിന്നിരുന്ന ശിഷ്യർ ശനിയാഴ്ച ശാബതു ദിനമായിരുന്നതുകൊണ്ട് ഒളിവിടങ്ങളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്നു, കഴിയുന്നത്ര കൂട്ടം കൂടിതന്നെ. കാരണം ശാബത് വിശുദ്ധമായ കൂട്ടായ്മയുടെ ദിവസമാണ്. അവിടെവച്ച് യേശുവിന്റെ പീഡാനുഭവത്തെപ്പറ്റി കണ്ടതും കേട്ടതുമായ കാര്യങ്ങൾ ശിഷ്യന്മാർ പരസ്പരം പറഞ്ഞു കൊടുത്തു, അവർ പീഡാനുഭവത്തിന്റെ ഒന്നിച്ചുള്ള ചിത്രം

www.malankaralibrary.com

സമാഹരിച്ചു. എല്ലാവർക്കും എല്ലാം ഓർമ്മയിൽ വ്യക്തമായി പതിക്കപ്പെട്ടു. അതുകൊണ്ട് എമ്മാവോസിലേക്ക് യാത്ര ചെയ്ത ശിഷ്യന്മാരും യേശുവിന്റെ പീഡാനുഭവത്തിന്റെ വിവിധ സംഭവങ്ങൾ എടുത്തെടുത്ത് പറഞ്ഞുകൊണ്ടിരുന്നു. എങ്കിലും ആ ഓർമ്മകൾ ശിഷ്യരെ അധികമധികം ദുഃഖിതരാക്കിയതേയുള്ളൂ. കാരണം അവരുടെ കണ്ണുകൾ അടഞ്ഞിരുന്നു. കൂടുതൽ ഓർക്കുന്തോറും പ്രതീക്ഷകൾ അസ്തമിച്ച് അന്ധകാരത്തിന്റെ തടവുകാരായിത്തീർന്നു അവർ.

വെളിച്ചത്തിന്റെ അനുഭവം ഒട്ടൊക്കെ കാത്തുസൂക്ഷിക്കാൻ സാധിച്ചത് കുരിശിന്റെ ചുവട്ടിൽ നിന്നിരുന്ന സ്ത്രീകൾക്കായിരുന്നു. അവർ യേശുവിന്റെ കുരിശിനോടു ചേർന്നുനിന്നിരുന്നതുകൊണ്ട് അതിന്റെ പ്രകാശം അവരുടെ മനസ്സിൽ പതിച്ചു. പക്ഷേ, വെറും മാനുഷികമായി മാത്രം വേണ്ടുന്ന ബഹുമാനത്തോടെ യേശുവിന്റെ മൃതശരീരം കബറടക്കിയില്ലല്ലോ എന്നതായിരുന്നു അവരുടെ ആകുലത. മരണത്തിലും യേശുവിനെ അവർ ഓർത്തു വച്ചു. അവർ ശാബതിന്റെ പിറ്റേന്നാൾ സൂര്യൻ ഉദിക്കുന്നതിന് മുമ്പേ കല്ലറയിലേക്കോടി. പക്ഷേ, അവർ യേശുവിന്റെ പ്രകാശം കണ്ടില്ല. ഉയർത്തെഴുന്നേറ്റ യേശുവാകുന്ന ഉദയസൂര്യനെ നേരിൽ കാണാൻ പറ്റിയില്ല. അവ്യക്തമായി എന്തോ ഒക്കെ, കണ്ടു, കേട്ടു. സ്ത്രീകൾ ഭയം വെടിഞ്ഞ് ശിഷ്യന്മാരുടെ ഒളിസങ്കേതത്തിൽ ഓടിച്ചെന്നു, കൂടുതൽ പ്രകാശം ലഭിക്കുമെന്ന പ്രതീക്ഷയിൽ.

സ്ത്രീകൾ ശൂന്യമായ കല്ലറ കണ്ടിരുന്നു. പത്രോസും യോഹന്നാനും ഓടിയെത്തി. ശവാവരണവസ്ത്രങ്ങൾ പലടത്തായി വേർപെട്ടു കിടക്കുന്നതുകണ്ട് അവർക്കു ബോധ്യമായി ആരും മൃതദേഹം എടുത്തുകൊണ്ടു പോയതല്ലെന്ന്. യേശുവിന്റെ ഉയിർപ്പിന്റെ സൂചന ലഭിച്ചു. എങ്കിലും വ്യക്തമായ ചിത്രമൊന്നുമാകുന്നില്ല. ദുഃഖത്തിന്റെ ഓർമ്മകൾ അവരുടെമേൽ ഉരുണ്ടു കൂടി നിന്നിരുന്നു. എങ്കിലും പ്രതീക്ഷയുടെ ഒരു ചെറുനാളം പതിനൊന്നു ശിഷ്യരുടെ മനസ്സിന്റെ ഉപരിതലങ്ങളിൽ പൊന്തിനിന്നിരുന്നു. പ്രഭാതസൂര്യന്റെ ആദ്യവെളിച്ചം പോലെ. യേശു തങ്ങളോടൊന്നിച്ച് പെസഹാ വിരുന്നു കഴിച്ച സംഭവം, നിത്യതയിലേക്ക് വെളിച്ചം വീശുന്ന ഒന്നാണ്. പാപങ്ങൾക്കു മോചനവും കടങ്ങൾക്കു പരിഹാരവും നൽകി നിത്യജീവനിലേക്ക് നയിക്കുന്ന സ്നേഹവിരുന്നാണല്ലോ അത്. എന്നാൽ ഈ പ്രതീക്ഷയിലും പങ്കുചേരാൻ ക്ലെയോഫാസും കൂട്ടുകാരനും തയ്യാറായില്ല. അവർ സംഭവം



കൃത്യമായി കേട്ടറിഞ്ഞിരുന്നു. പക്ഷേ, ആ അറിവ് ഒരു പ്രതീക്ഷയായി അവർക്ക് അനുഭവപ്പെട്ടില്ല, കാരണം അവരതിൽ പങ്കുചേർന്നില്ല എന്നതുതന്നെ. അങ്ങനെ ശിഷ്യസമൂഹം കുറേയൊക്കെ പ്രതീക്ഷയോടെ കാത്തിരുന്നപ്പോൾ ക്ലെയോഫാസും കൂട്ടുകാരനും യറുശലേമിൽ നിന്ന് വിട്ടുപോകാനാണ് തീരുമാനിച്ചത്. യഥാർത്ഥ പ്രകാശത്തിൽ നിന്ന് മനുഷ്യനെ തടയുന്ന അന്ധകാരശക്തി എത്ര ഭയങ്കരം.

ആ രണ്ടു ശിഷ്യന്മാർ വിശ്വാസ സമൂഹത്തിൽ നിന്ന് അകന്നു പോകുന്നത് ഉയിർത്തെഴുന്നേറ്റ യേശു ദർശിച്ചു, അവരുടെ കൂടെയെത്തി, ഒരു യാത്രക്കാരനെപ്പോലെ - അവരിലൊരാളായി ആ ശിഷ്യർ പറയുന്നതെല്ലാം ശ്രദ്ധിച്ചു. ഓരോ വിശ്വാസിയിലും - അകന്നു പോകുന്നവനാണെങ്കിൽ കൂടുതലായും-യേശുവിന് ശ്രദ്ധയുണ്ട്. ആ ശിഷ്യർക്ക്, യേശുവിലുള്ള ബഹുമാനം നശിച്ചിരുന്നില്ല. യേശു ഇസ്രായേലിന്റെ പ്രതീക്ഷ തന്നെ, പക്ഷെ, എങ്ങനെ പ്രതീക്ഷ നിറവേറുമെന്നതിനെപ്പറ്റി അവർക്കൊരു വിവരവുമില്ല. അവർ ഇരുട്ടിലായിരുന്നു. യഹൂദൻ ഇരുട്ടിന്റെ നടുവിൽ അഭയം തേടേണ്ടത് വിശുദ്ധ ലിഖിതങ്ങളിലാണ്, പ്രത്യേകിച്ച് പ്രവാചകരിൽ. യേശു ഒരു യഹൂദനെന്നപോലെ മിശിഹാ എങ്ങനെ പീഡകളേറ്റ് മരണത്തിലൂടെ മഹത്വത്തിലേക്കു പ്രവേശിക്കുമെന്നതിനെപ്പറ്റി, ആ ശിഷ്യരെ വിശദമായി പഠിപ്പിച്ചു. അവരുടെ ഹൃദയം ചൂടുപിടിച്ചു. പ്രകാശം സ്വീകരിക്കുന്നതിന്റെ പ്രാരംഭമായി, എങ്കിലും ഉയിർത്തെഴുന്നേറ്റ യേശുവിന്റെ അനുഭവം സിദ്ധമാക്കുന്നത് വിശ്വാസസമൂഹത്തിലാണ്, കൂട്ടായ്മയിലാണ്.

യേശു പറഞ്ഞിരുന്നു, എന്റെ നാമത്തിൽ രണ്ടോ അതിലധികമോ പേർ ഒന്നിച്ചു കൂടുമ്പോൾ, താൻ അവരുടെ മദ്ധ്യേ ഉണ്ടായിരിക്കുമെന്ന്. യേശുവിന്റെ ഊഷ്മള സാന്നിധ്യം ക്ലെയോഫാസും കൂട്ടുകാരനും അനുഭവിക്കയായിരുന്നു. എന്നാൽ ഉയിർത്തെഴുന്നേറ്റ യേശുവിന്റെ സാന്നിധ്യം അനുഭവിച്ചറിയാൻ അവർ സന്നദ്ധരാണോ എന്നതാണ് പ്രശ്നം. യേശു യാത്രയിലാണ്. തന്റെ പിതാവിന്റെ പക്കലേക്കുള്ള യാത്രയിൽ. ആ യാത്രയിൽ വേണം വിശ്വാസികൾ ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടെത്തുവാൻ. അതോടൊപ്പം ഈ ലോകത്തിൽവസിക്കുന്ന വിശ്വാസികളോടൊത്ത് സഹവസിക്കുവാനും യേശു ആഗ്രഹിക്കുന്നു. പക്ഷേ, അതിനു വിശ്വാസികൾ വിളിച്ചപേക്ഷിക്കണം, ' കർത്താവേ, ഞങ്ങളോടൊത്ത് വസിക്കണേ. ആ രണ്ടു ശിഷ്യർ

www.malankaralibrary.com

അങ്ങനെ തന്നെ പ്രാർത്ഥിച്ചു. മാനുഷികമായ അഭ്യർത്ഥനയായി തോന്നിയേക്കാമത്. എന്നാൽ യേശു യാത്രക്കാരനെന്നപോലെ അവരുടെ കൂടെ സഹവസിച്ച് അവരെ ഒരുക്കിയെടുത്തിരുന്നു.

സന്ധ്യയായിരുന്നു, ഭക്ഷണത്തിനുള്ള സമയവും. അപ്പം മുറിക്കുവാൻ ശിഷ്യർ യേശുവിനെ ഏല്പിച്ചു. ഉയിർത്തെഴുന്നേറ്റ യേശു അപ്പമെടുത്ത്, മുറിച്ചു, അവർക്കു കൊടുത്തു. അത് തികച്ചും ഒരു പുതിയ അനുഭവമായി ആ രണ്ടു ശിഷ്യന്മാർക്കു ബോധ്യപ്പെട്ടു. അവരുടെ ഓർമ്മ പിറകോട്ടു പാഞ്ഞു. ശ്ലീഹന്മാർ പറഞ്ഞ സംഭവം അവർ ഓർത്തെടുത്തു. വി. കുർബാനയുടെ സംഭവം. രണ്ടു ശിഷ്യന്മാരുടേയും കണ്ണുകൾ അപ്പോൾ തുറന്നു. പിതാവിന്റെ പക്കലേക്ക് ആരോഹണം ചെയ്തവനായ യേശു, തന്റെ വിശ്വാസികളുടെ മദ്ധ്യേ വസിക്കുന്നത് വി. കുർബാനയെന്ന ദൈവ രഹസ്യത്തിലാണ്. എമ്മാവോസിൽ യേശു പ്രത്യക്ഷമാക്കി കൊടുത്തത്, വി. കുർബാനയുടെ വ്യക്തമായ സാദൃശ്യമായിരുന്നു. ആ സാദൃശ്യത്തിൽ, പിതാവിന്റെ പക്കൽ എഴുന്നെള്ളുന്ന യേശുവിനെ തങ്ങളുടെ മദ്ധ്യേ വസിക്കുന്നവനായി ദർശിക്കുവാൻ ആ ശിഷ്യന്മാരുടെ കണ്ണുകൾ തുറക്കപ്പെട്ടു.

ശിഷ്യന്മാരുടെ കണ്ണുകൾ തുറക്കപ്പെട്ടപ്പോൾ, അവരുടെ സ്ഥാനവും, പദവിയും ഉത്തരവാദിത്വവും അവർ തിരിച്ചറിഞ്ഞു. അവരുടെ സ്ഥാനം ശിഷ്യസമൂഹത്തിലാണ്. അവരുടെ പദവി, വിശ്വാസം മുഖേന ലഭിക്കുന്ന സ്വാതന്ത്ര്യത്തിലാണ്. അവരുടെ ഉത്തരവാദിത്വമാകട്ടെ വിശ്വാസികളോട് സ്നേഹത്തിൽ ഒത്തു ചേരുന്നതിലും. അതുകൊണ്ട് അവർ യറുശലേമിലേക്ക് ഓടി, ശിഷ്യ സമൂഹത്തിൽ എത്തിച്ചേർന്നു. ശിഷ്യസമൂഹം ആകട്ടെ, കേപ്പായ്ക്ക് ഉത്ഥാനം ചെയ്ത യേശു പ്രത്യക്ഷപ്പെട്ടുവെന്ന് ഏറ്റു പറഞ്ഞുകൊണ്ടിരിക്കുകയാണ്. അവർ ഏറ്റു പറഞ്ഞത്, പത്രോസ് തലവനായ ക്രിസ്തുസഭയിലുള്ള വിശ്വാസമാണ്.

സഭയിൽ ഒന്നിച്ചു കൂടുമ്പോൾ ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളായി തീരുന്നു, ക്രിസ്തുവിൽ നിന്ന് പിരിഞ്ഞു പോകാത്ത നിലയിൽ. യേശുവിന്റെ മരണത്തിൽ ഓടിപ്പോയ ശിഷ്യർ, യേശു കല്ലറവിട്ടു പോയി എന്ന വാർത്തയിൽ ഒറ്റപ്പെട്ടു പോയ ശിഷ്യർ, ക്രിസ്തുവിന്റെ മരണവും ഉയിർപ്പും ഒരേ പെസഹാ രഹസ്യത്തിന്റെ വേർപിരിയാത്ത ഭാവങ്ങളാണെന്ന് ബോധ്യപ്പെട്ടപ്പോൾ യേശുവിന്റെ പെസഹാ രഹസ്യം അനുഭവിച്ചറിഞ്ഞു. അത് വി. കുർബാനയിൽ പ്രകടമായിന്നുവെന്ന്,



അവർ നേരിൽ കണ്ടറിഞ്ഞു. അടിയേറ്റ ഇടയൻ കൂടുതൽ ശക്തിയോടെ എഴുന്നേറ്റു വന്ന്, ചിതറിപ്പോയ ആടുകളെ ഒന്നിച്ചു കൂട്ടുന്നു. തന്റെ ഭൗതിക ശരീരമായ സഭയിൽ അവിടെ അവർ ഭൂമിയാകുന്ന എമ്മാവോസിൽ നിന്ന് സ്വർഗ്ഗീയ യറുശലേമിലേക്കു ഒന്നിച്ച് യാത്ര ചെയ്യാൻ അരയും തലയും മുറുക്കി ഒരുങ്ങി ഇറങ്ങി വരുന്നു. ആ യാത്രയ്ക്ക് സ്വർഗ്ഗീയ പ്രകാശം സ്വീകരിക്കുവാൻ വിശ്വാസികളുടെ കണ്ണുകൾ തുറക്കപ്പെട്ടിരിക്കുന്നു. അത് വിശ്വാസമായി, ജീവനായി, പ്രതീക്ഷയായി ഓരോ ക്രിസ്തുശിഷ്യനും അനുഭവപ്പെടുകയും ചെയ്യുന്നു.

***മലങ്കരബാലൻ, 1971 ഏപ്രിൽ***

www.malankaralibrary.com

## 19

# 'ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ'

(യോഹ. 12, 32)

### -ഒരു ധ്യാനപഠനം-

വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ സുവിശേഷം മറ്റു സുവിശേഷങ്ങളിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നു. പധാനമായി അദ്ദേഹത്തിനു സ്വന്തമായി ഒരു ഉദ്ദേശമുണ്ട്. അദ്ദേഹം പറയുന്നു-ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുകനിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്. ( യോഹ: 20/31) ശ്രദ്ധിക്കുക, എഴുതപ്പെട്ടിരിക്കുന്നത് എന്നാണ് എഴുതുന്നത് എന്നല്ല. അതായത് അദ്ദേഹത്തിന് ഒരു ദൈവദർശനം ലഭിച്ചു: അത് അദ്ദേഹം വാക്കുകളിൽ ആവിഷ്ക്കരിച്ചു. ദൈവമാണ് വെളിപ്പെടുത്തുന്നത്. അതിനു യോഹന്നാൻ ഉപകരണം മാത്രം. സുവിശേഷം മുഴുവൻ ഒരൊറ്റ ദർശനമാണ്. അത് ഒന്നിച്ചു കാണണം, ഭാഗികമായല്ല. എല്ലാം ഒരു ബിന്ദുവിലേക്ക് കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ ക്രൂശുമരണത്തിലേക്കും ഉയിർത്തെഴുന്നേല്പ്പിലേക്കും. ദൈവദർശനത്തിൽ അവ രണ്ടും ഒരേ സംഭവമാണ്, ഒരു ദൈവരഹസ്യം. അതിൽ, ദൈവപുത്രൻ ആരാണ്, എന്താണ് എന്ന് വെളിവാക്കപ്പെടുന്നു. അതേപ്പറ്റി യോഹന്നാൻ ശ്ലീഹാ ആമുഖമായിപ്പറയുന്നു. വചനം മാംസമായി നമ്മുടെയിടയിൽ കൂടാരമടിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു, കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം (യോഹന്നാൻ 1:14). പിതാവിന്റെ ഏകജാതൻ ദൈവപുത്രൻ തന്നെ അവിടുത്തെ മഹത്വം ദർശിച്ചതാണ് വിശ്വാസത്തിന്റെ നിദാനം. മഹത്വം ദർശിച്ചതുകൊണ്ട് വിശ്വസിച്ച ശ്ലീഹാ അത് തന്നെ കേൾക്കുന്നവർക്കു പകർന്നുകൊടുക്കുകയാണ്, അവരും വിശ്വസിക്കേണ്ടതിനു, അവർക്കും ജീവൻ ഉണ്ടാകേണ്ടതിന്, ക്രിസ്തുവാകുന്ന ജീവനിൽ നിന്ന് ജീവൻ



പങ്കിട്ടുകിട്ടിയ ശ്ലീഹാ കൂടുതൽ പേർക്ക് അതേ ജീവൻ പങ്കിട്ടുകൊടുക്കുകയാണ്. യോഹന്നാൻ ശ്ലീഹാ സുവിശേഷം എഴുതിയത് യുക്തിപരമായി എന്തെങ്കിലും തെളിയിക്കുന്നതിനല്ല, പ്രത്യുത യേശുവിനെ സ്വീകരിച്ചവർ കൂടുതലായി വിശ്വസിക്കുന്നതിനാണ്. യേശു പറഞ്ഞു- ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവൻ ഉണ്ടാകുന്നതിനും അതു സമൃദ്ധമായി ഉണ്ടാകുവാനാണ് ( യോഹ. 10, 10) യേശുവിന്റെ അതേ ഉദ്ദേശം യോഹന്നാൻ ശ്ലീഹായും സ്വന്തമാക്കിയിരിക്കുന്നു. അതുകൊണ്ട് സുവിശേഷത്തിന്റെ ഉദ്ദേശം, വായിക്കുന്നവർ ക്രിസ്തുവിൽ വിശ്വസിക്കുക, അവിടുത്തെ നാമം നിമിത്തം ജീവൻ പ്രാപിക്കുക, എന്നതാണ്. ക്രിസ്തുവിന്റെ മഹത്വം ദർശിക്കുക, ആ മഹത്വത്തിൽ പങ്കാളിയാകുക എന്നത് ആയിരിക്കണം വിശ്വാസികളായ നമ്മളേവരുടേയും അടിസ്ഥാനലക്ഷ്യം.

യേശു ആരാണ് ? പിതാവിന്റെ ഏകജാതൻ. ഇതേപ്പറ്റി യേശുവിന് ബോദ്ധ്യമുണ്ട്. ആദ്യമേ അവിടുന്നു തന്റേടമായി കയറിപ്പറയുന്നു- എന്റെ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത് (യോഹ:2/16). ശക്തമായ സ്വരം, ധീരമായ ഇടപെടൽ. യഹൂദർ യഹോവയെ തങ്ങളുടെ പിതാവെന്ന് ഏറ്റം ശക്തമായി ചിന്തിക്കുന്നത് യറുശലേം ദേവാലയത്തിൽ വച്ചാണ്. അവിടെവച്ചു യേശു പിതാവിനെപ്പറ്റി അവരെ ഓർമ്മിപ്പിച്ചു. അതോടൊപ്പം ആ ദേവലായത്തിന്റെ പതനത്തെപ്പറ്റിയും. യഹൂദന്മാർക്ക് ദേവാലയം വീണുപോയാൽ എല്ലാം തകരും, ദൈവജനം എന്ന നിലയിലുള്ള അവരുടെ സ്ഥാനവും പൊയ്പോകും. അവരോട് യേശു പറയുന്നു- നിങ്ങൾ ഈ ദേവലായം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാൻ അത് പുനരുദ്ധരിക്കും (യോഹ, 2, 19). പിതാവിന്റെ ആലയത്തെ കച്ചവടസ്ഥലമാക്കുമ്പോൾ അവർ ലോകത്തോടും ലോകവ്യാപാരത്തോടും, തങ്ങളെ താദാത്മ്യപ്പെടുത്തുകയാണ്. ലോകത്തോട് ഒട്ടിനില്ക്കുന്നവർ എങ്ങനെ പിതാവിനെ ശുശ്രൂഷിക്കും, പിതാവിന്റെ ഏകജാതനെ സ്വീകരിക്കും, അവർ മാനസാന്തരപ്പെട്ടില്ലെങ്കിൽ, പിതാവിന്റെ ഏകജാതനെ വധിക്കുമെന്നതിൽ സംശയമില്ല. 'ദേവാലയ' ത്തെ നശിപ്പിക്കുമെന്ന പ്രവചനത്തിൽ അത് ഉള്ളടങ്ങിയിരിക്കുന്നു. എന്നാൽ ആരാണ് ആത്യന്തികമായി വിജയിക്കുക. യേശു തന്നെ. അവിടുന്നു 'ദേവലായം' മൂന്നു ദിവസം കൊണ്ട് വീണ്ടും പണിയും. യോഹന്നാൻ ശ്ലീഹാ സമാഹരിച്ചുകൊണ്ട് പറയുന്നു- എന്നാൽ അവൻ പറഞ്ഞത് തന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ്. അവൻ മരിച്ചവരിൽനിന്ന് ഉയർപ്പിക്കപ്പെട്ടപ്പോൾ അവന്റെ ശിഷ്യന്മാർ അവൻ ഇത്

www.malankaralibrary.com

പറഞ്ഞിരുന്നുവെന്ന് ഓർമ്മിക്കുകയും അങ്ങനെ വിശുദ്ധ ലിഖിതവും യേശു പറഞ്ഞ വചനവും വിശ്വസിക്കുകയും ചെയ്തു. (യോഹ, 2/21 -22)

തന്റെ മരണത്തെയും പുനരുത്ഥാനത്തെയും പറ്റി യേശു നടത്തിയ ആദ്യ പ്രവചനമാണ് നാം ഇവിടെ കാണുന്നത്. ഇതിൽ പ്രധാനകാര്യം ശിഷ്യന്മാർ വിശ്വസിച്ചുവെന്നതാണ്. ആ വിശ്വാസമാണ് ശ്ലീഹന്മാർ അടുത്ത തലമുറയ്ക്ക് പകർന്നു കൊടുക്കുന്നത്, അവരും വിശ്വസിക്കുന്നതിനുവേണ്ടി. പിതാവിന്റെ ഏകജാതനിലുള്ള വിശ്വാസം. യോശുവിന്റെ മരണത്തിലും ഉയിർപ്പിലുമുള്ള ബോദ്ധ്യമാണെന്ന് ഇവിടെ പരോക്ഷമായി സൂചിപ്പിക്കപ്പെടുന്നു. ഏറ്റം ഹീനമായി കൊല്ലപ്പെട്ട ഒരാളിൽ വിശ്വസിക്കുക മാനുഷികമായി വിഷമകരമത്രെ. കൊല്ലപ്പെട്ടുവെന്നതല്ല, വിശ്വാസത്തിന്റെ ആധാരം, പ്രത്യുത യേശു സ്വയം പിതാവിന് ബലിയായി സമർപ്പിച്ചുവെന്നതാണ്. തന്റെ ശരീരമാകുന്ന ദേവാലയത്തിൽ യേശു, തന്റെ സ്നേഹപിതാവിന് സ്വയം സ്നേഹ ബലിയായി സമർപ്പിച്ചു. പിതാവ് ആ കാഴ്ച കൈക്കൊണ്ട്, തന്റെ ഏകജാതനെ സ്വീകരിച്ചു, ഉയിർപ്പിച്ചു. അതുകൊണ്ട് യോഹന്നാൻ പറയുന്നത്. അവൻ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടപ്പോൾ എന്ന്. എന്നാൽ യേശുവിന് ബോദ്ധ്യമുണ്ട്. താനും തന്റെ പിതാവും ഒന്നാണെന്ന്, പിതാവ് ചെയ്യുന്നതെല്ലാം താൻ ചെയ്യുന്നതാണെന്ന്. അതുകൊണ്ട് യേശു യഹൂദരോട് പറയുന്നു: "നിങ്ങൾ ഈ ദേവലായം നശിപ്പിക്കുക, ഞാൻ മൂന്നു ദിവസത്തിനകം വീണ്ടും പണിയും" എന്ന്. ഇവിടെ യേശുവും യഹൂദന്മാരും തമ്മിലുള്ള പരസ്പര ഭിന്നത സൂചിപ്പിക്കപ്പെടുന്നു. യഹൂദർ യേശുവിനെ വധിക്കുന്നവർ. ശിഷ്യരാകട്ടെ, യേശുവിൽ വിശ്വസിക്കുന്നവർ. യേശുവും യഹൂദരും തമ്മിലുള്ള ഈ ഭിന്നത യോഹന്നാൻ തന്റെ സുവിശേഷത്തിൽ തുടരെത്തുടരെ എടുത്തു പറയുന്നുണ്ട്.

യോഹന്നാൻ ശ്ലീഹാ സ്വന്തം പരാമർശങ്ങൾ ചേർത്തുവച്ചാണ് സുവിശേഷം രചിച്ചിരിക്കുന്നത്. അവയിലൂടെ സുവിശേഷത്തിന്റെ ഉൾപൊരുൾ അദ്ദേഹം നമുക്ക് പകർന്നു തരുന്നു. യേശു ദൈവപുത്രനാണെന്നതിന്റെ ഏറ്റവും വലിയ തെളിവ്, ശ്ലീഹായുടെ നോട്ടപ്രകാരം, പിതാവിനാൽ അയയ്ക്കപ്പെട്ടുവെന്നതാണ്. അദ്ദേഹം പറയുന്നു- എന്തെന്നാൻ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ. 3/16). യേശു തന്റെ ജീവിതത്തിലൂടെ ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തുന്നു. ദൈവസ്നേഹം തിരിച്ചറിയുവാൻ സാധിക്കുമോയെന്നാണ് യേശു, തന്റെ കാഴ്ചക്കാരുടെയും കേൾവിക്കാരുടെയും മുമ്പിൽ ഉന്നയിച്ച പ്രശ്നം. ഇന്നും പിതാവിന്റെ അളവില്ലാത്ത സ്നേഹം, പുത്രനിൽ ദർശിച്ച് മറുപടി കൊടുക്കുകയെന്ന പ്രശ്നം ഉയർന്നു നില്ക്കുന്നു. യേശുവിന്റെ സുവിശേഷം ദൈവത്തിന്റെ കരുണ വിളിച്ചറിയിക്കുന്നതാണ്, പിതാവിന്റെ സ്നേഹം പ്രഖ്യാപിക്കുന്നതാണ്. ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ ശിക്ഷയ്ക്ക് വിധിക്കാനല്ല (യോഹ. 3/17) ദൈവസ്നേഹം തിരിച്ചറിയുന്നവർ, യേശുവിനെ പിതാവിന്റെ ഏകജാതനായി ഏറ്റുപറയുന്നു; യേശുവിൽ വിശ്വസിക്കുന്നു;രക്ഷപ്രാപിക്കുന്നു. യേശുവിൽ പിതാവിന്റെ സ്നേഹം തിരിച്ചറിയാത്തവരാകട്ടെ സ്വയം ശിക്ഷയ്ക്കു വിധിക്കുന്നു. പിതാവിനോട് യഥാർത്ഥാഭിമുഖ്യം ഉള്ളവർ, പിതാവിന്റെ ഏകജാതനെ തിരിച്ചറിയും. ഇല്ലാത്തവരാകട്ടെ തിരിച്ചറിയുകയില്ല. ഈ അഭിമുഖ്യമാകട്ടെ നേരത്തേതന്നെ ഓരോ വ്യക്തിയിലും ഉണ്ടായിരിക്കുന്നു, അല്ലെങ്കിൽ ഇല്ലാതിരിക്കുന്നു. വിശ്വസിക്കുന്നവരും വിശ്വസിക്കാതിരിക്കുന്നവരും തമ്മിലുള്ള വേർതിരിവ് വീണ്ടും വീണ്ടും യോഹന്നാന്റെ സുവിശേഷത്തിൽ പ്രതിപാദ്യമാകുന്നുണ്ട്. യേശു പറയുന്നു - എന്നെ അയച്ച പിതാവ് തന്നെ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. (യോഹ. 5/37) ആ സാക്ഷ്യമാണ് ഒരു വിഭാഗം തിരസ്ക്കരിച്ചത്; യേശുവിൽ വിശ്വസിക്കാതെ അവർ മറുതലിച്ചു നില്ക്കുന്നു. കാരണമെന്താണ്? യേശു പറയുന്നു - അവർ അവിടുത്തെ (പിതാവിന്റെ) സ്വരം ഒരിക്കലും കേട്ടിട്ടില്ല, രൂപം കണ്ടിട്ടുമില്ല (യോഹ. 5/38). സ്വന്തം ഹൃദയത്തിൽ ദൈവത്തിന്റെ സ്വരത്തിന് സമ്മതം നൽകുകയും അവിടുത്തെ ധ്യാനിക്കുകയും ചെയ്യുന്നവർ മാത്രമാണ് യേശുവിനെ കാണുകയും കേൾക്കുകയും ചെയ്യുന്നത്. അല്ലാത്തവരാകട്ടെ, തങ്ങളുടെ ഹൃദയത്തെ കഠിനപ്പെടുത്തി ദൈവത്തിൽനിന്ന് അകന്നു നില്ക്കുന്നു. അവർക്ക് യേശുവിനെ സ്വീകരിക്കാൻ സാധിക്കുന്നുമില്ല. യേശു പറയുന്നു അവിടുന്നു (പിതാവ്) അയച്ചവനെ നിങ്ങൾ വിശ്വസിക്കാത്തതുകൊണ്ട് അവിടുത്തെ വചനം നിങ്ങളിൽ വസിക്കുന്നില്ല (യോഹ. 5/38)

യോഹന്നാൻ ശ്ലീഹാ ആരംഭത്തിൽത്തന്നെ പറഞ്ഞു, വചനം

www.malankaralibrary.com

മാംസമായി നമ്മുടെയിടയിൽ വസിച്ചുവെന്ന്. യേശുവിന്റെ ശാരീരികമായ അധിവാസത്തെപ്പറ്റി യോഹന്നാൻ പറയുന്നത് ആത്മാവ് മുഖേനയുള്ള അധിവാസത്തിലേക്ക് വിശ്വാസികളുടെ ഹൃദയങ്ങളെ നയിക്കുവാനാണ്. പിതാവിന്റെ വചനമായ യേശുവിനെ സ്വീകരിക്കാത്തരിൽ, പിതാവിന്റെ വചനം അധിവസിക്കുന്നില്ല. യേശുവിനെ ആന്തരികമായി സ്വീകരിക്കാത്തവരാണ് യേശുവിൽ അവിശ്വസിക്കുന്നവർ. ഇതിന് മറുപടിയാണ് വിശ്വസിക്കുന്നവരുടെ നിലപാട്. അവരുടെ പ്രതിനിധിയായി പത്രോസ്ശ്ലീഹാ പറയുന്നു- കർത്താവേ, ഞങ്ങൾ ആരുടെ പക്കലേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ഞങ്ങൾ വിശ്വസിക്കുകയും അറിയിക്കുകയും ചെയ്തിരിക്കുന്നു. (യോഹ. 6/68-69) വിശ്വസിക്കുന്നവരും വിശ്വസിക്കാത്തവരും തമ്മിലുള്ള വേർതിരിവ് യോഹന്നാൻ അനുക്രമം വെളിപ്പെടുത്തുന്നു. അത് യേശുവും യഹൂദരും തമ്മിലുള്ള സംഘട്ടനമായി അദ്ദേഹം ചിത്രീകരിക്കുന്നു. ആ സംഘട്ടനം മൂർച്ഛിച്ചു യേശുവിന്റെ മരണത്തിൽ കലാശിക്കുന്നു. വിശ്വസിക്കുന്നവർക്കാകട്ടെ ആ മരണം, ഉയിർപ്പിനുള്ള വാതിലാണ്.

യേശുവിൽ അവിശ്വസിക്കുന്നവരാണ് അവിടുത്തെ മരണത്തിന് കാരണക്കാരാകുന്നതെന്ന്, യേശു നേരത്തെ മനസ്സിലാക്കിയിരുന്നു. ആ മരണം വലിയ സംഭവമാണ്, പുത്രനിലൂടെ പിതാവ് തന്റെ സ്നേഹം വെളിപ്പെടുത്തുന്നതിന്റെ പരമപ്രകടനം. യേശു പറയുന്നു- മനുഷ്യപുത്രൻ ഉയർത്തപ്പെട്ടുകഴിയുമ്പോൾ ഞാൻ ഞാൻ തന്നെയെന്നും ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത എന്റെ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ ഇക്കാര്യങ്ങൾ ഞാൻ സംസാരിക്കുന്നുവെന്നും നിങ്ങൾ മനസ്സിലാക്കും. (യോഹന്നാൻ 8/28) പുത്രൻ തന്റെ പ്രവൃത്തികളിലൂടെയും വാക്കുകളിലൂടെയും പിതാവിനെ കാണിച്ചുകൊടുക്കുന്നു. കാരണം, പുത്രൻ പിതാവിന്റെ ഇഷ്ടം മാത്രം ചെയ്യുന്നു, പിതാവിൽ നിന്നു കേട്ടതുമാത്രം ചെയ്യുന്നു. പിതാവിൽ നിന്നു കേട്ടതുമാത്രം ഉരുവിടുന്നു. പിതാവിന്റെ വെളിപാടാണ് യേശു എന്ന് ബോദ്ധ്യപ്പെടുന്നവർ യേശുവിൽ വിശ്വസിക്കുന്നു. യേശു തന്റെ മരണത്തിലൂടെ പിതാവിനെ പൂർണ്ണമായി വെളിപ്പെടുത്തണമെന്നതാണ് പിതാവിന്റെ ഇഷ്ടം. പുത്രൻ മരിക്കുന്നതിലൂടെ പിതാവിന്റെ സ്നേഹം വെളിപ്പെടുകയോ? മാനുഷികമായി മനസ്സിലാക്കാൻ പ്രയാസമായ കാര്യമാണ് ഇത്. അതു



കൊണ്ട് യേശുതന്നെയും അസ്വസ്ഥനായി പറയുന്നു- ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു പിതാവേ, ഈ നാഴികയിൽ നിന്നും എന്നെ രക്ഷിക്കണമെ. അല്ല, ഇതിനു വേണ്ടിയാണല്ലോ ഈ നാഴികയിലേക്കു ഞാൻ വന്നത്. പിതാവേ, അങ്ങയുടെ നാമം മഹത്വപ്പെടുത്തണമെ. (യോഹ: 12, 27-28) യോഹന്നാൻ ശ്ലീഹാ, നാഴിക എന്നു പറയുന്നത് തന്റെ മരണത്തെക്കുറിച്ചാണെന്നതിൽ സംശയമില്ല.

പിതാവ് മരണത്തിനായി പുത്രനെ അയച്ചു. മരണത്തിലൂടെയാണ് പിതാവ് പുത്രനെ ലോകത്തിനു നൽകുന്നത്, ലോകത്തെ സ്നേഹിക്കുന്നുവെന്ന് വെളിപ്പെടുത്തുന്നത്. പിതാവിന്റെ സ്നേഹം വെളിപ്പെടുത്തിക്കൊണ്ട് പുത്രൻ തന്റെ മരണത്തിൽ ആ വെളിപാട് പൂർത്തിയാക്കുന്നു. മരണത്തിലൂടെ പുത്രൻ സ്വയം അർപ്പിക്കുന്നത് സ്വീകരിച്ചുകൊണ്ട് പിതാവ് പുത്രനെ മഹത്വപ്പെടുത്തുന്നു. അതുകൊണ്ട് യേശുവിന്റെ പ്രാർത്ഥനയ്ക്ക് മറുപടിയായി പിതാവ് പറയുന്നു- ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും (യോഹ. 12, 29) യേശു, പിന്നീട് വിവരിക്കുന്നുണ്ട്, ഇടിമുഴക്കംപോലെ ശബ്ദമുണ്ടായത്, തന്നെ ശ്രവിക്കുന്ന ജനത്തിനുവേണ്ടിയാണെന്ന്. അവിടുന്നു തന്റെ മരണത്തിലേക്കു വ്യക്തമായി വിരൽചൂണ്ടുന്നു. ലോകത്തിന്റെ അധികാരി തന്നോടു എതിർത്തുനില്ക്കുമെന്ന് അവിടുന്നു പറയുന്നു. ഇപ്പോഴാണ് ലോകത്തിന്റെ, ന്യായവിധി ഇപ്പോൾ ഈ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും. ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കു ആകർഷിക്കും (യോഹ. 12, 31, 32) ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുന്നത് ക്രൂശുമരണത്തെ അഭിവ്യഞ്ജിപ്പിക്കുന്നുവെന്നതിൽ സംശയമില്ല. യേശു മരണത്തിന് വിധിക്കപ്പെട്ടപ്പോൾ ലോകം വിധിക്കപ്പെടുന്നു. ലോകം, ദൈവത്തിന് എതിരാണെന്ന് വ്യക്തമാക്കപ്പെടുന്നു. തന്റെ മരണത്തിലൂടെ യേശു ജയിക്കുന്നു. എന്നത് യേശുവിൽ വിശ്വസിക്കുന്നവർക്കു മാത്രം മനസ്സിലാക്കാൻ സാധിക്കുന്ന യാഥാർത്ഥ്യമാണ്. മാത്രമല്ല, വിശ്വസിക്കുന്നവർക്കു മനസ്സിലാകുന്നു ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ, എന്നതിനു ആഴമായ അർത്ഥമുണ്ടെന്ന്. അതിൽ യേശുവിന്റെ ഉയിർത്തെഴുന്നേല്പും ഉള്ളടങ്ങിയിരിക്കുന്നു. യേശു മരിച്ചു ഉയിർത്തെഴുന്നേറ്റുവെന്ന അടിസ്ഥാനത്തിൽ എല്ലാ മനുഷ്യരും യേശുവിലേക്ക് ആകർഷിക്കപ്പെടുന്നു. യേശുവിന്റെ മരണത്തിൽ മാത്രം ശ്രദ്ധിക്കുന്നവർക്കു യേശുവിന്റെ

www.malankaralibrary.com

ജീവിതം വെറും ശോകാന്ത കഥയാണ്. മരണവും ഉയിർപ്പും ഏറ്റു പറയുന്നവർക്ക് അത് പ്രതീക്ഷയും ജീവനും നൽകുന്നു. അവർ യേശുവിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്നു.

ആരാണ് ആകർഷിക്കപ്പെടുന്നത്? യോഹന്നാന്റെ സുവിശേഷം ഇതിന് വ്യക്തമായി ഉത്തരം നല്കുന്നു. അതും യേശുവിന്റെ വാക്കുകളിൽ തന്നെ. അവിടുന്നു പറയുന്നു. എന്നെ അയച്ച പിതാവ് ആകർഷിച്ചല്ലാതെ ഒരുവനും എന്റെ അടുക്കലേക്കു വരാൻ സാധിക്കുകയില്ല. അന്ത്യദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കും (യോഹ. 6, 44) പിതാവിന്റെ ആകർഷണശക്തിയാൽ നയിക്കപ്പെട്ടു. യേശുവിന്റെ പക്കൽ വരുന്നവനെ, യേശു ഉയിർപ്പിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെപ്പറ്റിയാണ് ഇവിടെ പരാമർശം. അവർ ആകർഷിക്കപ്പെടുന്നത്, ഭൂമിയിൽ നിന്ന് ഉയിർത്തപ്പെടുന്ന യേശുവിന്റെ പക്കലേക്കാണ്. ഉയിർത്തപ്പെട്ട യേശു നൽകുന്നതാകട്ടെ തന്റെ ശരീരവും രക്തവുമാണ്. അവിടുന്നു പറയുന്നു സ്വർഗ്ഗത്തിൽ നിന്നിങ്ങിയ ജീവനുള്ള അപ്പം ഞാനാണ്, ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്. (യോഹ. 6, 51) തന്റെ ശരീരം, ക്രിസ്തു നമുക്കു ഭക്ഷിക്കാൻ നൽകുന്നു, യേശുവിന്റെ മരണത്തിലാണല്ലോ, ശരീരം നുറുക്കപ്പെടുന്നത്. അതുപോലെ അത് സ്വർഗ്ഗത്തിൽനിന്നുള്ളതാണ്, ജീവനുള്ളതാണ്, ജീവൻ നൽകുന്നതാണ്. അതെല്ലാം യേശുവിന്റെ ഉയിർത്തെഴുന്നേല്പിൽ അധിഷ്ഠിതമായിരിക്കുന്നു. ഉയിർത്തെഴുന്നേറ്റ യേശു പുതിയ ജീവൻ പ്രാപിക്കുന്നു. തന്നിൽ വിശ്വസിക്കുന്നവർക്കു അത് സംലഭ്യമാക്കിക്കൊടുക്കുകയും ചെയ്യുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന വലിയ ഭാഗ്യമാണ് ഇത്. യേശു പറയുന്നു. ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന്, വി. ലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും (യോഹ. 7,38) ക്രിസ്തുവിൽ വിശ്വസിക്കുന്നവരിൽ സംഭവിക്കുന്ന വലിയ നേട്ടമാണ് ഇവിടെ സൂചിപ്പിക്കുന്നത്. യേശുവിൽ നിന്നു പാനം ചെയ്യുന്നവരുടെ ഹൃദയം ജീവജലത്തിന്റെ ഉറവിടമായി മാറും. അവരിൽ നിന്ന് ജീവജലം പ്രവഹിക്കും, എന്നുവച്ചാൽ, ക്രിസ്തുവിന്റെ ഉയിർപ്പിന്റെ അതേ ചൈതന്യത്തിൽ, വിശ്വാസികൾ പങ്കുകാരാകുമെന്നർത്ഥം. യോഹന്നാൻ ശ്ലീഹാ



അർത്ഥം കൂടുതൽ വ്യക്തമാക്കുന്നു -അവൻ ഇതു പറഞ്ഞത് തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപറ്റിയാണ്. (യോഹ. 7,39) യേശുവിൽ വിശ്വസിച്ച് ജീവൻ പ്രാപിക്കുകയെന്നത് പരിശുദ്ധാത്മാവിന്റെ ദാനമാണ്, ജീവനുള്ള പരിശുദ്ധറൂഹാ വിശ്വാസികളെ ജീവിപ്പിക്കുന്നു. മാത്രമല്ല അവരെ, ജീവന്റെ അരുവികളായി മാറ്റുകയും ചെയ്യുന്നു.

ദൈവികജീവന്റെ പ്രവാഹമായി യോഹന്നാൻശ്ലീഹാ വിശ്വാസത്തെ കാണുന്നു. യേശുവിൽനിന്ന് ശ്ലീഹൻമാരിലേക്കും ശ്ലീഹന്മാരിൽനിന്ന് ഇതര വിശ്വാസികളിലേക്കും. യേശു പറയുന്നു അവർ (ശിഷ്യന്മാർ)ക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്. (യോഹ, 17/20). സ്വർഗ്ഗാത്മകമായ വളർച്ചയാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. അതിന്റെ കേന്ദ്രബിന്ദുവാകട്ടെ യേശു ഭൂമിയിൽ നിന്നു ഉയർത്തപ്പെടുന്ന സംഭവമാണ്. യേശുവിന്റെ മരണവും ഉയിർപ്പുമാകുന്ന പെസഹാരഹസ്യത്തിൽ വിശ്വാസവും വിശ്വാസജീവനും കേന്ദ്രീകൃതമാകുന്നു. അതിലുള്ള വിശ്വാസമാണ്, യേശുവും ശിഷ്യന്മാരും തമ്മിലുള്ള പുതിയ ജീവബന്ധത്തിന്റെ അടിസ്ഥാനം. യേശുവിന്റെ ഉയിർത്തെഴുന്നേല്പിൽ, മരണത്തെ മുൻനിർത്തിത്തന്നെ, ശിഷ്യന്മാരെല്ലാം വിശ്വസിക്കണമെന്ന് യേശുവിനു നിർബന്ധമുണ്ടായിരുന്നു. തോമ്മാശ്ലീഹായ്ക്കു നൽകിയ ദർശനത്തിൽ ഈ സ്നേഹബന്ധം പ്രകടമായി കാണാം. അതിനു ഉദാത്തമായ പ്രത്യുത്തരം നൽകിക്കൊണ്ട് തോമ്മാശ്ലീഹാ പ്രാർത്ഥിച്ചു, എന്റെ കർത്താവും എന്റെ ദൈവവുമേയെന്ന്. കർത്താവും എന്റെ ദൈവുമായ യേശു ക്രിസ്തുവിലുള്ള ഉന്നത വിശ്വാസത്തിന്റെ ഉത്തമമാതൃക എടുത്തു കാണിച്ചുകൊണ്ട് യോഹന്നാൻ ശ്ലീഹാ സുവിശേഷം സമാപിപ്പിക്കുന്നു. ശ്ലീഹൻന്മാരുടെ വാക്കുകളിലൂടെ ക്രിസ്തുവിൽ തുടർന്നു വിശ്വസിക്കുന്നവരെയെല്ലാം സൂചിപ്പിക്കുന്നു. കർത്താവിന്റെതന്നെ വാക്കുകളിൽ. യേശു അവനോടു പറഞ്ഞു. നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ (20, 29) ഒരുവിധത്തിൽ താൻ എഴുതിയ സുവിശേഷം വായിച്ചവരെയെല്ലാം യോഹന്നാൻശ്ലീഹാ ഇവിടെ പരോക്ഷമായി പരാമർശിക്കുന്നു. അവരെ അദ്ദേഹം ഒരു വിശ്വാസ തീർത്ഥാടനത്തിലൂടെ നയിക്കുകയായിരുന്നു, യേശുവിനെ അവർക്കു കാണിച്ചുകൊടുത്തുകൊണ്ട് അതിൽ ഉൾപ്പെട്ടവർ, യേശു ചെയ്ത അത്ഭുതങ്ങൾ

www.malankaralibrary.com

(അടയാളങ്ങൾ) കണ്ടു, യേശുവിന്റെ വാക്കുകൾ കേട്ടു. അതോടൊപ്പം യോഹന്നാൻ, യേശുവിനെപ്പറ്റി ഇടയ്ക്കിടയ്ക്ക് എടുത്തു പറയുന്നതും ശ്രവിച്ചു. എല്ലാം കൊണ്ടും യേശു ദർശനത്തിനുതകുന്ന ഒരു വലിയ തീർത്ഥാടനത്തിൽ വിശ്വാസികൾ പങ്കുകൊണ്ടു അവർ യേശുവിനെ മനുഷ്യശരീരത്തിൽ കാണാതെ വിശ്വസിച്ചവരണ്, ഭാഗ്യവാന്മാരാണ്. അവരുടെ മനസ്സിനുമുമ്പിൽ ഒരു സംഭവം ഉയർന്നു നില്ക്കുന്നു, യേശുവിന്റെ പീഡാനുഭവവും മരണവും ഉയിർപ്പും, യേശു ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടപ്പോൾ അനേകരെ തന്നിലേക്കു ആകർഷിക്കുന്നു.

*ക്രൈസ്തവകാഹളം, 1990 മാർച്ച്*



# 20

# ഉയിർപ്പിന്റെ പ്രത്യാശ

## മനുഷ്യപുത്രന്റെ പക്കലേക്ക്

വളരെ പ്രതീക്ഷകളോടെയാണ് ശിഷ്യൻമാർ യേശുവിനെ പിന്തുടർന്നത്. അവയെല്ലാം യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആദ്യത്തെ കാഴ്ചയിൽ യേശു നാഥാനിയേലിനോടു പറഞ്ഞു "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ പക്കലേയ്ക്കു ദൈവദൂതൻമാർ കയറുന്നതും ഇറങ്ങുന്നതും നിങ്ങൾ കാണും" ( യോഹ. 1 / 51). സത്യം സത്യമായി എന്നു പറയുന്നതിൽ നിന്ന്, പറയുന്നകാര്യം പ്രധാനമാണെന്ന് വരുന്നു. 'മനുഷ്യപുത്രൻ' എന്നതും ദുരൂഹനാമധേയമാണ്. വെറും ഒരു മനുഷ്യനെപ്പറ്റിയാണെന്ന് പ്രഥമശ്രവണത്തിൽ തോന്നാം. എന്നാൽ വാനമേഘങ്ങളിൽ മനുഷ്യപുത്രൻ വരുമെന്നു ദാനിയേൽ നിവ്യായുടെ പ്രവചനമാണ്, ഈ സംബോധനയുടെ ആധാരമെന്നു വരുമ്പോൾ, കാര്യം ഗൗരവം തന്നെയെന്നു വരുന്നു. മാത്രമല്ല, മനുഷ്യപുത്രന്റെ പക്കലേക്ക് മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുമെന്നാണ് പ്രസ്താവം. അപ്പോൾ മനുഷ്യപുത്രന്റെ സ്ഥാനമെന്ത്? സ്വർഗ്ഗത്തിലോ ഭൂമിയിലോ? വാസ്തവത്തിൽ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ സാക്ഷാത്ക്കാരമാണ്, നമ്മുടെ കർത്താവേശു മിശിഹായെന്ന് വിശ്വാസികൾ മനസിലാക്കുന്നു. അവിടുന്ന് ഇപ്പോൾ പിതാവിന്റെ വലത്തുഭാഗത്ത് എഴുന്നെള്ളിയിരിക്കുന്നു; അതേസമയം ആരാധനയിൽ വിശ്വാസികളോടുകൂടെ സന്നിഹിതനായിരിക്കുന്നു. അപ്പോൾ ആരാധനാസംബന്ധമാണ് യേശുവിന്റെ ഈ വാഗ്ദാനമെന്ന് മനസ്സിലാക്കാം. പിതാവിന്റെ വലത്തുഭാഗത്ത് മാദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്ന നമ്മുടെ കർത്താവ് തന്നെ ഭൂമിയിൽ നമ്മോടുകുടെ സന്നിഹിതമായിരിക്കുന്നു. മാലാഖമാർ ഭൂമിയിൽനിന്ന്, യേശുവാകുന്ന പുരോഹിതന്റെ പക്കൽനിന്ന്, വിശ്വാസികളുടെ പ്രാർത്ഥനകൾ ശേഖരിച്ച് പിതാവായ ദൈവത്തിന്റെ പക്കൽ സമർപ്പിക്കുമ്പോൾ, അവിടെ പുത്രനായ ദൈവവും സന്നിഹിതനാണ്. ഈ വാഗ്ദാനത്തിന്റെ മേൽവിചാരത്തിൽനിന്ന് ഇന്ന് വിശ്വാസികൾ പറയും, പിതാവിനോടും

www.malankaralibrary.com

പുത്രനോടും കൂടെ പരിശുദ്ധാത്മാവും സന്നിഹിതനാണെന്ന്, പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിൽ, വിശ്വാസിസമൂഹം വസിക്കുന്നുവെന്നാണ്, ഇന്ന് സഭയുടെ അനുഭവം. അങ്ങനെയെങ്കിൽ യേശുവിന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണത്തിൽ സഭ ഉൾപ്പെട്ടിരിക്കുന്നുവെന്നാണ്, അതിന്റെ അർത്ഥം. അതായത് അന്ന് ശിഷ്യൻമാർക്ക് നൽകിയ വാഗ്ദാനത്തിന്റെ നിറവേറലിൽ നാം ജീവിക്കുന്നുവെന്ന് അനുഭവിച്ചറിയുന്നു. അത് വിശ്വാസത്തിന്റെ അനുഭവമാണ്. ഇനിയും പൂർത്തിയാകാനിരിക്കുന്നതേയുള്ളു. ഈദൃശമായ വാഗ്ദാനസൂചനയും, പൂർത്തീകരണാനുഭവവും, ഇനിയും കൂടുതൽ നിറവേറുമെന്ന പ്രതീക്ഷയുമെല്ലാം ഒന്നിച്ചുചേർത്ത്, ഭൂത, വർത്തമാനഭാവികാലങ്ങളുടെ ഏകയോഗസമ്മേളനം പ്രദ്യോതിപ്പിക്കുന്ന കൂടുതൽ സന്ദർഭങ്ങൾ യോഹന്നാന്റെ സുവിശേഷത്തിൽ നാം കണ്ടു മുട്ടുന്നു.

**സമയവും സംഭവവും**

'ഇതെല്ലാം എപ്പോൾ സംഭവിക്കുമെന്നു ശിഷ്യൻമാർ കാത്തിരുന്നു. തന്റെ അമ്മയോട്, യേശു പറയുന്നു- എന്റെ സമയം ഇനിയും ആയിട്ടില്ല, എന്ന് (യോഹ. 2/25). അതോടൊപ്പം യേശു ചോദിക്കുന്നുണ്ട്, ഞാൻ എന്തുചെയ്യണമെന്ന് നീ ആഗ്രഹിക്കുന്നുവെന്ന് (എനിക്കും നിനക്കും എന്ത് എന്നതിന്റെ പരാവർത്തനമാണത്) യേശു എന്തു ചെയ്താലും, അത് തന്റെ മാതാവിനോട് ബന്ധപ്പെടുത്തിയിരിക്കുമെന്ന സൂചനയും ഈ വാക്യത്തിലുണ്ട്. വെള്ളത്തെ വീഞ്ഞാക്കിക്കൊണ്ട് യേശു ഇവിടെ ആദ്യത്തെ അത്ഭുതം ചെയ്തു. അത്, സമയത്തിൽ നടക്കാനിരിക്കുന്ന സംഭവത്തോട് ബന്ധപ്പെട്ടിരിക്കുന്നു. വെള്ളം വീഞ്ഞാക്കിയ അത്ഭുതം വിവരിച്ചു പറഞ്ഞതിനുശേഷം യോഹന്നാൻ സുവിശേഷകൻ എടുത്തുപറയുന്നു- അവന്റെ ശിഷ്യൻമാർ അവനിൽ വിശ്വസിച്ചു (2/11). യേശുവിന്റെ മഹത്വം വെളിപ്പെടുത്തിയ ആദ്യത്തെ അടയാളമാണ്, യേശു ചെയ്ത ഈ അത്ഭുതം. എപ്പോഴാണ് യേശുവിന്റെ മഹത്വം പൂർണ്ണമായി വെളിപ്പെടുത്തുക? സമയത്തിൽ നടക്കാനിരിക്കുന്ന സംഭവത്തിൽ തന്നെ ശിഷ്യൻമാർ യേശുവിൽ വിശ്വസിച്ചുവെന്നതുകൊണ്ട്. യേശുവിനോടുകൂടെ ഒരു യാത്രയ്ക്ക് ഒത്തുചേർന്നുവെന്നാണ് ഇതിന്റെ വ്യംഗ്യം. സമയത്തിൽ നടക്കുവാനിരിക്കുന്ന സംഭവത്തിലേക്ക് ശിഷ്യൻമാർ യേശുവിന്റെ പിന്നാലെ നടന്നുനീങ്ങുവാൻ ആരംഭിച്ചു.



**ജനനത്തിൽ നിന്ന് മരണത്തിലേക്ക്**

യേശുവിന്റെ ജീവിതത്തിലെ ആ പൂർണ്ണസംഭവത്തെപ്പറ്റിയുള്ള നിതാന്ത ധാരണയിലാണ് സുവിശേഷം വിരചിതമായിരിക്കുന്നത്. നിക്കോദേമൂസിനോട് വിശുദ്ധ മാമോദീസായെപ്പറ്റി യേശു നടത്തിയ സംഭാഷണത്തിന്റെ അവസാനത്തിൽ പറയുന്നു- സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന സ്വർഗ്ഗസ്ഥനായ മനുഷ്യപുത്രനല്ലാതെ മറ്റാരും സ്വർഗ്ഗത്തിലേക്ക് കയറിയിട്ടില്ല. (3/13)അവരോഹണവും ആരോഹണവും സമയത്തിൽ നടക്കുന്നു; പക്ഷേ ഒരു വിധത്തിൽ ഒരേ സംഭവമാണ്, മനുഷ്യാവതാരവും ഉത്ഥാനവും, ഒന്നു തുടക്കവും മറ്റത് ഒടുക്കവും. ഇവ രണ്ടിന്റെയുമിടയിലാണ്, യേശു വിശ്വാസികളെ തന്നോടുകൂടെ കൂട്ടിച്ചേർക്കുന്നത്. ആദ്യമേ, വളരേ സാഘോഷമായ മുഖവുരയോടെ, സുവിശേഷകൻ പറയുന്നുണ്ട് - വചനം മാംസമായി നമ്മോടുകൂടെ വസിച്ചുവെന്ന്. പിതാവിന്റെ വചനമാണ്. മാംസമായത്, പരിശുദ്ധാത്മാവിന്റെ ആവാസത്തിലാണ്. യേശുവിന്റെ ജനനത്തിൽ പരിശുദ്ധ ത്രിത്വം മുഴുവനായി സമയത്തിലേക്ക് കടന്നുവന്നു, മനുഷ്യരോട് ഒത്തുചേർന്നു. തൻമൂലം സമയത്തിൽ വസിക്കുന്ന വിശ്വാസികൾ സമയാതീതാനുഭവത്തിലേക്ക് പ്രവശിച്ചു. തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്ക് ദൈവമക്കളാകാനുള്ള അധികാരം അവൻ കൊടുത്തു (1/12). ദൈവമക്കൾ ദൈവാനുഭവത്തിലേക്ക് വിളിക്കപ്പെട്ടവരാണ്, ദൈവത്തിൽ നിന്ന് ജനിച്ചവരാണ്. പിതാവിൽനിന്നും ജനിച്ച ഏകജാതന്റെ കൂട്ടനുഭവത്തിൽ ഉടമപ്പെട്ടവരാണ്. അവർ ജനിച്ചത് രക്തത്തിൽ നിന്നോ ജനാഭിലാഷത്തിൽ നിന്നോ പുരുഷേച്ഛയിൽ നിന്നോ അല്ല. ദൈവത്തിൽ നിന്നാണ് (1/3). യേശുവിന്റെ മാതൃകയിൽ പരിശുദ്ധാത്മാവിൽ ജനിച്ചവരാണ്, യേശുവിൽ വിശ്വസിക്കുന്നവർ. ആ മാതൃക യഥാർത്ഥീഭവിക്കുന്നത് യേശുവിന്റെ മരണത്തിലാണ്. നിങ്ങൾ മാമ്മോദീസായിൽ അവനോടുകൂടെ സംസ്ക്കരിക്കപ്പെടുകയും അവനെ മരണശേഷം ഉയിർപ്പിച്ച ദൈവത്തിന്റെ ശക്തിയിൽ വിശ്വസിച്ചതിനാൽ, അവൻമൂലം അവനോടുകൂടെ ഉയിർക്കുകയും ചെയ്തിരുന്നു. വിശുദ്ധ പൗലോസ് വിശ്വാസികളോട് പറയുന്നു. വിശ്വാസികൾ യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കാളികളായിരിക്കുന്നുവെന്ന്. യേശുവിന്റെ ഉത്ഥാനമാണ്, ജനനത്തിന്റെ പൂർത്തീഭാവം. അവിടുത്തെ ജനനവും മരണവുമാകുന്ന സംഭവത്തിൽ യേശുവിൽ വിശ്വസിക്കുന്നവർ പങ്കുചേർന്നിരിക്കുന്നു. ഈ പങ്കുചേരലാകട്ടെ, വിശ്വാസികളിൽ പൂർത്തിയായിട്ടില്ല, യേശുവിൽ

www.malankaralibrary.com

പൂർത്തീഭവിച്ചുതാനും. തങ്ങളിൽ യേശുവിന്റെ മരണവും ഉത്ഥാനവും പൂർത്തീകരിക്കുമെന്ന പ്രത്യാശയിലാണ്, വിശ്വാസികൾ എപ്പോഴും ജീവിക്കുന്നത്.

**മരിച്ചവരിൽ നിന്നുള്ള ആദ്യജാതൻ**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനിൽ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്! (5/24) യേശുവിന്റെ വചനം കേൾക്കുകയെന്നതിൽ യേശുവിനെ പൂർണ്ണമായി സ്വീകരിക്കുകയെന്നാണ് അർത്ഥം. സ്വീകരിക്കുകയെന്നുവച്ചാൽ സ്വന്തമാക്കുക. യേശു വിശ്വസിക്കുന്നവർക്കായി തന്നെത്തന്നെ വിളമ്പിക്കൊടുത്തത് അവിടുത്തെ മരണത്തിലാണ്. അങ്ങനെ നൽകണമെന്നായിരുന്നു പിതാവിന്റെ ഹിതം. തന്റെ ഏക ജാതനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു ( 3/16) നിത്യ ജീവൻ പ്രാപിക്കേണ്ടതിന്, പുത്രനെ പിതാവ്, തന്നിൽ വിശ്വസിക്കുന്നവർക്ക് നൽകിയത് യേശുവിന്റെ ഉത്ഥാനത്തിലാണ്. അവിടെ പിതാവ് യേശുവിന്, മരിച്ചവരിൽ നിന്നുള്ള ആദ്യജാതനാകാൻ, വീണ്ടും ജീവൻ നൽകി. ആ ജീവനാകട്ടെ, യേശുവിൽ വിശ്വസിക്കുന്നവർക്കു നൽകാൻവേണ്ടിയുള്ളതാണ്. പിതാവിന് മനുഷ്യരോടുള്ള സ്നേഹം ഇതിൽ തെളിവായിക്കാണാം. സ്നേഹം ജീവനാണ്. സ്നേഹത്തിലാണ് പിതാവ് നിത്യതയിൽ പുത്രനെ ജനിപ്പിച്ചത്. അതേ നിത്യ സ്നേഹത്തിൽ, സമയത്തിൽ യേശു മനുഷ്യനായി ജനിച്ചു. യേശുവിൽ ശിഷ്യർ പിതാവിന്റെ സ്നേഹം തിരിച്ചറിഞ്ഞു. അവർ, എന്നാലും, ആ സ്നേഹത്തിൽ പങ്കുചേർന്നത് യേശുവിന്റെ മരണത്തോടും ഉത്ഥാനത്തോടും കൂടിയാണ്. സ്നേഹം ജീവനായി പരിശുദ്ധാത്മാവിൽ യഥാർത്ഥീഭവിച്ചു. ആ സ്നേഹജീവനിൽ, യേശുവിൽ വിശ്വസിക്കുന്നവരെ പരിശുദ്ധാത്മാവ് കൂട്ടുചേർക്കുന്നു. തങ്ങൾക്കായി കുരിശിൽ മരിച്ചയേശുവിനെ നോക്കിയാണ് വിശ്വാസികൾ ജീവൻ പ്രാപിക്കുന്നത്. ഇതിന് കൂടാരത്തിന്റെ മധ്യത്തിൽ ഉയർത്തപ്പെട്ട പിത്തളസർപ്പം യേശുവിന് പ്രതീകമായിരിക്കുന്നു. സുവിശേഷകൻ പറയുന്നു. "മരുഭൂമിയിൽ വച്ച് മോശ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു. അത് അവനിൽ വിശ്വസിക്കുന്നവരിൽ ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടിയത്രേ" (യോഹ. 3/14). യേശു മരണത്തിനു



തൊട്ടു മുമ്പു പറഞ്ഞു, "ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ സകലരെയും എന്നിലേക്ക് ആകർഷിക്കും" (യോഹ. 12/37) യേശുവിന്റെ മരണത്തിൽ പങ്കുചേരുന്നത് ഉത്ഥാനത്തിൽ നവ്യജീവൻ പ്രാപിക്കുമെന്ന പ്രത്യാശയിലാണല്ലോ.

**മരിച്ചവർക്ക് ജീവൻ**

യേശു പറയുന്നു- സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. മരിച്ചവർ ദൈവപുത്രന്റെ സ്വരം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന സമയം വരുന്നു. ഇതാ, ഇതു വന്നു കഴിഞ്ഞിരിക്കുന്നു (യോഹ. 5/25). ഈ വാക്യത്തിൽ പറയുന്ന 'മരിച്ചവർ' ആരാണ്? ശാരീരികമരണത്തിൽപ്പെട്ടവരാണോ? 'മരിച്ചവർ ദൈവപുത്രന്റെ സ്വരം കേൾക്കുന്നു, കേൾക്കുന്നവർ ജീവിക്കുന്നു' എന്നതിൽ കേൾക്കാത്തവരെയും തദ്ഫലമായി ജീവിക്കാത്തവരെയും പറ്റി സൂചനയുണ്ട്. അങ്ങനെയൊരു തെരഞ്ഞെടുപ്പു നടക്കുന്നത് ഭൂമിയിൽ ജീവിച്ചിരിക്കുന്നവരുടെ ഇടയിലാണ്. പാപം മൂലം മരിച്ചവരെ, ദൈവത്തിൽ നിന്ന് അകന്നുപോയവരെയാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്. ദൈവത്തിൽ നിന്ന് അകന്നുപോയവർക്ക് ദൈവസ്വരം കേൾക്കാനും ജീവിക്കാനുമുള്ള സാദ്ധ്യതയാണ്, യേശു തന്റെ മരണം മൂലം തുറന്നിട്ടിരിക്കുക. യേശു മരണത്തെ ജയിച്ചത്, പാപംമൂലം മരിച്ചവരെ ഉയിർപ്പിക്കാനാണ്. അത് ഈ ലോകത്തിൽ തന്നെ. വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന അനുഭവമാണ്. സമയം വരുന്നു എന്ന് സുവിശേഷകൻ പറയുന്നു, യേശുവിന്റെ മരണത്തെ മുന്നേ നോക്കിക്കൊണ്ട്.

യേശുവിന്റെ ഉത്ഥാനശേഷമുള്ള ഈ കാലയളവിൽ ഏതൊരു പാപിക്കും തന്റെ പാപത്തെപ്പറ്റി അനുതപിച്ച്, മരണത്തിന്റെ അനുഭവത്തിൽ നിന്ന് ജീവന്റെ അനുഭവത്തിലേക്ക് കടന്നുവരാനുള്ള രക്ഷാകവാടം തുറന്നിട്ടിരിക്കുന്നു. ഇതാണ്, പാപികൾക്ക് ലഭിച്ചിരിക്കുന്ന പ്രതീക്ഷ, വിശ്വാസികൾക്കുള്ള പ്രത്യാശ. ഈ പ്രത്യാശയിൽ ജീവിക്കുന്നവരാണ്, ശവകുടീരങ്ങളിൽ നിന്ന് ജീവന്റെ ഉയിർപ്പിന്റെ കാഹളധ്വനി കേൾക്കുക. ഇവിടെ പാപത്തിൽ നിന്ന് മോചിക്കപ്പെടുമെന്ന് പ്രത്യാശിക്കുന്നവർക്കാണ്, ഈ ലോകജീവിതത്തിനുശേഷമുള്ള നിത്യജീവന്റെ പ്രത്യാശ ഉൾക്കൊള്ളാൻ സാധിക്കുക. ജീവന്റെ പ്രത്യാശ ഇഹലോകത്തിൽ വച്ചുതന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു. പാപത്തിൽനിന്നുള്ള വീണ്ടും ജനനത്തെപ്പറ്റി യേശു നിക്കോദേമൂസിനോട് പറഞ്ഞത്, സ്വർഗ്ഗീ

www.malankaralibrary.com

യമായജനനത്തെയും ഉദ്ദേശിച്ചാണ്. അതനുസരിച്ച് വിശ്വാസി ഇഹലോകത്തുവച്ചുതന്നെ പരലോകാനുഭവത്തിലേക്കും പ്രവേശിക്കുന്നു. രണ്ടു ലോകങ്ങളിലും ദൈവത്തിൽ നിന്ന് കൃപയും അനുഗ്രഹവും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നത്, ഇഹത്തിനുശേഷമുള്ള പരത്തെപ്പറ്റി മാത്രമല്ല. ഇവിടെ വച്ചുതന്നെ വിശ്വാസിക്ക് കൈവരുന്ന ഇഹലോകാനുഭവത്തെപ്പറ്റിയാണ്. ഈ അനുഭവമാണ് ക്രിസ്തീയമായ പ്രത്യാശ. വിശുദ്ധ കൂദാശകളിൽ ഉൾപ്പെട്ട്, പിതാവിന്റെ ഏകജാതന്റെ ഉയിർപ്പനുഭവത്തിൽ ഉൾപ്പെടുന്നതിന്റെ അനന്തരഫലമാണിത്.

**ജീവൻ - ദൈവികവും മാനുഷികവും**

യേശു പറയുന്നു- സത്യം സത്യമായി ഞാൻ നിന്നോടുപറയുന്നു. വെള്ളത്താലും ആത്മാവാലും ജനിക്കാത്തവന് ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല (യോഹ. 3/5). ഈ വീണ്ടും ജനനത്തിൽ സ്വർഗ്ഗീയജനനവും ഉൾപ്പെടുന്നുവെന്നും മുകളിൽ പറഞ്ഞുവല്ലോ? യേശു ലോകത്തിൽ, ശരീരത്തിലും ആത്മാവിലും, ജീവിച്ചിരുന്നതുപോലെ യേശുവിൽ വിശ്വസിക്കുന്നവരും മാനുഷികമായും ആത്മീയമായും ജീവിക്കുന്നു, പക്ഷേ കാതലായ വ്യത്യാസമുണ്ട്. യേശു ദൈവമായിരിക്കേ മനുഷ്യനായും ജീവിച്ചു; വിശ്വാസികൾ മനുഷ്യരായിരിക്കേ ദൈവീകമായും ജീവിക്കുന്നു. ദൈവം മാനുഷിക ജീവൻ സ്വയം ഏറ്റെടുത്തതാണ്, വിശ്വാസിയാകട്ടെ ദൈവികജീവൻ ദൈവകൃപയാൽ പ്രാപിക്കുന്നു. യേശു തന്റെ മരണത്തിൽ സ്വമനസാവച്ചുവെടിഞ്ഞ മനുഷ്യജീവൻ, ഉത്ഥാനത്തിൽ വീണ്ടും പ്രാപിച്ചു. അത് പാപത്തിൽ മരിച്ചവർക്ക് ദൈവികജീവൻ നൽകി. ദൈവത്തോട് ചേർക്കുന്നതിനു വേണ്ടി തന്നെയാണ് വിശ്വാസി, ശരീരത്തിൽ ജീവിക്കുമ്പോൾ, തന്നിലുള്ള അദൃശ്യ ജീവനെപ്പറ്റി വിശ്വാസമുള്ളവനായിരിക്കുന്നു; ആ ജീവന്റെ പൂർത്തീകരണം സ്വർഗ്ഗത്തിൽവച്ചു സംഭവിക്കുമെന്ന് പ്രത്യാശ പുലർത്തുകയും ചെയ്യുന്നു. യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്ക് ചേർന്ന് വീണ്ടും ജനിക്കുന്നതിൽ നിന്നാണ്, ഈ വിശ്വാസവും പ്രത്യാശയും ലഭ്യമാകുന്നത്.

**ജീവന്റെ അപ്പം**

ഉയിർത്തെഴുന്നേറ്റ യേശുവിനോട് ചേർന്നുള്ള ജീവിതം, വിശ്വാസി ഈ ലോകത്തിൽ വച്ചുതന്നെ ആരംഭിക്കുന്നു. ആ ജീവിതം പൂർണ്ണമായും ദൈവദാനമാണ്. അതിന്റെ പോഷണവും ദൈവത്തിന്റെ കൃപയാൽ സംഭവിക്കുന്നു. ഇതാണ് ജീവന്റെ അപ്പത്തെപ്പറ്റി യേശു വെളിപ്പെടുത്തി തരുന്നതിന്റെ ആധാരം. യേശുപറയുന്നു- സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനംചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്ക് നിങ്ങളിൽ തന്നെ ജീവൻ ഉണ്ടായിരിക്കുകയില്ല (യോഹ. 6/53) വിശുദ്ധ മാമോദീസാ മുഖേന പ്രാപിച്ച ജീവൻ നിലനിർത്തുന്നത് യേശുവിന്റെ തിരുശരീരരക്തങ്ങൾ സ്വീകരിക്കുന്നതിലൂടെയാണ്. ശരീരം ഭക്ഷിക്കുയും രക്തം പാനം ചെയ്യുകയും ചെയ്യുകയെന്നതിൽ യേശുവിന്റെ മരണത്തിലുള്ള പങ്കാളിത്തമാണല്ലോ, സൂചിപ്പിക്കുന്നത്. (മരണത്തിൽ ശരീരവും രക്തവും വേർപെടുന്നു). മാമോദീസായും യേശുക്രിസ്തുവിന്റെ മരണത്തിലുള്ള പങ്കാളിത്തമാണെന്നു മുകളിൽ പറഞ്ഞതാണ്. അതേസമയം ജീവന്റെ പങ്കാളിത്തവും അതിലുണ്ട്. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുന്നവന് നിത്യജീവനുണ്ട്, അവസാന നാളിൽ അവനെ ഞാൻ ഉയിർപ്പിക്കും (യോഹ 6/54) യേശുവിന്റെ മരണോത്ഥാനമാകുന്ന ഏക പെസഹാ സംഭവത്തിൽ പങ്കുകൊള്ളുന്നതിനെപ്പറ്റിയാണ്, യേശു ഇവിടെ ആവർത്തിച്ചുപദേശിക്കുന്നത്. ഈ പങ്കാളിത്തം വിശ്വാസി സഭയിൽ പങ്കുചേരുന്നത് വഴി പ്രാപിക്കുന്നു. അവിടെയാണല്ലോ യേശുവിന്റെ മരണോത്ഥാനമാകുന്ന പെസഹാ രഹസ്യം ആഘോഷിക്കപ്പെടുന്നത്. സഭയിൽ യേശുക്രിസ്തുവിനോടുകൂടി ജീവിക്കുന്ന വിശ്വാസികളുടെ ജീവന്റെ അനുഭവമാണത്. ഒരിക്കൽ ജീവന്റെ അനുഭവത്തിൽ പ്രവേശിച്ചാൽ അത് പൂർത്തിയാകുന്നതിന്റെ പ്രത്യാശയും ഉണ്ട്. പുത്രനെ കണ്ട് അവനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകണമെന്നതാണ് എന്റെ പിതാവിന്റെ ഇഷ്ടം. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും. (യോഹ 6/40) ജീവന്റെ പ്രത്യാശ എന്താണ്, എന്ന് നമ്മുടെ കർത്താവ് വെളിപ്പെടുത്തിത്തരുന്നു. ഈ പ്രത്യാശയിൽ നിലനിൽക്കുന്നത് പാപത്തിൽ നിന്നു മോചിക്കപ്പെട്ട അവസ്ഥയിൽ യേശുവിന്റെ ശരീരവും രക്തവും നിരന്തരം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതു മൂലമാണ്.

**ത്രിത്വാനുഭവം**

ഈ പ്രത്യാശയുടെ അനുഭവം യേശുവിനോടുകൂടി നിരന്തരം ജീവിക്കുന്നതിൽ നിന്ന് ലഭിക്കുന്നതാണ്. യേശു പറയുന്നു- എന്റെ ശരീരം

www.malankaralibrary.com

ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും, ഞാൻ അവനിലും വസിക്കുന്നു. (യോഹ 6/56) ക്രിസ്തുവൊന്നിച്ചുള്ള ഈ വാസം സഭയിൽ മറ്റു വിശ്വാസികളോട് ഒരുമിച്ചുള്ള അനുഭവമാണ്. ദൈവരാജ്യത്തിന്റെ അനുഭവമാണത്. ദൈവരാജ്യം ഈ ഭൂമിയിൽ യേശു ക്രിസ്തു തന്റെ ഉത്ഥാനം മുഖേന നേടിയെടുത്തതാണ്. ദൈവരാജ്യത്തിൽ, പുത്രൻ പിതാവിനെപ്പറ്റി നൽകുന്ന വെളിപാടിൽ യേശുവിൽ വിശ്വസിക്കുന്നവർ പങ്കാളികളാകുന്നു. പിതാവിന്റെ മക്കളെന്ന നിലയിലുള്ള ഈ അനുഭവത്തിലേക്ക് പരിശുദ്ധാത്മാവ് വിശ്വാസികളെ നയിക്കുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിലുള്ള അനുഭവമാണ് ദൈവരാജ്യത്തിന്റേത്. പിതാവ് പുത്രനെ ലോകത്തിലേക്ക് അയയ്ക്കുന്നു; പുത്രൻ തന്റെ മരണവും ഉത്ഥാനവും മുഖേന മനുഷ്യരെ പാപമാകുന്ന മരണത്തിൽ നിന്ന് വീണ്ടെടുക്കുന്നു; പരിശുദ്ധാത്മാവ്, വിശ്വസിക്കുന്നവരെ കൂട്ടായ്മാനുഭവത്തിൽ ഒന്നിച്ച് ചേർക്കുകയും ജീവിക്കുകയും ചെയ്യുന്നു. ഈ ത്രിത്വാനുഭവത്തെപ്പറ്റിയാണ് സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കലേക്ക് ദൈവദൂതന്മാർ കയറുന്നതും ഇറങ്ങുന്നതും നിങ്ങൾ കാണും എന്ന് യേശു ശിഷ്യന്മാരെ നേരത്തെ അറിയിച്ചത്. 'മനുഷ്യപുത്രന്റെ വെളിപ്പെടുത്തലിന്റെ പൂർത്തീഭാവമാണ് സഭയിൽ വിശ്വാസികൾക്ക് ലഭിക്കുന്ന ത്രിത്വാനുഭവം. യേശുവിൽ വിശ്വസിച്ച ശിഷ്യന്മാർക്ക് അത് ഒരു വലിയ പ്രത്യാശയുടെ മുഖാന്തിരമായി ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തോളമെത്തുന്ന ജീവന്റെ പ്രത്യാശയാണ്. ഈ പ്രത്യാശകൊണ്ട് നിറയുന്നത് യഥാർത്ഥാരാധകർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുമ്പോഴാണ്. (യോഹ 4/ 23) പിതാവിനെയാണ് ആരാധിക്കുന്നത്. ആത്മാവാണ് വിശ്വാസികളെ പ്രാപ്തരാക്കുന്നത്. പുത്രനിലൂടെ വെളിപ്പെട്ടുവന്ന പിതാവിന്റെ സത്യത്തിന്റെ നിറവാണ് ആരാധന. പിതാവിനും തന്റെ ഏകജാതനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നതാണ് യഥാർത്ഥാരാധന. ഏകദൈവത്തിലെ മൂന്നാളുകളെയും ഒന്നിച്ചനുഭവിക്കുന്ന ഈ ആരാധനയിൽ, ഉത്ഥിതനായ യേശുക്രിസ്തുവിന്റെ ജീവൻ തുടിച്ചു നില്ക്കുന്നു. ആ ജീവന്റെ പ്രത്യാശയിൽ വിശ്വാസിസമൂഹം മരിച്ചവരിൽ ആദ്യജാതനായ യേശുക്രിസ്തുവിനു പിമ്പേ അടിവച്ചടിവച്ച് മുമ്പോട്ടു നീങ്ങുന്നു.

***ക്രൈസ്തവകാഹളം, 1995 ഏപ്രിൽ***



# 21

# ദൈവമാതാവായ കന്യക മർത്തമറിയം

മലങ്കര സഭാചിന്തയിൽ മർത്ത മറിയാമിനെ കാണുന്നത് കന്യാസ്ത്രി അമ്മയെന്നാണ്. സ്ത്രീയും കന്യകയും അമ്മയും. മറിയാമിനെ സംബന്ധിക്കുന്ന പൂർണ്ണ പരാമർശമാണത്. 'കൃപ നിറഞ്ഞ മറിയാമേ, നിനക്കു സമാധാനം' എന്ന പ്രാർത്ഥനയുടെ രണ്ടാമത്തെ പകുതി തുടങ്ങുന്നത് 'ദൈവമാതാവായ കന്യകമർത്ത മറിയാമേ' എന്ന് അഭിസംബോധന ചെയ്തുകൊണ്ടാണ്. ദൈവമാതാവ് (യൽദാസ് ആലോഹോ) എന്ന നാമമാണ് മലങ്കര ആരാധാനക്രമത്തിൽ കൂടുതലും ആവർത്തിക്കപ്പെടുന്നത്. മറിയാമിനെ കന്യകയായി വിളിച്ചു പ്രാർത്ഥിക്കുന്ന സന്ദർഭങ്ങളും ധാരാളമുണ്ട്. 'യൽദാസ് ആലോഹാ' എന്ന സുറിയാനി പദത്തിന് 'ദൈവത്തെ പ്രസവിച്ചവൾ' എന്നാണ് അർത്ഥം. മറിയാം യേശുവിനെ പ്രസവിച്ചുവെന്ന സംഭവത്തിലാണല്ലോ മനുഷ്യരക്ഷാകർമ്മം മുഴുവനും കേന്ദ്രീകൃതമായിരിക്കുന്നത്. കന്യക ഗർഭം ധരിച്ചു പുത്രനെ പ്രസവിച്ചുവെന്നത് അത്ഭുതസംഭവമാണ്. ലോകചരിത്രത്തിലെ ഒരേ ഒരു സംഭവം. അത് ദൈവത്തിന് മാത്രം സാധിക്കുന്നു. ദൈവത്തിന്റെ അത്ഭുതപ്രവർത്തനത്തിന് ഏറ്റം വിധേയയായവൾ എന്ന നിലയിലാണ് സഭ കന്യക മറിയാമിനെ ബഹുമാനിക്കുന്നത്. അവൾ കന്യകയാണ്, മാതാവാണ്. ഇവ എങ്ങനെ ഒന്നിച്ചു നിൽക്കുമെന്നുള്ളതു വിസ്മയത്തിൽ മലങ്കരസഭാ പ്രാർത്ഥനയിൽ പറയുന്നു, അവളെ ദൈവമാതാവേയെന്ന് വിളിക്കുമെന്ന്. അതേ, കന്യക മർത്ത മറിയാം ദൈവമാതാവായിരിക്കുന്നുവെന്നതിൽ എല്ലാം അടങ്ങിയിരിക്കുന്നു.

## സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ

ദൈവമാതൃത്വത്തിൽ അടങ്ങിയിരിക്കുന്ന അടിസ്ഥാന വസ്തുത സ്ത്രീ സങ്കല്പമാണല്ലോ. പുരുഷനും സ്ത്രീയും ഒന്നിച്ചുള്ള പ്രവർത്തനമാണ് ബൈബിളിൽ ആദ്യം മുതലേ ഉയർത്തി കാണിച്ചിരിക്കുക. ആദാമും ഹാവായും ഒന്നിച്ചു പാപം ചെയ്തു; എന്നാൽ ഹാവാ അതിൽ മുൻകൈ എടുത്തു എന്ന് ഉൽപ്പത്തി പുസ്തകത്തിൽ സൂചിപ്പിച്ചിരി

www.malankaralibrary.com

ക്കുന്നു. പാപത്തിന് കാരണം സ്ത്രീയാണെന്നതോടൊപ്പം രക്ഷയിലും മുൻകൈ സ്ത്രീക്കാണെന്നും വേദപുസ്തകം പറയുന്നത് വിസ്മരിക്കാവുന്നതല്ല. ദൈവമായ കർത്താവ് പാമ്പിനോടു പറഞ്ഞു: "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരുക്കേല്പിക്കും" (ഉൽപത്തി 3,15) ഇത് മുഴുവൻ പ്രതികാത്മക വർണനയാണല്ലോ. പാപത്തിന് കാരണമായിരുന്ന സ്ത്രീ പിശാചിനെ എതിർക്കുന്നവളെന്ന നിലയിൽ ഒരു പുതിയ അവസ്ഥയിലേക്ക് മാറിവരും എന്ന സൂചന ഈ വാക്യത്തിൽ തീർച്ചയായുമുണ്ട്. മാത്രമല്ല സ്ത്രീ പിശാചിനെ എതിർക്കുന്നത് തന്റെ സന്തതിയിലൂടെ ആയിരിക്കുമെന്നും പിശാചും യേശുവും തമ്മിലുള്ള ശത്രുതയുടെ പാരമ്യത്തിൽ യേശു വളരെ വേദന അനുഭവിച്ചുകൊണ്ട് പിശാചിന്റെ തലയെ തകർക്കുമെന്ന പ്രവചനവും- മനുഷ്യ രക്ഷാചരിത്രത്തിലെ ആദ്യത്തെ പ്രതീക്ഷയാണത്- ഈ വാക്യത്തിൽ നാം കാണുന്നു. ഇതിൽ എല്ലാത്തിനെയും യോജിപ്പിക്കുന്ന പ്രധാന തന്തു ഹാവായെന്ന സ്ത്രീയാണ്. അതേ അവസരത്തിൽ പുതിയ ഹാവായേപ്പറ്റി വ്യക്തമായ സൂചന ഈ വാക്യത്തിലുണ്ട്. കാരണം, ആരാണ് പിശാചുമായി ശത്രുതയിൽ ഏർപ്പെടുന്ന സ്ത്രീ? ആരുടെ സന്തതിയാണ് പിശാചിനെ തകർക്കുന്നത്?എല്ലാം നിറവേറിയിരിക്കുന്നത് മർത്തമറിയാമിലാണ്.

മറിയാമിന്റെ സന്തതിയായിരിക്കുന്നു യേശു എന്നതുതന്നെയാണ് മറിയാമിന്റെ മഹത്വവും ശക്തിയും. മറിയാം യേശുവിനെ ഗർഭംധരിച്ചു പ്രസവിച്ചു എന്നത് സ്ത്രീത്വത്തിന്റെ പരമകാഷ്ഠയായിരിക്കുന്നു. മാത്രമല്ല, മറിയാം യേശുവിനോടു കൂടി നിന്നിരുന്നു., പ്രത്യേകിച്ച് കുരിശിൽ യേശു രക്ഷാകരമായ ബലി അർപ്പിച്ചപ്പോൾ. അതുകൊണ്ട് യേശു സ്ത്രീയിൽ നിന്ന് ജനിച്ചുവെന്നത് മാത്രമല്ല സ്ത്രീയുടെ സഹകരണത്തിൽ മനുഷ്യരക്ഷ നിർവഹിച്ചുവെന്നത് പ്രധാന വസ്തുതയാണ്. ഇക്കാരണത്താൽ മർത്തമറിയാം സ്ത്രീകളിൽ ഏറ്റം ശ്രേഷ്ഠയായിരിക്കുന്നു. എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി ഉദ്ഘോഷിച്ചു: നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്, നിന്റെ ഉദരഫലവും അനുഗ്രഹീതം (ലൂക്കാ 1, 42) അതുകൊണ്ട് സ്ത്രീത്വത്തിന്റെ ഏറ്റം ഉത്കൃഷ്ട മാതൃകയായി സഭ മർത്തമറിയാമിനെ ദർശിക്കുന്നു. വിശുദ്ധ കുർബാനയിൽ, ഞങ്ങളുടെ പിതാവായ ആദാമിനെയും ഞങ്ങളുടെ മാതാവായ



ഹാവായെയും ദൈവമാതാവായ മർത്തമറിയാമിനെയും ചേർത്ത് അനുസ്മരിക്കുന്നു. കാരണം, മർത്തറിയാമിൽ ഒരു പുതിയ സൃഷ്ടി ആരംഭിക്കുന്നു.

**നിർമ്മലകന്യക**

യേശുവിന്റെ ശരീരത്തെ ഒരു പുതിയ സൃഷ്ടിയായി സഭാപിതാക്കന്മാർ സങ്കല്പിക്കുന്നു. കന്യകയിൽ നിന്ന് ജനിച്ചുവെന്നതാണ് പുതിയ സൃഷ്ടിയുടെ അടിസ്ഥാനമായി അവർ കാണുക. "കന്യക ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും."(മത്തായി 1, 22-23) "ദൈവം നമ്മോടുകൂടെ" എന്ന പ്രഖ്യാനം പുതിയ ആരംഭത്തെയാണ് വിളിച്ചറിയിക്കുക. എദനിൽ ദൈവം മനുഷ്യരെ സൃഷ്ടിച്ച് അവരോടുകൂടെ പാർത്തിരുന്നു. മനുഷ്യന്റെ പാപമാണ് ദൈവസാന്നിധ്യത്തെ അകറ്റിയത്. അതേ പാപം തന്നെയാണ് പഴയ സൃഷ്ടിയെ ശിഥിലമാക്കിയതും പുതിയ സൃഷ്ടി ആവശ്യമാക്കിവച്ചതും. ആ പുതിയ സൃഷ്ടി ആകട്ടെ, രക്തത്തിൽ നിന്നോ ശാരീരികാഭിലാഷത്തിൽ നിന്നോ പുരുഷന്റെ ഇച് ഛയിൽ നിന്നോ അല്ല. ദൈവത്തിൽ നിന്നത്രേ (യോഹ 1, 13) ജനിച്ചത്. രക്തമെന്നത് പുരുഷബീജത്തിലൂടെയുള്ള മനുഷ്യരാശിയുടെ തുടർച്ചയെയും ജഡാഭിലാഷം, സ്ത്രീയ്ക്കും പുരുഷനും ഒന്നിച്ചു വരുവാനുള്ള പ്രേരണയെയും, പുരുഷന്റെ ഇച്ഛ, പുരുഷന് സ്ത്രീയിലുള്ള മേൽക്കോയ്മയെയും സൂചിപ്പിക്കുന്നു. ഇതെല്ലാം ഒഴിവാക്കുന്നത് കന്യാകാ ജനനത്തിലാണ്. കന്യകയിൽ നിന്നുള്ള യേശുവിന്റെ ജനനത്തിൽ ആദാംമുതലുള്ള തലമുറകളുടെ തുടർച്ചയ്ക്ക് ഒരു പുതിയ രൂപം ഭവിക്കുന്നു. യേശു കന്യകയിൽനിന്ന് പുതിയ സൃഷ്ടിയായി ജനിച്ചു. യേശുവിനെ സ്വീകരിക്കുന്നവർക്കെല്ലാം, യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നൽകി. (യോഹ. 1, 12) യേശുവിനോടുകൂടി എല്ലാ വിശ്വാസികളും കന്യകാജാതന്മാരായിരിക്കുന്നു.

കന്യകാജനനം പഴയ സൃഷ്ടിയിൽ നിന്നുള്ള വേർപാടിനെയെന്നപോലെ പഴയതുമായുള്ള ബന്ധവും സൂചിപ്പിക്കുന്നു. സഭാപാരമ്പര്യമനുസരിച്ച്, മാർ യൗസേപ്പു മാത്രമല്ല, മർത്തമറിയാമും ദാവീദിന്റെ ഗോത്രത്തിൽ പെട്ടവളാണ്. ദാവീദിന്റെ പുത്രിയെന്നതുകൊണ്ട് പഴയതിൽ നിന്നുള്ള തുടർച്ചയെയാണല്ലോ സൂചിപ്പിക്കുന്നത്. ദൈവം

www.malankaralibrary.com

ആവശ്യപ്പെടുന്നത് മനുഷ്യന്റെ കാഴ്ചയെയല്ല. മനുഷ്യനെത്തന്നെയാണ്. പിതാവിന് പ്രീതികരമായ ബലി യേശു തന്റെ ശരീരത്തിൽ അർപ്പിച്ചു. ഈ ശരീരം കന്യകമറിയാമിൽ നിന്ന് ലഭിച്ചതാണ്. മനുഷ്യകുലം മുഴുവനും ഒന്നിച്ച് ദൈവത്തിന് നൽകുന്ന പരിശുദ്ധമായ കാഴ്ചയാണത്. ദൈവം മറിയാമിനെ പ്രത്യേകം തെരഞ്ഞെടുത്ത് പരിശുദ്ധ പ്രതിഷ്ഠയായി ഉയർത്തിയെടുത്തു. കന്യകയിൽ ദൈവം അത്ഭുതകരമായി പ്രവർത്തിച്ചു. അതുകൊണ്ട് അവളിൽ നിന്നുള്ള ഫലവും പരിശുദ്ധമായിരിക്കുന്നു. അതുകൊണ്ട് വിശുദ്ധകുർബാനയിലെ പ്രാർത്ഥനയിൽ നിർമ്മല കന്യകയായ മുന്തിരിവള്ളിയിൽ നിന്ന് ശേഖരിക്കപ്പെട്ട ജീവന്റെ മുന്തിരിക്കുലയായി യേശുവിനെ അഭിസംബോധന ചെയ്യുന്നു. യേശുവിന്റെ ബലി മറിയാമിന്റെ സമർപ്പണം കൂടിയാണ്. കന്യകമറിയാമിലൂടെ മനുഷ്യവർഗ്ഗം മുഴുവനും ദൈവത്തിന് സ്വീകാര്യമായ നിർമ്മലബലി അർപ്പിക്കുവാൻ പ്രാപ്തമായിതീർന്നു. അത് സാധിച്ചത് ദൈവത്തിന്റെ പ്രവർത്തനം മുഖേനയാണ്. ദൈവം മനുഷ്യരക്ഷയ്ക്കായി കന്യകയിലൂടെ മനുഷ്യവർഗ്ഗത്തിന്റെ തുടർച്ചയെ സ്വീകരിച്ചുവെന്നത് തികച്ചും ആശ്വാസകരമായ വസ്തുതയാണ്. ഹാവായെന്ന കന്യകയിൽ നിന്ന് മനുഷ്യരാശിക്കുണ്ടായ ദോഷം കന്യകമർത്തമറിയാം തീർത്തു. അങ്ങനെ പരിശുദ്ധ കന്യകയിൽ പുതിയ സൃഷ്ടി ആരംഭിച്ചതിൽ വിശ്വാസികളായ നാമെല്ലാം പങ്കുകാരായിതീർന്നിരിക്കുന്നു.

യേശുവിനെ കുഞ്ഞാടായി പരിഗണിക്കുന്നതിലാണ് മറിയാമിന്റെ സമർപ്പണം കൂടുതൽ വ്യക്തമാകുന്നത്. യേശു പുരോഹിതനാണ്, ബലി അർപ്പിക്കുന്നവനാണ്, അതോടൊപ്പം ബലി വസ്തുവും. ഈ ബലി വസ്തുവിന്റെ ആശയമാണല്ലോ കുഞ്ഞാടെന്നതിൽ പൊന്തിവരുന്നത്. ഈ ബലി വസ്തു ആരിൽനിന്നാണ്? വിശുദ്ധ കുർബാനയിൽ കുഞ്ഞാടിനെ വിശേഷിപ്പിക്കുന്നു:കന്യകയാകുന്ന പെണ്ണാടിൽ നിന്ന് പൊട്ടിപ്പുറപ്പെട്ടത് എന്ന്. ഇതിൽ ഉദ്ദേശിക്കുന്നത് മറിയാമിൽ നിന്നുള്ള യേശുവിന്റെ ശാരീരികോദ്ഭവം മാത്രമല്ല, പരിശുദ്ധ കന്യകയുടെ സമർപ്പണം കൂടിയാണ്. മറിയാം കുരിശിൻ ചുവട്ടിൽ നിന്നത് തന്റെ ഉദരഫലമായ കുഞ്ഞാടിനെ സമർപ്പിക്കുന്നതിനാണ്. യേശുവനോടുകൂടി അമ്മയും, പിതാവിന് പ്രീതികരമായ ബലി അർപ്പിച്ചു. ആ ബലിയിൽ മർത്തമറിയാം മനുഷ്യരാശിയുടെ മുഴുവൻ പ്രതിനിധിയാണ്, തന്റെ മകൻ യേശുവിനോടുകൂടി മാത്രം.





ദൈവത്തിന്റെ രക്ഷണീയ രഹസ്യത്തിൽ മർത്തമറിയാമിന്റെ സ്ഥാനമെന്ത്? താഴെ കാണിക്കുന്ന പ്രാർത്ഥന അത് വ്യക്തമാക്കുന്നു: മഹത്വമുള്ളവനായ പിതാവിൽ നിന്ന് മാതാവില്ലാതെ ജാതനാവുകയും സ്വർഗത്തിൽ നിന്നു ഞങ്ങളുടെ പക്കലേക്ക് ഇറങ്ങി വരികയും ശരീരപ്രകാരം പിതാവില്ലാതെ കന്യകയായ മാതാവിൽ നിന്നു ജനിക്കുകയും ചെയ്ത സ്വർഗീയ കുഞ്ഞാട് നീയാകുന്നു. പിതാവു പുത്രനും പരിശുദ്ധ റൂഹായുമായ ത്രിത്വത്തിന്റെ ദൈവരഹസ്യം ആവിഷ്കൃതമാകുന്നത് മർത്തമറിയാമിലൂടെയാണ്. പിതാവു പുത്രനെ അയയ്ക്കുന്നു; പുത്രൻ പരിശുദ്ധ റൂഹായുടെ പ്രവർത്തനത്താൽ ശരീരം ധരിക്കുന്നു. പുത്രന്റെ മനുഷ്യാവതാരത്തിലൂടെ അങ്ങനെ ത്രിത്വരഹസ്യം വെളിപ്പെടുന്നു. ഇത് സംഭവിക്കുന്നതാകട്ടെ കന്യകാ മറിയാം മുഖാന്തിരമാണ്. ത്രിയേക ദൈവം സ്വീകരിച്ചിരിക്കുന്ന രക്ഷണീയ പദ്ധതിയിൽ മറിയാമിലൂടെയല്ലാതെ ഈ ആവിഷ്കരണം സംഭവിക്കുന്നില്ല. മനുഷ്യരക്ഷാകർമ്മത്തിന് അടിസ്ഥാനമായി ഈ ആവിഷ്കരണം ദർശിക്കുന്നുവെന്നതാണ് പൗരസ്ത്യചിന്തയുടെ സവിശേഷത. ആവിഷ്കരണവും രക്ഷണീയ വ്യാപരവും ഒന്നുതന്നെ.ഈ ആവിഷ്കരണം താഴെ കുറിക്കുന്ന പ്രാർത്ഥന വിശദമാക്കുന്നു:"കാലത്തികവിൽ മറിയാമിൽ നിന്നു ഞങ്ങൾക്ക് പ്രത്യക്ഷനാകുകയും ബേത്‌ലഹേം ഓഫർത്തായിൽ ഞങ്ങൾക്കു ഗോചരീഭവിക്കുകയും , യോർദാൻ നദിയിൽവച്ചു പിതാവിന് സാക്ഷ്യം നൽകുകയും യോഹന്നാൻ ഏറ്റുപറയുകയും ചെയ്ത ജീവന്റെ അപ്പമായവൻ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഗോഗുൽത്തായിൽ ക്രൂശിക്കപ്പെടുകയും പാതാളത്തിലേക്ക് ഇറങ്ങി ഞങ്ങളെ ഉദ്ധരിക്കുകയും ചെയ്തു." ദൈവരഹസ്യത്തിന്റെ ആവിഷ്കരണമായി മനുഷ്യ രക്ഷാനിർവഹണത്തെ കാണുമ്പോഴാണ് മർത്തമറിയാമിന്റെ പദവിയും സ്ഥാനവും കൂടുതൽ വ്യക്തമാകുന്നത്. മനുഷ്യ രക്ഷയെന്താണ്? നിത്യതയിൽ മറഞ്ഞിരിക്കുന്ന ദൈവസ്നേഹം മാനുഷ്യ രൂപം സ്വീകരിക്കുന്നതാണ്. ആ ദൈവസ്നേഹം പ്രത്യക്ഷമാകുന്നത് മറിയാമിന്റെ പ്രത്യുത്തരവുമായി ഏകീഭവിച്ച്, തദ്ഫലമായി യേശു മനുഷ്യശരീരം ധരിക്കുമ്പോഴാണ്. അതാണല്ലോ ദൈവമാതൃത്വമെന്ന രഹസ്യം.

വിശുദ്ധ കുർബാന പരസ്യമായി ആരംഭിക്കുന്നത്, നിന്നെ പ്രസവിച്ച മറിയാമും നിനക്കു മാമോദീസാ നൽകിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോട് അപേക്ഷിക്കും എന്ന് പ്രാർത്ഥിച്ചു

www.malankaralibrary.com

കൊണ്ടാണല്ലോ! മറിയാമിലൂടെ നടന്ന ദൈവാവിഷ്കരണം ഇന്നു തുടരുന്നുവെന്നാണ് അതിലെ സൂചന. ജനനത്തിലൂടെ വെളിപ്പെടുന്നതിനു മുമ്പെ ദൈവപുത്രൻ മറിയാമിന്റെ ഗർഭത്തിൽ ഒൻപതു മാസം വസിച്ചു. പൗരസ്ത്യചിന്തയിൽ ഇത് പ്രധാന വസ്തുതയാണ്. നിത്യതയിൽ മറഞ്ഞിരിക്കുന്ന ദൈവം മർത്തമറിയാമിൽ സമയത്തിൽ മറഞ്ഞിരുന്നു. തൻ മൂലം മറിയാം രണ്ടാം സ്വർഗമായി വിശേഷിക്കപ്പെടുന്നു. ആ സമയം ദൈവ രഹസ്യം തന്നിൽ സംഗ്രഹിച്ചു കൊണ്ട് മറിയാം അതേപ്പറ്റി കൂടുതൽ ബോധവതിയായിത്തീരുകയായിരുന്നു. ദൈവത്തിന്റെ വചനം ശരീരത്തിൽ സ്വീകരിച്ചതോടൊപ്പം ഹൃദയത്തിലും സ്വീകരിച്ചു. പൂർണ്ണമായ താദാത്മ്യമാണ് യേശുവും മറിയാമും തമ്മിൽ ഇതുവഴി സംഭവിച്ചത്. ഈ താദാത്മ്യം എന്നും തുടർന്നു നില്ക്കുന്നു, മനുഷ്യ രക്ഷയുടെ നിദാനമായിക്കൊണ്ട്. രക്ഷണീയ വ്യാപാരത്തിൽ ദൈവവും മനുഷ്യനും തമ്മിലുള്ള സഹകരണം പ്രഥമമായും പ്രധാനമായും മൂർത്തിഭവിക്കുന്നത് മർത്തമറിയാമിലാണ്. അവൾ രക്ഷിതസമൂഹത്തിലെ ആദ്യത്തെ പ്രജയാണ്. അതോടൊപ്പം രക്ഷിതസമൂഹമായ സഭയുടെ മാതാവും. മറിയാമിന്റെ മാതൃമാധ്യസ്ഥം ഓരോ വിശ്വാസിയും എപ്പോഴും തേടുന്നു, എന്തെങ്കിലും കാര്യസാദ്ധ്യത്തിനല്ല, രക്ഷണീയ രഹസ്യം തന്നിൽ നിറവേറുന്നതിന്. യേശുവും മറിയാമും തമ്മിലുള്ള വിശ്വാസാനുഭവത്തിന്റെ ഓരോ പുതിയ രൂപവും ഭാവവുമാണ് യേശുവും ഓരോ വിശ്വാസിയും തമ്മിൽ സാക്ഷാൽകരിക്കപ്പെടുന്നത്. യേശുവും മറിയാമും തമ്മിലുള്ള പരസ്പരികത (mutuality) ഓരോ വിശ്വാസിയിലും പുനരവതരിക്കപ്പെടുന്നു. യേശു കന്യക മറിയാമിന്റെ ഹൃദയത്തിൽ രൂപം കൊണ്ടതുപോലെ ഓരോ വിശ്വാസിയുടെ ഹൃദയത്തിലും രൂപം ധരിക്കേണ്ടതുണ്ട്. അതിൽ മറിയാമിന്റെ മാധ്യസ്ഥം കർമ്മോന്മുഖമാകുന്നു. ഈ കർമ്മോന്മുഖതയാണ് മർത്തമറിയാമിനെ സഭാമാതാവാക്കുന്നത്, ഓരോ വിശ്വാസിയുടെയും അമ്മയാക്കുന്നത്. നിന്നെ പ്രസവിച്ച മറിയാം ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുമെന്ന് പ്രഖ്യാപിക്കുമ്പോൾ അവളുടെ ചലനാത്മക സാന്നിദ്ധ്യം ഏറ്റു പറഞ്ഞ് സ്വന്തമാക്കുകയാണ് സഭ ചെയ്യുന്നത്.

**ദൈവവചനവും വിശ്വാസവും**

എന്താണ് ഈ ചലനാത്മക സാന്നിധ്യം? സുവിശേഷ വായനയ്ക്കു മുമ്പ് പട്ടക്കാരൻ അറിയിക്കുന്നു. "ദൈവത്തിന്റെ ജീവനുള്ള വചനവും പരിശുദ്ധ കന്യകമറിയാമിൽ നിന്ന് ജഡമെടുത്തവനുമായ, നമ്മുടെ



കർത്താവും രക്ഷകനുമായ യേശു മിശിഹായുടെ രക്ഷണീയ വ്യാപാരത്തിൽ ഇപ്രകാരം സംഭവിച്ചു." ദൈവവചനത്തിന് രക്ഷണീയ പദ്ധതിയിൽ മൂന്നു ഘട്ടങ്ങളുണ്ട്. നിത്യതയിൽ മറഞ്ഞിരിക്കുന്ന ദൈവവചനം, സമയത്തിൽ മർത്തമറിയാമിൽ വെളിപ്പെട്ട വചനം, മനുഷ്യനായി ജീവിക്കുകയും പ്രവർത്തിക്കുകയും വചിക്കുകയും ചെയ്ത വചനം. ഈ മൂന്നു ഘട്ടങ്ങൾ ഒന്നിച്ചു കാണുമ്പോൾ ദൈവവചനത്തിന്റെ പൂർണ്ണദർശനം ലഭ്യമാകുന്നു. വാസ്തവത്തിൽ മറിയത്തിൽ മറഞ്ഞിരുന്ന ശേഷം വെളിപ്പെടുന്ന ഘട്ടമാണ് മറ്റു രണ്ടു ഘട്ടങ്ങളെയും ഒന്നിച്ചു ചേർക്കുന്നത്. ആ മധ്യഘട്ടത്തിൽ മറിയാമിന്റെ ക്രിയാത്മകത അനിഷേധ്യമാണ്. അല്ലെങ്കിൽ യേശുവിന്റെ വചനം (വാക്കും പ്രവൃത്തിയും ജീവിതവും) വെറും മാനുഷികമായി മാത്രം അവതരിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുന്ന അപകടമുണ്ട്. അതുകൊണ്ട് ദൈവരഹസ്യത്തിന്റെ പൂർണ്ണതയിൽ ദൈവവചനം ആവിഷ്കരിക്കുവാൻ പൗരസ്ത്യസഭകൾ ശ്രമിക്കുന്നു. അതിൽ മറിയാമിന്റെ മധ്യവർത്തിത്വത്തിന് കാതലായ സ്ഥാനം കല്പിക്കുകയും ചെയ്യുന്നു. ഇന്നും ദൈവവചനം വിശ്വാസികൾക്ക് സംലഭ്യമാകുന്നതു മറിയാമിന്റെ മാതൃത്വമാധ്യമത്തിലൂടെയാണ്. ആ മാതൃത്വം ആവിഷ്കൃതമാകുന്നത് ക്രിസ്തുസഭയിലും. ഇത് മധ്യവർത്തിത്വം വചനഘോഷണത്തിൽ മാത്രമല്ല യേശുവിന്റെ തിരുശരീര രക്തത്തിന്റെ ആഘോഷണത്തിലും ക്രിയാത്മകമാകുന്നുണ്ട്. മർത്തമറിയാമും ക്രിസ്തുസഭയും തമ്മിൽ വ്യവഛേദിക്കാനാവാത്ത ഏകതയും സാധർമ്മ്യവും യോജിപ്പുമാണുള്ളത്. മറിയാമും സഭയും രഹസ്യാത്മകമായി ഒന്നുതന്നെ. അതേ അവസരത്തിൽ വ്യത്യസ്തമായിരിക്കുകയും ചെയ്യുന്നു. സഭ മറിയാമിന്റെ കന്യകാമാതൃത്വത്തിലേക്ക് വളർന്നെത്തിക്കൊണ്ടിരിക്കുന്നു. അതിലാണ് ഓരോ വിശ്വാസിയുടെയും പങ്കാളിത്തം ആവശ്യമായി വരുന്നത്.

സഭയിൽ ആവിഷ്കരിക്കപ്പെട്ട് വിഭജിക്കപ്പെടുന്ന ദൈവവചനം സ്വാംശീകരിക്കുന്നതിൽ വിശ്വാസികൾ ഉത്തരവാദികളായിരിക്കുന്നു. അതിലൂടെ മറിയാമിലൂടെ തുടസമിട്ട പുതിയ സൃഷ്ടിയിൽ അവർ ഭാഗഭാക്കുകളാകുന്നു. അവർ മാനുഷികമായി ആദാമിന്റെയും ഹാവായുടെയും സന്തതികളാണ്. പഴയ സൃഷ്ടിയിൽ പങ്കാളികൾ. എന്നാൽ മനുഷ്യരെല്ലാവരും പാപത്തിൽ പങ്കു ചേർന്നിരിക്കുന്നതുകൊണ്ട് പഴയസൃഷ്ടിയിൽ മരിച്ചവരായിരിക്കുന്നു. അതുകൊണ്ട് ക്രിസ്തുവിലുള്ള പുതിയ സൃഷ്ടിയിൽ പങ്കുചേർന്നു ദൈവകൃപയിലൂടെ ദൈവ

www.malankaralibrary.com

ത്തിന്റെ ദത്തുപുത്രരാകണമെന്നതാണ് മനുഷ്യരക്ഷയെ സംബന്ധിക്കുന്ന ദൈവപദ്ധതി. അതിന് ക്രിസ്തുവിന്റെ മരണത്തിൽ, ശൂന്യവത്കരണത്തിൽ, ദൈവത്തിൽ വിശ്വസിച്ച് പങ്കുകാരാകണം. ഇതിൽ ആദ്യമേ പങ്കുചേർന്നത് കന്യകമറിയാമാണ്. അവളെ സംബന്ധിച്ച് എലിസബത്ത് പറഞ്ഞു., ദൈവവചനത്തിൽ വിശ്വസിച്ചതുകൊണ്ട് ഭാഗ്യവതിയെന്ന്. മറിയാം ദൈവവചനം സ്വീകരിച്ച് സ്വയം ശൂന്യമാക്കി. സ്വാഭാവികമാതൃത്വം ത്യജിച്ചതുകൊണ്ട് തന്റെ സ്ത്രീത്വത്തിൽ അവൾ വെറുമയായി. ഈ ആത്മത്യാഗം മർത്തമറിയാമിന്റെ ജീവിതത്തിലാകെ പ്രകടമായിക്കാണാം. തുടരുന്ന ശൂന്യവത്കരണത്തിന് അവൾ വിധേയയായി. പ്രത്യേകിച്ച് സ്വന്തം മകന്റെ മരണത്തിന് സന്നിഹിതയായിക്കൊണ്ട് തന്റെ മാതൃത്വത്തിന്റെ ഫലം അവൾ ത്യജിച്ചു. അഥവാ ദൈവത്തിന് കാഴ്ചയായി സ്വയം അർപ്പിച്ചു. മറിയാമിന്റെ വിശ്വാസം ഏറ്റം പ്രോജ്വലമായത് യേശുവിന്റെ മരണത്തിലാണ്. മരണത്തിൽ നിന്നും വീണ്ടെടുക്കുന്ന ദൈവത്തിൽ അവൾ വിശ്വസിച്ചു. 'ദൈവം തരും' എന്ന് പ്രത്യാശിച്ച് പിതാവായ അബ്രഹാമിനെക്കാൾ കൂടുതലായി, അബ്രഹാമിന്റെ മകളായ മറിയാം വിശ്വസിച്ചു. യേശുവിന്റെ ഉയിർപ്പിൽ ഏറ്റം വിശ്വസിച്ചത് പരിശുദ്ധകന്യകമറിയാംതന്നെ. ഉന്നതമായ ഈ വിശ്വാസപ്രകടനത്തിൽ ഓരോ വിശ്വാസിക്കും കന്യകമറിയാം ശ്രേഷ്ഠമാതൃകയായിരിക്കുന്നു. വിശ്വാസിത്തിലൂടെയാണ് മർത്തമറിയാം ദൈവരഹസ്യത്തിലേക്ക് പ്രവേശിച്ചത്. അതേ ദൈവരഹസ്യത്തിൽ പ്രവേശിക്കുവാനുള്ള ആഹ്വാനമാണ് അവൾ തന്റെ മക്കൾക്കെല്ലാവർക്കും നൽകുന്നത്. അവൾ യേശുവിന്റെ അമ്മയാണ്, അതുകൊണ്ട് വിശ്വാസികളുടെ അമ്മയും. അവൾ നിരന്തരം ത്രിയേക ദൈവരഹസ്യത്തിന്റെ ഉള്ളറയിലേക്ക് പ്രവേശിക്കുവാൻ ഓരോ വിശ്വാസിയെയും പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. ദൈവജീവനിൽ ഓരോ വിശ്വാസിയെയും പങ്കാളിയാക്കുന്നുവെന്നതാണ് പരിശുദ്ധകന്യാസ്ത്രീമറിയത്തിന്റെ മാധ്യസ്ഥത്തിന്റെ ശക്തിയും വ്യാപ്തിയും.

*മലങ്കരബാലൻ, 1988 ഓഗസ്റ്റ്*



# 22

# കന്യാമാതൃത്വം: അർത്ഥവും വ്യാപ്തിയും

കന്യാമാതൃത്വത്തിന്റെ ഇന്നത്തെ പ്രസക്തിയെന്തെന്ന് ആരായുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. മറിയാമിന്റെ കന്യാമാതൃത്വം യേശുവിനെ പ്രസവിച്ച സംഭവത്തിൽ ഒതുങ്ങി നിൽക്കുന്നുവെന്ന് സഭ കരുതുന്നില്ല. തുടർച്ചയായി നടക്കുന്ന ദൈവരഹസ്യാവിഷ്കരണത്തിന്റെ കേന്ദ്ര ബിന്ദുവാണ്, മറിയാം യേശുവിനെ പ്രസവിച്ചുവെന്നത്. "നിന്നെ പ്രസവിച്ച മറിയാമും" എന്ന് ചൊല്ലിക്കൊണ്ട് പട്ടക്കാരൻ വിശുദ്ധ കുർബാനയുടെ പരസ്യശുശ്രൂഷ ആരംഭിക്കുന്നത് ആ സംഭവത്തിന് എന്നുമുള്ള പ്രസക്തി വിളിച്ചറിയിക്കാനാണ്. പരിശുദ്ധ മറിയാം നിത്യകന്യകയാണെന്നതാണ് കാതോലിക സഭയുടെ വിശ്വാസസത്യം. നിത്യകന്യകയായ ദൈവമാതാവ് ഇന്നും മനുഷ്യരക്ഷാരഹസ്യത്തിൽ ഉൾപ്പെട്ടിരിക്കുന്നുവെന്നത് പൗരാണിക സഭകളെല്ലാം ഏകസ്വരത്തിൽ പഠിപ്പിക്കുന്നു. മറിയാമിന്റെ കന്യാമാതൃത്വം ഇന്നും സഭയ്ക്ക് ശക്തി നല്കുന്ന ശക്തിയാണ്. ഇത് മനസ്സിലാക്കുവാൻ പരിശുദ്ധ കന്യകാമാതാവിനെ തിരുസഭയോട് ബന്ധപ്പെടുത്തി കാണേണ്ടിയിരിക്കുന്നു. മറിയാം, കന്യകാമാതാവാണ്. മാത്രമല്ല, സഭയുടെ മാതാവാണെന്നും രണ്ടാം വത്തിക്കാൻ സൂനഹദോസ് വിശേഷിപ്പിക്കുന്നു. സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ്, കന്യകയാണ് വിശ്വാസികളുടെ മാതാവും സഭയും പരിശുദ്ധമറിയാമിനെപ്പോലെ കന്യകയും മാതാവുമായിരിക്കുന്നു. അതായത് പരിശുദ്ധാത്മാവിന്റെ കന്യാമാതൃത്വം ഇന്നും വിശ്വാസികളുടെ സമൂഹമായ സഭയിൽ പ്രവർത്തനക്ഷമമായിരിക്കുന്നു, എന്താണ് ഇതിന്റെ വിവക്ഷ? കന്യാമാതൃത്വം എന്ന ദൈവരഹസ്യത്തിൽ ഓരോ വിശ്വാസിയും ഭാഗഭാക്കാകുന്നുണ്ടെന്നു തന്നെ. ആ ഭാഗഭാഗിത്വം മനസിലാക്കുവാൻ കന്യാമാതൃത്വത്തിന്റെ അർത്ഥം എന്തെന്ന് വിശകലനം ചെയ്യേണ്ടിയിരിക്കുന്നു.

**കന്യകയിൽ നിന്നുള്ള ജനനം**

കന്യാമാതൃത്വമെന്തെന്ന് വ്യക്തമാക്കുന്ന വാക്യമിതാ: "അവർ

www.malankaralibrary.com

രക്തത്തിൽ നിന്നോ ജഡാഭിലാഷത്തിൽ നിന്നോ പുരുഷന്റെ ഇച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്. "(യോഹ 1/13) ഇവിടെ പ്രതിപാദ്യവിഷയം എല്ലാ വിശ്വാസികളും (അവർ) ആണ്. യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖത്തിലെ ഈ വാക്യത്തിന് പാരമ്പര്യ സാധുത്വമുള്ള വേറൊരു പാഠഭേദമുണ്ട്. അതനുസരിച്ച് "അവൻ രക്തത്തിൽ നിന്നോ ജഡാഭിലാഷത്തിൽ നിന്നോ പുരുഷന്റെ ഇച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്." എന്നു പ്രാചീന സുറായാനി മൂലത്തിൽ വായിക്കുന്നു. ഇതിൽ യേശുവിന്റെ ജനനമാണ് പരാമർശമെന്ന് വ്യക്തം. വാസ്തവത്തിൽ യേശുവിന്റെ മാനുഷിക ജനനത്തിന്റെ തുടർച്ചയല്ലേ വിശ്വാസികളുടെ ദൈവിക ജനനം. വിശ്വാസികളുടെ അതിസ്വാഭാവിക ജനനത്തിന് ഉറവിടവും കാരണവുമാണ് യേശുവിന്റെ ശാരീരിക ജനനം. യേശു, രക്തത്തിൽ നിന്നോ ജഡാഭിലാഷത്തിൽ നിന്നോ പുരുഷേച്ഛയിൽ നിന്നോ അല്ല ജനിച്ചത്. കാരണം അവിടുന്നു കന്യകയിൽ നിന്ന് ജനിച്ചു. എന്നാൽ വിശ്വാസികൾ, രക്തത്തിൽ നിന്നോ ജഡാഭിലാഷത്തിൽ നിന്നോ അല്ല ജനിച്ചത്, എന്നതിന് അർത്ഥമെന്താണ്? അവർ തങ്ങളുടെ അതിസ്വാഭാവികവും ദൈവികവുമായ ജനനത്തിൽ കന്യകാജാതന്മാരായിരിക്കുന്നു. വിശ്വാസികൾ അതിസ്വാഭാവികമായി ദൈവത്തിൽ നിന്ന് ജനിച്ചവരാണ്. എന്നാൽ അങ്ങനെ ജനിക്കുവാനും മാനുഷിക സഹകരണം ആവശ്യമായിവരുന്നു. വിശ്വാസികൾ ദൈവത്തിൽ നിന്ന് ജനിക്കുന്നത് ക്രിസ്തുസഭയിലാണ്. സഭയിൽ ദൈവകൃപയും മാനുഷിക സഹകരണവും ഒത്തുവരുന്നു. പരിശുദ്ധ മറിയാം യേശുവിനെ പ്രസവിച്ചത് ദൈവകൃപയും മാനുഷിക സഹകരണവും ഒത്തുവന്നത് മുഖാന്തിരമാണ്. അതേ ധർമ്മമാണ് സഭയിലും തുടരുന്നത്. മറിയാമിന്റെ മാനുഷിക സഹകരണത്തിന്റെ ചൈതന്യം കന്യാത്വത്തിന്റേതാണ് അതേ ചൈതന്യം സഭയിലും ആവശ്യമായിവരുന്നു. സഭ മാതാവിനെപ്പോലെ കന്യകയും മാതാവുമാണ്. കന്യാത്വത്തിന് സുവിശേഷം കൊടുക്കുന്ന വിവരണമാണ്, രക്തത്തിൽ നിന്നോ ജഡാഭിലാഷത്തിൽ നിന്നോ പുരുഷന്റെ ഇച്ഛയിൽ നിന്നോ അല്ല, എന്നത് ഓരോ വിശ്വാസിയുടെയും ജനനത്തെ ഇത് അഭിവ്യഞ്ജിപ്പിക്കുന്നു. വിശ്വാസികൾ ദൈവത്തിൽ നിന്ന് ജനിച്ചവരാണെന്ന് നാം സമ്മതിക്കുന്നു. എന്നാൽ ആ ജനനത്തിൽ രക്തമില്ല, ജഡാഭിലാഷമില്ല, പുരുഷന്റെ ഇച്ഛയില്ല, എന്നത് മനസ്സിലാക്കുവാൻ കന്യാമാതൃത്വമെന്തെന്ന് ആഴത്തിലേക്ക് നാം ഇറങ്ങി ചെന്ന് നോക്കണം. അതിന് മറിയാമിന്റെ കന്യാമാതൃത്വത്തിൽ തന്നെ ആരംഭിക്കുകയും വേണം.



രക്തത്തിലും ജഡാഭിലാഷത്തിലും പുരുഷന്റെ ഇച്ഛയിലും നിന്നുമല്ലാതെയുള്ള ഒരു പുതിയ ജനനമാണ് കന്യാമാതൃത്വത്തിൽ നിന്ന് ഉത്ഭവിക്കുക. അതുകൊണ്ട് മേൽപ്പറഞ്ഞ മൂന്നു ഘടകങ്ങളും പാപമാണെന്ന് സുവിശേഷം ഉദ്ദേശിക്കുന്നില്ല. അവ നിലവിലിരിക്കുന്ന സ്വാഭാവിക ക്രമത്തിൽ മനുഷ്യരാശിയുടെ നിലനിൽപ്പിന് ആധാര വസ്തുക്കളാണ്. അവ മൂന്നു വശങ്ങൾ എടുത്തു കാണിക്കുന്നു. രക്തം ജീവവാഹകമാണ്. രക്തത്തിലൂടെയാണ് ജീവൻ വ്യക്തിയിലും മനുഷ്യ കുലത്തിലും തുടർന്ന് നിലനില്ക്കുക. രക്തത്തിന്റെ രൂപഭേദമാണല്ലോ പുരുഷബീജം. അങ്ങനെ രക്തത്തിലൂടെ ആദാം മുതലുള്ള മനുഷ്യരാശി നിലനിൽക്കുന്നു. താദൃശ്യമായ തുടർച്ചയല്ല യേശുവിൽ സാധിക്കുന്നത്. പ്രത്യുത പുതിയ സൃഷ്ടിയുടെ ആരംഭമാണ്. അബ്രഹാമിൽ നിന്നുള്ള തലമുറതലമുറയായി വന്നു ചേർന്ന യഹൂദരല്ല, പ്രത്യുത ദൈവത്തിൽ വിശ്വസിക്കുന്നവരുടെ പുതിയ കുലമാണ്. അഭിനവ ഇസ്രായേൽ അഥവാ സഭയെന്ന് വിശുദ്ധ പൗലോസ് റോമാലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് രക്തത്തിൽ നിന്നല്ല ദൈവമക്കൾ ഉത്ഭവിക്കുന്നതെന്ന് യോഹന്നാൻ സുവിശേഷകന്റെ പ്രഖ്യാപനം തികച്ചും അർത്ഥവത്താണ്.

ജഡാഭിലാഷത്തിലൂടെ സ്ത്രീയും പുരുഷനും യോജിച്ചുള്ള ജീവക്രമമാണ് ഉദ്ദേശിക്കപ്പെടുക. മനുഷ്യരാശിയെ നിലനിർത്തുവാനുള്ള ത്വര ദൈവം ആണിലും പെണ്ണിലും ഒന്നിച്ചുവരുവാനുള്ള അഭിലാഷമായി നിക്ഷേപിച്ചിരിക്കുന്നു. ഈ ക്രമത്തെ ക്രിസ്തു ഇല്ലാതാക്കുന്നില്ല, പ്രത്യുത അതിനെ അതിസ്വാഭാവിക ക്രമത്തിലേക്ക് ഉയർത്തിയെടുക്കുന്നുണ്ട്. ജഡാഭിലാഷം തന്നെ ദൈവികമാക്കപ്പെടുന്നുണ്ട്. പക്ഷേ, അതിന് പുതിയ അതിസ്വാഭാവിക ജനനം ആവശ്യമായി വരുന്നു. വിശ്വാസികളായ സ്ത്രീയും പുരുഷനും ഒന്നിച്ചു ജീവിക്കേണ്ട ആവശ്യകതയെ കുറിച്ച് വിശുദ്ധ പൗലോസു സംസാരിക്കുന്നുണ്ട്. അതോടൊപ്പം പറയുന്നു. വിശ്വാസിയായ ഭർത്താവിലൂടെ അവിശ്വാസിയായ ഭാര്യയും വിശ്വാസിയായ ഭാര്യയിലുടെ അവിശ്വാസിയായ ഭർത്താവും നീതീകരിക്കപ്പെടുമെന്ന്. ഈ നീതികരണം ദൈവീക ജനനമാണ്. ഇതിലെ വിവക്ഷണ ജഡാഭിലാഷത്തിനുപരി ദൈവികജനനം ആവശ്യമാകുന്നു

www.malankaralibrary.com

എന്നാണ്. കൂടുതലൽ വിവരണം കൂടാതെ കന്യാമാതൃത്വത്തിലൂടെ സാധിക്കുക.

പുരുഷന്റെ ഇച്ഛയാലാണല്ലോ മനുഷ്യജീവൻ സത്രീയുടെ ഉദരത്തിൽ തുടസമിടുന്നത്. സ്വാഭാവിക ക്രമത്തിൽ പുരുഷൻ പ്രധാനിയാകുന്നു. ഈ മുൻഗണന ആവശ്യമോയെന്ന് ചോദിച്ചേക്കാം. ഏതായാലും അന്നത്തെ യഹൂദ ചിന്തയിൽ പുരുഷനായിരുന്നു മുൻഗണന. എന്നാൽ പുരുഷനും സ്ത്രീയും തുല്യപദവിയിൽ ദൈവത്തിൽ നിന്നും പുതിയ ജീവൻ പ്രാപിക്കുന്ന ക്രമത്തെപ്പറ്റിയാണ് സുവിശേഷം സൂചിപ്പിക്കുന്നത്. ഓരോ വ്യക്തിയും വിലയേറിയതാണ്. ദൈവദൃഷ്ടിയിൽ അവിടെ യാതൊരു തരവ്യത്യാസവുമില്ല. അങ്ങനെയൊരു പുതിയ ക്രമത്തിനാണ് യേശുവിന്റെ ജനനം ആരംഭമിടുന്നത്. അത് സാധിച്ചത് കന്യാമാതൃത്വം മുഖാന്തിരമാണ്. ക്രിസ്തു സഭയുടെ ആവിർഭാവശേഷം പുരുഷനും സ്ത്രീയും എത്രമേൽ തുല്യരായി ആദരിക്കപ്പെടുന്നു.

**പുതിയ ആദാമും പുതിയ ഹാവായും**

ശിശുജനനത്തിൽ മാത്രമല്ല എല്ലാറ്റിലും പുരുഷന് സ്ത്രീയേക്കാൾ മുൻഗണന കൊടുക്കുന്ന സമൂഹചിന്തയായിരുന്നു യഹൂദന്മാരുടേത്. ഇന്നത്തെ ചിന്തയും അതിൽ നിന്ന് അത്ര വിഭിന്നമല്ലല്ലോ. സൃഷ്ടിയുടെ വിവരണത്തിൽ തന്നെ ഈ മുൻഗണന നാം ദർശിക്കുന്നു. ദൈവം ആദ്യം പുരുഷനെ സൃഷ്ടിച്ചു. പുരുഷനിൽ നിന്ന് സ്ത്രീയും എന്ന് ഉൽപത്തി പുസ്തകം പറയുന്നു. ഈ ആദ്യ ക്രമത്തിൽ നിന്ന് വ്യത്യസ്തമാണ് യേശുവിന്റെ ജനനം. പഴയ ആദാമിൽ നിന്ന് പഴയ ഹാവാ ഉരുവാക്കപ്പെട്ട സ്ഥാനത്ത് പുതിയ ഹാവായിൽ നിന്ന് പുതിയ ആദം ഉരുവാക്കപ്പെടുന്നു. മറിയാമാണ് പുതിയ ഹാവാ, യേശു പുതിയ ആദമും. ആദാമിൽ നിന്ന് മാത്രമാണ് ഹാവാ ഉത്ഭവിച്ചത്; പുതിയ ക്രമത്തിലാകട്ടെ കന്യാകാ മറിയാമിൽ നിന്ന് മാത്രമാണ് യേശുവിന്റെ ഉത്ഭവം. രണ്ടു ഉത്ഭവത്തിലും ഒരു കാര്യം പൊതുവായുണ്ട്. ഹാവായുടെ ഉത്ഭവത്തിന് കാരണം ദൈവപ്രവർത്തനമാണ്. അതുപോലെ യേശു മനുഷ്യനായതിന്റെ കാരണവും പരിശുദ്ധാത്മ പ്രവർത്തനമാണ്. അതുപോലെ രണ്ടിലും മനുഷ്യന്റെ സഹകരണമുണ്ട്. ഹാവായുടെ ഉരുവാക്കലിൽ ആദാമിന്റെയും യേശുവിന്റെ മനുഷ്യധാരണത്തിൽ കന്യകാമറിയാമിന്റെയും. മനുഷ്യ സഹകരണത്തിൽ പുതിയ സൃഷ്ടി രൂപം



കൊള്ളുവാൻ ആരംഭിക്കുന്നതായി ഇവിടെ കാണാം. പുതിയ സൃഷ്ടി യേശുവിൽ വിശ്വസിക്കുന്നവരാണ് അവരുടെ ഉത്ഭവത്തിന് കന്യകമറിയാമിലൂടെയുള്ള യേശുവിന്റെ അടിസ്ഥാനമായിരിക്കുന്നു.

കന്യകമറിയാം യേശുവിന് ശരീരം നൽകിയെന്നത് മനുഷ്യരക്ഷയിൽ കാതലായ സത്യമാണ്. യേശുവിന്റെ ശരീരം മനുഷ്യരാശി യേശുവിനു നൽകിയ കാഴ്ചയാണ്, പരിശുദ്ധമായ കാഴ്ച. ഈ കാഴ്ച അർപ്പിക്കുന്നതിൽ മറിയം മനുഷ്യകുലത്തിന്റെ മുഴുവൻ പ്രതിനിധിയായിരിക്കുന്നു. ഈ കാഴച നൽകുന്നതിന് മറിയാം യേശുവിന് എത്രമേൽ അടുത്തു നില്ക്കുന്നുവെന്ന് വാക്കുകൊണ്ട് വിശദമാക്കുവാൻ സാധിക്കുകയില്ലല്ലോ. മാത്രമല്ല ആ കാഴ്ചയർപ്പണം എത്രമാത്രം മറിയാമിന് സ്വന്തമായിരിക്കുന്നു. തന്റെ രക്തവും മാംസവുമാണ് മറിയാം കാഴ്ചയായി അർപ്പിക്കുന്നത്. അതേ തിരുശരീര രക്തങ്ങൾ യേശു ബലിയായി പിതാവിന് അർപ്പിക്കുന്നു. അതേ മാംസവും രക്തവും യേശു വിശ്വാസികൾക്ക് വിശുദ്ധ കുർബാനയിൽ നൽകുന്നുവെന്നും ഓർക്കുക. യേശുവിന്റെ ആത്മദാനം ആരംഭിക്കുന്നത് മറിയാമിന്റെ ഈ സമർപ്പണം യേശുവിന് എത്രമേൽ ആവശ്യമായിരിക്കുന്നു. രക്ഷ നിർവഹിക്കുവാൻ കന്യകമറിയാമിന്റെ കാഴ്ച യേശുവിലേക്ക് ഇഴുകിച്ചേരുകയാണ്. ഇത്രമേൽ ഉറ്റ ഒരു കാഴ്ച ദൈവത്തിന് അർപ്പിക്കുവാൻ മറിയാമിന് മുൻപുള്ള യാതൊരു മനുഷ്യനും സാധിച്ചിട്ടില്ല. ഹാബേലിന്റെയും അബ്രഹാമിന്റെയും എല്ലാം ബലി പരിശോധിച്ചു നോക്കുക. അവയെല്ലാം തികച്ചും ബാഹ്യമായിരുന്നു. അർപ്പിക്കുന്നവർക്കും അർപ്പണം സ്വീകരിക്കുന്ന ദൈവത്തിനും അവരുടെയെല്ലാം അർപ്പണത്തിൽ ആന്തരികതയും ബാഹ്യതയും ഏകീഭവിക്കുക അസാധ്യമായിരുന്നു. എന്നാൽ മറിയാമിന്റെ അർപ്പണം ഒരുപോലെ ബാഹ്യവും ആന്തരികവുമായിരുന്നു. അമ്മ ശിശുവിന് നൽകുന്ന ആത്മദാനത്തിന്റെ ആത്മാർത്ഥയെ ആർക്ക് ചോദ്യം ചെയ്യാനാവും? ഏറ്റം പൂർണ്ണമായ ആത്മദാനവും ബലിയുമാണ് യേശുവിന്റേത്. അതിന് ബലിവസ്തു ഒരുക്കുകയായിരുന്നു, മറിയാം തന്റെ സമർപ്പണത്തിലൂടെ.

**മറിയാമിന്റെ വിശ്വാസവും രക്ഷാകര രഹസ്യവും**

മറിയാമിന്റെ ആത്മദാനവും യേശുവിന്റെ ബലിക്കുള്ള ഒരുക്കശുശ്രൂഷയും ആരംഭിക്കുന്നത്, ഗബ്രിയേലിലൂടെ ദൈവം അറിയിച്ച സന്ദേശത്തിൽ സമ്മതമരുളിയപ്പോഴാണ്. ദൈവത്തിൽ വിശ്വസിച്ചതു

www.malankaralibrary.com

കൊണ്ട് മറിയാമിന് സമ്മതം നൽകുവാൻ സാധിച്ചു. ഈ വിശ്വാസത്തിൽ മറിയാം, വിശ്വാസികളുടെ പിതാവായ അബ്രഹാമിനെയും മറികടക്കുന്നു. അബ്രഹാം വിശ്വസിച്ചു, തന്റെ ഏകജാതനായ ഇസഹാക്കിനെ ബലികഴിക്കുവാൻ ആവശ്യപ്പെടുന്ന ദൈവം തന്നെ, തന്റെ സന്തതിയിൽ നിന്ന് ഒരു വലിയ ജനതയെ ഉളവാക്കുമെന്ന്. അത് എങ്ങനെ സാധിക്കുമെന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല. എങ്കിലും അദ്ദേഹം ദൈവവചനത്തിൽ വിശ്വസിച്ചു. ഇതിനേക്കാൾ അസാധ്യമായതാണ് കന്യകയിൽ നിന്ന് പുത്രൻ ജനിക്കുകയെന്നത്. എന്നാൽ ദൈവത്തിന് അസാധ്യമായി ഒന്നുമില്ല എന്ന് ദൂതൻ അറിയിച്ചപ്പോൾ ദൈവവചനത്തിൽ അവൾ വിശ്വസിച്ചു. ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വചനം പോലെ ഭവിക്കട്ടെ എന്ന് മറിയാം പ്രത്യുത്തരിച്ചു, അവൾ ഗർഭിണിയായി.

മറിയാം ഗർഭിണിയായതോടെ തന്റെ ഉദരത്തിൽ ശിശുവിന്റെ സ്പന്ദനം അവൾ തിരിച്ചറിഞ്ഞു. യേശു തന്റെ അമ്മയോട് സംഭാഷിച്ച ആദ്യത്തെ സന്ദർഭം പരിശുദ്ധമാതാവിന് എത്രമേൽ സന്തോഷകരമായ അനുഭവമായിരുന്നു. മാത്രമല്ല, അത് ദൈവത്തിന്റെ പ്രവർത്തനത്തിന്റെ അടയാളം കൂടിയായിരുന്നു. മറിയാമിന്റെ വിശ്വാസത്തിന് ദൈവം കൊടുത്ത അടയാളം. ദൈവത്തിന്റെ അത്ഭുത സാന്നിധ്യം അതുമൂലം അവൾക്ക് ബോധ്യപ്പെടുകയായിരുന്നു. മറിയാമിന്റെ വിശ്വാസം കുതിച്ചുപൊന്തുന്ന സന്ദർഭമായി വേണം നാമതിനെ ദർശിക്കുവാൻ. അതായത് അവൾ ദൈവവുമായി അഭേദ്യ ബന്ധത്തിലേക്ക് പ്രവേശിച്ചു. ദൈവത്തിന്റെ രക്ഷകരമായ രഹസ്യത്തിന്റെ അവിഭാജ്യ ഭാഗമായി തീർന്നു. ഈ ബന്ധം അനുക്രമം ഇനി വളരുകയാണ്, ഈ രഹസ്യം ക്രമപ്രവൃദ്ധമായി വെളിപ്പെടുത്തപ്പെടുകയാണ്. യേശുവിന്റെ രക്ഷാകരമായ രഹസ്യം അവിടുത്തെ മനുഷ്യാവതാരത്തിൽ ആരംഭിച്ചുവെന്ന് ബോധ്യപ്പെട്ടാൽ, അത് യേശുവെന്ന ആളിലൂടെ മാത്രമല്ല, യേശുവിന് തന്റെ അമ്മയുമായുള്ള ഉറ്റ ബന്ധത്തിലൂടെയാണ് വളർന്നതെന്ന് നാം സമ്മതിക്കണം. കാരണം ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലാണ് രക്ഷാകര രഹസ്യം ആവിഷ്കൃതമാകുന്നതും പൂർത്തീകൃതമാകുന്നതും. ദൈവമനുഷ്യ ബന്ധം യേശുവിൽ മാത്രമായി ഒതുങ്ങി നില്ക്കുന്നില്ല. ക്രിസ്തു, തന്റെ മാതാവുമായുള്ള ബന്ധത്തിൽ തന്റെ രക്ഷാകരമായ രഹസ്യം കൂടുതലായി വെളിപ്പെടുത്തിക്കൊണ്ടിരുന്നു. യോഹന്നാൻ സ്നാപകന്റെ ശുദ്ധീകരണം അതിന്റെ



ഒരു പ്രത്യക്ഷീകരണമാണ്. കാനായിലെ കല്യാണത്തിൽ വെള്ളം വീഞ്ഞാക്കിയത് വേറൊന്നും. പിന്നെ മറിയാം പ്രത്യക്ഷമായ രംഗത്തു വരുന്നില്ല. എന്നാൽ രക്ഷാകര രഹസ്യത്തിന്റെ യഥാർത്ഥ പൂർത്തീകരണ സമയത്ത് യേശുവിന്റെ മരണത്തിൽ മറിയാം ഏറ്റം സജീവമായി പങ്കാളിയായി. യേശു തന്നെതന്നെ പിതാവിന് ബലി അർപ്പിച്ചപ്പോൾ അമ്മയും അതിൽ പങ്കുചേർന്നു. ഇരുവരും അർപ്പിച്ചതാകട്ടെ യേശുവിന്റെ ശരീരമാകുന്ന ബലി വസ്തു. മറിയാമിന്റെ വിശ്വാസത്തിന്റെ പരമപ്രകടനമാണ് നാമിവിടെ കാണുക. അതുപോലെ കന്യാമാതൃത്വത്തിന്റേതും.

**കന്യകയുടെ ഫലമണിയുന്ന വിശ്വാസം.**

യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽ പറയുന്നു-തന്നെ സ്വീകരിച്ചവർക്കെല്ലാം തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവുനൽകി. (യോഹ 1.12) യേശുവിനെ ആദ്യം സ്വീകരിച്ചത് ആര്? യേശുവിൽ ആദ്യം വിശ്വസിച്ചതാര്? കന്യകമറിയാം തന്നെ. യേശുവിനെ അവൾ ഉദരത്തിൽ സ്വീകരിച്ചു, ഹൃദയത്തിൽ വിശ്വസിച്ചു. അതുകൊണ്ട് അവൾ ദൈവത്തിന്റെ പുത്രിയായി തീർന്നു. അതുപോലെ ദൈവരാജ്യത്തിലെ ആദ്യത്തെ പ്രജയും. അതുകൊണ്ട് രണ്ടാം വത്തിക്കാൻ സൂനഹദോസ് മറിയാമിനെ സഭയുടെ ആദ്യപ്രജയായി വിശേഷിപ്പിക്കുന്നു. ഇതിന് അവളെ സജ്ജയാക്കിയത് അവളുടെ കന്യാത്വമാണ്. മറിയാം തന്റെ കന്യാത്വത്തിൽ തികച്ചും ദൈവോന്മുഖയായിരുന്നു. യാതൊന്നിനും തന്നെ വ്യതിചലിപ്പിക്കാൻ സാധിക്കാത്ത രീതിയിൽ. അവൾ യൗസേപ്പിന് വിവാഹനിശ്ചയം ചെയ്യപ്പെട്ടു. അതോടെ അവളുടെ പ്രതിസന്ധിയും ആരംഭിച്ചു. ഏറ്റം നിർണ്ണായകമായ പ്രതിസന്ധി. താൻ വളർത്തിയെടുത്ത ദൈവാഭിമുഖ്യവും തന്റെ ജീവിതത്തിൽ ആവിർഭവിക്കുന്ന പതിയ ഘട്ടവും തമ്മിലുള്ള ഏറ്റുമുട്ടലിൽ കഴിയുന്ന സന്ദർഭത്തിൽ, മറിയാം ഗബ്രിയേൽ ദൂതനെ കണ്ടുമുട്ടി. അവൾക്ക് അത് ഒരു പുതിയവെളിച്ചമായി അനുഭവപ്പെട്ടു. തന്റെ കന്യാത്വം എന്തെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ദൈവവചനത്തിന്റെ വെളിപ്പെടുത്തലോടുകൂടി പരിശുദ്ധ മറിയാം തന്നെപ്പറ്റി കൂടുതൽ ബോധവതിയായി, കന്യകയായി നിലകൊണ്ടുതന്നെ മാതാവാകുമെന്ന ദൈവരഹസ്യം അവൾക്ക് വെളിപ്പെടുത്തപ്പെട്ടു. അവൾ ദൈവചനം സ്വീകരിച്ചു, ദൈവ

www.malankaralibrary.com

രഹസ്യത്തിലേക്ക് പ്രവേശിച്ചു. ഇതാണ് മറിയാം ദൈവമാതാവായതിന്റെ നിദാനം.

**സഭയുടെ കന്യാമാതൃത്വം**

മറിയാം വിശ്വാസത്തിന്റെ പരമരൂപമായി ഭവിച്ചു. ദൈവകൃപയുടെ ആദ്യഫലം. വിശ്വാസികൾ ആന്തരികമായി എന്തായിരിക്കുന്നുവോ, അത് ആന്തരികവും ബാഹ്യവുമായി കന്യകമറിയാം നേരത്തേതന്നെ ആയിതീർന്നു. മറിയാമിന്റെ ദൈവം ആന്തരികമായി ചെയ്തത് ബാഹ്യമായി രൂപം ധരിച്ചു. അത് അവൾ സാധിച്ചത് തന്റെ കന്യാത്വം മുഖേനയാണ്. മറിയം ആന്തിരകവും ബാഹ്യവുമായി കന്യകതന്നെ. ഓരോ വിശ്വാസിയും തന്റെ ആത്മാവിൽ കന്യകയായിരിക്കണം. ദൈവാഭിമുഖ്യത്തിന്റെ ഇരിപ്പിടമായിരിക്കണം. എന്നാൽ അത് എത്രയോ വികലം, എത്രയോ അപൂർണ്ണം, അവരുടെ വിശ്വാസത്തിന് എപ്പോഴും വ്യതിക്രമം സംഭവിക്കുന്നു. അവർ ആന്തരികമായത് ബാഹ്യമായി പ്രകടിപ്പിക്കുന്നതിൽ പാരജയപ്പെടുന്നു; അല്ലെങ്കിൽ ആന്തരിക ഭാവമില്ലാതെ ബാഹ്യമായ ദൈവാഭിമുഖ്യം വെറും പൊള്ളയായിപ്പോകുന്നു. അതുകൊണ്ട് വിശ്വാസികൾക്ക് തങ്ങൾ ആന്തരികമായി കാത്തുസൂക്ഷിക്കുന്ന ദൈവാഭിമുഖ്യത്തിന്, കന്യാത്വത്തിന് പൂർണ്ണായി ഒരു പ്രാഗ്രൂപം ആവശ്യമായിരിക്കുന്നു. അത് അവർ, കണ്ടെത്തുന്നത് കന്യകമറിയാമിലാണ്. അവർ എന്താകാൻ ആഗ്രഹിക്കുന്നുവോ അതിന്റെ പൂർണ്ണമൂർത്തീഭാവം പരിശുദ്ധ മറിയാമിൽ ദർശിക്കുന്നു. അത് അവർക്ക് ആശ്വാസവും ശക്തിയുമായിരിക്കുന്നു. അതാണ് പരിശുദ്ധ അമ്മയിലേക്ക് അവർ ഓടിച്ചെല്ലുന്നതിന്റെ കാരണം. മക്കൾ അമ്മയുടെ പക്കലേക്ക് ഓടിയെത്തുന്നു. അവർ ജനിച്ചത്, രക്തത്തിൽ നിന്നോ ജഡാഭിലാഷത്തിൽ നിന്നോ പുരുഷന്റെ ഇച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽ നിന്നത്രേ. ആ ജനനം ആദ്യമായി സംഭവിച്ചു. വചനം മാംസം ധരിച്ചപ്പോൾ. അതിന് മാനുഷികമായ ഹേതുഭൂത പരിശുദ്ധ കന്യകമറിയാമാണ്. അതേ കന്യക തന്നെ, താദൃശ ജനനം ആന്തരികമായി സാധിക്കുന്നതിൽ ഓരോ വിശ്വാസിക്കും മാതാവായിരിക്കുന്നു.

*ഐക്യദീപം, 1988 ജൂലൈ*



# 23
# ഭക്തിയും ഭക്തിപ്രകടനങ്ങളും

ദൈവഭക്തി ഓരോ വിശ്വാസിയുടേയും അടിസ്ഥാന അനുഭവമാണ്. ദൈവത്തെപ്പറ്റിയുള്ള ബോധ്യത്തിൽ നിന്ന് അത് രൂപം ധരിക്കുന്നു. ഈ ബോധ്യം വ്യക്തിപരമാകാം. സാമൂഹികമാകാം. ഇസ്രായേൽ ജനത്തെ സംബന്ധിച്ച് ദൈവം ആരെന്നും, ദൈവം തങ്ങൾക്ക് എന്തു ചെയ്തുവെന്നും ബോധ്യം ഉണ്ടായിരുന്നു. തലമുറകളായി ഈ ബോധ്യം പകർന്നു കൊടുക്കുകയും ചെയ്തു. ഈ ബോധ്യം നേരായ രീതിയിൽ പുലർത്തുമ്പോൾ യഥാർത്ഥ ഭക്തി അവർക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ബോധ്യത്തിന് കോട്ടം ഉണ്ടാകുന്നതിനനുസരിച്ച് ഭക്തിയും അയഥാർത്ഥമായിക്കൊണ്ടിരുന്നു. എന്നാൽ ഈ ബോധ്യം ഇല്ലാത്തവർക്ക് ഭക്തിപ്രകടനം വെറും ആചാരനിഷ്ഠ മാത്രമാണ്. വളരെയേറെ ആചാരങ്ങൾ പുലർത്തുകയും അതേസമയം ദൈവത്തോടുള്ള ബന്ധം വിസ്മരിക്കുകയും ചെയ്യുന്ന ദുരവസ്ഥ ഇസ്രായേലിൽ പലപ്പോഴും ഉണ്ടായിരുന്നു. ഇതേ സാഹചര്യം ഇന്നും സഭയിൽ ആവർത്തിക്കുന്നു എന്നുവേണം പറയുവാൻ. ഇസ്രായേൽ ജനത്തെ യഥാർത്ഥ ഭക്തിയിൽ നിന്ന് വ്യതിചലിക്കാൻ പ്രേരിപ്പിച്ച കാരണങ്ങൾ ഇന്ന് സഭയെ സംബന്ധിച്ചും പ്രസക്തമാണ്. അതുകൊണ്ട് ഇസ്രായേൽ ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ ഭക്തിയും ഭക്തിപ്രകടനങ്ങളും പരിശോധിക്കുവാനും അതനുസരിച്ച് ഇന്ന് സഭയിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന ഭക്തിവിശേഷങ്ങളെ വിലയിരുത്തുവാനും ഉള്ള എളിയ ശ്രമമാണ് ഈ ലേഖനം. ഇതിൽ നിന്ന് യഥാർത്ഥ ഭക്തിയെ അയഥാർത്ഥമാക്കുന്ന കാരണങ്ങൾ കണ്ടുപിടിക്കുവാനും എല്ലാം തിരുത്തലിന് വിധേയമാക്കുവാനും സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

ഭക്തി അയഥാർത്ഥമാകുന്നതിന് ആദ്യത്തെ കാരണം, ഭക്തി ദൈവത്തിൽ കേന്ദ്രീകൃതമാകുന്നില്ലെന്നതാണ്. ദൈവത്തെ ആളായി ബോധ്യപ്പെട്ട് ഭജിക്കുവാനുള്ള ആത്മാർത്ഥത വിശ്വാസികൾക്ക് ഇല്ലാതെ പോകുന്നു. പഴയനിയമത്തിൽ ഏകദൈവത്തെ ഭജിക്കുക നിർബന്ധപൂർവ്വ

www.malankaralibrary.com

മായ കല്പനയായിരുന്നു. മനുഷ്യൻ തന്റെ ഭാവനയിൽ കണ്ട ദേവനെയോ ദേവിയെയോ അല്ല, ആകാശവും ഭൂമിയും സൃഷ്ടിച്ച ഏക ദൈവത്തിൽ വിശ്വസിക്കുവാനാണ്, ദൈവം ഇസ്രായേൽ ജനത്തോട് ആവശ്യപ്പെട്ടത്. പ്രപഞ്ചത്തെ സൃഷ്ടിച്ച ദൈവം ഇറങ്ങിവന്ന് തന്റെ ജനത്തെ അടിമത്തത്തിൽ നിന്ന് രക്ഷിച്ചു. അത് ഒരു ചരിത്രസംഭവമാണ്. അതിനെ തുടർന്ന് ദൈവം പലവിധത്തിൽ ഇടപെട്ട് തന്റെ ജനത്തിന്റെ സുസ്ഥിതി നിലനിർത്തി. ഇസ്രായേൽ ദൈവത്തിൽ വിശ്വസിച്ചു. ദൈവത്തെ ഭജിച്ചു. എന്നാൽ ഓരോ കാരണങ്ങളാൽ ഇസ്രായേൽ യഥാർത്ഥ ഭക്തിയിൽ നിന്നും വിട്ടകന്നുപോയി. അതിന് വ്യക്തമായ ഉദാഹരണമാണ്, ഇസ്രായേൽ കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ചത്. ഈജിപ്റ്റിൽ നിന്ന് തങ്ങളെ രക്ഷിച്ച ദൈവത്തെ അവർ കാളക്കുട്ടിയിൽ സങ്കല്പിച്ചു. യഹോവായെപ്പറ്റിയുള്ള ജീവനുള്ള ഓർമ്മകൾ വിട്ട് മനുഷ്യഭാവനയിൽ നിന്ന് ഏതോ ഒന്നിനെ രൂപംകൊടുത്ത് ആരാധിച്ചപ്പോൾ അത് യഥാർത്ഥഭക്തിയിൽ നിന്നുള്ള വ്യതിചലനമായിപ്പോയി. ഇന്ന് ഈ പ്രശ്നം നിലവിലുണ്ട്. ദൈവം നിശ്ചയിച്ചു തന്നിരിക്കുന്ന വഴിവിട്ട് ഓരോ വ്യക്തിയും സ്വന്തം താത്പര്യം അനുസരിച്ച് ദൈവത്തെ ആരാധിക്കുന്നത് വെറും കാപട്യമായിത്തീരും. പള്ളിയിൽ വച്ച് ദൈവത്തെ ആരാധിച്ചുകൊള്ളാം, എന്നാൽ പുറം ജീവിതത്തിൽ സ്വന്തം ഇഷ്ടം അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യും, എന്ന തീരുമാനത്തിൽ നില്ക്കുന്ന ആൾ ദൈവത്തിന് സ്വയം സമർപ്പിക്കുന്നില്ല. അയാളുടെ ഭക്തി കാപട്യമാണ്, ബിംബാരാധനയാണ്. ഇങ്ങനെ ദൈവത്തിന് എല്ലാം കൊടുത്തുവെന്ന് പറയുകയും മനസ്സും ഹൃദയവും സമർപ്പിക്കാതിരിക്കുകയും ചെയ്യുന്ന ധാരാളം പേർ വിശ്വാസിഗണത്തിലുണ്ട്. വെറും കപടഭക്തരാണ് അവർ.

ഇസ്രായേലിന് ഉണ്ടായ രണ്ടാമത്തെ അപചയം യഹോവയോടൊപ്പം അന്യദേവന്മാരേയും സ്വീകരിച്ചുവെന്നതാണ്. കാനാന്യരെയാണ് ഇതിൽ ഇസ്രായേൽക്കാർ അനുകരിച്ചത്. ജീവിതത്തിൽ ഓരോ കാര്യസാധ്യത്തിന് ഓരോ ദേവനെയോ ദേവിയെയോ അവർ സങ്കലിച്ചിരുന്നു. അവർ ഇസ്രായേൽക്കാരെ ഉപദേശിച്ചു. ഓരോ കാര്യസാധ്യത്തിന് ഇന്നയിന്ന ദേവനെയോ ദേവിയെയോ പ്രാപിക്കണമെന്ന്. ചില ദേവന്മാരെ പൂജിച്ചാൽ ജീവിതത്തിൽ അഴിഞ്ഞാട്ടം തന്നെ ആകാമായിരുന്നു. അത്തരം ദേവീപൂജ പ്രീതികരമായി തോന്നുമല്ലോ. 1 അത് വെറും കാപട്യമായി പ്രവാചകൻമാർ ചൂണ്ടിക്കാണിച്ചു കൊടുത്തു. ഇഹ



ലോകത്തിലെ നല്ലകാര്യങ്ങളിൽ മാത്രം ദത്തശ്രദ്ധരായിരുന്നവരുണ്ടോ, പ്രവാചകന്മാരെ ശ്രവിക്കുന്നു. പ്രവാചകർ ദൈവത്തിന്റെ പദ്ധതിയുടെ വക്താക്കളാണ്. ദൈവം തന്റെ പദ്ധതി അനുസരിച്ചു ഒരു നിശ്ചിത കാര്യത്തിലേക്ക് നമ്മെ നയിച്ചുകൊണ്ടിരിക്കുന്നു. ഇഹലോകജീവിതമാകട്ടെ ദൈവസന്നിധിയിലേക്കുള്ള യാത്ര മാത്രം. എന്നാൽ ഇഹലോകത്തിൽ സ്ഥിരമായി മരുവുന്നവരെന്ന നിലയിലാണ് പല വിശ്വാസികളുടെയും പെരുമാറ്റം. അവർ ശ്രദ്ധിക്കുന്നത് ഇഹലോകത്തിലെ സ്വത്തിലും സുഖത്തിലും മാത്രം. അവരും പള്ളിയിൽ പോകുകയും നേർച്ചകൊടുക്കുകയും എല്ലാം ചെയ്യും. അത്തരം ഭക്തി ദൈവത്തിന് സ്വീകാര്യമാകുമോ?

മറ്റു ജാതികളിൽപെട്ടവരോട് ഒന്നിച്ചു കഴിയുമ്പോൾ ഇസ്രായേൽ മറ്റു ദേവീ ദേവന്മാരെയും പരിചയപ്പെട്ടു. എല്ലാവരും ദൈവങ്ങൾ, എല്ലാ ആരാധനയും ഒരുപോലെ, ഓരോ ജാതിയും തങ്ങളുടെ ദൈവത്തെ നിശ്ചയിച്ചാരാധിക്കുന്നു. എല്ലാം സർവത്തിന്റെയും സ്രഷ്ടാവായ ഏക ദൈവത്തിന് കൊടുക്കുന്ന ആരാധനയായി കാണുന്നു. മനുഷ്യൻ ദൈവത്തെ അന്വേഷിച്ചു കണ്ടെത്തുമ്പോൾ, അവന്റെ മുമ്പിൽ പല മാർഗ്ഗങ്ങൾ ഉണ്ടാകാം. എന്നാൽ ദൈവം മനുഷ്യന് സ്വയം വെളിപ്പെടുത്തികൊടുക്കുകയും തന്നിലേക്ക് മനുഷ്യരെ വിളിച്ചടുപ്പിക്കുകയും ചെയ്യുമ്പോൾ മാർഗ്ഗം ഒന്നേയുള്ളൂ.

ജീവനുള്ള ദൈവം മനസ്സാകുന്നതനുസരിച്ചു, തന്റെ ജീവൻ ബഹിർപ്രകാശിതമാക്കുന്നു. അദൃശ്യ ദൈവത്തിന്റെ യഥാർത്ഥ പ്രകാശനമാണ്, മോശ മുൾപ്പടർപ്പിൽ കണ്ടത്. അദൃശ്യവും ദൃശ്യവും രണ്ടല്ല. ജീവനുള്ള ദൈവത്തെ ദർശിച്ച് അനുഭവിച്ചവർ, അന്യദൈവങ്ങളോട് തുല്യനാക്കരുത്. ഈ വിശ്വാസനിയമം യേശുക്രിസ്തുവിൽ കൂടുതൽ ദൃഢമായി. അദൃശ്യനായ പിതാവിന്റെ ദൃശ്യപുത്രനാണ് യേശു. ക്രിസ്തുവിനെ ആരാധിക്കുന്നവർ പിതാവിനോടു ചേർന്നുള്ള ഏക ദൈവത്തെയാണ് ആരാധിക്കുന്നത്. പ്രപഞ്ച സ്രഷ്ടവായ ദൈവത്തിന് നൽകുന്ന യഥാർത്ഥ ആരാധനയാണിത്. ഇതു ബോധ്യപ്പെട്ടവർക്ക് അന്യമതങ്ങളിലെ ഈശ്വരപ്രതിഷ്ഠകളെ യഥാർത്ഥമായി കാണാൻ സാധിക്കുകയില്ല. അവർ തെറ്റിലാണെങ്കിലും അവരുടെ ബോധ്യം അവരെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ, തെറ്റു ചെയ്യുന്നില്ല. എന്നാൽ യാഥാർത്ഥ്യത്തെപ്പറ്റി ശരിയായി ബോധ്യപ്പെട്ടിരിക്കുന്ന ക്രിസ്ത്യാനികൾക്ക് അന്യമതങ്ങളിൽ ദൈവത്തെ ദർശിക്കാനാവില്ല. അപ്പനെ അറി

www.malankaralibrary.com

യുന്ന മകൻ മറ്റാരെയും അപ്പനായി കാണുകയില്ല. എന്നാൽ ക്രിസ്തുവും കൃഷ്ണനും തുല്യമായി സങ്കൽപ്പിക്കുന്ന രീതി ഇന്ന് പടർന്നുവരുന്നു. വ്രതമെടുത്ത് ശബരിമല കയറുന്ന ക്രിസ്ത്യാനികളുണ്ട്. മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നുള്ള ആദർശം പുലർത്തുന്നവരുമുണ്ട്. മനുഷ്യനെ നന്നാക്കുക മാത്രമല്ല പുത്രനായ ദൈവത്തിന്റെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യം. പ്രത്യുത പിതാവിന്റെ പക്കൽ എത്തിച്ചേർക്കുകയാണ്. അതാണ് മനുഷ്യന്റെ പൂർണ്ണത. ഈ വഴിയേ പോകുന്നവർ വിശുദ്ധരായിത്തീരുന്നു. ഇതെല്ലാം മറന്ന് ആധുനികതയുടെ പേരിൽ, എല്ലാ മതങ്ങളെയും തുല്യമായി പരിഗണിക്കുകയും എല്ലാ ദേവന്മാരെയും സമാഹരിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനികൾ, വെറും ക്രിസ്തീയാചാരങ്ങളിൽ തങ്ങിക്കിടക്കുന്നവരാണ്. അവർ ദൈവത്തിലേക്ക് ഉയരുന്നില്ല.

യേശുക്രിസ്തുവിനെ വ്യത്യസ്ത രീതികളിൽ ദർശിക്കുന്നതിലും അപകടമുണ്ട. അബ്രഹാം മുതൽ യേശുക്രിസ്തുവരെ പഴയ ഇസ്രായേൽ തുടർന്നുവന്നു; അങ്ങനെ തുടർന്ന യഹോവയുടെ സാധുക്കളാണ് പുതിയ നിയമത്തിലേക്കു കടന്നുവന്നത്. ക്രിസ്തുവിൽ അവർ വീണ്ടെടുക്കപ്പെട്ടു. അവരോടൊപ്പം വിജാതികളും പുതിയ ഇസ്രായേലിനോട് ചേർക്കപ്പെട്ടു. ഈ പുതിയ ഇസ്രായേലിന് വിശുദ്ധമായ തുടർച്ചയുണ്ട്. ആ തുടർച്ചയാണ് ക്രിസ്തുവിന്റെ സഭ. അത് ക്രിസ്തുവിന്റെ മണവാട്ടിയാണ്. അവൾ കർത്താവിനെ സ്വീകരിക്കാൻ തയ്യാറായിക്കൊണ്ടിരിക്കുന്നു. ഈ തയ്യാറെടുപ്പിൽപ്പെട്ടവരാണ് ക്രിസ്ത്യാനികൾ. അവർ ഒരുമിച്ച് ക്രിസ്തുവിന്റെ ശരീരമായിരിക്കുന്നു. അതായത് ഏകസഭയുടെ ഇടമുറിയാത്ത തുടർച്ച ഇന്ന് ഭൂമിയിലുണ്ട്. ആ ബോധ്യത്തിൽ ഉൾപ്പെട്ടവർക്ക് എല്ലാ ക്രൈസ്തവരെയും ഏക സഭയിൽ കൊണ്ടുവാരാൻ കടപ്പാടുണ്ട്. ഈ കടപ്പാടു വിട്ട് എല്ലാ സഭയും ഒരു പോലെ എന്നു പറയാൻ സഭയുടെ അംഗങ്ങൾക്ക് സാധ്യമല്ല. പല സഭകളിൽപെട്ടവർക്ക് യഥാർത്ഥ സഭയെ കൂടുതൽ പൂർണ്ണമാക്കാം, അവരുടെ നല്ല ഭാവങ്ങൾ യഥാർത്ഥ സഭയെ പരിപോഷിപ്പിക്കുകയും ചെയ്യും. അതുകൊണ്ട് ഏകതയുടെ പ്രയാണമാണിത്. യഥാർത്ഥ സഭയിൽ ഉൾപ്പെട്ടിരിക്കുന്നവർ ഇതു മറന്ന് എല്ലാം ഒരുപോലെ എന്ന രീതിയിൽ പെരുമാറുമ്പോൾ വിശ്വാസപ്രകാശനത്തിൽ അയഥാർത്ഥരാകുന്നു. അവരുടെ വിശ്വാസാചരണത്തിൽ കാപട്യം ഒളിഞ്ഞുകിടക്കുകയും ചെയ്യുന്നു.



വ്യക്തികൾ സാമൂഹികമായ ആചാരങ്ങളിൽ ഏർപ്പെടുമ്പോഴാണ് അവരുടെ ഭക്ത്യനുഭവം അയഥാർത്ഥമാകുന്നത്. ദേവാലയത്തിൽ ഒന്നിച്ചു സമ്മേളിക്കുമ്പോൾ പലരും കാണുന്നത് ചുറ്റും കൂടിയിരിക്കുന്നവരെ മാത്രമാണ്. അവരുടെ മുമ്പിൽ കൂടുതൽ ഭക്തരായി സ്വയം പ്രകടിപ്പിക്കുവാൻ ഉള്ള ശ്രമവും അതോടൊപ്പം ഉണ്ടാകുന്നു. ഇന്ന് ആഘോഷങ്ങളുടെ സ്വഭാവം കൂടുതൽ ലോകായതികമായിക്കൊണ്ടിരിക്കുകയാണ്. ഓരോരുത്തർക്കും സ്വയം പ്രകാശിപ്പിക്കുവാനുള്ള സാദ്ധ്യതകളും ഏറിവരുന്നുണ്ട്. അവയിലെല്ലാം ഹൃദയത്തിൽ ദൈവത്തെ ഭജിക്കുവാൻ പലരും മറന്നുപോകുന്ന അപകടം പതിയിരിക്കുന്നു. ഹൃദയത്തിൽ ദൈവത്തെ ഭജിക്കുന്നവൻ യഥാർത്ഥ ഭക്തനാകുന്നു. ഇത് നിരന്തരമായ പരിശ്രമത്തിന്റെ കാര്യമാണ്. ഈ യഥാർത്ഥ ഭക്തിയെ ഇല്ലാതാക്കാൻ പല പ്രേരണകളും എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കും. ഓരോ അവസരത്തിലും സ്വയം പരിശോധിക്കുകയാണ് നമ്മുടെ ധർമ്മം. ഇസ്രായേൽ ജനത്തെ യഥാർത്ഥ ഭക്തിയിലേക്ക് നയിക്കുവാൻ പ്രവാചകന്മാർ എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നു. അതേ പരിശ്രമം ഇന്നത്തെ സഭാനേതൃത്വത്തിൽ നിന്നു ഉണ്ടാകണം. വിശ്വാസം വെറും പ്രകടനമായിത്തീരാതെ ദൈവത്തെ ഹൃദയത്തിലും മനസ്സിലും ഭജിക്കുവാൻ വിശ്വാസികളെ എന്നും സഹായിക്കുന്നതിനുള്ള ചുമതല സഭാനേതൃത്വത്തിനുണ്ട്. പെരുന്നാളുകളും ആഘോഷങ്ങളും സംഘടിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പലതാണ്. അവ ഇവിടെ വിശദീകരിക്കുന്നില്ല. നമ്മെ സ്നേഹിക്കുന്ന കർത്താവായ യേശുക്രിസ്തുവിന്റെ ഹൃദയത്തിലും മനസ്സിലും കാത്തു സൂക്ഷിക്കുന്ന മനോഭാവമാണ് സഭയിൽ എല്ലാവരിലും ഉണ്ടാകേണ്ടത്. മണവാളനെ കാതോർത്തു നിൽക്കുന്ന മണവാട്ടിയുടെ അനുഭവമാണിത്. ക്രിസ്തുവിന്റെ മണവാട്ടിയായ സഭ ഈ ദൃശ്യമായ ഒരു കൂട്ടനുഭവത്തിന് തയ്യാറാകുമ്പോൾ യഥാർത്ഥമായ ഭക്തിപ്രസരണവും വർദ്ധമാനമാകുമെന്ന് പ്രതീക്ഷിക്കാം.

***ക്രൈസ്തവകാഹളം, 2000 ജൂലൈ***

www.malankaralibrary.com

## ഭാഗം രണ്ട്

# സഭാദർശനം

സഭാത്മകങ്ങളായ പതിനെട്ടു ലിഖിതങ്ങളുടെ കൂട്ടായ്മയാണീ വിഭാഗം. നല്ല അടുക്കും ചിട്ടയുമുള്ള ലളിതമായ ആഖ്യാനസവിശേഷകതളുള്ള ഈ ലേഖനങ്ങൾ സഭാമക്കളെ തീക്ഷ്ണചിത്തരാക്കുക തന്നെ ചെയ്യും. ആശയതലത്തിൽ നിന്നുയർന്ന് ക്രിയാത്മകമായ സമീപനത്തിലേക്കു വളരുന്നവയാണിവയെല്ലാം. സഭയുടെ സാമൂഹിക നിലപാടുകൾ വിശദീകരിക്കുന്ന നാലു തുടർലേഖനങ്ങൾ ഇതിനുദാഹരണങ്ങളാണ്. വർത്തമാനസാഹചര്യത്തിൽ ഈശോയുടെ ഹിതം എപ്രകാരം സഭയിലൂടെ പുലരുന്നു, പുലരണം എന്നിവയാണ് ഈ തുടർലേഖനങ്ങളിലൂടെയുള്ള അന്വേഷണം.

ക്രൈസ്തവോത്തരവാദിത്വത്തിന്റെ അടിസ്ഥാനത്തിൽ ദേശീയോദ്ഗ്രഥനം എന്ന വിഷയം വളരെ സമർത്ഥമായി ലേഖകൻ അപഗ്രഥിക്കുന്നുണ്ട്. ഇതിൽ നല്ലൊരു രാഷ്ട്രീയാവബോധകനെയാണ് വായനക്കാരൻ കണ്ടെത്തുന്നത്. സഭയുടെ സാമൂഹിക ദൗത്യത്തെപ്പറ്റി പറയുമ്പോൾ അദ്ദേഹം കരുണാമയനാവുകയാണ്; ഈശോയുടെ മനോനില ആർജ്ജിച്ച് പാവങ്ങളുടെ പക്ഷം ചേരുകയാണ്. 1968-ൽ അദ്ദേഹം എഴുതിയ ആ ലേഖനത്തിന്റെ ചിന്താധാര, ഇന്ത്യയുടെ വർത്തമാനാവസ്ഥയിലും എത്രമേൽ സ്വീകാര്യവും അനുയോജ്യവുമായിരിക്കുന്നു. ഇന്ത്യയിൽ ഇന്നു വളർന്നു മുറ്റിയ ജാതിഭ്രാന്തിന്റെ കാലുഷ്യം 1990-ൽ ത്തന്നെ അദ്ദേഹം മുൻകൂട്ടി കണ്ടിരുന്നുവെന്ന് വ്യക്തമാക്കുന്ന ലേഖനമാണ്, ദേശീയോദ്ഗ്രഥനവും ക്രൈസ്തവോത്തരവാദിത്വവും എന്നത്. അഞ്ചപ്പങ്ങളുടെ അത്ഭുതപ്പെരുക്കത്തെപ്പറ്റി പറഞ്ഞ് ഇന്ത്യയിലെ ദരിദ്രജനതയുടെ വിശപ്പകറ്റാനുള്ള ക്രൈസ്തവോത്തരവാദിത്വത്തിലേക്ക് നമ്മെ അദ്ദേഹം ആനയിക്കുകയാണ്. വൈവിദ്ധ്യങ്ങളുടെ സമന്വയമായ ഇന്ത്യയിൽ എല്ലാവരേയും ഒന്നിപ്പിക്കുന്ന സ്നേഹശക്തിയായി മാറുക മാത്രമാണ് ക്രൈസ്തവരുടെ പരിപുഷ്ടിക്കുള്ള കാരണമെന്ന് അദ്ദേഹം പറഞ്ഞുറപ്പിക്കുന്നു.



ബഥനിയെപ്പറ്റി ഒരുപാട് ചിന്തിച്ച പുരോഹിതനാണ് വന്ദ്യ ഡൊമിനിക് സഖറിയാച്ചൻ. അതിനാൽ ഈലേഖനങ്ങളിലൂടെ ബഥനിയെപ്പറ്റി വളരെ തീക്ഷ്ണതയോടെ അദ്ദേഹം ചിന്തിക്കുകയാണിവിടെ.

ഉന്നതസ്ഥാനീയരെ പ്രശംസിച്ച് ലാഭംനേടാൻ തീരെ താല്പര്യമില്ലാത്ത ഈ നിഷ്ക്കാമചിത്തൻ വ്യക്ത്യധിഷ്ഠിതമായി രണ്ടു ലേഖനങ്ങൾ മാത്രമേ എഴുതിയിട്ടുള്ളു; ഗീവർഗീസ് മാർ ഈവാനിയോസ്, ബനഡിക്ട് മാർ ഗ്രീഗോറിയോസ് എന്നീ ശ്രേഷ്ഠാചാര്യന്മാരെപ്പറ്റി. അവയും ഈ സമാഹാരത്തിലുണ്ട്.

ബ. അച്ചന്റെ മരണശേഷം പ്രകാശിതങ്ങളായ രണ്ടു ലേഖനങ്ങളും ഇവിടുണ്ട്. 'എം.സി.വൈയെന്നെ ദൈവയോഗം' എന്നതാണൊന്ന്. ഈ ലേഖനം കിട്ടാതെ പോയിരുന്നെങ്കിൽ ഈ ഗ്രന്ഥം അപൂർണമായിപ്പോയേനെ, തീർച്ച. കാരണം, മലങ്കരകത്തോലിക്കാ യുവജനപ്രസ്ഥാന (M.C.Y.M.)-ത്തിന്റെ സ്ഥാപക ഡയറക്ടറായിരുന്നു അദ്ദേഹം. ഏറ്റവും കൂടുതൽ കാലം അതിനെ നയിച്ചതും അദ്ദേഹം തന്നെ, 1971 മുതൽ 1982 വരെ. 'ഇസ്രായേലും മലങ്കരസഭയും' എന്നതാണ് മറ്റൊന്ന്, ഇതിന്റെ വായനയിലൂടെ നമ്മെ നയിക്കുന്ന ചിന്ത ഇതായിരിക്കും, മലങ്കര കത്തോലിക്കാ സഭയെപ്പറ്റി ഇത്രമേൽ ഊറ്റം കൊള്ളുന്ന മറ്റൊരാൾ നമ്മുടെ സമൂഹത്തിലുണ്ടോ!

നമ്മുടെ സണ്ടേസ്കൂൾ പ്രസ്ഥാനം വേണ്ടത്ര പരിചരണം കിട്ടാതെ അവഗണിക്കപ്പെട്ട ഒരു മേഖലയാണ്, പ്രത്യേകിച്ച് അടിസ്ഥാനനിലയിൽ. എന്നാൽ വന്ദ്യ ഡൊമിനിക് അച്ചൻ അതീവജാഗ്രതയോടെ മലങ്കരക്കുഞ്ഞുങ്ങളിലേയ്ക്ക് താണിറങ്ങുകയാണ്. കുഞ്ഞുങ്ങൾക്ക് സ്വർഗീയാനുഭൂതി നുകരാൻ കഴിയുന്ന വിശ്വാസപരിശീലനക്കളരി സ്വപ്നംകണ്ട് സൂക്ഷ്മങ്ങളായ പ്രായോഗിക നിർദ്ദേശങ്ങൾ പറഞ്ഞുതരികയാണദ്ദേഹം 'കുട്ടികളുടെ വിശ്വാസപരിശീലനം വിശുദ്ധകുർബ്ബാനയിലൂടെ' എന്ന ഉപന്യാസം വഴി.

എഡിറ്റേഴ്സ്

www.malankaralibrary.com

## 24

# മലങ്കര സഭയുടെ സാർവത്രിക ചൈതന്യം

ഏറ്റം സമ്പന്നമായ ആരാധനാ പാരമ്പര്യമാണ് മലങ്കരസഭയുടേത്. ഇത്രയേറെ സഭാ പൈതൃകങ്ങളെ ഒന്നിച്ചുൾക്കൊള്ളുന്ന വേറൊരു സഭാക്രമമുണ്ടോയെന്ന് സംശയിക്കണം. യറുശലേമിലാണ് അതിന്റെ ആരംഭം. തത്ഫലമായി പഴയ നിയമത്തിലെ പ്രതീകങ്ങളും ആചാരങ്ങളും വളരെയുണ്ട് ഇതിൽ. ധൂപാർപ്പണവും തിരശീലയും വിശുദ്ധ സ്ഥലവും മദ്ബഹായും അവയിൽ ചിലതുമാത്രം. പെന്തക്കുസ്താ സംഭവത്തിന് മൂന്നു ദിവസത്തിനു ശേഷം വിശുദ്ധ യാക്കോബ് ശ്ളീഹാ ആദ്യമായി അർപ്പിച്ച വിശുദ്ധ കുർബാന കാലാന്തരത്തിൽ രൂപം കൊണ്ടതാണ്, മലങ്കര സഭയ്ക്ക് ഇന്നു സ്വന്തമായുള്ള അന്ത്യോഖ്യൻ ക്രമമെന്ന് വിശ്വസിക്കപ്പെടുന്നു. ഏതായാലും അന്ത്യോക്യയിലാണ് ആദ്യമായി ആരാധന രൂപംകൊണ്ടതെന്ന് വിശ്വസിക്കാൻ ന്യായമുണ്ട്. ഇന്ന് സഭയിൽ നിലവിലുള്ള വ്യത്യസ്തമായ ആരാധനാ പാരമ്പര്യങ്ങളുടെയെല്ലാം ഉറവിടം അന്ത്യോഖ്യയാണെന്ന് പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു. അന്ത്യോഖ്യൻ സഭ വളരെയേറെ ബന്ധപ്പെട്ടിരുന്നു, അലക്സാൻഡ്രിയായിലെ സഭയുമായി. സഭയുടെ സന്യാസപാരമ്പര്യങ്ങളുടെ തുടക്കം ഈജിപ്തിലും അതിന്റെ കേന്ദ്രമായ അലക്സാൻഡ്രിയായിലുമായിരുന്നു. ഇതൊടൊപ്പം സുറിയാനികേന്ദ്രമായ ഏദേസ്സായിലും ഒരു ക്രിസ്തീയ പാരമ്പര്യം വളർന്നുവന്നുകൊണ്ടിരുന്നു. വേദപുസ്തകത്തിന്റെ പ്രാർഥനാപരമായ ധ്യാനത്തിലൂടെ വളരെ പ്രാർഥനകളും ഗാനങ്ങളും സഭയ്ക്ക് ലഭിച്ചു. ഇതേ സമയത്ത് അന്ത്യോഖ്യൻ ആരാധനാ പാരമ്പര്യം കോൺസ്റ്റാന്റിനോപ്പിളിലെ സഭയുമായും വളരെ ബന്ധപ്പെട്ടു. സഭാശുശ്രൂഷകളിലെ പ്രതീകാത്മകമായ ആഘോഷങ്ങൾ ഈ ബന്ധത്തിൽ നിന്ന് ഉദ്ഭവിച്ചതാണ്. ഇങ്ങനെ വിവിധ പാരമ്പര്യങ്ങളുടെ ഒന്നിച്ചുള്ള സ്വാധീനഫലമായി രൂപംകൊണ്ട അന്ത്യോഖ്യൻ



ആരാധനാ രീതിയാണ് മലങ്കരയിൽ പറിച്ചു നടപ്പെട്ടത്. മലങ്കര സഭയ്ക്ക് സ്വന്തമായിരുന്ന ഭാരതീയ രീതിയോട് താദാത്മ്യം പ്രാപിക്കുവാനും ഈ സഭാ പാരമ്പര്യത്തിന് എളുപ്പം സാധിച്ചു. മലങ്കരസഭയാകട്ടെ ആദ്യം പേർഷ്യൻ പാരമ്പര്യത്തോടും പിന്നീട് പോർട്ടുഗീസുകാരിലൂടെ പാശ്ചാത്യപാരമ്പര്യത്തോടും നേരത്തെതന്നെ ബന്ധപ്പെട്ടുകഴിഞ്ഞിരുന്നു. ഇങ്ങനെ ക്രൈസ്തവ സഭയിലെ എല്ലാ പാരമ്പര്യങ്ങളുമായി ബന്ധപ്പെട്ട് പരോക്ഷമായി സാർവത്രികത നേടിക്കഴിഞ്ഞിരുന്ന സഭാ പാരമ്പര്യമാണ് പുനരൈക്യപ്രസ്ഥാനത്തിലൂടെ സഭയുടെ സാർവത്രിക കൂട്ടായ്മയിൽ യഥാർഥത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. അതേ സാർവത്രികത കൂടുതൽ പ്രായോഗികമായും പൂർണ്ണമായും തന്നിൽ സാക്ഷാൽകരിക്കുവാൻ ഇന്ന് മലങ്കരസഭ വെമ്പൽ കൊള്ളുകയാണ്.

ചരിത്രപരമായും ഭരണപരമായും സാർവത്രിക കൂട്ടായ്മയിലേക്ക് പ്രവേശിച്ചിരിക്കുന്ന മലങ്കര സഭ ഈ കൂട്ടായ്മ പ്രയോഗത്തിൽ സാക്ഷാത്കരിക്കുന്നത് പ്രസ്തുത സഭയുടെ മക്കളായ നമ്മിലൂടെ ആയിരിക്കും. നമുക്ക് നമ്മുടെ സഭയെപ്പറ്റി വ്യക്തമായ ധാരണയും അഭിമാനവും ഉണ്ടാവുകയാണ് ഇന്നത്തെ അടിസ്ഥാനപരമായ ആവശ്യം. മലങ്കര കത്തോലിക്കരായ നാം നമ്മെപ്പറ്റി രണ്ടുതരത്തിലാണ് ഇന്ന് ചിന്തിക്കുക. ആദ്യമായി അന്ത്യോഖ്യൻ പാരമ്പര്യത്തിന്റെ പ്രധാന ഉടമയെന്ന് സങ്കല്പിക്കപ്പെടുന്ന യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങളിൽനിന്ന് വേർപെട്ടവരാണെന്ന് മലങ്കര കത്തോലിക്കരായ നാം വിചാരിക്കുന്നു. വാസ്തവത്തിൽ നാം പ്രസ്തുത വിഭാഗങ്ങളിൽ നിന്ന് വേർപെടുകയല്ല പുതിയ ചൈതന്യത്തോടെ കൂടുതൽ ബന്ധപ്പെടുകയാണ് പുനരൈക്യത്തിലൂടെ ചെയ്തിരിക്കുന്നത്. അകത്തോലിക്കാ സഭാ സമൂഹങ്ങളിൽ ക്രിസ്തീയ ചൈതന്യത്തിന് വിരുദ്ധമായി ഇന്നും നിലവിലുള്ള നിഷേധാത്മകവശങ്ങളിൽ മരിച്ച് കൂടുതൽ സഭാത്മകമായ സഭാപൂർണതയിലേക്ക് ഉയിർത്തെഴുന്നേല്ക്കുകയാണ് പുനരൈക്യത്തിന്റെ ചൈതന്യം. ക്രിസ്തീയ സ്നേഹവിരുദ്ധമായി പലതും മലങ്കരസഭയിലുണ്ട്. അവയെ ഉപേക്ഷിച്ചുവെന്നതുകൊണ്ട് മലങ്കര സഭയുടെ യഥാർഥ ക്രിസ്തീയ ചൈതന്യത്തിൽ നിന്ന് നാം വേർപെടുമോ? നമ്മുടെ സഭാപാരമ്പര്യത്തിൽ പരോക്ഷമായി അതേ സമയം ശക്തമായി അന്തർലീനമായിരിക്കുന്ന സാർവത്രിക ചൈതന്യം പ്രത്യക്ഷമായി സ്വീകരിച്ചുവെന്നതുകൊണ്ട് നാം മലങ്കരസഭയ്ക്ക് അന്യരാകുമോ? ഒരിക്കലുമില്ല. മലങ്കരസഭ തന്റെ ആരാധനയിൽ ജീവിക്കുന്ന സാർവ

www.malankaralibrary.com

ത്രിക ചൈതന്യത്തെ എടുത്തു കാണിക്കുകയാണ് പുനരൈക്യത്തിലൂടെ മലങ്കര കത്തോലിക്കർ ചെയ്തത്. ശരിയാണ്, 'റീത്തുകാരെന്ന്' മുദ്രകുത്തി നമ്മെ കുറ്റപ്പെടുത്തുവാൻ നമ്മുടെ അകത്തോലിക്കാ സഹോദരങ്ങൾ ശ്രമിക്കുന്നുണ്ട്. റോമാക്കാരെന്ന് ഒരിക്കൽ അവർ നമ്മെ ആക്ഷേപിച്ചിരുന്നു. എന്നാൽ അവർ ജീവിക്കുന്ന അതേ സഭാപാരമ്പര്യം കൂടുതൽ സജീവമായി ഉൾക്കൊള്ളുന്നവരാണ് നാമെന്ന് അവർക്ക് ബോധ്യമായിട്ടുണ്ട്. അതുകൊണ്ട് നാം വിദേശീയതയുടെ നീക്കിബാക്കിയാണെന്ന ആരോപണം വിലപ്പോകയില്ലെന്ന്, അവർക്ക് അറിയാം. എന്നാൽ 'റീത്തുകാരെന്ന' നിലയിൽ നാം ഏതോ കുറഞ്ഞ കത്തോലിക്കനാണെന്ന ചിന്ത ഇന്നും നമ്മുടെ അകത്തോലിക്കാ സഹോദരങ്ങളിലുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസ് ആ ചിന്തയെ ദൂരീകരിക്കുവാൻ ഏറ്റം പ്രാപ്തമാണ്. എന്നാൽ സൂനഹദോസിന്റെ പഠനങ്ങൾ മലങ്കരയിൽ ഇന്നും വേണ്ടവിധം വ്യാപിച്ചിട്ടില്ലെന്നതാണ് വാസ്തവം. മലങ്കര കത്തോലിക്കരായ നാം തന്നെയും അവ സ്വാംശീകരിക്കുവാൻ ഇതുവരെ ശരിയായി ശ്രമിച്ചിട്ടില്ല. മാത്രമല്ല, റീത്തുകാരെന്ന ചെല്ലപ്പേരും താങ്ങി ജീവിക്കുന്നതിൽ നമുക്ക് യാതൊരു മടിയുമില്ല. മലങ്കരസഭയുടെ പൊതുവായ പൈതൃകത്തിൽനിന്നും പാരമ്പര്യത്തിൽ നിന്നും ഒട്ടുംതന്നെ വേർപെട്ടവരല്ല നാം. പിന്നെ അന്ത്യോക്യൻ റീത്ത് (രീതി) പുലർത്തുന്നതുകൊണ്ട് നാം റീത്തുകാരാണെങ്കിൽ നമ്മുടെ യാക്കോബായ ഓർത്തഡോക്സ് സഹോദരങ്ങളും റീത്തുകാരാണ്. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടതുകൊണ്ട് നാം ഒട്ടും കൂടുതൽ റീത്തുകാരായിട്ടില്ല.

രണ്ടാമത്, കത്തോലിക്കാ സഭയിൽ ഒരു ചെറിയ കൂട്ടം മാത്രമാണ് നാമെന്ന അപകർഷതാ ബോധം നമ്മിലുണ്ടാവുക സ്വാഭാവികമാണ്. എന്നാൽ സഭയെ സംബന്ധിച്ചിടത്തോളം സംഖ്യയിലുള്ള വലിപ്പമോ, ചെറുപ്പമോ പ്രശ്നമാകേണ്ടതില്ല. വലിപ്പത്തിന്റെ അടിസ്ഥാനത്തിലല്ല സഭയിലെ പ്രവർത്തനം നടക്കുന്നത്. ചെറിയ കൂട്ടങ്ങൾ മാത്രമല്ല ഒറ്റപ്പെട്ട വ്യക്തികൾപോലും വലിയ പ്രവർത്തനം നടത്തുന്ന ഉദാഹരണങ്ങൾ എത്രവേണമെങ്കിലുമുണ്ട്. സഭയിൽ ഉള്ളടങ്ങിയിരിക്കുന്ന ചൈതന്യമാണ് പ്രധാനം. ചൈതന്യം പ്രകടിപ്പിക്കുന്നവരുടെ തീക്ഷ്ണതയാണ് ഏറ്റം പരിഗണനാർഹം. കാതോലികസഭയിൽ ചെറുതും വലുതുമായ എല്ലാ സമൂഹങ്ങൾക്കും തുല്യപ്രാധാന്യവും, സുവിശേഷഘോഷണത്തിൽ ഒരുപോലെ ഉത്തരവാദിത്വവും ഉണ്ടെന്ന് രണ്ടാം വത്തി



ക്കാൻ സൂനഹദോസ് വ്യക്തമായി പഠിപ്പിക്കുന്നു. സൂനഹദോസിന്റെ പ്രവർത്തനത്തിൽ അംഗസംഖ്യയിൽ കുറഞ്ഞു നില്ക്കുന്ന പൗരസ്ത്യ സഭകൾ എത്ര ശക്തമായ സ്വാധീനം ചെലുത്തിയെന്ന് സൂനഹദോസ് പ്രഖ്യാപനങ്ങൾ പഠിക്കുന്നവർക്ക് മനസ്സിലാക്കാൻ സാധിക്കും. വിശ്വാസത്തിന്റെ യഥാർഥദർശനം അംഗസംഖ്യയിൽ ഉയർന്നുനില്ക്കുന്ന പാശ്ചാത്യസഭയ്ക്ക് പകർന്നുകൊടുക്കുന്നതിൽ അംഗസംഖ്യകുറവുള്ള പൗരസ്ത്യസഭകൾക്ക് സാധിക്കുന്നുവെന്ന് പാശ്ചാത്യപണ്ഡിതന്മാർ ഇന്ന് സമ്മതിക്കുന്നുണ്ട്. അതുകൊണ്ട് മലങ്കരസഭയ്ക്ക് കൂടുതൽ സജീവമായ വിശ്വാസദർശനം നല്കുവാൻ സാധിക്കുമോയെന്നതാണ് ഇന്നത്തെ പ്രശ്നം.

നമ്മുടെ ആരാധനാക്രമത്തിന്റെ പാരമ്പര്യത്തെപ്പറ്റി മുകളിൽ സൂചിപ്പിച്ചുവല്ലോ. ശുശ്രൂഷകളിലും പ്രാർഥനകളിലും ഗാനങ്ങളിലും ഏറ്റം സമ്പന്നമാണ് അത്. സഭാപിതാക്കന്മാരുടെ തുടർച്ചയായ വേദധ്യാനത്തിന്റെ ഫലമായി രൂപംകൊണ്ടതാണ് അവയെല്ലാം. ഓരോ പ്രാർഥനയും വചനധ്യാനത്തിലൂടെ ക്രിസ്തുവിൽ കേന്ദ്രീകരിച്ച് ഉന്നതവും വിശിഷ്ടവുമായ വിശ്വാസദർശനം നല്കാൻ അവർ ശ്രമിച്ചു. നമ്മുടെ ഇപ്പോഴത്തെ ജോൺ പോൾ മാർപ്പാപ്പാ പ്രാർഥനകളിലൂടെ ദൈവശാസ്ത്രചിന്തകളെ അവതരിപ്പിക്കുന്ന പൗരാണിക രീതിയെ പ്രശംസിച്ചു പറഞ്ഞത് വായിച്ചപ്പോൾ നമ്മുടെ പ്രാർഥനകളെപ്പറ്റി കൂടുതൽ മതിപ്പു തോന്നുകയുണ്ടായി. എത്ര ആഴമേറിയ ചിന്തകൾ നമ്മുടെ പ്രാർഥനാഗാനങ്ങളിൽ ഉള്ളടങ്ങിയിരിക്കുന്നു. എത്ര ഉന്നതമായ സഭാദർശനം അവയിലുണ്ട്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു സമസ്തവും - പ്രപഞ്ചത്തെയും മനുഷ്യരാശിയെയുമെല്ലാം - തന്നിൽ സമാഹരിക്കുന്നുവെന്ന വിശുദ്ധ പൗലോസിന്റെ ചിന്തയുടെ പൂർണവും വിശദവുമായ അവതരണം നമ്മുടെ പ്രാർഥനകളിൽ കാണാൻ സാധിക്കുന്നു. പ്രാർഥനയും വിചിന്തനവും രണ്ടായി കണ്ട്, ശുശ്രൂഷയും ബോധനവും വ്യത്യസ്ഥമായി മാറ്റുന്ന ആധുനിക രീതിക്കെതിരെ, ചിന്തിക്കുന്നതൊടൊപ്പം വിശ്വാസബോധനം ചെയ്യുവാൻ ശ്രമിക്കുന്ന നമ്മുടെ സഭാസമീപനത്തിന്റെ ഔൽകൃഷ്ട്യം നാം വേണ്ടത്ര മനസ്സിലാക്കുന്നില്ല. ആഴവും പരപ്പുമുള്ള സഭദർശനവും അത് വിശ്വാസികൾക്ക് വ്യക്തമാക്കിക്കൊടുക്കുന്ന പരിശ്രമവും നമ്മുടെ സഭയ്ക്ക് സ്വന്തമായുണ്ട്. ക്രിസ്തീയ ജീവിതത്തെപ്പറ്റി നമുക്കുള്ള ഉൾക്കാഴ്ച ഗ്രഹിക്കുവാൻ നാം ഒട്ടും ശ്രമിക്കുന്നില്ല, അത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാൻ നാം ബദ്ധപ്പെ

www.malankaralibrary.com

ടുന്നുമില്ല. അംഗസംഖ്യയിൽ ചെറുതാണെങ്കിലും നമ്മുടെ സഭയ്ക്ക് സാർവത്രികസഭയോടു ഉത്തരവാദിത്വമുണ്ട്. ശക്തമായ ഒരു സഭയാണ് മലങ്കരയിലേതെന്ന ബോധ്യം നമ്മിലുളവാകാതെ എങ്ങനെ മറ്റുള്ളവർക്ക് അത് നാം പകർന്നു കൊടുക്കും. നമുക്ക് നമ്മെപ്പറ്റി അഭിമാനമില്ലെങ്കിൽ മറ്റുള്ളവർ എങ്ങനെ നമ്മെ ബഹുമാനിക്കും. ലോകത്തിന്റെ ഒരു കോണിൽ ഒതുങ്ങിനില്ക്കുന്ന ഒരു കൊച്ചുസഭമാത്രമാണ് മലങ്കരയിലേതെന്ന അപകർഷബോധത്തിൽനിന്ന് നാം പുറത്തുവന്നെങ്കിലേ സഭാപരമായി നാം ഉയരുകയുള്ളു. ക്രിസ്തീയ ജീവിതത്തിൽ നാം ശക്തരാകയുള്ളു. വലിയ ദൗത്യമാണ് മലങ്കര കത്തോലിക്കരിൽ നിക്ഷിപ്തമായിരിക്കുന്നത്. മലങ്കര സഭയിൽ ഉള്ളടങ്ങിയിരിക്കുന്ന സാർവത്രിക ചൈതന്യത്തെപ്പറ്റി ക്രിയാത്മകമായ അവബോധം നമ്മിലുണ്ടാവണം. സാർവത്രിക സഭയുടെ കൂട്ടായ്മയിൽ നാം പ്രവേശിച്ചിരിക്കുന്നതുകൊണ്ട് ഈ പുതിയ അവബോധമായിരിക്കും മലങ്കരസഭയെ മുഴുവനും, അവർ വിശ്വസിക്കുന്ന കാതോലികതയിലേക്ക് അവരെ നയിക്കുവാൻ മലങ്കര കത്തോലിക്കരായ നമ്മെ പ്രേരിപ്പിക്കുക. ഈ ദൗത്യനിർവഹണമനുസരിച്ചായിരിക്കും ഇതര കൂട്ടായ്മയിലെ മറ്റു സഭകൾ നമ്മെ മതിക്കുന്നതും ബഹുമാനിക്കുന്നതും.

***മെത്രാഭിഷേക സ്മരണിക, തിരുവല്ല, 1978***



## 25

# ഇസ്രായേലും മലങ്കരസഭയും

മലങ്കരസഭയെ മനസ്സിലാക്കാൻ ഇസ്രായേൽ സമൂഹത്തോടു താരതമ്യം ചെയ്തുകാണുന്നത് നന്നായിരിക്കും. മോശയുടെ കാലത്ത് ഒരു സമൂഹമായിക്കൊണ്ടു യേശുവിൽ പൂർണ്ണത പ്രാപിച്ച സമൂഹമാണല്ലോ ഇസ്രായേൽ. അതിന്റെ ഉദാത്തമായ അർഥത്തിൽ ക്രിസ്ത്യാനികളെല്ലാം ഇസ്രായേൽക്കാർ തന്നെ. സഭയുടെ ആരംഭം മോശയിലാണ്, ദൈവത്തിന്റെ പദ്ധതിയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ. ക്രിസ്തുവിനു മുമ്പുള്ള ഘട്ടം ഒരുക്കത്തിന്റെ നാളുകളാണ്. അതിൽ ദൈവത്തോട് ഇടഞ്ഞു നിന്ന മനുഷ്യരെ നമുക്കുകാണാം. ഇസ്രായേൽ എന്ന വാക്കിന്റെ അർത്ഥവും അതാണല്ലോ. ദൈവത്തിൽ നിന്നും അനുഗ്രഹം പ്രാപിക്കാനുള്ള മൽപിടുത്തമായിരുന്നു അത്. എന്നാൽ ദൈവത്തിന് എതിരായി മൽപിടിച്ച ചരിത്രവും ഇസ്രായേൽ സമൂഹത്തിനുണ്ട്. ഇതു തന്നെയല്ലേ മലങ്കരസഭയുടെയും സ്ഥിതി. ദൈവഹിതം അനുവർത്തിക്കാൻ ആഗ്രഹിക്കുന്നവരും ലോകത്തിന്റെ ആകർഷണത്തിൽപ്പെട്ട് ദൈവഹിതത്തിന് എതിരു നില്ക്കുന്നവരും എന്നും സഭയിലുണ്ട്. ദൈവഹിതവിരോധികൾ സഭയിൽ നിന്നു വിട്ടു പുറത്തുനില്ക്കുമ്പോൾ അത്ര പ്രശ്നക്കാരല്ല. എന്നാൽ സ്നേഹത്തിനും സമാധാനത്തിനും എതിരു നില്ക്കുന്നവർ സഭയിൽ തന്നെ, അതിന്റെ നേതൃതലങ്ങളിൽ ഉണ്ടായാൽ അത് ഗൗരവമായ പ്രശ്നമാണ്. മലങ്കരസഭയിൽ നൂറിൽപരം വർഷങ്ങളായി നടക്കുന്ന വ്യവഹാരപരമ്പര, ഈ പ്രശ്നമാണ് വെളിച്ചത്തുകൊണ്ടുവരുന്നത്. ഇതിൽ ആരാണ് തെററുകാർ, ആരാണ് തെറ്റുകാരല്ലാത്തവർ എന്ന് വിവേചിക്കുവാൻ പ്രയാസമുണ്ട്. ഇതുതന്നെയാണ് യേശുവിനു മുമ്പുള്ള ഇസ്രായേൽ സമൂഹത്തിന്റേയും സ്ഥിതി. ഇസ്രായേൽ പത്തും രണ്ടും ഗോത്രങ്ങളായി പിരിഞ്ഞുവല്ലോ. അവർ വേർതിരിഞ്ഞുനിന്ന ഘട്ടത്തിൽ ദൈവം ഇരുവശത്തുനിന്നും പ്രവാചകരെ എഴുന്നേല്പിച്ചു. ഇരുകൂട്ടരും പ്രവാചകരെ എതിർക്കുകയും ചെയ്തു. അതായതു ദൈവത്തെ എതിർത്തു നിന്നു. ഇതെല്ലാം യേശു

www.malankaralibrary.com

സുവിശേഷത്തിൽ വെളിച്ചത്തുകൊണ്ടുവരുന്നുണ്ട്. ഈദൃശസ്ഥിതി മലങ്കരസഭയിലും ഉണ്ടാകുമോ? വ്യവഹാരത്തിന്റെ പേരിൽ അസത്യത്തിനു കൂട്ടുനിന്നവർ വെളിച്ചത്തുവരുമോ? സ്വന്തം തെറ്റുകൾ ഏറ്റുപറയാൻ തയ്യാറാകുമോ?

"കർത്താവേ, കർത്താവേ, ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കുകയും നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും നിന്റെ നാമത്തിൽ നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ" (മത്താ. 7:22) - പുരാതനവിശ്വാസികൾക്ക്, അതായത് ഓർത്തഡോക്സുകാർക്ക് അവകാശപ്പെടാവുന്ന കാര്യമാണിത്. അത്തരം സഭകളുടെ അന്ത്യത്തെ യേശു മുന്നറിയിക്കുന്നുണ്ട്. "മഴ പെയ്തു, വെള്ളപ്പൊക്കം ഉണ്ടായി, കാറ്റൂതി, അത് വീടിൻമേൽ ആഞ്ഞടിച്ചു ആ വീട് വീണുപോയി. അതിന്റെ വീഴ്ച വലുതായിരുന്നു" (7:27) - ഓർത്തഡോക്സ് എന്ന പേരിലുള്ള പല സഭകൾക്കും ഇതാണ് സംഭവിച്ചത്. മലങ്കര സഭയോട് ഏറെ ബന്ധപ്പെട്ടിരിക്കുന്ന, സിറിയൻ ഓർത്തഡോക്സ് സഭയ്ക്ക് ഇന്നത്തെ നിലനില്പ് രാഷ്ട്രീയ ഭരണകൂടത്തിന്റെ കാരുണ്യത്തിലാണ്. ഇന്ന് മലങ്കര ഓർത്തഡോക്സ് സഭ കോടതി വിധികളിലും പോലീസിന്റെ പരിരക്ഷണത്തിലുമാണല്ലോ, കൂടുതലും ആശ്രയിക്കുന്നത്. ഈ സഭ പണിയപ്പെട്ടിരിക്കുന്നത് പാറമേലോ, മണൽപ്പുറത്തോ? പുരാതനമായ ആരാധനക്രമം പാലിക്കുന്നവർക്ക് അതിൽ ഉള്ളടങ്ങിയിരിക്കുന്ന വിശ്വാസം പുലർത്തുന്നുവെന്ന് പറയാമായിരിക്കാം. ആ വിശ്വാസം പ്രാർത്ഥനയിൽ ഉൾക്കൊള്ളുന്ന വ്യക്തികൾ സഭയിൽ എന്നും ഉണ്ടായിരിക്കാം. എന്നാൽ സഭയെന്ന നിലയിൽ ഒരു പൊതുവിശ്വാസസംഘടനയിൽ ഓർത്തഡോക്സ് സഭകൾ ജീവിക്കുന്നുവെന്നു പറയാൻ സാധിക്കുമോ? അങ്ങനെ വിശ്വാസം പൊതുവായി പ്രകാശിപ്പിക്കാനുള്ള സന്ദർഭമൊന്നും ഈ സഭയ്ക്ക് ഉണ്ടായിട്ടില്ല. ചർച്ച ചെയ്തിട്ടുള്ളത് സഭാധികാരത്തെപ്പറ്റി മാത്രം. അതും കോടതികളിൽ. അവിടെ സ്വന്തം ഭാഗം ജയിക്കുവാൻ പറ്റുന്ന രീതിയിൽ സത്യത്തിൽനിന്ന് വ്യതിചലിച്ച് ഇരു വിഭാഗങ്ങളിലെയും സഭാധികാരികൾ മൊഴികൊടുത്തിട്ടുണ്ട്. 'കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ തിരുസഭയിലും ഞങ്ങൾ വിശ്വസിക്കുന്നു' എന്നത് വിശ്വാസപ്രമാണത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഈ വിശ്വാസസത്യത്തിന് ഏതെല്ലാം വ്യാഖ്യാനങ്ങളാണ് ഈ സഭ നല്കുന്നത്. പലരും ഉപരിപ്ലവമായി ഓരോന്ന് പറയുന്നു, മറ്റു ചിലർ സ്വന്തം മനസ്സാക്ഷിക്കെതിരായി സംസാരിക്കുന്നു.



സത്യസഭയിലുള്ള വിശ്വാസം പരിശുദ്ധാത്മാവിന്റെ ആവാസത്താൽ ഓരോ സഭയ്ക്കും ജീവിക്കുന്ന ക്രിസ്തുവിനോടുള്ള ബന്ധമാണ്. ദൈവം തന്റെ കരുണയിൽ ഓരോ വിശ്വാസിക്കും വിശുദ്ധ കൂദാശകളിലൂടെ നല്കുന്ന ജീവൻ സാധുവായും യഥാർത്ഥമായും അനുഭവമാക്കുന്ന വിധത്തിൽ ക്രമീകരിച്ചു തന്നിരിക്കുന്നു. അവ നിർവ്വഹിക്കുന്ന കാർമ്മികൻ യഥാർത്ഥ കൈവെയ്പു ലഭിച്ചയാളാണെങ്കിൽ, വ്യക്തിപരമായ വിശ്വാസം പുലർത്തുന്നില്ലെങ്കിലും കൂദാശകൾ സാധുവായിരിക്കുന്നതാണ്. അതായത് സഭയ്ക്കുള്ള വിശ്വാസത്തിന്റെ ഉറപ്പ് ഇവിടെ പ്രശ്നമാകുന്നില്ല. സഭ വിശ്വാസത്തിൽ ജീവിക്കുന്നുവെങ്കിൽ, ഇതേ കൂദാശകൾ അനുവർത്തിക്കുന്ന മറ്റു സഭകളോടു യോജിക്കാൻ സന്നദ്ധമായിരിക്കും. സഭയുടെ ഐക്യത്തിനെതിരു നിൽക്കുന്ന സഭ പാറമേൽ ഉറച്ചിരിക്കുന്നില്ല.

യേശു, ഇസ്രയേലിന്റെ മൂന്നുതരത്തിലുള്ള തെറ്റുകളാണ് ചൂണ്ടിക്കാണിച്ചത്. ഒന്ന് - യഹൂദർ പറഞ്ഞിരുന്നു, ഞങ്ങൾ അബ്രഹാമിന്റെ മക്കളാണ്, രണ്ട് - ഞങ്ങൾ മോശയുടെ നിയമമാണ് പാലിക്കുന്നത്, മൂന്ന് - ദേവാലയവും അതിന്റെ ആചാരവും രക്ഷിക്കുമെന്ന്. ആദ്യത്തെ അവകാശവാദത്തിന് സ്നാപകയോഹന്നാൻ മറുപടികൊടുത്തു, ഈ കല്ലുകളിൽ നിന്നുപോലും അബ്രഹാമിന് മക്കളെ ജനിപ്പിക്കാൻ, ദൈവത്തിനു സാധിക്കുമെന്ന്. അടുത്ത അവകാശവാദത്തിന്, മോശയല്ല, സ്വർഗസ്ഥനായ പിതാവാണ് ഇസ്രായേലിനു ജീവൻ നല്കിയതെന്ന്, പല പ്രകാരത്തിൽ യേശു മറുപടികൊടുക്കുകയുണ്ടായി. ഈ ദൃശമായ വാദമുഖങ്ങൾ ഇന്ന് മലങ്കരസഭയും ഉന്നയിക്കുന്നില്ലേ. സുറിയാനിക്കാർ അവകാശപ്പെടുന്നു, തങ്ങളെല്ലാം ബ്രാഹ്മണസന്താനങ്ങളാണെന്ന്. ഈ വാദം ഉന്നയിക്കുമ്പോൾ സുവിശേഷവേലയിൽ നിന്ന് സുറിയാനിക്കാർ അകന്നുപോകുന്നു. എന്നാൽ ഈ വമ്പുപറച്ചിലൊന്നും കൂടാതെ കേരളത്തിന് പുറത്ത്, സുറിയാനിക്കാർ ദളിതരെയും മറ്റും മാനസാന്തരപ്പെടുത്തുന്നതിൽ വിജയിക്കുന്നുമുണ്ട്. അടുത്തവാദം, മാർത്തോമ്മാ ശ്ലീഹാ, മലങ്കരയിൽ സഭ സ്ഥാപിച്ചുവെന്നതാണ്. കേരളത്തിനു പുറത്തും, വിശാലഭാരതത്തിലാകെയും ശ്ലീഹാ സുവിശേഷം പ്രസംഗിച്ചുവല്ലോ. ആ സഭകൾ പലതും നിലനിന്നില്ല. കേരളത്തിലേത് ഇന്നും തുടരുന്നു. ദൈവപരിപാലനയല്ലാതെ, മറ്റൊന്നുമല്ല അതിന്റെ കാരണം. കർത്താവായ യേശുക്രിസ്തുവാണ് ശ്ലീഹൻമാരിലൂടെ പ്രവർത്തിച്ചത്, ഇന്നും സഭയിൽ ജീവിക്കുന്നതും ക്രിസ്തുതന്നെ. ക്രിസ്തുവിലുള്ള

www.malankaralibrary.com

വിശ്വാസബോധ്യം, ലോകമെങ്ങുമുള്ള ക്രിസ്ത്യാനികളുമായി ഒന്നിക്കാൻ ഈ സഭ ആഗ്രഹിക്കും. ഒന്നിക്കുകയെന്നാൽ ക്രിസ്തുരഹസ്യത്തിൽ ഒന്നിക്കുകയെന്നാണർത്ഥം. ക്രിസ്തുവിൽ ഒന്നിക്കാതെ ഓരോ പള്ളികളിൽ ഈ സഭ ആശ്രയം വെയ്ക്കുകയാണ്. കേരളത്തിലെ വിവിധ സഭകളിൽ ഭൂരിഭാഗവും ക്രിസ്തുരഹസ്യം, വിശുദ്ധകുർബാനയിലും കൂദാശകളിലും അനുവർത്തിക്കുന്നവരാണ്. അവയിൽ ദൈവികജീവൻ പ്രാപിക്കുന്നുവെന്ന് ഓരോ വിശ്വാസിയും മനസ്സിലാക്കുന്നുണ്ട്. പക്ഷേ ഏതെല്ലാം ആളുകൾ, മാമോദീസായിൽ ജീവൻ പ്രാപിക്കുന്നുവോ, വിശുദ്ധ കുർബാനയിൽ ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ പ്രാപിക്കുന്നുവോ, അവരോടെല്ലാം ഏകശരീരത്തിൽ ഒന്നാകുന്നുവെന്ന് ബോദ്ധ്യപ്പെടുന്നുണ്ടോ. എങ്കിൽ അവരോടൊത്തു ജീവിക്കാൻ സന്നദ്ധരാകും.

യേശു യഹൂദരുടെയിടയിലെ വിഭാഗികചിന്തകളെ എപ്പോഴും കുറ്റപ്പെടുത്തിയിരുന്നു. സമൂഹത്തിലെ താഴെക്കിടയിലെ തള്ളപ്പെട്ടവരുടെ പേരിലായിരുന്നു, കൂടുതലും ശ്രദ്ധ. ദരിദ്രർക്കു സുവിശേഷം അറിയിക്കുവിൻ, എന്നാണല്ലോ, യേശു ആവശ്യപ്പെട്ടിരുന്നത്. നസ്രാണിക്രിസ്ത്യാനികൾ തങ്ങളുടെ ആഢ്യമനോഭാവം വച്ചുപുലർത്തിയതിന്റെ പേരിലല്ലേ, സുവിശേഷഘോഷണത്തിൽനിന്ന് പിൻവാങ്ങിനിന്നത്? വിദേശിയർ ഇവിടെ വന്ന് താഴ്ന്ന ജാതിക്കാരെന്നു വിചാരിക്കപ്പെടുന്നവരെ സഭയിൽ ചേർത്തത് ഇവിടത്തെ സുറിയാനിക്കാർക്ക് രുചിച്ചില്ല. പോർച്ചുഗീസുകാരോടുള്ള വിരോധത്തിന് ഒരു കാരണം ഇതാണ്. ഇന്നും മുക്കുവ വിഭാഗത്തിൽപ്പെട്ട ക്രിസ്ത്യാനികളോടു സുറിയാനിക്കാർ ബന്ധം പുലർത്താറില്ല. അവരിൽ സാമ്പത്തികമായും മറ്റും ഉയർന്നവരെ അംഗീകരിക്കുമായിരിക്കും. ആംഗ്ലിക്കൻ മിഷനറിമാർ തിരുവിതാംകൂറിലെ ഹരിജനങ്ങളുടെ ഇടയിൽ മാനസാന്തര വേല ചെയ്തു. സുറിയാനിക്കാരിൽ ഒരു വിഭാഗവും വിദ്യാഭ്യാസപരവും മറ്റുമുള്ള ഉയർച്ചയെ ലാക്കാക്കി സി.എം.എസ്. വിഭാഗത്തിൽ ചേർന്നു. അപ്പോൾ സി.എം.എസിലെ രണ്ടുവിഭാഗങ്ങളും തമ്മിൽ കലക്കമായി. ഇന്നും ആ വിഭജനം തീർന്നിട്ടില്ല. അധഃസ്ഥിതർ ആംഗ്ലിക്കൻ എന്ന പേരിൽ ഒരു പുതിയ സഭയും തുടങ്ങിയിട്ടുണ്ട്. തിരുവിതാംകൂറിന്റെ തെക്കുഭാഗത്ത്, ഇന്ന് കന്യാകുമാരിജില്ലയിൽ, എൽ.എം.എസ്. മിഷനറിമാർ പ്രവർത്തിച്ചതിന്റെ ഫലമായി വലിയൊരു വിഭാഗം ക്രിസ്തുമതത്തിൽ ചേരുകയുണ്ടായി; ആ ഭാഗത്ത് ക്രിസ്ത്യാനികൾ ഇന്നു ഭൂരിപക്ഷം വരുന്നുണ്ട്. അത്രയും മിഷൻ വേല വടക്കുഭാഗത്ത് നടന്നുമില്ല. പുരാതന ക്രിസ്ത്യാനികൾ അവിടെ കൂടുതൽ ഉള്ളത് അവിടെ മാനസാന്തര പ്രവർത്തനത്തിന് തടസ്സമായി വന്നുവോയെന്ന് ചിന്തിക്കേണ്ടതാണ്. പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലത്തും, സുവിശേഷവേല പ്രായേണ എളുപ്പമായിരുന്നു. അതനുസരിച്ചു കത്തോലിക്കാസഭ കുറേ വേല ചെയ്തുവെന്നതും പരിഗണനാർഹമാണ്. അവിടെയും നവാഗതരെ പുരാതന ക്രൈസ്തവരുമായി ഇഴുകിച്ചേരാൻ അവസരം നല്കിയില്ല. യാക്കോബായ ക്രിസ്ത്യാനികളുടെ ഇടയിൽ വ്യവഹാരവും ആരംഭിച്ചു. സ്വന്തം സഹോദരരെത്തന്നെ വ്യത്യസ്തരായിക്കാണുന്ന വീക്ഷണഗതിക്കും തുടക്കമിട്ടു. എന്നാൽ ഓർത്തഡോക്സ് സമ്പ്രദായത്തിൽ നിന്നും അകന്നുപോയ സഭാ വിഭാഗങ്ങളിൽ ജാതിപരമായ ചേരിതിരിവ് അധികമായി കാണുന്നില്ല.

എല്ലാ വിശ്വാസസത്യങ്ങളുടെയും ഉരകല്ലാണ് സഭയിലുള്ള വിശ്വാസം. കാരണം സഭയാണ് നമ്മെ പഠിപ്പിക്കുന്നതും ഉത്തേജിപ്പിക്കുന്നതുമെല്ലാം. ഇന്ന് ലോകത്തിൽ വിശ്വാസജീവിതത്തിനെതിരായി എന്തെല്ലാം ശക്തികളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ലോകത്തിനുമുഴുവൻ ധാർമ്മികമായ മാർഗ്ഗദർശനം നല്കാൻ സഭയ്ക്ക് ഉത്തരവാദിത്വമുണ്ട്. ലോകത്തിനു മുമ്പിൽ സത്യത്തിനു സാക്ഷ്യം നല്കാൻ പരിശുദ്ധാത്മാവ് സഭയെ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. സത്യവും ദർശനവും സാക്ഷ്യവും ഏകമായിരിക്കണം. അവരെല്ലാവരും ഒന്നായിരിക്കുന്നതിനുവേണ്ടി "പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ നീ എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ. 17: 21). ദൈവം ലോകത്തെ സത്യത്തിലും സ്നേഹത്തിലും ഭരിക്കുന്നത് ക്രിസ്തുവിന്റെ ഏക സഭയിലൂടെയാണ്. ദേശീയ സഭകൾ അതതുകാലത്തെ ദേശീയഭരണത്തെ താങ്ങി നില്ക്കുകയല്ലാതെ, സത്യത്തിന്റെ സ്വരവും സാക്ഷ്യവുമായി നിന്ന ചരിത്രമില്ല. ജീവിക്കുന്ന ക്രിസ്തുവിന്റെ സ്വരം ശ്രവിക്കാൻ ലോകം ദാഹിക്കുമ്പോൾ സഭയ്ക്കു ഭിന്നിച്ചു നില്ക്കാനാവില്ല. ലോകത്തിൽ ഏക മാർഗദർശനം ലഭിക്കുന്നത് കത്തോലിക്കാസഭയിൽ നിന്നാണെന്നതിൽ ഒന്നും സംശയിക്കാനാവില്ല. മലങ്കരയിലെ ഓർത്തഡോക്സ് സഭയെ സംബന്ധിച്ച് സഭയുടെ ഏകതലവനെ തള്ളിപ്പറയുവാൻ ഇതുവരെ ഇടവന്നില്ലെന്നതാണ് ചരിത്രസത്യം. നീണ്ടകാലം

www.malankaralibrary.com

സഭയുടെ ഏകനേതൃത്വത്തെപ്പറ്റി നിശ്ശബ്ദമായിരുന്നതിനുശേഷം പോർച്ചുഗീസുകാരിലൂടെ റോമാ മാർപ്പാപ്പായെ ഈ സഭ സ്വീകരിച്ചു. കൂനൻകുരിശുസത്യത്തിൽ മലങ്കരസഭ തള്ളിപ്പറഞ്ഞത് പോർച്ചുഗീസ് നേതൃത്വത്തെയാണ്. തദ്ദേശീയ നേതൃത്വത്തെ അവർ അംഗീകരിച്ചില്ലെന്നതാണ്, അതിനു കാരണം. അതിനുശേഷം ഇവിടെ വിഘടിതരായിനിന്നവർ എത്രയോ തവണ റോമാ മാർപ്പാപ്പയെ സ്വീകരിച്ചു കത്തുകളെഴുതി. ഇവിടെനിന്നുള്ള ഒരു മെത്രാൻ ഈ സഭയെ ഭരിക്കുന്നതിനു തത്പരകക്ഷികൾ തടസ്സമിട്ടു. അന്ത്യോഖ്യായുടെ ഭരണത്തിൻ കീഴിലായതിനുശേഷവും റോമിലെ മാർപാപ്പാ സഭാ തലവനാണെന്ന് വിഘടിത സഭ അംഗീകരിച്ചിരുന്നില്ല. അന്ത്യോഖ്യാസഭ അംഗീകരിക്കുന്ന ഹൂദായകാനോനിൽ, റോമിലെ റീശ്പാത്രിയർക്കീസിനെ സമ്മതിച്ചു പറയുന്നില്ലേ? റോമിലെ ഭരണത്തിന്റെ കാർക്കശ്യത്തെപ്പറ്റി മലങ്കരസഭ എന്നും പരാതിപ്പെട്ടിട്ടുണ്ടെന്നതു ശരിയാണ്. ഒരു കാലത്ത് സഭയിൽ ഭരണകേന്ദ്രീകരണം ആവശ്യമായിരുന്നിരിക്കാം. എന്നാൽ ഇന്ന് സഭ ഏകദർശനം പാലിക്കുമ്പോൾ തന്നെ ഓരോ സ്ഥലത്തുമുള്ള സഭകൾക്ക് പ്രവർത്തനസ്വാതന്ത്ര്യം വേണമെന്നതിനെപ്പറ്റി രണ്ടു അഭിപ്രായമില്ല. ലോകം ഒന്നായിക്കൊണ്ടിരിക്കുന്നു. അതേ സമയം ഓരോ രാജ്യത്തും സ്വതന്ത്രഭരണസംവിധാനം നിലനില്ക്കുന്നു. ഈ ഒന്നിപ്പാണ് സഭയുടെ ദർശനം.

*ക്രൈസ്തവകാഹളം, 2001 ജനുവരി*



## 26

# ഇടവകയുടെ ദൈവശാസ്ത്രം

### പ്രാദേശികസഭകൾ

ശ്ലീഹന്മാരുടെ നടപടികളിലും പൗലോസുശ്ലീഹായുടെ ലേഖനങ്ങളിലും പല സഭകളെപ്പറ്റി പരാമർശമുണ്ട്; അധികാരത്തിന്റെയോ വിശ്വാസത്തിന്റെയോ പേരിലുള്ളതല്ല, പ്രാദേശികാടിസ്ഥാനത്തിൽ മാത്രമുള്ള വിവിധസഭകളെപ്പറ്റി. ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായുമെന്നു പ്രഖ്യാപിച്ച ശ്ലീഹാതന്നെയാണല്ലോ അവയുടെയെല്ലാം സ്ഥാപകൻ. പിന്നെ അവ എങ്ങനെ ക്രിസ്തുവിന്റെ സാർവത്രികസഭയിൽ നിന്ന് വിഭിന്നങ്ങളാകും? എന്നാൽ അവയ്ക്കുണ്ടായിരുന്ന പ്രാദേശികമായ വ്യക്തിത്വത്തെ വക വച്ചുകൊടുക്കാൻ ശ്ലീഹാ ഇഷ്ടപ്പെട്ടു. വാസ്തവത്തിൽ വിശ്വാസികളുടെ ഏതൊരു കൂട്ടത്തെയും സംബന്ധിച്ച് രണ്ടു കാര്യങ്ങൾ പരിഗണിക്കപ്പെടണം. ക്രിസ്തുവിന്റെ പൊതുസഭയോടുള്ള ഐക്യവും പ്രാദേശികമായ വ്യക്തിത്വവും ഈ അടിസ്ഥാനത്തിലേ സഭയിൽ ഇടവകകൾക്കുള്ള സ്ഥാനമെന്തെന്ന് വെളിവാകുകയുള്ളു.

### പ്രവർത്തനക്രമം

ഓരോ പ്രദേശത്തുമുള്ള വിശ്വാസിഗണവും സാർവത്രികസഭയോട് ഐക്യപ്പെട്ടു പോകണമെന്നത് എല്ലാവരും സമ്മതിക്കുന്നതാണ്. എന്നാൽ പ്രാദേശികവ്യക്തിത്വം വകവച്ചുകൊടുക്കാൻ പലരും മടിക്കുന്നു. സഭയുടെ പൊതുവായ ഐക്യത്തിനു ഭംഗം വരികയില്ലേയെന്ന ഭയമാണ് ഈ മനോഭാവത്തിന്റെ പിന്നിലുള്ളത്. പ്രാദേശികപരിഗണനകൾ കൊണ്ട് പല രാഷ്ട്രങ്ങളുടെയും ഏകത ശിഥിലമാകുന്നതു കണ്ടുകൊണ്ടിരിക്കുന്ന നാം എങ്ങനെ സഭയിലും അതേ നില ആവർത്തിക്കാൻ അനുവദിക്കും? ഗൗരവമേറിയ ചോദ്യമാണ്. എന്നാൽ രാഷ്ട്രത്തെ സംബന്ധിച്ചും പ്രാദേശിക പരിഗണനകൾകൊണ്ട് പ്രയോ

www.malankaralibrary.com

ജനമുണ്ടായിട്ടില്ലേയെന്നൊരു മറുചോദ്യമതിനുണ്ട്. അതിനു ഉത്തരമെന്തുമായിക്കൊള്ളട്ടെ. ക്രിസ്തുവിന്റെ സഭയുടെ അടിസ്ഥാനപ്രവർത്തനക്രമത്തിൽ ഓരോ ദേശത്തിനും സംസ്ക്കാരത്തിനുമെല്ലാം പ്രത്യേക സ്ഥാനമുണ്ടോ എന്നാണ് നാം അറിയേണ്ടത്. ഉണ്ടെങ്കിൽ നാമത് അംഗീകരിക്കണം. പിന്നെ ഭാവിയെപ്പറ്റിയുള്ള ഭയമെല്ലാം അനാവശ്യമാണ്. ക്രിസ്തുവിന്റെ പ്രവർത്തനക്രമം പ്രാവർത്തികമാക്കുന്നതിൽ ആർക്കുമൊന്നും ഭയപ്പെടാനില്ല.

## പുനഃസ്ഥാപനം

എന്താണ് സഭയുടെ പ്രവർത്തനത്തിനെല്ലാം അടിസ്ഥാനം? ക്രിസ്തുവിന്റെ മനുഷ്യാവതാരം തന്നെ. ക്രിസ്തു മനുഷ്യനായി അവതരിച്ചത് എല്ലാ മനുഷ്യരെയും രക്ഷിക്കുകയെന്ന ഉദ്ദേശത്തിലാണ്, അതും എല്ലാ മനുഷ്യരുമായും സമ്പർക്കപ്പെട്ടുകൊണ്ടുതന്നെ. സ്വർഗത്തിലിരുന്നു മാനവരക്ഷ നേടാൻ അവിടുത്തേക്കു സാധിക്കുമായിരുന്നു, ഒരു വിചാരം കൊണ്ടു മാത്രം. എന്നാൽ അതു മനുഷ്യരുടെയിടയിൽ തന്നെ ഐക്യവും സമാധാനവും സ്ഥാപിച്ചുകൊണ്ടായിരിക്കുകയില്ലായിരുന്നു. മറിച്ച് ഓരോരുത്തരും നേരിട്ടു ദൈവത്തിൽ നിന്ന് അനുഗ്രഹം പ്രാപിച്ചു രക്ഷ നേടുന്ന രീതിയിലായിരുന്നേനെ. അപ്പോൾ ഈ ഭൂമിയിൽ തന്റെ മക്കളുടെ ഒന്നിച്ചുള്ള ജീവിതത്തെ സംബന്ധിച്ചിടത്തോളം, വിവിധങ്ങളായ രീതികളിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അവരെ ഏകോപിപ്പിക്കുന്നതിൽ ദൈവം ഇടപെടുന്നില്ലെന്ന നിലവന്നേനെ. പക്ഷേ അത് എങ്ങനെ സാധിക്കും? ദൈവം സൃഷ്ടിച്ചിരിക്കുന്ന ഈ പ്രപഞ്ചത്തിൽ ദൈവത്തിന്റെ മക്കളായ മനുഷ്യരുടെയിടയിൽ സ്നേഹവും സമാധാനവുമുണ്ടാവണം. പ്രപഞ്ചത്തിൽ ഒരു പുതിയ ക്രമമുണ്ടാവണം, ആദാമിൽ നഷ്ടപ്പെട്ട ക്രമത്തിന്റെ പുനഃസ്ഥാപനമായി. അതായത്, മനുഷ്യവ്യക്തികളെ സ്വർഗത്തിൽ കൊണ്ടുപോകുകയെന്നതു മാത്രമല്ല ദൈവത്തിന്റെ ഉദ്ദേശം. ഈ ലോകത്തിൽ തന്നെ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും പടുത്തുയർത്തുകയെന്നതുകൂടിയാണ്. അതിനു നേതൃത്വം കൊടുക്കുകകൂടിയാണ് മനുഷ്യനായി അവതരിച്ച ദൈവത്തിന്റെ ലക്ഷ്യം. ആ നേതൃത്വം എങ്ങനെ സാധ്യമാകും? ദൈവവും മനുഷ്യനും തമ്മിലുള്ള സമ്പർക്കത്തിലൂടെതന്നെ.



## സമ്പർക്കം

മനുഷ്യവ്യക്തികളുമായി സമ്പർക്കം പുലർത്തുന്ന നെട്ടോട്ടമായിരുന്നു ക്രിസ്തുവിന്റെ ജീവിതം. ഒരു വിശ്രമവുമില്ലാതെ ഒരു സ്ഥലത്തുനിന്നു വേറൊരിടത്തേക്ക് ധൃതിയിൽ നീങ്ങികൊണ്ടിരുന്ന ക്രിസ്തുവിനെപ്പററി സുവിശേഷകൻ പറയുന്നു, അവിടുന്ന് നന്മ ചെയ്തുകൊണ്ട് ചുറ്റി സഞ്ചരിച്ചുകൊണ്ടിരുന്നുവെന്ന്. അതേ, തന്റെ ജീവിതത്തിൽ ഏറ്റമധികമാളുകളുമായി ബന്ധപ്പെടുവാൻ അവിടുന്നു ശ്രമിച്ചു. അതിന് അവിടുത്തെ മാർഗ്ഗങ്ങൾ പലതായിരുന്നു. പ്രസംഗവും രോഗം സുഖപ്പെടുത്തലും ഭവനസന്ദർശനവുമെല്ലാമെല്ലാം. രോഗികളെ സുഖപ്പെടുത്തുന്നതിൽ തന്റെ ദിവ്യസ്പർശം ഏറ്റം പറ്റിയ മാർഗമായി എത്ര തവണ ക്രിസ്തുനാഥൻ ഉപയോഗിച്ചിരിക്കുന്നു. കാലവും സ്ഥലവും കൊണ്ടു ദൂരത്തിരിക്കുന്ന നാം വിചാരിക്കും അവിടുന്നു എന്തിന് ഇത്ര കഷ്ടപ്പെട്ട് ഓടിനടന്നുവെന്ന്. ആ ശതാധിപൻ പറഞ്ഞതുപോലെ അവിടുത്തെ ഒരു വാക്കു മതി, എന്റെ ഭൃത്യൻ സുഖപ്പെടാൻ എന്ന്. മനുഷ്യാവതാരത്തിൽ ക്രിസ്തു സ്വയം ഏറ്റെടുത്ത ക്രമത്തിൽ അതു പോരാ. എത്രയും കൂടുതൽ മനുഷ്യവ്യക്തികളുമായി സമ്പർക്കപ്പെടുവാൻ അവിടുന്ന് ആഗ്രഹിച്ചു.

## സ്ഥിരബന്ധം

എന്നാൽ ചിത്രശലഭം പോലെ പാറിപ്പറന്നു നടക്കുന്ന ബന്ധങ്ങളല്ല ക്രിസ്തുവിന്റേത്. ശക്തവും സ്ഥായിയുമായ രൂപമുണ്ട് അവയ്ക്ക്. ക്രിസ്തുവിനോടുള്ള സ്നേഹബന്ധത്തിന്റെ അടിസ്ഥാനത്തിൽ തന്നെ. അവിടുന്ന് ഇടപെട്ട വളരെയേറെപ്പേരിൽ കുറെയാളുകളെ ചേർത്തുനിർത്തി അവിടുത്തോട് കൂടുതൽ സമ്പർക്കപ്പെടുവാനും അനുഗ്രഹങ്ങൾ പ്രാപിക്കുവാനും പന്തിരുവരുണ്ട്, എഴുപത്തിരണ്ടു ശിഷ്യന്മാരുണ്ട്, പിന്നെ വേറെയാളുകളുമുണ്ട്, ക്രിസ്തുവിനോട് സ്ഥിരബന്ധത്തിൽ ഏർപ്പെട്ടവരെന്നു സുവിശേഷം സാക്ഷിക്കുന്നവരായി. ഈദൃശ സ്ഥിരബന്ധത്തിൽ നിന്നാണ് ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ഉത്ഭവം. അങ്ങനെ ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ ചെറിയ കൂട്ടമുണ്ടായിരുന്നു ക്രിസ്തുവിന്റെ കൂടെ. അവർക്കു ഒരു കൂട്ടമായി പുലർന്നുപോവാൻ തങ്ങളുടെ നാഥനോടുള്ള ആശ്രയബന്ധം മതിയായിരുന്നു, മണവാളൻ അവരോടുകൂടെയുണ്ടായിരുന്നപ്പോൾ. എന്നാൽ മണവാളൻ മറഞ്ഞു കഴിഞ്ഞതിനുശേഷമോ?

www.malankaralibrary.com

### ഐക്യം

ക്രിസ്തുവിന്റെ സ്വർഗാരോഹണത്തിനുശേഷം പെന്തക്കുസ്താ യിൽ വിശുദ്ധ റൂഹാ ആവസിച്ചതിനുശേഷം ക്രിസ്തുവിന്റെ അനുയാ യികൾ അവിടുത്തെ നാമത്തിൽ ഒന്നിച്ചുനിന്നിരുന്നു. കർത്താവുമായി അവർക്കു ഓരോരുത്തർക്കുമുണ്ടായിരുന്ന അനുഭവങ്ങൾ അതിനു അവരെ പ്രചോദിപ്പിച്ചു. ക്രിസ്തുവിന്റെ ആത്മാവായ വിശുദ്ധ റൂഹാ അവരെ നടത്തിക്കൊണ്ടുപോയി. അതുകൊണ്ട് വിശ്വസിച്ച ജനക്കൂട്ട ത്തിന് ഒരു ഹൃദയവും ഒരു ആത്മാവുമായിരുന്നുവെന്നു വിശുദ്ധ ഗ്രന്ഥ കാരൻ രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം അവരെ ഒന്നിപ്പിച്ചു. ക്രിസ്തുവിന്റെ ബലി അവരെ ഒരു കൂട്ടമാക്കി. ക്രിസ്തു വിന്റെ അധികാരം അവരെ ഒന്നിപ്പിൽ നിലനിറുത്തി. അങ്ങനെ ക്രിസ്തു വിലുള്ള ഐക്യമായിരുന്നു വിശ്വാസികളുടെ ഐക്യവും. ഈ ഐക്യ ത്തിന്റെ കഥ ആദിമസഭയുടെ മാത്രമല്ല. അന്നുമുതൽ ഇന്നുവരെയുള്ള താണ്. ഇന്നും അമ്പതുകോടിയിലധികം വിശ്വാസികളെ ഒന്നിച്ചു നിർത്തുന്നതു ക്രിസ്തുവിലുള്ള ഐക്യം തന്നെ.

### വളർച്ച

പക്ഷേ ഒന്നിച്ചുനിന്നാൽ മാത്രം മതിയോ, സഭ സജീവസമൂഹ മായി വളർന്നുവരാൻ ഐക്യമുണ്ട്, സഭാംഗങ്ങൾ ഒരേ അധികാര ത്തിൻകീഴ് ഒരേ വിശ്വാസം പുലർത്തി ഒരേ ബലിയിൽ സംബന്ധിക്കു മ്പോൾ. പക്ഷേ അതുകൊണ്ട് ജീവനുണ്ടോ, വളർച്ചയുണ്ടോ? സഭ പഠി പ്പിക്കുന്നതെല്ലാം വിശ്വസിക്കുന്നുവെന്ന് ഏറ്റുപറയുകയും, ഞായറാഴ്ച തോറും പള്ളിയിൽ പോകാനും ഇടയ്ക്കിടയ്ക്ക് കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കുവാനും തയാറാവുകയും ചെയ്യുന്ന എത്രയോ പേരുണ്ട് നല്ല കത്തോലിക്കരെന്ന് അഭിമാനിക്കുന്നവരായി. പക്ഷേ അവർക്ക് ക്രിസ്തുവുമായുള്ള ബന്ധത്തിന്റെ സജീവത അനുഭവവേ ദ്യമാകുന്നില്ല. എന്താണ് കാരണം? കുമ്പസാരവും കുർബാനയുമെല്ലാം പതിവുകർമ്മങ്ങളാണ്. അവയുടെ പിന്നിലെ ക്രിസ്തുവുമായി സമ്പർക്ക പ്പെടാൻ അവർക്കു തരപ്പെടാതെ പോവുന്നു; പലസ്തീനായിൽ ചുറ്റി സഞ്ചരിച്ച് നന്മ ചെയ്ത കർത്താവുമായി അവർ ബന്ധപ്പെടുന്നില്ല. തന്റെ ജീവിതകാലത്ത് എല്ലാവരുമായി ബന്ധപ്പെട്ട ക്രിസ്തു ഇന്നും തന്റെ അനുയായികളോട് ബന്ധപ്പെടുന്നുവെന്ന് അവർക്ക് അറിഞ്ഞുകൂടാ.



### സാന്നിദ്ധ്യം

വിശ്വാസികളായ നമുക്ക് ഓരോരുത്തർക്കും ബന്ധപ്പെടാവുന്ന ക്രിസ്തു സഭയിലാണ്. സഭയെന്നുവെച്ചാൽ സാർവത്രികസഭയല്ലേ? അതിലെ എല്ലാ അംഗങ്ങളോടും എങ്ങനെ ഒരാൾക്കു ബന്ധപ്പെടാൻ സാധിക്കും? ഒരിക്കലും സാധ്യമല്ല; ബന്ധപ്പെടാവുന്നതു പ്രാദേശിക സമൂഹത്തോടാണ്. ആ സമൂഹത്തിലെ മറ്റു അംഗങ്ങളോടാണ്. ആ ഓരോ കൂട്ടത്തിലും ക്രിസ്തുവിന്റെ സാന്നിദ്ധ്യമുണ്ട്. ആ കൂട്ടവുമായി ബന്ധപ്പെടുമ്പോൾ നാം ക്രിസ്തുവുമായി ബന്ധപ്പെടുന്നു. അതുകൊണ്ട് ആ കൂട്ടത്തിലെ അംഗങ്ങൾ പരസ്പരം സമ്പർക്കം പുലർത്തണം. ആ പരസ്പരബന്ധം ഒരു കൂട്ടായ്മയ്ക്ക് രൂപം കൊടുക്കുന്നു. ആ കൂട്ടാ യ്മയിലാണ് ക്രിസ്തു. തന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ കൂടു മ്പോൾ അവരുടെയിടയിൽ താനുണ്ട് എന്ന് അരുളിച്ചെയ്ത ക്രിസ്തു വിശുദ്ധ ബലിയിൽ ഒന്നിച്ചു സമ്മേളിക്കുന്ന തന്റെ വിശ്വാസികളുടെ യിടയിൽ തീർച്ചയായും സന്നിഹിതനാണ്.

### ജീവന്റെ ലക്ഷണം

വിശുദ്ധ ബലിക്കായി സമ്മേളിക്കുന്ന സ്ഥിരമായ സമൂഹങ്ങളുണ്ടെ ന്നതാണ് ക്രിസ്തുവിന്റെ സഭയുടെ പ്രത്യേകത; അവയാണ് ഇടവക കൾ. ഓരോ ഇടവകയിലും സ്ഥിരമായ അംഗങ്ങളല്ലേ ഉള്ളത്. ഒരേ കൂട്ടമല്ലേ ഓരോ ഞായറാഴ്ചയും വിശുദ്ധ ബലിക്കു ഒന്നിച്ചു കൂടുന്ന ത്. അതുകൊണ്ട് ക്രിസ്തുവുമായി സ്ഥിരമായ സമ്പർക്കത്തിൽ വളരു ന്നതിന് ഓരോ വിശ്വാസിക്കും സാധിക്കുന്നു. വിശ്വാസികളുടെ പര സ്പരസമ്പർക്കത്തിൽ ഇടവകയും വളരുന്നു. ഈ വളർച്ച ജീവന്റെ ലക്ഷണമാണ്. ജീവൻ നിലനില്ക്കുന്നതിന് സ്ഥിരവും നിരന്തരവുമായ അടിസ്ഥാനം ആവശ്യമാണ്. അങ്ങനെയൊന്ന് ഇടവകയിലുണ്ട്. ഒരേ അംഗങ്ങൾ ഉള്ളതുകൊണ്ട് സ്ഥിരവും കൂടെക്കൂടെ തമ്മിൽ തമ്മിൽ ഇടപെടാൻ സാധിക്കുന്നതുകൊണ്ട് നിരന്തരവും.

### അടിസ്ഥാനം

വിശുദ്ധ കൂദാശകൾക്ക് അണഞ്ഞതുകൊണ്ടു മാത്രം ആദ്ധ്യാത്മി കജീവിതത്തിന് സ്ഥിരമായ അടിസ്ഥാനം ലഭ്യമാകുന്നില്ല. കാരണം ഒരു വ്യക്തിക്ക് എപ്പോൾ വേണമെങ്കിലും മാറ്റിവയ്ക്കാവുന്നതാണ് കൂദാ ശാസ്വീകരണം. അതുപോലൊന്നാണോ ഇടവകയിലെ മറ്റ് അംഗങ്ങ

www.malankaralibrary.com

ളുമായുള്ള കൂട്ടായ്മ? ഒരിക്കലുമല്ല. എത്ര തീക്ഷ്ണനായ വിശ്വാസിക്കാണെങ്കിലും വിശുദ്ധ രഹസ്യങ്ങളോട് നിരന്തരം ബോധപൂർവ്വം ബന്ധപ്പെട്ടു നില്ക്കാൻ വിഷമമാണ്. അങ്ങേയറ്റം ദിവസംതോറും വിശുദ്ധ കുർബാനയിൽ സംബന്ധിക്കാനും ദിവ്യകാരുണ്യം അനുഭവിക്കാനുമല്ലേ പറ്റൂ. എന്നാൽ അതുപോലെയല്ല മറ്റു വിശ്വാസികളോടുള്ള ബന്ധം. ഇടവകയിലെ എല്ലാ അംഗങ്ങളുമായും എപ്പോഴും ബന്ധപ്പെടുവാൻ സാധിക്കുകയില്ലായിരിക്കും. പക്ഷേ സ്വന്തം വീട്ടിലെ മറ്റു അംഗങ്ങളില്ലേ? അവരും വിശ്വാസികളല്ലേ? വീട്ടിനു പുറത്തും മറ്റുള്ളവരുമായി ബന്ധപ്പെടാൻ എത്ര അവസരങ്ങളുണ്ട്.

ക്രിസ്തീയ കൂട്ടായ്മയിൽ മറ്റ് അംഗങ്ങളുമായും അങ്ങനെ ക്രിസ്തുവുമായും നിരന്തരം ബന്ധപ്പെടുവാനുള്ള സാധ്യത ഓരോ വിശ്വാസിക്കും സ്വന്തം ഇടവകയിലാണുള്ളത്.

## വരൾച്ച

ഓരോരുത്തരും വ്യക്തിപരമായി ദൈവാനുഗ്രഹം പ്രാപിക്കാൻ ശ്രമിക്കുകയും അതേ സമയം തന്റെ അയൽക്കാരനെ അവഗണിക്കുകയും ചെയ്യുന്നതല്ലേ ഇന്നത്തെ നമ്മുടെ വലിയ പരാധീനത? അതായത് സ്വർഗത്തിലുള്ള ക്രിസ്തുവിനോട് ബന്ധമാവാം, സഭയുടെ കൂട്ടായ്മയിൽ കുടികൊള്ളുന്ന ക്രിസ്തുവിനോട് സമ്പർക്കപ്പെടാൻ വിസമ്മതിക്കുകയും ചെയ്യുന്നു. കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയുകയും കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളം പറയുന്നുവെന്നല്ലേ കർത്താവ് പറയുന്നത്. അങ്ങനെ നാമെല്ലാം ഒരു വിധത്തിൽ ദൈവത്തിന്റെ മുമ്പിൽ ആത്മാർത്ഥതയില്ലാത്തവരാണ്. ഈ ആത്മാർഥതയുടെ അഭാവത്തിൽ ശരിയായ ആദ്ധ്യാത്മികജീവിതം എങ്ങനെ സാധ്യമാവും? എങ്ങനെ നമ്മൾ ആദ്ധ്യാത്മികമായി വളരും? ഇന്ന് നമുക്ക് വാസ്തവത്തിൽ വളർച്ചയല്ല വരൾച്ചയാണ്. ഈ വരൾച്ചയുടെ കാരണം ഇടവകയുടെ കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ നാം നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നില്ലെന്നതുതന്നെ.

## സഹകരിക്കുക

ഇടവകയാണ് വിശ്വാസിയുടെ ആധ്യാത്മികജീവിതത്തിന്റെ അടിസ്ഥാനം. അവിടെ ഓരോ വിശ്വാസിയും മറ്റുള്ളവരോടൊന്നിച്ചു വിശുദ്ധ



കുർബാന അർപ്പിക്കുന്നു. അവിടെ നിന്നു വിശുദ്ധ കൂദാശകൾ സ്വീകരിക്കുന്നു. ചിലരുണ്ട് ഇടവകപള്ളിയിലല്ലാതെ ഏതെങ്കിലും പള്ളിയിൽ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുകയും വിശുദ്ധ കൂദാശകൾ സ്വീകരിക്കുകയും ചെയ്യുന്നതുകൊണ്ട് തൃപ്തിപ്പെടുന്നവരായി. അവർക്ക് സഭയിലെ കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ ആധ്യാത്മിക ജീവിതം സാധ്യമാവുന്നില്ല. സ്വന്തം ഇടവകയിൽ തന്നെ ക്രിസ്തുവിന്റെ സഭയെ ദർശിച്ചെങ്കിലേ ക്രിസ്തുവുമായി ദൃശ്യവും വ്യക്തവുമായ സമ്പർക്കത്തിൽ ഏർപ്പെടുവാൻ ഓരോ വിശ്വാസിക്കും സാധിക്കുകയുള്ളു. അതുകൊണ്ട് ഇടവകപ്പള്ളി കുമ്പസാരിക്കാനും കുർബാന സ്വീകരിക്കാനുമുള്ള ഒരിടം മാത്രമല്ല, നമ്മുടെ കൂടെയുള്ള ക്രിസ്തുവുമായി ഇടപെടാനുള്ള മാർഗ്ഗമാണ്. അവിടെ വിശ്വാസികൾ വിശുദ്ധ ബലിക്ക് ഒന്നിച്ചു കൂടുന്നു, ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ പേരിൽ. അതേ സ്നേഹം അവിടെ കൂടുന്നവരെ ഒന്നിച്ചു നിർത്തുകയും, പരസ്പരം സ്നേഹിക്കുകയും സഹകരിക്കുകയും ചെയ്യുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ഓരോ ഇടവകയിലും സ്നേഹത്തിന്റെ പുതിയ കൂട്ടായ്മ രൂപമെടുക്കുന്നു, വളർന്നു വരുന്നു. അതോടെ എത്ര വിവിധവും പ്രധാനവുമായ പരസ്നേഹപ്രവർത്തനങ്ങളായിരിക്കും തുടങ്ങി പുലർന്നുപോരിക, ഇടവകാംഗങ്ങൾക്ക് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ.

## പൊരുത്തപ്പെടണം

ഇടവകാടിസ്ഥാനത്തിലുള്ള ആദ്ധ്യാത്മിക ജീവിതത്തിന്റെ പരപ്പും ആഴവും ഇന്നും നാം അനുഭവിച്ചറിഞ്ഞിട്ടില്ല. വിശ്വാസമുണ്ട്, വിശ്വാസാചരണമുണ്ട്. അത് നമ്മെ ക്രിസ്തുവിന്റെ സാർവത്രികസഭയുമായി ബന്ധപ്പെടുത്തി നിറുത്തുന്നു. അതേ സമയം ആദ്ധ്യാത്മികമായി ഒട്ടും വളരുന്നില്ലെന്നു നാം പരാതിപ്പെടുകയും ചെയ്യുന്നു. എങ്ങനെ വളരും? ഓരോ വിശ്വാസിയും സ്വന്തം വ്യക്തിത്വം പുലർത്താനും വളർത്താനും ശ്രമിക്കാതെ ഓരോരുത്തനും സ്വന്തമായ ചിന്തയും പ്രവർത്തനവുമില്ലാതെ. യഥാർത്ഥമായ ക്രിസ്തീയ ജീവിതത്തിന്റെ വളർച്ചയ്ക്ക് ഓരോ വിശ്വാസിയും മനുഷ്യനായി അവതരിച്ച ക്രിസ്തുവുമായി പൊരുത്തപ്പെടാൻ ശ്രമിക്കണം, ക്രിസ്തുവിന്റെ മൗതികശരീരമായ സഭയുമായി ത്തന്നെ. നാം ബന്ധപ്പെടുന്നത് നമ്മുടെ ഇടവകയിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിനോടാണ്. അങ്ങനെ ഓരോ വിശ്വാസിയും തന്റെ

www.malankaralibrary.com

വ്യക്തിപരമായ ചിന്തയും പ്രവർത്തനവും ഇടവകയിലെ മറ്റ് അംഗങ്ങളുമായി പൊരുത്തപ്പെടുത്തി പൊതുവായ അടിസ്ഥാനത്തിൽ ഒന്നിച്ചു ജീവിക്കാൻ ശ്രമിക്കുമ്പോഴേ യഥാർത്ഥമായ ക്രിസ്തീയ ജീവിതം സാധ്യമാകുന്നുള്ളു. ഇടവകാംഗങ്ങൾ പൊതുവായ ചർച്ചയിലും പ്രവർത്തനത്തിലും ഒന്നിക്കുമ്പോൾ ഇടവകയ്ക്ക് വ്യക്തത്വമായി. ആധ്യാത്മിക വളർച്ചയ്ക്ക് അടിസ്ഥാനവുമായി. ഇടവകയുടെ പൊതുവായ വളർച്ചയ്ക്ക് മാത്രമല്ല, ഓരോ വിശ്വാസിയുടെയും വളർച്ചയ്ക്കും.

*ക്രൈസ്തവകാഹളം, 1968 ഒക്ടോബർ*



# 27

# സഭയും സാമൂഹികപ്രവർത്തനവും - I

## 1. 'എനിക്കു കരുണ തോന്നുന്നു'

സുവിശേഷത്തിൽ രണ്ടു പ്രാവശ്യമേ നാം കാണുന്നുള്ളു കർത്താവ് അപ്പം പെരുക്കി ജനങ്ങളെ തീറ്റിപ്പോറ്റിയതായി. അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെയും, ഏഴപ്പംകൊണ്ട് നാലായിരം പേരെയും. ഇതുപോലെ വേറെയും അത്ഭുതങ്ങൾ അവിടുന്ന് പ്രവർത്തിച്ചുവോയെന്ന് നമുക്ക് അറിഞ്ഞുകൂടാ; ഉണ്ടായിരുന്നുവെങ്കിൽ സുവിശേഷകന്മാർ അതും പറയുമായിരുന്നു. എങ്ങിനെയായാലും അതിന്റെ പിന്നിൽ പ്രവർത്തിച്ച കരുണാമനോഭാവം അവിടുത്തേ വ്യക്തിത്വത്തിന്റെ തന്നെ മൗലികപ്രകടനമായിരുന്നു. നാലപ്പംകൊണ്ട് ഏഴായിരം പേരെ സംതൃപ്തരാക്കുന്നതിനുമുമ്പ് അവിടുന്നു പറഞ്ഞു, ജനക്കൂട്ടത്തിന്റെമേൽ തനിക്ക് കരുണ തോന്നുന്നുവെന്. ഓരോ പ്രാവശ്യവും വേദനയനുഭവിക്കുന്നവരെ സഹായിച്ചപ്പോഴും ഇതു തന്നെയല്ലേ പരോക്ഷമായി അവിടുന്ന് പ്രസ്താവിച്ചത്. അവിടുന്ന് മനുഷ്യനായി അവതരിച്ചത്, അധ്വാനിക്കുന്നവരുടെയും ഭാരം വഹിക്കുന്നവരുടെയും വേദന മാറ്റാനല്ലെങ്കിൽ.

ശരിയാണ്, മനുഷ്യനെ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊണ്ടുപോകുകയാണ് ക്രിസ്തുവിന്റെയും അവിടുത്തെ തുടർച്ചയായ സഭയുടെയും അടിസ്ഥാന പ്രവർത്തന ലക്ഷ്യം. സ്വർഗ്ഗത്തിൽ ദൈവത്തെ കണ്ട് ആനന്ദിക്കുന്നത് പ്രധാനമായി മനുഷ്യാത്മാവുമാണ്. മനുഷ്യാത്മാവിനാണല്ലോ ദൈവത്തോട് കൂടുതൽ സാദൃശ്യമുള്ളതും ദൈവത്തെ നേരിട്ടു അനുഭവിക്കാൻ സാധിക്കുന്നതും. അതുകൊണ്ട് സ്വർഗ്ഗസായുജ്യത്തിൽ ശരീരത്തിന് പങ്കില്ലന്ന് വരുന്നില്ല. പൊതുവിധിയോടെ മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുമെന്ന് നാം വിശ്വസിക്കുന്നു,

www.malankaralibrary.com

ആത്മാവോടും ശരീരത്തോടും കൂടി. അതിനുശേഷം നിത്യമായ ആനന്ദത്തിന് നല്ലയാളുകൾ പങ്കാളികളാകുന്നു. ആത്മാവോടും ശരീരത്തോടും കൂടിത്തന്നെ. അതുകൊണ്ട് മനുഷ്യാത്മാക്കളെ രക്ഷിക്കുവാനാണ് യേശുക്രിസ്തു പ്രവർത്തിച്ചതെന്ന് പറഞ്ഞാൽ അത് ഭാഗികസത്യമേ ആകുകയുള്ളു. വാസ്തവത്തിൽ ആത്മാവും ശരീരവും വേർപെടുത്തി കാണുന്നത് ബൈബിളിലെ അടിസ്ഥാന ചിന്തയുമായി പൊരുത്തപ്പെടുന്നതല്ല. അവിടെ എപ്പോഴും വ്യക്തികളെപ്പറ്റിയാണ് പരാമർശം, ദൈവത്തോട് നേരിട്ട് ബന്ധപ്പെടുന്ന വ്യക്തികളെപ്പറ്റി. എന്തുകൊണ്ടാണ് മിശിഹാ ലൗകികരാജ്യം സ്ഥാപിക്കുമെന്ന് ചിലർ തെറ്റിദ്ധരിച്ചത്? ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി മാത്രമാണ് മിശിഹാ വരുന്നതെന്ന് ഒരിടത്തും പറയാത്തതുകൊണ്ടു തന്നെ. സുവിശേഷത്തിലെ ഉപമകളും ഉപദേശങ്ങളുമെല്ലാം മനുഷ്യ വ്യക്തികളെ അടിസ്ഥാനമാക്കിയുള്ളതാണ്, അല്ലാതെ ശരീരത്തിൽ നിന്ന് വ്യത്യസ്തമായ അരൂപിയെമാത്രം ഉദ്ദേശിച്ചുള്ളതല്ല. യേശുക്രിസ്തുവിന്റെ ഇതേ മനോഭാവമായിരുന്നു, ശ്ലീഹന്മാർക്കും ഉണ്ടായിരുന്നതും ആദിമസഭയിൽ പ്രകടമായതും. ശ്ലീഹന്മാർ സഭയിലെ ക്ലേശിതരെ സഹായിക്കുവാൻ പൊതുസ്വത്ത് കൈകാര്യം ചെയ്തിരുന്നുവെന്ന് നടപടി പുസ്തകത്തിൽ നാം വായിക്കുന്നു. യറുശലേമിലെ വിശുദ്ധർക്കായി പൗലോസുശ്ലീഹാ സംഭാവനകൾ സ്വീകരിച്ചിരുന്നതായി എബ്രായക്കാർക്കുള്ള ലേഖനത്തിലും നാം വായിക്കുന്നു. അങ്ങനെ ആത്മീയോപദേശം നല്കിയിരുന്നതിനൊടൊപ്പം വിശ്വാസികളുടെ ശാരീരികാവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുന്നതിനും സഭ താല്പര്യം പ്രദർശിപ്പിച്ചിരുന്നുവെന്നത് വ്യക്തമായ വസ്തുതയാണ്.

ക്രിസ്തുവും ശ്ലീഹന്മാരും തുടങ്ങി വച്ച പരോപകാര പ്രവർത്തനങ്ങൾ സഭയിൽ എക്കാലവും തുടർന്നിരുന്നുവെങ്കിലും അവയുടെ പിന്നിലെ വീക്ഷണത്തിൽ മാറ്റം വന്നുകൊണ്ടിരുന്നു. അവയിൽ പ്രധാനം, സഭയുടെ പ്രവർത്തനം മനുഷ്യാത്മാക്കളെ ഉദ്ദേശിച്ചായിരിക്കണമെന്ന ചിന്താഗതിയാണ്. അതിന് വഴിയൊരുക്കിയത് മനുഷ്യനിൽ ആത്മാവും ശരീരവും വ്യത്യസ്തവും വിഭിന്നവുമായ രണ്ടു ഘടകങ്ങളാണെന്നുള്ള അരിസ്റ്റോട്ടേലിയൻ തത്വചിന്തയാണ്. അത് തികച്ചും ശരിയുമാണ്. എന്നാൽ സഭയും സഭാധികാരികളും ഒരോ വ്യക്തികളോടുമുള്ള പെരുമാറ്റത്തിൽ അങ്ങനെയൊരു വേർതിരിവ് മുൻനിറുത്തി പ്രവർത്തിക്കുമ്പോൾ, അതായത് ആത്മാവിന് വേണ്ടി മാത്രം പ്രവർത്തി



ച്ചാൽ മതിയെന്ന തീരുമാനത്തിലെത്തുമ്പോൾ, ആദിമസഭയുടെ ചിന്താശുദ്ധിയിൽനിന്ന് അകന്നുപോകുന്നു. ഇന്ന് സഭയിൽ തന്നെ പലരും ചോദിക്കുന്നുണ്ട്, മെത്രാന്മാരും വൈദികരും ഉപകാരപ്രവർത്തനങ്ങളിൽ സമയം ചിലവഴിക്കണമോ? വിശ്വാസികളുടെ ആധ്യാത്മികാവശ്യങ്ങൾ നിർവഹിച്ചാൽ പോരേ, എന്ന്. എന്താണ് ഈ സംശയത്തിന് കാരണം? വേദപുസ്തകത്തിന്റെ അടിസ്ഥാന ചിന്തയിൽ നിന്നകന്ന് അരിസ്റ്റോട്ടിലിന്റെ തത്വചിന്തയിൽ കുരുങ്ങിയെന്നുള്ളതുതന്നെ. അടുത്തകാലത്ത് തെറ്റായ വീക്ഷണങ്ങളിൽ നിന്നു സഭ ഉയിർത്തെഴുന്നേറ്റു കൊണ്ടിരിക്കുകയാണ്. സഭാധികാരികളുടെ പ്രഥമ ചുമതലകൾ ആധ്യാത്മിക കാര്യങ്ങളെ മുൻനിറുത്തിയാണെങ്കിലും പരോപകാര പ്രവർത്തനങ്ങൾക്കും ഗണ്യമായ ഒരു സ്ഥാനം അവർ കൊടുക്കണമെന്ന് ഇന്ന് സഭയിൽ മിക്കവാറും എല്ലാവരും തന്നെ സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു.

വയറു വിശക്കുന്നവനോട് വേദമോതിയാലെന്തു പ്രയോജനമെന്ന് ആധ്യാത്മികപ്രവർത്തനങ്ങളിൽ മാത്രം മുഴുകി ജീവിക്കുന്നവർക്ക് സ്വയം ചോദിക്കാവുന്നതാണ്. മനുഷ്യന് ഏറ്റം ആദ്യം നിറവേറേണ്ട ആവശ്യങ്ങൾ അവന്റെ ശരീരത്തിന്റേതാണ്. ശരീരത്തിന്റെ സുഖകരമായ പ്രവർത്തനത്തിലാണ് വാസ്തവത്തിൽ ആത്മാവിനു ശരിയായി പ്രവർത്തിക്കുവാൻ സാധിക്കുന്നത്. ഇന്നത്തേ ലോകത്തിൽ വലിയ ഭൂരിപക്ഷം ആളുകൾ ദൈവത്തിൽ നിന്നകന്നു നില്ക്കുന്നത് തങ്ങളുടെ ജീവിതാവശ്യങ്ങൾ നിർവഹിക്കാൻ ഉഴലുന്നതുകൊണ്ടാണ്. യേശുക്രിസ്തുവിന്റെ ജീവിതകാലത്തു പാലസ്ഥീനായിൽ അനേകം കുഷ്ഠരോഗികളും മുടന്തരും കുരുടരും ചെകിടരുമുണ്ടായിരുന്നുവെന്ന് സുവിശേഷങ്ങളിൽ നിന്നു നാം മനസിലാക്കുന്നു, അവരെ കർത്താവ് സുഖപ്പെടുത്തിയതായും. ഇന്ന് കുഷ്ഠരോഗികളും കുരുടരും പിശാചുബാധിതരുമെല്ലാമുണ്ട്. ലൈംഗികദുർവാസനകളുടെ കുഷ്ഠരോഗവും സ്വന്തം കാര്യം മാത്രം കാണുന്ന അന്ധതയും സമരവാസനകളുടേതായ പിശാചു ബാധയുമെല്ലാമായിരിക്കുമെന്നു മാത്രം. ഈ രോഗമെല്ലാം ഓരോരുത്തരും ധാർമ്മികമായി നല്ലവരായാൽ മാറുമെന്നു വിചാരിക്കുന്നതുശരിയല്ല, ഓരോരുത്തന്റെയും പിടിയിൽ നില്ക്കുന്ന സാഹചര്യങ്ങളല്ല ഇന്നത്തേത്, എന്നതുകൊണ്ട് എല്ലാവരുടേയും അതായത് ഓരോരുത്തരുടേയും ജീവിതസാഹചര്യങ്ങൾ മെച്ചപ്പെട്ടെങ്കിൽ മാത്രമേ ഈ രോഗങ്ങൾക്ക് പൂർണ്ണമായ നിവാരണമുണ്ടാകുകയുള്ളു. അതാ

www.malankaralibrary.com

യത് ഓരോ മനുഷ്യനും തന്റെ അയൽക്കാരനെ അവന്റെ ശരീരാവശ്യങ്ങളുടെ പേരിൽ സഹായിക്കണം. സമുദായത്തിനു മൊത്തത്തിൽ അതിനുള്ള പദ്ധതികളുണ്ടാവണം. അതിനു സഭയും സഭാധികാരികളും നേതൃത്വം കൊടുത്ത് പ്രവർത്തിച്ചെങ്കിലേ പലപ്പോഴും കാര്യങ്ങൾ നടക്കുകയുള്ളു.

സാമൂഹിക പ്രവർത്തനങ്ങൾ സഭയുടെ ഇന്നത്തെ പ്രധാന ചുമതലയാകകൊണ്ട് സഭയുടെ അടിസ്ഥാനദൗത്യം മറന്നുകളയാമെന്നില്ല. ആധ്യാത്മികമായ ആഭിമുഖ്യമില്ലാതെ പരോപകാരപ്രവർത്തനങ്ങളിൽ ഇടപെടുന്നത് ക്രിസ്തീയാരൂപിയ്ക്ക് ഒട്ടും ചേരുന്നതല്ല. ശരീരത്തെ മറന്ന് ആത്മാവിനെ പരിഗണിക്കുന്ന തെറ്റാണു നമ്മുടെ മുമ്പേ വന്നവർ ചെയ്തതെങ്കിൽ, ആത്മാവിനെ മറന്ന് ശരീരത്തെ കാര്യമാക്കുന്ന തെറ്റാണ് നമ്മിൽ പലരുടേതും. അന്നത്തേത് ക്രിസ്തു തന്ന ഔദാര്യത്തിന്റെ ഭാഗികമായ ദർശനമായിരുന്നെങ്കിൽ ഇന്നത്തേത് ആ ദൗത്യത്തിന്റെ തന്നെ പൂർണ്ണമായ അവഗണനയാണ്. സാമൂഹികപ്രവർത്തനത്തിന്റെയും മറ്റും പേരിൽ തങ്ങളുടെയും മറ്റുള്ളവരുടെയും ആധ്യാത്മികകാര്യങ്ങൾ അപ്രധാനമായി തള്ളുന്നതല്ലേ ഇന്നു സഭയിലുള്ള പല പ്രവർത്തനങ്ങളുടെയും അടിസ്ഥാന ദൂഷ്യം. നാം പ്രേഷിതപ്രവർത്തനമെന്നു വിളിക്കുന്ന സാമൂഹിക പരിപാടികളിലൂടെയെല്ലാം ഓരോ വ്യക്തിയുടെയും എല്ലാ വ്യക്തികളുടെയും ആധ്യാത്മികോന്നമനം സാധിക്കണമെന്നതാണ് സഭയുടെ ഇന്നത്തെ വലിയ ആവശ്യം.

അതുകൊണ്ട് ഓരോ പ്രാവശ്യവും നാം മറ്റുള്ളവരെ സഹായിക്കുമ്പോഴും ആത്മീയോപദേശങ്ങൾ കൊടുക്കാൻ ശ്രമിക്കണമെന്നല്ല അർത്ഥം. അതു പലപ്പോഴും ലക്ഷ്യം പ്രാപിക്കാൻ നമ്മെ സഹായിക്കുന്നില്ല. ഭക്ഷ്യസാധനങ്ങൾ കൊടുത്തു വിശ്വാസികളെ പള്ളിയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നവരുണ്ട്. അവർ തന്നെ അധികം താമസിയാതെ മനസിലാക്കും, തങ്ങളുടെ നല്ല ഉദ്ദേശങ്ങൾ സാധിതമാകുന്നില്ലെന്ന്. വല്ലപ്പോഴും വല്ലതും ചെയ്യുന്നതിന്റെ മേൽ ആത്മീയോദ്ദേശ്യങ്ങളും കെട്ടിവയ്ക്കുന്നതുകൊണ്ട് ആരുമൊന്നും നേടാൻ പോകന്നില്ല. വേറിട്ട പ്രവർത്തനങ്ങളല്ല പൊതുവായ മുന്നേറ്റമാണ്, ഒറ്റപ്പെട്ട ശ്രമമല്ല, തുടർന്നു പ്രവർത്തിക്കുന്ന പദ്ധതികളാണ്, ഇന്ന് ആവശ്യം. ഓരോ രാഷ്ട്രവും പൊതുവായ മുന്നേറ്റത്തിനും പദ്ധതിയ്ക്കും ശ്രമിക്കുന്നുണ്ടല്ലോ. അവ പലപ്പോഴും വിജയിക്കുന്നുമില്ല. എന്താണ് അവയുടെ



പരാജയകാരണം? മനുഷ്യനെ മൊത്തത്തിൽ ആത്മാവും ശരീരവുമുള്ള വ്യക്തിയായി പരിഗണിച്ചു പ്രവർത്തിക്കുന്നില്ല, എന്നതല്ലാതെ, വെറും ഭൗതികസ്ഥാപനങ്ങൾ പരാജയപ്പെടുന്നിടത്ത് സഭയ്ക്കു വിജയിക്കുവാൻ സാധിക്കും. മനുഷ്യനെ മനുഷ്യനായി കാണുവാൻ ശ്രമിക്കുമെങ്കിൽ, അതായത്, വേണ്ടത്ര ആധ്യാത്മികാഭിമുഖ്യത്തോടെ സാമൂഹികോന്നമന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ ഭൗതികഘടകങ്ങൾക്കു സഭ നേതൃത്വം കൊടുക്കണം.

രണ്ടായിരം കൊല്ലം മുമ്പ് ക്രിസ്തു ചെയ്തതുതന്നെയാണ് സഭ ഇന്നും പ്രവർത്തിയിൽ കൊണ്ടു വരേണ്ടത്. അവിടുന്ന് മനുഷ്യനെ ആത്മാവും ശരീരവുമായി മുറിച്ചുകാണുവാൻ ഒരുമ്പെട്ടില്ല. സഭയ്ക്കും അങ്ങനെ വേർതിരിവ് ചേരുന്നതല്ല. സഭ ആത്മാവും ശരീരവുമുള്ള വ്യക്തികളെ നോക്കിക്കാണണം, അവരുടെ സാമൂഹിക കെട്ടുപാടുകളോടുകൂടിത്തന്നെ, വ്യക്തിയെ അവന്റെ ചുറ്റുമുള്ള കൂട്ടത്തിൽ ഉൾപ്പെട്ടവനായും, അവനേപ്പോലെ അനേകരടങ്ങുന്ന രാഷ്ട്രത്തിലെ പൗരനായും വിവിധതരത്തിലുള്ള എല്ലാവരെയും ഉൾക്കൊള്ളുന്ന ലോകത്തിലെ മനുഷ്യനായും. അങ്ങനെയൊരു യഥാതഥ ദർശനമല്ലേ 'ജനപദങ്ങളുടെ മുന്നേറ്റ'മെന്ന അടുത്ത കാലത്തേ വിശ്വലേഖനത്തിൽ പരിശുദ്ധപിതാവ് പ്രതിഫലിപ്പിച്ചു കാണിക്കുന്നത്. 'എനിക്കു കരുണ തോന്നുന്നു' എന്ന നാഥന്റെ ഉദീരണത്തിന്റെ ക്രിയാത്മകമായ പ്രതിധ്വനി. ആ സ്വരം സജീവമാക്കിപുലർത്തുന്ന എത്രയേറെ സംഘടനകൾ ഇന്നീ ലോകത്തിലുണ്ട് ! 'മിസേരെയോർ' എന്ന ജർമ്മൻ സംഘടന തന്നെ ലോകത്തിലാകെ എത്രയേറെ പ്രവർത്തനങ്ങൽക്കു സഹായിച്ചുകൊണ്ടിരിക്കുന്നു? മിസേരെയോർ എന്ന ലത്തീൻ പദത്തിന്റെ, അർത്ഥം തന്നെ 'എനിക്ക് കരുണ തോന്നുന്നു' വെന്നാണ്. പക്ഷേ ആ വാക്യം നാം ഓരോരുത്തരിലും സജീവമായി മാറ്റൊലിക്കൊണ്ടു തുടങ്ങിയിട്ടുണ്ടോ?

***ക്രൈസ്തവകാഹളം, 1967 സെപ്തംബർ***

www.malankaralibrary.com

# 28

# സഭയും സാമൂഹികപ്രവർത്തനവും - 2

## 'ദരിദ്രർക്ക് സുവിശേഷം അറിയിക്കുക'

"യോഹന്നാൻ കാരാഗൃഹത്തിൽ വച്ച് മിശിഹായുടെ പ്രവൃത്തികളെക്കുറിച്ച് കേട്ടിട്ട് തന്റെ ശിഷ്യരെ അയച്ച്, അവനോട്, വരുവാനിരിക്കുന്നവൻ നീയാകുന്നുവോ അതോ മറ്റൊരുവനെ ഞങ്ങൾ കാത്തിരിക്കണമോ? എന്നു ചോദിച്ചു. ഈശോ ഉത്തരമായി അരുളിച്ചെയ്തു: പോയി നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുന്നവ യോഹന്നാനെ അറിയിക്കുവീൻ; കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർക്കുന്നു, ദരിദ്രരോട് സുവിശേഷം അറിയിക്കപ്പെടുന്നു"

ഇവിടെ കർത്താവ് തന്റെ ദിവ്യ ദൗത്യത്തിന് അടയാളങ്ങൾ പറഞ്ഞുകൊടുക്കുകയാണ്. എന്താണ് ഒരുവൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനാണെന്നതിന്റെ അടയാളം? അത്ഭുതങ്ങൾ തന്നെ. കാരണം അത്ഭുതങ്ങൾ ദൈവത്തിന്റെ പ്രവൃത്തികളാണ്. അങ്ങനെ താൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനാണെന്ന് തെളിയിക്കുവാൻ യേശുക്രിസ്തു അത്ഭുതങ്ങൾ പ്രവർത്തിച്ചു. അവ മറ്റുള്ളവർക്ക് ചൂണ്ടിക്കാണിക്കുകയും ചെയ്തു. അവയിൽ പെടുന്നു കുരുടർ കാണുക, മുടന്തർ നടക്കുക മുതലായവ. എന്നാൽ ദരിദ്രർക്ക് സുവിശേഷം അറിയിക്കപ്പെടുന്നുവെന്നത് അത്ഭുതമൊന്നുമല്ലല്ലോ. പിന്നെ എങ്ങനെ അതിന് അത്ഭുതങ്ങളുടെ കൂടെ, താൻ മിശിഹായാണെന്ന് തെളിയിക്കുന്ന സ്ഥാനം കിട്ടി? ഇത് മനസ്സിലാക്കുവാൻ മേൽപ്പറഞ്ഞ അടയാളങ്ങളെ രണ്ടാമതൊന്ന് വിശകലനം ചെയ്യുക. കർത്താവ് ചെയ്ത അത്ഭുതങ്ങളെല്ലാം കഷ്ടപ്പെടുന്നവരെ സഹായിക്കുവാൻ വേണ്ടിയായിരുന്നു. വെറും കാഴ്ചയ്ക്കുവേണ്ടി അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ സാത്താൻ അവിടുത്തെ പരീ



ക്ഷിച്ചു. പക്ഷെ അവിടുന്നുണ്ടോ അതിനു വഴങ്ങുന്നു. അവിടുന്നു പറയുന്നു, അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും തന്റെ അടുത്തു വരാൻ എന്ന്. അങ്ങനെ യേശുക്രിസ്തു എന്തൊക്കെ ചെയ്തോ അതെല്ലാം കഷ്ടപ്പെടുന്നവരെ സഹായിക്കുവാനായിരുന്നു. അവിടുന്നു സുവിശേഷം അറിയിക്കുന്നതും അങ്ങനെയുള്ളവർക്കു തന്നെ. ഈയടിസ്ഥാനത്തിലാണ് 'ദരിദ്രർക്ക് സുവിശേഷം അറിയിക്കുക' യേശുക്രിസ്തുവിന്റെ ദൗത്യ നിർവഹണത്തിന്റെ പ്രത്യക്ഷ ലക്ഷണമാകുന്നത്.

ദരിദ്രർക്ക് പ്രാധാന്യം കൊടുത്തുവെന്നത് മിശിഹായുടെ സവിശേഷതയാണ്. അദ്ദേഹത്തിന് മുമ്പ് എത്രയോ ആളുകൾ നല്ല ഉപദേശങ്ങളുമായി മുമ്പോട്ടു വന്നു? ആരെയാണ് അവർ സമീപിച്ചത്? സമൂദായത്തിലെ സമ്പന്നന്മാരെയും പ്രമാണികളെയും തന്നെ. ഇന്നും അതു തന്നെയല്ലേ നടക്കുന്നത്? ഏതെങ്കിലും കാര്യം സാധിക്കുവാൻ വരുന്ന ആൾ അവിടത്തെ പ്രധാനികളെ കണ്ട് തിരികെപ്പോകും. ഈ രീതിയ്ക്ക് മാറ്റം വന്നിട്ടുണ്ട്, ജനാധിപത്യത്തിന്റെ ആവിർഭാവത്തോടുകൂടി. എന്നാൽ ഈ ജനാധിപത്യത്തിന്റെ ആദ്യപാഠങ്ങൾ ആരാണ് പഠിപ്പിച്ചത്? അധ്വാനിക്കുന്നവരെ തന്റെ പക്കലേയ്ക്കു ക്ഷണിച്ച ക്രിസ്തു തന്നെ. ഓരോ മനുഷ്യവ്യക്തിയേയും മനുഷ്യനെന്ന നിലയിൽ, സമ്പന്നനോ സമർത്ഥനോ എന്ന നിലയിലല്ലാതെ, നോക്കിക്കാണുവാൻ സാധിക്കുന്നവനേ ദരിദ്രർക്ക് സുവിശേഷം അറിയിക്കുവാൻ സാധിക്കുകയുള്ളു. 'ദരിദ്രർക്ക് സുവിശേഷം അറിയിക്കുക' തന്റെ ജീവിത ദൗത്യമായി സ്വീകരിച്ചപ്പോൾ ഓരോ മനുഷ്യനെയും ദൈവത്തിന്റെ മകനെന്ന നിലയിൽ കണ്ട് അവന്റെ പ്രശ്നങ്ങൾ പരിഹരിക്കുവാനാണ് അവിടുന്ന് ശ്രമിച്ചത്. ക്രിസ്തുവിന്റെ സഭയുടെ ദൗത്യവും ഇതുതന്നെ. സഭയെ മറ്റു സമൂഹങ്ങളിൽ നിന്ന് തിരിച്ചറിയുന്നതും ഇതുകൊണ്ട് തന്നെയായിരിക്കണം.

യേശുക്രിസ്തു സുവിശേഷം അറിയിച്ച് തന്റെ അനുയായികളാക്കിയത് കൂടതലും ദരിദ്രരെയായിരുന്നു. ശ്ലീഹന്മാരും അങ്ങനെ തന്നെ ചെയ്തു. ഇന്ന് ക്രിസ്തുവിന്റെ സുവിശേഷം കൂടുതലായി പ്രചരിക്കുന്നത് അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെയിടയിലാണ്. എന്താണ് സമുദായത്തിന്റെ താഴേക്കിടയിലുള്ളവരിൽ ക്രിസ്തുവും അവിടത്തെ ശിഷ്യന്മാരും കൂടുതൽ ശ്രദ്ധ പതിക്കുവാൻ കാരണം? അവരാണ് മേലേക്കിടയിലുള്ളവരേക്കാൾ പുതിയ ഉപദേശങ്ങളിൽ കൂടുതൽ താല്പര്യം

www.malankaralibrary.com

കാണിക്കുന്നത്. പ്രയാസം അനുഭവിക്കുന്നവനാണല്ലോ പ്രയാസത്തിൽ നിന്നു കരകയറുവാൻ തുണ ആവശ്യം. താൻ അനുഭവിക്കുന്ന ദുരിതം നിവാരണം ചെയ്യുവാൻ ആരും ആഗ്രഹിക്കും. പക്ഷേ ദാരിദ്ര്യം അനുഭവിക്കുന്നവൻ ദാരിദ്ര്യമില്ലാതാക്കുവാനല്ലേ മറ്റുള്ളവരെ ആശ്രയിക്കുക? ആധ്യാത്മികോപദേശത്തിന് അവൻ എന്തെങ്കിലും പ്രാധാന്യം കല്പിക്കുമോ? ഭൗതിക വിഷമതകളിൽ ഉഴലുന്നവൻ സ്വർഗ്ഗത്തിലെത്തിക്കുന്ന മാർഗ്ഗദർശനത്തിനും വഴങ്ങിക്കൊടുത്തുവെന്ന് വരാം ഈ ലോകജീവതത്തിൽ നിരാശ പൂണ്ട്. പക്ഷേ അക്കൂട്ടത്തിൽ പെടുന്നവർ തുലോം ചുരുക്കമാണ്. സാധാരണഗതിയിൽ ഈ ലോകജീവിതത്തിൽ ഒരുവന്റെ ആശ പെട്ടെന്ന് അടഞ്ഞുപോകുന്നില്ല. അതുകൊണ്ട് സ്വർഗ്ഗീയജീവിതത്തിന്റെ ഉറപ്പു മാത്രം കൊടുത്ത് സുവിശേഷം പ്രചരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളവരാരും അത്ര വിജയിച്ചിട്ടില്ല, പ്രത്യേകിച്ച് ഭൗതികവിജയം വാഗ്ദാനം ചെയ്യുന്ന മറ്റു നിരവധി മാർഗ്ഗങ്ങളുള്ള ഇന്നത്തേ ലോകത്തിൽ ഒട്ടും വിജയിക്കാൻ പോകുന്നില്ല.

സഭയുടെ ചരിത്രം പരിശോധിച്ചുനോക്കിയാലറിയാം, പരലോകഭാഗ്യം മാത്രം വാഗ്ദാനം ചെയ്തുകൊണ്ടല്ല മിക്കവാറും മിഷനറിമാർ പ്രവർത്തിച്ചിരുന്നതെന്ന്. ശ്ലീഹന്മാരുടെ കാലത്തു തന്നെ സഭയിൽ ചേരുന്നവരെ ഭൗതികമായി സഹായിക്കുവാൻ കർമ്മപദ്ധതികളുണ്ടായിരുന്നു. അഞ്ചാം നൂറ്റാണ്ടിനു ശേഷം യൂറോപ്പിലെ കിരാതരെ മാനസാന്തരപ്പെടുത്താൻ ശ്രമിച്ചതോടൊപ്പം, ബനഡിക്ടയിൻ സന്യാസികളും മറ്റും അവരെ കൃഷിയും മറ്റു തൊഴിലുകളും പഠിപ്പിക്കാൻ ദത്തശ്രദ്ധരായിരുന്നു. പന്ത്രണ്ടും പതിമ്മൂന്നും നൂറ്റാണ്ടോടുകൂടി എല്ലാവർക്കും അറിവു പകരുന്നതിന് സഭ കൂടുതൽ പരിഗണന കൊടുത്തു തുടങ്ങി. ഇന്നും ഒരു വിധത്തിൽ പറഞ്ഞാൽ അതേ രീതി തന്നെയാണ് തുടരുന്നത്. വിദ്യാഭ്യാസരംഗത്ത് ക്രിസ്ത്യൻ മിഷനറിമാർ എത്ര വലിയ സേവനമാണ് ചെയ്തിട്ടുള്ളത്, ഇന്നും ചെയ്യുന്നത്. ഭൗതികവിജയം നേടിക്കൊടുക്കുന്ന വിദ്യാഭ്യാസപ്രവർത്തനവും സഭയുടെ പ്രവർത്തനത്തിൽ പെടുന്നതാണോയെന്ന് ഇന്ന് പലരും സംശയിക്കുന്നുണ്ട്. ക്രിസ്തു ഒരിക്കലും ആദ്ധ്യാത്മികോപദേശം കൊണ്ടു മാത്രം തൃപ്തിപ്പെട്ടില്ലെന്നാണ് ആ സംശയത്തിനുള്ള ഉത്തരം. സഭയോ ക്രിസ്തുവിന്റെ പ്രവർത്തനവീക്ഷണം തുടരുക മാത്രം ചെയ്യുന്നു. യൂറോപ്പിലെ കിരാതരുടെ ഭൗതികമായ ഉന്നമനത്തിനുവേണ്ടി ക്രിസ്ത്യൻ സന്യാസികൾ പ്രവർത്തിച്ചതിൽ തെറ്റില്ലെങ്കിൽ ഇന്ന് ലോക



മെങ്ങും മിഷനറിമാർ വിദ്യാഭ്യാസപ്രവർത്തനത്തിൽ ഏർപ്പെടുന്നതും സിദ്ധാന്തപരമായി ശരിയാണ്. പക്ഷേ ഒരു കാര്യം, മേല്പറഞ്ഞ പ്രവർത്തനങ്ങളുടെ പ്രഥമലക്ഷ്യം സുവിശേഷ പ്രചരണമാണ്. അതുകൊണ്ട് നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ പ്രസ്തുത ലക്ഷ്യം നിറവേറുന്നില്ലെങ്കിൽ അവ സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ ഭാഗമല്ലാതായിത്തീരുന്നു.

വാസ്തവത്തിൽ നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിലയെന്താണ്? അവയിലൂടെ സുവിശേഷപ്രചരണം അസാദ്ധ്യമായിക്കൊണ്ടിരിക്കുകയാണ്. അവയിൽ പഠിച്ചു പുറത്തിറങ്ങുന്ന വിദ്യാർത്ഥികളുടെ സ്വഭാവരൂപവല്ക്കരണത്തിൽ ഇന്ന് പ്രവർത്തനസാദ്ധ്യതയുണ്ടെന്നത് ശരിതന്നെ. എന്നാലും സഭയുടെ മുഖ്യമായ പ്രേഷിതപ്രവർത്തനം വിദ്യാഭ്യാസരംഗത്തായിരിക്കണമോയെന്ന് ബലമായി സംശയിക്കണം. മാത്രമല്ല ഏതൊരു രംഗത്തും സഭ മുമ്പേ പോകുന്നതേയുള്ളു. ആ രംഗത്ത് പ്രവർത്തിക്കുവാൻ വേറെ ആളുകൾ വന്നു കഴിഞ്ഞാൽ സഭ അവിടെ നിന്നു പിൻവാങ്ങുന്നു. ബനഡിക്ടയിൻ സന്യാസികൾക്ക് തൊഴിലിലേർപ്പെടുക പ്രധാന ദൗത്യമായി തോന്നിയെങ്കിൽ അവർക്ക് പിന്നീട് വന്ന ഡോമിനിക്കൻ സന്യാസികൾ പ്രധാനമായെടുത്തത് പഠനവും പ്രസംഗവുമാണ്. അതുപോലെ പതിനാറാം നൂറ്റാണ്ടിൽ ഉത്ഭവിച്ച ഈശോസഭയിലെ അംഗങ്ങൾ വിദ്യാഭ്യാസത്തിന് മുഖ്യസ്ഥാനം നല്കി. എന്നാൽ ഇന്ന് തുടങ്ങുന്ന സന്യാസസമൂഹങ്ങളാകട്ടെ ആതുരസേവനമോ സാമൂഹികപ്രവർത്തനമോ ആയിരിക്കും തങ്ങളുടെ മുഖ്യകർത്തവ്യമായി കാണുക. ലോകത്തിലെ മിക്ക രാജ്യങ്ങളിലും വിദ്യാഭ്യാസപ്രവർത്തനം സഭയുടെ, പ്രത്യേകിച്ച് വൈദികരുടെ ചുമതലയല്ലെന്ന് വന്നു തുടങ്ങിയിട്ടുണ്ട്. നമ്മുടെ നാട്ടിലും പ്രസ്തുത ജോലി സഭയിലെ അല്മായരെ ഏല്പിച്ചിട്ട് വൈദികരും സന്യാസികളും കൂടുതൽ സേവനവും അർപ്പണവും ആവശ്യമായ രംഗങ്ങളിലേക്ക് ഇറങ്ങേണ്ട കാലമായിയെന്നാണ് എനിക്ക് തോന്നുന്നത്.

ഇന്നത്തെ പുതിയ ലോകത്തിന്റെ ആവശ്യമനുസരിച്ച് ദരിദ്രർക്ക് സുവിശേഷം അറിയിക്കാൻ പുതിയ രംഗങ്ങൾ നാം ആരായേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തിലും മറ്റും ദരിദ്രർക്ക് മാത്രമല്ലല്ലോ പ്രയോജനമുണ്ടാകുന്നത്. അവരെ മാത്രം ഉദ്ദേശിച്ചല്ലെങ്കിലും അവർക്ക് കൂടുതൽ ഗുണം ഉണ്ടാകത്തക്ക വിധത്തിൽ വേണം സഭയും മിഷനറിമാരും പ്രവർത്തിക്കുവാൻ. അങ്ങനെ ചെയ്യുന്നതിൽ വേറൊരു മെച്ചമുണ്ട്. സമു

www.malankaralibrary.com

ദായത്തിലെ സമ്പന്നരും പ്രധാനികളും നിലവിലിരിക്കുന്ന വ്യവസ്ഥിതിയോട് ബന്ധപ്പെട്ടു കിടക്കുന്നവരാണ്; ആ ബന്ധങ്ങൾ വേർപെടുത്തുവാൻ ഇഷ്ടപ്പെടുന്നവരുമല്ല. പുതിയ വ്യവസ്ഥിതി കെട്ടിപ്പടുക്കുവാൻ ഈ ബന്ധങ്ങൾ പ്രതിബന്ധമായിട്ടും യേശുക്രിസ്തു ദരിദ്രരിൽ കൂടുതൽ താത്പര്യം പ്രദർശിപ്പിച്ചത് അവർ കൂടുതൽ കരുണ അർഹിക്കുന്നതുകൊണ്ട് മാത്രമാണെന്ന് തോന്നുന്നില്ല. ഒരു പുതിയ വ്യവസ്ഥിതിയുണ്ടാക്കുകയായിരുന്നു അവിടത്തേ ലക്ഷ്യം; ഇന്നും സഭയുടേതും അതുതന്നെ. ദൈവരാജ്യമെന്ന്, ക്രിസ്തു പറയുന്നതിന്റെ അർത്ഥം, ഭൂമിയിൽ തന്റെ ഇഷ്ടം ചെയ്യുന്നവരുടെ കൂട്ടമെന്നാണ് അതായത് പുതിയ വ്യവസ്ഥിതിയെന്നു തന്നെ. 'പുതിയ ആകാശവും പുതിയ ഭൂമിയു'മെന്ന് യോഹന്നാൻശ്ലീഹാ വെളിപാടു പുസ്തകത്തിൽ ദൈവരാജ്യത്തെക്കുറിച്ചു പറയുന്നു. ഇന്ന് കമ്മ്യൂണിസ്റ്റ്കാർ അത് തെറ്റായ രീതിയിൽ പാടുന്നു; ക്രിസ്ത്യാനികളായ നാം അത് മറന്നു കളയുന്നു. പുതിയ നാളെയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ ഏതൊരു ക്രിസ്ത്യാനിയും ബാദ്ധ്യസ്ഥനാണ്, പ്രത്യേകിച്ച് ഇന്നത്തേ ലോകത്തിൽ, നമ്മുടെ ഭാരതമാകട്ടെ വലിയ പ്രതിസന്ധിയിലാണ്, ബൃഹത്തായ പരിവർത്തനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. അതിൽ ക്രിസ്ത്യാനികളായ നമ്മുടെ പങ്ക് എങ്ങനെ നിർവഹിക്കും. അധ്വാനിക്കുന്നവരുടെയും ഭാരം വഹിക്കുന്നവരുടെയുമിടയിൽ പ്രവർത്തിച്ചുകൊണ്ടു തന്നെ. അതിന് സുവിശേഷത്തിനായി തങ്ങളുടെ ജീവിതം അർപ്പിക്കുന്നവർ തന്നെ മുൻകൈ എടുക്കണം.

എന്താണ് നാം ചെയ്യുക? കഴിഞ്ഞ കാലത്തും ദരിദ്രരെ നാം സഹായിച്ചിട്ടുണ്ട്. ആ സഹായങ്ങൾ തന്നെ കൂടുതൽ വർദ്ധമാനമാക്കിയാൽ മതിയോ? പോരായെന്നു വേണം പറയുവാൻ. കാരണം നാം ഇതുവരെ ചെയ്തിരുന്നത് വ്യക്തികളുടെയോ ചെറിയ സമൂഹങ്ങളുടെയോ അടിസ്ഥാനത്തിലായിരുന്നു. എന്നാൽ സുവിശേഷം അറിയിക്കുന്നത് ഒരിക്കലും ആ അടിസ്ഥാനത്തിലല്ല. യേശുക്രിസ്തു തന്നെ കൂട്ടങ്ങളോടാണ് എപ്പോഴും പ്രസംഗിച്ചിട്ടുള്ളത്. വ്യക്തികൾക്കു ചെയ്ത അത്ഭുതങ്ങൾ തന്നെ സമൂഹത്തിന് മൊത്തം അടയാളങ്ങളായി ഭവിച്ചു. വ്യക്തികളെ ഓരോരുത്തരായി ശിഷ്യന്മാരാക്കിയെങ്കിലും അവിടുന്ന് അവരെ ലോകം മുഴുവൻ പ്രസംഗിക്കുവാൻ അയച്ചു. ക്രിസ്തുവിനു ശേഷം മിഷനറിമാർ പ്രവർത്തിച്ചതും സമൂഹത്തെ മുഴുവൻ ലാക്കാക്കിയായിരുന്നു. ബനഡിക്ടയിൻ സന്യാസിമാർ മാതൃകാ കൃഷിസ്ഥലങ്ങൾ തുട



ങ്ങിയതും ഈശോസഭാംഗങ്ങൾ വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തിയതും. അങ്ങനെ സുവിശേഷം വ്യക്തികളെ ഉദ്ദേശിച്ചാണെങ്കിലും അതിന് സമൂഹത്തെ മുഴുവൻ എത്തിപ്പിടിക്കുന്ന കാഴ്ചപ്പാടുണ്ട്. അതുകൊണ്ട് ദരിദ്രർക്ക് സുവിശേഷമറിയിക്കുകയെന്ന ലക്ഷ്യത്തിൽ നാം സാമൂഹികപ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ അതിന്റെ പിന്നിൽ സമൂഹത്തിന്റെ മൊത്തത്തിലുള്ള ദർശനമുണ്ടായിരിക്കണം. വാസ്തവത്തിൽ അതുതന്നെയല്ലേ ഇന്ന് ഭാരതത്തിന് ആവശ്യവും? വ്യക്തികളേയും ചെറിയ സമൂഹങ്ങളേയും മാത്രം ലാക്കാക്കി പ്രവർത്തിക്കുന്നതുകൊണ്ട് ഇന്നത്തെ നമ്മുടെ വ്യവസ്ഥിതിക്ക് യാതൊരു മാറ്റവും വരാൻ പോകുന്നില്ല. ഇൻഡ്യയ്ക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ചത് ഇൻഡ്യയെ മുഴുവൻ ഒന്നിച്ച് നോക്കിക്കണ്ട് അതനുസരിച്ചുള്ള വീക്ഷണവും പ്രവർത്തനവും ജനങ്ങൾക്ക് കൊടുക്കാൻ ഗാന്ധിജിക്ക് സാധിച്ചതുകൊണ്ടാണ്. അതിൽ ഗാന്ധിജിയെ പ്രചോദിപ്പിച്ചത് ക്രിസ്തുവിന്റെ സുവിശേഷമായിരുന്നു. ഗാന്ധിജിയുടെ ശിഷ്യന്മാരെന്ന് അവകാശപ്പെടുന്ന ഇന്നത്തെ നേതാക്കന്മാരവട്ടെ അദ്ദേഹത്തിന്റെ ദർശനവും പ്രചോദനവും വിസ്മരിച്ചുകളഞ്ഞിരിക്കുന്നു. അതാണ് നമ്മുടെ പ്രശ്നങ്ങൾ, പ്രത്യേകിച്ച് സാമ്പത്തികരംഗത്തുള്ളവ അപരിഹൃതമായി കിടക്കുവാൻ കാരണം. അതുകൊണ്ട് നേതാക്കന്മാരിലും സർക്കാറുകളിലും വലുതായി ആശ്രയിക്കാതെ ഗാന്ധിജി വിഭാവനം ചെയ്ത രീതിയിൽ രാജ്യത്തെ പ്രശ്നങ്ങളെ മൊത്തത്തിൽ നോക്കിക്കാണുന്ന പദ്ധതികളാണ് ഇന്ന് നമുക്കാവശ്യം.

നമ്മുടെ ഇന്നത്തെ പ്രശ്നങ്ങളെ യഥാതഥം മനസ്സിലാക്കി സാമൂഹികപ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ ദരിദ്രർക്ക് സുവിശേഷമറിയിക്കുകയെന്ന ദൈവികദൗത്യം നാം നിർവഹിക്കുകയായിരിക്കും ചെയ്യുന്നത്. മിശിഹായെ സംബന്ധിച്ചിടത്തോളം ദരിദ്രരോടുള്ള കരുണ തന്റെ ദൗത്യത്തിന്റെ പ്രത്യക്ഷലക്ഷണമായിരുന്നു. ക്രിസ്തുവിന്റെ സഭയെ മറ്റുള്ള സമൂഹങ്ങളിൽ നിന്ന് തിരിച്ചറിയുന്നതിനുള്ള അടയാളവും അതായിരിക്കും, പ്രത്യേകിച്ച് കുരുടർക്ക് കാഴ്ച കൊടുക്കുക മുതലായ അത്ഭുതങ്ങളിൽ ആശ്രയിക്കാൻ ഒക്കാത്ത ഇക്കാലത്ത്. അതുകൊണ്ട് അത്ഭുതപ്രവർത്തനത്തിന്റെ സമയം കഴിഞ്ഞുവോ? തോന്നുന്നില്ല. സുവിശേഷത്തിൽ പറയുന്നതുപോലുള്ള അത്ഭുതങ്ങളല്ല പ്രത്യുത ക്രിസ്തുവിന്റെ അനുയായികൾ സാധാരണപ്രവർത്തനങ്ങളിൽ ഒന്നിച്ചു നിന്ന് അത്ഭുതഫലങ്ങളാണ് പുറപ്പെടുവിക്കാൻ പോകുന്നത്. ആസൂ

www.malankaralibrary.com

ത്രിതവും സംഘടിതവുമായ സാമൂഹികപ്രവർത്തനം അത്ഭുതം സൃഷ്ടിക്കും, ഗാന്ധിജി ചെയ്തതുപോലെ സുവിശേഷത്തിൽ നിന്ന് പുതിയ ദർശനവും പ്രചോദനവും സ്വീകരിക്കുകയാണെങ്കിൽ. ആ അത്ഭുതത്തിൽ നിന്നായിരിക്കും ഭാരതം ക്രിസ്തുവിനെയും ക്രിസ്തുവിന്റെ സഭയെയും തിരിച്ചറിയുക.

*ക്രൈസ്തവകാഹളം, 1967 ഒക്ടോബർ*



# 29

# സഭയും സാമൂഹികപ്രവർത്തനവും - 3

## വലതുവശത്തു വീശുവീൻ

വിശുദ്ധ ലൂക്കോസും വിശുദ്ധ യോഹന്നാനും അത്ഭുതകരമായ മീൻപിടുത്തത്തെപ്പറ്റി രണ്ടു സന്ദർഭങ്ങളിലായി സംസാരിക്കുന്നു. ഒന്ന്, കർത്താവിന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിലും മറ്റേത് സ്വർഗ്ഗാരോഹണത്തിന് തൊട്ടുമുമ്പും, രണ്ടും ഒരേ സംഭവത്തെക്കുറിച്ചാണെന്ന് പറയുന്നവരുണ്ട്; പക്ഷേ, വ്യത്യസ്തം തന്നെയായിരിക്കണം. ഏതായാലും നമ്മുടെ പ്രശ്നമതല്ല. കർത്താവ് തന്റെ ശിഷ്യന്മാർക്ക് തൊഴിൽപരമായ ഉപദേശം നല്കിയെന്നതും തദനുസാരം പ്രവർത്തിച്ചപ്പോൾ അത്ഭുതകരമായ ഫലം കിട്ടിയെന്നതുമാണ് ഇവിടെ പരിഗണനാർഹം. ക്രിസ്തുവിന്റെ പ്രവർത്തനം തുടരുന്ന സഭയ്ക്ക് തൊഴിൽ കാര്യത്തിലും ഉപദേശം നല്കുന്ന ചുമതലയുണ്ടോ? അത്തരം ഉപദേശം കൊണ്ട് ഇനിയും അത്ഭുതകരമായ ഫലമുണ്ടാകുമോ? ഇവ പരിഗണനാർഹങ്ങളായ ചോദ്യങ്ങളാണ്.

സാന്ദർഭികമായി ഒരു കാര്യം പറയട്ടെ. കർത്താവിന്റെ ജീവിത സംഭവങ്ങൾ അന്ന് പലസ്തീനായിൽ ജീവിച്ചിരുന്നവർക്ക് മാത്രം വേണ്ടിയായിരുന്നുവെന്ന് ഇടുങ്ങി ചിന്തിക്കുന്ന പ്രവണത ഇന്നും നമ്മുടെ ഇടയിലുണ്ട്, പ്രത്യേകിച്ച് അത്ഭുതങ്ങളെപ്പറ്റി. താൻ മിശിഹായാണെന്ന് ജനങ്ങൾക്ക് തെളിയിച്ചുകൊടുക്കുകയായിരുന്നുവല്ലോ അത്ഭുതങ്ങളുടെ ഉദ്ദേശ്യം. എന്നാൽ ഇന്നും ക്രിസ്തുവിന്റെ സഭ സത്യസഭയാണെന്ന് മറ്റുള്ളവർ മനസ്സിലാക്കണ്ടേ. അതുകൊണ്ട് യേശുക്രിസ്തുവിന്റെ കാലത്ത് നടന്നതുപോലെ അത്ഭുതങ്ങൾ ഇന്നും നടക്കണം. രണ്ടും ഒരേതരത്തിലുള്ളതായിരിക്കണമെന്നില്ല. അന്ന് കർത്താവ് വ്യക്തിപരമായ നിലയിൽ ചെയ്തത് സഭ ഇന്ന് സാമൂഹികമായ തുറ

www.malankaralibrary.com

യിൽ ചെയ്യണം. തന്റെ ഉപദേശത്തിനും പ്രസംഗത്തിനും കുഴപ്പം വരാത്ത വിധത്തിൽ കർത്താവ് മറ്റ് രംഗങ്ങളിലും മനുഷ്യരെ സഹായിച്ചു. അതുതന്നെയാണ് ഇന്ന് സഭ ചെയ്യേണ്ടത്. തന്റെ ദൈവിക ദൗത്യം വിസ്മരിക്കാതെ മറ്റു രംഗങ്ങളിലും ഇടപെട്ട് അത്ഭുതകരമായ ഫലം ഉളവാക്കുന്നുവെന്നതായിരിക്കും സഭയെ മറ്റു സമൂഹങ്ങളിൽ നിന്ന് തിരിച്ചറിയുന്ന ഒരു അടയാളം അന്നത്തേതിന്റെ അത്രയും സംഭ്രമജനകമായ പ്രവർത്തനങ്ങളായിരിക്കയില്ല ഇന്നത്തേത്. എന്നാൽ രണ്ടും ക്രിസ്തുവിനെ ലോകത്തിന് മനസ്സിലാക്കിക്കൊടുക്കുന്നു. ചുരുക്കത്തിൽ അത്ഭുതകരമായ മീൻപിടുത്തം ഇന്നും നടക്കേണ്ടതുണ്ട്.

ഈ അത്ഭുതത്തിൽ രണ്ടു കാര്യമാണ് പ്രധാനമായി ഉള്ളത്, കർത്താവ് കൊടുത്ത നിർദ്ദേശവും അതനുസരിച്ചപ്പോൾ ശിഷ്യന്മാർക്ക് ലഭിച്ച അത്ഭുതകരമായ പ്രതിഫലവും. ക്രിസ്തുവിന്റെ സ്ഥാനത്തു നിന്ന് സഭ ഇന്നും നിർദ്ദേശം കൊടുക്കണം, ഓരോ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും. എന്നാൽ ക്രിസ്തുവിനുള്ളതുപോലെ ത്രികാലദർശനം സഭയ്ക്കില്ല. പക്ഷേ ഒന്നുണ്ട്, സ്നേഹത്തിൽ ക്രിസ്തുവിനോട് ഒന്നിച്ചിരിക്കുന്ന വിശ്വാസികളുടെ കൂട്ടായ്മ. ഓരോരുത്തനും മറ്റൊരുവന്റെ പേരിലുള്ള താത്പര്യം. ഇത് നിസ്സാരമായ കാര്യമല്ല. തൊഴിലിൽ മുഴുകിയിരിക്കുന്നവർക്ക് അതിന്റെ കുറ്റവും കുറവും കണ്ടുപിടിക്കുക മിക്കവാറും അസാദ്ധ്യമാണ്. എന്നാൽ അയാളെ താത്പര്യത്തോടെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന വേറൊരാൾക്ക് എവിടെയാണ് പോരായ്കയെന്ന് മനസ്സിലാക്കുവാൻ കൂടുതൽ എളുപ്പമുണ്ട്. ഈ പ്രത്യേകത കൂടുതൽ സങ്കീർണ്ണമാണ് ഇക്കാലത്ത് ആർക്കും ഒരു തൊഴിലും ഒറ്റപ്പെട്ടു ചെയ്യുക സാധ്യമല്ല. എല്ലാം എല്ലാമായി കെട്ടുപിണഞ്ഞുകിടക്കുന്നു. ഏറ്റം സ്വാശ്രയിയെന്ന് നാം കരുതുന്ന കർഷകന്റെ കാര്യം തന്നെയെടുത്തുനോക്കുക. അവന് കച്ചവടക്കാരനും വ്യവസായിയും സർക്കാറുദ്യോഗസ്ഥനുമായെല്ലാം ബന്ധം പുലർത്തിയെങ്കിലേ തന്റെ തൊഴിൽ ലാഭകരമായി ചെയ്യാൻ സാധിക്കുകയുള്ളു. പല തുറകളിലെ സംഭവവികാസങ്ങൾ അയാൾ നിരീക്ഷിച്ചുകൊണ്ടിരിക്കേണ്ടതുണ്ട്. തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് തനിയെ ഇത് സാധ്യമല്ല. അവർക്ക് തൊഴിലിൽ നിന്ന് മാറിനിന്ന് രംഗനിരീക്ഷണം ചെയ്യുന്നവരെ ആവശ്യമുണ്ട്. അതായത് സമയങ്ങളിൽ മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും കൊടുക്കുവാനും വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹകരിപ്പിക്കാനും. ഇതാണ് സഭയിൽ അർപ്പണമനോഭാവ



ത്തിൽ പ്രവർത്തിക്കുന്നവർക്കുള്ള രംഗം.

വേറിട്ട തുറകളിലുള്ളവരെ ഏകോപിപ്പിക്കാനുള്ള ശ്രമം നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. പദ്ധതിയുടെയും സംവിധാനത്തിന്റെയുമെല്ലാം ലക്ഷ്യമതാണല്ലോ. എന്നാൽ നമ്മുടെ ഭാരതത്തിലെ പ്ലാനിംഗ് പരാജയപ്പെട്ടിരിക്കുന്നുവെന്ന് അതു നടത്തുന്നവർ തന്നെ സമ്മതിച്ചു തുടങ്ങിയിട്ടുണ്ട്! എന്താണ് പരാജയകാരണം? പ്ലാനിംഗിന്റെ ആരംഭം മേലേക്കിടയിൽ നിന്ന് ആണെന്നതുതന്നെ. രാജ്യത്തിന്റെ പൊതുവായ ആവശ്യങ്ങളെ കണക്കിലെടുത്തുകൊണ്ട് രാജ്യത്ത് മൊത്തത്തിൽ ഉല്പാദനവർദ്ധനവിനെ ലാക്കാക്കി പ്ലാനിംഗ് പ്രവർത്തിക്കുന്നു. അതിൽ സാധാരണജനങ്ങൾ വേണ്ടത്ര സഹകരിക്കുന്നില്ല. എന്തുകൊണ്ടാണ് സഹകരിക്കാത്തത്? ഓരോരുത്തനും തന്റെ ആവശ്യങ്ങൾ പഞ്ചവത്സരപദ്ധതികൾ കൊണ്ട് നിർവഹിച്ചുകിട്ടുമെന്ന് പ്രതീക്ഷയില്ലാത്തതുകൊണ്ടുതന്നെ. എന്നാൽ ആസൂത്രണത്തിന്റെ ആരംഭവും അവസാനവുമെല്ലാം വ്യക്തികളിലും ചെറിയ സമൂഹങ്ങളിലുമായിരിക്കണം. അതായത് ഓരോ പ്രദേശത്തെയും ആവശ്യങ്ങൾ നടത്തികൊടുക്കുവാനുള്ള പദ്ധതികളാണ് ആദ്യം വേണ്ടത്. പിന്നെ രാജ്യത്ത് പൊതുവായുള്ളവയും. പദ്ധതികളിൽ മുടക്കുന്ന മുതലിന്റെ ഒരംശമെങ്കിലും തനിക്കും ഉപകരിക്കുന്നുവെന്ന് ബോധ്യമാകാതെ ഒരു പദ്ധതിയിലും ആരും സഹകരിക്കാൻ പോകുന്നില്ല. വലുതിലോ ചെറുതിലോ ഏതിലും.

ഇങ്ങനെ ഓരോ പ്രദേശത്തെയും ആവശ്യങ്ങൾ സാധിക്കാനുള്ള മുൻകരുതലുകൾ ഇന്ത്യൻ പ്ലാനിംഗിൽ ഏറെക്കുറെ ഉണ്ട്. പക്ഷേ അവ ഒന്നും കാര്യക്ഷമമാവുന്നില്ല. കാരണം സർക്കാരിന്റെ പ്രവർത്തനരീതി എന്തെന്ന് ജനങ്ങളോ ജനങ്ങളുടെ ആവശ്യമെന്തെന്ന് സർക്കാരോ ശരിയായി ഗ്രഹിച്ചിട്ടില്ലെന്നതുതന്നെ. ഫലമോ സർക്കാരിന്റെ ഏറ്റം നല്ല ഉദ്ദേശങ്ങൾ പോലും പ്രവൃത്തിപഥത്തിൽ വരുന്നില്ല, ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ സാധിച്ചുകൊടുക്കാൻ സർക്കാരിനും സാധിക്കുന്നില്ല. സർക്കാരിന്റെ സഹായം വിദ്യാഭ്യാസം മുതലായ സ്ഥാപിതതുറകളിൽ മാത്രമായി ഒതുങ്ങി നില്ക്കുന്നു. സാമ്പത്തികോല്പാദനം വർദ്ധിപ്പിക്കുന്നതിൽ, അതാണ് പ്ലാനിംഗിന്റെയെല്ലാം അടിസ്ഥാനലക്ഷ്യം, വ്യക്തികൾ തീർത്തും നിസ്സഹായരായി വർത്തിക്കുന്നു.

എന്താണ് ഈ ദുരവസ്ഥയ്ക്ക് പ്രതിവിധി? സർക്കാരും പൊതുജനവും തമ്മിലുള്ള പൊരുത്തക്കേടും അകൽച്ചയും ഇല്ലാതാക്കുകയെ

www.malankaralibrary.com

ന്നതുതന്നെ. രാഷ്ട്രീയ കക്ഷികൾക്ക് ചെയ്യാവുന്നതല്ല ഇത്. അവർ വ്യത്യസ്ത പാളയങ്ങളിൽ നിന്ന് പടവെട്ടിക്കൊണ്ടിരിക്കുന്നതുകൊണ്ട്. ഗാന്ധിജി പറഞ്ഞതായിരുന്നു കോൺഗ്രസ് അരാഷ്ട്രീയസംഘടനയായി മാറണമെന്ന്. കോൺഗ്രസ് അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഭാരതത്തിൽ അരാജകത്വമുണ്ടാകുമായിരുന്നുവെന്ന് പറയുന്നവരുണ്ട്. അതെങ്ങനെയുമിരിക്കട്ടെ. ജനങ്ങളുടെ ആവശ്യങ്ങൾ സർക്കാരിനെ ഗ്രഹിപ്പിക്കുകയും സർക്കാരിന്റെ പ്രവർത്തനത്തിലേയ്ക്ക് ജനങ്ങളെ ആകർഷിച്ചടുപ്പിക്കുകയും ചെയ്യുന്ന -ജനങ്ങളെയെല്ലാം ഒന്നിച്ച് അണിനിരത്തുന്ന സാമൂഹികപ്രവർത്തനഘടകം ഏതൊരു വികസ്വരരാജ്യത്തും ആവശ്യമാണ്, ഇൻഡ്യയിൽ പ്രത്യകിച്ചും. തമ്മിൽ തല്ലാതെ വ്യക്തികളുടെയും സമൂഹങ്ങളുടെയും, അങ്ങനെ രാജ്യത്തിന്റെ മുഴുവനും പുരോഗതിക്കായി എല്ലാവരും ഒന്നിച്ച് പ്രവർത്തിക്കുന്ന സാമൂഹികപ്രവർത്തനമുണ്ടാകാത്തിടത്തോളം കാലം ഇൻഡ്യയുടെ സാമ്പത്തികപരാധീനത മാറാൻ പോകുന്നില്ല.

ഇത്തരം സാമൂഹികപ്രവർത്തനത്തിന് നേതൃത്വം കൊടുക്കേണ്ടത് സഭയേപ്പോലെയുള്ള ഒരു മതസംഘടനയാണോ? അതിന് ഉത്തരം കൊടുക്കുന്നതിന് മുമ്പ് മതസംഘടനയുടെ വിവക്ഷയെന്തെന്ന് വ്യക്തമാവണം. പല മതസംഘടനകളും അതാതിന്റെ അംഗങ്ങളെ മറ്റു മതസ്ഥരുമായി സമ്പർക്കത്തിൽ പെടാൻ അനുവദിക്കാതെ ഒതുക്കിപ്പിടിക്കുകയാണ് ചെയ്യുന്നത്. അങ്ങനെയുള്ളവ മേൽപ്പറഞ്ഞ സാമൂഹിക പ്രവർത്തനത്തിന് ഒട്ടും പറ്റിയവയല്ല. പക്ഷേ അത്തരം ഒരു കാഴ്ചപ്പാടാണോ ക്രിസ്ത്യാനികളായ നമുക്കുള്ളത്? സഭയോട് കൂറു പുലർത്തിക്കൊണ്ട് തന്നെ ഇതരമതസ്ഥരേയും ഒരുപോലെ സ്നേഹിക്കുവാൻ നമുക്ക് സാധിക്കുകയില്ലേ? പ്രയാസമുള്ള കാര്യമാണ്, ക്രിസ്തുവിന്റെ അരൂപി നമുക്കില്ലാത്തിടത്തോളം കാലം. നിസ്സാരമായ സാമ്പത്തിക സഹായം കൊടുത്ത് സഭയിലേയ്ക്ക് ആളുകളെ ആകർഷിക്കുന്ന രീതികൾ എന്താണ് തെളിയിക്കുന്നത്? സഭയിൽ ചേരാനുള്ള ആളെന്നല്ലാതെ മനുഷ്യനെന്ന നിലയിൽ നമ്മുടെ സഹോദരരെ വീക്ഷിക്കുവാൻ നമുക്ക് സാധിക്കുകയില്ലെന്നു തന്നെ. ഏതായാലും യഥാർത്ഥ ക്രിസ്തീയാരൂപി നമുക്ക് ഉണ്ടെങ്കിൽ എല്ലാ മനുഷ്യരെയും ഒന്നിപ്പിക്കുന്ന സ്നേഹശക്തിയാകാൻ സാധിക്കും. അതാണ് ഭാരതത്തിലെ കത്തോലിക്കരുടെ മുമ്പിലുള്ള വെല്ലുവിളിയും. സഭ വേരൂന്നാത്ത പ്രദേശങ്ങളിൽ സർക്കാരിനെയും ജനങ്ങളെയും കൂട്ടിയിണക്കുന്ന പ്രവർത്തനം ദുസാദ്ധ്യമാ





യിരിക്കും. എന്നാൽ കേരളം പോലുള്ള പ്രദേശങ്ങളിൽ സാമ്പത്തികോല്പാദനം വർദ്ധിപ്പിക്കുവാൻ എല്ലാ മനുഷ്യരേയും പ്രചോദിപ്പിക്കുവാനും പ്രേരിപ്പിക്കുവാനും സഭയ്ക്ക് തീർച്ചയായും കഴിയും. സഭ നേരിട്ട് രംഗത്തിറങ്ങിയാൽ തെറ്റിദ്ധാരണകളുണ്ടാകുമെങ്കിൽ സഭയുടെ പരോക്ഷമായ സ്വാധീനത്തിൽപെടുന്ന സംഘടനകൾ വഴി നമുക്ക് ഇത് ചെയ്യുവാൻ സാധിക്കും.

ഈ സംഘടനകൾ ആദ്യം ചെയ്യേണ്ടത് നമ്മുടെ നാടിന്റെ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും അറിയുവാൻ ശ്രമിക്കുകയാണ്. ഈ അറിവ് പ്രധാനമായി രണ്ടു തരത്തിൽ വേണ്ടി വരും. ഒന്നാമതായി ഓരോ പ്രദേശത്തെയും ആവശ്യങ്ങൾ വ്യക്തമായി അറിയുക. ആവശ്യങ്ങളെന്നുവെച്ചാൽ കൂടുതലായി പുരോഗതിയെ കുറിക്കുന്നവ. ഓരോ സ്ഥലത്തെയും സാധ്യതകളെപ്പറ്റി ശരിയായ പഠനം നടത്തി സൃഷ്ടിപരമായി ചിന്തിച്ചെങ്കിലേ അതത് സ്ഥലങ്ങൾ സാമ്പത്തികമായി എങ്ങനെ മുന്നേറുമെന്ന് മനസ്സിലാക്കുവാൻ സാധിക്കൂ. ഏതൊരു തൊഴിലിന് എന്താണ് കുഴപ്പം? ഏതൊരു തരക്കാർക്ക് എന്തു ചെയ്യുവാൻ സാധിക്കും? വിപണിയിൽ ആവശ്യമുള്ള ഉല്പന്നങ്ങളേവ? ഉല്പാദനവും വിനിയോഗവും തമ്മിലുള്ള സമനില പാലിക്കുന്നതിനുള്ള വ്യവസ്ഥകളേവ? എന്നും മറ്റും. വളരെക്കാര്യങ്ങളേപ്പറ്റി കൂലങ്കഷമായി പഠിച്ചെങ്കിലേ ഓരോ പ്രദേശത്തെയും ഉല്പാദനം വർദ്ധിപ്പിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുക്കാനാവൂ. അതായത് ഓരോ പ്രദേശത്തും സാമ്പത്തികാസൂത്രണം വേണം. ചില വ്യക്തികൾക്കെന്നല്ല സമൂഹത്തിൽ മുഴുവൻ പ്രയോജനം വരുത്തുന്ന സാമ്പത്തികാസൂത്രണം.

പ്രാദേശികവലയിൽ സാമ്പത്തികാസൂത്രണം നിഷ്പ്രയോജനമായി ഭവിക്കും, സർക്കാരിന്റെ പൊതുവായ പദ്ധതിയുമായി പൊരുത്തപ്പെട്ടുപോയില്ലെങ്കിൽ. ഓരോ ഗ്രാമത്തിന്റെയും ആവശ്യമനുസരിച്ച് ഇൻഡ്യയ്ക്ക് മുഴുവൻ പ്ലാനിംഗ് സാധ്യമാവില്ല. പൊതുവായ ചില ആവശ്യങ്ങൾ നേടുവാൻ രാഷ്ട്രത്തിന് മൊത്തമായും സംസ്ഥാനത്തിനു പ്രത്യേകമായും നടക്കുന്ന ആസൂത്രണമനുസരിച്ച് ഓരോ പ്രദേശത്തെയും ആവശ്യനിർവഹണത്തിന് ആഭിമുഖ്യം കൊടുക്കാനേ പറ്റൂ. അതുകൊണ്ട് അരാഷ്ട്രീയസാമൂഹികസംഘടനകൾക്ക് വ്യക്തമായ ധാരണ വേണം സർക്കാർ ഓരോ സമയത്ത് എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന്. ഉദാഹണമായി, സഹകരണസംഘങ്ങൾ വഴി പണം കടം

www.malankaralibrary.com

കൊടുക്കുന്ന ഇടപാടാണെങ്കിൽ അവയുടെ നിയമങ്ങൾ ശരിയായി മനസ്സിലാക്കി വ്യക്തികൾക്ക് വേണ്ട നിർദ്ദേശം കൊടുക്കുന്നത് വലിയ സേവനമായിരിക്കും. ഇതുപോലെ തന്നെ മറ്റു തുറകളുടെയും കാര്യം. സർക്കാരിന്റെ പദ്ധതികൾ പ്രാദേശികലവലിൽ പ്രവൃത്തിയിൽ കൊണ്ടുവരേണ്ട ഉദ്യോഗസ്ഥന്മാരെപ്പറ്റി വളരെയേറെ പരാതികളുണ്ടല്ലോ. ആത്മാർത്ഥമായും ഊർജ്ജസ്വലമായും പ്രവർത്തിക്കുന്ന സാമൂഹിക സംഘടനകളുണ്ടെങ്കിൽ ഏതൊരു മടിയനായ ഉദ്യോഗസ്ഥന്മാരെക്കൊണ്ടും ജോലി ചെയ്യിക്കാൻ സാധിക്കും. ജനങ്ങളുടെ താത്പര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്ന സംഘടനകൾ ജനങ്ങളെയും ഇങ്ങനെയുള്ള കാര്യങ്ങളിൽ സഹകരിപ്പിക്കാൻ വളരെയേറെ ഉപകരിക്കുകയും ചെയ്യും.

പ്രാദേശിക ലവലിലുള്ള സാമ്പത്തികസർവ്വേ പലയിടങ്ങളിലും നടന്നുകഴിഞ്ഞിരിക്കുന്നു. ചെറിയ തൊഴിലുകൾക്കും വ്യവസായങ്ങൾക്കും സഹായം നല്കുന്ന സാമൂഹിക സേവനഘടകങ്ങൾ ഇൻഡ്യയിൽ കൂടുതൽ താത്പര്യം പ്രദർശിപ്പിക്കുന്നതുകൊണ്ട് ഈ സർവ്വേ അനുസരിച്ച് കാലതാമസമെന്യേ എന്തെങ്കിലും സാമൂഹികപ്രവർത്തനങ്ങൾ തുടങ്ങാനും സാധിക്കുന്നുണ്ട്. എന്നാൽ ഈ പ്രവർത്തനങ്ങൾ ഒറ്റപ്പെട്ടു കിടക്കുന്നവയായി പോകുന്നു. പൊതുവായ സാമൂഹികസേവനവ്യഗ്രതയുടെ പ്രതിഫലനമാകുന്നില്ല. എല്ലാവരും സാമ്പത്തികോല്പാദനം ത്വരിതപ്പെടുത്തുന്നതിൽ തത്പരരാവണം. അതിൽ ജാതിയുടെയും മതത്തിന്റെയും അതിർ വരമ്പുകൾ പൊന്തിവരരുത്. ഇൻഡ്യയുടെ ഇന്നത്തെ ഏറ്റം വലിയ വിന വിഭാഗികപ്രവണതകളാണ്. സാമ്പത്തികോന്നമനം എല്ലാവരും ആഗ്രഹിക്കുന്നു; എന്നാൽ ഒന്നിച്ചു പ്രവർത്തിക്കാൻ മടിക്കുന്നു. ഓരോരുത്തനും കഷ്ടപ്പെടുന്നുണ്ട്. എന്നാൽ സ്നേഹത്തിലും സഹകരണത്തിലും കഷ്ടപ്പാടുകൾ പകുത്തെടുക്കാനും പുരോഗതിയിലേക്കു ഒന്നിച്ചു കാൽവെയ്ക്കാനും തയാറുള്ളവർ ചുരുക്കമാണ്. പുരോഗമനവാഞ്ഛയുള്ളവരുടെ ഹൃദയങ്ങൾ സ്വാർത്ഥതകൊണ്ട് വരണ്ടിരിക്കുന്നു; അല്ലാത്തവരുടേത് അജ്ഞത കൊണ്ടും. ക്രിസ്തുവിന്റെ സ്ഥാനം വഹിക്കുന്ന ക്രിസ്ത്യാനികളുടെ മുമ്പിലുള്ള വെല്ലുവിളി സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ഊർപ്പം ഇന്നത്തെ സമൂഹത്തിൽ കടത്തിവിടാനൊക്കുമോയെന്നതാണ്. അത് സാധിക്കണം. ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ ഭാഗമായ ഭാരതകത്തോലിക്കർക്ക് സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ഈ ആഹ്വാനം അത്ഭുതകരമായ മീൻപിടുത്തത്തിന് ഇന്ന് ക്രിസ്തു നല്കുന്ന നിർദ്ദേശമാണ്. അത് ചെവിക്കൊള്ളുമ്പോൾ ഭാരതം ക്രിസ്തുവിനെയും ക്രിസ്തുവിന്റെ സഭയെയും തിരിച്ചറിയുകയും ചെയ്യും.



***ക്രൈസ്തവകാഹളം, 1968 ജനുവരി***

www.malankaralibrary.com

# 30

# സഭയും സാമൂഹികപ്രവർത്തനവും - 4

**നിങ്ങൾ അവർക്കു ഭക്ഷണം കൊടുക്കുവീൻ**

'കാണുക, തീരുമാനിക്കുക, പ്രവർത്തിക്കുക' ഇതാണ് കാർഡിനൽ കാർഡൈന്റെ നേതൃത്വത്തിലുള്ള യുവക്രൈസ്തവ പ്രവർത്തകരുടെ (Young Christian Workers) പ്രവർത്തനപ്രമാണം. ഇതുപോലെ ശ്ലീഹന്മാർ പ്രവർത്തിച്ച പല സന്ദർഭമുണ്ട്. അവയിലൊന്നാണു അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോറ്റിയ അവസരം. അവിടെ ശിഷ്യന്മാർ കണ്ടു, ജനക്കൂട്ടം മുഴുവനും വിശന്ന് പരവശരായിരിക്കുകയാണെന്ന്. ജനമെല്ലാം പട്ടണത്തിൽ പോയി ഭക്ഷണം കഴിക്കട്ടെയെന്നായിരുന്നു അവരെടുത്ത തീരുമാനം — സ്വാഭാവികയുക്തിക്ക് ഏറ്റം ചേരുന്ന തീരുമാനം; പക്ഷേ അതല്ലാ കർത്താവ് എടുത്തത്. ജനക്കൂട്ടത്തിന് ഭക്ഷണം കൊടുക്കുവാൻ അവിടുന്നു ഉത്തരവിട്ടു. ശിഷ്യന്മാർ പകച്ചു നിന്നു, ഇത്രയും പേർക്ക് ഭക്ഷണം കൊടുക്കുന്ന കാര്യത്തിൽ. പക്ഷേ ഉത്തരവിട്ട കർത്താവ് തന്നെ നടപ്പാക്കുവാൻ വഴിയും കണ്ടുപിടിച്ചു. ശിഷ്യന്മാർ കൊണ്ടുക്കൊടുത്ത അപ്പം തന്നെ പെരുക്കി, ജനങ്ങളെ പന്തികളായിരുത്തി കൊടുക്കുവാൻ അവിടുന്ന് കല്പിക്കുകയും ചെയ്തു. അങ്ങനെ ജനത്തിന്റെ വിശപ്പെന്ന പ്രശ്നം കണ്ട്, ദൈവനിർദ്ദേശത്തിൽ തീരുമാനമെടുത്തു നടപ്പിലാക്കുവാൻ ശിഷ്യന്മാർക്കു സാധിച്ചു.

ഇതേ രീതിയിലുള്ള പ്രവർത്തനം ഇന്നും സാധ്യമാവില്ലേ? ആകാതിരിക്കാൻ കാരണമൊന്നുമില്ല. ഇന്നുമുണ്ട് ശ്ലീഹന്മാരെപ്പോലെ പ്രത്യേക വിളി ലഭിച്ചിട്ടുള്ളവർ; സഭയിലെ വിവിധ പ്രേഷിത സംഘടനകളിലായി. അവർ സമൂഹത്തിന്റെ പൊതുപ്രശ്നങ്ങൾ മനസ്സിലാക്കട്ടെ, ദൈവം തന്റേതയാ നിർദ്ദേശം നല്കും. അതനുസരിച്ച് അനുയോജ്യമായ തീരുമാനമെടുത്ത് നടപ്പിലാക്കുവാൻ ഏതൊരു സംഘടനയ്ക്കും സാധിക്കുകയും ചെയ്യും. നമ്മുടെ ഭാരതത്തിലാണെങ്കിൽ വിശപ്പിന്റെ പ്രശ്നമാണ് മുന്തി നില്ക്കുന്നത്. അതേപ്പറ്റി എല്ലാവരും ബോധവാന്മാരാണ്; പക്ഷേ എടുക്കുന്ന തീരുമാനം സാഹചര്യത്തിന് ചേർന്നതായിരിക്കുകയില്ലെന്നു മാത്രം. മറ്റു പലരേയും പോലെ പ്രേഷിതസംഘടനകളുടെ അംഗങ്ങളും പറയും ഭക്ഷണസാധനങ്ങൾ മറ്റു രാഷ്ട്രങ്ങളിൽനിന്ന് അല്ലെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുത്തുകയാണ് പ്രശ്നത്തിന് പരിഹാരമെന്ന്. നമ്മുടെ ഇടവകകളിൽ തന്നെ വിദേശത്തുനിന്നുള്ള ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നതിലാണല്ലോ ലീജിയൻകാരും മറ്റും വ്യാപൃതരായിരിക്കുന്നതും. അത് അനാവശ്യമാണെന്നു പറയുന്നതു മൗഢ്യമായിരിക്കും. പക്ഷേ അതുകൊണ്ടൊന്നും നമ്മുടെ ആളുകളുടെ വിശപ്പിന്റെ പ്രശ്നം പരിഹരിക്കപ്പെടുകയില്ലെന്നതും വാസ്തവമാണ്. അതേസമയത്ത് കർത്താവ് തന്റെ വേലയിൽ ഏർപ്പെട്ടിരിക്കുന്നവരോടു പറയുകയും ചെയ്യുന്നു, 'നിങ്ങൾ അവർക്കു ഭക്ഷണം കൊടുക്കുവീൻ' എന്ന്. അതുകൊണ്ട് ദൈവം നിർദ്ദേശിക്കുന്ന വിധത്തിൽ പ്രശ്നം കൈകാര്യം ചെയ്യുവാൻ ശ്രമിക്കുകയായിരിക്കണം ഭക്തസംഘടനകളുടെ ഉന്നം. അതിന് അവയിൽ നിന്ന് ദൈവം എന്താവശ്യപ്പെടുന്നുവെന്ന് നമുക്ക് ആരാഞ്ഞു നോക്കാം.

ഓരോ സംഘടനയിൽ നിന്നും ഓരോ സാഹചര്യത്തിൽ ദൈവം പ്രതീക്ഷിക്കുന്നത് വ്യത്യസ്തമായിരിക്കും. യൂറോപ്പിലും അമേരിക്കയിലും ആവശ്യമായതായിരിക്കുകയില്ല ഭാരതത്തിൽ വേണ്ടത്. ഇൻഡ്യയിൽത്തന്നെ ഇരുപതോ മുപ്പതോ കൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്ന ആവശ്യമായിരിക്കുകയില്ല ഇന്നുള്ളത്. ഓരോ ദേശത്തും ഓരോ സമയത്തും വേണ്ടതെന്തെന്ന് മനസ്സിലാക്കുന്നതിലായിരിക്കും ഏതൊരു പ്രേഷിതസംഘടനകളുടെയും വിജയം.

നമ്മുടെ സംഘടനകൾ പാശ്ചാത്യദേശത്തെ രീതികളെ അന്ധമായി അനുകരിക്കാൻ ശ്രമിക്കുന്നതുകൊണ്ടാണ് പലപ്പോഴും പരാജയപ്പെടുന്നത്. സംഘടനകളുടെ നിയമങ്ങൾ വിദേശത്തു നിർമ്മിച്ചതാണ്, അവിടുത്തെ സാഹചര്യങ്ങൾ വെച്ച്. അവയുടെ മുമ്പിലുള്ള പ്രവർത്തനമാതൃകകളും അന്യരാജ്യങ്ങളിലേതുതന്നെ. ഏതൊരു നിയമവും പ്രായോഗികവും പ്രവർത്തനം വിജയപ്രദവുമാകണമെങ്കിൽ ഓരോ രാജ്യത്തേയും ആവശ്യങ്ങളനുസരിച്ച് ഭേദഗതികൾ നിയമത്തിലും പ്രവർത്തനത്തിലുമുണ്ടാവണം. അതുകൊണ്ട് നമ്മുടെ ഭക്ത

www.malankaralibrary.com

സംഘടനകൾ നമ്മുടെ രാജ്യത്തിന്റെ ആവശ്യമനുസരിച്ചു പുതിയ പ്രവർത്തനരൂപങ്ങൾ സ്വീകരിക്കണം.

നമ്മുടെ രാജ്യത്തിന്റെ ഏറ്റം വലിയ പ്രത്യേകത അതിനെ അലട്ടുന്ന പ്രശ്നങ്ങളുടെ ആധിക്യം തന്നെ. ജനപ്പെരുപ്പം, ഭക്ഷ്യദൗർലഭ്യം, തൊഴിലില്ലായ്മ — അങ്ങനെ പോകും അവയുടെ ചങ്ങല. ഈ പ്രശ്നങ്ങളെ നേരിടാൻ രാജ്യത്തെ ഏതൊരു പൗരനും സഹകരിച്ചേ മതിയാവൂ. ക്രിസ്ത്യാനിയും രാഷ്ട്രത്തിന്റെ പൗരനാണ്. പ്രേഷിതസംഘടനാംഗം കൂടുതൽ അർപ്പണ മനോഭാവത്തോടെ രാജ്യത്തെ സേവിക്കേണ്ടയാളും. എന്തുകൊണ്ടാണ് ക്രിസ്ത്യാനികൾ ഇന്നും വിദേശിയരായി എണ്ണപ്പെടുന്നത്? രാജ്യത്തെ പൊതുവായ പരിപാടികളിൽ നിന്നു മാറി നില്ക്കുന്നതുകൊണ്ടു തന്നെ. സ്വാതന്ത്ര്യസമരത്തിൽ തന്നെ പങ്കെടുത്ത ക്രിസ്ത്യാനികളുടെ എണ്ണം വളരെ കുറവായിരുന്നു. ഇന്നും നമ്മുടെ വിരസമായ നില മാറീട്ടില്ല; ദേശീയ പരിപാടികളിൽ ക്രിയാത്മകമായി സഹകരിക്കുന്ന രീതി നമുക്ക് കൈവന്നിട്ടില്ല. ധാർമ്മികമായ കാരണങ്ങളാൽ ജനപ്പെരുപ്പത്തെ തടയാനുള്ള സർക്കാർ പദ്ധതികളെ എതിർക്കുന്നതുമൂലം രാജ്യത്തെ അടിയന്തിരമായ ആവശ്യങ്ങളിലും അവയുടെ നിർവഹണത്തിലും കത്തോലിക്കരായ നാം ഉദാസീനരാണെന്നു മാത്രമല്ല, രാജ്യത്തിന്റെ പുരോഗതിയെ നാം തടസ്സപ്പെടുത്തുന്നുവെന്നുപോലും അക്രൈസ്തവർക്ക് സംശയം തോന്നുന്നുണ്ട്. അധാർമ്മികമായ കാര്യങ്ങളിൽ സഹകരിക്കരുതെന്നത് തീർച്ചയാണ്. പക്ഷേ അധാർമ്മികമല്ലാത്തവയിൽ ചേരാതെ നില്ക്കുന്നതിന് നമുക്കെന്ത് ഒഴിവുകഴിവു പറയാൻ സാധിക്കും?

സഭയിലെ ഭക്തസംഘടനകൾ പ്രേഷിതോദ്ദേശ്യത്തിൽ രൂപംകൊണ്ടവയാകകൊണ്ട് അതിന് പ്രാധാന്യം കൊടുക്കുന്നു. കത്തോലിക്കർക്ക് തങ്ങളുടെ മാത്രമായ ആവശ്യങ്ങളുണ്ട്, ഭക്തസംഘടനകൾക്ക് തങ്ങളുടേതായ കർത്തവ്യങ്ങളുമുണ്ട്, നിർവഹിക്കുവാൻ. അതുകൊണ്ട് പൊതുവായ കാര്യങ്ങൾക്ക് സമയവും സൗകര്യവും ഇല്ലെന്നാണ് മിക്കവാറും ഭക്തസമൂഹങ്ങൾ തരുന്ന ഒഴിവുകഴിവ്. പക്ഷെ നാം പൊതുവായ കാര്യങ്ങളിൽ തല്പരരാവാതെയിരുന്നാൽ വിഭാഗികപ്രവണതകൾക്ക് വളരാനിടം കൊടുക്കുകയാണ് ചെയ്യുന്നത്. ഫലമോ, നാം വേഗം ഒറ്റപ്പെട്ടുപോകുന്നു, മാത്രമല്ല നാം ചെയ്യുന്ന കാര്യങ്ങൾ തന്നെ പരാജയത്തിൽ കലാശിക്കുകയും ചെയ്യുന്നു. നമ്മുടെ



പ്രേഷിത പ്രവർത്തനം പരാജയപ്പെടുന്നത്, കത്തോലിക്കാസഭയിലേയ്ക്ക് ആളുകൾ ആകർഷിക്കപ്പെടാതിരിക്കുന്നത്, നമ്മുടെ പ്രവർത്തനം വളരെ സങ്കുചിതമാകുന്നതുകൊണ്ടല്ലേ? രാജ്യത്തെ ഏതൊരു പൊതുപ്രശ്നത്തിലും താല്പര്യമുണ്ടെന്ന് കാണിക്കുക, അവയുടെ പരിഹാരത്തിന് ഏതൊരു മതത്തിലും ജാതിയിലും ഉൾപ്പെട്ടവനോടും സഹകരിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുക; അപ്പോൾ നമ്മുടെ തനി പ്രേഷിതപ്രവർത്തനം തന്നെ കൂടുതൽ വിജയപ്രദമാകുമെന്നതിൽ സംശയമില്ല. സ്നേഹത്തിന്റെ ഈ അരൂപിയാണല്ലോ വത്തിക്കാൻ സൂനഹദോസ് നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്.

എന്താണ് ക്രിസ്ത്യാനികളായ നാം ആദ്യം ശ്രദ്ധിക്കേണ്ട പ്രശ്നം? ഭക്ഷ്യപ്രശ്നംതന്നെ. നമ്മുടെ നാട് കാർഷികപ്രധാനമാണ്. കാർഷികമായി നാം പുരോഗമിച്ചാൽ മറ്റെല്ലാ തുറകളിലും സമാന്തരമായി മുമ്പോട്ടു വരാൻ നമുക്ക് സാധിക്കും. സർക്കാർ തന്നെ ഭക്ഷ്യപ്രശ്നത്തിന് ഇടക്കാലത്ത് വേണ്ടത്ര പ്രാധാന്യം കൊടുക്കാഞ്ഞതുകൊണ്ടാണ് അതിനെ ചുറ്റിപ്പറ്റി മറ്റു പല പ്രശ്നങ്ങളും പൊന്തിവന്നത്. തൊഴിലാളികൾ കൂടുതൽ കൂലിയ്ക്ക് വഴക്കുണ്ടാക്കുന്നത് എന്തുകൊണ്ടാണ്? ആവശ്യത്തിന് ഭക്ഷ്യസാധനമില്ലാത്തതുകൊണ്ട്, ഉള്ളവയ്ക്ക് തന്നെ വളരെ വില കൊടുക്കേണ്ടതുകൊണ്ട്. അത്യാവശ്യസാധനങ്ങളുടെ വില സ്ഥിരമില്ലാതെ കേറിയും ഇറങ്ങിയും ഇരിക്കുന്നതെന്തുകൊണ്ട്? സ്ഥിരമായ ഒരേ തോതിൽ ഭക്ഷണസാധനങ്ങൾ ഉല്പാദിപ്പിക്കാൻ നമുക്ക് സാധിക്കാത്തതുകൊണ്ട്. ജനപ്പെരുപ്പം രൂക്ഷമായ പ്രശ്നമായി നിലകൊള്ളുന്നതെന്തുകൊണ്ട്? ഭക്ഷണസാധനങ്ങളുടെ ഉല്പാദനം പുരോഗമനപരമായ മാർഗ്ഗങ്ങളുടെ അഭാവത്തിൽ വേണ്ടത്ര വർദ്ധിക്കാത്തതുകൊണ്ട്. ഇങ്ങനെ രാജ്യത്തെ അലട്ടുന്ന ഓരോ പ്രശ്നവുമെടുത്തുനോക്കുക. എല്ലാത്തിന്റെയും അടിസ്ഥാനം ഭക്ഷണം തന്നെയാണ്. അതുകൊണ്ട് നാം മുൻഗണനകൊടുക്കേണ്ടതും അതിനുതന്നെ.

വളരെനാളായി നമ്മെ അലട്ടുന്ന പ്രശ്നമാകകൊണ്ട് ഇതേപ്പറ്റി നാം പലപ്പോഴും നിരാശപൂണ്ടു പോകുന്നു. ഭാരതം വിശേഷിച്ചും കേരളം ഭക്ഷ്യപദാർത്ഥങ്ങളിൽ സ്വയം പര്യാപ്ത നേടുമോയെന്ന് പലരും സംശയിക്കുന്നത് ഈ നിരാശകൊണ്ടാണ്. പ്രശ്നത്തെ നേരെ നേരിടാൻ വേണ്ടപ്പെട്ടവർ തയ്യാറാവാത്തതിലും ഇതേ ആശാഭംഗം കാണാം. കേരളസർക്കാർ ആവശ്യപ്പെടും കേന്ദ്രം കൂടുതൽ അരി നല്ക

www.malankaralibrary.com

ണമെന്ന്; കേന്ദ്രഗവണ്മെന്റ് പറയും കേരളത്തിൽ ഉല്പാദിപ്പിക്കുന്ന അരി വേണ്ട വിധത്തിൽ വിതരണം ചെയ്യുന്നില്ലെന്ന്. പക്ഷേ ഒരു കാര്യം തീർച്ചയാണ്, രാജ്യത്ത് ഉല്പാദിപ്പിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ തികയുന്നില്ലെന്നും പരസ്പരം കുറ്റംപറയുന്നതുകൊണ്ട് പ്രശ്നം പരിഹരിക്കാൻ പോകുന്നില്ലെന്നും. ഓരോ സംസ്ഥാനത്തും ആവശ്യമായ ഭക്ഷണസാധനങ്ങൾ ഉല്പാദിപ്പിക്കപ്പെട്ടെങ്കിൽ മാത്രമേ പ്രശ്നം പരിഹൃതമാകുകയുള്ളു. സംസ്ഥാനങ്ങൾ തമ്മിലുള്ള മത്സരങ്ങൾ ഇനി ഏറിവരികയേ ഉള്ളു. ഭക്ഷണം പോലുള്ള അവശ്യസാധനങ്ങളിൽ ആർക്കും ആരെയും ആശ്രയിച്ചു മുമ്പോട്ടുപോവാൻ സാധ്യമല്ല. അല്ലാ, ഓരോ രാജ്യത്തുമുള്ള ആളുകൾക്കു വേണ്ട ഭക്ഷണം ഉല്പാദിപ്പിക്കുക ആ രാജ്യത്തുള്ളവരുടെ ചുമതലയല്ലേ?

ഭക്ഷ്യപ്രശ്നം പരിഹരിക്കാവുന്നതല്ലെന്ന് വിചാരിക്കുന്നത് മൗഢ്യമാണ്; ജനസംഖ്യ വളരെയേറെ നില്ക്കുന്ന കേരളത്തിൽ പോലും നമ്മുടെ കൃഷിസമ്പ്രദായങ്ങളിൽ എന്തെല്ലാം തരത്തിൽ പുരോഗമനപരമായ ചലനങ്ങൾ ഉണ്ടാവാം. വിത്തിന്റെയോ വളത്തിന്റെയോ മറ്റെന്തിന്റെയോ കാര്യത്തിൽ വർദ്ധിച്ച വിളവ് ഉളവാക്കാൻ സാധിക്കുമെന്നതിന്റെ നിരവധി സൂചനകൾ നാമിപ്പോഴേ കണ്ടു തുടങ്ങിയിരിക്കുന്നു. നെല്ലിനും കപ്പയ്ക്കും അതുപോലെ മറ്റു പലതിനും അത്ഭുതം സൃഷ്ടിക്കുന്ന വിത്തിനങ്ങൾ ഇന്ന് ലഭ്യമാണ്. ഏത് കൃഷിയും കൂടുതൽ ശാസ്ത്രീയവും ക്രമീകൃതവുമായാൽ നമ്മുടെ കാർഷികരംഗത്ത് വിപ്ലവം സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. ഉദാഹരണമായി ഫലവൃക്ഷങ്ങൾ വളർത്തുന്ന കാര്യം തന്നെ എടുക്കുക. എവിടെയെങ്കിലും കുറെ വിത്ത് എറിഞ്ഞിട്ടു മൂന്നോ നാലോ കൊല്ലം കഴിയുമ്പോൾ ഫലത്തിന് ചെല്ലുന്ന രീതിയല്ലേ നമ്മുടേത്. വിത്തുകൾ തെരഞ്ഞെടുക്കുന്നതിലും നടുന്നതിലും വളർത്തുന്നതിലും കുറേക്കൂടി ശാസ്ത്രീയമായ സമീപനം ഉണ്ടാവുകയാണെങ്കിൽ ഇന്ന് നമുക്ക് ലഭിക്കുന്നതിൽ വർദ്ധിച്ച തോതിൽ മെച്ചമായ ഫലങ്ങൾ ഉല്പാദിപ്പിക്കുവാൻ സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഇതു തന്നെ മറ്റു കൃഷികളുടെ കാര്യവും കൃഷിയെപ്പറ്റി പറഞ്ഞത് വേണ്ടത്ര ഭേദഗതികളോടെ കന്നുകാലിവളർത്തലിന്റെയും കോഴിവളർത്തലിന്റെയുമെല്ലാം കാര്യത്തിൽ പ്രസക്തമാണ്. ഇങ്ങനെ വിവിധ രംഗങ്ങളിൽ കൂടുതൽ ബുദ്ധിപരവും ശാസ്ത്രീയവുമായ സമീപനമുണ്ടായാൽ നമ്മുടെ ഭക്ഷ്യപ്രശ്നം പരി



ഹരിക്കപ്പെടുമെന്നതിൽ യാതൊരു സന്ദേഹവുമില്ല അതൊടൊപ്പം മറ്റു പല പ്രശ്നങ്ങളും.

മറ്റു പല പ്രശ്നങ്ങൾക്കെന്നപോലെ ഭക്ഷ്യപ്രശ്നത്തിലും നാം പ്രായേണ വിസ്മരിക്കുന്ന വേറൊരു വശമുണ്ട്. നമ്മുടെ പല പ്രശ്നങ്ങളും അപരിഹൃതമായി നില്ക്കുന്നതിന്റെ കാരണം, അവയെപ്പറ്റി വളരെക്കുറച്ചുപേർ മാത്രമേ ആശങ്കാകുലരാകുന്നുള്ളുവെന്നതാണ്. ഭക്ഷണം എല്ലാവർക്കും ആവശ്യമാണ്. അത് നേടിയെടുക്കാൻ ഓരോരുത്തനും ഏതൊരു പ്രയാസവും ഏറ്റെടുക്കാൻ തയ്യാറുമാണ്. എന്നാൽ അത് ഉല്പാദിപ്പിക്കുവാൻ താല്പര്യമുള്ളവരുടെ എണ്ണം നാൾ ചെല്ലുന്തോറും കുറഞ്ഞുവരികയാണ്. വാസ്തവത്തിൽ ആർക്കാണ് ഇതിൽ ക്രിയാത്മകമായ താല്പര്യം കാണിക്കാൻ സാധിക്കാത്തത്? എല്ലാവർക്കും കുറെ സ്ഥലമുണ്ട്; ഫലവൃക്ഷങ്ങളോ പച്ചക്കറിയോ കൃഷിചെയ്യാൻ പറ്റുന്നതായി. അങ്ങനെ കൃഷിക്ക് സ്ഥലമില്ലെങ്കിൽ, നമ്മുടെ നാട്ടിലെ ഓരോ കൃഷിക്കും എന്താണ് തകരാറ്, അവയെ മെച്ചപ്പെടുത്തുന്നതിന് എന്താണ് മാർഗ്ഗങ്ങൾ എന്ന് മനസ്സിലാക്കി മറ്റുള്ളവർക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കാൻ സാധിക്കാത്തത് ആർക്കാണ്? നമ്മുടെ നാട്ടിലെ ഓരോ തൊഴിലും സാമ്പത്തികമായി വേണ്ടത്ര വിജയിക്കാത്തതെന്തുകൊണ്ടെന്ന് ആരായാൻ ബുദ്ധിപരമായ കഴിവുള്ളവർ ശ്രമിക്കുന്നില്ലെന്നതാണ് പരമാർത്ഥം. എല്ലാം ജോലി ചെയ്യുന്ന പാവപ്പെട്ടവർക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. ഭൂരിപക്ഷം ആളുകൾക്കും ഇക്കാര്യത്തിൽ യാതൊരു ഉത്തരവാദിത്വവുമില്ല. ഭക്ഷണത്തിനുവേണ്ടി സമരം സംഘടിപ്പിക്കാൻ ആളുകൾ വളരെയുണ്ട്. എന്നാൽ രാജ്യത്തെ എല്ലാ പൗരന്മാരെയും സാമ്പത്തികോല്പാദനത്തിൽ, തല്പരരാക്കുവാൻ ആരുമില്ലതാനും.

എല്ലാവർക്കും പ്രയാസമുണ്ട്, വിഷമതകളുണ്ട്, പക്ഷേ, അവയുടെ പരിഹാരത്തിൽ താല്പര്യമുള്ളവർ ചുരുക്കം. കർത്താവിന്റെ പ്രസംഗം ശ്രവിച്ചുകൊണ്ടിരുന്ന ജനക്കൂട്ടത്തിനും ഇതു തന്നെയല്ലേ സംഭവിച്ചത്. സ്വന്തം പ്രശ്നത്തെപ്പറ്റി അവർ ശ്രദ്ധാലുക്കളായിരുന്നില്ല. ശിഷ്യന്മാർ കാര്യം മനസിലാക്കി മുമ്പോട്ടു വന്നു. അതുപോലെ നമ്മുടെ നാട്ടിലെ സ്ഥിതിഗതിയുടെ ഗൗരവം മനസ്സിലാക്കി ആരെങ്കിലും മുമ്പോട്ടു വരണ്ടേ. ഇതാണ് ഇന്നത്തെ നമ്മുടെ ഭക്തസംഘടനകൾക്കുള്ള വെല്ലുവിളി. രാജ്യത്തെ അലട്ടുന്ന നിരവധി പ്രശ്നങ്ങളെപ്പ

www.malankaralibrary.com

ററി വെറുതെ പരാതിപറയുന്നതുകൊണ്ട് പ്രയോജനമില്ല. ജനങ്ങൾ പട്ടണത്തിൽ പോയി ഭക്ഷണം കഴിക്കട്ടെയെന്ന് പറഞ്ഞ് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനും നമുക്ക് സാധ്യമല്ല. തനിക്കുവേണ്ടി അർപ്പണമനോഭാവത്തോടെയെന്തെങ്കിലും പ്രവർത്തിക്കുവാൻ തയ്യാറായി മുമ്പോട്ടു വരുന്ന പ്രേഷിതരോടും കർത്താവു പറയുന്നു "നിങ്ങൾ അവർക്കു ഭക്ഷണം കൊടുക്കുവിൻ" എന്ന്. പക്ഷേ ദൈവം ഇവിടെ നേരിട്ട് അത്ഭുതം പ്രവർത്തിക്കുകയില്ല. അത്ഭുതമുണ്ടാവാം കൂടുതൽ കൂടുതൽ ആളുകൾ താല്പര്യം പൂണ്ട് ഒന്നിച്ച് പ്രവർത്തിക്കുന്നതുകൊണ്ട്. അതുകൊണ്ട് പ്രേഷിതസംഘടനകളുടെ ഒരു ചുമതല എല്ലാവരേയും ഭക്ഷ്യപദാർത്ഥങ്ങളുടെ ഉല്പാദനത്തിൽ തല്പരരാക്കുകയെന്നതായിരിക്കണം. കേരളത്തിലെ തന്നെ വിവിധ സംഘടനകൾ ഇക്കാര്യത്തിൽ തുനിഞ്ഞിറങ്ങുകയാണെങ്കിൽ ഇന്നാട്ടിലെ ഭക്ഷ്യപ്രശ്നമെന്നല്ല എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്നതിൽ സന്ദേഹമില്ല. അതോടെ ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുവാൻ രംഗമൊരുക്കപ്പെടുകയും ചെയ്യും.

*ക്രൈസ്തവകാഹളം, 1968 മെയ്*



31

# ദേശീയോദ്ഗ്രഥനവും ക്രൈസ്തവോത്തരവാദിത്വവും

## എന്താണ് പ്രശ്നം?

ദേശീയോദ്ഗ്രഥനം ഒരു വലിയ പ്രശ്നമായിരിക്കുകയാണിന്ന്. ഭാരതം ഒരൊറ്റ ജനപദമായി സ്വാതന്ത്ര്യസമരത്തിൽ ഏർപ്പെട്ടു. അന്ന് എതിരിടുവാൻ ഒരു വിദേശശക്തി ഉണ്ടായിരുന്നു. പൊതുശത്രുവിനെ നേരിടുന്നതിന് ഒന്നിക്കുക സ്വാഭാവികമാണ്. മാത്രമല്ല പാരതന്ത്ര്യത്തിന്റെ പരിണിതഫലം ഭാരതീയർ ശരിക്കും അനുഭവിച്ചിരുന്നുതാനും. സ്വതന്ത്രരാഷ്ട്രത്തിനുവേണ്ടിയുള്ള ദാഹം ഓരോ ഭാരതീയനും അനുഭവിച്ചറിഞ്ഞു. എങ്കിലും എല്ലാ ഭാരതീയരും സ്വാതന്ത്ര്യസമരത്തിൽ ഒരുപോലെ പങ്കെടുത്തുവെന്ന് പറയാനാവില്ല. ഒരു വലിയ കൂട്ടം സ്വാതന്ത്ര്യസമരത്തിന്റെ പോരാളികളായി അണിനിരന്നു; ഒരു ഭാഗം അതിൽ നിഷ്ക്രീയത പാലിച്ചു; ഒരു ചെറിയ ഭാഗം ബ്രിട്ടീഷാധിപത്യമാണ് മെച്ചമെന്ന് പറഞ്ഞ് അതിനെ അനുകൂലിക്കുകയും ചെയ്തു. അങ്ങനെ സ്വാതന്ത്ര്യ സമരകാലത്തുപോലും ഇൻഡ്യാക്കാർ മുഴുവനും ഒറ്റക്കെട്ടായി നിന്നുവെന്നു പറയുക അത്യുക്തിയായിരിക്കും.

ഭാരതം പോലെ ജനലക്ഷങ്ങളെ ഉൾക്കൊള്ളുന്ന വൈവിധ്യവും വൈരുദ്ധ്യവുമാർന്ന ഒരു രാജ്യത്തിൽ പൂർണ്ണമായ ഐക്യം ആദർശമായി ഉയർന്നുനില്ക്കുകയേ ഉള്ളു; അതു മുഴുവനും പ്രയോഗത്തിൽ വരില്ല. എന്നാൽ സ്വാതന്ത്ര്യസമരം ഒന്നിച്ചു നില്ക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി ഭാരതീയരെ ബോധവാന്മാരാക്കിയെന്നതിൽ സംശയമില്ല. മഹാത്മാഗാന്ധി മുതൽപേർ അതിന് നല്കിയ നേതൃത്വം ഇന്നും നമ്മുടെ സ്മരണയിൽ തങ്ങിനില്ക്കുന്നു. എങ്കിലും സ്വാതന്ത്ര്യസമരത്തിന്റെ കഥകൾ വെറും സ്മരണകളായി മാറിയിരിക്കുകയല്ലേ ഇന്ന്? നമ്മുടെ ആദർശസമതികളായ നേതാക്കന്മാർ വെറും പൂജാവിഗ്രഹങ്ങ

www.malankaralibrary.com

ളായിതീർന്നിരിക്കുകയല്ലേ? സ്വതന്ത്ര്യസമരം ഉണർത്തിവിട്ട ഐക്യദാഹം വർത്തമാനാനുഭവം അല്ലാതായിരിക്കുന്നു. ഒന്നിച്ചു പോരാടിയവർ ഒന്നിച്ചു കെട്ടിപ്പടുക്കുവാൻ മടിച്ചു നില്ക്കുന്നു. വിയർപ്പൊഴുക്കി, രക്തം ചിന്തി നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഉറപ്പുള്ള ഭാരതത്തെ കെട്ടിപ്പൊക്കുന്നതിൽ ഭാരതീയർ പരാജയപ്പെടുന്നു.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഒരു രാഷ്ട്രമെന്ന നിലയിൽ നാം ധാരാളം നേട്ടങ്ങൾ കൈവരിച്ചു, ശരിതന്നെ. ഒരു രാഷ്ട്രമെന്ന നിലയിൽ നാം വളരെ വളർന്നുവെങ്കിലും ഓരോ പൗരനും ആ വളർച്ചയിൽ തുല്യപങ്കാളിത്തം ലഭിക്കുന്നില്ലെന്നതാണ് ഇന്നത്തെ അസ്വസ്ഥതയുടെ പ്രധാനകാരണം. പൂർണ്ണ സമത്വം ഒരു രാഷ്ട്രത്തിലെ എല്ലാ പൗരന്മാർക്കും ഒരു പോലെ നേടാനാവില്ല. പക്ഷേ വലിയവനും ചെറിയവനും തമ്മിലുള്ള വിടവു വർദ്ധിച്ചുകൊണ്ടിരിക്കുകയാണെങ്കിലോ? അതാണ് ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അടുത്തിടെ നമ്മുടെ പ്രധാനമന്ത്രി ലക്ഷക്കണക്കിനുള്ള യുവാക്കൾ, പ്രത്യേകിച്ചും അഭ്യസ്തവിദ്യർ തൊഴിൽ രഹിതരായിരിക്കുന്നതിലേക്ക് വിരൽചൂണ്ടുകയുണ്ടായി. വ്യക്തികളുടെ ഈ അസംതൃപ്തിയാണ് ദേശീയോദ്ഗ്രഥനത്തിന്റെ ഏറ്റം വലിയ പ്രതിബന്ധം. ഈ സന്ദർഭത്തിൽ, ഇതേ സംബന്ധിച്ച് ക്രൈസ്തവർക്കുള്ള ഉത്തരവാദിത്വം ഏറ്റം ഗൗരവപൂർവ്വമായ പരിഗണനയ്ക്ക് വിഷയമാകുന്നു.

## മൂന്നുതരത്തിലുള്ള അനൈക്യം

ഇന്ന് ഭാരതത്തെ കാർന്നുതിന്നുന്നത് പ്രധാനമായും മൂന്നു തരത്തിലുള്ള അനൈക്യമാണ്. മതപരവും സാമ്പത്തികവും രാഷ്ട്രീയവും. ഇവയുടെ അടിസ്ഥാനത്തിൽ മനുഷ്യർ പരസ്പരം അകന്നു നില്ക്കുന്നു. ഒരു കൂട്ടം മറ്റൊരു കൂട്ടത്തിനെതിരെ സംഘടിക്കുന്നു. ഈ അനൈക്യത്തിന്റെ സമ്മർദ്ദങ്ങൾ രാജ്യത്തിന്റെ ഭരണസംവിധാനത്തെ പിടിച്ചുലയ്ക്കുകയും ചെയ്യുന്നു. ഈ പ്രശ്നത്തിനു പരിഹാരമായി പെട്ടെന്നു നമുക്കു തോന്നുന്നത് ഈ ദൃശ്യ വൈവിധ്യം ഇല്ലാതിരിക്കുന്നതല്ലേ നല്ലത് എന്നാണ്. അതാണ് കമ്മ്യൂണിസം നിർദ്ദേശിക്കുന്ന പ്രതിവിധി. ഈ അനൈക്യം ഉച്ചാടനം ചെയ്യുവാൻ റഷ്യയും മറ്റും ശ്രമിക്കുകയും ചെയ്തു. പക്ഷേ അത് പ്രശ്നത്തിന് പരിഹാരമേ അല്ലെന്ന് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുടെ സമീപകാലചരിത്രം തെളിയിച്ചു



തരുന്നു. മാത്രമല്ല അടിസ്ഥാനപരമായ ഈ വൈവിധ്യം ദൂരീകരിക്കാൻ ശ്രമിച്ചാൽ, അത് വേറൊരു രീതിയിൽ പ്രത്യക്ഷപ്പെട്ടു കൂടുതൽ അപകടം സൃഷ്ടിക്കുമെന്നും പ്രസ്തുത ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഓരോ രാഷ്ട്രവും മതത്തിന്റെയും സ്വത്തിന്റെയും സമൂഹബന്ധത്തിന്റെയും അടിസ്ഥാനത്തിൽ സ്വതസിദ്ധരീതിയിൽ കെട്ടിപ്പടുക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഭാരതത്തിന്റെ സമൂഹവ്യവസ്ഥയിൽ ഇവ ഓരോന്നും എങ്ങനെ സ്വാധീനം ചെലുത്തിയിരിക്കുന്നുവെന്ന് ആദ്യമേ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## മതപരമായ അനൈക്യം

ഭാരതത്തിൽ വ്യത്യസ്തമതങ്ങൾ ഒന്നിച്ചു പുലരുന്നുവെന്നതാണല്ലോ ഭാരതീയ മതേതരത്വത്തിന്റെ അടിസ്ഥാനം. ഹിന്ദുവും, മുസ്ലീമും, ക്രൈസ്തവനും, സിക്കും, പാർസിയും ഇവിടെ ഒന്നിച്ച് വസിക്കുന്നു. ഹിന്ദുക്കളെയും മുസ്ലീമുകളെയും മാറ്റിപാർപ്പിക്കുകയെന്ന അബദ്ധസ്വപ്നത്തിന്റെ പേരിൽ ഇൻഡ്യ വിഭജിക്കപ്പെട്ടു. അങ്ങനെ ഭാരതവും പാക്കിസ്ഥാനും ബംഗ്ലാദേശുമുണ്ടായി. ഈ വിഭജനം ഒരു പരിഹാരമായില്ലെന്ന് ഇന്ന് ആർക്കാണ് മനസ്സിലാകാത്തത്? ഇന്നു ഭാരതരാഷ്ട്രത്തിന്റെ ഓരോ പ്രദേശത്തും വിവിധ മതസ്ഥർ ഒന്നിച്ചു ജീവിക്കുന്നു. സൗഹാർദ്ദത്തിൽ കഴിയുവാനാണ് അവരുടെ ആദ്യത്തെ പ്രവണത. എന്നാൽ കുത്സിത താല്പര്യങ്ങളുടെ പേരിൽ ഓരോ വിഭാഗവും മറ്റൊന്നിനെതിരെ പെട്ടെന്ന് യുദ്ധം പ്രഖ്യാപിക്കുന്നുമുണ്ട്. ഇന്ന് രാമജന്മഭൂമി ബാബ്റി മസ്ജിദ് തർക്കം, ഭാരതത്തെയാകമാനം ഭയപ്പെടുത്തുന്നുണ്ടല്ലോ. അതുപോലെ സിക്കുകാർ സ്വന്തമായി അവകാശപ്പെടുന്ന ഖാലിസ്ഥാനും, വാസ്തവത്തിൽ ഗൗരവമായ പ്രശ്നങ്ങൾ ഒന്നും ഉന്നയിക്കാത്ത ശാന്തമായി നില്ക്കുന്നത് ക്രൈസ്തവരാണ്. കേരളത്തിലും മറ്റും അവർ സമാധാനം സൃഷ്ടിക്കുന്ന മൂന്നാം ശക്തിയായി പ്രവർത്തിക്കുന്നുമുണ്ട്.

ഹൈന്ദവരെന്നു പറയപ്പെടുന്നവരുടെയിടയിലും വലിയ വൈജാത്യമുണ്ട്. പലജാതികൾ, പല വർഗ്ഗങ്ങൾ, ഇവയിൽ പട്ടികജാതിക്കാർക്കും ഗിരിവർഗ്ഗക്കാർക്കും പ്രത്യേകം സംവരണം ഏർപ്പെടുത്തിയിരിക്കുന്നതുകൊണ്ട് ഇന്നൊരു പുതിയ പ്രതിസന്ധി ഉരുണ്ടുകൂടികൊണ്ടിരിക്കുന്നു. 'ഹിന്ദു' വെന്ന നാമധേയത്തിൽ നൂറുകണക്കിന് ജാതികളെ ഒന്നിച്ചുചേർത്തു വെയ്ക്കുന്ന സമ്പ്രദായം എത്രമേൽ വിജ

www.malankaralibrary.com

യിക്കുമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇവയിൽ മിക്കതും സനാതനധർമ്മമെന്ന അഭിജാതകുലത്തിൽ പെടുന്നവയല്ല. അതിന്റെ മൂല്യവ്യവസ്ഥ, അതാണല്ലോ സമൂഹത്തെ പിടിച്ചു നിർത്തേണ്ടത്. പല ജാതികളും അത് അംഗീകരിക്കുന്നില്ലെന്നതാണ് സത്യം. ചരിത്രപരമായി സവർണരും അവർണരുമെന്ന് നിലവിലിരുന്ന ജാതിവ്യവസ്ഥ എത്രമേൽ ഈ ജാതികളെ അകറ്റി നിർത്തി? പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ അങ്ങനെ വൈവിധ്യമേ ഇല്ലെന്ന് പ്രഖ്യാപിച്ചതുകൊണ്ട് അത് ഇല്ലാതാകുമോ? ജാതിവ്യവസ്ഥ ഭാരതീയ സമൂഹത്തിന്റെ അടിത്തട്ടുമായി ഇഴുകിച്ചേർന്നിട്ടുള്ളതാണ്. അത് സാമ്പത്തിക വ്യവസ്ഥയെയും രാഷ്ട്രീയ സംവിധാനത്തെയും എപ്പോഴുമെപ്പോഴും സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.

## സാമ്പത്തികമായ ഉച്ചനീചത്വം

ഇൻഡ്യയുടെ സാമ്പത്തിക വ്യവസ്ഥ സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ഒത്തിരി മാറിമറിഞ്ഞുവന്നിട്ടുണ്ട്. വരേണ്യവർഗ്ഗം തങ്ങളുടെ മേൽക്കോയ്മ ഉറപ്പിച്ചു നിർത്താൻ വളരെ ശ്രമിക്കുന്നു. തങ്ങളുടെ ജാതിയിലുൾപ്പെട്ടവരെ കൂട്ടിനിർത്തി ഉയർത്തിയെടുക്കാൻ ഓരോ സവർണ ജാതിയും വളരെ പാടുപെടുന്നുണ്ട്. എന്നാൽ ഭാരതം കൂടുതൽ വ്യാവസായികമായി വളർന്നുവരുന്നത് ജാതിവ്യവസ്ഥയെ തകിടം മറിക്കുന്ന സമ്മർദ്ദവിശേഷവുമാണ്. പിന്നോക്കജാതിക്കാർ വളരെ പ്രയത്നിക്കുന്നതിന്റെ ഫലമായി സമൂഹത്തിന്റെ തലസ്ഥാനത്ത് എത്തിച്ചേരുന്നുവെന്നതും കണക്കിലെടുക്കേണ്ട വസ്തുത തന്നെ. വ്യവസായങ്ങൾ നഗരപ്രാന്തങ്ങളിൽ വളർന്നു വരുന്നതിന് അനുസൃതമായി ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക് ജനങ്ങളുടെ തുടർച്ചയായ പ്രവാഹം തന്നെയുണ്ട്. വളരുന്ന നഗരങ്ങളും തളരുന്ന ഗ്രാമങ്ങളും, ഇതാണ് ആധുനികഭാരതത്തിന്റെ മുഖം. നഗരത്തിലുള്ളവർ കൂടുതൽ സ്വാർത്ഥ ബുദ്ധികളാകകൊണ്ട് അത്ര സംഘടിതരല്ല. ഗ്രാമീണരെ സംഘടിപ്പിക്കുക കൂടുതൽ സുഗമമാണ് എന്ന് പല രാഷ്ട്രീയ നേതാക്കന്മാരും ഇന്ന് തെളിയിച്ചു തരുന്നുമുണ്ട്. ഇതിന്റെയെല്ലാം ഫലമായി പരമ്പരാഗതമായി നിലനില്ക്കുന്ന അനൈക്യത്തിനൊപ്പം പുതിയ വിഘടനങ്ങളുടെ ഭീഷണികളും ഇന്ന് ഉയർന്നുവരുന്നു.

## രാഷ്ട്രീയമായ ഏറ്റുമുട്ടൽ

കൂടുതൽ സങ്കീർണ്ണമാണ് ഭാരതത്തിന്റെ രാഷ്ട്രീയ സ്ഥിതി. കുറെ



ശതകങ്ങളായി, ബ്രിട്ടീഷ്ഭരണം മുതൽ ഇൻഡ്യയിൽ കണ്ടുവരുന്ന ഏതാണ്ടൊരൈക്യം ഭരണത്തിന്റെ ബലത്തോടെയുള്ളതാണ്. ഇന്നത്തെ രീതിയിൽ അന്നും ഐക്യം പൂർണ്ണമായിരുന്നില്ല. ബ്രിട്ടീഷ് ഭരണാധീനപ്രദേശത്തോടൊപ്പം അസംഖ്യം നാട്ടുരാജ്യങ്ങളും ഉണ്ടായിരുന്നുവെന്ന് ഓർക്കുക. സ്വാതന്ത്ര്യം പ്രാപിച്ചശേഷമാണ് ഭാരതം ഇന്നത്തെ ഐക്യം നേടിയെടുത്തത്. അപ്പോൾ രൂപം കൊടുത്ത ഭരണസംവിധാനത്തിന്റെ ഉറപ്പാണ് രാജ്യത്തെ കഴിഞ്ഞ നാല്പതുവർഷമായി ഒന്നിച്ചു നിർത്തിയത്. എന്നാൽ ആ കെട്ടുറപ്പ് ഇന്ന് ദുർബലമായിക്കൊണ്ടിരിക്കുന്നു. ഒരു ന്യൂനപക്ഷ സർക്കാർ ഭരിക്കുമ്പോൾ ഇത്രയും ഭരണദൃഢതയുണ്ടെന്നു ആശ്വസിക്കാം. ഇന്ന് ഓരോ രാഷ്ട്രീയ കക്ഷിയും തന്റെ ചൊൽപടിക്ക് ഭരണകൂടത്തെ നിർത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതേസമയം പുരാതന ജാതിവ്യവസ്ഥയുടെ ഭാരം ഇന്നത്തെ ഭരണത്തിന്റെ മേലുണ്ട്. ഒരു പുതിയ രാഷ്ട്രീയ വ്യവസ്ഥയെ ജനിപ്പിക്കാനുള്ള അഭിവാഞ്ചയും പ്രകടമാകുന്നുവെന്നതിൽ സന്തോഷിക്കാം. ഇന്നത്തെ ഈ വൈരുദ്ധ്യാത്മക സമ്മർദ്ദം ഒരു ശക്തി ചൈതന്യമായി ത്തീരട്ടെയെന്ന് ആഗ്രഹിക്കാം. ഒരു നവ്യവ്യവസ്ഥിതിയുടെ ഈറ്റുനോവിലൂടെ ഇന്നത്തെ രാഷ്ട്രസംവിധാനം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. രക്തരൂക്ഷിത വിപ്ലവത്തിലൂടെയല്ലാതെ ഒരു പുതിയ ഭാരതം സംജാതമാകുമോയെന്നാണ് ഇന്നുയരുന്ന ചോദ്യം. അത് ക്ഷിപ്രസാദ്ധ്യമല്ല. അത്രയേറെ വിഘടിതശക്തികൾ ഇന്ന് ഉരുണ്ടുകൂടുന്നുണ്ട്.

ഇന്നത്തെ നമ്മുടെ രാഷ്ട്രസംവിധാനം ശക്തമായ കേന്ദ്രത്തിൽ ഉറച്ചുനില്ക്കുന്നതാണ്. അതിന്നെതിരെ സംസ്ഥാനങ്ങൾ ഉയർന്നുവന്നാലോ? ഓരോ സംസ്ഥാനത്തിലും ഭരണത്തിലിരിക്കുന്ന കൂട്ടുകെട്ടിന്നെതിരെ മറ്റു കൂട്ടങ്ങൾ ശക്തി പരീക്ഷിച്ചാലോ? ഇന്ന് ഇതാണ് സംഭവിച്ചുകൊണ്ടിരിക്കുക. പൊതുവേ ന്യൂനപക്ഷമായിരിക്കുന്ന സവർണവർഗം അവർണരുടെ കൂട്ടുപിടിച്ചു ഭൂരിപക്ഷം ചമഞ്ഞ് ഭരണമേൽക്കോയ്മ അവകാശപ്പെടുന്ന ദുസ്ഥിതിയുണ്ട്. എല്ലാ ജാതികളും ഹിന്ദുക്കളായണല്ലോ അറിയപ്പെടുക. ഭരണത്തിലിരിക്കുന്ന മുന്നോക്ക വിഭാഗങ്ങൾക്കെതിരെ പിന്നോക്കവർഗ്ഗങ്ങൾ സംഘടിക്കുന്ന അപകടമുണ്ട്. ചൂഷിതവർഗ്ഗങ്ങളായി തള്ളപ്പെട്ടുകിടന്നവർ ഉയിർത്തെഴുന്നേറ്റു പുതിയ സംസ്ഥാനങ്ങൾക്ക് നിർബ്ബന്ധിക്കുന്ന പ്രതിസന്ധിയുണ്ട്. രാജ്യത്തുമുഴുവൻ ഒരു അഴിച്ചുപണി അനിവാര്യമാകുമോയെന്ന സംശയിക്കത്തക്ക സാഹചര്യമാണ് ഇന്നുള്ളത്. ഇവയെല്ലാം ഭാരതത്തിന്റെ ശിഥി

www.malankaralibrary.com

ലീകരണത്തിന് വഴിമരുന്നിടുന്നു. ഒരു രാഷ്ട്രീയസ്ഫോടനത്തിലേക്ക് ഇവയെല്ലാം വഴി തെളിക്കുമോ? ഭാരതത്തിന്റെ ഐക്യം തകർക്കാൻ തുണ നല്കിക്കൊണ്ടിരിക്കുന്ന വിദേശരാഷ്ട്രങ്ങളുമുണ്ട്. ഇവ്വിധത്തിൽ നോക്കുകയാണെങ്കിൽ ഇരുട്ടുനിറഞ്ഞതാണ് ഇൻഡ്യയുടെ ഭാവിയെന്നു തോന്നിയേക്കാം. എന്നാൽ ഒരു പുതിയ രാഷ്ട്രവ്യവസ്ഥ പടുത്തുയർത്തത്തക്ക വീറും വാശിയുമുള്ള ഒരു ജനതയാണ് ഭാരതത്തിലേത്. ശക്തമായ കേന്ദ്രവും കൂടിനില്ക്കുന്ന സംസ്ഥാനങ്ങളുമായി ഒന്നിച്ചു പണിപ്പെട്ടാൽ ഭാരതത്തിന്റെ ഭാവി ശോഭനമായിരിക്കുമെന്നതിൽ സംശയം വേണ്ട. അതിന് ദേശീയോദ്ഗ്രഥനത്തിന്റെ ഒരു പുതിയ പാത തുറക്കുക ആവശ്യമായിരിക്കുന്നു.

## ക്രൈസ്തവരുടെ പങ്കാളിത്തം

ഭാരതത്തിന്റെ ദേശീയോദ്ഗ്രഥനത്തിൽ ക്രൈസ്തവർ എന്തു പങ്കു വഹിക്കും? ഈ ദൃശമായ ഒരു ദൗത്യം ക്രിസ്ത്വബ്ദം അഞ്ചും ആറും ഏഴും നൂറ്റാണ്ടുകളിൽ ക്രൈസ്തവർ യൂറോപ്പിൽ വഹിക്കുകയുണ്ടായി. ചിന്നിചിതറിക്കിടന്നിരുന്ന ജാതികളെ ഒരു ജനതയായി ക്രിസ്തുമതം കൊരുത്തുചേർത്തു. അതിന്റെ ഫലങ്ങൾ ഇന്നും യൂറോപ്പ് കൊയ്തെടുത്തുകൊണ്ടിരിക്കുന്നു പക്ഷേ അന്നത്തെ നിർമ്മാണ പ്രക്രിയ അതേ രീതിയിൽ ഭാരതത്തിൽ ആവർത്തിക്കുമെന്ന് ആരും പറയുകയില്ല. ദേശകാലസാഹചര്യങ്ങൾക്കും സാംസ്ക്കാരിക സമ്മർദ്ദങ്ങൾക്കും അനുസരിച്ച് ഭാരതത്തിന് ഒരു പുനർനിർമ്മാണം ആവശ്യമായിരിക്കുന്ന ഇന്നത്തെ സ്ഥിതിയിൽ തങ്ങളുടെ പങ്ക് വഹിക്കുവാൻ ക്രൈസ്തവർ മുമ്പോട്ടുവരണമെന്നതിൽ രണ്ടുപക്ഷമില്ല. ഇന്ന് ഭാരതത്തിൽ എല്ലാമുണ്ട്. മനുഷ്യബുദ്ധി, വിഭവശേഷി, പുരോഗതിക്കുള്ള ആഗ്രഹം എല്ലാമെല്ലാം. എന്നാൽ വർഗ്ഗീയതയുടെയും വിഭാഗികതയുടെയും നീർച്ചുഴിയിൽ ഒന്നിന്റെ അഭാവമുണ്ട്. സ്നേഹവും സഹകരണവും. അതു നല്കുവാൻ ക്രിസ്തുമതത്തിന് സാധിക്കുമോ? ബ്രിട്ടീഷ് ഭരണകാലത്ത് ഭാരതത്തിന്റെ പുരോഗതിയ്ക്ക് ക്രൈസ്തവർ വലിയ ഒരു പങ്കു വഹിച്ചിട്ടുണ്ട്. ഇന്ന് സ്വതന്ത്രഭാരതത്തിന് ആവശ്യം ദേശീയതയും സാർവത്രികതയും തമ്മിലുള്ള സമന്വയമാണ്. അതിന് എളിയ ഉപകരണങ്ങളാകാൻ ഭാരതക്രൈസ്തവർക്ക് തീർച്ചയായും കഴിയും. അതിന് ഭാരതത്തിലെ വൈവിധ്യത്തിനും സങ്കീർണതയ്ക്കും നാം ഒരു പുതിയ ദർശനം നല്കണം.



## ഒരു പുതിയ ദർശനം

മത വൈവിധ്യത്തിന്റെ പ്രശ്നം തന്നെയെടുക്കുക. പല മതങ്ങളിലൊന്നെന്ന സ്ഥാനം മാത്രമാണോ ക്രൈസ്തവർക്കുള്ളത്? ന്യൂനപക്ഷമെന്ന അവകാശം ഉന്നയിക്കുക മാത്രമാണോ ക്രൈസ്തവരുടെ ധർമ്മം? മതഘടനകൾക്ക് ഉപരി വർത്തിക്കുവാനുള്ള വിളിയാണ് ക്രൈസ്തവർക്കുള്ളത്. ഏക ദൈവത്തിന്റെ സ്നേഹത്തിൽ മനുഷ്യരെയെല്ലാം ഏകോപിപ്പിക്കാനുള്ള ഉത്തരവാദിത്വം. യഥാർത്ഥ ഈശ്വരവിശ്വാസം വെടിഞ്ഞ് മതത്തിന്റെ ഘടനകൾക്കും സ്ഥാപനങ്ങൾക്കും പ്രാമുഖ്യം കല്പിക്കുമ്പോഴാണ് വർഗീയത ഉരുണ്ടുകൂടുന്നത്. ക്രൈസ്തവരുടെ വിദ്യാലയങ്ങളും ആശുപത്രികളും എല്ലാ മനുഷ്യരെയും ലക്ഷ്യമാക്കിയുള്ളതാണ്. ആ നിലയിൽ എത്ര വലിയ സേവനം ക്രൈസ്തവർ ഭാരതത്തിലെ ജനലക്ഷങ്ങൾക്ക് നല്കിക്കഴിഞ്ഞു. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇതരവിഭാഗങ്ങളെ അനുകരിച്ച് തങ്ങളുടെ സ്ഥാപനങ്ങൾ തങ്ങളുടെ മുതൽക്കൂട്ടായി ക്രൈസ്തവർ കരുതിത്തുടങ്ങിയിട്ടുണ്ട്. വിഭാഗിക ചിന്തയ്ക്ക് നാം വശഗരായിരിക്കുന്നു. അതിൽ നിന്ന് ഒരു ഉയിർത്തെഴുന്നേല്പു ക്രൈസ്വർക്കു മുഴുവനുമുണ്ടാകണം. ഉദാരസേവനത്തിന്റെ പാതയിൽ മുമ്പോട്ടു പോകുക. മുമ്പെന്നപോലെ ഭാരതം നമ്മെ ആദരിക്കും.

സാമ്പത്തിക പ്രശ്നമാണല്ലോ ഏറെ വൈരുദ്ധ്യത്തിന് നിദാനം. ഇതിൽ കമ്മ്യൂണിസം നല്കുന്ന വിശകലനത്തിന് വളരെ അർത്ഥമുണ്ട്. അതിന്റെ നിഗമനം മുഴുവൻ പകർത്തിയെടുക്കേണ്ട ആവശ്യമില്ലെന്നുമാത്രം. കമ്മ്യൂണിസം വർഗ്ഗവൈരം സമൂഹപരിവർത്തനത്തിന് നിദാനമായി കാണുമ്പോൾ ക്രൈസ്തവവിശ്വാസം ദർശിക്കുന്നത് എല്ലാ മനുഷ്യരും തമ്മിലുള്ള സ്നേഹവും സഹകരണവുമാണ്. ഭൂമിയിലെ വിഭവങ്ങളെല്ലാം എല്ലാ മനുഷ്യരുടെയും വിനിയോഗത്തിനായി ദൈവം വച്ചിരിക്കുന്നുവെന്നാണ് ക്രൈസ്തവചിന്ത പറയുക. ഓരോ മനുഷ്യനും തന്റെ കഴിവനുസരിച്ച് പണിയെടുക്കുക, ഓരോരുത്തനും തന്റെ ആവശ്യമനുസരിച്ചു പങ്കു പറ്റുക എന്നത് ക്രൈസ്തവപ്രമാണമാണ്. കമ്മ്യൂണിസം അത് കടമെടുത്തു. മനുഷ്യരുടെ ഈ സാർവത്രികപങ്കാളിത്തം എങ്ങനെ സാധ്യമാവും? ആക്രമണത്തിലൂടെയും ബലപ്രയോഗത്തിലൂടെയുമെന്ന് കമ്മ്യൂണിസം അനുശാസിക്കും. സ്നേഹോദാരമായ പങ്കുവെയ്പിലൂടെയെന്ന് ക്രിസ്തുമതം ഉപദേശിക്കും. ഈ ക്രൈസ്തവ

www.malankaralibrary.com

ചിന്ത പ്രയോഗ സാധ്യമാണോയെന്ന് സംശയിച്ചേക്കാം. സാധ്യമാണെന്നാണ് മഹാത്മാഗാന്ധി ഭാരതീയരെ പഠിപ്പിച്ചത്. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ജീവിതം നയിക്കുവാൻ ആദ്യം കുറെപ്പേർ മുമ്പോട്ടു വരിക. അവരെ ഇതരരും അനുകരിക്കും.

രാഷ്ട്രീയ മൽപ്പിടുത്തങ്ങൾക്ക് ഇന്ന് ഭാരതം കൂടുതൽ സാക്ഷിയായിക്കൊണ്ടിരിക്കുകയാണ്. രാജ്യഭരണത്തിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്നവർ കൂടുതൽ സ്വാർത്ഥമതികളായികൊണ്ടിരിക്കുന്നു. എന്നാൽ ഇന്നും ചിത്രം അത്രമേൽ ഇരുണ്ടതല്ല. സ്വാതന്ത്ര്യസമരകാലത്ത് ത്യാഗമതികളായ ധാരാളം നേതാക്കന്മാരെ ഇൻഡ്യയ്ക്ക് ലഭിച്ചു. സ്വാതന്ത്ര്യം നേടിക്കഴിഞ്ഞും അവരുടെ സ്വാധീനം കുറേനാൾ നിലനിന്നു. ഇന്നും അത്തരം നേതാക്കന്മാരില്ലേ? ഉണ്ട്. അവർ, പലരാഷ്ട്രീയ കക്ഷികളിലായി ചിതറികിടക്കുന്നതുകൊണ്ട്, സാമാന്യമായ നല്ല സ്വാധീനം ചെലുത്താൻ അവർക്ക് സാധിക്കുന്നില്ല. വാസ്തവത്തിൽ ഭാരതത്തിൽ ഒരു പുതിയ രാഷ്ട്രീയ നവീകരണം ഉണ്ടാകണം. അതിന് അടിസ്ഥാനമായി സ്നേഹപ്രചോദിതമായ ഒരു പ്രത്യയശാസ്ത്രം രൂപം ധരിക്കുകയും വേണം. ആദ്യമായി ഈ സ്നേഹസ്വാധീനം പ്രബലമാകേണ്ടത് സാമൂഹികസേവനരംഗത്താണ്. യാതൊരു നിക്ഷിപ്ത താത്പര്യവുമില്ലാതെ ശുശ്രൂഷിക്കുന്ന ഒരു ഗണം ഉയർന്നുവരണം. അത് സംഘടിപ്പിക്കുവാൻ ക്രിസ്ത്യാനികൾക്ക് കഴിയുകയില്ലേ? തീർച്ചയായും. ഇന്നും അങ്ങനെയുള്ളവർ ധാരാളമുണ്ട്. അവർ ദേശസ്നേഹത്താൽ പ്രചോദിതരാകട്ടെ. അതിന്റെ ആകർഷണവലയത്തിൽ മറ്റു രംഗങ്ങളിൽ ഉള്ളവരും വേഗം ഉൾപ്പെടും.

## പുതിയ ആകാശവും പുതിയ ഭൂമിയും

എല്ലാ മതങ്ങളും ജാതികളും വർഗ്ഗങ്ങളും ഉൾപ്പെടുന്ന ദേശീയോദ്ഗ്രഥനമാണ് ഇവിടെ പരാമർശിതമായിരിക്കുന്നത്. ഹിന്ദുമതസ്ഥർ കൂടുതലും ഭൂതകാലത്തിൽ ജീവിക്കുന്നവരാണ്. മുസ്ലീമുകൾക്ക് ശ്രദ്ധ വർത്തമാനസുരക്ഷിതത്വത്തിലും. ഇവ രണ്ടും ആവശ്യമായ ഭാവങ്ങൾ തന്നെ. എന്നാൽ ക്രൈസ്തവരാകട്ടെ ഭാവിയുടെ പ്രതീക്ഷയിൽ പ്രയത്നിക്കുന്നവരാണ്. യഹൂദജനതയ്ക്ക് യഹോവ നല്കിയ ശക്തിയാണത്. അത് ക്രൈസ്തവർ പുതിയ ആകാശവും പുതിയഭൂമിയുമെന്ന പ്രതീക്ഷയിൽ കാത്തു സൂക്ഷിക്കുന്നു. കാറൽ മാക്സ് യഹൂദനെന്ന നിലയിൽ ലഭിച്ച മെസയാനിക പ്രതീക്ഷയിലാണ് കമ്യൂണിസത്തിന്റെ



പ്രത്യയ ശാസ്ത്രത്തിന് രൂപം കൊടുത്തത്. മനുഷ്യരുടെ സമത്വത്തിൽ ഊന്നിനിന്ന് ഭാവിപറുദീസായെ മുന്നിൽക്കണ്ട് സമൂഹത്തിന്റെ സമൂല പരിവർത്തനത്തിനായി രക്തസാക്ഷികളാകാനുള്ള സന്നദ്ധതയോടെ വിപ്ലവാഗ്നിയിൽ എടുത്തു ചാടുവാൻ യുവലക്ഷങ്ങളെ പ്രേരിപ്പിച്ച പ്രത്യയശാസ്ത്രമാണത്. ലോകത്തിൽ മുഴുവനും ഒരു ചിന്താപരിവർത്തനത്തിന് അത് ഹേതുഭൂതമായി. വ്യക്തികളുടെ ക്ഷേമം രാഷ്ട്രത്തിന്റെ പുരോഗതിയെ ആശ്രയിച്ചിരിക്കുന്നുവെന്ന സോഷ്യലിസ്റ്റു ചിന്താഗതി ശ്ലാഘനീയം തന്നെ. എന്നാൽ ലോകത്തിനു മുഴുവൻ മാറ്റം വരുത്തി ഭൗമിക പറുദീസാ സൃഷ്ടിക്കുമെന്ന കമ്മ്യൂണിസത്തിന്റെ സ്വപ്നം മണ്ണടിഞ്ഞുപോയി. മനുഷ്യനെ വെറും പദാർത്ഥമയമായും സമ്പത്തികമായും വ്യാഖ്യാനിച്ചുവെന്നതാണ് കമ്മ്യൂണിസത്തിന്റെ പരാജയാടിസ്ഥാനം. ഭാരതം എന്നും ഉറക്കെപ്പറയും മനുഷ്യൻ ഈശ്വരമയനാണെന്ന്. അതു തന്നെയാണ് ക്രൈസ്തവ വിശ്വാസത്തിന്റെയും നിലപാട്. എന്നാൽ ഭാവിയുടെ പ്രതീക്ഷ നല്കി, സ്നേഹത്തിലും സഹകരണത്തിലും സംഘടിപ്പിക്കുന്ന ഒരു ശക്തി ചൈതന്യത്തിൽ ക്രൈസ്തവർ കൂടുതലും വിശ്വസിക്കുന്നു. അവർ, ഉൾപ്പെടുന്ന രാഷ്ട്രത്തിന്റെ വിശ്വസ്തപൗരരാണ്, അതോടൊപ്പം മാനവസാർവത്രികതയുടെ പ്രവാചകരുമാണ്. ഏറ്റം ഉദാത്തമായ ദർശനബോധത്തോടെ പ്രവർത്തിക്കുവാൻ ക്രിസ്തു തന്റെ അനുയായികളെ ഉത്ബോധിപ്പിക്കുന്നു. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ശുശ്രൂഷയുടെയുമായ ആയാഗവേദിയിൽ ഉൾപ്പെട്ടുനില്ക്കുകയാണ് ദേശീയോദ്ഗ്രഥനത്തിന് ക്രൈസ്തവർ നല്കേണ്ട സംഭാവന.

***ക്രൈസ്തവകാഹളം, 1999 ഒക്ടോബർ – നവംബർ***

www.malankaralibrary.com

# 32

# മലങ്കരയുടെ അയ്മേനികൾ

'അയ്മേനികൾ' എന്നു വെച്ചാൽ വിശ്വാസികൾ എന്നർത്ഥം. വിശ്വാസികൾ ഒന്നിച്ചുനിൽക്കുന്നതാണ് സഭ. മലങ്കരയുടെ അയ്മേനികൾ ഒന്നിച്ചു നില്ക്കുന്നത് മലങ്കരസഭയും. ഒന്നുകൂടി വ്യക്തമാക്കട്ടെ, 'മലങ്കരസഭ'യെന്നു വെച്ചാൽ പുത്തൻകൂറ്റുകാരെയാണ് ഇവിടെ ഉദ്ദേശിക്കുക. അവർ ഒന്നിച്ചു നിന്ന് സഭയുടെ ഗതി തിരിച്ചുവിട്ട സംഭവങ്ങൾ ധാരാളമുണ്ട്. ആ നിർണ്ണായകസംഭവങ്ങളിൽ വൈദികർ നേതൃത്വം കൊടുത്തിട്ടുണ്ടാവാം. പക്ഷേ നാം അവ മനസ്സിലാക്കുന്നത് സഭയുടെ മുഴുവൻ സംഭവങ്ങളായിട്ടാണ്. അതായത് അവ അയ്മേനികളുടെ മുന്നേറ്റങ്ങളായിരുന്നു. അവയിലേയ്ക്ക് ഒന്ന് സിംഹാവലോകനം നടത്തുന്നത് ഇന്നത്തെ മലങ്കരസഭയ്ക്ക് രോമാഞ്ചമായിരിക്കും. വെല്ലുവിളി ആയിരിക്കും. മലങ്കരസഭയുടെ ഭാവി നിർണ്ണയിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന അയ്മേനികൾ ഒന്ന് ശ്രദ്ധിക്കുക.

ആദ്യത്തെ സംഭവം കൂനൻ കുരിശ് സത്യം തന്നെ. അതിലാണല്ലോ പുത്തൻകൂർ വിഭാഗം ആരംഭിക്കുന്നത്. ക്ഷമിക്കണേ, പ്രസ്തുത സത്യത്തിൽ മലങ്കരയിലെ (കേരളത്തിന്റെ പര്യായമാണ് മലങ്കര) എല്ലാവരും ഒന്നു ചേർന്നതാണ്. എങ്കിലും അവിടെയാണ് പുതിയ തിരിവ് തുടസ്സം കുറിച്ചത്. ഇതേപ്പറ്റി ഇട്ടൂപ്പ് റൈട്ടർ (നിലവിലുള്ളതിൽ മലങ്കരയെ ആസ്പദിച്ച് ഏറ്റം പുരാതന ചരിത്രം അദ്ദേഹത്തിന്റെതാണ്) പറയുന്നു: പാത്രീയർക്കീസ് ബാവ (അഹത്തുള്ളാ) കൊച്ചിയിൽ വന്നു എന്ന ഒരു ശ്രുതി പരന്ന ഉടനെ ആലങ്ങാട്ടുകൂടപ്പെട്ടവരെല്ലാവരും വന്നു ചേർന്നു പറങ്കി ഗവർണരോടു അപേക്ഷിച്ചാറെ ബാവായെ ഇറക്കികൊടുക്കാതെ തർക്കം പറകയാൽ അൽക്കദയാക്കോനും പട്ടക്കാരും ജനങ്ങളും കൂടെ ഏകദേശം 25000 പേരോളം ഉണ്ടായിരുന്നവർ, ഇനി എന്തായാലും പറങ്കികളുമായി കലാപമുണ്ടായിട്ടെങ്കിലും പാത്രിയർക്കീസിനെ ഇറക്കിക്കൊണ്ടുവരണമെന്നു ഉറച്ചും കൊണ്ടു ധൈര്യത്തോടെ പുറപ്പെട്ടു



ചെന്നു. അപ്പോൾ കോട്ടയിൽ ഏകദേശം 300 പറങ്കികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇത്ര വളരെ ജനങ്ങളെ കണ്ടാറെ ഇവർ ഭയപ്പെട്ടു കോട്ട വാതിലുകൾക്കുള്ള പാലം മടക്കിഎടുത്തു (കോട്ടയ്ക്കുള്ളിലേയ്ക്കുള്ള വാതിൽ ഒരു പാലത്തിന്റെ അടുത്തായിരുന്നു. ഈ പാലം ആവശ്യം വരുമ്പോൾ ശത്രുക്കൾക്കു വിരോധമായി മടക്കി വയ്ക്കാവുന്ന മാതിരിയും ആയിരുന്നു). കൊത്തളത്തിൻമേൽ പീരങ്കികളും കയറ്റി എന്തായാലും വിട്ടയക്കുന്നതല്ലെന്നു അവരും ശാഠ്യം പിടിച്ചു. ഇതൊക്കെയും കണ്ടു ബോധിച്ചാറെ കൂടപ്പെട്ട സുറിയാനിക്കാർ അശേഷവും മട്ടാഞ്ചേരി പള്ളിയിലും കമ്പോളത്തിലുമായി സ്വരുമിച്ചു കൂടി ശുദ്ധഃ പാത്രിയർക്കീസിനെയും ഒട്ടും സംശയവും ദൈവഭയവും കൂടാതെ അറുകൊല ചെയ്തു എന്ന (അഹത്തള്ളായെ മുക്കിക്കൊന്നുവെന്നായിരുന്നു ജനശ്രുതി) ഈ പറങ്കികളോട് ഇനി നാം ചേരരുതെന്നും നമ്മുടെ അനന്തിരവകാലത്തിലും ഇവരുമായി ഇനി ചേർച്ചയും ഉപവിയും വേണ്ടാ എന്നും....... മേലെഴുതിയ ആണ്ടു (1653) മകരമാസം 3-ാം തീയതി വെള്ളിയാഴ്ച നാൾ മട്ടാഞ്ചേരിയിൽ കൂനൻ കുരിശിങ്കൽ വല്യതിൽ ഒരു ആലാത്തുകെട്ടി കമ്പോളത്തിൽ ഇരുപുറത്തൊട്ടും നീട്ടി കൂടപ്പെട്ട ജനങ്ങൾ അത്രപേരും ഈ കയറ്റിൻമേൽ പിടിച്ചുംകൊണ്ട് ഒന്നായിട്ടും ഏകസ്വരത്തോടും കൂടി മേൽപ്രകാരം വാചകം പറഞ്ഞു സത്യം ചെയ്തു പിരിഞ്ഞു.[1] സംഭവവിവരം അതിൽ തന്നെ വാചാലമാണ്. മലങ്കര സഭയെ സംബന്ധിച്ചിടത്തോളം ഈ കൂനൻകുരിശുസത്യം എത്രമേൽ ചരിത്രപ്രധാനമാണ്. അതിന്റെ നന്മതിന്മ വിശകലനം ചെയ്യാതെ ഒന്നു പറയാം. അത് വിശ്വാസികളുടെ വലിയ മുന്നേറ്റമായിരുന്നു. ചരിത്രം കുറിച്ച മുന്നേറ്റം.

അടുത്ത രംഗത്തിലേയ്ക്കു മാറാം. 1665-ൽ മാർ ഗ്രീഗോറിയോസ് മലങ്കരയിൽ വന്നതിനുശേഷമുള്ളത്. അദ്ദേഹം മലങ്കരയിൽ പോർട്ടുഗീസ് ഭരണഫലമായുണ്ടായ പരിഷ്കാരങ്ങളെ ഇല്ലായ്മ ചെയ്‌വാൻ ശ്രമിച്ചുതുടങ്ങി. പക്ഷേ അവ അത്ര വിജയിച്ചില്ല "ഈ വക അനാചാരങ്ങളെ മാറ്റണമെന്ന് ഉൽസാഹിച്ചു എന്നാറെ രൂപങ്ങളെ പള്ളികളിൽ വയ്ക്കയും പെരുന്നാളുകളിൽ എഴുന്നെള്ളിക്കയും ചെയ്യുന്നതിൽ പള്ളിക്കു വരവുണ്ടെന്നും രൂപങ്ങളെ ആരും വന്ദിക്കുന്നില്ല, അതിനാൽ പള്ളികളിൽ ഇരുന്നുകൊള്ളട്ടെ എന്നും അന്നത്തെ ചില മല്പാൻമാ

1. *ഇട്ടൂപ്പു റൈട്ടർ, സഭാചരിത്രം PP 115-116*

www.malankaralibrary.com

രുടെയും പ്രമാണപ്പെട്ടവരുടെയും ആലോചനപ്രകാരം, മൂഢത്വം കൊണ്ടു ജനങ്ങൾ നിൽക്കയാൽ നിർഭാഗ്യം ഹേതുവാൽ ഈവക ഒന്നും നീങ്ങുന്നതിനു സംഗതി വന്നില്ല. സമ്മതം കൂടാതെ അവയെ നീക്കുന്നതിനു 5-ാം പാത്രിയർക്കീസിന് (മാർ ഗ്രീഗോറിയോസ്) കഴിഞ്ഞില്ല.[2] എന്താണ് ഇതിൽ 'മൂഢത്വ'മെന്നു മനസ്സിലാകുന്നില്ല, രൂപങ്ങൾ വയ്ക്കുന്നതിനു തടസ്സമില്ലെന്നു ഇട്ടൂപ്പു റൈട്ടർ തന്നെ എടുത്തു പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഏതായാലും രൂപങ്ങൾ വെയ്ക്കുന്നതിന്റെ പിന്നിലെ ജനങ്ങളുടെ ചിന്ത സാമ്പത്തികമായിക്കൊള്ളട്ടെ, സൂചിപ്പിച്ചതിൽ അവരുടെ പങ്കാളിത്തമെന്തായിരുന്നുവെന്ന് റൈട്ടർ ശരിയായി വ്യക്തിമാക്കിത്തരുന്നു.

പിന്നീട് 1748-ൽ മാർ ഈവാനിയോസ് എന്നുപേരുള്ള മെത്രാപ്പോലീത്താ മലങ്കരയിൽ വന്നു. അവിടെയും പ്രശ്നം പള്ളികളിൽ വച്ചിരുന്ന രൂപങ്ങൾ തന്നെയായിരുന്നു. ഈ മാർ ഈവാനിയോസ് മപ്രിയാന സുറിയാനി പള്ളികളിൽ സഞ്ചരിച്ചാറെ പള്ളികളിൽ രൂപം വച്ചിരിക്കുന്നതു കണ്ടു ശാസിക്കയും ചെയ്തു........................ പള്ളികളിൽ നിന്നു രൂപങ്ങളെ മിക്കവാറും നീക്കിക്കളഞ്ഞു. ഇതു നിമിത്തം മെത്രാനും (അഞ്ചാം മാർത്തോമ്മാ) ജനങ്ങളും ഒന്നായി ബാവായോടും വിരോധം തുടങ്ങി. അതിനെ ബാവാ പ്രമാണിക്കാതെ ചില പള്ളികളിൽ ചെന്നാറെ രൂപങ്ങളെ എടുത്തു തല്ലിപ്പൊട്ടിക്കുകയും തീയിലും ഇട്ടു ചുടുകയും ചെയ്കയാൽ താൻ, അഞ്ചാമത്തെ മർത്തോമ്മാ മെത്രാന്റെയും പ്രമാണികളുടെയും കോപത്തിനു പാത്രവാനായിട്ടും തീർന്നു.[3] പിന്നീടു എല്ലാവരും കൂടി ശ്രമിച്ചു പ്രസ്തുത മാർ ഈവാനിയോസിനെ മലങ്കരയിൽനിന്നും കെട്ടുകെട്ടിക്കയും ചെയ്തു. ജനങ്ങളുടെ വികാരം മൂർഛിച്ച ഒരു സംഭവം തന്നെയതും.

ജനങ്ങൾ ഒന്നിച്ചു നിന്ന സംഭവങ്ങളോടൊപ്പം ഭിന്നിച്ചു പോയ അവസരങ്ങളും ഉണ്ടായിട്ടുണ്ട്. ഇതിനും കാരണക്കാർ വിദേശത്തു നിന്നു വന്ന മെത്രാൻമാർ തന്നെ. 1751-ൽ മാർ ബസേലിയോസ് കാതോലിക്കാ, മാർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്താ മുതൽ പേർ മലങ്കരയിൽ വന്നിറങ്ങി. ശേഷം വിവരണം ഇട്ടൂപ്പുറൈട്ടർ നല്കുന്നു. "ഇതിന്റെ ശേഷം കർക്കടകമാസം 3-ാം തീയതി മാർ ഗ്രീഗോറിയോസ് മെത്രാ

2. *അതേ ഗ്രന്ഥം P121*

3. *അതേ ഗ്രന്ഥം P124*



പ്പോലീത്താ മുതൽ പേർ ലെന്തകമ്പനിക്കാരുടെ അനുവാദത്തോടുകൂടെ കണ്ടനാട്ടു പള്ളിയിലേയ്ക്കു നീങ്ങി. ആ വസ്തുത മെത്രാൻ കെട്ടാറെ എന്തു വരുമോ എന്നു ഭയപ്പെട്ടു. റാക്കാട്ടു നിന്നു കോതമംഗലത്തെക്കു എത്തി ചെറിയ പള്ളിയിൽ താമസിച്ചു. ബാവാമാർ അവിടെ വലിയ പള്ളിയിലും എത്തി അവിടെവെച്ചു തമ്മിൽ കാണണമെന്നും ഇരു ഭാഗക്കാർക്കും ആഗ്രഹമുണ്ടായിരുന്നു. ജനരഞ്ജനവരാതെ ഒട്ടുമെത്രാന്റെയും (അഞ്ചാം മാർത്തോമ്മാ) ഒട്ടു ബാവാമാരുടെയും പക്ഷമായി വരികയാൽ അതിനു സംഗതി വന്നില്ല. ഉടനെ മെത്രാൻ കുറുപ്പുംപടി പള്ളിയിലേക്കു നീങ്ങി. തെക്കെദിക്കുകാരെ വരുത്തി ഒരുമിച്ചു നിരണത്തേക്കു പോയതറിഞ്ഞ ബാവാമാരും പിന്നാലെ കായംകുളത്തെത്തി[4] മെത്രാനും ബാവാമാരും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായത് അന്ത്യോഖ്യാ പാത്രിയർക്കീസിനു മലങ്കരയ്ക്കുള്ള അധികാരത്തെ ചൊല്ലി ആയിരുന്നു. പാത്രിയർക്കീസ് ആവശ്യപ്പെട്ടതിൻപ്രകാരം സമ്മതിച്ചുക്കൊടുക്കുവാൻ മെത്രാൻ തയ്യാറായില്ല. അഞ്ചാം മർത്തോമ്മായുടെ എഴുത്തിൻ പ്രകാരം, അദ്ദേഹത്തിനു ശരിയായ മെത്രാൻ പട്ടം കൊടുക്കുവാൻ ഉദ്ദേശിച്ച് മാർ ഗ്രീഗോറിയോസ് വന്നതായിരുന്നു. അതിനു അദ്ദേഹം വച്ച വ്യവസ്ഥയ്ക്ക് മാർത്തോമ്മാ വഴങ്ങിക്കൊടുത്തില്ല. മാത്രമല്ല, ബാവാമാരുടെ യാത്രച്ചെലവ് ഡച്ചുകമ്പനിക്കു കൊടുക്കുവാനും മാർത്തോമ്മാ വിസമ്മതിച്ചു. ഇതായിരുന്നു സംഘട്ടനത്തിന്റെ കാരണം. ഇതിന്റെ പേരിൽ മലങ്കരയുള്ള വിശ്വാസികൾ ചേരിതിരിഞ്ഞു ശണ്ഠ കൂടുന്നതിനു ഇടയായി. ഈ ശണ്ഠയിൽ കുടുങ്ങിക്കിടക്കുകയായിരുന്നു പിന്നീടുള്ള പുത്തൻകൂർ ചരിത്രം മുഴുവൻ. അതിലെല്ലാം വിശ്വാസികളെല്ലാം സജീവമായി പങ്കുകൊള്ളുകയും ചെയ്തു.

ഇങ്ങനെ കൂനൻകുരിശുസത്യം മുതൽ എത്രയോ തവണ മലങ്കരയിലെ അയ്മേനികൾ വഴക്കിനും വക്കാണത്തിനും ചേരി തിരിവിനും കരുക്കളായി മാറി. തത്ഫലമായി മലങ്കരസഭ എന്തു മാത്രം വിഭജിതമായിരിക്കുന്നു. ഇവയിലെല്ലാം ഒരു നന്മ കാണുവാനുണ്ട്. മലങ്കരയിലെ വിശ്വാസികൾ ഓരോരോ ആവശ്യങ്ങൾക്കു ഒന്നിച്ചു വന്നിരുന്നു എന്നത്. ഇന്നു വിവിധ സഭകളിൽ വേർപ്പെട്ടു നില്ക്കുന്ന വിശ്വാസികൾ ഇനിയും ഒന്നിച്ചു വരുമോ? മലങ്കരയിലെ അയ്മേനികൾ ഒന്ന് ധരിച്ചി

4. *അതേ ഗ്രന്ഥം P125*

www.malankaralibrary.com

രിക്കുക. ഭിന്നതയ്ക്ക് ഉപകരണങ്ങളായതുപോലെ ഒന്നിപ്പിനും കരുക്കളായി മാറുവാൻ അവർക്കു സാധിക്കും. വിശ്വാസികളുടെ ചുമതല, ഭിന്നതയുടെ സംഘടനകൾ കാത്തു സൂക്ഷിക്കുകയല്ല. ഏകമായ ക്രിസ്തുവിശ്വാസം പരിരക്ഷിക്കുകയാണ്. ഓരോ വിഭാഗത്തിന്റെയും വൈദികസംഘടനകൾ അതത് സഭയുടെ ഘടനയുടെ കാത്തു സൂക്ഷിപ്പുകാരായെന്നിരിക്കും. എന്നാൽ വിശ്വാസികൾ യഥാർത്ഥ വിശ്വാസം നിലനിർത്തിക്കൊണ്ടു സഭയുടെ ഐക്യത്തിനുവേണ്ടി പരിശ്രമിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഇന്നത്തെ രാഷ്ട്രീയവും സാമൂഹ്യവുമായ സാഹചര്യസമ്മർദ്ദങ്ങൾക്കു വിധേയരായിക്കൊണ്ടിരിക്കുന്ന വിശ്വാസികൾക്കു തീർച്ചയായും കൂടുതൽ ഉത്തരവാദിത്വമുണ്ട് ഐക്യത്തിനു വേണ്ടി പണിയെടുക്കുവാൻ.

*മലങ്കരബാലൻ, 1987 ജൂൺ*



# 33

# ഉദയംപേരൂർ സൂന്നഹദോസിന്റെ സഭാപശ്ചാത്തലം

**കൽദായ ഭരണം**

നാനൂറുകൊല്ലം മുമ്പ് നടന്ന ഉദയംപേരൂർ സൂന്നഹദോസിന്റെ ചരിത്ര പശ്ചാത്തലത്തിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ മലങ്കരസഭയുടെ വിശ്വാസശുദ്ധി എത്ര വലുതെന്ന് തിരിച്ചറിയാൻ സാധിക്കുന്നതാണ്. അന്നേക്ക് ആയിരത്തിൽപരം സംവത്സരങ്ങളായി നിലനിന്നിരുന്നതാണ്, മലങ്കരസഭയും പേർഷ്യൻ സഭയുമായുള്ള ബന്ധം. പോർട്ടുഗീസുകാർ കേരളത്തിൽ കുടിയേറിയ സമയത്ത് ആ ബന്ധം ഏറെ തഴച്ചു നിന്നിരുന്നു. "1490-ൽ മാർ യോഹന്നാൻ, മാർതോമ്മാ എന്നീ മെത്രാന്മാരും, 1504-ൽ മാർ യാബ് ആലാഹ, മാർ യാക്കോബ്, മാർ ദനഹാ എന്നീ മെത്രാന്മാരും ബാബേൽ പാത്രിയർക്കീസിന്റെ പക്കൽ നിന്ന് കേരളത്തിൽ എത്തി. വളരെ സംവത്സരങ്ങളായി മെത്രാന്മാർ ഇല്ലാതിരുന്നതുകൊണ്ട് അവർ അനേകം ദേവാലയങ്ങൾ പ്രതിഷ്ഠിക്കുകയും അനവധി ആളുകളെ ആചാര്യപദവിയിലേയ്ക്ക് ഉയർത്തുകയും ചെയ്തു. "പ്രസ്തുത മെത്രാന്മാരിൽ മാർ തോമ്മാ തിരികെ പോയിരുന്നു. മറ്റുള്ളവർ 1504-ൽ പാത്രിയർക്കീസിനു അയച്ച ഒരു കത്തിൽ ഇങ്ങനെ പറയുന്നു. "എമ്മാനുവേൽ രാജാവിന്റെ പ്രജകളും അവരുടെ സഹോദര ക്രൈസ്തവരുമായ പോർട്ടുഗീസുകാർ കപ്പൽ സന്നാഹങ്ങളോടുകൂടി മലബാർ തീരത്തു വന്നിറങ്ങുകയും അധികം കഴിയുന്നതിനുമുമ്പേ കോഴിക്കോട്ടു രാജാവിനെ പരാജിതനാക്കുകയും ചെയ്തു." (മാർതോമ്മാ ക്രിസ്ത്യാനികൾ, ഫാദർ ബർനാർഡു തോമ്മാ, പുറം. 292–293) ഈ യുദ്ധത്തിൽ പോർട്ടുഗീസുകാരെ സഹായിച്ചത്, മാർതോമ്മാ ക്രിസ്ത്യാനികളായിരുന്നു. യുദ്ധം കൊച്ചിരാജാവും സാമൂ

www.malankaralibrary.com

തിരിയും തമ്മിലും. സാമൂതിരിയെ സഹായിച്ചത് അറബിമുസ്ലീംകളായിരുന്നു. വാസ്തവത്തിൽ കടലിലെ സംഘർഷം പോർട്ടുഗീസുകാരും മുസ്ലീംകളും തമ്മിലായിരുന്നുത് മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് പോർട്ടുഗീസുകാരുമായി കൂട്ടം ചേരുന്നതിന് കാരണവുമായി. കൊച്ചി രാജാവും നസ്രാണികളും പോർട്ടുഗീസുകാർക്ക് ആവശ്യമായ കുരുമുളക് ശേഖരിച്ചു കൊടുത്തിരുന്നു. പേർഷ്യൻ മെത്രാന്മാരുടെ കത്തിൽ സൂചിപ്പിച്ച ഈ രാഷ്ട്രീയ കൂട്ടുകെട്ട് ഏതാണ്ട് നൂറുകൊല്ലത്തോളം നിലനിന്നു. നസ്രാണികളെ തങ്ങളുടെ കൂട്ടുകെട്ടിൽ നിലനിറുത്തേണ്ടത് പോർട്ടുഗീസുകാരുടെ രാഷ്ട്രീയാവശ്യം ആയിരുന്നു. ഇത് പൂർണ്ണമായി സാധിക്കുന്നതിന് തടസ്സമായി നിന്നിരുന്നത് മലങ്കര സഭയ്ക്ക് പേർഷ്യൻ സഭയുമായുള്ള ബന്ധമായിരുന്നു.

## നെസ്തോറിയൻ എന്നതിന്റെ അർത്ഥവ്യാപ്തി

പേർഷ്യൻ സഭ നെസ്തോറിയൻ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. അത്, കൽദായ എന്നതിന് തുല്യാർത്ഥപ്രയോഗമാണ്. 430-ലെ എഫേസൂസ് സുനഹദോസിൽ വെച്ചു നെസ്തോറിയൻ പാഷണ്ഡതയെ അഭിശപ്തമായി പ്രഖ്യാപിച്ചിരുന്നു. വചനം മനുഷ്യനായി അവതരിച്ചുവെന്നതുകൊണ്ടു, ദൈവവും മനുഷ്യനും രണ്ടാളുകളായി യേശുക്രിസ്തുവിൽ വർത്തിക്കുന്നുവെന്ന് പറയുന്നതിനെയാണ് സുനഹദോസ് ശപിച്ചത്. എന്നാൽ ക്രിസ്തുവിലെ ഏകദൈവരഹസ്യം കൽദായസഭ എക്കാലവും അംഗീകരിച്ചിരുന്നു. മലങ്കര സഭയും അങ്ങനെ തന്നെ. പരിശുദ്ധ കന്യകമറിയാമ്മിനെ 'ദൈവമാതാവ്' എന്ന് സംബോധന ചെയ്യുന്നത് അതിനുള്ള പ്രധാന തെളിവാണ്. മാത്രമല്ല, റോമിലെ മാർപ്പാപ്പായെ സഭയുടെ പരമാധികാരിയായി അംഗീകരിക്കുകയും ചെയ്തിരുന്നു. 1552-ൽ റോമിൽ പോയി മാർപ്പാപ്പായിൽ നിന്ന് സൈമൺ സുലാക്കി പാത്രിയർക്കീസ് പാലിയം സ്വീകരിച്ചതു മുതൽ ഈ വിധേയത്വം തുടരേ പുതുക്കിയിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമി മാർ അബ്ദീശായാണ് മലങ്കരയിലേക്ക് മാർ യൗസേപ്പു സുലാക്കാ, മാർ അബ്രഹാം എന്നീ മെത്രാപ്പോലീത്താമാരെ മാർപാപ്പായുടെ അധികാരപത്രത്തോടെ അയച്ചത്. എന്നാൽ പോർട്ടുഗീസുകാർ മാർപാപ്പായോട് കൂടുതൽ അടുപ്പം ഭാവിച്ചിരുന്നെങ്കിലും ഈ അധികാരപത്രം അംഗീകരിക്കാൻ തയ്യാറായില്ല.

ഭരണപരമായി റോമാസഭ ലിസ്ബണിലെ ഭരണകൂടവുമായി വളരെ



ബന്ധപ്പെട്ടിരുന്നു. പൗരസ്ത്യദേശങ്ങൾ മുഴുവൻ അവരുടെ നിയന്ത്രണത്തിലാണ് മാർപാപ്പാമാർ ഏല്പിച്ചിരുന്നത്. അതിന്റെ ഭാരതത്തിലെ ഭരണകേന്ദ്രമായിരുന്നു, ഗോവാ മെത്രാപ്പോലീത്തായുടെ കീഴിലുള്ള സംവിധാനം. അദ്ദേഹമാകട്ടെ, ഇൻഡ്യയിലെ പോർട്ടുഗീസു ഭരണവുമായി ഏറ്റം അടുത്തു പ്രവർത്തിച്ചിരുന്നു. സഭാ ഭരണവും സഭേതരപ്രവർത്തനങ്ങളും തമ്മിലുള്ള കൂട്ടുകെട്ട് ശക്തമായിരുന്നുതാനും.

## വിശുദ്ധ ശവൂരിയാരും മലങ്കരസഭയും

എങ്കിലും പോർട്ടുഗീസുകാരിലെ നല്ല മനുഷ്യർ മലങ്കരസഭയെ ഒട്ടും അന്യമായി കണക്കാക്കിയിരുന്നില്ല. അവയിൽ പ്രമുഖനാണ് വിശുദ്ധ ഫ്രാൻസിസു സേവ്യർ. 1549-ൽ പോർട്ടുഗൽ രാജാവിന് വിശുദ്ധൻ എഴുതിയ കത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ആബൂനാ യാക്കോബ് എന്ന പേരോടുകൂടിയ ഒരു സുറിയാനി മെത്രാൻ ഈ പ്രദേശത്ത് ദൈവത്തെയും നിങ്ങളെയും (രാജാവിനെ) ഇപ്പോൾ നാല്പത്തിയഞ്ചു വത്സരങ്ങളായി സേവനം ചെയ്തു വരുന്നു. അദ്ദേഹം നിങ്ങളാലും ഇൻഡ്യയിൽ വല്ല അധികാരവും വഹിക്കുന്ന മിക്കവാറും എല്ലാവരാലും, എത്രമാത്രം പരിത്യക്തനും തിരസ്കൃതനും ആയിരിക്കുന്നുവോ, അദ്ദേഹത്തിന്റെ സുകൃതവും പരിശുദ്ധിയും ഹേതുവായി, ദൈവത്തിനു അത്രമാത്രം ഇഷ്ടപ്പെട്ട ഒരാൾ ആകുന്നു............ ഫ്രാൻസിസ്കൻ സന്യാസികൾ മാത്രമെ അദ്ദേഹത്തിന്റെ കാര്യങ്ങൾ അന്വേഷിക്കുകയും അദ്ദേഹത്തിന്റെ നേരെ കരുണയോടെ വർത്തിക്കുകയും ചെയ്യുന്നുള്ളു......... ദൈവദൃഷ്ടിയിൽ ഏറ്റം സ്വീകാര്യയോഗ്യൻ ആയിരിക്കുന്ന ഒരാളുടെ സുമനസ്സും മാദ്ധ്യസ്ഥവും നിങ്ങൾക്ക് പ്രത്യേകം ആവശ്യമാകുന്നു. ഈ വാർദ്ധക്യദശയിൽപോലും വിശുദ്ധമാതാവായ റോമാ പള്ളിയുടെ സമസ്ത ക്രമങ്ങളും മര്യാദകളും അത്യന്തം കീഴ്വഴക്കത്തോടെ അനുവർത്തിക്കുന്നതു കൊണ്ടു തന്നെ, മാർതോമ്മാ നസ്രാണികളുടെ കാര്യാന്വേഷണത്തിന് വളരെ അധ്വാനം ചെയ്തിട്ടുള്ള ഇദ്ദേഹം ഏറെ പരിഗണന അർഹിക്കുന്നു." (മേൽക്കാണിച്ച ഗ്രന്ഥം, പുറം 303-304). മാർതോമ്മാ നസ്രാണികളെ റോമാ സഭയിലേക്കു മാനസാന്തരപ്പെടുത്തിയെന്നൊന്നും വിശുദ്ധ ഫ്രാൻസിസ് സേവ്യർ ഇവിടെ അവകാശപ്പെട്ടില്ല. അവരെ ഭരിച്ചിരുന്ന മാർ യാക്കോബ് എന്ന സുറിയാനി മെത്രാനെ ഒട്ടും ഇകഴ്ത്തിയില്ല. കുറേ താഴ്ത്തിപ്പറഞ്ഞത് സ്വന്തം സന്യാസസഭയായ ഈശോ സഭയിൽ പെട്ടവരെയാണ്. അവർ പോർട്ടു

www.malankaralibrary.com

ഗീസുകാരുടെ കുതന്ത്രങ്ങളിൽ പെട്ടിരുന്നുവെന്ന് ചരിത്രം സാക്ഷിക്കുന്നു.

**കൽദായ മെത്രാന്മാരും റോമാസഭയും**

മാർ യാക്കോബ് 1549-ൽ മരിച്ചു. അദ്ദേഹം അധിവസിച്ചിരുന്ന കൊടുങ്ങല്ലൂരിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. 1555-ൽ അന്നത്തെ പാത്രിയർക്കീസ് മാർ അബ്ദീശോ, മാർ യാസേപ്പു മെത്രാപ്പോലീത്തായെ ഇൻഡ്യയിലേക്ക് ഗോവാ മെത്രാപ്പോലീത്തായ്ക്ക് നല്കുവാൻ മാർപാപ്പായുടെ കത്തോടുകൂടി അയച്ചു. മാർ യൗസേഫിനെ ഭരണ കാര്യത്തിൽ ഒരു വിധത്തിലും തടസ്സപ്പെടുത്തരുതെന്നായിരുന്നു കത്തിന്റെ സാരം. എന്നാൽ ഗോവൻ അധികാരികൾ മാർ യൗസേഫിനെ പതിനെട്ടുമാസം തടവിൽ പാർപ്പിച്ചു. ഇത് പ്രതീക്ഷിച്ചതായിരുന്നു. അതുകൊണ്ട് മാർ അബ്രഹാം എന്ന മെത്രാപ്പോലീത്തായെ കേരളത്തിലേയ്ക്ക് പാത്രീയർക്കീസ് അയച്ചു. അദ്ദേഹം 1557-ൽ രഹസ്യമായി മലങ്കരയിലെത്തി. അതറിഞ്ഞ ഉടനെ മാർ യൗസേപ്പിനെ വിട്ടയച്ചു. മാർ അബ്രാഹാമിനെ ബന്ധനത്തിലാക്കി. അദ്ദേഹം എങ്ങനെയോ രക്ഷപ്പെട്ട് പാത്രിയർക്കീസിന്റെ പക്കലെത്തി. പാത്രിയർക്കീസ് അദ്ദേഹത്തെ മാർപാപ്പായിൽ നിന്നു കൂടുതൽ നിർദ്ദേശപത്രം വാങ്ങുവാൻ റോമിലേയ്ക്ക് അയച്ചു. ഏതാണ്ടു പത്തു കൊല്ലത്തെ ശ്രമം കൊണ്ട് വേണ്ട പിടിമാനങ്ങൾ നേടി. മാർ അബ്രഹാം ഗോവായിൽ എത്തി. അപ്പോൾ നെസ്തോറിയനെന്ന ആരോപണം വെച്ച് മാർ യൗസേപ്പിനെ വീണ്ടും തടവിലാക്കി, റോമിലേക്ക് അയച്ചു. അവിടെ വെച്ച് കഥാവശേഷനായ മാർ യൗസേപ്പു വലിയ പണ്ഡിതനും ഭക്തനുമായിരുന്നു.

മാർ അബ്രഹാമിന് അന്നു സഭയെ ഭരിച്ചിരുന്ന പീയൂസ് നാലാമൻ കത്തുകൾ നല്കിയിരുന്നു. ഗോവാ മെത്രാപ്പോലീത്തായ്ക്ക് കൊച്ചി മെത്രാനും മൂന്നാമത്തേത് അബ്ദീശോ പാത്രിയർക്കീസിനും, ഗോവാ മെത്രാപ്പോലീത്തായ്ക്കുള്ള കത്തിൽ പ്രധാനമായി ഏഴുകാര്യങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്.

മാർ അബ്ദീശോ പാത്രിയർക്കീസിനാൽ ഭാരതഖണ്ഡത്തിനു വേണ്ടി മെത്രാനായി നിയമിക്കപ്പെട്ട മാർ അബ്രഹാം റോമിൽ മാർപാപ്പായെ കണ്ടു.





2. ശ്ലൈഹിക സിംഹാസനത്തിന്റെ പേർക്ക് അദ്ദേഹത്തിനുള്ള ഭക്തിവിധേയത്വം ബോധ്യമായിരിക്കുന്നു.

3. അദ്ദേഹം ദൈവകാര്യങ്ങളിൽ തത്പരനാണെന്ന് പാത്രിയർക്കീസിന്റെ കത്തിൽ നിന്നും അദ്ദേഹത്തിന്റെ നടപടികളിൽ നിന്നും മനസ്സിലായി.

4. സത്യസന്ധരായ ആളുകളെക്കൊണ്ട് അദ്ദേഹത്തിന്റെ വിശ്വാസനിലപാട് പരീക്ഷിച്ചിട്ടുള്ളതാണ്.

5. വിശ്വാസപ്രഖ്യാപനം സ്വന്തമായി എഴുതി കയ്യൊപ്പു വച്ച് ഇവിടെ ഏല്പിച്ചിരിക്കുന്നു.

6. അദ്ദേഹത്തിന് മലയാളത്തിൽ ഒരു ഇടവക (രൂപത) പാത്രിയർക്കീസ് നിശ്ചയിച്ചു കൊടുത്തിരിക്കേ, ഗോവായിലെ മെത്രാപ്പോലീത്താ അതനുസരിച്ചു പ്രവർത്തിക്കേണ്ടതാണ്.

7. പാത്രിയർക്കീസിന് ആവലാതി പറയുവാൻ ഇടം കൊടുക്കാത്തവണ്ണം പെരുമാറണം. (മേൽക്കാണിച്ച ഗ്രന്ഥം പുറം 315-316). കൊച്ചി മെത്രാന് അയച്ച കത്തിലും ഏതാണ്ടു ഇതുതന്നെ ആവർത്തിച്ചിരിക്കുന്നു. പാത്രീയർക്കീസിന് മാർപാപ്പാ അയച്ച കത്ത് ഇങ്ങനെ പറയുന്നു.

1. പാത്രിയർക്കീസിനാൽ ഉത്തമബോധ്യത്തിലേക്ക് ആനയിക്കപ്പെട്ട മാർ അബ്രഹാം കൂടുതൽ പേരെ അതേ ബോധ്യത്തിലേക്ക് കൊണ്ടുവരാൻ കഴിവുള്ളവനാകുന്നു.

2. ഇൻഡ്യയിൽ അദ്ദേഹം സഹിച്ച വിഷമതകളെപ്പറ്റി ദുഃഖിക്കുകയും, അവ അദ്ദേഹം തന്റെ വിശ്വാസം പ്രകാശിപ്പിക്കുന്നതിന് ദൈവം നല്കിയ ഉപാധികളാണെന്ന് കരുതുകയും ചെയ്യുന്നു.

3. ഭാരതത്തിൽ കഴിയുന്ന മാർ യൗസേപ്പു മെത്രാനും അധിവാസസ്ഥാനം നിർദ്ദേശിച്ചു കൊടുക്കണം.

4. അങ്കമാലി മാർ അബ്രഹാമിന്റെ ആസ്ഥാനമായി നിർദ്ദേശിക്കുന്നു. പൗരസ്ത്യ സഭകളുടെ ഭരണക്രമം മാർപാപ്പാ എത്ര ആദരപൂർവ്വം വീക്ഷിച്ചിരുന്നുവെന്നും, കൽദായ മെത്രാന്മാർ നെസ്തോറിയൻ ആരോപണത്തിൽ നിന്നു സ്വതന്ത്രരാണെന്ന് റോമൻ സഭ മനസ്സിലാക്കിയിരുന്നുവെന്നും, ഭാരതത്തിൽ പ്രത്യേകിച്ച് മലങ്കരയിൽ പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ട മെത്രാന്മാർ ഭരിക്കുന്നതിനെ റോമൻ കേന്ദ്രാധി

www.malankaralibrary.com

കാരം അംഗീകരിച്ചിരുന്നുവെന്നും ഈ കത്തുകളിൽ നിന്ന് മനസ്സിലാക്കാം.

## ഗോവായുടെ പ്രതികരണം

ഗോവാ മെത്രാപ്പോലീത്താ, മാർപ്പാപ്പായിൽ നിന്നും ലഭിച്ച കത്തൊന്നും പ്രശ്നമായി കണ്ടില്ല. മാർ അബ്രഹാമിനെ ഗോവായിൽ വീണ്ടും തടവിലാക്കി. എന്നാൽ 1568-ൽ പെസഹാ വ്യാഴാഴ്ച അദ്ദേഹം തടവിൽ നിന്നു രക്ഷപെട്ടു. താമസിയാതെ മലങ്കരയിലെത്തി, ഭരണ ഭാരം ഏറ്റു.

അദ്ദേഹം പതിമൂന്നാം ഗ്രീഗോറിയോസ് പാപ്പായുടെ പക്കൽ തനിക്കുണ്ടായ ബുദ്ധിമുട്ടിനെപ്പറ്റി പരാതിപ്പെട്ടു. കൽദായ പാത്രിയർക്കീസും പോർച്ചുഗീസു സഭയും തമ്മിൽ അന്ന് സംഘർഷം രൂക്ഷമായിരുന്നു. കൽദായ പാത്രിയർക്കീസിന്റെ ആധിപത്യം ഭാരതഭൂമിയിൽ നിലനില്ക്കുന്നതിന് പോർട്ടുഗീസു ഭരണാധിപൻ സമ്മതിക്കുന്നതല്ലെന്ന് ട്രന്റിൽ കൂടിയ സുനഹോദോസിൽ വച്ച് 1562-ൽ പോർട്ടുഗീസ് രാജപ്രതിനിധി പ്രസ്താവിക്കുകയുണ്ടായി. ഭാരതീയ പട്ടണങ്ങളായ കൊടുങ്ങല്ലൂർ, കൊച്ചി, കോഴിക്കോട്, ഗോവ മുതലായ മെത്രാസനങ്ങൾ സ്വന്തം അധികാരസീമയിൽ ഉൾപ്പെട്ടതാണെന്ന് പാത്രിയർക്കീസ് അബ്ദീശോയും സുനഹദോസിൽ വാദിച്ചു. ഈ വാദത്തിന് ഒരു അന്തിമ തീരുമാനം അന്ന് ഉണ്ടായില്ല. ഈ സംഘട്ടനം (ഭാരതത്തിൽ) ഗോവായിലെയും മലങ്കരയിലെയും മെത്രാപ്പോലീത്താമാർ പിന്നേയും തുടർന്നു. അതുകൊണ്ട് ട്രെന്റ് സുനഹദോസിന്റെ ചുവടുവെച്ചു ഗോവായിൽ നടന്ന സുനഹദോസിൽ (1567) മാർ യൗസേപ്പ് സംബന്ധിച്ചില്ല. 1575-ൽ നടന്ന സുനഹദോസിൽ മാർ അബ്രഹാമും ഹാജരായില്ല. ലത്തീൻ ഭരണത്തിലേയ്ക്ക് വീശിയെടുക്കുന്ന വലയായാണ്, കൽദായ മെത്രാന്മാർ ഈ സുനഹദോസുകളെ വീക്ഷിച്ചത്. ഇക്കാര്യത്തെപ്പറ്റി മാർ അബ്രഹാം, കൊച്ചിരാജാവു മുഖേന മാർപാപ്പായ്ക്ക് എഴുതിയിരുന്നു, ഗോവാ മെത്രാപ്പോലീത്താ എഴുതിയ കത്തിന് മാർപാപ്പാ നല്കിയ മറുപടിയിൽ അങ്കമാലി മെത്രാപ്പോലീത്തയായ മാർ അബ്രഹാമിനെ സഹോദരതുല്യം ബഹുമാനിക്കണമെന്നും അദ്ദേഹത്തെ സമസ്തജനങ്ങളും അംഗീകരിക്കത്തക്കവിധത്തിൽ ഉപചരിക്കണമെന്നും എടുത്തുപറഞ്ഞിരുന്നു. മാർ അബ്രഹാമിന്, ഉപമെത്രാന്മാർ ഇല്ലാതിരിക്കുക നിമിത്തം വേറെ സുനഹദോസു കൂടുവാൻ തരമില്ലാത്തതി



നാൽ ഗോവായിൽ പതിവായി കൂടുന്ന സുനഹദോസിൽ സംബന്ധിക്കണമെന്ന് മാർപാപ്പാ മാർ അബ്രഹാമിനെയും നിർദ്ദേശിച്ചു. മാത്രമല്ല, ഗോവായിൽ സുന്നഹദോസിൽ പങ്കെടുക്കുമ്പോൾ യാതൊരു ദ്രോഹവും ഉണ്ടാവുകയില്ലെന്ന് ഉറപ്പു നല്കുകയും ചെയ്തു. (പുറം 326). തദനുസാരം 1585-ൽ കൂടിയ പ്രാദേശിക സുനഹദോസിൽ മാർ അബ്രഹാം സംബന്ധിച്ചു. അതിൽ പത്തു പ്രത്യേക നിയമങ്ങൾ മലങ്കരസഭയെ സംബന്ധിച്ച് നിർമ്മിച്ചു. ആദ്യത്തെ ആറു നിയമങ്ങൾ വിശ്വാസത്തെയും കൂദാശ നിർവഹണത്തെയും പറ്റിയാകുന്നു. മലങ്കരയിലെ വൈദികർക്ക് പോർട്ടുഗൽ രാജാവ് സാമ്പത്തിക സഹായം നല്കുന്നതിനെ പറ്റിയാണ് വേറൊന്ന്. കൂദാശകളുടെ നിർവഹണത്തിൽ അനുസരിക്കേണ്ട ക്രമങ്ങൾ അത്രയും ലത്തീനിൽ നിന്നു കൽദായ ഭാഷയിലേക്ക് തർജ്ജിമ ചെയ്യണമെന്നതാണ് ഏഴാം നിയമം. നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിന് സുനഹദോസു തന്നെ മാർ അബ്രഹാമിന് ഒരു സഹായിയെ നിയമിക്കണമെന്നത് വേറൊരു നിയമമായിരുന്നു. മലങ്കര സഭയിൽ യഥാർത്ഥത്തിൽ ബാഹ്യനിയന്ത്രണം ചെലുത്തുവാനുള്ള ശ്രമമായിരുന്നു ഈ നിയമങ്ങളെല്ലാം. 1575-ൽ കൂടിയ ഗോവാ സുനഹോദോസിൽ സുറിയാനിക്കാരുടെ ആധ്യാത്മഭരണം പോർട്ടുഗൽ രാജസ്ഥാനത്തുനിന്ന് നിശ്ചയിക്കപ്പെടുന്ന മെത്രാനാൽ നിർവഹിക്കപ്പെടണമെന്ന് തീരുമാനിച്ചിരുന്നു. മാർ അബ്രഹാമിന്റെ സാന്നിധ്യത്തിൽ കൂടിയ സുനഹദോസിലും ഇതേ നിയമം അങ്കമാലി അതിമെത്രാസനത്തിനു ബാധകമാക്കി വെച്ചു. ഇതിന്റെ ദൂരവ്യാപകഫലം മനസ്സിലാക്കിയ മാർ അബ്രഹാം സ്വന്തം സഹായിയും അനന്തരഗാമിയുമായി ഒരു അർക്കിദിയാക്കോനെ നിയമിച്ചു. ഇതിനുള്ള അധികാരം പാത്രിയർക്കീസിൽ നിന്ന് അദ്ദേഹം പ്രാപിച്ചിരുന്നു. ഇതിൽ പോർട്ടുഗീസു അധികാരികൾ മാർപാപ്പായുടെ പക്കൽ പരാതിപ്പെട്ടു. മാത്രമല്ല വിശുദ്ധ വസ്തുക്കളുടെ ക്രയവിക്രയം (സിമോണിയാ) എന്ന പാതകവും മാർ അബ്രഹാമിൽ ആരോപിച്ചു. ഇതിന്, മാർ അബ്രഹാം കൂടി സമ്മതിച്ച സുനഹദോസു നിയമം ലംഘിച്ചതിനെപ്പറ്റി കുറ്റപ്പെടുത്തി ക്ലമന്റ് എട്ടാമൻ മാർപാപ്പാ മറുപടി അയയ്ക്കുകയുണ്ടായി. എന്നാൽ ഇതിന് ഈശോ സഭാ വൈദികർ തന്നെ മാർ അബ്രഹാമിനെ പിന്താങ്ങി മാർപാപ്പായ്ക്ക് കത്തയച്ചു. അദ്ദേഹം നിയമിച്ച അർക്കദിയാക്കോനെ മാർ അബ്രഹാമിന്റെ നിര്യാണശേഷം അഡ്മിനിസ്ട്രേറ്റർ ആക്കണമെന്നായിരുന്നു അതിന്റെ സാരം. ഇതിനും അനുകൂല മറുപടി കിട്ടിയില്ല. 1592-ൽ ഗോവായിൽ നടന്ന സുനഹദോസിൽ മാർ അബ്രഹാം സംബന്ധിച്ചുമില്ല.

www.malankaralibrary.com

### മാർ അബ്രഹാമിന്റെ പിന്തുടർച്ചാ പ്രശ്നം

മാർ അബ്രഹാം 1597-ൽ ചരമം പ്രാപിച്ചു. ആഗ്രഹിച്ചിരുന്നതു പോലെ അർക്കദിയാക്കോനെ മെത്രാനായി വാഴിക്കുവാനോ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കുവാനോ അദ്ദേഹത്തിന് സാധിച്ചില്ല. എന്നാൽ റോമിലെ മാർപാപ്പായെ അധിപനായും പിതാവായും ഇടയനായും സ്വീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്ന് തന്റെ അജഗണത്തോട് അദ്ദേഹം മരണവേളയിൽ കല്പിച്ചിരുന്നു. മാർ അബ്രഹാമിന്റെ മരണശേഷം ജനസഞ്ചയം മുഴുവൻ അർക്കദിയാക്കോന് അനുസരണം വാഗ്ദാനം ചെയ്തു. മാത്രമല്ല, പള്ളിപ്രതിപുരുഷയോഗം കൂടി ഒരു സുറിയാനി മെത്രാനെ മാർപാപ്പാ നിയോഗിക്കുന്നതായാൽ അദ്ദേഹത്തിനു കീഴ്വഴങ്ങുമെന്നും, എന്നാൽ ലത്തീൻ മെത്രാനാണെങ്കിൽ പ്രവർത്തിക്കേണ്ടത് എന്തെന്ന് അപ്പോൾ ആലോചിക്കുമെന്നും തീരുമാനിച്ചു. ഈ സാഹചര്യത്തിലാണ് അങ്കമാലി ഭദ്രാസനത്തിന്റെ താത്ക്കാലിക ഭരണം ഏറ്റെടുത്തുകൊണ്ട് മെനേസിസ് മെത്രപ്പോലീത്താ രംഗത്തു വന്നത്. അദ്ദേഹം, തന്റെ സുഹൃത്തായ ജറുശലേമിലെ ലത്തീൻ പാത്രീയർക്കീസിന് ഇങ്ങനെ എഴുതി "ഞാൻ വൈദികരുടെ ഒരു സുന്നഹദോസു കൂട്ടി, റോമാപ്പള്ളിയുടെ അധീനത്തിൽ അവരെ വരുത്തുകയും മാർപാപ്പാ നിയമിക്കുന്ന മെത്രാനെ സ്വീകരിച്ചു കൊള്ളാമെന്ന് അവരെക്കൊണ്ടു സമ്മതിപ്പിക്കുകയും, അബദ്ധങ്ങളിൽ നിന്നും മതഭിന്നതകളിൽനിന്നും അവരുടെ പള്ളികളെ ശുചീകരിക്കുകയും ഭിന്നമത സിദ്ധാന്തപ്രതിപാദകങ്ങളായ സമസ്ത ഗ്രന്ഥങ്ങളെയും അവരിൽ നിന്ന് നീക്കിക്കളയുകയും ചെയ്യും. (പുറം 350). റോമാപള്ളിയെന്നു വച്ചാൽ പോർട്ടുഗീസുഭരണമെന്നാണ് അദ്ദേഹം മനസ്സിലാക്കിയത്. ലത്തീൻ ക്രമത്തിൽ നിന്ന് വ്യത്യസ്തമായതെല്ലാം അബദ്ധങ്ങളും പാശ്ചാത്യരീതി സ്വീകരിക്കാത്തത്, ഭിന്നതയും ആയിത്തീർന്നു. സുറിയാനി രീതിയെയും ഭാഷയെയും ക്രമശഃ ഇല്ലാതാക്കാനായിരുന്നു മെനേസിസിന്റെ പദ്ധതി. എന്നാൽ 1580-ൽ പതിമൂന്നാം ഗ്രീഗോറിയോസു പാപ്പാ മലങ്കര സഭയ്ക്ക് അയച്ച കത്തിൽ പറയുന്നത് "മാർ അബ്രഹാമിന്റെയും (അർക്കദിയാക്കോൻ) നേരെ അനുസരണയോടെ വർത്തിക്കണം" എന്നാണ്. എന്നാൽ അർക്കദിയാക്കോനെ, മാർപാപ്പായുടെ അംഗീകാരം ഉണ്ടായിട്ടുപോലും മെത്രാനായി വാഴിക്കാൻ പോർട്ടുഗീസുകാരുടെ എതിർപ്പുമൂലം മാർ അബ്രഹാമിന് സാധിച്ചില്ല. എങ്കിലും അർക്കദിയാക്കോൻ ഗണ്യനായ ഭരണാധികാരിയായിത്തന്നെ നിന്നു.



പക്ഷേ അദ്ദേഹത്തിന് മെനേസിസിനെ തുറന്ന് എതിർക്കാൻ സാധിക്കുമായിരുന്നില്ല. സഭയിൽ പിളർപ്പുണ്ടാകാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. മെനേസിസിനോടുള്ള എതിർപ്പു റോമിലെ പരിശുദ്ധ പാപ്പായോടുള്ള എതിർപ്പായി ഭവിക്കുമായിരുന്നു. അതുകൊണ്ട് മെനേസിസിനോടു സഹകരിച്ച് നില്ക്കാൻ അർക്കദിയാക്കോൻ തീരുമാനിച്ചു. ആ സഹകരണമാകട്ടെ, ഉദയംപേരൂർ സുന്നഹദോസിൽ ഏറ്റം പ്രകടമാകുകയും ചെയ്തു. പ്രസ്തുത സുനഹദോസ്, പല ചരിത്രകാരന്മാരും വിചാരിക്കുന്നതുപോലെ റോമാസഭയോടുള്ള മലങ്കരസഭയുടെ വിധേയത്വമല്ല, പോർട്ടുഗീസു വ്യവസ്ഥയോടുള്ള അടിപ്പെടലായിരുന്നു ഉദ്ദേശിച്ചു വെച്ചത്. പോർട്ടുഗീസുകാർ പ്രയോഗത്തിൽ ആഗ്രഹിച്ചതാകട്ടെ ഏകദേശം മുപ്പതിനായിരം നസ്രാണി ഭടന്മാരെ പോർട്ടുഗീസു മേൽക്കോയ്മയുടെ കീഴിൽ കൊണ്ടുവരാനാണ്. അതൊട്ട് സാധിച്ചുമില്ല. ഉദയംപേരൂർ സുന്നഹദോസ് ചില ചില്ലറ നല്ല കാര്യങ്ങൾ സാധിച്ചുവെങ്കിലും ഏതാണ്ട് ഒരു നൂറ്റാണ്ടായി പോർത്തുഗീസുകാർ ഒരുക്കിക്കൊണ്ടുവന്നത് ഒടുക്കം ഒടുങ്ങിപ്പോയതിന്, സാക്ഷ്യം നില്ക്കുന്നു.

***ഐക്യദീപം, 1998 നവംബർ***

www.malankaralibrary.com

# 34

# ബഥനി
# ഒരു സ്വതന്ത്രസഭാപ്രസ്ഥാനം

മലങ്കര സഭയുടെ അഭ്യുന്നതിക്ക് സ്വയം സമർപ്പിച്ച മാർ ഈവാനിയോസിന് ഒരു ഘട്ടത്തിൽ ബോധ്യമായി, സഭയ്ക്കുള്ളിൽ നിന്ന് പ്രവർത്തിക്കുന്ന ഒരു സ്വതന്ത്രസഭാപ്രസ്ഥാനംകൊണ്ടു മാത്രമേ സഭയെ വ്യവഹാര നൂലാമാലകളിൽ നിന്ന് മോചിപ്പിക്കുവാൻ സാധിക്കുകയുള്ളുവെന്ന്. മലങ്കരസഭ മുഴുവനും അന്ന് പ്രതിസന്ധിയിലായിരുന്നു. അന്ത്യോഖ്യായുടെ അബ്ദള്ളാ പാത്രിയർക്കീസിൽ നിന്ന് മെത്രാൻ പട്ടവും ഭരണാധികാരവും പ്രാപിച്ച വട്ടശ്ശേരി മാർ ദിവന്നാസ്യോസ് അതേ പാത്രിയർക്കീസാൽ മുടക്കപ്പെട്ട് ഒരു അധികാരവും പ്രയോഗിക്കുവാൻ കഴിയാതെയായി. മുടക്കിനെ അതിജീവിക്കുവാൻ വേണ്ടി, ഭരണത്തിൽ നിന്ന് നിഷ്കാസിതനായി കഴിഞ്ഞിരുന്ന അബ്ദേദ് മിശിഹായെക്കൊണ്ട് മലങ്കരയിൽ കത്തോലിക്കാ സിംഹാസനം സ്ഥാപിച്ചെടുത്തുവെങ്കിലും ആദ്യത്തെ കാതോലിക്കാ കാലം ചെയ്തതിനുശേഷം ആ സിംഹാസനം ഏറെനാൾ വൈധവ്യത്തിൽ കിടക്കുകയായിരുന്നു. മാർ ഈവാനിയോസ് മെത്രാൻപദമേല്ക്കുന്നതിന് തലേന്നാൾ രണ്ടാമത്തെ കാതോലിക്കാ അവരോധിതനായെങ്കിലും അദ്ദേഹത്തിനും സഭയിൽ കാതോലിക്കായ്ക്കടുത്ത അധികാരം പ്രയോഗിക്കുവാൻ സാധിക്കുമായിരുന്നില്ല. ഈ സാഹചര്യത്തിൽ മലങ്കര മെത്രാപ്പോലീത്തായുടെയും പൗരസ്ത്യകാതോലിക്കായുടെയും അധികാരഘടനകൾക്ക് പുറത്ത് സ്വതന്ത്രമായ ഒരു ഭരണസംവിധാനത്തിന് രൂപം കൊടുക്കുവാനാണ് മാർ ഈവാനിയോസ് ആഗ്രഹിച്ചത്. അങ്ങനെ ഒരു സഭാപ്രസ്ഥാനം രൂപംകൊള്ളുകയാണ്, മാർ ഈവാനിയോസ് 'ബഥനി' മെത്രാൻ എന്ന അഭിധാനത്തിൽ അഭിഷിക്തനാകുന്നതോടുകൂടി.

## വ്യക്തിത്വവും സ്വാതന്ത്ര്യവും

തികച്ചും സ്വതന്ത്രവും സ്വന്തമായ വ്യക്തിത്വമുള്ളതുമായ ഒരു



സഭാ പ്രസ്ഥാനമായിരുന്നു ബഥനിയെന്ന് മനസ്സിലാക്കുവാൻ മതിയായ തെളിവുകളുണ്ട്. കത്തോലിക്കാ പുനരൈക്യാലോചനകളിൽ പങ്കുകൊള്ളുന്നതിനെപ്പറ്റി ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് (പിന്നീട് മൂന്നാം കാതോലിക്കാ) മാർ ഈവാനിയോസിന് എഴുതിയ ഒരു കത്തുണ്ട്. അതിൽ മലങ്കരയുടെ സ്തുതി ചൊവ്വാകപ്പെട്ട (orthodox)സുറിയാനി സഭയുടെ മെത്രാനെന്ന നിലയിലാണ് അദ്ദേഹം എഴുതുന്നത്. എഴുതുന്നതോ, ഇന്ത്യയുടെ ബഥനിയുടെ, മാർ ഈവാനിയോസ് എപ്പിസ്കോപ്പായ്ക്കും. മലങ്കരസഭ അവകാശപ്പെടുന്നതിനപ്പുറം പ്രവർത്തനവ്യാപ്തി ബഥനി അവകാശപ്പെട്ടിരുന്നുവെന്നാണ് അതിൽ നിന്ന് മനസ്സിലാക്കുക. ഇൻഡ്യയിൽ മുഴുവൻ സുവിശേഷം പ്രസംഗിക്കുവാൻ ആഗ്രഹിച്ചിരുന്ന മാർ ഈവാനിയോസ് അങ്ങനെയൊരു അടിസ്ഥാനത്തിൽ തന്റെ സഭയ്ക്ക് പ്രവർത്തന വ്യാപ്തി നിശ്ചയിച്ചിരുന്നുവെന്നതിൽ അദ്ഭുതപ്പെടാനില്ല. മലങ്കര സഭയിൽ അക്രൈസ്തവരുടെ മാനസാന്തരത്തിന് ആദ്യം പ്രവർത്തിച്ചുതുടങ്ങിയതും ബഥനിയാണ്.

ബഥനിയുടെ സ്വതന്ത്രനിലയെപ്പറ്റി ഒരു വാക്ക്. വിശുദ്ധ കുർബാനയിൽ തുബ്ദേൻ ചൊല്ലുമ്പോൾ മറ്റ് എല്ലാ മെത്രാന്മാരുടെയും പേരുകൾ ഒഴിവാക്കിക്കൊണ്ട് ബഥനിമെത്രാന്മാരുടെ പേരുകൾ മാത്രം പറയുകയായിരുന്നു ബഥനിപ്പള്ളികളുടെ രീതി. തികച്ചും സ്വതന്ത്രസഭാപ്രസ്ഥാനമായിരുന്നു ബഥനിയെന്നതിന് വലിയ തെളിവാണിത്. മാത്രമല്ല മലങ്കര അസോസിയേഷനിലോ മെത്രാന്മാരുടെ തെരഞ്ഞെടുപ്പിലോ ബഥനിപ്പള്ളികളുടെ പ്രതിനിധികൾ സംബന്ധിച്ചിരുന്നില്ല. സ്വന്തം സ്വതന്ത്രനില പരിരക്ഷിക്കുവാൻ കാമ്യമായ അവകാശങ്ങൾ പോലും ബഥനിസഭ ഉപേക്ഷിച്ചിരുന്നു. മാർ ഈവാനിയോസ്, അസോസിയേഷന്റെ തെരഞ്ഞെടുപ്പിലൂടെയാണ് മെത്രാൻ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടത്. എങ്കിലും തികച്ചും സ്വതന്ത്രനില പരിരക്ഷിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. മെത്രാൻസ്ഥാനം സ്വീകരിക്കുമ്പോൾ ഗൽമൂസ (സഭാവിധേയത്വപത്രം) എഴുതിയിരുന്നതിലും അദ്ദേഹം പ്രത്യേക നിർബന്ധം വച്ചു. ഏതെങ്കിലും സൂനഹദോസിനെയോ അവയോട് ബന്ധപ്പെട്ട പിതാക്കന്മാരെയോ ശപിച്ചുകൊണ്ട് എഴുതിക്കൊടുക്കുകയില്ലെന്ന് തികച്ചും സ്വതന്ത്രമായ ഈ നിലപാട് മലങ്കര ഓർത്തഡോക്സ് സഭ തന്നെ പിന്നീട് സ്വീകരിച്ചുവെന്നത് ഇവിടെ പ്രസ്താവ്യമത്രെ.

www.malankaralibrary.com

**സ്വയംഭരണസംവിധാനം**

സ്വയംഭരണത്തിന്റേതായ ഒരു സംവിധാനത്തിന് ബഥനി രൂപം കൊടുത്തിരുന്നു. വാദവിവാദങ്ങളുടെ വേലിയേറ്റത്തിൽ സഭയുടെ സ്വാതന്ത്രവും സത്യനിഷ്ഠവുമായ നിലപാട് പരിരക്ഷിക്കുവാൻ സാധിച്ചിരുന്നില്ലെന്നതാണ് മലങ്കരസഭയുടെ അന്നത്തെ പരാധീനത. എന്നാൽ സഭയുടെ വിശ്വാസവും ആധ്യാത്മികതയും അവികലം കാത്തു സൂക്ഷിക്കുവാനുതകുന്ന ഒരു ഭരണ സംവിധാനമായിരുന്നു ബഥനിയുടേത്. അതിൽ പലതും കത്തോലിക്കാ രീതികളിൽ നിന്ന് കടമെടുത്തതായിരുന്നു. കൂദാശകൾ നിർവ്വഹിച്ചുകൊടുക്കുന്നതിന് എന്തെങ്കിലും ഫീസടയ്ക്കുന്നത് ഒഴിവാക്കി ആവശ്യപ്പെടുന്നവർക്കെല്ലാം പ്രതിഫലം കൂടാതെ ചെയ്തു കൊടുക്കുകയായിരുന്നു ബഥനിയുടെ രീതി. അതേസമയം ബഥനിയുടെ നടത്തിപ്പിന് എല്ലാത്തരം ആളുകളിൽ നിന്നും പിരിവുകൾ എടുക്കുകയും ചെയ്തിരുന്നു. വിശുദ്ധ കുർബാനയ്ക്കും കൂദാശകൾക്കും പ്രാധാന്യം കല്പിക്കുന്ന രീതിയാണ് ബഥനി അവലംബിച്ചത്. നിരന്തരം കേസുകളിൽ വലഞ്ഞിരുന്ന വിശ്വാസികൾക്ക് ബഥനിസഭാ ശുശ്രൂഷകൾ ആനന്ദാനുഭവങ്ങളായി തോന്നിയിരുന്നു. വ്യവഹാരങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞുനില്ക്കുന്നതിന് സ്വന്തമായ സ്വയംഭരണ സംവിധാനം ബഥനിയ്ക്ക് അത്യന്താപേക്ഷിതവുമായിരുന്നു. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായായി അവരോധിതനാകുകയും മാർ തെയോഫിലോസ് എപ്പിസ്കോപ്പായായി വാഴിക്കപ്പെടുകയും ചെയ്തതോടെ ബഥനിയുടെ സ്വയം ഭരണരൂപത്തിന് ഏതാണ്ട് പൂർണ്ണത കൈവന്നു. മലങ്കരയ്ക്ക് ഒരു മെത്രാപ്പോലീത്താ ഉണ്ടായിരിക്കുമ്പോൾ വേറൊരു മെത്രാപ്പോലിത്താകൂടി ഉണ്ടാവുകയെന്നത് തികച്ചും അർത്ഥവത്താണ്. മെത്രാപ്പോലീത്തായ്ക്ക് ഉന്നതമായ, കാതോലിക്കായ്ക്ക് തുല്യമായ അധികാരമാണ് പൗരസ്ത്യസഭകളിലുള്ളത്.

ഈ വിധത്തിൽ ഒരു സ്വയംഭരണസംവിധാനത്തിന് ബഥനിയിലൂടെ രൂപം കൊടുത്തത് മലങ്കരസഭയിൽ നിന്ന് ബഥനി വിട്ടുപോകാനായിരുന്നില്ല. ക്രിസ്തുവിന്റെ സഭയുടെ കാതോലികതയിലേക്ക് മലങ്കരസഭയെ നയിക്കുകയായിരുന്നു മാർ ഈവാനിയോസിന്റെ ഉദ്ദേശ്യം. അതിനെല്ലാം നിലവിലിരുന്ന വ്യവഹാരമായിരുന്നു വലിയ പ്രതിബന്ധം. എന്നാൽ ദൈവത്തിൽ ആശ്രയിച്ചും വിശ്വാസികളുടെ സഹകരണത്തിൽ നിന്ന് ശക്തി പ്രാപിച്ചും കൊണ്ട് സ്വതന്ത്രസഭാപ്രസ്ഥാനവു



മായി കുറേമുമ്പോട്ടു പോയിക്കഴിയുമ്പോൾ വ്യവഹാരവിഷയമായ സ്വത്തെല്ലാം ഉപേക്ഷിച്ച് യഥാർത്ഥ സഭാജീവിതത്തിന് എല്ലാവരും തയ്യാറാകുമെന്നായിരുന്നു മാർ ഈവാനിയോസിന്റെ പ്രതീക്ഷ. സ്വത്തിനെക്കാൾ ദൈവകൃപയിൽ ആശ്രയിക്കുന്ന ഒരു സംവിധാനമായി അദ്ദേഹം ബഥനിയെ വളർത്തിയെടുത്തു. അങ്ങനെ ഒരു സ്വയംപര്യാപ്തമനോഭാവം മലങ്കര വിശ്വാസികളിൽ ഉളവാക്കുന്നതിൽ അദ്ദേഹം ഏറെ വിജയിച്ചു. കാതോലികസഭയുടെ കൂട്ടായ്മയിലേക്ക് പ്രവേശിക്കുന്നതിനാകട്ടെ മറ്റു മലങ്കരമെത്രാന്മാരുടെ അറിവോടും സമ്മതത്തോടും കൂടി ആദ്യം അന്ത്യോഖ്യായിലെ കത്തോലിക്കാ പാത്രിയർക്കീസുമായും പിന്നീട് നേരിട്ട് റോമിലെ മാർപാപ്പായുമായും അദ്ദേഹം എഴുത്തുകുത്തിൽ ഏർപ്പെടുകയും ചെയ്തു. അങ്ങനെ കാതോലികകൂട്ടായ്മയ്ക്കകത്ത് തികഞ്ഞ സ്വയംഭരണാവകാശമുള്ള ഒരു സ്വതന്ത്ര സഭയായി മലങ്കരസഭയെ പ്രവേശിപ്പിക്കുകയെന്നതായിരുന്നു ബഥനിയുടെ ഉദ്ദേശ്യം. അതിന് സ്വയംഭരണത്തിന്റെയും കാതോലിക ബന്ധത്തിന്റെയും മേഖലകളിലൂടെ ബഥനിപ്രസ്ഥാനം നീങ്ങിക്കൊണ്ടിരുന്നു.

**പ്രതിസന്ധിയും പ്രതിബന്ധങ്ങളും**

എന്നാൽ ബഥനിയുടെ പുരോഗതി അത്ര സുഗമമായിരുന്നില്ല. അതിന്റെ ഉന്നതാദർശങ്ങൾ ഉൾക്കൊള്ളുന്നതിൽ മലങ്കരസഭാനേതാക്കൾ പലരും പരാജയമടഞ്ഞു. മലങ്കര മെത്രാപ്പോലീത്തായായിരുന്ന വട്ടശ്ശേരി മാർ ദിവന്നാസ്യോസിന് ലൗകികധികാരത്തിലും സ്വത്തുക്കളിലും നിന്ന് ശ്രദ്ധ വിടർത്തുക അസാധ്യമായിരുന്നു. അവയെല്ലാം സഭയുടെ സുരക്ഷിതത്വത്തിന് ആവശ്യമാണെന്ന പൊതുഅഭിപ്രായത്തിനാണ് അദ്ദേഹം നേതൃത്വം കൊടുത്തത്. ഗീവറുഗീസ് മാർ ഗ്രീഗോറിയോസാകട്ടെ തകർന്നുപോയ അന്ത്യോഖ്യൻ ബന്ധത്തിന്റെ സ്ഥാനത്ത് വേറെ ഏതെങ്കിലും പൗരാണിക സഭയുമായി ബന്ധപ്പെടണമെന്ന പ്രായോഗിക ബുദ്ധിയിൽ മാത്രം ഉറച്ചു നിന്നു. സഭയുടെ കാതോലിക ദർശനം അദ്ദേഹം ഉൾക്കൊണ്ടിരുന്നില്ല. ഇക്കാര്യത്തിൽ മാർ ഈവാനിയോസിനോടു ഒത്തു ചിന്തിച്ചിരുന്ന ബസേലിയോസ് ഗീവറുഗീസ് ഒന്നാമൻ കാതോലിക്കാ (വാകത്താനത്തു ബാവാ) കാലം ചെയ്തുകഴിഞ്ഞു. ഈ സാഹചര്യത്തിൽ കത്തോലിക്കാസഭയുമായി നടത്തിവന്ന കത്തിടപാടുകളുടെ പുരോഗതിയനുസരിച്ച് പുതിയ തീരുമാനങ്ങളെടുക്കുന്നതിൽ ഓർത്തഡോക്സ് മെത്രാന്മാർ വൈമുഖ്യം

www.malankaralibrary.com

കാണിച്ചു. ഈ ഘട്ടത്തിൽ കേസിന് ഓർത്തഡോക്സു കക്ഷിക്ക് അനുകൂലമായി വിധി വരികയും ചെയ്തു. അതിനാൽ മലങ്കരസഭ യഥാസ്ഥിതിയിൽ മുമ്പോട്ടു പോയാൽ മതിയെന്നായി, ഓർത്തഡോക്സുമെത്രാന്മാരുടെ അഭിമതം. ആധ്യാത്മികതയുടെയും കാതോലികതയുടെയും സ്വയംഭരണത്തിന്റെയും പാതകളിൽ ബഥനിയുടെ നേതൃത്വത്തിൽ മലങ്കരസഭ മുമ്പോട്ടു വെച്ച കാൽ പിറകോട്ടുവെയ്ക്കുന്ന പ്രതിസന്ധിയിലാണ് സഭ അപ്പോൾ ചെന്നുപെട്ടത്.

ഈ സാഹചര്യത്തിൽ ബഥനിക്ക് അനുകൂലമായി വന്ന സംഭവവികാസങ്ങളാണ് മാർ തെയോഫിലോസിന്റെ മെത്രാഭിഷേകവും മാർ ഈവാനിയോസിന്റെ മെത്രാപ്പോലീത്താ സ്ഥാനാരോഹണവും. ബഥനി തികച്ചും സ്വതന്ത്രസഭാപ്രസ്ഥാനനമാണെന്നതിൽ അംഗീകാരം അതിലൂടെ ലഭിച്ചു. ബഥനി മെത്രാന്മാരാകട്ടെ കാതോലിക കൂട്ടായ്മയിലേക്കു പ്രവേശിക്കുന്നതിൽ മുമ്പോട്ടു നീങ്ങുവാൻ തന്നെ തീരുമാനിച്ചു. അങ്ങനെ മലങ്കര സഭയിൽത്തന്നെ ഒരു വിഭജനമുണ്ടായി. രണ്ടു ബഥനി മെത്രാന്മാർ ഒരുവശത്തും മൂന്നു ഓർത്തഡോക്സു മെത്രാന്മാർ മറുവശത്തും. സഭയിൽ ഭൂരിപക്ഷത്തെ ആശ്രയിച്ചല്ല വിശ്വാസപരമായ നിലപാട് സ്വീകരിക്കേണ്ടത്. എങ്കിലും മലങ്കര സഭയുടെ ഭരണപരമായ സംവിധാനം മുഴുവൻ ഓർത്തഡോക്സുമെത്രാന്മാരുടെ അധീനതയിലായിരുന്നു. ശക്തമായ നീക്കത്തിൽ ബഥനിപ്രസ്ഥാനം സ്വന്തമായി പടുത്തുയർത്തിയ പള്ളികളും ആശ്രമങ്ങളും വിദ്യാലയങ്ങളുമെല്ലാം അതിന് നഷ്ടപ്പെടുമെന്നതിലും സംശയിക്കാനില്ലായിരുന്നു. അങ്ങനെ ലൗകിക ശക്തിയെല്ലാം ഒരു വശത്ത് ഉരുണ്ടുകൂടിയപ്പോൾ ബഥനിക്ക് സ്വന്തമായി അവകാശപ്പെടാൻ ഉണ്ടായിരുന്നത് ആധ്യാത്മിക സഭാചൈതന്യംമാത്രം. ആ ചൈതന്യത്തിൽ വ്യവഹാരങ്ങളിൽ നിന്നെല്ലാം ബഥനി ഒഴിഞ്ഞുനിന്നു. മേലിൽ പള്ളികളൊന്നും വയ്ക്കരുതെന്ന് ഓർത്തഡോക്സ് മെത്രാന്മാർ ബഥനി മെത്രാന്മാർക്ക് നിരോധനം കൊടുത്തു. മാത്രമല്ല, ബഥനി മെത്രാന്മാരെ യാതൊരു വിധത്തിലും സഹായിക്കരുതെന്ന് വിശ്വാസികൾക്ക് താക്കീത് നല്കുകയും ചെയ്തു. തനിക്കെതിരെ മുടക്കു വന്നപ്പോൾ സൂനഹദോസിലൂടെ വിചാരണ ചെയ്തശേഷം വേണം തന്നെ മുടക്കുവാനെന്ന് സ്വാഭാവിക നീതിയുടെ പേരിൽ വാദിച്ച വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസു തന്നെ അതേ സ്വാഭാവിക നീതി മലങ്കര മെത്രാന്മാർക്ക് നിഷേധിച്ചു. അങ്ങനെ എത്ര ചരിത്രപരമായ വൈരുദ്ധ്യങ്ങൾക്ക് മലങ്കരസഭ സാക്ഷിയായി കഴിഞ്ഞിരി



ക്കുന്നു. ഇനിയും എന്ന് സത്യത്തിന്റെ പാതയിലേയ്ക്ക് തിരിയെ വരുമെന്നാണ് ബഥനി സഭാപ്രസ്ഥാനം ഉന്നയിച്ച ചോദ്യം.

## മലങ്കരസഭയുടെ പ്രാതിനിധ്യം

ആരാണ് മലങ്കരസഭയുടെ പ്രതിനിധികൾ? ക്രിസ്തുവിന്റെ സഭയുടെ സാർവത്രിക ചൈതന്യം ഉയർത്തിപ്പിടിച്ച ബഥനി മെത്രാന്മാരോ, മലങ്കരയുടെ ലൗകിക സഭാസംവിധാനത്തിൽ പിടിച്ചു നിന്ന ഓർത്തഡോക്സ് മെത്രാന്മാരോ. ചരിത്രം ഈ ചോദ്യത്തിന് ഉത്തരം നല്കും. മലങ്കരസഭയുടെ യഥാർത്ഥ പ്രാതിനിധ്യം അവകാശപ്പെട്ടുകൊണ്ട് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മാർ തെയോഫിലോസ് എപ്പിസ്കോപ്പായും വൈദികരുടെയും ശെമ്മാശന്മാരുടെയും അയ്മേനികളുടെയും ഓരോ പ്രതിനിധിയും കാതോലിക കൂട്ടായ്മയിലേക്ക് പ്രവേശിക്കുമ്പോൾ പലരും അവരുടെ പ്രാതിനിധ്യത്തെ ചോദ്യം ചെയ്തു. എന്നാൽ ബഥനിസഭാ പ്രസ്ഥാനവുമായി മനസ്സിലും ഹൃദയത്തിലും ആത്മാവിലും ഒന്നായിരുന്നവരെല്ലാം താമസമെന്യേ അവരെ അനുഗമിച്ചപ്പോൾ എല്ലാവർക്കും ബോധ്യമായി, ബഥനിസഭാപ്രസ്ഥാനം മുഴുവനായി കാതോലിക കൂട്ടായ്മയിലേക്ക് കടന്നുവന്നുവെന്ന്. അങ്ങനെ ബഥനി സഭാപ്രസ്ഥാനം പുനരൈക്യപ്രസ്ഥാനമായി രൂപംകൊണ്ടു. മലങ്കരയെ മുഴുവൻ ആധ്യാത്മികതയിലും സ്വയം ഭരണത്തിലും കാതോലികതയിലും ഉറപ്പിക്കുന്ന പ്രസ്ഥാനമായി അത് ഇന്നും തുടരുന്നുവോ? പുനരൈക്യപ്രസ്ഥാനത്തിൽ ഉൾപ്പെട്ടവരെല്ലാം സ്വയം പരിശോധിച്ച് ഉത്തരം കൊടുക്കേണ്ട ചോദ്യമാണത്.

## പുനരൈക്യപ്രസ്ഥാനം

കാതോലികതയ്ക്ക് മുൻതൂക്കം കൊടുക്കുന്ന പ്രസ്ഥാനമാണ് പുനരൈക്യ പ്രസ്ഥാനമെന്നതിൽ സംശയമില്ല. ബഥനിയിലെപ്പോലെ കൂദാശപരമായ ജീവിതത്തിന് നാം വളരെ പ്രാധാന്യം കൊടുക്കുന്നുണ്ട്. ഓരോ ഓർത്തഡോക്സ് ദേവാലയത്തിനും സമാന്തരമായി ഉയർന്നു വന്നിരിക്കുന്ന പുനരൈക്യദേവാലയങ്ങൾ വിശുദ്ധ കുർബ്ബാനയിൽ കേന്ദ്രീകരിച്ചുള്ള ആധ്യാത്മിക ജീവിതത്തിന് ഓർത്തഡോക്സുകാരെയും പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ മലങ്കര സഭയുടെ ചിരപൈതൃകമായ ആരാധനക്രമത്തിൽ ഊന്നിക്കൊണ്ട് ആധ്യാത്മികതയ്ക്ക് രൂപം കൊടുക്കുന്നതിൽ പുനരൈക്യമക്കൾ പ്രായേണ പരാജയപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ പുതിയ നീക്കങ്ങൾ പലതും

www.malankaralibrary.com

ഇന്നുണ്ട്. മലങ്കര സഭയ്ക്കകത്തുള്ള ഒരു പ്രസ്ഥാനമാണ് മലങ്കരകത്തോലിക്കരുടേതെന്നതിന് ഇന്നും നമുക്കുള്ള പ്രധാന തെളിവ്, നാമിന്നും മലങ്കര ആരാധനക്രമംതന്നെ പുലർത്തുന്നുവെന്നതാണ്. പ്രാർത്ഥനയിലും ശുശ്രൂഷയിലും മലങ്കരസഭയിലെ മറ്റു സഹോദരങ്ങളോട് പൂർണ്ണ താദാത്മ്യം പുലർത്തിയെന്നതിലായിരുന്നു ബഥനിയുടെ വിജയം. ആ രീതിയിൽ നിന്ന് പിന്നോക്കം പോകുന്നത് ശരിയല്ല. സ്വയംഭരണത്തിന്റെ കാര്യത്തിൽ ബഥനിക്കുണ്ടായിരുന്ന വിശ്വാസ്യത നാം വീണ്ടെടുക്കേണ്ടിയിരിക്കുന്നു. രണ്ടാം വർത്തിക്കാൻ സൂനഹദോസ് ഒരേ ആരാധനയിലും വിശ്വാസപ്രകടനത്തിലും ജീവിതശൈലിയിലും ഒന്നിച്ചു നില്ക്കുന്ന സമൂഹത്തെ ഓരോ പ്രത്യേകസഭയായി അംഗീകരിക്കുന്നുണ്ട്. അങ്ങനെ മലങ്കരസഭയുടെ സ്വാതന്ത്ര്യവും വ്യക്തിത്വവും പുലർത്തുകയെന്ന ബഥനിയുടെ കാഴ്ചപ്പാടിലേക്ക് കത്തോലിക്കാസഭ കടന്നുവന്നിട്ടുണ്ട്. എങ്കിലും പ്രായോഗിക മണ്ഡലത്തിൽ മലങ്കരകത്തോലിക്കാ സഭ സ്വതന്ത്രമാണെന്ന് ഇന്നും തറപ്പിച്ചു പറയാൻ പറ്റില്ല. ഇൻഡ്യയിൽ മുഴുവനും പ്രവർത്തന സ്വാതന്ത്ര്യമുണ്ടായിരുന്ന ബഥനിയുടെ സ്ഥാനത്ത് മലങ്കര കാത്തോലിക്കാസഭയുടെ പ്രവർത്തനപരിധി എത്രമേൽ ചുരുങ്ങിയിരിക്കുന്നു!

കത്തോലിക്കാപുനരൈക്യത്തിന്റെ പേരിൽ ഓർത്തഡോക്സു സഭ മുഴുവനും ഒന്നിച്ചു നിന്ന് ബഥനിയെ എതിർത്തു. തൽഫലമായി അതിൽ ഉൾപ്പെട്ടിരുന്നവരിൽ ഒരു ചെറിയ ഭാഗത്തെ തങ്ങളുടെ ഭാഗത്തേയ്ക്ക് പിടിച്ചെടുക്കുന്നതിൽ അവർ വിജയിക്കുകയും ചെയ്തു. അങ്ങനെ പുനരൈക്യത്തിന് മടിച്ചുനിന്നവരാകട്ടെ, ബഥനിയെ പെരുനാടുമലയിലെ ഒരു സന്ന്യാസപ്രസ്ഥാനമായി ഒതുക്കിനിർത്തി. അവർ ബഥനിസഭാപ്രസ്ഥാനത്തിൽ നിന്ന് പിറകോട്ടു പോയി. മലങ്കര സഭയുമായുള്ള താദാത്മ്യം നഷ്ടപ്പെടുത്തുകയും ചെയ്തു. അവരും ഓർത്തഡോക്സ് വിഭാഗത്തോടു ചേർന്ന് പുനരൈക്യപ്രസ്ഥാനത്തെ എതിർക്കുന്നതിൽ മുന്നിട്ടുനിന്നു. ബഥനിപ്പള്ളികൾ ബഥനി മെത്രാന്മാർക്ക് നഷ്ടമാകുന്നതിന് അവർ കാരണക്കാരായി. ബഥനിപ്പള്ളികളുടെ വ്യക്തിത്വം നിലനിറുത്തുന്നതിൽ അവർ ശ്രദ്ധിച്ചുമില്ല. എന്നാൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടവരാകട്ടെ, മലങ്കരസഭയുടെ സ്ഥാനത്തിലും സ്വാതന്ത്ര്യത്തിനും സാർവ്വത്രികാംഗീകാരം നേടിയെടുക്കുകയാണ് ചെയ്തത്. ഓർത്തഡോക്സു പട്ടത്വം അന്ത്യോഖ്യൻ യാക്കോബായ സഭ തള്ളിപ്പറഞ്ഞപ്പോൾ കത്തോലിക്കാ സഭ അംഗീ



കരിച്ചുവെന്നത് മലങ്കരസഭയ്ക്ക് നിസ്സാരകാര്യമല്ല. തന്നെയുമല്ല, സാർവ്വദേശീയ മണ്ഡലങ്ങളിൽ മലങ്കരസഭയെപ്പറ്റി അറിവും അംഗീകാരവും ഉണ്ടാകുന്നതിന് ആദ്യകാരണം ബഥനി പ്രസ്ഥാനത്തിന്റെ പ്രണേതാവായ മാർ ഈവാനിയോസാണ്. കത്തോലിക്കാ സഭയെപ്പറ്റി വസ്തുനിഷ്ഠമായ ധാരണയും ബന്ധവും ഉണ്ടാകുന്നതിനു ബഥനിയുടെ കത്തോലിക്കാ പരിവർത്തനം തീർച്ചയായും കാരണമായിട്ടുണ്ട്.

ഓരോ പ്രാദേശിക സഭയുടേയും സ്വയംഭരണാവകാശത്തെപ്പറ്റി പുതിയ ബോധ്യം ഇന്ന് കത്തോലിക്കാസഭയ്ക്കുണ്ട്. അതുകൊണ്ട് അതേകാര്യത്തിൽ കൂടുതൽ ബോധവതിയായിരിക്കുന്ന മലങ്കരസഭയ്ക്ക് സ്വാതന്ത്ര്യത്തോടും സന്തോഷത്തോടും കൂടി ഇടപെടുവാൻ സാധിക്കുമെന്നത് ഒരു അനുഭവയാഥാർത്ഥ്യമാണ്. ഈ സാഹചര്യത്തിൽ മലങ്കരയുടെ അഭ്യുന്നതിക്കുവേണ്ടി ഏറെ പ്രവർത്തിച്ച ബഥനി പ്രസ്ഥാനത്തേയും അതിന്റെ പ്രാവർത്തിക തുടർച്ചയായ പുനരൈക്യപ്രസ്ഥാനത്തേയുംപറ്റി ഓർത്തഡോക്സ് സഭയ്ക്ക് ഒരു പുതിയ ധാരണ ഉണ്ടാക്കുക ആവശ്യമായിരിക്കുന്നു. അതുപോലെ തന്നെ കത്തോലിക്കാ പുനരൈക്യത്തിന്റെ പേരിൽ പാശ്ചാത്യസഭയെമാത്രം അനുഗമിച്ചും അനുകരിച്ചും നില്ക്കാതെ മലങ്കര സഭകളുടെ സവിശേഷതകൾ സ്വാംശീകരിക്കുവാനുള്ള ഉത്തരവാദിത്വം മലങ്കരകത്തോലിക്കാസഭയ്ക്കുമുണ്ട്. ബഥനിപ്രസ്ഥാനത്തിന്റെ തുടർച്ചയാണ് പുനരൈക്യപ്രസ്ഥാനമെന്ന് നാം അവകാശപ്പെടുന്നുവോ? എങ്കിൽ മലങ്കരസഭയ്ക്കുള്ളിലെ സ്വയംഭരണസംവിധാനമായി ഇതിനെ വളർത്തിയെടുക്കുക. അതുകൊണ്ടുമാത്രമേ നഷ്ടമായ വിശ്വാസ്യത വീണ്ടെടുക്കാൻ പുനരൈക്യപ്രസ്ഥാനത്തിനു സാധ്യമാകൂ.

*മലങ്കരസഭാപുനരൈക്യസുവർണ്ണജൂബിലി സുവനീർ, 1980*

www.malankaralibrary.com

# 35

# ബഥനിയുടെ പുലർച്ചയും വളർച്ചയും

## മാർത്തോമ്മാ മക്കളുടെ ഐക്യം

ഏതാണ്ട് എഴുപതു കൊല്ലം മുമ്പ് ബഥനിയുടെ മെത്രാനായി അഭിഷിക്തനായ മാർ ഈവാനിയോസ് തന്റെ പ്രസംഗത്തിൽ, മലങ്കര സഭയിലെ എല്ലാ വിഭാഗങ്ങളുടെയും ഐക്യത്തെ സംബന്ധിച്ച തന്റെ സ്വപ്നത്തിന് ചിറകു നൽകിയിരുന്നു. ബഥനിയുടെ ഭാവി പദ്ധതികളെല്ലാം ഭാവനയിൽ ദർശിച്ചിരുന്ന അദ്ദേഹം മാർതോമ്മായിൽ നിന്ന് സുവിശേഷം സ്വീകരിച്ചവരുടെയെല്ലാം യോജിപ്പാണ് ലക്ഷ്യം വച്ചിരുന്നത്. മലങ്കര സഭയിലെ ഒരു വിഭാഗം റോമുമായി പുനരൈക്യപ്പെട്ടുവെന്നല്ലാതെ എഴുപതു വർഷം കഴിഞ്ഞിട്ടും ഈ സ്വപ്നം നിറവേറിയിട്ടില്ല. കേരളത്തിലെ മാർതോമ്മാ മക്കളുടെയെല്ലാം ഐക്യത്തിനു വേണ്ടി ഒന്നിച്ചു പ്രാർത്ഥിക്കാനോ, ഏതാണ്ട് നൂറുകൊല്ലത്തോളം വ്യവഹാരത്തിന്റെ കുടുക്കുകളിൽ പെട്ടിരുന്ന യാക്കോബായ, ഓർത്തഡോക്സുവിഭാഗങ്ങൾ ഒന്നിച്ചു വരുന്നതിൽ സന്തോഷിക്കാൻ പോലുമോ മറ്റുള്ള സഭകൾക്കു സാധിക്കുന്നില്ല. ക്രിസ്തുവിന്റെ സഭയിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന് അവകാശപ്പെടാൻ കഴിയാത്തവണ്ണം സഭകൾ ഓരോന്നും തൻകാര്യത്തിൽ തത്പരരായിരിക്കുകയാണോ എന്നു തോന്നിപ്പോകും ഈ സ്ഥിതികണ്ടാൽ. ഈ സാഹചര്യത്തിൽ എഴുപതുകൊല്ലം മുമ്പുള്ള ബഥനിയുടെ ചൈതന്യത്തിലേയ്ക്കു തിരിഞ്ഞു നോക്കാൻ നാം നിർബന്ധിതരായി തീരുന്നു. മാത്രമല്ല ബഥനിയുടെ ഉയിർത്തെഴുന്നേല്പിന് നാം പ്രതിജ്ഞാബദ്ധരായി തീരുന്നു.

## പുനഃരൈക്യവും മാനസാന്തരവും

മലങ്കര സഭ മുഴുവനിലും നിറഞ്ഞു നിന്നിരുന്ന ബഥനി പ്രസ്ഥാനത്തിന്റെ പ്രണേതാവായിരുന്നു മാർ ഈവാനിയോസ്. ഭാരതത്തിന്റെ



മുഴുവൻ മാനസാന്തരമായിരുന്നു ബഥനി മെത്രാപ്പോലീത്തയുടെ ലക്ഷ്യം. മലങ്കര സഭയുടെ ഐക്യവും ഭാരതത്തിന്റെ മാനസാന്തരവും ലക്ഷ്യങ്ങളായി വച്ചിരുന്ന ബഥനി പ്രസ്ഥാനത്തെ ഒരു വിധത്തിലും ഒരു ഘടനയിലോ സ്ഥാപനത്തിലോ ഒതുക്കാനാകുമായിരുന്നില്ല. എന്നാൽ പ്രായോഗിക ബുദ്ധിമാനായിരുന്ന മാർ ഈവാനിയോസ് പുനരൈക്യപ്പെട്ടപ്പോൾ അഞ്ചുപേരിൽ ഒതുങ്ങിക്കൂടാൻ നിർബന്ധിതനായി. അഞ്ചിൽ നിന്ന് ആയിരങ്ങൾ ഉണർന്നെഴുന്നേല്ക്കുന്നതു ദർശിച്ച് ആ വിനയാന്വിതൻ തന്റെ മരണ സമയത്ത് ദൈവത്തിനു നന്ദി പറഞ്ഞു. പുനരൈക്യപ്രസ്ഥാനമായി, മലങ്കര കത്തോലിക്കാ സഭയായി വളർന്നു വികസിച്ച ബഥനി പ്രസ്ഥാനത്തിന്റെ ഇന്നത്തെ സ്ഥിതി എന്താണ്? മലങ്കര സഭയുടെ ഒന്നിപ്പിലോ ഭാരതത്തിന്റെ മാനസാന്തരത്തിലോ ആർക്കും ഒന്നും ചെയ്യാനില്ലാത്ത വണ്ണം, ഇവയെല്ലാം ഒരു പ്രസ്ഥാനത്തിന്റെ സ്വഭാവം വിട്ട് സ്ഥാപനത്തിന്റെ സ്വഭാവം വളർത്തിക്കൊണ്ടുവരികയാണ്. സ്ഥാപനസ്വഭാവം അവലംബിക്കുന്നതോടെ പ്രസ്ഥാനം പലതായി വിഭജിക്കപ്പെടുന്നു, പൊതു ലക്ഷ്യം വിസ്മൃതമാകുകയും ചെയ്യുന്നു.

## പ്രസ്ഥാനത്തിൽ നിന്ന് സ്ഥാപനത്തിലേക്ക്

ബഥനി, മലങ്കര സഭയ്ക്കു ജീവൻ നൽകുന്ന ഒരു പ്രസ്ഥാനമായി നിലകൊള്ളണമെന്നതായിരുന്നു മാർ ഈവാനിയോസിന്റെ അഭിലാഷം. മലങ്കരസഭയ്ക്കു മുഴുവൻ ഒരു മാറ്റവും ഉയർച്ചയും ഉണ്ടാകുന്നതിന് ദൈവകരങ്ങളിൽ ബഥനി ഒരുപകരണമായി ഭവിക്കുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. എന്നാൽ വട്ടിപ്പണക്കേസിൽ ജയിച്ചുവെന്ന കാരണത്താൽ ഓർത്തഡോക്സു നേതൃത്വം ഐക്യത്തിൽ നിന്നു പിൻമാറി. ബഥനി പ്രസ്ഥാനത്തെ അവർ ഒറ്റപ്പെടുത്തിയെങ്കിലും ബഥനി മെത്രാപ്പോലീത്തയും അനുയായികളും കത്തോലിക്കാ പുനരൈക്യത്തിലേയ്ക്കു പ്രവേശിച്ചുവെന്നത് ചരിത്രസത്യമാണ്. ഭാരതം മുഴുവനും എത്തിപ്പിടിക്കുന്ന ഒരു പ്രസ്ഥാനത്തിന് കത്തോലിക്കാ പുനരൈക്യത്തിലൂടെ അംഗീകാരം നേടുവാൻ മാർ ഈവാനിയോസ് പരിശ്രമിച്ചു. എന്നാൽ ഓർത്തഡോക്സ് സഭയുടെ ഒരു കൊച്ചുഭാഗമായി മാത്രമേ ബഥനി മെത്രാപ്പൊലീത്തയെയും അനുയായികളെയും റോം പരിഗണിച്ചുള്ളൂ. പുനരൈക്യപ്പെട്ടവരെ ഒരു പ്രസ്ഥാനമായി പരിഗണിക്കുന്നതിനുപകരം രണ്ടു രൂപതകൾ ഉൾക്കൊള്ളുന്ന ഒരു സ്ഥാപനമായി മാത്രമാണ് പരിഗണിച്ചത്. ഓർത്തഡോക്സ് സഭയ്ക്കകത്തെവിടെയും

www.malankaralibrary.com

പ്രവർത്തിക്കാൻ മാർ ഈവാനിയോസിന് അധികാരം ലഭിച്ചിരുന്നു. എന്നാൽ കത്തോലിക്കാ സഭയിൽ വന്നതോടെ ആ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു. എങ്കിലും പുനരൈക്യപ്രസ്ഥാനമെന്നപേരിൽ ബഥനിയുടെ വിശാലതയും സവിശേഷതയും നിലനിർത്താൻ മാർ ഈവാനിയോസ് തുടർന്നും ശ്രമിച്ചുകൊണ്ടിരുന്നു.

### കത്തോലിക്കാ സഭയുടെ നിയമ ഘടനയിൽ

കത്തോലിക്കാ സഭയിൽ മലങ്കര സഭാപ്രസ്ഥാനസ്വഭാവം നിലനിർത്തുന്നുവെന്ന് പറയാനാവില്ല. മൂന്നു രൂപതകളുള്ള ഒരു വ്യക്തിസഭയാണത്. ആ വ്യക്തിത്വം രണ്ടാം വത്തിക്കാൻ കൗൺസിൽ അംഗീകരിക്കുകയും സ്വയംഭരണാവകാശ സഭയെന്ന ഇതിന്റെ നയ്യാമിക സ്ഥാനം പൗരസ്ത്യ സഭകൾക്കുള്ള കാനോൻ നിയമത്തിൽ നാമകരണം ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇത് പ്രസ്ഥാനമോ സ്ഥാപനമോ എന്ന സംശയം നിലനിൽക്കുന്നു.

### വാഗ്വാദവും സൗഹൃദവും

പുനരൈക്യപ്പെട്ട മലങ്കര മക്കൾ ഓർത്തഡോക്സ്, യാക്കോബായ സഭകളോട് പല വാദങ്ങളിലും ഏർപ്പെട്ടിട്ടുണ്ടെന്നുള്ളത് ശരി. അത് വിശ്വാസസംബന്ധമായ ചില അടിസ്ഥാനതത്വങ്ങളിൽ. എന്നാൽ സൗഹൃദത്തിൽ ഈ ജനം ഒരിക്കലും പിന്നിലായിരുന്നില്ല. ഇന്നും ആ സൗഹൃദം തുടരുകയും ചെയ്യുന്നു. ഈ മനോഭാവം യാക്കോബായ, ഓർത്തഡോക്സു വിഭാഗങ്ങൾക്ക് പുനരൈക്യപ്പെട്ടവരോടുണ്ടോ?

### രണ്ടാംവത്തിക്കാന്റെ ഉത്തേജനം

പുനരൈക്യപ്രസ്ഥാനത്തിന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഒരു ഉത്തേജകമായി ഭവിച്ചു. ബഥനിക്ക് മറ്റു സഭകളോടുണ്ടായിരുന്ന സമീപനം വത്തിക്കാൻ കൗൺസിൽ അംഗീകരിച്ചു. സഭാവിഭജനം തിന്മയാണ്, എങ്കിലും വിഭജിത സഭകളിൽ ഉൾപ്പെട്ടിരിക്കുന്നവരെ സഹോദരതുല്ല്യം സ്നേഹിക്കുവാൻ കൗൺസിൽ പഠിപ്പിച്ചു. അതിനായി മറ്റു സഭകളോട് ഡയലോഗിലേർപ്പെടുകയെന്ന ഒരു പുതിയ സഭാസമീപനശൈലിതന്നെ സുന്നഹദോസ് മുന്നോട്ടു വച്ചു. സഭാ വിഭജനത്തിന് ആസ്പദമായ വിശ്വാസ സത്യങ്ങളെപ്പറ്റി ആഴമാർന്ന പഠനത്തിന് ഡയലോഗ് കാരണമായിട്ടുണ്ട്. എന്നാൽ ഓരോ സഭയും അതതിന്റെ അധി



കാരഘടനയിൽ അടിഞ്ഞു കിടക്കാനും ഡയലോഗ് കാരണമാകുന്നുവെന്നത് അനിഷേധ്യമാണ്.

### ക്രിസ്തുരഹസ്യവും പ്രസ്ഥാനവും

പുനരൈക്യാഭിമുഖ്യം പുലർത്താൻ ദേവാലയാന്തർഭാഗത്തേയ്ക്കു കടക്കുകയാണവാശ്യം. അവിടെ ആഘോഷിക്കുന്ന സഭാരഹസ്യത്തിൽ ഉൾപ്പെടുമ്പോഴാണ്, സഭാംഗങ്ങൾ കൂട്ടമായും, വ്യക്തിപരമായും പുനരൈക്യത്തിന്റെ ഉപാധികളായി വർത്തിക്കുന്നത്. പുനരൈക്യപ്രസ്ഥാനത്തിന്റെ ശക്തി അതിൽ ഉൾപ്പെട്ടിരിക്കുന്ന അംഗസംഖ്യയെയോ, അതിനെ നിലനിർത്തുന്നുവെന്നു വിചാരിക്കുന്ന സ്ഥാപനബാഹുല്യത്തിലോ അല്ല, മറിച്ച് അതിന്റെ ആരാധനാഘടനയിലാണ്. ബഥനി ആദ്യം മുതൽ ഏറ്റം പ്രധാനമായി പരിഗണിച്ചതും ഈ ആരാധനാഘടനയെയാണ്.

### പ്രായോഗികാഭിമുഖ്യം

രണ്ടാം വത്തിക്കാൻ കൗൺസിൽ അനുവദിച്ചു തന്ന ആരാധനാപരമായ പങ്കാളിത്തം ശരിയായി ഉപയോഗിക്കാൻ മലങ്കര കത്തോലിക്കർ ഇന്നും ഏറെ വൈമുഖ്യം കാണിക്കുന്നു. ഈ വിമുഖത ആദ്യത്തെ ബഥനി ശൈലിയോട് പൊരുത്തപ്പെടുന്ന മനോഭാവമല്ല. ആരാധനാരഹസ്യത്തിൽ വേറിട്ടു നില്ക്കുന്നവർ ഒന്നിച്ചു ചേരുകയാണ്. എന്നാലിന്ന് മലങ്കരസഭയിലെ യാക്കോബായ, ഓർത്തഡോക്സ് സഭകളുമായി ആരാധനാ സഹകരണം പുലർത്തുമ്പോൾ പുനരൈക്യത്തെ സഹായിക്കുമെന്ന ബോധത്തോടെയല്ല മലങ്കര കത്തോലിക്കാ വൈദികരിൽ പലരും പെരുമാറുന്നത്.

മലങ്കര യാക്കോബായ, ഓർത്തഡോക്സുസഭകൾക്കും മലങ്കരകത്തോലിക്കാ സഭയ്ക്കും ആരാധനാപരമായി വളരെ കൂടുതൽ അടുത്തുവരാൻ ഇന്ന് വളരെ സാധ്യതയുണ്ട്. അത് നിയമം അനുവദിക്കുന്നു, ജനം ആഗ്രഹിക്കുന്നു. ഉദാഹരണമായി വിവാഹബന്ധത്തിൽ ഉൾപ്പെടുമ്പോൾ യാക്കോബായ-കത്തോലിക്കാസഭകൾക്ക് കൂട്ടായ്മാപരമായ ബന്ധം പുലർത്താമെന്ന് അടുത്തകാലത്ത് ഇരു സഭകളും ഒന്നിച്ചെടുത്ത തീരുമാനം സഹർഷം സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. എന്നാൽ അതിലും ഇരുസഭകളും തമ്മിലുള്ള സ്ഥാപനപരമായ അകൽച്ച തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഇരു സഭകളിൽ നിന്നും വിവാ

www.malankaralibrary.com

ഹത്തിൽ ഏർപ്പെടുന്നവർക്ക് വിവാഹശുശ്രൂഷാവസരത്തിൽ വി. കുർബാന സ്വീകരിക്കാമെന്ന അനുവാദമൊന്നു വിലയിരുത്തിയാൽ മനസ്സിലാകും ആ അനുവാദം അടുപ്പത്തേക്കാൾ അകൽച്ചയാണ് പ്രായോഗികമായി ഉളവാക്കുന്നതെന്ന്. വിവാഹ ശുശ്രൂഷയിൽ വി. കുർബാന നല്കുന്ന രീതിയേ മലങ്കര ക്രമത്തിലില്ല. വി. കുർബാന സ്വീകരിക്കുന്നതിനെപ്പറ്റി ആരും ചിന്തിക്കാറുമില്ല. മലങ്കര കത്തോലിക്കാ വിശ്വാസികളും മലങ്കര യാക്കോബായ ഓർത്തഡോക്സുകാരും തമ്മിലുള്ള വിവാഹാനുമതി ഉദ്ദേശിച്ച ഫലമുളവാക്കുന്നില്ല.

മലങ്കര ആരാധനാഭിമുഖ്യം പാലിക്കുന്നവർ തമ്മിൽ തദനുസൃതമായ കൂട്ടായ്മയും ബന്ധവും പുലർത്തുമ്പോഴാണ് പുനരൈക്യപ്രസ്ഥാനത്തിന് മുമ്പോട്ടു പോകാൻ സാധിക്കുക. ചില ഒറ്റപ്പെട്ട സംഭവങ്ങളായി ഏതോ ചില ആഘോഷങ്ങൾ നടത്തുകയല്ല, ഒന്നിച്ച് ക്രിസ്തുവിന്റെ പെസഹാ രഹസ്യത്തിൽ സംബന്ധിക്കുന്നതിലേയ്ക്കു പുരോഗമിക്കുന്ന പ്രക്രിയയ്ക്ക് ആക്കം കൂട്ടുകയാണ് ആവശ്യം.

*ക്രൈസ്തവകാഹളം, 1996 ഓഗസ്റ്റ്-സെപ്റ്റംബർ*



# 36

# മാർ ഈവാനിയോസ് സ്നേഹത്തിന്റെ പ്രേഷിതൻ

പ്രേഷിതൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനാണ്. ദൈവം സ്നേഹത്താൽ പുത്രനെ അയച്ചു. "തന്റെ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." (യോഹ. 3:16) ക്രിസ്തു, സ്നേഹത്താൽ അയയ്ക്കപ്പെട്ടവൻ. അതേ സ്നേഹത്താൽ ശ്ലീഹന്മാരെ ലോകത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ അതേ സ്നേഹശക്തിയാൽ ഇന്നും ദൈവം തെരെഞ്ഞെടുത്ത് അയയ്ക്കുന്നു. ഓരോ കാലത്തും ഓരോ സ്ഥലത്തും. അങ്ങനെ ഈ ഇരുപതാം നൂറ്റാണ്ടിൽ മലങ്കരയ്ക്കു പ്രേഷിതനായി അയയ്ക്കപ്പെട്ട ആളാണ് മാർ ഈവാനിയോസ് പിതാവ്. അദ്ദേഹവും ദൈവസ്നേഹത്തിന്റെ പ്രേഷിതനായിരുന്നു. തന്റേതായ രീതിയിൽ ദൈവസ്നേഹം അനുഭവിച്ചറിഞ്ഞ് മറ്റുള്ളവർക്ക് പകർന്നുകൊടുത്ത മഹദ്വ്യക്തി. ആ അനുഭവം മലങ്കരയുടെ പരിതാപാവസ്ഥയിൽനിന്ന് ഉയിർക്കൊണ്ട് രൂപം പ്രാപിച്ചതായിരുന്നു. അതുകൊണ്ടാണ് മലങ്കരയിലെ ആയിരക്കണക്കിനു വിശ്വാസികൾ അത് തിരിച്ചറിഞ്ഞത്, സ്വാംശീകരിച്ചത്. ആ ദൈവസ്നേഹത്തിന്റെ ശക്തി വേണം, ഇന്നും പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക്.

## ത്രിവിധാനുഭവം

മാർ ഈവാനിയോസിന്റെ ദൈവസ്നേഹാനുഭവം മൂന്നു കാര്യങ്ങളിൽ ഉള്ളടങ്ങിയിരിക്കും. അവ എല്ലാ പ്രേഷിതർക്കും പൊതുവാണ്. ശ്ലീഹന്മാരുടെ പ്രേഷിതത്വവും അവയിൽ തന്നെ അധിഷ്ഠിതമായിരുന്നു. ശ്ലീഹന്മാരിൽ പരിശുദ്ധാത്മാവ് വന്നു വസിച്ചു അവരെ ശക്തരാക്കിയ സംഭവം നാം എടുത്തു പറയുന്നു. അതൊടൊപ്പം അവരിൽ വന്നു ഭവിച്ച വ്യക്തിപരവും മാനസികവുമായ മാറ്റവും നാം ശ്രദ്ധിക്കേണ്ടതുണ്ട്. ആ ആദിമമാതൃകയിൽ, ഏതൊരു പ്രേഷിതനെയും തിരിച്ച

www.malankaralibrary.com

റിഞ്ഞു മനസ്സിലാക്കാൻ സാധിക്കും. പ്രസ്തുത മാതൃക, രൂപം കൊണ്ടത് മൂന്നു രാപങ്ങളിലാണ്. ഒന്ന് യേശുവിന്റെ പീഡാനുഭവത്തിന്റെ തീക്ഷ്ണമായ ഓർമ്മ. രണ്ട്, പെസഹാ രഹസ്യത്തിന്റെ ആഘോഷം. മൂന്ന്, സുവിശേഷത്തിന്റെ പ്രഘോഷണം. ഇവ മൂന്നും ഒന്നു ചേർന്ന് ഓരോ പ്രേഷിതന്റെയും — ശ്ലീഹായെന്ന വാക്കിന്റെ അർത്ഥം പ്രേഷതൻ എന്നാണല്ലോ — ക്രിസ്ത്വാനുഭവം പൂർത്തിയാക്കുന്നു. അതേ ക്രിസ്ത്വാനുഭവം മാർ ഈവാനിയോസിലും പ്രകടമായി. തുടർന്നുള്ള എല്ലാ പുനരൈക്യപ്രേഷിതരിലും.

### പീഡാനുഭവത്തിന്റെ അനുസ്മരണ

ശ്ലീഹൻമാരുടെ പീഡാനുഭവാനുസ്മരണ വളരെ വ്യക്തമാണ് സുവിശേഷങ്ങളിൽ. എമ്മാവോസിലേക്കു പോയ ശിഷ്യന്മാർ പരസ്പരം ചർച്ച ചെയ്തിരുന്നത് അതാണ്. അവർ വിഷാദമുഖികളായതും അതേ അനുസ്മരണയുടെ പേരിലാണ്. യേശുവിന്റെ ഉയിർപ്പിനെപ്പറ്റി കേട്ടപ്പോൾ മാർ തോമ്മാശ്ലീഹാ പറഞ്ഞു, "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ കാണുകയും അവയിൽ എന്റെ വിരലുകൾ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" (റോമാ 20: 25) പീഡാനുഭവത്തിന്റെ ആഴമായ ഓർമ്മയാണ് തോമസ്ശ്ലീഹായെ നയിച്ചിരുന്നത്, എന്നതിൽ സംശയമില്ല. പക്ഷേ, ഉയിർപ്പിൽ വിശ്വസിക്കാത്തവർക്കെല്ലാം അതു കാർന്നു തിന്നുന്ന വേദന മാത്രമായിരുന്നു. എന്നാൽ കർത്താവ് അവരെ വിഷാദത്തിൽ വിട്ടുകളഞ്ഞില്ല. എങ്ങനെ ശ്ലീഹന്മാരെല്ലാം ഉയിർപ്പിന്റെ അനുഭവത്തിൽ ഭാഗഭാക്കുകളായിയെന്നു സുവിശേഷങ്ങൾ സാക്ഷിക്കുന്നുണ്ട്. അതുകൊണ്ട് നാം വിചാരിക്കരുത്, പീഡാനുഭവസ്മരണ അവർ നഷ്ടപ്പെടുത്തിയെന്ന്. യേശുവിന് പീഡാനുഭവം കാർന്നു തിന്നുന്ന, നശിപ്പിക്കുന്ന വേദനയായിരുന്നില്ല. അത് പിതാവിന്റെ തിരുവിഷ്ടത്തിന്റെ അനുവർത്തനമാണ്. അത് ശക്തിയാണ്, ചൈതന്യമാണ്, ജീവനാണ്. യേശുവിന്റെ പിതൃഹിതത്തോടുള്ള വിധേയത്വം ഉയിർപ്പുരഹസ്യം മുഖേന ശ്ലീഹന്മാരെ ഒരുശക്തിയായി ആവഹിക്കുകയാണ്. അവരെ മാത്രമല്ല എല്ലാ പ്രേഷിതരെയും. പീഡാനുഭവത്തിന്റെ ഓർമ്മയിൽ ഉറച്ചുനിന്നു മാത്രമേ ഒരുവന് പ്രേഷിതനാകാൻ ഒക്കുകയുള്ളു. അതിൽ ഉറച്ചു നിന്നാൽ മാത്രം പോരാ, അത് എത്രയും സ്വാംശീകരിക്കാമോ, അത്രയും സ്വന്തമാക്കുകയും വേണം.



### ദൈവരഹസ്യങ്ങളുടെ ആഘോഷം

പീഡാനുഭവത്തിന്റെ ഓർമ്മ വിശ്വാസസമൂഹത്തെ ഉറപ്പിച്ചു നിർത്തുന്നു. പീഡാനുഭവവും മരണവും ഉയിർപ്പും സഭാസമൂഹത്തിന്റെ, അത്യന്താപേക്ഷിതമായ ആഘോഷമായി തീർന്നതായി നാം വായിക്കുന്നു. അവർ അനുദിനം ദേവാലയത്തിൽ സമ്മേളിക്കയും വീട്ടിൽ ബലിയപ്പം മുറിക്കുകയും ചെയ്തിരുന്നു. അവർ ദൈവത്തെ സ്തുതിക്കുകയും മനുഷ്യരുടെ പ്രശംസയ്ക്കു പാത്രമാവുകയും ചെയ്തു. നമ്മുടെ കർത്താവു രക്ഷ പ്രാപിക്കുന്നവരെ, അനുദിനം സഭയിൽ ചേർത്തുകൊണ്ടിരുന്നു. (നട. 2/46, 47) എത്ര ലളിതമായ വിവരണം. അതിൽ എല്ലാം ഉള്ളടങ്ങിയിരിക്കുന്നു. അപ്പം മുറിക്കൽ എങ്ങനെ പ്രേഷിതപ്രവർത്തനത്തിനു അടിസ്ഥാനമായിയെന്ന് ഇവിടെ കാണാം. ഇതിനു മുമ്പു പറയുന്നു "അവർ സമ്പാദനങ്ങൾ വിറ്റ് ഓരോരുത്തരുടേയും ആവശ്യമനുസരിച്ച് വീതിച്ചുകൊടുത്തു." (നട. 2/45) താന്താങ്ങളുടെ സമ്പാദ്യം വിറ്റുവെന്നതിൽ യേശുവിന്റെ 'വെറുമയാക്കലിൽ' ആദ്യ ക്രിസ്ത്യാനികൾ പങ്കു ചേർന്നുവെന്നുവേണം മനസ്സിലാക്കുവാൻ. അവർ പീഡാനുഭവം ഓർക്കുക മാത്രമല്ല ജീവിതത്തിൽ അനുഭവിക്കുകയും ചെയ്തു. അങ്ങനെ യേശുവിനോടു താദാത്മ്യം പ്രാപിച്ചവരാണ് വീട്ടിൽ ബലിയപ്പം മുറിച്ചിരുന്നത്. 'തന്റെ മരണത്തെയും ഉയിർത്തെഴുന്നേല്പിനെയും അനുസ്മരിക്കുവിൻ' എന്ന കല്പന പാലിക്കുകയല്ല ജീവിക്കുകയാണ് ഓരോ വിശ്വാസിസമൂഹവും. തദ്വാരാ അവർ പ്രേഷിതപ്രവർത്തനത്തിന് സജ്ജരാകുന്നു.

### സുവിശേഷഘോഷണം

യേശുവിന്റെ പീഡാനുഭവരഹസ്യത്തിൽ പങ്കു ചേരുകയും ആഘോഷിക്കുകയും ചെയ്യുന്നവർ, യേശുവിനെ കർത്താവായി വിളിച്ചു ഏറ്റു പറയുന്നു. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർ പൂർണ്ണമായി കർത്താവിനുള്ളവരായിത്തീരുന്നു. ക്രിസ്തുവാണ് ഉടയവൻ, നാമെല്ലാം ഉടമയിൽപെടുന്നവരും. ക്രിസ്തുവിനെ പൂർണ്ണമായി സ്വീകരിച്ചവർക്ക് അവിടുത്തെ അയയ്ക്കപ്പെട്ടവരായി പ്രവർത്തിക്കാതിരിക്കാൻ സാധിക്കുകയില്ല. ഇവിടെയും പീഡനം ഉണ്ടാകുമ്പോഴാണ് പ്രേഷിത പ്രവർത്തനത്തിന് രംഗമൊരുങ്ങുന്നത്. യഹൂദഭരണസംഘം വിളിച്ചു ശാസിച്ചു കഴിയുമ്പോൾ ശ്ലീഹന്മാർ കൂടുതൽ ശക്തരായിത്തീരുന്നു. അവർ പറഞ്ഞു "ഞങ്ങൾ കണ്ടതും കേട്ടതുമായ കാര്യങ്ങൾ

www.malankaralibrary.com

പറയാതിരിക്കുക ഞങ്ങൾക്കു സാധ്യമല്ല" (നട. 4/20). ആദിമവിശ്വാസികൾ പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ, അവർ സമ്മേളിച്ച സ്ഥലത്ത് ഒരു കുലുക്കമുണ്ടായി. അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്, ദൈവവചനം പരസ്യമായി പ്രസംഗിക്കാൻ തുടങ്ങി' (നട. 4;31) യേശുവിനോടുകൂടി പീഡ അനുഭവിച്ചപ്പോൾ, യേശുവിന്റെ ആത്മാവ് ശ്ലീഹന്മാരെ ശക്തിപ്പെടുത്തിക്കൊണ്ടിരുന്നു. ഇത് ഒരു തുടരുന്ന പ്രക്രിയയായി അനുഭവപ്പെട്ടു. ആദിമസഭയ്ക്ക് പീഡനമുണ്ടായി. ശ്ലീഹന്മാരൊഴികെ എല്ലാവരും യൂദയാ സമരിയാ പ്രദേശങ്ങളിലേയ്ക്കോടിപ്പോയി. (നട. 5,1) ആ സാഹചര്യത്തിലാണ് പീലിപ്പോസു ശെമ്മാശൻ ശമരിയായിൽ പോയി സുവിശേഷം പ്രസംഗിച്ചത്. ഗോതമ്പുമണി നിലത്തുവീണ് അഴിഞ്ഞു കഴിയുമ്പോൾ പുതിയ മുളകൾ വരുമെന്ന യേശുവിന്റെ പ്രവചനം ആദിമസഭയിൽ നിറവേറിക്കൊണ്ടിരുന്നു. വി. പൗലോസിനു പീഡനമുണ്ടായപ്പോൾ — "രാത്രിയിൽ നമ്മുടെ കർത്താവ് പൗലോസിനു പ്രത്യക്ഷനായി പറഞ്ഞു - ധൈര്യമായിരിക്കുക, നീ യറുശലേമിൽ എന്നെക്കുറിച്ചു സാക്ഷ്യം നല്കിയതുപോലെ റോമായിലും സാക്ഷ്യം നല്കേണ്ടതുണ്ട്" (നട. 23: 11) ഈ പെസഹാനുഭവം എല്ലാ പ്രേഷിതരിലും തുടർന്നുകൊണ്ടിരിക്കും.

### ബഥനിയിലെ മൺചട്ടി

പ്രേഷിതത്വത്തിന്റെ ഈ ത്രിവിധാനുഭവങ്ങൾ മാർ ഈവാനിയോസ് പിതാവിൽ ഏറ്റം പ്രകടമായിരുന്നു. അതിനെ ബഥന്യാനുഭവം എന്ന് നമുക്കു പേരു വിളിക്കാം. എന്തായിരുന്നു അത്? യേശുവിന്റെ പീഡാനുഭവത്തോട് താദാത്മ്യം പ്രാപിക്കുവാൻ എന്നും സഭാപ്രേഷിതർ ചെയ്തിരുന്നത്, ജീവിതത്തിൽ ദാരിദ്ര്യാനുഭവം സുശക്തമാക്കുകയെന്നതായിരുന്നു രക്തസാക്ഷിമരണമാണ് പീഡാനുഭവസ്മരണയുടെ ഏറ്റം വ്യക്തിപരവും ഉദാത്തവുമായ വിശ്വാസരൂപം. എന്നാൽ അതിന്റെ അവസരം നഷ്ടപ്പെട്ടപ്പോൾ, വിശ്വാസികൾ താപസജീവിതത്തിലേയ്ക്കു കടന്നു. സുറിയാനിസഭയാണ് ഇതിനു ഏറ്റം നേതൃത്വം കൊടുത്തത്. ഈ താപസാനുഭവം, യേശുവിന്റെ സ്വയം വെറുമയാക്കലിന്റെ പുനരവതരണമാണെന്നതിൽ സംശയമില്ല. ഇതിന് മാർ ഈവാനിയോസ് പിതാവും അനുയായികളും സന്നദ്ധരായിയെന്നതായിരുന്നു ബഥനിയുടെ മൺചട്ടിയുടെ ശക്തി. അന്ന് യാക്കോബായ സഭയിൽ ഉണ്ടായിരുന്ന കലഹകലാപങ്ങൾ പിതാവിന് ആവോളം പ്രേരണ നൽകുകയുണ്ടായി. പെരുനാട്ടിൽ മുണ്ടൻ മലയിൽ കാടും മേടുമായിരുന്ന ഇടത്തിൽ പോയി യാതൊരു സുഖസൗകര്യവുമില്ലാതെ പിതാവ് ജീവിച്ചുവെന്നത് അന്നത്തെ മലങ്കരസഭാംഗങ്ങൾക്ക് വിസ്മയജനകമായിരുന്നു. ആ വിസ്മയം ആകർഷണവും പങ്കാളിത്തവുമായി വളർന്നുവെന്നതാണ് ബഥനിയുടെ വിജയം.



### ഹാശാ ശുശ്രൂഷകൾ

ബഥനിയിലേക്കു അസംഖ്യം വിശ്വാസികൾ ആകർഷിക്കപ്പെട്ടു. പ്രത്യേകിച്ചു പീഡാനുഭവവാരത്തിൽ. ഹാശാശുശ്രൂഷകളുടെ ഏറ്റം സജീവവും തന്മയത്വപൂർണ്ണവുമായ നിർവഹണം ബഥനിയിലേക്ക് നൂറുകണക്കിനാളുകളെ ആകർഷിച്ചു. വഴക്കിന്റെയും വക്കാണത്തിന്റെയും രംഗത്തു നിന്നുമാറി, ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ ആഘോഷങ്ങളിൽ പങ്കു കൊള്ളുക അവർക്കും ഒരു വലിയ അനുഭവമായിരുന്നു. ക്രിസ്തുവിന്റെ വർത്തമാന സാന്നിധ്യം ബഥനിയിൽ സമ്മേളിച്ചവർക്കെല്ലാം സുതരാം അനുഭവവേദ്യമായി. അവർ ക്രിസ്തുവിൽ ലയിച്ചുചേർന്നു, അവിടുത്തെ ആത്മാവിനാൽ ശക്തരാക്കപ്പെട്ടു. ആരാധനാരഹസ്യങ്ങളുടെ ആഘോഷപൂർവ്വമായ നിർവഹണം, ബഥനിയിൽ വെച്ചുമാത്രമല്ല, പിന്നീടും മാർ ഈവാനിയോസ് പിതാവിന്റെ ശക്തമായ സഭാസാക്ഷ്യമായിരുന്നു. വെറുതേ ചടങ്ങിൽ പങ്കു കൊള്ളാനല്ല; വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുവാൻ അദ്ദേഹം വിശ്വാസികളെ നിർബന്ധിച്ചിരുന്നു. ആദിമസഭയുടെ ഒരു ചെറിയ പകർപ്പ് ബഥനിയിൽ ദൃശ്യമായിരുന്നു. അതുതന്നെ പുനരൈക്യപ്രസ്ഥാനത്തിലും തുടർന്നുവന്നു.

### പുനരൈക്യപ്രേഷിതത്വം

പെസഹാഘോഷത്തിൽ യഥാർത്ഥത്തിൽ പങ്കു കൊണ്ടവർക്ക് സുവിശേഷഘോഷണത്തിൽ നിന്ന് മാറി നില്ക്കുക സാധ്യമല്ല. ബഥനി, ആശ്രമം മാത്രമായിരുന്നില്ല, സഭയായിരുന്നു. ബഥനിയുടെ പേരിൽ മാർ ഈവാനിയോസു പല പള്ളികളും വച്ചു. ഹരിജനങ്ങളിൽ നിന്ന് വിശ്വാസം സ്വീകരിച്ചവർക്കുവേണ്ടി സുറിയാനി ആഭിജാത്യത്തിൽ അഭിമാനം കൊണ്ടുനിന്നവരുടെ മനസ്സു മാറ്റി ഹിന്ദുക്കളുടെ മാനസാന്തരത്തിലേയ്ക്ക് തിരിച്ചുവിടുക ശ്രമകരമായിരുന്നു. എന്നാൽ ബഥനി അനുഭവത്തിൽ ദൈവം അത് സുകരമാക്കിക്കൊടുത്തു. എന്നാലും പുനരൈക്യത്തിനുശേഷമാണ് യഥാർത്ഥത്തിൽ സുവിശേഷവത്ക്കരണത്തിൽ കൂടുതൽ ഉൾപ്പെടുവാൻ പിതാവിനു സാധിച്ചത്. കത്തോലിക്കാസഭയുടെ സമൃദ്ധമായ പ്രേഷിതചൈതന്യം അതിനു ശക്തമായ

www.malankaralibrary.com

പിന്താങ്ങ് നല്കി, എന്നതിനു യാതൊരു സംശയവുമില്ല. ബഥനിയുടെ താപസാനുഭവവും ആരാധനാപങ്കാളിത്തവും സുവിശേഷഘോഷണവും ഫലപുഷ്കലമായി തീർന്നു. പുനരൈക്യപ്രസ്ഥാനത്തിൽ ഇന്നും അതു തുടരുന്നുവോ? ആത്മപരിശോധന നടത്തുക, നമ്മുടെ അനിവാര്യകർത്തവ്യമാണ്.

### ദൈവസ്നേഹാനുഭവം

പെസഹാനുഭവത്തിലും ബഥന്യാനുഭവത്തിലും ഉയർന്നു നില്ക്കുന്നത് ദൈവസ്നേഹമാണ്, ക്രിസ്തുവിന്റെ സ്നേഹമാതൃകയാണ്. അവിടുന്ന് ധനികയുവാവിനോടു പറഞ്ഞു– "ഉള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെവന്നു എന്നെ അനുഗമിക്കുക" (ലൂക്കോ. 18/22) മിശിഹാനുകരണമായിരുന്നുവല്ലോ മാർ ഈവാനിയോസ് പിതാവിന്റെ അടിസ്ഥാന പ്രവർത്തനപ്രമാണം. അതിലാണ് ക്രിസ്താനുഭവം രൂപം കൊള്ളുന്നത്. അതിൽ താപസാനുഭവമുണ്ട്, ദൈവരഹസ്യാഘോഷമുണ്ട്, സുവിശേഷസാക്ഷ്യവുമുണ്ട്. കർത്താവായ യേശുക്രിസ്തുവിന്റെ ആഹ്വാനം ശ്രവിച്ചാണ് ബഥനിയുടെ പർവത പ്രാന്തങ്ങളിൽ മാർ ഈവാനിയോസു പിതാവു എത്തിച്ചേർന്നത്. സ്നേഹത്തിന്റെ വിളിക്ക് നല്കിയ സ്നേഹത്തിന്റെ പ്രത്യുത്തരം. നാടും വീടും ഉപേക്ഷിച്ച് അവിടെ എത്തിയപ്പോൾ ദൈവസ്നേഹം ആഘോഷമായി.

*ക്രൈസ്തവകാഹളം, 1990 ജൂലൈ*



## 37

# അജപാലനത്തിന്റെ മാനങ്ങളും മുഖങ്ങളും

ഭാരതത്തിൽ മാത്രമല്ല ലോകത്തിൽ മുഴുവനും വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരുന്ന ഘട്ടത്തിലാണ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്താ, തിരുവനന്തപുരം ആർച്ചു ബിഷപ്പുസ്ഥാനം ഏറ്റെടുത്തത്. രണ്ടാം ലോകമഹായുദ്ധം അവസാനിപ്പിച്ചിട്ട് ഏതാണ്ട് പത്തുകൊല്ലത്തോളം ആയിരുന്നു. എന്നാൽ അത് അഴിച്ചുവിട്ട കുഴപ്പത്തിന്റെ അലയടികൾ കെട്ടടങ്ങിയിരുന്നില്ല. രാഷ്ട്രീയ സാമൂഹിക രംഗങ്ങൾ കെട്ടുറപ്പില്ലാതെ ആടിയുലഞ്ഞുകൊണ്ടിരുന്നു. അതെല്ലാം പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച ഭാരതത്തെയും ഏറെ സ്വാധീനിച്ചിരുന്നു. ഭാരതം ഒരു ജനായത്ത രാഷ്ട്രമായിക്കഴിഞ്ഞിരുന്നെങ്കിലും അതിൽ വിവിധ മതങ്ങളുടെയും ജാതികളുടെയും നിലയും നിലപാടുമെന്ത് എന്നതിനെക്കുറിച്ച് ഒരു തീർപ്പും വന്നിരുന്നില്ല. ഇങ്ങനെ കുഴഞ്ഞു മറിഞ്ഞു കിടന്നിരുന്ന കാലയളവിലാണ് തെരഞ്ഞെടുപ്പിലൂടെ കേരളത്തിൽ കമ്യൂണിസ്റ്റ് കക്ഷി അധികാരത്തിൽ വന്നത്. കേരളത്തിന്റെ രാഷ്ട്രീയ തലസ്ഥാനം തിരുവനന്തപുരവും അവിടെ ക്രൈസ്തവ നേതൃത്വം ഒരു വിധത്തിൽ കേന്ദ്രീകരിച്ചിരുന്നത് ആർച്ച് ബിഷപ്പ് മാർ ഗ്രീഗോറിയോസിലും. അക്കാലത്ത് തിരുവനന്തപുരത്ത് വേറൊരു മത നേതാവും പൊതു ശ്രദ്ധ പിടിച്ചുപറ്റിയിരുന്നില്ലെന്നുവേണം പറയുവാൻ. അതനുസരിച്ച് തിരുവനന്തപുരം അതിരൂപതയുടെ അധ്യക്ഷനെന്ന നിലയിൽ മാത്രമല്ല കത്തോലിക്കരുടെയും ക്രൈസ്തവരുടെയും വിവിധ മതക്കാരുടെയും ശ്രദ്ധാകേന്ദ്രമായി വർത്തിക്കാനുള്ള ഉത്തരവാദിത്വമാണ് ആർച്ച് ബിഷപ്പിൽ നിക്ഷിപ്തമായിരുന്നത്.

എല്ലാവർക്കും സ്വീകാര്യനായ മതനേതാവെന്ന നിലയിൽ പ്രവർത്തിക്കുന്ന ഒരു പാരമ്പര്യം ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തന്റെ പിൻഗാമിയെ ഏല്പിച്ചുകൊണ്ടാണ് 1953 ജൂലൈ 15-ാം തീയതി

www.malankaralibrary.com

കാലം ചെയ്തത്. അതേ വർഷം ജനുവരി 29-ന് മെത്രാഭിഷിക്തനായ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്താ 1955 ജനവരി 27-ൽ ആർച്ചുബിഷപ്പായി സ്ഥാനാരോഹണം ചെയ്തു. അതോടെ തിരുവനന്തപുരം നഗരത്തിന്റെ ധാർമ്മിക നേതൃത്വം അദ്ദേഹം ഏറ്റെടുക്കുകയും ചെയ്തു; ഏറ്റം വിനയത്തോടെതന്നെ. മാർ ഈവാനിയോസ് പിതാവിന്റെ പ്രാഗത്ഭ്യത്തേക്കാൾ, അദ്ദേഹം വഹിച്ചിരുന്ന പദവിയുടെ ഭാരമാണ് തന്റെ ചുമലിൽ വന്നിരിക്കുന്നതെന്ന ബോധ്യമായിരുന്നു, പുതിയ ആർച്ചുബിഷപ്പിനെ മുമ്പോട്ടു നയിച്ചത്. മാർ ഈവാനിയോസ് സഭയ്ക്കും രാഷ്ട്രത്തിനും എന്തായിരുന്നുവോ, അത് തന്റേയും ഉത്തരവാദിത്വമായിരിക്കുന്നുവെന്ന് മാർ ഗ്രീഗോറിയോസ് പിതാവ് ആരംഭം മുതലേ ബോധവാനായിരുന്നു. നിയമസഭയിലെ ക്രൈസ്തവ സാമാജികരോട് തുടരെ ബന്ധപ്പെട്ടിരുന്നത് അതിന് ഒരു ഉദാഹരണമാണ്. ആർക്കും എല്ലായ്പ്പോഴും സംലഭ്യനായിരിക്കുകയായിരുന്ന മാർ ഈവാനിയോസിന്റെ നയംതന്നെ യാതൊരു കോട്ടവും കൂടാതെ പിൻഗാമിയും തുടർന്നു. ക്രിസ്തീയ സാന്നിദ്ധ്യത്തിന്റെ പ്രേഷിതത്വമെന്ന് ഇതിനു പേരു പറയാം. അതിരൂപതയുടെ ആരംഭകാലത്ത് സഭാംഗങ്ങളായി അധികം പേരില്ലാതിരുന്നപ്പോൾ ഈ പൊതുലഭ്യത പാലിക്കുക അത്ര പ്രയാസകരമായിരുന്നിരിക്കില്ല. എന്നാൽ അതിരൂപതയിൽ വിശ്വാസികളുടെ എണ്ണം കൂടുകയും പള്ളികളുടെയും പള്ളിക്കൂടങ്ങളുടെയും സംഖ്യ വർദ്ധിക്കുകയും ചെയ്തപ്പോൾ എല്ലാവർക്കും ഒരു പോലെ സംലഭ്യനായിരിക്കുക അത്ര എളുപ്പമൊന്നുമല്ല. അതുകൊണ്ട് സ്വന്തം മക്കൾക്ക് പിതാവിന്റെ കരുതൽ വേണ്ടത്ര ലഭിക്കുന്നില്ലെന്നു പരാതി ഉണ്ടാകാവുന്നതാണ്. എന്നാൽ അങ്ങനെയൊരു പ്രയാസവും അനുഭവപ്പെട്ടില്ലെന്നതാണ് വാസ്തവം. മറ്റേത് മെത്രാനെക്കാളും എല്ലാ ഇടവകകളിലും സ്ഥലങ്ങളിലും ആർച്ചുബിഷപ്പിന്റെ നേതൃ സാന്നിദ്ധ്യം ലഭിക്കുന്നുണ്ടെന്നതിൽ ആർക്കും സംശയം തോന്നുന്നില്ല. എല്ലാവർക്കും എല്ലാമായിരിക്കുകയെന്ന സുവിശേഷസവിശേഷത തിരുവനന്തപുരം ആർച്ചുബിഷപ്പിന്റെ വ്യക്തിത്വത്തിൽ പെട്ടതാണെന്ന് പണ്ട് നിയമസഭ സമാജികനായിരുന്ന ശ്രീ. ജോസഫ് ചാഴിക്കാടൻ ഈ ലേഖകനോട് പറഞ്ഞത് ഇപ്പോഴും ഓർക്കുന്നു. ഈ ദൃശ്യ സംലഭ്യത മറ്റൊരു മെത്രാനിലും കാണുന്നില്ലെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്.

ഒരു മെത്രാന് രാഷ്ട്രീയ നേതൃത്വം കൊടുക്കാനാവുമൊയെന്ന ചോദ്യത്തിന് നിഷേധാത്മക മറുപടിയായിരിക്കും ആരും നല്കുക.



എന്നാൽ തിരുവനന്തപുരം ആർച്ച് ബിഷപ്പ് അതിന് അപവാദമായി നില്ക്കുന്നു. നല്ലകാര്യങ്ങളിൽ ഭരിക്കുന്നവരെ പരസ്യമായി പിന്താങ്ങുക അഭിപ്രായ വ്യത്യാസങ്ങൾ കഴിയുന്നതും രഹസ്യമായി അറിയിക്കുക, സൗഹൃദോപദേശം നല്കാൻ എപ്പോഴും സന്നദ്ധനായിരിക്കുക, എന്നതായിരുന്നു മാർ ഈവാനിയോസിന്റെ നയം. അദ്ദേഹവും അന്നത്തെ ദിവാൻ സർ. സി.പി. രാമസ്വാമിയുമായി നടന്ന സ്നേഹ മാത്സര്യങ്ങളെക്കുറിച്ച് വളരെ പറയുവാനുണ്ട്. അവർ വിഭിന്ന ധ്രുവങ്ങളിൽ വർത്തിച്ചിരുന്നപ്പോഴും സ്നേഹബഹുമാനങ്ങളാൽ പരസ്പരം ബന്ധപ്പെട്ടിരുന്നു. വിഭിന്ന അഭിപ്രായം പുലർത്തുമ്പോഴും എതിരാളിയെ ബഹുമാനിക്കുകയെന്ന ക്രൈസ്തവാദർശം ജീവിതത്തിൽ ഉയർത്തിപ്പിടിക്കുകയാണ് മാർ ഈവാനിയോസ് പിതാവ് ചെയ്തത്. അതുതന്നെ പൂർവ്വാധികം കാര്യക്ഷമതയോടെ ഇപ്പോഴത്തെ ആർച്ച് ബിഷപ്പും നിർവഹിക്കുന്നു. കേരളത്തിലെ മുഖ്യമന്ത്രിമാരോടും മറ്റു മന്ത്രിമാരോടും അവർ ഏതു രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരായിക്കൊള്ളട്ടെ തുല്യബഹുമാനാദരങ്ങളോടെ പെരുമാറുന്ന നമ്മുടെ പിതാവിന്റെ മാതൃക തികച്ചും അസുലഭമായേ ദർശനീയമാകുന്നുള്ളു. വേറൊരു നേതാവുമായി ഇടപെടുമ്പോൾ തന്റെ ഉന്നത സ്ഥാനമല്ല ഇതരന്റെ സ്ഥാന മഹിമയാണ്, അത് അത്ര വലുതൊന്നുമല്ലെന്ന് പൊതുവേ തോന്നിയാലും, ആർച്ചുബിഷപ്പ് തിരുമേനിയുടെ മനസ്സിൽ ഉയർന്നു നില്ക്കുന്നത്. ഫലമോ, തിരുവനന്തപുരം ആർച്ച്ബിഷപ്പ് മറ്റുള്ളവരാൽ ഏറ്റം ആദരിക്കപ്പെട്ടു വരുന്നു. തിരുവനന്തപുരം ആർച്ച് ബിഷപ്പ് എന്തോ 'ആർച്ച്ഡെവിൾ'(Archdevil) ആണെന്നു പുലഭ്യം പറഞ്ഞിരുന്ന (മാർ ഈവാനിയോസിന്റെ കാലത്ത് എത്രമേൽ സൂക്ഷിച്ചിട്ടും, അങ്ങനെയും പേര് കിട്ടിയ സന്ദർഭം ഉണ്ടായിട്ടുണ്ട്) പൂർവ്വ സ്ഥിതിയിൽ നിന്നാണ് സമാരാധ്യപദവിയിലേക്ക് ഉയർന്നതെന്ന് മനസ്സിലാക്കുക. എല്ലാ വ്യക്തികളെയും മാനിച്ചും എതിരഭിപ്രായങ്ങളെ പരിഗണിച്ചുമുള്ള സമീപനമായിരുന്നു മാർ ഈവാനിയോസിന്റേത്. അതുതന്നെ പൂർവ്വാധികം ശോഭയോടെ പിൻഗാമിയും പിന്തുടരുന്നു. അതിരൂപതയുടെ ആദ്യകാലത്തെ ഏറ്റുമുട്ടലുകളിൽ മാർ ഈവാനിയോസ് പിതാവിനെ ഹിന്ദു വിരോധിയാക്കി ചിലർ ചിത്രീകരിച്ചിരുന്നു. എന്നാൽ ദൈവത്തിന്റെ കരുണമൂലം അങ്ങനെയൊരു "പേരുദോഷം" ഇപ്പോഴത്തെ പിതാവിന് വന്നിട്ടില്ല.

വിവിധ സഭകളിൽ ഉൾപ്പെട്ടിരുന്നവർക്കും സുസമ്മതനായിരിക്കുകയെന്ന പ്രയാസകരമായ ദൗത്യം മാർ ഈവാനിയോസ് പിതാവ് കാര്യ

www.malankaralibrary.com

ക്ഷമമായി നിർവ്വഹിച്ചിരുന്നുവെന്നത് യാഥാർത്ഥ്യമാണ്. തലസ്ഥാനത്തെ ഹിന്ദുക്കളാൽ അന്ന് ക്രിസ്ത്യാനികൾ ഞെരുക്കപ്പെട്ടിരുന്നുവെന്ന് മേൽ സൂചിപ്പിച്ചിരുന്നുവല്ലോ. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ക്രൈസ്തവ സഭാ നേതാക്കളും തമ്മിൽ തുറന്ന ഏറ്റുമുട്ടലുകൾ തന്നെ ഉണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ മാർ ഈവാനിയോസ് സർ സി.പി.യുടെ ചേരിയിലാണെന്ന് ചിലർ തെറ്റിദ്ധരിച്ച അവസരവും ഉണ്ടായിട്ടുണ്ട്. എന്നാൽ അടുത്തു പെരുമാറിയവർക്കെല്ലാം ബോധ്യപ്പെട്ടിരുന്നു അദ്ദേഹം യഥാർത്ഥ ക്രൈസ്തവ സഭാനേതാവാണെന്ന്. അദ്ദേഹത്തിന്റെ അനിഷേധ്യനേതൃത്വം ഇതര സഭാ നേതാക്കൾ അംഗീകരിക്കുകയും ചെയ്തിരുന്നു. ഈ ദൃശ്യ സാഹചര്യങ്ങൾ, ബാഹ്യഭാവങ്ങളിൽ വ്യത്യസ്തമെങ്കിലും ആർച്ചു ബിഷപ്പ് മാർ ഗ്രീഗോറിയോസിനും നേരിട്ടുണ്ട്. ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ഒരു പൊതുജനമുന്നേറ്റത്തിൽ നിലം പതിച്ചതിൽ അദ്ദേഹത്തിന്റെ പങ്കാളിത്തം ഒട്ടും കുറവല്ലായിരുന്നു. പിന്നീട് സ്വകാര്യ കലാലയങ്ങൾക്കെതിരേ എതിർപ്പു എരിപിരികൊണ്ടപ്പോൾ പരിഹാരം കണ്ടെത്തുന്നതിൽ തിരുവനന്തപുരം ആർച്ചുബിഷപ്പിന്റെ നയചാതുര്യ സമീപനം വളരെ സഹായിച്ചുവെന്നതും തുറന്ന വസ്തുതയാണ്. തുറന്ന പോരാട്ടത്തെക്കാൾ സ്നേഹാദര സംഭാഷണമാണ് മാർ ഗ്രീഗോറിയോസ് പിതാവ് ഇഷ്ടപ്പെടുന്നത്. നിലയ്ക്കൽ പള്ളിയോട് ബന്ധപ്പെട്ട് പൊന്തിവന്ന പ്രക്ഷുബ്ധാന്തരീക്ഷത്തിൽ, ചരിത്രം തിരിച്ചുവെയ്ക്കുകയല്ല പാരമ്പര്യം നിലനിർത്തുകയാണ് ക്രൈസ്തവോത്തരവാദിത്വമെന്ന് എല്ലാവരെയും ബോധ്യപ്പെടുത്താൻ ആർച്ചു ബിഷപ്പ് വളരെ ബദ്ധപ്പെട്ടു, അതിൽ വിജയിക്കുകയും ചെയ്തു. തദ്ഫലമായി പള്ളിയുടെ പുരാണസ്ഥാനത്തല്ലെങ്കിലും ക്രൈസ്തവർക്കെല്ലാം പൊതുവായി നിലയ്ക്കൽ ചരിത്രസ്മാരകം ഉയർന്നുവന്നതിൽ ഭാരതത്തിന് പുറത്തുള്ള ക്രൈസ്തവരും മാർത്തോമ്മാ നസ്രാണികളെ ഏറെ ആദരിച്ചു കൊണ്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ സഭൈക്യാഹ്വാനത്തിന്റെ ഒരു നല്ല ഫലമായി നിലയ്ക്കൽ എക്യുമെനിക്കൽ സ്ഥാപനം ഉയർന്നു നില്ക്കുന്നു.

രണ്ടാം വത്തിക്കാൻ സുനഹദോസ് ഭാരതത്തിലെ കത്തോലിക്കരുടെയിടയിൽ പല പുതിയ സമീപനങ്ങൾക്കും കാരണമായി. അതിലെല്ലാം മാർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്തായുടെ പങ്കാളിത്തം വളരെ വലുതാണ്. ഇവിടെയും, തന്റെ പൂർവ്വഗാമിയുടെ ചുവടുകൾ അദ്ദേഹം തുടരുകയായിരുന്നു. 1930-ൽ ആവിർഭവിച്ച മലങ്കര കത്തോ



ലിക്കാ സഭയ്ക്ക്, ഇതര കത്തോലിക്കാ റീത്തുകളോട് തുല്യസ്ഥാനം നേടിയെടുക്കുക അത്ര ക്ഷിപ്ര സാധ്യമായിരുന്നില്ല. അതിൽ മാർ ഈവാനിയോസിന്റെ വ്യക്തി പ്രാഗത്ഭ്യം ഏറെ തുണച്ചുവെന്നത് തുറന്ന ചരിത്ര യാഥാർത്ഥ്യമാണ്. 1950-ൽ ബാംഗ്ലൂരിൽ നടന്ന പ്ലീനറി കൗൺസിലിലാണ്, ഒരു പൗരസ്ത്യ മെത്രാപ്പോലീത്തയെന്ന നിലയിൽ അദ്ദേഹത്തിന്റെ വ്യക്തിത്വവും പദവിയും ഏറെ തെളിഞ്ഞു നിന്നത്. അതിലെ പൊതുതീരുമാനങ്ങൾ ഓരോ റീത്തിന്റെയും (സഭ) സ്വഭാവം അനുസരിച്ച് മാത്രമേ നടപ്പിലാക്കാൻ പാടുള്ളുവെന്ന്, മാർ ഈവാനിയോസ് തികഞ്ഞ നയചാതുര്യത്തോടെ മറ്റു മെത്രാന്മാർക്ക് ബോധ്യപ്പെടുത്തിക്കൊടുത്തു. (പ്രസ്തുത യോഗത്തിൽ വലിയ പിതാവിന്റെ സെക്രട്ടറിയായി ഇപ്പോഴത്തെ ആർച്ചുബിഷപ്പും സംബന്ധിച്ചിരുന്നു.) ഈ സഭാ ചൈതന്യമാണല്ലോ ഏതാണ്ട് പത്തു വർഷത്തിനുശേഷം രണ്ടാം വത്തിക്കാനിൽ തെളിഞ്ഞു നിന്നത്. ആർച്ചു ബിഷപ്പ് മാർ ഗ്രീഗോറിയോസ് വത്തിക്കാൻ സുനഹദോസിൽ മുഴുവൻ സമയവും സംബന്ധിച്ചു. (പല മെത്രാന്മാരും യോഗസ്ഥലത്തിന് പുറത്താണ് കൂടുതൽ സമയവും ചെലവഴിച്ചതെന്ന് പത്രവാർത്ത ഉണ്ടായിരുന്നു.) പൗരസ്ത്യ സഭയുടെ ഉൾക്കാഴ്ച വെളിച്ചത്തുകൊണ്ടുവരുന്നതിൽ മറ്റു സഭാ നേതാക്കൾക്കൊപ്പം നില്ക്കുകയും ചെയ്തു. കത്തോലിക്കാ സഭ, സഭകളുടെ ഒരു കൂട്ടായ്മ ആണെന്നും ഏതൊരു സഭയ്ക്കും, അത് എത്ര ചെറുതായിക്കൊള്ളട്ടെ, മറ്റു സഭകളോടൊപ്പം സ്ഥാനമുണ്ടെന്നും എല്ലാ കത്തോലിക്കർക്കും ബോധ്യപ്പെടുത്തിയെന്നതാണ് രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ ഒരു വലിയ പ്രായോഗിക വിജയം. ഇത് വെറും ആദർശഭാഷണമായി നിർത്താതെ പ്രായോഗികമാക്കുക എത്ര ശ്രമകരമാണെന്ന്, രണ്ടാം വത്തിക്കാനുശേഷമാണ് സഭാ നേതാക്കൾക്ക് ബോധ്യമായത്. ഇതിന് സന്ദർഭം തെളിച്ച ചരിത്ര സംഭവമാണ്, 1969 -ലെ ആൾ ഇന്ത്യാ സെമിനാർ. അവിടെ കർദ്ദിനാൾ ഗ്രേഷ്യസിനോ കർദ്ദിനാൾ പാറേക്കാട്ടിലിനോ ലഭിക്കാതെപോയ പ്രാമാണ്യമാണ് ആർച്ചു ബിഷപ്പു മാർ ഗ്രീഗോറിയോസിന് ലഭിച്ചത്. വിവിധ റീത്തുകളെ ഏകോപിപ്പിക്കുവാൻ ഉദ്ദേശിച്ച് അവതരിപ്പിച്ച ഒത്തുതീർപ്പ് പ്രമേയത്തിന് മലങ്കര കത്തോലിക്ക സഭ സമ്മതിക്കുമോ എന്നറിയാൻ സെമിനാറിലെ മെത്രാന്മാരും വൈദികരും അൽമായരും എല്ലാം അടങ്ങുന്ന വലിയ സമൂഹം ആർച്ചു ബിഷപ്പ് മാർ ഗ്രീഗോറിയോസ് എന്തു പറയുന്നുവെന്ന് ശ്വാസമടക്കി കാത്തുനിന്ന നിമിഷം ഇപ്പോഴും ഓർക്കുന്നു.

www.malankaralibrary.com

അപ്പോൾ മാർ ഈവാനിയോസ് തുടങ്ങിവെച്ച കത്തോലിക്കാ സഭാ നേതൃത്വം അദ്ദേഹത്തിന്റെ പൻഗാമി പൂർത്തീകരിച്ചു. മറ്റു സഭ കൾക്കൊപ്പം നിന്ന് മലങ്കരസഭയും അന്നുമുതൽ പ്രവർത്തിച്ചു തുട ങ്ങി. സ്വന്തം സഭയുടെ നിലപാട് കൃത്യമായി വ്യക്തമാക്കുകയും അതേ സമയം ഏറ്റുമുട്ടൽ കൂടാതെ പ്രശ്നപരിഹാരത്തിന് ശ്രമിക്കുകയും ചെയ്യുന്ന കത്തോലിക്കാ (Catholic) സമീപനമാണ് ആർച്ചു ബിഷപ്പു മാർ ഗ്രീഗോറിയോസ് എപ്പോഴും അവലംബിക്കുന്നത്.

പൗരസ്ത്യ സഭയുടെ അദ്ധ്യക്ഷനായിരിക്കുന്നതിനേക്കാൾ കത്തോലിക്കാസഭയുടെ അംഗമായിരിക്കുന്നതാണ് കാമ്യമെന്ന നില പാടിലാണല്ലോ മാർ ഈവാനിയോസും അനുയായികളും പുനരൈ കൃപ്പെട്ടത്. ഈ സമന്വയമാണ് മലങ്കര കത്തോലിക്കാസഭയുടെ മുഖ മുദ്ര. ഇതേപ്പറ്റി ആർച്ചുബിഷപ്പു മാർ ഗ്രീഗോറിയോസ് ഏറ്റം ബോധ വാനാണ്. അദ്ദേഹം സഭാ ചർച്ചകളിൽ ഉൾപ്പെടുന്നത്, ഇതേ ബോധ്യ ത്തോടെ തന്നെ. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം നടന്ന മെത്രാന്മാരുടെ സിനഡുകളിൽ ഈ ബോധ്യം പ്രകടമാക്കുകയും ചെയ്തു. അദ്ദേഹം കൂടുതലും ഉൾപ്പെടുന്നത്. സിനഡിലെ പൊതു യോഗങ്ങളെക്കാൾ പ്രധാനം ഗ്രൂപ്പുതിരിഞ്ഞുള്ള ചർച്ചകളാണെന്ന് മന സ്സിലാക്കി, യൂറോപ്യൻ (Continental) ഗ്രൂപ്പുകളിലാണ്. (ഇതേപ്പറ്റി ഇപ്പോഴത്തെ മാർപാപ്പ തിരുവനന്തപുരത്തു വന്നപ്പോൾ പരാമർശിക്കു കയും ചെയ്തു.) ഈ ചർച്ചകളിൽ പൗരസ്ത്യസമീപനം പാശ്ചാത്യർക്ക് വ്യക്തമായി കൊടുക്കുവാൻ നമ്മുടെ ആർച്ചു ബിഷപ്പിനു സാധിക്കു ന്നു. അതൊടൊപ്പം സഭയുടെ സാർവ്വത്രിക സമീപനം സമാദരിക്കാനും വാസ്തവത്തിൽ പാശ്ചാത്യർ നല്കുന്ന പിന്തുണയെ ആശ്രയിച്ചാണ് പൗരസ്ത്യർ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നത്. പത്രോസു ശ്ലീഹാ യിൽ നിന്ന് ഇടമുറിയാതെ തുടർന്നുവരുന്ന പ്രഥാധികാരം (Primacy) ആണല്ലോ റോമിലെ മാർപാപ്പയിലൂടെ പ്രകാശിതമായിക്കൊണ്ടിരിക്കു ന്നത്. എത്ര വലിയ ധാർമ്മിക നേതൃത്വമാണ് ഇന്ന് മാർപാപ്പ ലോക ത്തിന് നല്കിക്കൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ സമർത്ഥമായ നിർദ്ദേ ശങ്ങൾ എല്ലാ കത്തോലിക്കരെയും, പാശ്ചാത്യരെയും പൗരസ്ത്യരെയും ചൂടുപിടിപ്പിക്കേണ്ട പ്രായോഗിക സത്യങ്ങളാണ്. കത്തോലിക്കാ സമീ പനത്തിന് രൂപം കൊടുക്കുന്നതിനുള്ള സജീവാടിസ്ഥാനമാണിവ. ഇവ യിൽ ഉറച്ചു നില്ക്കുന്ന നേതൃത്വമാണ് ആർച്ചു ബിഷപ്പ് മലങ്കര കത്തോ ലിക്കാ സഭയ്ക്ക് നല്കുന്നത്. അതിന്റെ പ്രായോഗികാംഗീകാരമാണ്



ജോൺ പോൾ രണ്ടാമൻ മാർപാപ്പ, തിരുവനന്തപുരത്തുവെച്ച്, ഈ സഭയ്ക്ക് നല്കിയത്. പരിശുദ്ധ പിതാവും, നമ്മുടെ പിതാവും തമ്മിൽ തികച്ചും ഊഷ്മളമായ ബന്ധമാണ് നിലവിൽ ഉള്ളത്.പതിനൊന്നാം പീയൂസ് മാർ ഈവാനിയോസിന് നല്കിയ ഹൃദ്യ സ്വാഗതം ചരിത്രപ രമായി വളർന്നെത്തിയതാണ് ഈ ബന്ധം. നമ്മുടെ അഭിവന്ദ്യനായ ആർച്ച് ബിഷപ്പിന്റെ അജപാലനത്തിന്റെ ഉത്തമാംഗീകാരമാണിത്.

***ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് സ്മരണിക, 1994***

www.malankaralibrary.com

# 38

# ഡയാസ്പോറാ മിഷൻ

ഇന്നു മനുഷ്യൻ ലോകത്തിന്റെ നാലു ഭാഗത്തേയ്ക്കുമായി ചിതറിക്കപ്പെടുകയാണ്. ഓരോ പ്രദേശത്തു നിന്നും എല്ലാ ഭാഗത്തേക്കുമെന്ന നിലയിൽ ഓരോ പ്രദേശത്തും എല്ലാ ദേശത്തുനിന്നുമുള്ളവരെ കാണാം. ചിതറിക്കപ്പെടുന്ന ഈ അവസ്ഥ സാമ്പത്തിക മുന്നേറ്റമുള്ള സ്ഥലങ്ങളിൽ അധികം ദർശനീയമാണ്. കൂടുതൽ മെച്ചമായ സൗകര്യങ്ങൾ അന്വേഷിച്ച് പിന്നോക്ക പ്രദേശങ്ങളിൽ നിന്ന് മുന്നോക്ക പ്രദേശങ്ങളിലേയ്ക്ക് കുടിയേറുന്നു. പണ്ട് ഇങ്ങനെ കുടിയേറുന്ന മനുഷ്യരിൽ അധികവും പുതിയ സ്ഥലത്തു താമസമുറപ്പിച്ചിരുന്നു. എന്നാൽ ഒരു വലിയ സംഖ്യ ആളുകൾ ഇന്ന് താത്ക്കാലികമായി കുടിയേറുന്നവരാണ്. അവരുടെ വേരുകൾ ഒരിടത്തും താമസം മറ്റൊരിടത്തുമാണ്. ഉപജീവനം അന്വേഷിച്ച് പുതിയ സ്ഥലത്ത് വേരുകൾ പറിഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്ന മനുഷ്യൻ പുതിയ സ്ഥലത്ത് ഭാഷകൊണ്ടും സംസ്കാരം കൊണ്ടും അന്യരാണ്. തിരികെ എത്തുമ്പോൾ അന്യരായിട്ടായിരിക്കും സ്വന്തം നാട്ടുകാരും അവരെ പരിഗണിക്കുക. വേരുകളില്ലാത്ത ഈ മനുഷ്യർ പ്രശ്നങ്ങൾ സൃഷ്ടിക്കാറില്ലേ? ഓരോ കുടുംബത്തിന്റെയും സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം തേടിയാണല്ലോ അവർ പുതിയ സ്ഥലത്തു എത്തിച്ചേരുക. പക്ഷേ അവർ ഓരോരുത്തരും ഓരോ പ്രശ്നമായി മാറുകയല്ലേ? ജാഗ്രതയോടെ ഇരുന്നില്ലെങ്കിൽ അങ്ങിനെ ആയി തീരുകയും ചെയ്യും. എന്നാൽ അവരെ ഓരോരുത്തരേയും സംബന്ധിച്ച് ദൈവത്തിന് ഓരോ പദ്ധതിയുണ്ട് (ജറ. 29: 11) അതു മനസ്സിലാക്കുമ്പോൾ ജോലി തേടി ഓരോ സ്ഥലത്തും എത്തുന്നവർ ഓരോ പരിഹാരമായി മാറുന്നതാകും കാണുന്നത്. അവരുടെ മാതൃ സമൂഹത്തിനും ദത്തെടുക്കുന്ന സമൂഹത്തിനും ഒരു പോലെ പരിഹാരം. ദൈവം അവരുടെ ജീവിതത്തിലേക്കു കടന്നുവന്ന് പ്രശ്നങ്ങൾ ആകാവുന്നവരെ പരിഹാരമായി മാറ്റിയെടുക്കും. ആധുനിക ലോകത്തിലെ ഈ പ്രശ്നം പരിഹാരമാകുന്നത് എങ്ങിനെയെന്നു



നോക്കാം.

'ഡയാസ്പോറ' അഥവാ 'ചിതറിക്കപ്പെടുക' എന്ന പ്രതിഭാസം ആദ്യമായി രൂക്ഷതയിൽ കാണുന്നത് യഹൂദരെ സംബന്ധിച്ചാണ്. യൂഹൂദിയായിൽ യരുശലേമിനു ചുറ്റും കഴിഞ്ഞിരുന്നവർ ചരിത്രപരമായ കാരണങ്ങളാൽ ചിതറിക്കപ്പെട്ടു. പഴയനിയമം പറയുന്നത് 'ദൈവമവരെ ചിതറിക്കപ്പെടാൻ അനുവദിച്ചു' എന്നാണ്. അന്ന് അറിയപ്പെട്ടിരുന്ന ലോകമെല്ലാം അവർ ചിതറിക്കപ്പെട്ടു. ഏഷ്യയിലും ഗ്രീസിലും റോമായിലുമെല്ലാം. എന്നാൽ യഹോവയുടെ സമൂഹത്തിൽ പങ്കുചേരാൻ എല്ലാ കൊല്ലവും അവർ യരുശലേമിൽ ഒത്തുകൂടുമായിരുന്നു. അതുകൊണ്ട് അവർ എവിടെ ആയിരുന്നാലും തങ്ങൾ യഹൂദരെന്ന് ഓർത്തിരുന്നു. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിൽ ഉൾപ്പെട്ടവർ. വ്യക്തിപരമായ ഉദ്ദേശങ്ങൾക്കപ്പുറം അവരുടെ സാമൂഹിക ദൗത്യത്തെപ്പറ്റി അവർ ചിന്തിച്ചിരുന്നു. ദൈവജനം എന്ന നിലയിൽ ദൈവം അവരിൽകൂടി പൂർത്തിയാക്കുന്ന പദ്ധതി എന്തായിരിക്കുമെന്ന് അവർ പരസ്പരം ആരാഞ്ഞിരുന്നു. കൃത്യമായൊന്നും അവരുടെ മനസ്സിൽ ഉദിച്ചിരുന്നില്ലെങ്കിലും മിശിഹാ വരുമ്പോൾ എല്ലാ കാര്യങ്ങളിലും അവരെ പ്രബുദ്ധരാക്കുമെന്ന് അവർക്ക് ഉറപ്പുണ്ടായിരുന്നു. യഹൂദരിൽ നിന്നും സാംസ്കാരികമായി വളരെ അന്യരായിക്കഴിഞ്ഞിരുന്ന ശമരിയരുടെ പ്രതിനിധി എന്നോണം ശമ്രായ സ്ത്രീ പറയുന്നതും ഇതാണ്: 'മിശിഹാ-ക്രിസ്തു വരുമ്പോൾ എല്ലാ കാര്യങ്ങളിലും അവർക്ക് അറിവ് പകരുമെന്ന് (യോഹ. 4: 25). യഹൂദരുടെ മെസയാനിക പ്രതീക്ഷയാണ് അവളിൽ നാം ദർശിക്കുന്നത്. ഇതേ ചിന്തയാണ് ചിതറിക്കപ്പെട്ട യഹൂദരെ ഭരിച്ചിരുന്നതും അവർ ഓരോ വർഷവും യരുശലേമിൽ വന്നിരുന്നത് മിശിഹായെ അന്വേഷിച്ചു കൊണ്ടായിരുന്നു. മിശിഹാ ജനിച്ചുവോ? എങ്കിൽ എന്തായിരിക്കും അദ്ദേഹം ചെയ്യുന്നത്? എങ്ങിനെയായിരിക്കും തങ്ങളെ മിശിഹായുടെ ദൗത്യത്തിൽ ഉൾപ്പെടുത്തുക? മിശിഹായൊടൊന്നിച്ച് ദൈവം നല്കുന്ന ദൗത്യത്തിൽ ഒത്തു പ്രവർത്തിക്കാൻ അവർ ആഗ്രഹിച്ചു.

മിശിഹായുടെ മരണവും സ്വർഗ്ഗാരോഹണവും കഴിഞ്ഞ് ശ്ലീഹന്മാർ യരുശലേമിൽ ഒന്നിച്ചു കൂടിയപ്പോൾ പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് ആവസിക്കുന്നത് എല്ലാവരും കണ്ടു. വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ ദൈവജീവന്റെ പ്രകാശനം കണ്ടു സന്തോഷിച്ചു. ചിതറിക്കപ്പെട്ട യഹൂദർ അന്ന് ദൗത്യബോധമുള്ളവരായി. സ്റ്റീഫനും പോളും ബർണ

www.malankaralibrary.com

ബാസുമെല്ലാം....... ഈ പുതിയ ഗണത്തിൽപെട്ടവരാണ്. യേശുമിശിഹായുടെ മരണത്തേയും ഉത്ഥാനത്തേയും കുറിച്ച് എല്ലായിടത്തും എല്ലാവരേയും അറിയിക്കാൻ വിളിക്കപ്പെട്ടവരായിരുന്നു അവർ. യേശുവിന്റെ സുവിശേഷം കൊണ്ട് അവർ നിറഞ്ഞു. അവർ പറഞ്ഞ യേശുവിന്റെ സുവിശേഷം ഒരു കാലത്തും, ഒരു ജനത്തിനായി മാത്രം ഒതുക്കി വെയ്ക്കാവുന്നതുമല്ല. യഹൂദർ എന്ന നിലയിൽ സ്വയം ഇല്ലാതായിക്കൊണ്ട് മറ്റുള്ളവർക്ക് കാഴ്ചവസ്തുവായും നൈവേദ്യമായും അർപ്പിക്കപ്പെടുവാൻ അവർ സന്നദ്ധരായി. പൗലോസിനെ നാം അറിയുന്നത് യഹൂദനായിട്ടല്ല. ക്രിസ്ത്യാനിയായിട്ടാണ്. അല്ല! മറ്റൊരു ക്രിസ്തുവായിട്ടാണ്. അയക്കപ്പെട്ടവർ ഓരോ സ്ഥലത്തും ക്രിസ്തുവിനു സാക്ഷികളായി മാറി. അവർ ഓരോ ജനത്തിനും പുതിയ ജീവൻ വാഗ്ദാനം ചെയ്തു. അതേ പുതുജീവൻ പങ്കിട്ടും കൊടുത്തു. ജീവിച്ചു പരിചയിച്ച പഴയ ജീവൻ പിന്തള്ളി. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പുതിയ സന്ദേശം ശ്ലീഹന്മാർ എല്ലാവരേയും അറിയിച്ചു. ഓരോ ശ്ലീഹന്മാരുടേയും കൂടെ എത്രയെത്ര സഹകാരികൾ ഉണ്ടായിരുന്നു. അവർ ചെല്ലുന്നിടത്തെല്ലാം ഡയാസ്പോറായിലെ യഹൂദന്മാർ അവരെ സ്വാഗതം ചെയ്തു. പുരുഷന്മാരും സ്ത്രീകളുമെല്ലാം സത്യത്തിലും നീതിയിലും ധർമ്മത്തിലും അടിയുറച്ച് പുതിയ സമൂഹത്തിന്റെ കെട്ടുപണിക്ക് കൂട്ടുവേലക്കാരായിതീർന്നു. എന്തെല്ലാം അസന്മാർഗീകതകളുടെ ഇടയിൽ എത്രയെത്ര ക്ലേശം സഹിച്ചാണ് ക്രിസ്തുവിന്റെ പുതിയ ജീവൻ പങ്കിട്ടുകൊടുക്കാൻ ശ്ലീഹന്മാരും കൂട്ടുകാരും ആത്മാർപ്പണം ചെയ്തത്.

ക്രിസ്തു തന്റെ അയയ്ക്കപ്പെട്ടവരിലൂടെ അറിയിക്കുന്നത് ഒരു കാര്യം മാത്രമാണ്; ദൈവം അവരെ സ്നേഹിക്കുന്നുവെന്ന്. ഒരു നല്ല പിതാവ് മക്കളെ നല്ല ജീവിതത്തിലേക്ക് നയിക്കുവാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് എല്ലാ ജനങ്ങളെപ്പറ്റിയും ഈ ആഗ്രഹം എത്രയോ തീവ്രവും തീക്ഷണവുമാണ്. ശ്ലീഹന്മാരും കൂട്ടുകാരും ഈ ആഗ്രഹത്താൽ എരിഞ്ഞു പൊന്തി. സ്വയം ഇല്ലാതായിക്കൊണ്ട് എല്ലാവരേയും നല്ലവരാക്കാൻ ശ്രമിച്ചു. എവിടെയൊക്കെ പ്രവർത്തിച്ചുവോ അവിടെയൊക്കെയും അവർ പുതുതാക്കുകയും ചെയ്തു. റോമിലും കൊരിന്തിലും മാറ്റം വരുത്തുന്നതിലും പുതുമ അണിയിക്കുന്നതിലും ആദിമ ക്രൈസ്തവർ എത്രമാത്രം വിജയിച്ചു എന്ന് ചരിത്രം തെളിയിക്കുന്നു. എവിടെയൊക്കെ പ്രവർത്തിച്ചുവോ അവിടെയൊക്കെ അവർ അലിഞ്ഞു



ചേർന്നു. എല്ലാവർക്കുമായി എല്ലാമായിത്തീർന്ന പൗലോസിനെപ്പോലെ. ഫലമോ, അവർ ഉൾപ്പെട്ട ഓരോ സമൂഹത്തെയും പുതുതാക്കുന്നതിൽ അവർ വിജയിച്ചു. വേറിട്ടു നിന്നു ഉപദേശം കൊടുക്കുകയായിരുന്നില്ല. ഉൾപ്പെട്ട് ഒന്നിച്ചു ചേർന്ന് നവീകരിക്കുകയായിരുന്നു. സുവിശേഷം സന്ദേശമോ, ഉപദേശമോ മാത്രമല്ല. അത് ഉൾപ്രേരണയാണ്. ഒന്നിച്ച് ജീവിച്ച് ഉൾപ്രേരണ പങ്കിട്ടു കൊടുത്ത് എല്ലാത്തിനെയും ഉള്ളിൽ നിന്ന് ഉയർത്തിയെടുക്കുകയാണ് സുവിശേഷത്തിന്റെ ദൗത്യം. ഇന്നും തങ്ങളുടെ ആദ്യ മിഷനറിമാരെപ്പറ്റി ഓരോ ജനതയും പറയും. കേരളത്തിന് മാർതോമാശ്ലീഹയും, റോമയ്ക്ക് പത്രോസ്, പൗലോസ് ശ്ലീഹന്മാരുമെല്ലാം. അവരുടെ പ്രവർത്തനത്താൽ ഓരോ സംസ്കാരവും നാശത്തിൽ നിന്നും രക്ഷിക്കപ്പെട്ടു. ഓരോ ജനതയും സമുദ്ധരിക്കപ്പട്ടു. ഇങ്ങനെ രക്ഷയുടെ ഉത്ഥാനത്തിൽ പങ്കുചേർന്ന സമൂഹങ്ങൾ ഇന്നും നിലനില്ക്കുന്നു. ക്രിസ്തുവിന് മുൻപ് നശിച്ചു നാമാവശേഷമായ സംസ്കാരങ്ങളുടെ സ്ഥാനത്ത് ഇന്ന് ജീവിക്കുന്ന സംസ്കാരങ്ങളെ നാം ദർശിക്കുന്നു. എങ്കിലും ഓരോ ജനത്തിനും സംസ്കാരത്തിനും ഇന്നും സുവിശേഷം ആവശ്യമായിരിക്കുന്നു.

വളർന്നു വരുന്ന ഓരോ സംസ്കാരവും വളർച്ചയുടെ എന്നപോലെ തളർച്ചയുടെയും അടയാളങ്ങൾ കാണിക്കുന്നുവെന്നതാണ് എന്നുമുള്ള സവിശേഷത. ഇന്നത്തെ സംസ്കാരങ്ങളും അങ്ങനെ തന്നെ. ഒരു വശത്ത് അത്യത്ഭുതകരമായി അവ വളരുന്നു. എന്നാൽ അവയെ തകർത്തു തരിപ്പണമാക്കുന്ന ഭീകരശക്തിയും കൂടെ വളരുന്നു. ഫലമോ ലോകം മുഴുവൻ ഉടനെ നശിച്ച് വെണ്ണീറാകുമോ എന്ന് എല്ലാവരും ഭയപ്പെടുന്നു. ഈ ഭയങ്കരമായ അടയാളങ്ങളുടെ നടുവിലും നവ്യജീവന്റെ പ്രകാശ കിരണങ്ങൾ കണ്ടെത്തുവാൻ സാധിക്കുമോ? ഇതാണ് ക്രിസ്തുസാക്ഷികൾ ചോദിക്കുന്ന ചോദ്യം. ദുഷ്ടതയും തിന്മയും ഇരച്ചിരമ്പുന്ന ഭീകരപരിതോവസ്ഥയിലാണ് ക്രിസ്തു മരണവും ഉത്ഥാനവും വഴി ഉദയ സൂര്യനായി ഉയർന്നു വന്നത്. ജീവന്റേയും പ്രകാശത്തിന്റേയും കേന്ദ്രമായി ഇന്നും പരിലസിക്കുന്ന നീതിസൂര്യനായ ക്രിസ്തുവിനെ ഇന്നത്തെ ലോകത്തിന് കാട്ടിക്കൊടുക്കുകയാണ് ഓരോ വിശ്വാസിയുടേയും ഉത്തരവാദിത്വം (മത്താ. 5:16). ഇതാണ് ക്രിസ്തു സുവിശേഷത്തിന്റെ മർമ്മം. അതിലൂടെ ലോകത്തിന് ഏതുകാലത്തും ഐക്യവും ഉയർച്ചയും നേടാനാവുമെന്ന പ്രതീക്ഷയാണ് ഓരോ അയക്കപ്പെട്ടവനും നല്കുന്നത്.

www.malankaralibrary.com

ക്രിസ്തുവിന്റെ പ്രകാശം നേരിൽ അനുഭവിച്ചറിഞ്ഞ വ്യക്തി, തന്റെ വീടും കൂടും വിട്ട് വിദേശരാജ്യത്ത് എത്തിച്ചേരുന്നത്, ക്രിസ്തുവിന്റെ പ്രകാശം ഓരോ മുക്കിലും മൂലയിലും എത്തിച്ചുകൊടുക്കുന്നതിനാണ്. സ്വന്തം ഉപജീവനവും സാമ്പത്തിക സമൃദ്ധിയും നേടുന്നതിന് മാത്രമല്ല. ധനം മാത്രം മോഹിച്ചു ജീവിതത്തെ നേരിടുന്നവർ കൂടുതൽ സ്വാർത്ഥിയാവുന്നു. ഉറ്റവരിൽ നിന്നുപോലും അന്യനാകുന്നു. വേരുകളില്ലാത്ത മനുഷ്യരെപ്പറ്റി നാം ആരംഭത്തിൽ പറഞ്ഞു. ധനമോഹമാണ് ഈ വേരുകൾ അറുത്തു കളയുന്നത്. സ്നേഹമാകട്ടെ ഓരോ വ്യക്തിയുടേയും വേരുകൾ കുടുംബത്തിലും, സമൂഹത്തിലും ഉറപ്പിക്കുന്നു. പരസ്പരം പകയും വൈര്യവും അകൽച്ചയും വെച്ചു പുലർത്തുന്ന ലോകത്തിൽ ഈ സ്നേഹസുവിശേഷത്തിന്റെ പ്രസക്തി എത്ര വലുതാണെന്ന് എടുത്ത് പറയേണ്ടതില്ല. അതിലൂടെ ഒരു സ്നേഹ സംസ്കാരം വളർത്തിയെടുക്കാൻ ലോകത്തിന്റെ ഏതൊരു ഭാഗത്തു വസിച്ചാലും ഒരു വിശ്വാസിക്കു സാധിക്കണം. യഥാർത്ഥ സ്നേഹത്തിന്റെ അർത്ഥവും മൂല്യവും വെളിപ്പെടുത്തുകയാണ് അവന്റെ ഇന്നത്തെ മിഷൻ

*എഫ്ഫാത്താ, 1996.*



## 39

# എംസിവൈയെമ്മെന്ന ദൈവയോഗം

സഭയാണ് യുവജനങ്ങൾ, യുവജനങ്ങളാണ് സഭയും എന്ന താദാത്മ്യബോധം, കേരളാ കത്തോലിക്കാ സഭയിൽ ശക്തമായി വന്നത്, രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷമാണ്. എന്നാൽ മലങ്കരസഭയിൽ ഈ ധാരണ വളരെ നേരത്തേ ആരംഭിച്ചു കഴിഞ്ഞിരുന്നു. കത്തോലിക്കാസഭയ്ക്ക് ശക്തമായ നൈയാമിക ഘടനയുള്ളതുകൊണ്ട്, അതിൽ വ്യക്തികളുടെ ഭാഗഭാഗിത്വം പലപ്പോഴും അത്ര തെളിഞ്ഞു വരാറില്ല. സ്വന്തം രൂപതയുടെ മെത്രാനാരെന്നുപോലും വിശ്വാസികൾ അറിയേണ്ടതില്ലായിരുന്നു. അതുപോലെ ഓരോ ഇടവകയിലും വികാരിയുടെ വ്യക്തിത്വമല്ല, പരിചരിച്ചു വന്ന ഘടനയിലെ പദവിയും സ്ഥാനവുമാണ് വിശ്വാസികൾ അംഗീകരിച്ചു വന്നിരുന്നത്. ആരുമായിക്കൊള്ളട്ടെ, ആവശ്യങ്ങൾ നടക്കുമെന്നതിലപ്പുറം ആരും അധികമൊന്നും ചിന്തിച്ചിരുന്നില്ല. ഇങ്ങനെ മെത്രാന്മാരും വൈദികരും അറിയപ്പെടാതിരുന്ന സ്ഥിതിവിശേഷത്തിൽ അൽമായർ അവഗണിക്കപ്പെടുന്നുവെങ്കിൽ അതിൽ വിസ്മയിക്കുവാനെന്തുണ്ട്. കത്തോലിക്കാ സഭയിലെ ഈ പരിതസ്ഥിതിയിൽ നിന്ന് വളരെ വ്യത്യസ്തമായിരുന്നു മുമ്പു തന്നെ മലങ്കര സഭയിലെ അവസ്ഥ. അതിൽ ആരാണ് സഭയുടെ നേതൃത്വത്തിലുള്ളതെന്ന് എല്ലാവരും അറിഞ്ഞിരുന്നു. പുത്തൻ കൂറ്റുകാരുടെയിടയിലെ വഴക്കും വ്യവഹാരവും നേതൃത്വത്തെ വെളിച്ചത്തു കൊണ്ടുവരുവാൻ വളരെ സഹായിച്ചു. ഓരോ കക്ഷിയുടേയും തലപ്പത്ത് ആരാണെന്ന് കക്ഷിയുടെ പേരിൽ നിന്ന് വ്യക്തമായിരുന്നു. അവരെ തുണച്ചിരുന്ന, താഴത്തെ നേതൃതലങ്ങളിലെ വൈദീകരും വിശ്വാസികളുമെല്ലാം പൊതുവേ അറിയപ്പെട്ടവർ തന്നെ. ഒരു ഇടവകയിൽ തന്നെ ഭിന്ന ചേരികൾ ഉണ്ടാകുമ്പോൾ ഓരോ വിഭാഗങ്ങളിലും ഉൾപ്പെട്ടവർ ആരൊക്കെയാണെന്ന് തിരിച്ചറിയാതിരിക്കാൻ നിർവാഹ

www.malankaralibrary.com

മില്ലല്ലോ. മാത്രമല്ല, പല മുന്നേറ്റത്തിനും മുമ്പിട്ട് നില്ക്കുന്നത് യുവാക്കളായതുകൊണ്ട് അവരുടെ നേതൃത്വം ഇടവകയ്ക്കും സഭയ്ക്കും അംഗീകരിച്ചേ തീരൂ, എന്നായിരുന്നു അവസ്ഥ. അതുകൊണ്ട് സഭയും യുവജനങ്ങളുമെന്ന താദാത്മ്യം മലങ്കരസഭയിൽ ഈ നൂറ്റാണ്ടിന്റെ ആരംഭം മുതലേ ശക്തിപ്പെട്ടിരുന്നു.

വഴക്കിലും വക്കാണത്തിലും ചാടി വീഴുന്നവരെ മാത്രമല്ല സഭയുടെ കെട്ടുപണിയിൽ ഉൾപ്പെടുന്ന യുവാക്കന്മാരെയും യുവതികളെയും വളർത്തിയെടുക്കുക മലങ്കരസഭയ്ക്ക് ആവശ്യമാണെന്ന് ആദ്യമേ മനസ്സിലാക്കിയത് മാർ ഈവാനിയോസ് പിതാവാണ്. അദ്ദേഹം വൈദികനായിരുന്നപ്പോൾ വളരെ ദൂരെ സെറാംപൂരിലും ബാരിസോളിലുമെല്ലാം യുവാക്കന്മാരേയും യുവതികളേയും തെരെഞ്ഞെടുത്തു കൊണ്ട് പോയി പരിശീലിപ്പിച്ചെടുത്തുവെന്നത് എത്ര വലിയ ദൂരക്കാഴ്ചയായിരുന്നു. യുവജനങ്ങളുടെ സഭാ പങ്കാളിത്തത്തിന്, പ്രഥമമായി യുവജനനേതൃത്വത്തെ പരിശീലിപ്പിച്ചെടുക്കണമെന്നായിരുന്നു മാർ ഈവാനിയോസ് പിതാവിന്റെ ദർശനം. മലങ്കരയിലെ അനുദിന കോളിളക്കത്തിൽ നിന്നെല്ലാം അകന്ന് എന്നാൽ അവയെല്ലാം മനസ്സിലിരുത്തി തന്നെ ആധ്യാത്മികവും ബോധനപരവുമായ തലങ്ങളിൽ പരിശീലനം നേടിയ വ്യക്തികൾ സഭയ്ക്ക് എത്രമേൽ പ്രയോജനപ്പെട്ടു എന്ന് പിന്നീട് ചരിത്രം തെളിയിച്ചു. വാസ്തവത്തിൽ ഈ ചെറുപ്പക്കാർ സെറാംപൂരിലും ബാരിസോളിലും സന്യാസ പരിശീലനം നേടുകയായിരുന്നു. ലോകത്തിൽ നിന്നകന്ന് സഭയിൽ പൂർണ്ണമായി ഉൾപ്പെട്ടു ചേരുകയാണല്ലോ സന്യാസത്തിന്റെ ചൈതന്യം കേസിലും വ്യവഹാരത്തിലും പെട്ട് സഭയുടെ പുറമ്പോക്കുകളിൽ ചുറ്റിക്കറങ്ങി നടക്കുന്നവരെയല്ല, പ്രാർത്ഥനയിലും പഠനത്തിലും സഭയുടെ ആത്മാവിനെ തേടിയെത്തുന്ന യുവഗണങ്ങളെ രൂപപ്പെടുത്തുവാനാണ് മാർ ഈവാനിയോസ് വൈദികനായിരുന്നപ്പോഴേ പരിശ്രമിച്ചത്. അതിന്റെ അനന്തരഫലമാണ് മലങ്കരയിലെ ബഥനിപ്രസ്ഥാനവും പുനരൈക്യപ്രസ്ഥാനവുമെല്ലാം. ബഥനിയിൽ മലങ്കരയിലെ മെത്രാൻ കക്ഷി മുഴുവൻ ഉൾപ്പെട്ടു. കലഹത്തിൽ നിന്നും ഭിന്നതയിൽ നിന്നും വിട്ടു ചിന്തിക്കുവാൻ ബഥനിയുടെ സഭയ്ക്കു മുഴുവനും സ്ഥാപിച്ചു. ബഥനിയാകട്ടെ, ഒരു യുവജനപ്രസ്ഥാനമായിരുന്നു.

സഭയിൽ മുഴുവൻ ഒരു മാറ്റത്തിനു വേണ്ടി ഹൃദയത്തിൽ പ്രാർത്ഥിക്കുകയും ബുദ്ധിയിൽ ചിന്തിക്കുകയും മനസ്സിൽ ദൈവത്തിന് സമർപ്പി



ക്കുകയും ശരീരം കൊണ്ടു പരിശ്രമിക്കുകയും ചെയ്യുന്ന, ഒരു സമൂഹമായിരുന്നു ബഥിയുടേത്. അത് പെരുനാട് ആശ്രമഭിത്തിക്കുള്ളിൽ ഒതുങ്ങി നിന്നിരുന്നില്ല. മലങ്കരയിൽ മുഴുവൻ വിരിഞ്ഞു നിന്നിരുന്നു. സെറാംപൂരിൽ പരിശീലനം നേടിയ യുവാക്കന്മാർ സഭയുടെ ഓരോ തലങ്ങളിൽ ഉൾപ്പെട്ടു കഴിഞ്ഞിരുന്നു. ആത്മാവിൽ, എന്നും യുവാവായിരിക്കാനുള്ള ഭാഗ്യം സിദ്ധിച്ച ഉന്നത പുരുഷനായിരുന്നു, മാർ ഈവാനിയോസ്. അദ്ദേഹത്തിന്റെ യുവത്വം ഒരു കുടുംബത്തിൽ ഒതുങ്ങാൻ ദൈവം അനുവദിച്ചില്ല. ബഥനി ആശ്രമത്തിലും ഒതുങ്ങിയില്ല. ആശ്രമം, അദ്ദേഹത്തിന്റെ ഭാഷയിൽ സഭാശരീരം മുഴുവൻ ചോരയും നീരും എത്തിച്ചു കൊടുക്കുന്ന ഹൃദയമായിരുന്നു. അതേ, മാർ ഈവാനിയോസ് പിതാവ് മലങ്കരയിൽ മുഴുവൻ വ്യാപിച്ചു നിന്നിരുന്ന ബഥനി പ്രസ്ഥാനത്തിന്റെ ഹൃദയവും ആത്മാവുമായിരുന്നു. 'ഞാൻ ഭൂമിയിൽ തീയിടുവാൻ വന്നിരിക്കുന്നു' എന്ന യേശുവിന്റെ വചനം, മാർ ഈവാനിയോസിലും പൂർണ്ണമായും പ്രയോഗപ്രധാനമായിരുന്നു; സഭയ്ക്കു മുഴുവനും അഗ്നിശുദ്ധി നേടിയെടുക്കുവാനുള്ള അദ്ദേഹത്തിന്റെ പരിശ്രമത്തിൽ സഹകരിച്ച ബഥനി ആശ്രമസ്ഥർ എത്ര ഭാഗ്യവാന്മാർ. ആ ഭാഗ്യത്തിൽ എത്രയേറെ യുവതികളും യുവാക്കന്മാരും ഭാഗഭാക്കുകളായി. അവരെല്ലാം ചേർന്നു രൂപം കൊടുത്തതാണ് ബഥനിയെന്ന സഭാ പ്രസ്ഥാനം. ലോകത്തിൽ നിന്നും വേർപെട്ട്, ദൈവസമ്പാദനത്തിൽ ഉൾപ്പെട്ട്, മാനവ ശുശ്രൂഷയിൽ ഏർപ്പെട്ട് സ്വന്തം വ്യക്തിത്വം ഉറപ്പിച്ച ഈ പ്രസ്ഥാനം ചരിത്രത്തിന്റെ പഴയ ഏടുകളിലില്ല. ഇന്നും ആയിരക്കണക്കിന് യുവ ഹൃദയങ്ങളിൽ ജീവിക്കുന്നു. സഭൈക്യത്തിലും മനുഷ്യരുടെ മുഴുവൻ യോജിപ്പിനും വേണ്ടി പ്രവർത്തിച്ചു തുടങ്ങിയ ബഥനി ഒരു സഭൈക്യ പ്രസ്ഥാനമായി മാറിയെന്നത് ദൈവപദ്ധതിയിൽ പെട്ടതു തന്നേ, സംശയമില്ല. ആ പദ്ധതികളുടെ ചുരുളുകൾ അഴിയുന്നതിന് മാർ ഈവാനിയോസ് ബഥനിയിലൂടെ ഹേതു ഭൂതനായി.

ചരിത്രത്തിൽ ഒരു കാലത്ത് പിരിഞ്ഞ് പോയവർ തിരികെ വരുന്നതാണ് പുനരൈക്യമെന്ന് പ്രായേണ ധരിച്ചുവെച്ചിരിക്കുന്നവരുണ്ട്. അത് ബാഹ്യഫലം മാത്രം. യേശുക്രിസ്തുവിൽ നിന്നും ലോകത്തിന്റെ ചീത്ത സ്വാധീനത്തിൽപെട്ട് അകന്നുപോയവർ തിരികെ സഭയുടെ ജീവനിൽ ഉൾപ്പെടുന്നതാണ് പുനരൈക്യം. ഓരോ വ്യക്തിയും മാനസാന്തരപ്പെടുന്നു. സഭയിൽ ഉൾപ്പെട്ടു ചേരുന്നു. സഭാശരീരത്തിന്റെ അവയവമായി വർത്തിക്കുന്നു. ആത്മാവിന്റെ നടത്തിപ്പിൽ ഏകയോഗ

www.malankaralibrary.com

മായി ഒന്നിച്ചു സഹകരിക്കുന്നു. ഇതാണ് പുനരൈക്യത്തിന്റെ പ്രക്രിയ. വ്യക്തികളുടെ മാനസാന്തരം സഭാപരമായി പൂർത്തീകരിക്കുന്നതാണ് പുനരൈക്യം. പാപത്തിൽ നിന്നു മാത്രമല്ല, ലോകത്തിന്റെ പിടിയിൽ നിന്നും വിടുതൽ നേടുന്ന മാനസാന്തരം, ക്രിസ്തുവിൽ ഒന്നിക്കുമ്പോഴാണ് പൂർത്തീകരിക്കുന്നത്. ആ ഒന്നിപ്പ് എന്നും ഏതൊരിടത്തും അനിവാര്യമായ ധർമ്മ നിർവ്വഹണമാണ്. ഒന്നിക്കുന്നതാകട്ടെ, ഉൾപ്പെടുന്ന ഇടവകയോട് മാത്രമല്ല, സഭ മുഴുവനോടുമാണ്. സഭയുടെ സാർവ്വത്രികതയിൽ മാത്രമേ സഭ പുനരൈക്യം സാക്ഷാൽക്കരിക്കുന്നുള്ളു. ലോകമെങ്ങുമുള്ള വിശ്വാസികളോട് ഓരോ വ്യക്തിയും കൊച്ചു സമൂഹവും ഏകോപിതമാകുന്ന വിശുദ്ധമായ പ്രക്രിയയാണ് പുനരൈക്യം. ഈ വിശുദ്ധാനുഭവത്തിൽ ഭൗമിക സഭ സ്വർഗ്ഗീയ സഭയോട് ഒത്തുചേരുന്നു. പരമമായി പരിശുദ്ധ ത്രിത്വത്തിന്റെ ദൈവിക നിയോഗത്തിൽ ഉൾച്ചേരുന്ന സഭാനുഭവമാണത്. അനവദ്യമായ ഈ ദൈവാനുഭവത്തെ വെറും ഭൂതകാല സംഭവമായി എണ്ണിയൊതുക്കുകയാണെങ്കിൽ, അതിന്റെ ജീവചൈതന്യം വാർന്നൊഴുകിപ്പോകാൻ അനുവദിക്കുകയായിരിക്കും ഫലം. എക്യുമെനിസത്തിന്റെ മുന്നേറ്റത്തിൽ, സഭൈക്യം ഒരു പ്രധാന ചർച്ചാവിഷയമായിതീർന്നിട്ടുണ്ട്. എന്നാൽ കർത്താവായ യേശു ക്രിസ്തുവിൽ പരിശുദ്ധ ത്രിത്വത്തിന്റെ വിശുദ്ധയോഗത്തിൽ ഒത്തുചേരാനുള്ള ശ്രമം അതുവഴി ഉണ്ടാകുന്നില്ല. ഫലമോ, എക്യുമെനിസം ഒരു ഉപരിപ്ലവമായിപ്പോകുന്നു.

കത്തോലിക്കാ സഭയിൽ ഉൾപ്പെട്ടവരെന്ന നിലയിൽ അതിന്റെ നിയമഘടന അനുസരിച്ച്, യുവാക്കൾക്കും, ഏതെങ്കിലും ഒരു സഭാ സംഘടന വേണമെന്നു പറഞ്ഞു പ്രവർത്തിക്കുന്നവർ, യുവജനങ്ങളെ ഒരു സഭാപ്രസ്ഥാനത്തിലോ ദൈവയോഗത്തിലോ ഉൾച്ചേർക്കുവാൻ ശ്രദ്ധിക്കാതെ പോകുന്നു. കേവലം ഒരു സംഘടനയായി നിന്ന്, ലോകത്തിലെ അനുദിന സംഭവങ്ങളുമായി ഏതോ രീതിയിൽ പ്രതികരിച്ചു പ്രവർത്തിക്കുന്നത് കൊണ്ട് സഭാപ്രവർത്തനമാകുമെന്ന് ചിന്തിക്കുന്നവർ സഭാശരീരത്തിന്റെ പുറമ്പോക്കുകളിൽ ചുറ്റിനടക്കുക മാത്രം ചെയ്യുന്നു. മലങ്കര കത്തോലിക്ക യുവജനപ്രസ്ഥാനം ചരിത്രത്തിന്റെ മൂശയിൽ വാർത്തെടുത്ത ഒരു ദൈവനിയോഗമാണ്. ക്രിസ്തുവിന്റെ ശരീരത്തിൽ ഉൾപ്പെടുന്നതിന്റെ അർത്ഥം, ലോകത്തിൽ നിന്നും വേർപെട്ടു നിന്നു മനനധ്യാനങ്ങളിലൂടെ തിരിച്ചറിഞ്ഞവരാണ്, മലങ്കരയിലെ 'വേർപെടുത്തപ്പെട്ട' ഈ കൂട്ടം. അവർ ഈ ലോകത്തിൽ ജീവിക്കുന്നു. പക്ഷേ



മനസ്സും ഹൃദയവും ആത്മാവും ദൈവത്തിലാണ്. ദൈവസമ്പാദനത്തിൽ ഏർപ്പെട്ട ബഥനിയുടെ തുടർച്ചയാണ് മലങ്കരകത്തോലിക്കായുവജനപ്രസ്ഥാനം. മലങ്കര സഭയുടെ തനിമയും വ്യക്തിത്വവും, പ്രാർത്ഥനയിലൂടെ, ആരാധനയിലൂടെ തിരിച്ചറിഞ്ഞവരാണ് ഇതിലെ യുവതീയുവാക്കൾ. ഒരു ശ്ലൈഹിക സഭയേതെന്ന് അവർക്ക് ബോധ്യമാണ്. ഈ ബോധ്യമാണ് ബഥനി മക്കളെ, ആശ്രമസ്ഥർ മാത്രമല്ല, കത്തോലിക്കാനുഭവത്തിലേക്ക് എത്തിച്ചേർത്തത്. കത്തോലിക്കാ സഭയെ യഥാർത്ഥ പുനരൈക്യത്തിലൂടെ, ആശ്ലേഷിച്ചവരാണവർ. ഓരോ വിശ്വാസിയും സഭയിൽ പൂർണ്ണമായി ഉൾച്ചേരുന്ന ദൈവാനുഭവമാണ് പുനരൈക്യം. ഇന്നും മലങ്കര കത്തോലിക്കാ യുവാക്കൾ ഈ ഉൾച്ചേരലിന്റെ അനുഭവത്തിൽ ജീവിക്കുന്നു. അതിൽ മിശിഹായെ അനുകരിക്കുവാൻ, ഹൃദയവും മനസ്സും, സമർപ്പിക്കുന്ന ദൈവയോഗം, അവർ അനുഭവിച്ചറിയുന്നു. ആഴമായ ഈ ദൈവാനുഭവത്തിലാണ് മലങ്കരകത്തോലിക്കാ യുവത്വം ലോകത്തോട് പ്രതികരിക്കുന്നത്. എല്ലാ യുവാക്കളെയും പോലെ മലങ്കര കത്തോലിക്കരും മാറ്റത്തിനായി നിലകൊള്ളുന്നു. നിത്യയുവാവായ യേശു ക്രിസ്തുവിൽ ഉൾച്ചേർന്നു നിന്ന് ഒരു നവ്യസമൂഹസൃഷ്ടിക്കായി അവർ ദാഹിക്കുന്നു. ഇതാണ് എം.സി.വൈ.യെമ്മിന്റെ സഭാത്മകത. മലങ്കര സഭയുടെ ചരിത്രത്തിന്റെ ഇന്നത്തെ വ്യാഖ്യാതാക്കളാണവർ; സഭയുടെ സാർവ്വത്രികതയുടെ വർത്തമാനഭാവത്തിൽ ജീവിക്കുന്നവരാണ്; ഒരു പുതിയ ലോകത്തിന്റെ സൃഷ്ടിയെ ലക്ഷ്യമാക്കിയുള്ള ദൈവപദ്ധതിയുടെ എളിയ പ്രവർത്തകരാണ്. ക്രിസ്തുവിന്റെ നിത്യയൗവ്വനത്തിൽ പങ്കുചേരുവാൻ ഹൃദയവും മനസ്സും സമർപ്പിച്ച് ദൈവയോഗത്തിൽ ഉൾപ്പെട്ട് കാത്തു നില്ക്കുന്ന യുവസാക്ഷികളാണവർ.

***ബേത്‌ലഹേം, 2000.***

www.malankaralibrary.com

40

# The Malankara Church and Ecclesial Formation

The St.Thomas Christians of Keral underwent several vicissitudes during the subsequent periods of history and consequently their ecclesial formation too went through different phases. Being geographically isolated from the many Christian concentrations of Rome, Alexandria, Antioch and Persia, this church could not participate in the many discussions on Christian mysteries or their settlements in the ecumenical councils. Hence it could not reach an integration inChristian formation. However the various foreign churches, especially the Syrian church of Persia, sent their emissaries to this church who either remained here till death or went back after finishing their errands. Thus things went smoothly until the arrival of the Portuguese in the sixteenth century. While the former missionaries tried to promote the ecclesial genius of the place, the Portuguese sought to strangle it through highhanded moves supported by secular power. The Anglican missionaries too repeated the same methods later, although their mode of approach was different. The Antiochean Jacobite Church also intervened in between, giving this church a very rich liturgy and an ecclesial formation based on that. These various interventions helped the growth of Malankara Church *directly* -when they aimed at promoting ecclesiastical life; *indirectly* - when this church had to rise in self-consciousness against the sinister moves. A look back on these ecclesial developments would help much in making the present efforts at ecclesial formation significant. This paper is a modest attempt along this line.



According to the available historical records the first contact this church seems to have had, after being founded by St. Thomas, was with the Church of Alexandria. Eusebius, the first church-historian, speaks of Pantaenus, a very distinguished scholar from the school of Alexandria, as having come to India and holding discussions with local brahmins on some controversies as regards the Christian faith. Eusebius also says that Pantaenus found here a Christian community acquainted with Holy Scriptures and that he took back from them a Hebrew copy of the Gospel of St. Matthew. St Jerome complements this record by adding that it was Demetrius, the head of the School of Alexandria, who sent Pantaenus to preach Christ mong the brahmins and philosophers of this country. These records may not be fully convincing as regards the details they give. Still some conclusions can be drawn from them. First, there was a church founded by St. Thomas quite well known to churches outside. Secondly, this church depended on Holy Scriptures for her ecclesial life and formation. Thirdly, this church had successful discussions with the non-Christians of this place. The dialogue with non-Christians was a live issue even during the first centuries. It is possible that this church sent messages to the Church of Alexandria, seeking help in this regard. There were trade routes from Kerala to Alexandria going back to very ancient times.

From the fifth century onwards the Syrians of Kerala were in constant contact with the Syrian Church of Persia until the Portuguese effectively closed the sea routes and blocked the coming of bishops from there. The Portugues always harboured desires of eccleisal domination and they opposed the Persian intervention under the pretext of fighting heresy. The Persians were not heretics although they maintained the diphysite interpretation of the mystery of Christ. These Syrians had revised the Nestorian exposition of the same which had been condemned by the second ecumenical council. This they did by a judicious combination of the two mysteries, that of the Trinity and that of Christ. The Syrians always preserved the mystery aspect of Christian faith, which the Portuguese could neither understand nor appreciate. They made

www.malankaralibrary.com

another mistake in looking down upon the ecclesial formation which the faithful here had acquired through the celebration of the divine mysteries. The faithful gathered in the church at appointed times in order to participate in the liturgies presided over either by the bishops and priests jointly or by priests alone. The role of liturgy and the stress laid on the mystery aspect are valid questions in the present context also.

This church was governed by bishops from Persia who, coming down here, remained till death, perfectly assimilating the ecclesial life of the local people. They were helped by priests selected by each parish, who after their ordination went back to the parish of their origin in order to serve the people there for life. The candidates were trained by *Malpans*-learned priests appointed by the Church for the task, after the Gurukula system. Thus their formation was achieved in the same milieu of the faithful, and so perfectly oriented to the future ministry in their midst. The priests, as they were married, lived with their families always commingling with the people around. The separation of the clergy from the laity, a malady prevalent in the western church, was totally absent here. Does not the ecclesial formation given in our seminaries foster such separation even now? This leads us to another pertinent question; whether the church should not primarily intend the general formation of the faithful with an added stress on clerical formation, as it was practised in the Malankara church until the time of the Portuguese intervention. We Catholics seem to think that once the clergy is trained they in turn would attend to general ecclesial formation. That expectation has been belied time and again. So I should think that the priority has to be shifted.

The St. Thomas Christians got separated from the Catholic communion during their attempts at liberating themselves from the clutches of the Portugues in the seventeenth century, and found themselves in communion with the Jacobite Church of Antioch which came forward with a helping hand. Here also we should not make the mistake of attributing heresy as the Portuguese did with the Persians. For the Jacobite confession of the mystery of Christ is a corrected form of Eutychian monophysitism condemned at



the council of Chalcedon. The Jacobite Church views Eutychians as heretics. The Jacobites possessed a much evolved form of liturgy which was introduced in the Malankara church. That stands as an effective medium of general catechesis, especially of the adults. The celebration of the Eucharist and other services on the feasts of our Lord and of the sacraments with a perfect coupling with readings from Holy Scripture, both Old and New Testaments, make an existential continuationof the revealed word of God. This adds another dimention to the ecclesial formation as it becomes part and parcel of the very ecclesial life lived through divine liturgy. Here the stress is on the divine mysteries rather than on intellectual exposition of Christian dogmas as happens with the western church. Is there not in the western ecclesial formation a separation between the mysteries lived through the liturgy and the dogmas taught in theological classes? The oriental stress on mystery is much more meaningful as the mysteries are lived and experienced and consequently the services that represent them elevate the faithful and the priests who preside over the services to a higher spiritual plane.

Parallel with the growing Antiochean influence the Malankara church had to struggle against the efforts of Anglican missionaries imperilling its identity. The Portuguese tried only to violate the liturgical life, not the traditional faith. But the Anglicans attempted to destroy both. However the people have had greater sympathy for the Anglicans than for the Portuguese. This may be due to the fact that the Anglicans did not try to topple the leadership of native bishops. The Anglican missionaries were appointed to teach in the seminary and to preach in the churches. Naturally they tried to impose the Protestant confession of Christian faith. They objected to the veneration of the Mother of God and the saints and to the praying for the dead. Their teaching about the Eucharist and the sacraments differed from the Orthodox position. These Orthodox doctrines are well expressed in the Jacobite liturgy. They are all combined into the one mystery of Christ. The Anglicans should have agreed to this Orthodox expression if they had really understood it. But like the Portuguese they did not realize what

www.malankaralibrary.com

was going on in the Malankara church. Their sinister moves were opposed by the bishops although this brought about further divisions in the church. In spite of the loss of a huge number of faithful, this self-defence made the church grow in maturity.

The Anglican influence had its positive sides. One of them was that all the faithful, clergy and laity, became more acquainted with the Holy Scriptures. The missionaries translated the Bible into Malayalam and also tried to do the same with the liturgical texts. In the latter case they wanted a revision according to the Protestant standpoint. As we saw earlier, the Jacobite bishops objected to it. Still the compulsion for vernacularisation was there on the part of the laity as they were moved by the missionaries. So for some time the priests tried to accommodate by simultaneously looking through the text in Syriac and reading aloud its translation in Malayalam. They were quite proficient in it as the *Malpans* had trained them well for the purpose. The texts were written, printed and published only during the first quarter of this century. For this, Archbishop Mar Ivanios, the pioneer of Catholic reunion of the Malankara church, gave effective leadership while he was still a priest in the Jacobite Church. Liturgy in the language of the people came into vogue in the Malankara church more than a century before the Latin church took steps in that direction.

The Malankara church always had an enlightened laity. The Portuguese missionaries had noted that all the faithful gathered in the church and participated in the canonical hours, the official prayer of the Church. The Anglican missionaries gave secular education to the laity and along with it made them very conversant with the Holy Scriptures. Their preaching,based on the Bible, made the people more enlightened in Christian faith. That in turn demanded that the clergy be more learned so that they could respond to the expectation of the laity. Moreover the clergy had to explain the Orthodox position in Christian teaching in order to keep the laity away from the wrong influences of the Protestant missionaries. For this they depended on the liturgy since its celebration with solemnity, devotion and communication attracted



the people in general. Once they cultivated a love and devotion for as well as participation in the liturgy, it was not easy for alien forces to disturb their faith. Thus the Orthodox clergy were more practical in catering for the experiential needs of the faithful. Their knowledge was not so deep as that of the Catholic clergy but they were able to share what they learnt. While the Catholic clergy could claim greater erudition, they could not put it across to the people. In the Malankara church we come across the peculiar phenomenon of an enlightened laity on one hand and a clergy struggling to meet their challenge on the other.

The Malankara Christians, after being affiliated to the Catholic Church, were caught in a dilemma either to continue the old non-Catholic approach or to toe the line of western ecclesial formation. Mar Ivanios, the first Archbishop of the Malankara Catholic Church, tried a compromise between both. He always stood for the position that it was the bishop who must be primarily responsible for the formation of the clergy, not the seminary authorities. This was the traditional position of the Malankara church. For this the Syrian bishops had to fight against the Portuguese and subsequently the Anglican missionaries. Mar Ivanios was not ready to ordain the candidates to priesthood by the very fact they had successfully completed the seminary course. Many a deacon had to wait at the bishop's house learning more about the liturgy and matters related to this church. The seminarians had to spend most of their vacation with the bishop equipping themselves more in order to serve the community in a better way. The Malankara Catholic priests have had to be more conversant with the Bible and popular preaching in imitation of their non-Catholic counterparts both Orthodox and Protestant. More than that, they have had to explain the Catholic orthodox position to their people as well as to those outside, as the reunited communities live in constant contacts with non-Catholics.

It is this situation that called for a Malankara Catholic ecclesial formation. An attempt is made, then, to see that the seminary formation becomes a faithful expression of the individuality of this church. We are beginning to give formation to our own students.

www.malankaralibrary.com

Such a shift has caused initial uneasiness among many. The priests who received their training elsewhere had the advantage of coming into contact with confreres from other churches or rites from other states, and even from nations other than India. That evidently gave them a broader and comprehensive outlook on the country, whereas the formation given in the Malankara set-up runs the danger of creating a new generation of closed and narrow minded priests. That disadvantage must be compensated by some other means. There should be more exchange of Professors and more occasions where seminarians from different places meet together. Those entrusted with the formation of the clergy have to make conscious and serious efforts in this direction. A blind imitation of the western structure, however, will not meet the contextual needs of this church. Her long history shows how she reacted to the positive and negative influences of foreign missionaries from different places. That endows with a pecularity the ecclesial formation of the Malankara church. This ancient church wants to stand firmly by her traditions and at the same time to be a faithful expression of the Catholic Church. That provides the basis of her ecclesial formation.

***Unitas, Manglore, 1986***



## 41

# കുട്ടികളുടെ വിശ്വാസ പരിശീലനം വിശുദ്ധ കുർബ്ബാനയിലൂടെ

നമ്മുടെ മിക്കവാറും ഇടവകകളിൽ വിശുദ്ധ കുർബ്ബാനയോടു ചേർന്നാണ് വിശ്വാസബോധനം നടത്തുന്നത്. ഒന്നുകിൽ കുർബാനയ്ക്കു മുമ്പേ അല്ലെങ്കിൽ ശേഷം. കൂടുതലും ആരാധനയ്ക്കു ശേഷമാണ് നടത്തുക. അതായത് ആരാധനയുടെ രംഗവേദിക്കുള്ളിലാണ് ബോധനം. ഈ വസ്തുത നമ്മുടെ ബോധനത്തെ വളരെയേറെ സ്വാധീനിക്കേണ്ടതല്ലേ? തീർച്ചയായും. അധ്യാപകരും അധ്യേതാക്കളും, ആരാധനയിൽ നിന്ന് ചൈതന്യം പ്രാപിച്ചു നില്ക്കുമ്പോഴാണ്, അതിന്റെ അർത്ഥം എന്തെന്ന് ആരായുക. ആരാധന മുതിർന്നവരുടെ കർമ്മമായാണ് കൂടുതലും അനുഭവപ്പെടുന്നത്. വൈദികരും ശുശ്രൂഷികളും ഏതോ വളരെ പ്രധാനപ്പെട്ട ഒരു കർമ്മം നിർവഹിക്കുന്നതായി കുട്ടികൾക്ക് തോന്നും. ശുശ്രൂഷികൾ, ബാലകരാണെങ്കിൽ, ശുശ്രൂഷയുടെ ഉള്ളടക്കം മനസ്സിലാക്കിയെന്ന് ഒട്ടും അവകാശപ്പെടുകയില്ല. അവരും തങ്ങളുടെ കൂട്ടുകാരോടൊപ്പം നിർവഹിക്കപ്പെടുന്ന ദൈവരഹസ്യം മനസ്സിലാക്കാൻ ആഗ്രഹിക്കുന്നു. വൈദികന്റെ വചനവ്യാഖ്യാനം സാധാരണയായി മുതിർന്നവരെ ഉദ്ദേശിച്ചുള്ളതാകകൊണ്ട് ബാലികാബാലന്മാരുടെ ആകാംക്ഷ അവിടെയും ഉത്തരം കാണുന്നില്ല. ശുശ്രൂഷികൾ വായിക്കുന്ന ലേഖനഭാഗങ്ങളുടെ അർത്ഥം മനസ്സിലാക്കാതെ പ്രയാസപ്പെടുന്നു. അവർ പാടുന്ന ഗീതങ്ങൾ അർത്ഥസമ്പന്നമാണെന്ന് മനസ്സിലാക്കുന്നുണ്ട്. പക്ഷേ ആരും അവയുടെ പൊരുൾ തിരിച്ചുകൊടുക്കുന്നില്ല. ഇങ്ങനെ എല്ലാംകൊണ്ടും ദുരൂഹമായ മാനസികാവസ്ഥ വെച്ചുകൊണ്ട്, നമ്മുടെ ഇളംതലമുറ വിശുദ്ധകുർബ്ബാന ഉൾക്കൊള്ളുകയും ചെയ്യുന്നു. ദിവ്യകാരുണ്യസ്വീകരണശേഷം എല്ലാം ധ്യതിയിൽ

www.malankaralibrary.com

അവസാനിക്കുകയാണ്. ബാലികാബാലരെയും മുതിർന്നവരൊടൊപ്പം കൈമുത്തി പറഞ്ഞയയ്ക്കുന്നു. 'എല്ലാം തീർന്നു, പിന്നെയെന്ത്' എന്ന് ചിന്തിച്ചു കൊണ്ടിരിക്കുമ്പോഴാണ് സണ്ടേസ്കൂളിന്റെ മണി അടിയ്ക്കുന്നത്. സന്തോഷകരമായി സംബന്ധിച്ചു പൂർത്തിയാക്കിയ വിശുദ്ധ കുർബാനയുടെ ആഘോഷത്തിനുശേഷം, കുട്ടികൾ മതബോധനത്തിനായി നിർബ്ബന്ധിക്കപ്പെടുന്നു. അധികംപേരും അതിന് വഴങ്ങിക്കൊടുക്കും, കുറേപേർ ഓടി രക്ഷപെടുകയും ചെയ്യും. ഇങ്ങനെ അരോചകമായ മാനസികാവസ്ഥയിൽ നടത്തപ്പെടുന്ന മതബോധനം എത്രമാത്രം സ്വീകാര്യമാകും, എന്നത് ഒരു പ്രശ്നമാണ്. അധ്യാപകരും മുതിർന്നവരെന്ന നിലയിൽ വിശുദ്ധ കുർബാന കഴിഞ്ഞാലുടനെ സ്ഥലം വിടാൻ ഉള്ളിലാശിച്ച് നില്ക്കുന്നവരാണെങ്കിൽ വിശ്വാസബോധനം എല്ലാവർക്കും ഒരുപോലെ അരോചകമാകും എന്നതിൽ സംശയമില്ല. അതുകൊണ്ട് സമയക്രമീകരണം കൊണ്ടുമാത്രം വിശുദ്ധകുർബ്ബാനയും വിശ്വാസബോധനവും അടുത്തടുത്തു നടത്തിയാൽ മതിയോ, അർത്ഥത്തിലും അനുഭവത്തിലും അടുപ്പമുള്ളതായി കാണിച്ചു കൊടുക്കേണ്ടതില്ലേയെന്ന ചോദ്യം ഉയർന്നു വരുന്നു. വാസ്തവത്തിൽ വിശ്വാസബോധനം വിശുദ്ധ കുർബാനയുടെ പുനരനുഭവം (ചിലപ്പോൾ ഒരുക്കവും) ആകണമെന്നതിൽ സംശയം വേണ്ട.

## ഒരേ കൂട്ടായ്മയിൽ ഉൾപ്പെടുക

അധ്യാപകരും വിദ്യാർത്ഥികളും ഒരേ സമൂഹത്തിൽ പെടുന്നവരല്ലേ? അതേ, പക്ഷേ അത് ബോധന സമയത്ത് മാത്രം അനുഭവപ്പെട്ടാൽ പോരാ, വിശുദ്ധ കുർബാനയിലും തീർച്ചയായും വേണം. മലങ്കരസഭയുടെ ക്രമീകരണത്തിൽ വിശുദ്ധ കുർബാന പ്രഭാതപ്രാർത്ഥനയിൽ ആരംഭിക്കുന്നു. വിശുദ്ധ കുർബാനയുടെ പ്രതീക്ഷാനുഭവമാണ് പ്രഭാതപ്രാർത്ഥന. മിശിഹായുടെ വരവും കാത്ത് എത്രനാൾ ഇസ്രയേൽ ജനം യഹോവയെ സ്തുതിച്ചും കീർത്തിച്ചും നോക്കിപ്പാർത്തിരുന്നു. പരിശുദ്ധമാതാവ് ദിവ്യശിശുവിന്റെ ജനനത്തിന് പത്തുമാസം കാത്തിരുന്നല്ലോ. മാതാവിനൊടൊപ്പം ശ്ലീഹന്മാരും മറ്റു ക്രിസ്തുശിഷ്യരും പരിശുദ്ധാത്മാവിന്റെ വരവിനായി കാത്തിരുന്നതായും തിരുവചനത്തിൽ കാണുന്നു. പ്രാർത്ഥനയും മസുമൂറാകളും നമ്മുടെ കാത്തിരിപ്പിന് ശക്തി കൂട്ടുന്നു. പ്രഭാതപ്രാർത്ഥനയുടെ സാരം വെച്ചു നോക്കിയാൽ, യേശുവിന്റെ കർമ്മവേദി (മരണവും ഉത്ഥാനവും) വിശദമാക്കുകയും, അതിൽ ആരൊക്കെ ഭാഗഭാക്കുകളാണെന്ന് വിവരിച്ച്



തരികയുമാണല്ലോ, അതിൽ പ്രധാനമായുള്ളത്. ഈ രംഗവേദി ഒരുക്കുന്നതിൽ വിശ്വാസിസമൂഹം മുഴുവൻ പങ്കുകൊള്ളണം. എന്നാൽ വിദ്യാർത്ഥികൾ പ്രതീക്ഷിക്കുന്നു, തങ്ങളുടെ അധ്യാപകർ വേദിയൊരുക്കാൻ നേതൃത്വം നല്കണമെന്ന്. വളരെ ശുഷ്കമായ അനുഭവമാണ്, പ്രഭാതപ്രാർത്ഥനയിൽ പങ്കുചേരുന്ന കുഞ്ഞുങ്ങൾക്ക് ഉണ്ടാകുന്നത്. വിശുദ്ധ കുർബാനയുടെ ഈ ഒരുക്കം സജീവവും ഊഷ്മളവും ആക്കിക്കൊടുക്കാനുള്ള ഉത്തരവാദിത്വം അധികവും അധ്യാപകരുടേതാണ്. വിശുദ്ധ കുർബാനയിൽ ഉടനീളം അധ്യാപകനേതൃത്വം വിദ്യാർത്ഥികൾ പ്രതീക്ഷിക്കുന്നു. ഗാനാലാപത്തിലുമെല്ലാം വിശുദ്ധ കുർബാനയുടെ പൂർണ്ണാനുഭവം കുർബാനസ്വീകരണമാണെന്ന് അധ്യാപകർ പറഞ്ഞുകൊടുക്കുന്നുണ്ടല്ലോ. എങ്കിൽ അവരും വിശുദ്ധ കുർബാന സ്വീകരിച്ചേ തീരൂ. (നേരത്തേ വിശുദ്ധ കുമ്പസാരത്തിനും അണഞ്ഞിരിക്കണമല്ലോ) വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്ന വിശ്വാസി സമൂഹത്തിനുള്ളിൽ കൂടുതൽ അടുത്ത ബന്ധം അനുഭവപ്പെടുന്ന ഹൃദയഗണം (Cor-group)ആയി സണ്ടേസ്കൂൾ സമൂഹം വർത്തിക്കണം എന്നതിൽ രണ്ടു പക്ഷമില്ല. വാസ്തവത്തിൽ, അധ്യാപകരും വിദ്യാർത്ഥികളും ഒന്നിച്ചു ഒരുപോലെ സ്വീകരിച്ച നമ്മുടെ കർത്താവു തന്നെയല്ലേ വിശ്വാസബോധനം നിർവഹിക്കുന്നതും; അതേ സമയം അതിലൂടെ വെളിവാക്കപ്പെടുന്നതും. യേശുവിന്റെ സ്വയം പ്രകാശനത്തിന്റെ രംഗവേദിയാണ് സണ്ടേസ്കൂൾ എങ്കിൽ അതിൽ ഉൾപ്പെടുന്ന അധ്യാപകാധ്യേതാക്കൾ ഒരു കൂട്ടായ്മയായിത്തീരണമെന്നതിൽ എന്താണ് സംശയിക്കാനുള്ളത്. വിശുദ്ധ പൗലോസ് ശ്ലീഹായുടെ ഭാഷയിൽ പറഞ്ഞാൽ, വിശ്വാസികൾ ക്രിസ്തുവിന്റെ ശരീരമാണെന്ന ദൈവരഹസ്യം, വിശ്വാസബോധനത്തിന്റെ ഘടനാക്രമത്തിൽ വേണം, കൂടുതൽ യഥാർത്ഥീഭവിക്കുവാൻ. കാരണം അതിൽ വചനം തുടിക്കുന്നു, ജീവൻ ത്രസിക്കുന്നു, ക്രിസ്തുവിൽ അധ്യാപകരും വിദ്യാർത്ഥികളും ഒന്നിച്ചു വളരുന്നു.

## ചിട്ടയും ക്രമവും

സഭ ക്രിസ്തുവിന്റെ ശരീരമാണെന്ന വിശുദ്ധ പൗലോസിന്റെ വചനം മാതൃകയായി നിറവേറേണ്ടത് വിശുദ്ധ കുർബാനയുടെ അർപ്പണത്തിലാണ്. പുരോഹിതനോടു ചേർന്ന് ഏതെല്ലാം തരത്തിൽ ഭാഗഭാക്കുകളാകുവാൻ വിശ്വാസികൾക്ക് സാധിക്കും. മദ്ബഹാ ശുശ്രൂഷ

www.malankaralibrary.com

കർ, ഗായകസംഘം എന്നിവരെയെല്ലാം തിരഞ്ഞെടുക്കേണ്ടത് സണ്ടേസ്കൂളിൽ നിന്നു വേണം. ഈ തെരഞ്ഞെടുപ്പിലും പരിശീലനത്തിലും അധ്യാപകർ പങ്കുകാരാവണം. വിശുദ്ധ കുർബാനയിൽ ഭക്തിയോടെ പങ്കെടുക്കുന്നവരെ ചൂണ്ടിക്കാണിച്ചുകൊടുക്കുവാൻ അവർക്കു സാധിക്കും. വിശുദ്ധഗ്രന്ഥപാരായണത്തിൽ പ്രാമുഖ്യം ലഭിച്ചവരെ എടുക്കണം. ഓരോ ഞായറാഴ്ചയിലും അവർക്ക് വായനാപരിശീലനം നല്കുവാനും അധ്യാപകർ മുന്നോട്ടു വരണം. (പഴയ നിയമ വായനയെങ്കിലും പെൺകുട്ടികളെ ഏല്പിക്കുന്നത് കൊള്ളാം) മദ്ബഹായിൽ ശുശ്രൂഷിക്കുന്നവരുടെ നടപ്പും നോട്ടവുമെല്ലാം അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. ഒരു അധ്യാപകൻ മദ്ബഹായിൽ നില്ക്കുന്നത് വളരെ സഹായകമായിരിക്കും. വിശുദ്ധ കുർബാന ചൊല്ലുന്ന വൈദികന് എല്ലാം ശ്രദ്ധിക്കുവാൻ സാധിക്കുകയില്ല. മദ്ബഹായുടെ ചുമതലയുള്ള അധ്യാപകൻ ഓരോ സമയത്തും വൈദികനെ കാര്യങ്ങൾ അറിയിച്ചുക്കൊണ്ടിരിക്കണം. ധൂപകലശം, മെഴുകുതിരി, കൈമണി, മറുവഹസാ എന്നിങ്ങനെ വിവിധോപകരണങ്ങൾ ചിതമാംവിധം ഉപയോഗിക്കുന്നതിലാണ് ശുശ്രൂഷാ മനോഹാരിത അടങ്ങിയിരിക്കുന്നത്. വിശ്വാസികളിൽ സ്വർഗ്ഗീയാനുഭവം ഉണർത്തുകയാണല്ലോ ഒന്നിച്ചുള്ള ക്രമീകരണത്തിന്റെ ലക്ഷ്യം.

ശുശ്രൂഷ ഹൃദയാവർജ്ജകമാകുന്നതിന് ഗാനാലാപത്തിന് ഒരു വലിയ പങ്കുണ്ട്. ഗാനം ആലപിക്കുന്നതോടൊപ്പം അർത്ഥം സുവ്യക്തമാക്കണം; അതനുസരിച്ച് ആന്തരികാനുഭവവും തീക്ഷ്ണമാകും. എല്ലാ വിശ്വാസികളും ഒന്നിച്ചു പാടുന്നതിന് നേതൃത്വം കൊടുക്കുകയാണ് ഗായകസംഘം ചെയ്യുന്നത്. ശക്തമായ ഒരു ഗണം ഏകയോഗമായി ഈണവും താളവും ഒത്തു ചേർത്ത് പാടുമ്പോൾ, മറ്റു വിശ്വാസികളും അതോടൊപ്പം ഒഴുകിച്ചേർന്നുകൊള്ളും. ശുശ്രൂഷയുടെ ലയത്തിന് ചേരുന്നവിധം ആയിരിക്കണം ഗാനങ്ങളുടെ തെരെഞ്ഞെടുപ്പ്. ഓരോ ആരാധനാഘട്ടവും അനുസരിച്ച് ഗാനങ്ങൾ മാറിവരുന്ന ക്രമമാണ് നമ്മുടെ ലിറ്റർജി നിർദ്ദേശിച്ചുവരുന്നത്. പക്ഷേ ഘട്ടങ്ങളുടെ സവിശേഷതകൾ പ്രായേണ വിസ്മൃതമായിപ്പോകുന്നുണ്ട്. ഓരോ ഘട്ടവും അനുസരിച്ച് സണ്ടേസ്കൂളിൽ പൊതുഗാനപരിശീലനം നൽകിയിരിക്കണം. കുഞ്ഞുങ്ങളും പാടട്ടെ. കുർബാനശുശ്രൂഷയിലെ സവിശേഷ സമയമാണ് വിശുദ്ധ കുർബാനസ്വീകരണത്തിന്റേത്. നമ്മുടെ ലിറ്റർജിയിൽ ശ്രദ്ധിക്കപ്പെടുന്ന സമയമാണ്, വൈദികൻ വിശ്വീസികളെ



കൈമുത്തി ജീവിതരംഗങ്ങളിലേക്ക് അയയ്ക്കുന്ന സന്ദർഭം. തദനുസൃതമായ ഗാനങ്ങൾ അപ്പോൾ ആലപിക്കണം. ഓരോ വിശ്വാസിയുടേയും പ്രേഷിതദൗത്യം അനുസ്മരിപ്പിക്കുന്ന അവസരമാണത്. ഗാനാലാപത്തിന്റെ മാസ്മരികത നല്ല ഓർമ്മകൾ മനസ്സിൽ സ്വരൂപിക്കാൻ വിശ്വാസികളെ സഹായിക്കുന്നു.

## പെരുന്നാളുകളിലെ പങ്കാളിത്തം

ഇളം തലമുറക്കാരാണ് പെരുനാളുകളിൽ കൂടുതൽ സന്തോഷവാന്മാരാകുന്നത്. ഓശാനയ്ക്ക് കുരുത്തോലയും പൂക്കളും കൊണ്ടു വരുന്നത് കുട്ടികൾ എത്രമാത്രം ഇഷ്ടപ്പെടുന്നു. ഓശാനപോലെ ഓരോ പെരുനാളിനും കുട്ടികൾക്ക് പങ്കാളിത്തം ഉണ്ടാകണം. പിറവിത്തിരുന്നാളിനും ഉയിർപ്പിനും മെഴുകുതിരി കത്തിച്ച് പ്രദക്ഷിണത്തിൽ പങ്കുകൊള്ളുന്നതെല്ലാം അവർക്കു ഏറെ ഇമ്പകരമാണ്. ഇങ്ങനെയോരോന്നും, ഓരോ പെരുനാളിലും നേരത്തേ വൈദികനുമായി ആലോചിച്ചു വിദ്യാർത്ഥികളെ ഒരുക്കി നിർത്താൻ അധ്യാപകർക്ക് സാധിക്കും. ഓരോ ശുശ്രൂഷയിലും ഓരോ സമയത്തും എന്തു ചെയ്യണമെന്ന് കുഞ്ഞുങ്ങൾക്ക് അറിയാത്തതുകൊണ്ടാണ് അവർ വിലക്ഷണമായി വർത്തിക്കുന്നത്. പെരുനാളുകളിൽ ആഘോഷമായ വിശുദ്ധ കുർബാന അർപ്പിക്കുമ്പോഴാണ് കൂടുതൽ ശ്രദ്ധ ആവശ്യം. സാധാരണ ഞായറാഴ്ച ഇല്ലാത്ത മദ്ബഹായ്ക്ക് ചുറ്റുമുള്ള പ്രദക്ഷിണവും പലപ്പോഴും അലങ്കോലപ്പെടാറുണ്ട്. വൈദികന് താദൃശാവസരങ്ങളിൽ പ്രധാനസംഗതികളിൽ ശ്രദ്ധിക്കണമല്ലോ. എന്നാൽ ഒരു ശുശ്രൂഷയിൽ പ്രധാനമല്ലാത്തതായി ഒന്നുമില്ല. ചെറുതും വലുതുമായ കാര്യങ്ങൾ ഒത്തു ചേരുമ്പോഴാണ് ശുശ്രൂഷ, പൊതുവേ ഭംഗിയാകുന്നത്. ഓരോരുത്തർക്കും അവരവരുടെ പങ്കുണ്ട്. അത് നിർവഹിക്കാൻ നല്കുന്ന പരിശീലനവും മതബോധനത്തിന്റെ ഭാഗമാണ്. ദേവാലയത്തിൽ ഒരു ശരീരമായി പെരുമാറി പരിചയിച്ചവർ ജീവിതരംഗത്തും ഒരുമയിൽ വർത്തിച്ച് ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ പ്രാപ്തരാകും.

മാറാനായ പെരുനാളുകളുടെ അർത്ഥം തന്നെ ക്രിസ്തുവിൽ കേന്ദ്രീകൃതമെന്നാണ് (മോറാൻ-നമ്മുടെ കർത്താവ് എന്നർത്ഥം). അതിലേക്ക് ബാലികാ ബാലരെ ഒന്നിച്ചു നയിക്കണം, മോശ കാനാൻ നാട്ടിലേക്ക് ഒന്നിച്ചു നയിച്ചതു പോലെ. മരുഭൂമിയുടെ മന്നായുടെ സ്ഥാനത്ത് ഇവിടെ സ്വർഗ്ഗീയ മന്നയുണ്ട് – വിശുദ്ധ കുർബാന. സ്വർഗ്ഗീയ കനാനി

www.malankaralibrary.com

ലേക്ക് ഒന്നിച്ചു തീർത്ഥാടനം നടത്തുകയാണ്, വിശ്വാസിസമൂഹം മുഴുവനും. മന്നാ ഇസ്രായേൽക്കാർക്ക് യാത്രാഭക്ഷണം ആയിരുന്നതുപോലെ, വിശുദ്ധ കുർബാന സ്വർഗ്ഗത്തിലേക്കുള്ള യാത്രാ ഭോജനമായിരിക്കുന്നു. ഇത് ഒരു വിരുന്നാണ്. എല്ലാവരും ഒന്നിച്ചു ചേരേണ്ട വിരുന്ന്. എന്നാൽ വിശുദ്ധ കുർബാന ഏതോ വ്യക്തിപരമായ ആവശ്യം മാത്രമായാണ് ഇന്ന് പൊതുവെ എല്ലാവരും ചിന്തിക്കുന്നത്. ഒന്നിച്ചു ഭക്ഷിച്ചാലേ ഒന്നിച്ചു ജീവിക്കാനൊക്കൂ. ഇത് ബാല്യത്തിലേ ബോധ്യപ്പെടുത്തിക്കൊടുക്കണം. ഇത് ആര് ചെയ്യും. മോശ ഇസ്രായേൽ ജനത്തെ ഒന്നിച്ചു നിറുത്താൻ സഹായത്തിന് ദൈവനിർദ്ദേശപ്രകാരം എഴുപത് പ്രതിനിധികളെ തെരെഞ്ഞെടുത്തു. അതുപോലെ തെരെഞ്ഞെടുപ്പ് ഉള്ളവരാണ്, സണ്ടേസ്കൂൾ അധ്യാപകർ. പഠിപ്പിക്കാൻ മാത്രമല്ല, ജനത്തെ നയിക്കാനും ഓരോ പെരുനാളിലും കുട്ടികളെ പൊതു ദിവ്യകാരുണ്യസ്വീകരണത്തിന് ഒരുക്കിക്കൊണ്ടുവരേണ്ടത്, മതാധ്യാപകരാണ്. ഓരോ പെരുനാളും എല്ലാവരും ഒരുമിച്ചു വിരുന്നുണ്ണുന്ന വലിയ സംഭവമാകട്ടെ. അതിന് സണ്ടേസ്കൂൾ ഒന്നിച്ചു നീങ്ങട്ടെ. മുതിർന്നവരും കൂടെയുണ്ടായിരിക്കും.

*പ്രസിദ്ധീകരിച്ചിട്ടില്ലാത്ത ലേഖനം*



**ഭാഗം മൂന്ന്**

# പുനരൈക്യദർശനം

പുനരൈക്യം, എക്യൂമെനിസം. ഈ രണ്ടുവിഷയങ്ങളാണ് 27 ഉപന്യാസങ്ങൾ ഉൾക്കൊള്ളുന്ന ഈ വിഭാഗത്തിലെ ചിന്ത. ഇവയേപ്പറ്റി അറിയാതെ നല്ല മലങ്കര കത്തോലിക്കനാകുക സാദ്ധ്യമല്ല. ബഹു. അച്ചൻ ഇക്കാര്യം ഇങ്ങനെ ഓർമ്മപ്പെടുത്തുന്നു; 'പുനരൈക്യ പ്രസ്ഥാനത്തിന്റെ കരുത്തും മൂല്യവും നിറഞ്ഞുനിന്നവരാ യിരുന്നു മാർ ഈവാനിയോസ് തിരുമേനിയും നാല് അനുചരന്മാരും. അതിനാൽ അതവർക്കൊരു പുതിയ ഇസ്രായേൽ പ്രയാണമായിരുന്നു. എന്നാൽ ഇന്നത്തെ മലങ്കരമക്കളുടെ സ്ഥിതിയോ?'

ആശയത്തിന്റെ ആവർത്തനമില്ലാതെ പുനരൈക്യസംബന്ധിയായി എത്രയേറെ എഴുതാനും ലേഖകന്റെ വിരലുകൾ തുടിക്കുകയാണ്. ചിന്താവിഷയങ്ങൾ ശാസ്ത്രീയമായി അപഗ്രഥിക്കുവാനും അവ ലളിതമനോഹരങ്ങളായി ആവിഷ്ക്കരിക്കുവാനുമുള്ള അദ്ദേഹത്തിന്റെ പാടവം വളരെ പ്രകടമായി ഇവിടെ കാണാം. ഇരുപത്തിയേഴു ലേഖനങ്ങൾ കേവലം രണ്ടു വിഷയങ്ങളെ ആസ്പദിച്ച് ആവർത്തന രഹിതമായി ഒരേ ഒരു ചിന്താസരണിയിൽനിന്നും പിറവികൊള്ളുകയെന്നത് ആശ്ചര്യകരം തന്നെയാണ്.

പുനരൈക്യപ്രസ്ഥാനം നമ്മുടെ ലക്ഷ്യമല്ല, മാർഗ്ഗം മാത്രമാണ് എന്നദ്ദേഹം ശക്തമായി വാദിക്കുന്നു. പുനരൈക്യമെന്ന ഉൽകൃഷ്ടാശയത്തിന്റെ പൂർണ്ണമായ സാഫല്യം കാണാൻ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിക്കു സാധിച്ചില്ലെന്നും ആ ദൗത്യം ഏറ്റെടുത്തു നിരന്തരം പ്രവർത്തിക്കാൻ ഓരോ മലങ്കരസന്താനവും വിളിക്കപ്പെട്ടിരിക്കുന്നുവെന്നും വളരെ തീക്ഷ്ണതയോടെ അദ്ദേഹം ഓർമ്മപ്പെടുത്തുന്നു. ഈ പുനരൈക്യദൗത്യം വിജയത്തിലെത്തിക്കുന്നതിനുള്ള പ്രായോഗികമാർഗ്ഗങ്ങളെപ്പറ്റിയും അദ്ദേഹം നമുക്ക് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നു. സമ്പന്നമായ സഭാപൈതൃകങ്ങളും ആരാധനാരീതികളും വിശ്വസ്തതയോടുകൂടി പരിരക്ഷിച്ചുകൊണ്ട് യോജിപ്പിന്റെ മേഖലകൾ കണ്ടെത്തി തനിമയുള്ള ഒരു വ്യക്തിസഭയായി വളർന്നു വികസിക്കുന്നതിന് മലങ്കര കത്തോലിക്കാ സഭയ്ക്കു നൽകുന്ന മാർഗ്ഗദർശനവും നമ്മുടെ സവിശേഷമായ പഠനത്തിന് സഹായകമത്രേ.

www.malankaralibrary.com

അകത്തോലിക്കാസഹോദരങ്ങളുമായുള്ള അനുരഞ്ജനചർച്ചാവേദിയിൽ സഹകാരിയായിരുന്ന ബ.ഡൊമിനിക് സഖറിയാസച്ചന്റെ ഈ ലേഖനങ്ങൾ തീർച്ചയായും മലങ്കരസഭയ്ക്കു പൊതുവെ, അനർഘമായ ഉപഹാരം തന്നെയാണ്.

–എഡിറ്റേഴ്സ്.



# 42

# പുനരൈക്യപ്രസ്ഥാനവും മലങ്കരസഭയും – 1

പുനരൈക്യപ്രസ്ഥാനം മലങ്കരസഭയുടെ ആകമാനമുള്ള ഐക്യത്തിനു പ്രതിബന്ധമാണെന്നാണ് ഇന്നു ചിലരുടെ വാദഗതി. എക്യുമെനിസത്തിന്റെ ആദർശം അതിന് ഉപോൽബലകമായി അവർ ചൂണ്ടിക്കാട്ടുന്നു. എക്യുമെനിസത്തെയും പുനരൈക്യത്തെയും പറ്റിയുള്ള തെറ്റിദ്ധാരണയല്ലേ; അവ തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്നു ചിന്തിക്കുവാൻ കാരണം. ക്രിസ്തുവിന്റെ സഭ അവിഭക്തമായിരുന്ന കാലമുണ്ടായിരുന്നു. ഓരോ ദേശത്തുമുള്ളവർക്ക് ഭിന്നതയുടെ ആരംഭം കുറിക്കുന്ന ഓരോ ചരിത്രസംഭവങ്ങൾ എടുത്തു കാണിക്കുവാനുണ്ട്. മലങ്കരയുള്ളവർ കൂനൻകുരിശുസത്യത്തിൽ ഭിന്നതയുടെ ആരംഭം ദർശിക്കുന്നു. ചരിത്രപരമായ പല സാഹചര്യങ്ങൾ ഉരുണ്ടുകൂടി സഭയുടെ പിളർപ്പിന് കാരണമായ സംഭവമായിരുന്നു അത്. ഉദയംപേരൂർ സൂനഹദോസാകട്ടെ കൂനൻകുരിശ് സത്യത്തിലേക്ക് മലങ്കരസഭയെ നയിച്ച പ്രധാനസംഭവവും. അതുകൊണ്ട് പുനരൈക്യമെന്നു പറയുമ്പോൾ കൂനൻകുരിശിനും ഉദയംപേരൂരിനും മുമ്പ് സഭ എങ്ങനെ അവിഭക്തമായിരുന്നുവോ ആ ഐക്യാവസ്ഥ വീണ്ടും പ്രാപിക്കണമെന്നാണോ അർത്ഥമാക്കുന്നത്. സഭയുടെ അതേ ചരിത്രപരമായ അവസ്ഥയിലേക്കു തിരികെ പോകുവാനൊക്കുകയില്ലെന്നു എല്ലാവർക്കും അറിയുകയും ചെയ്യാം. പുനരൈക്യം ഒരേ സമയം തിരികെപ്പോകലും വളർച്ചയുമാണ്. മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്രസ്ഥാനം ആരംഭിച്ചപ്പോൾ ഈ രണ്ടു ആശയങ്ങളും ഒരുപോലെ മുമ്പിൽ വച്ചിരുന്നുവെന്നതിനു യാതൊരു സംശയവുമില്ല. അദ്ദേഹത്തിനുശേഷം സാർവത്രികസഭയിൽ വളരെ പരിവർത്തനങ്ങളുണ്ടായി. രണ്ടാം വത്തിക്കാൻ സൂനഹദോസ് പരിവർത്തനങ്ങളെ ത്വരിതപ്പെടുത്തി. നമ്മുടെ കേരളസഭയിൽ തന്നെ എന്തെല്ലാം മാറ്റങ്ങൾ വന്നുകഴിഞ്ഞു. ഈ മാറ്റങ്ങൾ പലതും പുനരൈക്യപ്രസ്ഥാനത്തിൽ നാം പരിചയിച്ച പല മനോഭാവങ്ങളും സമ്പ്രദായങ്ങളുമായി പൊരുത്തപ്പെടുന്നില്ലെന്ന് നമുക്ക് തോന്നുന്നു.

www.malankaralibrary.com

സഭകളുടെ പൊതുവായ ഐക്യവും കത്തോലിക്കാസഭയുമായുള്ള പുനരൈക്യവും എങ്ങനെ ഒന്നിച്ചുകൊണ്ടുപോകാൻ സാധിക്കുമെന്നതാണ് നമ്മുടെ മുമ്പിലെ ചോദ്യം. അതേസമയം ഈ രണ്ടു കാര്യങ്ങളും ദൈവപരിപാലനയിൽ സംഭവിക്കുന്നതാണെന്നു നമുക്കറിയുകയും ചെയ്യാം. അപ്പോൾ നമ്മുടെ കർത്തവ്യം വ്യക്തമാണ്. ഏതെങ്കിലുമൊന്നിനെ സ്വീകരിച്ചു മറ്റൊന്നിനെ തിരസ്കരിക്കയല്ല, രണ്ടും ഒന്നിച്ചു പുലർത്തുക. ഈ രണ്ടുകാര്യങ്ങളും അതിന്റെ യഥാർത്ഥ ക്രിസ്തീയ മനോഭാവത്തിൽ സ്വീകരിച്ചു പ്രാവർത്തികമാക്കി മുമ്പോട്ട് പോകുന്നതനുസരിച്ച് നമുക്ക് ബോധ്യമാകും, അവ തമ്മിൽ യാതൊരു പൊരുത്തക്കേടുമില്ലെന്ന്. പ്രവൃത്തിയില്ലാതെ മാറിനില്ക്കുന്നവർക്ക് എല്ലാം എവിടെയും വൈരുദ്ധ്യമായിരിക്കും. ദൈവം നിർദ്ദേശിക്കുന്ന വഴിയിൽ മുമ്പോട്ടു പോകുന്നതനുസരിച്ച് ദൈവപരിപാലനയുടെ രഹസ്യവും കൂടുതൽ വെളിപ്പെട്ടുകൊണ്ടിരിക്കും.

എക്യുമെനിസവും പുനരൈക്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു രണ്ടാംവത്തിക്കാന്റെ എക്യുമെനിസമെന്ന ഡിക്രിയിൽ ഇങ്ങനെ പറയുന്നു. "എക്യുമെനിക്കൽ പ്രവർത്തനം കത്തോലിക്കാസഭയിൽ പുനരൈക്യത്തിൽ ചേരാൻ ആഗ്രഹിക്കുന്ന വ്യക്തികൾ സഭയുമായി രമ്യപ്പെടുന്നതിൽനിന്നും, അതിനായി പരിശ്രമിക്കുന്നതിൽനിന്നും സ്വഭാവത്തിലെ തന്നെ വ്യത്യസ്തമാണ്. എന്നാൽ അവ അന്യോന്യം പൊരുത്തപ്പെടാത്തവയല്ല. കാരണം രണ്ടും ദൈവത്തിന്റെ അത്ഭുതാവഹമായ പരിപാലനയിൽനിന്നാണ് പുറപ്പെടുന്നത്" ഇക്കാര്യത്തിൽ സഭയുടെ പഠനം വ്യക്തമായിരിക്കുന്ന സ്ഥിതിക്ക് ഒന്നൊന്നിന് വിരുദ്ധമായി കാണുന്നത് ശരിയായ ധാരണയുടെ അഭാവംകൊണ്ടാണെന്ന് സ്പഷ്ടമാണ്. ഈ രണ്ടുപ്രവർത്തനവും ഒന്നിച്ചു കൊണ്ടുപോകണമെന്നാണ് സഭയുടെ താൽപര്യവും. മലങ്കരയിലെ പരിതസ്ഥിതിയിൽ ക്രൈസ്തവൈക്യത്തിന്റെയും പുനരൈക്യത്തിന്റെയും പ്രവർത്തനങ്ങൾ ഒന്നിച്ചുകൊണ്ടുപോകുക ഏറ്റം ആവശ്യമാണ്, കാരണം തികഞ്ഞ ക്രൈസ്തവൈക്യചിന്താഗതിയിലാണ് ഇവിടെ പുനരൈക്യപ്രസ്ഥാനം ആരംഭിച്ചതും വളർന്നതും.

വ്യക്തിപരമായ കാരണങ്ങളാൽ സഭയുമായി പുനരൈക്യപ്പെടുന്നവരുണ്ട്. അവ പലരാകാം. കൂടുതൽ ആത്മവിശുദ്ധീകരണം പ്രാപിക്കുകയെന്നതാണ് പ്രധാനം. ലൗകികവും മാനുഷികവുമായ



പ്രേരണകൊണ്ടു കത്തോലിക്കാസഭയിൽ ചേരുന്നവരുമുണ്ട്. എന്നാൽ പുനരൈക്യപ്രസ്ഥാനത്തിന്റെ കാരണം ഇതുപോലെ വ്യക്തിപരമല്ല. കത്തോലിക്കാസഭയിൽ കൂടുതൽ സജീവമായ വിശ്വാസജീവിതം നയിക്കുവാൻ സാധിക്കുന്നുവെന്നുള്ള ബോധ്യം സഭയിൽ ചേർന്നതിനു ശേഷം പലർക്കുമുണ്ടായതാണ്. അതിനു മുമ്പല്ല പുനരൈക്യപ്രസ്ഥാനം മാർ ഈവാനിയോസ് തിരുമേനി ആരംഭമിട്ടത്, മലങ്കരസഭയുടെ പൊതുവും പൂർണ്ണവുമായ ഐക്യത്തിന് നാന്ദിയായിട്ടാണ്. ഓർത്തഡോക്സുസഭയും കത്തോലിക്കാസഭയും തമ്മിൽ ഐക്യപ്പെടുന്നതിന് എങ്ങനെ അദ്ദേഹം ശ്രമിച്ചുവെന്നും ആ ശ്രമം എങ്ങനെ പരാജയപ്പെട്ടുവെന്നുമുള്ളത് ചരിത്രവസ്തുതകളാണ്. കേവലം നാലുപേരോടുകൂടി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു കഴിഞ്ഞതിനുശേഷവും അദ്ദേഹത്തോടു വൈദികരും, വൈദികരോട് അയ്മേനികളും ഓരോ സ്ഥലത്തുചേർന്നത് നേരത്തെയുണ്ടായിരുന്ന സഭാബന്ധങ്ങളുടെ അടിസ്ഥാനത്തിലാ യിരുന്നു. മലങ്കരറീത്തും അതിനെ അടിസ്ഥാനമാക്കിയുള്ള സ്വയം ഭരണവുമെല്ലാം അദ്ദേഹം ആവശ്യപ്പെട്ടതും റോമാസഭ അവ അംഗീകരിച്ചതുമെല്ലാം റോമാസഭയും മലങ്കരസഭയും തമ്മിലു ണ്ടായിരുന്ന ബന്ധങ്ങൾ പുനസ്ഥാപിക്കുക എന്ന ലക്ഷ്യത്തിലാ യിരുന്നു. മലങ്കരസഭയുടെ പൊതുവായ പശ്ചാത്തലത്തിൽനിന്ന് വിടർത്തി പുനരൈക്യപ്രസ്ഥാനത്തെ കേവലം വ്യക്തികളുടെയും ചെറിയ കൂട്ടങ്ങളുടെയും പുനരൈക്യത്തിൽ ഒതുക്കി നിറുത്തുന്നത് ചരിത്രവസ്തുതകളുടെ നിഷേധമാണ്.

പുനരൈക്യപ്രസ്ഥാനം തുടർന്നുകൊണ്ടിരിക്കുന്ന പ്രക്രിയയാണ്. പലരും ധരിച്ചിരിക്കുന്നു രണ്ടു രൂപതകളും മെത്രാന്മാരും ഭരണക്രമവുമുണ്ടായതോടെ എല്ലാം പൂർണ്ണമായി, ഇനിയുമതിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്ന പ്രവർത്തനമേ ശേഷിച്ചിട്ടുള്ളുവെന്ന്. മലങ്കരറീത്തിന്റെ സാരഥികളായിരുന്നവർക്കെല്ലാം പൂർണ്ണ ബോധമുണ്ടായിരുന്നു, പുനരൈക്യപ്രസ്ഥാനം മലങ്കരസഭയുടെ ഐക്യത്തിനുമാർഗ്ഗം മാത്രമാണ്, ലക്ഷ്യമല്ലെന്ന്. വളരെ വേദനയേല്പിച്ചുകൊണ്ട് യാക്കോബായ സഭയിൽനിന്നും പിരിഞ്ഞുവന്ന നമ്മുടെ പിതാക്കന്മാരോട് മരണംവരെ എത്ര സ്നേഹബഹുമാനാദികൾ പൂർവ്വസഭയിലുള്ളവർ പ്രദർശിപ്പിച്ചിരുന്നു. അതുപോലെ നമ്മുടെ പിതാക്കന്മാർ പൂർവ്വസഭയിലുള്ളവരോടും. ആദ്യകാലത്ത് നമുക്ക് നേരിട്ട എതിർപ്പ്, ഉൽക്കടമായ

www.malankaralibrary.com

ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് സംഭവിച്ചത്. അല്ലാതെ അകൽച്ചയുടെയല്ല. ആ എതിർപ്പ് കെട്ടടങ്ങി. ഇന്നു നല്ല വൈകാരിക ബന്ധം പുനരൈക്യപ്പെട്ടവരും പൂർവ്വസഭയിലുള്ളവരും തമ്മിലുണ്ടെന്നതാണ് പരമാർത്ഥം. എന്നാൽ പുനരൈക്യപ്പെട്ടവര ല്ലാതെ പുനരൈക്യപ്രവർത്തനത്തിലേർപ്പെടുന്നവരുണ്ട്. അവർക്ക് ഈ വൈകാരികബന്ധം മനസ്സിലാക്കാനും പുലർത്താനും സാധിക്കുന്നില്ല. ഇന്ന് എക്യുമെനിസത്തിന്റെ പ്രചുരപുരോഗതിയിൽ ഈ വൈകാരികബന്ധങ്ങൾക്കാകട്ടെ കൂടുതൽ ആക്കവും അർത്ഥവും സിദ്ധിച്ചിട്ടുണ്ട്. ഈ ബന്ധങ്ങളെന്തെന്ന് അറിയാത്തവർക്ക് ഇന്നു എക്യുമെനിസവും പുനരൈക്യവും തമ്മിൽ വൈരുദ്ധ്യവും അനുഭവപ്പെടുന്നു. പുനരൈക്യപ്പെട്ടവരുടെയും അല്ലാത്തവരുടെയുമായി രണ്ടുവ്യത്യസ്ത സമീപനങ്ങൾ പുനരൈക്യ പ്രസ്ഥാനത്തിന്റെ അകത്തു കടന്നുകൂടി. പുനരൈക്യപ്പെട്ടവരുടെ സമീപനത്തിനേ ഇവിടെ സ്ഥാനമുള്ളൂ. എക്യുമെനിസത്തിന്റെ പുരോഗതിയിലെ നാഴികക്കല്ലായ പുനരൈക്യപ്രസ്ഥാനം അതിൽ നിന്നുവ്യത്യസ്തവും വിരുദ്ധവുമായ ഏതോ ഒന്നായി പരിഗണിക്കുന്നത് മലങ്കരസഭയുടെ ചരിത്രപരമായ പുനരൈക്യപ്രക്രിയയിൽ പ്രവേശിക്കാൻ വിമുഖത കാണിക്കുന്നവരാണ്.

നമ്മുടെ ചരിത്രപരമായ പശ്ചാത്തലവും ദൗത്യവും മനസ്സിലാക്കിയെങ്കിലേ പുനരൈക്യപ്രസ്ഥാനത്തിന്റെ നിർവാഹകരായി നമുക്കു പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. അതിനു മലങ്കര സഭാചരിത്രത്തിലെ സംഭവവികാസങ്ങളുടെ പിന്നിലെ ആഗ്രഹങ്ങളും അഭിലാഷങ്ങളും ഉൾക്കൊള്ളണം. മലങ്കരസഭയും റോമാസഭയും തമ്മിലുള്ള ബന്ധത്തിലെ നേട്ടങ്ങളും കോട്ടങ്ങളും നാം മനസ്സിലാക്കണം, കോട്ടങ്ങൾ നേരേയാക്കാൻ ശ്രമിക്കണം. പ്രേഷിത പ്രവർത്തനം ചെയ്ത് ഒരു ദേശത്ത് ഒരു സഭ തുടങ്ങുമ്പോൾ അതിന്റെ പിന്നിൽ ചരിത്രപരവും സഭാപരവുമായ പശ്ചാത്തലമില്ല. പുതുതായി ഉദയം കൊള്ളുന്ന സഭയെ വളർത്തിയെടുത്താൽ മതി. എന്നാൽ അതാണോ പുനരൈക്യപ്രസ്ഥാനത്തിന്റെ സ്വഭാവം? 1930 സെപ്റ്റംബർ 20-ാം തീയതി ആദ്യമായി ആരംഭമിട്ടതായി പുനരൈക്യപ്രസ്ഥാനത്തെ നാം വീക്ഷിക്കാൻ പാടില്ല. മാർ ഈവാനിയോസുതിരുമേനിക്കു മുമ്പു പുനരൈക്യത്തിനു പരിശ്രമിച്ച മഹാരഥന്മാരുണ്ട്. അവരുടെ ശ്രമം പരാജയമായിയെന്ന് നാം വിചാരിക്കുന്നു. എന്നാൽ മലങ്കരസഭയോടു റോമാസഭയ്ക്കുള്ള ബന്ധത്തിലുണ്ടായ ചരിത്രപരമായ പുരോഗതിക്കു



അവരെല്ലാവരും കാരണക്കാരാണ്. മാത്രമല്ല മാർ ഈവാനിയോസ് തിരുമേനിയുടെ വിജയവും പൂർണ്ണമല്ല. ഒരു പുതിയ ഘട്ടത്തിന് അദ്ദേഹം തുടക്കമിട്ടു അത്രയുമേയുള്ളൂ. അദ്ദേഹം വളർത്തിയെടുത്ത ചരിത്രപരമായ ദൗത്യം പുനരൈക്യപ്രസ്ഥാനത്തിന്റെ മക്കളുടെ ചുമതലയാണ് പൂർണ്ണത യിലെത്തിക്കുകയെന്നത്.

പുരോഗമിച്ചുകൊണ്ടിരിക്കുന്ന പുനരൈക്യപ്രക്രിയയിൽ പുനരൈക്യപ്രസ്ഥാനത്തിന്റെ സ്ഥാനമെന്താണ്? അതുതികച്ചും പരിവർത്തനവിധേയമായിരിക്കണം. സഭയുടെ സ്വഭാവത്തെപ്പറ്റി പുതിയ ഉൾക്കാഴ്ചകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്, ലോകമെങ്ങും കത്തോലിക്കാസഭയിൽ ക്രിസ്തുവിന്റെ സഭയുടെ പൂർണ്ണത സ്ഥിതിചെയ്യുന്നുവെന്നത് സത്യമാണ്. എന്നാൽ അതിൽ മാനുഷികമായ പോരായ്കളുണ്ട്. അതിന്റെ ദൃശ്യഘടനയ്ക്കു പുറത്തുനിന്ന് അതിനു പലതും സ്വീകരിക്കുവാനുണ്ട്. സഭയെയും സഭാദൗത്യത്തെയും മനസ്സിലാക്കുന്നതിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ദൈവശാസ്ത്രപരമായ വളർച്ച പുനരൈക്യപ്രസ്ഥാനത്തെയും ബാധിക്കും. സഭയിലെ മറ്റു രൂപതകളെയോ ഭരണക്രമത്തെയോ പോലെയല്ല നമ്മുടേത്. മറ്റുള്ള ക്രമീകരണങ്ങളെ അനുകരിച്ച് പുനരൈക്യപ്രസ്ഥാനത്തിൽ പ്രവർത്തിക്കാൻ സാധിക്കുകയില്ലെ ന്നതാണ് യാഥാർത്ഥ്യം. നാം ഓരോ ചുവടു വയ്ക്കുമ്പോഴും പൂർവ്വസഭകളിലെ നമ്മുടെ സഹോദരരിൽ എന്തു പ്രതികരണമുണ്ടാ കുന്നുവെന്ന് ആരായേണ്ടതുണ്ട്. പുനരൈക്യപ്രസ്ഥാനത്തിനു സ്വയംപര്യാപ്തവും അനാശ്രിതവുമായ അസ്തിത്വമില്ല. മലങ്കരസഭയുടെ പൂർണ്ണമായ ഐക്യത്തിനുതകുന്ന ഏതു സംവിധാനവും പ്രവർത്തനവും സ്വീകരിക്കാൻ നമുക്ക് സാധിക്കണം. കത്തോലിക്കാസഭയുടെ വിശ്വസ്തമക്കളായി നിന്നുകൊണ്ടുതന്നെ ഒരു ഭാഗത്ത് കത്തോലിക്കാസഭയോടുള്ള വിശ്വസ്തതയും മറുഭാഗത്ത് കത്തോലിക്കേതര സഭകളോട് നല്ല ബന്ധവും പുലർത്തി നമ്മുടെ ഓരോ പ്രവർത്തനത്തിനും രൂപം കൊടുക്കുകയെന്നതാണ് നമ്മുടെ ചരിത്രപരമായ ദൗത്യം. തകർന്ന ബന്ധങ്ങളുടെയും വളർന്ന അകൽച്ചയുടെയും സ്ഥാനത്ത് ഐക്യത്തിന്റെ നവ്യവ്യവസ്ഥിതി കെട്ടിപ്പടുക്കുകയാണത്. അത് ഏറ്റം ദുഷ്കരമാണ്. വേദനാനിർഭരമാണ്. ആ പ്രക്രിയയുടെ വേദനയും പ്രയാസവും ഏറ്റം അനുഭവിക്കുവാനുള്ള ഈ അവസരം

www.malankaralibrary.com

ലഭിച്ചതിൽ നാം സന്തോഷിക്കണം; നമ്മുടെ ദൈവികദൗത്യത്തിൽ നിന്ന് നാം ഓടിയകലരുത്.

മറ്റു സഭകളിലെ സഹോദരന്മാരുമായുള്ള ബന്ധത്തെ തീർത്തും അവഗണിച്ച് വ്യക്തികളുടെയും ചെറുകൂട്ടങ്ങളുടെയും പുനരൈക്യത്തിനുവേണ്ടി മാത്രം ശ്രമിക്കുന്നത് നമ്മുടെ ദൗത്യത്തിൽനിന്നുള്ള ഓടിയകലലാണ്. ഈ വികലസമീപനത്തിന്റെ ഫലമായി ഏതു രീതിയിലും ആളുകളെ പിടിക്കുകയെന്നതിലേക്കു ചിലർ താഴാറുണ്ട്. അത്തരം മനോഭാവത്തെ വത്തിക്കാൻ സൂനഹദോസ് അപലപിക്കുന്നു. പുനരൈക്യപ്പെടുവാൻ ദൈവികവും ആത്മീയവുമായ ആഗ്രഹമുണ്ടായിരിക്കണം. എന്നാൽ മാനുഷികോദ്ദേശങ്ങൾ മിക്കവാറും ആത്മീയവും ലൗകികവുമായി സമ്മിശ്രപ്പെട്ടുകിടക്കുന്നു. ഒന്നു വേറൊന്നിൽനിന്ന് വേർതിരിച്ചുകാണുക പ്രയാസവുമാണ്. പക്ഷേ അതുകൊണ്ട് കൂടുതൽ സൂക്ഷ്മതയും വിവേകവും പാലിക്കേണ്ടതില്ലെന്ന് വരുന്നുമില്ല. ചരിത്രപരമായ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ മലങ്കരസഭയുടെ ആകമാനമുള്ള പുനരൈക്യമെന്ന ലക്ഷ്യത്തിലാണ് വ്യക്തികൾ പുനരൈക്യപ്പെടുന്നത്. അവ്വിധം ആത്മാർത്ഥതയിൽ ദൈവാനുഗ്രഹം പ്രാപിച്ചു പുനരൈക്യപ്പെടുന്നവർ ആകമാനപുനരൈക്യത്തിന്റെ നിർവാഹകരായിരിക്കുമെന്നതിൽ സംശയമില്ല. പുനരൈക്യപ്പെടുന്നവർ ആരംഭത്തിൽ തങ്ങളുടെ സഹോദരരിൽ ആശങ്കയും അമർഷവും ഉളവാക്കുമെങ്കിലും യഥാർത്ഥപുനരൈക്യത്തിന്റെ ദൂതരായിത്തീരുന്നതനുസരിച്ച് അവരുടെ പുനരൈക്യം നമ്മുടെ സഹോദരരുമായി നല്ല ബന്ധങ്ങൾ സ്ഥാപിക്കാൻ മുഖാന്തിരമായിത്തീരുന്നു.

നമ്മുടെ കത്തോലിക്കാജീവിതത്തിനുതന്നെ പ്രേരണയും പ്രോത്സാഹനവുമാണ് മറ്റ് സഭകളുമായി നാം പുലർത്തുന്ന നല്ല ബന്ധങ്ങൾ. വേദപുസ്തകത്തിനു ബഹുമാനവും വിധേയത്വവും കൊടുക്കുന്ന നല്ല മാതൃക നമുക്കു സ്വീകാര്യമല്ലേ. ആത്മാവിന്റെ അന്തർഭാവങ്ങളെ പ്രകടമാക്കുന്ന നല്ല ഗാനങ്ങൾ, അവയുടെ ഉത്ഭവം എവിടെയുമായിക്കൊള്ളട്ടെ, നമുക്കും ആലപിക്കരുതോ. നല്ല ഒരു ശുശ്രൂഷയിൽ പങ്കുകൊണ്ടു കഴിയുമ്പോൾ നമുക്കും അനുകരണത്തിനു പ്രചോദനമുണ്ടാകുന്നില്ലേ? നമ്മുടെ ചുറ്റും നമ്മോട് ബന്ധപ്പെട്ടു കഴിയുന്ന നമ്മുടെ സഹോദരന്മാരുടെ ക്രൈസ്തവജീവിത ചൈതന്യം നമ്മെ വളരെ ആകർഷിക്കുന്നു. മറ്റു സഭകളിലെ സഹോദരന്മാരു



മായുള്ള സമ്പർക്കം വെറും മാതൃകയുടെ പ്രശ്നമല്ല. അവർക്കുള്ള ക്രൈസ്തവപൈതൃകങ്ങൾ നമ്മുടേതാണ്. നമ്മുടേത് അവരുടേതും. ക്രിസ്ത്യാനികളുടെയിടയിൽ പൊതുപൈതൃകങ്ങളെപ്പറ്റിയുള്ള ബോധവും ശ്രദ്ധേയവുമാണ് ഐക്യത്തിനുള്ള ഏറ്റം വലിയ ക്രിയാത്മകപ്രേരണ. തങ്ങൾ പരിചയിച്ച ശുശ്രൂഷകളുടെപേരിൽ എത്രയോപേർ പുനരൈക്യപ്പെട്ടു. പുനരൈക്യപ്പെട്ടുകഴിയുമ്പോൾ ആ ചിന്ത വേണ്ടെന്നുവയ്ക്കണമോ. പൊതു പൈതൃകങ്ങൾ വിവിധ സഭകളിൽ ചിതറികിടക്കുന്നു, അവ പലപ്പോഴും അപൂർണ്ണങ്ങളും വികലങ്ങളുമാണ്. എല്ലാ പൈതൃകങ്ങളുടെയും ഒന്നിച്ചുകൊണ്ടുവരലിലാണ് ഓരോന്നും പൂർണ്ണമാകുന്നത്. മറ്റുസഭകളുമായി സമ്പർക്കപ്പെടാതിരുന്നപ്പോൾ കത്തോലിക്കാസഭ ഏതെല്ലാം ഏകപക്ഷീയ വളർച്ചകൾക്കും വിധേയയായിരുന്നുവെന്ന് ചരിത്രം വ്യക്തമാക്കുന്നു. ഇന്നത്തെ ലോകത്തിൽ ആർക്കും ആരിൽനിന്നും അകന്നുകഴിയാനൊക്കുകയില്ല. സഭകളുടെ കാര്യത്തിൽ ഈ തത്വം ഏറ്റം പ്രസക്തമാണ്. പല സഭകളിലായി ചിതറിക്കിടക്കുന്നവരെ ഒന്നിച്ചു കൊണ്ടുവരികയെന്ന ലക്ഷ്യമായ മലങ്കരസഭാപുനരൈക്യപ്രസ്ഥാനത്തിന്റെ മക്കൾക്ക് ഈ തത്വത്തിന്റെ നിർവഹണം എത്രയോ ഗൗരവ മായ കർത്തവ്യമാണ്.

www.malankaralibrary.com

# 43

# പുനരൈക്യപ്രസ്ഥാനവും മലങ്കരസഭയും-2

വത്തിക്കാൻ സുനഹദോസിനുശേഷം പുനരൈക്യ പ്രസ്ഥാനമാണ് മലങ്കരസഭയെന്ന ആശയത്തിന് കൂടുതൽ സ്വീകരണം ലഭിച്ചിട്ടുണ്ട്. നാം മലങ്കരറീത്ത് പുലർത്തുന്നവരാണ്. ഓരോ റീത്തും, അതിലെ അംഗങ്ങളുടെ സഭാപരവും സാംസ്കാരികവുമായ ജീവിതം സമൂലം ഉൾക്കോള്ളുന്നുവെന്ന കാരണത്താൽ ഓരോ സഭയായിട്ടാണ് ഇന്നറിയപ്പെടുക. അങ്ങനെ കത്തോലിക്കാസഭ വിവിധസഭകളുടെ കൂട്ടായ്മയാണ് എന്ന് ദൈവശാസ്ത്രചിന്തകന്മാർ ഇന്നു വിശേഷിപ്പിക്കുന്നു. ഈ അടിസ്ഥാനത്തിൽ കത്തോലിക്കാ സഭയുടെ സർവ്വത്രിക കൂട്ടായ്മയിൽ തിരുവനന്തപുരം വൈദിക സംസ്ഥാനം മലങ്കരസഭയെന്ന പേരിൽ അറിയപ്പെടുന്നു. എന്നാൽ ചരിത്രപരമായി മലങ്കരസഭയെന്നത് മാർത്തോമാശ്ലീഹ സ്ഥാപിച്ച അപ്പസ്തോലിക സമൂഹം മുഴുവനുമാണ്. അതിലെ അംഗങ്ങൾ പലയിടത്തായി ചിതറി കിടക്കുന്നു. കത്തോലിക്കർ തന്നെ ലത്തീൻ, മലബാർ, മലങ്കര എന്നീ മൂന്നു റീത്തുകളിലുമുണ്ട്. അകത്തോലിക്കരാണെങ്കിൽ ഓർത്തഡോക്സ്, മാർത്തോമ, മുതലായ വിവിധ സഭകളിലാണ് അങ്ങനെ പൂർവ്വിക മലങ്കരസഭയിലെ അംഗങ്ങൾ പലേടത്തു വേർപ്പെട്ടുകിടക്കുമ്പോൾ അതിലെ ഒരു വിഭാഗം മാത്രം തങ്ങളാണു മലങ്കര സഭയെന്ന് അവകാശപ്പെടുന്നത് ആലോചിക്കേണ്ട ഒരു പ്രശ്നമാണ്.

ഇന്ന് മലങ്കര റീത്ത് ഉൾപ്പെടുന്ന നാം മലങ്കരസഭയാണെന്ന് അവകാശപ്പെടുന്നതിന് ചരിത്രപരമായ പാശ്ചാത്തലമുണ്ട്. പോർത്തുഗീസുകാരുടെ വരവിനും കൂനംകുരിശു സത്യത്തിനുംമുമ്പ് മലങ്കരസഭ രണ്ട് യാഥാർത്ഥ്യങ്ങൾ അന്യൂനം പുലർത്തിയിരുന്നു. സാർവ്വത്രികസഭയുമായുള്ള ബന്ധവും അപ്പോസ്തോലികസഭയെന്ന നിലയിലുള്ള ഭരണസ്വാതന്ത്ര്യവും. പോർത്തുഗീസുകാരുടെ കൈകടത്തലിൽ ഭരണസ്വാതന്ത്ര്യം സാർവ്വത്രിക സഭാബന്ധത്തിനുവേണ്ടി ബലികഴിക്കപ്പെട്ടു. കൂനൻകുരിശുസത്യത്തിന്റെ ഫലമായി സഭാസ്വാതന്ത്ര്യത്തിന്റെ പേരിൽ സാർവ്വത്രികസഭാബന്ധവും വിച്ഛേദിക്കപ്പെട്ടു.ഇങ്ങനെ സാർവ്വത്രിക



സഭാബന്ധത്തിനു പ്രാധാന്യം കൊടുക്കുന്നപഴയകൂറ്റുകാരും അപ്പസ്തോലിക സഭാ സ്വാതന്ത്ര്യത്തിനു മുൻതൂക്കം കൊടുക്കുന്ന പുത്തൻകൂറ്റുകാരുമെന്ന വിഭജനം മലങ്കരയിൽ ഉണ്ടായി. രണ്ടു വിഭാഗങ്ങളും പരിവർത്തനങ്ങൾക്കു വിധേയമായി. പഴയ കൂറ്റുകാർ അപൂർണ്ണവും വികലവുമായ ആരാധനക്രമം പാലിച്ചുകൊണ്ട് നൂറ്റാണ്ടുകൾ പിന്നിട്ടു. പുനരാവിഷ്കൃതമായ ക്രമമാണ് ഇന്ന് അവർക്കുള്ളത് എന്നാലും സഭയുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും ശരിയായി പാലിക്കുന്ന പ്രവർത്തനക്രമമാണ് അവരുടേതെന്ന് അവകാശപ്പെടാൻ ഒക്കുകയില്ല. പുത്തൻകൂറ്റുകാരിൽ ഒരു വിഭാഗം സ്വാതന്ത്ര്യത്തിന്റെ പേരിൽ വിശ്വാസവ്യതിയാനം വരുത്തുവാൻ പോലും തയാറായി. വേറൊരു വിഭാഗമായ ഓർത്തഡോക്സുസഭ ക്രിസ്തീയ സഭയുടെസാർവത്രിക വിശ്വാസം പാലിക്കുന്നുണ്ട്. എന്നാൽ ഇരുകൂട്ടർക്കും സാർവത്രികസഭയുടെ കൂട്ടായ്മയെപ്പറ്റി വേണ്ടത്ര ആവശ്യവും ഗൗരവവും തോന്നുന്നില്ല. ഇങ്ങനെ സാർവ്വത്രികതയും ശ്ലൈഹികതയും ഒന്നിച്ചു പുലർത്തുന്നതിൽ പഴയകൂർ പുത്തൻകൂർ വിഭാഗങ്ങൾക്ക് അതതിന്റെ വൈകല്യങ്ങളുണ്ട്. ഈ സാഹചര്യത്തിന് ഒരു അപവാദമെന്ന നിലയിലാണ് പുനരൈക്യ പ്രസ്ഥാനം ഉയിർകൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യതൃഷ്ണയുള്ള ഒരു കൂട്ടമാണത്. അതേസമയം സാർവത്രിക സഭയോടു ബന്ധം പുലർത്തുന്നതിന് ഉത്സാഹമുള്ളവരും. നമ്മുടെ ഇന്നത്തെ ഭരണക്രമം മലങ്കരസഭയുടെ സ്വതന്ത്രവ്യക്തിത്വം പൂർണ്ണമായി പ്രകടമാക്കുന്നതാണെന്ന് ഇവിടെ അവകാശപ്പെടുന്നില്ല. അതിനുള്ള അടിസ്ഥാനചൈതന്യം നമ്മിലുണ്ടെന്നുമാത്രം. ആ ചൈതന്യമാകട്ടെ ഓർത്തഡോക്സുസഭയും മറ്റുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ വേണം പ്രകടമാക്കുവാൻ.

പുനരൈക്യപ്രസ്ഥാനത്തിന് ഓർത്തഡോക്സുസഭയുടെ പ്രാതിനിധ്യം അവകാശപ്പെടുവാൻ സാധിക്കുന്നുവെന്നതാണ് അതിന്റെ സവിശേഷത. വിശ്വാസത്തിലും ആരാധനയിലുമുള്ള ഐകരൂപ്യം നമ്മുടെ വലിയ ശക്തിയാണെന്ന് ഓർത്തഡോക്സുകാർ തന്നെ സമ്മതിക്കും. മാർപ്പാപ്പായെ സാർവത്രികസഭയുടെ തലവനായി അംഗീകരിക്കുന്നതാണ് നമ്മെപ്പറ്റി അവർക്കുള്ള പരാതി. വിശ്വാസപരായി ഉണ്ടെന്നുപറയുന്ന വ്യത്യാസം വിശദീകരണത്തിൽ മാത്രമുള്ളതാണ്, അടിസ്ഥാനസത്യത്തിലല്ല. മാർപ്പാപ്പായോടുള്ള ബന്ധം ഓർത്തഡോക്സുകാർ എത്ര നൂറ്റാണ്ടുകളായി ആഗ്രഹിച്ചിരുന്നതാണ്, അതിനുവേണ്ടി ശ്രമിച്ചിരുന്നതാണ്. പുനരൈക്യശ്രമങ്ങളുടെ തുടരെയുള്ള ഒരു ശൃംഖല

www.malankaralibrary.com

തന്നെ മലങ്കരസഭാചരിത്രത്തിലുണ്ട്. ഇന്നു പുനരൈക്യത്തിന്റെ ആവശ്യബോധം ഓർത്തഡോക്സുസഭയിൽ വളരെ ദുർബലമാണെന്നതു വാസ്തവം തന്നെ. അതിനു സാമൂഹികവുമായ പല കാരണങ്ങളുണ്ട്. ഇന്ന് അവർ വേണ്ടെന്നു പറയുന്ന അന്ത്യോക്യാബന്ധമാണ് ഒരു പ്രധാന കാരണം. അതിന്റെ പേരിൽ പത്രോസിന്റെ പിൻഗാമിയോടും സാർവത്രികസഭയോടും ബന്ധം പുലർത്തുന്നുവെന്ന ഒരു മിഥ്യാബോധം ഓർത്തഡോക്സുകാരെ ബാധിച്ചിരിക്കുന്നു. അതിൽനിന്നു രക്ഷപെടുവാനല്ലേ ഓർത്തഡോക്സുസഭയിലെ മെത്രാന്മാർ മാർ ഈവാനിയോസുമെത്രാപ്പോലീത്തായെ റോമായുമായി ബന്ധം പുലർത്തുവാൻ ചുമതലപ്പെടുത്തിയത്. ഓർത്തഡോക്സുസഭയുടെ പ്രതിനിധിയെന്ന ഔദ്യോഗികനിലയിൽ അദ്ദേഹം മാർപാപ്പായുമായി എഴുത്തുകുത്തു നടത്തി. അതനുസരിച്ച് അനുകൂലമായ മറുപടി ലഭിച്ചപ്പോൾ ഓർത്തഡോക്സ് സഭയിലെ മാർ തെയോഫിലോസൊഴികെ മറ്റു പിതാക്കന്മാർ റോമാസഭയുമായി യോജിക്കുവാൻ വിസമ്മതിച്ചു. അതുകൊണ്ടു മാർ ഈവാനിയോസുതിരുമേനിക്കുണ്ടായിരുന്ന പ്രാതിനിധ്യം നഷ്ടപ്പെട്ടോ? ഒരിക്കലുമില്ല. ലൗകികമായ ചില സാഹചര്യങ്ങൾ മാറി വന്നതുകൊണ്ട് ദൈവികപ്രാതിനിധ്യം നഷ്ടപ്പെടുന്നതല്ലെന്നല്ലേ, ഇവിടെ കാതോലിക്കായെ ആദ്യമായി വാഴിച്ച അന്തോക്യാപാത്രിയാർക്കീസ് അബ്ദദ് മിശിഹായുടെ കാര്യത്തിൽ ഓർത്തഡോക്സുകാർ പറയുന്നത്. തുർക്കിസുൽത്താൻ ഫർമാൻ പിൻവലിച്ചതുകൊണ്ട് അബ്ദദ് മിശിഹായുടെ സഭാധികാരം നഷ്ടമാകുന്നില്ലെങ്കിൽ കേസ് ജയിച്ചതുകൊണ്ട് മാർ ഈവാനിയോസ് തിരുമേനിക്ക് ഓർത്തഡോക്സു സഭ നൽകിയ പ്രാതിനിധ്യവും നഷ്ടപ്പെടുന്നില്ല. അന്ത്യോഖ്യാ ബന്ധം നൽകിയ കയ്പുള്ള അനുഭവങ്ങളുടെ മുമ്പിൽ ഓർത്തഡോക്സ് സഭ ഈ പ്രാതിനിധ്യം തള്ളിക്കളയുമോ.

മറ്റു മെത്രാന്മാർ റോമാസഭയുമായി ബന്ധപ്പെടുവാൻ വിസമ്മതിച്ചുവെങ്കിലും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ഓർത്തഡോക്സുസഭയുടെ പ്രതിനിധിയായി തന്നെ റോമാസഭ അംഗീകരിച്ചു. ഒരു സഭ മറ്റൊരുസഭയുമായി ബന്ധപ്പെടുമ്പോൾ മാത്രം ആലോചനവിഷയമാകുന്ന മൂന്നു കാര്യങ്ങൾ അദ്ദേഹത്തിനു മാർപ്പാപ്പാ സമ്മതിച്ചു കൊടുത്തു. ഒന്ന്, ഓർത്തഡോക്സുസഭയിൽ നിലവിലിരുന്ന പട്ടത്വത്തിന്റെ ശ്ലൈഹികത, രണ്ട് ഓർത്തഡോക്സുസഭയിൽ നിലവിലിരുന്ന ആരാധനക്രമം തുടരാനുള്ള അവകാശം, മൂന്ന് മലങ്കരസഭ സ്വന്തം



മെത്രാന്മാരാൽ ഭരിക്കപ്പെടുമെന്ന ഉറപ്പ്. ഈ മൂന്നു കാര്യങ്ങളും ഒരു വ്യക്തിക്ക് സഭ അംഗീകരിച്ചുകൊടുക്കുന്നവയല്ല. ഓർത്തഡോക്സു സഭ തന്നെ അതിനുള്ള വിവാദങ്ങളിൽ റോമാസഭ പട്ടത്വം അംഗീകരിച്ചുകൊടുത്തുവെന്ന് എടുത്തുപറഞ്ഞത് ഇവിടെ പ്രത്യേകം സ്മർത്തവ്യമാണ്. അതായത് റോമാസഭ നൽകിയ അംഗീകാരം ഓർത്തഡോക്സുകാർ സ്വീകരിക്കുന്നു. ഇന്നും വത്തിക്കാനുമായി നേരിട്ടുബന്ധം പുലർത്താൻ ഓർത്തഡോക്സുകാർക്ക് സാധിക്കുന്നത് നേരത്തെ ലഭിച്ച ഈ അംഗീകാരത്തിന്റെ അടിസ്ഥാനത്തിലാണ്. സഭകൾ തമ്മിലുള്ള അംഗീകാരമായി; പരസ്പരൈക്യമായില്ല. പരസ്പരൈക്യത്തിന്റെ പാതയിലൂടെ രണ്ടുസഭകളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ പ്രധാനകാരണം ആർച്ചുബിഷപ്പ് മാർ ഈവാനിയോസും പുനരൈക്യപ്രസ്ഥാനവുമാണെന്നതാണ് വാസ്തവം.

റോമാസഭയുമായുള്ള ഐക്യത്തിൽനിന്ന് മറ്റുമെത്രാന്മാരും അവരോടൊന്നിച്ച് സഭയിലെ ബഹുഭൂരിപക്ഷവും അകന്നുനിന്നുവെന്നത് മാർ ഈവാനിയോസ് മലങ്കരസഭയ്ക്ക് അന്യനാകുവാൻ കാരണമല്ല. അദ്ദേഹം പ്രായോഗികമായി ഒറ്റപ്പെട്ടതായി എല്ലാവർക്കും തോന്നി. എന്നാൽ മലങ്കരസഭയുടെ ചൈതന്യം അദ്ദേഹം തന്നിൽ ഉൾക്കൊണ്ടുവെന്നതാണ് വസ്തുത. മലങ്കരസഭയുടെ പാരമ്പര്യവും സാർവത്രികസഭയുമായുള്ള ബന്ധവും ഒന്നിപ്പിക്കുന്ന പ്രതീകമായി അദ്ദേഹം ഉയർന്നുനിന്നു. ദൈവകരങ്ങളിലെ സജീവപ്രതീകം. ആ പ്രതീകം ക്രമമായി അത്ഭുതകരമായി വളർന്നു. അദ്ദേഹവും മറ്റു നാലുപേരും കൂടി ആരംഭിച്ചത് ഇന്ന് വലിയ പ്രസ്ഥാനമായി വളർന്നു. അതാണ് പുനരൈക്യപ്രസ്ഥാനം. ഓർത്തഡോക്സുസഭ മാർ ഈവാനിയോസിനു നൽകിയ സഭാപ്രാതിനിധ്യം പുനരൈക്യപ്രസ്ഥാനം ഇന്നുമുൾക്കൊള്ളുന്നു. ഒരു വ്യക്തിയിലുണ്ടായിരുന്ന ആ പ്രാതിനിധ്യം പ്രസ്ഥാനമായി മാറിയെന്നുമാത്രം. റോമാസഭയും മലങ്കരസഭയും തമ്മിലുള്ള ബന്ധത്തിന്റെ പുരോഗതിയിലെ സവിശേഷഘട്ടമായി അത് ഇന്നു തുടരുന്നു. കൂനൻകുരിശുസത്യത്തിനുമുമ്പ് ആ ബന്ധം അഭംഗം നിലനിന്നിരുന്നുവെന്നതായിരുന്നു മലങ്കരസഭയുടെ ചൈതന്യം. ആ ചൈതന്യം ഇന്നും നിലനിറുത്തുന്നുവെന്ന കാരണത്താൽ മലങ്കരകത്തോലിക്കാസഭയ്ക്കാണു പുനരൈക്യപ്രസ്ഥാനത്തിന്റെ അവകാശം എന്ന വാദം ഒട്ടും അധികമല്ല, മലങ്കരസഭയുടെ യഥാർത്ഥജീവകേന്ദ്രമാണത്.

www.malankaralibrary.com

അവകാശം ഉത്തരവാദിത്വത്തെ ഉണർത്തുന്നു. മലങ്കരസഭയുടെ മക്കൾ പല സഭകളിലായി ചിന്നിച്ചിതറിക്കിടക്കുമ്പോൾ നമുക്കൊരിക്കലും മലങ്കരസഭയുടെ പൂർണ്ണത അവകാശപ്പെടാനൊക്കില്ല. ഉത്തരവാദിത്വത്തിലും ക്രിയാത്മകമായ പ്രവർത്തനത്തിലുമാണ് നമ്മുടെ അവകാശം അർത്ഥവത്താകുന്നത്. രണ്ടുകാര്യത്തിലാണ് നമ്മുടെ ഉത്തരവാദിത്വം. മലങ്കരസഭയുടെ പൈതൃകം പരിരക്ഷിക്കുന്നതിലും സാർവ്വത്രികസഭാബന്ധത്തിന്റെ ചൈതന്യം ഉൾക്കൊള്ളുന്നതിലും. പൈതൃകവും പാരമ്പര്യവും പരിരക്ഷിക്കുക പ്രയാസകരമാണ്. അതിനുവേണ്ടിയുള്ള ശ്രമത്തിലാണ് മലങ്കരസഭയിൽ ഭിന്നതയുണ്ടായതും, ഒരു നല്ല വിഭാഗത്തിന്റെ സാർവത്രികസഭാബന്ധം നഷ്ടപ്പെട്ടതും. സാർവ്വത്രികബന്ധം പുലർത്തിയവരാകട്ടെ മലങ്കരസഭയുടെ വ്യക്തിത്വം പുലർത്തുന്നതിൽ പരാജയപ്പെട്ടു. ലോകമെങ്ങും പടർന്നുകിടക്കുന്ന റോമാസഭയുമായുള്ള ബന്ധം സ്വന്തം വ്യക്തിത്വവും സ്വാതന്ത്ര്യവും പുലർത്തുന്നതിനു പ്രതിബന്ധമാകുമെന്നാണ് ഇന്നു ഈ ബന്ധത്തിനു പുറത്തുനില്ക്കുന്നവരുടെ ഭയം. ആ ഭയം ഇല്ലാതാക്കുന്നതിന്റെ ചുമതല പുനരൈക്യപ്രസ്ഥാനത്തിൽ നിക്ഷിപ്തമായിരിക്കുന്നു. അതുപോലെ പുറത്ത് നില്ക്കുന്നവർക്ക് വ്യക്തമാക്കികൊടുക്കേണ്ടതുണ്ട്, സാർവ്വത്രികസഭാബന്ധത്തിന്റെ ചൈതന്യമെന്തെന്ന്. സ്വതന്ത്രദേശീയസഭകളുടെ ആശയത്തിനു മുൻതൂക്കമുള്ള അപകടകരമായ ഘട്ടത്തിലാണ് ഇന്ന് സഭ കഴിയുന്നത്. സഭയ്ക്ക് ലോകത്തോട് സാർവത്രികമായ ഒരു ദൗത്യമുണ്ടെന്നതിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് സാർവത്രികബന്ധം അർത്ഥവത്താകുന്നത്. സഭകൾ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ, സഭയിൽ പാഷണ്ഡപഠനമുണ്ടാകുമ്പോൾ, സഭയുടെ വിശ്വാസവും ഐക്യവും പരിരക്ഷിക്കുന്ന കേന്ദ്രനേതൃത്വം വേണമെന്ന ആശയമായിരുന്നു ആദ്യനൂറ്റാണ്ടുകളിൽ സഭയുടെ സാർവത്രികതയുടെ പ്രായോഗികാടിസ്ഥാനം. ഇന്നും അത് പ്രസക്തമാണ്, പക്ഷേ ക്രിയാത്മകമായ ദൗത്യത്തിന്റെ ചൈതന്യത്തിൽ പുതിയ ഭാവവും രൂപവും അതിനു ലഭിക്കണം. സഭയുടെ കാര്യക്ഷമമായ ഭരണത്തിനും മിഷൻപ്രവർത്തനത്തിനും കേന്ദ്രീകൃത ഭരണസംവിധാനം വേണമെന്ന നിലയിൽ ഇടക്കാലത്ത് മാർപ്പാപ്പാമാരുടെ അധികാരത്തിനു ലഭിച്ച അർത്ഥവ്യാപ്തി, അന്നു തികച്ചും ശരിയായിരുന്നെങ്കിലും ഇന്ന് അതേരീതിയിൽ പ്രസക്തമാണെന്നു തോന്നുന്നില്ല. സഭയുടെ സാർവത്രികതയ്ക്കു പുതിയ അർത്ഥവും ആഭിമുഖ്യവും ലഭിച്ചുകൊണ്ടിരിക്കുകയാണിന്ന്. അതിനനുസരിച്ച് ഉയരുവാനുള്ള ഉത്തരവാദിത്വം നമ്മിൽ നിക്ഷിപ്തമായിരിക്കുന്നു. മലങ്കരസഭയുടെ വ്യക്തിത്വം അഭംഗം പുലർത്തിക്കൊണ്ടുതന്നെ സാർവ്വത്രികബന്ധം പരിരക്ഷിക്കാമെന്നതിന് പ്രായോഗികമായ തെളിവും അടയാളവും നമ്മിൽ കണ്ടെത്താൻ പുറത്തുനില്ക്കുന്ന സഹോദരന്മാർക്കു സാധിക്കണം.



സഭയുടെ സാർവ്വത്രികകൂട്ടായ്മയ്ക്കുള്ളിൽ മലങ്കരസഭയുടെ സ്ഥാനം കണ്ടെത്തുകയാണ് പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രവർത്തന ലക്ഷ്യം. ചരിത്രപരമായി നിലവിലിരുന്ന പ്രതിബന്ധങ്ങളെല്ലാം ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. കത്തോലിക്കാസഭ സഭകളുടെ കൂട്ടായ്മയാണെന്ന ആശയത്തിന് ഏറ്റം വലിയ സ്വീകരണം ലഭിച്ചുകഴിഞ്ഞിരിക്കുന്നു, പ്രത്യേകിച്ച് രണ്ടാംവത്തിക്കാൻ സൂനഹദോസിനുശേഷം സഭയിലെ വിവിധ റീത്തുകൾ സഭകളായി പരിഗണിക്കപ്പെടുന്നു. അവയുടെ പിന്നിലെ സംസ്കാരവും പാരമ്പര്യവും പുലർത്താനും കാലോചിതമായ അധുനാധുനീകരണം സഭാജീവിതത്തിൽ വരുത്താനും രണ്ടാം വത്തിക്കാൻ സൂനഹദോസ് ആവശ്യപ്പെട്ടിരിക്കുന്നു. ഒരേ സഭയ്ക്കകത്തുതന്നെ, ഉദാഹരണം, ലത്തീൻസഭ, പ്രാദേശികമായ ഭരണസംവിധാനങ്ങളും സാസ്കാരികാ നുരൂപണങ്ങളും ഉണ്ടാകുന്ന തിനെ സഭ പ്രോത്സാഹിപ്പിക്കുന്നു. പൗരസ്ത്യസഭകളെ സംബന്ധ ിച്ചിടത്തോളം ഏറ്റം അനുകൂലമായ കാലാവസ്ഥയാണ് ഇന്നുള്ളത്. വിവിധ ഓർത്തഡോക്സ് സഭകൾക്ക് സ്വയം ഭരണത്തിന്റെ ഉറപ്പ്, സാർവത്രിക കൂട്ടായ്മയോടുള്ള ഐക്യം സ്വീകരിക്കുന്നതനുസരിച്ച് കൊടുക്കുവാൻ കത്തോലിക്കാസഭ ഏറ്റം സന്നദ്ധമാണ്. വിശ്വാസത്തകർച്ചകളും സഭാഭിന്നതകളും ഇല്ലാതാക്കുവാൻ കൈവന്നിരിക്കുന്ന ഈ അവസരം പൗരസ്ത്യസഭകൾ വിനിയോഗിക്കുകയില്ലേ. പോർട്ടുഗീസുകാർ ലത്തീൻ ക്രമത്തോടുള്ള അമിത മമതയിൽ വരുത്തിവച്ച കുറവുകളെ നികത്തുവാൻ ദൈവം മലങ്കരസഭയെ ആഹ്വാനം ചെയ്യുകയാണ്. ആ ആഹ്വാനം ആദ്യമായി ചെവിക്കൊള്ളേണ്ടത് മലങ്കരസഭാ പൈതൃകങ്ങളും സാർവത്രിക കൂട്ടായ്മയും ഒരുപോലെ പരിരക്ഷിക്കു വാൻ ശ്രമിക്കുന്ന പുനരൈക്യ പ്രസ്ഥാനം തന്നെയാണ്.

ഭാവിയിൽ സാർവത്രിക സഭാകൂട്ടായ്മയിൽ മലങ്കരസഭയുടെ സ്ഥാനമെന്തായിരിക്കുമെന്നു ദൂരദർശനം ചെയ്ത് അതനുസരിച്ച് പ്രവർത്തനങ്ങളെ ക്രമീകരിക്കുവാനുള്ള ചുമതലയാണ് പുനരൈക്യ

www.malankaralibrary.com

പ്രസ്ഥാനത്തിനുള്ളത്. ഐക്യത്തെപ്പറ്റി അകത്തോലിക്കാ സഹോദരങ്ങൾക്കുള്ള കാഴ്ചപ്പാട് സ്വാഭാവികമായി അപൂർണ്ണവും വികലവുമായിരിക്കും. രാഷ്ട്രങ്ങളുടെ പരസ്പരബന്ധങ്ങളുടെ മാതൃകയിൽ സഭകളുടെ ഫെഡറേഷനെപ്പറ്റിയും മറ്റും അവർ സംസാരിക്കുന്നതിന്റെ കാരണമതാണ്. സഭയുടെയും സഭാ തലവന്റെയും സാർവത്രിക നേതൃത്വത്തെപ്പറ്റി മെച്ചമായ ധാരണ അവർക്കുണ്ടാകേണ്ടിയിരിക്കുന്നു. കത്തോലിക്കാസഭതന്നെയും നേതൃത്വത്തിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ച് അവയ്ക്കാധാരമായ മാർപ്പാപ്പായുടെ പ്രാമുഖ്യവും (Primacy) അപ്രമാദിത്വവും വിശ്വാസസത്യങ്ങളായി നിലനില്ക്കും. എന്നാലും പുതിയ ആഭിമുഖ്യങ്ങളും സമ്പ്രദായങ്ങളും സ്വീകരിക്കേണ്ടി വരും. തികച്ചും ചലനാത്മകമായ സഭാഭാവങ്ങളെപ്പറ്റിയാണ് നാം ഇവിടെ പരാമർശിക്കുന്നത്. അവയെപ്പറ്റി പുതിയ ഉൾക്കാഴ്ചകൾ ഉണ്ടാകേണ്ടത് പുനരൈക്യപ്രസ്ഥാനംപോലുള്ള സഭാസമൂഹങ്ങളിലാണ്.

സഭയുടെ വിശ്വാസസത്യങ്ങളെ അകത്തോലിക്കാസഭകളുടെ പാരമ്പര്യങ്ങളുമായി കഴിയുന്നതും പൊരുത്തപ്പെടുത്തി അവർക്കു മനസ്സിലാകുന്ന ഭാഷയിൽ അവതരിപ്പിക്കാനുള്ള ചുമതല നമ്മുടേതാണ്. ക്രിസ്തീയ വിശ്വാസത്തെപ്പറ്റി എത്ര ഭിന്നമായ സമീപനമാണ് വിവിധ സഭകൾ സ്വീകരിച്ചിരിക്കുന്നത്. പ്രകൃതത്തിൽ ഇവ പരസ്പര വിരുദ്ധമാണെന്ന് തോന്നും. എന്നാൽ ഓരോന്നിലും ഓരോ വിശ്വാസദർശനമുണ്ട്. പ്രകടമായ വൈകല്യങ്ങളുണ്ടെന്നത് ഇവിടെ നിഷേധിക്കുകയല്ല. കത്തോലിക്കരായ ആളുകൾക്കു സഭയെയും സഭാവിശ്വാസത്തെയും മനസ്സിലാക്കിക്കൊടുക്കുന്നതു പോലെ എളുപ്പമല്ല അകത്തോലിക്കർക്ക് വിശ്വാസം വിശദീകരിച്ചു കൊടുക്കുക. കുറേ വാദവിവാദങ്ങളിൽ ഏർപ്പെടുന്നതുകൊണ്ട് കാര്യമായ പ്രയോജനം വരുന്നില്ല. മറ്റുള്ളവരുടെ വിശ്വാസജീവിതത്തിന്റെ പശ്ചാത്തലത്തിൽനിന്നുകൊണ്ട് കത്തോലിക്കാസഭയെ മനസ്സിലാക്കികൊടുക്കുകയാണ് നമ്മുടെ കർത്തവ്യം. അങ്ങനെയൊന്നിൽ ആത്മാർത്ഥമായി ഏർപ്പെടുമ്പോൾ വിശ്വാസത്തെപ്പറ്റി സഭകൾ തമ്മിൽ നല്ല ധാരണ വളർത്താൻ മാത്രമല്ല സഭയുടെ പുതിയ പ്രാവർത്തിക രൂപത്തെപ്പറ്റി സഭകളെ ഏകാഭിപ്രായത്തിൽ കൊണ്ടുവരുവാനും സാധിക്കും. വിശ്വാസംകൊണ്ടും ഭരണസമ്പ്രദായംകൊണ്ടും വളരെ ദൂരത്തു സ്ഥിതിചെയ്യുന്ന ഏതോ യാഥാർത്ഥ്യമെന്ന ചിന്തയാണ്



കത്തോലിക്കാസഭയെപ്പറ്റി ഇപ്പോഴും അകത്തോലിക്കർക്കുള്ളത്. പുനരൈക്യപ്രസ്ഥാനം അതിന്റെ ഇന്നുവരെയുള്ള പ്രവർത്തനം കൊണ്ടു റോമാസഭയെ വളരെ സമീപത്തുകൊണ്ടുവന്നു കഴിഞ്ഞിരിക്കുന്നു. ഇനിയും ആ പ്രവർത്തനം വളരെ നടക്കേണ്ടതുണ്ട്.

സാർവത്രികസഭയുടെ കൂട്ടായ്മയിൽ സ്വതന്ത്രവ്യക്തിത്വം പാലിച്ചുകൊണ്ട് മാർത്തോമാസഭയുടെ മക്കളെയെല്ലാം ഒന്നിച്ചുകൊണ്ടുവരുന്ന മലങ്കരസഭയുടെ പ്രാഗ്രൂപമാണ് പുനരൈക്യപ്രസ്ഥാനം. അതു സ്ഥാനത്തെക്കാൾ ഉത്തരവാദിത്വമാണ്. മൂന്നു കാര്യങ്ങളിൽ അതു പ്രകടമാകണം. ഒന്ന്, സാർവത്രിക സഭയുടെ കൂട്ടായ്മയിലുൾപ്പെടുന്നതിന്റെ ശക്തിയും ആവശ്യകതയും വ്യക്തമാക്കുക. രണ്ട്, മലങ്കരസഭയുടെ പൈതൃകവും പാരമ്പര്യവും അഭംഗം പാലിച്ച് സാർവത്രിക സഭയുടെ കൂട്ടായ്മയ്ക്കുള്ളിൽ നമ്മുടെ വ്യക്തിത്വം കണ്ടെത്തുക. മൂന്ന്, ക്രിസ്തീയസഭയുടെ സനാതന വിശ്വാസത്തിന് ഇന്നത്തെ ലോകത്തിൽ നമ്മുടെ സഹോദരർക്ക് സ്വീകരിക്കാവുന്ന പുതിയ ദർശനം നല്കുക. ഈ മൂന്നുകർത്തവ്യങ്ങളും ആത്മാർത്ഥമായി നിർവഹിക്കുമ്പോൾ നമുക്കും മറ്റുള്ളവർക്കും ബോധ്യമാകും, മലങ്കരസഭയെന്ന നമ്മുടെ അവകാശം പൊങ്ങച്ചമല്ല, യാഥാർത്ഥ്യമാണെന്ന്. മലങ്കരസഭയുടെ മുഴുവൻ ദൈവികപ്രാതി നിധ്യമാണ് പുനരൈക്യപ്രസ്ഥാനത്തിനുള്ളത്. അതിന്റെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനു മാനുഷിക പരിഗണനകളല്ല ദൈവിക പ്രേരണയാണു നമ്മെ മുമ്പോട്ടു നയിക്കുന്നത്.

***ക്രൈസ്തവകാഹളം, 1973 നവംബർ***

www.malankaralibrary.com

# 44

# പുനരൈക്യപ്രസ്ഥാനത്തിന്റെ സഭാപശ്ചാത്തലം

പുനരൈക്യപ്രസ്ഥാനത്തിന്റെ ചരിത്രപശ്ചാത്തലം 1653-ൽ കൂനൻകുരിശുസത്യത്തിലാണ് ആരംഭിക്കുന്നത്. അന്നുമുതൽ ഭിന്നത തടസ്സമിടുന്നു. മലങ്കരപുത്തൻകൂർ വിഭാഗം വിഭജിക്കപ്പെടുകയാണ്, വീണ്ടും വിഭജിക്കപ്പെടുകയാണ്. അനൈക്യത്തിന്റെ ഈ സംഭവ വികാസങ്ങളോടുള്ള സഭാപരമായ പ്രതികരണമാണ് പുനരൈക്യ പ്രസ്ഥാനം. പുനരൈക്യത്തിനു ആഗ്രഹിച്ചവർ നിരവധിയുണ്ട്. അവരുടെ കാലത്തൊന്നും പുനരൈക്യത്തിന്റെ സഭാപശ്ചാത്തലം പൂർത്തിയായിരുന്നില്ല. പൂർണ്ണവും സഭാത്മകവുമായ പ്രതികരണവും രൂപം ധരിക്കുന്നതിന് ഭിന്നതയും ഏതാണ്ടുപൂർണ്ണതയിൽ എത്തണം, ഭിന്നതയുടെ കാർമേഘങ്ങൾ സഭാന്തരീക്ഷത്തിൽ ഉരുണ്ടുകൂടണം. അനൈക്യത്തിന്റെ തിക്തഫലങ്ങൾ ഒന്നൊന്നായി സഭാംഗങ്ങൾ അനുഭവിച്ചു മതിവരണം. ഈ ദൃശ്യമായ ഒരു സഭാജീവിത പശ്ചാത്തലത്തിൽ നിന്നാണ് 1930 സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസിന്റ നേതൃത്വത്തിൽ പുനരൈക്യപ്രസ്ഥാനം ഉടലെടുക്കുന്നത്.

കത്തോലിക്കാസഭയുടെ ഐക്യത്തിൽനിന്ന് പുറത്തുപോയതോടെ സഭാംഗങ്ങളുടെ വിശ്വാസദാർഢ്യം ശിഥിലമാകുകയാണ്. സഭയ്ക്ക് ശക്തമായ ഏകാധികാരമുള്ളപ്പോൾ സഭയിൽ വിശ്വാസപരമായി ഏകാഭിപ്രായം ഉണ്ടായിരിക്കും. ആ അധികാരം നിഷേധിക്കുന്നതോടെ ആർക്കും എന്തും ആകാം എന്ന നിലയിലാവുകയാണ്. മാത്രമല്ല നിർമ്മല സുവിശേഷത്തിന്റെ മറപിടിച്ചുകൊണ്ട് ആരെങ്കിലും സത്യവിശ്വാസത്തിൽനിന്ന് വ്യതിചലിക്കുമ്പോൾ അതു പൊതുവേ മനസ്സിലാക്കാൻ പ്രയാസമാകുന്നു. അതിനെതിരെ ശബ്ദമുയർത്താൻ സഭാധികാരത്തിന് അത്ര എളുപ്പമല്ലാതാകുന്നു. ഇങ്ങനെ ഒരു അവസ്ഥാവിശേഷമാണ് 18-ാം നൂറ്റാണ്ടിൽ സി.എം.എസ് മിഷനറിമാരുടെ ആഗമനത്തോടുകൂടി മലങ്കരസഭ നേരിട്ടത്. സഭയുടെ പരമ്പരാഗതമായ വിശ്വാസം നിഷേധിച്ചുകൊണ്ട് പലരും സഭ വിട്ടു പോയി. സി.എം.എസിൽ തന്നെ ചേർന്നു. മലങ്കരയിലെ പള്ളികളിൽ പ്രസംഗിക്കാനും സെമിനാരിയിൽ പഠിപ്പിക്കാനും അവകാശം സിദ്ധിച്ച മിഷനറിമാർ സഭയ്ക്കകത്തുതന്നെ വിശ്വാസജീവിതത്തന്റെ പതർച്ച യുണ്ടാക്കി. അതിന്റെ ഫലമായി പൊട്ടിത്തെറിച്ചാണല്ലോ നവീകരണ വിഭാഗമെന്ന പേരിൽ ആരംഭിച്ച് മാർത്തോമ്മാസഭ എന്നപേരിൽ ഒരുവിഭാഗം സഭ വിട്ടുപോയത്.



സഭയിലെ ഈ മിഥ്യാനവീകരണത്തോട് സഭയിലെ സഭാത്മക പ്രതികരണമെന്തായിരുന്നു. യൂറോപ്പിലെ മതനവീകരണത്തോടുള്ള പ്രതികരണമായിരുന്നു ഇഗ്നേഷ്യസ് ലയോള നേതൃത്വം കൊടുത്ത പ്രതിനവീകരണം (Counter reformation). അങ്ങനെ ഒരു മുന്നേറ്റത്തിനായിരുന്നു മാർ ഈവാനിയോസ് പിതാവ് നേതൃത്വം കൊടുത്തത്. സത്യവിശ്വാസത്തിൽ സഭയെ ഉറപ്പിക്കാൻ അദ്ദേഹവും അനുയായികളും വളരെ പരിശ്രമിച്ചു. പ്രാർത്ഥനയിലും ധ്യാനത്തിലും സന്യാസത്തിലും മാത്രമല്ല അദ്ദേഹം ശ്രദ്ധ ചെലുത്തിയത്. ശരിയായ വിശ്വാസം പഠിപ്പിക്കാൻ പല പദ്ധതികൾക്കും അദ്ദേഹം രൂപംകൊടുത്തു. ഇന്നും തുടർന്ന് നടക്കുന്ന മാക്കാംകുന്നു കൺവൻഷൻ മാർ ഈവാനിയോസു യാക്കോബായസഭയിൽ ഈ ഉദ്ദേശത്തിൽ ആരംഭിച്ചതാണ്. കത്തോലിക്കാവിശ്വാസം ദൃഢീകരണത്തിനു ഒരു സംഘടനതന്നെ കൊല്ലങ്ങൾക്കുമുമ്പ് യാക്കോബായസഭയിൽ ആരംഭമിട്ടിരുന്നു. ഇന്നു അത് പ്രവർത്തിക്കുന്നില്ല. ഇങ്ങനെ സത്യവിശ്വാസം കൂടുതൽ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും മാർത്തോമ്മാനവീകരണം അവസരം സൃഷ്ടിച്ചു. അതനുസരിച്ച് പലരും വിശ്വാസത്തെപ്പറ്റി കൂടുതൽ പഠിച്ചു. അപ്പോൾ കാതോലിക്കാസഭ എന്താണെന്നും അതിന്റെ അധികാരം ഇടമുറിയാതെ തുടരുന്നതെവിടെയാണെന്നും പഠിക്കുവാനും അവസരമുണ്ടായി. സത്യവിശ്വാസത്തിന്റെ പൂർണ്ണവും യഥാർത്ഥവുമായ പഠനം സത്യസഭയിലേക്ക് ആത്മാർത്ഥതയുള്ള ഏതൊരുവനേയും ആനയിക്കുമെന്നതിന്റെ വ്യക്തമായ തെളിവാണ് മാർ ഈവാനിയോസിന്റെയും അനുയായികളുടെയും പുനരൈക്യം.

അതുകൊണ്ട് പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭകാരണം കൂനൻകുരിശുസത്യം മൂലമുണ്ടായ വിഭജനം ഇല്ലാതാക്കുന്നതിൽ മാത്രം കാണുന്നതിൽ അർത്ഥമില്ല. വാസ്തവത്തിൽ പോർട്ടുഗീസുകാരുടെ വരവോടുകൂടി സഭയുടെ കേന്ദ്രമായ മാർപ്പാപ്പായുമായി

www.malankaralibrary.com

കൂടുതൽ ദൃഢബന്ധം ഉണ്ടായിയെന്നു മാത്രമല്ല, വിശ്വാസപരമായും സഭാപരമായും കൂടുതൽ പഠിക്കുന്നതിനും മലങ്കരയിലുള്ളവർക്ക് അവസരമുണ്ടായി. സഭാജീവിതത്തിന് ഇന്നു നിലവിലുള്ള കെട്ടുറപ്പിന്റെ തുടക്കം പോർട്ടുഗീസുകാരുടെ സംഭാവനയാണ്. ഇന്നും മലങ്കരഓർത്തഡോക്സും യാക്കോബായ സഭാംഗങ്ങൾ കൂദാശപരമായ ജീവിതത്തിന് പ്രാധാന്യം കൊടുക്കുന്നുവെങ്കിൽ അതിന് ആരംഭം കുറിച്ചത് പോർത്തുഗീസുകാർ ഉദയംപേരൂർ സൂനഹദോസിലാണെന്നത് ആർക്ക് നിഷേധിക്കുവാൻ സാധിക്കും? കൂനൻകുരിശിലെ ഭിന്നതയ്ക്കുശേഷം പുത്തൻകൂർ വിഭാഗത്തിന് സമാന്തരമായി പഴയകൂറ്റുവിഭാഗം തുടർന്നുവന്നതുകൊണ്ട് കൂദാശജീവിതത്തിന്റെ പ്രാധാന്യം കണ്ടു മനസ്സിലാക്കി ആ സ്വാധീനം തുടർന്നുകൊണ്ടു പോകുന്നതിനു മലങ്കരസഭയ്ക്ക് സാധിച്ചു. ഈ അടുത്തകാലത്ത് ഓരോ സ്ഥലത്തും മലങ്കര കത്തോലിക്കാസഭ ഇടവകകൾ സ്ഥാപിച്ച് തീക്ഷ്ണമായ വിശ്വാസജീവിതം പുലർത്തുവാൻ ശ്രമിക്കുന്നുവെന്നത് യാക്കോബായ ഓർത്തഡോക്സുസമൂഹങ്ങൾക്ക് ചൈതന്യവത്തായ മാതൃകയായിരി ക്കുന്നില്ലേ? വിശ്വാസപരവും കൂദാശാപരവുമായ ഈ സഭാജീവിത സാധർമ്മ്യമാണ് കത്തോലിക്കാപുനരൈക്യത്തിന്റെ കാരണമെന്നതിൽ യാതൊരു സംശയവുമില്ല.

വാസ്തവത്തിൽ കൂദാശാപരമായ ഈ ജീവിതത്തെയാണ് മാർത്തോമാനവീകരണക്കാർ എതിർത്തത്. അതനുസരിച്ച് വിശ്വാസപരമായ മറ്റു കാരണങ്ങളെയും അവർ നിഷേധിച്ചു. ക്രിസ്തീയ വിശ്വാസികളുടെ കൂട്ടായ്മയെ ഏറ്റം പ്രധാനമായി പരിഗണിക്കുന്നവരാണ് നവീകരണവാദികൾ. അതേസമയം അവർ സഭാപരമായ കൂട്ടായ്മയെ നിഷേധിക്കുകയും ചെയ്യുന്നു. എന്താണ് സഭ? അത് ദൃശ്യരും അദൃശ്യരുമായ എല്ലാ വിശ്വാസികളുടെയും കൂട്ടായ്മയാണ്. സഭയിൽ സ്വർഗ്ഗത്തിലെ വിശുദ്ധരുണ്ട്. അവരാണ് വിജയസഭ. സ്വർഗ്ഗത്തിലെ ഭാഗ്യം നോക്കിപ്പാർത്തു കഴിയുന്നവരുണ്ട്; അവരാണ് സഹനസഭ. ഈ ലോകത്തിൽ ജഡത്തിനും പിശാചിനുമെതിരെ പടവെട്ടുന്നവരുണ്ട്. അവരാണ് സമരസഭ. എന്നാൽ നവീകരണക്കാർ ഈ ലോകത്തിലെ സഭയെ മാത്രമേ ശ്രദ്ധിക്കുന്നുള്ളു. അതും അവരുടെ ദൃഷ്ടിയിലും സമ്പർക്കത്തിലും പെടുന്നവരെമാത്രം, സ്വർഗ്ഗത്തിൽ വിശുദ്ധ ഗണത്തിന്റെ രാജ്ഞിയായി പരിലസിക്കുന്ന പരിശുദ്ധ കന്യകാമറിയാമിന്റെ മാധ്യസ്ഥം വേണ്ടെന്നുപറയുമ്പോൾ ആ അമ്മയുമായുള്ള



കൂട്ടായ്മയെ നിരാകരിക്കുകയാണ്. വിശുദ്ധന്മാരോടു പ്രാർത്ഥിക്കേണ്ടെന്നു വാദിക്കുമ്പോൾ അവരെയും കൂട്ടായ്മയിൽ നിന്ന് അകറ്റി നിർത്തുകയാണ്. കന്യകാമറിയമിന്റെയും വിശുദ്ധന്മാരുടെയും മാദ്ധ്യസ്ഥപ്രാർത്ഥന നടത്തുമ്പോൾ ക്രിസ്തുവിൽ അവർക്ക് നമ്മോടുള്ള കൂട്ടായ്മയെ അനുസരിക്കുകയാണെന്നർഥം. അതുപോലെ, മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെയും അർത്ഥം ക്രിസ്തുവിലുള്ള കൂട്ടായ്മയിൽ നാമും അവരും പ്രാർത്ഥനാപരമായി ഒന്നിച്ചിരിക്കുന്നുവെന്നാണ്. പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥനയും നവീകരണക്കാർ നിഷേധിക്കുന്നുവല്ലോ. ഇങ്ങനെ സഭയുടെ പൂർണ്ണമായ കൂട്ടായ്മയെ നിഷേധിക്കുവാൻ 18-ാം നൂറ്റാണ്ടിൽ സി.എം.എസ്. മിഷനറിമാർ സന്നദ്ധരായി. അദൃശ്യസഭയുമായുള്ള പ്രാർത്ഥനാബന്ധം നിഷേധിക്കുന്നതോടുകൂടി തങ്ങളുടെ സഭാപരമായ കൂട്ടായ്മയെ ഏറ്റം വികലമാക്കുകയാണെന്നു നമ്മുടെ മാർത്തോമ്മാ സഹോദരന്മാരും മറ്റും മനസ്സിലാക്കിയിരുന്നുവെങ്കിൽ, അവർക്കും പുനരൈക്യം അർത്ഥവത്തായി തോന്നിയേനേ.

കഴിഞ്ഞ നൂററാണ്ടിലെ നവീകരണശ്രമം സഭയുടെ കൂട്ടായ്മയുടെ പൂർണ്ണതയെ നിഷേധിച്ചതിന്റെ വേറൊരുപ്രകാരാന്തരമാണു ദേശീയ സ്വതന്ത്രസഭാവാദം. അന്നത്തെ നവീകരണം മാർത്തോമാസഭ എന്ന പുതിയ വിഭാഗത്തിൽ കലാശിച്ചു. ഇന്നാകട്ടെ ഓർത്തഡോക്സ് എന്ന പേരിൽ പുതിയസഭയും ഉണ്ടായികഴിഞ്ഞു. സഭയുടെ കാതോലികത്വത്തിന്റെ നിഷേധമാണ് സ്വതന്ത്രസഭാവാദം. സഭയുടെ അദൃശ്യമായ ശക്തിചൈതന്യത്തെ ഒരു കൂട്ടർ നിഷേധിക്കുമ്പോൾ വേറൊരുകൂട്ടർ തങ്ങളുടെ സമ്പർക്കത്തിനു പുറത്തുള്ളതിനെ അവഗണിക്കുന്നു. മാർത്തോമാസഭയും ഓർത്തഡോക്സുസഭയും തങ്ങളുടെ സംഘടനാപരിധിക്ക് പുറത്തുള്ള സഭാജീവചൈതന്യത്തെ നിഷേധിക്കുകയാണ്. ശരിയാണ്, രണ്ടുസഭയും കേരളത്തിനും ഭാരതത്തിനും പുറത്തുമുള്ള വിവിധ സഭകളോട് ബന്ധപ്പെടാൻ വളരെ ശ്രമിക്കുന്നുണ്ട്. എന്നാൽ തത്ഫലമായി എന്ത് പൊതുസഭാജീവചൈത ന്യം അവർക്ക് അവകാശപ്പെടാൻ സാധിക്കും? വിവിധ രാഷ്ട്രങ്ങൾ തമ്മിൽ ബന്ധമുണ്ട്. എന്നാൽ അവയ്ക്ക് ഒരു പൊതുജീവചൈതന്യമി ല്ല. സഭ കാതോലികമാണെന്നു നാം വിശ്വസിച്ച് ഏറ്റുപറയുമ്പോൾ ഒരു പൊതുജീവചൈതന്യത്തെയാണ് നാം സമ്മതിക്കുന്നത്; മാനുഷികമായ ബന്ധങ്ങൾക്കപ്പുറം പരസ്പരം ബന്ധിക്കുന്ന ഒരു ജീവചൈതന്യ

www.malankaralibrary.com

ത്തിൽ നാം വിശ്വസിക്കുകയാണ്. അത് ക്രിസ്തുവിന്റെ ചൈതന്യമാണ്, പരിശുദ്ധാത്മാവിന്റെ ശക്തിയാണ്. ഒരേയൊരു സാർവത്രികസഭയിൽ ഉൾപ്പെടുന്നതുവഴി ഓരോ പ്രാദേശികസമൂഹവും ആ ചൈതന്യത്തിൽ ഭാഗഭാക്കാകുന്നു. വിശ്വാസങ്ങളിൽ വ്യത്യാസം പുലർത്തി, വിശുദ്ധീകരണമാർഗ്ഗങ്ങളായ കൂദാശകളിൽ വൈവിധ്യം നിലനിർത്തി, ഏകാധികാരത്തിനു വിധേയരാകാതെ പൂർണ്ണസ്വാതന്ത്ര്യ വും അതേസമയം പരസ്പരസഹകരണവും ഒന്നിച്ചുകൊണ്ടുപോകു ന്നത് മാനുഷികക്രമീകരണവുമായിരിക്കും; അതിലൂടെ ക്രിസ്തുവിന്റെ ഏകസഭയുടെ ഭാഗഭാഗിത്വം ലഭ്യമാവുന്നില്ല.

സാർവത്രികസഭയുടെ കൂട്ടായ്മയിലേക്ക് പ്രവേശിക്കുന്ന പ്രാദേശിക സഭയുടെ സ്വയംഭരണസാധ്യത ഇല്ലാതാവുന്നില്ലെന്നതിന്റെ തെളിവാണ് പുനരൈക്യപ്രസ്ഥാനം. കത്തോലിക്കാസഭയിൽ ഓരോ പ്രാദേശിക സഭയ്ക്കും സ്വന്തം ആരാധനാരീതിയുണ്ട്. പാരമ്പര്യങ്ങളുടെ തുടർച്ചയുണ്ട്. ഭരണവ്യവസ്ഥയുണ്ട്. മലങ്കരസഭ മുഴുവനും കാതോലിക കൂട്ടായ്മയിലേക്ക് പ്രവേശിക്കുമ്പോൾ പൂർണ്ണസ്വയംഭരണം ലഭ്യമാവുകയും ചെയ്യും. ഒരു കർത്താവും, ഒരു വിശ്വാസവും ഒരു മാമ്മോദീസായും എന്ന വിശുദ്ധ പൗലോസിന്റെ വചനം അന്വർത്ഥമാക്കുന്ന ഏകജീവക്രമമാണ് സഭയുടേത്. അതിനകത്ത് സ്വന്തമായ വ്യക്തിത്വവും സ്വാതന്ത്ര്യവും പുലർത്തുകയാണ് ഓരോ പ്രാദേശിക സഭയുടെയും കർത്തവ്യം. സാർവത്രിക കൂട്ടായ്മയും പ്രാദേശിക സ്വാതന്ത്ര്യവും ഒരുപോലെ പരിരക്ഷിക്കുന്നതിലൂടെ മാത്രമേ സഭയുടെ ജീവക്രമത്തിൽ ഭാഗഭാഗിത്വം ലഭിക്കുകയുള്ളുവെന്നതാണ് പുനരൈക്യ പ്രസ്ഥാനം വ്യക്തമാക്കുന്ന ഗുണപാഠം. ഈ സഭാജീവിത ത്തിലേക്കു തങ്ങളുടെയെല്ലാം സഹോദരൻമാരെയും ആകർഷിക്കു കയും തദ്ഫലമായി യഥാർത്ഥസ്വയംഭരണമുള്ള സഭയായി വളരുകയും ചെയ്യുകയെന്നതാണ് മലങ്കരകത്തോലിക്കാ സഭയുടെ ലക്ഷ്യവും പ്രതീക്ഷയും. ഓരോ പ്രാദേശികസഭയുടെയും സ്വയം ഭരണാവകാശം രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാ പിച്ചിരിക്കുന്ന സ്ഥിതിക്ക് ഈ പ്രതീക്ഷ തീർച്ചയായും അർത്ഥ വത്താണ്. ഈ യഥാർത്ഥസഭാവീക്ഷണം സ്വീകരിക്കുക എന്നതാണ് വേർപെട്ടുനില്ക്കുന്ന സഹോദരരോട് നമുക്ക് നൽകുവാനുള്ള ആഹ്വാനം.

പുനരൈക്യപ്രസ്ഥാനം ആരംഭിച്ചതിന് വ്യക്തമായ സഭാപശ്ചാത്തലമുണ്ടെന്നു കാണുവാൻ സാധിക്കുന്നു. നിർമ്മലസുവിശേഷ



ത്തിന്റെ പേരിൽ സത്യവിശ്വാസത്തെയും നവീകരണത്തിന്റെ പേരിൽ കൂദാശാജീവിതത്തെയും ക്രിസ്തുവാണ് ഏകമധ്യസ്ഥനെന്ന സത്യത്തിന്റെ തെറ്റായ വ്യാഖ്യാനത്തിൽ വിശുദ്ധരോടും പരേതരോടുമുള്ള ബന്ധത്തെയും ദേശീയസഭാസ്വാതന്ത്ര്യത്തിന്റെ പേരിൽ സാർവത്രിക സഭാകൂട്ടായ്മയെയും നിഷേധിക്കുവാൻ ശ്രമിച്ചതിന്റെ സഭാപരമായ പ്രതികരണമാണ് പുനരൈക്യപ്രസ്ഥാനം. അതനുസരിച്ച് നിർമ്മല സുവിശേഷത്തിന്റെയും നവീകരണത്തിന്റെയും യഥാർത്ഥ മൂല്യങ്ങളെ സഭാപുനരൈക്യം നഷ്ടപ്പെടുത്തുന്നില്ല. ക്രിസ്തുവിനോട് ഓരോ വിശ്വാസിയും സഭാപരമായും വ്യക്തിപരമായും ബന്ധപ്പെടുന്ന തിനെ അങ്ങേയറ്റം പ്രോത്സാഹിപ്പിക്കുന്നു. ഓരോ പ്രാദേശിക സഭയുടെയും സ്വയം ഭരണത്തിൽ കൂടുതൽ പൂർണ്ണത പ്രാപിക്കുക യാണ് പുനരൈക്യപ്രസ്ഥാനത്തിന്റെ ലക്ഷ്യം. അങ്ങനെ നിർമ്മല സുവിശേഷവും സത്യ വിശ്വാസവും നവീകരണവും കൂദാശജീവിതവും ക്രിസ്തുവിന്റെ മധ്യസ്ഥതയും വിശുദ്ധരുടെ സംസർഗ്ഗവും പ്രാദേശിക സ്വയംഭരണവും സാർവത്രികകൂട്ടായ്മയും സമഞ്ജസമായി സമ്മേളിക്കുന്ന സഭാജീവിതക്രമത്തിനുവേണ്ടിയാണു പുനരൈക്യപ്ര സ്ഥാനം നിലകൊള്ളുന്നത്. ക്രിസ്തുവിന്റെ സഭയുടെ ഈ സനാതനമൂല്യങ്ങളെ സ്വന്തം വിശ്വാസത്തിലും ജീവിതത്തിലും ഉൾക്കൊള്ളുന്നതുവഴി മാത്രമേ പുനരൈക്യപ്രസ്ഥാനത്തിന്റെ മക്കൾക്ക് തങ്ങളുടെ സഭാദൗത്യം നിർവഹിക്കാനാവൂ.

***ക്രൈസ്തവകാഹളം, 1978 സെപ്റ്റംബർ***

www.malankaralibrary.com

# 45

# പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രസക്തി, ഇന്ന്

പുനരൈക്യപ്രസ്ഥാനം വളർന്നുവന്ന് മലങ്കരകത്തോലിക്കാ സഭയായി തീർന്നുവെന്നു പറഞ്ഞാൽ എന്തുതോന്നും? അതിന്റെ ആദ്യരൂപം ഒന്നു ശ്രദ്ധിക്കുക. പ്രസ്ഥാനം എന്നാൽ മുന്നേറ്റം (Movement) ആണല്ലോ? പ്രസ്ഥാനത്തിൽ അഥവാ മുന്നേറ്റത്തിൽ അതിനെ ഒന്നിച്ചുനിർത്തുന്ന നിയമവ്യവസ്ഥയെക്കാൾ അതിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തികൾക്കാണു പ്രാധാന്യം. പുനരൈക്യത്തെ മുൻനിർത്തിയുള്ള വ്യക്തികളുടെ സംഘടിതമായ മുന്നേറ്റം മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനുമുമ്പുതന്നെ ആരംഭിച്ചതാണ്. അതായത് കത്തോലിക്കാ സഭയ്ക്ക് പുറത്തുവച്ച് കത്തോലിക്കാസഭയുടെ നിയമവ്യവസ്ഥ സ്വീകരിക്കുന്നതിനുമുമ്പു തന്നെ ആരംഭിച്ചതാണെന്നു സാരം. അന്നു ഈ പ്രസ്ഥാനത്തെ ഉറപ്പിച്ചുനിർത്തിയതു നിയമങ്ങളുടെ കെട്ടുറപ്പായിരുന്നില്ല. മറിച്ചു വ്യക്തികൾ പരസ്പരം നല്കിയ സഹകരണവും പ്രോത്സാഹനവുമാണ്. മാർ ഈവാനിയോസും അനുയായികളും ബഥനിമല വിട്ടിറങ്ങി വെണ്ണിക്കുളത്തു താമസിച്ചിരുന്ന സാഹചര്യമൊന്നുചിന്തിക്കുക. വ്യക്തികളുടെ ശുശ്രൂഷാബന്ധത്തിലാണു അന്നു പുനരൈക്യപ്രസ്ഥാനം ഉറച്ചുനിന്നത്. എന്നാൽ കത്തോലിക്കാപുനരൈക്യത്തിനുശേഷം സ്ഥിതിഗതികൾ മാറിത്തുടങ്ങി. കത്തോലിക്കാസഭയുടെ നിയമവ്യവസ്ഥകൾ അതേപടി ഇവിടെയും പ്രയുക്തമായി. ഒരുപുതിയ സുരക്ഷിതത്വത്തിലേക്കു പ്രസ്ഥാനം ചുവടുമാറിവച്ചു. നിയമങ്ങളാണോ വ്യക്തിബന്ധങ്ങളാണോ പ്രധാനം എന്നുചോദിച്ചാൽ രണ്ടിന്റേയും സമന്വയം എന്നായിരിക്കും ആരും നല്കുന്ന ഉത്തരം. അതുതന്നെയാണു ആദർശപരമായ വ്യവസ്ഥയും. എന്നാൽ പ്രസ്ഥാനം വളർന്നു; അംഗസംഖ്യയും വർദ്ധിച്ചു; പ്രസ്ഥാനത്തെ വളർത്തുവാൻ സ്ഥാപനങ്ങളും അവയുടെ നൈയ്യാമികഘടനകളും ഉയർന്നുവന്നു. ഇതെല്ലാം പ്രസ്ഥാനത്തിന്റെ പുരോഗതിക്കു ഉപകരിക്കുമെന്നു പ്രതീക്ഷിച്ചു അതിൽ ഉൾപ്പെട്ടിരുന്നവരെല്ലാം ഒരുപോലെ സന്തോഷിച്ചു.



എന്നാൽ സഭയും പ്രസ്ഥാനവും തമ്മിലുള്ള ഈ സമന്വയം എക്കാലവും ഒരേ രീതിയിൽ നിലനില്ക്കുക സുഗമമല്ല. സ്ഥാപനങ്ങൾ ഉയർന്നുവരുന്നതനുസരിച്ചു, വ്യക്തികൾ കൂടുതലായി അവഗണിക്കപ്പെടുന്ന സ്ഥിതിവിശേഷം, ആരുമാരും ആഗ്രഹിച്ചതല്ലെങ്കിലും, സാവകാശം ഉയർന്നുവന്നു. മാനുഷികമായി വരുന്ന പിശകാണിത്. തത്ഫലമായി സഭാംഗങ്ങൾ പരസ്പരം അനുവർത്തിക്കേണ്ട ശുശ്രൂഷ അവഗണിക്കപ്പെടുന്നു. സഭയ്ക്കു പുറത്തുള്ളവരെ കാതോലിക കൂട്ടായ്മയിലേക്കു ആകർഷിക്കുന്ന നല്ല വ്യക്തിബന്ധങ്ങളേക്കാൾ, സഭാംഗങ്ങളെ സംഘടിപ്പിച്ചുനിർത്തുന്ന നിയമങ്ങൾ പ്രധാനമായി. ഫലമോ? പ്രസ്ഥാനവും സഭയും തമ്മിലുണ്ടായിരുന്ന സമന്വയം നഷ്ടപ്പെട്ടു. മാത്രമല്ല ആരംഭകാലത്തു പ്രസ്ഥാനത്തെ വളർത്തിയെടുത്ത പ്രവർത്തനോന്മുഖതയുടെ സ്ഥാനത്ത് സഭയെന്ന നിലയിൽ അംഗങ്ങൾക്കു ലഭിക്കുന്ന സുരക്ഷിതത്വബോധം പ്രധാനമായി പരിഗണിക്കപ്പെട്ടുതുടങ്ങി. കൂടുതൽ ആളുകൾ സഭയിലേക്കു വരുന്നത് തങ്ങളുടെ സുരക്ഷിതത്വത്തെ തകർത്തുകളഞ്ഞേക്കുമെന്ന് ഉൾപ്രവേശിച്ചവർ ചിന്തിക്കുന്നതുപോലെ തോന്നി. ഏതാണ്ടു ഒരു ജനനനിയന്ത്രണമനോഭാവം, മലങ്കരകത്തോലിക്കരേയും ബാധിച്ചതുപോലെ! അപ്പോൾ ഏതാണു പ്രധാനം? അംഗങ്ങളായി കഴിഞ്ഞവർക്കു സഭാപരമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്ന മലങ്കര കത്തോലിക്കാസഭയോ, കത്തോലിക്കേതരരെ ആകർഷിച്ചടുപ്പിക്കുന്ന പുനരൈക്യപ്രസ്ഥാനമോ? സ്വാഭാവികമായും ആദ്യത്തെതാണു പലരും ഇഷ്ടപ്പെടുക. അവരെ സംബന്ധിച്ചിടത്തോളം ഇന്നുനില വിലുള്ളത് പുനരൈക്യപ്രസ്ഥാനമല്ല, മലങ്കരകത്തോലിക്കാ സഭ മാത്രമാണ്.

**ഇന്നുനേരിടുന്ന പ്രശ്നം**

സഭയും പ്രസ്ഥാനവും വേർതിരിച്ചു കാണുന്നവരാണു പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രസക്തി ചോദ്യം ചെയ്യുന്നത്. പ്രസ്ഥാനം സഭയുടെ ആരംഭത്തിനു ആക്കം കൂട്ടിയ പരിതോവസ്ഥയാണ്. പുനരൈക്യപ്രസ്ഥാനത്തിനു ആരംഭദശയിൽ സാമ്പത്തികവും സാമൂഹികവുമായ അരക്ഷിതാവസ്ഥ അനുഭവപ്പെട്ടിരുന്നു എന്നത് സത്യമാണ്. അതുകൊണ്ടുതന്നെ എണ്ണത്തിൽ വളരുക, കൂടുതൽ പേരേ ഉൾപ്രവേശിപ്പിക്കുക, പുതിയ ശുശ്രൂഷാരംഗങ്ങൾ കണ്ടെത്തുക ഇവയൊക്കെ അനിവാര്യമായ ആവശ്യമായിരുന്നു. അപ്പോൾ എല്ലാവരും ഒത്തുപിടിച്ചു ഒരു പ്രസ്ഥാനമായി മുന്നേറാൻ ശ്രമിച്ചു. എന്നാൽ അരക്ഷിതബോധം

www.malankaralibrary.com

മാറിവന്നതോടെ, നിയമഘടനയ്ക്കു ഊന്നൽവന്നതോടെ പ്രസ്ഥാനമെന്ന നിലയിൽ ചലനാത്മകമായി കുതിച്ചുയരുവാനുള്ള ആവേശം കെട്ടടങ്ങി. സ്വാഭാവികമായും പ്രസ്ഥാനമെന്ന നിലയിൽ അതിന്റെ പ്രസക്തി നഷ്ടപ്പെട്ടതായി പലരും ചിന്തിച്ചുതുടങ്ങി. ഇന്നുപുനരൈക്യപ്രസ്ഥാനം കൂടുതലായി അറിയപ്പെടുന്നതു മലങ്കരകത്തോലിക്കാ സഭയായാണ്. രണ്ടിന്റേയും ഊന്നൽ വ്യത്യസ്ഥമാണല്ലോ. എന്നാൽ ഇതൊരു പ്രസ്ഥാനം അല്ലാതായി തീരുമോ? തീരുമായിരുന്നു പുനരൈക്യലക്ഷ്യം സാധിച്ചുകഴിഞ്ഞെങ്കിൽ! ആ ലക്ഷ്യം സാധ്യമായിട്ടില്ലെന്നു എല്ലാവരും സമ്മതിക്കും. അകത്തു പ്രവേശിച്ചവർക്കു പാർക്കുവാൻ ആലയം ലഭിച്ചു കഴിഞ്ഞസ്ഥിതിക്കു കൂടുതൽപേരെ പ്രവേശിപ്പിക്കുവാൻ അവർ വിമുഖരാകുന്നു, സ്വാഭാവികമായിത്തന്നെ. ഇതാണു മലങ്കര കത്തോലിക്കാസഭ ഒരു പ്രസ്ഥാനമെന്ന നിലയിൽ അപ്രസക്തമായി എന്നു ഇന്നുതോന്നുന്നതിന്റെ മനശാസ്ത്രപരമായ കാരണം.

**സമീപനം: മാനുഷികവും ദൈവീകവും**

എന്നാൽ, സാമൂഹ്യവും സാമ്പത്തികവുമായ അരക്ഷിതാവസ്ഥയാണോ പുനരൈക്യപ്രസ്ഥാനത്തെ ഇങ്ങനെയൊരു മുന്നേറ്റമാക്കിയത്? ഒരിക്കലുമല്ല. അതു ദൈവാത്മാവിന്റെ നടത്തിപ്പായിരുന്നു. പരിശുദ്ധാത്മാവു തന്റെ ജീവപ്രസരകമായ ചൈതന്യംകൊണ്ടു ഈ പ്രസ്ഥാനത്തെ നിറച്ചു. തത്ഫലമായി ഇതിൽ ഉൾപ്പെട്ടിരുന്നവർ, വൈദികരും അത്മായരുമെല്ലാം പ്രവർത്തനനിരതരായി. അതിൽ പ്രവർത്തിച്ച വ്യക്തികൾ മാനുഷികമായ ചിന്തകളും താത്പര്യങ്ങളും പുലർത്തിയിരുന്നിരിക്കാം, ഒത്തിരിയേറെ അരക്ഷിതാവസ്ഥ അവർക്കനുഭവപ്പെട്ടിരിക്കാം. എന്നാൽ അതിനെല്ലാം ഉപരിയായി ദൈവാത്മാവ് എല്ലാം നിയന്ത്രിച്ചു നയിച്ചുകൊണ്ടിരുന്നു. ഇന്നും അതേ ആത്മാവുതന്നെ സഭയെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നു. പ്രസ്ഥാനം ഇന്നു പ്രസക്തമാണോ എന്ന ചോദ്യംതന്നെ പ്രവർത്തന മാന്ദ്യത്തിൽ നിന്നുണരുവാനുള്ള ആത്മാവിന്റെ ആഹ്വാനമല്ലേ? എന്നാൽ വെറും മാനുഷികപരിഗണനവച്ചു ചിന്തിക്കുന്നവർക്കു ആത്മാവിന്റെ ഈ സ്വരം ശ്രവിക്കാൻ പറ്റാതെവരാം. പള്ളിയായി, പട്ടക്കാരനെയും ലഭിച്ചു. ഓരോ വ്യക്തിയുടേയും ആത്മീയ കാര്യങ്ങൾ നിർവ്വഹിക്കാൻ വേണ്ട ക്രമീകരണങ്ങളുമായി. ഇനിയെന്തിനു പുനരൈക്യത്തിനു കൂടുതൽ ശുഷ്കാന്തി കാണിക്കുന്നു എന്നൊരു



ചിന്താഗതി പലരിലും ഉണ്ടാകാം. സഭ വളരേണ്ടന്ന ചിന്താഗതി ഇവർക്കില്ല; മറിച്ചു സ്ഥാപനങ്ങളിലൂടെയുള്ള സഭയുടെ വളർച്ചയിലാണു അവരുടെ ശ്രദ്ധയെന്നുമാത്രം. അതുമല്ല പ്രവർത്തനത്തിലുണ്ടാകാവുന്ന പ്രതിബന്ധങ്ങളിൽ കണ്ണുനട്ടിരിക്കുന്നതുകൊണ്ട്, മുന്നിൽപരന്നു കിടക്കുന്ന ചക്രവാളം കാണാതെയും പോകുന്നു. ഇത്തരം ഹ്രസ്വദൃഷ്ടികൾ ഈ സഭയെ ഒരു പ്രസ്ഥാനമായി, മുന്നേറ്റമായി കുതിച്ചുപായിക്കുവാൻ പ്രേരിതരാകയുമില്ല. ഭാവിയെപ്പറ്റിയുള്ള ദർശനം നല്കുന്നതു ദൈവമാണ്. പ്രസ്ഥാനത്തിന്റെ ആരംഭത്തിൽ ദീർഘദർശനത്തോടെ പ്രവർത്തിച്ചിരുന്ന നേതാക്കളും അനുയായികളും ഉണ്ടായിരുന്നു. ഇന്നും അങ്ങനെയുള്ളവർ ഉയർന്നുവരുവാൻ സഭ ദാഹിക്കുന്നു എന്നതിന്റെ നിദർശനമായി വേണം പുനരൈക്യ പ്രസ്ഥാനം ഇന്നു പ്രസക്തമല്ലേ എന്നചോദ്യം പരിഗണിക്കുവാൻ.

**യേശുവിന്റെ പ്രാർത്ഥന**

ഈ പ്രസ്ഥാനത്തിന്റെ ഊർജ്ജസ്വലതയ്ക്കു ആരംഭത്തിൽ ഉണ്ടായിരുന്ന സഹായകമായ പല സാഹചര്യങ്ങളും ഇന്നില്ല എന്നതു ശരിതന്നെ. നേരത്തെ സൂചിപ്പിച്ച അരക്ഷിതബോധവും, സാമൂഹിക പതിത്തവും അതുപോലുള്ള സാഹചര്യങ്ങളുമാണല്ലോ? മാത്രമല്ല പുനരൈക്യത്തിനു പിന്നിലെ സഭാപരമായ വീക്ഷണത്തിനും ഇന്നു വളരെയേറെ മാറ്റം വന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ നാം ഉപയോഗിച്ചിരുന്ന പല മാർഗ്ഗങ്ങളും ഉപാധികളും ഇന്നു കാലഹരണപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേകരീതിയിൽ മാത്രം ശീലിച്ചവർക്കു നാളതുവരെ ഉപയോഗിച്ചിരുന്ന ഉപാധികൾ പഴകി ഉപകാരമില്ലാത്തതായി തോന്നിയാൽ, പ്രവർത്തനം തന്നെ വേണ്ടെന്നു വയ്ക്കാൻ പ്രേരണയാകാം. അല്ലെങ്കിൽ നൂതനോപാധികൾ ഉപയോഗിക്കാനുള്ള പ്രേരണ അത്രശക്തമായി അനുഭവപ്പെടണം. എങ്കിലും ഇങ്ങനെയുള്ള മാനുഷികോപാധികളല്ല സഭാപ്രസ്ഥാനത്തെ നിലനിർത്തുന്നതെന്നും നാം നന്നായി ഗ്രഹിച്ചിരിക്കണം. ക്രിസ്തുവിന്റെ സ്നേഹം എന്നെ നിർബന്ധിക്കുന്നു എന്ന വി.പൗലോസിന്റെ തീക്ഷ്ണത അനുഭവവേദ്യമാകുമ്പോൾ, മാനുഷികമായും വീക്ഷണപരമായും എന്തെല്ലാം മാറ്റങ്ങൾ വന്നാലും, അവയ്ക്കനുസരിച്ച പുതിയ ഉപാധികൾ കണ്ടെത്താൻ ഓരോ പ്രേഷിതനും പ്രേരിപ്പിക്കപ്പെടും തീർച്ച. സഭാപുനരൈക്യത്തിന്റെ ലക്ഷ്യം പൂർണ്ണമായും നിറവേറാത്തി

www.malankaralibrary.com

ടത്തോളംകാലം, സഭാവീക്ഷണത്തിൽ എന്തെല്ലാം മാറ്റങ്ങൾ വന്നാലും, അതനുസരിച്ചു പുതിയ വഴിത്താരകൾ തുറക്കുവാൻ ഓരോ പുനരൈക്യപ്രേഷിതനും പ്രേരിതനാകുമെന്നതാണു സത്യം. കാലത്തിനനുസരിച്ചു കുതിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തിൽ അതിനനുസരിച്ച് ഓടുവാനുള്ള ബുദ്ധിയും ശക്തിയും ദൈവം അവനു നല്കും. കർത്താവായ യേശുക്രിസ്തു, മരണത്തിനുതൊട്ടുമുമ്പ്, തന്നിൽ വിശ്വസിക്കുന്നവർ ഒന്നായിരിക്കുവാൻ എത്ര തീക്ഷ്ണതയോടെയാണ് പ്രാർത്ഥിക്കുന്നത്. ആ പ്രാർത്ഥന നിറവേറുമെന്നു തീർച്ച. ആ നിറവേറലിനായി പുതിയ ഉപാധികളും, സങ്കേതങ്ങളും കണ്ടെത്താൻ ശ്രമിക്കാതെ, ഇനി ഒരിക്കലും പുനരൈക്യവും നടക്കില്ല എന്ന് പറഞ്ഞു, ചുരുങ്ങിക്കൂടാനാണോ ദൈവം നമ്മെ ഈ പ്രസ്ഥാനത്തിലേക്കു വിളിച്ചതെന്നു ചിന്തിക്കണം. ഭൗതികലക്ഷ്യപ്രാപ്തിക്കായി എന്തെല്ലാം നൂതന സങ്കേതങ്ങളാണു ഇന്നു മനുഷ്യൻ തേടുന്നത്? ദൈവത്തിന്റെ വേലയുടെ കാര്യത്തിൽ മാത്രം എന്താണീ നിഷ്ക്രിയത്വം? ശരിയാണ്, പുനരൈക്യത്തിന്റെ അർത്ഥകല്പനയിൽ വ്യത്യാസം വന്നിട്ടുണ്ട്. വളർന്നുകൊണ്ടിരിക്കുന്ന ജീവിതക്രമത്തിനു പുതിയചോദനകൾ ഉണ്ടാകുന്നില്ലേ? അതുതന്നെയാണു സഭാക്രമത്തിന്റെയും, പുനരൈക്യ പ്രസ്ഥാനത്തിന്റെയും ഇന്നത്തെ ആവശ്യം.

### ഓരോ സഭയും പ്രസക്തമാണ്

ആഗോളസഭയുടെ വീക്ഷണത്തിൽ ഉണ്ടായ ഒരു മാറ്റംമാത്രം ഒന്നു സൂചിപ്പിക്കട്ടെ. പുനരൈക്യപ്രസ്ഥാനം ആരംഭിച്ച കാലത്ത് കത്തോലിക്കാസഭ മാത്രമെ പ്രസക്തമായുള്ളു എന്നു നാം ധരിച്ചിരുന്നു. കത്തോലിക്കാസഭ മാത്രമാണു സത്യസഭയെന്നു നാം പറഞ്ഞിരുന്നതിന്റെ ധ്വനിയും അതുതന്നെയായിരുന്നു. ഇതരസഭകളെല്ലാം അപ്രസക്തമെന്ന സങ്കല്പത്തിലായിരുന്നു നമ്മുടെ പ്രവർത്തനം മുഴുവനും. പുനരൈക്യപ്പെട്ടവരുടെ ആദ്യനേതൃത്വം ഈ വാദഗതി അപ്പാടെ സ്വീകരിച്ചിരുന്നില്ലെങ്കിലും പ്രായേണ ഇതംഗീകരിക്കപ്പെടുകയാണുണ്ടായത് - എന്നാൽ കത്തോലിക്കേതര സഭകൾക്കും പ്രസക്തിയുണ്ടെന്നു ഇന്നു കത്തോലിക്കാസഭ സമ്മതിക്കുന്നു. ഇങ്ങനെ പറയുന്നതുകത്തോലിക്കാ സഭയുടെ അനന്യമായ പ്രസക്തി നിഷേധിച്ചുകൊണ്ടല്ല. ഇന്നു പല കത്തോലിക്കരും അകത്തോലിക്കരും പറയുന്നതുപോലെ എല്ലാ സഭകളും ഒരുപോലെ ശരിയെന്നു സഭ



പഠിപ്പിക്കുന്നില്ല. പ്രവർത്തന മന്ദതയ്ക്കു അടിപ്പെട്ടവർ ഉയർത്തിക്കാട്ടുന്ന ഒരു കോലം മാത്രമാണ് എല്ലാം ശരിയെന്ന വാദം. കത്തോലിക്കാസഭ സ്വന്തമായ സുവിശേഷസ്ഥാനത്തു ഉറച്ചുനിന്നുകൊണ്ടുതന്നെ, മറ്റു സഭകൾക്കുള്ള പ്രസക്തി അംഗീകരിച്ചു കൊടുക്കുന്നതിനു പിന്നിലെ വിശ്വാസോത്തേജനം എല്ലാവരെയും ആനന്ദിപ്പിക്കണം. ആരെയും നിരാകരിക്കാതെ, എല്ലാവരെയും ഒന്നിപ്പിക്കുന്ന ദൈവത്തിന്റെ സ്നേഹോദാരതയാണ് ഈ നൂതന വീക്ഷണത്തിന്റെ പിന്നിലെ ശക്തി. മറ്റുസഭകൾക്കുള്ള പ്രസക്തി അംഗീകരിക്കുന്നതു പുനരൈക്യപ്പെട്ടവരുടെ പ്രവർത്തനോത്സാഹം മന്ദീഭവിപ്പിച്ചേക്കാം. എന്നാലും ദൈവാത്മാവിൽ ശക്തിനേടുമ്പോൾ പുതിയൊരു ഉന്മേഷവും, ഉത്സാഹവും അനുഭവപ്പെടുമെന്നതിൽ തർക്കമില്ല. ഓരോ കത്തോലിക്കേതര സഭയും ജീവകേന്ദ്രത്തിൽനിന്നു ഒട്ടൊക്കെ അകന്നുനില്ക്കുന്നെങ്കിലും സഭാപരമായ സംഭാവനകൾ നല്കുവാൻ അവയും പ്രാപ്തമാണെന്നുള്ള വസ്തുത കത്തോലിക്കാ സഭ അവഗണിക്കുന്നില്ല. ഈ സംഭാവനകളിലൂടെ അവ ഒറ്റപ്പെട്ടു പോകുകയല്ല നേരേമറിച്ചു സഭാപരമായ ഒരുടമ്പടിയിലേക്കു അവ അടുത്തുവരികയാണ്. ഇന്നു മലങ്കരകത്തോലിക്കർ ഉപയോഗിക്കുന്ന ആരാധനക്രമം കത്തോലിക്കേതരമായ സാഹചര്യങ്ങളിലാണല്ലോ കൂടുതലും വളർന്നുവന്നിട്ടുള്ളത്. എങ്കിലും അതെത്രസമ്യക്കായി വിശ്വാസത്തെ വെളിപ്പെടുത്തുന്നു! അങ്ങനെ നൈയ്യാമികമായി കത്തോലിക്കാ സഭയിൽ ഉൾപ്പെട്ടിരിക്കുന്നില്ലെങ്കിലും, ചരിത്രപരമായി നിലനില്ക്കുന്ന ഈ സഭകൾ, തങ്ങളുടേതായ സംഭാവനകൾകൊണ്ടു അതതു സഭയ്ക്കും സമൂഹത്തിനും തദ്വാരാ സഭൈക്യത്തിനും വേണ്ടി പ്രവർത്തിക്കുന്നു. അവയിലൂടെ നൈയ്യാമികവും കൂടുതൽ വ്യവസ്ഥാപിതവുമായ വ്യക്തിത്വം പ്രസ്തുത സഭകൾ നേടിയെടുക്കുന്നുവെന്നും നാം മനസ്സിലാക്കണം.

### എല്ലാവരും ഐക്യത്തിലേക്ക്

ദൈവികമായ പദ്ധതിയനുസരിച്ച് ഇന്നു പരസ്പരം ഒന്നിപ്പിക്കുന്ന പ്രക്രിയയിൽ എല്ലാ സഭകളും ഉൾപ്പെട്ടിരിക്കുന്നതാണ്. യാഥാർത്ഥ്യം. ഈ ഒന്നിപ്പിക്കുന്ന പ്രക്രിയയ്ക്കു നേതൃത്വം കൊടുക്കുന്നതു കത്തോലിക്കാസഭയാണു താനും. നമുക്കെതിരല്ലാത്തവൻ നമ്മുടെ പക്ഷത്താണ് (മർക്കോ 9:40) എന്ന യേശുവിന്റെ പഠിപ്പിക്കൽ ഓർക്കുക. പരിശുദ്ധാത്മാവിന്റെ നിമന്ത്രണം ശ്രവിച്ചുകൊണ്ടു എല്ലാസഭകളും 'ഒരു

www.malankaralibrary.com

തൊഴുത്തും ഒരിടയനും' എന്ന ലക്ഷ്യത്തിലേക്കു ഓടി അടുത്തുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം ഭിന്നതയുടെ അപസ്വരങ്ങൾ, സഭയുടെ മാനുഷികസ്വഭാവം തെളിയിച്ചുകൊണ്ട് തുടരുന്നതും നിഷേധിക്കാനാവില്ല. ദൈവികവും മാനുഷികവുമായ ഘടകങ്ങളെ വേർതിരിച്ചുകണ്ടു ദൈവികമായവയിൽ മുറുകെ പിടിച്ചു മുന്നേറുകയാണ് ഓരോ സഭയുടെയും ധർമ്മം. സഭകളുടെ ഈ മുന്നേറ്റത്തിനു ഒത്തുപിടിക്കുകയാണു ഓരോ ക്രിസ്ത്യാനിയുടേയും ഉത്തരവാദിത്വം. ഇത് നിർവ്വഹിക്കുന്നത് സ്വാഭാവികമായും ഓരോ സഭയും അതതിന്റെ ഘടനയ്ക്കകത്തു നിന്നുകൊണ്ടായിരിക്കും. കത്തോലിക്കാസഭയാകട്ടെ ക്രിസ്തുവിൽനിന്നു ചൈതന്യം ഉൾക്കൊണ്ട് ചരിത്രത്തിൽ ക്രിസ്തുവിന്റെ തുടർച്ചയാണെന്ന ബോദ്ധ്യത്തിൽ തികച്ചും സവിശേഷമായ രീതിയിൽ സഭൈക്യത്തിനായി പ്രവർത്തിക്കുന്നു. കത്തോലിക്കാസഭയിൽതന്നെ പുനരൈക്യ പ്രസ്ഥാനം ഈ ദൗത്യത്തെപ്പറ്റി കുടുതൽ ബോധവതിയായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

## പുതിയ ഉത്തരവാദിത്വം

ചരിത്രപരമായി പുനരൈക്യപ്രസ്ഥാനം മലങ്കര കത്തോലിക്കാ സഭയായി രൂപംകൊണ്ടിരിക്കുന്ന അവസ്ഥയിലാണല്ലോ? മാർ ഈവാനിയോസ് പുനരൈക്യപ്പെട്ടപ്പോൾ തന്നെ സഭാപരമായ വ്യക്തിത്വം നിലനിർത്തുവാൻ പരിശ്രമിച്ചുവെന്നതു യാഥാർത്ഥ്യമാണ്. എന്നാൽ ആകമാനസഭയുടെ ഒരു പ്രോവിൻസായി വർത്തിക്കുവാൻ പുനരൈക്യപ്പെട്ടവർ നിർബന്ധിതരായെന്നതും നിഷേധിക്കാനായില്ല. വാസ്തവത്തിൽ കത്തോലിക്കേതരരെ പുനരൈക്യപ്പെടുത്തുവാൻ ഈ പ്രസ്ഥാനം അവലംബിച്ച സഭാവീക്ഷണവും പ്രവർത്തനോപാധികളും സത്യകത്തോലിക്കർ ചൊല്ലിത്തന്നതായിരുന്നു. എങ്കിലും ഒരു സഭയെന്ന നിലയിൽ പുനരൈക്യപ്രസ്ഥാനത്തിന്റെ വ്യക്തിത്വം നിലനിർത്താൻ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വം ഉപകരിച്ചുവെന്നതു പ്രസ്ഥാനത്തിന്റെ അംഗങ്ങൾ എന്നും കൃതജ്ഞതയോടെ സ്മരിക്കേണ്ടതാണ്. നൈയ്യാമികമായി കത്തോലിക്കാസഭയുടെ ഒരു പ്രോവിൻസുമാത്രമായാണ് ഇതിനു അംഗീകാരം ലഭിച്ചിരുന്നത്. ഈ കാലയളവിൽ പുനരൈക്യപ്രസ്ഥാനം അംഗസംഖ്യകൊണ്ടു വളർന്നുവെന്നതും വസ്തുതയാണ്. ഈ സ്ഥിതിക്കു മാറ്റംവന്നത്



രണ്ടാംവത്തിക്കാൻ സൂനഹദോസോടെയാണ്. അവിടെവച്ച് കത്തോലിക്കേതര സഭകളുടെ പ്രസക്തി അംഗീകൃതമായി എന്നുമേൽ സൂചിപ്പിച്ചല്ലോ? അതോടൊപ്പം കത്തോലിക്കാ സഭകളുടെ ഒരു കൂട്ടായ്മാണെന്നും, മലങ്കരകത്തോലിക്കാ സഭയ്ക്കും ചെറുതെങ്കിലും മറ്റു കത്തോലിക്കാ സഭകളോടൊപ്പം നയ്യാമികപദവി ഉണ്ടെന്നും അംഗീകരിക്കപ്പെട്ടു. സഭയായി പുനരൈക്യപ്രസ്ഥാനവും അംഗീകൃതമായി എന്നുസാരം. ഇന്നു മലങ്കരകത്തോലിക്കർ തന്നെ സ്വന്തമായ സഭാവീക്ഷണത്തിനു രൂപം കൊടുക്കുകയും തനതായ പ്രവർത്തനമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുവാൻ ഉത്തരവാദികളായിതീർന്നിരിക്കുന്നു. ഇതാണു പുനരൈക്യ പ്രസ്ഥാനത്തിനു പുതിയ സമീപനം ഉണ്ടാകണമെന്നു പറയുന്നതിനടിസ്ഥാനം. വേറൊരു വിധത്തിൽ പറഞ്ഞാൽ മാർ ഈവാനിയോസ് പിതാവ് ഒട്ടൊക്കെ മൂടിവയ്ക്കുവാൻ നിർബന്ധിക്കപ്പെട്ട സഭാവീക്ഷണവും പ്രവർത്തനമാർഗ്ഗവും ആവരണം ചെയ്ത് പുതിയ മുഖഛായ കൊടുക്കുകയാണ് ഇന്നത്തെ മലങ്കരസഭയുടെ ഉത്തരവാദിത്വം അങ്ങനെയാണ് പുനരൈക്യപ്രസ്ഥാനത്തിന്റെ ആനുകാലികപ്രസക്തി നഷ്ടപ്പെട്ടിട്ടില്ല എന്നു തെളിയിക്കേണ്ടതും.

*ഐക്യദീപം, 1991 സെപ്റ്റംബർ*

www.malankaralibrary.com

46

# പുനരൈക്യത്തിന്റെ പ്രശ്നം

ക്രൈസ്തവൈക്യത്തെ സംബന്ധിച്ചിടത്തോളം രണ്ടു പ്രകടമായ ചിന്താഗതികൾ ഇന്ന് നിലവിലുണ്ട്. ഒന്ന് കത്തോലിക്കരുടെയും മറ്റേത് പ്രോട്ടസ്റ്റന്റുകാരുടെയും. ഭിന്നിച്ചു നില്ക്കുന്ന സഭകളെല്ലാം തന്നോട് പുനരൈക്യപ്പെടുകയാണ് ക്രൈസ്തവൈക്യത്തിനുള്ള ഏകമാർഗ്ഗമെന്ന് കത്തോലിക്കാസഭ അവകാശപ്പെടുമ്പോൾ, ഏതെങ്കിലും ഒരു സഭയോട് പുനരൈക്യപ്പെടുകയെന്ന പ്രശ്നമേയില്ല, വിഭിന്ന സഭകൾ പരസ്പരം സംഭാഷണത്തിന്റെ അടിസ്ഥാനത്തിൽ തങ്ങൾക്കുചിതമെന്ന് തോന്നുന്നരീതിയിൽ ഐക്യപ്പെട്ടാൽ മതിയെന്ന് പ്രോട്ടസ്റ്റന്റുകാരും അവകാശപ്പെടുന്നു. ചിന്താഗതിയിലുള്ള ഈ വൈജാത്യമാണ് പ്രോട്ടസ്റ്റന്റു ചിന്താഗതിക്ക് മുൻതൂക്കമുള്ള സഭകളുടെ ലോകസമിതിയിൽ നിന്ന് മാറിനില്ക്കാൻ കത്തോലിക്കാസഭയെ പ്രേരിപ്പിക്കുന്നത്. എന്നാൽ കത്തോലിക്കരുടെ അതേ മനോഭാവം പുലർത്തുന്ന ഓർത്തഡോക്സ് സഭകൾ പ്രസ്തുത സമിതിയിൽ അംഗത്വം സ്വീകരിച്ചുകഴിഞ്ഞു. പ്രോട്ടസ്റ്റന്റു മനോഭാവത്തിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നു. കൂടെ കത്തോലിക്കാ ചിന്താഗതിയിലും. ഈ രണ്ടു ചിന്താഗതികളും ഒന്നിക്കുമോ. ഇതാണ് ക്രൈസ്തവൈക്യ പ്രവർത്തനമണ്ഡലത്തിലെ ഇന്നത്തെ വലിയ പ്രശ്നം. അതിനനുസരിച്ചിരിക്കും ക്രൈസ്തവൈക്യമെന്ന ലക്ഷ്യപ്രാപ്തിയും.

**രണ്ടു ചിന്താഗതികൾ**

ഈ രണ്ടു ചിന്താഗതിക്കും രണ്ട് ഉത്ഭവമാണുള്ളത്. പുനരൈക്യ ചിന്താഗതിയുടെ അടിസ്ഥാനം ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട സഭ ഇന്നും തുടരുന്നുവെന്നതാണ്. അങ്ങനെ ഒരു സഭ ഇന്നുമുണ്ടെങ്കിൽ തികച്ചും യുക്തമല്ലേ എല്ലാ ക്രിസ്ത്യാനികളും അതിൽ ഒന്നിക്കണമെന്ന് പറയുന്നത്. അങ്ങനെ പുനരൈക്യത്തിന്റെ മാർഗ്ഗം തീർച്ചയായും യുക്തിസഹമാണ്. എന്നാൽ അതിന് എതിർവാദമുണ്ട്. ക്രിസ്തുവിന്റെ സഭ തുടരണമെന്നത് ന്യായമാണ്. എന്നാൽ ഇന്ന് നിലവിലുള്ള സഭകളിലെല്ലാം നൂറ്റാണ്ടുകളായി മാനുഷികമായ പോരായ്മകൾ കടന്നുകൂടിയിട്ടില്ലേ? ഇന്നു ക്രിസ്തുവിന്റെ സഭ ഏതെന്ന് കണ്ടുപിടിക്കുക ഏറ്റം ദുഷ്കരമല്ലേ? ഈ വാദത്തിന് അടുത്തകാലത്ത് കൂടുതൽ



പ്രസക്തിവന്നിട്ടുണ്ട്. കത്തോലിക്കാസഭ തന്നെ അംഗീകരിക്കുന്നു, സഭയുടേതായ പല നല്ല അംശങ്ങളും പ്രവർത്തനങ്ങളും മറ്റുസഭകളിലുമുണ്ടെന്ന്. അതായത് കത്തോലിക്കാസഭയ്ക്ക് അതിന്റെ ദൃശ്യാധികാരഘടനക്ക് പുറത്തും വ്യാപ്തിയുണ്ട്. അങ്ങനെ ചിന്തിക്കുമ്പോൾ ഒരു സഭവിട്ട് മറ്റൊരു സഭയെ സ്വീകരിക്കുകയെന്നതിനേക്കാൾ തങ്ങൾ നില്ക്കുന്ന സഭയ്ക്ക് കൂടുതൽ പൂർണ്ണത കൊടുക്കുകയെന്നതാണ് ഇന്നത്തെ പൊതുവായ ക്രിസ്തീയ ഉത്തരവാദിത്വം. ഓരോ സഭയിലുമുള്ള നല്ല അംശങ്ങളെ പരിരക്ഷിക്കുക, മറ്റു സഭകളുമായി സംഭാഷണം നടത്തി അവയിലെ നല്ല അംശങ്ങളെ സ്വീകരിക്കുക, ഇങ്ങനെ ഓരോ സഭയും വളരുക. തീർച്ചയായും ഈ വളർച്ച ഓരോ സഭയും പ്രാപിക്കേണ്ടത് ഭിന്നമായ രീതിയിലും അളവിലുമായിരിക്കും. ഓരോ സഭയും നേടേണ്ട വളർച്ച ഏറിയും കുറഞ്ഞുമിരിക്കും. വളർച്ചയുടെ ഈ ഉത്തരവാദിത്വത്തിൽ നിന്ന് ഏതെങ്കിലും സഭയ്ക്ക് ഒഴിഞ്ഞുനിൽക്കാനൊക്കുമോ? അങ്ങനെയെങ്കിൽ അതിന്റെയർത്ഥം ഏതെങ്കിലും സഭ മാനുഷികമായ പോരായ്മയില്ലാതെ പൂർണ്ണതയിൽ പുലരുന്നുവെന്നാണ്. ഈ നിലപാടിൽ ഏറ്റം ശക്തമായി പിടിച്ചുനിന്നിരുന്നത് കത്തോലിക്കാ സഭയായിരുന്നു. എന്നാൽ, ജോൺ മാർപ്പാപ്പാ വ്യക്തമായി പ്രഖ്യാപിച്ചു കഴിഞ്ഞു കത്തോലിക്കാ സഭയിലും കുറ്റങ്ങളും കുറവുകളുമുണ്ടെന്ന്; വ്യക്തികളിൽ മാത്രമല്ല സമൂഹത്തിൽ മുഴുവനിലും സഭയ്ക്ക് പ്രകടമായ മാനുഷികവശമുണ്ട്. അതിന്റെ ന്യൂനതകൾ എപ്പോഴും ഉണ്ടായിരിക്കുകയും ചെയ്യും. നാം അത് മാറ്റാൻ ശ്രമിക്കുന്നു. അങ്ങനെ മാറ്റാനുള്ള ഒരു മാർഗ്ഗമല്ലേ, മറ്റുസസഭകളെയും അവയുടെ പ്രവർത്തനത്തെയും സ്നേഹസംഭാഷണത്തിന്റെ മനോഭാവത്തിൽ പഠിക്കുകയെന്നത്.

**ചരിത്രപരമായ സമീപനം മതിയോ**

കഴിഞ്ഞ കാലങ്ങളിൽ പുനരൈക്യത്തിന് നാം ശ്രമിച്ചിരുന്നത് കത്തോലിക്കാസഭയുടെ സവിശേഷതയെ ഉയർത്തിപ്പിടിച്ചുകൊണ്ടായിരുന്നു. മറ്റു സഭകളിലുള്ള നല്ല അംശങ്ങളെ നാം അവഗണിക്കുവാൻ ശ്രമിച്ചിരുന്നു. ചരിത്രപരമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു നമ്മുടെ സമീപനം. ചരിത്രപരമായി ഏതൊരു സഭയാണ് ക്രിസ്തുവിന്റെ സഭയുടെ തുടർച്ചയെന്ന് തെളിയിക്കുക, ആ തെളിവിന്റെ അടിസ്ഥാനത്തിൽ കത്തോലിക്കാസഭയാണാ സത്യസഭയെന്ന് സ്ഥാപി

www.malankaralibrary.com

ക്കുക, സഭയ്ക്ക് പുറത്തുള്ളവരെ സഭയിൽ ചേരുവാൻ പ്രേരിപ്പിക്കുക, ഇതായിരുന്നു നമ്മുടെ സമീപനത്തിന്റെ രത്നചുരുക്കം. എന്നാൽ ഓരോ ക്രിസ്ത്യാനിയും ജീവിക്കുന്നത് ചരിത്രപരമായ വസ്തുതയുടെ അടിസ്ഥാനത്തിലല്ല. ചരിത്രവസ്തുതകൾ അയാളെ സജീവമായി ബാധിക്കുന്നവയാവാം, ബാധിക്കാത്തവയാവാം. അതുകൊണ്ട് ചരിത്രപഠനത്തിന്റെ അടിസ്ഥാനത്തിൽ സത്യസഭയേതെന്ന് മനസ്സിലാക്കുകയല്ല ഒരു വിശ്വാസിയുടെ ആദ്യത്തെ ആവശ്യം. അവന് ആദ്ധ്യാത്മികമായ ഉത്തരവാദിത്വമുണ്ട്. അതിന് വേണ്ടുന്ന പ്രകാശവും ശക്തിയും പ്രാപിക്കുവാനാണ് അയാൾ ശ്രമിക്കുന്നത്. ക്രിസ്തീയ ഉത്തരവാദിത്വനിർവഹണത്തിന് ചരിത്രവസ്തുതകൾ സഹായകമാവാം, അത്യന്താപേക്ഷിതമാവാം. അങ്ങനെയൊന്നാണ് മാർപ്പാപ്പായുടെ പരമാധികാരം. മാർപ്പാപ്പയെ സഭയുടെ തലവനായി സ്വീകരിച്ച് അദ്ദേഹത്തിന്റെ അധികാരനിയന്ത്രണത്തിൽ ദൈവാനുഗ്രഹം പ്രാപിക്കുക തന്റെ നിത്യരക്ഷക്ക് ആവശ്യമാണെന്നു ബോധ്യമാകുന്നവർ കത്തോലിക്കാസഭയുമായി പുനരൈക്യപ്പടുന്നു. അതേ ബോധ്യമില്ലാത്തവർ പുനരൈക്യപ്പെടുവാൻ വിസമ്മതിക്കുന്നു. അതുകൊണ്ട് പുനരൈക്യപ്പെടാത്തവർ നിത്യരക്ഷ പ്രാപിക്കുകയില്ലെന്ന് തീരുമാനിക്കാനാവില്ല. ഓരോരുത്തനും തന്റെ ബോധ്യവും ആവശ്യബോധവും അനുസരിച്ച് പ്രവർത്തിക്കുന്നു. അതുകൊണ്ട് കത്തോലിക്കാസഭയുടെ ദൃശ്യഘടനക്ക് പുറത്ത് രക്ഷയില്ലെന്ന് പ്രഖ്യാപിച്ച് ചരിത്രപരമായ പഠനത്തിന്റെ മാത്രം വെളിച്ചത്തിൽ പുനരൈക്യ പ്രവർത്തനം നടത്താമെന്ന് വിചാരിക്കുന്നത് വസ്തുനിഷ്ഠമായ സമീപനമല്ല.

**പ്രായോഗികജീവിതത്തിൽ വേരൂന്നുക**

പുനരൈക്യപ്രവർത്തനം പ്രായോഗികമായ ജീവിതത്തിൽ വേരൂന്നിയതായിരിക്കണം, കത്തോലിക്കരുടെയും അകത്തോലിക്കരുടെയുമെല്ലാം പ്രായോഗികജീവിതത്തിൽ. സിദ്ധാന്തപരമായി, കത്തോലിക്കാസഭയ്ക്കു ക്രിസ്തുവിന്റെ സഭയുടെ അവികലമായ തുടർച്ചയാണെന്ന് അവകാശപ്പെടാം, അവകാശപ്പെടുകയും ചെയ്യണം. അങ്ങനെ കത്തോലിക്കാസഭയുമായി മറ്റുസഭകൾ പുനരൈക്യപ്പെടുന്നത് വഴിയായി മാത്രമേ ക്രൈസ്തവൈക്യം സാധിക്കുകയുള്ളുവെന്ന് കത്തോലിക്കരായ നമുക്ക് ബോധ്യമുണ്ടായിരിക്കുകയും വേണം. എന്നാൽ പ്രായോഗികവും സജീവവുമായ രംഗത്ത് നാം നമ്മുടെ



കുറവുകളെ സംബന്ധിച്ച് ബോധവാന്മാരായിരിക്കണം. വ്യക്തിപരമായ കുറ്റങ്ങളെയും സഭയ്ക്ക് പൊതുവായുള്ള അപാകതകളെയും കുറിച്ച് അതായത് ദൈവികമായ മേന്മയിൽ നമുക്ക് അഭിമാനിക്കാനുണ്ട്. അതേസമയം മാനുഷികമായ പോരായ്മകളിൽ എളിമപ്പെടാനുമുണ്ട്. കത്തോലിക്കാസഭയുടെ സവിശേഷതയെ നാം ഉയർത്തിപ്പിടിക്കുന്നു. പക്ഷേ നാമാണ് സഭ, സഭയുടെ അംഗങ്ങളെന്ന നിലയിൽ നമ്മുടെ കുറവുകളെ നമ്മുക്ക് വിസ്മരിക്കാനൊക്കുമോ, ഒരു മാനുഷിക സ്ഥാപനമെന്ന നിലയിൽ സഭയ്ക്കുള്ള അപൂർണ്ണതയെ നമുക്കു അവഗണിക്കാനൊക്കുമോ? ഒരിക്കലുമില്ല.

ദൈവികവും മാനുഷികവുമായ ഒരു സ്ഥാപനമെന്ന നിലയിൽ സഭയ്ക്ക് വളർച്ച പ്രാപിക്കാനുണ്ട്. ദൈവം സഭയിൽ നിക്ഷേപിച്ചിരിക്കുന്ന സജീവശക്തിയെ മനസ്സിലാക്കി നാം നമ്മുടെ കുറവുകളെ ഇല്ലാതാക്കി ജീവിതത്തെ മാറ്റണം, അതുവഴി സഭയുടെ വളർച്ചയിൽ നമ്മുടെ പങ്കുനിർവഹിക്കണം. ഈ സജീവശക്തി കത്തോലിക്കാസഭയുടെ ദൃശ്യമായ അധികാരഘടനയ്ക്കകത്ത് ഒതുങ്ങിനിൽക്കുന്നതല്ല. മറ്റു സഭകളിലേക്ക് നോക്കുമ്പോൾ അവയിലും ക്രിസ്തുവിന്റെ സഭയുടെ നല്ല പാരമ്പര്യങ്ങൾ പുലരുന്നതായും ദൈവാനുഗ്രഹം പ്രവർത്തിക്കുന്നതായും നാം മനസ്സിലാക്കുന്നു. ദൈവത്തിന്റെ ആത്മാവ് അവയിലും പ്രവർത്തിക്കുന്നുണ്ടെന്നല്ലേ അതിന്റെ അർത്ഥം. പാരമ്പര്യങ്ങളെ പരിരക്ഷിക്കുവാൻ മാത്രമല്ല ദൈവികമായ പുതിയ ചലനങ്ങൾക്ക് രൂപം കൊടുക്കാനും മറ്റു സഭകൾക്കും സാധിക്കുന്നുണ്ട്. ക്രൈസ്തവൈക്യത്തിന്റെ ആഗ്രഹം ഈ നൂറ്റാണ്ടിൽ തീവ്രമായി പ്രകടിപ്പിക്കുന്നത് പ്രോട്ടസ്റ്റന്റുകാരല്ലേ? അത് ദൈവത്തിന്റെ ആത്മാവ് അവരിൽ ഉളവാക്കിയ പുതിയ ചലനമല്ലേ? ക്രിസ്തുവിന്റെ സഭയുടെ വളർച്ചയുടെ വേറെയും പുതിയ ഭാവങ്ങൾ പ്രോട്ടസ്റ്റന്റു സമൂഹത്തിലും ഓർത്തഡോക്സുസഭകളിലും പ്രകടമാകുന്നുണ്ട്. അതുകൊണ്ട് ദൈവത്തിന്റെ പ്രവർത്തനം കത്തോലിക്കാസഭയിൽ മാത്രമേയുള്ളുവെന്ന് നാം ധരിക്കരുത്. അത് എല്ലായിടത്തുമുണ്ട്, സഭയ്ക്ക് അകത്തും പുറത്തും. എല്ലായിടത്തും ഒരുപോലെയല്ല, ഏറക്കുറവുമുണ്ട്, തരവ്യത്യാസമുണ്ട്.

**ദൈവത്തിന്റെ അടയാളങ്ങൾ**

മാനുഷികമായ കുറവുകളുടെ അടിസ്ഥാനത്തിലാണ് സഭയിൽ ഭിന്നതയുണ്ടായത്. എന്നാൽ തെറ്റുചെയ്ത മനുഷ്യരെ ദൈവം

www.malankaralibrary.com

ഉപേക്ഷിക്കുന്നില്ല. അവരിൽ ദൈവം തന്റെ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു, വ്യക്തികളിൽ മാത്രമല്ല സമൂഹങ്ങളിലും. ഭിന്നിച്ചുനില്ക്കുന്ന തന്റെ മക്കളെ സഭയിൽ ഒന്നിപ്പിക്കുവാൻ ദൈവം അദൃശ്യമായി പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ആ പ്രവർത്തനത്തോട് യോജിക്കുകമാത്രമാണ് ക്രിസ്ത്യാനികളായ നമുക്ക് നാം ഏത് സഭയിൽ നില്ക്കുന്നവരായിക്കൊള്ളട്ടെ, ചെയ്യാവുന്നത്. അതിന് നമ്മുടെ സഹകരണം ക്ഷണിച്ചുകൊണ്ട് ദൈവം ഓരോ അടയാളങ്ങൾ കാണിച്ചുതരുന്നു. അങ്ങനെയുള്ള ഓരോ അടയാളങ്ങളാണ് സഭകളുടെ ലോകസമിതിയും രണ്ടാം വത്തിക്കാൻ സൂനഹദോസുകളുമെല്ലാം. അതുകൊണ്ട് ഏതൊക്കെയാണ് ദൈവം കാണിച്ചുതരുന്ന അടയാളങ്ങളെന്ന്, അവ എവിടെനിന്നുമായിക്കൊള്ളട്ടെ, തിരിച്ചറിയുകയാണ് ഓരോ ക്രിസ്ത്യാനിയുടെയും ആദ്യത്തെ ചുമതല. അതോടൊപ്പം അതനുസരിച്ച് പ്രവർത്തിക്കുവാനുള്ള ഉത്തരവാദിത്വവും. ഈ ചുമതലയെപ്പറ്റി നാം എന്ന് ബോധവാന്മാരാകുന്നുവോ അന്ന് നാം മൂലം സഭയിൽ കടന്നുകൂടിയിരിക്കുന്ന കുറവുകളെ ഇല്ലാതാക്കാൻ നമുക്ക് സാധിക്കും. അങ്ങനെ ഭിന്നതയും ഇല്ലാതാവും.

ദൈവം രണ്ടുവിധത്തിലാണ് തന്റെ മക്കളുടെയിടയിൽ പ്രവർത്തിക്കുന്നത്. തന്റെ സഭയിലെ അധികാരപരമായ പിൻതുടർച്ചയിലൂടെയും, ഓരോ സമയത്ത് താൻ കാണിക്കുന്ന അടയാളങ്ങളിലൂടെയും. ക്രിസ്തുവിന്റെ സഭ ഇന്നും തുടരുന്നുവെന്ന് വിശ്വസിക്കുന്നവനേ ക്രൈസ്തവൈക്യത്തിനുവേണ്ടി പ്രവർത്തിക്കാനാവൂ. ക്രിസ്തുവിന്റെ സഭ, മാനുഷികമായ കുറ്റങ്ങളുടെ ഏറ്റത്തിൽ അപ്രത്യക്ഷമായിയെന്ന് വിചാരിക്കുന്ന ഒരാൾക്ക് ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിനെപ്പറ്റി ബോധമില്ല. ക്രിസ്തുവിന്റെ ഏകസഭ നിന്നുപോയിയെന്ന് ധരിക്കുന്നവ പുതുതായൊന്ന് തട്ടിക്കൂട്ടുവാൻ ശ്രമിക്കുകയാണ്, മനുഷ്യന്റെ കുറ്റംകൊണ്ട് മരിച്ചതിനെ മനുഷ്യന്റെ ശക്തികൊണ്ടു ഉയിർപ്പിക്കുവാൻ ശ്രമിക്കുകയാണ്. അയാൾക്ക് സഭയുടെ മാനുഷികത്വത്തെപ്പറ്റിയേ വിചാരമുള്ളൂ. കോട്ടങ്ങളിലായാലും നേട്ടങ്ങളിലായാലും, കുറവിലായാലും തികവിലായാലും സഭയുടെ ദൈവികഭാവത്തിൽ അയാൾക്ക് കണ്ണില്ല. അങ്ങനെയുള്ള ഒരാൾക്ക് ക്രിസ്ത്യാനികളെ ഒന്നിപ്പിക്കുന്ന ദൈവപരിപാലനയിൽ എങ്ങനെ വിശ്വാസമുണ്ടാവും, അതിനോട് എങ്ങനെ സഹകരിക്കാനാവും. അതുകൊണ്ട് ക്രൈസ്തവൈക്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരുവൻ ആദ്യമേ



സഭയുടെ ദൈവികഭാവത്തെപ്പറ്റി ബോധവനായിരിക്കണം. ഈ ദൈവികഭാവം സഭയുടെ അധികാരമായ തുടർച്ചയിൽ പ്രകടമാവുന്നുവെന്ന് കത്തോലിക്കരായ നാം എപ്പോഴും വിശ്വസിക്കുന്നു. എന്നാൽ ദൈവത്തിന്റെ പ്രവർത്തനം സഭയുടെ ദൃശ്യാധികാരഘടനയിൽ ഒതുങ്ങിനില്ക്കുന്നില്ല. ദൈവം തന്റെ അടയാളങ്ങളിലൂടെ നമ്മോട് സംഭാഷിക്കുന്നു, സഭയ്ക്ക് അകത്തും പുറത്തും. ആത്മാർത്ഥതയോടെ ദൈവത്തിന് കീഴ്വഴങ്ങുന്ന വ്യക്തികളെയും സമൂഹങ്ങളെയും ഈ സംഭാഷണത്തിന് ദൈവം ഉപകരണങ്ങളാക്കുന്നു. ഈ അടയാളങ്ങളെ സഭയ്ക്കകത്ത് മാത്രം അന്വേഷിച്ചുവെന്നതാണ് കഴിഞ്ഞകാലത്തെ സമീപനത്തിൽ കത്തോലിക്കരായ നമുക്കുപറ്റിയ തെറ്റ്. എന്നാൽ ആത്മാർത്ഥതയുള്ള ഓരോ ക്രിസ്ത്യാനിയിലും, സഭയുടെ പ്രവർത്തനം വ്യാപിക്കുന്നുണ്ട്, ക്രിസ്തുവിന്റെ സഭ തുടരുന്നുണ്ട്, അവരിലൂടെ സംസാരിക്കുന്ന ദൈവം സഭയുടെ ദൃശ്യമായ അധികാരത്തിലേക്ക് അതിന്റെ പൂർണ്ണതയിലേക്ക് എല്ലാവരെയും നയിക്കുന്നു. അതുകൊണ്ട് സഭയുടെ ദൃശ്യമായ ഘടനക്ക് പുറത്തും ദൈവം കാണിക്കുന്ന അടയാളങ്ങൾ അതേ ദൃശ്യസഭ മുഖാന്തിരമാണ് അതേ ദൃശ്യസഭയിലേക്ക് നയിക്കുന്ന മാർഗ്ഗങ്ങളാണ്. അതുകൊണ്ട് ക്രിസ്തുവിന്റെ സഭയേതെന്ന് ചരിത്രപരായി പഠിക്കുന്നതുകൊണ്ട് അത് വെറും മാനുഷികശ്രമമാവാം, ദൈവത്തിന്റെ അടയാളങ്ങളെ പിന്തുടരുന്നതുകൊണ്ടാണ് ക്രൈസ്തവൈക്യം സാധിക്കുന്നത്.

അതുകൊണ്ട് ദൈവത്തിന്റെ അടയാളങ്ങളെ മനസ്സിലാക്കുകയാണ് ക്രൈസ്തവൈക്യപ്രവർത്തനത്തിന്റെ ആദ്യത്തെ ചുമതല. അതിന് ഇന്നു നിലവിലിരിക്കുന്ന വിവിധ ക്രൈസ്തവസഭകളെ നമുക്ക് ഉപയോഗിക്കാനാവില്ലേ? തീർച്ചയായും ഓരോ സഭയിലും ക്രിസ്തുവിന്റെ സഭയുടേതായ നല്ല അംശങ്ങളും അവയുടെ അടിസ്ഥാനത്തിൽ ക്രിസ്തീയമായ കൂട്ടായ്മയും തുടരുന്നുണ്ട്. ദൈവം തന്റെ അടയാളങ്ങൾ പ്രവർത്തിക്കുവാൻ ഈ സഭാപാരമ്പര്യത്തെയും കൂട്ടായ്മയെയും അടിസ്ഥാനമായി സ്വീകരിക്കുന്നു. അതുകൊണ്ട് ഓരോ കൂട്ടായ്മയിലും ഉൾപ്പെടുന്നവർക്കും തങ്ങളിലെ ദൈവികമായ അടയാളങ്ങൾ മനസ്സിലാക്കുവാനും മറ്റുള്ള കൂട്ടായ്മകൾക്കു വ്യക്തമാക്കിക്കൊടുക്കാനും സാധിക്കും. ക്രൈസ്തവരംഗത്ത് എന്തെങ്കിലും സാധിക്കുമോ, അതെല്ലാം ചെയ്യാൻ ഓരോരുത്തനും ചുമതലയുണ്ട്. അതുകൊണ്ട് ഓരോ ക്രിസ്ത്യാനിയും തന്റെ സഭയെ

www.malankaralibrary.com

മനസ്സിലാക്കാൻ ശ്രമിക്കട്ടെ, അതിലൂടെ തന്നോട് ദൈവമെന്ത് സംസാരിക്കുന്നുവെന്ന് തിരിച്ചറിയട്ടെ. അപ്പോൾ അയാൾക്ക് താൻ നില്ക്കുന്ന സഭയുടെ നന്മയെപ്പറ്റി അഭിമാനവും അതിന്റെ പോരായ്മ മൂലം വളരാനുള്ള ആഗ്രഹവുമുണ്ടാവും. ഇതോടെ സഭകളുടെ പരസ്പര സംഭാഷണത്തിനുള്ള രംഗം തുറന്നുകഴിഞ്ഞു. അതുകൊണ്ട് ക്രൈസ്തവൈക്യപ്രവർത്തനമെന്നു പറയുന്നത് വെറും ഐക്യത്തിന്റെ ആഗ്രഹപ്രകടനമല്ല, ക്രിസ്തുവിൽ വളരാനുള്ള ശ്രമമാണ്. ഇതിൽ എല്ലാ ക്രിസ്ത്യാനികളും സഹകരിക്കാനുണ്ട്. നിലവിലുള്ള ഓരോ സഭയുടെയും കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ ഈ സംഭാഷണവും സഹകരണവും കൂടുതൽ വ്യക്തവും നിശ്ചിതവുമായിത്തീരുന്നു. അതു ക്രൈസ്തവൈക്യത്തിന്റെ മാർഗ്ഗത്തെ കൂടുതൽ സുഗമമാക്കുകയും ചെയ്യുന്നു.

## സഭകളുടെ പരസ്പരാശ്രിത പ്രവർത്തനം

അങ്ങനെ ക്രൈസ്തവൈക്യം സഭകളുടെ പരസ്പരാശ്രിത പ്രവർത്തനം ആവശ്യപ്പെടുന്നു. ഏതൊരു സഭയ്ക്ക് മറ്റുള്ളവയേക്കാൾ മേൽക്കോയ്മയുണ്ടെന്ന പ്രശ്നത്തിന് അവിടെ സ്ഥാനമില്ല. ഒരുകൂട്ടർ ഉന്നത സ്ഥാനത്തുനിന്ന് മറ്റുള്ളവരെ പൊക്കിയെടുക്കുന്ന പ്രവർത്തനത്തിനോ ഒരുകൂട്ടർ മാത്രം തങ്ങളുടെ പോരായ്മയെ പൊക്കുന്ന മാനസാന്തരത്തിനോ അവിടെ പ്രസക്തിയില്ല. എല്ലാവർക്കും പോകുവാൻ പോരായ്മയുണ്ട്, വളരുവാൻ സാദ്ധ്യതയുണ്ട്. കത്തോലിക്കരായ നാം ക്രിസ്തുവിന്റെ സഭയിൽ തുടരുന്നുവെന്നതിനെപ്പറ്റി ബോധവാന്മാരാണ്. പക്ഷേ സ്വയം അഹങ്കരിക്കാനോ മറ്റുള്ളവരെ അധിക്ഷേപിക്കുവാനോ നാം അതുകൊണ്ട് തയ്യാറാവരുത്. കുറ്റങ്ങളുടെ കാര്യത്തിൽ മറ്റേത് സഭയിലുള്ളവരോടും നാം തുല്യരാണ്. ആർക്കെങ്കിലും കൂടുതൽ ദൈവദാനമുണ്ടെങ്കിൽ അത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കേണ്ടതാണെന്ന ആഗ്രഹത്തിൽ കൂടുതൽ തീക്ഷ്ണമായ പ്രവർത്തനത്തിന് ഉത്തരവാദിത്വവുമുണ്ട്. സ്വന്തം കുറ്റത്തെപ്പറ്റി എളിമപ്പെട്ട് തങ്ങൾക്കുള്ളവ മറ്റുള്ളവർക്ക് കൊടുക്കുന്നതാണ് യഥാർത്ഥമായ ക്രൈസ്തവൈക്യപ്രവർത്തനം. ക്രിസ്തുവിന്റെ സഭയിലേക്ക് എല്ലാവരെയും നയിക്കുന്നതിനുള്ള മാർഗ്ഗം അതേ, ക്രൈസ്തവൈക്യം ക്രിസ്തുവിന്റെ സഭയിൽ എല്ലാവരുടെയും പുനരൈക്യപ്പെടലാണ്. പക്ഷേ അത് സഭകളുടെ പരസ്പര



സംഭാഷണവും അന്യോന്യാശ്രിതത്വവും മുഖേനയേ സാദ്ധ്യമാവുകയുള്ളൂ.

ദൈവത്തിന്റെ ഒന്നിപ്പിക്കുന്ന പ്രവർത്തനത്തോടുള്ള വിധേയത്വവും സഹകരണവുമാണ് ക്രൈസ്തവൈക്യപ്രവർത്തനമെന്ന ധാരണ വച്ചുപ്രവർത്തിക്കുന്നതോടെ പുനരൈക്യത്തിന്റെ മാർഗ്ഗം ഏവർക്കും സ്വീകാര്യമാവുന്നു. അവിടെ ദൈവത്തിന്റെ നിർദ്ദേശമുണ്ട്, സഹകരണവുണ്ട്. ഓരോ സഭയും തന്റെ ചട്ടക്കൂട്ടിലൊതുങ്ങി നില്ക്കാതെ മറ്റുള്ളവയിലേക്ക് വ്യാപിക്കുവാൻ ശ്രമിക്കുക. അപ്പോൾ സ്വന്തം കുറവുകളെയെന്നപോലെ മറ്റുള്ളവയിലെ നേട്ടത്തെയുംകുറിച്ച് ബോധോദയമുണ്ടാവും. ഓരോ സഭക്കും അതതിന്റെ പോരായ്മകളുമുണ്ട്. അവയാണ് സഭകളെ വാസ്തവത്തിൽ അകറ്റിനിറുത്തുന്നത്. അതുകൊണ്ട് പുനരൈക്യപ്രക്രിയയുടെ ആദ്യത്തെ ഘട്ടം ഓരോ സഭയുടെയും സ്വയം നവീകരണമാണ്. ഇതാണ് സഭകളുടെ പരസ്പരസംഭാഷണത്തിന്റെ സന്ദർഭം. അതുകൊണ്ട് സഭകൾ തമ്മിലുള്ള ചർച്ചകൾ വഴി വേണം ക്രൈസ്തവൈക്യം നേടുവാനെന്ന് ആരെങ്കിലും പറയുന്നതിൽ തീർച്ചയായും അർത്ഥമുണ്ട്. എന്നാൽ അത്യന്തികമായി എല്ലാം മനുഷ്യരുടെ സംഭാഷണവും സഹകരണവും വഴി നടക്കുമെന്ന് പ്രത്യാശിക്കുന്നത് ശരിയല്ല. ദൈവം തന്റെ ജനത്തെ ഒന്നിപ്പിക്കുന്ന പ്രവർത്തനം തുടർന്നുകൊണ്ടേയിരിക്കുന്നു. സഭയുടെ പാരമ്പര്യത്തെപ്പറ്റിയുള്ള പഠനത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ പ്രവർത്തനം നമുക്ക് മനസ്സിലാക്കാനും അതിനോട് സഹകരിക്കാനും സാധിക്കും. ഭിന്നിച്ചിരിക്കുന്ന തന്റെ ജനത്തെ ദൈവം വീണ്ടും ഒന്നാക്കുന്നു. നമ്മുടെ സംഭാഷണവും സഹകരണവും ദൈവത്തിന്റെ പുനരൈക്യപ്രവർത്തനത്തിന് വിധേയമായിരിക്കണം. ദൈവത്തിന്റെ പുനരേകീകരണവും മനുഷ്യരുടെ പരസ്പരസഹകരണവും സമ്മേളിക്കുന്നു ക്രൈസ്തവൈക്യപ്രവർത്തനത്തിൽ.

*ക്രൈസ്തവകാഹളം, 1969 ഓഗസ്റ്റ്*

www.malankaralibrary.com

# 47

# പുനരൈക്യ തീർത്ഥാടനം

പെരുനാടിന്റെ പ്രാധാന്യം എന്താണ് – ഒരു മലമ്പ്രദേശമെന്നതോ മലങ്കരയിലെ പ്രഥമസന്യാസ പ്രസ്ഥാനത്തിന്റെ തുടക്കസ്ഥാനമെന്നതോ മലങ്കരയിലെ വിശ്വാസസമൂഹത്തിന്റെ പ്രഥമതീർത്ഥാടനസ്ഥലമെന്നതോ? എല്ലാമുണ്ട്. മാർ ഈവാനിയോസ് പിതാവും അനുയായികളും പെരുനാടുവിട്ടു പോയില്ല. പെരുനാടിനു സമമായ ഒരു മലയാണ് അദ്ദേഹം നാലാഞ്ചിറയിൽ കണ്ടെത്തിയത്. ബഥനി സന്യാസപ്രസ്ഥാനം പുതുജീവനോടെ ഉയിർത്തെഴുന്നേല്ക്കുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു; പെരുനാട്ടിൽ ഒരു പുതിയ തീർത്ഥാടനകേന്ദ്രം ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയും ചെയ്തു. എന്നാൽ ബഥനിക്ക് ഒരു നവരൂപം കണ്ടെത്താൻ സാധിക്കാതെ മാർ ഈവാനിയോസ് പിതാവ് കാലം ചെയ്തു; അദ്ദേഹത്തിന്റെ ഭൗതികശരീരം തിരുവനന്തപുരത്ത് കബറടക്കപ്പെട്ടു. ആ പുണ്യാത്മാവിന്റെ നിറവേറാത്ത പ്രതീക്ഷകൾ പൂർത്തീകരിക്കുവാനാണ് പെരുനാട്ടിൽ നിന്നും പട്ടത്തേയ്ക്ക് തീർത്ഥാടനപദയാത്ര സംഘടിപ്പിച്ചത്. പുനൈക്യപ്രസ്ഥാനത്തിന്റെ മൂന്ന് ശക്തമാനങ്ങൾ വീണ്ടെടുക്കാൻ മലങ്കരകാത്തലിക് യൂത്ത് മൂവ്മെന്റ് സന്നദ്ധമായി മുമ്പോട്ടുവന്നു.

പുനരൈക്യപ്രേഷിതത്വത്തിന്റെ ഉറവിടം ബഥനി സന്യാസപ്രസ്ഥാനമാണ്. ലൗകിക സ്വത്തുക്കളുടെ പേരുചൊല്ലിയാണ് മലങ്കരസഭയിൽ വ്യവഹാര പരമ്പര തുടങ്ങിയത്. ലൗകികാധികാരം വേണമെന്ന് പാത്രിയാർക്കീസ്; കൊടുക്കുകയില്ലെന്ന് മെത്രാപ്പോലീത്തായും. അങ്ങനെ ബാവാകക്ഷിയും മെത്രാൻകക്ഷിയും ഉണ്ടായി. ഇതിൽ രണ്ടിലുംപെടാത്ത മൂന്നാം നിരയാണ് ബഥനിയിൽ ഉയർന്നുവന്നത്. സ്വസ്ഥതയിൽ കഴിയാൻ ആഗ്രഹിക്കുന്നവർക്ക് ആശ്വസഭവനമാണത്. പെരുനാട്ടിലെ സ്ഥാവരസ്വത്തെല്ലാം വിട്ടപ്പോൾ ഈ ആദർശത്തിന് പ്രായോഗികമായി അർത്ഥംകൈവന്നു. മാർ ഈവാനിയോസ് പിതാവും അനുയായികളും തിരുവല്ലായിലും തിരുവനന്തപുരത്തും അനുഭവിച്ച ഞെരുക്കവും ദാരിദ്ര്യവും ഇന്നും ഓർക്കുന്നവരുണ്ടാകും. പ്രകാരന്തരേണ ഇന്നവയെല്ലാം വിസ്മതൃതിയിലായിരിക്കുകയാണ്. ഒന്നുപോയെങ്കിൽ നൂറ് കിട്ടി എന്നായിരിക്കും ഇന്ന് നാം ആശ്വാസം



കൊള്ളുന്നത്. എന്നാൽ ഈ പണക്കൊഴുപ്പിൽ സംതൃപ്തി അടയുന്നവരല്ല ഇന്നത്തെ യുവതീയുവാക്കൾ. പദയാത്രയിൽ പങ്കെടുക്കുന്ന യുവാക്കൾ ഭൂരിഭാഗവും തൊഴിലില്ലാതെ വലയുന്നവരാണ്. പക്ഷേ അവർക്ക് ഒരു സ്വപ്നമുണ്ട്, അധ്യാത്മികതയും ഭൗതികതയും സന്തുലനം ചെയ്തു നില്ക്കുന്ന ഒരു അവസ്ഥയെപ്പറ്റി. മാർ ഈവാനിയോസ് പിതാവിന്റെ ബഥനിയിൽ ഹാശായാഴ്ചയിലും മറ്റും ഒന്നിച്ചുകൂടിയവരുടെ സ്വപ്നവും അതായിരുന്നു. അതിന്റെ നിറവേറലിന് ഒന്നിച്ചുകൂടുന്ന സംഘമാണ് മാർ ഈവനാനിയോസ് പിതാവിന്റെ കബറിടത്തിലേക്ക് പദയാത്രയിൽ ഒത്തുചേർന്നത്.

പെരുനാട്ടിൽ വച്ചു കാവിവസ്ത്രം ധരിച്ചപ്പോൾ ബഥനി സന്യാസികളുടെ ചേതോവികാരം എന്തായിരുന്നു? ഭാരതസന്യാസത്തോട് പൊരുത്തപ്പെട്ട് ഒരു പുതിയജീവിതശൈലിക്ക് രൂപം കൊടുക്കുക. ഇന്ന് ബാഹ്യവസ്ത്രമുണ്ട്; ലോകം ഉപേക്ഷിക്കുന്ന ഭാരതസന്യാസ ചൈതന്യമില്ല. ഇന്നത്തെ ബഥനിസന്യാസത്തിൽ നമ്മുടെ ഹിന്ദുസഹോദരർ ആകൃഷ്ടരാകുന്നുണ്ടോ? കത്തോലിക്കാസഭാജീവിതവും ഭാരതസന്യാസവുമായി പൊരുത്തപ്പെടുത്തേണ്ടത് ഇന്നിന്റെ ആവശ്യമാണ്. സന്യാസികൾ ആണെന്ന് ഏകകാരണത്താൽ ഹിന്ദു സഹോദരൻ അവരുടെ സന്യാസവര്യരുടെ ചുറ്റും തടിച്ചുകൂടുന്നത് നാം കാണുന്നുണ്ട്. ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങി വരുന്ന സന്യാസികളാണവർ. അവരിൽനിന്നും എത്ര ഉന്നതനിലവാരമാണ് പെരുനാട് ബഥനിയിൽ നമ്മുടെ സന്യസ്തർ പുലർത്തിയിരുന്നത്. അവർ തികച്ചും ഭിക്ഷാംദേഹികളായിരുന്നു. ഈ ജീവിതശൈലിയിലേക്ക് നമ്മുടെ യുവാക്കൾ ആകൃഷ്ടരാകുന്നതിന്റെ തെളിവാണ് വർഷംതോറും നടത്തുന്ന ഈ തീർത്ഥാടനം. കാവി പുതച്ച ഈ യുവാക്കൾ സന്യാസികളായി മാറുന്നില്ല. എന്നാലും വർഷം മുഴുവൻ ഈ ജീവിതശൈലിയെപ്പറ്റി അവർ മതിപ്പു പുലർത്തുന്നു. അതോടൊപ്പം അവർക്ക് ഒരു ആഗ്രഹം ഉണ്ട്. സഭയിൽ സന്യാസനേതൃത്വം ഉണ്ടാകണമെന്ന്. മലങ്കര സഭയിൽ മെത്രാനാകുന്നതിന്റെ ആദ്യപടി റമ്പാനാകുകയാണല്ലോ. റമ്പാൻ സന്യാസശ്രേഷ്ഠനാണ്. ലോകവ്യഗ്രതവിട്ട് ജീവിക്കന്നവരാണ് അവർ. താദൃശനേതൃത്വം മെത്രാന്മാരിൽനിന്നു മാത്രമല്ല വൈദികരിൽ നിന്നും ലഭിക്കണമെന്നു നമ്മുടെ യുവതീയുവാക്കൾ ആഗ്രഹിക്കുന്നു. കത്തോലിക്കാസഭയിൽ വൈദികർ അവിവാഹിതരായിരിക്കുന്നതിന്റെ ഒരു സാക്ഷാത്കാരം

www.malankaralibrary.com

അവർ പ്രതീക്ഷിക്കുന്നു. ബഥനി സന്യാസികൾ പണ്ടുജനങ്ങളിലേക്ക് ഇറങ്ങിചെന്നതുപോലെ നമ്മുടെ സന്യാസികളും ചെയ്യണമെന്നതിന്റെ പ്രതീകാത്മകമായ ആഹ്വാനമാണ് ഈ തീർത്ഥാടനം. നമ്മുടെ സഭയ്ക്ക് സന്യാസജീവിതം വരിച്ചവർ എത്രയോ പേരുണ്ട്? അവരിൽ നിന്നും വലിയ പ്രതീക്ഷ സഭയ്ക്കുണ്ട്. അത് എം.സി. വൈ.എം. ഇന്നു വിളിച്ചറിയിക്കുന്നു.

ഓരോ തീർത്ഥാടനവും ഓരോ ചരിത്രസംഭവത്തിന്റെ അനുസ്മരണയാണ്. ശബരിമല അയ്യപ്പനേയും ചരിത്രപുരുഷനായിട്ടാണല്ലോ മലകയറുന്നവർ പരിഗണിക്കുന്നത്. അത്തരം തീർത്ഥാടനങ്ങൾ ഭാരതത്തിൽ ധാരാളമുണ്ട്. അവയിൽനിന്നൊക്കെ വ്യത്യസ്തമായി വിശ്വാസിസമൂഹം മുഴുവൻ ഉൾപ്പെട്ട് പരിപൂർത്തി പ്രതീക്ഷിക്കുന്നതിന്റെ ബഹിർപ്രകാശനമാണ് ക്രിസ്തീയ തീർത്ഥാടനങ്ങൾ. മാർ ഈവാനിയോസ് പിതാവ് പെരുനാട് വിട്ടുവന്നതിൽ മലങ്കരസഭമുഴുവൻ ഉൾപ്പെട്ടിരുന്നു, അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരുമായി. യേശുവിന്റെ പെസഹാസംഭവത്തിലും ഈ വിഭജനം ദൃശ്യമാണ്.

എന്നാൽ പ്രസ്ഥാനം അംഗസംഖ്യയിൽ വളർന്നപ്പോൾ അകത്തോലിക്കരുടെ പുനരൈക്യം ഒരു പ്രായോഗികപ്രശ്നം അല്ലാതായിതീർന്നു. ഇനിയും ആരും പുനരൈക്യപ്പെടുകയില്ല എന്നാണ് പൊതുസംസാരം. അതിന് കാരണവും പലതുണ്ട്. അവ മാനുഷിക വിചിന്തനം മാത്രം. മാനുഷിക പ്രേരണവച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ പെരുനാട്ടിൽ നിന്നു വിട്ടുപോരുക അസാധ്യമായേനെ. ആരൊക്കെയുണ്ട് തന്റെ കൂടെ, എന്തൊക്കെ കിട്ടും, എന്നു ചിന്തിച്ചിരുന്നെങ്കിൽ പുനരൈക്യസംഭവം സാധിക്കുമായിരുന്നില്ല. പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ച് മാർ ഈവാനിയോസ് പിതാവ് മുമ്പോട്ടുവന്നു. കൂടെ പോകുവാൻ കൂടുതൽ കൂടുതൽ പേർ സന്നദ്ധരായി. ഇന്നും അതേ ദൈവികസാധ്യത നിലനില്ക്കുന്നു. ഇതാണ് തീർത്ഥാടനത്തിൽ ഉൾപ്പെടുന്ന യുവാക്കൾ വിളിച്ചറിയിക്കുന്നത്. അവരുടെ പ്രാർത്ഥനാഗാനങ്ങൾ ഒന്നു ശ്രദ്ധിക്കുക. തീർത്ഥാടനം കടന്നുപോകുന്ന വഴിയോരങ്ങളിൽ വളരെ പേർ ശ്രദ്ധിക്കുന്നുണ്ട്. തീർത്ഥാടനാന്ത്യത്തിൽ ഒന്നിച്ചുകൂടുന്ന വിശ്വാസിസമൂഹം മുഴുവനും വിളിച്ചുപറയുന്നത് ഒന്നുമാത്രം – മലങ്കരസഭയുടെ മുഴുവൻ പുനരൈക്യം ആസന്നമായിരിക്കുന്നു.

*ക്രൈസ്തവകാഹളം, 1999 ജൂൺ-ജൂലൈ*



# 48

# പുനരൈക്യം ഒരു പ്രയാണം

പുനരൈക്യപ്രസ്ഥാനം ഒരു മുന്നേറ്റമാണ്; ഒരു യാത്രയാണ്. കാനാൻദേശത്തേക്ക് മൂശയുടെ നേതൃത്വത്തിൽ ഇസ്രായേൽക്കാർ നടത്തിയതുപോലെ ഒരു പ്രയാണമാണത്. സഭയെ തീർത്ഥാടകസമൂഹമായി വർത്തിക്കാൻ സൂനഹദോസ് ചിത്രീകരിക്കുന്ന ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ ഒന്നിച്ചുകൂടാൻ വിശ്വാസികൾ തീർത്ഥയാത്ര ചെയ്തുകൊണ്ടിരിക്കുകയാണ്. ആ യാത്രയുടെ ആഭിമുഖ്യമാണ് പുനരൈക്യപ്രസ്ഥാനത്തിന്റെ അംഗങ്ങൾക്കുമുണ്ടാകേണ്ടത്. ഒരു ചെറിയ സമൂഹമായി അവർ യാത്രയാരംഭിച്ചു. മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ കേവലം അഞ്ചുപേർ പുനരൈക്യപ്പെടുമ്പോൾ മാറി നിന്നവർ അതിനെ ചെറിയ സമൂഹമെന്ന് പറഞ്ഞു ചിരിച്ചു കാണും. എന്നാൽ അവർ ഒരു മെത്രാപ്പോലീത്തായും ഒരു മെത്രാനും ഒരു കശ്ശീശായും ഒരു ശെമ്മാശനും ഒരു അല്മേനിയും പ്രതീകാത്മകമായി മലങ്കരസഭയെ മുഴുവൻ തങ്ങളിൽ ഉൾപ്പെടുത്തി. ഭിന്നിച്ചു നിൽക്കുന്ന സഹോദരർ ഐക്യത്തിലേക്കു തിരിച്ചുവരുന്ന യാത്ര അന്ന് ആരംഭിച്ചു. ആ യാത്ര ഇന്നും തുടരുകയാണ്. അഞ്ചുപേരും തികച്ചും ബോധവാന്മാരായിരുന്നു തങ്ങൾ ആരംഭിച്ച പ്രയാണത്തെപ്പറ്റി. എന്നാലിന്ന് പുനരൈക്യപ്പെട്ടവരുടെ എണ്ണം പെരുകി, പ്രസ്ഥാനം വളർന്നു. ഇന്ന് പുനരൈക്യപ്രസ്ഥാനത്തിന്റെ മക്കൾ ബോധവാന്മാരാണോ തങ്ങൾ ഒരു വലിയ പ്രയാണത്തിൽ ഉൾപ്പെട്ടിരിക്കുകയാണെന്ന്? ആത്മശോധന ചെയ്യേണ്ട പ്രശ്നമാണിത്.

മലങ്കരകത്തോലിക്കാസഭയെ പുനരൈക്യപ്രസ്ഥാനവുമായി താദാത്മ്യപ്പെടുത്തിയെന്നത് തികച്ചും ദൂരവീക്ഷണത്തിന്റെ ആശയമാണ്. ഒരു പ്രത്യേകമായ ആരാധനരീതിയും ചിന്താധാരയും ജീവിതവീക്ഷണവുമുള്ള മലങ്കര സഭാംഗങ്ങൾ പുനരൈക്യപ്പെട്ടതോടുകൂടി ഒരു പ്രത്യേകപ്രാദേശികസമൂഹമായി അംഗീകരിക്കപ്പെട്ടത് തികച്ചും സമുചിതമായി. എന്നാൽ കേവലം അഞ്ചുപേരെയാണോ ഒരു സഭയായി അംഗീകരിക്കുകയെന്ന് ചോദ്യമുന്നയിച്ചവർ ഉണ്ടായേക്കാം. എന്നാൽ ആ അഞ്ചുപേരുടെ പുനരൈക്യത്തിന് തികച്ചും എക്യുമെനിക്കൽ പശ്ചാത്തലമുണ്ടായിരുന്നുവെന്നത് വിസ്മരിച്ചുകൂടാ.

www.malankaralibrary.com

മലങ്കര ഓർത്തഡോക്സുസഭയാണ് മാർ ഈവാനിയോസിലൂടെ കാതോലികകൂട്ടായ്മയിലേക്ക് വരുവാൻ ശ്രമിച്ചത്. ആ സഭ മുഴുവന്റെയും പ്രതിനിധിയായി അദ്ദേഹം വർത്തിച്ചു. സംഭാഷണം തുടരുന്നതിൽ മാത്രമല്ല സംഭാഷണത്തിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിലും. ഒരിക്കൽ ഓർത്തഡോക്സുമെത്രാന്മാർ ഒന്നിച്ചുകൂടി കാതോലിക കൂട്ടായ്മയിൽ ഒന്നിക്കുവാനുള്ള ശ്രമത്തിൽ ഏർപ്പെടുവാൻ മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തി. അതിന്റെ ലക്ഷ്യത്തിൽ എത്തിയ നിമിഷത്തിൽ മാർ ഈവാനിയോസും മാർ തെയോഫിലോസും ഒഴികെയുള്ളവർ പിൻവാങ്ങിയെന്നതുകൊണ്ട് മാർ ഈവാനിയോസ് മലങ്കരസഭയുടെ പ്രതിനിധിയല്ലാതാകുന്നില്ല. കാരണം ഐക്യത്തിന്റെ പ്രയാണം ആരംഭിച്ചുകഴിഞ്ഞിരുന്നു.

## ഒരു ചെറിയകൂട്ടം

ഒരു ചെറിയ സമൂഹം മലങ്കരസഭയുടെ മുഴുവൻ പ്രതിനിധിയാകുന്ന അത്ഭുതസംഭവമാണ് പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭത്തിൽ നാം കാണുന്നത്. ഒരു സഭ മുഴുവനും അവിടെ പ്രതിനിധാനം ചെയ്തു കൊണ്ടു മാറിനിന്നവർ ഭൂരിപക്ഷമായിരുന്നു വെന്നതാണോ എതിർവാദം? സഭയിൽ ഭൂരിപക്ഷമല്ല നിർണ്ണായക ഘടകം. പുനരൈക്യം വിശ്വാസത്തിന്റെ വലിയ പ്രകടനമാണ്, ദൈവകൃപയുടെ പ്രവർത്തനമാണ്. ദൈവകൃപ ചുരുക്കംപേരിൽ മാത്രം പ്രവർത്തിക്കുന്നതല്ലേ സാധാരണസംഭവം. ഐക്യം വിശ്വാസ ജീവിതത്തിന്റെ ചൈതന്യമാണ്. വിശ്വാസത്തിലേക്ക് സ്വയം തുറന്നുവയ്ക്കുന്നവർ ഐക്യത്തിലേക്ക് പ്രവേശിക്കുന്നു. ദൈവം അവരിൽ പ്രവർത്തിക്കുന്നു. അതുകൊണ്ട് ദൈവം അവരെ മാത്രം സ്വീകരിക്കുന്നുവെന്നല്ല അർത്ഥം. അവരിലൂടെ കൂടുതൽപേരെ ഐക്യത്തിലേക്ക് ആനയിച്ചുകൊണ്ടിരിക്കുന്നു. അതാണ് പുനരൈക്യപ്രസ്ഥാനത്തിലുടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഓർത്തഡോക്സുസഭയിൽ നിന്നും മാർത്തോമാ സഭയിൽനിന്നുമെല്ലാം ആയിരങ്ങളെയും പതിനായിരങ്ങളെയും കാത്തോലിക്കാസഭയുടെ കൂട്ടായ്മയിലേക്ക് ദൈവം ആനയിച്ചു കഴിഞ്ഞു. അതുകൊണ്ട് ഐക്യത്തിന്റെ പ്രയാണം അവസാനിക്കുന്നില്ല. മലങ്കരസഭയുടെ ഓരോ സമൂഹങ്ങളിൽ അനൈക്യത്തിൽ കഴിയുന്ന സഹോദരരെ മുഴുവൻ ഐക്യത്തിൽ കൊണ്ടുവരേണ്ടതായുണ്ട്. ഐക്യത്തിന്റെ പ്രയാണം ഇന്നും തുടർന്നുകൊണ്ടിരിക്കണം. പുനരൈക്യപ്പെട്ടവരുടെ ഉത്തരവാദിത്വമാണ് അത് തുടരുകയെന്നത്.



പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയെ നാം കാണുന്നത് ഇതിൽ ദൃശ്യമായി ഉൾപ്പെട്ടിരിക്കുന്നവരിൽ മാത്രമായിരിക്കരുത്. ഐക്യത്തിൽ ഹൃദയവും മനസും ആത്മവുമുള്ളവരെല്ലാം ഇതിൽ ഉൾപ്പെടുന്നവരാണ്. പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭത്തിൽ പലരും പിൻമാറിയെന്നു പറഞ്ഞുവല്ലോ. ആ പിന്മാറ്റം എതിർപ്പായി നാം കാണരുത്. ഐക്യത്തിന്റെ കൃപയേക്കാൾ മറ്റുപലതും കാര്യമായി അവർക്കു തോന്നിയെന്നുമാത്രം. പുനരൈക്യത്തിന്റെ മുന്നേറ്റത്തിൽ ഐക്യം കൂടുതൽ അഭിലഷണീയമായി അവർക്കു തോന്നുകയില്ലെന്നുണ്ടോ? എത്രപേർക്ക് തോന്നിക്കഴിഞ്ഞു. പുനരൈക്യപ്രസ്ഥാനത്തിന്റെ കടുത്ത എതിരാളികൾ ഇതിന്റെ പ്രേഷിതരായി മാറിയ സംഭവങ്ങളുണ്ട്. ഓരോസ്ഥലത്തും ഓരോ ചെറിയ കൂട്ടങ്ങൾ പുനരൈക്യപ്പെട്ടപ്പോൾ അവരെ പല്ലും നഖവും വച്ച് എതിർക്കുവാൻ ഭൂരിപക്ഷം സന്നദ്ധരായി. വാസ്തവത്തിൽ പുനരൈക്യത്തിന്റെ പ്രാധാന്യത്തെ അവർ പ്രകാശാന്തരേണ സമ്മതിക്കുകയാണ് ചെയ്തത്. പ്രധാനമെന്ന് ഗണിക്കാത്തതിനെ ആര് എതിർക്കും? എന്നാൽ ഈ എതിർപ്പ് ഇന്ന് കെട്ടടങ്ങിക്കഴിഞ്ഞു.

## ചൈതന്യത്തിലേക്ക് പ്രവേശിക്കുക

ഇന്ന് ഐക്യത്തെ അനുകൂലിക്കാത്തവർ ആരുമില്ല. ക്രിസ്ത്യാനികളുടെ ഇടയിൽ അതിന്റെ രീതിയെയും വിധത്തെയും പറ്റി മാത്രമാണ് ഇന്ന് അഭിപ്രായവ്യത്യാസം. ഐക്യം ഒരു ആവശ്യമായി ഇന്ന് എല്ലാ ക്രിസ്ത്യാനികളും സമ്മതിക്കുന്നു. എന്നാൽ ഐക്യത്തിന്റെ ചൈതന്യത്തിലേക്ക് പ്രവേശിക്കുവാൻ പലർക്കും സാധിക്കുന്നില്ല. ആവശ്യമായി തോന്നുന്നത് ലൗകികവും മാനുഷികവുമായ തലത്തിൽമാത്രം. ഏതെല്ലാം മതേതര മണ്ഡലങ്ങളിൽ ഐക്യത്തിന്റെ ശ്രമം നടക്കുന്നു. അതുപോലെയൊന്ന് ക്രൈസ്തവരുടെയിടയിലും നടക്കുന്നതായി മാത്രമാണ് ഭൂരിഭാഗത്തിനും തോന്നുക. എന്നാൽ ക്രൈസ്തവൈക്യം ഒരു ദൈവികചൈതന്യമാണ്. ദൈവകൃപയുടെ പ്രവർത്തനമാണ്. ദൈവം തന്റെ വിശ്വാസികളെ തന്നോട് ഒന്നിപ്പിക്കുന്നു. ദൈവത്തോടും ക്രിസ്ത്യാനികൾ പരസ്പരവും ഒന്നിപ്പിക്കുന്ന ദൈവികചൈതന്യമാണ്, പുനരൈക്യത്തിന്റേത്. ക്രൈസ്തവൈക്യം ആവശ്യമായി തോന്നുന്നവർ അതിന്റെ ചൈതന്യവും സ്വീകരിക്കും. അവരുടെ വിശ്വാസം ശരിയായി

www.malankaralibrary.com

ഉത്തേജിതമാകുമ്പോൾ മാത്രമേ പുനരൈക്യം സാധ്യമാകൂ. വിശ്വാസത്തിന്റെ പ്രചോദനമുണ്ടാകുന്നതാകട്ടെ വ്യക്തികൾക്കാണ്, സമൂഹത്തിന് കൂട്ടായല്ല. വിശ്വാസപ്രചോദിതരായ വ്യക്തികൾ സമൂഹത്തെ നയിക്കും. എന്നാൽ ദൈവം ഓരോ വ്യക്തിയിലും ചിന്തുന്നതായ ദൈവകൃപയുടെ പ്രവർത്തനത്തിലാണ് പുനരൈക്യം യാഥാർത്ഥ്യമാവുന്നത്. അങ്ങനെ പുനരൈക്യത്തിന്റെ ചൈതന്യത്തിലേക്ക് പ്രവേശിക്കുന്നവർ ഒറ്റപ്പെട്ട വ്യക്തികളാകാം, സമൂഹത്തിന്റെ പ്രതിനിധികളാകാം, വ്യക്തികളുടെ കൂട്ടം തന്നെയാകാം. എന്നാലും പുനരൈക്യം ദൈവം ഓരോ വിശ്വാസിയിലും ചിന്തുന്ന വ്യക്തിപരമായ കൃപയുടെ ഫലം മാത്രമാണ്. ഐക്യം ആവശ്യമെന്ന് തോന്നിയവർക്കെല്ലാം ഐക്യത്തിന്റെ ചൈതന്യം അനുഭവവേദ്യ മാകണമെന്നില്ല. എന്നാൽ ഐക്യത്തിന്റെ ചൈതന്യം അനുഭവപ്പെടുന്നവർക്ക് ഗൗരവമായ ഉത്തരവാദിത്വമുണ്ട് ഈ ആശയത്തോട് അനുകൂലിക്കുന്നവരെയെല്ലാം അടുപ്പിച്ചുകൊണ്ടു വരാൻ. അതിന് നമ്മുടെ സമീപനം തികച്ചും ദൈവികമായിരിക്കണം.

## ആവശ്യബോധവും ദൈവകൃപയും

അതുകൊണ്ട് മാനുഷികമായ ആവശ്യബോധത്തിൽനിന്ന് ദൈവികകൃപയിലേക്കുള്ള പ്രയാണമാണ് പുനരൈക്യത്തിന്റേത്. ആവശ്യബോധം എല്ലാ ക്രൈസ്തവർക്കും ഉണ്ടായിക്കഴിഞ്ഞു. എന്നാൽ ദൈവികപ്രേരണയിലേക്ക് അതിനെ കടത്തിവിടാൻ വളരെ പ്രതിബന്ധങ്ങൾ അവർക്ക് അനുഭവപ്പെട്ടു കൊണ്ടിരുന്നു. ഒന്നാമതായി ഭിന്നതയുടെ ആത്മാവ് എല്ലാ മനുഷ്യരിലും എന്നും സജീവമാണ്. ഐക്യം ആവശ്യമാണെന്ന് തോന്നുമ്പോഴും ഭിന്നതയുടെ ആത്മാവ് അതിനെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കും. ഐക്യം ആവശ്യമാണെന്ന് തോന്നുമ്പോൾ തന്നെ അനൈക്യം അനിവാര്യമാണെന്ന് അവൻ ശഠിക്കും. മാത്രല്ല ഭിന്നതയുടെ ആത്മാവ് മേൽക്കോയ്മ പുലർത്തുകയും ചെയ്യും. ഒരു രീതിയിൽ ഐക്യത്തിന്റെ ശ്രമങ്ങളിൽ ഏർപ്പെടുന്നവർ തന്നെ ഭിന്നതയുടെ വ്യക്തികളും പ്രണേതാക്കളുമായി മാറുന്നില്ലേ. പല അകത്തോലിക്കാസഭാനേതാക്കളുടെയും നിലപാട് ഇതാണ്. അവരുടേത് ഐക്യത്തിന്റെ മിഥ്യാശ്രമങ്ങൾ മാത്രം. ഐക്യത്തിന്റെ മുഖംമൂടിയ്ക്കുള്ളിൽ ഭിന്നതയുടെ മുഖം ഒളിച്ചിരിക്കുന്നു. ഐക്യം ആവശ്യമാണെന്നും അവർ സമ്മതിച്ചേക്കാം



എന്നാൽ പ്രയോഗത്തിൽ അവർ ഭിന്നതയുടെ പ്രവാചകൻമാരാണ്. ഇവരാരും പുനരൈക്യത്തിന്റെ ചൈതന്യം ഉൾക്കൊള്ളുന്നില്ല. അതിന്റെ പ്രയാണത്തിൽ പങ്കാളികളാകുന്നില്ല. എന്നാൽ ഐക്യത്തിനുവേണ്ടി ആഗ്രഹിച്ചാലും തങ്ങൾ അനൈക്യത്തിന് വഴിപ്പെട്ടു പോകുന്നുവെന്ന് തുറന്നു ഏറ്റുപറയുന്നവരാകട്ടെ ദൈവകൃപയ്ക്ക് വശംവദരാകുന്നു. അതായത് പുനരൈക്യം മനുഷ്യന്റെ പരിശ്രമമല്ല, ദൈവകൃപയ്ക്കുള്ള വിധേയത്വമാണ്. അത് സമ്മതിക്കുന്നവർ മാനുഷികമായ ആവശ്യബോധത്തിൽനിന്ന് ദൈവികമായ അനുഭവത്തിലേക്കു കടന്നുചെല്ലുന്നു. അവർ പുനരൈക്യത്തിലേക്കുള്ള പ്രയാണത്തിൽ ഉൾപ്പെടുന്നവരാണ്.

ഐക്യം മാനുഷികമായി അസാധ്യമാണെന്ന് ബോധ്യപ്പെട്ട് വഴിമുട്ടി നില്ക്കുന്നവരുണ്ട്. മനുഷ്യർ എത്രയേറെ ശ്രമിച്ചിട്ടും ഐക്യം സാദ്ധ്യമാകുന്നില്ലെന്ന് അവർക്ക് ബോധ്യമുണ്ട്. എന്നാലും ദൈവികാനുഭവത്തിലേക്ക് കടന്നുചെല്ലാൻ അവർക്ക് സാധിക്കുന്നില്ല. വളരെ മാനുഷിക സാഹചര്യങ്ങൾ ശക്തമായുണ്ട്. അവരെ ദൈവം നൽകുന്ന വെളിച്ചത്തിൽ മാറ്റി നിറുത്തുന്നതായ തന്റെ സമൂഹത്തിൽപ്പെട്ട സഹോദരന്മാരോടുള്ള ബന്ധമായിരിക്കും, ഒരു പ്രതികൂല സാഹചര്യം. ഭൗതിക ജീവിതാവസ്ഥയായിരിക്കും വേറൊന്ന്. ഇവയെല്ലാം ഐക്യത്തിന്റെ വെളിച്ചം സ്വീകരിക്കാൻ അവരെ തടസപ്പെടുത്തുന്നു. ഫലമോ ഐക്യത്തിന്റെ പ്രയാണത്തിൽ ആഗ്രഹമുണ്ടെങ്കിലും ഉൾപ്പെടുന്നില്ല. ശക്തമായ ദൈവകൃപ അവരിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ആരിലൂടെയാണ് അത് പ്രവർത്തിക്കുക, പുനരൈക്യത്തിന്റെ പ്രയാണത്തിൽ ഉൾപ്പെട്ടവരിലൂടെ തന്നെ. യാത്രയിൽ തളരുന്നവരെ തളരാത്തവർ കൈകൊടുത്ത് താങ്ങുന്നു. മാനുഷികശ്രമത്തിൽ പരാജയപ്പെട്ട് ദൈവകൃപയിൽ ആശ്രയിക്കുന്നവ രെല്ലാം ഐക്യത്തിന്റെ യാത്രയിൽ ഉൾപ്പെടുന്നവരാണ്. എന്നാൽ ദൈവാശ്രയത്തിൽ ഉറയ്ക്കാതെ ആരെങ്കിലും തളർന്നു പോകുന്നു വെങ്കിൽ ഉറച്ചുനില്ക്കുന്നവർ അവരെ സഹായിക്കണം.

## പ്രയാണത്തിൽ ഉൾപ്പെടുക

എന്നാൽ ആരാണ് പുനരൈക്യപ്രയാണത്തിൽ ഉൾപ്പെട്ടിരിക്കുക. ആരാണ് ദൈവാശ്രയത്തിൽ ഉറച്ചുനില്ക്കുക? പുനരൈക്യ പ്രസ്ഥാനത്തിൽ ബാഹ്യമായി പേരുചേർത്തവരെല്ലാവരുമോ? ബാഹ്യബന്ധം ഐക്യത്തിനുള്ള ആന്തരീകാഗ്രഹം ഉളവാക്കണമെന്നില്ല. മാനുഷികമായി അംഗത്വം മാനുഷികശ്രമത്തിന്റെ നിഷ്ഫ

www.malankaralibrary.com

ലതയെ വ്യക്തമാക്കുകയുമില്ല. ബാഹ്യമായ പരിശ്രമം ദൈവാശ്രയത്തിൽനിന്ന് ചൈതന്യം പകരണമെന്നുമില്ല. അതുകൊണ്ട് മലങ്കര കത്തോലിക്കാസഭയുടെ ദൃശ്യാംഗത്വം ആരെയും പുനരൈക്യപ്രസ്ഥാനത്തിന്റെ പങ്കാളികളാക്കുന്നില്ല. പുനരൈക്യപ്രയാണത്തിൽ ഉൾപ്പെടുത്തുന്നുമില്ല. നേരെമറിച്ച് പുനരൈക്യപ്രസ്ഥാനം ദൈവത്തിന്റെ പ്രവർത്തനമാണെന്ന് ബോദ്ധ്യപ്പെട്ട് അതിന് കീഴ്പ്പെടുന്നവരാണ് യഥാർത്ഥപുനരൈക്യ പ്രേഷിതർ. മലങ്കരസഭയ്ക്കുണ്ടായ ബാഹ്യമായ നേട്ടങ്ങൾ എടുത്ത് പറഞ്ഞു ദൈവപരിപാലനയെ നാം സ്തുതിക്കുന്നു. എന്നാൽ അവയെല്ലാം അടയാളങ്ങൾ മാത്രമാണ്. ആന്തരികമായി പുനരൈക്യപ്രാപ്തിക്ക് ദൈവം ചെയ്യുന്ന അത്ഭുതകരമായ പ്രവർത്തനങ്ങളുടെ സൂചനകൾ. പുനരൈക്യത്തിനുവേണ്ടി വിശ്വാസികളുടെ ഹൃദയങ്ങളെ ഒരുക്കുന്ന പരിശുദ്ധാത്മാവിനെ നാം തിരിച്ചറിയണം. ഐക്യത്തോട് എല്ലാ ക്രൈസ്തവരും കൂടുതൽ സജീവമായ ആഭിമുഖ്യം ഇന്ന് പുലർത്തുന്നില്ലേ. ഇതിനെ തിരിച്ചറിഞ്ഞുവെന്നതാണ് രണ്ടാംവത്തിക്കാന്റെ നേട്ടം. എന്നാൽ പുനരൈക്യത്തിന്റെ പ്രതിബന്ധങ്ങളിൽ മാത്രം കണ്ണുംനട്ട് നാം നിരാശകൊള്ളുന്നു. കാരണം പുനരൈക്യത്തിന് ദൈവം ചെയ്യുന്ന ആന്തരികപ്രവർത്തനത്തിൽ നാം പങ്കാളികളല്ലെന്നതുതന്നെ.

അതുകൊണ്ട് മലങ്കരകത്തോലിക്കാസഭയും പുനരൈക്യപ്രസ്ഥാനവും അതിനാൽ തന്നെ ഒന്നാണെന്ന് സങ്കല്പിക്കുന്നതിൽ അർത്ഥമില്ല. പുനരൈക്യത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് ദൈവകൃപയ്ക്ക് വിധേയരാകുന്നവർ മാത്രമാണ് പുനരൈക്യപ്രേഷിതർ. പുനരൈക്യത്തിന്റെ ആവശ്യബോധം നമുക്കുണ്ട്. മറ്റു കത്തോലിക്കർക്ക് ഈ ബോധം നമ്മുടെയത്രയും ഉൽക്കടമാകണമെന്നില്ല. തങ്ങളുടെതന്നെ സഹോദരരും സ്നേഹിതരും കാതോലിക്കൈക്യത്തിന് പുറത്ത് നില്ക്കുന്നുവെന്ന ദുരവസ്ഥ മറ്റു കത്തോലിക്കരെയത്രയും പീഢിപ്പിക്കണമെന്നില്ല. നാം നടത്തുന്ന പ്രാർത്ഥനകളും ശുശ്രൂഷകളും വാസ്തവത്തിൽ നമ്മുടെ സഹോദരന്മാരുടെ തന്നെയാണ്. അനൈക്യത്തെപ്പറ്റി ദൈവികമായി ബോധവാന്മാരാകുവാനുള്ള അവസരമാണവ. എന്താണ് ദൈവികമായി ബോധവാന്മാരാകുകയെന്നതിന്റെ അർത്ഥം? പുനരൈക്യം മനുഷ്യശ്രമമെന്നതിനേക്കാൾ ദൈവകൃപയുടെ ഫലമാണെന്ന് ബോധ്യമാണ്. അങ്ങനെ മാനുഷികശ്രമത്തിന്റെ പരിമിതിയിൽനിന്ന് ദൈവകൃപയുടെ



ഫലദായകത്വത്തിലേക്ക് പ്രയാണം ചെയ്യുവാൻ അനുയോജ്യമായ അവസരമാണ് മലങ്കര കത്തോലിക്കർക്കുള്ളത്. ഈ പ്രയാണമാണ് അവരെ പുനരൈക്യപ്രസ്ഥാനത്തിൽ പങ്കാളികളാക്കുന്നത്. ഈ പങ്കാളിത്തം ദൈവം ചെയ്തുകൊണ്ടിരിക്കുന്ന വലിയ പ്രവർത്തനത്തെ മനസ്സിലാക്കാൻ അവരെ സഹായിക്കുന്നു. വാസ്തവത്തിൽ ദൈവം തന്നിൽ വിശ്വസിക്കുന്നവരെ അത്ഭുതകരമായി ഒന്നിപ്പിച്ചുകൊണ്ടിരിക്കുന്നു. ശരിയാണ്, പുനരൈക്യപ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നതിന് പകരം കൂടുതലായി ദൈവത്തിൽ ആശ്രയിക്കുവാൻ പ്രേരകമാകണം. നമ്മുടെ സഹോദരരെ പുനരൈക്യത്തിൽനിന്ന് മാറ്റി നിർത്തുന്ന കാരണങ്ങളെ ദൈവം ദൂരീകരിക്കുമെന്ന പ്രതീക്ഷ പുനരൈക്യപ്രയാണത്തിൽ കൂടുതൽ സജീവമായി പങ്കുകൊള്ളുന്നതിന് പ്രേരകമാകണം. ഈ പ്രയാണം ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തനമാണെന്ന പ്രതീക്ഷയാണത്.

*ക്രൈസ്തവകാഹളം, 1999 സെപ്റ്റംബർ*

www.malankaralibrary.com

## 49

# പുനരൈക്യം - വിമിട്ടവും വേദനയും

ബഥനിയുടെ ഗർഭഗൃഹത്തിലാണ്, പുനരൈക്യപ്രസ്ഥാനം രൂപം ധരിച്ചത്. അതിന്റെ പ്രതീക്ഷകളും ആകുലതകളും അവിടെ അനുഭവം കൊണ്ടിരുന്നു. വ്യത്യസ്തഭാവങ്ങളും വീക്ഷണങ്ങളും അവ രണ്ടു ദിശകളിലേക്കാണ് പ്രധാനമായി വിരൽചൂണ്ടിയത്. ജീവിച്ചുപരിചയിച്ച ഓർത്തോഡോക്സ് സമൂഹത്തിൽ അടിഞ്ഞുകൂടാനും അഥവാ സഭയുടെ കാതോലികചക്രവാളത്തിലേക്ക് പറന്നുയരാനും. അവർ രണ്ടും തമ്മിലുള്ള ഏറ്റുമുട്ടൽ ബഥനി സമൂഹത്തെ ഇളക്കിമറിച്ചു. ഈ പ്രായസങ്ങൾ കൂടുതലും മനസ്സിലും ഹൃദയത്തിലും ധരിച്ചത് മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നീ പിതാക്കന്മാരാണ്. എങ്കിലും അത് പ്രകടമായത് ആശ്രമസമൂഹത്തിലാണ് അത് അനുദിനം അനുഭവിച്ചു. സമൂഹത്തെ ഒന്നിച്ചുനിർത്താൻ ശ്രമിച്ചത്, ആശ്രമശ്രേഷ്ഠൻ ഫാദർ ഏബ്രഹാം ഒ.ഐ.സിയാണ്. ധീരോദാത്തമായ നിലപാടാണ് അതിൽ അദ്ദേഹം അവലംബിച്ചത്. വ്യത്യസ്ത സംഭവങ്ങളിൽ അദ്ദേഹം സ്വീകരിച്ച സമീപനങ്ങളുടെ തിരിഞ്ഞുനോട്ടമാണ് ഈ ലേഖനം.

ആദ്യമായി പരാമർശിക്കുന്നത് ചേപ്പാട് ഫീലിപ്പോസ് അച്ചനെയാണ്. ചേപ്പാട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അനന്തിരവൻ. അദ്ദേഹം മദ്രാസിലെ ഓർത്തഡോക്സ് ഇടവകയുടെ അജപാലനം ഏറ്റെടുത്തിരുന്നു. സ്വന്തം ഇടവകയായ ചേപ്പാട്ടും ചുമതല നോക്കി. കക്ഷിമാത്സര്യത്തിൽ മനംമടുത്ത് ബഥനിയിൽ ചേർന്നു. അദ്ദേഹം ഇങ്ങനെ പറയുന്നു: “ഞാൻ തിരുവല്ലായിൽ നിന്നും പെരുനാട് ബഥനി ആശ്രമത്തിൽ എത്തി. അവിടത്തെ സുപ്പീരിയർ ഫാദർ ഏബ്രഹാം ഒ.ഐ.സി.ആയിരുന്നു. ആശ്രമത്തിലെ വ്രതാനുഷ്ഠാനങ്ങളെക്കുറിച്ച് വളരെ പഠിക്കാൻ ഉണ്ടായിരുന്നു. ആശ്രമത്തിലുള്ളവരെല്ലാം ഒന്നുരണ്ടുമണിക്കൂർ വേല ചെയ്യണമെന്നാണ് നിയമം. ഞാൻ ഒരു വൈദികനാകയാൽ എനിക്ക് വേല തരുന്നതിൽ അവർ വിമുഖരായിരുന്നു. എങ്കിലും ഞാനും അവരോടൊത്ത് വേല ചെയ്തുവന്നു” (പൂർവകാലസ്മരണകൾ P.77) ചേപ്പാട് അച്ചൻ ബഥനിയിൽ ചേർന്നത് കുണ്ടറ മാർ ബസേലിയോസ് കാതോലിക്കായ്ക്ക് ഇഷ്ടപ്പെട്ടില്ല, തിരികെ അയയ്ക്കണമെന്ന് മാർ ഈവാനിയോസിനും, അച്ചന്റെ പേർക്കും കത്തുകൾ അയച്ചു തുടങ്ങി. “എന്റെ പേർക്കും എഴുത്തുകൾ വന്നിരുന്നു. പക്ഷേ ആശ്രമനിയമമനുസരിച്ച് ആശ്രമസുപ്പീരിയർ പൊട്ടിച്ചുവായിച്ച് തൃപ്തി തോന്നിയെങ്കിൽ മാത്രമേ ആശ്രമസ്ഥർക്ക് കൊടുക്കുകയുള്ളൂ. അതിനാൽ എനിക്കുവന്ന എഴുത്തുകൾ ഒന്നും എനിക്കു ലഭിച്ചില്ല” (P.81) ചേപ്പാട്ടച്ചനെ വിവരം അറിയിക്കണമെന് സുപ്പീരിയർ മാർ ഈവാനിയോസ് പിതാവിനെ നിർബന്ധിച്ചു. പിതാവു വിവരം പറഞ്ഞു. “പോകണമെന്നോ എപ്പിസ്കോപ്പാസ്ഥാനം ഏല്ക്കുന്നതിനു പ്രാരംഭമായി റമ്പാൻസ്ഥാനം ഏല്ക്കണമെന്നോ ആഗ്രഹമുണ്ടോ? എന്നു ചോദിച്ചു.(P.81) എപ്പിസ്കോപ്പാസ്ഥാനം ഏല്ക്കണമെന്നായിരുന്നു, എഴുത്തുകളിലെ താത്പര്യം. അങ്ങനെ ഞാൻ ബഥനി ആശ്രമത്തിൽനിന്ന് പരുമലയ്ക്കു പോകയും പരുമലപ്പെരുന്നാളിന്റെ പിറ്റേദിവസം 1929 നവംബർ 3ന് മെത്രാഭിഷേകത്തിനു പ്രാരംഭമായി കാതോലിക്കാബാവാ എനിക്കു റമ്പാൻ സ്ഥാനം തരികയും ചെയ്തു. എന്നോടുകൂടി കിഴക്കേ തലയ്ക്കൽ തോമസു കത്തനാരുടെ മകൻ ഗീവർഗീസച്ചനെയും കൂടി റമ്പാനാക്കി (P.81)ഗീവർഗീസച്ചനാണ് പിന്നീട് മാർ പീലെക്സിനോസ് എന്നപേരിൽ തുമ്പമൺ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിത്തീർന്നത്. മെത്രാൻസ്ഥാനം കാട്ടി, പുനരൈക്യപ്പെടുന്നതിൽ നിന്ന് ചേപ്പാടു ഫീലിപ്പോസ് റമ്പാനെ പിൻതിരിപ്പിക്കാനാണ്, കാതോലിക്കാ ബാവ ശ്രമിച്ചത്. എന്നാൽ ചേപ്പാട്ട് റമ്പാച്ചൻ പുനരൈക്യത്തിൽ ഉറച്ചുനിന്നു. അദ്ദേഹം മെത്രാനായുമില്ല.

ചേപ്പാട്ടു റമ്പാനും പുലിക്കോട്ടുറമ്പാനും സ്ഥാനമേറ്റത് മാർ ഈവാനിയോസിന്റെ പുനരൈക്യത്തെ ത്വരിതപ്പെടുത്തി. അതിനുണ്ടായ മറ്റൊരുപ്രേരണ, ബഥനിയിലെ രണ്ടു ആശ്രമസ്ഥരിൽ നിന്നാണ്. “ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്” എന്ന ജീവചരിത്രത്തിൽ ഇങ്ങനെ പറയുന്നു, പ്രാരംഭകാലത്ത് ആശ്രമസ്ഥരായി പ്രവേശിച്ച ശൂരനാട്ടുസ്വദേശിയായ കോശി ശെമ്മാശനും ചെങ്ങന്നൂർ സ്വദേശിയായ ഫാദർ ഗീവറുഗീസിനുമാണ് ഇതിനുള്ള ഭാഗ്യം മുൻകൂട്ടി ലഭിച്ചത്. കോശി ശെമ്മാശൻ ആശ്രമാധ്യക്ഷനോട് (ഫാ.ഏബ്രഹാം ഒ.ഐ.സി.)

www.malankaralibrary.com

അനുവാദം വാങ്ങി ആശ്രമത്തിൽനിന്നു ഇറങ്ങി മാന്നാനത്ത് എത്തി കത്തോലിക്കാസഭയിൽ ചേർന്ന് 'സാമുവേൽ' എന്ന നാമം സ്വീകരിച്ച് കർമ്മലീത്താ സന്യാസസമൂഹത്തിലെ അംഗമായിത്തീർന്നു. പത്തുവർഷക്കാലത്തോളം ബഥനി ആശ്രമത്തിലെ പല ചുമതലകളും വിശ്വസ്തതാപൂർവം നിർവഹിച്ചുകൊണ്ടിരുന്ന റവ.ഫാദർ ഗീവറുഗീസ് മനസ്സാക്ഷിയുടെ പ്രചോദനത്തിന് കീഴ്‌വഴങ്ങി ബഥനിവിട്ട് ചങ്ങനാശ്ശേരി അരമനയിൽ എത്തി 1929 സെപ്റ്റംബർ 25-ാം തീയതി ബിഷപ്പു കാളശ്ശേരിയുടെ മുമ്പാകെ വിശ്വാസ പ്രതിജ്ഞചെയ്ത് കത്തോലിക്കാസഭാംഗമായി (ഒന്നാംഭാഗം P.16). ഇതിന് മാർ ഈവാനിയോസ് തിരുമേനി എതിരു പറഞ്ഞില്ല. 'അല്പം കൂടെ ക്ഷമിക്കുക, നമുക്കെല്ലാം ഒരുമിച്ചു ചേരുകയല്ലേ നല്ലത്' എന്നുമാത്രം ഉപദേശിച്ചു. പക്ഷേ ഇവർ രണ്ടുപേരുടെയും പിരിഞ്ഞുപോകൽ ആശ്രമത്തിനുള്ളിൽ കോളിളക്കം ഉണ്ടായി. പുനരൈക്യത്തിന് ഒരു എതിർകക്ഷിരൂപം കൊണ്ടിരുന്നു.

ആശ്രമസ്ഥരിൽ ആരുംതന്നെ മാർ ഈവാനിയോസിനോടൊന്നിച്ച് കത്തോലിക്കാസഭയിൽ ചേരരുതെന്നും, സാധുക്കളായ സുറിയാനിക്കാരെ കബളിപ്പിച്ച് റോമാസഭയിൽ അകപ്പെടുത്തുന്നതിനുള്ള സംരംഭമാണ് റീത്തുപ്രസ്ഥാനമെന്നും മാതൃസഭയായ യാക്കോബായ സഭയെ ഉപേക്ഷിക്കുന്നതു ഭയങ്കര പാപമാണെന്നും മറ്റും ഫാദർ അലക്സിയോസ് ആശ്രമസ്ഥരെ ഉപദേശിക്കുവാനും പഠിപ്പിക്കുവാനും തുടങ്ങി (P.419) ഫാദർ അലക്സിയോസ് വിഘടിച്ചുനിന്നു. പിന്നീട് ഓർത്തഡോക്സ് സഭയിൽ മാർ തെവോദോസ്യോസ് എന്ന പേരിൽ മെത്രാനായി. ആദ്യകാലത്ത് ആശ്രമത്തിൽ ആബോ ഗീവറുഗീസ് (മാർ ഈവാനിയോസ്) കഴിഞ്ഞാൽ അടുത്ത സ്ഥാനം ഫാദർ അലക്സിയോസിനുണ്ടായിരുന്നു. 'ആബൂനാ' എന്നു ബഹുമാനപൂർവം വിളിക്കപ്പെട്ടിരുന്നു. എന്നാൽ കൂടുതൽ സമയവും ആശ്രമത്തിനു പുറത്തുകഴിഞ്ഞിരുന്നതുകൊണ്ട് അദ്ദേഹം സന്യാസപരിശീലനം പൂർത്തിയാക്കിയില്ല, വ്രതമെടുത്തില്ല, (ഈ വിവരം ഫാദർ ഏബ്രഹാം ഒ.ഐ.സി ഈ ലേഖകനോട് പറഞ്ഞിട്ടുള്ളതാണ്) എങ്കിലും ആശ്രമത്തിൽ ഫാദർ അലക്സിയോസിന് മാന്യസ്ഥാനം കല്പിച്ചിരുന്നു. മാർ ഈവാനിയോസിനെ എതിർക്കാൻ അദ്ദേഹം ധൈര്യപ്പെട്ടത് അക്കാരണത്താലാണല്ലോ. പുനരൈക്യത്തിന് ഒരുക്കമായി മാർ ഈവാനിയോസ് എടുത്ത ക്ലാസുകളിൽ ഫാദർ



അലക്സിയോസും രണ്ടുമൂന്നുസാധുക്കളും (അവൈദികർ) സംബന്ധിച്ചിരുന്നില്ല. ഫാദർ ബർസ്കീപ്പാ (ഉമ്മൻ വാധ്യാർ, ശൂരനാട്) ആദ്യമെ പുനരൈക്യത്തിന് ഒത്താശകൾ നൽകിയെങ്കിലും ഫാദർ അലക്സിയോസിന്റെയും മറ്റും നിർബന്ധത്തിനുവഴങ്ങി പുനരൈക്യത്തിൽനിന്നും പിന്മാറി. അദ്ദേഹം, പിന്നീട് ബാവാ കക്ഷിയിൽ ചേർന്ന് വീണ്ടും പട്ടമേല്ക്കുകയും ബർസികീപ്പാ റമ്പാനാകുകയും ചെയ്തു.

മാർ ഈവാനിയോസും ആശ്രമസ്ഥരും പെരുനാട്ടിൽ നിന്ന് ഇറങ്ങി വെണ്ണിക്കുളത്ത് താമസമാക്കി. 1930 സെപ്റ്റംബർ 18-ാം തീയതി കൊല്ലം അരമനയിലേക്ക് പുറപ്പെടുവാൻ മാർ ഈവാനിയോസും, മാർ തെയോഫിലോസ് എപ്പിസ്കോപ്പായും ബഥനി ആശ്രമസ്ഥരായ ഓമല്ലൂർ കുഴിമേപ്പുറത്തു ജോൺ അച്ചനും വെണ്മണി ചെറിയാലുംമൂട്ടിൽ അലക്സാണ്ടർ ശെമ്മാശനും (പിന്നീട്, ഫാദർ സെറാഫിയോൻ) തയ്യാറായി. ഈ പ്രഥമപുനരൈക്യത്തിന് ജോണച്ചനെ ചുമതലപ്പെടുത്തിയത് ആശ്രമശ്രേഷ്ഠനായ ഫാദർ ഏബ്രഹാം ഒ.ഐ.സി.യാണ്. ജോണച്ചൻ പട്ടമേറ്റ സമയമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ തിരഞ്ഞെടുത്തു. (ഈ വിവരം ഏബ്രഹാമച്ചൻ ഈ ലേഖകനോട് പറഞ്ഞതാണ്). മാർ ഈവാനിയോസ് പിതാവ് വെണ്ണിക്കുളത്ത് തിരികെവന്നശേഷം ഫാദർ ഏബ്രഹാം ഒ.ഐ.സി.യെയും മറ്റു ആശ്രമസ്ഥരെയും പുനൈരക്യപ്പെടുത്തി. പുനരൈക്യത്തിനു മുമ്പു ള്ള സംഘർഷാത്മകമായ അന്തരീക്ഷത്തിൽ ആശ്രമത്തിന്റെ 'റീശ്ദയറോയേ' ആയി വർത്തിച്ച ആളാണ് റവ.ഫാദർ ഏബ്രാഹാം ഒ.ഐ.സി. സന്യാസസമൂഹത്തിനകത്ത് പിളർപ്പു ഉണ്ടാകുമെന്ന സന്ദർഭത്തിൽ മാർ ഈവാനിയോസ് പിതാവിന്റെ കരങ്ങളെ ശക്തിപ്പെടുത്തുകയും ആശ്രമസ്ഥരെ ഒന്നിച്ചു നിർത്തുകുയും ചെയ്തത് അദ്ദേഹമാണ്. ആശ്രമത്തിലെ ചിട്ടകൾ പാലിച്ചുനിന്നവരെല്ലാം പുനരൈക്യപ്പെട്ടു. ഈ ചിട്ടകൾ പാലിക്കുവാൻ സ്നേഹപൂർവം നിർബന്ധിച്ചുകൊണ്ടിരുന്നത് ആശ്രമശ്രേഷ്ഠനാണ്. ഫാ.ഏബ്രഹാം ഒ.ഐ.സി. ആശ്രമത്തിന്റെ നിഷ്ഠകളിൽ വിശ്വസ്ഥനായിരുന്നു.

***ഫാ. ഏബ്രഹാം പടിഞ്ഞാറെമണ്ണിൽ ജന്മശതാബ്ദി***
***സ്മരണിക, 2000***

www.malankaralibrary.com

# 50

# പുനരൈക്യപ്രസ്ഥാനം ദൗത്യവും പുരോഗതിയും

മലങ്കരസഭ കാതോലിക കൂട്ടായ്മയിൽ പ്രവേശിച്ചിട്ട് അൻപതു കൊല്ലം തികയുന്ന ഈ അവസരത്തിൽ സഭാപുനരൈക്യത്തിന്റെ ഉത്തരവാദിത്വത്തെപ്പറ്റി ഒരു പുതിയ ചിന്തയും ഗൗരവബോധവും നാമുൾക്കൊള്ളണം. മലങ്കരസഭാമക്കളിൽ ഭൂരിഭാഗവും ഇന്നും സഭയുടെ ദൃശ്യമായ ഏകതയ്ക്കു പുറത്തുനില്ക്കുകയാണ്. കത്തോലിക്കാസഭയുടെ ദൃശ്യസംവിധാനത്തിൽ പ്രവേശിച്ചവർ തന്നെ ആരംഭഘട്ടത്തിലെ ഉണർവും ചൈതന്യവും ഇന്ന് പ്രകടമാക്കുന്നില്ല. മലങ്കരകത്തോലിക്കാസഭ പുനരൈക്യപ്രസ്ഥാനമെന്ന പേരിൽ ഇന്നും തുടർന്നുപോകുന്നു വെന്നത് ശരിതന്നെ. എന്നാലും ഒരു ബഹുജന മുന്നേറ്റമെന്ന നിലയിൽ വേണ്ടത്ര ചലനാത്മകമായിത്തീരാൻ ഇന്നും ഈ പ്രസ്ഥാനത്തിന് സാധിച്ചിട്ടില്ല. പുനരൈക്യപ്പെട്ടവരുടെ പഴയ തലമുറ ക്രമേണ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കത്തോലിക്കാ സഭയിൽ ജനിച്ചുവളർന്ന പുതിയ തലമുറയാകട്ടെ പുനരൈക്യമെന്ന ലക്ഷ്യത്തിൽ ആവേശഭരിതരാകുന്നുമില്ല. ഈ സാഹചര്യത്തിൽ എന്താണ് കരണീയമെന്ന് പുനരൈക്യമക്കളെല്ലാം ഒന്നിച്ചു ചിന്തിക്കണം. കഴിഞ്ഞ അൻപത് കൊല്ലം കത്തോലിക്കാസഭയ്ക്കു കൈവന്ന നവീകരണമനുസരിച്ച് സഭാപുനരൈക്യത്തിന്റെ ആശയത്തിനുതന്നെ വളരെ വളർച്ച ഉണ്ടായിട്ടുണ്ട്. അതിന് രണ്ടാംവത്തിക്കാൻ കൗൺസിൽ നൽകിയ സംഭാവന ഏറ്റം മികവുറ്റതാണ്. എന്നാൽ കൗൺസിലിന്റെ വെളിച്ചത്തിൽ പുനരൈക്യത്തിന്റെ ആശയവ്യാപ്തിയും പ്രായോഗിക സമീപനവും ഉൾക്കൊള്ളാൻ നാം ഇതുവരെ പരിശ്രമിച്ചിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. കൗൺസിൽ തരുന്ന രൂപരേഖ അനുസരിച്ച് സഭാ പുനരൈക്യത്തെപ്പറ്റി ഒരുപുതിയ ദർശനം ഉൾക്കൊള്ളുകയാണ് പുനരൈക്യപ്രസ്ഥാനത്തിന്റെ ഇന്നത്തെ ആവശ്യം.

### ഒരുപുതിയ സഭാ ദർശനം

സഭയെപ്പറ്റി ഒരു പുതിയ ആഭിമുഖ്യവും സമീപനവും സ്വീകരിച്ചു വെന്നതാണ് രണ്ടാംവത്തിക്കാന്റെ വലിയ നേട്ടം. 'ഒരു കർത്താവും



ഒരു വിശ്വാസവും ഒരു മാമ്മോദീസായും' എന്ന സഭാതത്വത്തിൽ ഉറച്ചുനില്ക്കുന്ന അവസ്ഥയിൽ തന്നെ സഭയിൽ ഭിന്നതകൾ നിലനില്ക്കുന്നുവെന്ന വൈരുദ്ധ്യമാണ് ഇന്ന് ക്രിസ്തു സഭയിൽ നിലവിലുള്ളത്. എല്ലാ ക്രിസ്ത്യാനികളും ഒരേ കർത്താവിൽ വിശ്വസിക്കുന്നവരാണ്. എന്നാൽ ക്രിസ്തുവിലുള്ള വിശ്വാസത്തിലാകട്ടെ ഓരോ സഭാ വിഭാഗവും ഓരോ നിലപാട് സ്വീകരിക്കുന്നു. വിശ്വാസികളെ വിശുദ്ധീകരിക്കുന്ന ദൃശ്യോപാധികളെ സംബന്ധിച്ചിടത്തോളവും വ്യക്തമായ വൈവിധ്യം ഇന്ന് സഭകൾ തമ്മിൽ നിലവിലുണ്ട്. ഇങ്ങനെ സഭകളെ പരസ്പരം അകറ്റി നിർത്തുന്ന പ്രതിബന്ധങ്ങളിൽ കൂടുതൽ ഊന്നൽ കൊടുത്തുചിന്തിക്കുന്നതിനുപകരം യോജിപ്പിന്റെ മേഖലകൾ കണ്ടെത്തുവാൻ ശ്രമിച്ചുവെന്നതാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ക്രൈസ്തവൈക്യത്തിന് നൽകിയ വലിയ സംഭാവന. അതിനു മുമ്പും പുനരൈക്യപ്രസ്ഥാനം ഇതേ നിലപാട് സ്വീകരിച്ചിരുന്നു. യാക്കോബായ ഓർത്തഡോക്സു വിഭാഗങ്ങളുമായി യാതൊരു വ്യത്യാസവും കത്തോലിക്കാ സഭയ്ക്ക് ഇല്ലെന്ന് അവകാശപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ യാക്കോബായ സഭാനേതാക്കളും നമ്മോട് യോജിച്ചു ചിന്തിക്കുന്നവരാണ്. പുനരൈക്യപ്രസ്ഥാനത്തെ എതിർക്കുവാൻ ചില അകത്തോലിക്കാ പ്രസംഗകർ കത്തോലിക്കാ സഭയുമായുള്ള വ്യത്യാസങ്ങൾ അക്കമിട്ടു കാണിക്കുവാൻ ശ്രമിക്കുന്നുവെന്നത് ഇവിടെ വിസ്മരിക്കുന്നില്ല. ബാഹ്യമായ എതിർപ്പിനകത്ത് ആന്തരികമായ യോജിപ്പ് നിലനിൽക്കുന്നുവെന്നതാണ് പുനരൈക്യപ്രസ്ഥാനത്തിന്റെ ശക്തി.

അതുകൊണ്ടു മലങ്കരസഭയിലെ യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങളോട് നാം സ്വീകരിക്കേണ്ട നിലപാട് ക്രിസ്തുവിന്റെ സഭാരഹസ്യത്തിൽ നാമെല്ലാം യോജിച്ചിരിക്കുന്നുവെന്നാണ്. ക്രിസ്തുവിന്റെ ഒരേ രക്ഷാകരരഹസ്യത്തിൽ പങ്കുകൊള്ളുകയും ഒരേ വിശ്വാസം ഏറ്റുപറയുകയും ഒരേ കൂദാശകൾ അനുവർത്തിക്കുകയും ചെയ്യുന്നവർ തമ്മിലുള്ള രഹസ്യാത്മകമായ സഭാഐക്യം ആർക്ക് നിഷേധിക്കുവാൻ കഴിയും. വാസ്തവത്തിൽ മാമോദീസാ സാധുവായി സ്വീകരിച്ചവരെല്ലാം സഭയുടെ അംഗങ്ങളാണെന്നതാണ് സഭയുടെ പരമ്പരാഗതബോധനം. മാത്രമല്ല ഒരേ കുർബാനയിലും കൂദാശകളിലും പങ്കുകൊള്ളുന്നവരെല്ലാം ഒരേ സഭയുടെ മക്കളായി വളർന്നുവരുന്നവരാണ്. യാക്കോബായ സഭയിലെ അതേ ശുശ്രൂഷകൾ മലങ്കര

www.malankaralibrary.com

കത്തോലിക്കരായ നാമും നിർവഹിക്കുന്നതിലുടെ യാക്കോബായ ഓർത്തഡോക്സ് സഹോദരന്മാരോട് ഒന്നുചേരുന്നുണ്ട്. അതുകൊണ്ട് മലങ്കരസഭയ്ക്കകത്ത് ഭിന്നതയില്ലെന്ന് വരുമോ? യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിലുള്ള ഭിന്നത രൂക്ഷതരമാണെന്ന് അവർ തന്നെ സമ്മതിക്കും. ക്രിസ്തുവിന്റെ സഭാരഹസ്യത്തിൽ ഒന്നായിരുന്നാൽ തന്നെയും ദൃശ്യഭരണ സംവിധാനത്തിലുള്ള വിഭജനംമൂലം സഭാചൈതന്യം ദുർബലതരമായി തീരുമെന്നാണ് ഈ വഴക്കും വക്കാണവും കാണിക്കുന്നത്. ഏതാണ്ട് കഴിഞ്ഞ ഒരു നൂറ്റാണ്ടായി തുടർന്നുകൊണ്ടിരിക്കുന്ന ഈ സഭാഭിന്നതയ്ക്കു ഒരു പരിഹാരം എന്ന നിലയിലാണ് പുനരൈക്യപ്രസ്ഥാനം ഉയർന്നുവന്നത്. ഒരേ സഭാരഹസ്യത്തിൽ പങ്കുകാരാണ് യാക്കോബായക്കാരും ഓർത്തഡോക്സുകാരും കത്തോലിക്കരും. അവരിൽ രണ്ടുവിഭാഗങ്ങൾ തമ്മിൽ മല്ലടിക്കുമ്പോൾ അവരെ യോജിപ്പിക്കുന്ന മൂന്നാമതൊരു ശക്തിയായി ഉയരാൻ സാധിക്കുമോയെന്നതാണ് നമ്മുടെ മുമ്പിലെ ചോദ്യം. ഭിന്നത സ്വാഭാവികമാണ്, അനിവാര്യമാണ്, അതു സഹിച്ചേതീരൂ എന്നാണ് നമ്മുടെ സഹോദരരിൽ ഭൂരിഭാഗത്തിന്റെയും ചിന്ത. ഒരുവിഭാഗം മറ്റൊരു വിഭാഗത്തെ തറപറ്റിക്കുന്നതുവരെ പരസ്പരം മല്ലടിക്കണം, എന്നതായിരിക്കും അവരുടെ നേതാക്കളുടെ മനോഭാവം. ക്രിസ്തുവിന്റെ സഭ കൂടുതൽ വിഭജിതമായി പല സഭകളായി മുറിഞ്ഞു മാറുന്നതാണ് ആശാസ്യം എന്ന് ചിന്തിക്കുന്നവരുമുണ്ടാകും. എന്നാൽ, ക്രിസ്തുവിന്റെ രക്ഷാരഹസ്യത്തിന്റെ നേരേ ഉയരുന്ന പ്രതിലോമ ശക്തിയായി സഭാഭിന്നത ദൈവികചൈതന്യത്തിൽ ഇല്ലാതാകുവാൻ സാധിക്കുമെന്ന് പുനരൈക്യപ്രസ്ഥാനം ഉറച്ചുവിശ്വസിക്കുന്നു. അതുകൊണ്ട് ഒരേ സഭാരഹസ്യത്തിൽ യോജിച്ചിരിക്കുന്നുവെന്ന അടിസ്ഥാനത്താൽ മലങ്കരസഭയിൽ നിലവിലുള്ള സഭാ ഭിന്നതയെ മനസ്സിലാക്കുകയാണ് നമ്മുടെ ഉത്തരവാ ദിത്വം. വാസ്തവത്തിൽ സഭാഭിന്നതയുടെ രൂക്ഷമായ വേദന സ്വയം വഹിച്ചു സഹിക്കുവാൻ പുനരൈക്യമക്കളായ നാം വിളിക്കപ്പെട്ടി രിക്കുന്നു.

സഭ ഒരു ദൈവരഹസ്യവും ഐക്യത്തിന്റെ കൂദാശയുമാണെന്ന് മനസ്സിലാക്കുന്നതനുസരിച്ച് സഭാഭിന്നതയുടെ വേദനയും നമുക്ക് അനുഭവവേദ്യമാകും. ദൈവരഹസ്യം എന്ന നിലയിൽ ക്രിസ്തുവിന് സ്വയം സമർപ്പിക്കുന്നവരെയെല്ലാം സഭ തന്നിൽ ഉൾക്കൊള്ളുന്നു. സഭയാകട്ടെ ക്രിസ്തുവിന്റെ മനുഷ്യാവതാരരഹസ്യത്തിന്റെ



തുടർച്ചയാണ്; തന്മൂലം ആവശ്യം ദൃശ്യവുമാണ്. അതുകൊണ്ട് സഭയുടെ ദൃശ്യസംവിധാനം ചോദ്യം ചെയ്യുന്നവർ ക്രിസ്തുവിന്റെ സഭാരഹസ്യം തന്നെ നിഷേധിക്കുകയാണ്. ഓരോ കാലയളവിൽ സഭയുടെ ദൃശ്യാധികാരത്തെ നിരാകരിച്ചതാണല്ലോ സഭാഭിന്നതയുടെ കാരണം. ക്രിസ്തുവിന് സ്വയം സമർപ്പിക്കാതെ മേധാവിത്വം പ്രകടിപ്പിച്ച അധികാരികളും മനുഷ്യാധികാരികളിലൂടെ പ്രവർത്തിക്കുന്ന ക്രിസ്തുവിന് കീഴ്വഴങ്ങാതെ അധികാരത്തെ എതിർത്തു നിന്നവരും ഒരുപോലെ ഭിന്നതയ്ക്കു കാരണക്കാരാണ്. ഈയടിസ്ഥാനത്തിലാണ് ഭിന്നതയ്ക്ക് അകത്തോലിക്കർ മാത്രമല്ല കത്തോലിക്കരും ഹേതുഭൂതരായിട്ടുണ്ടെന്ന് രണ്ടാംവത്തിക്കാൻ കൗൺസിൽ സമ്മതിക്കുന്നത്. അതുകൊണ്ട് ഇന്ന് ക്രിസ്തുവിന്റെ ഏകസഭാരഹസ്യത്തിൽ ഉൾപ്പെട്ടിരിക്കുന്നവരെല്ലാം ഒരുപോലെ ഭിന്നതയുടെ വേദന സഹിക്കണം. ഒരേ കർത്താവിനെ സ്വീകരിക്കുന്നു, ഒരേ വിശ്വാസം പുലർത്തുന്നു, ഒരേ മാമ്മോദീസ തുടരുന്നു എന്ന് അഭിമാനിക്കുന്നവരെല്ലാം, വീണ്ടും ക്രിസ്തുവിന് സ്വയം സമർപ്പിച്ച് ഭിന്നത ദൂരീകരിക്കാൻ ശ്രമിക്കണം. എല്ലാ ക്രിസ്ത്യാനികളും ഒന്നിച്ച് തങ്ങളെത്തന്നെ ക്രിസ്തുവിന് പുനർ സമർപ്പണം ചെയ്യുന്നതാണ് ക്രൈസ്തവ പുനരൈക്യം. പരസ്പരം സ്നേഹത്തിലും ഐക്യത്തിലും കഴിയുവാൻ തക്കവണ്ണം സ്നേഹബലിയായി സ്വയം അർപ്പിക്കുവാൻ എല്ലാവർക്കും ഒരുക്കവുമില്ല. അതുകൊണ്ട് ഭിന്നതയുടെ വിരുദ്ധമായ ശക്തി ഇന്നും ഉയർന്നുനില്ക്കുന്നു. അതിനെതിരായി ക്രിസ്തുവിന്റെ സ്നേഹചൈതന്യം സജീവമായി നിലകൊള്ളുന്നു. ക്രിസ്തു തന്റെ സഭയിൽ വിജയിക്കുന്നതനുസരിച്ച് സഭാരഹസ്യം ഐക്യത്തിന്റെ കൂദാശയായി പ്രകടമാകുകയും ചെയ്യുന്നു. ഈ നൂറ്റാണ്ടിൽ പരിശുദ്ധാത്മ ചൈതന്യത്തിൽ സഭൈക്യത്തിന്റെ അഭിനിവേശം വർദ്ധിച്ചു വരുന്നുവെന്ന് രണ്ടാം വത്തിക്കാൻ എടുത്തു പറയുന്നുണ്ട്. പരിശുദ്ധാത്മാവ് വ്യക്തികളെയും സഭകളെയും വഴി നടത്തുന്നു. ക്രിസ്തുവിൽ എല്ലാവരെയും ഒന്നിപ്പിക്കുന്നതിനും, സഭാരഹസ്യം ഐക്യത്തിന്റെ കൂദാശയായി നിരന്തരം പ്രകടമാകുന്നതിനും പരിശുദ്ധാത്മാവ് സഭയിലൂടെയും വിശ്വാസികളിലൂടെയും പ്രവർത്തിക്കുന്നു. ഈ പരിശുദ്ധാത്മപ്രവർത്തനമാണ് പുനരൈക്യത്തിന്റേത്.

www.malankaralibrary.com

## സഭാഭിന്നതയും പരിഹാരവും

രണ്ടാം വത്തിക്കാൻ കൗൺസിൽ പുനരൈക്യപ്രസ്ഥാനം മലങ്കരസഭയോട് സ്വീകരിച്ച പ്രായോഗികസമീപനം അംഗീകരിച്ച് ഉറപ്പിച്ചിരിക്കുകയാണ്. മലങ്കരസഭയുമായി, പ്രത്യേകിച്ച് യാക്കോബായ ഓർത്തോഡോക്സുവിഭാഗങ്ങളുമായി യോജിപ്പിന്റെ മേഖല കണ്ടെത്താൻ സാധിച്ചുവെന്നതാണ് ഈ പ്രസ്ഥാനത്തിന്റെ അടിസ്ഥാനം. 'ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും' എന്ന പൗലോസ് ശ്ലീഹായുടെ സഭൈക്യതത്വത്തിൽ കത്തോലിക്കാ സഭയും മലങ്കരസഭയും നേരത്തേതന്നെ യോജിപ്പിലായിരുന്നു. ചരിത്രപരമായ കാരണങ്ങളാൽ അന്തോക്യാബന്ധത്തിൽ ഉൾപ്പെട്ടിരുന്ന മലങ്കരസഭ, അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ശുശ്രൂഷാപാരമ്പര്യങ്ങളിലൂടെ സ്വന്തമായ ഒരു വ്യക്തിത്വം സമ്പാദിച്ചു കഴിഞ്ഞിരുന്നു. മാർ ഈവാനിയോസ് പിതാവിന്റെയും അനുയായികളുടെയും പുനരൈക്യം മുഖേന പ്രസ്തുത പാരമ്പര്യങ്ങൾക്കെല്ലാം കത്തോലിക്കാസഭയുടെ വ്യക്തമായ അംഗീകാരം ലഭിക്കുകയും ചെയ്തു. വാസ്തവത്തിൽ മലങ്കരസഭയ്ക്കു കാതോലിക കൂട്ടായ്മക്കു പുറത്തുനിന്നിരുന്നപ്പോൾ സ്വന്തമായുണ്ടായിരുന്നതെല്ലാം ശരിയാണെന്ന് കത്തോലിക്കാസഭ സമ്മതിക്കുകയാണ് പുനരൈക്യാംഗീകാരത്തിലൂടെ ചെയ്തത്. സഭയ്ക്കു പുറത്തുള്ള നല്ല മൂല്യങ്ങളെ അംഗീകരിക്കണമെന്ന് രണ്ടാംവത്തിക്കാൻ കൗൺസിൽ എടുത്തു പറഞ്ഞപ്പോൾ സഭയുടെ പരമ്പരാഗതമായ നിലപാടിനെ ഉറപ്പിച്ചുവെന്നുമാത്രമേയുള്ളു. വാസ്തവത്തിൽ മലങ്കരയിലെ അകത്തോലിക്കാസഭയെ കത്തോലിക്കാ സഭ അംഗീകരിച്ചതിന്റെ ഫലമാണ് അൻപതുകൊല്ലം മുമ്പ് സംഭവിച്ച പുനരൈക്യം. ഇങ്ങനെയൊരു അംഗീകാരം നേടിയെടുക്കാൻ കൂനൻകുരിശിനുശേഷം ഏതാണ്ട് മുന്നൂറുകൊല്ലം മലങ്കരസഭ പരിശ്രമിച്ചു. വാസ്തവത്തിൽ മലങ്കരസഭയിൽ ഭിന്നത ആരംഭിച്ച അന്നുമുതലേ തുടങ്ങിയതാണ് പുനരൈക്യപരിശ്രമങ്ങളും. ഈ നീണ്ട പശ്ചാത്തലം നാം പലപ്പോഴും വിസ്മരിച്ചുകളയുന്നു.

പുനരൈക്യത്തിനു മുമ്പുള്ള നീണ്ട ഭിന്നതയുടെ കാലഘട്ടത്തിലാണ് മലങ്കരസഭ സ്വന്തമായ വ്യക്തിത്വം നേടിയെടുത്തത്. കൂനൻകുരിശിനുശേഷം കുറേനാൾ നേരത്തെ നിലവിലിരുന്ന പേർഷ്യൻ ആരാധനരീതിയും മറ്റും തുടരാൻ ആദ്യം ശ്രമം നടന്നു. എന്നാൽ



അന്തോക്യൻ മെത്രാന്മാരുടെ കീഴിൽ ആ ശ്രമം പരാജയമടഞ്ഞതിൽ അത്ഭുതപ്പെടാനില്ല. അവർ അന്തോക്യൻ ശുശ്രൂഷാക്രമം ഇവിടെ നടപ്പിലാക്കാൻ ക്രമാനുഗതം ശ്രമിച്ചുകൊണ്ടി രുന്നു. അതിൽ അവർ വിജയിക്കുകയും ചെയ്തു. ഏറ്റം സമ്പന്നമായ ഒരു ആരാധനാരീതി മലങ്കരയിൽ അങ്ങനെ ആരംഭമിട്ടു. അത് മലങ്കരസഭയുടെ വ്യക്തിത്വത്തിൽ ഇഴകിച്ചേരുകയും ചെയ്തു. അന്തോക്യൻ ആരാധനാരീതി മലങ്കരസഭയുടെ സഭാജീവിതത്തിൽ വേരുറയ്ക്കുന്നതിനുമുമ്പേ ആംഗ്ലിക്കൻ സ്വാധീനത്തിനും മലങ്കരസഭാ വിധേയമായി. വേദപുസ്തകാധിഷ്ഠിതമായ ആധ്യാത്മികത മലങ്കരയിൽ രൂപം കൊള്ളുന്നത് പ്രസ്തുത സ്വാധീനത്തിലൂടെയാണ്. അങ്ങനെ പരമ്പരാഗതമായ ആരാധനാശുശ്രൂഷകൾക്ക് സമാന്തരമായി വേദപുസ്തകാധിഷ്ഠിതവും ഗാനാത്മകവുമായ പ്രവർത്തനരീതിയും മലങ്കരിയൽ പ്രവേശിച്ചു. അതിനു വ്യക്തമായ ഒരു രൂപം വരുന്നതിനുമുമ്പേ പാരമ്പര്യത്തിന് യാതൊരു പ്രാധാന്യവും കൊടുക്കാതെ വിശുദ്ധ കൂദാശകൾക്കും മറ്റും പകരം രോഗശാന്തി ശുശ്രൂഷകൾക്കും വൈകാരികത മുറ്റിനില്ക്കുന്ന കൂട്ടായ്മയോഗങ്ങൾക്കും പ്രാധാന്യം കൊടുക്കുന്ന പെന്റക്കോസ്റ്റൽ രീതിയും മലങ്കരയിൽ ആവിർഭവിച്ചു. ഇങ്ങനെ ഓരോ കാലത്ത് ഉണ്ടായ വൈദേശിക സ്വാധീനങ്ങൾക്കടിപ്പെട്ട് സഭയുടെ ആദ്ധ്യാത്മികത കൂടുതൽ സങ്കീർണ്ണമായിക്കൊണ്ടിരുന്ന ഒരു സാഹചര്യത്തിലാണ് മലങ്കരയിൽ പുനരൈക്യപ്രസ്ഥാനം ഉദയം കൊള്ളുന്നത്.

ഈ വൈദേശിക സ്വാധീനങ്ങളെല്ലാം മലങ്കരസഭയ്ക്ക് പല നല്ല സംഭാവനകൾ നൽകിയെങ്കിലും സഭാംഗങ്ങളെ കൂടുതൽ ചിന്താകുഴപ്പത്തിൽ ആഴ്ത്തിയെന്നതും യാഥാർത്ഥ്യമാണ്. ആംഗ്ലിക്കൻ സ്വാധീനത്തിൽ വളരെപ്പേർ സി.എം.എസ്.സഭയിൽ തന്നെ ചേർന്നു. മാത്രമല്ല സഭാപാരമ്പര്യം അവഗണിച്ച് നവീകരണത്തിന് പ്രാധാന്യം നൽകുന്ന മാർത്തോമ്മാസഭ ആവിർഭവിക്കുകയും ചെയ്തു. അന്തോക്യൻ ബന്ധം, മലങ്കരസഭയെ സഭാപരമായി ഉറപ്പിക്കുന്നതിനു സഹായിച്ചുവെങ്കിലും ഏറെത്താമസിയാതെ, അതേബന്ധം യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങളിലായി പിളർക്കുന്നതിനും കാരണമായി. കൂടുതൽ പ്രോട്ടസ്റ്റന്റു സ്വാധീനത്തിൽ മലങ്കരസഭയിൽ എത്രയെത്ര അവാന്തരവിഭാഗങ്ങൾ ഉണ്ടായിക്കഴിഞ്ഞു. ഇന്നും ശക്തമായി പ്രവർത്തിക്കുന്ന പെന്റക്കോസ്റ്റൽ സ്വാധീനത്തിൽ

www.malankaralibrary.com

വളരെയേറെപ്പേർ ആ വഴിക്കും തിരിയുന്നുണ്ട്. പെന്റക്കോസ്റ്റൽ വിഭാഗക്കാരാണ് ഏറ്റമധികം വിഭജനത്തിന് വിധേയരാകുന്നത്. ഓരോ ഘട്ടത്തിൽ വന്നുചേർന്ന വിദേശബന്ധങ്ങൾമൂലം അടിക്കടി ഉണ്ടായിരിക്കൊണ്ടിരിക്കുന്ന ഈ വിഭജനം കുറിക്കുന്നത് മലങ്കരസഭ നേരിട്ടുകൊണ്ടിരിക്കുന്ന തകർച്ചയെയാണ്.

അതുകൊണ്ട് പുനരൈക്യപ്രസ്ഥാനം രൂപംകൊണ്ടിരിക്കുന്നത് ഈ തകർച്ചയുടെ നേരേയുള്ള ഒരു വെല്ലുവിളിയായിട്ടാണ്. വിഭജനത്തിന് വഴിതെളിച്ച വളരെ വിദേശ സഭാബന്ധങ്ങൾക്കുശേഷം വേറൊരു വിദേശസ്വാധീനത്തിന് അടിമപ്പെടുകയല്ല കത്തോലിക്കാ പുനരൈക്യത്തിലൂടെ സംഭവിച്ചത്. കൂനൻകുരിശിനുമുമ്പ് പോർട്ടുഗീസ് സ്വാധീനത്തിൽ സംഭവിച്ചതിന്റെ ഒരു ആവർത്തനം ആരും ഇഷ്ടപ്പെടുന്നില്ല. ഇന്നും പുനരൈക്യപ്രസ്ഥാനത്തെ ലത്തീൻ അടിമത്തത്തിന്റെ ആവർത്തനമായി കാണുന്ന അകത്തോലിക്കാ സഹോദരങ്ങൾ ഉണ്ടാവാം. അതല്ല യാഥാർത്ഥ്യമെന്ന് തെളിയിച്ചു കൊടുക്കാനുള്ള ബാധ്യത പുനരൈക്യപ്രസ്ഥാനത്തിനുണ്ട്. അന്തോക്യൻ റീത്ത് നാം അതേപടി തുടരുന്നതുകൊണ്ടുമാത്രം അകത്തോലിക്കാ സഹോദരങ്ങൾക്ക് നമ്മെപ്പറ്റിയുള്ള തെറ്റിദ്ധാരണ മാറിയെന്ന് വരില്ല. മലങ്കരസഭയ്ക്ക് വിദേശസ്വാധീനങ്ങൾക്ക് അടിപ്പെട്ട് ഉണ്ടായ പരാജയങ്ങളെല്ലാം തിരുത്തിക്കുറിക്കുവാനുള്ള ഉത്തര വാദിത്വമാണ് നമുക്കുള്ളത്. അന്തോക്യൻ ബന്ധത്തിൽ ലഭിച്ച ആരാധനശുശ്രൂഷകളെ വെറും പരമ്പരാഗത കൗതുകവസ്തുവായി സൂക്ഷിക്കാതെ സഭാജീവിതത്തിന്റെ അനിവാര്യഭാഗമായി മാറ്റണം. ആംഗ്ലിക്കൻ സ്വാധീനത്തിൽ ഉരുത്തിരിഞ്ഞ വേദപുസ്താകാഭിമുഖ്യത്തിലൂടെ ജീവനുള്ള വചനത്തിന്റെ ആരാധകരായി സഭാംഗങ്ങളെയെല്ലാം മാറ്റിയെടുക്കണം. അതിൽനിന്ന് പൊട്ടിവിടർന്ന ഗാനാത്മകപ്രാർത്ഥനാരീതി ആത്മാവിന്റെ അന്തരാളങ്ങളിലേക്ക് കടന്നുചെല്ലാൻ പര്യാപ്തമായിത്തീരണം. പെന്റക്കോസ്റ്റൽ ചൈതന്യത്തിൽ വ്യക്തിപരമായ മാനസാന്തരത്തിനും കൂട്ടായ്മജീവിതത്തിനും പരിശുദ്ധാത്മ നൽവരങ്ങൾക്കും പ്രാധാന്യംകൊടുത്ത് വികാരനിർഭരവും സജീവവുമായ പ്രാർത്ഥനാജീവിതത്തിന് രൂപംകൊടുക്കാൻ നമുക്ക് സാധിക്കണം.

ഏത് സ്വാധീനങ്ങൾ മലങ്കരസഭയുടെ കൂടുതൽ ഭിന്നതയ്ക്കും തകർച്ചയ്ക്കും കാരണമായോ, അവയെതന്നെ സഭയുടെ ഐക്യ



സംവിധാനത്തിന് മുതൽക്കൂട്ടായി മാറ്റുകയെന്നതാണ് ഇന്ന് മലങ്കരസഭ നേരിടുന്ന വെല്ലുവിളി. ഏത് മൂല്യങ്ങൾക്ക് ക്രിസ്തുസഭയിൽ സ്ഥാനമുണ്ട്, അവയെല്ലാം എങ്ങനെ ക്രിസ്തുസഭയുടെ വളർച്ചയ്ക്കു വഴി തെളിക്കും എന്ന് വിവേചനം ചെയ്തു തീരുമാനിക്കുന്ന ചൈതന്യം കുടികൊള്ളുന്നത് കത്തോലിക്കാ സഭയിലാണ്. കത്തോലിക്കാസഭ ഏറ്റം പാരമ്പര്യാധിഷ്ഠിതവും അതേസമയം ഏറ്റം നവീകരണവിധേയവുമായിരിക്കുന്നു. അതിനുള്ള വലിയതെളിവാണ് രണ്ടാംവത്തിക്കാൻ കൗൺസിൽ. മലങ്കര കത്തോലിക്കാസഭ പുനരൈക്യപ്രസ്ഥാനമാണെന്ന് സ്വയം അവകാശപ്പെടുന്നുണ്ടെങ്കിലും ഗണ്യമായ നവീകരണത്തിന് സന്നദ്ധമായിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. നമ്മുടെ ചുറ്റുമുള്ള അകത്തോലിക്കാ സമൂഹങ്ങളിലെ നല്ല മൂല്യങ്ങൾ സ്വാംശീകരിക്കുകയായിരിക്കും നവീകരണത്തിനുള്ള പറ്റിയമാർഗ്ഗം. സാഹചര്യ സമ്മർദ്ദങ്ങളെ വിജയപൂർവം അതിജീവിച്ച് അവയെല്ലാം വളർച്ചയുടെ മുഖാന്തിരങ്ങളാക്കുന്നതാണ് യഥാർത്ഥനവീകരണം. പുതിയ വീഞ്ഞ് പഴയതോൽക്കുടങ്ങളിൽ നിറച്ചപ്പോൾ തോൽക്കുടങ്ങൾ പിളർന്നു. അത് സഭയുടെ തകർച്ചയായിരുന്നു. എന്നാൽ പുതിയ വീഞ്ഞ് പുതിയ തോൽക്കുടങ്ങളിൽ നിറയ്ക്കുക. അതായിരിക്കും സഭയുടെ വിജയം, പുനരൈക്യത്തിലൂടെ നേടുന്ന വിജയം.

രണ്ടാംവത്തിക്കാനുശേഷം അലയടിക്കുന്ന നവീകരണ ചൈതന്യമെന്തെന്ന് അകത്തോലിക്കർക്ക് മനസ്സിലാക്കിക്കൊടുക്കുകയാണ് പുനരൈക്യപ്രസ്ഥാനത്തിന്റെ ഇന്നത്തെ വലിയ ഉത്തരവാദിത്വം. ഓരോ സഭയുടെയും ശുശ്രൂഷാപാരമ്പര്യം അതിന്റ പ്രാക്തന പരിശുദ്ധിയിൽ നിലനിർത്തുന്നതിന് ഇന്ന് കത്തോലിക്കാസഭ നിർബന്ധിക്കുന്നു. അല്ലാതെ ഒരിക്കൽ പോർട്ടുഗീസുകാർ ചെയ്തതുപോലെ ഒന്ന് നശിപ്പിച്ച് വേറൊന്നു സ്ഥാപിക്കുന്നതിനല്ല. ഒരിക്കൽ വേദപുസ്തകത്തെ ആധ്യാത്മികജീവിതത്തിന് പുറത്തുള്ള ഏതോ വിശിഷ്ടവസ്തുവായി സഭ മാറ്റിവച്ചിരുന്നെങ്കിൽ, വ്യക്തിയുടെയും കുടുംബത്തിന്റെയും സഭാസമൂഹത്തിന്റെയും ആധ്യാത്മികത കെട്ടിപ്പടുക്കുവാനുള്ള അടിത്തറയാണ് വേദപുസ്തകമെന്നു നിർവിഘ്നം കൗൺസിൽ വ്യക്തമാക്കിക്കഴിഞ്ഞു. സങ്കീർത്തനങ്ങളും അതേ രീതിയിൽ വിരചിതമായ കീർത്തനങ്ങളും ഉപയോഗിച്ച് ദൈവത്തെ സ്തുതിക്കുന്നതിൽ ആനന്ദം കണ്ടെത്തുവാൻ ആരെപ്പോലെയും ഇന്ന് കത്തോലിക്കർ ശ്രമിക്കുന്നുണ്ട്.

www.malankaralibrary.com

സാമൂഹികപ്രാർത്ഥനയ്ക്കു കൂട്ടായ്മയോഗങ്ങൾക്കും സഭയുടെ ഔദ്യോഗികാരാധന ശുശ്രൂഷകൾക്ക് സമാന്തരമായി ഒരുസ്ഥാനം സഭ ഇന്ന് നൽകിക്കൊണ്ടിരിക്കുകയാണ്. കൂദാശപരമായ ജീവിതത്തിലൂടെ മാനസാന്തരത്തിന് സ്നേഹനിർഭരമായി വിശ്വാസികളെ ആഹ്വാനം ചെയ്യുന്ന സഭയുടെ സമീപനം ഇന്നും അകത്തോലിക്കർ വേണ്ടുന്ന വിധം മനസ്സിലാക്കിയിട്ടില്ല. മാനസാന്തരത്തിനുള്ള പ്രേരണ പെന്തക്കോസ്റ്റൽ വിഭാഗമേ നൽകുന്നുള്ളുവെന്നാണ് അവർ ഇന്ന് ഉന്നയിക്കുന്ന അവകാശവാദം. ഇന്ന് കരിസ്മാറ്റിക് പ്രാർത്ഥനാ രീതിയിലൂടെ പെന്തക്കോസ്റ്റൽ ചൈതന്യം ഉൾക്കൊള്ളുവാൻ കത്തോലിക്കാസഭ ഒട്ടും മടിക്കുന്നില്ല. ഇങ്ങനെ വിവിധ ക്രൈസ്തവ സമൂഹങ്ങൾ ഉയർത്തിക്കാണിക്കുന്ന നല്ല മൂല്യങ്ങളെല്ലാം ഉൾക്കൊള്ളുവാനുള്ള പ്രേരണയാണ് കത്തോലിക്കാ സഭ നൽകുന്നത്. ഓരോന്നിനും അർഹിക്കുന്ന സ്ഥാനം കൊടുക്കുവാൻ സഭ ആഗ്രഹിക്കുന്നു. അതുകൊണ്ട് മലങ്കരസഭയ്ക്ക് മേൽക്കുമേൽ ഭിന്നതയ്ക്കു കാരണമായിക്കൊണ്ടിരിക്കുന്ന ബാഹ്യസ്വാധീനങ്ങളെല്ലാം സ്വന്തമായി വ്യക്തിത്വത്തിൽ സ്വാംശീകരിച്ച് ഒരു പുതിയ വളർച്ചയ്ക്കുള്ള സംവിധാനം ഒരുക്കുകയായിരിക്കും കത്തോലിക്കാ പുനരൈക്യത്തിലൂടെ സാധിക്കുക. മലങ്കരസഭയ്ക്കു ഇന്ന് പുതിയ വീഞ്ഞ് ധാരാളമുണ്ട്. അതിന് ഉതകുന്ന പുതിയ തോൽക്കുടം കാതോലിക കൂട്ടായ്മയിൽ കണ്ടെത്താൻ സാധിക്കുകയില്ലേ.

***പുനരൈക്യ സുവർണ്ണജൂബിലി(1980)യോടനുബന്ധിച്ച് തിരുവല്ലായിൽ അവതരിപ്പിച്ച സിംബോസിയം പ്രബന്ധം.***



# 51

# മലങ്കരസഭയും കാതോലിക കൂട്ടായ്മയും

പുനരൈക്യപ്രസ്ഥാനത്തിലൂടെ മലങ്കര സഭയ്ക്കു പുതിയ അംഗീകാരം ലഭിച്ചുവെന്നതിന് പകരം, കത്തോലിക്കാസഭ ഒരു പുതിയ റീത്തിന് അനുവാദം നൽകിയെന്നും അങ്ങനെ കത്തോലിക്കാ സഭയിൽ തന്നെ ഒരു പുതിയ റീത്ത് അഥവാ സഭ ആരംഭിച്ചുവെന്നും പറയുവാൻ ഇഷ്ടപ്പെടുന്നവരുണ്ട്. തെറ്റായ ഈ വാദഗതിയിലൂടെ മലങ്കരയുടെ പുനരൈക്യത്തിന്റെ തന്നെ പ്രസക്തി നഷ്ടപ്പെടുത്തുകയാണ്. ഒരു പുതിയ സഭയിൽ ചേരുന്നത് സഭാ പുനരൈക്യമാകുകയില്ല. പുനരൈക്യപ്രസ്ഥാനത്തിൽ വളരെ തീക്ഷ്ണതയോടെ പ്രവർത്തിച്ചിരുന്നവർപോലും ധൂർത്തപുത്രന്റെ പിതൃഭവനത്തിലേക്കുള്ള തിരിച്ചുവരവിനായി പുനരൈക്യത്തെ ചിത്രീകരിച്ചിട്ടുണ്ട്. അങ്ങനെയൊരു മാനസാന്തരമാണോ പുനരൈക്യത്തിന്റെ ലക്ഷ്യം? കാതോലിക കൂട്ടായ്മയിൽ നിന്ന് പിരിഞ്ഞുപോയതിനുശേഷം മലങ്കരസഭയ്ക്കു കൂടുതൽ ഭിന്നതയെ നേരിടേണ്ടി വന്നിട്ടുണ്ടെന്നത് ശരിയാണ്. എന്നാൽ അക്കാലയളവിൽ സഭയ്ക്കു എന്തെല്ലാം നേട്ടമുണ്ടായിട്ടുണ്ട്. കത്തോലിക്കാസഭയിൽ തുടരുന്നവരെക്കാൾ കൂടുതൽ ചലനാത്മകത കൈവന്നത് മലങ്കരയിലെ പുത്തൻകൂറ്റുകാർക്കാണെന്നതിൽ സംശയമില്ല. അതുകൊണ്ട് മലങ്കരസഭയുടെ സഭാപരമായ അസ്തിത്വം ഭിന്നതയുടെ കാലയളവിലും അപൂർണ്ണമായെങ്കിലും തുടരുന്നുവെന്ന യാഥാർത്ഥ്യത്തിന്റെ നേരേ നാം കണ്ണടയ്ക്കരുത്. നേരത്തെ ഉണ്ടായിരുന്നതെല്ലാം തെററും തിന്മയുമായിരുന്നുവെന്ന് പറയുന്നതുകൊണ്ട് പുനരൈക്യത്തിന്റെ ആവശ്യകത ഊന്നിപ്പറയുകയല്ല, തള്ളിപ്പറയുകയാണ്.

മലങ്കരസഭയുടെ അസ്തിത്വം അംഗീകരിക്കുന്നതിലൂടെ മാത്രമേ നമുക്ക് ഒരു ശ്ലൈഹിക സഭയാണെന്ന് അവകാശപ്പെടാൻ സാധിക്കുകയുള്ളു. മലങ്കരകത്തോലിക്കാസഭ ഒരു പുതിയ സഭയാകകൊണ്ട് നേരത്തേ സഭയിലിരുന്ന പാരമ്പര്യമൊന്നും പരിഗണിക്കാതെ ഒരു പുതിയ സഭാവ്യവസ്ഥയ്ക്കു രൂപം കൊടുക്കാമെന്ന് ചിന്തിക്കുന്നവ

www.malankaralibrary.com

രുണ്ട്. ആത്മഹത്യാപരമായ ചിന്താഗതിയാണത്. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച അതേ ശ്ലൈഹിക സഭയുടെ തുടർച്ച നാം അവകാശപ്പെടണം. ആ സഭയുടെ പ്രത്യേകത പൂർണ്ണ സ്വതന്ത്രസഭയായി തുടരുകയല്ല, കാതോലിക കൂട്ടായ്മയിൽ ഉൾപ്പെട്ടിരിക്കുകയാണെന്ന് നാം തെളിയിച്ചുകൊടുക്കണം. ഇന്ന് മാർത്തോമ്മാ സഭയും ഓർത്തഡോക്സ് സഭയും സ്വതന്ത്രസഭകളായി പ്രവർത്തിക്കുന്നു. യാക്കോബായ സഭയാകട്ടെ അന്ത്യോഖ്യായോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ കാതോലിക കൂട്ടായ്മയുടെ അപൂർണ്ണരൂപം മാത്രം പുലർത്തുന്നു. അതുകൊണ്ട് ശ്ലൈഹികതയുടെ അർത്ഥമെന്തെന്ന് വ്യക്തമാക്കി കൊടുക്കുയാണ് പുനരൈക്യത്തിന്റെ ലക്ഷ്യം. ഒരു ശ്ലൈഹികസഭയായി തുടർന്നുകൊണ്ടുതന്നെ എങ്ങനെ കാതോലികകൂട്ടായ്മയിൽ ഒരു സ്വയംഭരണ സഭയായി വളരുവാൻ സാധിക്കുമെന്ന ചോദ്യത്തിന് പ്രായോഗികമായ ഉത്തരം കണ്ടെത്താൻ പുനരൈക്യപ്രസ്ഥാനത്തിന് സാധിക്കണം. ഇതിന് അനുയോജ്യമായ സൈദ്ധാന്തികപശ്ചാത്തലം രണ്ടാംവത്തിക്കാൻ പൗരസ്ത്യസഭകളെപ്പറ്റിയുള്ള ഡിക്രിയിൽ വ്യക്തമാക്കി തന്നിട്ടുണ്ട്. ഓരോ വൈയക്തിക (individual) സഭയ്ക്കു കാതോലിക കൂട്ടായ്മയിലുള്ള സ്വതന്ത്ര പ്രവർത്തന സാദ്ധ്യതയെന്തെന്ന് അതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. മലങ്കരസഭയാകട്ടെ പ്രതീകാത്മകവും പ്രാതിനിധ്യപരവുമായി, കാതോലിക കൂട്ടായ്മയിൽ പ്രവേശിച്ചു കഴിഞ്ഞുവെന്ന വസ്തുത മലങ്കര കത്തോലിക്കാസഭ എടുത്തുകാണിക്കുന്നു. അത് കൂടുതൽ യാഥാർത്ഥ്യപരവും പരിപൂർണ്ണവുമാകേണ്ടിയിരിക്കുന്നു. പുനരൈക്യത്തിലൂടെ നാം ഒരു പുതിയ സഭയ്ക്ക് രൂപം കൊടുത്തിട്ടില്ല, കത്തോലിക്കാസഭയിൽ ലയിച്ചിട്ടുമില്ല, പ്രത്യുത കാതോലിക കൂട്ടായ്മയിലേക്ക് പ്രവേശിക്കുകയാണ് ചെയ്തത്. ആ പ്രവേശനമാകട്ടെ പെട്ടെന്ന് സാധിക്കുന്ന അത്ഭുതപ്രവർത്തനമല്ല, സത്യത്തിലൂടെയും സ്നേഹത്തിലൂടെയും പൂർത്തിയകുന്ന ഒരു പ്രക്രിയയാണ്. ഇന്ന് ഇത് വളരെപ്പേർ ഉൾക്കൊള്ളുന്ന പുനരൈക്യപ്രസ്ഥാനത്തിലൂടെ തുടർന്നുകൊണ്ടിരിക്കുന്നു.

ഒരു ശ്ലൈഹികസഭയെന്ന നിലയിൽ മലങ്കരസഭയുടെ പൂർണ്ണമായ സ്ഥാനം നേടിയെടുക്കാൻ മലങ്കരയുടെ മക്കളെല്ലാം കൂട്ടായി പ്രവർത്തിക്കണം. അതിനുള്ള ശുശ്രൂഷാനേതൃത്വം പുനരൈക്യപ്രസ്ഥാനത്തിലൂടെ സിദ്ധമാവണം. ഒരു ശ്ലൈഹികസഭയെന്ന നിലയിൽ സ്വന്തം വ്യക്തിത്വം നേടിയെടുക്കാൻ മലങ്കരസഭയ്ക്കു ഇനിയും സാധിച്ചിട്ടി



ല്ല. പതിനാറാം നൂറ്റാണ്ടിനു മുമ്പ് പേർഷ്യൻ ബന്ധത്തിൽ ഉൾപ്പെട്ടിരുന്ന അവസ്ഥയിൽ സഭയുടെ ഭൗതിക ഭരണം സ്വതന്ത്രമായി നടത്തുവാനും, ഇടവകയോഗങ്ങളുടെ കൂട്ടായ്മയിൽ സഭയെ കെട്ടിപ്പടുക്കുവാനും നമുക്ക് സാധിച്ചു. നിലവിലിരുന്ന ക്രമം തകിടം മറിക്കുന്നതായിരുന്നു പിന്നീട് ഉണ്ടായ പോർട്ടുഗീസുബന്ധം. എന്നാൽ അതിലൂടെ കൂദാശാജീവിതത്തിലും പൗരോഹിത്യത്തിലും സഭാധികാരത്തിലും അധിഷ്ഠിതമായ ഒരു സഭാസംവിധാനത്തിന് രൂപം കൊടുക്കുവാനുള്ള ശ്രമം നടന്നു. പോർട്ടുഗീസുകാരെ തുടർന്നുവന്ന അന്തോക്യരാകട്ടെ സഭാശുശ്രൂഷയിലും സന്ന്യാസമനോഭാവത്തിലും പ്രാധാന്യം കൊടുത്തു. തത്ഫലമായി പ്രോട്ടസ്റ്റന്റ് നവീകരണത്തിന്റെ വ്യതിചലനങ്ങളെ ചെറുത്തുനില്ക്കാൻ സഭയ്ക്ക് സാധിച്ചു. നവീകരണ പ്രസ്ഥാനത്തിലൂടെ സഭയ്ക്ക് വിശ്വാസപാരമ്പര്യങ്ങൾക്ക് ഉലച്ചൽ ഉണ്ടായെങ്കിലും, വേദപുസ്തകാധിഷ്ഠിതവും ഗാനാത്മകവുമായ പ്രാർത്ഥനാജീവിതസമ്പ്രദായത്തിന് കൂടുതൽ പരിഗണന ലഭിക്കുകയും ചെയ്തു. ഇന്നു സഭയെ സ്വാധീനിച്ചുകൊണ്ടിരിക്കുന്ന പെന്റക്കോസ്റ്റൽ പ്രവണതകൾ കൂടുതൽ വൈകാരികവും അസ്തിത്വപരവുമായ വശങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നതുകൊണ്ട് സഭയുടെ ശ്ലൈഹികമായ അടിസ്ഥാനം തന്നെ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. അതേസമയം പരിശുദ്ധാത്മാവിന്റെ സജീവപ്രേരണയാൽ വ്യക്തികളുടെ മാനസാന്തരത്തിനും കൂട്ടായ്മാ ജീവിതത്തിനും പുതിയ പ്രേരണയും പ്രചോദനവും പെന്റക്കോസ്റ്റൽ പ്രസ്ഥാനത്തിലൂടെ ലഭിക്കുന്നുവെന്നതും നിഷേധിച്ചുകൂടാ. അങ്ങനെ മാർത്തോമാശ്ലീഹായുടെ കാലംമുതൽ നൂറ്റാണ്ടുകളിലൂടെ വിവിധ സ്വാധീനങ്ങൾക്ക് വിധേയമായി കടന്നുവന്നിരിക്കുന്ന മലങ്കര സഭയാണ് കാതോലികകൂട്ടായ്മയിലേക്ക് പുനരൈക്യപ്രസ്ഥാനത്തിലൂടെ പ്രവേശിച്ചിരിക്കുന്നത്. മലങ്കരസഭ ചരിത്രപരമായി ശേഖരിച്ച് പാരമ്പര്യങ്ങൾക്കും സവിശേഷതകൾക്കും കൂടുതൽ നിറവും മിഴിവും കൊടുക്കാൻ സാധിക്കുമെന്നാണ് പുനരൈക്യപ്രസ്ഥാനം മലങ്കരസഭയ്ക്കു നൽകുന്ന വാഗ്ദാനം.

ഇന്ന് സഭയുടെ ചരിത്രപരമായ പാരമ്പര്യങ്ങളെല്ലാം ഒറ്റപ്പെട്ട വസ്തുതകളായി വ്യക്തികളിലും സമൂഹങ്ങളിലും അവശേഷിക്കുകയാണ്. ഓരോ പാരമ്പര്യവും ഉയർത്തിപ്പിടിക്കുന്ന ഓരോ സഭ ഇന്നുണ്ട്. അവയോരോന്നും മറ്റുസഭകളിൽ നില്ക്കുന്നവരെ തങ്ങളുടെ സവിശേഷതകളിലേക്ക് ആകർഷിച്ചുകൊണ്ടുമിരിക്കുന്നു. തദ്ഫലമായി ഒരു സഭ

www.malankaralibrary.com

യിൽ ഉൾപ്പെട്ടിരിക്കുന്ന അവസ്ഥയിൽതന്നെ വേറൊരു സഭയിലേക്ക് വ്യക്തികളും സമൂഹങ്ങളും ആകർഷിതമായിരിക്കുന്നു. അങ്ങനെ സ്വതന്ത്രസഭയിൽ താത്പര്യമുള്ള യാക്കോബായക്കാരും വേദപുസ്തകത്തിന്റെ പേരിൽ പാരമ്പര്യം തള്ളിക്കളയുന്ന ഓർത്തഡോക്സുകാരും കൂദാശകളെക്കാൾ വചനശുശ്രൂഷക്ക് പ്രാധാന്യം കൊടുക്കുന്ന മാർത്തോമ്മാക്കാരും സഭാ സംവിധാനത്തെക്കാൾ കൂട്ടായ്മാ ജീവിതത്തിൽ താത്പര്യം പ്രകടിപ്പിക്കുന്ന സി.എസ്.ഐ.ക്കാരുമെല്ലാം മലങ്കരയിലുണ്ട്. ഈ വ്യതിചലനമനോഭാവഫലമായി ഓരോ സഭയും കൂടുതൽ ശിഥിലീകൃതമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ ശിഥിലീകരണ പ്രവണതയ്ക്ക് നാം അന്ത്യം കുറിക്കണം. ഒരു സഭയിൽ നാം പരിചയിച്ചിട്ടില്ലാത്ത സവിശേഷത വേറൊരു സഭയിൽ കാണുന്നുവെന്നതുകൊണ്ട് സഭാമാറ്റം ആവശ്യമാണോ? ഇങ്ങനെ സഭാമാറ്റം ആവശ്യമാണെന്ന് തോന്നുന്നതിന്റെ കാരണം ഓരോ സവിശേഷതയും ഓരോ സഭയുടെയും കുത്തകയാണെന്ന തെറ്റിദ്ധാരണയാണ്.

ഇക്കാര്യത്തിൽ വ്യക്തമായ ബോധനം രണ്ടാംവത്തിക്കാൻ നൽകുന്നുണ്ട്. ഓരോ ക്രിസ്തീയ സവിശേഷതയും പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ രൂപംകൊള്ളുന്നതാകയാൽ അതെല്ലാം ക്രിസ്തുസഭയുടെ പൊതുസ്വത്താണ്. ക്രിസ്തുവിനെ സഭയിലൂടെ കാണിച്ചുതരികയാണല്ലോ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം. അതുകൊണ്ട് ഓരോ സവിശേഷതയും നമ്മെ ക്രിസ്തുസഭയിലേക്ക് നയിക്കുന്നതാകണം. അവയുടെയെല്ലാം സമാഹരണത്തിലൂടെ ക്രിസ്തുസഭയിൽ എല്ലാ വിശ്വാസികളും ഒന്നിക്കുവാൻ ഇടവരണം. ഇന്ന് ഓരോ സഭാപരമായ മൂല്യത്തിന്റെയും നന്മയുടെയും പേരിലാണ് കൂടുതൽ ഭിന്നതയ്ക്ക് കാരണമാകുന്നത്. പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനെയും വിവിധ സവിശേഷതകളിലൂടെ പ്രകടമായിക്കൊണ്ടിരിക്കുന്ന ക്രിസ്തുസഭയുടെ പൊതുവും രഹസ്യാത്മകവുമയ സാന്നിദ്ധ്യത്തെയും, എല്ലാ വിശ്വാസികളെയും ദൃശ്യസഭയിൽ ഒന്നിപ്പിക്കുന്ന ക്രിസ്തുവിന്റെ പ്രാർത്ഥനയുടെ നിറവേറലിനെയും അവഗണിക്കുന്നതനുസരിച്ച് ക്രൈസ്തവരുടെയിടയിലെ അനൈക്യം വർദ്ധിക്കുന്നു. എന്നാൽ പരിശുദ്ധാത്മപ്രവർത്തനത്തിന് സ്വയം വിധേയരായിക്കൊണ്ട് ഈ ക്രൈസ്തവമൂല്യങ്ങളെയും സമാഹരിക്കുവാനുള്ള ആഹ്വാനമാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് നൽകുന്നത്. ഈ ആഹ്വാനത്തിലൂടെ ഇന്ന് ഓരോ സഭയും പ്രാധാന്യം കൊടുക്കുന്ന സഭാത്മകമൂല്യങ്ങളെ സമാഹരിക്കുകയെന്ന



ഉത്തരവാദിത്വം സഭ നമ്മെ ഏല്പിച്ചിരിക്കുന്നു.

മലങ്കരസഭയിൽ വിവിധ വിഭാഗങ്ങൾ പ്രദ്യോതിപ്പിക്കുന്ന സവിശേഷതകളെ സമാഹരിക്കുന്ന ഈ ഉത്തരവാദിത്വം പുനരൈക്യപ്രസ്ഥാനത്തിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഒരു നന്മയെ വേറൊന്ന് വിരുദ്ധമയി കാണുന്നതിലൂടെ ഭിന്നത നിലനില്ക്കുന്നു. എന്നാൽ എല്ലാ സഭാമൂല്യങ്ങളും പരസ്പരം പൂരകങ്ങളാണെന്ന് മനസ്സിലാക്കുന്നവർ പുനരൈക്യത്തിനുവേണ്ടി പ്രവർത്തിക്കുന്നു. നല്ലതിനെയെല്ലാം സ്വാംശീകരിക്കുന്നതിലൂടെയാണ് സഭ നവീകരിക്കപ്പെടുന്നത്. നവീകരണത്തിന്റെ ശക്തമായ പ്രേരണയ്ക്ക് വിധേയമായി ഇന്ന് കത്തോലിക്കാസഭ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ സജീവപ്രകടനമായിരിക്കണം പുനരൈക്യപ്രസ്ഥാനം. വിവിധങ്ങളായ സഭാമൂല്യങ്ങൾ ഒന്നിച്ചുനിലവിലിരിക്കുന്നതു മലങ്കരസഭയുടെ ദൗർബല്യമല്ല, ശക്തിയാണ്, എന്ന് നാം തെളിയിച്ചുകൊടുക്കണം. പുനരൈക്യപ്രസ്ഥാനത്തിന് ആരംഭം കുറിച്ചുകൊണ്ട് മലങ്കരസഭയ്ക്ക് ലഭിച്ച അംഗീകാരം പൂർത്തീകരിക്കുകയാണ് നമ്മുടെ കർത്തവ്യം. ഈ രംഗത്ത് വത്തിക്കാൻ കൗൺസിൽ വീശിയിരിക്കുന്ന പുതിയ വെളിച്ചത്തിൽ പുനരൈക്യപ്രസ്ഥാനത്തിന് വളരെ മുമ്പോട്ടുപോകുവാനുണ്ട്.

***പുനരൈക്യസുവർണ്ണജൂബിലി(1980)യോടനുബന്ധിച്ച് തിരുവല്ലായിൽ നടത്തിയ സിംപോസിയം പ്രബന്ധം.***

www.malankaralibrary.com

# 52

# മലങ്കരകത്തോലിക്കാസഭയുടെ ദൗത്യം

മലങ്കരകത്തോലിക്കർ ഇന്ന് 'റീത്തുകാർ' എന്ന പേരിനാൽ അറിയപ്പെടുന്നു. യാക്കോബായ ഓർത്തഡോക്സു സഹോദരങ്ങൾ ഉപയോഗിക്കുന്ന അതേ ആരാധനാരീതി തുടരുവാൻ അനുമതി ലഭിച്ചുവെന്ന അർത്ഥത്തിൽ നാം അവരോട് പറഞ്ഞു, കത്തോലിക്കാ സഭയിൽ ഒരു പുതിയ റീത്ത് ആരംഭിച്ചുവെന്ന്. അതിന് അവർ നൽകിയ ഓമനപ്പേരാണ് 'റീത്തുകാരെ'ന്നത്. കത്തോലിക്കാസഭയിൽ ഓരോ വിഭാഗക്കാർ ഓരോ റീത്ത് പുലർത്തുന്നുവെന്നതും അങ്ങനെ ഇരുപതോളം റീത്തുകൾ സഭയിൽ ഉണ്ടെന്നതും സഭയുടെ കാതോലികതയുടെ വലിയ തെളിവാണ്. അത് ഒരു ആക്ഷേപനാമത്തിന് ഹേതുവായിയെന്നത് അത്ഭുതം തന്നെ. വാസ്തവത്തിൽ, ഓരോ റീത്ത് പാലിക്കുന്നുവെന്ന അർത്ഥത്തിലാണെങ്കിൽ കാത്തോലിക്കരെല്ലാം റീത്തുകാരാണ്. അല്ല, മലങ്കര അന്ത്യോഖ്യാ ആരാധനക്രമം പാലിക്കുന്നവരെന്ന നിലയാണെങ്കിൽ മലങ്കര സഭയിലെ യാക്കോബായ അന്തോക്യാ വിഭാഗങ്ങളും നമ്മെപ്പോലെ റീത്തുകാരാണ്. എന്നാൽ മലങ്കര കത്തോലിക്കരായ നാം മാത്രം ഈ പേരിനാൽ അറിയപ്പെടുന്നു. അതുകൊണ്ട് യഥാർത്ഥ പദവിവക്ഷയൊന്നുമല്ല നാമകരണത്തിന്റെ പിന്നിലുള്ളത്, ആ ആക്ഷേപമാണ്. ഈ ആക്ഷേപനാമം നാമൊട്ടും സമ്മതിക്കരുത്. ഒരിക്കൽ മാർത്തോമ്മാക്കാർ, നവീകരണക്കാർ എന്ന പേരിനാൽ അറിയപ്പെട്ടിരുന്നു. സഭാനവീകരണത്തിന് മുമ്പിട്ടുവന്നതിന്റെ പേരിൽ സഭയിൽനിന്ന് പിരിഞ്ഞുപോയവരാണല്ലോ അവർ. എന്നാൽ അവർ ആഗ്രഹിച്ചു, മാർത്തോമ്മാസഭ എന്ന പേരിൽ അറിയപ്പെണമെന്ന്. അങ്ങനെ ഇന്ന് അവർ പരക്കെ അറിയപ്പെടുന്നത് മാർത്തോമ്മാ സഭയെന്ന പേരിനാലാണ്. അതുപോലെ മലങ്കര കത്തോലിക്കാരും തങ്ങളുടെ വ്യക്തിത്വം വിളിച്ചറിയിക്കുന്ന ഒരു പേരിനാൽ അറിയപ്പെടുണമെന്നത് ഏറ്റം ആവശ്യമായിരിക്കുന്നു.

എന്തായിരിക്കും 'റീത്തുകാർ' എന്ന് നമ്മുടെ അകത്തോലിക്കാ സഹോദരങ്ങൾ നമ്മെ വിളിക്കുവാനുള്ള കാരണം. മലങ്കരയുടെ



പൊതുജീവിതധാരയ്ക്കു നാം പുറത്തു നില്ക്കുന്നുവെന്ന് ആരോപിക്കണമെന്നത് തന്നെ. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടുവെന്നതിന് റോമാസഭയിൽ ചേർന്നുവെന്നും, റോമായിൽ പോയിയെന്നും, അവർ നമ്മെപ്പറ്റി പറയുന്നു. കൂനൻകുരിശു സത്യത്തിനുമുമ്പ് പോർട്ടുഗീസ് അധീനതയിൽ കഴിഞ്ഞിരുന്ന അതേ അവസ്ഥയിലേക്ക് തിരികെപ്പോയി എന്ന് അവർ ആരോപിക്കുന്നു. അതിനു കുറേ ന്യായമില്ലേ. കൂനൻകുരിശുസത്യം തന്നെ തെറ്റാണെന്ന് പറഞ്ഞുകൊണ്ട് അതുമൂലമുണ്ടായ ഭിന്നത ഇല്ലാതാക്കുകയാണ് നമ്മുടെ ലക്ഷ്യമെന്ന് നാം തന്നെ പറയുന്നു. ചരിത്രപരമായി കൂനൻകുരിശിനു മുമ്പുള്ള അവസ്ഥയിലേക്ക് നാം തിരികെപ്പോകുകയല്ലാ സഭാപരമായി ഉണ്ടായ ഭിന്നതയുടെ അവസ്ഥ തിരുത്തിക്കുറിക്കുക മാത്രമാണ്. അതുകൊണ്ട് വിദേശമേധാവിത്വത്തിന് നാം വീണ്ടും വിധേയരായിയെന്ന ധ്വനി കളയണം. മാത്രമല്ല പുനരൈക്യത്തിലൂടെ ഒരു പുതിയ സഭ രൂപംകൊണ്ടുവെന്നും, അങ്ങനെ നിലവിലിരുന്ന ഭിന്നത കൂടുതൽ വർദ്ധമാനമായിയെന്നുമുള്ള തെറ്റിദ്ധാരണയും നാം ദുരീകരിച്ചുകൊടുക്കണം. കത്തോലിക്കാ സഭയിൽ തന്നെ ഏതോ കുറഞ്ഞ സ്ഥാനമാണ് നമുക്കുള്ളതെന്ന ധാരണയും നമ്മുടെ സഹോദരങ്ങളുടെയിടയിലുണ്ട്. നമുക്കും ആ ചിന്തയില്ലേ. ലത്തീൻ മലബാർ സഭകളിൽ ഉൾപ്പെട്ടവരെ പഴയ കത്തോലിക്കരെന്നല്ലേ നാം വിശേഷിപ്പിക്കുന്നത്. കത്തോലിക്കാ പുനരൈക്യത്തിലൂടെ സഭയുടെ കാതോലികകൂട്ടായ്മയിൽ ദൃശ്യമായി ഉൾപ്പെട്ടുവന്നല്ലാതെ പുനരൈക്യത്തിലൂടെ നാം പുതിയ കത്തോലിക്കാരൊന്നും ആയിട്ടില്ല. വാസ്തവത്തിൽ പുനരൈക്യപ്രസ്ഥാനത്തിലൂടെ മലങ്കര സഭയോടൊപ്പം കാതോലിക കൂട്ടായ്മയിൽ നേരത്തെ ഉൾപ്പെട്ടിരുന്ന മറ്റുസഭകളും കൂടുതൽ കാതോലികമായിത്തീരുന്നുവെന്നതാണ് വസ്തുത. തദ്ഫലമായി മലങ്കരസഭയും കത്തോലിക്കാസഭയും ഒരു പുതിയ വളർച്ചയിലേക്ക് പ്രവേശിക്കുകയാണ്.

സഭാപുനരൈക്യത്തിലൂടെ കാതോലിക കൂട്ടായ്മാ മുഴുവനും നവീകരണപ്രക്രിയയ്ക്കു വിധേയമാവുകയാണ്. ഒരു ശിശുവിന്റെ ജനനം കുടുംബത്തെ മുഴുവൻ നവീകരിക്കുന്നതിലുമുപരിയായ നവീകരണപ്രക്രിയയാണത്. കാതോലിക കൂട്ടായ്മയിൽ പ്രവേശിക്കുന്നതിലൂടെ മലങ്കര തന്റെ വ്യക്തിത്വത്തിൽ കൂടുതൽ ഉറയ്ക്കുന്നു. വാസ്തവത്തിൽ, കൂടുതൽ വിഭജനത്തിന് വിധേയമായിക്കൊണ്ടിരു

www.malankaralibrary.com

ന്നതു കൊണ്ട് സഭയ്ക്കു സ്വന്തം സഭാവ്യക്തിത്വം പ്രകാശിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. ഭിന്നത മുഖമുദ്രയായിരിക്കുന്ന സഭയ്ക്ക് എന്ത് വ്യക്തിത്വമാണുണ്ടാവുക. അതുകൊണ്ട് കൂടുതൽ ശിഥിലീകരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന മലങ്കരസഭയ്ക്ക് ഒരു പുതുചൈതന്യം പകർന്നുകൊടുക്കുന്ന 'റീത്തുകാർ,' ഒരു പുതിയ വിഭജനത്തിന് രംഗമൊരുക്കുകയല്ല ചെയ്തത്. മലങ്കരസഭയിൽനിന്ന് വേർപെട്ടു പോയവരെന്ന നിലയിലാണ് യാക്കോബായ ഓർത്തഡോക്സു സഹോദരങ്ങൾ നമ്മെ കാണുന്നത്. ആ തെറ്റിദ്ധാരണ നാം മാറ്റണം. എന്നാൽ മലങ്കരയുടെ സവിശേഷതകൾ നഷ്ടപ്പെടുത്തുവാനോ പാശ്ചാത്യ സഭയുടെ രീതികൾ കത്തോലിക്കരെന്ന പേരിൽ അന്ധമായി അനുകരിക്കുവാനോ നാം ശ്രമിക്കുന്നെങ്കിൽ റീത്തുകാർ എന്ന വിശേഷത്തിനും നാം അർഹരായിത്തീരുകയാണ്. വാസ്തവത്തിൽ മലങ്കരസഭയുടെ പൊതുജീവിതധാരയിലേക്ക് പുതുചൈതന്യത്തോടെ നാം കടന്നുവന്നിരിക്കുകയാണ്, കാതോലിക പുനരൈക്യത്തിലൂടെ. തെറ്റിദ്ധാരണ ഒഴിവാക്കാൻ കത്തോലിക്കാ പുനരൈക്യമെന്നതിനേക്കാൾ കാതോലികാ പുനരൈക്യമല്ലേ കൂടുതൽ നല്ല പദം. കത്തോലിക്കാസഭയിൽ ചേർന്നുവെന്നതിനുപകരം കതോലിക കൂട്ടായ്മയിൽ ഉൾപ്പെട്ടുവെന്ന് പറയുന്നതാണ് നല്ലത്.

കാതോലിക സഭയിൽ തന്നെ റീത്തുകൾക്ക് കൂടുതൽ സഭാപരമായ സ്ഥാനം രണ്ടാംവത്തിക്കാൻ സൂനഹദോസിലൂടെ ലഭിച്ചിട്ടുണ്ട്. ഓരോ റീത്തും ഓരോ സഭയാണ്. വ്യത്യസ്ത മേലധികാരികളുടെ കീഴിലുള്ള വ്യത്യസ്ത സഭകളെന്നെന്ന് എല്ലാവർക്കുമറിയാം. എന്നാൽ ഒരേ പരമാധ്യക്ഷന്റെ കീഴിൽ പല സഭകളുണ്ടോ? ഉണ്ടെന്ന് കൗൺസിൽ വ്യക്തമായി പറയുന്നു. ഇതായിരുന്നു ആദിമ നൂറ്റാണ്ടുകളിൽ നിലവിലിരുന്ന സ്ഥിതി. പല സഭകൾ ഒരേ കൂട്ടായ്മയിൽ ഉൾപ്പെട്ടിരുന്നു. അവർ തമ്മിൽ യോജിപ്പിക്കുന്ന ഏകാധികാരമുണ്ടായിരുന്നു. സൂനഹദോസുകളിലൂടെയാണ് ഈ അധികാരം ഏറെയും പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. വ്യക്തിപരമായ രീതിയിൽ റോമിലെ പാത്രിയാർക്കീസ് സഭയുടെ വിശ്വാസത്തെയും ഐക്യത്തെയും സ്പർശിക്കുന്ന പ്രതിസന്ധികളിൽ കാതോലിക കൂട്ടായ്മയിൽ മുഴുവൻ ഇടപെട്ടിരുന്നു. സാർവത്രിക സൂനഹദോസുകൾ വിളിച്ചു കൂട്ടുകയും, അവയിൽ ആദ്ധ്യക്ഷം വഹിക്കുകയും, അവയുടെ തീരുമാനം അംഗീകരിക്കുകയും ചെയ്യുകയെന്നത് സാർവത്രിക



തലവന്റെ ധർമ്മമായിരുന്നു. അങ്ങനെ ഒരേ കൂട്ടായ്മയിൽ പല സഭകൾ സ്വതന്ത്രമായി പ്രവർത്തിക്കുകയും ഒന്നിച്ചുചേരുകയും ഏക നേതൃത്വത്തിന് വിധേയരാകുകയും ചെയ്യുന്ന അവസ്ഥ സഭാപരമായി ആവശ്യമില്ലേ? ഈ ദൃശ്യമായ ആവശ്യബോധം ഉണ്ടാകുന്നതനുസരിച്ചു മാത്രമേ സഭാപുനരൈക്യത്തെപ്പറ്റി പൊതുവേ മതിപ്പുണ്ടാകുകയുള്ളൂ. ഓരോ സഭയും പൂർണ്ണസ്വതന്ത്രമായി പ്രവർത്തിക്കുകയെന്നതാണ് നല്ലതെന്ന ചിന്ത ഇന്ന് പ്രായേണ നിലവിലുണ്ട്. സ്വതന്ത്രരാഷ്ട്രത്തിന്റെ ചുവടു വച്ച് സ്വതന്ത്രസഭയെപ്പറ്റി ഇന്ന് പലരും സംസാരിക്കുന്നു. എന്നാൽ കാതോലികതയും ഏകതയും സമരസപ്പെടുത്തുന്ന പുതിയ ചിന്ത രണ്ടാംവത്തിക്കാന്റെ വലിയ സംഭാവനയാണ്. ഒരേ സഭയിൽ പല റീത്തുകളെന്ന നില മാറി ഒരേ കൂട്ടായ്മയിൽ പല സഭകളെന്ന ഈ പുതിയ ചിന്താഗതി മലങ്കര കത്തോലിക്കാരായ നാം സ്വീകരിച്ചുകഴിഞ്ഞുവോ? മലങ്കരസഭയുടെ വ്യക്തിത്വത്തെപ്പറ്റി നാം കൂടുതൽ ബോധവാന്മാരായോ? എങ്കിൽ നാം റീത്തുകാരല്ല. മലങ്കര സഭയെ കാതോലിക കൂട്ടായ്മയിലേക്കു നയിക്കുന്ന പുനരൈക്യ പ്രസ്ഥാനമാണ്, എന്ന് നമുക്ക് ഉറക്കെപ്പറയാൻ സാധിക്കും.

പുതിയ സഭാദർശനത്തിലേക്ക് മലങ്കരസഭയെ നയിക്കുകയാണ് നമ്മുടെ ഉത്തരവാദിത്വം. ലോകത്തിന്റെ നാലുഭാഗത്തുമായി നാലു പാത്രിയർക്കീസുമാരുണ്ടായിരിക്കുകയും വേണം എന്ന ബാർ എബ്രായയുടെ ഹൂദായകാനോന് ഒരു പുതിയ വ്യാപ്തി കണ്ടെത്തുകയെന്നതാണത്. കാതോലിക കൂട്ടായ്മയിൽ ദൃശ്യമായി ഉൾപ്പെടാതിരുന്ന അവസ്ഥയിൽ ഈ പ്രഖ്യാപനം ചെയ്യാൻ ബാർ എബ്രായ പ്രകടിപ്പിച്ച ധീരതയുടെ മുമ്പിൽ നാം ശിരസ്സും നമിക്കണം. അദ്ദേഹം അന്ത്യോഖ്യായോട് ചേർന്നുനില്ക്കുന്ന മലങ്കരസഭയെ മാത്രമേ കണക്കിലെടുക്കുന്നുള്ളു. തനിച്ചുനില്ക്കുന്ന മലങ്കരസഭയെയാണ് പുനരൈക്യപ്രസ്ഥാനം വിഭാവന ചെയ്യുന്നത്. മലങ്കരസഭയ്ക്ക് സ്വന്തമായ വ്യക്തിത്വവും സ്ഥാനവും ഉണ്ടായിരിക്കുമെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് വ്യക്തമാക്കുന്നുമുണ്ട്. കാതോലിക കൂട്ടായ്മയിൽ ഉൾപ്പെട്ടിരിക്കുന്ന മലങ്കരകത്തോലിക്കാ സഭയിലൂടെയാണ് ഈ അംഗീകാരം മലങ്കരസഭയ്ക്കു ലഭിച്ചിരിക്കുന്നത്. മലങ്കരസഭയുടെ സ്ഥാനത്തെ ചൊല്ലിയുള്ള യാക്കോബായ ഓർത്തഡോക്സ് കലഹത്തിനു നാമിങ്ങനെ ഒരു പ്രതിവിധി കണ്ടെത്തിയിരിക്കുന്നു. മാർ ഇവാനിയോസിന്റെയും, മാർ തെയോഫിലോസിന്റെയും

www.malankaralibrary.com

പുനരൈക്യത്തിലൂടെ മലങ്കരയ്ക്ക്, അടിസ്ഥാനപരവും സഭാപരവും സാർവത്രികവുമായ അംഗീകാരത്തിന് ആരംഭമിട്ടു. എന്നാൽ അതിന്റെ പൂർണ്ണരൂപം കൈവന്നിരിക്കുന്നത് രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ഈ അംഗീകാരത്തിന്റെ അർത്ഥവും മൂല്യവും ആഴവും വ്യാപ്തിയും എന്തെന്ന് മനസ്സിലാക്കാൻ നാമിതുവരെ ശ്രമിച്ചിട്ടില്ല. നമ്മുടെ സഭാപരമായ അവകാശം എന്തെന്ന് കൗൺസിൽ പറഞ്ഞുതരുന്നു. എങ്കിലും നമ്മുടെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും പറ്റി നാം ബോധവാന്മാരാകുന്നില്ല. ഇന്നും പാശ്ചാത്യസഭയുടെ അരികുചേർന്നു നില്ക്കുന്ന അടിമത്തമനോഭാവം ഒരളവുവരെ നാം പുലർത്തിക്കൊണ്ടിരിക്കുന്നു. ഓരോ സഭയ്ക്കും സ്വയം ഭരണത്തിനും സ്വയം നിർണ്ണയത്തിനും സ്വാതന്ത്ര്യമുണ്ട്. കാതോലിക കൂട്ടായ്മയ്ക്കകത്ത് ഇതെങ്ങനെ പുലർത്തുമെന്ന പ്രായോഗികതയ്ക്കു ഓരോ സഭയും തന്റെ ചരിത്രപരവും അസ്തത്വപരവുമയ സാഹചര്യങ്ങളുസരിച്ച് രൂപം കൊടുക്കണം. വേറൊരു സഭയെ അനുകരിക്കുന്ന പ്രശ്നമല്ല ഇത്, ബോധവൽകരണത്തിന്റെ ഉത്തരവാദിത്വമാണത്.

*പുനരൈക്യസുവർണ്ണജൂബിലിയോടനുബന്ധിച്ച് (1980) തിരുവല്ലായിൽ അവതരിപ്പിച്ച സിപോസിയം പ്രബന്ധം.*



# 53

# മലങ്കരസഭയുടെ പൈതൃകവും പദവിയും

മങ്കരസഭയുടെ പൊതുപൈതൃകം അതിന്റെ ആരാധനക്രമമാണ്. അതു പുലർത്തുവാൻ സാധിക്കുമെന്നതാണ് മലങ്കരകത്തോലിക്കാ സഭയുടെ ഏറ്റം വലിയ നേട്ടം. ഇതിന്റെ അടിസ്ഥാനത്തിലാണ് വേർപെട്ടു നില്ക്കുന്ന നമ്മുടെ സഹോദരരെ നാം കത്തോലിക്കാ സഭയിലേക്കു ആകർഷിക്കുന്നതും. മലങ്കരസഭയ്ക്ക് പൊതുവായ ആരാധനക്രമം തുടരുവാൻ അനുവദിച്ചുവെന്നത് വലിയ നേട്ടമായി എടുത്തുകാണിച്ചു. ഫലമോ, റീത്തുകാർ എന്ന ചെല്ലപ്പേര് നമുക്ക് ലഭിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മലങ്കരസഭയുടെ പൊതു ചൈതന്യത്തിന് പുറത്താണ് നാം നില്ക്കുന്നതെന്നും, കത്തോലിക്കാസഭയിൽ തന്നെ ഏതോ അധഃസ്ഥിതിയിലുള്ള ഗണമാണ് നാമെന്നും, നമ്മുടെ അകത്തോലിക്കാ സഹോദരർ ആരോപിച്ചു. 'റീത്ത്' എന്ന പദത്തിന്റെ അർത്ഥം പോലും അവഗണിച്ചുകളയുന്ന തരത്തിലുള്ള പേരായിത്തീർന്നു റീത്തുകാരെന്നത്. ഓരോ സമൂഹത്തിനും അതിന്റെ പേര് പ്രധാനമാണ്. 'നവീകരണ സഭ'യെന്ന പേര് ആദ്യം സ്വീകരിച്ചതിനു ശേഷം അതു മലങ്കരയിൽ വിലപ്പോകുകയില്ലെന്ന് മനസ്സിലായപ്പോൾ, യാക്കോബായ സഭയിൽ നിന്ന് പിരിഞ്ഞുപോയ മാത്യൂസ് മാർ അത്താനാസ്യോസിന്റെ അനുയായികൾ 'മാർത്തോമ്മാ സഭ' എന്ന പേരെടുത്തു. ഇന്നും ആ പേരിനാൽ അറിയപ്പെടുന്നു. അതുപോലെ സ്വതന്ത്ര കത്തോലിക്കാ സിംഹാസനവുമായി യാക്കോബായ സഭയിൽ നിന്നു സ്വയം വേർപെടുത്തിയ മെത്രാൻ കക്ഷിക്കാർ ഓർത്തഡോക്സ് സഭ എന്ന പേരെടുത്തു. എന്നാൽ യാക്കോബായ സഭ തന്നെ സിറിയൻ ഓർത്തഡോക്സ് സഭയെന്നാണ് അറിയപ്പെടുന്നതെന്ന് ആരും ചിന്തിക്കുന്നില്ല. ഓർത്തഡോക്സ് എന്ന പേരിൽ ഒരു പുതിയ വ്യക്തിത്വം വളർത്തിയെടുക്കാനാണ് മെത്രാൻ കക്ഷിയുടെ ഇന്നത്തെ ശ്രമം. അതുകൊണ്ട് ഏതൊരു സഭയ്ക്കും സ്വന്തമായ വ്യക്തിത്വം വളർത്തിയെടുക്കുന്നതിന്, അതിന് യോജിക്കുന്ന ഒരു പേരുണ്ടായിരിക്കുക അത്യന്താപേക്ഷിതമാണ്. മലങ്കര കത്തോലിക്കാ സഭ എന്ന പേരിനാൽ തന്നെ നാം അറിയപ്പെടുകയാണ്

www.malankaralibrary.com

ആവശ്യം. റീത്ത് എന്ന പേര് നാം വർജ്ജിക്കണം. മറ്റുള്ളവരോട് വർജ്ജിക്കാൻ ആവശ്യപ്പെടുകയും വേണം. എന്നാൽ മലങ്കര കത്തോലിക്കാസഭ എന്ന നിലയിൽ സുസ്ഥാപിത രൂപം ഉണ്ടായിയെന്ന് അഭിമാനിക്കുന്നതിനു പകരം പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രേഷിതർ എന്ന നിലയിൽ നാം കൂടുതലായി നമ്മുടെ കത്തോലിക്കാ സഹോദരങ്ങളുമായി ബന്ധപ്പെട്ടിരിക്കുകയും വേണം.

'റീത്ത്' എന്നതിന് കൂടുതൽ വ്യാപകമായ അർത്ഥമാണല്ലോ ഇന്ന് കത്തോലിക്കർ നൽകുന്നത്. കാതോലിക്കാ സഭയിലുള്ള വിവിധ റീത്തുകളെല്ലാം വൈയക്തിക സഭ (individual church) കളായി ഇന്ന് പരിഗണിക്കപ്പെടുന്നു. അതനുസരിച്ച് കേരളത്തിൽ തന്നെ ലത്തീൻ സഭയും മലബാർ സഭയും മലങ്കരസഭയുമുണ്ട്. എന്നാൽ ഇവയെല്ലാം ഏതോ ഏക രൂപമായ സഭാ സമൂഹത്തിന്റെ വിവിധ പ്രോവിൻസുകളെന്ന നിലയിലാണ് പ്രവർത്തിക്കുന്നത് എന്നാണ് അകത്തോലിക്കാ സഹോദരങ്ങൾ മനസ്സിലാക്കുന്നത്. ഏകരൂപമായ കത്തോലിക്കാസഭ, എന്നൊന്നില്ല, സഭകളുടെ കത്തോലിക്കാ കൂട്ടായ്മയേയുള്ളൂ. എങ്കിലും ഭരണത്തിലും ബോധനത്തിലും ആദ്ധ്യാത്മികതയിലും ഏകരൂപസഭയുടെ മിഥ്യാ സങ്കല്പമല്ലേ നാം പുലർത്തുന്നത്. വൈവിധ്യത്തിന്റെയും പ്രത്യേക വ്യക്തിത്വത്തിന്റെയും അടിസ്ഥാനമായ ആരാധനാ ചൈതന്യം മറ്റ് മേഖലകളിലേക്ക് വ്യാപിച്ചു ചെല്ലാൻ നാം പരോക്ഷമായി വിസമ്മതിക്കുന്നു. അതേസമയം മലങ്കരയിലെ അകത്തോലിക്കാ സഭാ സമൂഹങ്ങൾ ആരാധനാരീതിയിലും അതിനോടു ബന്ധപ്പെട്ട മറ്റു മേഖലകളിലുമായി പ്രത്യേക വ്യക്തിത്വം പുലർത്തുന്നു. അവയോരോന്നും ശരിയായ അർത്ഥത്തിൽ ഓരോ പ്രത്യേക സഭകളാണ്. അങ്ങനെയൊരു പ്രത്യേക സഭയാണ് നമ്മുടേതെന്ന് അവകാശപ്പെടുവാൻ നമ്മുക്ക് സാധിക്കുമോ? അവരവരുടെ സവിശേഷതകളെല്ലാം സ്വാംശീകരിക്കുവാൻ നാം ശ്രമിക്കാറുണ്ടോ? വാസ്തവത്തിൽ റീത്തുകാർ എന്ന പേരിൽ നാം നമ്മുടെ അകത്തോലിക്കാ സഹോദരരിൽ നിന്ന് ഒറ്റപ്പെട്ടിരിക്കുകയാണ്. നമുക്കും അവർക്കും പൊതുവായുള്ള മലങ്കര റീത്തിനെ അവർ കാണുന്നത്, അവരെ റോമാക്കാരാക്കാൻ വച്ചിരിക്കുന്ന ഒരു ക്രമീകരണമായി മാത്രമാണ്. മലങ്കരയുടെ സഭാപരമായ സവിശേഷതകളെല്ലാം ഉൾക്കൊണ്ട് ഒരു വൈയക്തിക സഭയെന്ന നിലയിൽ ഉയരാത്തിടത്തോളം കാലം അകത്തോലിക്കർ നമ്മെപ്പറ്റി ചിന്തിക്കുന്നത് ശരിയാണെന്ന് സമ്മതിച്ചു കൊടുക്കേണ്ടതായി വരും. മലങ്കര റീത്തിന്റെ പരിവേഷം അണിഞ്ഞ ഒരു പാശ്ചാത്യ സഭാ വിഭാഗമാണ്, മലങ്കര കത്തോലിക്കരെന്ന്, അകത്തോലിക്കർ പറയുന്നതിൽ അത്യുക്തിയുണ്ടാവാം. എന്നാൽ അതിൽ കുറെ കാര്യവുമുണ്ട്. ഒരു പ്രത്യേക സഭ എന്ന നിലയിൽ ഒരു വിശ്വാസ്യത (credibility) നാം നേടിയെടുത്തിട്ടില്ല. മലങ്കരയുടെ മണ്ണിന്റെ മണമുള്ള ഒരു സഭാ പ്രസ്ഥാനമായി നാം ഉയർന്നിട്ടുമില്ല.



സഭയെന്ന നിലയിൽ ഒരു സ്ഥാനം മറ്റു പൗരസ്ത്യ സഭകൾക്കെന്നപോലെ നമുക്കുമുണ്ടെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. എന്നാൽ സഭയ്ക്ക് ആദർശപരമായ നിലപാട് മുമ്പിലുണ്ടായിരിക്കും അതിന്റെ പ്രായോഗിക രൂപം എന്നും പിറകിൽ നിൽക്കുകയും ചെയ്യും. ആദർശതലത്തിലേയ്ക്കുയരാൻ പ്രായോഗിക സംവിധാനത്തിന് ആക്കം കൂട്ടുക, ബന്ധപ്പെട്ടവരുടെ ഉത്തരവാദിത്വമാണ്. കൗൺസിലിൽ പാസാക്കിയതെല്ലാം പ്രായോഗികമായിട്ടില്ലെന്ന് വിസ്മയിച്ചിട്ടോ വിലപിച്ചിട്ടോ കാര്യമില്ല. ബോധവാൻമാരായി പ്രവർത്തിക്കുകയാണ് ആവശ്യം. അതുകൊണ്ട് മലങ്കരകത്തോലിക്കാ സഭയിലെ ഓരോ അംഗവും തന്റെ സഭയ്ക്കു സമ്മതിച്ചു തന്നിരിക്കുന്ന ഉന്നതമായ സ്ഥാനത്തെപ്പറ്റി ആഴമായ അവബോധം ഉൾക്കൊള്ളുകയാണ് ആവശ്യം. അതിന്റെ പേരിൽ എന്തെല്ലാം പ്രായോഗിക പരിണാമങ്ങളാണ് ഉടനടി ഉണ്ടാകേണ്ടതെന്ന് നാം തന്നെ തീരുമാനിക്കണം. ഭാരതത്തിൽപോലും വെറും മൂന്നാം കിട സ്ഥാനത്തേയ്ക്കു തള്ളപ്പെട്ടിരിക്കുകയാണ് നാം. നമ്മുടെ അകത്തോലിക്കാ സഹോദരങ്ങൾ ഭാരതത്തിന്റെ മാത്രമല്ല ലോകത്തിന്റെ നാനാഭാഗത്തേയ്ക്കും വ്യാപിച്ചു കഴിഞ്ഞു. അവരുടെയിടയിൽ പുനരൈക്യ പ്രവർത്തനം ചെയ്യുവാൻ ദൗത്യം ലഭിച്ചവരാണ് നാം. അതേ സമയം നമ്മുടെ പ്രവർത്തനപരിധി കേരളത്തിൽ ഒതുക്കി നിർത്തിയിരിക്കുന്നു താനും. ഇന്ന് ഭാരതത്തിന്റെ എല്ലാ ഭാഗത്തും വ്യാപിച്ചു ചെല്ലുവാൻ സ്വാതന്ത്ര്യം വേണമെന്ന് മലങ്കര കത്തോലിക്കാ സഭ ആവശ്യപ്പെട്ടത് സുവിശേഷപ്രവർത്തനത്തിന്റെ പേരിൽ മാത്രമല്ല- അത് മറ്റുള്ളവരും ചെയ്യുന്നുണ്ടാവാം-, മലങ്കര കത്തോലിക്കർ അവിടവിടെ താമസിക്കുന്നതുകൊണ്ടു മാത്രമല്ല,- അവർ മറ്റു പള്ളികളിൽ പോയെന്നു വരാം, - പ്രത്യുത, മലങ്കര മക്കളുടെയിടയിൽ പുനരൈക്യ പ്രവർത്തനം ചെയ്യുവാൻ അവകാശമുള്ളതുകൊണ്ടാണ്. ഒരു സഭയെന്ന നിലയിൽ എല്ലാ അവകാശവും സ്വാതന്ത്ര്യവും -സ്വന്തം അംഗങ്ങളുടെ വിശുദ്ധീകരണവും സുവിശേഷപ്രവർത്തനവു

www.malankaralibrary.com

മെല്ലാം അതിൽപ്പെടും - മലങ്കര സഭയ്ക്ക് ലഭിച്ചിരിക്കണം. അതേ സമയം പുനരൈക്യ പ്രവർത്തനത്തിന്റെ ദൗത്യം വഹിക്കുന്നുവെന്ന പ്രത്യേകാവകാശവും ആരും സമ്മതിച്ചു തരണം.

*പുനരൈക്യസുവർണ്ണജൂബിലി (1980) യോടനുബന്ധിച്ച് തിരുവല്ലായിൽ അവതരിപ്പിച്ച പ്രബന്ധം.*



## 54

# മലങ്കരസഭയുടെ വ്യാപ്തിയും പുരോഗതിയും

ഓരോ സഭയുടെയും പൈതൃകം പ്രവർത്തന പശ്ചാത്തലമേ ആകുന്നുള്ളു. അതിന്റെ വ്യക്തിത്വം പുലർത്തുന്നതാകട്ടെ പ്രവർത്തനങ്ങളിലാണ്. പ്രസ്തുത പ്രവർത്തനങ്ങൾ സഭയുടെ എല്ലാ ജീവിതഭാവങ്ങളെയും എത്തിപ്പിടിക്കുന്നതായിരിക്കും. എത്രയും കൂടുതൽ ജീവിതഭാവങ്ങൾ ഉൾക്കൊള്ളുന്നുവോ അത്രയും പ്രായോഗികപൂർണ്ണരൂപം ഓരോ സഭയ്ക്കും ഉണ്ടായിരിക്കും. ഈ പൂർണ്ണതയിലേക്ക് വളർന്നുയരാൻ ഓരോ സഭയെയും രണ്ടാം വത്തിക്കാൻ സൂനഹദോസ് ആഹ്വാനം ചെയ്യുന്നു. ഒരുകാലത്ത് വ്യത്യസ്തറീത്തുകളെന്ന് ഗണിച്ചിരുന്നവയെ ഇന്ന് പ്രത്യേക സഭകളായി അംഗീകരിച്ചതാണ് ഈ ആഹ്വാനത്തിന്റെ അടിസ്ഥാനം. 'റീത്ത്' എന്നു പറയുമ്പോൾ ആരാധനാരീതിയെ മാത്രം നാം വിവക്ഷിക്കുന്നു. എന്നാൽ സഭാപരമായ എല്ലാ പ്രവർത്തനങ്ങളുടെയും ജീവകേന്ദ്രം എന്നാണ് ഇന്ന് ലഭിച്ചിരിക്കുന്ന അർത്ഥം. സഭയുടെ വ്യാപ്തിയിൽ ഉൾപ്പെടുന്ന അടിസ്ഥാന പ്രവർത്തനങ്ങൾ നാലാണ്. ആരാധന, ബോധനം, ഭരണം. ആദ്ധ്യാത്മികത. ഇവ നാലും എങ്ങനെ ഒരു പ്രത്യേക സഭയിൽ ഒന്നിച്ചിരിക്കുമെന്ന് മനസ്സിലാക്കി, അവയുടെ പ്രായോഗിക പ്രകടനങ്ങളിലൂടെ ആത്മാവിഷ്കരണം ചെയ്യുമ്പോഴാണ് ഓരോ പ്രത്യേകസഭയും അതിന്റെ വ്യക്തിത്വത്തിന്റെ പരിപൂർത്തിയിലെത്തിച്ചേരുക. അല്ലാതെ ഭൂതകാലത്തിന്റെ ചില അവശിഷ്ടങ്ങൾക്കൊണ്ട് മാത്രം ഒരു സഭയ്ക്ക് വ്യക്തിത്വം പകരുന്നില്ല. സഭയെന്നത് ഒരു കൗതുകവസ്തുവല്ല (museum piece) സ്വർഗ്ഗ ചൈതന്യമാണ്. അത് മേൽക്കുമേൽ പ്രകടമായിക്കൊണ്ടിരിക്കുകയും ചെയ്യും. ഈ ദൃശ്യമായ ഒരു ഉൾക്കാഴ്ചയ്ക്ക് രൂപം കൊടുക്കാൻ നാമിന്നും ശ്രമിച്ചു തുടങ്ങുന്നതേയുള്ളു.

### ആരാധനാ ശുശ്രൂഷകൾ

ഏറ്റം സവിശേഷമെന്ന് നാമവകാശപ്പെടുന്ന ആരാധനയെപ്പറ്റി നമുക്കുള്ള കാഴ്ചപ്പാട് വളരെ വികലമാണ്. ആരാധനക്രമം

www.malankaralibrary.com

എന്നതുകൊണ്ട് നാം മനസ്സിലാക്കുന്നത് വിശുദ്ധ കുർബാനയുടെ അർപ്പണവും കൂദാശാനുഷ്ഠാനങ്ങളും മാത്രമാണ്. പാശ്ചാത്യ ചിന്തയിൽ സഭയുടെ ബഹുവിധ പ്രവർത്തനങ്ങളിൽ ഒന്നുമാത്രമേ ആരാധന ആകുന്നുള്ളൂ. ഈ ചിന്ത രണ്ടാം വത്തിക്കാൻ തിരുത്തിക്കുറിച്ചിട്ടുണ്ട്. എന്നാൽ പൗരസ്ത്യചിന്തയിൽ എല്ലാത്തിനും ഉപരിയായി വർത്തിച്ച് എല്ലാത്തിലേക്കും വ്യാപിച്ചു ചെല്ലുന്ന അടിസ്ഥാന പ്രക്രിയയാണ് ആരാധനയുടേത്. എന്നാൽ ഇന്നും നാം നമ്മുടെ ചിന്തയിൽ പാശ്ചാത്യരെ അനുകരിക്കുന്നു. അതുകൊണ്ട് ആരാധനക്രമത്തെ കീറിമുറിച്ച് ഒറ്റപ്പെട്ട പ്രവർത്തനങ്ങളായി കാണുന്ന വിശ്ലേഷക (analytical) മനോഭാവമാണ് നാം പുലർത്തുക. എന്നാൽ സംശ്ലേഷകമായി എല്ലാത്തിനെയും ഒന്നിച്ച് ദർശിച്ച് സ്വാംശീകരിക്കുന്ന സമീപനത്തിലേക്ക് നാം മാറണം. നമ്മുടെ ആരാധന വിശ്വാസികളുടെ ആദ്ധ്യാത്മിക ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് ചോദിച്ചാൽ, കുർബാന കണ്ടു, കൈക്കൊണ്ടു, കൂദാശകൾ സ്വീകരിച്ചു, എന്ന ഒറ്റപ്പെട്ട സംഭവങ്ങളിലായിരിക്കും നാം ഉത്തരം കൊടുക്കുക. എന്നാൽ ആരാധനയ്ക്കു പൊതുവായ ജീവചൈതന്യമുണ്ട്. എല്ലാ ഭാവങ്ങളിലൂടെയും അംശങ്ങളിലൂടെയും അത് പ്രകടമായിക്കൊണ്ടിരിക്കും. അതിന് ആരാധനാ ചൈതന്യം അതിന്റെ പൂർണ്ണതയിൽ ആവിഷ്കൃതമാകണം. കുർബാനചൊല്ലുകയും, കൂദാശകൾ അനുഷ്ഠിക്കുകയും ശുശ്രൂഷകൾ നടത്തുകയും ചെയ്താൽ പോരാ ആരാധനയ്ക്കുനേതൃത്വം കൊടുക്കുന്ന പുരോഹിതൻ ആരാധനചൈതന്യത്താൽ നിറവുള്ളവനായി എല്ലാം അതിന്റെ പൂർണ്ണതയിൽ നിറവേറ്റുന്നവരായിരിക്കണം. എന്നാൽ ചിലതൊക്കെ പ്രധാനമെന്ന കല്പിച്ച് പലതും അപ്രധാനമെന്ന് തള്ളിക്കളയുന്ന രീതിയിൽ ആരാധനാചൈതന്യം ആരുമറിയാതെ ചോർന്നുപോകും. അതുകൊണ്ട് മലങ്കരസഭയുടെ ആരാധനാചൈതന്യമെന്തെന്ന് അതിന്റെ പൂർണ്ണതയിൽ ഗ്രഹിച്ച് സ്വാംശീകരിച്ച് പ്രാവർത്തികമാക്കുവാനുള്ള പരിശ്രമമമാണ് ഇന്ന് അത്യന്താപേക്ഷിതം. എന്നാൽ ഇന്ന് ഗ്രഹിക്കുവാനും സ്വാംശീകരിക്കുവാനുമുള്ള ശ്രമമില്ലാതെ വെറും ഉപരിപ്ലവ പ്രായോഗികതയ്ക്കു മുൻതൂക്കം കൊടുക്കുന്ന രീതിയാണ് പൊതുവേ അവലംബിക്കപ്പെടുന്നത്. വെറും ഭാഷാപരമായ പരിഷ്കാരങ്ങൾ ആരാധനാപരിഷ്കരണമായി കണക്കിലെടുക്കുന്ന രീതിയാണുള്ളത്. മാത്രമല്ല മലങ്കരസഭയ്ക്കു മുഴുവൻ പൊതുവായ



ആരാധനാക്രമത്തിന് മലങ്കര കത്തോലിക്കർ മാത്രം മാറ്റം വരുത്തി മറ്റുള്ളവരിൽനിന്ന് അതിവേഗം ഒറ്റപ്പെടുന്ന അപകടവും മനസ്സിലാക്കിയിരിക്കണം. വാസ്തവത്തിൽ മലങ്കരയിലെ യാക്കോബായ ഓർത്തഡോക്സുവിഭാഗങ്ങളിലായി ഡയലോഗിൽ ഒന്നിച്ചുവന്നുവേണ്ടേ ആരാധനാപരിഷ്കരണം നടത്തുവാൻ? അങ്ങനെ ഒന്നിച്ചു പ്രവർത്തിക്കുന്നതുതന്നെ വലിയ പുനരൈക്യപ്രവർത്ത നമായിരിക്കും. നാം ഏർപ്പെടുത്തുന്ന ഏത് പരിഷ്ക്കാരവും മറ്റുള്ളവർ പകർത്തിക്കൊള്ളുമെന്ന് വിചാരിക്കുന്നത് ബുദ്ധിയല്ല. കുളിപ്പിച്ച വെള്ളത്തോടൊപ്പം കുട്ടിയെയും ഒഴിച്ചുകളയാൻ ഇടവരരുത്.

**ബോധനപ്രക്രിയ**

നമ്മുടെ ആരാധന അടിസ്ഥാനപരമായ ഒരു ബോധനപ്രക്രിയ കൂടിയാണ്. ഓരോ ശുശ്രൂഷയും ആഴമേറിയ ദൈവരഹസ്യങ്ങളാണ് വിശ്വാസികൾക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നത്. വെറും വാക്കുകളിലൂടെ മാത്രമല്ല എല്ലാതരത്തിലുള്ള പ്രതീകങ്ങളിലൂടെയും. മാത്രമല്ല ഓരോ പ്രാർത്ഥനയും ഏറ്റം പ്രായോഗികമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇതിന്റെയെല്ലാം ഫലമായി മലങ്കരസഭയ്ക്കു സ്വന്തമായ ഒരു ദൈവശാസ്ത്രം പൈതൃകമായി ലഭിച്ചിട്ടുണ്ട്. സഭ മുഴുവനുമുള്ള വിശ്വാസം ഒന്നാണെങ്കിലും ഓരോ സഭയും ഓരോ സത്യത്തിന് ചില ഊന്നലുകൾ നൽകുന്നുണ്ട്. സഭയുടെ ബോധനം, പരമ്പരാഗതമായി ലഭിച്ച ആരാധനക്രമത്തോടും, സഭ ഉൾപ്പെട്ടിരിക്കുന്ന സമൂഹത്തിൽ അനുദിനപ്രേരണകളോടും ബന്ധപ്പെട്ടിരിക്കുകയാണെങ്കിൽ, സ്വന്തം വ്യക്തിത്വം എന്നും പ്രകടമാക്കിക്കൊണ്ടിരിക്കും. എന്നാൽ നാം ഇന്ന് ദൈവശാസ്ത്രം വായിക്കുന്നത് ഗ്രന്ഥങ്ങളിൽ മാത്രമാണ്. ഗ്രന്ഥങ്ങളാകട്ടെ ഏതുസ്ഥലത്തുമുള്ള ഏതു ഗ്രന്ഥകാരനാലും വിരചിതമായിരിക്കാം. അവയിൽനിന്ന്, സഭയുടെ സാർവത്രികദർശനം ഉൾക്കൊള്ളുവാനും, ഓരോ പ്രദേശത്ത് വ്യത്യസ്ത സാഹചര്യങ്ങളിൽനിന്ന് ഓരോ സഭയും എന്ത് ചിന്തിക്കുന്നുവെന്ന് മനസ്സിലാക്കാനും സാധിക്കും. അവ അനുപേക്ഷണീയങ്ങളാണ്. എന്നാൽ എല്ലാ ഗ്രന്ഥത്തിലെയും – സഭയുടെ നിയന്ത്രണത്തിൽ അച്ചടിക്കുന്നവയായാലും – നിയന്ത്രണത്തിൽ അച്ചടിക്കുന്നവയായാലും – എല്ലാ ആശയങ്ങളും ഓരോ പ്രദേശത്തും ഓരോ പ്രത്യേകസഭയ്ക്കും പ്രായോഗികമായിരിക്കണമെന്നില്ല.

www.malankaralibrary.com

ദൈവശാസ്ത്രപരമായ ആഭിമുഖ്യങ്ങളും ചിന്തകളും ഗ്രന്ഥങ്ങളും വളരെ വർദ്ധിച്ചുവരുന്ന ഇന്നത്തെ കാലയളവിൽ ഓരോ സഭയ്ക്കും സ്വന്തമായ ത്യാജ്യഗ്രാഹ്യ വിവേചന ബുദ്ധിയുണ്ടാവണം. എന്നാൽ ഇങ്ങനെയൊരു ആവശ്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ഇതുവരെ തിരിഞ്ഞിട്ടില്ല. ബോധനരംഗത്ത് നമ്മുടെ ഉത്തരവാദിത്വം നാം ഇതുവരെ ഏറ്റെടുത്തിട്ടില്ല.

ഓരോ സഭയ്ക്കും സ്വന്തമായ ബോധനപ്രക്രിയയുണ്ടായിരിക്കണമെന്ന് പറയുമ്പോൾ നാം മനസ്സിലാക്കുന്നത് , നമ്മുടെ ആരാധനയെപ്പറ്റി ചില വിശദീകരണങ്ങളും നമ്മുടെ സഭാചരിത്രത്തിന്റെ ചില വസ്തുതകളും നൽകുന്നതിൽ മാത്രമാണ്. വിശുദ്ധഗ്രന്ഥവും കൂടുതൽ പരിചയപ്പെട്ടിരിക്കണമെന്നല്ലാതെ ഏത് രീതിയിൽ വേണമെന്ന് നാം പറയുന്നില്ല. ഇന്ന് പുനരൈക്യപ്രവർത്തനം തളർന്നു പോകുന്നതിന്റെ അടിസ്ഥാനകാരണം നമ്മുടെ ബോധന പ്രക്രിയയുടെ അപര്യാപ്തതാണ്. മലങ്കരസഭയെപ്പറ്റി യഥാർത്ഥമായ അവബോധം ഉളവാക്കിക്കൊടുക്കുന്ന തരത്തിലുള്ള ബോധനമല്ല ഇന്ന് നമുക്കുള്ളത്. മാത്രമല്ല സഭയുടെ അടിസ്ഥാനപ്രവർത്തനമായ പുനരൈക്യം തന്നെ ഇന്നു ചോദ്യംചെയ്യപ്പെട്ടിരിക്കുകയാണ് , അകത്തോലിക്കരാൽ മാത്രമല്ല കത്തോലിക്കരാലും. ഇന്ന് പുനരൈക്യം പഴഞ്ചൻ ചിന്താഗതിയായി മുദ്രയടിക്കപ്പെടുന്നു. കാരണം , പുനരൈക്യത്തിന് കാലാനുസൃതമായ രൂപവും ഭാവവും നൽകുവാൻ നാം ശ്രമിക്കുന്നില്ല. പുനരൈക്യവും എക്യുമെനിസവും പരസ്പരവിരുദ്ധമായി ചിത്രീകരിക്കപ്പെടുന്നു. കാരണം , എക്യുമെനിസത്തിന്റെ കത്തോലിക്കാ വ്യാഖ്യാനം എന്തെന്ന് വ്യക്തമാക്കാൻ നാം ശ്രമിക്കുന്നില്ലെന്നതുതന്നെ. വാസ്തവത്തിൽ പുനരൈക്യപ്രസ്ഥാനത്തിന്റെ സജീവ പശ്ചാത്തലത്തിൽ പുനരൈക്യത്തിനും എക്യുമെനിസത്തിനും പുതിയ വ്യാഖ്യാനം നൽകുവാൻ നമുക്കു ചുമതലയുണ്ട്. സാർവ്വത്രിക സഭയ്ക്കുതന്നെ നാം നൽകുന്ന ഒരു വലിയ സംഭാവനയായിരിക്കുമത്. ദൈവശാസ്ത്രപരമായ പാപ്പരത്തമാണ് നമ്മുടെ ഇന്നത്തെ ചിന്താകുഴപ്പത്തിനെല്ലാം കാരണം. ദൈവശാസ്ത്രപരമായ പല പുതിയ ചിന്തകളും അതിവേഗം പ്രചരിക്കുന്ന ഇക്കാലത്ത് സ്വന്തമായ ഒരു തിയോളജിക്ക് നാം രൂപം കൊടുത്തില്ലെങ്കിൽ സഭയെന്ന നിലയിൽ നമുക്കുള്ള ഉത്തരവാദിത്വത്തിൽനിന്ന് നാം പിന്മാറുകയായിരിക്കും. ശക്തമായ അകത്തോലിക്കാ സ്വാധീന വലയങ്ങൾക്കുള്ളിൽ വലയുന്ന നമ്മുടെ വിശ്വാസികൾക്ക്



സഭാപരമായ മാർഗ്ഗദർശനം നൽകുവാൻ പ്രാപ്തമായ സഭാബോധമാണ് നമുക്ക് ഇന്ന് ആവശ്യം.

സ്വന്തമായ വ്യക്തിത്വമുള്ള ബോധനത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും ആവശ്യകത , മലങ്കര കത്തോലിക്കരെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിൽ അവസാനിക്കുന്നില്ല. സഭാ പുനരൈക്യത്തിന്റെ ആവശ്യമാധ്യമമാണ് ബോധനം. ഒരുകാലത്ത് നാമതിന് പ്രാധാന്യം കൊടുത്തിരുന്നു. കത്തോലിക്കാ സഭയിൽ നിന്ന് ഏതെല്ലാം വിശ്വാസങ്ങളിലും ആചാരങ്ങളിലും അകത്തോലിക്കാ വിഭാഗങ്ങൾ വ്യത്യസ്തരായിരിക്കുമെന്ന് മനസ്സിലാക്കി അവയ്ക്കെല്ലാം ,കത്തോലിക്കാ വിശദീകരണം കൊടുക്കുകയായിരുന്നു നാം അന്ന് സ്വീകരിച്ചിരുന്ന രീതി. കൂടുതൽ നിഷേധാത്മകവും വാദപ്രതിവാദാതിഷ്ഠിതവുമായിരുന്നു അത്. എന്നാൽ യോജിപ്പിന്റെ മേഖലകൾ കണ്ടെത്തി അവയുടെ അടിസ്ഥാനത്തിൽ കൂടുതൽ സഭാത്മക സമീപനം വേണം നാമിന്ന് അവലംബിക്കുവാൻ. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെയും ഉയിർപ്പിന്റെയും ദൈവരഹസ്യങ്ങൾ സഭയുടെ കൂദാശപരവും പ്രതീകാത്മകവുമായ ശുശ്രൂഷകളിലൂടെ ആവിഷ്കൃതമാക്കിക്കൊണ്ട് വിശ്വാസികളുടെ സഭാപരവും വ്യക്തിപരവുമായ ജീവിതത്തിൽ സാക്ഷാത്കരിക്കപ്പെടുന്ന ക്രിസ്തുസംഭവത്തെ വേണം നാം ബോധനത്തിലൂടെ അനാവരണം ചെയ്യുവാൻ. അതുകൊണ്ട് ക്രിസ്തുസംഭവത്തെ ആവിഷ്ക്കരിക്കുന്നതിൽ ഓരോ പ്രാദേശിക സഭയുടെയും വിശ്വാസപാരമ്പര്യങ്ങൾക്കും സാംസ്കാരിക സാഹചര്യങ്ങൾക്കും സമർഹമായ പരിഗണന നാം കൊടുത്തിരിക്കണം. മാത്രമല്ല വിശ്വാസികളുടെ സാമൂഹികവും വ്യക്തിപരവുമായ ജീവിത പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം നാമതു ചെയ്യുവാൻ. ഒരു ഗ്രന്ഥകാരൻ പ്രശസ്തനാണെന്നതുകൊണ്ടോ ഒരു ഗ്രന്ഥം വിശിഷ്ടമാണെന്നതുകൊണ്ടോ നമുക്ക് അനുയോജ്യമാകണമെന്നില്ല. സാർവ്വത്രിക സഭയുടെ ബോധനത്തോട് നാം പൊരുത്തപ്പെട്ടുകൊണ്ടിരിക്കണമെന്നതിൽ സംശയമില്ല. രണ്ടാം വത്തിക്കാൻ സൂനഹദോസിനെയോ മാർപ്പാപ്പമാരുടെ അനുകാലിക പ്രബോധനങ്ങളെയോ അവഗണിച്ച് ഒരു ബോധനപ്രക്രിയ ഒട്ടും ചിന്തനീയമല്ല. വാസ്തവത്തിൽ സാർവ്വത്രിക സഭയുമായി സജീവമായി ബന്ധപ്പെട്ടു പൊരുത്തപ്പെടുന്നതാണ് പുനരൈക്യപ്രക്രിയ തന്നെ. സാർവ്വത്രിക സഭയുടെ ചൈതന്യത്തെ മലങ്കര സഭയുടെ സജീവ വ്യക്തിത്വ

www.malankaralibrary.com

വുമായി അനുദിനം സമരസപ്പെടുത്തുന്ന ഒരു ബോധന പ്രക്രിയയ്ക്ക് നാം രൂപം കൊടുക്കണം.

ഭിന്നതകളിലൂടെ രൂപം കൊണ്ട ഒരു വ്യക്തിത്വമാണ് മലങ്കരസഭയ്ക്ക് ഇന്നുള്ളത്. അതുകൊണ്ട് അതേ രംഗത്ത് ഉറച്ചുനിന്നുകൊണ്ടു വേണം നാം വിശ്വാസബോധനം നടത്തുവാൻ. നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ, മലങ്കര സഭ വിധേയമായ വിദേശസ്വാധീനങ്ങളെല്ലാം പരസ്പരം പ്രതിദ്വന്ദികളായിവർത്തിക്കുന്ന ചരിത്രമാണ് നമുക്കുള്ളത്. എങ്ങനെ അവയെല്ലാം പരസ്പര വിരുദ്ധങ്ങളായി ഭവിച്ചു, എങ്ങനെ അവയിൽ നിന്ന് ഉരുത്തിരിഞ്ഞ സവിശേഷതകൾ ഒരേ ക്രസ്തുസംഭവത്തിന്റെ വിവിധ ഭാവങ്ങളായിരിക്കുന്നു, എന്ന് ബോധനത്തിലൂടെ വ്യക്തമാക്കികൊടുക്കണം. ഓരോ സഭയുടെയും സ്വയം ഭരണവും കാതോലികാ കൂട്ടായ്മയും പരസ്പര പൂരകങ്ങളാണെന്ന് നാം കാണിച്ചുകൊടുക്കണം. പത്രോസുശ്ലീഹായുടെയും തോമ്മാശ്ലീഹായുടെയും പേരിൽ ഓരോ വിഭാഗങ്ങൾ ഉയർത്തിക്കൊണ്ടുവരുന്ന ഭിന്നത സഭയുടെ സത്യത്തിൽ നിന്ന് എത്രയോ വിദൂരസ്ഥമായിരിക്കുന്നു. അതുപോലെ കന്യാമറിയാമിനോടും വിശുദ്ധന്മാരോടുമുള്ള മാധ്യസ്ഥം ക്രിസ്തുവിന്റെ രക്ഷാകരമാധ്യസ്ഥതയുടെ പരിപൂർത്തിയാണെന്ന് വ്യക്തമാക്കി കൊടുക്കാൻ സാധിക്കുകയില്ലേ. സഭയുടെ രഹസ്യാത്മകതയും ദൃശ്യതയും തമ്മിലുള്ള അഭേദ്യത തെളിയിച്ചു കാണിക്കുന്നതനുസരിച്ച് സഭാ പുനരൈക്യത്തിന്റെ ആവശ്യകതയും സ്പഷ്ടമാകുന്നതാണ്. ഇങ്ങനെ ഒറ്റപ്പെട്ട വിശ്വാസസത്യങ്ങൾ വേദപുസ്തകത്തിലും പാരമ്പര്യത്തിലും നിന്നും തെളിവുകൾ നൽകി തെളിയിക്കുന്ന രീതിയിൽ നിന്ന് വ്യത്യസ്തമായി ക്രിസ്തുവിൽ നിന്ന് സഭയിലൂടെ വിശ്വാസികളിലേക്ക് കടന്നുചെല്ലുന്ന ദൈവരഹസ്യം ആവിഷ്ക്കരിച്ച് വിശ്വാസികൾക്ക് വിളമ്പികൊടുക്കുന്ന പ്രക്രിയയായി ബോധനം മാറുമ്പോൾ അത് സഭയിൽ ഉൾപ്പെട്ടവരെ ഉറപ്പിക്കാനും സഭയ്ക്ക് പുറത്തുള്ളവരെ ആകർഷിക്കുവാനുമുള്ള മാധ്യമമായി തീരുന്നതാണ്.വാസ്തവത്തിൽ ബോധനത്തിലൂടെ പരിശുദ്ധാത്മാവ് ക്രിസ്തുരഹസ്യത്തിൽനിന്നെടുത്ത് വിതരണം ചെയ്യുകയല്ലെ? എന്നാൽ ബോധനത്തിന്റെ ഈ ദൈവീകാഭിമുഖ്യം ഇന്ന് നഷ്ടമായിക്കൊണ്ടിരിക്കുന്നു. അതാകട്ടെ മലങ്കരസഭയുടെ പരമ്പരാഗത സവിശേഷതയാണ്. അതിനെ ഉണർത്തിയെടുക്കുകയാണ് നമ്മുടെ ഉത്തരവാദിത്വം.



**ഭരണസംവിധാനം**

1930-ൽ പുനരൈക്യപ്രസ്ഥാനം ആരംഭിക്കുമ്പോൾ കത്തോലിക്കാസഭയെന്നാൽ സഭകളുടെ കാതോലികാ കൂട്ടായ്മയാണെന്ന ആശയത്തിലേക്ക് സഭ പുരോഗമിച്ചു കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് പാശ്ചാത്യഭരണസമ്പ്രദായം വലിയ വ്യത്യാസമില്ലാതെ പകർത്തുകയെന്നതാണ് മലങ്കരകത്തോലിക്കാസഭ സ്വീകരിച്ചിരിക്കുന്ന പ്രായോഗികനയം. മലങ്കര ഓർത്തഡോക്സുസഭ ഒന്നാകെയാണ് പുനരൈക്യാലോചന ആരംഭിച്ചതെങ്കിലും ഭരണം നിയന്ത്രിച്ചിരുന്ന കാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായും അതിൽനിന്ന് പിൻവാങ്ങിയതുകൊണ്ട് കാതോലിക്കായുടെ കീഴിലുള്ള സിനഡിൽ ഭരണക്രമം അനുവദിക്കുകയെന്ന പ്രശ്നത്തിൽനിന്ന് റോം ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. അതോടെ മലങ്കരസഭയിൽ നിലവിലിരുന്ന യാതൊരു ഭരണസമ്പ്രദായവും തുടരുവാൻ മലങ്കരകത്തോലിക്കാ സഭയ്ക്ക് സാധിച്ചില്ലെന്നതാണ് യാഥാർത്ഥ്യം.

എന്തായിരുന്നു മലങ്കരയിൽ നിലവിലിരുന്ന ഭരണസമ്പ്രദായം? മലങ്കരമെത്രാപ്പോലീത്താവിശ്വാസപരമായ കാര്യങ്ങളിൽ പാത്രിയാർക്കീസിനോട് ഉത്തരവാദപ്പെട്ടിരുന്നപ്പോൾ - ഇതിൽനിന്നും ഇന്ന് ഓർത്തഡോക്സുസഭ സ്വാതന്ത്ര്യം പ്രഖ്യാപിച്ചിരിക്കുകയാണ് - ലൗകികകാര്യങ്ങളിൽ മലങ്കരസഭയുടെ വൈദികാൽമായ പ്രതിനിധികളോടാണ് കൂട്ടുത്തരവാദിത്വത്തിൽ സഹകരിച്ചിരിക്കുന്നത്. എന്നാൽ മലങ്കരകത്തോലിക്കാസഭയിൽ ഓരോ മെത്രാനും നേരിട്ട് എല്ലാ കാര്യങ്ങളിലും റോമിനോട് ഉത്തരവാദപ്പെട്ടിരിക്കുന്നു. അകത്തോലിക്കാസഭകളിൽ വൈദികൻ ഇടവകയുടെ വികാരിയായിരിക്കുമ്പോൾ ലൗകികഭരണത്തിൽ ഇടവക പൊതു യോഗത്തെ ഏറെ ആശ്രയിച്ചിരിക്കുമ്പോൾ കത്തോലിക്കാ സഭയിലാകട്ടെ മെത്രാനോടും ഇടവകപൊതുയോഗത്തോടും ഒരു പോലെ ഉത്തരവാദപ്പെട്ടിരിക്കുന്നു. മേലധികാരത്തോട് കൂടുതൽ ബന്ധപ്പെട്ടിരിക്കുന്ന രീതിയാണ് ഇന്ന് നിലവിലുള്ളത്. അങ്ങനെ മലങ്കരസഭയിൽ ഉദയംപേരൂർ സൂനഹദോസിനുമുമ്പുമുതലേ നിലവിലിരുന്ന വൈദികാൽമായ പങ്കാളിത്തവും ജനകീയഭരണസമ്പ്രദായവും അകത്തോലിക്കാ സഭയിൽ ഊർജ്ജിതമായി തുടരുമ്പോൾ - ഇതിൽ ന്യൂനതയില്ലെന്നർത്ഥമില്ല - കത്തോലിക്കാസഭയിൽ അതൊന്നും പ്രായോഗികമായി

www.malankaralibrary.com

തുടരുന്നി ല്ലെന്നത് മലങ്കരകത്തോലിക്കാ സഭയുടെ വ്യക്തിത്വത്തെ തീർച്ചയായും ബാധിക്കുന്ന കാര്യമാണ്.

കത്തോലിക്കാസഭയിൽ രണ്ടാംവത്തിക്കാനോടുകൂടി കൂടുതൽ ഭരണവികേന്ദ്രീകരണവും ജനകീയ സമ്പ്രദായവും ആരംഭിച്ചതനുസരിച്ച് ചില മാറ്റങ്ങൾ മലങ്കരകത്തോലിക്കാസഭയിലും ഉണ്ടായിട്ടുണ്ടെന്നത് ശരിയാണ്.

അങ്ങനെ ആരംഭിച്ചതാണല്ലോ വൈദികസെനറ്റും വൈദികാൽമായ പ്രതിനിധികൾ ഉൾപ്പെടുന്ന പാസ്റ്ററൽ കൗൺസിലും. ഈ രണ്ടു സംഘടനകളും ഉപദേശകസമിതികൾ മാത്രമാണ്. ഉചിതമെന്നു തോന്നുന്ന കാര്യങ്ങളിൽ മെത്രാൻ ഇവയുടെ ഉപദേശം തേടുന്നു. പാശ്ചാത്യസഭയെയാണ് ഇതിൽ തങ്ങൾ അനുകരിക്കുന്നതെന്ന് അവർ വ്യക്തിമാക്കിയിട്ടുമുണ്ട്. അതുകൊണ്ട് മലങ്കരയുടെ പുരാതനരീതി പുനസ്ഥാപിക്കുമെന്ന പ്രതീക്ഷയ്ക്ക് ഇന്ന് വകയില്ല. ഇടവകപൊതുയോഗങ്ങൾക്ക് ജനകീയഭരണസമ്പ്രദായം നിയമപരമായി ഉണ്ടെങ്കിലും അതും പൂർണ്ണമായി പാലിക്കത്തക്കകാലാവസ്ഥയല്ല ഇന്നുള്ളത്. വൈദികരുടെ മേധാവിത്വം, അൽമായരുടെ ഉത്തരവാദിത്വരാഹിത്യം, ഇടവകസമൂഹത്തിന്റെ വലിപ്പക്കുറവ്, മുതലായ പലകാരണങ്ങളും ഇടവകപൊതുയോഗത്തിന്റെ കാര്യക്ഷമതാരാഹിത്യത്തിനുണ്ട്. ഏതായാലും വൈദികാൽമായ പങ്കാളിത്തം സഭാഭരണത്തിൽ വളരെ കൂടുതലായുള്ള മാർത്തോമ്മാ, ഓർത്തഡോക്സു സമൂഹങ്ങളുടെ ഇടയിൽ കഴിയുന്ന കത്തോലിക്കാ സമൂഹങ്ങൾ ഇക്കാര്യത്തിൽ വളരെ പിന്നോക്കം നില്ക്കുന്നുവെന്നത് നമ്മുടെ സഭയ്ക്ക് ഒട്ടും മതിപ്പല്ല. മറ്റു സമൂഹങ്ങളിൽ എല്ലാം ഭദ്രമാണ് എന്ന് പറയുകയല്ല. അവയുടെ ഭരണസമ്പ്രദായം തത്വത്തിൽ സ്വീകാര്യമാണെന്ന് രണ്ടാംവത്തിക്കാൻ തന്നെ പഠിപ്പിക്കുന്നുണ്ട്. എങ്കിൽ പ്രയോഗത്തിലുള്ള വൈകല്യങ്ങൾ മാറ്റി ഒരു സുരക്ഷിതസമ്പ്രദായത്തിന് രൂപം കൊടുക്കുന്നതിനുപകരം പാശ്ചാത്യസഭയുടെ രീതി അപ്പാടെ സ്വീകരിച്ചുമുമ്പോട്ടുപോകുന്നത് നമുക്ക് ഒട്ടും ഭൂഷണമല്ല. അതുകൊണ്ട് മലങ്കരസഭയുടെ ഭരണസമ്പ്രദായങ്ങൾ കൂടുതലായി നടപ്പിൽ വരുത്തുന്ന രീതിയിലേക്ക് മലങ്കരകത്തോലിക്കാസഭ കഴിയുന്നതും വേഗം തിരികെ വരണം. ഇടവക തലത്തിൽ വൈദികാൽമായ പങ്കാളിത്തത്തിന് കൂടുതൽ ഉറപ്പുവരുത്തിക്കൊണ്ട് ഉയർന്നതലങ്ങളിലേക്ക് കടക്കുകയായിരിക്കും ആശാസ്യം.



പാശ്ചാത്യസഭയുടെ ചുവടുവച്ച് ഓരോ രൂപതയും സ്വയം പര്യാപ്തക്രമങ്ങളായി പ്രവർത്തിക്കുന്നതിനുപകരം മലങ്കരകത്തോലിക്കാസഭയെന്ന പൊതുസംവിധാനത്തിൽ ഒന്നിച്ചു പ്രവർത്തിക്കുന്ന രീതിയിലേക്ക് നാം ഉയരേണ്ടിയിരിക്കുന്നു. ഇന്ന് നമ്മുടെ സഭയിലെ മെത്രാന്മാർ പലതിലും ഒന്നിച്ചു ചർച്ചചെയ്തു സഹകരിക്കുന്നുണ്ട്. ഈ കൂട്ടായ്മാമനോഭാവം വൈദികരെയും അൽമായരെയുമെല്ലാം ഒന്നിച്ചുകൊണ്ടുവരാൻ പ്രേരകമാകുകയില്ലേ. ആരാധനാ പരിഷ്ക്കരണത്തിൽ കുറേ സഹകരണമുണ്ടെന്ന് തോന്നുന്നു. അതേ മനോഭാവം സണ്ടേസ്കൂൾ പ്രവർത്തനത്തിലേക്കും യുവജനപ്രവർത്തനത്തിലേക്കും വ്യാപിപ്പിക്കാൻ സാധിക്കുകയില്ലേ. അതുപോലെ സഭയുടെ വ്യാപനം (church extension) എന്ന സുപ്രധാന മേഖലയുണ്ട്. അതിൽ മലങ്കരകത്തോലിക്കാസഭ ഏകയോഗമായി പ്രവർത്തിക്കേണ്ടതില്ലേ?

**സഭയുടെ ആധ്യാത്മികത**

ആരാധനയിലും ബോധനത്തിലും ഭരണത്തിലുമൊന്നും മലങ്കരകത്തോലിക്കർ മലങ്കരയുടെ തനതുരീതി പൂർണ്ണമായി സ്വീകരിക്കാത്ത സ്ഥിതിക്ക് സഭാജീവിതത്തെപ്പറ്റി എന്ത് പറയുവാനാണ്. സഭയുടെ മൊത്തജീവിതത്തിൽനിന്നാണ് ആദ്ധ്യാത്മികത ഉടലെടുക്കുന്നത്. സഭാജീവിതത്തിൽ സാമൂഹികഭാഗഭാഗിത്വം വളരെ കുറഞ്ഞിരിക്കുന്നതനുസരിച്ച് നമ്മുടെ ആദ്ധ്യാത്മികതയും സാമൂഹികമെന്നതിനേക്കാൾ വ്യക്തിപരമായിരിക്കുന്നു. സഭയിലൂടെയും കൂദാശകളിലൂടെയും ഓരോ വ്യക്തിയും ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നുവെന്നതാണ് നമ്മുടെ അടിസ്ഥാനചിന്ത. അത് ശരിയുമാണ്. ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിൽ കെട്ടിപ്പടുത്തിരിക്കുന്ന ആധ്യാത്മികജീവിതമേ സ്ഥിരമായി നില്ക്കുകയുമുള്ളു. ഈ രംഗത്ത് കത്തോലിക്കാജീവിതത്തിന്റെ സംഭാവന വളരെ വലുതാണ്. എന്നാൽ ഓരോ വിശ്വാസിയുടെയും ആദ്ധ്യാത്മികചിത്രത്തിൽ മറ്റു വിശ്വാസികളുടെയും പ്രത്യേകിച്ച് വൈദികന്റെയും സ്ഥാനമെന്താണ്? മറ്റു വിശ്വാസികൾ ഓരോ വ്യക്തിയുടെയും കൂടെ സന്നിഹിതരായിരിക്കുന്നുവെന്നു മാത്രമാണോ? വൈദികനാകട്ടെ ക്രിസ്തുവിന്റെ ഉപകരണമായി വർത്തിക്കുന്നുവെന്നു മാത്രമാണോ? സഭ ഒരു കൂട്ടായ്മയാണെന്നുള്ള ചിന്ത നമ്മെ ഇതുവരെയും കാര്യമായി

www.malankaralibrary.com

സ്വാധീനിച്ചിട്ടില്ല. കുടുംബാംഗങ്ങൾപോലും ഒറ്റപ്പെട്ട് ആധ്യാത്മികജീവിതം നയിക്കുന്നവരാണ്, പ്രാർത്ഥനയിലും മറ്റും സഹകരിക്കുന്നുണ്ടെങ്കിൽ തന്നെയും. രണ്ടാംവത്തിക്കാൻ സൂനഹദോസ്, സഭ ഒരു സ്നേഹസമൂഹമാണെന്ന തത്വത്തിന് കൂടുതൽ ഊന്നൽ കൊടുക്കുന്നുവെങ്കിലും അതനുസരിച്ച് വലിയ മാറ്റം നമ്മുടെ ആധ്യാത്മികജീവിതത്തിൽ വന്നുചേർന്നിട്ടില്ല. കൂട്ടായ്മയുടേതായ ആഭിമുഖ്യം മലങ്കരയാക്കോബായ ഓർത്തഡോക്സ് സമൂഹങ്ങളിൽ കാര്യമായി ഉണ്ടെന്ന് പറയാനാവില്ലെങ്കിലും മറ്റു അകത്തോലിക്കാ സമൂഹങ്ങളിൽ അതിന്റെ ശക്തമായ സ്വാധീനമുണ്ടെന്ന് നിഷേധിക്കാൻ വയ്യ. അതുകൊണ്ട് മലങ്കരകത്തോലിക്കർ തങ്ങളുടെ വ്യക്തിപരവും കൂദാശാപരവുമായ ആഭിമുഖ്യം പരിരക്ഷിക്കുന്നതോടൊപ്പം സാമൂഹികവും കൂട്ടായ്മപരവുമായ സമീപനവും സ്വാംശീകരിക്കേണ്ടത് തീർച്ചയായും ആവശ്യമാണ്. വാസ്തവത്തിൽ മലങ്കരസഭയിലെ ആരാധന ശുശ്രൂഷാസമ്പ്രദായം സാമൂഹികതയ്ക്ക് മുൻതൂക്കം കൊടുത്ത് സംവിധാനം ചെയ്തിട്ടുള്ളതാണ്. എന്നാൽ അവയിലും ഒന്നുകിൽ വ്യക്തിപരമായി ദൈവനൽവരം പ്രാപിക്കുന്നതിൽ, അല്ലെങ്കിൽ ബാഹ്യാഘോഷത്തിൽ പങ്കുകൊള്ളു ന്നതിൽ മാത്രം തത്പരരായിരിക്കുകയെന്നതാണ് ഇന്നത്തെ രീതി. സമൂഹത്തിന്റെയും കുടുംബത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ വിശ്വാസിയും ആധ്യാത്മികജീവിതം കെട്ടിപ്പടുക്കാൻവേണ്ടുന്ന പ്രേരണ സഭയിൽ നിന്ന് നൽകണം.

വ്യക്തിപരമായ ആധ്യാത്മികതയെ പരിപോഷിപ്പിക്കുന്ന പല ഭക്ത്യാനുഷ്ഠാനങ്ങളും കത്തോലിക്കരായതോടുകൂടി നാം പാശ്ചാത്യസഭയിൽനിന്ന് സ്വീകരിച്ചിട്ടുണ്ട്. ജപമാല, സ്ലീബാപ്പാത, മുതലായവ അതിന് ഉദാഹരണങ്ങളാണ്. ഇവ സമൂഹമായി നടത്തുന്നവയാണെങ്കിലും സാമൂഹികസ്വാധീനം ആധ്യാത്മികജീവിതത്തിൽ ചെലുത്തുന്നവയല്ല. വ്യക്തിപരമായ ആദ്ധ്യാത്മികജീവിതത്തിന് രൂപംകൊടുക്കുന്നതിൽ ഇവയ്ക്ക് സ്ഥാനമുണ്ടെന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് ഇവയുടെയെല്ലാം വൈകല്യങ്ങൾ ഇല്ലാതാക്കി മലങ്കരയുടെ അടിസ്ഥാനാധ്യാത്മികതയോടെ പൊരുത്തപ്പെടുത്തി തുടരുന്നതായിരിക്കും അഭിലഷണീയം. എന്നാൽ ഈദൃശഭക്ത്യാനുഷ്ഠാനങ്ങളുടെ പേരിൽ സഭയുടെ പൊതുവായ ശുശ്രൂഷകളെയും പ്രാർത്ഥനകളെയും അവമതിക്കുന്ന രീതി ഒരിക്കലും ഉണ്ടാകുവാൻ പാടില്ല. മാത്രമല്ല ആംഗ്ലിക്കൻ സ്വാധീനത്തിൽ നാം സ്വീകരിച്ച വേദപുസ്തകാധിഷ്ഠിതവും ഗാനാത്മകവും ജീവിതസ്പർശവുമായ പ്രാർത്ഥനാസമ്പ്രദായവും തീർച്ചയായും തുടരണം. അതുകൊണ്ട് ഇവയുടെയെല്ലാം നേരായ സമാഹാരമാണ് ഇന്നത്തെ ആവശ്യം.



*പുനരൈക്യസുവർണ്ണജൂബിലി (1980)യോടനുബന്ധിച്ച്*
*തിരുവല്ലായിൽ അവതരിപ്പിച്ച പ്രബന്ധം*

www.malankaralibrary.com

# 55

# പുനരൈക്യ ദൗത്യം

ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ പുനരൈക്യദൗത്യമെന്താണ്? മറ്റു സഭകളിൽനിന്ന് വ്യക്തികളെയും സമൂഹങ്ങളെയും കത്തോലിക്കാസഭയിലേക്ക് ആനയിക്കുന്നതുകൊണ്ട് അത് അവസാനിക്കുന്നില്ല. പുനരൈക്യപ്രസ്ഥാനം എന്ന് നമ്മുടെ സഭയെ വിശേഷിപ്പിക്കുന്നതിന്റെ അർത്ഥം, പുനരൈക്യപ്പെട്ടവരുടെ സമൂഹമെന്നല്ല, പ്രത്യുത മലങ്കരയിലുള്ള നസ്രാണി ക്രിസ്ത്യാനികളെ മുഴുവൻ ഐക്യത്തിലേക്ക് തിരികെക്കൊണ്ടുവരുന്ന ഒരു മുന്നേറ്റമെന്നാണ്. അതിന്റെ മുന്നണി ഭടന്മാരായിരിക്കണം പുനരൈക്യപ്രസ്ഥാനത്തിന്റെ ഓരോ അംഗവും. പൂർണ്ണത നേടിക്കഴിഞ്ഞുവെന്നതല്ല പൂർണ്ണതയിലേക്കു കുതിക്കുന്നുവെന്നതാണ് നമ്മുടെ മുഖമുദ്ര. മലങ്കരസഭയുടെ മക്കളെല്ലാം ഒരേ സഭയിൽ എത്തിച്ചേരുന്നതാണ് നമ്മുടെ പൂർണ്ണത. ഐക്യത്തിന്റെ ഈ സന്ദേശത്തിന് വലിയ പ്രസക്തിയാണ് ഇന്നുള്ളത്. മലങ്കരയുടെ രണ്ടു വിഭാഗങ്ങൾ, മാർത്തോമ്മാ സഭയും ഓർത്തഡോക്സുസഭയും ദേശീയസ്വതന്ത്രസഭകളെന്ന് ഇന്ന് സ്വയം അവകാശപ്പെടുന്നു. എങ്കിലും, കാതോലികതയുടെ അഗ്നി അവയിൽ ഇന്നും ഒളിഞ്ഞുകിടക്കുന്നുവെന്നതിന്റെ തെളിവാണ് സഭകളുടെ ലോകസമിതിയിൽ അവർക്ക് ഇന്നുള്ള സജീവപങ്കാളിത്തം. യാക്കോബായ വിഭാഗമാകട്ടെ അന്ത്യോഖ്യാപാത്രിയർക്കീസുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നവെങ്കിലും ലോകത്തിന്റെ നാലുഭാഗങ്ങളിലും നാലു പാത്രിയർക്കീസുമാർ ഒന്നിച്ചു ഭരിക്കുന്ന ഏകസഭയെ സ്വപ്നം കാണുന്നുണ്ട്. ഇവരുമായെല്ലാം ഐക്യത്തിന്റെ പൊതു പ്രവർത്തനവേദി കണ്ടെത്തുകയെന്നതാണ് നമ്മുടെ ആവശ്യം. ഇങ്ങനെ ഐക്യത്തിനു വേണ്ടി ഒരു വലിയ ഗണം ദാഹിക്കുമ്പോൾ പെന്തക്കോസ്റ്റൽ വിഭാഗങ്ങളുടെ അമിത സ്വാധീനത്തിൽ കേരളത്തിലെ ക്രൈസ്തവർ കൂടുതൽ ഭിന്നിച്ചുകൊണ്ടിരിക്കുന്നുവെന്ന വസ്തുതയുടെ നേരേ നാം കണ്ണടയ്ക്കരുത്. ഐക്യത്തിന്റെ പൊതുവേദിയിൽ എല്ലാവരും ഒന്നിച്ചുകൂടിയില്ലെങ്കിൽ ശിഥിലീകരണ പ്രവണതയെ തടുത്തു നിർത്താനാവാതെ വരും.

മലങ്കരകത്തോലിക്കരായ നാമിന്നും ഒരു പൂർണ്ണ സഭയല്ലെന്ന



വസ്തുത നാം ആദ്യമേ അംഗീകരിക്കണം. നമുക്ക് ഇന്ന് സ്വന്തമായി ഒരു ആരാധനാരീതിയുണ്ട്. എന്നാൽ അത് വിദേശീയമാണെന്ന് ആരോപണം ഉന്നയിക്കുന്നവരുണ്ട്. ഏതാണ്ട് മൂന്നു നൂറ്റാണ്ടുകാലം നാമത് സ്വന്തമായി കാത്തുസൂക്ഷിച്ചുവെന്ന് മാത്രമാണോ നാമതിന് കൊടുക്കുന്ന ഉത്തരം. നമ്മുടെ സാംസ്കാരിക ചേതനകളുമായി അത് വളരെ പൊരുത്തപ്പെടുന്നുവെന്ന് നാം അവകാശപ്പെടുന്നു. അത് തികച്ചും ഭാരതീയമാണ് എന്നു പറഞ്ഞാൽ പോരാ, നാമതിന് തെളിവുകൾ നൽകണം. കേരളത്തിന് പുറത്തും നമ്മുടെ സഭയും ആരാധനാരീതിയും വ്യാപിക്കുമ്പോൾ തദനുസൃതമായി നമ്മുടെ സമ്പ്രദായങ്ങളെ കൂടുതൽ ഭാരതീയമാക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. തമിഴ്നാട്ടിലേക്ക് മലങ്കര കത്തോലിക്കാസഭ ഇന്ന് വ്യാപിച്ചിട്ടുണ്ട്. അവരുടെ സാമൂഹിക മര്യാദകളുമായി നമ്മുടെ സഭാസമ്പ്രദായങ്ങളെ പൊരുത്തപ്പെടുത്താൻ നാം എന്ത് ചെയ്തു. ഇനിയും അടുത്തുതന്നെ കർണ്ണാടകത്തിലേക്കും നമ്മുടെ സഭ വ്യാപിക്കും. അതിന് അനുസരിച്ച് ഒരു ചലനാത്മകത നാം ഉൾക്കൊണ്ടിട്ടുണ്ടോ? ഈ പ്രശ്നം നമുക്ക് മാത്രമുള്ളതല്ല. മാർത്തോമ്മാ സഭയ്ക്ക് ഇന്ന് നോർത്ത് കാനറായിലും മറ്റും മിഷ്യൻ കേന്ദ്രങ്ങളുണ്ട്. ഓരോ കൊച്ചുകേരളം ഭാരതത്തിലെല്ലായിടത്തും അവതരിപ്പിക്കാനാണോ നാം പരിശ്രമിക്കുക. ഓർത്തഡോക്സു സഭയും മിഷ്യൻ പ്രവർത്തനത്തെപ്പറ്റി ചിന്തിച്ചുതുടങ്ങിയിട്ടുണ്ട്. ഇങ്ങനെ മലങ്കര സഭ കേരളത്തിൽ ഒതുങ്ങിനില്ക്കാതെ ഭാരതത്തിലേക്ക് മുഴുവൻ വ്യാപിക്കുന്നതിനനുസരിച്ച് കൂടുതൽ ഭാരതീയഭാവം ഉൾക്കൊള്ളണമെന്നത് മലങ്കര സഭയുടെ മുഴുവൻ ആവശ്യമാണ്. കൂട്ടായ ചിന്തയും ആലോചനയും പ്രവർത്തനവും ഇതിൽ ഉണ്ടാകണമെന്നതിനു സംശയമില്ല.

വാസ്തവത്തിൽ ഭാരതത്തിന്റെ അതിർത്തികൾ വരെ എത്തിനോക്കിക്കൊണ്ടിരിക്കുകയാണ് ഇന്ന് മലങ്കരസഭ. മാർത്തോമ്മാ സഭയാണെങ്കിൽ സി.എസ്.ഐ.,സി.എൻ.ഐ. സഭകളുമായി യോജിച്ച് ഒരു ഭാരതസഭയായി രൂപംകൊള്ളാൻ ശ്രമിച്ചുകൊണ്ടിരിക്കും. തത്ഫലമായി പ്രസ്തുതസഭയിലുണ്ടാകുന്ന അവസ്ഥാന്തരം എന്തായിരിക്കും? മലങ്കരയിലെ മറ്റു സഭകളുമായി അവർക്കുള്ള ബന്ധം തന്മൂലം കൂടുതൽ ലോലവും ദുർബലവുമാകുകയില്ലേ? ഒരിക്കൽ മാർത്തോമ്മാ ഓർത്തഡോക്സുസഭകൾ സഭാപരമായി ഡയലോഗിൽ ഏർപ്പെട്ടിരുന്നു. ഇരുഭാഗത്തെയും പ്രമുഖപണ്ഡിതന്മാർ ഒന്നിച്ചുകൂടി

www.malankaralibrary.com

ചർച്ചകൾ ചെയ്തിരുന്നു. ഇന്ന് ആ പ്രവർത്തനം നടക്കുന്നില്ല. ഭാരതീയമാകാനുള്ള പരിശ്രമത്തിൽ മാർത്തോമ്മാസഭ അതിന്റെ മലങ്കരസ്വഭാവം കൂടുതൽ നഷ്ടമാക്കുന്നു വെങ്കിൽ അത് മലങ്കരസഭയ്ക്കു മുഴുവനും ഒരു നഷ്ടമായിരിക്കും. അതുപോലെ അന്ത്യോഖ്യൻ ബന്ധം വേർപെടുത്തുവാനുള്ള ആഗ്രഹത്തിൽ അന്ത്യോഖ്യായിൽനിന്ന് നമുക്ക് ലഭിച്ച വിശിഷ്ടമായ ആരാധനാക്രമത്തിന് കോട്ടം വരുത്തുന്ന പ്രവണതയിലേക്ക് ഓർത്തഡോക്സുസഭ വഴുതി വീഴുന്നുവെങ്കിൽ അതും സഭയുടെ വ്യക്തിത്വത്തെയായിരിക്കും ബാധിക്കുന്നത്. വാസ്തവത്തിൽ ഇന്നു നമുക്കുള്ള ആരാധനക്രമം നമ്മുടെ സഭാവ്യക്തിത്വത്തിന്റെ അടിസ്ഥാനം ആയിക്കഴിഞ്ഞുവെന്നത് നിസ്തർക്കമാണ്.

ഓർത്തഡോക്സുകാർ ഒരു ദേശീയസഭ (national church)യെന്ന നിലയിലേക്കു മാറാനുള്ള ശ്രമത്തിൽ അതിൽ മാറ്റം വരുത്തുന്നതിനെപ്പറ്റി ഗൗരവമായി ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ മലങ്കരസഭയുടെ വ്യക്തിത്വത്തിനു തന്നെ മാറ്റം വന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ മലങ്കര കത്തോലിക്കരായ നമ്മുടെ നിലപാട് എന്തായിരിക്കണമെന്ന് വ്യക്തമാക്കേണ്ടത് ആവശ്യമായിരിക്കുന്നു.

*പുനരൈക്യസുവർണ്ണജൂബിലി (1980)യോടനുബന്ധിച്ച്*
*തിരുവല്ലായിരിൽ അവതരിപ്പിച്ച പ്രബന്ധം*



# 56

# നമ്മുടെ ആരാധനജീവിതവും പുനരൈക്യപ്രവർത്തനവും

പുനരൈക്യപ്രവർത്തനത്തിന്റെ ഏറ്റംവലിയ പ്രേരണ നമ്മുടെ ആരാധനക്രമമാണ്. മലങ്കരയിലെ യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങൾക്കും, ഒരളവുവരെ മാർത്തോമ്മാ സഭയ്ക്കും, പൊതുവായ അതേ ആരാധനക്രമംതന്നെ പുനരൈക്യപ്പെട്ടവരായ നാമും ഉപയോഗിക്കുന്നുവെന്നത് സഭാപുനരൈക്യത്തെ വളരെയേറെ സഹായിച്ചിട്ടുണ്ട്. സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ സാധർമ്മ്യത്തെക്കാൾ കൂടുതലായി അതിൽ ഉള്ളടങ്ങിയിരിക്കുന്ന സഭാചൈതന്യമാണ് പുനരൈക്യത്തിന്റെ പ്രേരണ. പുനരൈക്യപ്രവർത്തനത്തെ സഹായിക്കുന്ന അഞ്ചു സവിശേഷതകൾ നമ്മുടെ ആരാധനയിൽനിന്ന് എടുത്തുകാണിക്കുവാനുണ്ട്.

## 1. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിൽ ആരാധന കേന്ദ്രീകൃമായിരിക്കുന്നു

ക്രിസ്തുവിന്റെ ഉയിർപ്പ് ഒരു വലിയ ദൈവരഹസ്യമാണ്. ക്രിസ്തുവിന്റെ പീഡാനുഭവവും മരണവും ഉയിർപ്പുമാകുന്ന പെസഹാരഹസ്യത്തിലാണ് സഭാജീവിതം കേന്ദ്രീകൃതമായിരിക്കുന്നത്. അതിന്റെ അനുസ്മരണയിൽ ക്രിസ്തു സഭയിൽ സന്നിഹിതനാകുന്നു, വിശ്വാസികളെ തന്നിൽ ഒന്നിപ്പിക്കുന്നു. തന്റെ പെസഹാരഹസ്യത്തിന്റെ അനുസ്മരണയിൽ വിശ്വാസികളെ പരസ്പരം ബന്ധിപ്പിക്കുന്ന ക്രിസ്തു, അതേ പെസഹാരഹസ്യം ആഘോഷിക്കുന്ന എല്ലാ ക്രൈസ്തവരെയും ഒന്നിപ്പിക്കുകയില്ലേ? വാസ്തവത്തിൽ ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ പ്രായോഗികമാക്കലാണ് പുനരൈക്യപ്രവർത്തനം. അതിന് നമുക്കുള്ള ഉത്തരവാദിത്വം ദൈവരഹസ്യങ്ങളെ ആഘോഷിക്കുകയും അനുസ്മരിക്കുകയും അവയിൽനിന്ന് അനുഗ്രഹം പ്രാപിക്കുകയുമാണ്. ദൈവരഹസ്യങ്ങളുടെ ആവിഷ്കരണമായ വിശുദ്ധ കുർബ്ബാനയിലും കൂദാശകളിലും നാം കാണിക്കുന്ന ശ്രദ്ധ നമ്മുടെ ക്രൈസ്തവസഹോദരങ്ങൾക്ക് വലിയ മാതൃകയും പ്രേരണയുമാണ്. കൂദാശാപരമായ

www.malankaralibrary.com

ജീവിതമായിരിക്കണം പുനരൈക്യപ്രവർത്തനത്തിന്റെ അടിസ്ഥാനം. എന്നാൽ വിശുദ്ധ ശുശ്രൂഷകളിലെ ക്രിസ്തുവിന്റെ രഹസ്യാത്മക സാന്നിദ്ധ്യത്തെപ്പറ്റി നാം ഇന്ന് വേണ്ടത്ര ബോധവാന്മാരല്ല. അതേപ്പറ്റി നാം കൂടുതൽ ബോധവാന്മാരാകുന്നതനുസരിച്ച് പുനരൈക്യപ്രവർത്തനത്തിനുള്ള ആഗ്രഹവും നമ്മിൽ കൂടുതൽ ഉൽക്കടമായിക്കൊണ്ടിരിക്കും.

## 2. അദൃശ്യസഭയോടുള്ള കൂട്ടായ്മ ബന്ധം

ക്രിസ്തുവിനെ അനുസ്മരിക്കുന്നിനോടൊപ്പം ക്രിസ്തുവിനോട് ബന്ധപ്പെട്ടവരെയും നാം ഓർക്കുന്നു. ദൈവത്തിന്റെ അമ്മയായ കന്യകാമറിയമിനെയും, ക്രിസ്തുവിന്റെ പ്രതീക്ഷയിൽ ജീവിച്ച നിബിയരെയും, ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞ ശ്ലീഹന്മാരെയും, ക്രിസ്തുവിന്റെ ജീവിതത്തിലും മരണത്തിലും സാക്ഷ്യം വഹിച്ച സഹോദരന്മാരേയും നാം പ്രാർത്ഥനാശുശ്രൂഷകളിൽ അനുസ്മരിക്കുന്നു. വിശുദ്ധന്മാരോടുള്ള മാധ്യസ്ഥവും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും ക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്നുവെന്നതാണ് നമ്മുടെ സവിശേഷത. എന്നാൽ ഈ വസ്തുത വിസ്മരിച്ച് ഇവയെ ഒറ്റപ്പെട്ട ആചാരങ്ങളായും വണക്കങ്ങളായും മാറ്റുന്ന അപകടം എന്നും സഭയിലുണ്ട്. ഈ തെറ്റായ പ്രവണതയെ എതിർത്താണ് മാർത്തോമ്മാക്കാരും മറ്റും സഭയിൽനിന്ന് ഭിന്നിച്ചുമാറിയത്. എന്നാൽ അദൃശ്യസഭയോടുള്ള കൂട്ടായ്മ ക്രിസ്തുവിൽ കേന്ദ്രീകൃതമാണെന്നും, അത് ദൃശ്യസഭയുടെ വലിയ ചൈതന്യമാണെന്നും, ആരാധനയിലൂടെ കാണിച്ചുകൊടുത്താൽ അവരെയും പുനരൈക്യ ത്തിലേക്ക് കൊണ്ടുവരാനുള്ള സാദ്ധ്യത വർദ്ധിക്കുകയാണ്. അതിന് നമ്മുടെ സഭയുടെ യഥാർത്ഥമായ ചൈതന്യം മനസ്സിലാക്കി ആരാധനജീവിതത്തിൽ പകർത്താൻ നാം ശ്രമിക്കണം. സ്വർഗ്ഗീയ സഭയോടുള്ള ബന്ധം സഭാപരമായ ജീവിതത്തിന്റെ പൂർണ്ണതയ്ക്ക് ആവശ്യമാണെന്ന് നാം കാണിച്ചുകൊടുക്കണം. അതിന് നമ്മുടെ ശുശ്രൂഷകളെപ്പറ്റി കൂടുതൽ മതിപ്പുണ്ടായേ തീരൂ.

## 3. സാർവത്രിസഭയുമായുള്ള ബന്ധം

നമ്മുടെ ശുശ്രൂഷകളിൽ സഭയിലെ എല്ലാ വിഭാഗങ്ങൾക്കായി നാം പ്രാർത്ഥിക്കുന്നു. നമ്മുടെ പ്രാർത്ഥനയിൽ നിന്ന് നാമാരെയും



മാറ്റിനിറുത്തുന്നില്ല. സാർവത്രികസഭയുടെ പ്രതിരൂപമാണ് ഓരോ പ്രാദേശികസഭയുമെന്ന ആശയം രണ്ടാം വത്തിക്കാൻ സൂനഹദോസ് എടുത്തുകാണിച്ചു. വാസ്തവത്തിൽ മലങ്കരസഭയിൽനിന്ന് അത് നിറവേറിയിരിക്കുന്നു. മലങ്കരസഭയിലെപ്പോലെ ഇത്രയേറെ സഭാപാരമ്പര്യങ്ങൾ ഒന്നിച്ചു കൂടിയിരിക്കുന്ന ഒരു ആരാധനാ ചൈതന്യം വേറൊരു സഭയിൽ ഉണ്ടെന്ന് തോന്നുന്നില്ല. എന്നാൽ ഇവിടെ നമ്മുടെ പോരായ്മയും ചൂണ്ടിക്കാണിക്കട്ടെ. ശതാബ്ദങ്ങൾക്കുമുമ്പ് രൂപംകൊണ്ടതാണ് നമ്മുടെ ആരാധനപാരമ്പര്യം. അതിനുശേഷം സഭ എന്തുമാത്രം മാറ്റങ്ങൾക്ക് വിധേയമായി. മലങ്കര കത്തോലിക്കാസഭയാണെങ്കിൽ സാർവത്രികസഭയുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് സഭയുടെ സാർവത്രികത ആരാധനജീവിതത്തിൽ ഉൾക്കൊള്ളാൻ കഴിവും നേടിയിരിക്കുന്നു. സഭയുടെ കാതോലികതയുടെ പ്രാധാന്യം നമ്മുടെ ആരാധനജീവിതത്തിൽ പ്രകടമാകുകയെന്ന ഉത്തരവാദിത്വം നമ്മിൽ നിക്ഷിപ്തമായിരിക്കുന്നു. അതുകൊണ്ട് കത്തോലിക്കാസഭയിൽ ചേർന്നുവെന്നതിൽ മാത്രം സഭയുടെ സാർവത്രികത ഒതുക്കിവയ്ക്കാതെ, അതിന്റെ പരപ്പും ആഴവും ഗ്രഹിച്ച് ജീവിതത്തിൽ കാണിച്ചുകൊടുത്തുവെങ്കിലേ നാം സാർവത്രികസഭയുടെ യഥാർത്ഥപ്രേഷിതരായി മാറുകയുള്ളു.

## 4. വചനപ്രഘോഷണത്തിന്റെ പ്രാധാന്യം

മലങ്കരസഭയുടെ ആരാധനശുശ്രൂഷകളിൽ വചനഘോഷണത്തിന് വലിയ പ്രാധാന്യമുണ്ട്. ഓരോ ശുശ്രൂഷയിൽ വളരെ വേദപുസ്തകവായനകൾ വച്ചിട്ടുണ്ട്. എന്നാൽ സമയം ചുരുക്കാൻ നാം അവയെ വെട്ടിക്കുറയ്ക്കുകയാണ്. പ്രാർത്ഥനകൾ പരിഷ്കരിക്കപ്പെടണം. എന്നാൽ പ്രാർത്ഥനയ്ക്കും വേദപുസ്തകവായനയ്ക്കുമുള്ള സ്ഥാനം കുറയ്ക്കുന്നത് ഉചിതമല്ല. മാത്രമല്ല ദൈവവചനത്തെക്കുറിച്ച് വ്യക്തിപരമായി ധ്യാനിക്കുക നമ്മുടെ സഭയുടെ പ്രത്യേകതയാണ്. നമ്മുടെ പ്രാർത്ഥനകളെല്ലാം സഭാപിതാക്കന്മാരുടെ ധ്യാനഫലമായി രൂപംകൊണ്ടതാണ്. എന്നാൽ ആ ധ്യാനരീതി ഇന്ന് നാം പാടേ ഉപേക്ഷിച്ചുകളഞ്ഞിരിക്കുന്നു. വാസ്തവത്തിൽ ദൈവവചനത്തെ ഓരോ കാലത്തും സാഹചര്യത്തിലും പ്രസക്തവും സജീവവുമാകുന്നത് വചനധ്യാനത്തിലൂടെയാണ്. നമ്മുടെ പ്രോട്ടസ്റ്റന്റു സഹോദരന്മാർ ദൈവവചനത്തെ ധ്യാനിച്ച് മനോഹരഗാനങ്ങൾ

www.malankaralibrary.com

രചിച്ചിട്ടുണ്ട്. നാം അങ്ങനെ രചിക്കുവാൻ ശ്രമിക്കുന്നില്ലെന്ന് മാത്രമല്ല, പ്രസ്തുത ഗാനങ്ങളെ പ്രാർത്ഥനകളിൽ ഉൾപ്പെടുത്താനും മടിക്കുന്നു. ദൈവവചനത്തെ നാം പ്രാർത്ഥിക്കുന്നില്ല; അത് പ്രഘോഷിക്കുവാൻ കാര്യമായി ശ്രമിക്കുന്നില്ല. നമ്മുടെ സുവിശേഷപ്രവർത്തനങ്ങളെല്ലാം വ്യക്തികളുടെ ഒറ്റപ്പെട്ട ശ്രമങ്ങൾ മാത്രായിരിക്കുന്നു. സഭകളുടെ പുനരൈക്യം എന്ന പ്രത്യേകദൗത്യം ഉണ്ടായിട്ടുപോലും നമ്മുടെ സഭയ്ക്ക് ഇതേക്കുറിച്ച് പ്രത്യേക പദ്ധതിയൊന്നുമില്ല. നമ്മുടെ ശുശ്രൂഷകളിൽ ദൈവവചനത്തെ സ്ഥിരമായി ഘോഷിക്കുന്നതിന് സ്ഥിരമായ പ്രതീകങ്ങളും ക്രിയകളുമുണ്ട്. അവയെയും നാമൊന്നൊന്നായി ഉപേക്ഷിച്ചുകൊണ്ടിരിക്കുന്നു. വാക്കുകളാൽ മാത്രമല്ല, ക്രിയകളാലും പ്രതീകങ്ങളാലും ദൈവവചനത്തെ ആവിഷ്കരിക്കുന്നത് നമ്മുടെ പ്രത്യേക ചൈതന്യമാണ്. അത് നഷ്ടപ്പെടുത്തിയാൽ നമ്മുടെ സഭയുടെ വ്യക്തിത്വവും നഷ്ടപ്പെടും. പുനരൈക്യപ്രവർത്തനത്തിന് നമ്മുടെ സഭ അതിന്റെ പൂർണ്ണവ്യക്തിത്വത്തിൽ വളരേണ്ടത് ഏറ്റം ആവശ്യമായിരിക്കുന്നു.

## 5. പരിശുദ്ധാത്മാവിനോടുള്ള വിധേയത്വം

സഭയിൽ പരിശുദ്ധാത്മപ്രവർത്തനത്തെപ്പറ്റി ഇന്ന് കൂടുതൽ അവബോധമുണ്ടായിക്കൊണ്ടിരിക്കുന്നു. ഈ അവബോധമാകട്ടെ നമ്മുടെ ആരാധനയിൽ അന്തർലീനമായുള്ളതാണ്. സഭയിലുള്ള ക്രിസ്തുസാന്നിദ്ധ്യത്തിലേക്ക് വിശ്വാസികളെ നയിക്കുകയാണ് പരിശുദ്ധാത്മാവ് ചെയ്യുന്നത്. സഭയിലെ വിശുദ്ധരഹസ്യങ്ങളുടെ ആഘോഷത്തിലും, ദൈവവചനത്തിന്റെ ഘോഷണത്തിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനമുണ്ട്. അവയുടെ പൂർത്തീകരണമാണ് വ്യക്തികളിലും സമൂഹങ്ങളിലും നടക്കുന്നത്. ക്രിസ്തീയജീവിതത്തെ ആരാധനാശുശ്രൂഷകളിൽ മാത്രമായി കാണുന്ന രീതിയും, വചന ഘോഷണത്തിൽ മാത്രം ഒതുക്കിനിറുത്തുന്ന പ്രവണതയും വ്യക്തികൾ പരിശുദ്ധാത്മ നൽവരങ്ങൾ പ്രാപിക്കുന്നതിൽമാത്രം ശ്രദ്ധിക്കുന്ന സമീപനവുമെല്ലാം നമ്മുടെ ചുറ്റും നാം കാണുന്നുണ്ട്. സഭാ ജീവിതത്തിന്റെ അപൂർണ്ണ പ്രകടനങ്ങളാണവയെല്ലാം. ആന്തരികമായി പരിശുദ്ധാത്മാവിനെ ശ്രവിക്കുകയും ജീവിതത്തിൽ ആത്മാവിന്റെ അനുഗ്രഹം പ്രകടമാക്കുകയും, സമൂഹത്തിൽ ആത്മചൈതന്യത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുകയും ചെയ്യുകയെന്നത് ഏറ്റം



ആവശ്യമായിരിക്കുന്നു. സഭയിൽ രഹസ്യാഘോഷങ്ങളിൽ സന്നിഹിതനാകുകയും വചനപ്രഘോഷണത്തിൽ നമ്മോട് സംഭാഷിക്കുകയും ചെയ്യുന്ന ക്രിസ്തുതന്നെയാണ് പരിശുദ്ധാത്മ പ്രവർത്തനത്തിൽ ഓരോ വിശ്വാസിയോടും ഒന്നിച്ചു ജീവിക്കുന്നതെന്ന് നമുക്കൊരിക്കലും വിസ്മരിക്കാവതല്ല.

മലങ്കരസഭയുടെ ഈ അഞ്ചു സവിശേഷതകളൊടൊപ്പം മൂന്ന് ചിന്താധാരകളെയാണ് ഞാൻ എടുത്തുകാണിച്ചിരിക്കുന്നത്. ഒന്ന് ആരാധനാശുശ്രൂഷകൾക്ക് പ്രാധാന്യം കൊടുക്കുമ്പോൾ. വേറൊന്ന് വചനപ്രഘോഷണവും. മറ്റൊന്ന് പരിശുദ്ധാത്മ വിധേയത്വവും. ഓരോ ചിന്താഗതിയെയും നമ്മുടെ ക്രൈസ്തവസഹോദരങ്ങളിൽ ഓരോ ഗണം ഉയർത്തിക്കാണിക്കുന്നു. എന്നാൽ മലങ്കരകത്തോലിക്കരായ നമ്മുടെ കർത്തവ്യം ഇവ മൂന്നിനെയും ഒരേ ആരാധനജീവിതത്തിൽ സമാഹരിക്കുകയെന്നതാണ്. ഈ സമാഹരണത്തിലായിരിക്കും നമ്മുടെ സഭയുടെ വ്യക്തിത്വം പ്രകടമാകുന്നത്, അതിലൂടെയായിരിക്കും സഭകളുടെ പുനരൈക്യത്തിന് നാം പശ്ചാത്തലമൊരുക്കുന്നത്. വിവിധ സഭകളിൽ നിലവിലുള്ള ഈ നല്ല മൂല്യങ്ങളെ ഒന്നിച്ചുകൊണ്ടു വരുന്നതുമൂലം പുനരൈക്യ പ്രവർത്തനത്തിന് ഒരു പുതിയ ചൈതന്യവും പ്രേരണയും സിദ്ധിക്കുന്നു.

***48-ാം പുനരൈക്യവാർഷികാഘോഷണത്തോടനുബന്ധിച്ച് (1978) സമർപ്പിച്ച സിംപോസിയം പ്രബന്ധം.***

www.malankaralibrary.com

# 57
# മലങ്കര ലിറ്റർജിയുടെ നവീകരണം

ഏതൊരു ആരാധനക്രമത്തിനും (ലിറ്റർജി) അനുകാലികമായ ഭാഷാപരിഷ്കരണം ഉണ്ടാകണം. കാരണം ഉപയോഗഭാഷ എന്നും പുതുക്കത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. അതിനൊത്ത് ആരാധനാഭാഷയും നീങ്ങിയെങ്കിലേ ആരാധന ജനഭാഗഭാഗിത്വം ഉൾക്കൊണ്ട് സജീവമാകുകയുള്ളു. എന്നാൽ ക്രിസ്തീയാരാധനയ്ക്ക് തനതായ പൗരാണിക ഭാവവുമുണ്ട്. ശ്ലൈഹികമായ തുടർച്ച അവകാശപ്പെടുന്നതാണ് അത്. മലങ്കരലിറ്റർജിയെ സംബന്ധിച്ചിടത്തോളം അതിന്റെ കേന്ദ്രം മാർ യാക്കോബിന്റെ അനാഫുറയാണ്. അത് മാർ യാക്കോബ് ശ്ലീഹായാൽ വിരചിതമാണെന്നാണ് പാരമ്പര്യം. അതിന്റെ ക്രോഡീകരണം പിൽക്കാലത്തായിരിക്കും നടന്നത്, എന്നാൽ അതിന്റെ ഉറവിടം ശ്ലൈഹികമാണെന്നതിൽ സംശയിക്കാനില്ല. ഇങ്ങനെ ഏറ്റം പുരാതനമായ ഒരു ലിറ്റർജിയുടെ ആധുനാധുനീകരണം എങ്ങനെ സാധിക്കുമെന്നതാണ് പ്രശ്നം. മലങ്കരസഭയിൽതന്നെ ലിറ്റർജിപാരമ്പര്യം പാടെ ഉപേക്ഷിച്ചുകളഞ്ഞ് പുതിയ സഭകൾ രൂപമെടുത്തിട്ടുണ്ട്. പരിഷ്കരണമാണ് അങ്ങനെ ഉപേക്ഷിക്കുവാൻ അവർ ചൂണ്ടിക്കാണിക്കുന്ന കാരണം. എന്നാൽ പരിഷ്കരണത്തിന്റെ പേരിൽ പാരമ്പര്യം വെടിയുവാൻ യഥാർത്ഥസഭാവിശ്വാസികൾ തയാറാവുകയില്ല. അതുകൊണ്ട് നമ്മുടെ മുമ്പിലെ പ്രശ്നം, പാരമ്പര്യം നിലനിറുത്തികൊണ്ട് പരിഷ്കരണത്തിൽ എങ്ങനെ ഏർപ്പെടാമെന്നതാണ്. വാസ്തവത്തിൽ ലിറ്റർജിയുടെ നവീകരണം ഭാഷയുടെ പരിഷ്കരണത്തെക്കാൾ എത്രയോ ഉന്നതമായിരിക്കുന്നു.

## സുറിയാനി ഉറവിടം

നമ്മുടെ ലിറ്റർജിയുടെ ഭാഷാപരിഷ്കരണം കൂടുതൽ ക്ലേശകരമാകുന്നു അതിന്റെ മൂലഭാഷ സുറിയാനിയാകകൊണ്ട്. വാസ്തവത്തിൽ ലിറ്റർജിക്ക് ഒരു പോരായ്കയാണോ, വിദേശഭാഷയുമായി ബന്ധപ്പെട്ടിരിക്കുക എന്നത്? ഒരിക്കലുമല്ല. സഭയുടെ



സാർവത്രികസ്വഭാവത്തിന്റെ ചൈതന്യമാണ് അതിൽ പ്രകടമാകുക. ശ്ലൈഹികകാലം മുതലേ തുടരുന്ന ആരാധനാ ശുശ്രൂഷകളിലാണ് നാം പങ്കുകൊള്ളുന്നതെന്നത് തീർച്ചയായും ഒരു വലിയ പദവിയാണ്. സഭയുടെ സർഗ്ഗാത്മകതുടർച്ചയാണ് നാമതിൽ ദർശിക്കുക. വാസ്തവത്തിൽ കാലങ്ങളെയും സ്ഥലങ്ങളെയും ഒന്നിപ്പിക്കുന്ന അത്ഭുതദൈവരഹസ്യമാണ് ആരാധന. മാർ യാക്കോബുശ്ലീഹാ ഉപയോഗിച്ച അതേ പ്രാർത്ഥന ഉപയോഗിക്കുക നമുക്ക് എത്ര വലിയ സ്ഥാനമാണ്. അതുകൊണ്ട് തദനുസാരമായ ഭയത്തോടും ബഹുമാനത്തോടുംവേണം ലിറ്റർജി പ്രാർത്ഥനകളെ കൈകാര്യം ചെയ്യുവാൻ. എല്ലാ പ്രാർത്ഥനകളും മാർ യാക്കോബിന്റെ യാണെന്ന് ആരും പറയുകയില്ല. അദ്ദേഹത്തിനുശേഷം എത്രയേറെ സുറിയാനിപിതാക്കന്മാർ അതിൽ പ്രവർത്തിച്ചു. മാർ അപ്രേമും മാർ ബാലായിയും സാരൂഗിലെ മാർ യാക്കോബും ഇന്നു നമുക്ക് അറിയപ്പെട്ടവരാണ്. വേറെയും വളരെ പിതാക്കന്മാർ ലിറ്റർജിയുടെ ക്രോഡീകരണത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇങ്ങനെ അസംഖ്യം പിതാക്കന്മാരുടെ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ചിന്തയുടെയും ഫലമായി ഉരുത്തിരിഞ്ഞ അന്തോഖ്യൻ സുറിയാനി ആരാധനക്രമം തികച്ചും ശ്രേഷ്ഠമാണെന്ന് ലോകമെങ്ങുമുള്ള ലിറ്റർജി പണ്ഡിതന്മാർ സമ്മതിക്കുന്നുണ്ട്. അവരോട് ചേർന്ന് ചിന്തിക്കുകയല്ലേ നമ്മുടെ കർത്തവ്യം.

ഒരുകാര്യം മനസ്സിലാക്കുക; നമ്മുടെ വിശ്വാസം നിലനിറുത്തുന്നത് ബുദ്ധിപരമായ വ്യായാമങ്ങളിലൂടെയല്ല, സഭയുടെ പരമ്പരാഗത പ്രാർത്ഥനയുടെ തുടർന്നുള്ള നിർവഹണത്തിലൂടെയാണ്. അങ്ങനെയാണ് നമ്മുടെ സഭ വിശ്വാസത്തിൽ നിലനിന്നത്. വാസ്തവത്തിൽ സഭയുടെ സജീവവിശ്വാസം വാക്കുകളിൽ വിവരിക്കാനാവില്ല. അതു ബുദ്ധിപരമായി മുഴുവൻ വ്യക്തമാക്കാവുന്നതുമല്ല. എന്നാൽ സഭയിൽ നിരന്തരം പ്രവർത്തിക്കുന്ന പരിശുദ്ധ റൂഹായുടെ പ്രേരണയിൽ വിശ്വാസികൾ സമൂഹമായി പ്രാർത്ഥിക്കുമ്പോൾ വിശ്വാസം സജീവമായി പ്രകടമാകുന്നു. ആ പ്രാർത്ഥനകൾ തുടരുന്നതനുസരിച്ച് വിശ്വാസം നിലനില്ക്കുകയും ചെയ്യുന്നു. നമ്മുടെ സുറിയാനിസഭയെ സംബന്ധിച്ചിടത്തോളം വിശ്വാസത്തിന്റെ മേൽ രണ്ടു ശക്തമായ ആക്രമണം ഉണ്ടായി. ഇന്നും അത് ഒരുവിധത്തിൽ തുടരുന്നുമുണ്ട്. ആദ്യത്തേത് വിദേശത്ത് ഉണ്ടായ ഇസ്ലാം ആക്രമണമാണ്. എങ്ങനെ സഭ അതിനെ ജീവിച്ചു? നമ്മുടെ പരമ്പരാഗതമായ

www.malankaralibrary.com

ലിറ്റർജി കൊണ്ടുതന്നെ. രണ്ടാമത്തേത്, മലങ്കരയിൽ സി.എം.എസ്. മിഷനറിമാർ നമ്മുടെ വിശ്വാസത്തെ മാറ്റിമറിക്കുവാൻ ശ്രമിച്ചതാണ്. അതിന്റെ ദൂരവ്യാപകഫലമെന്തെന്ന് ചരിത്രപണ്ഡിതന്മാർ ഇനിയും വ്യക്തമാക്കുവാനുണ്ട്. ഒരു ഗണം സുറിയാനിക്കാർ സി.എം.എസിൽ ചേർന്നു. വേറൊരു വിഭാഗം കുറേ പാരമ്പര്യവും കുറേ പരിഷ്കരണവും എന്ന നിലയിൽ മധ്യവർത്തികളായി. അവരാണ് ഇന്ന് മാർത്തോമ്മാ സഭയിൽ ഉൾപ്പെടുന്നവർ. പാരമ്പര്യത്തിന്റെ ബാഹ്യപരിവേഷം അവർ നിലനിറുത്തുന്നുവെന്നല്ലാതെ സഭാ പാരമ്പര്യത്തിൽ ഒട്ടും ശ്രദ്ധിക്കുന്നില്ല. അതുകൊണ്ട് നമ്മുടെ വിശ്വാസത്തിന്റെ പ്രാക്തന പരിശുദ്ധി കാത്തുസൂക്ഷിക്കാൻ നമ്മുടെ ലിറ്റർജി പാരമ്പര്യത്തിൽ നാം ഉറച്ചുനിൽക്കണം. ആ പാരമ്പര്യമാകട്ടെ സുറിയാനിഭാഷയിലും അതിലെ ഗ്രന്ഥങ്ങളിലുമാണ് പരിരക്ഷിതമായി രിക്കുന്നത്. സുറിയാനി ഉറവിടം പാടെ ഉപേക്ഷിക്കുന്ന ഒരു നിലപാടും സുരക്ഷിതമായിരിക്കുകയില്ല. ലിറ്റർജിയിലൂടെ വിശ്വാസം നിലനിറുത്തു കയാണ്, നമ്മുടെ അടിസ്ഥാന സമീപനം.

### പ്രാർത്ഥനയിൽ ഉരുത്തിരിഞ്ഞ ചൈതന്യം

സുറിയാനിമൂലത്തിൽ ഉറച്ചുനില്ക്കുന്നതിന് ചരിത്രപരമായ കാരണമുണ്ട്. അന്ത്യോഖ്യൻ സുറിയാനി സഭയുടെ പുരോഗതിയിൽ ലിറ്റർജിരൂപം ധരിക്കുന്ന കാലഘട്ടമാണ്, നാലും അഞ്ചും ആറും നൂറ്റാണ്ടുകൾ. സാർവത്രികസഭയിൽനിന്ന് അന്ത്യോഖ്യൻ സുറിയാനിസഭ പിരിഞ്ഞുപോയ ഘട്ടമായി നാമതിനെ കാണുന്നു. ശരിയാണ്, അന്നാണ് നിർണ്ണായകമായ കൽക്കദോനിയ സൂനഹദോസ് നടക്കുന്നത്. എന്നാൽ അതിലെ സുറിയാനിസഭയ്ക്ക് എന്തുപങ്കുണ്ടായിരുന്നു? ആദ്യത്തെ സൂനഹദോസുകൾ നടന്നത് അലക്സാൻഡ്രിയ, അന്ത്യോഖ്യാ, കോൺസ്റ്റാന്റിനോപ്പിൾ മേഖലയിലാണ്. അതിന് പുറത്ത് സ്ഥിതിചെയ്തിരുന്നതാണ് എദേസ്സായിലെ സുറിയാനിസഭ. ശരിയാണ്, എഫേസൂസ്സൂനഹദോസിന്റെ അനന്തരസ്വാധീനം പൗരസ്ത്യ സുറിയാനിസഭയിൽ ശക്തമായി അനുഭവപ്പെട്ടു. അതുപോലെ കൽക്കദോനിയാ സൂനഹദോസിന്റേത് പാശ്ചാത്യസുറിയാനിസഭയിലും. എന്നാൽ സുറിയാനിസഭ വിശ്വാസ വിവാദങ്ങളിൽനിന്ന് മാറി പ്രാർത്ഥനയിൽ കഴിഞ്ഞിരുന്നുവെന്നതാണ് യാഥാർത്ഥ്യം. പാശ്ചാത്യസുറിയാനിസഭയിൽ എന്തുണ്ട് ക്രിസ്തുവിന്റെ



ഏകസ്വഭാവത്തെയോ അതിന്റെ ഏതെങ്കിലും രൂപാന്തരത്തെയോ അഭിവ്യഞ്ജിപ്പിക്കുന്നതായി? പാഷണ്ഡതയുടെ മുദ്രകുത്തി നമ്മുടെ സഭയെ പലരും മാറ്റിനിറുത്തുന്നുണ്ട്. എന്നാൽ എന്താണ് യാഥാർത്ഥ്യം. കൽക്കദോനിയായ്ക്കുശേഷം റോമായിൽനിന്ന് പിരിഞ്ഞുനില്ക്കുന്ന അവസരത്തിൽപോലും ലോകമെങ്ങും നാലു പാത്രിയാർക്കീസുമാരുണ്ടായിരിക്കണമെന്നും അവയിൽ മുഖ്യൻ റോമാപാത്രിയാർക്കീസാണെന്നും പഠിപ്പിച്ച ബാർ എബ്രായയുടെ സഭയാണിത്. വാസ്തവത്തിൽ സുറിയാനി സഭ, മറ്റു സഭകളുടെ (റോമാ, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാൺഡ്രിയ, അന്ത്യോഖ്യാ) മേൽക്കോയ്മ അംഗീകരിച്ചു കൊടുത്തിരുന്നു. അന്ത്യോഖ്യാതന്നെയും സുറിയാനികേന്ദ്രമല്ലെന്ന് മനസ്സിലാക്കുക. അങ്ങനെ ശ്ലൈഹികത്വത്തിലും കാതോലികത്വത്തിലും ഏകത്വത്തിലും വിശുദ്ധിയിലും ഉറച്ചുനിന്ന ഒരു സഭയാണ് നമ്മുടേത്. ആ സവിശേഷതകളെല്ലാം സുറിയാനി ലിറ്റർജിയിൽ ഏറ്റം പ്രകടമാണ്. ചരിത്രപരമായ കാരണങ്ങളാൽ സാർവത്രികതയുടെ മുഖ്യധാരയിൽ നിന്ന് നാം കുറേനാൾ അകന്നുനിന്നു. അപ്പോഴും സഭയുടെ പ്രാർത്ഥനാ ചൈതന്യം നാം കാത്തുസൂക്ഷിച്ചു. ഇനിയും കാതോലിക കൂട്ടായ്മയിലേക്ക് കൂടുതൽ കടന്നുവരാനും ഇതേ സുറിയാനി പാരമ്പര്യം നമ്മെ സഹായിക്കും. സുറിയാനിസഭ ഒരിക്കലും ഭിന്നതയുടെ ഭാഷ സംസാരിച്ചിട്ടില്ല, കൂടുതലായി ഐക്യത്തിന്റെ സംഭാഷണത്തിൽ ഏർപ്പെടാൻ അത് എന്നും സന്നദ്ധവുമാണ്.

### ഐക്യചൈതന്യം

ഐക്യചൈതന്യം പ്രകടമാക്കിയ മനോഹരമായ ഒരു ഉദാഹരണം സുറിയാനി സഭാചരിത്രത്തിലുണ്ട്. കൽക്കദോനിയാ സൂനഹദോസ് കഴിഞ്ഞകാലം. പൗരസ്ത്യരെല്ലാം ഏക സ്വഭാവവാദികളെന്ന് മുദ്രകുത്തപ്പെട്ടിരുന്നു. അവരിൽതന്നെ അവാന്തരവിഭാഗങ്ങളും പൊന്തിവന്നു. ഈ സാഹചര്യത്തിൽ എല്ലാവരെയും യോജിപ്പിക്കുവാനുള്ള മാർഗ്ഗം ക്രിസ്തുവാകുന്ന ദൈവരഹസ്യത്തിൽ ഒന്നിച്ചു കൂടുകയാണെന്ന് പിതാക്കന്മാർ മനസ്സിലാക്കി. അവരിൽ പ്രധാനികളാണ് പീറ്റർ ഫുള്ളർ, സെവരൂസ് എന്നീ പാത്രിയർക്കീസുമാർ. ആദ്യത്തെയാൾ ദൈവമേ നീ പരിശുദ്ധനാകുന്നു എന്ന പ്രാർത്ഥനയോടുകൂടി ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ ഞങ്ങളെ

www.malankaralibrary.com

അനുഗ്രഹിക്കണമേ എന്ന ഭാഗം കൂട്ടിച്ചേർത്തു. മാർ സേവറിയോസാകട്ടെ സ്വഭാവപ്രകാരം മരണമില്ലാത്തവൻ എന്നു തുടങ്ങുന്ന ഗീതം രചിച്ച് വിശുദ്ധ കുർബാനയിൽ ആരംഭത്തിൽ ചൊല്ലത്തക്കവണ്ണം കൂട്ടിച്ചേർത്തു. ഈ രണ്ടു പ്രാർത്ഥനകളും പരിശോധിച്ചു നോക്കൂ. ക്രിസ്തുവിലുള്ള ഏക സ്വഭാവത്തെക്കാൾ ഏക ആളത്തത്തെയാണ് അവ അഭിവ്യഞ്ജിപ്പിക്കുക. ഒരേ ആളിൽ രണ്ടു സ്വഭാവം ഒന്നിച്ചിരിക്കുന്നുവെന്ന കൽക്കദോനിയൻ വിശ്വാസപ്രഖ്യാപനം അവയിൽ പ്രകടമാണ്. എന്നാൽ ഈ രണ്ടുപേരും കൽക്കദോനിയ സൂനഹദോസിനെ തള്ളിപ്പറഞ്ഞിരുന്നു താനും. ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും വിഭാഗിക ചിന്തകൾക്ക് അവർ അടിപ്പെട്ടിരുന്നു. എല്ലാവരും അങ്ങനെയല്ലേ, ഇന്നും അത് തുടരുന്നില്ലേ? ഏതായാലും സുറിയാനി സഭയുടെ ഐക്യചൈതന്യം അതിന്റെ പ്രാർത്ഥനകളിൽ ഉടനീളം തെളിഞ്ഞു നില്ക്കുന്നുവെന്നതിൽ സംശയമില്ല. മലങ്കരസഭയിൽ പിളർപ്പുകൾ ഉണ്ടായപ്പോൾ പ്രാർത്ഥനയിലും തപശ്ചര്യയിലും ആശ്രയിച്ച് സമാധാനം സംസ്ഥാപിക്കുവാൻ ശ്രമിച്ച് മാർ ഈവാനിയോസ് പിതാവ് ഈ ഐക്യചൈതന്യം കണ്ടെത്തുകയാണ് ചെയ്തത്. എന്നാൽ ഇതിന് എതിരായി വർത്തിക്കുന്നവരുമുണ്ട്. ക്രിസ്തുവിന്റെ സഭയ്ക്കും അതിന്റെ ഏകത്വത്തിനും, അതിൽ പത്രോസിനുള്ള പ്രത്യേക സ്ഥാനത്തിനും ഏറ്റം പ്രാധാന്യം കൊടുക്കുന്ന പ്രാർത്ഥനാസമീപനം. നമ്മുടെ സഭയ്ക്ക് സ്വന്തമായുള്ളതിനെ അവഗണിച്ച് ഭിന്നതയുടെ ഭാഷസംസാരിച്ചുകൊണ്ട് പലരും മുമ്പോട്ടുവരുന്നുണ്ട്. മാർ പത്രോസുശ്ലീഹായെപ്പറ്റിയുള്ള പരാമർശങ്ങൾ എടുത്തുകളഞ്ഞാൽ നവീകരണമാകുമെന്ന് ചിന്തിക്കുന്നവരുണ്ട്. അതുകൊണ്ട് സഭയുടെ ഐക്യചൈതന്യവും പ്രാർത്ഥനകൾ മുഖേന ഉയർത്തിക്കാണിക്കുവാനുള്ള ഉത്തരവാദിത്വവും യഥാർത്ഥ സഭാഭക്തർക്ക് കൂടുതലായി ഉണ്ടാകുന്നു.

### ലിറ്റർജി - പുനരൈക്യത്തിന്റെ അടിസ്ഥാനം

സുറിയാനി സഭയ്ക്ക് പരമ്പരാഗതമായുള്ള ഐക്യചൈതന്യം ഉയർത്തിക്കാണിക്കുകയാണ് മലങ്കരസഭയുടെ പുനരൈക്യത്തിന്റെ അടിസ്ഥാനമാർഗ്ഗം. യാക്കോബായ സഭയിൽ നിലവിലിരിക്കുന്ന അതേ ലിറ്റർജി കത്തോലിക്കാസഭയിലും തുടരുവാൻ സാധിക്കുന്നുവെന്നതല്ലേ പുനരൈക്യപ്രസ്ഥാനത്തിന്റെ അടിസ്ഥാനം. എന്നാൽ ഈ ലിറ്റർജി



കത്തോലിക്കർക്കു മാത്രം ഉള്ളതായി നാം വിചാരിക്കരുത്. അത് കത്തോലിക്കർക്കും യാക്കോബായക്കാർക്കും, ഓർത്തഡോക്സുകാർക്കും ഒരളവുവരെ മർത്തോമ്മാക്കാർക്കും പൊതുവാണ്. എല്ലാവരെയും യോജിപ്പിക്കുന്ന ശൃംഖലയാണത്. അതുകൊണ്ട് അതിൽ നാം വരുത്തുന്ന ഏത് നവീകരണവും മറ്റുള്ളവരെയും കണക്കിലെടുക്കുന്നതായിരിക്കണം. എല്ലാവരും യോജിച്ച് നവീകരണത്തിൽ ഉൾപ്പെടുവാൻ സാധിക്കുമോയെന്ന് നാം ആരായണം. എന്നാൽ ശുശ്രൂഷകളുടെ സമയം ചുരുക്കുക, ആവർത്തനം ഒഴിവാക്കുക, ഭാഷാപ്രയോഗങ്ങൾ ശരിയാക്കുക മുതലായ ഉപരിപ്ലവ സമീപനങ്ങളിലൂടെ മാത്രം ലിറ്റർജി നവീകരണത്തിൽ നാം ഏർപ്പെടുകയാണെങ്കിൽ ഇതരസഭകളുടെ ആദരവ് നാം പ്രാപിച്ചെന്നു വരികയില്ല. ലിറ്റർജിയെപ്പറ്റി ആഴമായ അവഗാഹവും സുറിയാനി ഭാഷയിൽ അസാമാന്യഅറിവും ഇന്നത്തെ സഭാപരമായ പുരോഗതിയെപ്പറ്റി നല്ല ധാരണയും ഉണ്ടായെങ്കിലേ യഥാർത്ഥ നവീകരണത്തിന് നാം പ്രാപ്തരാവൂ.

### പ്രാർത്ഥനാ ധ്യാനചൈതന്യം വീണ്ടെടുക്കുക

അതുകൊണ്ട് ലിറ്റർജിയുടെ യഥാർത്ഥ നവീകരണത്തിന് നാം ശ്രമിക്കുമ്പോൾ സുറിയാനിയുടെ പരമ്പരാഗതമായ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ചിന്തയുടേയും ചൈതന്യം വീണ്ടെടുക്കുവാനാണ് ശ്രമിക്കേണ്ടത്. എന്നാൽ ചരിത്രപരമായ കാരണങ്ങൾകൊണ്ട് അന്നത്തെ പിതാക്കന്മാർക്ക് ഇന്ന് നമുക്കു സാധിക്കുന്നതുപോലെ സാർവത്രികമനോഭാവം പുലർത്തുവാൻ തരപ്പെട്ടിരുന്നില്ല. എന്നാൽ ഇന്ന് നമ്മുടെ സ്ഥിതി കൂടുതൽ മെച്ചമാണ്. ലിറ്റർജി നവീകരണത്തിൽ ആവശ്യമായ മൂന്നുകാര്യങ്ങൾ പാരമ്പര്യത്തെപ്പറ്റി ആഴമായ അറിവും, കാതോലിക കൂട്ടായ്മയിൽ ഉരുത്തിരിയുന്ന സാർവത്രിക സമീപനവും ഇന്നത്തെ സഭാപരമായ പരിതോവസ്ഥകളെപ്പറ്റിയുള്ള വ്യക്തമായ ധാരണയും, ഒരുപോലെ പുലർത്തുവാൻ നമുക്ക് സാധിക്കും. ഇതിന് ശ്രേഷ്ഠ മാതൃകയാണ് മാർ ഈവാനിയോസ് പിതാവ് കാട്ടിത്തന്നത്. വൈദികനായ അന്നുമുതലേ സുറിയാനി ഗ്രന്ഥങ്ങളുടെ മലയാള പരിഭാഷയിൽ അദ്ദേഹം വ്യാപൃതനായിരുന്നു. സുറിയാനിയും മലയാളവും ഇംഗ്ലീഷും ഒരുപോലെ ലളിതമായി കൈകാര്യം ചെയ്യുവാൻ സാധിച്ചിരുന്ന അദ്ദേഹത്തിന് അക്കാര്യം ക്ഷിപ്രസാധ്യവുമായിരുന്നു. ബഥനി പ്രസ്ഥാനത്തിന് രൂപം കൊടുത്തപ്പോൾ

www.malankaralibrary.com

സഭയുടെ നവീകരണത്തിന് ലിറ്റർജി ഏതദ്ദേശീയമാക്കുകയെന്ന ജോലിയിൽ അദ്ദേഹം കൂടുതൽ ഉൾപ്പെട്ടു. കാതോലിക പുനരൈക്യത്തിനുശേഷമാകട്ടെ, വർദ്ധമാനമായ ജോലിത്തിരക്കിനിടയിലും തന്റെ വിശ്രമവൃത്തിയായി (hobby) സുറിയാനി പഠിപ്പിക്കുന്നതിനും സുറിയാനിയിൽ നിന്ന് പരിഭാഷപ്പെടുത്തുന്നതും ഏറ്റെടുത്ത് മരണംവരെ തുടരെ നടത്തിക്കൊണ്ടിരുന്നു. ലിറ്റർജിയുടെ നവീകരണത്തിലും ഭാഷാപരിഷ്കരണത്തിലും മാർ ഈവാനിയോസ് നൽകിയ സംഭാവനയെന്തെന്ന് ഇന്നുമാരും തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ ഉന്നത മാതൃക പിൻചെല്ലുവാൻ പിൻതലമുറക്കാർ പരാങ്മുഖരായിരിക്കുന്നു. നമ്മുടെ സഭ ഏർപ്പെട്ടു നടത്തുന്ന ലിറ്റർജി നവീകരണം ലിറ്റർജിയോടുള്ള ആഴമായ ബഹുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. അല്ലാതെ വെറും സൗകര്യചിന്തയുടെ പേരിലോ, ചില മാറ്റങ്ങൾ വരുത്തുക ആവശ്യമാണെന്ന് ചിലർക്ക് തോന്നുന്നു എന്നതുകൊണ്ടോ മാത്രം ആകരുത്. അല്ലെങ്കിൽ നമ്മുടെ ലിറ്റർജിയുടെ കാതലായ സവിശേഷതകൾപോലും ഈദൃശ മാറ്റങ്ങളുടെ ഫലമായി നഷ്ടമാകും. മാത്രമല്ല ലിറ്റർജിയിലൂടെ പുനരൈക്യപ്രവർത്തനം ശക്തമാക്കുവാൻ നാം ശ്രമിക്കേണ്ടിയിരിക്കുന്നു. സഭാപരമായ സവിശേഷതകളെപ്പറ്റി ഇതര സഭകൾ ബോധവാന്മാരായിക്കൊണ്ടിരിക്കുകയുമാണ്. ഇന്ന് അതുകൊണ്ട് നമുക്ക് ലഭിച്ചിരിക്കുന്ന സുറിയാനി പൈതൃകത്തിന്റേയും അതുവഴി പുനരൈക്യസാധ്യതയുടെയും അടിസ്ഥാനത്തിൽ വേണം ലിറ്റർജി നവീകരണം സാധിക്കുവാൻ.

***ഐക്യദീപം, 1981 നവംബർ***



# 58
# The Catholic Malankara Church And Evangelization

Evangelization is the immediate responsibility of each particular Church. The call to preach the gospel to every creature is a universal one as entrusted to the apostles. But once they have gone to different places and established local Churches, it becomes the duty of those Churches to continue the apostolic mission of preaching, handed over to them. Those Churches founded by the apostles have grown into their present position passing through very many developments in history. Besides, there are various circumstances pressing each Church to action and influencing its life. Hence, to understand a Church we have to look into the historic past as well as the existential present. Evangelization being the spontaneous necessary expression of the life of the Church, to fix its prospects we have to go through a historic and existential analysis of each Church concerned.

The Malankara Church comprising those who have come over to the Catholic communion during the last forty-three years seems to be a recent small church now (1974), but its history dates from St. Thomas, the apostle. It is not the mere fact that the community is made up of St. Thomas Christians that make this Church claim to be apostolic. In it we see a vital blending of the two ecclesial principles: Apostolicity and Catholicity into a living unity. Apostolicity is the basis of autonomy of a Church and Catholicity makes each Church participate in the life and communion of the universal Church. The history of the Church in Kerala gives ample evidence that no community has so far experienced this bringing together of these two vital principles as the Malankara Church, because it is the group that fought for autonomy through centuries and has now come to experience Catholic communion also. The special safeguards that the Pope has granted to this Church through the late Mar Ivanios, guarantee the autonomy of this Church and open the way for future reunion of the whole Malankara Church into the Catholic

www.malankaralibrary.com

communion. Hence to recognize the apostolicity of the Catholic Malankara Church is to respect the whole Malankara Church and pave the way for its full union with Rome. Thus this Church although recent in its existence within the Catholic communion, has deep roots in history.

The basis of autonomy of this Church, we have already stated, is its establishment by St. Thomas. That this fact is common among many Church in Kerala, Catholic as well as non-Catholic, is the anomaly of history and here it is not necessary to go into the various circumstances that led to disunity. The Malankara Church was always handicapped in the exercise of its autonomy. Till the 17th century it seems that this Church was ruled by bishops from Persia, although the Church was autonomous in its internal administration. Besides that, due to lack of communication it was not in active participation of the Catholic communion. May be owing to these reasons, the Malankara Church till the coming of the Portuguese, was pre-occupied with self-preservation, rather than evangelization and expansion.

The coming of the Portuguese should have opened new opportunities for the Church in Kerala to come into active communion with Rome. There could have been a mutual sharing between the Malankara Church and the Church of Rome whom the Portuguese represented. They, instead of recognizing the status of this apostolic Church of Kerala, tried to dominate over this Church. They were rather trying to evangelize among those who were already Christians, perhaps better Christians than themselves. While taking into account the great achievements of the western missionaries in the field of evangelization their great mistake of suppressing an apostolic Church has to be put on record. The Christians of Kerala withstood these attempts at suppression, but they never wanted to go away from the Catholic communion. Their resentment was towards the ecclesial administration by persons of a different Church. Various historic circumstances led to a situation where a group remained within the Catholic communion and another group was cut away from it. The group that was forced outside the Catholic community is now known as the whole Malankara Church, of which the Catholic group forms a part.

Even after the Malankara Church escaped the domination of the Catholic foreign missionaries, the agony to preserve the autonomy was



not over. The various contacts with other Churches always jeopardised the independence of the Church. The Protestant missionaries, like their Catholic counterparts where always bent on doing evangelization work among those who belonged to an apostolic Church. While due to the work of the Portuguese the individuality of the Church in Kerala was disturbed, the missionary efforts of the Protestants endangered the very contents of Christian faith and life of some groups. This harm is still being continued. Some extreme pentecostal groups who are a failure among non-Christians, succeed to a large extent in proselytizing Christians of Orthodox faith and life. That Catholics do not fall easy prey to them, is no consolation, as people who are very near to us in faith are lost endangering prospects of their future reunion with the Catholic communion.

Thus the Malankara Church had always to fight onslaughts from outside. In such a situation evangelization is practically impossible. Being aware of this and moved by the desire to evangelize the whole of India, churchmen like Mar Ivanios decided to come back to the Catholic communion and the reunion movement was started. Although the predominant motive of this community is the reunion of all Churches, evangelization among non-Christians was given equal importance from the very start. The Malankara Catholic Church has proved during the short duration of its existence, that evangelization work is still possible in Kerala. Is not the activities for reunion of Church also a work of evangelization? As far as the Kerala Church is concerned these are not two different activities but two aspects of the same. Being urged to work for reunion of Churches the Malankara Church gets an added enthusiasm for evangelization.

The peculiar existential set-up of the Malankara Church is very conductive to the work of evangelization. It is formed of small units spread over the Christian regions of Kerala surrounded by diverse Christian groups and thereby suitably situated to do evangelization work among them and with them. That every member of the Malankara Church has his relatives and close associates in the other Churches is another factor in the same strain. Besides, they are made to emulate the non-Catholic brethren involved in direct preaching. The mode of their

www.malankaralibrary.com

preaching, often a spectacle of ridicule before non-Christians, should in no way devalue the preaching of the gospel but inspire us to find more effective means of preaching.

Preaching among non-Christians will always remain a problem as long as Christians are divided. In order that preaching of the gospel be effective Christians should be reunited. Hence the very reunion work is evangelization. But we cannot wait till final reunion of all Christians is achieved. Now itself Christians should arrive at a modus operandi of joint preaching. But when one group is bent on proselytizing the other, how can joint preaching become possible? Similarly when each one preaches on the basis of the creed of his Church, how can he be made to come to a common platform? There are practical problems of joint preaching, which have to be faced and solved.

But the question is whether we Christians can rise above these differences. There are very many problems to which all Christians can suggest common solutions. The moral deterioration which is rampant in the present soceity poses a challenge to every Christian Church and individual. The moral and spiritual values, which survived many centuries to the present day, are being neglected and lost. To uphold them is real evangelization. Our mission in this modern India is to defend the religious position of India; it is to search the soul of India waiting for Christ. Defending the noble traditions of India, we will be able to show how they are fulfilled in Christ and the Church.

Our common responsibility as Christians is not only preaching the gospel but also witnessing the gospel in action. The Christians in Kerala are doing yeoman service in bringing the healing Christ to the milieu we are living in. But we have not succeeded much in joint action. The coming together of Christians is very often an emergency measure impelled to defend our common rights from political opposition. But have we not a positive contribution to make in helping India to reach its take off stage and in alleviating miseries of groups and individuals. We, Christians, to whatever group we may belong, have a definite role to play. When we come together for the service of human beings around us, we will be able to understand each other and be better witnesses of Christ before our non-Christian brethren.



However, we should not labour under the misconception that the social problems around us will act as a medium of unity among Christians. It is only in preaching the word of God that Christians can get united. We should become one in preaching the word of God. Our preaching is only the existential expression of God's eternal self-revelation in the Bible. That Christians have at present commonly agreed versions of the Bible should help us to make the propagation of the Bible a common apostolate among all Christians. Have we a common translation of the Bible in Malayalam? That there are now several Christians authors and books accepted in common among irrespective of their Church affiliations is an added strength for joint apostolate of the press. All these serve as basis for Christians of different Church affiliations to find a common platform to preach the gospel of Christ.

But creating a common front with other Christians in no way makes evangelization easy and free from the many inherent dangers. Many are inclined, especially by the wrong understanding of the message of Vatican II, to believe that the term Christians speak of a group homogenous in faith and practice, but there are Christian groups holding different creeds, the bringing together of them is an impossibility. Hence a judicious approach is always necessary. Also we have to be always on our guard lest we endanger our faith both in making dialogue with non-Christians groups. Dialogue and ecumenical action are different from evangelization but when made use of properly, are great helps for it. Similarly the various development activities with which we are busy have the inherent danger of becoming purely business management, without any preaching of the gospel involved in it.

The Malabar and Malankara Churches have similar missionary problems as far as evangelization of non-Christians and expansion outside Kerala are concerned. That there are many non-Catholics belonging to the Malankara community, residing outside Kerala poses an ecumenical need that the Catholic Malankara Church be free to work among them. It is a sad fact that the attitude of the Portuguese in suppressing the individual Churches is being continued in milder forms even now. While the apostolicity of the Malabar and Malankara Churches is an approved reality, the question remains why their autonomy is not properly recognized. But the problem is not with the approaches the other Churches

www.malankaralibrary.com

are making towards us. We are not ready to rise to the occasion and accept the obligations of autonomous Churches. We depend too much on foreign guidance as well as assistance. Imitation remains always our fashion. We do not go deep into the realities of individual existence and become conscious of ourselves, in order to inspire new initiatives and launch out into new fields.

The basic position we have to take is that evangelization is the necessary expression of the individuality of a Church. It should be the work of the whole community, flowing from its common Christian life. Hence, it must be the various existential exigencies in and around us that should decide our action. That is the reason why evangelization of the milieu can never be neglected. We have of course the obligation to go all over our Christian existence as communities. Evangelization even now remains the work of a select few and that whole community is not fully involved in it. Are we following even now the pattern left behind by the Portuguese, of limiting evangelization to be an addition from outside? Here, we have to emulate the example of non-Catholics, especially the Protestants who have the courage to preach the gospel in season and out of season as St. Paul did. Hence we have to give serious consideration to direct preaching. It may look rather impractical for the time being. But evangelization is always a task, a problem and a challenge. Above all, it is the work of Christ, and ours is to co-operate, with courage at the same time in humble oblation. Our work is always the response to the call of Christ.

*The St. Thomas Christian Encyclopedia of India, Vol. I, Trichur 1982.*



## 59

# പുനരൈക്യപ്രസ്ഥാനവും എക്യുമെനിക്കൽ ചൈതന്യവും

മാർ ഈവാനിയോസ് ആരംഭിച്ച പുനരൈക്യപ്രസ്ഥാനം ഇന്ന് എക്യുമെനിക്കൽ ചിന്തകരുടെ മുമ്പിൽ പ്രശ്നമായിരിക്കുകയാണ്. എക്യുമെനിക്കൽ പ്രവർത്തനവുമായി അത് എങ്ങനെ പൊരുത്തപ്പെട്ടു പോകുമെന്നതാണവരുടെ ചോദ്യം. കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടവരെ ഐക്യവാദികൾ (uniates) എന്ന ചെല്ലപ്പേരു കൊടുത്ത് അധിക്ഷേപിക്കുന്ന രീതി പണ്ടുമുതലേ അകത്തോലിക്കരുടെയിടയിലുണ്ട്. ഇന്ന് ആ രീതി കത്തോലിക്കാചിന്തകരും ഏറ്റെടുത്തിരിക്കുന്നു. ആരാണ് ഐക്യവാദികൾ? തങ്ങൾ ഉൾപ്പെട്ടിരുന്ന പാരമ്പര്യമെല്ലാം ഉപേക്ഷിച്ചു വിശ്വാസത്തിന്റെ പേരിൽ കത്തോലിക്കാസഭയിൽ ചേർന്നവരാണവർ. തങ്ങളുടെ പൂർവ്വികസഭയുമായി ബന്ധം ഉപേക്ഷിച്ചു കത്തോലിക്കാ സഭയ്ക്കുള്ളിൽ കഴിയുന്ന വിഘടിതസമൂഹമാണ് അവർ. അങ്ങനെ പ്രവർത്തിക്കുന്നവർ എക്യുമെനിസത്തിന്റെ ചൈതന്യത്തിനെതിരായി വർത്തിക്കുന്നു. ഈ ദൃശൈക്യവാദികളുടെ ഗണത്തിൽ ഉൾപ്പെടരുതെന്ന നിർബന്ധത്തിലാണ് താൻ കത്തോലിക്കാസഭയിൽ ആരംഭിച്ച സമൂഹത്തിന് പുനരൈക്യപ്രസ്ഥാനമെന്ന് മാർ ഈവാനിയോസ് പേരിട്ടത്. എങ്കിലും മലങ്കരസഭയുടെ മുഴുവൻ പ്രാതിനിധ്യത്തോടെ സഭൈക്യസംഭാഷണം ആരംഭിച്ചുവെങ്കിലും അതിന്റെ അന്ത്യഘട്ടത്തിൽ മലങ്കരസഭയുടെ നേതൃത്വം അതിൽ നിന്നു പിൻമാറുകയും താൻ രൂപം കൊടുത്തുകൊണ്ടിരുന്ന ബഥനിസഭ മാത്രം മുമ്പോട്ടു വരികയും ചെയ്തുവെന്ന കാരണത്താൽ മാർ ഈവാനിയോസിന്റെ പുനരൈക്യപ്രസ്ഥാനത്തെ വ്യക്തികളുടെയും ചെറിയ സമൂഹങ്ങളുടെയും മാത്രം പുനരൈക്യം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതായി തരം താഴ്ത്തിക്കാണുവാൻ ഇന്നു ചില എക്യുമെനിക്കൽ ചിന്തകരും തയ്യാറാകുന്നുണ്ട്.

www.malankaralibrary.com

തന്റെ സഭാപുനരൈക്യം വെറും വ്യക്തിമാത്രസംഭവമായി വ്യാഖ്യാനിക്കപ്പെടുമെന്ന അപകടം ക്രാന്തദർശിയായ മാർ ഈവാനിയോസ് മുമ്പിൽ കണ്ടുകൊണ്ടാണ് ഒരു മെത്രാപ്പോലീത്തായും ഒരു മെത്രാനും ഒരു വൈദികനും ഒരു ശെമ്മാശനും ഒരു അൽമായനുമടങ്ങുന്ന ചെറിയ സമൂഹം ആദ്യം പുനരൈക്യപ്പെടണമെന്നു തീരുമാനിച്ചത്. പ്രസ്തുത സമൂഹം പ്രതീകാത്മകമായി മലങ്കരസഭയെ മുഴുവനും പ്രതിനിധീകരിച്ചു. അവരുടെ പുനരൈക്യത്തിന് സാർവത്രികസഭാതലവനായ മാർപ്പാപ്പായുടെ നിർദ്ദേശപ്രകാരം ബിഷപ്പ് ബൻസിംഗർ ആധ്യക്ഷം വഹിച്ചു. അദ്ദേഹം പാശ്ചാത്യസഭയുടെ പ്രതിനിധിയായും വർത്തിച്ചു. ബിഷപ്പ് കാളാശേരി സീറോ മലബാർ സഭയുടെ പ്രതിനിധിയായി ഈ സംഭവത്തിന് സാക്ഷ്യം വഹിച്ചു. ഇങ്ങനെ 1930 സെപ്റ്റംബർ 20-ാം തീയതി സഭൈക്യരംഗത്ത് ഒരു പുതിയ പ്രസ്ഥാനം ആരംഭമിട്ടുവെന്നതിൽ ആർക്കും സംശയമില്ല. അതിന് പുനരൈക്യപ്രസ്ഥാനമെന്ന് മാർ ഈവാനിയോസ് പിതാവ് പേരുമിട്ടു. ദൈവം ഈ പ്രസ്ഥാനത്തിന്റെ കൂടെയുണ്ടെന്നു ഉള്ളതിന്റെ തെളിവാണ്, കഴിഞ്ഞ അരശതാബ്ദത്തിൽ അത് നേടിയ പുരോഗതി. മലങ്കര സഭയുടെ മുഴുവൻ ഐക്യത്തിനു വേണ്ടി തീവ്രമായി ആഗ്രഹിക്കുകയും തീക്ഷ്ണമായി പ്രാർത്ഥിക്കുകയും നിസ്തന്ദ്രമായി പ്രവർത്തിക്കുകയും ചെയ്യുന്ന സഭാപ്രസ്ഥാനമാണിത്. മലങ്കരകത്തോലിക്കാസഭയെന്ന അഭിധാനത്തിൽ കാതോലികകൂട്ടായ്മയിൽ ഒരു പ്രത്യേകസഭയുടെ പദവി ഇതിനുണ്ട്. എന്നാൽ അത് പൂർണ്ണമല്ല. മലങ്കരസഭ മുഴുവൻ കാതോലികകൂട്ടായ്മയിൽ വരുമ്പോഴായിരിക്കും അത് പൂർണ്ണമാകുക. അത് പൂർണ്ണമാക്കുകയാണ് പുനരൈക്യത്തിന്റെ ദൗത്യം, അല്ലാതെ കുറെയാളുകളെ ചേർത്ത് ഒരു വിഘടിതസഭയ്ക്ക് രൂപം കൊടുക്കുകയല്ല. ഇന്ന് പുനരൈക്യപ്രസ്ഥാനത്തിൽ ഉൾപ്പെടുന്നവരും ചേരുന്നവരും ഈ പൂർണ്ണമായ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന പ്രേഷിതരാണ്. മലങ്കരസഭ തന്റെ പൂർണ്ണവ്യക്തിത്വം പുലർത്തിക്കൊണ്ട് കാതോലികകൂട്ടായ്മയിൽ ഒന്നിച്ചു വരുമ്പോൾ പുനരൈക്യപ്രസ്ഥാനമെന്നൊന്ന് ഇല്ലാതാകും.

രണ്ടാം വത്തിക്കാൻ സുന്നഹദോസ് കൂടുന്നതുവരെ മലങ്കരസഭയുടെ പുനരൈക്യം സാധിക്കേണ്ടത് പുനരൈക്യപ്രസ്ഥാനത്തിലൂടെയാണെന്നതിൽ ആർക്കും സംശയമില്ലായിരുന്നു. പൗരസ്ത്യസഭകളിൽ നിന്ന് കത്തോലിക്കാസഭയിൽ ചേരുന്നവർ കാതോലികകൂട്ടാ



യ്മയിലുള്ള അതതിന്റെ ബന്ധസഭയോടു വേണമെന്ന് ഇന്നും സാർവത്രികതലത്തിൽ നിഷ്കർഷയുണ്ട്. അങ്ങനെ യാക്കോബായക്കാരും ഓർത്തഡോക്സുകാരും മാർത്തോമ്മാക്കാരുമെല്ലാം പുനരൈക്യപ്പെടുന്നത് മലങ്കരകത്തോലിക്കാസഭയിലേക്ക് വേണമെന്നതാണു നിയമം. അല്ലെങ്കിൽ തന്നെ, തങ്ങൾ പരിചയിച്ചിരിക്കുന്ന ആരാധനസമ്പ്രദായവും ജീവിതരീതിയും പുലർത്തുന്ന മലങ്കരസഭയിലേയ്ക്ക് വരുന്നതാണവർക്ക് പ്രിയംകരം. നേരത്തെ തന്നെ പുനരൈക്യപ്പെട്ട് കത്തോലിക്കാസഭയിൽ ജീവിക്കുന്ന സഹോദരർ, മറ്റു സഭകളിൽ കഴിയുന്ന തങ്ങളുടെ ബന്ധുമിത്രാദികളെ കത്തോലിക്കാസഭയിലേക്ക് ആകർഷിക്കുവാനും ആനയിക്കുവാനും വളരെ ശ്രമിക്കുന്നുമുണ്ട്. ഈ സ്നേഹബന്ധങ്ങളുടെയെല്ലാം അടിസ്ഥാനത്തിലാണ് ഇത്രയധികം വിശ്വാസികൾ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടത്. പുനരൈക്യപ്പെട്ടവരും ഇതരസഭാംഗങ്ങളും തമ്മിൽ നല്ല ബന്ധം പുലർത്തിവരികയും ചെയ്യുന്നു. പുനരൈക്യപ്പെട്ടവരുടെയിടയിൽ നിന്നു തന്നെ ധാരാളം വൈദികരും സന്യാസീസന്യാസിനികളുമുള്ള ഈ അവസരത്തിൽ പുനരൈക്യപ്രവർത്തനം കൂടുതൽ തീക്ഷ്ണമാകേണ്ടതിനു പകരം രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷം ഉയർന്നുവന്ന എക്യുമെനിക്കൽ ചിന്താഗതി മൂലം കൂടുതൽ ദുർബലമായിരിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. വാസ്തവത്തിൽ എക്യുമെനിസം ശക്തമാകുന്നതനുസരിച്ച് പുനരൈക്യം അപ്രത്യക്ഷമാകേണ്ടതാണോയെന്ന് ചോദിക്കുന്നവരും ഇന്നുണ്ട്. അതുകൊണ്ട് രണ്ടാം വത്തിക്കാന്റെ ചൈതന്യമനുസരിച്ച് പുനരൈക്യപ്രസ്ഥാനവും പരിവർത്തനവിധേയമാകണം. എന്തൊക്കെ മാറ്റങ്ങളാണ് പുനരൈക്യപ്രസ്ഥാനത്തിന് ആദർശത്തിലും പ്രയോഗത്തിലും ഉണ്ടാകേണ്ടതെന്നതിനെപ്പറ്റി ഇന്ന് ചിന്താക്കുഴപ്പമുണ്ട്. ഇതുവരെ ധീരവും വ്യക്തവുമായ പുതിയ നിലപാട് നമുക്കുണ്ടായിട്ടില്ല. അതനുസരിച്ച് പുനരൈക്യപ്രസ്ഥാനവും ദുർബലമായിക്കൊണ്ടിരിക്കുന്നു.

പുനരൈക്യവും എക്യുമെനിസവും തമ്മിൽ പൊരുത്തക്കേട് അനുഭവപ്പെടുന്നതിന്റെ കാരണം എക്യുമെനിസം സഭയിൽ എന്തോ പുതിയ ചിന്താഗതിയാണെന്ന തെറ്റിദ്ധാരണയാണ്. എക്യുമെനിസത്തിന്റെ വിശദാംശങ്ങൾ ഇന്നും രൂപം ധരിച്ചുകൊണ്ടിരിക്കുന്നതേയുള്ളുവെങ്കിലും അതിന്റെ അടിസ്ഥാനചൈതന്യം സഭയിൽ എന്നും നിലവിലിരുന്നു. ആ ചൈതന്യത്താൽ പ്രേരിതമായാണ് പുനരൈക്യപ്രസ്ഥാനം തന്നെ

www.malankaralibrary.com

നിലവിൽ വന്നത് താനുൾപ്പെട്ടിരിക്കുന്ന സഭയ്ക്ക് പുറത്തും ക്രിസ്തുവിന്റെ സത്യവും ജീവനും പ്രവർത്തിക്കുന്നുണ്ടെന്ന് ബോധ്യപ്പെട്ടു മറ്റു സഭകളുമായി തുല്യാടിസ്ഥാനത്തിൽ സ്നേഹസംഭാഷണത്തിൽ ഏർപ്പെടുകയെന്നതാണ് എക്യുമെനിസത്തിന്റെ ചൈതന്യം. ഈ സത്യം പ്രായോഗികരൂപം ധരിക്കുന്നതനുസരിച്ച് സഭയും പുരോഗതിപ്രാപിച്ചുകൊണ്ടിരുന്നു. സഭയുടെ ആദ്യകാലത്ത് നടന്ന സാർവത്രിക സുന്നഹദോസുകളിലെല്ലാം ഈ ചൈതന്യം പ്രകടമായിരുന്നു. എന്നാൽ പൗരസ്ത്യസഭകൾ ഓരോ കാലത്ത് ഭിന്നിച്ചുപോയതനുസരിച്ച് ഈ ചൈതന്യവും അസ്തപ്രായമായി. ഒരു ഘട്ടത്തിൽ പാശ്ചാത്യർ തെറ്റിദ്ധരിച്ചു, തങ്ങളുടേത് മാത്രമാണ് സത്യസഭയെന്ന്. ഒരേ വിശ്വാസം പുലർത്തുന്ന മറ്റു സഭകളേയും അംഗീകരിക്കുവാൻ അവർ തയ്യാറായില്ല. സംസ്കാരത്തിലും പാരമ്പര്യത്തിലുമുള്ള വ്യത്യാസങ്ങൾ അവർ വിശ്വാസാന്തരങ്ങളായി തെറ്റിച്ചു വ്യാഖ്യാനിച്ചു. ഈ മനോഭാവത്തിന് പാശ്ചാത്യസഭയിൽ കാര്യമായമാറ്റമുണ്ടാകുന്നത് ഒന്നാം വത്തിക്കാൻ സുന്നഹദോസിൽ പങ്കുകൊള്ളാൻ വേർപെട്ടു നിൽക്കുന്ന പൗരസ്ത്യസഭകളെയും ക്ഷണിച്ചതുമുതലാണ്. എന്നാൽ അവർക്ക് സുന്നഹദോസിൽ സംബന്ധിക്കത്തക്ക സഭാപരമായ കാലാവസ്ഥ അന്നുണ്ടായിരുന്നില്ല. ക്രൈസ്തവൈക്യം സാധിക്കുന്നതിന് ആലോചനകൾ നടത്തുവാനുള്ള ക്രമീകരണമായി രണ്ടാം വത്തിക്കാൻ സുന്നഹദോസും പ്രാരംഭാലോചനയിൽ പരിഗണിക്കപ്പെട്ടിരുന്നെങ്കിലും അങ്ങനെയൊരു ആലോചനയ്ക്ക് കാലമായിട്ടില്ലെന്ന് പിന്നീട് ബോധ്യമായി. അതുകൊണ്ട് ക്രൈസ്തവൈക്യത്തിനുള്ള പശ്ചാത്തലം സൃഷ്ടിക്കുകയെന്നത് രണ്ടാം വത്തിക്കാൻ ലക്ഷ്യമായെടുത്തു. തുല്യാടിസ്ഥാനത്തിൽ സഭകൾ തമ്മിൽ സമ്പർക്കത്തിലേർപ്പെടുകയെന്നത് ക്രിസ്തുസഭയിലെ ഏറ്റം പുരാതനമായ ആഭിമുഖ്യമാണ്. അല്ലാതെ പുതുതായി ഒന്നല്ല. ഒരു കാലത്ത് അതിന് ഉടവുതട്ടിയിരുന്നുവെന്നത് ശരിയാണ്. എന്നാൽ സഭ ഇന്ന് അത് ശക്തിമത്തായി വീണ്ടും പ്രാപിച്ചുകൊണ്ടിരിക്കുന്നു.

സഭകൾ തമ്മിലുള്ള ബന്ധത്തിന് ഉടവു തട്ടിയതാണ് അനൈക്യത്തിന്റെ അടിസ്ഥാനം. ആ ഉടവ് ഇല്ലാതാക്കുന്നത് പുനരൈക്യവും. മലങ്കരസഭയും പാശ്ചാത്യസഭയും തമ്മിലുള്ള നല്ല ബന്ധങ്ങൾക്ക് എങ്ങനെ കോട്ടം വന്നുവെന്നും തദ്ഫലമായി മലങ്കരസഭയ്ക്ക് കാതോലികക്കൂട്ടായ്മയിൽ നിന്ന് എങ്ങനെ പുറത്തുപോകേണ്ടിവന്നുവെന്നും ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല. വേർപാട് എന്ന് ആരംഭിച്ചോ അന്നു



മുതൽ വേർപാട് ഇല്ലാതാക്കാനും മലങ്കരസഭ ശ്രമിച്ചുകൊണ്ടിരുന്നു. പാശ്ചാത്യസഭയാണ് അന്ന് സന്ദർഭത്തിനൊത്ത് ഉയരാതിരുന്നത്. നിരുപാധികം കീഴടങ്ങി കത്തോലിക്കാസഭയിൽ ചേരാനല്ല മലങ്കരസഭ ഉദ്യമിച്ചത്. കൂനൻകുരിശുസത്യത്തിൽ ഒന്നിച്ചു പങ്കെടുത്തവരാണെങ്കിലും, കത്തോലിക്കാ വിശ്വാസത്തിന്റെ പേരിൽ നിരുപാധികം കീഴ്പ്പെട്ട പഴയകൂറ്റുകാരിൽ നിന്ന്, ഭിന്നതയിൽ നിലനിന്ന പുത്തൻകൂറ്റുകാർ ഇക്കാര്യത്തിൽ വ്യത്യസ്തരായിരിക്കുന്നു. വാസ്തവത്തിൽ എക്യുമെനിസത്തിന്റെ ചൈതന്യത്തിൽ പിടിച്ചുനിന്നവരാണ് പുത്തൻകൂറ്റുകാരായ മലങ്കരസഭാംഗങ്ങൾ. ഈ ചൈതന്യത്തിലേക്ക് പാശ്ചാത്യസഭ തിരികെ വന്നത് മാർ ഈവാനിയോസിന്റെ പുനരൈക്യത്തോടെയാണ്. മലങ്കരസഭയുടെ പ്രതിനിധിയെന്ന നിലയിൽ മാർ ഈവാനിയോസ് രണ്ടു വ്യവസ്ഥകൾ മുമ്പോട്ടു വെച്ചു. ഒന്ന് പുരാതനമായ രീതികളും ആചാരങ്ങളും നിലനിർത്തുവാൻ സാധിക്കുക. രണ്ട്, പുനരൈക്യപ്പെടുന്ന യാക്കോബായ സുറിയാനിക്കാരെ അവരുടെ തന്നെ മെത്രാന്മാർ ഭരിക്കുക. ഈ രണ്ടു വ്യവസ്ഥയും കത്തോലിക്ക നേതൃത്വം അംഗീകരിച്ചു. മലങ്കരസഭയ്ക്ക് പാശ്ചാത്യസഭ തുല്യ പരിഗണന നല്കിയെന്നല്ലേ ഇതിന്റെ അർത്ഥം. ശരിയാണ്, മലങ്കരസഭയ്ക്ക് കാതോലിക്കായുടെ കീഴിൽ സ്വന്തമായ സുന്നഹദോസ് ഉണ്ടായിരിക്കുകയെന്ന രണ്ടാം വ്യവസ്ഥയുടെ പൂർണ്ണത ഇന്നും ലഭ്യമായിട്ടില്ല. കാതോലിക്കാ പുനരൈക്യപ്പെടാത്തതുകൊണ്ട് ആ പ്രശ്നം പരിഗണനയിൽ വരുന്നില്ലെന്നാണ് ഇക്കാര്യത്തെപ്പറ്റി മാർ ഈവാനിയോസിനെ പുനരൈക്യപ്പെടാൻ ക്ഷണിച്ചുകൊണ്ട് കൊടുത്ത അവസാനമറുപടിയിൽ പറഞ്ഞിരിക്കുന്നത്. ഈ അപൂർണ്ണത നിലവിലിരിക്കെത്തന്നെ മാർ ഈവാനിയോസിലൂടെ മലങ്കരസഭയ്ക്കു ലഭിച്ച അംഗീകാരം എക്യുമെനിസചൈതന്യത്തിന്റെ വിജയമല്ലെന്ന് ആർക്ക് പറയാൻ സാധിക്കും. 1653-ൽ നഷ്ടപ്പെട്ട ഐക്യചൈതന്യം 1930-ൽ മാർ ഈവാനിയോസ് വീണ്ടെടുത്തു. ആ ചൈതന്യത്തിന്റെ പൂർണ്ണ സാക്ഷാത്കാരമായിട്ടില്ല. അതുകൊണ്ടാണല്ലോ പുനരൈക്യപ്രസ്ഥാനം തന്നെ ആവശ്യമായി വന്നത്. എക്യുമെനിസത്തിന്റെ ചലനാത്മകത ഉൾക്കൊണ്ടതാണ് വാസ്തവത്തിൽ പുനരൈക്യപ്രസ്ഥാനം.

***ക്രൈസ്തവകാഹളം, 1979 സെപ്തംബർ***

www.malankaralibrary.com

## 60

# സഭൈക്യചൈതന്യവും സഭാസംഘടനയും

ഐക്യത്തിലേക്കുള്ള നാഥന്റെ വിളിയെന്നാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ ഭാരതസന്ദർശനത്തിന്റെ മുദ്രാവാക്യം. ഭാരതീയർ കൂടുതൽ ഐക്യപ്പെടുവാൻ ക്രിസ്തു വിളിക്കുന്നുവെന്ന് നാം ഇതിൽ നിന്നു മനസ്സിലാക്കുന്നു. താദൃശ ഐക്യം സാദ്ധ്യമാണോ? സംശയിക്കുന്നവരുണ്ടാകാം. എന്നാൽ ക്രിസ്ത്യാനികൾ ഒന്നിക്കുന്നതിന്റെ ആവശ്യത്തെപ്പറ്റി സംശയം തോന്നുമോ? തടസ്സങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ക്രൈസ്തവൈക്യവും സമീപഭാവിയിൽ സാധിതമാകാൻ പോകുന്നില്ലെന്നായിരിക്കും നാം പ്രായേണ വിചാരിക്കുക. ഐക്യത്തിലേക്കു നാഥൻ വിളിക്കുന്നുവെന്ന് ബോധ്യമുണ്ടെങ്കിൽ അതിന്റെ സാദ്ധ്യത ചോദ്യം ചെയ്യുകയല്ല, ആ വിളിക്കു സ്വയം സമർപ്പിക്കുകയാണ് ഓരോ വിശ്വാസിയുടെയും കർത്തവ്യം. ഐക്യത്തിനു വിശ്വാസം നല്കുന്ന തീരുമാനം സ്വീകരിക്കുക. അതിനു നാഥൻ നിർദ്ദേശിക്കുന്ന മാർഗ്ഗം ഏതെന്നു മനസിലാക്കി അവലംബിക്കുക. അതാണ് ഭാരതത്തിലെ ഓരോ ക്രിസ്ത്യാനിയുടെയും ഉത്തരവാദിത്വം. ക്രിസ്തു നിർദ്ദേശിക്കുന്ന മാർഗ്ഗം ഓരോ ക്രിസ്ത്യാനിയും സ്വീകരിക്കുമ്പോൾ ക്രൈസ്തവൈക്യം കരഗതമാകും. അതുവഴി ഭാരതീയരുടെ ഐക്യത്തിന് അടിത്തറ ഇടുകയും ചെയ്യും.

ഐക്യത്തിനു നാഥൻ നിർദ്ദേശിക്കുന്ന മാർഗ്ഗം തന്റെ സഭയാണ്, ക്രിസ്തുവിന്റെ ശരീരമാണ്. അതിൽ എങ്ങനെ അംഗങ്ങൾ ഏകോപിതമായിരിക്കുന്നുവെന്ന് വിശുദ്ധ പൗലോസ് വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. "ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസാ" യുമെന്നാണല്ലോ അദ്ദേഹം നല്കുന്ന മുദ്രാവാക്യം. പക്ഷേ ഇന്നു ക്രിസ്തുവിന്റെ സഭയിൽ എവിടെ ഐക്യം? ക്രിസ്തു ഐക്യത്തിനു സ്ഥാപിച്ച സഭ തന്നെയും അനൈക്യത്തിന്റെ രംഗമായിത്തീർന്നിരിക്കുന്നു. അവിടുന്നു



ഈ സഭയെയാണോ ഐക്യത്തിന്റെ ആയുധവും മാധ്യമവുമായി ഉപയോഗിക്കുക. തീർച്ചയായും സഭകൾ പലതുണ്ടെങ്കിലും കർത്താവു ഒന്നേയുള്ളു. വിശ്വാസം ഒന്നേയുള്ളു, മാമോദീസായും ഒന്നേയുള്ളു. എല്ലാ ക്രിസ്ത്യാനികളും ഒരേ കർത്താവിൽ വിശ്വസിക്കുന്നു, ഒരേ വിശ്വാസം ഏറ്റുപറയുന്നു-നിഖ്യാ-കോൺസ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം എല്ലാ സഭകളും സ്വീകരിക്കുന്നതാണ്. ഒരേ മാമോദീസാ സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ ഇവയ്ക്കു മൂന്നിനും ക്രിസ്ത്യാനികൾ അവലംബിക്കുന്ന സഭാമാധ്യമം പലതാണ്. എങ്കിലും ഈ വ്യത്യസ്തസഭകൾ, ഒരേ കർത്താവിൽ വിശ്വസിച്ച് ഒരേ വിശ്വാസം ഏറ്റുപറഞ്ഞ് ഒരേ മാമോദീസാ സ്വീകരിക്കുന്നുവെന്നു സമ്മതിക്കുമോ? സമ്മതിക്കണം. സഭകൾ പലതാണെങ്കിലും വിശ്വാസജീവൻ ഒന്നുതന്നെയെന്നു ബോധ്യപ്പെട്ടാൽ സഭൈക്യത്തിന് പ്രവർത്തനാടിസ്ഥാനമായി. അതായത് സഭകളുടെ വൈവിധ്യത്തിന് അതീതമായി ഐക്യത്തിന്റെ അടിസ്ഥാനവും ചൈതന്യവും ലക്ഷ്യവും കണ്ടെത്തണം.

എങ്കിലും സഭകൾ പലതാണെന്ന വസ്തുത അവഗണിക്കാവുന്നതല്ല. ഓരോ ക്രിസ്ത്യാനിയും ജീവിക്കുന്നതു സഭയിലൂടെയാണ്. ഒരു കൂട്ടർ കത്തോലിക്കരായി ജീവിക്കുന്നു. വേറൊരു കൂട്ടർ ഓർത്തഡോക്സുകാരായി, വേറെ സമൂഹങ്ങൾ പ്രൊട്ടസ്റ്റന്റ് അഭിധാനത്തിൽ അഭിമാനിക്കുന്നു; ഇനിയും പെൻറകോസ്റ്റൽ സമൂഹങ്ങളുണ്ട്. ഇവയെല്ലാം വിശ്വസിക്കുന്നതു ക്രിസ്തുവിലാണെന്ന് അവകാശപ്പെടുന്നു. എന്നാൽ ഇവയുടെയെല്ലാം വിശ്വാസം ഒന്നാണോ? കൂദാശാമാധ്യമങ്ങൾ ഒരേ രൂപത്തിലുള്ളതാണോ? സമ്മതിക്കുവാൻ ബുദ്ധിമുട്ടുണ്ട്. പക്ഷേ, ഒരേ വിശ്വാസം പുലർത്തുന്ന സഭകളുണ്ട് വിവിധ ചേരികളിൽ നില്ക്കുന്നവരായി. അവ തമ്മിലും വിശ്വാസവ്യത്യാസം ഉണ്ടെന്നു സ്ഥാപിക്കാൻ ചിലർ ശ്രമിക്കാറുണ്ട്. കത്തോലിക്കാസഭയും ഓർത്തഡോക്സ് സഭയും തന്നെ ഇതിന് ഉദാഹരണം. അവിടെ കൂദാശമാധ്യമങ്ങളും ഒന്നുതന്നെ. ഈ സഭകൾ ഇക്കാര്യമൊന്നു തുറന്നു സമ്മതിക്കുമോ? ഭരണവ്യത്യാസമാണ് അവയെ അകറ്റിനിറുത്തുന്നതെന്നു സമ്മതിക്കരുതോ? ശരിയാണ്. ഭരണത്തിന് വിശ്വാസത്തിലേക്ക് ഇറങ്ങിച്ചെല്ലുന്ന വേരുകളുണ്ട്. സഭയുടെ അധികാരി ആരാണെന്ന ചോദ്യത്തിന്റെ ഉത്തരവും വിശ്വാസത്തിന്റെ ഭാഗമാണ്. എങ്കിലും വിശ്വാസാന്തരം വലുതാക്കിക്കാണിക്കുന്ന പ്രവണത എല്ലാ സഭകളും ഉപേക്ഷിക്കണം. അതേ വിശ്വാസാന്തരം യാതൊന്നുമില്ലെന്ന് നിസ്സാരമായി ഭാവിക്കുന്നതും ശരിയല്ല.

www.malankaralibrary.com

വിശ്വാസചൈതന്യത്തിന്റെ പരമപ്രകടനം സാധ്യമാവുന്നതു ഒരുമിച്ചുള്ള വിശുദ്ധ കുർബാനയുടെ പങ്കാളിത്തത്തിലാണ്. അത് ഓരോ സഭയുടെയും അധികാരത്തോടു അവഗാഢം ബന്ധപ്പെട്ടിരിക്കുന്ന പൗരോഹിത്യപരമായ പ്രശ്നമാണെന്നത് അവഗണിക്കാവുന്നതല്ല. അതുകൊണ്ടു ഇന്നു നിലവിലിരിക്കുന്ന സഭാവൈവിധ്യം ക്രിസ്തുസഭയുടെ ഏകതയിൽ വേരൂന്നുന്നതാണ്. അതേസമയം ഏകതയുടെ പ്രകടനത്തെ തടസ്സപ്പെടുത്തുന്നതുമാണ്. ഐക്യവും അനൈക്യവും ഒന്നിച്ചു പ്രകടിപ്പിക്കുന്ന സഭാവൈരുദ്ധ്യമാണ് നാം ഇന്നു നേരിടുന്നത്. ഈ വൈരുദ്ധ്യം ഇല്ലാതാക്കാൻ എന്താണ് മാർഗ്ഗം? ഐക്യചൈതന്യം അനൈക്യമാകാതിരിക്കത്തക്കവണ്ണം ശക്തമാക്കുകയെന്നതുതന്നെ. സഭാവൈവിധ്യത്തിൽനിന്നുതന്നെ ഐക്യചൈതന്യം രൂപപ്പെടുത്തുകയെന്നതാണ് ഇന്നത്തെ എക്യുമെനിക്കൽ ആവശ്യകത.

ഈദൃശ്യമായ ഐക്യചൈതന്യം രൂപപ്പെടുത്താൻ ഓരോ സഭയും വഴങ്ങിത്തരുമോ? ഓരോ സഭയും സ്വന്തം വളർച്ചയിലാണ് ശ്രദ്ധിക്കുക. ഒന്നിന്റെ വളർച്ച വേറൊന്നിന്റെ തളർച്ചയായിത്തീരുകയില്ലേ? സഭാപുനരൈക്യത്തിൽ അന്തർലീനമായിരിക്കുന്ന പ്രശ്നം ഇതാണ്. മലങ്കരയിൽ യാക്കോബായ സഭയിൽ നിന്ന് കുറേപ്പേർ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടതിന്റെ ഫലമായി മലങ്കര കത്തോലിക്കാസഭ ആരംഭിച്ച് ഇതുവരെ വളർന്നെത്തിയെന്നത് ഒരു വസ്തുതയാണ്. അതുകൊണ്ട് യാക്കോബായ സഭയ്ക്ക് എന്തെങ്കിലും തളർച്ച ഉണ്ടായോ? ഉണ്ടായെന്നു പറയാനൊക്കില്ല. മലങ്കര കത്തോലിക്കർ വളർന്നുവന്ന ഓരോ സ്ഥലത്തും യാക്കോബായ സഭയും മറ്റും കൂടുതൽ വളർന്നുവന്നതേയുള്ളു. പുനരൈക്യപ്രസ്ഥാനത്തിലൂടെ മലങ്കരസഭയ്ക്കു മുഴുവൻ സഭയുടെ കാതോലിക്കാസ്വഭാവത്തെപ്പറ്റി കൂടുതൽ ആഴമായ അവബോധം ഉണ്ടായിയെന്നതാണ് വാസ്തവം. അതുപോലെ കൂദാശാപരമായ ജീവിതത്തെപ്പറ്റി കൂടുതൽ ധാരണ ഉൾക്കൊള്ളാനും അതിലൂടെ മലങ്കര സഭയ്ക്കു സാധിച്ചു. പുനരൈക്യപ്രസ്ഥാനം മലങ്കരസഭയ്ക്കു അകത്തു നിന്നുണ്ടായ വളർച്ചയാണ്. അത് നേരാംവണ്ണം കൈകാര്യം ചെയ്താൽ മലങ്കരസഭയ്ക്ക് ഒരു വിധത്തിലും ഐക്യത്തിന് തടസ്സമാകുന്നില്ല. പക്ഷേ ഈ ദൃശമായ അവബോധം എപ്പോഴും പുനരൈക്യപ്രസ്ഥാനത്തിൽ തിളങ്ങിനിന്നുവോ?

കത്തോലിക്കാപുനരൈക്യം പാശ്ചാത്യസഭയുമായി കൂടുതൽ ബന്ധത്തിന് കാരണമായപ്പോൾ പൗരസ്ത്യസ്വഭാവത്തിന് മങ്ങലേല്പിച്ചുവോ? കത്തോലിക്കാസഭയുടെ തലവനായ മാർപാപ്പായെ അംഗീകരിച്ചതോടെ മലങ്കരസഭയുടെ സ്വയംഭരണക്രമം നഷ്ടമായോ? ഇതെല്ലാം പ്രസക്തമായ പ്രശ്നങ്ങളാണ്. എന്നാൽ യഥാർത്ഥ പുനരൈക്യം ഒരു പ്രാദേശികസഭയുടെ വളർച്ചയ്ക്ക് ഹാനികരമാകാൻ പാടില്ലെന്ന് രണ്ടാം വത്തിക്കാൻ സുന്നഹദോസ് പഠിപ്പിക്കുന്നു. അതുകൊണ്ട് പുനരൈക്യപ്രസ്ഥാനത്തിന് എന്നും ഉത്തരവാദിത്വമുണ്ട്, മലങ്കരസഭയുടെ വളർച്ചയ്ക്ക് യാതൊരു വിധത്തിലും തടസ്സമാകാതിരിക്കാൻ. വ്യക്തികളുടെയും സമൂഹങ്ങളുടെയും പുനരൈക്യത്തിൽ ഏതു വിധത്തിൽ സൂക്ഷ്മതയോടെ ഇടപെടണമെന്നത് ഈ ഉത്തരവാദിത്വത്തിന്റെ കാതലായ ഭാവമാണ്. പുനരൈക്യപ്രസ്ഥാനത്തിലൂടെ മലങ്കരയിൽ ഒരു പുതിയ സഭ ആരംഭിക്കുന്നില്ല. മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതൽ നിലനിന്ന മലങ്കരസഭയെ ശക്തിപ്പെടുത്തുകയാണ്; സഭയുടെ സാർവത്രികസ്വഭാവത്തിന് ഊന്നൽ കൊടുത്ത് ഇന്ന് നിലവിലുള്ള അനൈക്യം ഇല്ലാതാക്കുകയാണ് അതിന്റെ ഉദ്ദേശ്യം. പുനരൈക്യപ്പെട്ടവർ തന്നെയും തങ്ങൾ ഉൾപ്പെട്ടിരുന്ന മറ്റു സഭകളുടെ അംഗങ്ങളുമായി ആഴമായ സഭാബന്ധം പുലർത്തുകയും വളർത്തിയെടുക്കുകയും വേണം. ഐക്യത്തിന്റെ പൂർണ്ണതയിൽ ലക്ഷ്യം വച്ച് മലങ്കരസഭയിൽ ഉള്ളടങ്ങിയിരിക്കുന്ന ഐക്യചൈതന്യം കൂടുതൽ പുറത്തുകൊണ്ടുവരുന്ന നൂതന സഭാവിഷ്ക്കരണത്തിൽ വേണം പുനരൈക്യപ്രസ്ഥാനം ശ്രദ്ധ വയ്ക്കുവാൻ.

ഐക്യചൈതന്യം വളർത്തിയെടുക്കുന്നതിൽ ഉത്തരവാദിത്വത്തോടെ പെരുമാറിയ മാതൃകയുണ്ട്. ബഥനിപ്രസ്ഥാനം അന്നു മലങ്കരസഭയിൽ നിലവിലിരുന്ന കലഹങ്ങളിലും കലഹമുറകളിൽ നിന്നും മാറിനിന്നു. മാത്രമല്ല, സഭയുടെ യഥാർത്ഥചൈതന്യം, കൂദാശാജീവിതവും സുവിശേഷഘോഷണവും പരസ്നേഹപ്രവർത്തനവും ഉള്ളടങ്ങുന്നത്, വളർത്തിയെടുക്കാൻ ശ്രമിച്ചു. ഇതുതന്നെയല്ലേ പുനരൈക്യപ്രസ്ഥാനവും തുടരുന്നത്. അവയ്ക്ക് ആക്കം കുറയാൻ ഒരിക്കലും അനുവദിക്കരുത്. എന്നാൽ കൂദാശാജീവിതത്തിന്റെ സ്ഥാനത്ത് ധനശേഖരണവും സുവിശേഷഘോഷണത്തിന് പകരം സ്ഥാപനസജ്ജീകരണങ്ങളും പരസ്നേഹപ്രവർത്തനത്തിന് ബദലെന്നപോലെ ചേരിതിരുവുകളും സഭയിലും ഇടവകകളിലും പൊന്തിവരാൻ സാദ്ധ്യതയുണ്ട്. ജാഗ്രതവേണം. ഇതിനോട് ചേർന്ന് പോകുന്ന ഒരു ദുഷ്പ്രവണതകൂടിയുണ്ട്. മറ്റു സഭകളിലെ വഴക്കും വക്കാണവും മുതലെടുത്ത്

www.malankaralibrary.com

'ആളുപിടുത്ത'ത്തിന് ശ്രമിക്കുകയാണത്. ഇതര സഭകളിലുണ്ടാകാവുന്ന അനൈക്യത്തിൽ മനംനൊന്ത് സമാധാനത്തിനായി മുന്നോട്ടു വരുന്നവരുണ്ട്. അങ്ങനെയുള്ളവരാണ് ബഥനി പ്രസ്ഥാനത്തിൽ ചേർന്നിരുന്നവർ. അവരാണ് പുനരൈക്യപ്രസ്ഥാനത്തിൽ തുടർന്നുവന്നത്. എന്നാൽ ഭൗതികപ്രേരണകളുടെ മാത്രം പേരിൽ ചേർന്നവരുണ്ട്. അവർ പുനരൈക്യപ്രസ്ഥാനത്തിന് അകത്തും എപ്പോഴും വഴക്കിന്റെ വിത്തുകൾ വിതറിക്കൊണ്ടിരിക്കും. സഭാപുനരൈക്യം ദൈവത്തിന്റെ അനുരഞ്ജകപ്രവർത്തനത്തിലുള്ള സ്വയം സമർപ്പണമാണ്. അങ്ങനെ സമർപ്പിച്ചവർ പ്രസ്ഥാനത്തിന് അകത്ത് ഐക്യചൈതന്യം ഊട്ടിവളർത്തും. അതിന് പുറത്തുള്ളവരോട് തികഞ്ഞ ദൈവസ്നേഹത്തിൽ ബന്ധപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. ഈദൃശമായ പ്രതിഛായയാണോ പുനരൈക്യപ്രസ്ഥാനത്തിന് ഇന്നുള്ളത്. അതോ, ഒരു പുതിയ സഭയെന്നപോലെ വളർന്നു വരുന്നതനുസരിച്ച് സാമ്പത്തികമായ വളർച്ചയ്ക്കും സ്ഥാപനത്തിലൂടെയുള്ള സ്ഥിരതയ്ക്കും ലോകത്തിന്റേതായ നീതിനിയമങ്ങൾക്കും മുൻതൂക്കം കൊടുക്കുന്നുവോ? ഐക്യചൈതന്യത്തിൽ സാമ്പത്തികമല്ല ആധ്യാത്മികമാണ് പ്രധാനം. സ്ഥാപനങ്ങൾക്കല്ല വ്യക്തികൾക്കാണ് മുൻഗണന; യഥാർത്ഥസഭാസംഘടനയുടെ മുഖമുദ്രകളാണ് സ്നേഹവും നീതിയും സമാധാനവും.

സഭൈക്യചൈതന്യത്തിൽ സഭാസംഘടനയെ വളർത്തിയെടുക്കുക ശ്രമകരമായ പ്രവർത്തനമാണ്, നിതാന്തജാഗ്രതയുടെ അഭ്യാസമാണ്. ക്രിസ്തു തന്റെ സഭയിലൂടെ ഐക്യചൈതന്യം പരിപാലിക്കുന്നു. എന്നാൽ അതിനെതിരായി വിരുദ്ധപ്രവണതകൾ എപ്പോഴും ഉയർന്നുകൊണ്ടിരിക്കും. സഭയ്ക്കു എന്നുമുള്ള പരീക്ഷണമാണ് ലോകത്തോട് ഒത്തുതീർപ്പിലെത്തുവാനുള്ള പ്രേരണ. ആദ്യമായി സംഭവിക്കുന്നത്, ലോകത്തിന്റേതായ കണക്കുകൂട്ടലുകളനുസരിച്ച് ചില കാര്യങ്ങൾ നടക്കും, ചില കാര്യങ്ങൾ നടക്കുകയില്ല എന്നു തീരുമാനിക്കുകയാണ്. ക്രിസ്തുവിന്റെ പ്രതീക്ഷ ഉപേക്ഷിച്ചാൽ പിന്നെ സഭയ്ക്കെന്തുണ്ട്? സഭ മനുഷ്യരെ മുഴുവൻ ഒന്നിപ്പിക്കുമെന്ന പ്രതീക്ഷ നമുക്കുണ്ടോ? ക്രിസ്തുവിന്റെ ശരീരത്തിൽ മാമോദീസായിലൂടെ അംഗങ്ങളായവർ ഒന്നിച്ചൊരുമിക്കുമെന്ന് നാം പ്രത്യാശിക്കുന്നുണ്ടോ? ഇതിലെല്ലാം നാം അവിശ്വാസികളായി കഴിയുന്നു. അടുത്ത തെറ്റായ പ്രവണത, ലോകത്തിന്റേതായ മാർഗ്ഗങ്ങൾ സഭയിലും അവലംബിക്കുകയാണ്. ഏതാണ് ദൈവത്തിന്റെ വഴികൾ, ഏതാണ് ലോകത്തിന്റെ വഴി



കൾ എന്ന് തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ട്. യഥാർത്ഥമായ പ്രാർത്ഥനയിലും ദൈവാശ്രയത്തിലും മാത്രമേ ഇത് സാധ്യമാവുകയുള്ളു. ഓരോ സഭയും തങ്ങളുടെ വർത്തനരീതികൾ യഥാർത്ഥത്തിൽ ദൈവീകമായിരിക്കുവാൻ കൂട്ടായി പ്രാർത്ഥിക്കുന്നുണ്ടോ? സഭാസംഘടന ദൈവാശ്രയത്തിലും ദൈവപരിപാലനയിലും മാത്രം പുലരുകയും വളരുകയും ചെയ്യേണ്ടതാണ്. ഭൗതികമായ വളർച്ച സഭ എപ്പോഴും ഭയപ്പെടണം.

സഭ യഥാർത്ഥത്തിൽ കന്യകയും മാതാവുമായിരിക്കുന്നു. ദൈവത്തിന്റെ പ്രവർത്തനം ഒന്നുകൊണ്ടുമാത്രം വേണം സഭ മക്കളെ ജനിപ്പിക്കുകുയം വളർത്തുകയും ചെയ്യുവാൻ. പഴയനിയമത്തിൽ ദൈവം ഇസ്രായേലിനെ എപ്പോഴും കുറ്റപ്പെടുത്തി, തന്റെ വഴിവിട്ട് ലോകത്തിന്റെ വഴിയേ പോയതിന്. ഈ അപകടം ഇന്നും സഭാഘടനയിൽ കുടിയിരിപ്പില്ലേ! ഐക്യത്തിനായി കർത്താവ് നമ്മെ വിളിക്കുന്നു. നാം ഒന്നിച്ചുകൂടാൻ ഓടിവരികയും ചെയ്യുന്നു. എന്നാൽ നമ്മുടെ ചിന്തകളും ആഗ്രഹങ്ങളും പ്രവർത്തനങ്ങളും ലോകായതികമാണെങ്കിലോ! എങ്ങനെ ഐക്യത്തിലൂടെ കർത്താവിനെ സ്വീകരിക്കുവാൻ സാധിക്കും. ഇന്ന് കത്തോലിക്കർ, ക്രിസ്തുവിന്റെ സ്ഥാനപതിയായ മാർപ്പാപ്പായെ സ്വീകരിക്കുവാൻ വെമ്പൽകൊള്ളുന്നു. നമ്മുടെ ഹൃദയങ്ങളും വിചാരങ്ങളും ദൈവത്തിലേക്ക് ഉയരുന്നുവോ? അദ്ദേഹത്തിന്റെ വരവിൽ വലിയ കൂട്ടങ്ങൾ കൂടും. അവരെ ദൈവം ഒന്നിച്ചുകൂട്ടിയവർ ആയിരിക്കുമോ! അവർ ദൈവത്തിന്റെ മാർഗ്ഗം സ്വീകരിക്കുന്നവരാകുമോ! എന്നാൽ സഭയെന്ന സംഘടന രക്ഷയുടെ കൂദാശയായിരിക്കും. ക്രിസ്തു തന്റെ സഭയിൽ എല്ലാ ക്രൈസ്തവരെയും ഒന്നിച്ചു ചേർക്കും. തന്റെ സഭയിലൂടെ എല്ലാ മനുഷ്യരെയും ഒന്നിപ്പിക്കുകയും ചെയ്യും.

***മലങ്കരബാലൻ, 1986, ബനഡിക്ട് മാർ ഗ്രീഗോറിയോസ് സപ്തതി സ്മരണിക***

www.malankaralibrary.com

# 61

# എല്ലാവരും ഒന്നാകാൻ കുരിശിന്റെ ചൈതന്യം

മൂന്നാം സഹസ്രാബ്ദത്തിന്റെ പ്രവേശനകവാടത്തിൽ നിന്നുകൊണ്ട് തികഞ്ഞ പ്രതീക്ഷയോടെയാണ്, പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ എല്ലാവരും ഒന്നാകുന്നതിന് ഉദ്ബോധിപ്പിക്കുന്നത്. ഈ പ്രതീക്ഷ, രണ്ടാം വത്തിക്കാൻ സൂനഹദോസ് ഉണർത്തിവിട്ടതാണെന്ന് അദ്ദേഹം കരുതുന്നു. സഭകൾ തമ്മിൽ അത്രയേറെ നല്ല ബന്ധങ്ങൾ, സൂനഹദോസിനുശേഷം ഉണ്ടായിട്ടുണ്ട്. അവ അനുസ്മരിക്കുന്നതോടൊപ്പം എക്യുമെനിസത്തിന് ഒരു പുതിയമാനം ഉയർത്തിക്കാണിക്കുവാൻ, ഈ വിശ്വലേഖനത്തിൽ പരിശുദ്ധ പിതാവ് പരിശ്രമിക്കുന്നു. 1994-ൽ ദുഃഖവെള്ളിയാഴ്ച, ഗ്രീക്കു സഭയുടെ എക്യുമെനിക്കൽ (ആകമാന) പാത്രിയർക്കീസ് ബർത്തലോമ്യൂവും, ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായും ഒന്നിച്ചു റോമിലെ കൊളോസ്യത്തിൽ വെച്ച് നേതൃത്വം നല്കിയ സ്ലീബാ പാതയുടെ സമയത്താണ്, ഈ പുതിയ സഭൈക്യമാനം തെളിഞ്ഞുവന്നത്. പാത്രിയർക്കീസ് ഓരോ സ്ഥലത്തും ധ്യാനപ്രസംഗം നല്കി, അതിനുശേഷം മാർപ്പാപ്പാ സമാപനസന്ദേശവും. അതിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു. "രക്തസാക്ഷികളുടെ കാലടികളെ പിൻചെല്ലുന്ന, ക്രിസ്തുവിൽ വിശ്വാസിക്കുന്നവർക്ക്, ഭിന്നിച്ചു നില്ക്കുക സാദ്ധ്യമല്ല. രക്ഷയുടെ ദൈവരഹസ്യത്തെ ദുർബലമാക്കി വയ്ക്കുവാൻ ശഠിക്കുന്ന ലോകത്തിന്റെ പ്രവണതയെ യഥാർത്ഥമായും കാര്യക്ഷമമായും നേരിടണം. അതിന് ക്രിസ്തുവിൽ വിശ്വസിക്കുന്നവർ തിരുസ്ലീബായുടെ സത്യം ഒന്നിച്ചു പ്രഖ്യാപിക്കാൻ തയ്യാറാകണം ("എല്ലാവരും ഒന്നാകുവാൻ, ഒന്നാം ഖണ്ഡിക") കുരിശിന്റെ സത്യം ജീവിതത്തിൽ, പ്രത്യേകിച്ച് മരണത്തിൽ, പ്രഖ്യാപിച്ചവരാണ് രക്തസാക്ഷികൾ. അവരുടെ മാതൃക, സഭൈക്യപ്രവർത്തനത്തിന്റെ ചൈതന്യമായി വിശ്വലേഖനം ഉയർത്തിക്കാണിക്കുന്നു. കുരിശിൽ, പുതിയ ജീവന്റെ പ്രത്യാശ ഉൾച്ചേർന്നു നില്ക്കുന്നതിനെ നിരാകരിക്കുന്ന



ക്രൈസ്തവ വിരുദ്ധ സമീപനം ഇന്ന് ശക്തമായി വരുന്നുണ്ട്. കുരിശിൽ യാതൊരു ദർശനമോ പ്രതീക്ഷയോ ഇല്ലെന്നാണ്, അതിൻപ്രകാരം ചിലർ പറഞ്ഞുവെയ്ക്കുന്നത്. ദൈവത്തെ മറന്ന്, മനുഷ്യൻ മാത്രമേ ലോകത്തിലുള്ളുവെന്ന രീതിയിൽ ജീവിക്കുന്ന ഈ ശൈലിയാണ്. ക്രൈസ്തവൈക്യത്തിനുള്ള വലിയ പ്രതിബന്ധം. വിശ്വാസസത്യങ്ങളെ സംബന്ധിച്ചാണ് സഭകൾ തമ്മിലുള്ള ഭിന്നതയെന്നു നാം മനസ്സിലാക്കിയിരുന്നു. എന്നാൽ 'കുരിശിനെ' നിരാകരിക്കുന്ന ലോകായതിക പ്രവണതയല്ലേ ഭിന്നതകളുടെ ഒരു പ്രധാന കാരണം. ഇതിനെ വിജയിച്ചവരാണ് ക്രിസ്തുവിനെ പ്രതി മരണം വരിച്ച രക്തസാക്ഷികൾ.

വിശ്വലേഖനത്തിൽ ഇങ്ങനെ പറയുന്നു, ഈ നൂറ്റാണ്ടിലെ അസംഖ്യം രക്തസാക്ഷികൾ, പുരാതനസഭകളിൽ നിന്നോ, സമീപകാലത്തെ സഭാസമൂഹങ്ങളിൽ നിന്നോ, ആകാം. അവർ കത്തോലിക്കാസഭയുടെ പൂർണ്ണ ഐക്യത്തിൽ നിന്നു വേർപെട്ടു നിന്നവരും ആകാം. പക്ഷേ അവരുടെ സുധീരമായ രക്തസാക്ഷിമരണം, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭൈക്യാഹ്വാനം ശ്രവിക്കുവാനും, പ്രയോഗത്തിൽ വരുത്താനും ശക്തമായ പ്രേരണ ചെലുത്തിക്കൊണ്ടിരിക്കുന്നു. ദൈവരാജ്യത്തിനുവേണ്ടി, ചെയ്ത ആത്മാർപ്പണത്തിൽ നമ്മുടെ ഈ സഹോദരന്മാരും സഹോദരിമാരും ഒന്നിച്ചുനില്ക്കുന്നു. ഭിന്നതയുടെ ഏതൊരു ഘടകത്തെയും അതിജീവിക്കാനും കീഴ്പ്പെടുത്താനും സുവിശേഷത്തെ പ്രതിയുള്ള സമൂലാർപ്പണത്തിനു സാധിക്കുമെന്നതിന്, ഇവരുടെ ധീരസാക്ഷ്യം ശക്തമായ തെളിവും പ്രചോദനവുമായിരിക്കുന്നു. (അതേ ഖണ്ഡിക) രണ്ടാം ലോകമഹായുദ്ധത്തോട് അടുത്ത് നാസി തടങ്കൽ പാളയങ്ങളിൽ ക്രൂരമായി കൊല്ലപ്പെട്ടവരെയും, യുദ്ധത്തിനുശേഷം കമ്മ്യൂണിസ്റ്റ് ഭരണത്തിൻകീഴിൽ, കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ പ്രത്യേകിച്ചും, നിരന്തരമായ മർദ്ദനമേറ്റ് അതിന്റെ പാരമ്യത്തിൽ മരണമടഞ്ഞവരെയും അനുസ്മരിച്ചുകൊണ്ടാണ്, വിശ്വലേഖനത്തിൽ ഈ വരികൾ എഴുതിവച്ചിരിക്കുന്നത്. മർദ്ദനങ്ങളിലും പീഡനങ്ങളിലും, ക്രിസ്തുവിന്റെ കുരിശിനെ ആശ്ലേഷിച്ചവരാണിവർ. അപ്പോൾ, അവർ പരസ്പരം അത്ഭുതകരമായ യോജിപ്പും സമാധാനവും പ്രദർശിപ്പിച്ചതിന്റെ ഉദാഹരണങ്ങൾ, ഇന്ന് ക്രൈസ്തവർക്ക് യോജിക്കാൻ വേണ്ടുന്ന പ്രചോദനമാകുമെന്നു വിശ്വലേഖനം പ്രത്യാശിക്കുന്നു. ഇന്നും ക്രൈസ്തവ വിരുദ്ധശക്തികൾ പല നിറങ്ങ

www.malankaralibrary.com

ളിലും രൂപങ്ങളിലും, യഥാർത്ഥ വിശ്വാസജീവിതം തകിടം മറിക്കാൻ ശ്രമിക്കുമ്പോൾ, ക്രിസ്ത്യാനികൾ ഭിന്നതകൾ മറന്ന് കുരിശിന്റെ ചൈതന്യത്തിൽ ഒന്നിച്ചു വരാനുള്ള ശക്തമായ ഉദ്ബോധനമാണ്, ഈ രക്തസാക്ഷികളുടെ മാതൃക.

കുരിശിന്റെ ചൈതന്യം, ഓരോ സഭയിലും ഉൾപ്പെട്ടവരെല്ലാം സ്വന്തം പോരായ്മകളെയും കുറവുകളെയും പറ്റി ബോധവാന്മാരാകുവാൻ നിർബന്ധിക്കുന്നു. വിശ്വലേഖനം ഇങ്ങനെ പറയുന്നു "വിശ്വാസസത്യങ്ങളെ സംബന്ധിച്ചുള്ള ഭിന്നതകൾ ഇല്ലാതാക്കിയേ പറ്റൂ. എന്നാൽ കഴിഞ്ഞ കാലത്തിന്റെ നീക്കി ബാക്കിയായി ക്രൈസ്തവസഭകളിൽ കടന്നു വന്നിരിക്കുന്ന വളരെ സംശയങ്ങളും, തെറ്റിദ്ധാരണകളും മുൻവിധികളും, നിസ്സാരമായി തള്ളിക്കളയാവുന്നതല്ല. സ്വയം പര്യാപ്തമാണെന്ന തോന്നൽ, ഇതരസഭകളെപ്പറ്റിയുള്ള നിസ്സംഗത, സഭകൾ തമ്മിൽ ശരിയായ ധാരണയുടെ അഭാവം, എന്നിവയെല്ലാം ബന്ധങ്ങളെ കൂടുതൽ വഷളാക്കുന്നുണ്ട്. ആയതുകൊണ്ട്, ഹൃദയപരിവർത്തനത്തിലും പ്രാർത്ഥനയിലും ഊന്നിനില്ക്കുന്നതായിരിക്കണം, സഭൈക്യപ്രവർത്തനത്തോടുള്ള പ്രതിബദ്ധത. ഈ മനംമാറ്റം, ഭൂതകാല സ്മരണകളുടെ ആവശ്യമായ ശുദ്ധീകരണത്തിലേക്ക് നയിക്കുമെന്നതിൽ സംശയമില്ല. സ്നേഹത്താലും, സത്യത്തിന്റെ നിർബ്ബദ്ധതയാലും, പരസ്പരം ക്ഷണിക്കുവാനും രമ്യപ്പെടുവാനുമുള്ള ആത്മാർത്ഥമായ ആഗ്രഹത്താലും, പ്രേരിതരായി കർത്തൃശിഷ്യർ, ഭൂതകാലത്തിന്റെ വേദനകൾ ദൈവസമക്ഷം സമർപ്പിക്കാനും, അന്നത്തെ മുറിവുകൾ ഇന്നും ഉളവാക്കിക്കൊണ്ടിരിക്കുന്ന നൊമ്പരങ്ങളിൽ നിന്നും വിടുതൽ നേടാനും, ദൈവകൃപയിൽ ആശ്രയിച്ച് ഒന്നിച്ചുനിന്നേ പറ്റൂ. സുവിശേഷത്തിന്റെ നിത്യനൂതനമായ ചൈതന്യം, ചെയ്തുപോയ അപരാധങ്ങളെ വസ്തുനിഷ്ഠമായും ആത്മാർത്ഥമായും സമ്മതിക്കാനും, അഭിശപ്തമായ ഭിന്നതകൾക്ക് തുടക്കം വച്ച ബാഹ്യസാഹചര്യങ്ങളിൽ, ഇന്നും അവശേഷിക്കുന്നവയിൽ നിന്നും രക്ഷ നേടുവാനും, കുരിശിന്റെ ചൈതന്യം എല്ലാവരെയും ഇന്നു ആഹ്വാനം ചെയ്യുന്നു. വസ്തുതകളുടെ ശാന്തവും വ്യക്തവും യഥാർത്ഥനിഷ്ഠവുമായ ദർശനമാണ് ഇന്നാവശ്യം. ദൈവകൃപയുടെ പ്രേരണയാൽ മനുഷ്യമനസ്സുകളെ വിടുവിച്ചെടുക്കാൻ കഴിവുള്ളതും, ഒരു പുതിയ ഉദ്യമം ഉണർത്തിവിടുന്നതുമായ, ഒരു പുതിയ ദർശനം ആയിരിക്കുമത്. എല്ലാ ജനതയിലും ദേശത്തിലുമുള്ള സ്ത്രീപുരുഷന്മാർക്കെല്ലാം, സുവിശേഷം പ്രഘോഷിക്കു



കയാണ്, ഈ ദർശനം കൈമാറുന്ന പ്രായോഗികോത്തരവാദിത്വം." (എല്ലാവരും ഒന്നാകുവാൻ 2)സഭകളും വ്യക്തികളും തമ്മിൽ നിലവിലുള്ള അകൽച്ചകളും പോരായ്മകളും ഇല്ലാതായാൽ മാത്രമേ, ക്രൈസ്തവർക്ക് ഒന്നിച്ചു സുവിശേഷഘോഷണം ചെയ്യാനും സുവിശേഷത്തിന്റെ ജീവചൈതന്യം മറ്റുള്ളവർക്കു പകർന്നുകൊടുക്കാനും സാധ്യമാവൂ, എന്ന് വിശ്വലേഖനം വ്യക്തമായി ഓർമ്മിപ്പിക്കുന്നു. ഈ അകൽച്ചകൾ ഇല്ലാതാക്കാൻ മാനസാന്തരവും ഒന്നിച്ചുള്ള പ്രാർത്ഥനയുമല്ലാതെ മറ്റു മാർഗ്ഗമില്ല.

ക്രൈസ്തവർ ഒന്നിച്ചു വരാൻ നിർബ്ബന്ധിക്കുന്ന കാലത്തിന്റെ സൂചനകൾ തിരിച്ചറിയാൻ വിശ്വലേഖനം ആവശ്യപ്പെടുന്നു. ഇത് ദൈവാത്മാവിന്റെ സ്വരമാണ്. ആ സ്വരം, കാലത്തിന്റെ സൂചനകൾ ശരിയായി വ്യാഖ്യാനിക്കാൻ ഓരോരുത്തരെയും നിർബ്ബന്ധിക്കുന്നു. ഈ ഉത്തരവാദിത്വത്തിന്റെ നിർവഹണമാണ് രണ്ടാംവത്തിക്കാൻ കൗൺസിൽ തുടങ്ങിവെച്ചത്. ഇതനുസരിച്ച് ഒരു പുതിയ ദർശനം ഉൾക്കൊള്ളാൻ കത്തോലിക്കാ സഭ ഏറെ സന്നദ്ധത പ്രകടിപ്പിക്കുന്നുണ്ട്. സ്വന്തം തനിമയും ചരിത്രത്തിലുള്ള പ്രതിബദ്ധതയും തിരിച്ചറിഞ്ഞു അനുഭവത്തിൽ വരുത്താൻ ഇന്നു സഭ പ്രതിജ്ഞാബദ്ധമാണ്. വിശ്വലേഖനത്തിൽ ഇങ്ങനെ പറയുന്നു, "രക്ഷകന്റെ പദ്ധതി നടപ്പിലാക്കുന്നതിൽ, സഭാംഗങ്ങളുടെ പാപങ്ങളും വിമുഖതകളും, വിലങ്ങു തടികളായി നിലകൊണ്ടിട്ടുണ്ട്, ഈ വസ്തുത ബോധ്യപ്പെട്ട് കത്തോലിക്കാ സഭ തന്റെ മക്കളുടെ പോരായ്മകൾ തിരിച്ചറിയുകയും ഏറ്റു പറയുകയും ചെയ്യുന്നു. സുവിശേഷ ചൈതന്യത്താൽ എന്നും പുതുതാക്കപ്പെടുവാനുള്ള വിളിയെ സഭ എന്നും ശ്രദ്ധിക്കുന്നുണ്ട്. അതനുസരിച്ചു പരിഹാരം ചെയ്യുന്നതിൽ നിന്നു പിൻവാങ്ങുന്നുമില്ല. സഭയെ എന്നും, വിശുദ്ധിയുടെ ദാനംകൊണ്ട് നിറയ്ക്കുകയും, മുമ്പോട്ടു നയിക്കുകയും, കർത്താവിന്റെ മരണത്തിലും ഉത്ഥാനത്തിലും അധികമധികം അനുരൂപയാക്കുകയും ചെയ്യുന്ന, കർത്താവിന്റെ ശക്തിയെ അവൾ തിരിച്ചറിയുകയും പ്രകീർത്തിക്കുകയും ചെയ്യുന്നു" (എല്ലാവരും ഒന്നാകുവാൻ, 3) കഴിഞ്ഞ കാലങ്ങളിൽ, ലോകരാജ്യങ്ങളിൽ കൂടുതൽ മുഴുകി നിന്നതിന്റെ ഫലമായാണ്, ചരിത്രഗതിയിൽ ചില ഘട്ടങ്ങളിൽ, സഭ പല ദൗർബല്യങ്ങൾക്കും അടിപ്പെട്ടുപോയത്. ഇവ സഭയുടെ ശിഥിലീകരണത്തിനും കാരണമായിട്ടുണ്ട്. ഇപ്പോൾ തിരിഞ്ഞു നോക്കുമ്പോൾ, ഈ ദൗർബ്ബല്യങ്ങളിൽ പരിതപിക്കുവാൻ, കുരിശിന്റെ ചൈതന്യം സഭയെ

www.malankaralibrary.com

പ്രേരിപ്പിക്കുന്നു. ഈ ദൗർബല്യങ്ങളെ അതിജീവിച്ച് എന്നും നവീകരിക്കപ്പെടുവാൻ, എന്നും ശക്തിപ്പെടുത്തിക്കൊണ്ടിരുന്ന ദൈവാത്മാവ് ഇന്ന് സഭയെ കൂടുതൽ ജീവചൈതന്യം നല്കി ഊർജ്ജസ്വലമാക്കിക്കൊണ്ടിരിക്കുന്നു. സഭ ചരിത്രത്തിൽ നിന്ന് വളരെ പഠിച്ചുകഴിഞ്ഞു. മാനുഷികവും ലൗകികവുമായ യാതൊരു താങ്ങും സഭയെ ബലപ്പെടുത്തുകയില്ലെന്ന് ഇന്ന് സഭയ്ക്ക് ബോധ്യമുണ്ട്. അതു കൊണ്ട് സുവിശേഷഭാഗ്യങ്ങളുടെ നിഷ്ഠകൾ ആഴത്തിൽ ജീവിക്കുവാൻ സഭ പരിശ്രമിക്കുന്നു.

സഭയെ ഇന്ന് മാനസാന്തരത്തിന്റെയും പുതുതാക്കലിന്റെയും ചൈതന്യം കൂടുതൽ പ്രവർത്തനോന്മുഖമാക്കിക്കൊണ്ടിരിക്കുന്നു. ഈ നവ്യതയിൽ സഭാംഗങ്ങളെല്ലാം ഭാഗഭാക്കുകളാകുന്നു. അതിന്റെ ഒരു നിദർശനമായി സഭയുടെ തലവൻ വിനയത്തോടെ സ്വയം സമർപ്പിക്കുന്നു. പരിശുദ്ധപിതാവു പറയുന്നു, "സഭൈക്യപ്രവർത്തനം, തന്റെ പ്രത്യേക കർത്തവ്യമാണെന്ന്, പത്രോസ് ശ്ലീഹായുടെ പിൻഗാമിയെന്ന നിലയിൽ റോമാമെത്രാൻ മനസ്സിലാക്കുന്നു. ഞാൻ ഈ കർത്തവ്യത്തിൽ ഉൾപ്പെടുന്നത്, കർത്താവിനെ അനുസരിക്കുന്നുവെന്ന ബോധ്യവും എന്റെ ദൗർബല്യത്തെക്കുറിച്ചുള്ള സ്പഷ്ടമായ അറിവും വച്ചുകൊണ്ടാണ്" (എല്ലാവരും ഒന്നാകുവാൻ. 3) പത്രോസുശ്ലീഹായെ" കർത്താവു ഏല്പിച്ചുകൊടുത്ത ദൗത്യത്തിന്റെ തുടർച്ചയാണ്, റോമിലെ മെത്രാൻ വഹിക്കുന്നത്. ശ്ലീഹായെ, അയാളുടെ ദൗർബല്യത്തെക്കുറിച്ചു, കർത്താവ് ഓർമ്മിപ്പിച്ചു. മാത്രമല്ല മാനസാന്തരത്തിന്റെ ആവശ്യത്തെയും, അതിൽ ശക്തിപ്രാപിച്ച് സഹോദരരെ ഉറപ്പിക്കാനുള്ള ഉത്തരവാദിത്വത്തെയും, അനുസ്മരിപ്പിക്കുകയും ചെയ്തു. "നീ തിരിഞ്ഞു വന്ന്, സഹോദരരെ ഉറപ്പിക്കുക എന്ന് (ലൂക്കോ. 22/32) കർത്താവ് പത്രോസ്ശ്ലീഹായോട് കല്പിച്ചു. ഇത് പത്രോസിന്റെ വ്യക്തിപരമായ ജീവിതത്തെ ആസ്പദമാക്കി മാത്രം പറഞ്ഞതല്ല. പ്രത്യുത, സഭയുടെ തലവനെ ഉദ്ദേശിച്ചുമാണ്. സഭ മുഴുവൻ ഉൾപ്പെടുന്ന മാനസാന്തരത്തെപ്പറ്റി അതിൽ സൂചനയുണ്ട്. "നിന്റെ വിശ്വാസം ഉലഞ്ഞു പോകാതിരിപ്പാൻ ഞാൻ നിനക്കു വേണ്ടി പ്രാർത്ഥിച്ചു" (ലൂക്കാ. 22:32) ക്രിസ്തു പത്രോസിന്റെ വിശ്വാസം ശ്ലാഘിച്ചതും, എങ്കിലും മാനുഷികമായി ചിന്തിച്ചതിന്റെ പേരിൽ ശാസിച്ചതും, സുവിശേഷത്തിൽ മുമ്പൊരിടത്തു രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. ക്രിസ്തുവിൽ വിശ്വാസം ഏറ്റു പറയുന്നവർ തന്നെ വെറും മാനുഷിക സമീപനം വച്ചു പ്രവർത്തിച്ചതായി ചരിത്രം



ചൂണ്ടിക്കാണിക്കുമ്പോൾ, സഭാപരമായ മാനസാന്തരവും ദൗർബല്യസമ്മതവും സഭയുടെ കർത്തവ്യമായിക്കാണുവാൻ കർതൃവചനം സഭാംഗങ്ങളെയെല്ലാം നിർബ്ബന്ധിക്കുന്നു. വിശ്വലേഖനത്തിൽ ഇങ്ങനെ പറയുന്നു. "പത്രോസിന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും മാനസാന്തരം, രക്ഷകൻ, തന്റെ പ്രാർത്ഥനയിൽ ഉദ്ദേശിച്ചതാണ്. ആ പ്രാർത്ഥന, സഭ എന്നും സ്വന്തമാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. നമ്മുടെ ഈ എക്യുമെനിക്കൽ യുഗത്തിൽ, രണ്ടാം വത്തിക്കാൻ കൗൺസിൽ ചൂണ്ടിക്കാണിച്ചത്. ഈ പ്രാർത്ഥനാ ചൈതന്യംതന്നെ. ഈ മാനസാന്തര ദൗത്യത്തിലേക്ക്, റോമാ മെത്രാൻ പ്രത്യേകമായി അനുനയിക്കപ്പെടുന്നു. ക്രിസ്തുശിഷ്യരുടെയും പൂർണ്ണമായ ഒരുമയുടെ ആവശ്യകത ഉയർത്തിക്കാണിക്കുവാൻ, ഈ ദൗത്യം റോമാ മെത്രാനെ നിർബ്ബന്ധിക്കുകയും ചെയ്യുന്നു" (എല്ലാവരും ഒന്നാകുവാൻ 4) മാനസാന്തരത്തിന്റെയും നവീകരണത്തിന്റെയും ചൈതന്യം, പരിശുദ്ധപിതാവു മുഖേന എല്ലാ സഭാംഗങ്ങളിലേക്കും വ്യാപിച്ചു ചെല്ലുകയും, സഭ മുഴുവന്റെയും പ്രവർത്തനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യുമെന്ന് വിശ്വലേഖനം പ്രതീക്ഷിക്കുന്നു.

സഭൈക്യവും മാനസാന്തരവും തമ്മിലുള്ള ബന്ധം പുതിയ ആശയമല്ല. രണ്ടാം വത്തിക്കാൻ സൂനഹദോസ് അഭിപ്രായപ്പെട്ടു-ഹൃദയ പരിവർത്തനമില്ലാത്ത എക്യുമെനിസ്ത്തിന്, അതിന്റെ പേരിനുപോലും അർഹതയില്ല, എന്ന്. ഒന്നായിരുന്ന സഭ, രണ്ടായി ഭിന്നിച്ചപ്പോൾ ഇരുഭാഗക്കാരും അതിൽ കുറ്റക്കാരായിരുന്നുവെന്നത് ചരിത്രസത്യമാണ്. ഇത്, ക്രൈസ്തവചരിത്രത്തിൽ വലിയ ഭിന്നിപ്പായ റോമാസഭയും ഗ്രീക്കുസഭയും തമ്മിൽ ഏറ്റം പ്രകടമായിരുന്നു. ഇന്ന് ഏറ്റവും കൂടുതൽ ഐക്യശ്രമങ്ങൾ നടക്കുന്നത്, ഈ രണ്ടു സഭകൾ തമ്മിലാണ്. ഓരോ സഭയും മറ്റു സഭയ്ക്ക് എതിരേ ചെയ്ത മഹറോൻ പ്രഖ്യാപനങ്ങൾ പിൻവലിച്ചതിനെപ്പറ്റി നേരത്തേ സൂചിപ്പിച്ചുവല്ലോ. യഥാർത്ഥ ഹൃദയ പരിവർത്തനത്തിന്റെ പ്രചോദനം അതിൽ ഉയർന്നു നില്ക്കുന്നു. ആ ചൈതന്യം, എല്ലാ സഭകളിലും അധികാരികളിൽ നിന്ന് താഴത്തെ തലങ്ങളിലേയ്ക്ക് പ്രസരിച്ചു ചെല്ലുകയാണാവശ്യം. സ്വന്തം തെറ്റുകൾ ഓർക്കാതെ, ഓരോ ഭാഗവും മറുഭാഗത്തെ നിരന്തരം കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്ന പ്രവണത സഭൈക്യത്തിന് സഹായകമല്ല. അതുപോലെ ആരുമായി ഐക്യപ്പെടാതെ തങ്ങളുടെ കാര്യമെല്ലാം തനിച്ചു നടത്താമെന്ന മിഥ്യാധാരണ ഒട്ടുമേ ദൈവികമല്ല. ആരാണ്,

www.malankaralibrary.com

ഓരോ സഭയെയും ദൈവിക ജീവനിൽ നിലനിർത്തുന്നത്? ദൈവത്തിന്റെ ആത്മാവുതന്നെ. ജീവിപ്പിക്കുന്ന പരിശുദ്ധാത്മാവ് സഭകളെ യോജിപ്പിക്കാനും നിരന്തരം പരിശ്രമിക്കുന്നുവെന്നതിൽ സംശയമില്ല. യോജിപ്പില്ലാതെ ജീവനില്ല. മാത്രമല്ല, ഭിന്നിച്ചുനില്ക്കുന്ന സഭകൾ തമ്മിൽ യോജിക്കാൻ സഹകരിക്കുന്നില്ലെങ്കിൽ ഒരു സഭയ്ക്കും അതിനകത്ത് യഥാർത്ഥ ഐക്യം പുലർത്താനും വളർത്താനും സാധിക്കുകയില്ല. ഈ സത്യം സഭകൾക്ക് വർദ്ധമാനമായി ബോധ്യപ്പെടേണ്ടിയിരിക്കുന്നു, അതായത് മാനസാന്തരത്തിനുള്ള വിളി, എല്ലാ സഭകളും ചെവിക്കൊള്ളണം. ഈ വിഷയത്തെപ്പറ്റി തികഞ്ഞ ശുഭാപ്തി വിശ്വാസമാണ്, വിശ്വലേഖനം പ്രകടിപ്പിക്കുന്നത്. അതിൽ ഇങ്ങനെ പറയുന്നു. മാനസാന്തരത്തിന്റെ ആവശ്യകതയെപ്പറ്റി വർദ്ധമാനമായ അവബോധം ഉണ്ടായിക്കൊണ്ടിരിക്കുന്നു. സഹോദരസ്നേഹം ഉലച്ചുകളയുന്ന പ്രത്യേക അവഗണനകളും, പരസ്പരം ഒരുമിക്കുവാനുള്ള വിസമ്മതഭാവങ്ങളും, മറുവശത്തെ അധിക്ഷേപിക്കുന്ന സുവിശേഷ വിരുദ്ധമായ അഹങ്കാര പ്രവണതകളും, അനാരോഗ്യപരമായ താൻപോരിമയിൽ നിന്നുള്ള പരനിന്ദയുമെല്ലാം സഭകളുടെ മാനസാന്തരത്തിന് പ്രേരിപ്പിക്കുന്ന വസ്തുതകളാണ്. സഭൈക്യത്തെപ്പറ്റിയുള്ള പശ്ചാത്താപ നിബദ്ധമായ ഈ ആകുലത, ക്രിസ്തീയ ജീവിതത്തിന്റെ എല്ലാ വശങ്ങളിലേക്കും ഇന്ന് കടന്നുചെല്ലുന്നുണ്ട്, ഈ ആകുലതയിൽനിന്നു ഉയിർക്കൊള്ളുന്ന സ്നേഹത്തിലൂടെ ഓരോ സഭയും നവ്യരൂപം ധരിക്കുക ആവശ്യമായിരിക്കുന്നു (എല്ലാവരും ഒന്നാകുവാൻ, 15) ഈ മാനസാന്തരസന്നദ്ധതയെ, ഓരോ സഭയിലും നടക്കുന്ന ദൈവാത്മാവിന്റെ പ്രവർത്തനത്തിന്റെ അവിഭാജ്യഭാഗമായി വിശ്വലേഖനം എടുത്തു പറയുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെ പരമഫലമായി, രക്തസാക്ഷികളുടെ ആത്മസമർപ്പണം അധികമായി നടന്നിരിക്കുന്ന ഈ നൂറ്റാണ്ടിൽ വിവിധ സഭകളിൽ ഓരോ അംശവും പങ്കുചേരേണ്ട ഈ മാനസാന്തരത്തിന്റെയും പരസ്പര സ്വീകരണത്തിന്റെയും നവീകരണത്തിന്റെയും ചൈതന്യം, കൂടുതൽ കൂടുതൽ വ്യാപകമാകുമെന്നു പ്രതീക്ഷിക്കാം.

*ക്രൈസ്തവകാഹളം, 1996 ഏപ്രിൽ*



## 62

# എമ്മാവോസ് പുനരൈക്യത്തിന്റെ പ്രതീകം

ക്രിസ്തുവിന്റെ രണ്ടു ശിഷ്യന്മാർ എമ്മാവോസിലേക്കു പോവുകയാണ്. അവർ യറുശലേമിൽ നിന്നു, ശ്ലീഹൻമാരുടെ കൂട്ടായ്മയിൽ നിന്ന് അകലുകയാണ്. അവർ ക്രിസ്തുവിന്റെ ശിഷ്യരാണ്, അവിടുത്തെ ജീവിതത്തിലും പീഡാനുഭവത്തിലും മരണത്തിലും പങ്കാളികളായവർ. അവർ ഒഴിഞ്ഞ കുഴിമാടത്തെപ്പറ്റിയും മനസ്സിലാക്കിയിട്ടുണ്ട്. ചിലപ്പോൾ അത് അവർ കണ്ട് സ്വയം ബോധ്യപ്പെട്ടുവെന്നും വിചാരിക്കാം. പ്രധാന ശിഷ്യരും ഭക്തസ്ത്രീകളും പറയുന്നത് അവർ കേൾക്കുകയും ചെയ്തു. എങ്കിലും ക്രിസ്തു ഉയിർത്തെഴുന്നേറ്റുവെന്ന് അവർ വിശ്വസിക്കുന്നില്ല. ജീവിക്കുന്നവനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഏറ്റുപറയാൻ അവർ വിസമ്മതിക്കുന്നു. വാസ്തവത്തിൽ അവർ ഓടിയകലുന്നത് ക്രിസ്തുവിലുള്ള വിശ്വാസത്തിൽ നിന്നാണ്.

ഈ പാലയനത്തിലും അവർ ക്രിസ്തുവിനെപ്പറ്റിയാണ് സംസാരിക്കുന്നത് — "ഒരു പ്രവാചകനും ദൈവത്തിന്റെയും സകല ജനങ്ങളുടെയും മുമ്പാകെ വചനത്തിലും പ്രവൃത്തികളിലും ശക്തനുമായിരുന്ന നസ്രസിൽനിന്നുള്ള യേശുവിനെ"ക്കുറിച്ചു തന്നെ. അതേ സമയം ക്രിസ്തുവിൽ വിശ്വസിക്കുന്ന മറ്റുള്ളവരോട് അവർ പൊരുത്തപ്പെടുന്നില്ല. ചില വ്യക്തസൂചനകൾ മാത്രമാണ് മറ്റുള്ളവരുടെ നിലപാടിനെപ്പറ്റി അവർക്കുള്ളത് — "അവിടെ മാലാഖമാരെ കണ്ടെന്നും അവൻ ജീവിച്ചിരിക്കുന്നുവെന്ന് അവർ പറഞ്ഞെന്നും" മറ്റും. ഏതോ ചിന്താക്കുഴപ്പം മറ്റുള്ളവരുടെ നിലപാടിനെപ്പറ്റി അവർക്കു തോന്നുന്നു. തദ്ഫലമായി എന്തു സംഭവിച്ചു? എമ്മാവോസിലേക്കു പോകുന്ന ശിഷ്യർ ക്രിസ്തുവിൽ വിശ്വസിക്കുന്നവരാണെങ്കിലും അവർക്ക് തങ്ങളുടെ വിശ്വാസത്തിൽ വളരാൻ സാധിക്കുന്നില്ല. ഒഴിഞ്ഞ കുഴിമാടത്തിൽ എന്തോ ഒന്നിന്റെ പോരായ്കയല്ലാതെ ഉള്ളടങ്ങുന്ന ചൈതന്യം ഗ്രഹിക്കുന്നതിൽ അവർ പരാജയപ്പെടുന്നു. എന്താണ് ഈ എമ്മാവോസ്

www.malankaralibrary.com

യാത്ര സൂചിപ്പിക്കുക--ക്രിസ്ത്യാനികളുടെ അനൈക്യമല്ലേ? ഭിന്നിച്ചിരിക്കുന്നവർക്ക് ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ചില പ്രധാന ഭാവം പോലും ദുരൂഹമായിരിക്കുന്നു. സഭയിൽ, സമൂഹത്തിൽ, ക്രിസ്തുവിന്റെ സജീവസാന്നിധ്യം അവർക്ക് അനുഭവവേദ്യമാകുന്നില്ല. വ്യക്തിപരമായി ക്രിസ്തുവിനോടു ആഭിമുഖ്യവും വിശ്വാസവും പുലർത്തുന്നവരായിരിക്കും അവർ. എന്നാൽ വിശ്വാസികളുടെ കൂട്ടായ്മയിലുള്ള ക്രിസ്തുവിന്റെ സാന്നിധ്യത്തെപ്പറ്റി അവർക്ക് വ്യക്തമായ അവബോധമല്ല, തദ്ഫലമായി ക്രിസ്തുവിൽ, ക്രിസ്തുവിലുള്ള വിശ്വാസത്തിൽ, അവർ വളരുന്നില്ല. മാത്രമല്ല വിശ്വാസം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അനൈക്യത്തിന്റെ അനന്തരഫലമാണ്, വിശ്വാസപരമായ പതർച്ച.

യറുശലേമിൽനിന്ന് അകന്നു പോകുമ്പോഴും അവരിൽ ക്രിസ്തു തത്പരനാണ്. എന്താണ് അവിടുത്തെ സമീപനം? അവർക്കുള്ള ധാരണകളെത്തന്നെ ആദ്യം ഉറപ്പിക്കുന്നു, അവയ്ക്കപ്പുറം പുതിയ വെളിച്ചത്തിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു. വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തു അവരോട് സംസാരിക്കുന്നു, വേദപുസ്തകത്തിലെ ശുഷ്കയാഥാർത്ഥ്യങ്ങൾക്കു സജീവചൈതന്യം പകർന്നുകൊടുക്കുകയും ചെയ്യുന്നു. ഉണങ്ങിവരണ്ട വസ്തുക്കളിൽ ജീവനും ചൈതന്യവും പകരുന്നത് പരിശുദ്ധാത്മാവാണ്. ക്രിസ്തുവിന്റെ സംഭാഷണത്തെപ്പറ്റി രണ്ടു ശിഷ്യർ അവരുടെ അനുസ്മരണ, "അവൻ വഴിയിൽ വെച്ച് നമ്മോട് സംസാരിക്കുകയും തിരുവെഴുത്തുകൾ വ്യാഖ്യാനിച്ചു പറയുകയും ചെയ്തപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചു കൊണ്ടിരുന്നില്ലയോ? എന്താണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെയാണ് അത് സൂചിപ്പിക്കുന്നത്. എമ്മാവോസിലേക്കു യാത്രചെയ്യുന്ന ശിഷ്യന്മാർ സഭയുടെ കൂട്ടായ്മയിൽനിന്ന് അനൈക്യത്തിലായിരുന്നു. അവർ ഐക്യത്തിലേക്ക് വരുന്നത് വേദപുസ്തകാധിഷ്ഠിതവും പരിശുദ്ധാത്മപ്രചോദിതവുമായ സംഭാഷണത്തിലൂടെയാണ്. ക്രിസ്ത്യാനികൾക്ക് പരസ്പരസംഭാഷണത്തിലൂടെ ജീവിക്കുന്നവനായ ക്രിസ്തുവിനെ അനുഭവിച്ചറിയുവാൻ സാധിക്കുന്നു. എങ്ങനെ അനൈക്യം പരിഹരിക്കണമെന്നതിന്റെ മാർഗ്ഗവും ഇവിടെ വ്യക്തമായി കാണാം. ഐക്യം വളർത്തുവാൻ ഓരോ ക്രിസ്ത്യാനിയും, തന്റെ സഹോദരനോടു സംസാരിക്കുവാൻ തയ്യാറാകണം, അല്ല തന്നിലൂടെ ക്രിസ്തു അവരോടു സംസാരിക്കുവാൻ തന്നെത്തന്നെ ക്രിസ്തുവിനു സമർപ്പിക്കണം. എമ്മാവോസിലേക്കു യാത്രചെയ്ത് അനൈക്യത്തിൽ തുടരുന്നവർ ധാരാളമുണ്ട്. അവരുടെയിടയിൽ ക്രിസ്തു സന്നിഹിതനായി സംസാരിക്കുന്നുണ്ടോ? തീർച്ചയായുമുണ്ട്. ക്രൈസ്തവൈക്യത്തിനുള്ള സംഭാഷണമെല്ലാം അതിനുള്ള പശ്ചാത്തലമൊരുക്കുന്നു. ക്രൈസ്തവൈക്യത്തിന്റെ പ്രേരണയും ചൈതന്യവും നല്കുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യം രണ്ടാം വത്തിക്കാൻ സൂനഹദോസ് സമ്മതിച്ചു പ്രഖ്യാപിക്കുന്നുണ്ട്.



ക്രിസ്തുവിനെ മനസ്സിലാക്കുവാൻ ക്രിസ്ത്യാനികൾ ഒന്നിച്ചു ചെയ്യുന്ന പരിശ്രമമാണ് ഐക്യസംഭാഷണം. തദ്ഫലമായി എന്തു സംഭവിക്കുന്നു. പരസ്പരം അകന്നുപോകുന്നവരായി തോന്നുന്ന ക്രിസ്ത്യാനികൾക്ക് ഒന്നിച്ചു താമസിക്കുവാൻ ആഗ്രഹം തോന്നുന്നു. രണ്ട് ശിഷ്യന്മാർക്ക് തോന്നി ക്രിസ്തു വിദൂരത്തേയ്ക്കു പോകുകയാണോയെന്ന്. ഇന്ന് ഓരോ സഭയിലുമുൾപ്പെട്ടവർക്ക് മറ്റ് സഭകളിലുള്ളവരെപ്പറ്റി തോന്നുന്നത് ഈ വിദൂരതയാണ്. ഒന്നിച്ചു വരികയും ഒന്നിച്ചു സംഭാഷണം ചെയ്കയും ചെയ്തതിന്റെ ഫലമായി ഓരോ ഗണത്തിലുമുള്ളവർക്കും മറ്റുള്ളവരോടൊന്നിച്ചു വസിക്കുവാൻ ആഗ്രഹം തോന്നണം. 'ഞങ്ങളോടുകൂടി താമസിക്കുക' ക്രിസ്തുവിനോടു രണ്ടു ശിഷ്യർ പറഞ്ഞതുപോലെ വിവിധ ക്രൈസ്തവർക്കു പരസ്പരം പറയുവാൻ സാധിക്കണം. ക്രൈസ്തവൈക്യത്തിന്റെ സംഭാഷണമെല്ലാം കൂട്ടായ്മയുടെ വളർച്ചയ്ക്കു വഴി തെളിക്കണം. അത് വെറും ഔപചാരികചർച്ചകൾകൊണ്ട് സംഭവിക്കുകയല്ല, പ്രത്യുത വ്യക്തിപരമായ ബന്ധവും സമ്പർക്കവും വഴി മാത്രം. ക്രൈസ്തവൈക്യപ്രവർത്തനം പ്രധാനമായി വ്യക്തിപരമാണ്. സഭകളുടെ പ്രതിനിധികൾ ഔപചാരികമായി സംസാരിക്കുമ്പോൾ, ഓരോ കൂട്ടരും അകന്നുപോകുന്നതായിട്ടായിരിക്കും തോന്നുക. എന്നാൽ വിശ്വാസികളുടെ വ്യക്തിപരമായ സംഭാഷണം കൂട്ടായ്മയിലേയ്ക്കു കൂടുതൽ വളരുവാൻ സഹായിക്കുന്നു. ഐക്യത്തിൽ വളരുവാനുള്ള ആഗ്രഹമില്ലാതെ എങ്ങനെ ഐക്യം പ്രാപിക്കുവാൻ സാധിക്കും.

ഐക്യപരിശ്രമത്തിന്റെ അവസാനഘട്ടമാണ് വി. കുർബാനയിലുള്ള കൂട്ടായ്മ. അതിന് പ്രാരംഭമായി ക്രിസ്തുവിൽ ഓരോ ഗണവും കൂടുതൽ തത്പരരാകണം, ഓരോ കൂട്ടരും തങ്ങളുടെ നിലപാട് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം, ഓരോരുത്തരും മറ്റുള്ളവരുടെ നന്മയും സത്യവും അംഗീകരിക്കണം. മാത്രമല്ല, അത് സ്വീകരിക്കുവാൻ സന്നദ്ധരാകയും വേണം. ഇക്കാര്യത്തിൽ പരിശുദ്ധാത്മാവിന്റെ നടത്തി

www.malankaralibrary.com

പ്പിന് എല്ലാവരും പൂർണ്ണമായി സ്വയം വിധേയരാകുകയും ഐക്യപരിശ്രമം വ്യക്തിപരമായ അനുഭവമാക്കി മാറ്റുകയും ചെയ്യണം. അപ്പോഴാണ് അകന്നുപോകുന്നവരായി തോന്നുന്നവരോട് കൂടുതൽ അടുത്തു വസിക്കുവാൻ ആഗ്രഹമുണ്ടാകുക. ഇതിന്റെയെല്ലാം അവസാനം വി. കുർബാനയുടെ കൂട്ടായ്മയിൽ ഒന്നിക്കുമ്പോൾ എന്താണ് സംഭവിക്കുക? ഇതുവരെ നടന്ന അനുഭവങ്ങളിലെല്ലാം ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെപ്പറ്റി ഉറപ്പും വിശ്വാസവും ഉണ്ടാവുകയാണ്. വി.കുർബാന ബാഹ്യമായി പരികർമ്മം ചെയ്യുന്നതല്ല, ആന്തരികമായി അനുഭവിച്ചറിയുന്നതാണ് ഐക്യത്തിന്റെ പൂർണ്ണത. ഇതിനുപകരം പരിശുദ്ധാത്മാവിനോടുള്ള വിധേയത്വവും ആന്തരികാനുഭവവുമില്ലാതെ ഏതൊരവസരത്തിലും വി. കുർബാനയിലും കൂദാശയിലും നിരങ്കുശം ഒന്നിച്ചുവരാൻ ശ്രമിക്കുന്നത് ഐക്യചൈതന്യത്തിന് കടകവിരുദ്ധമണ്. ഐക്യപ്രക്രിയയുടെ നിരവധി ഘട്ടങ്ങൾ കടന്നു വേണം വിശുദ്ധ കുർബ്ബാനയുടെ കൂട്ടായ്മയിൽ എത്തിച്ചേരുവാൻ. ശക്തമായ ആന്തരികാനുഭവത്തിൽ ഒന്നിച്ചു വന്നാൽ ക്രിസ്തുവിന്റെ സജീവ സാന്നിദ്ധ്യം ആ സമൂഹത്തിൽ തന്നെ അനുഭവവേദ്യമാവുന്നു. ബാഹ്യസംഭവം അവസാനിക്കുന്നു. ആന്തരികചൈതന്യം നിലനില്ക്കുന്നു.

ക്രിസ്തുവിനെ ദർശിച്ച ആന്തരികാനുഭവത്തിൽ രണ്ടു ശിഷ്യരും യറുശലേമിലേക്ക് തിരിച്ചു പോവുകയാണ്. അവർ പ്രഭാതത്തിൽ യാത്ര തിരിച്ചവരാണ്. ബാഹ്യമായ വെളിച്ചത്തിൽ അവർ എമ്മാവോസിലേക്കു യാത്ര തുടർന്നു. എന്നാൽ അവർ ദുഃഖിതരായിരുന്നു. ആത്മീയാന്ധകാരത്തിലായിരുന്നു. ക്രിസ്തു അവരുടെ ഇടയിലേയ്ക്ക് കടന്നുവന്ന് പകലിന്റെ വെളിച്ചത്തിൽ അവരുടെ വഴിയിൽകൂടി അവരുടെ യാത്രയിൽ അവരുടെ കൂടെ നടന്ന് അനൈക്യത്തിലൂടെ ക്രിസ്തു തന്റെ വിശ്വാസികളെ അനുധാവനം ചെയ്യുന്നു. ഐക്യത്തിലേക്കു തിരികെ കൊണ്ടുവരാൻ. രണ്ടു ശിഷ്യരും തിരികെ യാത്ര ചെയ്യുന്നത് രാത്രിയിലാണ്. എങ്ങും അന്ധകാരം. എങ്കിലും അവരുടെ ഉള്ളിൽ വെളിച്ചമുണ്ട്. വെളിച്ചത്തിന്റെ കൂട്ടായ്മയിൽ അവർ തിരികെ പോകുന്നു. അനൈക്യത്തിനും ഐക്യത്തിനുമിടയ്ക്ക് പ്രതിസന്ധിയുണ്ട്. മാനുഷികമായി തപ്പിത്തടയുന്ന ഇടയിൽ സത്യസഭയിലേയ്ക്ക് പുനരൈക്യപ്പെട്ട ഏതൊരു വ്യക്തിയ്ക്കും ഇത് അനുഭവവേദ്യമായിട്ടുണ്ട്. സഭകളുടെ പുനരൈക്യത്തിലും ഇരുട്ടിന്റെ അനുഭവമുണ്ട്. എന്നാൽ ചോദ്യമിതാണ്,



നാം ആന്തരികപ്രകാശം സ്വീകരിച്ചവരാണോ, ആ പ്രകാശ ചൈതന്യത്തിന് വിധേയരാകുന്നുവോ. എങ്കിൽ ആ ക്ഷണത്തിൽ തന്നെ നാം എഴുന്നേറ്റു യരുശലേമിലേക്കു മടങ്ങിപ്പോവും. ഓരോ സഭയിലും ഓരോ ഗണത്തിനു ലഭിക്കുന്ന നല്ല അനുഭവങ്ങൾ ക്രൈസ്തവരുടെയെല്ലാം കൂട്ടാനുഭവത്തിലേക്ക് നയിക്കണം. എന്നാൽ എത്ര പേരുണ്ട്, സഭാപരമായ നിരവധി നല്ല അനുഭവങ്ങൾ സ്വീകരിച്ചിട്ട്, സഭയുടെ സമൂഹപൂർണ്ണതയിലേക്ക് തിരിച്ചു വരാൻ മടിക്കുന്നവരായി. ക്രൈസ്തവൈക്യം തിരിച്ചുവരവാണ്. ആ പുനരൈക്യം ആന്തരികമായ പ്രേരണയിലും ചൈതന്യത്തിലും മാത്രം സംഭവിക്കുന്നതുമാണ്.

രണ്ടു ശിഷ്യർ എങ്ങോട്ടാണ് തിരികെച്ചെന്നത്. യറുശലേമിൽ ഒരുമിച്ചു കൂടിയിരുന്ന പതിനൊന്നുപേരുടെയും അടുക്കലേക്ക്. അവർ വിശ്വാസികളുടെ പൂർണ്ണസമൂഹമാണ്. സഭയുടെ സാർവ്വത്രിക കൂട്ടായ്മയിലേക്കാണ് രണ്ട് ശിഷ്യർ തിരികെച്ചെന്നത്. അവർക്കെല്ലാം ഒരു സവിശേഷതയുണ്ട്. നമ്മുടെ കർത്താവു സത്യമായി ഉയിർത്തെഴുന്നേറ്റുവെന്ന ഉറപ്പുള്ള വിശ്വാസം. ആ അനുഭവം അവരെല്ലാം പരസ്പരം പങ്കുവെയ്ക്കുകയാണ്. ഒന്നിച്ചു വരുമ്പോൾ ഓരോ സഭയ്ക്കുമുണ്ടാകും ജീവിക്കുന്നവനായ ക്രിസ്തുവിനെപ്പറ്റി ഓരോ അനുഭവങ്ങൾ മറ്റുള്ളവർക്ക് പങ്കുവെയ്ക്കാൻ. ക്രിസ്തുവിനെക്കുറിച്ചുള്ള അവബോധവും അനുഭവവും പങ്കുവയ്ക്കുന്നതുവഴിയേ പൂർണ്ണസഭൈക്യത്തിലെത്തിച്ചേരാൻ സാധിക്കൂ. ആരുമാരും മാറിനില്ക്കേണ്ട,എല്ലാവരും തങ്ങളുടെ നല്ല അനുഭവങ്ങൾ ഒന്നിച്ചു കൊണ്ടുവരട്ടെ. അവയെല്ലാം ഒരു കേന്ദ്രത്തിലേക്കു നയിക്കുന്നു. ഒരു സഭയേയുള്ളു ഒരു കൂട്ടായ്മയേയുള്ളൂ. എല്ലാ അനുഭവവും ഒന്നിൽ സമാഹരിക്കുന്നു. ക്രിസ്തു ശെമഓനു പ്രത്യക്ഷമായിയെന്നതാണ് അവരുടെയെല്ലാം പ്രധാനാനുഭവം. ആദിമസഭയിൽ പത്രോസിനുള്ള പ്രാധാന്യം മുമ്പിൽ വെച്ചുകൊണ്ടല്ലേ സുവിശേഷകൻ ഈ സംഭവം വിവരിച്ചത്. പുനരൈക്യപ്രക്രിയ സമാഹൃദമാകുന്നത് സാർവ്വത്രികസഭയിലും അതിന്റെ തലവനിലുമാണ്. പത്രോസിന്റെ പിൻതുടർച്ച പുനരൈക്യപ്രാപ്തിയിലേക്ക് വഴി നടത്തുന്നു. പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പായിൽ ക്രൈസ്തവൈക്യം പൂർണ്ണമാകുകയും ചെയ്യുന്നു. അങ്ങനെ എമ്മാവോസിലേയ്ക്ക് യാത്ര ചെയ്യുന്നവർ യറുശലേമിലേയ്ക്കു തിരിച്ചു വരണം. അതേ എമ്മാവോസ് സംഭവം പുനരൈക്യത്തിന്റെ സൂചനയും പ്രതീകവും തന്നെ

***ക്രൈസ്തവകാഹളം, 1978 ജൂൺ***

www.malankaralibrary.com

63

# എക്യുമെനിസവും പുനരൈക്യവും - I

എക്യുമെനിസത്തിന്റെ മുന്നേറ്റത്തിൽ പുനരൈക്യപ്രവർത്തനം വളരെ തളർന്നുപോയെന്ന ധാരണ ഇന്നു പൊതുവേയുണ്ട്. പക്ഷേ സുന്നഹദോസ് നമ്മെ പഠിപ്പിക്കുന്നത് ഇവ രണ്ടും ദൈവത്തിന്റെ അത്ഭുതാവഹമായ പരിപാലനയിൽ നിന്ന് ഉത്ഭവിക്കുന്നുവെന്നാണ്. അതുകൊണ്ട് ഇവയെ പൊരുത്തപ്പെടുത്തുകയാണ് നമ്മുടെ കർത്തവ്യം. അതായത് നമ്മുടെ ചിന്താഗതിയിലും സമീപനത്തിലും ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. കാലത്തിന്റെ സമ്മർദ്ദമനുസരിച്ച് സമീപനത്തിൽ മാറ്റം വരുത്തേണ്ടാത്ത യാതൊരു ജീവിതമേഖലയുമില്ല, ആത്മീയവും സഭാപരവുമായ പ്രവർത്തനമുൾപ്പെടെ. ക്രിസ്ത്യാനികൾ ഒന്നാകണമെന്ന ആഗ്രഹത്തോടെ പൊതുപ്രവർത്തനത്തിനുവേണ്ടി ലോകമെങ്ങും എല്ലാ സഭകളും നിർബന്ധിക്കുമ്പോൾ അതിൽ നിന്ന് ഒഴിഞ്ഞു മാറി നില്ക്കാൻ കത്തോലിക്കാസഭയ്ക്കു മാത്രം സാധിക്കുമോ? സാധിക്കും, തെറ്റായ കാര്യമാണെങ്കിൽ. പക്ഷേ ക്രൈസ്തവൈക്യപ്രവർത്തനത്തിലെന്താണ് തെറ്റ്? പ്രായോഗികരംഗത്തുള്ള വൈകല്യങ്ങൾ നാം ചൂണ്ടിക്കാണിക്കണം. മറ്റുള്ളവർ അതു സ്വീകരിക്കും. നമ്മുടെ പുനരൈക്യസമീപനം അവികലമാണെന്ന് നമുക്ക് അവകാശപ്പെടാനൊക്കുമോ. ഒക്കുകയില്ലെന്നു കത്തോലിക്കാസഭയ്ക്കു പുറത്തുള്ളവർ ചൂണ്ടിക്കാണിക്കുന്നു. അവർ പറയുന്നത് ശ്രദ്ധിക്കുന്നതിൽ യാതൊരു തെറ്റുമില്ല. തെറ്റായി ദൈവത്തിന്റെ മുമ്പിൽ നമുക്കു തോന്നുന്നത് തിരുത്തിയാൽ മതി. ഇങ്ങനെ കത്തോലിക്കരെയും അകത്തോലിക്കരെയും ഒരു പുതിയ സമീപനത്തിന് നിർബന്ധിക്കുന്ന കാലഘട്ടത്തിൽ നാം ജീവിക്കുന്നു. സ്നേഹം നിറഞ്ഞ ആ ഏറ്റുമുട്ടലാണ് പുനരൈക്യവും എക്യുമെനിസവും തമ്മിൽ നമുക്കു അനുഭവപ്പെടുന്ന വൈരുദ്ധ്യത്തിലും പ്രകടമാകുന്നത്. ഈ വൈരുദ്ധ്യം കൂടുതലും വൈകാരികമായ അനുഭവം മാത്രം.



## വിഭിന്നമായ ഉത്ഭവം

രണ്ടിന്റെയും ഉത്ഭവം വ്യത്യസ്തമായതുകൊണ്ടാണ് ഈ വൈരുദ്ധ്യപ്രതീതി ഉണ്ടാകുന്നത്. എക്യുമെനിസത്തിന്റെ ഉത്ഭവം പ്രധാനമായി പ്രൊട്ടസ്റ്റന്റു വിഭാഗത്തിലായിരുന്നു. അവ പുനരൈക്യത്തെ അംഗീകരിക്കുന്നില്ല, തന്നെയുമല്ല എതിർക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ സഭ ദൃശ്യമായ ഘടനയിലും ചൈതന്യത്തിലും തുടരുന്നുവെന്ന് അവർ സമ്മതിക്കുന്നില്ല. സഭയുടെ തുടർച്ചയേക്കാൾ നവീകരണത്തിലാണ് അവരുടെ ശ്രദ്ധ. എന്നാൽ സഭകളുടെ സംഖ്യ വളർന്നു വരുന്ന ലോകത്തിൽ ക്രിസ്തീയത ഒട്ടും പുരോഗമിക്കുകയില്ലെന്നു ബോധ്യമായതിന്റെ ഫലമായി സഭകൾ എണ്ണത്തിൽ പെരുകുന്ന ദുരവസ്ഥയ്ക്ക് വിരാമമിടണമെന്ന് വിവിധ സഭകളുടെ അംഗങ്ങളായ പല വ്യക്തികളും ആത്മാർത്ഥമായി ആഗ്രഹിച്ചു. മാത്രമല്ല സഭകളെല്ലാം ഒന്നാകുന്നതല്ലേ, ആദർശപരമെന്ന് അവർ ചോദിക്കുവാനും തുടങ്ങി. ഇവിടെയാണ് എക്യുമെനിസത്തിന്റെ ഉത്ഭവം. പ്രോട്ടസ്റ്റന്റുവിഭാഗങ്ങളിൽ ഉയർന്നുവന്ന ചിന്ത ക്രമേണ ഓർത്തഡോക്സുസഭകളിലും കത്തോലിക്കാസഭയിലും വ്യാപിച്ചു. ക്രൈസ്തവസഭകളിൽ വളർന്നുവന്ന ഐക്യത്തിന്റെ ഈ ആഗ്രഹവും പ്രയത്നവും പരിശുദ്ധാത്മാവിന്റെ പ്രേരണയുടെ ഫലമാണെന്ന് രണ്ടാം വത്തിക്കാൻ സുന്നഹദോസ് വിശേഷിപ്പിക്കുകയും ചെയ്തു. അങ്ങനെ എക്യുമെനിസം എല്ലാ ക്രിസ്ത്യാനികളുടെയും ശ്രദ്ധാവിഷയവും പ്രവർത്തനരംഗവുമായി മാറിയപ്പോഴാണ് പുനരൈക്യത്തിന്റെ പ്രസക്തിയെന്തെന്ന ചോദ്യം ഉയർന്നുവന്നത്. രണ്ടിന്റെയും ലക്ഷ്യം ഒന്നു തന്നെയാണ്, ക്രിസ്ത്യാനികളുടെ ഐക്യം.

എക്യുമെനിസത്തിൽ നിന്ന് വിഭിന്നമായ ഉത്ഭവമാണ് പുനരൈക്യത്തിനുള്ളത്. ക്രിസ്തുവിന്റെ സഭയിൽ നിന്ന് ഓരോ വിഭാഗമാളുകൾ പിരിഞ്ഞുപോയതുകൊണ്ടാണല്ലോ വിവിധ സഭകൾ ഉണ്ടായത്. അതനുസരിച്ച് ഒരു സഭ ക്രിസ്തുവിന്റെ സഭയായുണ്ട്, മറ്റുള്ളവ വേർപിരിഞ്ഞ സഭകളും. ഇവ തമ്മിൽ എങ്ങനെയാണ് ഐക്യം സാധിക്കുക, വേർപിരിഞ്ഞവ നിലനില്ക്കുന്നതിനോട് ചേർന്നു നിന്നുകൊണ്ടു തന്നെ. ഇതാണ് പുനരൈക്യം. തങ്ങളുടേത് ക്രിസ്തുവിന്റെ സഭയാണെന്ന് അവകാശപ്പെടുന്ന ഏതൊരു കൂട്ടവും പുറത്തുള്ളവരുടെ പുനരൈക്യചുമതലയെ എടുത്തുപറയുന്നു. അങ്ങനെ പുനരൈക്യം ഒരു കൂട്ടരുടെ ഏകപക്ഷീയമായ തിരിച്ചുവരവായിട്ടാണ് മിക്കവാറും എല്ലാ

www.malankaralibrary.com

ക്രിസ്ത്യാനികളും ധരിച്ചിരിക്കുന്നത്. അവിടെ പൊതു പ്രവർത്തനസാദ്ധ്യത അവർ കാണുന്നില്ല. ഒരു കൂട്ടർ ആഭിജാത്യം പുലർത്തി മറ്റുള്ളവരുടെ മാനസാന്തരവും പ്രതീക്ഷിച്ചിരിക്കുമ്പോൾ എവിടെയാണ് പൊതുപ്രവർത്തനസാദ്ധ്യത. ഇതാണ് എക്യുമെനിസവും പുനരൈക്യവും തമ്മിൽ നാം ദർശിക്കുന്ന പ്രധാനമായ പൊരുത്തക്കേട്. എന്നാൽ പുനരൈക്യത്തിന് ഏകപക്ഷീയമായ മാനസാന്തരമല്ലാതെ ഒരു പുതിയ അർത്ഥം കൊടുക്കാൻ സാധിക്കുകയില്ലേ? സാധിക്കുമെന്നാണ് രണ്ടാം വത്തിക്കാന്റെ ഉത്തരം.

## കുറ്റവും തിരുത്തലും

കത്തോലിക്കാസഭയിൽ നിന്ന് ഓരോ വിഭാഗവും വേർപിരിഞ്ഞു പോയപ്പോൾ അതിന്റെ കുറ്റത്തിന്റെ ഭാഗഭാഗിത്വം കത്തോലിക്കരിലുമുണ്ടെന്ന് സുന്നഹദോസ് സമ്മതിച്ചപ്പോൾ വിശാലഹൃദയനായ ജോൺ മാർപ്പാപ്പായുടെ ചിന്തയെ ശാശ്വതമാക്കുക മാത്രമാണ് ചെയ്തത്. സഭയുടെ വിഭജനത്തിൽ വേർപെട്ടവരും നിലനിന്നവരും പങ്കുകാരായിയെങ്കിൽ ആ വിഭജനത്തിന്റെ തെറ്റു തിരുത്തുന്നതിലും പങ്കാളിത്തപ്രവർത്തനമാകാമല്ലോ. ഇങ്ങനെ ഇരുവിഭാഗക്കാരും തങ്ങളുടെ കുറ്റത്തിന് പരിഹാരം ചെയ്യുമ്പോൾ ആരുടെയും സത്യനിഷ്ഠമായ നിലപാടിൽ നിന്ന് വ്യതിചലിക്കേണ്ട ആവശ്യമില്ല. കത്തോലിക്കാസഭയാണ് സത്യസഭയെന്ന വിശ്വാസം ഉപേക്ഷിച്ചു കൊണ്ടല്ല മറ്റു സഭകളിലുള്ളവരെ നാം സമീപിക്കേണ്ടത്. എന്നാൽ സത്യസഭയുടെ ചൈതന്യം വേണ്ടുവണ്ണം ഉൾക്കൊള്ളാഞ്ഞതുകൊണ്ടാണ് സഭയിൽ നിന്ന് ഓരോ വിഭാഗങ്ങൾ പിരിഞ്ഞുപോയതെന്ന് സമ്മതിക്കണം. ആ ചൈതന്യം പൂർണ്ണമായി ഉൾക്കൊണ്ടിരുന്നുവെന്ന് സഭയിൽ നിലനിന്നവർക്കും അവകാശപ്പെടാനാവില്ല. അതുകൊണ്ട് അകത്തോലിക്കർ ഏതു വിനയഭാവത്തോടെ വേണമോ പുനരൈക്യപ്രവർത്തനത്തിൽ ഏർപ്പെടാൻ, അതു തന്നെ കത്തോലിക്കരും പുലർത്തണം. പാപികളും ബലഹീനരുമെന്ന നിലയിൽ എല്ലാവരും തുല്യരാണ്. ഈ വീക്ഷണം പുനരൈക്യപ്രവർത്തനത്തിന് പൊതുഅടിസ്ഥാനം കണ്ടെത്താൻ തീർച്ചയായും സഹായിക്കും. പാപചിന്തകളുടേയും അനുതാപത്തിന്റെയും കൂട്ടായ്മയിൽ ദൈവാനുഗ്രഹത്തിനവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്ന് എക്യുമെനിസം ആവശ്യപ്പെടുന്നു. ഇതിൽ നിന്ന് വ്യത്യസ്തമായി എന്തെങ്കിലും പുനരൈക്യത്തിന് അവകാശപ്പെടാനുണ്ടോ?



## പൊതുസ്വഭാവവും ഏകലക്ഷ്യവും

എക്യുമെനിസത്തിന്റെ പ്രവർത്തനാടിസ്ഥാനം നിഷേധാത്മകമാണെന്ന് തോന്നും, ആദ്യവീക്ഷണത്തിൽ. ക്രിസ്തീയസഭകളുടെ അനൈക്യം ഇല്ലാതാകുകയല്ലേ അതിന്റെ ലക്ഷ്യം. പക്ഷേ ഐക്യത്തിനു വേണ്ടിയുള്ള പ്രയത്നം തീർച്ചയായും സഭാത്മക (positive) മാണ്. പ്രവർത്തനങ്ങളെ ഒന്നിച്ചു കൊരുക്കുന്ന പരിപാടിയും ഉദ്ദേശവും ഉണ്ടായിരിക്കണമെന്നുമാത്രം. അങ്ങനെയൊന്ന് ഇന്ന് എക്യുമെനിസത്തിനുണ്ടോ? ഉണ്ടെന്നു പറയാൻ വിഷമമാണ്. വിവിധ സഭകൾ ഒന്നാകണമെന്ന നല്ല ആഗ്രഹം പ്രകടമാണെന്നല്ലാതെ പ്രവർത്തനങ്ങളെയെല്ലാം ഏകീകരിക്കുന്ന കർമ്മപരിപാടി ഇന്നും രൂപം കൊണ്ടിട്ടില്ല. വളരെ ചിന്താക്കുഴപ്പവും ആശയവൈവിധ്യവും എക്യുമെനിസത്തിൽ ഇന്ന് ഉറഞ്ഞുകിടപ്പുണ്ട്. ഇതിന് ഒരു പരിഹാരം പുനരൈക്യത്തിന്റെ ആശയംകൊണ്ടേ ഉണ്ടാവുകയുള്ളൂ. എല്ലാ ക്രിസ്ത്യാനികളും അവർ ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നവരായികൊള്ളട്ടെ, ക്രിസ്തുവിന്റെ സഭയിലേക്ക് തിരികെ ചെല്ലണമെന്നല്ലേ പുനരൈക്യത്തിന്റെ വിവക്ഷ. അതിന് ഒരു ഏകതാനതയും കേന്ദ്രീകരണവുമുണ്ട്. ശിഥിലമായ ചിന്തകളുടെയും ആഗ്രഹങ്ങളുടെയും സമാഹരണമായിരിക്കുന്ന എക്യുമെനിസത്തിന് ആവശ്യവും ഇതുതന്നെയാണ്. എക്യുമെനിസത്തിന്റെ പൊതുസ്വഭാവവും പുനരൈക്യത്തിന്റെ ഏകലക്ഷ്യവും ഒന്നിച്ചു കൂടുമ്പോഴായിരിക്കും യഥാർത്ഥക്രൈസ്തവൈക്യപ്രവർത്തനം സാധ്യമാവുക.

## പ്രശ്നം ഗൗരവമുള്ളത്, പക്ഷേ ലോലവും

വിവിധ സഭകളുടെ അംഗങ്ങളായ ക്രിസ്ത്യാനികൾ ഇന്ന് വളരെ പ്രവർത്തനങ്ങളിൽ ഒന്നിച്ചു ചേരുന്നുണ്ട്. എന്നാൽ ഈ പ്രവർത്തനങ്ങൾ കൊണ്ട് ക്രൈസ്തവൈക്യത്തിന്റെ ലക്ഷ്യം പ്രാപ്തമാകുമോയെന്ന് പലരും സംശയിക്കുന്നു. കാരണം, അത്ര ഉപരിപ്ലവവും ആനുഷംഗികവുമാണ് ഈ പ്രവർത്തനങ്ങളെല്ലാം. ഇവ തീർച്ചയായും ആവശ്യമാണ്, നൂറ്റാണ്ടുകളായി ഭിന്നിച്ചു നിന്നിരുന്ന ജനങ്ങൾ തമ്മിൽ മാനസികവും വൈകാരികവുമായ ഐക്യം ഉളവാക്കാൻ. ഏത് പൊതുപ്രവർത്തനവും, അതിന്റെ സ്വഭാവമെന്തുമായിക്കൊള്ളട്ടെ പരസ്പരധാരണ ഉളവാക്കുന്നു. എക്യുമെനിസത്തിന്റെ ലക്ഷ്യം പോലും ഈ ധാര

www.malankaralibrary.com

ണയിലുള്ള വളർച്ച മാത്രമാണെന്ന് വിചാരിക്കുന്നവരുണ്ട്. ഓരോ സഭയും അതിന്റെ വ്യക്തിത്വവും വ്യത്യാസവും പുലർത്തിക്കൊണ്ടു തന്നെ മറ്റു സഭകളുമായി രമ്യതയിൽ കഴിയുവാനുള്ള വഴി കണ്ടെത്തുക. ഇതിൽ കൂടുതലായൊന്നും ക്രൈസ്തവൈക്യപ്രവർത്തനത്തിൽ നിന്ന് പ്രതീക്ഷിക്കാത്തവരുണ്ട്. ഇത് എക്യുമെനിസത്തിന്റെ അന്തസ്സത്തയെ തന്നെ നശിപ്പിച്ചുകളയുന്ന ചിന്താഗതിയാണ്. ഒരൊറ്റ സഭയിൽ യോജിക്കുകയാണ് എക്യുമെനിസത്തിന്റെ ലക്ഷ്യമെന്ന് അതിന്റെ പ്രണേതാക്കൾ ഏകകണ്ഠം പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ പ്രായോഗികരംഗത്ത് അതിന് വേണ്ടുന്ന ഗൗരവബോധം കൈവന്നിട്ടുണ്ടോ.

എന്നാൽ പുനരൈക്യചിന്താഗതിയിൽ ക്രൈസ്തവൈക്യം എന്നും ഗൗരവമുള്ള വിഷയമാണ്. ഗൗരവം കൂടുതലാകകൊണ്ട് ഒരു സഭ മറ്റൊരു സഭയുടെ മേൽ നിന്ദയും അധിക്ഷേപവും ചൊരിയുന്ന രീതി പോലും ഉണ്ടായിട്ടുണ്ട്. വ്യക്തികൾ തമ്മിൽ കർക്കശത പാടില്ലായെന്നത് ക്രൈസ്തവൈക്യപ്രവർത്തനത്തിന്റെ അടിസ്ഥാനപ്രമാണമാണ്. പക്ഷേ പ്രശ്നം ഗൗരവമില്ലാത്തതാകണമോ? ഒരിക്കലും പാടില്ല. വേർപിരിഞ്ഞവർ തിരിച്ചു വരണമെന്നത് ക്രിസ്തുവിന്റെ കല്പനയാണ്, ക്രിസ്ത്യാനികളുടെ രക്ഷയുടെ വ്യവസ്ഥയുമാണ്. ഈ പ്രശ്നത്തെ അതിന്റെ അഗാധതയിൽ പുനരൈക്യം ദർശിക്കുന്നു. എക്യുമെനിസമാകട്ടെ വിശദാംശങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നു. വ്യത്യസ്തമായ ഈ വീക്ഷണങ്ങൾ പരസ്പരപൂരകങ്ങളാണ്. അതായത് പുനരൈക്യത്തിന്റെ ഗൗരവവും എക്യുമെനിസത്തിന്റെ സൂക്ഷ്മതയും ഒന്നിച്ചുചേരണം. ക്രൈസ്തവഐക്യം ഗൗരവമുള്ള പ്രശ്നമാണ്, പക്ഷേ വളരെ ലോലവും. ഈ രണ്ടു ഭാവങ്ങൾക്കും അവയുടേതായ പ്രാധാന്യം കൊടുത്തെങ്കിലേ പ്രശ്നം പരിഹൃതമാകുകയുള്ളു.

*ക്രൈസ്തവകാഹളം 1971 ഒക്ടോബർ*



## 64

# എക്യുമെനിസവും പുനരൈക്യവും - 2

### ആരാണ് വേർപിരിഞ്ഞവർ

വേർപിരിഞ്ഞവരുടെ തിരിച്ചുവരവാണ് ക്രൈസ്തവൈക്യത്തിന്റെ പ്രശ്നപരിഹാരമെന്ന് പുനരൈക്യം നിർദ്ദേശിക്കുന്നു. എക്യുമെനിസത്തിന് ഇതിനോട് യോജിക്കുവാൻ തടസ്സമുണ്ട്, വേർപിരിഞ്ഞവരെന്ന നിലയിൽ ഐക്യപ്രവർത്തനം കുറേപ്പേരുടെ മാത്രം ഉത്തരവാദിത്വമായി മാറിപ്പോകുകയില്ലേയെന്ന ഭയംകൊണ്ട്. അനൈക്യത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ആരെയും മാറ്റിനിറുത്താൻ എക്യുമെനിസത്തിന് ഒരുക്കമില്ല. എല്ലാ മനുഷ്യരും ഒരുപോലെ പാപികളെന്ന നിലയിൽ ക്രിസ്തുവിന്റെ രക്ഷ ആവശ്യപ്പെടുന്നു. അതുപോലെ എല്ലാ ക്രിസ്ത്യാനികളും അനൈക്യത്തിന്റെ ഉത്തരവാദികളെന്ന കാരണത്താൽ ഐക്യത്തിന്റെ പ്രയത്നത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ക്രൈസ്തവൈക്യം ദൈവത്തിന്റെ ദാനമല്ലേ. അതുകൊണ്ട് മേൽപ്പറഞ്ഞ താരതമ്യം വളരെ പ്രസക്തമാണ്.

എന്നാൽ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുവാനുള്ള ഉത്തരവാദിത്വത്തിൽ പുനരൈക്യവും ആരെയും ഒഴിവാക്കുന്നില്ലെന്നതാണ് വാസ്തവം. ക്രിസ്തുവിന്റെ സഭയിൽ ഉൾപ്പെട്ടവരെന്ന് അവകാശപ്പെടുന്നവർ തന്നെ എപ്പോഴും പുനരൈക്യത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്നു സത്യസഭയിലുൾപ്പെട്ടിരിക്കുന്നുവെന്നത് ആരുടെയും വ്യക്തിപരമായ നേട്ടമല്ല, ദൈവം തന്റെ കരുണയിൽ നല്കുന്ന ദാനമാണ്. സഭയിൽ നിന്നു വേർപെടുന്നത് കുറ്റകരമാണ്. എന്നാൽ ഇന്ന് മറ്റു സഭകളിൽ നില്ക്കുന്നവരിൽ ബഹുഭൂരിഭാഗവും അക്കാര്യത്തിൽ കുറ്റക്കാരല്ല. തങ്ങളുടെ മാതാപിതാക്കന്മാർ ഉൾപ്പെട്ടിരുന്ന സഭയിൽ അവരും ഉൾപ്പെട്ടുവെന്നുമാത്രം. ഇന്ന് ഓരോരുത്തരും നില്ക്കുന്ന സഭയിൽ

www.malankaralibrary.com

തന്നെ ദൈവാനുഗ്രഹങ്ങൾ വളരെ പ്രാപിച്ചിട്ടുമുണ്ട്. മാത്രമല്ല, തങ്ങളുടെ സഭയാണ് സത്യസഭയെന്ന് അവകാശപ്പെടുന്നവർ പ്രാപിക്കാവുന്ന അനുഗ്രഹങ്ങളെല്ലാം പ്രാപിച്ചവരാണോ? ഒരിക്കലുമല്ല. അതുകൊണ്ട് ഒരാൾക്കും പറയാൻ സാധിക്കുകയില്ല, ക്രിസ്തുവിന്റെ സഭയുമായി സജീവവും പൂർണ്ണവുമായ രക്ഷാകരബന്ധം പുലർത്തിയെന്ന്. സഭയോട് ഓരോരുത്തർക്കും ബന്ധമുള്ള അവരുടെ ആത്മാർത്ഥതയെ അനുസരിച്ചിരിക്കും. ഒരു പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിവ് തികച്ചും അസാധ്യമാണ്. അങ്ങനെ സഭയിൽ നിന്നു വേർപിരിഞ്ഞവരെന്ന നിലയിൽ എല്ലാവരും ക്രിസ്തുവിനോടും ക്രിസ്തുവിന്റെ സഭയോടും കൂടുതൽ ബന്ധപ്പെടുവാൻ ചുമതലപ്പെട്ടിരിക്കുന്നു. അതേ, പുനരൈക്യത്തിന്റെ ഉത്തരവാദിത്വം എല്ലാവരുടെയുമാണ്. ഇതിൽ എക്യുമെനിസവും പുനരൈക്യവും തമ്മിൽ യാതൊരു വീക്ഷണഭേദവും ആവശ്യമില്ല.

**സഭയോടുള്ള ബന്ധം**

ഓരോ വ്യക്തിയും ആത്മീയ ജീവിതത്തിന്റെ അടിസ്ഥാനത്തിൽ എവിടെ നില്ക്കുന്നുവെന്ന് പറയാൻ സാധിക്കാത്തതുപോലെ സഭയോടുള്ള ബന്ധത്തിലും ആർക്കും ഒന്നും നിർണ്ണയിക്കാനാവുകയില്ല. സഭയോടുള്ള ബന്ധവും അത്രമേൽ വിശദവും വ്യാകീർണ്ണവുമാണ്. പുനരൈക്യ ചിന്താഗതിയിൽ സഭയുടെ അധികാരഘടനയെ മാത്രമാണ് നാം പ്രായേണ ശ്രദ്ധിച്ചിരുന്നത്. മാർപ്പാപ്പായുടെ കീഴിൽ വർത്തിക്കുന്നവരെല്ലാം സത്യസഭയിൽ ഉൾപ്പെട്ടവരാണെന്നു കത്തോലിക്കർ അവകാശപ്പെടുന്നു. സത്യസഭയിലുൾപ്പെടുന്നതിന്റെ ഒരു ഘടകം മാത്രമാണ് മാർപ്പാപ്പായോടുള്ള വിധേയത്വം. ഓരോ വ്യക്തിയെയും ദൃശ്യസഭയുമായി യോജിപ്പിക്കുന്ന വേറെ എന്തെല്ലാം ഭാവങ്ങളും പ്രവർത്തനങ്ങളുമുണ്ട്. മാർപ്പാപ്പായോടുള്ള വിധേയത്വത്തിൽനിന്ന് വേണ്ടുന്ന പ്രകാരം ദൈവാനുഗ്രഹം പ്രാപിക്കുന്നുവെന്ന് അവകാശപ്പെടാവുന്ന കത്തോലിക്കർ എത്രയുണ്ട്. എക്യുമെനിസത്തിന്റെ ഡിക്രിയിൽ സഭയോടുള്ള ബന്ധങ്ങളിൽ സുന്നഹദോസ് എടുത്തുപറയുന്നത് വിശുദ്ധ കുർബ്ബാനയിലുള്ള കൂട്ടായ്മയും ഐക്യവുമാണ്. ബലഹീനരായ നാം ഏറ്റം പരാജയപ്പെടുന്നതും അവിടെയാണ്. വിശുദ്ധ കുർബാനയിൽ സഭാംഗങ്ങൾ തമ്മിലുള്ള പരസ്പരൈക്യം നേരായനിലയിലാകാതെ സത്യസഭയുമായി പൂർണ്ണബന്ധം അവകാശപ്പെടുന്നതിൽ എന്തർത്ഥമാണുള്ളത്. തിരുത്തുവാനും വളരുവാനും വളരെയുള്ള ഒരു രംഗം ഇവിടെ തുറന്നുകിടക്കുന്നു.



വിശുദ്ധ കുർബാനയിലുള്ള ഐക്യം പുനരൈക്യപ്രവർത്തനത്തിന് ആവേശവും പ്രേരണയും പകരണമെന്നാണ് രണ്ടാം വത്തിക്കാൻ പഠിപ്പിക്കുന്നത്. കുർബാന ദൈവനൽവരമാർഗ്ഗമായി നിർവഹിക്കപ്പെടുന്ന സഭകൾ പലതുണ്ട്. എന്നാൽ അവയ്ക്ക് ഒരേ മേശയിൽ നിന്ന് ഭക്ഷിക്കുന്ന ഒരേ കൂട്ടമായി ദൈവത്തിന്റെ മുമ്പിൽ നില്ക്കാൻ പറ്റുന്നില്ല. ക്രൈസ്തവൈക്യപ്രവർത്തനത്തിന് സുന്നഹദോസ് ലക്ഷ്യമായി നിർദ്ദേശിക്കുന്നതും ഇതാണ്. കർത്താവിന്റെ ബലിയിൽ പങ്കുകൊണ്ട് അവിടുത്തെ തിരുശരീര രക്തങ്ങളിൽ പങ്കുചേരുന്ന ദിനത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ സുന്നഹദോസ് ആവശ്യപ്പെടുന്നു. അധികാരവും ഭരണക്രമവും സഭയ്ക്ക് ആവശ്യമാണ്. പക്ഷേ അത് സഭയുടെ പൂർണ്ണമായ സ്നേഹൈക്യത്തിനുള്ള മാർഗ്ഗം മാത്രമാണ്. ക്രൈസ്തവൈക്യപ്രവർത്തനത്തിന്റെ ആത്യന്തിക ലക്ഷ്യമാണെന്ന് പറയാൻ പറ്റില്ല.

സഭയുമായുള്ള ബന്ധത്തെപ്പറ്റി കൂടുതൽ പൂർണ്ണവും വിശദവുമായ ദർശനമുണ്ടാകണമെന്ന് രണ്ടാം വത്തിക്കാൻ ആവശ്യപ്പെടുന്നു. കഴിഞ്ഞകാലം വരെ പുനരൈക്യ ചിന്താഗതിയിൽ നമ്മുടെ വീക്ഷണം വികലമായിരുന്നില്ലേ? സഭയെ ഒരു സ്നേഹസമൂഹമെന്നതിനേക്കാൾ അധികാരഘടനയായി കണ്ടതുകൊണ്ട് ജീവപ്രധാനമായ പല ഘടകങ്ങളും നാം വിസ്മരിച്ചുകളഞ്ഞിരുന്നു. ചരിത്രസത്യങ്ങൾക്ക് നാം മുൻഗണന കൊടുത്തു, വാദപ്രതിവാദം കൊണ്ട് സഭയുമായി വ്യക്തികളെയും സമൂഹങ്ങളെയും പുനരൈക്യപ്പെടുത്താൻ നാം ആഗ്രഹിച്ചു. തികഞ്ഞ ആത്മാർത്ഥതയിൽ രൂപംകൊണ്ട ആ പ്രവർത്തനങ്ങൾ ദൈവം ധാരാളം നല്ല ഫലങ്ങൾ നൽകുകയും ചെയ്തു. പുനരൈക്യ പ്രവർത്തനം മുഖാന്തിരം ലോകമെങ്ങും വളരെയാളുകൾ സത്യസഭയെ ആശ്ലേഷിച്ചത് ദൈവപരിപാലനയുടെ നല്ല ഫലമല്ലാതെ മറ്റെന്താണ്. എന്നാൽ നമ്മുടെ ദർശനം കൂടുതൽ പൂർണ്ണവും സമീപനം കാര്യക്ഷമവുമാക്കാൻ സുന്നഹദോസ് നമ്മോട് ആവശ്യപ്പെടുന്നു. സമീപകാലത്തെ ദൈവീകപ്രേരണയായ എക്യുമെനിസത്തോട് പൊരുത്തപ്പെട്ടുപോകണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. കാരണം ക്രിസ്ത്യാനികളുടെ ഐക്യം ഗൗരവാവഹവും അടിയന്തിരവുമായ ആവശ്യമാണ്. വികലമായ കാഴ്ചപ്പാടും അപൂർണ്ണമായ സമീപനവുംകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയില്ല.

www.malankaralibrary.com

എക്യുമെനിസവും പുനരൈക്യവും തമ്മിൽ ഇന്ന് നമുക്ക് അനുഭവപ്പെടുന്ന പൊരുത്തക്കേട് ഒട്ടും തന്നെ അഗാധമല്ല. നാം പ്രത്യേകമായ ചിന്താഗതിയിലും പ്രവർത്തനത്തിലും വളരെ മുന്നോട്ടു പോയിക്കഴിഞ്ഞതുകൊണ്ട് തിരിഞ്ഞുനോക്കുമ്പോൾ കുറേ അവ്യക്തതയും അപ്രായോഗികതയും നമുക്ക് അനുഭവപ്പെടുന്നു. നൂറ്റാണ്ടുകളായി സ്പർദ്ധയിലും ഭിന്നതയിലും കഴിഞ്ഞിരുന്ന സമൂഹങ്ങൾക്ക് ഒരു സുപ്രഭാതത്തിൽ പെട്ടെന്ന് ഒന്നിച്ചു പ്രവർത്തിക്കുവാനൊക്കുമോ? മറ്റു സഭകൾ നിലച്ചുപോകണമെന്ന് ആഗ്രഹിച്ചിരുന്ന കത്തോലിക്കരായ നാം സ്നേഹത്തിന്റെയും സഹകരണത്തിന്റെയും കരം നീട്ടുമ്പോൾ നമ്മുടെ സഹോദരർ യാതൊരു ആശങ്കയും ഭയവും കൂടാതെ നമ്മുടെ ആത്മാർത്ഥത സമ്മതിച്ചു തരാൻ പെട്ടെന്ന് തയ്യാറാകുമോ? വലിയ അത്ഭുതങ്ങൾ നമ്മുടെ മാനുഷിക സമീപനങ്ങളിൽ നിന്ന് പ്രതീക്ഷിക്കരുത്. ദൈവം തീർച്ചയായും തന്റെ സമയത്തും അവസരത്തിലും അത്ഭുതം പ്രവർത്തിക്കും. ക്രിസ്ത്യാനികളുടെ പൂർണ്ണമായ ഐക്യം സാധിക്കുക ദൈവപരിപാലനയിലെ വലിയ അത്ഭുതമായിരിക്കും. നമുക്ക് അതിനുവേണ്ടി പ്രതീക്ഷയോടെ പ്രാർത്ഥിക്കാം, ആത്മാർത്ഥതയോടെ പ്രവർത്തിക്കാം. എന്നാൽ അതിനു പ്രാരംഭമായുള്ള ദൈവപരിപാലനയുടെ വ്യക്തമായ പ്രകടനമാണ്, വ്യത്യസ്ത കേന്ദ്രങ്ങളിൽനിന്ന് ഉത്ഭവിച്ച് വേർതിരിഞ്ഞൊഴുകിയിരുന്ന രണ്ടു ധാരകൾ, പുനരൈക്യവും എക്യുമെനിസവും, ഒന്നിച്ചുചേരുക. ശ്രമസാദ്ധ്യമായ ഒരു കാര്യമാണിത്, ആരംഭത്തിൽ വളരെ ആശയക്കുഴപ്പമുണ്ടാക്കുന്ന ഒരു ശ്രമം. പക്ഷേ അതിനാണ് ദൈവം നമ്മെയിന്ന് വിളിക്കുന്നത്

***ക്രൈസ്തവകാഹളം, 1971 നവംബർ***



# 65

# എക്യുമെനിസവും ക്രൈസ്ത വൈക്യപ്രവർത്തനവും - I

### 1. ഒരുവിശ്വാസവും പല ചിന്തകളും

സഭാ ചരിത്രകാരന്മാർ താല്പര്യത്തോടെ നോക്കുന്ന ഒന്നാണ് വിജിലിയൂസ് മാർപ്പാപ്പായും ജസ്റ്റീനിയിൻ ചക്രവർത്തിയും തമ്മിലുള്ള മത്സരം. നെപ്പോളിയന് സമാന്തരവ്യക്തിയാണ് ജസ്റ്റീനിയൻ ചക്രവർത്തി. രണ്ടുപേരും വലിയ സാമ്രാജ്യങ്ങൾ സ്ഥാപിച്ചു. അവർ ക്രോഡീകരിച്ച നിയമ സംഹിതകളാകട്ടെ പാശ്ചാത്യ സംസ്കാരത്തിന് എന്നും മുതൽക്കൂട്ടാണ്. ചരിത്രത്തിന്റെ രണ്ടു വിദൂരഘട്ടങ്ങളിൽ ജീവിച്ചിരുന്ന ഇവർ തമ്മിൽ, സഭയെ സംബന്ധിച്ചിടത്തോളമുള്ള വലിയ സാമ്യം ഇവർ രണ്ടുപേരും തങ്ങളുടെ ഇംഗിതം അംഗീകരിപ്പിക്കുവാൻ മാർപ്പാപ്പാമാരെ തടവിലിട്ടു എന്നതാണ് — ജസ്റ്റീനിയൻ വിജിലിയൂസ് മാർപ്പാപ്പായെയും നെപ്പോളിയൻ ഏഴാം പീയൂസ് മാർപ്പാപ്പായെയും.

ജസ്റ്റീനിയന്റെ ആവശ്യം തന്റെ വിശാല സാമ്രാജ്യത്തിലെ രണ്ടു പ്രബല കക്ഷികളായ കത്തോലിക്കരും ഏകസ്വഭാവവാദികളും തമ്മിലടിക്കരുതെന്നതായിരുന്നു. പരമ്പരാഗതവിശ്വാസം പുലർത്തുകയും സഭയുടെ വളർച്ച ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്തിരുന്ന ജസ്റ്റീനിയൻ കൽക്കദോനിയാ സൂനഹദോസിനെ സ്വീകരിക്കുവാൻ ഏക സ്വഭാവവാദികളെ നിർബന്ധിച്ചു; അതേസമയം ഒത്തുതീർപ്പു മനോഭാവത്തിൽ അവർ മത്സരിച്ചിരുന്ന മൂന്നു കാര്യങ്ങളും കത്തോലിക്കരും, അതായത് മാർപ്പാപ്പായും, ശപിക്കണമെന്നും. എന്നാൽ അവയിലെ പ്രധാന കഥാപാത്രങ്ങളായിരുന്ന രണ്ടുപേരെ കൽക്കദോനിയ സൂനഹദോസ് സത്യവിശ്വാസികളായി എടുത്തു പറഞ്ഞു കഴിഞ്ഞിരുന്നു. അതുകൊണ്ട് മാർപ്പാപ്പാ ചക്രവർത്തിയുടെ ഇംഗിതത്തിന് വഴങ്ങിയില്ല. ചക്രവർത്തി മാർപ്പാപ്പായെ തടവിലാക്കി. ആറു മാസത്തെ നിരന്തരമായ ഹേമത്തിനു ശേഷം വൃദ്ധനായ വിജിലിയൂസ് പാപ്പ ചക്ര

www.malankaralibrary.com

വർത്തി ആവശ്യപ്പെട്ടത് ഒപ്പിട്ടുകൊടുത്തു. തടവിൽ നിന്ന് മോചിതനായതോടെ നിർബന്ധ പ്രകാരം, ഏകസ്വഭാവവാദികൾ ചക്രവർത്തി മുഖേന ആവശ്യപ്പെട്ട മൂന്നുകാര്യങ്ങളെ, ശപിച്ചത് മാർപ്പാപ്പാ പിൻവലിക്കുകയും ചെയ്തു. ഇതാണ് ജസ്റ്റീനിയൻ ചക്രവർത്തിയും വിജിലിയൂസ് മാർപ്പാപ്പായും തമ്മിലുണ്ടായ കുഴഞ്ഞുമറിഞ്ഞ ബന്ധങ്ങളുടെ ചുരുങ്ങിയ രൂപം.

സഭാ ചരിത്രകാരന്മാർ ഈ കഥയിൽ താല്പര്യം കാണിക്കുന്നത് മാർപ്പാപ്പായുടെ അപ്രമാദിത്വത്തെ ചൊല്ലിയാണ്. ഒരു മാർപ്പാപ്പാ സമ്മർദ്ദത്തിന്റെ പേരിൽ തന്റെ ഹിതത്തിന് വിപരീതമായത് സമ്മതിക്കുമോ? അങ്ങനെ ചെയ്യാതിരിക്കാൻ ദൈവം സഹായിക്കുകയില്ലേ? മാത്രമല്ല ഒരിക്കൽ സമ്മതിച്ചത് മാർപ്പാപ്പായ്ക്ക് പിന്നീടു പിൻവലിക്കാമോ? ഇവയാണ് പ്രശ്നങ്ങൾ. ഇവ പ്രശ്നങ്ങളാകുന്നത് മാർപ്പാപ്പായും ദുർബലനായ മനുഷ്യനാണെന്നും അദ്ദേഹം ചെയ്യുന്നതെല്ലാം സഭയുടെ പരമാധികാരിയെന്ന നിലയിൽ ആകണമെന്നില്ലെന്നും വിസ്മൃതമാകുമ്പോഴാണ്. വിശ്വാസത്തെ നേരിട്ട് സ്പർശിക്കാത്ത കാര്യങ്ങളിൽ ഒരു മാർപ്പാപ്പാ ചെയ്ത തീരുമാനങ്ങൾ അദ്ദേഹത്തിനോ അദ്ദേഹത്തിന്റെ പിൻഗാമികൾക്കോ മാറ്റാമോയെന്നതും ഇന്നത്തെ ചൂടുള്ള പ്രശ്നമാണ്. ജനനനിയന്ത്രണത്തെപ്പറ്റി തീരുമാനമെടുത്ത് ഇന്നത്തെ മാർപ്പാപ്പാ ഈ പ്രശ്നത്തിന് പരിഹാരം കാണാത്തതും താമസിക്കുന്നതും ഇതു കൊണ്ടുമായിരിക്കണം.

വിജിലീസ് മാർപ്പാപ്പായുടെ കഥ ഇവിടെ എടുത്തു പറയാൻ കാരണമുണ്ട്. അദ്ദേഹം ആദ്യം വിസമ്മതിക്കുകയും പിന്നീട് സമ്മതിക്കുകയും അവസാനം പിൻവലിക്കുകയും ചെയ്ത ആ മൂന്നു കാര്യങ്ങൾക്കു മൂന്നു ഖണ്ഡികകൾ (tris capitul) എന്ന് ചരിത്രകാരന്മാർ പറയുന്നു. മോഫ്സു വെസ്തിയായിലെ തെയഡോറും തെയഡോറിന്റെ എഴുത്തുകളും, ചീറൂസിലെ മെത്രാനായ തെയോഡോറൈറ്റ് എഫേസൂസ് സൂനഹദോസിന്റെ കാലത്ത് വിശുദ്ധ കൂറില്ലോസിനെതിരായി എഴുതിയ ലേഖനങ്ങൾ, എദേസ്സായിലെ മെത്രാനായ ഈബാസ് സെലൂഷ്യായിലെ മെത്രാനായ മാറിസിന് എഫേസൂസ് സൂനഹദോസിനെപ്പറ്റി എഴുതിയ കത്ത് — ഇവയാണ് മൂന്നു ഖണ്ഡികകൾ എന്ന പേരിൽ അറിയപ്പെടുന്നത്. ഇവയെയെല്ലാം ശപിക്കണമെന്നായിരുന്നു ജസ്റ്റീനിയൻ ചക്രവർത്തി വീജിലിയൂസ് മാർപ്പാപ്പായോട് ആവശ്യപ്പെട്ടത്.



മൂന്നു ഖണ്ഡികകളിൽ സഭയുടെ ആരംഭകാലത്ത് നിലവിലിരുന്ന വ്യക്തമായ ഒരു ചിന്താഗതിയാണ് നാം കാണുന്നത്. അന്ത്യോഖ്യൻ എന്ന അഭിധാനത്തിൽ അത് ഇന്നും അറിയപ്പെടുന്നു. നെസ്തോറിയൂസ് തന്റെ പാഷണ്ഡത പ്രചരിപ്പിച്ചത് ഈ ചിന്താഗതിയുടെ വക്താവെന്ന നിലയിലായിരുന്നു. മൂന്നു ഖണ്ഡികകളിലെ തെയോഡോർ നെസ്തോറിയസിന്റെ ഗുരുവായിരുന്നു, തെയോഡറെറ്റും ഈബാസും അദ്ദേഹത്തിന്റെ ഉറ്റ ചങ്ങാതികളും. മാത്രമല്ല നെസ്തോറിയൻ പാഷണ്ഡതയെ ശപിക്കുവാൻ അലക്സാൻഡ്രിയായിലെ മാർ കൂറില്ലോസിന്റെ അധ്യക്ഷതയിൽ കൂടിയ എഫേസൂസ് സൂനഹദോസിൽ കൂറിലോസിനെ എതിർത്തത് പ്രധാനമായി തെയോഡറേറ്റായിരുന്നു അതുകൊണ്ട് മൂന്നു ഖണ്ഡികകളിൽ നെസ്തോറിയൻ പാഷണ്ഡതയുണ്ടെന്നായിരുന്നു ഏകസ്വഭാവ വാദികളുടെ നില. ജസ്റ്റീനിയൻ ചക്രവർത്തിയും അതുതന്നെ ഏറ്റു പറഞ്ഞു. തെയഡോറിന്റെ കാര്യത്തിൽ സംശയത്തിന് വകയുണ്ടെങ്കിലും തെയോഡറേറ്റും ഈബാസും പാഷണ്ഡികളല്ലെന്നായിരുന്നു മാർപ്പാപ്പായുടെ തീരുമാനം.

വാസ്തവത്തിൽ മാർ കൂറില്ലോസ് മുമ്പനായി നില്ക്കുന്ന അലക്സാൻഡ്രിയൻ ചിന്താഗതിയും അന്ത്യോഖ്യൻ ചിന്താഗതിയും തമ്മിലുള്ള മത്സരമാണ് നാമിവിടെ കാണുന്നത്. രണ്ടു കൂട്ടരും പരസ്പരം പാഷണ്ഡത ചുമത്തിക്കൊണ്ടിരുന്നു, പാഷണ്ഡത ഉണ്ടായിരുന്നാലും ഇല്ലായിരുന്നാലും. അന്ത്യോഖ്യൻ ചിന്താഗതിക്കാരനായ നെസ്തോറിയൂസ് വിശ്വാസ വിപരീതം പഠിപ്പിച്ചപ്പോൾ അലക്സാൻഡ്രിയൻ ചിന്താഗതി പുലർത്തിയിരുന്ന എവുത്തിക്കോസ് ഏക സ്വഭാവവാദവും ഉന്നയിച്ചു. ഇങ്ങനെ രണ്ടുകൂട്ടരും പരസ്പരം പേരു വിളിക്കുവാൻ കാരണമായി. ഒരു കൂട്ടർക്കും ഇതരരുടെ മനോഭാവം വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ സാധിച്ചില്ല. അതേസമയം സ്വന്ത ഗ്രൂപ്പിലെ നേതാക്കന്മാരെ സാധാരണക്കാർ പിൻചെല്ലുകയും ചെയ്തു. മാത്രമല്ല, ആദ്യകാലത്ത് വിശ്വാസത്തിന്റെ വിശദാംശങ്ങളെ സംബന്ധിച്ചിടത്തോളം അനിശ്ചിതത്വം ഉണ്ടായിരുന്നതു കൊണ്ട് ഇരുകൂട്ടർക്കും പരസ്പരം ചർച്ച ചെയ്യാതെ തന്നെ സ്വന്തം ചിന്താ പദ്ധതിയനുസരിച്ച് മുമ്പോട്ടു പോകാൻ ഇന്നത്തെക്കാൾ കൂടുതൽ അവസരമുണ്ടായിരുന്നു., സത്യം വെളിവാക്കാൻ സാധ്യതയുണ്ടായിരുന്നതുപോലെ തെറ്റു ഉന്നയിക്കാനും കുഴപ്പം സൃഷ്ടിക്കാനും. മാർപ്പാപ്പായുടെ നിലയാകട്ടെ ഈ രണ്ടു ചിന്താഗതികളുടെയും മുകളിൽ നിയന്ത്രകന്റെ നിലയായിരുന്നു, വിശ്വാസതല

www.malankaralibrary.com

ത്തിൽ കൂടുതൽ അഗാധമായ ബോധവും ദൈവിക പരിപാലനയും എല്ലാ മാർപ്പാപ്പാമാർക്കും ഉള്ളതുകൊണ്ട്. അതുകൊണ്ട് അലക്സാൻഡ്രിയൻ ചിന്താഗതിയെയോ അന്ത്യോഖ്യൻ ചിന്താഗതിയെയോ മൊത്തത്തിൽ തെറ്റായി പരിഗണിക്കുവാൻ ഒരു മാർപ്പാപ്പായും മുതിർന്നിട്ടില്ല.

എന്താണ് അന്ത്യോഖ്യൻ ചിന്താഗതി? എന്താണ് അലക്സൻഡ്രിയൻ ചിന്താഗതി? അവ തമ്മിലുള്ള വ്യത്യാസമെന്ത്? ഈ രണ്ടു ചിന്താഗതികളും അടിസ്ഥാനമിട്ടത് വേദപുസ്തകത്തെ വ്യാഖ്യാനിക്കുന്നതിലാണ്. അന്ത്യോഖ്യൻ ചിന്താഗതി അക്ഷരാർത്ഥത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തു. ഈ ചിന്താഗതിയുടെ പ്രധാന വക്താവാണ് സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ്. അക്കാരണത്താൽ അദ്ദേഹത്തിന്റെ വേദപുസ്തകവ്യാഖ്യാനം ഇന്നും സമാദരണീയമാണ്. ഇതേ അന്ത്യോഖ്യൻ ചിന്താഗതി വിശ്വാസപരമായ കാര്യത്തിൽ നമ്മുടെ കർത്താവിന്റെ മനുഷ്യത്വത്തിനും ബാഹ്യപ്രവൃത്തികൾക്കും കൂടുതൽ പ്രാധാന്യം കൊടുത്തു. വിശ്വാസപരമായ വിവരണത്തെ സംബന്ധിച്ചിടത്തോളം ഇതിന്റെ വലിയ പ്രയോക്താവ് ചീറൂസിലെ തെയോഡൊറ്റായിരുന്നു. തെയോഡറേറ്റ് പാഷണ്ഡിയല്ലായിരുന്നു എന്നാണ് മിക്ക വേദശാസ്ത്ര പണ്ഡിതന്മാരും പറയുന്നത്. ഏതായാലും അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്തായിരുന്ന നെസ്തോറിയസ് കർത്താവിൽ രണ്ടു സ്വഭാവമുള്ളതുപോലെ രണ്ടാളുമുണ്ടെന്ന തന്റെ അബദ്ധവാദം പുറപ്പെടുവിച്ച് ഈ ചിന്താഗതിക്കാരുടെയിടയിൽ വലിയ ആശയക്കുഴപ്പം ഉളവാക്കിയെന്നതിൽ സംശയമില്ല. തെയോഡറ്ററും അതിൽ പെട്ടോ, എന്തോ.

അലക്സാൻഡ്രിയൻ ചിന്താഗതിയാകട്ടെ വേദ പുസ്തകവ്യാഖ്യാനത്തിൽ രൂപകാർത്ഥത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തു. വിശ്വാസകാര്യങ്ങളിലാകട്ടെ നമ്മുടെ കർത്താവിന്റെ ദൈവത്വത്തെ മുൻനിറുത്തി മറ്റു വിശദാംശങ്ങളിലേയ്ക്ക് കടക്കുകയായിരുന്നു ഇതിന്റെ പ്രത്യേകത. ഒരിജൻ ആണ് ഈ ചിന്താഗതിയുടെ ഏറ്റം വലിയ വക്താവ്; അന്ത്യോഖ്യൻ ചിന്താഗതിയുമായി കൂടുതൽ പടവെട്ടിയത് അലക്സാൻഡ്രിയായിലെ മാർ കൂറിലോസും. തെയോഡറ്ററായിരുന്നു ഇതിൽ അദ്ദേഹത്തിന്റെ എതിരാളി. വലിയ ബുദ്ധമാനോ പണ്ഡിതനോ അല്ലായിരുന്നെങ്കിലും എവുത്തിക്കോസ് ഏക സ്വഭാവവാദം ഉന്നയി



ച്ചത് അലക്സാൻഡ്രിയൻ ചിന്താഗതിയുടെ പ്രയോക്താവ് എന്ന നിലയിലായിരുന്നു. അങ്ങിനെ രണ്ടു ചിന്താഗതിയുടെയും വക്താക്കളായി വിശുദ്ധന്മാരും പണ്ഡിതന്മാരുമുണ്ടായിരുന്നു. രണ്ടിന്റെയും അതിരുകടന്ന പ്രയോഗത്തിൽ പാഷണ്ഡതകളും ഉണ്ടായി.

വിശ്വാസപരമായ കാര്യങ്ങളിൽ പണ്ഡിതന്മാർ പക്ഷത്തുണ്ടെന്നതു മാത്രം ഒരു ചിന്താഗതിയുടെ ബലമല്ല; വിശ്വാസരഹസ്യങ്ങളിൽ മനുഷ്യബുദ്ധിയുടെ കണക്കുക്കൂട്ടൽ തെറ്റിപ്പോകാൻ ഇടയുണ്ട്, തെറ്റിപ്പോയിട്ടുമുണ്ട്. അതുപോലെ, വിശുദ്ധന്മാരുടെ സദുദ്ദേശത്തെ ചോദ്യം ചെയ്യാൻ പാടില്ലെങ്കിലും വിശ്വാസപരമായ കാര്യങ്ങളിൽ അവർ പറയുന്നതെല്ലാം ശരിയാണെന്ന് സമ്മതിക്കണമെന്നുമില്ല. ഇതാണ് രണ്ടു ചിന്താഗതിയുടെയും ചരിത്രം പഠിക്കുന്ന ഒരാൾക്ക് തോന്നുന്ന ഒരു കാര്യം.

പരമ്പരാഗതമായ വിശ്വാസത്തെ അതേപടി പുലർത്തിക്കൊണ്ട് കൂടുതൽ വിശദീകരണം നല്കുന്നിടത്തോളം, ഓരോ ചിന്താഗതിയ്ക്കും അതിന്റേതായ സ്ഥാനമുണ്ട്. വ്യത്യസ്ത ചിന്താഗതികൾ ആവശ്യവുമാണ്. ഉദാഹരണമായി യേശുക്രിസ്തുവിന്റെ ദൈവത്വത്തെ മുൻ നിറുത്തിയുള്ള അലക്സാൻഡ്രിയൻ ചിന്താഗതിയും മനുഷ്യത്വത്തെ മുൻ നിറുത്തിയുള്ള അന്ത്യോഖ്യൻ ചിന്താഗതിയും വ്യത്യസ്തമായ വിശദാംശങ്ങൾ വ്യക്തമാക്കുന്നതുകൊണ്ട്, ക്രിസ്തുവിന്റെ സഭയിൽ തുല്യസ്ഥാനം അർഹിക്കുന്നു. എന്നാൽ രണ്ടും തമ്മിലുള്ള മത്സരത്തിൽ രണ്ടിനും പൊതു അടിസ്ഥാനമായ പരമ്പരാഗത വിശ്വാസത്തെ തന്നെ വിട്ടു പോകുകയാണെങ്കിൽ രണ്ടും ഒരുപോലെ വിനാശകരവുമാണ്. അവിടെ മനുഷ്യബുദ്ധി ദൈവവെളിപാടിന്റെ സ്ഥാനം കവർന്നെടുക്കുന്നു, വിശ്വാസവിപരീതങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. ഏതൊരു ചിന്താഗതിയാകട്ടെ, മനുഷ്യബുദ്ധിക്ക് വേണ്ടാത്ത പ്രാമാണ്യം കല്പിച്ചാൽ ദൂഷ്യമുണ്ടാക്കുന്നു, അല്ലെങ്കിലൊ വിശ്വാസത്തിന് സേവ ചെയ്ത് അതിനെ മനുഷ്യന് കൂടുതൽ സുഗ്രഹമാക്കിത്തീർക്കുന്നു. ഇതാണ് അന്ത്യോഖ്യനും അലക്സാൻഡ്രിയനുമായ ചിന്താഗതികളുടെ ചരിത്രത്തിൽ നിന്ന് നാം പഠിക്കുന്ന പ്രധാന പാഠം.

ഇവയുടെ ചരിത്രത്തിൽ നിന്ന് വ്യക്തമാകുന്ന വേറൊരു കാര്യം വിശ്വാസത്തെ കൂടുതൽ വെളിവാക്കുന്ന ഈ മനുഷ്യചിന്തകളിൽ സഭയുടെ, അല്ലെങ്കിൽ സഭയുടെ മേലധികാരത്തിന്റെ സ്ഥാനമാണ്. മേൽപ്പ

www.malankaralibrary.com

റഞ്ഞ രണ്ടു ചിന്താഗതികളുടെയും വക്താക്കളായി നിന്നുകൊണ്ട് അലക്സാൻഡ്രിയായിലെ മാർ കൂറിലോസും നെസ്തോറിയൂസും തമ്മിൽ ഏറ്റുമുട്ടിയപ്പോൾ റോമിലെ മാർപ്പാപ്പായാണ് മാധ്യസ്ഥം വഹിച്ചത്. അദ്ദേഹം നെസ്തോറിയൂസിനെ ശപിക്കുവാൻ കൂറിലോസിനോട് ആവശ്യപ്പെട്ടു. കൂറിലോസാകട്ടെ ഒരു പടികൂടെ കടന്ന് അലക്സാൻഡ്രിയൻ ചിന്താഗതി അനുസരിച്ച് പന്ത്രണ്ട് പ്രസ്താവങ്ങളുണ്ടാക്കി എഫേസൂസ് സൂനഹദോസിൽ കൂടിയ പിതാക്കന്മാരെക്കൊണ്ട് അംഗീകരിപ്പിച്ചു. അലക്സാൻഡ്രിയാക്കാരുടെ വീക്ഷണത്തിലും വ്യാഖ്യാനത്തിലും അവയിൽ വിശ്വാസ വിപരീതമൊന്നുമില്ലായിരുന്നുവെങ്കിലും അന്ത്യോഖ്യാക്കാർ അവയിൽ വേദവിപരീതമാണ് കണ്ടത് കാരണം ഒരേ വാക്കിനും ശൈലിക്കും വ്യത്യസ്തമായ അർത്ഥമാണ് അലക്സാൻഡ്രിയായിലും അന്ത്യോഖ്യയിലുമുള്ളവർ കണ്ടിരുന്നത്. ഈ വാഗ്വാദത്തിൽ, എഫേസൂസ് സൂനഹദോസിൽ ആധ്യക്ഷം വഹിച്ച മാർ കൂറിലോസും കൂട്ടരും ജയിച്ചു, തെയോഡറേറ്റും കൂട്ടരുമാകട്ടെ യാതൊരു പാഷണ്ഡതയും ഉദ്ദേശിച്ചില്ലെങ്കിലും സഭയിൽ നിന്ന് നിഷ്കാസിതരാകുകയും ചെയ്തു. മാർപ്പാപ്പാ അന്ത്യോഖ്യാക്കാരുടെ മഹറോൻ അംഗീകരിച്ചില്ല, പക്ഷെ എഫേസൂസ് സൂനഹദോസിന്റെ തീരുമാനങ്ങൾ സ്വീകരിക്കുവാൻ അവരെ നിർബന്ധിച്ചു. അന്ത്യോഖ്യക്കാരാകട്ടെ അതിന് വഴിപ്പെട്ടില്ല. മാർ കൂറിലോസ് പാഷണ്ഡിയാണെന്ന് ആത്മാർത്ഥമായി ധരിച്ചിരുന്നതുകൊണ്ട്. അവസാനം അന്ത്യോഖ്യൻ ചിന്താഗതിയുടെ പ്രമുഖ വക്താവായ തെയോഡറേറ്റ്, കർത്താവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും തമ്മിലുള്ള ഐക്യത്തെപ്പറ്റി എഴുതിയ ഫോർമുല കൂറിലോസ് മാർപ്പാപ്പായുടെ നിർബന്ധപ്രകാരം സമ്മതിക്കുകയും എല്ലാം നേരെയാവുകയും ചെയ്തു. ഇങ്ങനെ സഭയിൽ മനുഷ്യരുടെ വ്യത്യസ്തമായ ചിന്താരൂപങ്ങളെന്നപോലെ അവയെ ഒന്നിപ്പിക്കുന്ന ദൈവികനിയന്ത്രണവും ആവശ്യമാണെന്ന് എഫേസൂസ് സൂനഹദോസിനെ ചുറ്റിപ്പറ്റിയുള്ള വാഗ്വാദവും അതിന്റെ അന്ത്യവും സുതരാം വ്യക്തമാക്കുന്നു.

സഭയിൽ വിവിധ ചിന്താഗതികൾ ഉണ്ടായത് എഫേസൂസിലെയും കല്ക്കദൊനിയായിലെയും സൂനഹദോസുകളുടെ കാലത്ത് മാത്രമല്ല. അതുപോലെ, അവ രൂപം കൊണ്ടത് അലക്സാൻഡ്രിയായിലും അന്ത്യോഖ്യായിലും മാത്രവുമായിരുന്നില്ല. അവ എപ്പോഴും എവിടെയുമുണ്ടാകാം. എന്നാൽ സഭയിൽ അഞ്ചും ആറും നൂറ്റാണ്ടിനു



ശേഷമുണ്ടായ വ്യത്യസ്ത ചിന്താഗതികൾ ദൈവശാസ്ത്രത്തിന്റേതിനെക്കാൾ തത്വശാസ്ത്രത്തിന്റെ മണ്ഡലത്തിലായിരുന്നു. അവിടെയാകട്ടെ വിശുദ്ധ തോമസ് അക്വിനാസ് അജയ്യനായ വ്യക്തിയാണ്. അദ്ദേഹത്തിനു ശേഷം കുറേ നാളത്തേയ്ക്ക് ദൈവ ശാസ്ത്രത്തെയും തത്വശാസ്ത്രത്തെയും പറ്റി ഒരു കാര്യത്തിലും രണ്ട് അഭിപ്രായമുണ്ടായിരുന്നില്ല. പതിനാറാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റു വിപ്ലവമുണ്ടായതു തന്നെ അന്ന് പൊന്തിവന്ന വിശ്വാസവീക്ഷണത്തിന് താത്വികാടിസ്ഥാനത്തിൽ അക്വിനാസിന്റെ ചിന്തയ്ക്കൊപ്പം തലയുയർത്തി നില്ക്കാൻ സാധിക്കാത്തതുകൊണ്ടായിരുന്നു. പ്രൊട്ടസ്റ്റന്റു വിപ്ലവത്തിന് ശേഷവും കത്തോലിക്കാസഭയിൽ ഏകാഭിപ്രായം തന്നെ പുലർന്നുവന്നു. സഭയ്ക്കു പുറത്ത് രൂപംകൊണ്ട പുതിയ വീക്ഷണങ്ങളിലാകട്ടെ തെറ്റും ശരിയും കലർന്നു കിടന്നിരുന്നതുകൊണ്ട് ക്രിസ്തീയ വിശ്വാസത്തിൽ വേണ്ടുന്ന പ്രാഭവം ചെലുത്തിയുമില്ല.

ഈ അവസ്ഥയ്ക്കു ഒരു മാറ്റം വന്നിരിക്കുകയാണ് രണ്ടാം വത്തിക്കാൻ സൂനഹദോസോടുകൂടി. ആരും പ്രതീക്ഷിക്കാത്ത വിഭിന്നാഭിപ്രായങ്ങൾ അവിടെ പൊന്തിവന്നു; പുറത്താരും വിശ്വസിക്കാത്ത വാഗ്വാദങ്ങളും അവിടെയുണ്ടായി. അതേ സമയം രണ്ടുകാര്യം ഈ സൂനഹദോസ് വ്യക്തമായി വെളിച്ചത്ത് കൊണ്ടു വന്നു — ഒന്നാമതായി ഒരേ വിശ്വാസം പാലിച്ചിരുന്നവർ തന്നെയാണ് പല വീക്ഷണങ്ങൾ പുലർത്തിയിരുന്നതെന്നും വിശ്വാസത്തിന്റെ പേരിൽ വ്യക്തിപരമോ വിഭാഗീകമോ ആയ വിഭിന്നാഭിപ്രായങ്ങൾ വിട്ടുകളഞ്ഞ് ഒരേ വിശ്വാസത്തിൽ ഒന്നിച്ചു നില്ക്കാൻ ലോകമെങ്ങുമുള്ള മെത്രാന്മാർ സന്നദ്ധരായിരുന്നുവെന്ന്. രണ്ടാമതായി ഒരേ വിശ്വാസത്തിന്റെ മെച്ചപ്പെട്ട ഗ്രഹണത്തിനും പോഷണത്തിനും വിഭിന്ന ചിന്തകളും വീക്ഷണങ്ങളും പ്രതിബന്ധമിടുകയല്ല, പ്രത്യുത സഹായിക്കുകയുമാണ്, എന്ന്. അതായത് വിശ്വാസത്തിന്റെ ഒരു പുതിയ മുഖം കണ്ടെത്തുവാൻ സൂനഹദോസു പിതാക്കന്മാർക്ക് സാധിച്ചു. മറ്റു സൂനഹദോസുകൾ ചെയ്തതുപോലെ യാതൊരു സിദ്ധാന്തത്തെയും രണ്ടാം വത്തിക്കാൻ സൂനഹദോസു ശപിച്ചില്ല. മറ്റവസരങ്ങളിൽ ഉണ്ടായതു പോലെ ആരും സൂനഹദോസു നിശ്ചയങ്ങളെ എതിർക്കുകയോ സഭയ്ക്ക് പുറത്തുപോകുകയോ ചെയ്തുമില്ല.

ഇന്ന് ജസ്റ്റീനിയനെപ്പോലെ ഒരു ലൗകികാധികാരിയില്ല മാർപ്പാപ്പായെയോ മെത്രാന്മാരെയോ ദൈവം തരുന്ന വെളിച്ചത്തിന് എതിരായി

www.malankaralibrary.com

നിർബന്ധിക്കുവാൻ. വെറും പ്രാദേശികവും വൈകാരികവുമായ പരിഗണനവെച്ച് ഒരു ദേശത്തുകാർ മറ്റു ദേശത്തുകാരുടെ നന്മയും തിന്മയും സത്യവും അസത്യവും ഒരുപോലെ എതിർക്കുന്ന നിലപാടും ഇനിയുമുണ്ടാകുകയില്ല. പക്ഷേ അതുപോരാ. ഓരോ ചിന്താഗതിയും സ്വന്തം രൂപം വെടിയാതെ ഇതരരുടെ ചിന്തയിലേയ്ക്ക് പടരുക, വത്തിക്കാൻ സൂനഹദോസ് വിശ്വാസ പുരോഗതിയ്ക്ക് ആവശ്യമായി ദർശിക്കുന്നു. അതിന് അനുസരിച്ച് നാമെല്ലാവരും വളരുന്നുണ്ടോ, എന്തോ.

***ക്രൈസ്തവകാഹളം, 1972 ജൂലൈ***



# 66

# എക്യൂമെനിസവും ക്രൈസ്ത ഐക്യപ്രവർത്തനവും – 2

## 2. വേർപാടിന്റെ മുറിവ്

ക്രൈസ്തവസഭയിലെ ഭിന്നതയുടെ കഥ വളരെ പഴക്കമുള്ളതാണ്. വിശുദ്ധ പൗലോസ്ശ്ലീഹാ കോറന്തോസുകാർക്ക് എഴുതിയ ലേഖനത്തിൽ തന്നെ അതേപ്പറ്റി പരാമർശമുണ്ട്. വിശുദ്ധശ്ലീഹാ ഇങ്ങനെ പറയുന്നു –

ഞാൻ ഇതു നിങ്ങളോടു പറയുന്നു: ഞാൻ പൗലൂസിനുള്ളവനാകുന്നു എന്നു പറയുന്ന ചിലർ നിങ്ങളിലുണ്ട്; ഞാൻ അപ്പലോയ്ക്കുള്ളവനാകുന്നു എന്നു പറയുന്ന ചിലർ നിങ്ങളിലുണ്ട്; ഞാൻ കേപ്പായ്ക്കുള്ളവനാകുന്നു എന്നു പറയുന്ന ചിലർ നിങ്ങളിലുണ്ട്. മിശിഹാ ഒരു പക്ഷേ ഭാഗിക്കപ്പെട്ടിരിക്കുന്നുവോ....... (1 കോരി. 1, 12–13)

പക്ഷേ അന്നത്തേയും ഇന്നത്തെയും ഭിന്നതകൾ തമ്മിൽ സാരമായ വ്യത്യാസമുണ്ട്, അന്ന് പലരുടെ പേരിലായിരുന്നുവെങ്കിൽ ഇന്ന് ക്രിസ്തുവിന്റെ പേരിൽ പല അഭിപ്രായങ്ങളായാണ് വിഭജിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ക്രിസ്തുവിനെയും ക്രിസ്തുവിന്റെ സഭയെയും സംബന്ധിച്ചിടത്തോളം രണ്ടു ഭിന്നതകളും ഒരേ ഗണത്തിൽപെടുന്നവയാണ്.

മേല്പറഞ്ഞ ഉദ്ധരണിയിൽ ക്രിസ്തു വിഭജിക്കപ്പെട്ടിരിക്കുന്നുവോയെന്ന് വിശുദ്ധ പൗലൂസ് ചോദിക്കുന്നത് ആലങ്കാരികഭാഷയിലല്ല. പൗലൂസിന്റെ പരിചയം ക്രിസ്തുവിനോടു നേരിട്ടല്ല, ക്രിസ്തുവിന്റെ മൗതികശരീരമായ സഭയോടാണ്. ആ സഭയെയാണ് ക്രിസ്തുവായി അദ്ദേഹം ദർശിച്ചത്. ദമാസ്കസിനു പോകുന്ന അവസരത്തിൽ സഭയെ പീഡിപ്പിക്കുവാൻ പോയിരുന്ന അദ്ദേഹത്തോട് 'നീയെന്തിന് എന്നെ പീഡിപ്പിക്കുന്നു' വെന്ന കർത്താവിന്റെ വചനം പൗലൂസിന്റെ ചേവിക

www.malankaralibrary.com

ളിൽ ജീവിതകാലം മുഴുവൻ മുഴങ്ങിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ ഉടനീളം അതിന്റെ ധ്വനി വീണ്ടും വീണ്ടും അലയടിക്കുന്നത് വ്യക്തമായ വസ്തുതയാണ്. സഭയെ ക്രിസ്തുവിന്റെ ശരീരമായും മണവാട്ടിയായും അദ്ദേഹം ദർശിക്കുന്നു. അതുകൊണ്ട് സഭയിലെ ഭിന്നതകൾ ക്രിസ്തുവിൽ തന്നെ മുറിവുകൾ ഉണ്ടാക്കുന്നുവെന്ന അദ്ദേഹത്തിന്റെ പ്രസ്താവം ഒട്ടും അത്യുക്തിയല്ല, ദൈവനിവേശമുള്ള അടിസ്ഥാനസത്യമാണ്. പൗലൂസ് ശ്ലീഹായുടെ കാലത്തുണ്ടായ ഭിന്നത ക്രിസ്തുവിൽ മുറിവുകൾ ഉണ്ടാക്കിയതുപോലെ എക്കാലത്തുമുള്ള ഛിദ്രങ്ങൾ ക്ഷതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അവ ഇന്നും കരിയാതെ നിലനില്പ്പുണ്ട്.

ക്രിസ്തു വിഭജിക്കപ്പെടുക സാദ്ധ്യമല്ല. ദൈവമായ ക്രിസ്തു തന്റെ വ്യക്തിയിലും പ്രവൃത്തിയിലും അവിഭാജ്യനാണ്. മറ്റു മനുഷ്യവ്യക്തികളിൽ സംഭവിക്കുന്നതുപോലെ ആശയങ്ങൾ മാറിമറിഞ്ഞുവരികയും അസാധ്യമാണ് അവിടുത്തെ സംബന്ധിച്ചിടത്തോളം. ക്രിസ്തു ദൈവമാണെന്ന വസ്തുത മതി വിശ്വാസികൾക്ക് അതിന് തെളിവായി. ക്രിസ്തുവിന്റെ പ്രവൃത്തിയും സംസാരവും അതേപടി വെളിപ്പെടുത്തുന്ന സുവിശേഷത്തിൽ വിഭിന്നാഭിപ്രായങ്ങൾ കാണുവാനായി സന്ദേഹവാദികൾ വളരെ കടുത്തു ശ്രമിച്ചിട്ടുണ്ട്. പക്ഷേ സുവിശേഷം മുൻവിധി കൂടാതെ വായിക്കുന്ന ഏതൊരുവനും പറയും, അത് അവരുടെ കെട്ടുകഥയാണെന്ന്. ക്രിസ്തുവിന്റെ പ്രവർത്തനവും പ്രസംഗവും അങ്ങനെ ഏകവും അവിഭാജ്യവുമായിരിക്കുന്നതുപോലെയാണ് ക്രിസ്തുവിന്റെ തുടർച്ചയായ സഭയുടെ കാര്യവും. അതുകൊണ്ട് ക്രിസ്തുവിന്റെ സഭ കുറേ ശതാബ്ദങ്ങൾക്കു ശേഷം നിന്നുപോയെന്ന് വീമ്പടിച്ച് പുതിയ മതനവീകരണവുമായി ഇറങ്ങിവന്നവരെ ഇന്ന് യാതൊരു ക്രിസ്ത്യാനിയും അത്ര മാനിക്കുന്നില്ല. ക്രിസ്തുവിന്റെ പ്രവൃത്തി പരാജയപ്പെട്ടിടത്ത് വിജയിപ്പിക്കാൻ ഏതൊരു മനുഷ്യനാണ് സാധിക്കുക? ഒരുത്തർക്കുമില്ല. ഇന്നാകട്ടെ, ക്രിസ്തുവിന്റെ ഉപദേശം ശ്രവിക്കുന്നതിൽ പല ക്രിസ്ത്യാനികളും പരാങ്മുഖരായിരുന്നുവെന്നും, ഇന്ന് എല്ലാ ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ ആദി ഉപദേശത്തിലേയ്ക്കു തിരികെപ്പോകണമെന്നുമുള്ള ചിന്താഗതിക്കാണ് പ്രാബല്യം. അതാണ് എക്യുമേനിസത്തിന്റെ ആദ്യത്തെ പാഠം. മനുഷ്യരുടെ കുതന്ത്രങ്ങൾകൊണ്ട് ക്രിസ്തു വിഭജിക്കപ്പെടുന്നില്ല. അതേ സമയം ക്രിസ്ത്യാനികളുടെയിടയിലെ അനൈക്യം ക്രിസ്തുവിന്റെ മൗതിക



ശരീരത്തിൽ മുറിവേൽപ്പിക്കുന്നുണ്ട്. അതെങ്ങനെ?

ക്രിസ്തുവിൽ നിന്ന് അവിടുത്തെ അനുയായികൾ വേർപെടുന്നത് എങ്ങനെ എന്നറിവാൻ ക്രിസ്തുവുമായുള്ള ബന്ധമെന്തെന്ന് ആദ്യമായി മനസ്സിലാക്കണം. ഏതൊരു മനുഷ്യനും ആത്മാർത്ഥമായി ദൈവത്തെ സേവിക്കുന്നുവെങ്കിൽ — തന്റെ അറിവനുസരിച്ച് അയാൾ നന്നായി ജീവിക്കുവാൻ ശ്രമിക്കുന്നുണ്ട്. ആഗ്രഹം വഴി മാമോദീസാ സ്വീകരിച്ച് ക്രിസ്തുവിന്റെ സഭയിലെ അംഗമാകുന്നുവെന്നത് കത്തോലിക്കാസഭയുടെ ബോധനമാണ്. ഇന്ന് അതിന് കൂടുതൽ സ്വീകരണവും പ്രാബല്യവുമുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ സഭയിൽ നിന്ന് വേർപെടുക എന്ന പ്രശ്നമില്ല. എന്നാൽ ക്രിസ്തുവുമായി പൂർണ്ണമായി യോജിക്കുക എന്ന വലുതായ ആവശ്യം അവർക്കുണ്ട്. അതേപ്പറ്റി വേറൊരവസരത്തിൽ പ്രസ്താവിച്ചുകൊള്ളാം. അതുപോലെ സഭയ്ക്ക് പുറത്തു നിന്നുകൊണ്ട് മനപ്പൂർവ്വം ക്രിസ്തുവിനെയും സഭയെയും ദുഷിക്കുന്നവരാകട്ടെ ആഗ്രഹം കൊണ്ടുപോലും സഭയുടെ അംഗങ്ങളല്ല. അവരുടെ വിപരീതാഭിപ്രായങ്ങളും ക്രിസ്തുവിന്റെ സഭയിൽ ഭിന്നത സൃഷ്ടിക്കുന്നുവെന്ന് ആരും പറയുകയില്ല.

വെള്ളത്താൽ മാമോദീസാ മുങ്ങിയവർക്കാകട്ടെ ക്രിസ്തുവിന്റെ മൗതികശരീരത്തിൽ മുറിവുണ്ടാക്കാൻ സാധിക്കും. കാരണം അവർ വിശുദ്ധ പൗലൂസ് ശ്ലീഹാ പറയുന്നതുപോലെ ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളാണ്. ജീവവ്യൂഹത്തിൽ നിന്ന് അവയവങ്ങൾ മുറിഞ്ഞുപോകാനിടയുണ്ട്. അതുപോലെ തന്നെ ഓരോ ക്രിസ്ത്യാനിക്കും ക്രിസ്തുവിന്റെ ഉപദേശത്തിനെതിരായി പ്രസംഗിച്ചും പ്രവർത്തിച്ചും ക്രിസ്തുവിന്റെ ശരീരമായ സഭയിൽ ക്ഷതമേല്പിക്കാൻ സാധിക്കും; അതിന് തന്നെ ക്രിസ്തുവുമായി ബന്ധിക്കുന്ന വ്യക്തിപരമായ തന്റെ സ്വാതന്ത്ര്യമുപയോഗിച്ച് ക്രിസ്തുവിൽ നിന്ന് മാറി നിന്നാൽ മതി. എന്നാൽ അതുകൊണ്ടും ഒരുവന് ക്രിസ്തുവിൽ നിന്ന് പൂർണ്ണമായി വേർപെട്ടുപോകാൻ സാധ്യമല്ല. മനുഷ്യരെ പിന്തുടരുന്നവർക്ക് അവരുമായുള്ള ബന്ധം വിച്ഛേദിക്കുക എളുപ്പമാണ്. എന്നാൽ അങ്ങനെയല്ല ക്രിസ്തുവും ക്രിസ്ത്യാനിയും തമ്മിലുള്ളബന്ധം. അതും വീണ്ടും ജനനമാണ്, ഒരിക്കലും നശിക്കാത്ത ബന്ധത്തിന്റെ ആരംഭം. മാമോദീസാ ആത്മാവിൽ മുദ്രകുത്തുന്ന കൂദാശയാണെന്നും ആ മുദ്ര നരകത്തിൽ പീഡയനുഭവിക്കുന്നവർക്ക് കൂടുതൽ നശീകരമാകുമെന്നും സഭ

www.malankaralibrary.com

പഠിപ്പിക്കുന്നത് ഈയടിസ്ഥാനത്തിലാണ്. അങ്ങനെ സ്വർഗ്ഗത്തിൽ കൂടുതൽ മഹത്വത്തിനും നരകത്തിൽ കൂടുതൽ ദുരിതത്തിനും ഈ നല്കുന്ന മാമോദീസായിലെ ബന്ധം ഒരു വ്യക്തിക്കും ഇല്ലാതാക്കിക്കളയാൻ സാധ്യമല്ല. എന്നാൽ ഏതൊരു വ്യക്തിക്കും ആ ബന്ധം കൂടുതൽ രോഗാകുലവും ബലഹീനവുമാക്കാം അതാണ് സ്വന്തഇഷ്ടത്താൽ ക്രിസ്തുവിന്റെ സഭയിൽ നിന്ന് അകന്നു പോകുന്നവർ ചെയ്യുന്നതും. അവരുടെ സംഖ്യ നിരവധിയാണ്. അവരെല്ലാം, മനസ്താപിച്ച് ക്രിസ്തുവിനോട് വീണ്ടും പൂർണ്ണമായി യോജിക്കാത്തിടത്തോളം കാലം ക്രിസ്തുവിന്റെ മൗതികശരീരത്തിലെ രോഗഗ്രസ്തങ്ങളായ ഭാഗങ്ങളായി തുടരുന്നു. രോഗം അവരിൽ മാത്രമല്ല അവരുടെ അനുയായികളിലും അനുയായികളുടെ സന്തതികളിലും അതുകൊണ്ട് ഇന്നു ക്രൈസ്തവരുടെയിടയിലുള്ള ഭിന്നതകളും അനൈക്യവുമെല്ലാം ക്രിസ്തുവിന്റെ മൗതികശരീരത്തിലെ രോഗങ്ങളും മുറിവുകളുമായി നാം പരിഗണിക്കണം. ക്രിസ്തുവിന്റെ ദൈവയാളത്തത്തെയല്ല, ക്രിസ്തുവിന്റെ രക്ഷാകർമ്മത്തെയും, വ്യക്തികളിലുള്ള അതിന്റെ ഫലദായകത്വത്തെയുമാണ് അവ ബാധിക്കുന്നത്. എങ്കിലും ക്രിസ്തുവിന്റെ മൗതികശരീരത്തെയാകെ ബാധിക്കുന്നവയെന്ന നിലയിൽ സഭയിൽ സ്ഥിതി ചെയ്യുന്നവരെയും അവ ആശങ്കാകുലരാക്കണം.

ക്രൈസ്തവസമുദായത്തിൽ ഇന്ന് നിലവിലുള്ള ഈ ഭിന്നതകളെല്ലാം കത്തോലിക്കാസഭയ്ക്ക് പുറത്തുപോയവരുടെ മാത്രം സൃഷ്ടിയല്ല, പ്രത്യുത കത്തോലിക്കരും അതിന് ഉത്തരവാദികളാണ്. ഈ സത്യം നാം തുറന്നു പറഞ്ഞു തുടങ്ങിയിട്ട് അധികം നാളായിട്ടില്ല. എങ്കിലും ഇന്ന് അതിന് സർവ്വസമ്മതമുണ്ട്. ക്രിസ്തുവിന്റെ സഭയിൽ നിന്ന് വ്യക്തികളോ സമൂഹങ്ങളോ പിരിഞ്ഞുപോകുന്നതിന് രണ്ടു ഘട്ടമുണ്ട്. — സഭയ്ക്ക് അകത്ത് നിന്ന് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നതും, സഭയ്ക്കു പുറത്തുപോയി പുതിയ സമൂഹം സ്ഥാപിക്കുകയോ നേരത്തെയുള്ള സഭാസമൂഹത്തിൽ ചേരുകയോ ചെയ്യുന്നതും. രണ്ടാമത്തെ ഘട്ടത്തിൽ കത്തോലിക്കാസഭയ്ക്ക് അകത്തു നില്ക്കുന്നവർക്ക് യാതൊരു പങ്കുമില്ല; എന്നാൽ ആദ്യത്തെ ഘട്ടത്തിലാകട്ടെ യഥാർത്ഥ ഉത്തരവാദിത്തമുണ്ടാകും. ചില പ്രത്യേക സാഹചര്യത്തിൽ പൂർണ്ണഉത്തരവാദിത്വവുമാകാം. സഭയിലെ ചുമതലപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നവർ തെറ്റായ വിശ്വാസം പഠിപ്പിച്ചോ കുറ്റകരമായ ജീവിതം നയിച്ചോ തങ്ങളുടെ കീഴിലുള്ളവരെ സഭയിൽ നിന്ന് അകറ്റുന്നതാണ്



പൂർണ്ണ ഉത്തരവാദിത്വം ഉണ്ടാകുന്നതിന്റെ ഒരു സഹാചര്യം. അവ ചുരുക്കമാണ്. എന്നാൽ വിശ്വാസസംബന്ധമോ വിശ്വാസേതരമോ ആയ കാര്യങ്ങളെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടായി രണ്ടുകൂട്ടരും തങ്ങളുടെ നിലപാട് സാധൂകരിക്കുകയും പരസ്പരമുള്ള വിടവ് വർദ്ധിപ്പിക്കുകയും ചെയ്ത സന്ദർഭങ്ങൾ സഭാചരിത്രത്തിൽ വളരെയുണ്ട്. ആദ്യത്തെ ഘട്ടത്തിലെ സംഭവവികാസമാണ് ഈ പറഞ്ഞത്. അതിൽ, സഭയിൽ തന്നെ നിന്നവരാണോ പിന്നീട് സഭ വിട്ടുപോയവരാണോ കൂടുതൽ തെറ്റു ചെയ്തതെന്ന് വ്യക്തമായി മനസ്സിലാക്കുവാൻ പ്രയാസമാണ്. എന്നാൽ സഭയിൽ നിന്ന് പിരിഞ്ഞുപോയി ക്രിസ്തുവിന്റേതല്ലാത്ത സമൂഹത്തിൽ ചേരുകയെന്ന രണ്ടാം ഘട്ടത്തിലെ പ്രവൃത്തി ആദ്യത്തേതിനേക്കാൾ കൂടുതൽ കുറ്റകരമാണ്; അത് പിരിഞ്ഞുപോയവരുടെ മാത്രവുമാണ്. എന്നാൽ ആദ്യത്തെ ഘട്ടത്തിൽ തെറ്റുകാരാകാതെ ആത്മാർത്ഥയോടെ സഭ വിട്ടുപോയവരെ അതിലും കുറ്റപ്പെടുത്താൻ സാധ്യമല്ല. അപ്പോൾ സഭയിൽ നില്ക്കുന്നവർക്കാണ് പൂർണ്ണ ഉത്തരവാദിത്വം.

അതുകൊണ്ട് ഇന്ന് സഭാ ശരീരത്തിലുള്ള അനൈക്യമെന്ന മുറിവിനെ സംബന്ധിച്ച് ആർക്കും ആരെയും കുറ്റപ്പെടുത്തേണ്ട കാര്യമില്ല. ഓരോരോ കാലത്തുണ്ടായ വേർപാടുകൾക്ക് ആർക്കും എന്തുമാത്രം ഉത്തരവാദിത്വമെന്ന് കണ്ടുപിടിക്കുക ചരിത്രപരമായ പഠനമാണ്. അതുകൊണ്ട് ഇന്ന് ഐക്യസ്ഥാപനത്തിന് കാര്യമായ പ്രയോജനമൊന്നുമില്ല, കൂടുതൽ വസ്തുനിഷ്ഠമായ സമീപനമുണ്ടാകുകയാണെങ്കിൽ. കഴിഞ്ഞ കാലത്ത് സഭയ്ക്ക് അകത്തു നിന്നവരും പുറത്തു പോയവരും ഒരുപോലെ അതിശയോക്തി കലർത്തി പരസ്പരം കുറ്റപ്പെടുത്തി വന്ന പതിവിന് അവസാനം വരുമെന്നത് സത്യമാണ്. വ്യക്തിപരമായ അധിക്ഷേപത്തിന് ഇനിയും സ്ഥാനമില്ല. ലൂഥറെയും കാൽവിനെയും കത്തോലിക്കർ കൊടും പാപികളായും മാർപ്പാപ്പാമാരെ പ്രൊട്ടസ്റ്റന്റുകാർ സാത്താന്റെ അവതാരങ്ങളായും പരിഗണിച്ചുപോന്നതുപോലുള്ള തെറ്റുകൾ പലതും കഴിഞ്ഞകാലത്ത് ഉണ്ടായിട്ടുണ്ട്. അത് ക്രിസ്തീയസ്നേഹത്തിന് വിരുദ്ധമാണ്. ഇന്നത്തെ അനൈക്യം മാറ്റുന്നതിന് അവ ഒട്ടും സഹായകരവുമല്ല. എക്യുമെനിസത്തിന്റെ ആവിർഭാവത്തോടുകൂടി ഈ പുതിയ ചിന്താഗതിക്ക് കൂടുതൽ പ്രാബല്യം സിദ്ധിച്ചിട്ടുണ്ട്.

അനൈക്യം സഭാഗാത്രത്തിൽ ഇന്നുള്ള മുറിവല്ലേ? കഴിഞ്ഞ കാലത്തുള്ളവർ മാത്രമല്ലല്ലോ, ഇന്നുള്ളവരും അതിന് കാരണക്കാരല്ലേ?

www.malankaralibrary.com

ഇന്നത്തെ തെറ്റുകൾ ചൂണ്ടിക്കാണിച്ചെങ്കിലല്ലേ തെറ്റു തിരുത്തുവാൻ സാധിക്കുക, എന്നൊരു ചോദ്യമുണ്ടാകാം. ഇന്നുള്ളവരും തെറ്റുകാരാണ്, ആദ്യത്തെ ഭിന്നതയുണ്ടാക്കിയവരുടെയത്രയല്ലെങ്കിലും. പക്ഷേ അതിലും ഒരു ഭാഗത്തിന് മാത്രം മറുഭാഗത്തെ കുറ്റപ്പെടുത്താൻ സാധ്യമല്ല. അകത്തോലിക്കർ പലപ്പോഴും തങ്ങളുടെ പ്രവൃത്തികൊണ്ട് കത്തോലിക്കാ സഭയിൽ നിന്ന് വേർപെട്ടു നില്ക്കാൻ ശ്രമിക്കുന്നുണ്ടെങ്കിൽ കത്തോലിക്കർ തങ്ങളുടെ ദുർമ്മാതൃകാജീവിതംകൊണ്ട് ഇതരരെ അകറ്റി നിറുത്തുവാൻ കാരണക്കാരകുന്നുണ്ടെങ്കിൽ ഇവിടെയും ക്രിസ്തീയസ്നേഹത്തിന്റെ അരൂപിയിൽ വേണം പ്രവർത്തിക്കുവാൻ. ഓരോ ഭാഗക്കാരും തങ്ങളുടെ തെറ്റു തിരുത്തുക, അതോടെ പ്രശ്നം മിക്കവാറും പരിഹൃതമാകും. കത്തോലിക്കരായ നാം മറ്റുള്ളവരുടെ തെറ്റുകളെക്കാൾ സഭയിൽ നിന്ന് അകന്നു നില്ക്കുന്നതുകൊണ്ടുള്ള പോരായ്മകളാണ് ചൂണ്ടിക്കാണിക്കേണ്ടത്, അങ്ങനെയാണ് സഭാഗാത്രത്തിലെ മുറിവു ഇല്ലാതാക്കാൻ ശ്രമിക്കുക. അതിനാകട്ടെ നാം നമ്മുടെ ജീവിതം കൂടുതൽ ക്രിസ്തീയവും ദൈവികവുമാക്കിയാലേ പറ്റുകയുള്ളു.

*ക്രൈസ്തവകാഹളം, 1972 ഓഗസ്റ്റ്.*



# 67

# എക്യുമെനിസവും ക്രൈസ്തവൈക്യപ്രവർത്തനവും - 3

### 3. വ്യത്യാസമുള്ള ഭിന്നതകൾ

കത്തോലിക്കരുടെയിടയിൽ ഇന്നും നിലവിലുള്ള മനോഭാവമാണ്, സഭയ്ക്കു പുറത്തുള്ള ക്രിസ്ത്യാനികളെയെല്ലാം ഒരു 'കൊട്ടത്താപ്പി'ന് കാണുകയെന്നത്. അവരെയെല്ലാം ഒരേ വിധത്തിലായിരിക്കും സമീപിക്കുക, പുനരൈക്യപ്പെടുത്തണമെന്ന ഉദ്ദേശത്തിൽ. എക്യുമെനിസത്തിന്റെ പേരിലും എല്ലാ സഭകളെയും ഉൾപ്പെടുത്തിയുള്ള യോഗങ്ങൾക്കും മറ്റുമാണ് ഇന്ന് കൂടുതൽ താത്പര്യം. നമ്മുടെ സ്നേഹത്തിൽ നിന്ന് ഒരുത്തരെയും മാറ്റി നിറുത്തരുതെന്നത് ശരിയാണ്, പൊതുവായ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തേണ്ടത് ആവശ്യവുമാണ്. അതുകൊണ്ട്, ഓരോ വിഭാഗത്തെയും പ്രത്യേക രീതിയിൽ സമീപിക്കരുതെന്നുണ്ടോ? അവയ്ക്ക് പ്രത്യേകം വിശ്വാസസംഹിതയും മതാചരണരീതിയും ഉണ്ടെങ്കിൽ താദൃശസമീപനം ആവശ്യമാണ്. ഓരോ ക്രിസ്ത്യാനിയേയും വ്യക്തിപരമായി സമീപിക്കണമെന്ന ചിന്താഗതിക്കാണ് ഇന്ന് പ്രാബല്യം. ഒരാൾ മറ്റൊരാളിൽ നിന്ന് വ്യത്യസ്തമായ വിശ്വാസവും മതാചരണരീതിയും പുലർത്തുന്നതുകൊണ്ട് ഈ വൈവിധ്യം കത്തോലിക്കാസഭയ്ക്ക് പുറത്ത് കൂടുതലാണ്. അതുകൊണ്ട് ക്രിസ്ത്യാനികളുടെയിടയിലെ അനൈക്യത്തെത്തന്നെ തരംതിരിച്ചു കാണുവാൻ നമുക്കു സാധിക്കണം, പ്രവർത്തനം വിജയപ്രദമാകണമെങ്കിൽ. ഈ സംഗതി കൗൺസിൽ പിതാക്കന്മാർ വ്യക്തമായി മനസ്സിലാക്കി. തന്മൂലമാണ് എക്യുമെനിസത്തെപ്പറ്റിയുള്ള പ്രഖ്യാപനത്തിൽ പൗരസ്ത്യസഭകളെയും പാശ്ചാത്യസഭകളെയും വേർതിരിച്ച് പരാമർശിച്ചിരിക്കുന്നത്. ഓർത്തഡോക്സുകാരും പ്രോട്ടസ്റ്റന്റുകാരുമെന്ന തരംതിരിവ് കത്തോലിക്കർ മാത്രമല്ല എല്ലാ ക്രിസ്ത്യാനികളും

www.malankaralibrary.com

അംഗീകരിച്ചിട്ടുള്ളതാണ്. പക്ഷേ അവരുടെ അടിസ്ഥാനപരമായ വ്യത്യാസത്തെപ്പറ്റി ആരും പറഞ്ഞുകാണുന്നില്ല. ഓർത്തഡോക്സുകാർക്ക് ശുശ്രൂഷാപരമായ കാര്യത്തിൽ കൂടുതൽ താല്പര്യമുണ്ടെങ്കിൽ പ്രോട്ട സ്റ്റന്റുകാർക്ക് വേദപുസ്തകത്തിലാണ്. പക്ഷേ ഇത് ഒരു യഥാർത്ഥ വ്യത്യാസമല്ല. എല്ലാ ക്രിസ്ത്യാനികൾക്കും പൊതുവായ കാര്യങ്ങളുടെ പരിഗണനയിലുള്ള ഏറ്റക്കുറവുമാത്രമാണ്. ഇതിലുപരിയായ വ്യത്യാസം, ഓർത്തഡോക്സുകാരും പ്രോട്ടസ്റ്റന്റുകാരും തമ്മിലുണ്ട്; ഓർത്തഡോക്സു വിഭാഗങ്ങൾ പരസ്പരവും, പ്രോട്ടസ്റ്റന്റുവിഭാഗങ്ങൾ തമ്മിൽ തമ്മിലും.

'ഓർത്തഡോക്സുകാർ' എന്ന പദത്തിന്റെ അർത്ഥം തന്നെ പുരാതനവിശ്വാസത്തിൽ അടിയുറച്ചുനില്ക്കുന്നവരെന്നാണ്. ആ അർത്ഥത്തിൽ കത്തോലിക്കർ യഥാർത്ഥ ഓർത്തഡോക്സുകാരാണ്. ഏതെങ്കിലും സഭ തങ്ങൾ സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസമുള്ളവരാണെന്ന് പറയുമ്പോൾ ശ്ലൈഹികവും കാതോലികവുമായ വിശ്വാസത്തിൽ നില്ക്കുന്നവരാണെന്ന് അഭിമാനിക്കുന്നുണ്ടെങ്കിലും അങ്ങനെ ആയിരിക്കണമെന്ന് നിർബ്ബന്ധമില്ല. തെറ്റിദ്ധാരണയുടെ പേരിൽ ഏതെങ്കിലും വിഷയത്തിൽ അവർ സഭാപാരമ്പര്യത്തിൽ നിന്ന് വ്യതിചലിച്ചുവെന്നു വരാം. എന്നാലും പാരമ്പര്യത്തോട് ഒട്ടിനില്ക്കണമെന്ന് ആഗ്രഹമുള്ളവരാണവർ. ആ ആഗ്രഹത്തെ ആരും മാനിച്ചേ തീരൂ. അതനുസരിച്ച് സമീപനരീതിയിലും മാറ്റം വരും.

'പ്രോട്ടസ്റ്റന്റുകാർ' എന്നു പറഞ്ഞാൽ എതിർപ്പുകാരാണെന്നാണ് സാധാരണ അർത്ഥം. പതിനാറാം നൂറ്റാണ്ടിൽ കത്തോലിക്കാസഭയിൽ തെറ്റായി തോന്നിയതിനെയെല്ലാം എതിർത്തു പുറത്തുപോയവരെന്ന അടിസ്ഥാനത്തിലാണ് ഈ പേർ അവർക്കു കിട്ടിയത്. എന്നാൽ ഒരു ക്രൈസ്തവസമൂഹത്തിന്റെ മുഴുവൻ പേർ ഇങ്ങനെ നിഷേധാത്മകമായിരിക്കുന്നത് ശരിയല്ലെന്ന് മനസ്സിലാക്കി പിന്നീടു വന്ന പ്രോട്ടസ്റ്റന്റുകാർ പലരും തങ്ങൾ എതിർപ്പുകാരല്ല, പിന്നെയോ ക്രിസ്തുവിലുള്ള വിശ്വാസം ഉറക്കെ വിളിച്ചു പറയുന്നവരാണെന്ന അർത്ഥത്തിൽ പ്രോട്ടസ്റ്റന്റു എന്ന പദത്തിന് പാഠഭേദം നല്കിയിട്ടുണ്ട്. ഏതായാലും ക്രിസ്തുവിൽ വിശ്വസിക്കുന്നവരാണെന്നുള്ള ഉറച്ച ബോധത്തിന് ഏതൊരു പ്രോട്ടസ്റ്റൻറുകാരനും അഭിനന്ദനം അർഹിക്കുന്നുണ്ട്, അയാൾക്ക് വിശ്വാസത്തെ സംബന്ധിച്ച് വളരെയധികം തെറ്റിദ്ധാരണകളുണ്ടെങ്കിലും.



എന്താണ് ഓർത്തഡോക്സുകാരും പ്രോട്ടസ്റ്റന്റുകാരും തമ്മിൽ ചിന്താഗതിയിൽ അടിസ്ഥാനപരമായ വ്യത്യാസം? രണ്ടുകൂട്ടരും ക്രിസ്തുവിലുള്ള വിശ്വാസത്തിന് പ്രാധാന്യം കൊടുക്കുന്നുവല്ലോ. ഓർത്തഡോക്സുകാർ പാരമ്പര്യത്തെയെങ്കിൽ പ്രോട്ടസ്റ്റന്റുകാർ വ്യക്തിപരമായ അഭിപ്രായത്തെയാണ് കൂടുതൽ മുറുകെപ്പിടിച്ചിരിക്കുന്നത്. ഈ രണ്ടു മനോഭാവവും പരസ്പരവിരുദ്ധമായിതോന്നും. പക്ഷേ സഭയുടെ ചൈതന്യത്തിനും നിലനില്പിനും രണ്ടും ഒത്തിണങ്ങിപ്പോകണം. വിശ്വാസത്തിന്റെ അടിസ്ഥാനസത്യങ്ങളെ നഷ്ടപ്പെടുത്താതെ തന്നെ ലോകത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഓരോ വ്യക്തിയും സമൂഹവും തനത് അഭിപ്രായം രൂപീകരിക്കുകയും ക്രിസ്തുവിന്റെ സഭയുടെ പുരോഗതിയിൽ പങ്കാളിത്തം എടുക്കുകയും വേണം. അതുകൊണ്ട് ഓർത്തഡോക്സുകാരുടെ പാരമ്പര്യനിഷ്ഠയും പ്രോട്ടസ്റ്റൻറുകാരുടെ വ്യക്തിഗതപ്രവർത്തനവും ഒന്നിച്ച് ഒന്നിൽ കൊണ്ടുവരികയെന്നതാണ് ഇന്നത്തെ ഏറ്റം വലിയ ക്രൈസ്തവൈക്യപ്രവർത്തനം.

ഈ വലിയ ദൗത്യം നിർവഹിക്കാൻ ഇരുകൂട്ടരെയും നാം യഥാർത്ഥം മനസ്സിലാക്കണം. പതിനൊന്നാം ശതകത്തിനു മുമ്പുണ്ടായവ ഓർത്തഡോക്സുസഭകളെന്നും പതിനാറാം നൂറ്റാണ്ടിനു ശേഷമുള്ളവ പ്രോട്ടസ്റ്റന്റുസഭാവിഭാഗങ്ങളെന്നും മാത്രമുള്ള തരംതിരിവ് പോരാ, അതിന് അവയുടെ ഉത്ഭവത്തിന്റെ സാഹചര്യങ്ങളിലേയ്ക്ക് തന്നെ നാം ചൂഴിഞ്ഞിറങ്ങണം.

ഓർത്തഡോക്സ് സഭകളെ നാം മനസ്സിലാക്കുന്നത് ത്രിത്വത്തെയും മനുഷ്യാവതാരത്തെയും പറ്റിയുള്ള വിശ്വാസസത്യങ്ങളിൽ തെറ്റായ ഉപദേശം പഠിപ്പിച്ച് സഭയിൽ നിന്ന് പിരിഞ്ഞുപോയവരെന്നാണ്. ക്രിസ്തുവിൽ രണ്ടാൾ — ദൈവ ആളും മനുഷ്യആളും — ഉണ്ടെന്ന് നെസ്തോറിയൻ സഭയും ഒരു സ്വഭാവമേയുള്ളുവെന്ന് എവുത്തിക്കോസിന്റെ അനുയായികളും പരിശുദ്ധാത്മാവ് പിതാവിൽ നിന്ന് മാത്രമാണ് പുറപ്പെടുന്നതെന്ന് ഗ്രീക്കുസഭയും പറയുന്നതായി നാം ധരിച്ചിരിക്കുന്നു. ഇവയെല്ലാം വിശ്വാസവിപരീതങ്ങളാണ്, ആ അർത്ഥത്തിൽ ഇവ പുലർത്തുന്നവർ വേദവിപരീതങ്ങളുമാണ്. എന്നാൽ ഈ പാഷാണ്ഡതകളെ ആസ്പദമാക്കിയാണോ മേൽപ്പറഞ്ഞ സഭകൾ പിരിഞ്ഞുപോയതെന്നും ഇന്നും വേർപെട്ടുനില്ക്കുന്നതെന്നും നാം ചിന്തിച്ചു നോക്കേണ്ടതാണ്.

www.malankaralibrary.com

ഈ വിശ്വാസവിപരീതങ്ങളിലെല്ലാം നാം കാണുന്നത് ദൈവികമഹാരഹസ്യങ്ങളെ മാനുഷികമായി വിവരിക്കാനുള്ള ശ്രമമാണ്. വിശ്വാസസത്യങ്ങളെപ്പറ്റി സംശയങ്ങളുണ്ടാകുക സ്വാഭാവികം തന്നെ. അങ്ങനെയുള്ള അവസരങ്ങളിൽ വിശ്വാസികൾ ആശ്രയിക്കേണ്ടത് സ്വന്തം ബുദ്ധിപ്രവർത്തനത്തെയല്ല സഭയുടെ പാരമ്പര്യാധിഷ്ഠിതമായ ബോധനത്തെയാണ്. പ്രസ്തുത ബോധനത്തെ ചുറ്റിപ്പറ്റി മനുഷ്യബുദ്ധിയ്ക്ക് പ്രവർത്തിക്കാം; പക്ഷേ അതിന് പുറത്തു പറ്റില്ല. അപ്പോൾ നെസ്തോറിയസിനുംഎവുത്തിക്കോസിനുമെല്ലാം പറ്റിയത് അവർ സഭയുടെ ബോധനത്തെ നേരായി പരിഗണിച്ചില്ലെന്നതാണ്. അവർ വേദവിപരീതികളാണ്, സഭയുടെ ബോധനത്തെ നിരാകരിച്ചതുകൊണ്ട്; അവർ ശീശ്മക്കാരാണ് സഭയുടെ അധികാരത്തെ നിഷേധിച്ചതുകൊണ്ട്. പക്ഷേ ഇക്കാരണത്താൽ മാത്രം അവരുടെ അനുയായികളെല്ലാം ഈ രണ്ടുവിധത്തിലും തെറ്റു ചെയ്തെന്ന് പറയാൻ വയ്യ. നെസ്തോറിയന്റെ രണ്ടാളത്തവാദവും എവുത്തിക്കോസിന്റെ ഏകസ്വഭാവവാദവും സ്വീകരിക്കാൻ മാത്രം ബുദ്ധിപരമായ വികാസം യാതൊരു സാധാരണ വിശ്വാസിയ്ക്കുമില്ല. അത്ര അഗാധമായി വിശ്വാസരഹസ്യങ്ങളെപ്പറ്റി വിചിന്തനം ചെയ്യുന്നവർ വളരെ കുറവാണ്. ഈദൃശ്യ കാര്യങ്ങളിൽ സഭയുടെ പരമ്പരാഗതമായ നിലപാടാണ് എല്ലാ നല്ല വിശ്വാസികൾക്കും സ്വീകാര്യം. തന്നെയുമല്ല. യേശുക്രിസ്തു മനുഷ്യനായവതരിച്ച ദൈവമാകകൊണ്ട് ദൈവികയാളാണെന്നും ദൈവവും മനുഷ്യനുമാകകൊണ്ട് അവിടുത്തേക്ക് രണ്ടു സ്വഭാവമുണ്ടെന്നുമുള്ള നിലപാടാണ് കൂടുതൽ യുക്തിക്കു ചേർന്നതും. ഒരേ ആൾക്ക് എങ്ങനെ രണ്ട് സ്വഭാവമുണ്ടായിരിക്കുന്നുവെന്ന് ചോദിച്ച് അതിന് മാനുഷികമായ വിവരണം കൊടുക്കാൻ യാതൊരു സാധാരണ വിശ്വാസിയും തയ്യാറാകുകയില്ല. അതിന് നെസ്തോറിയസിന്റെയും എവുത്തിക്കോസിന്റെയും ബുദ്ധിപരമായ അഹന്തവേണം. അത് അധികം പേർക്കുമുണ്ടെന്നു വിചാരിക്കാൻ എന്താണ് ന്യായം? ഒന്നുമില്ല.

പിന്നെ എങ്ങനെയാണ് നെസ്തോറിയസിന്റെയും എവുത്തിക്കോസിന്റെയും പേരിൽ ഭിന്നതകളുണ്ടായത്? അതിന്റെ കാരണം കൂടുതൽ ചരിത്രപരവും ഭൂമിശാസ്ത്രപരവുമാണ്. ലോകത്തിന്റെ നാനാഭാഗത്തുമുള്ള വിശ്വാസികൾക്ക് സഭാകേന്ദ്രവുമായി ആശയവിനിമയം നടത്തത്തക്ക സാഹചര്യമായിരുന്നില്ല, ഈ ഭിന്നതകളുണ്ടായ ആദ്യശതകങ്ങളിൽ ഉണ്ടായിരുന്നത്. ഓരോ ദേശത്തുമുള്ളവർക്ക് അവിടുത്തെ



മെത്രാനായിരുന്നു വിശ്വാസപരമായ കാര്യങ്ങളിൽ സർവ്വസ്വവും. അദ്ദേഹം സഭാകേന്ദ്രത്തോട് ചേർന്നുനിന്നാൽ അനുയായികളും അങ്ങനെയായിരിക്കും. ഇല്ലെങ്കിൽ ഒന്നുമില്ല. ഈ സാഹചര്യത്തിൽ ഏതെങ്കിലും മെത്രാനോ പാത്രിയർക്കീസോ നെസ്തോറിയസിനോടോ എവുത്തിക്കോസിനോടോ ചേർന്നാൽ അദ്ദേഹത്തിന്റെ കീഴിലുള്ളവരും അങ്ങനെയാവും. ഈ ചേർന്ന മെത്രാന്മാരും മറ്റും തെറ്റായ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാകണമെന്നില്ല സഭയിൽ നിന്ന് വിട്ടുപോകുന്നത്. വ്യക്തിപരമോ സാമൂഹികമോ ആയ ചില സ്പർദ്ധകൾ മതി അതിന്. ആദ്യത്തെ സുനഹദോസുകളിലൊക്കെ വിശ്വാസപരമായ കാര്യങ്ങളെപ്പറ്റി വലിയ ചർച്ചകളല്ല, ഏതെങ്കിലും പ്രമുഖവ്യക്തിയെ ചുറ്റിപ്പറ്റിയുള്ള വാദകോലാഹലമാണ് നടന്നിരുന്നത്. അതുകൊണ്ട് സൂനഹദോസു നിശ്ചയത്തിന് എതിരുനിന്നവർ ശരിയായ അർത്ഥത്തിൽ പാഷണ്ഡോപദേശം സ്വീകരിച്ചുവെന്നതിനെക്കാൾ സഭയുടെ പാരമ്പര്യത്തെയും അധികാരത്തെയും നിഷേധിച്ചുവെന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. ഇങ്ങനെ എതിർത്തു പുറത്തുപോയവർ തങ്ങളുടെ കീഴിലുള്ളവരെ തെറ്റായ വിശ്വാസം പഠിപ്പിച്ചുവെന്ന് വിചാരിക്കുവാനും യാതൊരു കാരണവുമില്ല. എന്നാൽ നെസ്തോറിയോസിനെപ്പോലെ ആദ്യം തെറ്റായ കാര്യങ്ങൾ പഠിച്ചവരുടെ സ്വാധീനത്തിൽ വിശുദ്ധ ശുശ്രൂഷകളുടെ ചില ഗ്രന്ഥകാരന്മാർ ചിലടത്തൊക്കെ അബദ്ധം പറഞ്ഞിട്ടുണ്ടെന്നത് വസ്തുതയാണ്. അതുകൊണ്ട് ആ ശുശ്രൂഷയിൽ പങ്കെടുത്തവരെല്ലാം വിശ്വാസവിപരീതികളാകുന്നില്ലല്ലോ.

ഇങ്ങനെ ഇന്ന് ഓർത്തഡോക്സുസഭകളെന്ന് പറയപ്പെടുന്ന വിഭാഗങ്ങൾ ഉത്ഭവിച്ച സാഹചര്യം വസ്തുനിഷ്ഠമായി പഠിക്കുമ്പോൾ അവയിലെ ആളുകൾ ഒരുകാലത്തും പാഷണ്ഡികളായിരുന്നെന്ന് പറയാൻ നിർവാഹമില്ല, അവർ സഭയിൽ നിന്ന് പിരിഞ്ഞുപോയവരാണ്, ശീശ്മയിൽ ഉൾപ്പെട്ടവരാണ്. ശീശ്മയിൽ ഉൾപ്പെട്ടതിനുപോലും മിക്കയാളുകളും ഉത്തരവാദികളല്ലായിരുന്നു. ശീശ്മയ്ക്ക് കാരണക്കാരായവർ ഉണ്ടായിരുന്നു. ചുരുക്കം പേർ മാത്രം. പാഷണ്ഡോപദേശം സ്വീകരിച്ചവരുമുണ്ടായിരുന്നു. അവരുടെ എണ്ണവും ഏറ്റം ചുരുക്കം. അതുകൊണ്ട് ഇന്ന് ഓർത്തഡോക്സുസഭകളെന്ന് അറിയപ്പെടുന്നവ തങ്ങൾ പരമ്പരാഗതമായ വിശ്വാസമുള്ളവരാണെന്ന് പറയുമ്പോൾ ആരും നെറ്റി ചുളിക്കേണ്ട.

www.malankaralibrary.com

നാം വിചാരിക്കുന്ന തരത്തിലുള്ള വിശ്വാസവ്യതിചലനം അവർക്കില്ല. എന്നാൽ അവർ സഭയിൽ നിന്ന് ഭിന്നിച്ചുപോയ സന്ദർഭങ്ങളിൽ സഭ, പ്രധാനമായി സുനഹദോസുകളിലൂടെ ദൈവത്തിന്റെ പ്രത്യേക പരിപാലനയിൽ പല വിശ്വാസസത്യങ്ങളും കൂടുതൽ വ്യക്തമാക്കിയിട്ടുണ്ട്. ആ ദൈവികപ്രകാശം അവർക്കു ലഭിച്ചിട്ടില്ല. അത് കൊടുക്കുകയാണ്. അവരെ സംബന്ധിച്ചിടത്തോളം ക്രൈസ്കതവൈക്യപ്രവർത്തനത്തിന്റെ ഉദ്ദേശ്യം.

പ്രോട്ടസ്റ്റന്റ് ഭിന്നതകളുടെ കാര്യമാകട്ടെ ഓർത്തഡോക്സുകാരുടേതിൽ നിന്നു വളരെ വ്യത്യസ്തമാണ്. നെസ്തോറിയസിനെപ്പോലെ വിശ്വാസസത്യങ്ങളെ മനുഷ്യബുദ്ധിയിൽ ഒതുക്കിനിറുത്താൻ ശ്രമിക്കുന്ന ആരെയും നാം അവിടെ കാണുന്നില്ല. വിശ്വാസബോധനമല്ല പ്രായോഗികജീവിതമാണ് അവിടെ ഭിന്നതയ്ക്കു നിദാനം. സഭാധികാരികളെപ്പറ്റി സാധാരണ വിശ്വാസികൾക്ക് കടുത്ത അമർഷവും അതൃപ്തിയും തോന്നി. അവർ തെറ്റായ വിശ്വാസം പഠിപ്പിച്ചതു കൊണ്ടല്ല, വിശ്വാസമനുസരിച്ച് ജീവിക്കാഞ്ഞതുകൊണ്ട്. ജനത്തിന്റെ ഈ ധർമ്മരോഷത്തിന്റെ ഊഷ്മളത മനസ്സിലാക്കി അവരുടെ നാഡിയിടിപ്പ് അറിഞ്ഞ് മുമ്പോട്ടു വന്നു, ലൂഥറും കാൽവിനും കൂട്ടരും. സഭാധികാരികളുടെ പ്രായോഗികജീവിതത്തെ അവർ ദുഷിച്ചു. കൂടെ പ്രബോധനാധികാരത്തെ നിഷേധിക്കുകയും ചെയ്തു. അതോടെ അവർക്കും അവരുടെ അനുയായികൾക്കും അവർ വെറുത്ത ഇന്നയിന്ന അധികാരികൾ മാത്രമല്ല, ക്രിസ്തുവിന്റെ സഭയുടെ ദൈവീകമായ പാരമ്പര്യവും നഷ്ടമായി. മാത്രമല്ല ലൂഥറിനും കാൽവിനും സിംഗ്ലിയ്ക്കുമെല്ലാം സഭയുടെ പാരമ്പര്യനിഷ്ഠമായ ബോധനത്തിൽ നിന്ന് വ്യത്യസ്തമായ വ്യക്തിഗതമായ ചില കാഴ്ചപ്പാടുകളുണ്ടായിരുന്നു. ക്രിസ്തീയ വിശ്വാസത്തെ സംബന്ധിച്ചിടത്തോളം. അതു പോലെ അവർ ഏത് ആളുകളുടെ അതൃപ്തി മുതലെടുത്തുവോ ആ അല്മായ വിശ്വാസികളുടെ — അവരിൽ രാജാക്കന്മാരും കൃഷീവലരുമുണ്ടുയിരുന്നു — ഇംഗിതത്തിനൊത്ത് സഭാവിശ്വാസത്തിനും ശുശ്രൂഷാരീതിയിലും മാറ്റം വരുത്താനും സന്നദ്ധരായി. അങ്ങനെ സഭയുടെ പരമ്പരാഗതമായ വിശ്വാസത്തിലും ആചരണത്തിലുമെല്ലാം നിന്ന് വ്യത്യസ്തമായ പുതിയ ആരംഭമാണ് പ്രോട്ടസ്റ്റന്റു നവീകരണത്തിൽ നാം ദർശിക്കുന്നത്. അതിൽ പാഷണ്ഡതയുണ്ട്, ശീശ്മയുമുണ്ട്, ഓർത്തഡോക്സ് സഭകളുടേതിലെപ്പോലെ രണ്ടും തമ്മിലുള്ള വേർതിരിവ് ഇവിടെയില്ല.



ഇക്കാര്യത്തിൽ പൗരസ്ത്യസഭകളോട് ഏതാണ്ട് അടുത്തുവരുന്നത് ആംഗ്ലിക്കൻ സഭ മാത്രമാണ്. അവിടെ സഭാഭിന്നത ബഹുജനമുന്നേറ്റത്തിന്റെ രൂപത്തിലല്ല, പൗരസ്ത്യ ദേശത്തേപ്പോലെ മേലേക്കിടയിൽ നിന്നുള്ള സ്വാധീനത്തിന്റെ പേരിലാണ് ഉത്ഭവിച്ചത്. എന്നാൽ യൂറോപ്പുഖണ്ഡത്തിലെ കോളിളക്കത്തിന്റെ ശക്തിയായ അലയടി ഇംഗ്ലണ്ടിലുണ്ടായി. അങ്ങനെ ഒരു ഭാഗത്ത് പാരമ്പര്യത്തോടുള്ള പ്രതിപത്തിയും മറുഭാഗത്ത് പ്രോട്ടസ്റ്റന്റ് വിപ്ലവത്തിലെ പുതിയ ചിന്താഗതിയും തമ്മിലുള്ള മൽപ്പിടുത്തമാണ്, ആംഗ്ലിക്കൻ സഭയുടെ ചരിത്രം മുഴുവനും. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്താണ് കൗൺസിൽ എക്യുമെനിസത്തെപ്പറ്റിയുള്ള ഡിക്രിയിൽ ആംഗ്ലിക്കൻ സഭയെ പ്രത്യേകം എടുത്തു പറയുന്നത്. എന്നാലും ആംഗ്ലിക്കൻ മതഭിന്നത വെറും സഭാധികാരനിഷേധം മാത്രമാണെന്ന് ആരും പറയുകയില്ല.

യൂറോപ്പിലും ഇംഗ്ലണ്ടിലുമുണ്ടായ ഈ പാഷണ്ഡോപദേശങ്ങൾക്ക് ഉത്തരവാദികൾ ചില നേതാക്കന്മാർ മാത്രമായിരുന്നില്ല, പൗരസ്ത്യഭിന്നതകളിലെപ്പോലെ ബുദ്ധിപരമായി കുറേക്കൂടി പുരോഗമിച്ച ജനതതിയെയാണ് നാം ഇതിൽ ബന്ധപ്പെട്ടുകാണുന്നത്. മാത്രമല്ല അവിടെ നിഗൂഢങ്ങളായ ദൈവരഹസ്യങ്ങളെ പ്രത്യക്ഷമായി സ്പർശിക്കുന്ന തരത്തിലുള്ള വേദവിപരീതങ്ങളുമില്ല. അതുകൊണ്ട് സഭയുടെ അധികാരത്തെ നിഷേധിച്ചു പുറത്തുപോയിരുന്ന ഏതൊരാളും വ്യക്തിപരവും ബുദ്ധിപരവുമായ വിശ്വാസവ്യതിയാനങ്ങൾ വരുത്തുക തന്നെ ചെയ്തു. ബഹുജനങ്ങളുടെ ഈ നിലപാടിനെ സഹായിക്കുന്ന തരത്തിലുള്ള പ്രസംഗങ്ങളാൽ അന്നത്തെ യൂറോപ്പു മുഴുവൻ മുഖരിതമായിരുന്നു. വേദപുസ്തകത്തിന് നവീകരണക്കാർ കൊടുത്ത പ്രാധാന്യവും ഓരോ വ്യക്തിയ്ക്കും സഭാപാരമ്പര്യം വിട്ട് സ്വന്തമായി വേദപുസ്തക വ്യാഖ്യാനം നടത്താനുള്ള അനുവാദവും ഏതൊരാളെയും സ്വന്തം ഉത്തരവാദിത്വത്തിൽ വിശ്വാസസംബന്ധമായ നിലപാട് എടുക്കാൻ സഹായിച്ചു. വിശ്വാസികൾ പൗരസ്ത്യസഭാഭിന്നതകളിലേപ്പോലെ സ്വന്തം സഭാധികാരികളെ പിൻചെന്ന് തെറ്റിലുൾപ്പെടുന്നതിനു പകരം അവരെ എതിർത്തു പുറത്തുപോയി തെറ്റു ചെയ്യുന്ന പ്രത്യേക പ്രതിഭാസമാണ് പ്രോട്ടസ്റ്റന്റ് വിപ്ലവത്തിൽ ഉടനീളമുള്ളത്. അതുകൊണ്ട് അന്ന് ഭിന്നതയിൽ ഉൾപ്പെട്ട എല്ലാവരും തന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ സഭാധികാരത്തെ നിഷേധിക്കുകയും സഭാബോധ

www.malankaralibrary.com

നത്തെ നിരാകരിക്കുകയും ചെയ്തവരാണ്. ഇതിന് അപവാദമുണ്ടായിരുന്നിരിക്കാം, ഇംഗ്ലണ്ടിലും മറ്റും. പക്ഷേ അവർ തുലോം ചുരുക്കമാണ്.

വ്യത്യസ്തമായ സാഹചര്യങ്ങളിൽ രൂപം കൊണ്ട് പൗരസ്ത്യ ഭിന്നതകളും പ്രോട്ടസ്റ്റന്റു ഭിന്നതയും കാലം പിന്നിട്ടതനുസരിച്ച് വളരെയധികം അടുത്തു വന്നിട്ടുണ്ട്. പല പ്രാദേശിക പൗരസ്ത്യസഭാവിഭാഗങ്ങളിലും കടുത്ത പ്രോട്ടസ്റ്റന്റുസ്വാധീനം കാണാവുന്നതാണ്. അതനുസരിച്ച് അതിലെ അംഗങ്ങളുടെ വിശ്വാസം അത്ര സ്തുതി ചൊവ്വാകപ്പെട്ടതല്ല. ആദ്യകാലങ്ങളിലെപ്പോലെ വ്യക്തിപരമായ അഭിപ്രായമില്ലാത്തവരല്ല, അംഗങ്ങളിൽ ഭൂരിഭാഗവും. എന്നാലും പ്രോട്ടസ്റ്റന്റുസഭകളുടെ സ്വാധീനത്തിന്റെ ശക്തി മുമ്പിൽ വെച്ചുനോക്കുമ്പോൾ തങ്ങളുടെ പുരാതനവിശ്വാസം കാത്തു സൂക്ഷിക്കുന്നതിൽ മിക്കവാറും പൗരസ്ത്യസഭകളും വിജയിച്ചിട്ടുണ്ടെന്നുവേണം പറയുവാൻ.

ഈദൃശസമ്പർക്കംകൊണ്ട് പാശ്ചാത്യവും പൗരസ്ത്യവുമായ ഈ സഭാഭിന്നതകളെ അവയുടെ ആദ്യസാഹചര്യങ്ങൾ മാത്രം കണക്കിലെടുത്ത് സമീപിക്കുന്നത് ശരിയായിരിക്കുകയില്ല. പൗരസ്ത്യർ അന്നത്തെപ്പോലെ വ്യക്തിപരമായ യാതൊരു ചിന്തയുമില്ലാത്തവരല്ല. അതുപോലെ പ്രോട്ടസ്റ്റന്റുകാർ വെറും എതിർപ്പുമനോഭാവക്കാരുമല്ല. രണ്ടു കൂട്ടരിലും വന്നിരിക്കുന്ന മാറ്റം അവർ തമ്മിൽ ഐക്യമുളവാക്കുന്നതിന് അനുകൂലസാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ അങ്ങനെയൊരു ഐക്യം ഉണ്ടാകാൻ പോകുന്നില്ല ദൈവികമായ നിയന്ത്രണത്തിന് അവർ വശംവദരാകാത്തിടത്തോളം കാലം. പ്രോട്ടസ്റ്റന്റുകാരും ഓർത്തഡോക്സുകാരും ഒരുപോലെ പങ്കെടുക്കുന്ന സഭകളുടെ ലോകസമിതിയിലും മറ്റും ദൈവമാണ് ഐക്യത്തിന്റെ വിധാതാവ് എന്ന തത്വത്തിന് സാർവ്വത്രികസ്വീകാര്യം ലഭിച്ചിട്ടുണ്ട്. പക്ഷേ ദൈവം തന്റെ ജനത്തെ നിയന്ത്രിക്കുന്നത് തന്റെ സഭയിലൂടെയാണ്. ക്രിസ്തുവിന്റെ കാണപ്പെടുന്ന സഭ വേണം വ്യത്യസ്തവും വിവിധവുമായ ഭിന്നതയെയും ഇല്ലാതാക്കി ഒരു തൊഴുത്തിൽ എല്ലാവരെയും കൊണ്ടുവരാൻ.

***ക്രൈസ്തവകാഹളം, 1972 സെപ്തംബർ***



# 68

# എക്യുമെനിസവും ക്രൈസ്തവൈക്യപ്രവർത്തനവും - 4

## 4. റോമാഭരണവും ഭിന്നതകളും

11-ാം നൂറ്റാണ്ടിലെ ഗ്രീക്ക് ഓർത്തഡോക്സുഭിന്നതയെപ്പറ്റി ഡൂഷേൻ (Duchesne) എന്ന കത്തോലിക്കാ ചരിത്രകാരൻ പറയുന്നത്: അത് പെട്ടെന്ന് ഉണ്ടായതല്ല. പിന്നെയോ നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റയിൻ ചക്രവർത്തി തന്റെ രാജധാനി റോമായിൽ നിന്ന് ഗ്രീസിലേക്ക് മാറ്റിയതുമുതൽ തുടങ്ങിയതാണ്; അന്നുമുതൽ ഇടവിട്ടു ചുരുങ്ങിയ കാലയളവുകളിൽ മാത്രമേ ഗ്രീക്കു സഭ റോമാസഭയുമായി ഐക്യത്തിൽ വർത്തിച്ചിരുന്നുള്ളു, എന്നാണ്. അദ്ദേഹം പറയുന്നത് ശരിയാണ്. റോമാക്കാരും ഗ്രീക്കുകാരും തമ്മിലുള്ള ഭിന്നതയെ സംബന്ധിച്ചിടത്തോളം റോമാസാമ്രാജ്യം അസ്തമിച്ചു ബൈസന്റയിൻ സാമ്രാജ്യം ഉയർന്നുവരികയും ചെയ്തു. ഇനി നാമെന്തിന് റോമാക്കാർക്ക് കീഴടങ്ങിയിരിക്കണമെന്ന് ഗ്രീക്കുകാർക്ക് തോന്നി. എന്നാൽ റോമിന്റെ ഭൗതികശക്തി അപ്രത്യക്ഷമായെങ്കിലും സഭാകേന്ദ്രം റോമിൽ തന്നെ സ്ഥിതി ചെയ്തിരുന്നതുകൊണ്ട് തങ്ങളുടെ മുഖ്യസ്ഥാനം നഷ്ടപ്പെട്ടിട്ടില്ലെന്ന് റോമാക്കാരും വാദിച്ചു. ഏറെനാൾ നിന്ന ഈ മത്സരമാണ് അവസാനം സഭാഭിന്നതയായി രൂപംകൊണ്ടത്. റോമയുമായി പൂർണ്ണമായി വേർപെടേണ്ട സാഹചര്യം ഇങ്ങനെ ഉണ്ടായതുകൊണ്ട് റോമായും ഗ്രീസും തമ്മിലുള്ള കിടപിടുത്തം ആദ്യം മുതലേ സഭാഭിന്നതയാണെന്ന് പറയുന്നത് ശരിയല്ല. ഗ്രീക്കു ഓർത്തഡോക്സ് സഭയ്ക്ക് തുടസ്സമിട്ട, കർദ്ദിനാൾ ഹ്യൂംബെർട്ടും മൈക്കിൾ ചെറുലാറിയൂസും തമ്മിലുള്ള, വക്കാണം തന്നെ സഭാഭിന്നതയായി കണക്കാക്കാൻ ഇന്നു പണ്ഡിതന്മാർ വിസമ്മതിക്കുന്നു. ഈ സാഹചര്യത്തിൽ ഗ്രീക്കു ഓർത്തഡോക്സ് ഭിന്നതയ്ക്ക് കാരണമായ ചരിത്രപരമായ

www.malankaralibrary.com

സാഹചര്യങ്ങളെയൊന്ന് വീണ്ടും നോക്കിക്കാണുന്നത് സംഗതമാണ്. തന്മൂലം വ്യക്തമായ കാഴ്ചപ്പാട് നമുക്ക് ഉണ്ടാകുമെന്ന് മാത്രമല്ല, ഇന്നത്തെ മാറിവരുന്ന സാഹചര്യത്തിൽ റോമാസഭയും മറ്റു പ്രാദേശിക സഭകളും തമ്മിലുള്ള യഥാർത്ഥ ബന്ധം കൂടുതൽ വെളിവാക്കുകയും ചെയ്യും.

കോൺസ്റ്റന്റയിൻ ചക്രവർത്തി ഗ്രീസ്സിൽ കോൺസ്റ്റാന്റിനോപ്പിൾ എന്ന നഗരം പണിയുകയും അത് രണ്ടാം റോമായായി മാറ്റുകയും ചെയ്തതോടുകൂടി റോമാക്കാരുടെ പ്രാബല്യം കുറയുകയും ഗ്രീക്കുകാരുടേത് കൂടുകയും ചെയ്തു. അതേ സമയം മാർപ്പാപ്പമാരുടെ ആധിപത്യത്തിൽ പാശ്ചാത്യജനത ഒന്നിച്ചു കൂടിക്കൊണ്ടിരുന്നു. അപ്രത്യക്ഷമായ റോമാസാമ്രാജ്യത്തിന്റെ മാതൃകയിലായിരുന്നു റോമാസഭയുടെ ഭരണപരമായ ഘടന. ദൈവികമായ വെളിച്ചത്തിൽ ശക്തിനേടിക്കൊണ്ടിരുന്ന റോമാസഭയ്ക്ക് അതിനുമുമ്പുണ്ടായിരുന്ന ലൗകിക സാമ്രാജ്യത്തേക്കാൾ കൂടുതൽ കെട്ടുറപ്പും ഭരണദൃഢതയുമുണ്ടായിരുന്നു. എന്നാലും റോമായുടെ മോടി തിരികെ വന്നില്ലെന്നതാണ് വാസ്തവം. ഗ്രീസിൽ ബൈസന്റയിൻ ചക്രവർത്തിമാർക്കാകട്ടെ സമാധാനപരമായി ഭരണം നടത്താൻ, എന്നും കിരാതരുടെ ആക്രമണത്തിന് വിധേയമായിരുന്ന റോമാചക്രവർത്തിമാരേക്കാൾ കൂടുതൽ സൗകര്യമുണ്ടായിരുന്നു. അത് അവരുടെ ലൗകിക പ്രാബല്യത്തെ വർദ്ധിപ്പിച്ചു. അതൊടൊപ്പം തങ്ങളുടെ കൂടെ നിന്ന പാത്രിയർക്കീസുമാരും പ്രബലരാകുക ബൈസന്റയിൻ ചക്രവർത്തിമാരുടെ തന്നെ ആവശ്യവുമായിരുന്നു. പാത്രിയർക്കീസുമാർ സ്വന്തം നിലയിൽ അതുതന്നെ ആഗ്രഹിക്കുകയും ചെയ്തു. ഇക്കാരണത്താൽ രണ്ടാമത്തേയും നാലാമത്തേയും സാർവ്വത്രികസുനഹദോസുകളിൽ കോൺസ്റ്റന്റിനോപ്പളിലെ പാത്രിയർക്കീസിന് സഭയിലുള്ള പദവി വർദ്ധിപ്പിക്കാൻ വ്യക്തമായ ശ്രമങ്ങൾ നടന്നു. കൽക്കദോനിയാ സുനഹദോസിലാകട്ടെ കോൺസ്റ്റന്റിനോപ്പിളിന് റോമായ്ക്ക് തുല്യമായ സ്ഥാനം വേണമെന്ന് പലപിതാക്കന്മാരും വാദിച്ചു. അതിൽ മാർപ്പാപ്പായ്ക്ക് ഇടപെടേണ്ടിവരികയും ചെയ്തു. ഇങ്ങനെ റോമാ പാത്രിയർക്കീസും കോൺസ്റ്റന്റിനോപ്പിൾ പാത്രിയർക്കീസും തമ്മിൽ എപ്പോഴും സംഘർഷം ഉണ്ടായിക്കൊണ്ടിരുന്നു. അത് കാലക്രമേണ റോമൻ ജനതയും ഗ്രീക്കു ജനതയും തമ്മിലുള്ള മത്സരമായി രൂപം ധരിക്കുകയും ചെയ്തു.



ഈ മത്സരം ക്രൈസ്തവസഭയിലെതന്നെ ഭിന്നതയായി ഒരു വിധത്തിൽ വ്യാഖ്യാനിക്കാം. അതായിരുന്നു ഇക്കാലം വരെ പല ചരിത്രകാരന്മാരും ചെയ്തിരുന്നത്. എന്നാൽ ഇത്തരം മത്സരത്തിൽ ഒരു ഭാഗക്കാർ മാത്രമാണ് കുറ്റക്കാരെന്ന് പറയുന്നത് ശരിയല്ല; റോമാപാത്രിയർക്കീസും കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസും തമ്മിൽ എപ്പോഴും സംഘർഷം ഉണ്ടായിക്കൊണ്ടിരുന്നു. അത് കാലക്രമേണ റോമൻ ജനതയും ഗ്രീക്കു ജനതയും തമ്മിലുള്ള മത്സരമായി രൂപം ധരിക്കുകയും ചെയ്തു.

ഈ മത്സരം ക്രൈസ്തവസഭയിലെതന്നെ ഭിന്നതയായി ഒരു വിധത്തിൽ വ്യാഖ്യാനിക്കാം. അതായിരുന്നു ഇക്കാലം വരെ പല ചരിത്രകാരന്മാരും ചെയ്തിരുന്നത്. എന്നാൽ ഇത്തരം മത്സരത്തിൽ ഒരു ഭാഗക്കാർ മാത്രമാണ് കുറ്റക്കാരെന്ന് പറയുന്നത് ശരിയല്ല; റോമാപാത്രിയർക്കീസിന് അപ്രമാദിത്വം ഉള്ളതുകൊണ്ട് ഇത്തരം കിടമത്സരങ്ങളിൽ ശരിതന്നെ ചെയ്യണമെന്ന് നിർബ്ബന്ധമില്ല. മാർപ്പാപ്പാ സാർവ്വത്രിക സഭയുടെ തലവനാണ്, അതേസമയം പാശ്ചാത്യസഭയുടെ ഭരണനിയന്താവുമാണ്. ലൗകികമായി തകരാറിലെത്തിയിരുന്ന പാശ്ചാത്യരെ ആ വിധത്തിലും ഒന്നിച്ചു നിർത്തുക നാലാം നൂറ്റാണ്ടു മുതലുള്ള മാർപ്പാപ്പമാരുടെ ചുമതലയായിരുന്നു. എന്നാൽ ആ രീതിയിലുള്ള മേൽക്കോയ്മയായിരുന്നില്ല പൗരസ്ത്യരെ സംബന്ധിച്ച് അവർക്കുണ്ടായിരുന്നത്. അതു പോലെ പാശ്ചാത്യദേശത്തിന്റെ മുഴുവൻ ലൗകികാധികാരം കൈയ്യിലെടുത്ത റോമാപാത്രിയർക്കീസിന് ബൈസന്റയിൻ ചക്രവർത്തി സമശീർഷനാണ്; സഭാധികാരത്തെ സംബന്ധിച്ചിടത്തോളം ചക്രവർത്തിയെന്നല്ല ആരും മാർപ്പാപ്പായുടെ കീഴിലുമാണ്. ബൈസന്റയിൻ ചക്രവർത്തിക്കും ലൗകികമായ തുല്യത അവകാശപ്പെടാമായിരുന്നെങ്കിലും വിശ്വാസിയെന്ന നിലയിൽ താന്തോന്നിത്തം തെറ്റുതന്നെ. ഈ വിധത്തിൽ ലൗകികഭരണവും സഭാധിപത്യവും കെട്ടുപിണഞ്ഞു കിടന്നിരുന്ന ആദ്യ നൂറ്റാണ്ടുകളിൽ വഴക്കും വക്കാണവും ഉണ്ടാവുക സ്വാഭാവികമായിരുന്നു. അതുകൊണ്ട് ഗ്രീക്കു സഭയുടെ എല്ലാ തെറ്റും സാർവ്വത്രികസഭയുടെ തലവനെതിരായുള്ളതായി വ്യാഖ്യാനിക്കാൻ നിർവ്വാഹമില്ല. മാർപ്പാപ്പാമാർ പലപ്പോഴും ബൈസന്റിയൻ ചക്രവർത്തിമാരെ എല്ലാക്കാര്യത്തിലും ചൊല്പടിയിൽ നിർത്താൻ ശ്രമിച്ചിരുന്നു. തന്മൂലം ഭിന്നതകളുണ്ടാകുകയും ചെയ്തു. സഭാഭരണത്തിലും റോമായിലെയും കോൺസ്റ്റാന്റിനോപ്പിളിലെയും പാത്രിയർക്കീസുമാർക്ക് തുല്യതയുണ്ട്

www.malankaralibrary.com

പ്രാദേശിക ഭരണത്തെ സംബന്ധിച്ചിടത്തോളം. അതും പലപ്പോഴും നിഷേധിക്കപ്പെട്ടു. ആർക്കും കുറ്റമാരോപിക്കുവാൻ സാധിക്കാത്ത നല്ല മനുഷ്യനായിരുന്ന ഫോഷ്യസിനു മുമ്പ് — അദ്ദേഹമാണ് വാസ്തവത്തിൽ ഗ്രീക്കു ഓർത്തഡോക്സ് ഭിന്നതയുടെ കാരണക്കാരൻ — ഗ്രീക്കു സഭയെ ഭരിച്ചിരുന്ന ഇഗ്നേഷ്യസ് പാത്രിയർക്കീസ് അദ്ദേഹത്തിന്റെ കീഴിലുള്ള സ്ഥലത്ത് ലത്തീൻ ഭരണം സ്ഥാപിക്കാൻ മാർപ്പാപ്പായോ അദ്ദേഹത്തിന്റെ പ്രതിപുരുഷന്മാരോ ചെയ്ത തെറ്റായ ശ്രമത്തെ എതിർത്തതിന്റെ പേരിൽ വളരെ യാതന പ്രസ്തുത പാത്രിയർക്കീസിനു അനുഭവിക്കേണ്ടിവന്നു. ഫോഷ്യസ്, മാർപ്പാപ്പാമാരുമായി നടത്തിയ കലഹത്തിൽ അദ്ദേഹത്തിന്റെ നില ആരും സാധൂകരിക്കുന്നില്ല. എങ്കിലും പിന്നീട് മൈക്കിൾ ചെറുലാറിയൂസു പാത്രിയർക്കീസും മാർപ്പാപ്പായുടെ പ്രതിപുരുഷനായ കർദ്ദിനാൾ ഹ്യൂബേർട്ടും തമ്മിലുണ്ടായ വക്കാണത്തിൽ കർദ്ദിനാളിന്റെ പങ്ക് കുറെ കൂടുതലായിരുന്നില്ലേയെന്ന് സംശയിക്കണം. അവർ തമ്മിലുണ്ടായ മത്സരത്തെ തുടർന്ന് പരസ്പരം മഹറോൻ ചൊല്ലിയതോടെയാണല്ലോ ഗ്രീക്കു ഓർത്തഡോക്സ് ഭിന്നതയുടെ ആരംഭം.

ഇങ്ങനെ ചിന്താക്കുഴപ്പവും തെറ്റിദ്ധാരണയുമാണ്, ഗ്രീക്കു ഓർത്തഡോക്സ് ഭിന്നതയുടെ കാരണം. ഇതു തന്നെ മറ്റു പലയിടത്തും സംഭവിച്ചു. റോമൻ സാമ്രാജ്യത്തിന്റെ മാതൃകയിൽ ശക്തിയായ കേന്ദ്രഭരണവും കേന്ദ്രപ്രതിപുരുഷന്മാരുടെ കീഴിലുള്ള പ്രാദേശിക സ്വയംഭരണവുമെന്ന രീതിയിലാണ് റോമാമാർപ്പാപ്പാമാർ തങ്ങളുടെ ഭരണം ക്രമീകരിച്ചത്. എന്നാൽ ഇവ രണ്ടും പരസ്പരം പലപ്പോഴും കേറിയുമിറങ്ങിയും കിടന്നിരുന്നു. ഏതെല്ലാം ദേശത്ത് ഏതെല്ലാം വിധത്തിലാണ് കേന്ദ്രഭരണം വേണ്ടത്, എന്തുമാത്രം ഓരോ ദേശത്തും പ്രാദേശിക സ്വയം ഭരണം അനുവദിക്കണം, എന്ന കാര്യത്തിൽ ഉറച്ച നിലപാടായിരുന്നില്ല റോമിൽ നിന്ന് സ്വീകരിച്ചിരുന്നത്. ഉദാഹരണായി പുതുതായി മാനസാന്തരപ്പെട്ടവരെയും പുരാതനമായി ക്രിസ്ത്യാനികളായി നിന്നവരെയും ഒരേ താപ്പിലല്ല കണക്കാക്കേണ്ടത്. പുരാതന ക്രിസ്ത്യാനികളുടെ കാര്യത്തിൽ അവരുടെ ആചാരത്തിനും പാരമ്പര്യത്തിനും കൂടുതൽ മനനീയതയുണ്ട്; സ്വതന്ത്രമായി കാര്യങ്ങൾ ചെയ്യാൻ അവർക്ക് കൂടുതൽ സൗകര്യവുമുണ്ടായിരിക്കണം. അത് നിഷേധിക്കപ്പെട്ടാൽ കലഹമുണ്ടാകും. റോമിൽ നിന്ന് അയയ്ക്കപ്പെടുന്ന പ്രതിപുരുഷന്മാർ പാശ്ചാത്യരും പൗരസ്ത്യരും, നവക്രൈസ്തവരും പുരാതന



ക്രിസ്ത്യാനികളും എന്നു മറ്റുമുള്ള വ്യത്യാസങ്ങൾ കണക്കിലെടുക്കാതെയാണ് പലപ്പോഴും പ്രവർത്തിച്ചത്. അതുമൂലം കുഴപ്പങ്ങൾ വളരെയുണ്ടായി. ഇന്ന് നാം കാണുന്ന പല ഭിന്നതകളുടേയും വേരുകൾ അവയിലാണ്. കേരളത്തിൽതന്നെ സംഭവിച്ചത് ഈ രീതിയിലാണല്ലോ.

റോമൻ പ്രതിപുരുഷന്മാരുടെ പ്രവർത്തനം എല്ലാം പരാജയമായിരുന്നില്ല. കൽക്കദോനിയാ സൂനഹദോസിൽ ലേയോൻ മാർപ്പാപ്പാ പ്രതിനിധികളെ അയച്ചിരുന്നു. മാർപ്പാപ്പായുടെ ലേഖനം അവർ സൂനഹദോസിൽ വായിച്ചപ്പോൾ 'പത്രോസ് ലേയോൻ വഴി സംസാരിക്കുന്നു' എന്ന് കൂടിയിരുന്ന പിതാക്കന്മാർ ആർത്തു പറഞ്ഞ് മാർപ്പായുടെ വിധി തീർപ്പ് സ്വീകരിച്ചു. വിശ്വാസപരമായ കാര്യങ്ങളിൽ ഭിന്നാഭിപ്രായമുണ്ടാകുമ്പോൾ ഈ വിധി തീർപ്പ് നല്കുകയാണ് സാർവ്വത്രികസഭയുടെ തലവനെന്ന നിലയിൽ മാർപ്പാപ്പായുടെ ധർമ്മം. ഈയടിസ്ഥാനത്തിൽ മാർപ്പാപ്പായുടെ ഇടപെടൽ തെറ്റല്ലെന്ന് മാത്രമല്ല ആവശ്യവുമാണ്. എന്നാൽ പ്രായോഗിക പ്രവർത്തനത്തിൽ പ്രാദേശികസഭകൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതുണ്ട്. അതാണ് പൗരസ്ത്യസഭകൾ എന്നും ആവശ്യപ്പെടുന്നത്; ഇന്ന് ഭിന്നിച്ചു നില്ക്കുന്ന സഭകൾ മാർപ്പാപ്പായുടെ കീഴിൽ ഒന്നിക്കുവാൻ ആവശ്യപ്പെടുന്ന ഉറപ്പും അതുതന്നെയായിരിക്കും.

ഇതിന് അനുകൂലമായ ചിന്താഗതിയിലുള്ള മാറ്റം ഇന്ന് കത്തോലിക്കാസഭയിലുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ സഭയിലുള്ള ഭരണകേന്ദ്രീകരണം കൂടുതലാണെന്നുള്ള ശബ്ദം രണ്ടാം വത്തിക്കാൻ സൂനഹദോസിൽ ശക്തിയായി ഉയർന്നുവന്നു. കഴിഞ്ഞകാലത്തെ പ്രവർത്തനമെല്ലാം തെറ്റാണെന്ന് പറയുകയല്ല സൂനഹദോസ് പിതാക്കന്മാർ ചെയ്തത്, പ്രത്യുത ഇന്നത്തെ പുതിയ സാഹചര്യത്തിനനുസരിച്ച് ഭരണനയം മാറണമെന്നാണ് അവർ വാദിച്ചത്. ഗതാഗതത്തിനും വാർത്താവിനിമയത്തിനും സൗകര്യം ഇന്നത്തെപ്പോലെ ഇല്ലാതിരുന്ന കഴിഞ്ഞകാലത്ത് കേന്ദ്രീകരണം ആവശ്യമായിരുന്നു. ഇന്നത്തെ സഭയുടെ കെട്ടുറപ്പിന്റെ കാരണവും അതുതന്നെ. എന്നാൽ മാനുഷികമായ പ്രവർത്തനരീതി ദൈവത്തിന്റെ സഭയിലെടുക്കുമ്പോൾ യാതൊരുവിധത്തിലും കുറ്റവും തെറ്റും ഉണ്ടാകരുതെന്ന് ദൈവം നിഷ്കർഷിക്കുന്നില്ല; സഭയുടെ സാരമായ പുരോഗതിയ്ക്കാണ് ദൈവപരിപാലനയുടെ തുണ. സഭയുടെ ഓരോ കാലത്തെ അധികാരികളുടെ പ്രവർത്തനത്തി

www.malankaralibrary.com

ലുണ്ടാകുന്ന കുറ്റങ്ങൾ പൊക്കിയെടുക്കേണ്ടത് പിന്നാലെ വരുന്നവരുടെ ചുമതലയാണ്. അത്തരത്തിൽ ദൈവം അനുവദിച്ച കുറവായിരിക്കാം ക്രിസ്ത്യാനികളുടെയിടയിലെ ഭിന്നതയും അനൈക്യവും. അത് മാറ്റിയെടുക്കേണ്ടത് നമ്മുടെ ചുമതലയാണ്. കഴിഞ്ഞ കാലത്ത് കേന്ദ്രീകരണ നയം മൂലമുണ്ടായ എല്ലാ തെറ്റുകളെയും കൂടുതൽ വികേന്ദ്രീകരണം കൊണ്ട് ഇല്ലാതാക്കാൻ ഇന്ന് സഭ തയ്യാറായിക്കൊണ്ടിരിക്കുകയാണ്.

എന്നാൽ വികേന്ദ്രീകരണമെന്ന് പറഞ്ഞാൽ താഴത്തെ കിടയിലുള്ളവർക്ക് കൂടുതൽ അധികാരവും ചുമതലയുമെന്നാണ് അർത്ഥം. ഇന്ന് മാർപ്പാപ്പാ തന്റെ അധികാരങ്ങൾ കൂടുതലായി മെത്രാന്മാരെ ഏല്പിക്കുന്നു, മെത്രാന്മാർ വൈദികരെയും, വൈദികർ അയ്മേനികളെയും ഈ അധികാരവിഭജനം കൊടുക്കുവാനും സ്വീകരിക്കുവാനുമുള്ള സന്നദ്ധത സഭയിൽ ഉടനീളമുണ്ടാകണം; അപ്പോൾ സമ്പൂർണമായ ക്രൈസ്തവൈക്യത്തിനുള്ള വഴിത്താരയും തുറക്കും.

***ക്രൈസ്തവകാഹളം, 1972 ഒക്ടോബർ***



**ഭാഗം നാല്**

# സഭാന്തരദർശനം

ആറു ലേഖനങ്ങൾ മാത്രമേ ഈ ശേഖരത്തിലുള്ളൂ. ഇവയുടെ രചനാകാലഘട്ടവും താരതമ്യേന ഹ്രസ്വം തന്നെ; 1985 മുതൽ 1997 വരെ. ഇതുവരെ നാം അനുഭവിച്ചതുപോലെ ആലോചനകളുടെ പിരിമുറുക്കമില്ലാതെ വളരെ രസകരമായ ശൈലിയിൽ കാര്യങ്ങൾ തുറന്നു പറയുകയാണിവിടെ. പ്രത്യേകിച്ച്, വിശുദ്ധ പത്രോസിന്റെ പ്രഥമസ്ഥാനത്തെച്ചൊല്ലിയുള്ള രണ്ടു വാഗ്വാദലേഖനങ്ങളിൽ. മറ്റു ലേഖനങ്ങളിൽ ഉപയോഗിക്കാത്ത കഥാത്മകശൈലിയാണിവിടെ. അതേ സമയം ഈ രസകരമായ പ്രതിപാദനത്തിലൂടെ അനുവാചകരെ വഴി തെളിക്കുന്നത് വിട്ടുവീഴ്ച തീരെയില്ലാത്ത ചരിത്ര സത്യങ്ങളിലേക്കാണ്. എങ്കിലും ആരേയും മുറിപ്പെടുത്തുന്ന ഒരു വാക്കുപോലും ഉപയോഗിക്കാൻ ബ. ഡോമിനിക് സഖറിയാസച്ചൻ മുതിരുന്നില്ല എന്നത് അദ്ദേഹത്തിന്റെ മഹത്ത്വത്തിന്റെ പ്രകാശനം തന്നെയാണ്.

- എഡിറ്റേഴ്സ്

www.malankaralibrary.com

## 69

# മലങ്കര ഓർത്തഡോക്സു സഭയുടെ ആത്മദർശനം

മലങ്കര സഭയെപ്പറ്റി ശ്രീ. ജോർജ് വറുഗീസ് മദ്രാസ് എഴുതുന്നത് * ശ്രദ്ധിക്കുക- " മലങ്കരസഭ, നിഖ്യാ സൂന്നഹദോസു കാലം മുതൽ 1490 വരെയും യാക്കോബായ (ഓർത്തഡോക്സ്) വിശ്വാസമാണ് സ്വീകരിച്ചിരുന്നത്." നിഖ്യാ സുന്നഹദോസിന് മുമ്പുള്ള കാലത്തെ സംബന്ധിച്ച് പതിനൊന്നാം പീയൂസ് മാർപാപ്പായുടെ റോമാനി പൊന്തിഫിച്ചസ് എന്ന അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷനിൽ നിന്ന് അദ്ദേഹം ഉദ്ധരിക്കുന്നു- "എന്തെന്നാൽ ആ സഭയുടെ ഉൽപത്തി മാർത്തോമ്മാ ശ്ളീഹായിൽ നിന്ന് സുവിശേഷ പ്രകാശം കൈക്കൊണ്ട അതിപുരാതനങ്ങളായ ക്രൈസ്തവ സമുദായങ്ങളിൽ നിന്നാകകൊണ്ട് പൗരസ്ത്യ സഭകളുടെ ഗണത്തിൽ ഉൽകൃഷ്ടമായ സ്ഥാനത്ത് ആ സഭ സ്ഥിതി ചെയ്യുന്നു......' ആകയാൽ മലങ്കര നിവാസികൾ അക്കാലങ്ങളിലെ സാഹചര്യങ്ങൾ കൊണ്ടും, സ്ഥലങ്ങൾ തമ്മിലുള്ള അത്യധികമായ അകലം നിമിത്തവും, പാശ്ചാത്യ ദേശങ്ങളുമായി അനേക ശതാബ്ദകാലത്തേക്ക് ഇടപാടുകൾ നടത്തുക വളരെ വിഷമകരമായിരുന്നതിനാൽ ശ്ലീഹായ്ക്കടുത്ത സിംഹാസനവുമായി സംസർഗ്ഗരഹിതരായിരുന്നുവെങ്കിലും അവർ ഒരിക്കലും ക്രിസ്തീയ വിശ്വാസം നിശേഷം നഷ്ടപ്പെടുത്തിയില്ല." ഈ ഉദ്ധരണിയുടെ മറ്റും വെളിച്ചത്തിൽ മലങ്കരസഭ കത്തോലിക്കാ സഭയിൽ ഉൾപ്പെട്ടിരുന്നില്ലെന്ന് തെളിയിക്കുകയാണ് ലേഖകന്റെ ഉദ്ദേശ്യം. അതിന്നിടയിൽ മേൽ പ്രസ്താവിച്ച കാലഘട്ടത്തെപ്പറ്റി അറിഞ്ഞോ അറിയാതെയോ വളരെ ചിന്താക്കുഴപ്പം ലേഖകൻ സൃഷ്ടിക്കുന്നുണ്ട്. അതൊന്ന് വ്യക്തമാക്കുവാൻ ഇവിടെ ഞാൻ ഉദ്ദേശിക്കുകയാണ്. മലങ്കര സഭയുടെ യഥാർത്ഥ ആത്മദർശനം എന്തായിരിക്കണമെന്നത് ആ സഭയിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാവിഭാഗങ്ങളുടെയും പൊതുകാര്യമാണല്ലോ.

***** ഈ ലേഖനം 'മലങ്കരസഭ' യുടെ 1986 ആഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയ, 'പോർട്ടുഗീസുകാർക്ക് മുമ്പ് മലങ്കരയിൽ റോമൻ കത്തോലിക്കാ സഭയോ ?' എന്നതിനെ ആസ്പദമാക്കിയാണ്.**



അദ്ദേഹം പറയുന്നു- "1490 മുതൽ 1599 ലെ ഉദയംപേരൂർ സുന്നഹദോസുകാലം വരെയ്ക്കും ഈ സഭയിൽ നെസ്തോറിയൻ വേദോപദേശങ്ങൾ കടന്നുകൂടിയിരുന്നുവെന്നും മലങ്കരസഭ ആ കാലങ്ങളിൽ നെസ്തോറിയൻ വിശ്വാസം അംഗീകരിച്ചുവെന്നും സംശയരഹിതമായി പറയാം." എന്താണ് ഇതിന്റെ അർത്ഥം? 1490 -ൽ മലങ്കരയിൽ ആരെങ്കിലും നെസ്തോറിയൻ വിശ്വാസം കടത്തികൊണ്ടുവന്നുവെന്നാണോ? അങ്ങനെ പറയുന്നതിന് ചരിത്രപരമായി യാതൊരു തെളിവുമില്ല. അക്കാലഘട്ടത്തിൽ ഇവിടെ ഭരിച്ചിരുന്ന മാർ യാക്കോബിനെ വിശുദ്ധ ഫ്രാൻസിസ് സേവ്യർ പ്രശംസിക്കുന്നു. ഏതായാലും 1490 ന്റെ പ്രത്യേകതയെന്താണെന്ന് ശ്രീ. ജോർജ് വറുഗീസ് പറയുന്നില്ല. 1498 -ൽ വാസ്കോഡി ഗാമാ ഇൻഡ്യയിൽ വന്നു. അതാണോ നെസ്തോറിയൻ വിശ്വാസം ഉണ്ടാകുവാൻ കാരണം? അല്ലല്ലോ. വാസ്കോഡി ഗാമായ്ക്കു ശേഷം വന്ന പോർട്ടുഗീസുകാർ മലങ്കരസഭയിലെ നെസ്തോറിയൻ സാന്നിധ്യത്തെപ്പറ്റി പറയുന്നുണ്ട്. ഇക്കാലഘട്ടത്തിൽ മാർ ജോസഫും, മാർ ഏബ്രഹാമും എന്ന രണ്ടു മെത്രാപ്പോലീത്താമാർ, നെസ്തോറിയൻ വിശ്വാസമുള്ളവർ ആണെന്ന് പോർട്ടുഗീസുകാർ ആരോപിച്ചുവെങ്കിലും റോമിലെ മാർപാപ്പായുടെ അധികാരം സമ്മതിച്ചിരുന്ന കിഴക്കിന്റെ കാതോലിക്കായാൽ അയയ്ക്കപ്പെട്ടവരായിരുന്നുവെന്ന് മർത്തോമ്മാ സഭയിലെ ചരിത്രകാരന്മാരായ സി. പി. മാത്യുവും എം. എം. തോമസും സമ്മതിക്കുന്നുണ്ട്. വാസ്തവത്തിൽ ഈ രണ്ടു മെത്രാന്മാരും പോർട്ടുഗീസുകാരും തമ്മിൽ ഒരു മൽപ്പിടുത്തമാണ് നടന്നത്. പോർട്ടുഗീസുകാർ അവരെ നെസ്തോറിയരെന്ന് മുദ്രയടിക്കുമ്പോൾ, അവർ തങ്ങളുടേത് സത്യവിശ്വാസമാണ് എന്ന് തെളിയിക്കുവാൻ ശ്രമിച്ചുകൊണ്ട്, അവരിൽ മാർ ജോസഫ്, കുമ്പസാരവും, മൂറോനഭിഷേകവും, രോഗികളുടെ തൈലാഭിഷേകവും മലങ്കരസഭയിൽ ആദ്യമായി ആരംഭിച്ചതായി സി. പി. മാത്യു പറയുന്നുണ്ട് (1) മാത്രമല്ല, പോർട്ടുഗീസുകാരുടെ വരവുസമയത്ത് ഇവിടെ ഉണ്ടായിരുന്ന മാർ ജേക്കബ്, മലങ്കരയിലെ വിശ്വാസികളോട് ചേർന്ന് പോർട്ടുഗീസുകാരെ സ്വീകരിച്ചതായും ചരിത്രരേഖയുണ്ട് (2) അതുകൊണ്ട് 1490 മുതൽ 1599 വരെയുള്ള കാലഘട്ടവും പേർഷ്യൻ മെത്രാന്മാരുടേയും പോർട്ടുഗീസുകാ

1. *C. P. Mathew and M.M. Thomas, "The Indian churches of St. Thomas" 1967, SPCK, page 27-28.*
2. *ibid- P.22 -26*

www.malankaralibrary.com

രുടെയും ഒന്നിച്ചുള്ള മലങ്കരയിലെ സാന്നിധ്യത്തിന്റെതാണ്. വാസ്തവത്തിൽ മലങ്കരസഭ കാതോലിക വിശ്വാസത്തിൽ ഉൾപ്പെട്ടിരുന്നുവെന്നതിന്റെ വ്യക്തമായ തെളിവ് ഈ കാലഘട്ടത്തിൽ നമുക്ക് ലഭിക്കുന്നുണ്ട്. എന്തിനതിനെ നെസ്തോറിയമാക്കുന്നു വെന്ന് മനസ്സിലാകുന്നില്ല. പോർട്ടുഗീസുകാരുടെ ആരോപണം ശ്രീ ജോർജ്ജ് വറുഗീസ് ശരിവയ്ക്കുകയാണോ? അദ്ദേഹത്തിന്റെ ലേഖനത്തിൽ വ്യക്തമായ ധ്വനിയുണ്ട്, 1490 -ന് മുമ്പും മലങ്കരസഭ നെസ്തോറിയമായിരുന്നുവെന്ന്. ആ ഒരു നൂറു വർഷവും അതിനു മുമ്പും വന്നിരുന്ന മെത്രാന്മാരെല്ലാവരും കിഴക്കിന്റെ കാതോലിക്കോസ് വാഴിച്ച് അയച്ചവരായിരുന്നുവെന്ന് അദ്ദേഹം പറയുന്നു. കാതോലിക്കോസ് നെസ്തോറിയൻ സ്ഥാനമാണ്, അതിന് തുല്യമായ യാക്കോബായ സ്ഥാനമാകട്ടെ മപ്രിയനാണ്. യാക്കോബായ മപ്രിയാനാ ആരെയെങ്കിലും മലങ്കരയ്ക്ക് അയച്ചതായി യാതൊരു തെളിവുമില്ല. അതുകൊണ്ട് 1490 -ന് മുമ്പും കിഴക്കിന്റെ കാതോലിക്കായാൽ അയയ്ക്കപ്പെട്ടവരായിരുന്നു. മലങ്കരയെ ഭരിച്ചിരുന്ന മെത്രാന്മാരെല്ലാവരും എന്ന് പറയുന്നതിലൂടെ മലങ്കരയിൽ നെസ്തോറിയൻ വിശ്വാസമായിരുന്നു നിലവിലിരുന്നതെന്ന് ശ്രീ ജോർജ്ജ് വറുഗീസ് സമ്മതിക്കുകയാണ്. അതല്ല, അദ്ദേഹത്തിന്റെ താത്പര്യം പിന്നെ എന്തിന് ആശയക്കുഴപ്പം ഉണ്ടാക്കുന്നു.

ശ്രീ. ജോർജ് വറുഗീസ് തുടരുന്നു- "ക്രി. 522 -ൽ കോസ്മസ് ഇൻഡികോ പോളിസ്റ്റു മലങ്കരസഭ സന്ദർശിക്കുമ്പോൾ അദ്ദേഹം കല്യാണയിൽ കണ്ടത് പേർഷ്യയിൽനിന്ന് അഭിഷേകം ചെയ്തയച്ച യാക്കോബായ മെത്രാനെയാണ്." എന്തിന് അദ്ദേഹം യാക്കോബായ മെത്രാനെന്ന് പറയുന്നു. കോസ്മസ് ഇൻഡികോ പോളിസ്റ്റസിന്റെ സാക്ഷ്യം ഇതാ- കബ്രോയിൻ (സിലോൺ) ദ്വീപിലും, ഇൻഡ്യൻ മഹാസമുദ്രതീരത്തുള്ള ഇൻഡ്യയുടെ ഉൾഭാഗങ്ങളിലും പട്ടക്കാരും, വിശ്വാസികളായ ജനസമൂഹവും ഉള്ള ഒരു ക്രൈസ്തവസഭ സ്ഥിതിചെയ്യുന്നു. സഭ അവിടെനിന്ന് മറ്റു രാജ്യങ്ങളിലേക്ക് വ്യാപിച്ചിട്ടുണ്ടോ എന്ന് നിശ്ചയമില്ല. എങ്കിലും കുരുമുളകു വളരുന്ന മെയിൽ (മലബാർ) രാജ്യത്തും ക്രൈസ്തവ സഭ ഉണ്ട്. എന്നുമാത്രമല്ല പേർഷ്യയിൽ അഭിഷേകം ചെയ്യപ്പെടുന്ന ഒരു മെത്രാനുമുണ്ട്. (3) ശരിയാണ്, കോസ്മോസ് യാക്കോബായക്കാരനാണെന്ന് തെളിയിക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ഒരു യാത്രാ

*3. ഇ. എം. ഫിലിപ്പ്, മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭ [ ഉദ്ധരണി ] P. 72.*



വിവരണത്തിൽ സഭകൾ തമ്മിലുള്ള വ്യതിരിക്തത പ്രശ്നമാകുന്നില്ല. അദ്ദേഹം പറയുന്നതിതാണ്- "സഭ ക്ഷയോന്മുഖമായിട്ടില്ല, എന്നാലോ നാനാഭാഗങ്ങളിലും വിസ്തീർണ്ണമായി വ്യാപിച്ചും ഭൂമി മുഴുവനും ക്രിസ്തീയ തത്വങ്ങളാൽ നിറഞ്ഞും അവ ദിനം പ്രതിയെന്നവണ്ണം അഭിവൃദ്ധി പ്രാപിച്ചും സുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെട്ടും വരുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു" (4) ക്രിസ്തുസഭയുടെ സാർവത്രികതയാണ് അദ്ദേഹത്തിന്റെ പരാമർശവിഷയം. സഭ കാതോലികമാണെന്നതുതന്നെ. പേർഷ്യൻ സഭ ഇൻഡ്യയിലും ചൈനയിലുമെല്ലാം സുവിശേഷപ്രവർത്തനം നടത്തിയിരുന്നതായി അടുത്തകാലത്ത് വ്യക്തമായിട്ടുണ്ട്, മാർത്തോമ്മാശ്ലീഹായുടെ സഭകൾ പൗരസ്ത്യലോകം മുഴുവനും വ്യാപിച്ചിരുന്നതായി. അതിന്റെ ഖ്യാതിയിൽ മലങ്കരസഭയും പങ്കുചേരുന്നതിൽ എന്താണ് തെറ്റ്. പ്രസ്തുത സഭ നെസ്തോറിയമായിരുന്നുവോയെന്ന പ്രശ്നം നിലനില്പുണ്ട്. ക്രിസ്തു രഹസ്യം കൂടുതൽ യുക്തി ബദ്ധമായി വിവരിക്കുന്ന അന്ത്യോഖ്യൻ പഠന കേന്ദ്രത്തിൽ നിന്ന് ഉത്ഭവിച്ച് നെസ്തോറിയൻ വ്യാഖ്യാനം വിശ്വാസ വ്യതിചലനമാണെന്ന് എഫേസൂസ് സൂനഹദോസിന് ബോധ്യപ്പെട്ടു. എന്നാൽ എദേസായിലെയും നിസിബീസിലെയും സിറിയൻ പഠന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ അതിന് പുനഃവ്യാഖ്യാനം ഉണ്ടായി. അതനുസരിച്ച് കാതോലിക വിശ്വാസത്തോട് വളരെ അനുരൂപപ്പെട്ടുവന്നു. ഈ പശ്ചാത്തലത്തിലാണ് പേർഷ്യൻ മെത്രാന്മാർ മലങ്കരയിൽ ക്രിസ്തീയ വിശ്വാസത്തിന് നേതൃത്വം നൽകിയത്. മാത്രമല്ല മലങ്കരസഭ ക്രിസ്തു വിജ്ഞാനീയത്തെ സംബന്ധിക്കുന്ന വാദ വിവാദങ്ങളിലൊന്നും ഉൾപ്പെട്ടിരുന്നില്ല. പിന്നെ എന്തിന് 'യാക്കോബായ, നെസ്തോറിയൻ ' എന്ന പേരുകളുടെ പിമ്പേ പോകുന്നു. പോർട്ടുഗീസ് മിഷനറിമാർ പേർഷ്യയിൽ നിന്നുള്ള മെത്രാന്മാർ എന്നു കേട്ടപ്പോഴേ നെസ്തോറിയൻ പാഷണ്ഡത (ആദ്യം അഭിപ്രായ വ്യത്യാസമില്ലാതിരുന്നു) അവരിൽ ആരോപിച്ചുതുടങ്ങി. പേർഷ്യൻ കതോലിക്കായുടെ അധികാരം ചോദ്യം ചെയ്യാൻ അവർ സ്വീകരിച്ച കുത്സിത മാർഗ്ഗമല്ലേ ഇത്. മലങ്കരക്കാർ എന്തിന് അവരെ ഏറ്റുപാടുന്നു. മലങ്കരസഭ ഒരിക്കലും നെസ്തോറിയമായിരുന്നില്ല. എന്നാൽ പുരാതനകാലം മുതലേ കാതോലിക കൂട്ടായ്മയിൽ ഉൾപ്പെട്ടിരുന്നു, എന്ന് പറയുന്നതല്ലേ ശരി.

*4. ibid pg- 71-72.*

www.malankaralibrary.com

മലങ്കരസഭയുടെ പേർഷ്യൻ ബന്ധം നിരാകരിക്കാവുന്നതല്ല. അതുകൊണ്ട് അന്ത്യോഖ്യായ്ക്ക് വിധേയമായിരുന്നുവെന്ന് അർത്ഥമില്ല. ശ്രീ. ജോർജു വറുഗീസ് എവിടെ നിന്നെന്ന് വ്യക്തമല്ല, മലങ്കര സഭാംഗങ്ങൾ പറഞ്ഞിരുന്നതായി ഉദ്ധരിക്കുന്നു. "പശാചാത്യരായ നിങ്ങളുടെ വിശ്വാസം എന്തുതന്നെ ആയിരുന്നാലും ഞങ്ങൾ സത്യവിശ്വാസികളാണ്. എന്തെന്നാൽ ക്രിസ്തുവിന്റെ പിൻഗാമികളെ ക്രിസ്ത്യാനികളെന്ന് ആദ്യം വിളിച്ച സ്ഥലത്തുനിന്നാണ് ഞങ്ങൾ വന്നിരിക്കുന്നത്." ആ സ്ഥലം അന്ത്യോഖ്യായാണല്ലോ. പേർഷ്യൻ സഭ, കാതോലിക സഭയിലെ നാലു പാത്രിയർക്കാ സ്ഥാനങ്ങളിൽ അന്ത്യോഖ്യാസഭയോട് ഏറ്റം ബന്ധപ്പെട്ടിരുന്നതെന്നും സമ്മതിക്കാവുന്നതാണ്. എന്നാൽ കൽക്കദോനിയാ സൂനഹദോസിനെ തള്ളിപ്പറയുന്ന യാക്കോബായ സഭയോട് പേർഷ്യയിലെ കാതോലിക്കാ, അദ്ദേഹമാണല്ലോ മലങ്കരയിലേക്ക് മെത്രാന്മാരെ അയച്ചിരുന്നത്, ബന്ധപ്പെട്ടിരുന്നില്ല. മലങ്കര സഭയുടെ ആദ്യത്തെ യാക്കോബായ ബന്ധം 1665 -ൽ (കൂനൻ കുരിശു സത്യത്തിനുശേഷം) മലങ്കരയിൽ വന്ന, യറുശലേമിലെ മാർ ഗ്രിഗോറിയോസ് മുഖേനയാണ്. അദ്ദേഹം ഇവിടെ ഓർത്തഡോക്സു വിശ്വാസം പുനരുദ്ധരിച്ചുവെന്ന് ജോർജ് വറുഗീസു പറയുന്നു. എന്ത് പുനരുദ്ധാരണമാണ്? ലേഖകൻ പറയുന്നതുപോലെ, പാപ്പായുടെ സർവാധിപത്യം, പ്രതിമാരാധന, പുരോഹിതന്മാർ വിവാഹം ചെയ്തുകൂടായെന്നുള്ള നിയമം എന്നിവ ഒരു പ്രത്യേക വിശ്വാസമാകുമോ? മാർപാപ്പാ ചരിത്രപരമായി കൂടുതൽ അധികാരം ഏറ്റെടുത്തുവെന്നത് യാഥാർത്ഥ്യം തന്നെ. അത് ഇപ്പോൾ കത്തോലിക്കാസഭ വിട്ടുകളഞ്ഞുകൊണ്ടിരിക്കുന്നു. കത്തോലിക്കർ പ്രതിമാരാധകരല്ല. പശ്ചാത്യ സഭ കൂടുതലും ത്രിമാന രൂപങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നു. പൗരസ്ത്യരോ ദ്വിമാനരൂപങ്ങൾക്കും. ഇരുകൂട്ടരും വിഗ്രഹാരാധകരല്ല, പ്രതിമകളെയും പ്രതീകങ്ങളെയും വച്ചു വണങ്ങുന്നവരാണ്. കുരിശുപോലും വയ്ക്കാത്ത പെന്തക്കോസ്റ്റർ ചിന്ത മലങ്കരസഭയ്ക്ക് ഒരിക്കലുമില്ല. വൈദികരാകുന്നവർ വിവാഹിതരായിരിക്കുവാൻ പാടില്ലെന്നത് പാശ്ചാത്യസഭ ഒരു കാലത്ത് സ്വീകരിച്ച നിർബന്ധമാണ്. പൗരസ്ത്യർക്ക് അങ്ങനെ നിർബന്ധമില്ല. ഇക്കാര്യങ്ങൾ 1665 -ൽ അന്ത്യോഖ്യായിൽ നിന്ന് ഇവിടെ വന്ന യറുശലേം മെത്രാപ്പോലീത്തായായ മാർ ഗ്രിഗോറിയോസ് പുനരുദ്ധരിക്കുകയുണ്ടായി. പക്ഷേ, അതുകൊണ്ട് ഓർത്തഡോക്സു വിശ്വാസം പുനരുദ്ധരിച്ചുവെന്ന് എങ്ങനെ പറയാൻ സാധിക്കും? റോമാസഭ



യുൾപ്പെടെ പുരാതനസഭകളെല്ലാം ഓർത്തഡോക്സ് (സ്തുതിചൊവ്വാകപ്പെട്ടത് അല്ലെങ്കിൽ പുരാതനം) സഭകളുടെ വിശ്വാസം പുലർത്തുന്നവരാണ്. കൂട്ടായ്മയിൽ മലങ്കരസഭയും ചേർന്നിരുന്നുവെന്ന് പറയുന്നതല്ലേ സത്യം.

കാതോലിക കൂട്ടായ്മയിൽ ഉൾപ്പെടുന്നതിനെപ്പറ്റി മലങ്കര കത്തോലിക്കർ പുലർത്തുന്ന അഭിപ്രായം ലേഖകൻ ഇങ്ങനെ വിവരിക്കുന്നു- പോർത്തുഗീസുകാരുടെ വരവിനുമുമ്പ് (1502) അതാവിതു മാർത്തോമ്മാശ്ലീഹായുടെ വരവുമുതൽ 1653 -ലെ കൂനൻ കുരിശു സത്യംവരെയ്ക്ക്, മലങ്കര നസ്രാണികൾ മുഴുവൻ റോമിലെ മാർപ്പാപ്പായ്ക്ക്- അദ്ദേഹത്തിന്റെ പരമാധികാരത്തിന് - കീഴ്പ്പെട്ടിരുന്ന കത്തോലിക്കാ വിശ്വാസികളായിരുന്നുവെന്നും. പറങ്കികൾ അവരുടെ മേൽ കേവലം വൈദികമേലധികാരം (ലത്തീൻ ഭരണം) ഉറപ്പിക്കുവാൻ മാത്രമെ ശ്രമിച്ചിട്ടുള്ളൂ." എന്നതാണ് പോർട്ടുഗീസുകാർ ലത്തീൻ ഭരണം അടിച്ചേല്പ്പിക്കുവാൻ, എന്നതു കൂടാതെ, പാശ്ചാത്യ സഭയുടെ നിയമബദ്ധക്രമത്തിൽ മലങ്കരസഭയെ കൊണ്ടുവരാനും ശ്രമിച്ചിരുന്നു. അവർക്കു മുമ്പ് മലങ്കരസഭ മാർപ്പാപ്പായുടെ പരമാധികാരം അല്ല പ്രാമുഖ്യമാണ് അംഗീകരിച്ചിരുന്നത്. ആ അംഗീകാരമാകട്ടെ, പ്രായോഗിത തലത്തിൽ നടന്നതാകയാൽ, വ്യത്യസ്ത വ്യാഖ്യാനങ്ങൾക്ക് വിധേയമാകാം. പേർഷ്യൻ സഭ കഴിഞ്ഞാൽ മലങ്കരസഭ ഏറ്റം ബന്ധപ്പെട്ടിരുന്നത്, ഏത് തരത്തിലുമാകട്ടെ, റോമാസഭയുമായിട്ടായിരുന്നുവെന്നതാണ് യാഥാർത്ഥ്യം. ഇതെല്ലാം മലങ്കരസഭയുടെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള എക്യുമെനിക്കൽ സംഭാഷണത്തിന് വിധേയമാകേണ്ടതാണ്. അതിന് അടിസ്ഥാനം കൂനൻ കുരിശുസത്യംവരെ മലങ്കരസഭ ഒന്നിച്ചു നിന്നിരുന്നുവെന്നതല്ലേ. അപ്പോൾ കാതോലിക് കൂട്ടായ്മയിൽ മലങ്കര സഭ ഉൾപ്പെട്ടിരുന്നുവെന്ന് പറയുന്നതിൽ തെറ്റെന്താണ്? വാസ്തവത്തിൽ, അന്ന് നാമെല്ലാം കാതോലിക വിശ്വാസം പുലർത്തിയിരുന്നു. മലങ്കരയിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ കത്തോലിക്കർ, റോമൻ (കത്തോലിക്കർ എന്നല്ല) ആയിരുന്നുവെന്ന് പറയുന്നതിൽ എന്തിന് ക്ഷോഭിക്കുന്നു. ആംഗ്ലിക്കൻ സഭാംഗങ്ങൾ ഇന്നും റോമൻ കത്തോലിക്കരാണെന്ന് സമ്മതിക്കുകയില്ല, എന്നാൽ അവർ കത്തോലിക്കരാണെന്ന് തറപ്പിച്ചുപറയും. അതുപോലൊരു നിലപാട് മലങ്കരസഭയ്ക്കും സ്വീകരിക്കാവുന്നതാണ്.

***ഐക്യദീപം, 1987 ഫെബ്രുവരി***

www.malankaralibrary.com

# 70

# അഖില ഓർത്തഡോക്സു സഭ വിജയിക്കട്ടെ

'അഖിലലോക ഓർത്തഡോക്സു സഭ വിജയിക്കട്ടെ.' ഒരു വലിയ ജനാവലിയുടെ ഇരമ്പൽകേട്ട് ഞാൻ കാതോർത്തുനിന്നു. അതിന്റെ മുമ്പിൽ നരച്ചതാടിവളർത്തി കറുത്ത കുപ്പായവും ധരിച്ച് ഒരു വന്ദ്യപുരോഹിതൻ കടന്നുവന്നു.

'അഖിലലോക ഓർത്തഡോക്സുസഭയോ' ഞാൻ ചോദിച്ചു.

"അതേ ഓർത്തഡോക്സുസഭ ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്നു. പ്രോട്ടസ്റ്റന്റുകാരും റോമൻ കത്തോലിക്കരും എല്ലാവരും അതിൽ ഉൾപ്പെടുന്നു. അദ്ദേഹം ഗൗരവപൂർവ്വം മറുപടി പറഞ്ഞു. "പെന്തക്കോസ്തു വിഭാഗങ്ങളോ"? ഞാൻ അന്വേഷിച്ചു. അവ സഭകളല്ലല്ലോ. എപ്പിസ്കോപ്പൽ അധികാരമുള്ളവമാത്രമാണ് സഭകൾ. അവയിൽ ഓർത്തഡോക്സു വിശ്വാസം പാലിക്കുന്നവയാണ് ഓർത്തഡോക്സു സഭകൾ". അദ്ദേഹം വിശദീകരിച്ചു. "പ്രോട്ടസ്റ്റന്റുസഭകൾ പുരാതന വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചുവെന്ന് മനസ്സിലാക്കാം. എന്നാൽ കത്തോലിക്കാ സഭയോ.", " എന്ത് കത്തോലിക്കാസഭ നിങ്ങൾ റോമൻ കത്തോലിക്കാ സഭയെയാണോ ഉദ്ദേശിക്കുന്നത്. 'അതേ', ഞാൻ വിനയപൂർവ്വം മറുപടി പറഞ്ഞു. "റോമൻ കത്തോലിക്കാസഭയാണ് കാതോലിക സഭയെന്ന് രണ്ടാം വത്തിക്കാൻ പഠിപ്പിക്കുന്നില്ലല്ലോ." "ഉണ്ട്. തർക്കവിഷയത്തിലേക്ക് കടക്കാതിരിക്കാം. ലോകം മുഴുവൻ വ്യാപിച്ചുവെന്നതുകൊണ്ട് കാതോലികമാകുന്നില്ല. പുരാതന ശ്ലൈഹീകസഭകളെയെല്ലാം ഉൾക്കൊള്ളുമ്പോഴാണ് ക്രിസ്തുവിന്റെ സഭ പൂർണ്ണവും കാതോലികവുമാകുന്നത്. '"അഖിലലോക ഓർത്തഡോക്സ് സഭ" എന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നത് ലോകവ്യാപകതയല്ലേ. ഞങ്ങൾ ഏകശാസനയിലൂടെ ഒരു സഭയല്ല. സഭകളുടെ കൂട്ടായ്മയാണ്". അദ്ദേഹം വ്യക്തമാക്കി.



"രണ്ടാം വത്തിക്കാനും പഠിപ്പിക്കുന്നതും അതുതന്നെ."

"അതുതന്നെ ഞാൻ നേരത്തെ സൂചിപ്പിച്ചു. ഞങ്ങളുടെ സഭാവീക്ഷണത്തിലേക്ക് റോമൻ കത്തോലിക്കർ കടന്നു വരുന്നുവെന്നതിൽ സന്തോഷമുണ്ട്."

"അപ്പോൾ കത്തോലിക്കരും ഓർത്തോക്സു വിശ്വാസം പുലർത്തുമെന്ന് പറയാമോ."

"അത് എങ്ങനെ സാധിക്കും. റോമൻ കത്തോലിക്കാസഭ ഡോഗ്മാകളുടെ സഭ. വെറും തത്വസംഹിതയാണോ വിശ്വാസം."

"അല്ല. എങ്കിലും ആദ്യസൂനഹദോസുകൾപോലും വിശ്വാസസത്യങ്ങൾ തീർപ്പു നൽകി പഠിപ്പിച്ചിട്ടുണ്ടല്ലോ."

"നിഖ്യായും കുസ്തന്തിനോപ്പോലീസും എഫേസൂസുമെല്ലാം സവിശേഷതയുള്ള സൂനഹദോസുകളാണ്. വിശ്വാസപ്രമാണത്തിന് രൂപം കൊടുത്തത് ആ സൂനഹദോസുകളാണ്. അവ മാത്രം ഞങ്ങൾ അംഗീകരിക്കുന്നു."

"പിന്നീടു നടന്ന നാലുസൂനഹദോസുകളുംകൂടി ഗ്രീക്കു ഓർത്തഡോക്സു സഭകൾ അംഗീകരിക്കുന്നുണ്ടല്ലോ. അവരുമായും വിശ്വാസപരമായി കൂട്ടായ്മയിലാണോ?"

"കൂട്ടായ്മയിലാണ്. പക്ഷേ, വിശുദ്ധസംസർഗ്ഗത്തിലല്ല. വിശുദ്ധ കുർബാനയിൽ നിന്ന് ഒന്നിച്ച് അനുഭവിക്കുകയില്ല."

"അപ്പോൾ ഓർത്തഡോക്സു സഭകൾ തമ്മിലും ഭിന്നതയുണ്ട്."

"പക്ഷേ, ഭിന്നത കൂട്ടായ്മയെ ബാധിക്കുകയില്ല. ഗ്രീക്കു ഓർത്തഡോക്സു വിഭാഗത്തിലെ എത്രയേറെ സഭകളുമായി ഞങ്ങൾ ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു."

"വിശ്വാസസത്യങ്ങളുടെ കാര്യത്തിൽ യോജിപ്പില്ലെങ്കിൽ കൂട്ടായ്മ പൂർണ്ണമാണോ. കൽക്കദോനിയാ സ്വീകരിക്കുന്നവരും നിരാകരിക്കുന്നവരും ഒരേ കൂട്ടായ്മയിലാണെന്ന് എങ്ങനെ പറയും."

"വിശ്വാസസത്യങ്ങളെപ്പറ്റി സംസാരിക്കുന്നത് റോമൻ കത്തോലിക്കാ സഭയാണ്. അതാണ് ഡോഗ്മാറ്റിസം." അദ്ദേഹം തീർത്തു പറഞ്ഞു.

www.malankaralibrary.com

"എങ്കിലും ഒരേ വിശ്വാസരഹസ്യങ്ങളിൽ വിശ്വസിക്കണമല്ലോ. ഒരേ ക്രിസ്തുസഭയിൽ ഉൾപ്പെട്ടിരിക്കാൻ"

"അത് ഞങ്ങൾ എതിർക്കുന്നില്ല. റോമാകത്തോലിക്കാസഭയുമായി ക്രിസ്തുരഹസ്യത്തെ സംബന്ധിച്ച് ഒരേ വിശ്വാസം പുലർത്തുന്നുവെന്ന് ഞങ്ങളും സമ്മതിച്ചിട്ടുണ്ടല്ലോ." അദ്ദേഹം റോമിലെ പാപ്പായുമായി ചെയ്ത സംയുക്ത പ്രസ്താവനയെ അനുസ്മരിച്ചു. "അപ്പോൾ റോമൻ കത്തോലിക്കാസഭയുമായി വിശ്വാസവ്യത്യാസമില്ലെന്നു വരുന്നു."

ഞാൻ ആരാഞ്ഞു

"ആ ധാരണ ശരിയല്ല. ഞങ്ങൾക്ക് റോമൻകത്തോലിക്കരുമായി പല കാര്യങ്ങളിലും വിയോജിപ്പുണ്ട്. ആ സഭയുടെ ഡോഗ്മാറ്റിസത്തെ ഞങ്ങൾ എതിർക്കുന്നു."

"അപ്പോൾ വിശ്വാസരഹസ്യങ്ങൾ ആശയപരമായി നിർണ്ണയിക്കേണ്ട ആവശ്യമില്ലെന്നാണോ?"

"ഓരോ സഭയുടെയും ലിറ്റർജി അത് ചെയ്യുന്നു. ഞങ്ങൾ പ്രാർത്ഥിക്കുന്നത് വിശ്വസിക്കുന്നു. അല്ലാതെ തിരിച്ചല്ല." അദ്ദേഹത്തിന്റെ പുഞ്ചിരിയിൽ ഏതോ തറപ്പിച്ചു പറയുന്നുവെന്നുതോന്നി.

"ആരാധനയിൽ പല കാര്യങ്ങളും അവ്യക്തമായിരിക്കുമല്ലോ. ആലങ്കാരികവും പ്രതീകാത്മകവുമായ പ്രയോഗങ്ങൾ ഉണ്ടായിരിക്കുമല്ലോ."

"അതുതന്നെ ഞങ്ങൾ പറയുന്നു. ഞങ്ങളുടെ സഭ ഇന്റലക്ച്വലിസത്തിൽ അല്ല ആശ്രയിക്കുന്നത്, ആത്മാനുഭവത്തിലാണ്."

"എങ്കിലും ഓരോ സമയത്തു സഭാംഗങ്ങളെ വ്യക്തമായി പഠിപ്പിക്കേണ്ടതില്ല."

"എന്ത് പഠിപ്പിക്കൽ. അതിന് പുതിയ ഡോഗ്മാകൾ നിർമ്മിക്കണമോ. കന്യക മറിയാമിന്റെ അമലോത്ഭവവും പാപ്പായുടെ അപ്രമാദിത്വവുമെല്ലാം, റോമൻ കത്തോലിക്കാസഭ പടച്ചുവച്ച ഡോഗ്മാകളല്ലേ."

"അമലോത്ഭവത്തെപ്പറ്റി മലങ്കര സഭയുടെ പ്രാർത്ഥനകളിൽ തന്നെ പരാമർശമുണ്ടല്ലോ. കന്യകാമറിയാം രണ്ടാം സ്വർഗ്ഗമല്ലേ."

"അതൊക്കെ ആലങ്കാരിക പ്രയോഗങ്ങൾ."



"പക്ഷേ അങ്ങനെ പ്രാർത്ഥിക്കുന്നതനുസരിച്ച് വിശ്വസിക്കുന്നുവല്ലോ."

"എന്തിന് അമലോത്ഭവമെന്ന പേരു കൊടുക്കുന്നു. അതിനു നിദാനമായി മറിയാമിൽ എന്തോ അത്ഭുതം നടന്നുവെന്നു പറയുന്നു."

"കന്യാകാമറിയാമിൽ അത്ഭുതം നടന്നുവല്ലോ."

"നിങ്ങൾ ദൈവമാതൃത്വത്തെയാണോ ഉദ്ദേശിക്കുന്നത്. അത് അത്ഭുതം തന്നെ. നമ്മുടെ ബുദ്ധിയ്ക്കു അതീതമായ അത്ഭുതം."

"ബുദ്ധിപരതയെ അദ്ദേഹം വീണ്ടും എതിർത്തു."

"എങ്കിലും ദൈവരഹസ്യം ആവിഷ്കൃതമാകുന്നതനുസരിച്ച് നാം സ്വീകരിക്കണ്ടേ."

"അമലോത്ഭവം ദൈവാവിഷ്കൃതമാണോ. അതിന് വേദപുസ്തകത്തിൽ എവിടെ തെളിവുകൾ."

കൂടുതൽ ചോദ്യങ്ങൾ അദ്ദേഹം ഇഷ്ടപ്പെടുന്നില്ലെന്ന് തോന്നി.

"ചില സൂചനകളുണ്ട്. സൂചനകളെ വിശദീകരിച്ചു കൊണ്ട് സഭ ഒന്നിച്ചു പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയെ ആസ്പദിച്ചു സഭ പഠിപ്പിക്കുന്നു."

"ഏതു സഭ. റോമൻകത്തോലിക്കാസഭ മാത്രം. അതിനാണല്ലോ പാപ്പായുടെ അപ്രമാദിത്വവും വിശ്വാസസത്യമാക്കിയത്."

"അപ്രമാദിത്വം ഡിഫൈൻ ചെയ്യുന്നതിനുമുമ്പേ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ചിരുന്നു."

"അതാണ് റോമൻ കത്തോലിക്കാതന്ത്രം. ഒന്നിനെ ഉറപ്പിക്കാൻ വേറൊന്ന് പടച്ചുവെയ്ക്കുന്നു."

"അങ്ങനെ പറയരുത്. സഭയുടെ പ്രാർത്ഥനകളിൽ ഉള്ളടങ്ങിയിരിക്കുന്ന സത്യം വ്യക്തമാക്കിയതുകൊണ്ട്, പ്രാർത്ഥനാചൈതന്യം തന്നെ കൂടുതൽ ശക്തമായിട്ടുണ്ട്. അമലോത്ഭവവും സ്വർഗ്ഗാരോപണവുമെല്ലാം ദൈവമാതാവിനോടുള്ള ഭക്തിയെ കൂടുതൽ ഉറപ്പിക്കുന്നു. സഭയുടെ ബോധനത്തിലൂടെ പ്രാർത്ഥനാജീവിതത്തെ ഉറപ്പിക്കണ്ടേ."

"അതിന് ഒരു വ്യക്തിയെ തെറ്റില്ലാത്തവനാക്കണമോ. അദ്ദേഹം

www.malankaralibrary.com

അപ്രമാദിത്വത്തെ തെറ്റായി വ്യാഖ്യാനിക്കുന്നതായി തോന്നി. വെറും വ്യക്തിയല്ല. സഭയുടെ പരമാധികാരിയാണ് അപ്രമാദമെന്ന ദൈവനൽവരത്താൽ ശക്തനാകുന്നത്. അത് ക്രിസ്തുവിന്റെയും, സഭയുടെയും തെറ്റായവരത്തിന്റെ ആനുകാലിക വിനിയോഗമാണ്. ''

''ഞങ്ങൾ ഒരു വ്യക്തിയെ പരമാധികാരിയാക്കുന്നില്ല. സിനഡിലാണ് ബോധനാധികാരം നിക്ഷിപ്തമായിരിക്കുന്നത്. അത് സഭ മുഴുവനിലുമുള്ള അധികാരം മാത്രമാണ്. വിശ്വാസികളും അതിൽ പങ്കാളികളാണ്. ''

ഓർത്തഡോക്സ് സഭയുടെ ഒരു പ്രധാന സവിശേഷത എടുത്തു പറഞ്ഞ സന്തോഷം അദ്ദേഹം പ്രകടമാക്കി.

''സഭയിലാണ് ബോധനാധികാരമെന്നത് ആരും നിഷേധിക്കുകയില്ല. എങ്കിൽ ഓരോ സഭുടെയും ബോധനം അതിന്റെ ഉന്നതാധികാരിയിലൂടെയാണല്ലോ അന്ത്യരൂപം ധരിക്കുന്നത്. ''ഓർത്തഡോക്സു സഭകളിലെ പാത്രിയർക്കീസും, കാതോലിക്കായുമെല്ലാം അതതുസഭയുടെ സിനഡിന്റെ വക്താക്കൾ മാത്രമാണ്.''

''കാതോലിക്കായുടെ അധികാരം വെറുമൊരു റിപ്പോർട്ടരുടെയൊന്നുമല്ലല്ലോ. മലങ്കരയിലെ കാതോലിക്കായും നിർണ്ണായക രീതിയിൽ സംസാരിക്കുന്നുണ്ടല്ലോ.''

''ഞങ്ങൾ കൊടുത്ത അധികാരമാണ് അദ്ദേഹത്തിനുള്ളത്.''

''ക്രിസ്തു നൽകിയത് എന്ന് പറയുകയല്ലേ ശരി.'' ഞാൻ വിനയപൂർവ്വം ഓർപ്പിച്ചു.

''എല്ലാ അധികാരവും അങ്ങനെ തന്നെ. പക്ഷേ എന്തിന് അതിനോട് ചേർത്തു വിശ്വാസസത്യം ഉണ്ടാക്കുന്നു.''

''വിശ്വാസ സത്യങ്ങളും വിശദീകരണത്തിന് വിഷയമാകുന്നുണ്ടല്ലോ.'' ഞാൻ കൂട്ടിച്ചേർത്തു.

''ഓരോ സഭയും അതതിന്റെ വിശദീകരണത്തിൽ ഒതുങ്ങിനില്ക്കുക. ഓരോ സഭയും സ്വയം ശീർഷകം (autocephalous) ആണ്.'' ഓർത്തഡോക്സു സഭയുടെ സവിശേഷത അദ്ദേഹം എടുത്തുകാണിക്കുകയായിരുന്നു.



''ക്രിസ്തുവാണല്ലോ സഭയുടെ തല. അതേ സമയം ക്രിസ്തുവിന്റെ അധികാരം ഒരു വ്യക്തിയിലൂടെ പ്രകടമാകണ്ടേ.''

''അതാണല്ലോ ഞങ്ങൾ പറയുന്നത്. ഓരോ ഓർത്തഡോക്സു സഭയ്ക്കും അതിന്റെ പാത്രിയർക്കീസോ കാതോലിക്കായോ- അലക്സാന്ത്രിയാ സഭയിൽ പാപ്പായെന്നും വിളിക്കപ്പെടുന്നു-ഉണ്ടല്ലോ അധികാരിയായി. ഓരോ സഭയും സ്വതന്ത്രമാണ്.''

''ഗ്രീക്കു ഓർത്തഡോക്സു സഭയ്ക്ക് എക്യുമെനിക്കൽ പാത്രിയർക്കീസുണ്ടല്ലോ.'' ഞാൻ അനുസ്മരിപ്പിച്ചു.

''അതു ഞങ്ങൾ അംഗീകരിക്കുന്നില്ല. പല ഗ്രീക്കു സഭകളും അദ്ദേഹത്തെ അങ്ങനെ സ്വീകരിക്കുന്നില്ല.''

''ഓരോ സഭയും സ്വന്തമായി നിന്ന് വളരെ ചിന്താക്കുഴപ്പം ഉണ്ടാക്കുന്നില്ലേ.'' ഞാൻ ചോദിച്ചു.

''ആർക്ക്, ഞങ്ങൾക്കില്ല.''

''ക്രിസ്തുവിന്റെ സഭ ഒന്നാണെന്ന് പറയുമ്പോൾ അതിന് ഒരു തലവൻ വേണ്ടേ. ശ്ലീഹന്മാരുടെ ഗണത്തിൽ പത്രോസ് മുമ്പനായിരുന്നില്ലേ.''

''അങ്ങനെ ഞങ്ങൾ പറയുന്നില്ല. ഓരോ ശ്ലീഹായും, മറ്റാരോടും തുല്ല്യാനായിരുന്നു. ഓരോ സഭ സ്ഥാപിക്കുകയും ചെയ്തു.''

''അത് ക്രിസ്തുവിന്റെ സഭ ആയിരുന്നില്ലേ. ശ്ലീഹാന്മാരുടെ കൂട്ടായ്മയെപ്പറ്റി നടപടി പുസ്തകത്തിൽ പരാമർശമുണ്ടല്ലോ, അതിൽ പത്രോസു പ്രമുഖനായിരുന്നുവെന്ന്.''

''എന്ത് പ്രാമുഖ്യം. തുല്ല്യരിൽ മുമ്പനെന്നു മാത്രം.''

''തുല്യരായവരിൽ നിന്ന് ഒരാൾക്ക് മുമ്പൻ സ്ഥാനം ക്രിസ്തു കൊടുത്തുവെന്നല്ലേ നാം മനസ്സിലാക്കേണ്ടത്.''

''മലങ്കര ഓർത്തഡോക്സ് സഭ അങ്ങനെ മനസ്സിലാക്കുന്നില്ല.''

''അങ്ങനെ മനസ്സിലാക്കുന്ന ഓർത്തഡോക്സ് സഭകൾതന്നെ ഉണ്ടല്ലോ. സിറിയൻ ഓർത്തഡോക്സ് സഭ, കേരളത്തിൽ അറിയപ്പെടുന്നതനുസരിച്ച് യാക്കോബായ സഭ.''

www.malankaralibrary.com

"അവരുമായി ഞങ്ങൾ കൂട്ടായ്മയിലല്ലാ, അത് വിഘടിത സഭയാണ്." അദ്ദേഹത്തിന്റെ സ്വരം ഗൗരവം മുന്തിനിന്നു. "അങ്ങനെ വിഘടിതരെയെല്ലാം ഒന്നിച്ചു ചേർക്കുന്ന ഒരു പേരുമാത്രമാണ് ഓർത്തഡോക്സുസഭ എന്നു പറഞ്ഞാലോ."

"നിങ്ങൾ അങ്ങനെയേ പറയുകയുള്ളൂ. എന്തിന് കൂടുതൽ സംസാരിക്കുന്നു." 'അഖില ലോക ഓർത്തഡോക്സു സഭ' വിജയിക്കട്ടെയെന്ന ശബ്ദം വീണ്ടും ഉയർന്നുകൊണ്ടിരിക്കുന്നു. ദൈവത്തിന് നേരായ സ്തുതി നൽകുന്നതെന്നാണ് (സ്തുതി ചൊവ്വാകപ്പെട്ടത്) ഓർത്തഡോക്സ് എന്ന പദത്തിന്റെ അർത്ഥമെന്ന് ഞാനോർത്തു. ഇന്ന് ഓർത്തഡോക്സുകാരുമായി വേർപെട്ടുനില്ക്കുന്നവർ ഒന്നിച്ചു വന്ന് ഒരു സഭയായി ഒരേ വിശ്വാസത്തോടെ ദൈവത്തെ സ്തുതിക്കട്ടെയെന്ന് എന്റെ ഹൃദയത്തിൽ നിന്ന് പ്രാർത്ഥന ഉയർന്നു.

*ഐക്യദീപം, 1985 ഓഗസ്റ്റ്*



# 71

# സമന്മാരിൽ മുമ്പൻ

മലങ്കരയിൽ ഒരു പള്ളിയിൽവച്ചാണ് ഞാൻ അദ്ദേഹത്തെ വീണ്ടും കണ്ടത്. മുമ്പ് ഒരു പ്രാവശ്യം കണ്ട ആ വന്ദ്യ പുരോഹിതനെത്തന്നെ. അദ്ദേഹം പ്രാർത്ഥനയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. കൂടെ ഒരു ശുശ്രൂഷകനുമുണ്ടായിരുന്നു. ഒന്നോ രണ്ടോ വിശ്വാസികളും ഉണ്ടായിരുന്നിരിക്കാം. അദ്ദേഹം പ്രാർത്ഥനകൾ ക്രമമായും പൂർണ്ണമായും നടത്തി, മെഴുകുതിരികൾ കത്തിച്ച് എല്ലാം ക്രമമനുസരിച്ചുതന്നെ. അതിൽ പങ്കുകൊള്ളുന്നത് ഒരു സന്തോഷമായിതോന്നി. അദ്ദേഹം ചൊല്ലിയ പ്രാർത്ഥനകൾ ഉരുവിട്ടുകൊണ്ടാണ് ഞാൻ പള്ളിക്ക് പുറത്തിറങ്ങിയത്.

"എന്താ പാട്ടുപാടുകയാണോ." അദ്ദേഹം പുഞ്ചിരിയോടെ ചോദിച്ചു.

"ഓ അല്ല, ഞാൻ അതിന്റെ ആശയം ഓർക്കുകയായിരുന്നു."

"എന്താണ് കൂടുതൽ താത്പര്യം തോന്നിയ ആശയം"- അദ്ദേഹം ഇത് ചോദിച്ചപ്പോൾ, പ്രാർത്ഥനയുടെ ആശയം അദ്ദേഹം ഓർക്കുന്നില്ലേയെന്ന് ഞാൻ സംശയിച്ചു.

"മുൻനിയമത്തിൽ തലയായിതീർന്നാൻ നിബി മൂശ

പുതിയതിനുടെ തലശെമഓനും സാദൃശ്യമെഴുന്നോൻ

മൂശയിറക്കി നിയമപ്പലകകളെ

ശെമഓൻ ദ്ദ്യോവിൻ താക്കോലുകൾ നേടി

താത്കാലിക കൂടാരത്തെ മൂശാപണിചെയ്താൻ

സഭയെ പണുതാൻ ശെമഓന്നും, നാഥാ തേ സ്തോത്രം

ഹാലേലുയ്യാ അവരുടെയർത്ഥനയയഭയം"

ഞാൻ എന്റേതായ ഈണത്തിൽ പാടി

www.malankaralibrary.com

"അതിലെന്ത് ഇത്ര പ്രാധാന്യം." അദ്ദേഹം സകൗതുകം ചോദിച്ചു.

"പത്രോസ് ശ്ലീഹന്മാരുടെ തലവനാണല്ലോ."

"ഞങ്ങൾ അതൊന്നും സ്വീകരിക്കുന്നില്ല. അതെല്ലാം അന്ത്യോഖ്യൻ സഭ ഉണ്ടാക്കിയ പ്രാർത്ഥനകളാണ്." അദ്ദേഹം അത്ര ഇഷ്ടപ്പെടാതെ മറുപടി പറഞ്ഞു.

"അപ്പോൾ അന്ത്യോഖ്യൻ സഭയുമായി മലങ്കര സഭയക്ക് വിശ്വാസവ്യത്യാസമുണ്ടോ."

"കാര്യമായില്ല, ഞങ്ങൾ പത്രോസുശ്ലീഹായെ സമന്മാരിൽ മുമ്പനായി മാത്രമേ പരിഗണിക്കുന്നുള്ളു." അദ്ദേഹം ഗൗരവഭാവത്തോടെ പറഞ്ഞു.

"മൂശ, ദൈവം വിളിച്ചപ്പോൾ, മറ്റു ഇസ്രായേൽക്കാരോട് തുല്യനായിരുന്നു. അതുപോലെ പത്രോസ്ശ്ലീഹായും കർത്താവിന്റെ വിളി സമയത്ത് മറ്റുള്ളവരോട് തുല്യനായിരുന്നു."

"അത് ശരിതന്നെ. വിളികഴിഞ്ഞും പത്രോസിനെന്ത് പ്രാധാന്യം. അദ്ദേഹം മൂന്നു പ്രാവശ്യം യേശുവിനെ തള്ളിപ്പറഞ്ഞില്ലേ?

അദ്ദേഹം ഒരു പ്രധാനവാദം ഉന്നയിക്കുന്ന ഗൗരവത്തോടെ പറഞ്ഞു.

"അതേ, പാപിയായ മനുഷ്യനെന്നനിലയിൽ അദ്ദേഹം എപ്പോഴും മറ്റു ശ്ലീഹാന്മാരോട് തുല്യനായിരുന്നു. എങ്കിലും യേശു അവനെ വിളിച്ച് പ്രധാനിയെന്ന നൽവരം നൽകിയല്ലോ."

"അതുകൊണ്ട് പത്രാസ് മറ്റു ശ്ലീഹാന്മാരോട് തുല്യനാകാതായോ?" അദ്ദേഹം തുടർന്നു.

"എന്നു വരുന്നില്ല. എന്നാൽ കർത്താവ് അവനെ വിളിച്ച് പ്രധാനിയാക്കിയതായി നാം കാണുന്നവല്ലോ." ഞാൻ സവിനയം എന്റെ വാദഗതി ഉറപ്പിച്ചുപറഞ്ഞു.

"അതിന് വേദ വേദപുസ്തകത്തിൽ എന്ത് തെളിവുണ്ട്."

എത്രയോ സ്ഥലങ്ങളിൽ പത്രോസ് ശ്ലീഹായെപ്പറ്റി പരാമർശമുണ്ട്. പത്രോസ് എന്ന പേരുതന്നെ കർത്താവ് ശെമഓന് പ്രത്യേകം



നൽകിയതാണല്ലോ." സുവിശേഷത്തിലെ പല സംഭവങ്ങളും എന്റെ മനസ്സിൽകൂടെ കടന്നുപോയി.

"പത്രോസിനെ പാറയാക്കിയ കഥയായിരിക്കും നിങ്ങൾ സൂചിപ്പിക്കുന്നത്."

"അതേ, ശെമഓനെ പാറയാക്കിയതുതന്നെ,"

"അത് നിങ്ങൾ റോമാക്കാർ പറയുന്നതുപോലെയൊന്നുമല്ല. പത്രോസിനെ എങ്ങനെ പാറയാക്കും. എല്ലാ ശ്ലീഹന്മാരുമല്ലേ അടിസ്ഥാനം മിശിഹാ മൂലക്കല്ലും "

അദ്ദേഹം പൗലോസിന്റെ ലേഖനഭാഗം അനുസ്മരിക്കുകയായിരുന്നു.

"എങ്ങനെയെന്ന് അറിഞ്ഞുകൂടാ. കർത്താവ് ആക്കിയെന്ന് സുവിശേഷത്തിൽ നിന്ന് മനസ്സിലാക്കാം." ഞാൻ മത്തായിയുടെ സുവിശേഷത്തിൽ നിന്ന് ഓർത്തുപറഞ്ഞു.

"ആ ഭാഗത്തിൽ പാറയെന്നതിന് പത്രോസിന്റെ വിശ്വാസമെന്ന് മാത്രമേ അർത്ഥമുള്ളു." അദ്ദേഹം എതിർവാദം ഉന്നയിച്ചു.

"പത്രോസിന്റെ വിശ്വാസം ദൈവത്തിന്റെ നൽവരമാണല്ലോ. ജഡവും രക്തവുമല്ല സ്വർഗ്ഗസ്ഥനായ പിതാവാണ് വെളിപ്പെടുത്തിയത് എന്നല്ലേ കർത്താവു പറഞ്ഞത്. ദൈവം വിളിച്ചു നൽകിയ നൽവരത്തിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമത്തിന്റെ തലയായി ശെമഓനെ നിയമിച്ചു. അദ്ദേഹം ചൊല്ലിയ പ്രാർത്ഥനയിലെ ആശയം ഞാൻ വീണ്ടും ഓർപ്പിച്ചു."

"പുതിയ നിയമത്തിന്റെ തലയെന്നോ? പൗലോസ് പത്രോസിനെ മുഖദാവിൽ ശകാരിച്ചില്ലേ."

"തന്റെ പ്രസംഗം വ്യർത്ഥമാകാതിരിപ്പാൻ. യറുശലേമിൽ പോയി പൗലോസ് കീപ്പായെ സന്ദർശിക്കുകയും ചെയ്തുവല്ലോ."

"യറുശലേം സഭയുടെ അധ്യക്ഷൻ മാർ യാക്കോബായിരുന്നു. അല്ലാതെ പത്രോസായിരുന്നില്ല."

"അദ്ദേഹം അതുപറഞ്ഞപ്പോൾ ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനായ മാർ യാക്കോബ് എന്ന് തുബ്ദേനിൽ പരാമർശിക്കുന്നത്

www.malankaralibrary.com

ഞാനോർത്തു.''

''പൗലോസ് ശ്ലീഹായുടെയും യാക്കോബുശ്ലീഹായുടെയും സ്ഥാനം ഇല്ലാതാക്കിയല്ല പത്രോസ്ശ്ലീഹായ്ക്ക് സ്ഥാനം നൽകിയത്.''

''അതല്ലേ, നിങ്ങൾ റോമാക്കാരുടെ രീതി. എല്ലാ അധികാരവും പാപ്പായിൽ കേന്ദ്രീകരിച്ചിരിക്കുകയല്ലേ.'' അദ്ദേഹം പത്രോസിൽ നിന്ന് മാർപ്പാപ്പായിലേക്ക് വിഷയം തിരിച്ചുവിട്ടു.

''ചരിത്രത്തിന്റെ പുരോഗതിയിൽ റോമിലെ മെത്രാൻ കൂടുതൽ അധികാരം തന്നിൽ കേന്ദ്രീകരിച്ചുവെന്നത് വാസ്തവമാണ്. പക്ഷേ, ഇപ്പോൾ ആ ചിന്താഗതിയിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നു.''

''അങ്ങനെ റോമിലെ പാപ്പാ ഓർത്തഡോക്സുസഭയിൽനിന്ന് പഠിക്കട്ടെ.''

''ഓർത്തഡോക്സുസഭ പ്രാർത്ഥനകളിൽ പത്രോസുശ്ലീഹായ്ക്ക് പ്രാധാന്യം കൊടുക്കുന്നുണ്ടല്ലോ. അതിൽ റോമാസഭയ്ക്കും മറ്റു പുരാതന സഭകൾക്കും ഒരേ വിശ്വാസമാണുള്ളതെന്ന് പറയരുതോ.''

'' പ്രാർത്ഥനകളിലൊക്കെ കുറെയെല്ലാം അതിശയോക്തി കലർന്നിരിക്കും.'' അദ്ദേഹം തന്റെ നിലപാട് ഉറപ്പിക്കാൻ ശ്രമിച്ചു.

''പ്രാർത്ഥിക്കുന്നതാണ് വിശ്വസിക്കുന്നതെന്ന് നേരത്തെ പറഞ്ഞുവല്ലോ. ഞാൻ കഴിഞ്ഞ സംഭാഷണത്തിലെ വസ്തുത ഓർപ്പിച്ചു.''

''അതേ, ഞങ്ങൾ ബുദ്ധിപൂർവ്വം പ്രാർത്ഥിക്കുന്നു.''

''റോമാക്കാരുടെ ഇന്റലക്ചലിസത്തെ(ബുദ്ധിപരതാവാദം) പ്പറ്റിയും സൂചിപ്പിച്ചിരുന്നുവല്ലോ.''

''ഞങ്ങൾക്ക് ഡോഗ്മാറ്റിസമില്ല. പ്രാർത്ഥനകൾക്കുതന്നെ വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ ഞങ്ങൾ ബുദ്ധിപൂർവ്വം നൽകുന്നു. സമന്മാരിൽ മുമ്പനെന്നതാണ് ഓർത്തഡോക്സു നിലപാട്. ആ രീതിയിൽ ഞങ്ങൾ പത്രോസുശ്ലീഹായെ ബഹുമാനിക്കുന്നു.''

''സമന്മാരിൽ മുമ്പനെന്നു പറയുന്നതുതന്നെ ഒരുതരം ഡോഗ്മാറ്റിസമല്ലേ.''

''ഒരിക്കലുമല്ല. റോമൻ കത്തോലിക്കർക്കും അത് സ്വീകാര്യമാ



ണല്ലോ.'' അദ്ദേഹം രണ്ടാം വത്തിക്കാനുശേഷമുള്ള, കത്തോലിക്കാ ഓർത്തഡോക്സു സംഭാഷണങ്ങളെ അനുസ്മരിച്ചു.

''സ്വീകാര്യമാണ്. കത്തോലിക്കാസഭ പത്രോസിന്റെ പ്രാമുഖ്യത്തെ ഒരു ദൈവനൽവരമായി കണക്കാക്കുന്നു, ക്രിസ്തുരഹസ്യത്തിന്റെ തുടർച്ചയായും.'' പത്രോസുശ്ലീഹായിലൂടെയും തുടർന്ന് അദ്ദേഹത്തിന്റെ പിൻഗാമികളിലൂടെയും സാക്ഷാൽക്കരിക്കുന്ന ദൈവരഹസ്യത്തെ ഞാൻ മനസ്സിൽ ഓർത്തു.

''ഞങ്ങൾ സ്വീകരിക്കുന്നത് 'സമന്മാരിൽ മുമ്പനെ' ന്നനിലയിൽ മാത്രമാണ്. പത്രോസിന്റെ പ്രാമുഖ്യം ഇന്നത്തെ സഭയിൽ പ്രശ്നമാകുന്നില്ല.'' അദ്ദേഹം ഗൗരവത്തിൽ തീർത്തു പറഞ്ഞു.

''ശ്ലീഹന്മാർ തുല്യരാണെന്നു കാണിക്കുവാനുള്ള പരിശ്രമത്തിൽ പത്രോസ് ശ്ലീഹാ മുമ്പനാണെന്ന സത്യത്തെ അവഗണിക്കുന്നില്ലേ''. ഞാൻ സവിനയം അന്വേഷിച്ചു.

''തോമ്മാശ്ലീഹായാണ് മലങ്കരസഭയുടെ പിതാവ്. മലങ്കരസഭ ഇപ്പോൾ അതുകൊണ്ട് തൃപ്തിയടയുന്നു.''

''അപ്പോൾ കൂടുതൽ സംഭാഷണത്തിന്റെ ആവശ്യകത സമ്മതിക്കുന്നുവെന്ന് വിചാരിക്കരുതോ.''

''അതിന് ആർക്ക് എന്ത് തടസം. റോമാസഭ താണിറങ്ങിവരട്ടെ. അപ്പോൾ തുല്യനിലയിൽ സംഭാഷണവുമാകാം.''

''സമന്മാരായ ശ്ലീഹന്മാരിൽ പത്രോസിന് പ്രമുഖസ്ഥാനം നൽകിയ ദൈവമാണല്ലോ സംഭാഷണത്തിൽ നമ്മെ നയിക്കുന്നത്.''

''സഭയുടെ പരമാധികാരി എന്ന നിലയിൽ റോമാ മാർപ്പാപ്പാ പലതും കൂട്ടിച്ചേർത്തെടുത്തിട്ടുണ്ട്. അത് ഉപേക്ഷിച്ചുകളയട്ടെ. അപ്പോൾ സംഭാഷണവുമാകാം.''

''പത്രോസിന്റെ പ്രമുഖസ്ഥാനം സുവിശേഷങ്ങളും പാരമ്പര്യങ്ങളും സഭയുടെ ഔദ്യോഗിക പ്രാർത്ഥനകളും എടുത്തുപറയുന്നുവല്ലോ.''

''അവയെ വ്യാഖ്യാനിക്കുന്നത് ഓരോ സഭയുമാണ്.'' ഓരോ പ്രത്യേകസഭയുടെയും സ്വാതന്ത്ര്യത്തിന്റെ കാര്യം അദ്ദേഹം ഗൗരവ

www.malankaralibrary.com

പൂർവ്വം അനുസ്മരിച്ചു.

"എങ്കിലും പരിശുദ്ധാത്മാവിന്റെ നടത്തിപ്പിന് എല്ലാവരും വിധേയരാകുകയല്ലേ, വേണ്ടത്. ഓരോ സഭയും സ്വന്തനിലപാടിൽ പിടിച്ചു നില്ക്കുന്നത് ശരിയല്ലല്ലോ."

"തീർച്ചയായും. പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് ഓർത്തഡോക്സു സഭയുടെ ഉറച്ച വിശ്വാസമാണ്."

"ആ വിശ്വാസം എല്ലാ സഭകളെയും നയിക്കട്ടെ. എല്ലാത്തിലും പ്രാർത്ഥനയുടെ മനോഭാവത്തിൽ മുമ്പോട്ടുപോകാം."

"അതിനാണല്ലോ. ഓർത്തഡോക്സുസഭ പുരാതനമായ പ്രാർത്ഥനകൾ അതേപടി നിലനിർത്തുന്നത്."

"പൊതുപ്രാർത്ഥനകൾ സഭകളെ ഒന്നിപ്പിക്കുന്ന ഘടകമായതിൽ ദൈവത്തെ സ്തുതിക്കാം."

ഞാൻ അദ്ദേഹത്തിന് ആത്മാർത്ഥതയോടെ നന്ദിപറഞ്ഞു. സഭയുടെ പ്രാർത്ഥനകൾ ഭിന്നിച്ചിരിക്കുന്ന വിശ്വാസികളെ ഒന്നിപ്പിക്കട്ടെ യെന്ന് ഞാൻ ഹൃദയപൂർവ്വം പ്രാർത്ഥിച്ചു.

*ഐക്യദീപം, 1985 നവംബർ*



# 72
# മാർപ്പാപ്പായും കാതോലിക്കാ ബാവായും കോട്ടയത്ത്

റോമിലെ മാർപാപ്പായും കോട്ടയത്തെ കാതോലിക്കാ ബാവായും തമ്മിലുള്ള കൂടുക്കാഴ്ച വ്യക്തിപരമായ സൗഹൃദം നിറഞ്ഞുനിന്നതായിരുന്നു. ഇരുവരും അത് വ്യക്തമാക്കുന്നുമുണ്ട്. ഇരുകൂട്ടരും പ്രസംഗങ്ങൾ ചെയ്തു, സമ്മാനങ്ങൾ കൈമാറി. എന്നാൽ ഈ സംഭവം സഭാപരമായി പ്രധാനമാണോ? ഇത് ഒരു ചരിത്ര സംഭവമാകുമോ? 1983-ലെ റോമിലെ കൂടിക്കാഴ്ചയെ ചരിത്രപ്രധാനമെന്ന് മാർപാപ്പാ കോട്ടയത്തുവെച്ച് വിശേഷിപ്പിക്കുകയുണ്ടായി. വാസ്തവത്തിൽ റോമിലെ പാപ്പാ കോട്ടയത്തെ കാതോലിക്കാ ബാവായെ അദ്ദേഹത്തിന്റെ 'എളിയ വസതിയിൽ' ചെന്നു കാണുകയെന്നത് വലിയ സംഭവമാണ്. എന്നാൽ രണ്ടു സഭകൾ തമ്മിലുള്ള ബന്ധം കൂടുതൽ വളർത്തിയെടുക്കുവാൻ ഈ സംരംഭം ആരംഭമിടുമോ? അത് ഒരു നല്ല ആഗ്രഹമായിരിക്കട്ടെ.

**പത്രോസ്ശ്ലീഹായുടെയും തോമ്മാശ്ലീഹായുടെയും പിൻഗാമികൾ**

പത്രോസ് ശ്ലീഹായുടെ പിൻഗാമിയായ മാർപാപ്പയാണല്ലോ തോമ്മാശ്ലീഹായുടെ പിൻഗാമിയായ കാതോലിക്കായെ സന്ദർശിച്ചത്. ഈ ശ്ലീഹന്മാർ തമ്മിലുള്ള ബന്ധത്തിന്റെ നിദാനം ക്രിസ്തുവിലുള്ള ഐക്യമാണ്. മാർപാപ്പാ പറഞ്ഞു 'ലോകമെമ്പാടുമുള്ള വിശ്വാസികൾക്കു സമ്പൂർണ്ണ ഐക്യത്തിൽ ഒന്നിച്ചു ദൈവഹിതം നിറവേറ്റാൻ ഹൃദയങ്ങളിൽ പ്രേരണ നല്കുന്നത് പരിശുദ്ധാത്മാവാണ്' എന്ന്. 'തമ്മിൽ തമ്മിലും ക്രിസ്തുവുമായും കൂടുതൽ ഐക്യത്തിലേക്കുള്ള യാത്ര' യെന്ന നിലയിൽ കാതോലിക്കാബാവായുടെ റോമാ സന്ദർശനം പ്രധാനമായിരുന്നുവെന്ന് അദ്ദേഹം വിശേഷിപ്പിച്ചു. അതുപോലെ പത്രോസിന്റെയും പൗലോസിന്റെയും കബറിടങ്ങളിലേക്കു നടത്തിയ, തീർത്ഥയാത്രയായും. അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്. നാം തമ്മിലുള്ള ഭിന്നതകൾ തരണം ചെയ്ത് പരിശുദ്ധ അൾത്താരയിൽ ഒന്നിച്ചു ദിവ്യ

www.malankaralibrary.com

ബലി അർപ്പിക്കുന്ന സുദിനം വേഗം സമാഗതമാകട്ടെയന്ന് പ്രാർത്ഥിച്ചുകൊണ്ടായിരുന്നു. കാതോലിക്കാബാവായും, 'നാം ഒന്നായിത്തീരണമെന്നുള്ള കർത്താവിന്റെ പ്രാർത്ഥന സഫലമാകട്ടെയെന്നും പ്രാർത്ഥിച്ചു. എന്നാൽ രണ്ടു സഭകളും ഒന്നിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി കാതോലിക്കാബാവാ പരാമർശിച്ചില്ല. അദ്ദേഹം, സന്ദർശനത്തെ പരിഗണിച്ചത്, ഈ നാട്ടിൽ വെച്ച് ഇന്ന് മാർത്തോമ്മാശ്ലീഹായുടെ പിൻഗാമിക്ക് പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പിൻഗാമിയെ സ്വാഗതം ചെയ്യാനുള്ള സവിശേഷഭാഗ്യമെന്നനിലയിലായിരുന്നു. മാർപാപ്പാ താൻ പത്രോസിന്റെ പിൻഗാമിയാണെന്ന് സ്വയം പ്രകാശിപ്പിച്ചില്ല. കാതോലിക്കാ തോമ്മാശ്ലീഹായുടെ പിൻഗാമിയാണെന്ന് എടുത്തുപറയുകയും ചെയ്തു. മാർപാപ്പാ, സന്ദർശനത്തെ ക്രിസ്തു കേന്ദ്രീകൃതമായി കാണുമ്പോൾ കാതോലിക്കാബാവാ വ്യത്യസ്തമായ രണ്ടു സഭാതലവന്മാർ തമ്മിലുള്ള ബന്ധമായി കാണുന്നു.

### മാർപ്പാപ്പായും പാശ്ചാത്യസഭയും

കാതോലിക്കാ ബാവാ പാശ്ചാത്യലോകത്തിന്റെ ആദ്ധ്യാത്മിക നേതാവെന്നാണ് മാർപാപ്പായെ പരാമർശിച്ചത്. പക്ഷേ മാർപാപ്പാ ലോകം മുഴുവന്റേയും ആദ്ധ്യാത്മിക പിതാവാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. പാശ്ചാത്യലോകത്തിന്റെ നേതാവെന്ന നിലയിൽ മാർപാപ്പായെ ചില ചുമതലകൾ കാതോലിക്കാ ഏല്പിക്കുന്നുണ്ട്. ഒന്ന് അന്തർ ദേശീയ സാമ്പത്തിക രാഷ്ട്രീയ ബന്ധങ്ങളിൽ രാഷ്ട്രങ്ങൾ നീതിപുലർത്തുവാൻ കഴിവുകൾ വിനിയോഗിക്കുക. രണ്ട്, ഒരു രാഷ്ട്രത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ ബാഹ്യശക്തികൾ ഇടപെടുകയില്ലെന്ന് ഉറപ്പുവരുത്തുക, മൂന്ന്, ഏതെങ്കിലും ചേരിചേരാതെ രാഷ്ട്രങ്ങൾക്ക് അവർ സ്വയം തീരുമാനിക്കുന്ന മാർഗ്ഗങ്ങളിൽക്കൂടി അവയുടെ വികസനം സാദ്ധ്യമാക്കിത്തീർക്കുക. ഇതൊക്കെ മാർപാപ്പായുടെ നേരിട്ടുള്ള പ്രവർത്തനമണ്ഡലങ്ങളാണോ? മാർപാപ്പായുടെ നിർദ്ദേശമനുസരിച്ചാണോ രാഷ്ട്രങ്ങൾ, പാശ്ചാത്യരാഷ്ട്രങ്ങളായാലും, പരസ്പരബന്ധങ്ങൾക്ക് രൂപം കൊടുക്കുക? ഒരു രാഷ്ട്രത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്ന ബാഹ്യശക്തികൾ ഏതെന്ന് കാതോലിക്കാബാവാ എടുത്തു പറഞ്ഞില്ല. അമേരിക്കയെ ഊന്നിയാണ് ബാവാ അതു പറയുന്നതെന്നു തോന്നുന്നു. മാർപാപ്പാ യു.എസ്.എ.യുടെ പാർശ്വവർത്തിയാണെന്ന സൂചന ഇതിലില്ലേ? രണ്ടു സഭകൾ തമ്മിലുള്ള പരസ്പര



ബന്ധത്തിന്റെ വിഷയത്തിൽ അന്താരാഷ്ട്രമായ ഇടപെടലുകൾ എടുത്തു പറയുന്നതിൽ പ്രസക്തി തോന്നുന്നില്ല. അണ്വായുധങ്ങളെ ഭൂമിയിൽ നിന്ന് ബഹിഷ്ക്കരിക്കുവാനും ബഹിരാകാശത്തെ അണ്വായുധങ്ങളിൽ നിന്ന് വിമുക്തമാക്കാനും കാതോലിക്കാബാവാ സഹായവാഗ്ദാനം ചെയ്യുന്നുണ്ട്. സഭൈക്യത്തെ ബാധിക്കുന്ന യഥാർത്ഥ വശങ്ങളിൽ നിന്ന് ഓടിയകലുകയല്ലേ ഈ പരാമർശങ്ങളിലൂടെ കാതോലിക്കാബാവാ ചെയ്യുന്നത്.

കാതോലിക്കാബാവാ പറയുന്നു- 'പടിഞ്ഞാറു നിന്ന് ക്രൈസ്തവ സഹോദരങ്ങൾ അവിടെ നിലവിലുള്ള എല്ലാ വിഭജനങ്ങളും ഇവിടെ എത്തിച്ചു.' അതിനു ശേഷം അദ്ദേഹം പോർട്ടുഗീസുകാരുടെ വരവിനെ എടുത്തു പറയുന്നു. അവരെ സ്വീകരിച്ചതിന്റെ പരിണിത ഫലങ്ങളേയും. മലങ്കരസഭയുടെ വിഭജനം അവരുടെ വരവോടുകൂടി ആരംഭിച്ചുവെന്നാണ് സൂചന. അതിനുമുമ്പ് നെസ്തോറിയൻ സഭയുടെ സ്വാധീനം ഭാരതത്തിൽ കുറെയെങ്കിലും ഉണ്ടായിരുന്നുവല്ലോ. എല്ലാ വിഭജനത്തിന്റെയും ആദികാരണം പോർട്ടുഗീസുകാരും, അതായത് റോമ്മാസഭയും, ആണെന്ന് കാതോലിക്കാബാവാ സൂചിപ്പിക്കുകയാണോ? എന്നാൽ റോമിലെ മാർപാപ്പായോട് ചേർന്നുനിന്നവരിൽ പിന്നീട് വിഭജനം ഒന്നുമുണ്ടായില്ലെന്നതാണ് വാസ്തവം. കത്തോലിക്കാസഭയിൽനിന്ന് ഭിന്നിച്ചവരാകട്ടെ കൂടുതൽ വിഭജനത്തിന് കാരണക്കാർ റോമ്മാസഭയെ ശക്തമായി ശപിക്കുന്ന പ്രൊട്ടസ്റ്റന്റുകാരുമായിരുന്നു. മലങ്കരസഭയിൽ ഇന്നും മുറിവുകരിയാത്ത വിഭജനം ഉണ്ടായത് അന്ത്യോഖ്യാ ബന്ധത്തിൽ നിന്നുമാണ്.

### മാർപാപ്പായുടെ കീഴുള്ളവർ തെറ്റുചെയ്യുന്നു

കാതോലിക്കാബാവാ പറയുന്നു - 'അജമോഷണം അവസാനിപ്പിക്കുവാനും പ്രലോഭനം മൂലമുള്ള സഭാപരിവർത്തന വ്യഗ്രതയിൽനിന്ന് പിൻവാങ്ങുവാനും മറ്റും എല്ലാ ക്രൈസ്തവർക്കും സാധിച്ചിരുന്നെങ്കിൽ.' ആരാണ് ഈ ക്രൈസ്തവർ? പ്രോട്ടസ്റ്റന്റുകാർ മാനസാന്തരവേലയിൽ ഇന്ന് തത്പരരല്ല. പെന്തക്കോസ്തുകാർ തല്പരരാണ്. അവരെപ്പറ്റി മാർപാപ്പായോടു പരാതിപ്പെടേണ്ടയാവശ്യമില്ലെന്നു മനസിലാക്കാൻ കാതോലിക്കാബാവായ്ക്കറിയാം. ഏതായാലും അദ്ദേഹം പറയുന്നു. ഇവിടെ ഭാരതത്തിൽ പ്രലോഭനം മൂലമുള്ള സഭാപരിവർത്തനം അവസാനിപ്പിക്കുവാനും മാർപാപ്പായുടെ സഹായം ആവ

www.malankaralibrary.com

ശ്യമുണ്ടെന്ന്. അദ്ദേഹം തുറന്നു പറയുന്നു. 'പ്രലോഭനം മൂലമുള്ള സഭാപരിവർത്തനപ്രശ്നം വ്യക്തിപരമായി അങ്ങയോടും അങ്ങയുടെ സഭയിലെ മറ്റ് അധികാരികളോടും ഒന്നിലധികം പ്രാവശ്യം ഉന്നയിച്ചിട്ടുണ്ട്' എന്ന്.

ഇക്കാര്യത്തിൽ ഒരു രജതരേഖയായി വത്തിക്കാൻ കൗൺസിലിനെ കാതോലിക്കാബാവാ കാണുന്നു. അദ്ദേഹം പറയുന്നു. 'റോമൻ കത്തോലിക്കർ ഓർത്തഡോക്സുകാരുടെ ഇടയിൽ നടത്തുന്ന സഭാപരിവർത്തന പ്രവർത്തനം രണ്ടാം വത്തിക്കാൻ കൗൺസിൽ നിരുൽസാഹപ്പെടുത്തുന്നുണ്ടെന്ന് ഞങ്ങൾ മനസിലാക്കുന്നു.' വത്തിക്കാൻ കൗൺസിൽ, ക്രൈസ്തവ പുനരൈക്യം എക്യുമിനിസത്തിനു സമാന്തരമാണെന്നാണ് പഠിപ്പിക്കുന്നത്. കാതോലിക്കാബാവാ എതിർക്കുന്നത്, രണ്ടാം വത്തിക്കാൻ വിമർശിക്കുന്ന പ്രലോഭനം മൂലമുള്ള സഭാപരിവർത്തനത്തെയല്ല, ഓർത്തഡോക്സുകാരുടെ ഇടയിൽ നിന്നുള്ള സഭാപരിവർത്തനത്തെയാണ്. ഇക്കാര്യത്തിൽ അദ്ദേഹം വത്തിക്കാനിൽ നിന്നുള്ള അധികാരികളെ കൂട്ടുപിടിക്കുന്നു. അദ്ദേഹം പറയുന്നു – 'ഭാരതത്തിലെ ചില മെത്രാന്മാരോട് ഞങ്ങളുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ, ഓർത്തഡോക്സുസഭ കത്തോലിക്കരുടെ സുവിശേഷവയലല്ല എന്ന് വത്തിക്കാൻ അധികാരികൾ പ്രസ്താവിച്ചു എന്ന്! വത്തിക്കാൻ അധികാരികളും, ഭാരത മെത്രാന്മാരും, മലങ്കര ഓർത്തഡോക്സ് പ്രതിനിധികളും ഒന്നിച്ചു കൂടിയത് എവിടെ വച്ചാണോ? ആരാണ് ഈ വത്തിക്കാൻ അധികാരികൾ? മാർപാപ്പാ കഴിഞ്ഞാൽ ഓറിയന്റൽ കോൺഗ്രിഗേഷന്റെ പ്രീഫെക്ട് മാത്രമാണ് ഭാരതത്തിലെ പൗരസ്ത്യ മെത്രാന്മാരുടെ (ഇവിടെ ഉദ്ദേശിക്കുന്നത് മലങ്കര കത്തോലിക്കരെയാണല്ലോ) അധികാരികൾ. പ്രൊനുൺഷ്യോ പോലും യഥാർത്ഥത്തിൽ അധികാരിയല്ല. 'ഞങ്ങളുടെ ആളുകളെ സന്ദേഹാസ്പദമായ മാർഗ്ഗങ്ങളിൽകൂടി നിങ്ങളുടെ സഭയിലേക്ക് ആകർഷിക്കുന്ന പ്രവർത്തനത്തെ 'പ്പറ്റി കാതോലിക്കാബാവാ മാർപാപ്പായോട് പരാതിപ്പെടുന്നു. കത്തോലിക്കാസഭ ആരെയും പ്രത്യേകമായി ആകർഷിക്കുന്നില്ല. കത്തോലിക്കാസഭയിലേക്ക് പൊതുവെ അകത്തോലിക്കർ ആകർഷിക്കപ്പെടുന്നുണ്ട്. ഓർത്തഡോക്സ് സഭയെ പിരിഞ്ഞുപോകുന്നതിന് അതിന്റെ നേതാക്കൾ ഓരോ സമയത്ത് കാരണങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കും. തങ്ങളെ എതിർക്കുന്നവർ വിട്ടുപോകുന്നത് സന്ദേഹാസ്പദമായ മാർഗ്ഗങ്ങളിലൂടെയാണെന്നു പ്രസ്തുത നേതാക്കൾക്ക് തോന്നുകയും ചെയ്യും.



ഓർത്തഡോക്സു നേതാക്കൾ എന്തിന് സ്വന്തം ആളുകളെ ഓരോ സമയത്ത് ഇങ്ങനെ വികർഷിച്ചു തള്ളുന്നു. ക്രിസ്തീയ സ്നേഹത്തിന് നിരക്കാത്തതായ പലതും പൊറുത്ത് പൊറുതിമുട്ടിയാണ് പലരും കത്തോലിക്കാസഭയിൽ ചേരുവാൻ ആഗ്രഹിച്ചു മുമ്പോട്ടു വരുന്നത്.

## പൊതുവായ മേഖല ഏത്?

കാതോലിക്കാബാവാ പറയുന്നു – "നമ്മുടെ പൊതുവായ ചരിത്രത്തെക്കുറിച്ചും ഓർത്തഡോക്സുകാരെയും വേർതിരിക്കുന്ന ഘടകങ്ങളെക്കുറിച്ചും പൊതുധാരണയിൽ എത്തേണ്ടത് ആവശ്യമാണ്. ഓർത്തഡോക്സുകാരും റോമൻ കത്തോലിക്കരും തമ്മിലുള്ള പൊതുചരിത്രം കാര്യമായി കണ്ടെത്താൻ സാധിക്കുകയില്ല. അദ്ദേഹം തുടർന്നു പറയുന്നു – "നിഖ്യാ, കുസ്തന്തീനോപ്പോലീസ്, എഫേസൂസ്, എന്നീ മൂന്നു സാർവത്രിക സുനഹദോസുകളിലെ നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം നമ്മുടെ പൊതുമുതലാണ്." പൊതുമുതലാണെന്നതു ശരി തന്നെ. എന്നാൽ, മലങ്കരസഭ അവയിൽ എന്തു ഭാഗഭാഗിത്വം വഹിച്ചു? റോമാസഭ പ്രധാന പ്രതിനിധികളെ അവയിലേക്ക് അയച്ചതായി രേഖയുണ്ട്. അതുകൊണ്ടൊന്നും ഈ രണ്ടു സഭകളും തമ്മിൽ പൊതുചരിത്രം ഉണ്ടായിട്ടില്ല. പ്രസ്തുത സൂനഹദോസുകൾ പ്രധാനമായും പൗരസ്ത്യസഭകളുടെ പങ്കാളിത്തത്തിൽ നടന്നതാണ്. കേരളത്തിൽ തന്നെ പൗരസ്ത്യ സഭകളുണ്ട്. ഓർത്തഡോക്സ് സഭ കൂടാതെ അവ ആദ്യത്തെ സൂനഹദോസുകളിൽ പങ്കെടുത്തവയല്ലെങ്കിൽ, ഓർത്തഡോക്സുസഭയുമായി പൊതുചരിത്രം ഉള്ളവയാണ്. കാതോലിക്കാബാവാ തന്നെ പറയുന്നുണ്ട്. അഞ്ചു നൂറ്റാണ്ടുമുമ്പുവരെ കേരളത്തിലെ സഭ അവിഭജിതമായിരുന്നുവെന്ന്, അതായത് അവയ്ക്കെല്ലാം ഒരു പൊതു ചരിത്രമുണ്ടെന്ന്.

പോർട്ടുഗീസുകാരുമായി ഒന്നിച്ചുള്ള ഘട്ടം പൊതുചരിത്രത്തിന്റേതാണെങ്കിലും അതിലേക്ക് തിരികെപ്പോകുന്നത് കേരളത്തിലെ പൗരസ്ത്യസഭകൾക്കൊന്നും സന്തോഷകരമല്ല. എന്നാൽ പോർട്ടുഗീസുകാരുമായി മല്ലിട്ടു നിന്ന മാർ യൗസേഫ്, മാർ അബ്രഹാം എന്നീ മെത്രാപ്പോലീത്താമാർ ആ പൊതുചരിത്രത്തിലെ വീരനായകന്മാരാണ്. അവർ റോമാ മാർപ്പാപ്പായുടെ അനുസരണത്തിൽ കഴിഞ്ഞവരായിരുന്നു. "അഞ്ചുശതകങ്ങൾ മുമ്പുവരെ അവിഭാജിതമായ ഏകക്രിസ്തീയസഭ മാത്രമെ ഈ നാട്ടിൽ ഉണ്ടായിരുന്നുള്ളു എന്ന് കാതോലിക്കാബാവാ

www.malankaralibrary.com

ചൂണ്ടിക്കാണിക്കുന്ന അവിഭാജിത മലങ്കര സഭ മാർപ്പാപ്പായുമായി കൂട്ടായ്മയിൽ ഒരു പ്രത്യേകസഭയായി നില്ക്കുകയായിരുന്നു. വിഭജനം കുറിച്ച കൂനൻ കുരിശു സത്യത്തിനുശേഷവും മാർപ്പാപ്പായുമായി പുനരൈക്യപ്പെടുവാൻ ആദ്യത്തെ ആറു മാർത്തോമ്മാമാരും പിന്നീടു വന്ന ദിവന്യാസോസു മെത്രാപ്പോലീത്തായും ശ്രമിച്ചിരുന്നു. ഇരുനൂറുകൊല്ലം മുമ്പ്, മലങ്കര സഭയിലെ പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരും ഐക്യപ്പെടുന്നതിന് രക്തസാക്ഷിയായ മാർ ജോസഫ് കരിയാറ്റിയെ മലങ്കര സഭയ്ക്കു എങ്ങനെ വിസ്മരിക്കാൻ സാധിക്കും.

ഈ സാഹചര്യത്തിൽ മാർപ്പാപ്പാ പറയുന്നത് എത്ര പ്രസക്തമാണ്. അദ്ദേഹം പറയുന്നു 'റോമിൽ അങ്ങ് ചരിത്രപ്രധാനമായ സന്ദർശനം നടത്തിയപ്പോൾ അങ്ങയോടു പറഞ്ഞതുപോലെ സഭൈക്യത്തിന് പ്രാദേശിക തലത്തിൽ വലിയ പ്രാധാന്യമുണ്ട്' എന്ന്. കേരളത്തിലെ എക്യുമെനിക്കൽ പ്രവർത്തനത്തിന് ഈ നിർദ്ദേശം വളരെ പ്രധാനമാണ്. മാർപ്പാപ്പാ കാതോലിക്കാബാവായെ കോട്ടയത്ത് വെച്ച് സന്ദർശിക്കുന്നതിൽ കേരളത്തിലെ കത്തോലിക്കാ മെത്രാന്മാർ മുൻകൈ എടുത്തിരുന്നു. മെത്രാന്മാരുടെ തലത്തിൽ ഡയലോഗ് നടക്കുകയും ചെയ്തു. ഏറ്റം സമീപകാലത്തു നടന്ന ഈ കാര്യത്തെപ്പറ്റിപ്പോലും കാതോലിക്കാ ബാവാ പരാമർശിച്ചില്ല.

## എക്യുമെനിസം ആഗോളതലത്തിൽ

വിയന്നയിലെ കർദ്ദിനാൾ കേണിഗ്, പുരാതന പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലെയും, റോമൻ കത്തോലിക്കാസഭയിലെയും വേദശാസ്ത്രജ്ഞന്മാരെ ആഗോളാടിസ്ഥാനത്തിൽ ഒരുമിച്ചു കൂട്ടുന്നതിൽ മുൻകൈ എടുത്തതിനെപ്പറ്റി കാതോലിക്കാബാവാ പരാമർശിക്കുന്നുണ്ട്. ആയിരം പേജുകളോളം വരുന്ന പ്രമാണ രേഖകൾ രൂപപ്പെടുത്തിയതിനെക്കുറിച്ചും അദ്ദേഹം പറയുന്നു. പക്ഷേ എന്തായിരുന്നു അവിടെ കണ്ടെത്തിയത്. യോജിപ്പിന്റെ മേഖല എന്ന് കൂടി എടുത്തു പറഞ്ഞിരുന്നെങ്കിൽ, ഈ സന്ദർശനത്തിൽ ഒരു സഭാത്മകാന്തരീക്ഷം സൃഷ്ടിക്കുവാൻ കാതോലിക്കാബാവായ്ക്കു സാധിക്കുമായിരുന്നു. കൽക്കദോനിയാ സുന്നഹദോസ് അംഗീകരിക്കാത്ത സഭകളുടെ കൂടെയാണ് അവിടെ മലങ്കര ഓർത്തഡോക്സ് സഭ സ്ഥാനം കണ്ടെത്തിയത്. അന്ത്യോഖ്യൻ ബന്ധത്തിൽനിന്നുണ്ടായ വികല വീക്ഷണഫലമല്ലേ ഇത്. കൽക്കദോനിയായെ തിരസ്ക്കരിക്കാൻ മലങ്കരസഭയ്ക്ക് എന്താണ്



അടിസ്ഥാനം? അതിന്റെ വിവാദങ്ങളിലൊന്നും മലങ്കരസഭ ഭാഗഭാക്കായില്ലല്ലൊ. അതിനെല്ലാം ശേഷം വളരെനാൾ റോമാസഭയുമായി മലങ്കരസഭ ഒത്തുകഴിഞ്ഞുവല്ലോ. ത്രേന്തോസ് സൂനഹദോസിന്റെ നിർദ്ദേശങ്ങൾപോലും മലങ്കരസഭ സ്വീകരിച്ചിരിക്കുന്നതായി പഠനത്തിൽ നിന്ന് വ്യക്തമാകുന്നതാണ്.

വിയന്നയിലെ സമ്മേളനത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. റോമാ സഭയുമായി ഐക്യപ്പെട്ട പൗരസ്ത്യസഭകളെ (Uniate Churches) ഒഴിവാക്കുക. ചരിത്രപരമായി മലബാർ കത്തോലിക്കാസഭയും യൂണിയേറ്റ് സഭയാണ്, കൂനൻ കുരിശുസത്യത്തിനുശേഷം മാർപ്പാപ്പായുമായി പുനരൈക്യപ്പെട്ടവർ. മലങ്കര കത്തോലിക്കാസഭ ഓർത്തഡോക്സ് സഭയെ സംബന്ധിച്ചിടത്തോളം യൂണിയേറ്റു സഭ തന്നെ. ഈ സഭകൾ കത്തോലിക്കാസഭയുടെ അവിഭാജ്യഘടകങ്ങളാണ്. അവരെ മാറ്റിനിറുത്തി ഒരു ഡയലോഗ് ആവശ്യപ്പെടുന്നത് എക്യുമെനിസചൈതന്യമാണോ? ഓർത്തഡോക്സ് സഭയുമായി ഭാഗംവെച്ച മലങ്കര യാക്കോബായ സഭയുണ്ട്. മാർത്തോമ്മാ സഭയുണ്ട്. അവരുമായി ഓർത്തഡോക്സ് സഭയുടെ നിലപാടെന്ത്? മാർത്തോമാ സഭയുമായി ഒരു കാലത്തു നടത്തിയിരുന്ന ഡയലോഗ് ഇപ്പോൾ ഓർത്തഡോക്സ് സഭ തുടരുന്നില്ല. യാക്കോബായ സഭയുമായി ബദ്ധവൈരത്തിലുമാണ്. മലങ്കരയിലെ സഹോദരങ്ങളെ മാറ്റി നിറുത്തി ആഗോളതലത്തിലും അഖിലേന്ത്യതലത്തിലും സഹോദരിസഭകളെ കണ്ടെത്തുന്ന തിടുക്കത്തിലാണ് ഇന്ന് ഓർത്തഡോക്സ് സഭ. സ്വന്തം ഭവനത്തിൽ സ്നേഹം ആരംഭിക്കുക, പിന്നീട് അത് പുറത്തോട്ട് വ്യാപിപ്പിക്കുക, എന്നതല്ലേ കൂടുതൽ ക്രൈസ്തവ ചൈതന്യത്തിന് നിരക്കുന്നത്. കേരളത്തിലെ എക്യുമെനിക്കൽ പ്രവർത്തനങ്ങളിൽ ഏറ്റം പിറകിൽ നില്ക്കുന്നത് മലങ്കര ഓർത്തഡോക്സ് സഭയാണ്.

## വ്യത്യസ്തസമീപനങ്ങൾ

മാർപ്പാപ്പാ തന്റെ പ്രസംഗത്തിൽ കാതോലിക്കാബാവായുടെ റോമാസന്ദർശനത്തെ അനുസ്മരിച്ചുകൊണ്ടു പറഞ്ഞു: "സഹോദരസ്നേഹവും പ്രതീക്ഷയും നിറഞ്ഞുതുളുമ്പുന്ന വാക്കുകളുമായി അന്ന് അങ്ങ് എന്നോട് സംസാരിച്ചത് ഓർക്കുന്നു. പശ്ചാത്തപിക്കുകയും ദൈവഹിതപ്രകാരം ചരിത്രത്തെ പുനഃസൃഷ്ടിക്കുകയും ചെയ്യുകയാണ് നമ്മുടെ കടമ, എന്ന് അങ്ങ് പറയുകയുണ്ടായി." കാതോലിക്കാബാവാ ഈ

www.malankaralibrary.com

സന്ദർശനത്തെപ്പറ്റി, '1983 ജൂൺ മാസത്തിൽ നാം റോമിൽ അങ്ങയുടെ ആസ്ഥാനം സന്ദർശിച്ച അവസര'മെന്നല്ലാതെ ഒന്നും പറയുന്നില്ല. അതിന്റെ തുടർച്ചയായി കോട്ടയം സന്ദർശനത്തെ അദ്ദേഹം കാണുന്നില്ല. എന്നാൽ മാർപ്പാപ്പാ പറയുന്നു- "നാം ഇപ്പോൾ ദൈവഹിതം നിറവേറ്റുന്ന പ്രക്രിയയിലാണ്. ഇന്നത്തെ നമ്മുടെ ലഘുവായ കൂടിക്കാഴ്ച അതിന്റെ നല്ല ഒരു അടയാളമാണ്. ഐക്യത്തിലേക്കുള്ള നമ്മുടെ യാത്രയിൽ ഇനിയും താമസം ഉണ്ടായിക്കൂടാ" ഇങ്ങനെ ഒന്നിച്ചു യാത്ര നടത്തുന്നതിനെപ്പറ്റി ഓർത്തഡോക്സ് സഭ ബോധവതിയാണോ? മാർപ്പാപ്പാ തുടർന്നു. "നമ്മുടെ തിരിവുകൾ - എല്ലാ ക്രിസ്ത്യാനികളുടെയും തിരിവുകൾ - സുവിശേഷഘോഷണത്തിനും നമ്മുടെ ദൗത്യനിർവ്വഹണത്തിനും ഒരു തടസ്സമാണ്". സുവിശേഷഘോഷണത്തിനുള്ള ഈ പ്രതിബന്ധത്തിൽ കാതോലിക്കാ ശ്രദ്ധിക്കുന്നില്ല. അദ്ദേഹം പറയുന്നു - രാഷ്ട്രസേവനത്തിലും ഇതരമതവിശ്വാസികളുമായുള്ള ഡയലോഗിലും ഓർത്തഡോക്സുകാർക്കും റോമൻ കത്തോലിക്കർക്കും ഒരുമിച്ചു പ്രവർത്തിക്കുവാൻ കഴിയുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു'. സഭാ പരിവർത്തനത്തിനെതിരായി സംസാരിച്ചശേഷം ഇങ്ങനെ പറയുന്നതുകൊണ്ട് മാനസാന്തരത്തിനും അദ്ദേഹം എതിരാണെന്ന ധ്വനിയാണ് പ്രകടമാക്കുക. ഏതായാലും കത്തോലിക്കാ സഭയിൽ നിന്ന് വ്യക്തമായ സഭാസമീപനമാണ് തങ്ങളുടേതെന്ന് കാതോലിക്കാബാവാ തന്റെ പ്രസംഗത്തിൽ വ്യക്തമാക്കുന്നുണ്ട്.

**ഭാരതസഭയെന്നടിസ്ഥാനത്തിൽ**

കാതോലിക്കാബാവാ പറയുന്നു - "മറ്റുമതവിശ്വാസികളുമായി ഡയലോഗു നടത്തുക, ഞങ്ങളുടെ ഐക്യത്തെ സംബന്ധിച്ചിടത്തോളം ഇത് പരമപ്രധാനമാണ്." ഒന്നിച്ചുള്ള ഡയലോഗ് നടത്താതിരിക്കുന്നതുമൂലം ഭാരതത്തിന്റെ ഐക്യത്തിന് വേണ്ടുന്ന പുരോഗതിസിദ്ധിക്കുന്നില്ലെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. എന്നാൽ ഡയലോഗിന്റെ രംഗത്ത് ഭാരതത്തിലെ കത്തോലിക്കാ സഭ എത്രമാത്രം മുന്നിട്ടുനില്ക്കുന്നു. മാർപ്പാപ്പാ കോട്ടയത്തു വരുന്നതിനുമുമ്പ് മദ്രാസിൽ ഒരു ഡയലോഗിൽ സംബന്ധിക്കുകയുണ്ടായി. അതേപ്പറ്റിയെല്ലാം കാതോലിക്കാബാവാ മൗനം പാലിക്കുന്നു. അദ്ദേഹം പറയുന്നു. "ഈ രാജ്യത്ത് അനേക ലക്ഷങ്ങൾ വിശന്നു ജീവിക്കുന്നു. ഭക്ഷണവും പാർപ്പിടവും അവർക്കു ആവശ്യത്തിനു കിട്ടുന്നില്ല. കോടിക്കണക്കിനാളുകൾ



വേണ്ടത്ര ആരോഗ്യസംരക്ഷണം ലഭിക്കാതെ വലയുന്നു. (ഒരു വിദേശരാഷ്ട്രത്തലവനോട് സംസാരിക്കുമ്പോൾ ഒരു ഭാരതീയന് ഉപയോഗിക്കാവുന്ന ഭാഷയാണോ ഇത്) ഇവരെ സേവിക്കുന്നതിന് നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം" എന്ന്. കാതോലിക്കാബാവാ തുടർന്നു പറയുന്നു. "സാമൂഹികസേവനരംഗത്ത് കത്തോലിക്കാസഭ ഇന്നു വളരെ പ്രവർത്തിക്കുന്നുണ്ട്. ഒന്നിച്ചു പ്രവർത്തിക്കുന്നതിലൂടെ ക്രൈസ്തവ സാമൂഹികപ്രവർത്തനത്തിന് ഭാരതീയ ശൈലി നല്കുവാൻ സാധിക്കും. രാഷ്ട്രത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ ബാഹ്യശക്തികൾ ഇടപെടാതിരിക്കുക. ചേരിചാരാരാഷ്ട്രങ്ങൾക്ക് സ്വയം തീരുമാനിക്കുന്ന മാർഗ്ഗങ്ങളിൽകൂടി സ്വന്തം വികസനം സാദ്ധ്യമാക്കുക."

വടക്കും, തെക്കും വികസിതരാഷ്ട്രങ്ങളും വികസ്വരരാഷ്ട്രങ്ങളും തമ്മിലുള്ള ഡയലോഗ് എന്നീ വിഷയങ്ങളെപ്പറ്റി കാതോലിക്കാബാവാ പരാമർശിക്കുന്നത് ഭാരതത്തിന്റെ മുഴുവൻ സഭാനേതാവ് എന്ന നിലയിലാണ്. ഓർത്തഡോക്സ് സഭ മലങ്കരയുടെ പരിധിയെല്ലാം കടന്ന് ഭാരതം മുഴുവൻ എത്തിനില്ക്കുന്ന സാഹചര്യത്തിലാണ് ഭാരതത്തിന്റെ രാഷ്ട്രീയ സുസ്ഥിതിയിൽ കാതോലിക്കാബാവാ ശ്രദ്ധാലുവാകുന്നത്. അദ്ദേഹം ഭാരതത്തിലെ പാപ്പായെന്ന നിലയിലാണു സംസാരിച്ചത്. ഏതായാലും അദ്ദേഹത്തെ കോട്ടയത്തെ പാപ്പാ എന്ന് റോമിലെ പാപ്പാ സംബോധന ചെയ്തതിൽ ഇപ്പോൾ സമാശ്വസിക്കാം. അതായിരിക്കുമോ ഈ സന്ദർശനത്തെ ചരിത്രപ്രധാനമാക്കുന്നത്?

***ഐക്യദീപം, 1986 ഏപ്രിൽ***

www.malankaralibrary.com

## 73

# യാക്കോബായ - ഓർത്തഡോക്സ് അനുരഞ്ജനത്തിന്

### ചില പ്രായോഗിക നിർദ്ദേശങ്ങൾ

1.1 സുപ്രീം കോടതി വിധിന്യായം ഇരുകക്ഷികൾക്കും സമാധാനത്തിൽ ഒത്തുചേരുവാനുള്ള നിർദ്ദേശമാണ്. ഭൗമികതലത്തിൽ നിന്ന് ആത്മീക തലത്തിലേക്കു ഉയരുവാനുള്ള നിർദ്ദേശത്തോടെയാണ് വിധിന്യായം ആരംഭിക്കുന്നതുതന്നെ.

1.2 സമാധാനത്തിന്റെ ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്നത് കേസിൽ ഉൾപ്പെട്ടിരിക്കുന്ന പള്ളികളെയാണ്. ജനായത്തസ്വഭാവമുള്ള നിർദ്ദേശമാണിത്. വിശ്വാസികൾ ബോധവാന്മാരാകുന്നുവെന്നതിന്റെ തെളിവും അടയാളവും ഇതിൽ ദർശിക്കാം.

1.3 ഓരോ ഇടവകയിലെയും വിശ്വാസികളുടെ അംഗസംഖ്യവെച്ച് രൂപം കൊടുക്കുന്ന പുതിയ സഭാഘടനയിലാണ് ഈ യോജിപ്പ് കോടതി ഉദ്ദർശനം ചെയ്തിരിക്കുന്നത്. മലങ്കര അസോസിയേഷന്റെ പ്രാതിനിധ്യസ്വഭാവം കോടതി മാറ്റിയിരിക്കുന്നുവെന്നത് തികച്ചും നിർണ്ണായകപ്രധാനമാണ്.

1.4 സഭാ സമാധാനം തകർക്കുന്ന യാതൊരു നീക്കവും കോടതി പ്രോത്സാഹിപ്പിക്കുന്നില്ല. ഇനിയൊരു വിഘടനം സൃഷ്ടിച്ച് അടുത്ത വ്യവഹാരനിരയിലേക്ക് എടുത്തു ചാടുന്നത് ക്രൂരവും അനീതിപരമാകുമെന്നതിൽ സംശയമില്ല.

1.5 വ്യവഹാരത്തിൽ ഉൾപ്പെടാത്തതോ നിയമഘടനാപ്രാബല്യം കൊണ്ട് വിധിന്യായത്തിൽ നിന്നകന്നു നില്ക്കുന്നതോ ആയ യാക്കോബായ ഓർത്തഡോക്സ് പള്ളികളും ഭാവിസമാധാനത്തിൽ ഉൾപ്പെടണമെന്നതിലും ആർക്കും സന്ദേഹം ഉണ്ടാവാനില്ല.



**ഭരണഘടന**

2.1 1776-ലെ പത്രോസ് ദ്വിതീയൻ പാത്രിയർക്കീസ് ബാവാ കല്പിച്ചു തന്നതിൽ നിന്ന് വ്യത്യസ്തമാണ് സമാധാന നിർദ്ദേശത്തിന് അടിസ്ഥാനമായി കോടതി നിർദ്ദേശിക്കുന്ന 1934-ലെ ഭരണഘടന.

2.2 ഓർത്തഡോക്സ് വിഭാഗത്തിന്റെ പ്രഥമ നേതൃത്വം കയ്യാളിയിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത നിർദ്ദേശിച്ചതിൽ നിന്ന് ഭിന്നമാണ് ഇന്ന് അടിസ്ഥാനമായി കാണുന്ന ഈ ഭരണഘടന. അതിന്റെ സഭാസ്വഭാവം സാരമായി വികലമാണ്.

2.3 ഓർത്തഡോക്സ് സഭയിൽ അൽമായ നേതൃത്വം ശക്തമായിരുന്ന സന്ദർഭത്തിലാണ് ഈ ഭരണഘടന രൂപം ധരിച്ചത്. അതേ സമയം സഭയിലെ എല്ലാതലങ്ങളെയും ഇത് ഉൾപ്പെടുത്തുന്നുമുണ്ട്.

2.4 ഈ ഭരണഘടനയാണ് നീണ്ടുനിന്ന സമുദായക്കേസിന് അടിസ്ഥാനം. പാത്രിയർക്കീസ് വിഭാഗം യാതൊരു വിധേനയും ഈ ഭരണഘടന അംഗീകരിച്ചുമില്ല.

2.5 1956-ലെ സുപ്രീംകോടതി വിധി ഈ സഭാഘടനയുടെ ജനായത്ത സ്വഭാവം പരിഗണിച്ച് പുറപ്പെടുവിച്ചതാണ്. സഭയുടെ പാരമ്പര്യം വേണ്ട വിധത്തിൽ അതിൽ പരിഗണിച്ചുമില്ല.

2.6 പാത്രിയർക്കീസിന് ദോഷകരമായിരുന്നു ഈ വിധി നിർണ്ണയം. എന്നാൽ പ്രായോഗിക ബുദ്ധിയിൽ ഇരുകക്ഷികളും പരസ്പര സ്വീകരണത്തിന് സന്നദ്ധരായി.

2.7 പാത്രിയർക്കീസ് സമാധാനസ്ഥാപനത്തിന് സഭാഘടനയുടെ സദ്ദേതരത്വം വിസ്മരിച്ച് യോജിപ്പിന് സമ്മതിച്ചതാണ് 1958-ലെ സഭാ സമാധാനത്തിന്റെ അടിസ്ഥാനം.

**പാത്രിയർക്കീസ് കാതോലിക്കാ ബന്ധം**

3.1 ഇരുകക്ഷികളുടെ യോജിപ്പിന് മകുടം ചാർത്തിയത് 1964-ൽ പാത്രിയർക്കീസ് മലങ്കര കാതോലിക്കായെ വാഴിച്ച സംഭവമാണ്.

3.2 പാത്രിയർക്കീസും കാതോലിക്കോസും തമ്മിലുള്ള ബന്ധത്തിന് ഒരു സ്ഥിരഭാവം നല്കാൻ യോജിപ്പിനുശേഷം ആരും ശ്രമിച്ചില്ല. മലങ്കര കാതോലിക്കാ സ്വന്തമായ സിംഹാസനം പ്രഖ്യാപിച്ചപ്പോൾ

www.malankaralibrary.com

പാത്രിയർക്കീസ് ആ നടപടിയെ എതിർത്തു. മാത്രമല്ല തനിക്കു വിധേയനായ ഒരു കാതോലിക്കയെ പ്രതിഷ്ഠിക്കുകയും ചെയ്തു.

3.3 ഇരു കക്ഷികളും വിഭജനത്തിൽ വീണ്ടും ഉൾപ്പെട്ടു. അതിനെ തടയാൻ ഒരു സഭാസംവിധാനം കണ്ടെത്താൻ ആർക്കും സാധിച്ചില്ല.

3.4 ഈ പ്രതിനിധി സഭയുടെ പരമ്പരാഗത ഹൂദായ കാനോൻ അനുസരിച്ചു വേണം സാധാരണഗതിയിൽ തീർക്കുവാൻ. എന്നാൽ അതിന് പറ്റിയ പുതിയ രൂപം നല്കിയിട്ടുമില്ല.

3.5 ഹൂദായ കാനോന്റെ വ്യത്യസ്ത പകർപ്പുകളാണ് ഓരോ കക്ഷിയും കോടതിയിൽ സമർപ്പിച്ചത്. അതിലൊന്ന് അവാസ്തവമായിരിക്കണമല്ലോ. എന്നാൽ സഭാപരമായ ഈ സംഗതിയിലേക്ക് പ്രവേശിക്കുവാൻ കോടതി വിസമ്മതിച്ചിരിക്കുന്നു.

3.6 മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ സുറിയാനി സഭയിലൂടെ സഭാസ്വഭാവത്തിലേക്ക് പ്രവേശിക്കുവാൻ മതേതര സ്ഥാപനമെന്ന നിലയിൽ കോടതി വൈമനസ്യം കാണിക്കുന്നു.

4.1 പാത്രിയർക്കീസ് ഏതൊരു കാര്യത്തിൽ കാതോലിക്കായെ മുടക്കാം. കാതോലിക്കായ്ക്ക് ഏതൊരു കാരണത്താൽ പാത്രിയർക്കീസിൽ നിന്നു വിടുതൽ പ്രഖ്യാപിക്കാം എന്നതൊക്കെ സഭാപരമായി നിർണ്ണയിക്കേണ്ട കാര്യങ്ങളാണ്.

4.2 പാത്രിയർക്കാസിനെ സഭയുടെ പരമാധികാരിയാണെന്ന് മലങ്കര സഭാഘടന അംഗീകരിക്കുന്നുവെങ്കിലും ഏതൊക്കെ കാര്യത്തിൽ പരമാധികാരം പ്രായോഗികമാകുന്നുവെന്ന് നിർണ്ണയിച്ചിട്ടില്ല.

4.3 പാത്രിയർക്കീസിന്റെ മേൽക്കോയ്മ നിഷേധിക്കുവാൻ ഇന്നത്തെ വിധിന്യായം വച്ചു സാധ്യമല്ല. മലങ്കരസഭയിൽ നിർണ്ണായകാധികാരം നിക്ഷേപിച്ചിരിക്കുന്നത് മലങ്കരമെത്രാപ്പോലീത്തായിലാണ്. മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും ഒരേ വ്യക്തിയിൽ ഒന്നിച്ചിരിക്കണമോയെന്നത് ഉത്തരം കണ്ടെത്തേണ്ട ഒരു ചോദ്യമാണ്. 1912 മുതൽ ഏറെനാൾ രണ്ടധികാരവും ഭിന്നവ്യക്തികളിൽ നിക്ഷിപ്തമായിരുന്നു.

4.4 മലങ്കര സഭയിലെ ഇരുവിഭാഗങ്ങളും ഏറെ നാൾ പരസ്പരം അകന്നുകഴിഞ്ഞിരുന്ന സാഹചര്യത്തിൽ ഇരുവിഭാഗങ്ങളെയും പ്രതി



നിധിവത്ക്കരിക്കുന്ന രണ്ടു സമാന്തരാധികാരങ്ങൾ ക്രിസ്തീയ സ്നേഹത്തിലും സഭാകൂട്ടായ്മയിലും ഒന്നിച്ചു വർത്തിക്കേണ്ടത് പ്രായോഗിക ബുദ്ധിയെന്നും ചിന്തിക്കുവാനുണ്ട്.

4.5 മലങ്കരസഭയ്ക്ക് സ്ഥിരമായ സഭാഘടന ഉണ്ടാകുമ്പോൾ മാത്രമേ സഭാസമാധാനം പൂർണ്ണമാകുകയുള്ളു. ഇരുകക്ഷികളിലെയും അധികാരങ്ങൾ യഥാസ്ഥിതത്വം (Status quo) പാലിക്കുക.

5.1 ഓരോ വിഭാഗത്തിനും സ്വന്തമായി കാതോലിക്കായും കീഴ്ഭരണവും ഉണ്ടായിരിക്കുന്ന സ്ഥിതിയിലാണ് കോടതി വിധി ന്യായം പ്രകടിപ്പിച്ചത്. ഇതിലേക്ക് നിയമയുക്തി നിർണ്ണയിക്കുവാൻ കോടതി ഒരുമ്പെട്ടില്ല, ഇരു അധികാരങ്ങളും യോജിപ്പിലേക്ക് വരട്ടെ എന്നാഗ്രഹിച്ചുകൊണ്ട്.

5.2 1934-ലെ സഭാഘടനയിൽ കോടതി ഊന്നൽ നല്കുന്നതുകൊണ്ട് ആ ഘടന സ്വന്തമായി അവകാശപ്പെട്ട ഓർത്തഡോക്സ് വിഭാഗത്തിന് മുൻകൈ ഉണ്ടെന്ന് നിഗമനത്തിലെത്താനാവില്ല. കാരണം പാത്രിയർക്കീസ് പരമാധികാരിയായി ഇരുകക്ഷികളും അംഗീകരിക്കുന്നതു തന്നെ.

5.3 പാത്രിയർക്കീസ് വിഭാഗത്തിന് ഇന്ന് സ്വന്തമായി കാതോലിക്കായില്ല. സഭയുടെ പ്രായോഗികാധികാരത്തിൽ താത്കാലിക സമാധാനം മാത്രമേയുള്ളു. എങ്കിലും പ്രായോഗികമായി ഒന്നും ചെയ്യാനാവില്ലതാനും. ഓർത്തഡോക്സ് വിഭാഗത്തിനും ഉണ്ട് ഈ ദൗർബല്യം, മലങ്കര മെത്രാപ്പോലീത്തായെ നിർദ്ദേശിക്കാത്തതുകൊണ്ട് അദ്ദേഹം വേണം നിർണ്ണായകമായ മലങ്കര അസോസ്യേഷൻ വിളിച്ചു കൂട്ടാൻ.

5.4 ഇരുകൂട്ടരും പരസ്പര സഹിഷ്ണതയോടെ അഭിപ്രായൈക്യത്തിന്റെയും സഹകരണത്തിന്റെയും പ്രവർത്തനശൈലി സ്വീകരിക്കുന്നതാണ് വിവേകമെന്നതിൽ സംശയമില്ല.

6.1 ഏതെങ്കിലും കക്ഷി കൂടുതൽ സൗകര്യപ്രദമായി തോന്നുന്നത് പ്രവർത്തിച്ച് മുമ്പോട്ടു പോയാൽ സമാധാനത്തിനു പകരം വിഘടനമായിരിക്കും ഫലം. ഏതെങ്കിലും ഇടവകയിൽ ഭൂരിപക്ഷവും ന്യൂനപക്ഷവും നിർണ്ണയിച്ചു സമാധാനം സ്ഥാപിക്കുക അസാധ്യമാണ്.

6.2 ഒന്നിച്ചുപോവുക അസാദ്ധ്യമായി തോന്നുന്നുവെങ്കിൽ

www.malankaralibrary.com

സൗഹാർദ്ദപരമായി പിരിയാൻ തീരുമാനിക്കുകയായിരിക്കും വിവേക പൂർവ്വം ചെയ്യുവാനുള്ളത്. അല്ലാതെ പുതിയ വ്യവഹാരത്തിന് ആസ്പദമാകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നത് ക്രിസ്ത്യാനിസമൂഹത്തിന് മുഴുവൻ അപകീർത്തിപരമായിരിക്കും. ഒത്തിരി ദുർമ്മാതൃക ഉണ്ടായിക്കഴിഞ്ഞു.

6.3 ഒരു പള്ളിയിൽ ഒരു വിഭാഗം വിശുദ്ധ കുർബാന അർപ്പിച്ച് മേൽക്കൈ സ്ഥാപിക്കുവാൻ ശ്രമിക്കുന്നത് ക്രൈസ്തവസമൂഹത്തിന് ഒട്ടും നിരക്കുന്നതല്ല. ദിവ്യരഹസ്യങ്ങളുടെ സമാഘോഷത്തെ തടസ്സപ്പെടുത്തുന്നത് ഭയങ്കരമായ പാതകമായിരിക്കും.

6.4 സഭയിലെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നവർ എത്രയോ സമചിത്തത പാലിക്കേണ്ടതാണ്. സ്വന്തം താല്പര്യങ്ങൾ ജയിക്കാൻ വിഭജനം സൃഷ്ടിക്കുന്നതല്ല ക്രൈസ്തവ നേതൃത്വത്തിന്റെ മഹനീയത. ഒന്നും ചെയ്യാനാവാത്തപ്പോൾ ദൈവകരുണയ്ക്കായി പ്രാർത്ഥിക്കുന്നതല്ലേ വേണ്ടത്.

6.5 സഭാസമാധാനത്തിന് പാത്രിയർക്കീസ് ആഗ്രഹിക്കുന്നുവെന്നുകണ്ട് എടുത്തുചാടി പ്രവർത്തിക്കാനാവില്ലല്ലോ. ശൽമൂസാ സമർപ്പിച്ച് സ്ഥാത്തിക്കോനിലൂടെ അധികാരം പ്രാപിച്ച മെത്രാന്മാർ വ്യക്തമായ നിർദ്ദേശം മേലധികാരത്തിൽ നിന്നും നേടി വേണം പ്രവർത്തിക്കുവാൻ. ഇത് യഥാസ്ഥിതിയിൽ പെടുന്ന വ്യവസ്ഥയാണ്.

7.1 ഇന്ന് ഇരു കക്ഷികളിലെയും വിശ്വാസികൾ കൂടുതൽ സഭാബോധമുള്ളവരാകുന്നുവെന്നതിൽ സംശയമില്ല. പ്രകോപനത്തിന് വിധേയരാകുന്നവരും ഉണ്ടായേക്കാം. ഏതെങ്കിലും സഭാനേതാവിനോടുള്ള വിധേയത്വത്തേക്കാൾ ക്രിസ്തുവിന് സ്വയം സമർപ്പിക്കുന്ന ഒരു വിശ്വാസിസമൂഹത്തിന് രൂപം കൊടുക്കുവാൻ വേണം ഏവരും ശ്രമിക്കേണ്ടത്.

7.2 ഏതാണ്ട് നൂറുകൊല്ലമായി വഴക്കടിച്ചിട്ടും സഭാപരമായ ക്രമം പാലിക്കുന്നതിൽ ഇരു കക്ഷികളും വിജയിക്കുന്നുവെന്നത് ദൈവകൃപയുടെ ഫലമാണ്. ദൈവം ഈ സഭയെ തള്ളിയിട്ടില്ല. യഥോചിതനേതൃത്വം നല്കി മലങ്കരസഭയിലെ വിശ്വാസികൾക്കു ഒന്നിച്ചു ജീവിക്കുന്നതിൽ തടസ്സമൊന്നും ഉണ്ടാകുകയില്ല.

7.3 സഭൈക്യവേദിയിൽ വളരെ സംഭാവനകളും സഹകരണവും



ഉണ്ടായിരിക്കുന്ന ഈ വേളയിൽ ലോകത്തിന് നല്ല മാതൃക നല്കാൻ പറ്റുന്ന ഒരു സഭാക്രമത്തിൽ സന്തോഷിക്കാം.

7.4 കൂനൻ കുരിശു സത്യത്തിൽ തുടങ്ങിവച്ച വിഘടനയ്ക്ക് അന്ത്യം കുറിച്ച മാർത്തോമ്മാ ക്രിസ്ത്യാനികൾ ഐക്യത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം ഒരവസരം നല്കുന്നു എന്നത് ഭാവിയുടെ ഒരു വാഗ്ദാനമാകുന്നു.

7.5 ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും എന്ന സഭയുടെ ഉൾഘടനയിലേക്ക് നമ്മുടെ കർത്താവും ഉൾപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ആ വചനം ശ്രവിക്കുവാൻ മാർത്തോമ്മാ ശ്ലീഹായുടെ മക്കളെ ഇന്ന് പരിശുദ്ധാത്മാവ് ആഹ്വാനം ചെയ്യുന്നു.

***ഐക്യദീപം, 1997 ഒക്ടോബർ***

www.malankaralibrary.com

## 74

# സുപ്രീംകോടതി വിധി ഒരു നിരീക്ഷണം

മലങ്കര സഭയിൽ യാക്കോബായ – ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിൽ നിലവിലിരുന്ന 'മലങ്കര സഭാകേസി'നെപ്പറ്റി പുറപ്പെടുവിച്ച വിധിന്യായം, 1995-ൽ അതേ കോടതി ചെയ്ത തീരുമാനത്തെ ആസ്പദമാക്കിയാണ്. 1912-ലെ 'കാതോലിക്കാ' സ്ഥാനത്തെയും 1934-ൽ മലങ്കര അസോസ്യേഷൻ അംഗീകരിച്ച ഭരണഘടനയെയും സാധുവായി പ്രഖ്യാപിച്ചു കൊണ്ടുള്ളതായിരുന്നു 1958-ലെ വിധി. അതിൽ പ്രകാരം കാതോലിക്കാ മലങ്കരമെത്രാപ്പോലീത്തായായി അവരോധിക്കപ്പെട്ടത് കോടതി മുഖാന്തിരം അംഗീകൃതമാകുകയും ചെയ്തു. അന്നു കോടതിച്ചെലവായി ഭീമമായ തുക ഓർത്തഡോക്സ് വിഭാഗത്തിന് കൊടുക്കേണ്ടിയിരുന്നത് ഒഴിവാക്കാൻ, പാത്രിയർക്കീസ് അനുഗാമികളും അനുരഞ്ജനത്തിന് തയ്യാറായി. പാത്രിയർക്കീസു വിഭാഗത്തെയും ഓർത്തഡോക്സ് വിഭാഗത്തെയും മെത്രാപ്പോലീത്താമാർ തമ്മിൽ പരസ്പര സ്വീകരണം നടത്തുകയും ചെയ്തു. മാത്രമല്ല, മലങ്കര അസോസ്യേഷന്റെ അപേക്ഷ പ്രകാരം പാത്രിയർക്കീസുബാവാ 1964-ൽ കേരളത്തിൽ വന്ന് പുതിയ കാതോലിക്കായെ വാഴിക്കുകയും ചെയ്തു.

ഇതിൻപ്രകാരം ഇരുവിഭാഗവും രമ്യതയിലായെന്ന് പുറമേ എല്ലാവർക്കും തോന്നി. പരസ്പര സ്വീകരണം നടന്നത് കോടതി വിധിയുടെ സമ്മർദ്ദത്തിലാണല്ലോ. പുതിയ കാതോലിക്കയായി വാഴിക്കപ്പെട്ട മാർ ഔഗേൻ ബാല്യം മുതലേ പാത്രിയർക്കീസിന്റെ സംരക്ഷണയിൽ വളർന്നതായതുകൊണ്ട് (ഔഗേൻ എന്നത് ശീമയിൽ വച്ച് സ്വീകരിച്ച സന്ന്യാസ നാമമാണ്.) പാത്രിയർക്കീസിനോട് പൂർണ്ണമായ ആദരവിൽ കഴിയുമെന്ന്, പാത്രിയർക്കീസും പ്രതീക്ഷിച്ചിട്ടുണ്ടാവും. എന്നാൽ പുതിയ കാതോലിക്കാ, മാർ തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനാണെന്ന് സ്വയം അവകാശപ്പെട്ടു. പാത്രിയർക്കീസിൽ നിന്നും പൂർണ്ണസ്വാതന്ത്ര്യം പ്രഖ്യാപിച്ചുവെന്നാണ് അതിന്റെ ആന്തരാർത്ഥം.



ഇക്കാരണമെല്ലാം വെച്ച് പാത്രിയർക്കീസ് ആകമാനസുനഹദോസ് ശീമയിൽ വെച്ചു കൂടി. പാത്രിയർക്കീസുവിഭാഗം അപ്പോൾ തിരിഞ്ഞു കഴിഞ്ഞിരുന്നു. അതിലെ മെത്രാപ്പോലീത്താമാർ പ്രസ്തുത സുനഹദോസിൽ പങ്കുകൊണ്ടു; ഓർത്തഡോക്സ് വിഭാഗം പങ്കുകൊണ്ടില്ല. സ്വാഭാവികമായി, ആ സുനഹദോസ് മലങ്കര കാതോലിക്കായെ സ്ഥാനഭ്രഷ്ടനാക്കി പ്രഖ്യാപിച്ചു. ഈ മുടക്കു പ്രഖ്യാപനം, മതിയായ കാരണത്തിന്മേൽ അല്ലെന്നുവെച്ചുകൊണ്ട്, ഇക്കഴിഞ്ഞ സുപ്രീംകോടതിവിധി അസാധുവാക്കിയിട്ടുണ്ട്. 1912-ൽ അബദേദ് മിശിഹാ കാതോലിക്കാ സിംഹാസനം മലങ്കരസഭയിൽ സ്ഥാപിച്ചതു മുതൽ ഓർത്തഡോക്സ് വിഭാഗം എടുത്ത നടപടികളെല്ലാം സ്ഥിരീകരിച്ചുകൊണ്ടാണ് സുപ്രീംകോടതിവിധി പ്രഖ്യാപിച്ചിരിക്കുന്നത്. 1934-ൽ മലങ്കര അസോസ്യേഷൻ അംഗീകരിച്ച ഭരണഘടനയെ സാധുവായി പ്രഖ്യാപിച്ചുവെന്നതാണ് ഈ വിധിന്യായത്തിലെ കാതലായ വസ്തുത. ഈ ഭരണഘടനയിൽ പാത്രിയർക്കീസിനെ സഭയുടെ പ്രഥമാധികാരിയായും കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്തായായും അംഗീകരിക്കുന്നുണ്ട്. എന്നാൽ അസോസ്യേഷൻ പ്രവർത്തിക്കുന്നത് മലങ്കര മെത്രാപ്പോലീത്തായുടെ നിയന്ത്രണത്തിലാണ്. പാത്രിയർക്കീസാകട്ടെ, ഈ ഭരണഘടന അനുസരിച്ചും മലങ്കര അസോസ്യേഷന്റെ നിർദ്ദേശമനുസരിച്ചും വേണം പ്രവർത്തിക്കുവാൻ. അതായത് കാതോലിക്കോസിനെ കൂടാതെ പാത്രിയർക്കീസിന് ഒന്നും ചെയ്യുവാൻ അധികാരമില്ല. അദ്ദേഹത്തിന്റെ അധികാരം മാഞ്ഞുപോയനിലയിൽ (Vanishing point) ആയിയെന്നാണ്, വിധി ന്യായത്തിൽ സംശയിക്കുന്നത്. എന്നാൽ പാത്രിയർക്കീസ് കാതോലിക്കായ്ക്ക് സർവാധികാരവും കൈമാറിക്കൊടുത്ത് അധികാരവിഹീനനായി എന്നു വിവരിക്കുവാനും കോടതി ന്യായം വെയ്ക്കുന്നില്ല. ഈ ജഡ്ജ്മെന്റിൽ ജസ്റ്റീസ് സഹായ് (3 ജഡ്ജിമാരിലൊരാൾ) പ്രത്യേകമായ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം അന്ത്യോഖ്യാ പാത്രിയർക്കീസും കാതോലിക്കായും ഒരാൾക്ക് മറ്റെയാൾ കീഴ്പ്പെട്ടിരിക്കുന്നില്ല. രണ്ടു സ്വതന്ത്ര ആത്മീയാധികാരികളാണ്, എന്നാൽ അധികാരഘടനയുടെ ഏറ്റം മുകളിൽ പാത്രിയർക്കീസു തന്നെ. ഒരേ വിശ്വാസം പുലർത്തുന്ന ഒരേ സഭയുടെ അധികാരികളാണ് പാത്രിയർക്കീസും, കാതോലിക്കായും. എന്നാൽ മലങ്കര അസോസിയേഷനോട് ബന്ധപ്പെട്ടിരിക്കുന്ന ഇടവകകളെ അസോസിയേഷൻ രൂപം കൊടുത്ത ഭരണഘടനവച്ചുവേണം ഭരിക്കുവാൻ. ഈ ഭരണഘടനയിൽ പാത്രിയർക്കീസിനെ പ്രഥമാധികാരിയായി സമ്മതിക്കുന്നുണ്ട്.

www.malankaralibrary.com

1976-ലെ പിളർപ്പിനുശേഷം പാത്രിയർക്കീസും കാതോലിക്കായും തമ്മിൽ ഭരണപരമായ ഈ വിഭജനം 1964-ൽ തന്നെ നടന്നുവെങ്കിലും ജസ്റ്റീസ് സഹായ് ചൂണ്ടിക്കാണിക്കുന്ന ഉപരിയായ അധികാരം പാത്രിയർക്കീസിന് ഉണ്ടുതാനും. അതുകൊണ്ട് പാത്രിയർക്കീസിനെ വിട്ടൊഴിഞ്ഞുള്ള സ്വതന്ത്രാധികാരം മലങ്കരസഭയ്ക്കുണ്ടെന്ന് വിധിന്യായം ദർശനം ചെയ്യുന്നില്ല.

ഓർത്തഡോക്സു വിഭാഗം യാക്കോബായ വിഭാഗത്തിനെതിരെ പൊതു സ്വത്തുക്കളുടെ അധികാരത്തിനു പുറമെ ആവശ്യപ്പെട്ടിരുന്ന ഒരു പ്രധാനകാര്യമുണ്ട്. 1972 മുതൽ 1975 വരെയുള്ള കാലഘട്ടത്തിൽ പാത്രിയർക്കീസ് നല്കിയ അധികാര സ്ഥാനങ്ങൾ അസാധുവായി പ്രഖ്യാപിക്കണമെന്ന്. കാരണം അങ്ങനെ ചെയ്തത് 1934-ലെ ഭരണഘടനയ്ക്ക് വിധേയമോ മലങ്കര അസോസിയേഷന്റെ നിർദ്ദേശം അനുസരിച്ചോ അല്ലെന്നുമാണ്. 1975-ലെ വിഭജനത്തിനുശേഷം പാത്രിയർക്കീസിൽ നിന്ന് അഭിഷേകം പ്രാപിച്ചവരുടെ വൈദികസ്ഥാനം പോലും അംഗീകരിക്കരുതെന്നാണ് ഓർത്തഡോക്സ് വിഭാഗം ഉന്നയിച്ചിരുന്ന ആവശ്യം. അതുകൊണ്ട് അവർക്കൊന്നും, കേസിൽ ഉൾപ്പെട്ടിരിക്കുന്ന യാതൊരു പള്ളികളിലും ആത്മീയ ശുശ്രൂഷ നടത്താനോ, ഭരണ നടപടികളിൽ ഇടപെടാനോ പാടില്ലെന്ന് ഈയാവശ്യത്തിൽപ്പെടുന്നു.

ഓർത്തഡോക്സ് വിഭാഗത്തിലെ മാർ ഔഗേനു ശേഷമുള്ള കാതോലിക്കാ വാഴ്ചകളും അസാധുവായി പ്രഖ്യാപിക്കണമെന്ന് യാക്കോബായ വിഭാഗവും ആവശ്യപ്പെട്ടിരുന്നു. ആരെയും ഒറ്റപ്പെടുത്തിയുള്ള നിയമം കോടതിയംഗീകരിക്കുന്നില്ല. എന്നാൽ സഭയിലെ നന്മ ആഗ്രഹിക്കുന്ന ഏതൊരംഗവും ആഗ്രഹിക്കുന്നതുപോലെ ഇരുകക്ഷികളും തമ്മിൽ രമ്യപ്പെടണമെന്നും അതിന് 1971-ൽ നിലവിലിരുന്ന സ്ഥിതി അടിസ്ഥാനമാക്കണമെന്നും സുപ്രീംകോടതി നിർദ്ദേശിക്കുന്നു. അനുരഞ്ജനത്തെപ്പറ്റി ചിന്തിക്കുമ്പോൾ പാത്രിയർക്കീസിന് മലങ്കര സഭയുടെ മേലുണ്ടായ മാറ്റങ്ങൾ കോടതി തിരിച്ചറിയുന്നുണ്ട്. 1912-ൽ അബദേദ് മിശിഹാ, കാതോലിക്കാ ആയി മപ്രിയാനയെയാണ് മലങ്കരയ്ക്ക് വാഴിച്ചുകൊടുത്തത്. കാതോലിക്കാ സ്വതന്ത്രഭരണാധികാരിയും, മപ്രിയാന, പാത്രിയർക്കീസിന് വിധേയനും. പാത്രിയർക്കീസ് ഉദ്ദേശിച്ചത് രണ്ടാമത്തേതായിരിക്കും. എന്നാൽ, കാതോലിക്കാ നിര്യാതനാകുമ്പോൾ, പാത്രിയർക്കീസിനെ അറിയിക്കാതെ തന്നെ പുതിയ കാതോലിക്കായെ, മെത്രാന്മാരുടെ സിനഡിന് വാഴിക്കാമെന്നു സമ്മ



തിച്ചപ്പോൾ കാതോലിക്കാസ്ഥാനം സ്വതന്ത്രഭരണാധികാരസ്ഥാനമായി. അതനുസരിച്ച് പുതിയ കാതോലിക്കാമാരെ സുനഹദോസ് വാഴിക്കുകയും ചെയ്തു. 1934-ലെ ഭരണഘടന കാതോലിക്കായുടെ സ്വതന്ത്രസ്ഥാനം ഉറപ്പിച്ചു. മാത്രമല്ല, കാതോലിക്കാ മലങ്കരമെത്രാപ്പോലീത്തായെന്ന സ്വതന്ത്രപദവി ഏറ്റെടുക്കുകയും ചെയ്തു. ഈ ഭരണഘടന അനുസരിച്ചാണ്, പാത്രിയർക്കീസ് മലങ്കര കാതോലിക്കായെ അംഗീകരിച്ചതും, 1964-ൽ പുതിയ കാതോലിക്കായെ വാഴിച്ചത് എന്നും, കോടതി ചൂണ്ടിക്കാണിക്കുന്നു. മാത്രമല്ല, ഇരുകക്ഷികളായി വേർപിരിഞ്ഞശേഷം, പാത്രിയർക്കീസ് സ്വന്തം കക്ഷിക്ക് ഒരു കാതോലിക്കായെ വാഴിച്ചുകൊടുക്കുകയും ചെയ്തു. ഈ യാക്കോബായ കാതോലിക്കാ, പാത്രിയർക്കീസിനെ വിട്ടു നില്ക്കുന്നില്ലെന്നതും, പാത്രിയർക്കീസ് കക്ഷി പാത്രിയർക്കീസിനെ വിട്ടൊഴിയുകയില്ലെന്നതും വസ്തുതകളാണ്. കോടതിയിൽ മലങ്കര കാതോലിക്കാ, പാത്രിയർക്കീസിനെ ഭരണഘടനാസുസൃതമായി സ്വീകരിക്കണമെന്നും സമ്മതിച്ചിട്ടുണ്ട്. ഈവിധേയത്വത്തിന്റെ പ്രായോഗികഭാവമാണ് ഇരുകക്ഷികളും അനുരഞ്ജനത്തിലൂടെ തീരുമാനിക്കേണ്ടത്.

ഒരു ജനായത്തവ്യവസ്ഥിതിക്കുള്ളിൽ അധികാര വിനിയോഗം നടത്തുന്നുവെന്നതാണ്, മലങ്കര സഭയിൽ ഏതു മേലധികാരത്തിനും പരിധിവയ്ക്കുന്നതിന്റെ പ്രധാനാടിസ്ഥാനം. സെമിനാരിക്കേസിന്റെ (മാർത്തോമ്മാ വിഭാഗത്തിനെതിരായുള്ള) വിധിയിൽ, മലങ്കര മെത്രാപ്പോലീത്ത ജനത്താൽ അംഗീകരിക്കപ്പെട്ടിരിക്കണമെന്ന നിർദ്ദേശമുണ്ട്. ജനം അധികാരം പ്രയോഗിക്കുന്നതാകട്ടെ മലങ്കര അസോസ്യേഷനിലൂടെയാണ്. 1934-ൽ എം.ഡി. സെമിനാരിയിൽ കൂടിയ അസോസിയേഷൻ യോഗമാണ് മലങ്കരസഭയുടെ ഭരണഘടനയ്ക്ക് രൂപം കൊടുത്തത്. സഭാധികാരം ഈ ഭരണഘടനയിലൂടെ വ്യവസ്ഥാപിതമായിരിക്കുന്നുവെന്നാണ് സുപ്രീംകോടതി വിധി വീണ്ടും വീണ്ടും ചൂണ്ടിക്കാണിക്കുന്നത്. പാത്രിയർക്കീസാകട്ടെ, കാതോലിക്കോസാകട്ടെ, ഈ ഭരണഘടനയ്ക്കു വിധേയനായി മാത്രമേ പ്രവർത്തിക്കാവൂ. ഈ ഭരണഘടനയാകട്ടെ ഭേദഗതി ചെയ്യണമെന്ന നിർദ്ദേശം ഇപ്പോൾ നിലവിലുണ്ട്. മതപരമായ ഒരു അധികാര ഘടന രൂപം കൊടുത്ത ഭരണഘടനയ്ക്കു ഭേദഗതി നിർദ്ദേശിക്കുവാൻ കോടതിക്കു അധികാരമുണ്ടോയെന്നു കോടതി സംശയം ഉന്നയിക്കുന്നുണ്ട്. വാസ്തവത്തിൽ വിശ്വാസപരമായ പ്രശ്നങ്ങൾ അടങ്ങിയിരിക്കുന്ന സഭാഭരണത്തെ സംബന്ധിച്ച

www.malankaralibrary.com

കാര്യങ്ങൾ ജനപ്രാതിനിധ്യവ്യവസ്ഥയിലാണോ ആത്യന്തിക നിർണ്ണയം സാധിക്കേണ്ടതെന്ന ചോദ്യം മലങ്കരസഭയുടെ നേരെ ഇന്ന് ഉയർന്നു നില്ക്കുന്നു.

ഭരണഘടന അനുസരിച്ചു വേണം അധികാരവിനിയോഗമെന്നു കോടതി, ചൂണ്ടിക്കാണിക്കുന്നതൊടൊപ്പം,എല്ലാ തലങ്ങളിലും മലങ്കരസഭയ്ക്കു മൊത്തമായും, ഓരോ ഭദ്രാസനത്തെ സംബന്ധിച്ചും, ഓരോ ഇടവകയുടെ നടത്തിപ്പു സംബന്ധമായുമെല്ലാം 1934-ലെ ഭരണഘടന തന്നെ അടിസ്ഥാനമായിരിക്കുമെന്നു എടുത്തു പറയുന്നു. ഈ ഭരണഘടനയ്ക്കു ഭേദഗതി നിയന്ത്രിക്കുവാൻ പ്രാതിനിധ്യപരമായി മലങ്കര അസോസ്യേഷൻ വേണ്ടത്ര ശക്തമല്ലെന്നും കോടതിക്കു അഭിപ്രായം ഉണ്ട്. അത് ശക്തമാക്കാനുള്ള നിർദ്ദേശം ഇരുകക്ഷികളും മൂന്നു മാസത്തിനകം സമർപ്പിക്കണമെന്നു വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നു. ഇരുകക്ഷികളും ചേർന്ന് നിർദ്ദേശം വെയ്ക്കാൻ ഓർത്തഡോക്സ് ഭാഗത്തു നിന്ന് നീക്കം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. ഇത് യാക്കോബായ വിഭാഗത്തിന് സ്വീകാര്യമാകണമെന്നില്ല. വ്യവഹാരം ഇനിയും തുടരുവാനുള്ള സൂചനയാണ്, ഇതിലുള്ളതെങ്കിൽ സഭയുടെ ഭാവി കൂടുതൽ ക്ലേശകരമായിരിക്കും. പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ മാത്രമേ നിർദ്ദേശം ക്ഷണിക്കപ്പെട്ടിട്ടുള്ളു എന്നാൽ മലങ്കരസഭയുടെ ഭാവി വിശ്വാസഭദ്രവും പ്രയോഗക്ഷമവുമാകുവാൻ എന്തെല്ലാം ഭേദഗതികൾ ഈ ഭരണഘടനയ്ക്ക് ഉണ്ടാക്കേണ്ടിവരും. അത്ര സമഗ്രമായ പുനഃരൂപീകരണം എളുപ്പം സാധ്യമാകുമോ? പരസ്പര സംശയം നിറഞ്ഞിരിക്കുന്ന ഇന്നത്തെ അന്തരീക്ഷത്തിൽ എല്ലാക്കാര്യങ്ങളും ജനപ്രതിനിധികൾ കൂടുന്ന അസോസ്യേഷൻ യോഗത്തിൽ തീരുമാനിക്കാമോ. ഇവയെല്ലാം പെട്ടെന്ന് ഉത്തരം കിട്ടാനാവാത്ത ചോദ്യങ്ങളാണ്. കോടതി പ്രവേശിക്കാൻ വിസമ്മതിക്കുന്ന ഒരു പ്രധാന വ്യവഹാര പ്രശ്നമാണ്, പള്ളിയുടെയും പള്ളിസ്വത്തിന്റെയും ഉടമാവകാശം ആരിൽ നിക്ഷിപ്തമായിരിക്കുന്നുവെന്ന പ്രശ്നം. അത് 1934-ലെ ഭരണഘടന അനുസരിച്ചു നടക്കട്ടെയെന്നു മാത്രം കോടതി നിർദ്ദേശിക്കുന്നു. പക്ഷേ അത്ര നിസ്സാരമായ പ്രശ്നമല്ല ഇത്. ഓർത്തഡോക്സ് വിഭാഗങ്ങളിലെ ബഹുഭൂരിപക്ഷം പള്ളികളും അതാത് ഭദ്രാസനമെത്രാപ്പോലീത്താമാർക്ക് ഇടവകപൊതുയോഗം ചേർന്ന് എഴുതിക്കൊടുത്തിട്ടുള്ളതാണ്. ഓരോ ഇടവകയും പാത്രിയർക്കീസിന് ഉടമ്പടി എഴുതി അധികാരം സമ്മതിക്കണമെന്ന് മുളന്തുരുത്തി സുനഹദോസ് (1878) നിർദ്ദേശിച്ചതായിരുന്നു.



എന്നാൽ പാത്രിയർക്കീസു വിഭാഗത്തിൽ ഇങ്ങനെ ഒരു നടപടി സ്വീകരിച്ചിട്ടില്ല. ഇപ്പോൾ നാം ചർച്ച ചെയ്യുന്ന മലങ്കര സഭാക്കേസിൽ ഉൾപ്പെട്ടിരിക്കുന്ന പല പ്രധാന പള്ളികളും സ്വന്തം ഭരണഘടനയനുസരിച്ച് സ്വത്തുക്കൾ സ്വതന്ത്രമായി കൈകാര്യം ചെയ്യുന്നവയാണ്. പാത്രിയർക്കീസിനു വിധേയമായിരിക്കുന്നുവെന്ന കാര്യത്തിൽ അവയ്ക്കെല്ലാം യോജിപ്പുണ്ടെങ്കിലും പ്രസ്തുത ഭരണഘടനകൾ വിശദാംശങ്ങളിൽ വ്യത്യസ്തമായിരിക്കുന്നു. ഇന്നത്തെ കേസിന്റെ പ്രധാനാസ്പദം കേസിൽ ഉൾപ്പെട്ടിരിക്കുന്ന പള്ളികളെല്ലാം ഏത് മേലധികാരത്തിൻ കീഴിൽ വരണമെന്നാണല്ലോ. ഇന്ന് പാത്രിയർക്കീസിന് വിധേയമായി വർത്തിക്കുന്ന പള്ളികളെയെല്ലാം വേറൊരു അധികാരത്തിൻ കീഴിലേക്ക് അധികാരമാറ്റം ചെയ്യുക എത്രയോ ശ്രമകരമായിരിക്കും. അതിന് ശ്രമിക്കുകയാണെങ്കിൽ അടുത്ത വ്യവഹാരപരമ്പരയ്ക്ക് വാതിൽ തുറന്നുകൊടുക്കുകയല്ലെ ഫലം. അതുകൊണ്ട് ദൈവികവും വിശ്വാസപരവും, സഭാപരവുമായ ഒരു അനുരഞ്ജനത്തിന്റെ മാർഗ്ഗമല്ലെ ദൈവം ആഗ്രഹിക്കുന്നത്.

ഏതാണ്ട് നൂറുവർഷങ്ങളായി പലപേരുകളിലായ് (സെമിനാരിക്കേസ്, വട്ടിപ്പണക്കേസ്, സമുദായക്കേസ്, ഇപ്പോൾ മലങ്കരസഭാക്കേസ്) പലപല കോടതികളിലായി നടന്നുകൊണ്ടിരിക്കുന്നു. വ്യവഹാരങ്ങൾ ഈ സുപ്രീം കോടതി വിധിയിലൂടെ അവസാനിച്ചുവെന്ന് വിചാരിക്കുന്നവരുണ്ടോ? ഈ വിധി അനുസരിച്ച് ഏതെങ്കിലും കക്ഷി വിജയിച്ചുവെന്നോ, മറ്റു കക്ഷി തോറ്റുവെന്നോ അവകാശപ്പെടാമോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം ആർക്കും എളുപ്പത്തിൽ നല്കുവാൻ പറ്റില്ല.

സഭയുടെ വിശ്വാസജീവിതത്തെ ആർക്കാണ് മേലധികാരം എന്ന ചോദ്യം ഇരു കക്ഷികളും കോടതിയുടെ മുമ്പിൽ ഉന്നയിച്ചു. വന്ദ്യരായ ജഡ്ജിമാർ വളരെ പഠിച്ചും, പരിശ്രമിച്ചും വിധി ന്യായം പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ അവർ ആത്യന്തികമായി നിർദ്ദേശിക്കുന്നത് പരസ്പരം മല്ലിടാതെ പ്രശ്നങ്ങൾ സ്നേഹത്തിൽ തീർക്കാനാണ്. ഈ നിർദ്ദേശത്തിൽ തീർച്ചയായും ദൈവാത്മാവിന്റെ പ്രവർത്തനമുണ്ട്.

***ഐക്യദീപം, 1995 സെപ്തംബർ***

www.malankaralibrary.com

## എസ്. കാഞ്ഞിരമുകളിലിന്റെ ഗ്രന്ഥങ്ങൾ

1. പുനരൈക്യരേഖകൾ (1979, 1989, 1999)
2. സീറോ-മലങ്കരസഭ (വിവ.) (1982, 1994)
3. മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വം (1988, 1995)
4. പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിന്റെ മൗലിക വശങ്ങൾ (1993)
5. മലങ്കര കത്തോലിക്കാ സഭ (2000, 2001)
6. ദൈവശാസ്ത്ര പഠനങ്ങൾ (Co-Editor, 2001)

## പീറ്റർ സി. ഏബ്രഹാമിന്റെ കൃതികൾ

1. സ്മൃതിരഥത്തിലെ പൊന്നൊളി (1994)
2. മലങ്കര സൂര്യൻ (1996)
3. ക്രിസ്തുദേവൻ (1999)
4. In His Masters Footsteps (2001)
   (Life Story of Archbishop Mar Ivaniose)
5. ദൈവശാസ്ത്ര പഠനങ്ങൾ (Co-Editor, 2001)